# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

**ഏഴാം സമ്മേളനം**

**2017 ആഗസ്റ്റ് 21, തിങ്കൾ**

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 168 - നമ്പർ 9

**വില : ₹ 50**

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

2017 ആഗസ്റ്റ് 21, തിങ്കൾ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ. ചാന്ദ്നി റാണി**


എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

421/2020.

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | ശ്രീ. പി. തിലോത്തമൻ |
| ഗതാഗത വകുപ്പുമന്ത്രി | ശ്രീ. തോമസ് ചാണ്ടി |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 27
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 77

**II അടിയന്തരപ്രമേയം**

ഹൈക്കോടതി വിമർശനം
(അവതരണാനുമതി നിഷേധിച്ചു) .. 408

**III അറിയിപ്പ്**

സമയം ദീർഘിപ്പിച്ചത് സംബന്ധിച്ച് .. 424

**IV ശ്രദ്ധ ക്ഷണിക്കൽ**

റവന്യൂ-വനം വകുപ്പുകളുടെ സർവ്വെ
—ശ്രീ. സി. കെ. ശശീന്ദ്രൻ .. 425

**V സബ്മിഷൻ**

(1) റിൻസി ബിജുവിന്റെ ദുരൂഹമരണം
—ശ്രീ. കെ. ബി. ഗണേഷ് കുമാർ .. 427

(2) ജീവനക്കാരുടെ ശമ്പളം
—ശ്രീ. കോവൂർ കുഞ്ഞുമോൻ .. 429

**VI റിപ്പോർട്ട് സമർപ്പണം**

(1) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പതിനൊന്നാമത് റിപ്പോർട്ട് .. 431

(2) സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ നാലും അഞ്ചും റിപ്പോർട്ടുകൾ ..

**VII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

മഴക്കുറവുമൂലമുള്ള പ്രശ്നങ്ങൾക്ക് പരിഹാരം

—മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) .. 431

**VIII ഗവൺമെന്റ് പ്രമേയം**

സർഫാസി ആക്ടിലെ വ്യവസ്ഥകൾ ബാധകമാക്കുന്നത്
ഒഴിവാക്കണമെന്ന ആവശ്യം

—മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) .. 434

**IX നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലുകൾ
പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2017-ലെ കേരള സഹകരണസംഘ ഭേദഗതി ബിൽ .. 438

(ii) 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ
മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം
ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ബിൽ .. 523

**X അറിയിപ്പ്** .. 565

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

*2017 ആഗസ്റ്റ് 21 തിങ്കൾ*

വാല്യം 168] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 9

പതിനാലാം കേരള നിയമസഭയുടെ ഏഴാം സമ്മേളനം 2017 ആഗസ്റ്റ് മാസം 21-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1 വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ...... ഓർഡർ...... ചോദ്യം നമ്പർ *271

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾത്തന്നെ ഗതാഗത വകുപ്പുമന്ത്രി ശ്രീ. തോമസ് ചാണ്ടിക്കെതിരെ അനധികൃത ഭൂമി കയ്യേറ്റം സംബന്ധിച്ച് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിക്കുകയും അല്പസമയത്തിനുശേഷം സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരാവുകയും ചെയ്തു.)

### കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ഡ്യൂട്ടി സമയം

1 (*271) ശ്രീ. സി. മമ്മൂട്ടി:
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ദൂരവും സമയവും നോക്കാതെ വരുമാനം മാത്രം മാനദണ്ഡമാക്കി ഡ്യൂട്ടി നിശ്ചയിച്ച രീതി, കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പ്രയാസങ്ങൾ സൃഷ്ടിക്കുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഉത്തരവിനെ ജീവനക്കാർ കോടതിയിൽ ചോദ്യം ചെയ്യുകയുണ്ടായോ എന്നറിയിക്കാമോ;

(സി) പുതിയ ഡ്യൂട്ടിക്രമം നിശ്ചയിച്ചതിനുശേഷം കോർപ്പറേഷന്റെ വരുമാനത്തിൽ വർദ്ധനവുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) ഒരാഴ്ചയിൽ 54 മണിക്കൂറിൽ കൂടുതൽ ജോലിചെയ്യാൻ പാടില്ലായെന്ന 1961-ലെ തൊഴിൽ നിയമത്തിന് വിരുദ്ധമാണ് കെ.എസ്.ആർ.ടി.സി.-യിലെ പുതിയ ഉത്തരവ് എന്ന് കരുതുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഇ) ഏഴുമണിക്കൂർ ജോലിക്ക് അരമണിക്കൂർ വിശ്രമമെന്ന വ്യവസ്ഥ പാലിക്കാത്ത സാഹചര്യം നിലവിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): സർ, (എ) നിലവിലുണ്ടായിരുന്ന ഡ്യൂട്ടി പാറ്റേൺ പ്രകാരം ജീവനക്കാരുടെ അപര്യാപ്തത നിലനിന്നിരുന്നു. അതിനാൽ ഡ്യൂട്ടി പാറ്റേൺ ഏകീകരണംവഴി ശമ്പളത്തിന് ആനുപാതികമായ സേവനം ലഭ്യമാക്കുന്നതിനുള്ള കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടി രിക്കുകയാണ്. ഇതുമൂലം ചില പ്രയാസങ്ങൾ ജീവനക്കാർക്ക് അനുഭവപ്പെടുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചോദ്യം ചെയ്യുകയുണ്ടായി.

(സി) പുതിയ ഡ്യൂട്ടിക്രമം നിശ്ചയിച്ചതിനുശേഷം ശരാശരി 78 ശതമാനമായിരുന്ന വാഹന ഉപയോഗം ഇപ്പോൾ 87 ശതമാനമായി ഉയർന്നിട്ടുണ്ട്. ജീവനക്കാരുടെ കുറവുമൂലം ഉപയോഗിക്കാൻ കഴിയാതിരുന്ന ബസ്സുകളുടെ എണ്ണം ആനുപാതികമായി കുറഞ്ഞതിനാലും കൂടുതൽ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുവാൻ കഴിഞ്ഞതുമൂലവും വരുമാനത്തിൽ 50 ലക്ഷം രൂപയുടെ പ്രതിദിന വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇത്തരത്തിലുള്ള ഡ്യൂട്ടി പാറ്റേൺ സംബന്ധമായ ക്രമീകരണങ്ങൾ നടപ്പിലാക്കി വരുന്നത് പുരോഗമനത്തിലായതിനാൽ വ്യക്തമായ കണക്കുകൾ ശേഖരിച്ചു വരുന്നതേയുള്ളൂ.

(ഡി) ഒരാഴ്ചയിൽ 54 മണിക്കൂർപോലും ജോലി ചെയ്യുന്ന സാഹചര്യം ഇപ്പോഴില്ല. സിംഗിൾ ഡ്യൂട്ടിക്ക് 8 മണിക്കൂർ എന്ന നിലയിൽ 48 മണിക്കൂർ ആഴ്ചയിൽ ജോലിചെയ്യേണ്ടതാണെങ്കിലും അത്രയും മണിക്കൂറുകൾ ഇപ്പോൾ ചെയ്യിക്കുന്നില്ല. ഡബിൾ ഡ്യൂട്ടി ക്രമത്തിൽ ആഴ്ചയിൽ 48 മണിക്കൂർ വരേണ്ട സ്ഥാനത്ത് ഇപ്പോൾ 39 മണിക്കൂറാണ് ജോലി ചെയ്യിച്ചുവരുന്നത്.

(ഇ) ഇല്ല. മോട്ടോർ ട്രാൻസ്പോർട്ട് ആക്ട് പ്രകാരം 8 മണിക്കൂർ ജോലിക്കാണ് അരമണിക്കൂർ വിശ്രമം അനുവദിച്ചിട്ടുള്ളത്. അത്തരത്തിൽ സിംഗിൾ ഡ്യൂട്ടി 8 മണിക്കൂറിനുള്ളിൽ നിയമപ്രകാരം ഏഴര മണിക്കൂർ സ്റ്റിയറിംഗ് ഡ്യൂട്ടി

ലഭ്യമാക്കേണ്ടതാണ്. എന്നാൽ നിലവിൽ ആറര മണിക്കൂർ മാത്രമേ സ്റ്റിയറിംഗ് ഡ്യൂട്ടിക്കായി ലഭ്യമാകുന്നുള്ളൂ. സിംഗിൾ ഡ്യൂട്ടിക്ക് കേവലം ആറര മണിക്കൂറെങ്കിലും ജീവനക്കാരുടെ സേവനം ലഭ്യമാക്കണം എന്നതാണ് ഡ്യൂട്ടി ഏകീകരണംകൊണ്ട് കെ.എസ്.ആർ.ടി.സി. ഉദ്ദേശിക്കുന്നത്.

ശ്രീ. സി. മമ്മൂട്ടി: സർ, ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി അന്വേഷണം നടത്തണമെന്ന് പറഞ്ഞ സാഹചര്യത്തിൽ അത് വേണമെന്ന ആവശ്യമാണ് ഇവിടെ ഉന്നയിച്ചത്. കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസ് നന്നാകണമെന്നും നല്ല രീതിയിൽ മുന്നോട്ടുപോകണമെന്നുമുള്ളത് കേരളത്തിലെ എല്ലാവരും ഒരുപോലെ ആഗ്രഹിക്കുന്ന കാര്യമാണ്. ഏത് റൂട്ടിൽ ഇഷ്ടംപോലെ ഓടിയാലും നഷ്ടം നികത്താൻ കഴിയാത്ത വിധത്തിൽ മൊത്തം ആസ്തിയെക്കാൾ കൂടുതൽ കടബാധ്യതയുണ്ടെന്ന ഞെട്ടിക്കുന്ന വിവരമാണ് വന്നുകൊണ്ടിരിക്കുന്നത്. മറ്റ് സ്റ്റേറ്റുകളിൽ ലാഭകരമായി നടക്കുമ്പോൾ കേരളത്തിൽ മാത്രം നഷ്ടം ഉണ്ടാകുന്നതിനെക്കുറിച്ച് ഗൗരവമായി ചിന്തിക്കേണ്ടതാണ്. ഡ്രൈവർമാരുടെ അമിതവേഗം ജനങ്ങളുടെ ജീവന് ഭീഷണിയാകുന്ന സാഹചര്യത്തിൽ ജീവനക്കാരുടെ ഡ്യൂട്ടിയിൽ വർദ്ധനവ് വരുത്തിയതുകൊണ്ടു മാത്രം മാറ്റം വരുത്താൻ കഴിയുമോ; മൊത്തം ആസ്തിയെക്കാൾ കൂടുതൽ ബാധ്യത ഉണ്ടായിരിക്കുന്ന സാഹചര്യത്തിൽ ഏറ്റവും കൂടുതൽ ചെലവുവരുന്ന മേഖല ഏതാണെന്ന് പരിശോധിച്ചിട്ടുണ്ടോ; പരിഹാരം നിർദ്ദേശിച്ചിട്ടുണ്ടോ; ജൂലൈ 15 മുതൽ നിലവിൽവന്ന പരിഷ്കാരം അനുസരിച്ച് ഒരു മാസത്തിനുള്ളിൽ ആ മേഖലയിൽ ചെലവിലുണ്ടായ കുറവ് എത്രയാണെന്ന് വ്യക്തമാക്കുമോ?

ശ്രീ. തോമസ് ചാണ്ടി: സർ, അങ്ങ് ആദ്യം പറഞ്ഞ കാര്യം പിൻവലിക്കണം. കാരണം, ആസ്തിയെക്കാൾ കൂടുതൽ കടമുണ്ടെന്ന് പറഞ്ഞത് അങ്ങേയ്ക്ക് കണക്കറിയാത്തതുകൊണ്ടാണ്. കെ.എസ്.ആർ.ടി.സി.-യ്ക്ക് ഒരു ലക്ഷം കോടി രൂപയുടെ ആസ്തിയുണ്ട്. ഇന്നുള്ളത് മൂവായിരം കോടി രൂപയുടെ കടം മാത്രമാണ്. അത് ഒരൊറ്റ കൊല്ലംകൊണ്ട് പരിഹരിക്കാൻ വേണ്ടിയുള്ള കാര്യങ്ങളാണ് ചെയ്തുകൊണ്ടിരിക്കുന്നത്. വാഹനവും ജീവനക്കാരനും തമ്മിലുള്ള ദേശീയ ശരാശരി 5:2 ആണെങ്കിൽ കേരളത്തിൽ 8:7 ആണ്. ആറായിരം വാഹനങ്ങൾ ഓടിക്കാൻ 9000 ഡ്രൈവറും കണ്ടക്ടറും മതി. ഇന്ന് 6000 വാഹനങ്ങൾ ഓടിക്കുന്നതിന് 13500 ഡ്രൈവർമാരും അതിൽ കൂടുതൽ കണ്ടക്ടർമാരുമുണ്ട്. അതുകൊണ്ട് തകരാർ എവിടെയാണെന്ന് കണ്ടുപിടിക്കുന്നതിനും ഡ്യൂട്ടി പരിഷ്കരണംവഴി സമയം ലാഭിക്കുന്നതിനും പുറത്തുനിന്ന് ആളുകളെ എടുക്കാതെ കൂടുതൽ വാഹനം നിരത്തിലിറക്കുന്നതിനും വേണ്ടിയുള്ള ശാസ്ത്രീയമായ അഡ്വൈസിന്റെ ബലത്തിലാണ് പരീക്ഷണം നടത്തുന്നത്. പരീക്ഷണം നടത്താതെ എങ്ങനെയാണ് കാര്യങ്ങൾ ചെയ്യുന്നത്? അത് കൂടുതൽ വിജയത്തിലേയ്ക്ക് വന്നുകൊണ്ടിരിക്കുന്നു, മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു, 78 ശതമാനം എന്നുള്ളത് 87 ശതമാനത്തിലേയ്ക്ക് വന്നിരിക്കുകയാണ്.

ശ്രീ. സി. മമ്മൂട്ടി: സർ, എന്റെ ചോദ്യത്തിന് അങ്ങ് മറുപടി പറഞ്ഞില്ല. ഏത് മേഖലയിലാണ് നഷ്ടം കൂടുതൽ വന്നുകൊണ്ടിരിക്കുന്നതെന്നും കഴിഞ്ഞ ഒരു മാസം കൊണ്ട് നടപ്പിലാക്കിയ പരിഷ്കരണത്തിന്റെ ഫലമായി എത്ര രൂപയുടെ ലാഭമുണ്ടായി എന്നുമുള്ള ചോദ്യത്തിന് അങ്ങ് മറുപടി പറഞ്ഞില്ല. മൊത്തം ആസ്തി ഒരു ലക്ഷം കോടി രൂപയാണെന്നും അതിനെക്കാൾ കുറവാണ് ബാധ്യതയെന്നുമാണ് അങ്ങ് ഇവിടെ പറഞ്ഞത്. ഈ പരിഷ്കരണങ്ങൾ വരുമ്പോൾ ഏറ്റവും കൂടുതൽ നഷ്ടം സംഭവിക്കുന്നത് ഏത് മേഖലയിലാണ്? മറ്റ് പ്രധാനപ്പെട്ട സംസ്ഥാനങ്ങളൊക്കെ ഡീസൽ ചെലവ് ഒഴിവാക്കുന്നതിനായി ഗ്യാസിലേയ്ക്ക് മാറുന്നുണ്ട്. കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ കെ.എസ്.ആർ.ടി.സി.യുടെ ചെലവ് കുറയ്ക്കുന്നതിനുവേണ്ടി എന്തൊക്കെ മാർഗ്ഗങ്ങളാണ് ചെയ്യാൻ കഴിഞ്ഞിട്ടുള്ളത്; അതിന്റെ ബെനിഫിറ്റ് എത്രയാണ്; തുടങ്ങിയ കാര്യങ്ങൾ അങ്ങ് വ്യക്തമാക്കുമോ?

ശ്രീ. തോമസ് ചാണ്ടി: സർ, അങ്ങ് പറഞ്ഞ കാര്യങ്ങൾ ശരിയല്ല. ഡീസൽ ചെലവ് കൂടുന്ന സാഹചര്യത്തിൽ രണ്ട് ദിവസംകൊണ്ടൊന്നും സി.എൻ.ജി.-യിലേയ്ക്കും എൽ.എൻ.ജി.-യിലേയ്ക്കും മാറാൻ സാധിക്കില്ല. അതിന് ദീർഘവീക്ഷണത്തോടുകൂടിയുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. ഇവിടെ ആവശ്യത്തിലധികം ആളുകൾ ജോലി ചെയ്യുന്നുണ്ട്. ഇന്ത്യയിൽ, കേരളം ഒഴികെയുള്ള 28 സംസ്ഥാനങ്ങളിലും ജീവനക്കാർക്ക് പെൻഷൻ കൊടുക്കുന്നില്ല. കേരളത്തിൽ സുന്ദരൻ നാടാർ തുടങ്ങിവച്ച പരിഷ്കാരംമൂലം ശമ്പളത്തോടൊപ്പം 66 കോടിരൂപ കണ്ടെത്തണം. അത് ഞങ്ങളുടെ കുറ്റമാണോ? യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയതല്ലേ? ഏതായാലും ജീവനക്കാർക്ക് ശമ്പളവും പെൻഷനും നൽകി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്ന ഉറച്ച വിശ്വാസത്തിൽ പരിഷ്കാരവുമായി മുന്നോട്ടുപോകുമ്പോൾ പ്രതിപക്ഷവുംകൂടി സഹകരിക്കണമെന്നു മാത്രമാണ് പറയാനുള്ളത്.

ശ്രീ. പാറക്കൽ അബ്ദുല്ലയ്ക്കുവേണ്ടി (ശ്രീ. പി. ഉബൈദുള്ള): സർ, കെ.എസ്.ആർ.ടി.സി. പോലെയുള്ള പൊതുജനസേവന മേഖലയിൽ, സംതൃപ്തരായ ജീവനക്കാരില്ലാതെ മുന്നോട്ടുപോകാൻ കഴിയില്ല. രാത്രിയിലും വെളുപ്പാൻ കാലത്തുമുള്ള പല സർവ്വീസുകളും വെട്ടിക്കുറയ്ക്കുകയാണ്. എന്നാൽ സർവ്വീസ് വെട്ടിക്കുറയ്ക്കുന്നില്ലെങ്കിൽപോലും ജീവനക്കാർക്ക് ഡബിൾ ഡ്യൂട്ടി സമ്പ്രദായമാണ് നടപ്പിലാക്കിയിട്ടുള്ളത്. ഒന്നുരണ്ട് ട്രിപ്പുകൾ വെട്ടിക്കുറയ്ക്കുകയും ഡബിൾ ഡ്യൂട്ടി ഏർപ്പെടുത്തുകയും ചെയ്തതിനനുസരിച്ച് ജീവനക്കാർക്ക് ആനുകൂല്യം ലഭിക്കുന്നില്ല. ഇതിനെതിരായി എ.ഐ.ടി.യു.സി. അടക്കമുള്ള സംഘടനകൾ സമരത്തിലാണ്. എ.ഐ.ടി.യു.സി.യുടെ സംസ്ഥാന സെക്രട്ടറി സഖാവ് രാജേന്ദ്രൻ ഉൾപ്പെടെയുള്ള ആളുകളുടെ പേരിൽ കേസ്സെടുത്തിട്ടുണ്ട്. ഇത്തരം കാര്യങ്ങളിൽ അങ്ങയുടെ

ശ്രദ്ധയുണ്ടാകുമോ; അതോടൊപ്പം സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും പരിഷ്കരണ നടപടികൾക്ക് ഗവൺമെന്റ് രൂപം നൽകിയിട്ടുണ്ടോ? കെ.എസ്.ആർ.ടി.സി.-ക്ക് ഒരു ലക്ഷം കോടി രൂപയുടെ ആസ്തിയുണ്ടെന്ന് പറഞ്ഞു. പ്രസ്തുത ആസ്തി നഷ്ടപ്പെടാതിരിക്കാനും കോർപ്പറേഷൻ ആരും കയ്യേറ്റം ചെയ്യാതിരിക്കാനുമുള്ള നടപടി അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകുമോ എന്ന് അറിയിക്കാമോ?

ശ്രീ. തോമസ് ചാണ്ടി: സർ, സുശീൽ ഖന്ന നൽകിയ പ്രിലിമിനറി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോഴത്തെ പരിഷ്കാരങ്ങളെല്ലാം തുടങ്ങിയിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തൊഴിലാളികളെ വിളിച്ച് കൂട്ടിയതിന്റെ അടിസ്ഥാനത്തിൽ അവർ സഹകരണം വാഗ്ദാനം ചെയ്തിട്ടുണ്ട്. നിങ്ങൾ അതിനകത്തു കുഴപ്പങ്ങളുണ്ടാക്കാതിരുന്നാൽ മതി. അതുകൊണ്ട് തീർച്ചയായും ഈ ശ്രമം വിജയിക്കും. തൊഴിലാളികളുടെ ഭാഗത്തുനിന്ന് നല്ല സഹകരണമാണ് കിട്ടിക്കൊണ്ടിരിക്കുന്നത്. അവരെ വിശ്വാസത്തിലെടുത്തു തന്നെയാണ് മുന്നോട്ടുപോകുന്നത്. നിങ്ങളുംകൂടി സഹകരിക്കണമെന്നാണ് എനിക്ക് വീണ്ടും പറയാനുള്ളത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കെ.എസ്.ആർ.ടി.സി.യിൽ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഡ്യൂട്ടി പരിഷ്കരിച്ചു. ഇത് വളരെ വലിയ തൊഴിലാളി വിരുദ്ധ നീക്കമായാണ് വ്യാഖ്യാനിക്കപ്പെടുന്നത്. വരുമാനം 8,000 രൂപയിൽ താഴെയാണെങ്കിൽ ഒരു അറ്റൻഡൻസും 8,000-നും 10,000-നും ഇടയിലാണെങ്കിൽ ഒന്നര അറ്റൻഡൻസും 10,000 രൂപയ്ക്ക് മുകളിലാണെങ്കിൽ രണ്ട് അറ്റൻഡൻസും ലഭിക്കും. ഒരേ റൂട്ടിൽ രാവിലെ ജോലിചെയ്യുന്ന കണ്ടക്ടർക്കും ഡ്രൈവർക്കും 10,000-നു മുകളിൽ വരുമാനമുള്ളതുകൊണ്ട് രണ്ട് ഡ്യൂട്ടി ലഭിക്കും. അതേ റൂട്ടിൽ ഉച്ചയ്ക്ക് പോകുന്ന ജീവനക്കാരെ സംബന്ധിച്ചിടത്തോളം ആ സമയത്ത് പാസഞ്ചേഴ്സ് കുറവായിരിക്കും, അതുകൊണ്ട് വരുമാനവും കുറവായിരിക്കും. അങ്ങനെ വരുമ്പോൾ അവർക്ക് ഒരു ഡ്യൂട്ടിയായിരിക്കും ലഭിക്കുന്നത്. അത് വിവേചനമല്ലേ; അതുസംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; കോടതി ചോദ്യം ചെയ്ത പശ്ചാത്തലത്തിൽ അതുസംബന്ധിച്ച് എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത പരിഷ്കരണത്തിലൂടെ അധികം കിട്ടിയ ജീവനക്കാരെ ഉപയോഗിച്ചുകൊണ്ട് പുതിയ സർവ്വീസ് നടത്തുമ്പോൾ പാലക്കാട്-മണ്ണാർക്കാട്-ആനക്കട്ടി റൂട്ടിൽ പുതിയ ബസുകൾ അനുവദിക്കുമോ? ഒരു പ്രധാനപ്പെട്ട കാര്യം എനിക്ക് ചോദിക്കാനുള്ളത്, അങ്ങയുമായി ബന്ധപ്പെട്ട ആരോപണത്തിൽ അന്വേഷണം പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ട് ഇവിടെ മുദ്രാവാക്യം വിളിക്കുകയുണ്ടായി. ഈ അന്വേഷണത്തെ സംബന്ധിച്ച് ഒരു മന്ത്രി എന്നുള്ള നിലയിൽ അങ്ങയുടെ അഭിപ്രായം എന്താണ്?

മി. സ്പീക്കർ: ചോദ്യോത്തരവേള ഇങ്ങനെയാണോ കൈകാര്യം ചെയ്യേണ്ടത്? ...പ്ലീസ്....പ്ലീസ്...

ശ്രീ. തോമസ് ചാണ്ടി: സർ, അധികം തൊഴിലാളികളെ കിട്ടുമെന്ന് അങ്ങ് തന്നെ സമ്മതിച്ചു. 900 വാഹനങ്ങൾ വാങ്ങാൻ പോകുകയാണ്. മണ്ണാർക്കാട്ടേയ്ക്ക് വാഹനം വേണമെങ്കിൽ എഴുതിത്തന്നാൽ മതി, വാഹനം തരുന്നതാണ്. ഇപ്പോൾ വാഹനം ഇല്ലാത്തതുകൊണ്ടാണ്. വാഹനവുമില്ല, തൊഴിലാളിയുമില്ല. എന്നാൽ തൊഴിലാളി ഇവിടെത്തന്നെ ഉണ്ട്. അതിനുള്ള പരിഷ്കരണങ്ങളാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഒരൊറ്റ തൊഴിലാളിയെയും പിരിച്ചുവിടാതെ എത്ര തൊഴിലാളികൾ ഇവിടെ അധികമുണ്ടോ അത്രയും പേർക്കുവേണ്ടി ഇപ്പോൾ 900 വാഹനങ്ങൾ വാങ്ങാൻ പോകുകയാണ് (850 ബസും 50 സ്കാനിയ ബസുകളും). മുദ്രാവാക്യം വിളിക്കുന്നത് വിവരക്കേടുകൊണ്ടാണ് എന്നല്ലാതെ എനിക്ക് ഒന്നും പറയാനില്ല.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഡ്യൂട്ടി പാറ്റേൺ ഏകീകരണംകൊണ്ട് ലക്ഷ്യമിടുന്നത് ശമ്പളത്തിനാനുപാതികമായ സേവനമാണെന്ന് അങ്ങ് നൽകിയ ഉത്തരത്തിൽ പറയുന്നുണ്ട്. നാഷണലൈസ്ഡ് റൂട്ടുകളിൽ വിദ്യാർത്ഥികളിൽ നിന്ന് അഡ്വാൻസായി ചാർജ് വാങ്ങാറുണ്ട്. അതിന്റെ അർത്ഥം അതിനെ വരുമാനമായി നമ്മൾ കണക്കാക്കുന്നില്ല എന്നാണ്. അങ്ങനെ വരുമ്പോൾ ആ റൂട്ടിൽ കളക്ഷൻ കുറയും. അത് തീർച്ചയായും ജീവനക്കാർക്കും ഡ്രൈവർമാർക്കും കണ്ടക്ടർമാർക്കും വിഷമമുണ്ടാക്കുന്ന കാര്യമാണ്. മറ്റൊന്ന്, കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോയിലേയ്ക്ക് അയച്ച 10 ബസ്സുകളിൽ അഞ്ചെണ്ണം സുൽത്താൻ ബത്തേരിയിലേയ്ക്ക് കടത്തി. 5 എണ്ണം മഴയും വെയിലുമേറ്റ് അവിടത്തെ ഡിപ്പോയിൽ കിടക്കുകയാണ്. കാസർഗോഡ് 57 കണ്ടക്ടർമാരുടെയും 57 ഡ്രൈവർമാരുടെയും ഒഴിവുണ്ട്. *** അങ്ങ് കെ.എസ്.ആർ.ടി.സി.-യെ രക്ഷപ്പെടുത്താൻ ശ്രമിക്കുമോ എന്നതാണ് എന്റെ ചോദ്യം?

ശ്രീ. തോമസ് ചാണ്ടി: സർ, *** *

മി. സ്പീക്കർ: പ്ലീസ്........പ്ലീസ്......***

ശ്രീ. പി. ടി. തോമസ്: സർ, ***

ശ്രീ. തോമസ് ചാണ്ടി : സർ, *** ബഹുമാനപ്പെട്ട നെല്ലിക്കുന്ന്, അങ്ങ് പറഞ്ഞു വണ്ടികൾ വെറുതെ കിടക്കുന്നു, ജോലിക്കാരില്ല എന്ന്. അങ്ങ് എഴുതിത്തരാമെങ്കിൽ തീർച്ചയായും അക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കും.

മി. സ്പീക്കർ: പ്ലീസ്............പ്ലീസ്........... ഇതൊന്നും രേഖയിലുണ്ടാകില്ല.***

---

ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശപ്രകാരം സഭാരേഖകളിൽ നിന്ന് നീക്കം ചെയ്തു.)

ശ്രീ. സി. ദിവാകരൻ: സർ, ട്രാൻസ്പോർട്ട് വ്യവസായത്തിന്റെ പ്രതിസന്ധിയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അത് കാര്യക്ഷമമാക്കുന്നതിനെക്കുറിച്ചുള്ള ചോദ്യങ്ങളും ചർച്ചകളുമാണ് ഇവിടെ പ്രതിപാദിക്കുന്നത്. ഗവൺമെന്റെടുത്ത എല്ലാ നടപടികളെയും കേരളത്തിലെ എല്ലാപേരും അഭിനന്ദിക്കുകയാണ്. നമ്മുടെ ട്രാൻസ്പോർട്ട് വ്യവസായം ഇപ്പോൾ നന്നായില്ലെങ്കിൽ ഇനി നന്നാകുകയില്ല എന്നൊരു അവസ്ഥയുണ്ട്. ഇവിടെ സുശീൽ ഖന്ന റിപ്പോർട്ടിനെക്കുറിച്ച് പ്രതിപാദിക്കുകയുണ്ടായി. എന്താണ് സുശീൽ ഖന്ന റിപ്പോർട്ട്; സമ്പൂർണ്ണ റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിലാണോ ഇപ്പോൾ നടപടികളെടുക്കുന്നത് എന്ന് വ്യക്തമാക്കാമോ? സുശീൽ ഖന്ന റിപ്പോർട്ടിൽ പറയാനിടയുള്ളതായി ഞാൻ ഊഹിക്കുന്നത് ആ വ്യവസായത്തിലെ മുഴുവൻ തൊഴിലാളികളെയും വിശ്വാസത്തിലെടുത്തുവേണം ഈ വ്യവസായം പുനഃസംഘടിപ്പിക്കാൻ എന്നാണ്. എന്നാൽ സൂചനാപണിമുടക്ക് നടത്തിയ എ.ഐ.റ്റി.യു.സി. തൊഴിലാളികളെ കൂട്ടത്തോടെ സ്ഥലംമാറ്റുകയും നേതാക്കന്മാരുടെ പേരിൽ കേസ് എടുക്കുകയുമുണ്ടായി. അത് ഈ ഗവൺമെന്റിന്റെ നയമല്ല, അത് പുനഃപരിശോധിക്കണം. തൊഴിലാളികളെ വിശ്വാസത്തിലെടുത്തു കൊണ്ട് ട്രാൻസ്പോർട്ട് കോർപ്പറേഷൻ പുനഃസംഘടിപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. തോമസ് ചാണ്ടി: സർ, തൊഴിലാളികളെ മാറ്റി എന്നുള്ളത് ശരിയാണ്. അവരെ അങ്ങോട്ടുമിങ്ങോട്ടും reinstate ചെയ്തിട്ടുണ്ട്. ജയിലിൽ പോയവർക്ക് ജാമ്യം വേണ്ട, ഞങ്ങൾ ഇവിടെ കിടന്നോളാം എന്നുപറഞ്ഞ് പ്രശ്നമുണ്ടാക്കിയതു കൊണ്ടാണ് സസ്പെന്റ് ചെയ്തത്. ആ പ്രശ്നം രണ്ടുമൂന്നു ദിവസത്തിനകം പരിഹരിക്കുന്നതാണ്. അങ്ങ് സുശീൽ ഖന്ന റിപ്പോർട്ടിനെക്കുറിച്ച് ചോദിച്ചു. അതിന്റെ പൂർണ്ണരൂപത്തിലുള്ള റിപ്പോർട്ട് ലഭിച്ചിട്ടില്ല; പ്രിലിമിനറി റിപ്പോർട്ടാണ് ലഭിച്ചിരിക്കുന്നത്. പക്ഷെ വളരെ എഫക്ടീവാണ്. ഇപ്പോൾത്തന്നെ 78 ശതമാനം ആയിരുന്ന ഫ്ലീറ്റ് യൂട്ടിലൈസേഷൻ 87 ശതമാനമായി ഉയർന്നിട്ടുണ്ട്. ഇത് പരീക്ഷണമല്ലേ ; എല്ലാപേരുംകൂടി സഹകരിച്ചാൽ തീർച്ചയായും ഞാൻ മുഖ്യമന്ത്രിക്ക് ഉറപ്പുകൊടുത്തതുപോലെ അടുത്ത വർഷം ഈ സമയത്ത് കൈ നീട്ടാതെ, ആരുടെയും കാശ് കടം വാങ്ങാതെ ഈ പ്രസ്ഥാനവുമായി മുന്നോട്ടുപോകാൻ കഴിയുമെന്നുള്ള ഉറച്ച വിശ്വാസമാണ് എനിക്കുള്ളത്. അതിന് തൊഴിലാളികൾ സഹകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കെ.എസ്.ആർ.ടി.സി.-യിലെ പണിമുടക്കിനെക്കുറിച്ച് പറയുകയുണ്ടായി. കെ.എസ്.ആർ.ടി.സി. ഒരു പ്രത്യേക പ്രതിസന്ധി നേരിടുകയാണെന്ന് എല്ലാപേർക്കും അറിയാം. അവിടെയുള്ള

തൊഴിലാളി യൂണിയനുകൾ നല്ല സഹകരണം നൽകുന്നുണ്ട്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണത്തിന് സഹായിക്കുന്ന നിലപാടാണ് അവർ സ്വീകരിച്ചുവരുന്നത്. അത്തരമൊരു ഘട്ടത്തിൽ സാധാരണയായി തൊഴിലാളി പ്രക്ഷോഭങ്ങൾ ഉണ്ടാക്കുന്ന രീതിയിലുള്ള പണിമുടക്കും മറ്റുമുള്ള കാര്യങ്ങൾ ഒഴിവാക്കുന്നതിന് പ്രധാനപ്പെട്ട സംഘടനകളെല്ലാം പ്രത്യേകം ശ്രദ്ധിക്കണമെന്ന ഒരു അഭ്യർത്ഥന ഈ ഘട്ടത്തിൽ നടത്തുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങ് പറഞ്ഞത് പരമാവധി ശരിയാണ്. പ്രതിപക്ഷത്തുള്ള യൂണിയനുകളും വളരെ ആത്മാർത്ഥമായി സഹകരിക്കുന്നുണ്ട്. പക്ഷെ എ.ഐ.റ്റി.യു.സി.-ക്കെതിരായി നടത്തിയ നടപടി വളരെയധികം തെറ്റിദ്ധാരണാജനകമായ ഒരു സാഹചര്യത്തിലാണെന്നാണ് എനിക്ക് തോന്നുന്നത്. ഇപ്പോൾ അവർ സെക്രട്ടേറിയറ്റിനുമുമ്പിൽ സമരം ചെയ്യുകയാണ്. ആ സമരം അവസാനിപ്പിക്കാനുള്ള നടപടി അങ്ങ് സ്വീകരിക്കുമോ; അതോടൊപ്പംതന്നെ കെ.എസ്.ആർ.ടി.സി.-ക്ക് ശമ്പളം കിട്ടുന്നില്ല, പെൻഷനും കിട്ടുന്നില്ല. എ.ഐ.റ്റി.യു.സി.യെ സെക്രട്ടേറിയറ്റ് പടിക്കൽ ഒരു സമരത്തിലേയ്ക്ക് നയിച്ച സാഹചര്യം സർക്കാർ ഇടപെട്ട് ഒഴിവാക്കാമായിരുന്നില്ലേ?

ശ്രീ. അൻവർ സാദത്ത്: സർ, കെ.എസ്.ആർ.ടി.സി. ലാഭത്തിലാകണമെന്നത് നമ്മുടെയെല്ലാം സ്വപ്നമാണ്. എല്ലാവരും ഇവിടെ യൂണിയന്റെ കാര്യങ്ങളൊക്കെ പറഞ്ഞു. ഏത് യൂണിയനായാലും ചില കാര്യങ്ങളിലുള്ള ഇവരുടെ അനാവശ്യമായ ഇടപെടലുകളാണ് കെ.എസ്.ആർ.ടി.സി.-യെ പിന്നോട്ടുനയിക്കുന്നതെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ശോചനീയാവസ്ഥയിലായ ആലുവ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിന്റെ നവീകരണത്തിനുവേണ്ടി കഴിഞ്ഞ വർഷത്തെ എം.എൽ.എ. അസറ്റ് ഫണ്ടിൽനിന്ന് ഞാൻ 5 കോടി രൂപ കൊടുത്തു. തുക കൊടുത്ത് ഒരു വർഷമായിട്ടും അത് പാസ്സാക്കിയെടുക്കാനോ അതിനുവേണ്ടിയുള്ള നടപടിയെടുക്കാനോ തിരുവനന്തപുരം ഓഫീസിലെ ബന്ധപ്പെട്ട ആളുകൾ തയ്യാറായില്ല. അവിടത്തെ എഞ്ചിനീയറിംഗ് വിഭാഗത്തിന് ഒരു വർഷംകൊണ്ട് ചെയ്യാൻ സാധിക്കാത്ത ഈ വർക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം വിളിച്ചുചേർത്ത് പി.ഡബ്ല്യു.ഡി.-ക്ക് കൈമാറുന്ന സാഹചര്യമാണുണ്ടായത്. ഇങ്ങനെയുള്ള ഉദ്യോഗസ്ഥന്മാരെ കെ.എസ്.ആർ.ടി.സി.യിൽ വച്ചുകൊണ്ടിരുന്നാൽ നമ്മുടെ സ്വപ്നം ഒരു കാരണവശാലും സഫലമാകാൻ പോകുന്നില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് ഇങ്ങനെയുള്ള ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടിയെടുത്ത് കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കാൻ ശ്രമിക്കുമോ? ഇവിടെ നേരത്തെ പറഞ്ഞതുപോലെ....... (ബഹളം)........

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്..... മതിയാക്കു.... അങ്ങ് ചോദ്യം ചോദിച്ചു കഴിഞ്ഞു. ചോദ്യം ചോദിക്കുന്നവരെല്ലാം ഇങ്ങനെയുള്ള രീതി സ്വീകരിച്ചാൽ എങ്ങനെയാണിത് നടത്തിക്കൊണ്ടുപോകാൻ സാധിക്കുക? എല്ലാവരും ഇങ്ങനെയൊരു നിലപാട് സ്വീകരിച്ചാൽ എങ്ങനെയാണ്?

ശ്രീ. അൻവർ സാദത്ത്: സർ, കഴിഞ്ഞ അഞ്ച് വർഷം നിങ്ങൾ പ്രതിപക്ഷത്തിരുന്നപ്പോൾ, ഇവിടെ സരിത വിഷയമുണ്ടായപ്പോൾ സരിതയുടെ പേരുപറഞ്ഞ് ചോദ്യം ചോദിച്ച ആളുകളാണ് ഇന്ന് ഇതിനെ വിമർശിക്കുന്നത്. നിങ്ങൾ മൂന്നുപേരും അന്നുണ്ടായിരുന്നില്ല. ......(മൈക്ക് ഓഫ്).... ....(ബഹളം)........

മി. സ്പീക്കർ : പ്ലീസ്....പ്ലീസ്... മന്ത്രി മറുപടി പറയൂ. .......(ബഹളം)........ ഒരു മണിക്കൂർ ചോദ്യോത്തര വേളയിൽ പരമാവധി ചോദ്യവും ഉപചോദ്യവും ചോദിക്കാനുള്ള അവസരമൊരുക്കണം. .......(ബഹളം)........ അദ്ദേഹം ചോദ്യം ചോദിച്ചു കഴിഞ്ഞു. നിങ്ങൾ ഇരിക്കു.

ശ്രീ. പി. ടി. തോമസ് : സർ, ചോദ്യം ചോദിക്കുന്ന സമയത്ത് ഇങ്ങനെ മൈക്ക് ഓഫ് ചെയ്യുന്ന രീതി ഒരിക്കൽപ്പോലും ഉണ്ടായിട്ടില്ല. .......(ബഹളം).......

മി. സ്പീക്കർ : അദ്ദേഹം ചോദ്യം ചോദിച്ചു കഴിഞ്ഞല്ലോ. .......(ബഹളം)....... ഇതൊന്നും ശരിയല്ല. പ്ലീസ്...പ്ലീസ്....ഇരിക്കു. .....(ബഹളം).... അദ്ദേഹം ചോദ്യം ചോദിച്ചു കഴിഞ്ഞ് ചോദ്യവുമായി ബന്ധമില്ലാത്ത പ്രസംഗം നടത്തിയതു കൊണ്ടാണ് മൈക്ക് ഓഫ് ചെയ്തത്. .....(ബഹളം).... സഭാനടത്തിപ്പിൽ ചെയറിന്റെ അഭിപ്രായങ്ങൾ പാലിക്കാനുള്ള സാമാന്യ മര്യാദയുണ്ട്. പ്ലീസ്... പ്ലീസ്....ഇതൊന്നും ശരിയല്ല. .....(ബഹളം)... അങ്ങ് ഉത്തരം പറയൂ. ..... (ബഹളം)...ചട്ടലംഘനങ്ങൾക്ക് നോക്കുകുത്തിയായി ചെയർ ഇരിക്കണമെന്നാണോ?

ശ്രീ. കെ. സി. ജോസഫ്: സർ, അപ്പുറത്തുനിന്നും ചോദ്യം ചോദിക്കുമ്പോൾ ഇങ്ങനെ ചെയ്യാറുണ്ടോ?

മി. സ്പീക്കർ: അപ്പുറത്തുനിന്ന് ചോദിക്കുമ്പോഴും ചെയർ പറയാറുണ്ട്. ..... (ബഹളം)...

ശ്രീ. കെ. സി. ജോസഫ്: സർ, ഇതുവരെ അങ്ങനെ ചെയ്തിട്ടില്ല.

മി. സ്പീക്കർ: കഴിഞ്ഞ ഏതാനും ദിവസമായി ഞാൻ പറഞ്ഞു കൊണ്ടിരിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സാധാരണഗതിയിൽ ഒരു അംഗം ചോദ്യം ചോദിച്ചുകൊണ്ടിരിക്കുമ്പോൾ ഒരിക്കലും മൈക്ക് ഓഫ് ചെയ്യാറില്ല. .....(ബഹളം)...

മി. സ്പീക്കർ: അദ്ദേഹം ചോദ്യം ചോദിച്ചുകഴിഞ്ഞിരുന്നു.

ശ്രീ. രമേശ് ചെന്നിത്തല : സർ, അത് ശരിയായ നടപടിയല്ല. ചോദ്യം ചോദിക്കുക എന്നുള്ളത് മെമ്പറുടെ അവകാശമാണ്. ആ അവകാശത്തെ അങ്ങ് ദയവായി ഹനിക്കരുത്.

മി. സ്പീക്കർ: ചെയർ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ ഓർമ്മപ്പെടുത്തുന്നത്, ഈ ഫ്ലോറിൽ നാലോ അഞ്ചോ ചോദ്യങ്ങളെങ്കിലും ഒരു ദിവസം വരണ്ടേ; എല്ലാവരുടെയും ഉപചോദ്യങ്ങൾക്ക് അവസരം കൊടുക്കണ്ടേ? ഉപചോദ്യത്തിന് കൈ ഉയർത്തി എഴുന്നേറ്റ് നിൽക്കുന്ന ഇരുപക്ഷത്തെയും അംഗങ്ങൾ ദീർഘമായി പ്രസംഗിക്കാൻ തുടങ്ങിയാൽ അത് എങ്ങനെ അംഗീകരിക്കാൻ കഴിയും? പ്രസ്താവനകളും വ്യാജോക്തികളും ആരോപണങ്ങളും ഉന്നയിക്കാനുള്ള ഒരവസരമായി ഇത് ഉപയോഗിക്കാൻ കഴിയുമോ? ദയവായി സഹകരിക്കണം. ബ്രീഫായി ചോദ്യം ചോദിക്കുക, ഉത്തരം പറയുക. അപ്പോൾ എല്ലാവർക്കും അവസരം ലഭിക്കും. ചെയർ എല്ലാവരോടും പറയുന്നുണ്ട്. ആർക്കും പ്രത്യേക അനുവാദമില്ല. പ്ലീസ്.....പ്ലീസ്.....

ശ്രീ. തോമസ് ചാണ്ടി: സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. എഞ്ചിനീയറിംഗ് വിഭാഗത്തിൽ ചില തകരാറുകളുണ്ടായിരുന്നത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു എന്നുമാത്രമല്ല അവരെ നിയന്ത്രിക്കുന്ന ഇ.ഡി. സിസ്റ്റമൊക്കെ എടുത്തുകളഞ്ഞ് ജനറൽ മാനേജർ, അസിസ്റ്റന്റ് ജനറൽ മാനേജർ തസ്തികകൾ സൃഷ്ടിച്ച് അഡ്വർടൈസ്മെന്റും നടത്തി വളരെ സമർത്ഥന്മാരായ എഞ്ചിനീയറിംഗ് ബിരുദമുള്ളവരെയെല്ലാം നിയമിക്കാനുള്ള നടപടി ഈ മാസം 30-ാം തീയതിക്കുമുമ്പുണ്ടാകും. അതിനുശേഷം മെമ്പർ ഉന്നയിച്ച പ്രശ്നത്തിന് അടിയന്തര പരിഹാരമുണ്ടാക്കുന്നതിന് തീർച്ചയായും ഞാൻതന്നെ മുൻകയ്യെടുക്കാം.

ശ്രീ. പി. കെ. ശശി: സർ, കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കുന്നതിനു വേണ്ടി തൊള്ളായിരത്തോളം പുതിയ ബസുകൾ ഇറക്കുന്നുവെന്നുപറയുന്നത് ഏറ്റവും സന്തോഷകരമായ കാര്യമാണ്. പുതിയ ബസുകൾ ഇറക്കുന്നതോടൊപ്പം ജീവനക്കാരുടെ കാര്യംകൂടി ഗൗരവമായി പരിശോധിക്കണം. കെ.എസ്.ആർ.ടി. സി.-യുടെ നിലവിലുള്ള പല ഡിപ്പോകളിലും ആവശ്യത്തിന് യൂണിറ്റ് ഓഫീസർമാരില്ല. എ.ടി.ഒ.മാരും ഡി.ടി.ഒ.മാരുമില്ല. മതിയായ യോഗ്യതയുള്ള ആളുകളുണ്ടായിട്ടും ഇവരെ നിയമിക്കുന്നില്ല. നിയമിക്കപ്പെടേണ്ട യൂണിറ്റ് ഓഫീസർമാരെ നിയമിക്കണമെന്ന് കെ.എസ്.ആർ.ടി.സി.-യുടെ ബോർഡ് ഓഫ് ഡയറക്ടേഴ്സ് തീരുമാനിച്ചിട്ടുണ്ട്. പക്ഷെ ആ തീരുമാനം നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. അത് നടപ്പിലാക്കാത്തത് എന്തുകൊണ്ടാണ്; എ.ടി.ഒ.-മാരെയും ഡി.ടി.ഒ.-മാരെയും നിയമിക്കുന്ന കാര്യത്തിൽ ശ്രദ്ധചെലുത്തുമോ?

ശ്രീ. തോമസ് ചാണ്ടി: സർ, കേരളത്തിൽ 14 ജില്ലകളാണുള്ളത്. 14 ജില്ലാ ആസ്ഥാനത്ത് 14 ഡി.ടി.ഒ.-മാർ മതി. ഇപ്പോൾ 56 പേരുണ്ട്. ഒരു എ.ടി.ഒ.-ക്ക് ലഭിക്കുന്നതിന്റെ രണ്ട് ഇരട്ടി ശമ്പളമാണ് അവർക്ക് കിട്ടുന്നത്. ഇതെല്ലാം പരിശോധിച്ച് അതിനാവശ്യമായ അറേഞ്ച്മെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. അങ്ങ് പറഞ്ഞതിൽ ചില വാസ്തവങ്ങളുണ്ട്. അതെല്ലാം ഉടൻതന്നെ പരിഹരിക്കും.

ശ്രീ. ഷാഫി പറമ്പിൽ: സർ, സർക്കാരിന്റെ ഒരു ജോലി പൂർത്തീകരിക്കാനാണ് സാധാരണ ഫോളോഅപ് വേണ്ടിവരുന്നത്. പാലക്കാട് കെ.എസ്.ആർ.ടി.സി. ഡിപ്പോ ഇടിഞ്ഞുപൊളിഞ്ഞുവീഴാറായെന്ന് നിരന്തരം വാർത്തകൾ വന്നതിന്റെ ഫലമായി അപകടം ഒഴിവാക്കുന്നതിനായി അത് അവിടെനിന്ന് മാറ്റാൻ തീരുമാനിക്കുകയും ആദ്യത്തെ കെട്ടിടം പൊളിച്ചുമാറ്റുകയും ചെയ്തു. പുതിയ കെട്ടിടം പണിയാൻ കെ.എസ്.ആർ.ടി.സി. ഫണ്ട് തികയാത്തതുകൊണ്ട് എം.എൽ.എ. അസറ്റ് ഡെവലപ്മെന്റ് ഫണ്ടും അനുവദിച്ചു. അഡ്മിനിസ്ട്രേറ്റീവ് സാങ്ഷനും ടെക്നിക്കൽ സാങ്ഷനും ലഭിച്ചു, തറക്കല്ലുമിട്ടു. എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചിട്ടും ഇതുവരെ ആ പ്രവൃത്തി ആരംഭിക്കാൻപോലും കഴിയുന്നില്ലെന്നുള്ള ഏറ്റവും ഖേദകരമായ സാഹചര്യമാണുള്ളത്. മഴയും വെയിലുമൊക്കെ യാത്രക്കാർ നേരിടുന്നുണ്ട്. ജനപ്രതിനിധികളെന്ന നിലയിൽ അതിന്റെ പഴി മുഴുവൻ ഞങ്ങൾ കേൾക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ സഭയിൽ ഒരു സബ്മിഷൻ ഉന്നയിച്ചതിന് അങ്ങ് മറുപടി തന്നു. L1 മാറി L2 കൊടുക്കാനായി ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചിട്ടുണ്ടെന്നാണ് ഇപ്രാവശ്യത്തെ സബ്മിഷനിലും പറഞ്ഞിരിക്കുന്നത്. ഇതിന്റെ വർക്ക് എന്നാണ് ആരംഭിക്കാൻ കഴിയുക? ഇതുസംബന്ധിച്ച് അവിടത്തെ ജനങ്ങളോ ജനപ്രതിനിധികളോ ഒരു തെറ്റും ചെയ്തിട്ടില്ല. ഒരു സൊസൈറ്റി ഓഫീസിന്റെ പേരുപറഞ്ഞ് കുറെക്കാലം പ്രവർത്തനം നടത്താൻ അനുവദിച്ചില്ല. സോണിന്റെ കാര്യം പറഞ്ഞ് കുറെക്കാലം വർക്ക് മുടങ്ങിക്കിടന്നു. ഞങ്ങൾ ഇടപെട്ട് അതൊക്കെ ശരിയാക്കി. ഇപ്പോൾ ഒരു തടസ്സവുമില്ല. പക്ഷേ അത് ആരംഭിക്കാറായപ്പോൾ ഈ റേറ്റിന് ചെയ്യാൻ കഴിയില്ലെന്നുപറഞ്ഞ് കരാറുകാരൻ പിന്മാറി. അടുത്ത കരാറുകാരന് കൊടുക്കാൻ ഡയറക്ടർ ബോർഡ് തീരുമാനമെടുത്തു. ആ തീരുമാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കത്തയച്ചു എന്നുള്ള മറുപടി കഴിഞ്ഞ സഭയിലും ഈ സഭയിലും ഞങ്ങൾക്ക് ലഭിച്ചു. കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഞാൻ ശ്രമിച്ചതാണ്. ഇപ്പോൾ ഇതുവരെ എത്തിച്ചു. ഈ വർക്ക് എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയും; ജനങ്ങൾ വെയിലും മഴയും കൊള്ളുന്നത് എന്ന് അവസാനിപ്പിക്കാൻ കഴിയും?

ശ്രീ. തോമസ് ചാണ്ടി: സർ, തീർച്ചയായും അതിന് അടിയന്തരമായി നടപടിയുണ്ടാകുന്നതാണ്. L1 കഴിഞ്ഞ് L2-ന് കൊടുക്കണമെങ്കിലും ധനകാര്യ വകുപ്പിന്റെ ക്ലിയറൻസ് വേണമെന്നുള്ളതുകൊണ്ട് അതിനായി അയച്ചിരിക്കുകയാണ്. അങ്ങ് ഇക്കാര്യം എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. അടിയന്തരമായി അതിന് പരിഹാരമുണ്ടാക്കാൻ കഴിയും. അതിന് ശ്രമിക്കാമെന്ന് ഉറപ്പ് നൽകുന്നു.

## ഗ്രാമീണ റോഡ് സംരക്ഷണം വനിതാ സ്വാശ്രയസംഘങ്ങളെ ഏൽപ്പിക്കൽ

2 (*272) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണറോഡ് സംരക്ഷണം, അറ്റകുറ്റപ്പണി എന്നിവ വനിതാ സ്വാശ്രയ സംഘങ്ങളെ ഏല്പിക്കുന്നത് സംബന്ധിച്ച കേന്ദ്രസർക്കാർ നിർദ്ദേശം ഏത് രീതിയിലാണ് സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും ഈ വിഷയത്തിൽ എപ്രകാരമാണ് പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ താല്പര്യപ്പെടുന്നതെന്നും വ്യക്തമാക്കാമോ ;

(ബി) ഇതുസംബന്ധിച്ച് പത്തൊമ്പത് സംസ്ഥാനങ്ങൾ പ്രത്യേക നയം രൂപീകരിച്ചതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ,

(എ) ഈ വിഷയം സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ നിർദ്ദേശങ്ങളൊന്നും തന്നെ ലഭിച്ചിട്ടില്ല. എന്നാൽ ഉത്തരാഖണ്ഡ് സംസ്ഥാനത്ത് അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ മേൽനോട്ടത്തിൽ PMGSY റോഡുകളുടെ പാർശ്വഭാഗങ്ങളിലെ അറ്റകുറ്റപ്പണികൾ വനിതാ സ്വാശ്രയ സംഘങ്ങളെ ഏല്പിച്ചിട്ടുള്ളതുപോലെ കേരളത്തിലും ആ രീതി അവലംബിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ചുവരുന്നു.

(ബി) ഇല്ല. എന്നാൽ കേരളത്തിൽ ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണി സംബന്ധിച്ച് പ്രത്യേക നയം രൂപീകരിച്ച് 28-12-2016-ലെ ജി.ഒ. (എംഎസ്. ) 197/2016/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, റോഡ് നിർമ്മാണത്തിന് പി.ഡബ്ല്യു.ഡി. സംവിധാനം നിലവിലുള്ളപ്പോൾ ഗ്രാമീണ റോഡ് നിർമ്മാണത്തിന്റെ ചുമതല സ്വാശ്രയ സംഘങ്ങളെ, പ്രത്യേകിച്ച് വനിതാ സ്വാശ്രയ സംഘങ്ങളെ ഏല്പിക്കുന്നത് റോഡിന്റെ നിലവാരം കുറയുന്നതിനും നന്നായി പണിതില്ലെങ്കിൽ ചീത്തപ്പേരുകൂടി അവർക്കുണ്ടാകാനുമുള്ള സാദ്ധ്യതയുണ്ട്. വനം വകുപ്പിൽ റെയ്ഞ്ച് ഓഫീസർമാരെ നിയമിക്കുമ്പോൾ കെട്ടിടവും റോഡും പണിയാനായി അവർക്ക് ഒരു ദിവസത്തെ പരിശീലനം കൊടുക്കാറുണ്ട്. ഒരു ദിവസത്തെ പരിശീലനംകൊണ്ടൊന്നും ഇത് ചെയ്യാൻ സാധിക്കുകയില്ല. അതുകൊണ്ട് നല്ല ട്രെയിനിംഗ് നൽകിയശേഷം ഇത്തരം സ്വാശ്രയ സംഘങ്ങളെ പ്രസ്തുത പണി ഏൽപ്പിക്കുന്നതിന് പദ്ധതിയുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, PMGSY പ്രകാരം നിർമ്മിക്കപ്പെടുന്ന റോഡുകൾക്ക് സർക്കാർ തന്നെയാണ് 5 വർഷം മെയിന്റനൻസ് നടത്തേണ്ടത്. 5 വർഷത്തിനുശേഷം അതിന്റെ പാർശ്വഭാഗങ്ങൾ നന്നാക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളാണ് വനിതാ സ്വാശ്രയ സംഘങ്ങൾക്ക് നൽകുന്നത്. നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾത്തന്നെ കുടുംബശ്രീ അറുപത്തിരണ്ടോളം ലേബർ കൺസ്ട്രക്ഷൻ സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട്. അതിൽ 46 എണ്ണം പ്രവർത്തനക്ഷമമാണ്. അവർക്ക് 52,87,186 രൂപയുടെ പ്രവൃത്തികൾ ഇതിനകം അവാർഡ് ചെയ്തുകഴിഞ്ഞു. കുടുംബശ്രീയുടെ ഇത്തരം കൺസ്ട്രക്ഷൻ സൊസൈറ്റികളെ ഡെവലപ് ചെയ്യാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഗ്രാമീണ മേഖലകളിലെ ദാരിദ്ര്യ നിർമ്മാർജ്ജന ത്തിന്റെയുംകൂടി ഭാഗമായാണ് PMGSY ആരംഭിക്കുന്നത്. തീർച്ചയായും അത് നമ്മുടെ നാട്ടിലെ സ്ത്രീകൾക്ക് ലഭ്യമാക്കുക എന്നുള്ളതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, തൊഴിലുറപ്പുകാർക്കും ഈ പരിശീലനം നൽകാം. അവരും റോഡിന്റെ പാർശ്വഭാഗങ്ങൾ വൃത്തിയാക്കുന്നതിലുംമറ്റും മിടുക്കരാണ്. PMGSY മാത്രമല്ല, ഒരു കിലോമീറ്റർ മുതൽ ഒന്നര കിലോമീറ്റർ വരെ ദൈർഘ്യമുള്ള പഞ്ചായത്ത് റോഡുകളുമുണ്ട്. ലൈഫ് പദ്ധതി വന്നതോടുകൂടി ധാരാളം പണം മാറ്റിവയ്ക്കേണ്ടിവരുന്നതിനാൽ പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽനിന്നും റോഡുകൾ പണിയാൻ കഴിയാത്തൊരു സാഹചര്യമുണ്ട്. ഒരു പഞ്ചായത്ത് മെമ്പർക്ക് തന്റെ വാർഡിലെ റോഡുകൾ പൂർണ്ണമായും ടാർ ചെയ്യാനോ പരിഷ്കരിക്കാനോ മെയിന്റനൻസ് ചെയ്യാനോ കഴിയാത്ത സാഹചര്യമുള്ളതുകൊണ്ട് ഒരു കിലോമീറ്റർ, മുക്കാൽ കിലോമീറ്റർ അല്ലെങ്കിൽ 15 ലക്ഷം രൂപയ്ക്ക് മുകളിൽ ടാറിംഗ് വേണ്ടിവരുന്ന റോഡുകളെല്ലാം പി.ഡബ്ല്യു.ഡി.-ക്ക് കൈമാറിയാൽ വർഷാവർഷം അവർക്ക് കിട്ടുന്ന പണത്തിൽനിന്നും ഇത് മെയിന്റനൻസ് നടത്താൻ കഴിയും. ഇക്കാര്യത്തിൽ വികേന്ദ്രീകൃതാസൂത്രണം തകർക്കുന്നുവെന്ന ചിന്തയുടെ കാര്യമില്ല. കാര്യം നടക്കാതെ വരുമ്പോൾ ജനങ്ങൾ പ്രതിഷേധിക്കും. അതുകൊണ്ട് പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും ഇത് മെയിന്റയിൻ ചെയ്യാൻ കഴിയുന്നില്ലെന്ന കാര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ പി.ഡബ്ല്യു.ഡി.-ക്ക് റോഡ് കൈമാറാൻ നടപടി സ്വീകരിക്കുമോ?

ഡോ. കെ. ടി. ജലീൽ : സർ, ഗ്രാമീണ റോഡുകൾ 'ഒറ്റത്തവണ നന്നാക്കൽ' പദ്ധതി നമ്മുടെ സംസ്ഥാനത്ത് ആദ്യമായി നടപ്പിലാക്കുന്നത് ഡോ. ടി. എം. തോമസ് ഐസക് ധനകാര്യവകുപ്പുമന്ത്രിയായിരുന്ന സമയത്തുതന്നെയാണ്. അത്തരത്തിൽ ഇനി ഏതെങ്കിലും റോഡുകൾ 'ഒറ്റത്തവണ നന്നാക്കൽ' പദ്ധതിയിൽ

ഉൾപ്പെടുത്തേണ്ടതുണ്ടോ എന്നതുസംബന്ധിച്ച് പി.ഡബ്ല്യു.ഡി. ഡിപ്പാർട്ടുമെന്റുമായി ആലോചിച്ച് ധനകാര്യ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ അന്തിമ തീരുമാനം എടുക്കാവുന്നതേയുള്ളൂ.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, 2016 ജനുവരിയിൽ കേന്ദ്രസർക്കാർ പുറത്തിറക്കിയ മാർഗ്ഗരേഖ പ്രകാരം എല്ലാ ജില്ലകളിലും ബ്ലോക്ക് അടിസ്ഥാനത്തിൽ ഗ്രാമീണ റോഡുകളുടെ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കണമെന്നും അത് ഡിജിറ്റൽ ഫോമിലാക്കണമെന്നും ഉപഗ്രഹ സാങ്കതികവിദ്യയുടെ സഹായത്തോടുകൂടി ഓരോ റോഡും കോഡിംഗ് നടത്തി സൂക്ഷിക്കണമെന്നുമുള്ള നിർദ്ദേശം പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇനി എന്തൊക്കെയാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്? ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന പ്രധാനമന്ത്രിയുടെ ഗ്രാമീണറോഡ് വികസന പദ്ധതി മാതൃകയിൽ മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് വികസന പദ്ധതി പല സംസ്ഥാനങ്ങളിലും നടപ്പിലാക്കുന്നുണ്ട്. ഇതേ മാതൃകയിൽ നമ്മുടെ സംസ്ഥാനത്ത് ലോകബാങ്കിന്റെ സഹായത്തോടുകൂടി മുഖ്യമന്ത്രി ഗ്രാമീണ റോഡ് വികസനപദ്ധതി നടപ്പിലാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ?

ഡോ. കെ. ടി. ജലീൽ : സർ, ഗ്രാമീണ റോഡുകളെ സംബന്ധിക്കുന്ന വ്യക്തമായ വിവരം, അതിന്റെ ഇപ്പോഴത്തെ അവസ്ഥ ഇതൊക്കെ എങ്ങനെയാണെന്ന് പരിശോധിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരികയാണ്. പ്രധാനമന്ത്രിയുടെ പേരിലുള്ള ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം പോലെ മുഖ്യമന്ത്രിയുടെ പേരിൽ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം എന്നത് നയപരമായ കാര്യമാണ്. നമ്മുടെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന ഫണ്ടുപയോഗിച്ച് മെച്ചപ്പെട്ട പ്രവർത്തനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അത് വേണോ വേണ്ടയോ എന്നത് നയപരമായി തീരുമാനിക്കാവുന്നതേയുള്ളൂ.

ശ്രീ. സി. കെ. നാണു: സർ, എന്റെ മണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ ഒരു സെന്റർ സ്ഥാപിക്കാൻ 50 ലക്ഷം രൂപ വേണമായിരുന്നു. ഏതോ ഒരു കോൺട്രാക്ടർ അത് ഏറ്റെടുത്തു. പണി പൂർത്തിയാക്കിയില്ല. ബഹുമാനപ്പെട്ട ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് അതുണ്ടായത്. നാട്ടുകാരൊക്കെ പ്രക്ഷോഭത്തിലായി. ഗ്രാമീണ റോഡായാലും മറ്റേത് റോഡായാലും ഏറ്റെടുക്കുന്നവർ മര്യാദയ്ക്ക് ജോലി എടുക്കുന്നില്ല. ഞാൻ ഒരു സഹകരണസംഘം പ്രവർത്തിക്കുന്ന പ്രദേശത്തുള്ള ആളാണ്. ഗ്രാമീണ റോഡുകളുടെ നിർമ്മാണം സംബന്ധിച്ച് ഇൻഡ്യയ്ക്ക് അഭിമാനമാകുമാറ് വിദേശരാജ്യങ്ങളിൽ നിന്നുവരെ (ഏഷ്യൻ, ആഫ്രിക്കൻ രാജ്യങ്ങളിൽ) ഇന്ന് സംഘങ്ങൾ വന്ന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് പരിശോധിക്കുന്നുണ്ട്. ഗ്രാമീണ റോഡുകൾ നിർമ്മിച്ച് ഇന്ന് ഇൻഡ്യയിലെ വൻകിട

കുത്തകക്കാരോട് കോംപീറ്റ് ചെയ്യാൻ പറ്റുന്ന സ്ഥാപനമായി അത് വളർന്നിരിക്കുന്നു. തൊഴിലാളികളാണ് അതിന്റെ ഡയറക്ടർമാർ. ഗ്രാമീണ റോഡുകൾ ഏതെങ്കിലുമൊരു കോൺട്രാക്ടർ ഏറ്റെടുത്തിട്ട് പണി മോശമായാൽ എം.എൽ.എ.-യ്ക്കാണ് അതിന്റെ ആക്ഷേപമുണ്ടാകുന്നത്. ഇപ്പോൾ വടകര, കൊയിലാണ്ടി നിയോജകമണ്ഡലങ്ങളിലെ എം.എൽ.എ.-മാരായ എനിക്കും ശ്രീ. കെ. ദാസനും മര്യാദയ്ക്ക് നടക്കാൻ സാധിക്കുന്നില്ല. രാവിലെ മുതൽ പാതിരാവരെ ചോറോട് റോഡിന്റെ രണ്ടുഭാഗങ്ങളിലും വാഹനങ്ങൾ നിർത്തിയിടുന്നതും ആക്സിഡന്റുകൾ ഉണ്ടാകുന്നതും പതിവാണ്. ഏത് റോഡാണെങ്കിലും കൃത്യസമയത്ത് പണി തീർക്കണം. പണി ഏറ്റെടുത്തിട്ട് കൃത്യസമയത്ത് ചെയ്തുതീർക്കാത്തവർ പിന്നീട് ഈ മേഖലയിലേയ്ക്ക് കടന്നുവരാതിരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. ബ്ലാക്ക് ലിസ്റ്റ് ചെയ്താലും തരക്കേടില്ല. കേരളത്തിൽ വളരെ നന്നായി പ്രവർത്തിച്ച് വിജയിച്ച സഹകരണ പ്രസ്ഥാനങ്ങളുണ്ട്. അതുപോലുള്ള സഹകരണസംഘങ്ങളുണ്ടെങ്കിൽ അവർ സത്യസന്ധമായി പ്രവർത്തിക്കുമെങ്കിൽ വർക്ക് അവർക്ക് കൊടുക്കുക. ആരംഭിക്കുമ്പോൾത്തന്നെ മുക്കാൽ ഭാഗവും കൊള്ളയടിച്ചുകൊണ്ടുപോകുന്നവരാണെങ്കിൽ അവരെ ഒഴിവാക്കുക. അതാണ് നമ്മൾ പ്രധാനമായി ശ്രദ്ധിക്കേണ്ടത്. സഹകരണപ്രസ്ഥാനങ്ങൾ ന്യായമായി പ്രവർത്തിക്കുന്നവയാണ്. പ്രാദേശിക നിലവാരത്തിലുള്ള സഹകരണ പ്രസ്ഥാനങ്ങൾ വന്നാൽ അവയെ സഹായിക്കണം.

<u>ഡോ. കെ. ടി. ജലീൽ</u> : സർ, ഊരാളുങ്കൽ സൊസൈറ്റി ഒന്നേയുള്ളൂ. സമാനമായ സൊസൈറ്റികൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ രൂപംകൊണ്ട് പ്രവർത്തിച്ചാൽ തീർച്ചയായും കേരളത്തെ സംബന്ധിച്ചിടത്തോളം അത് അഭിമാനകരമായ ഒരു നേട്ടത്തിലേയ്ക്ക് നയിക്കും. സാമൂഹിക പ്രതിബദ്ധതയില്ലാത്ത ചില ആളുകൾ റോഡുകളുടെ പണി ഏറ്റെടുക്കുകയും യഥാസമയം പൂർത്തിയാക്കാതിരിക്കുകയും ചെയ്യുന്നത് ജനപ്രതിനിധികൾക്കും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും വലിയ ബുദ്ധിമുട്ടാണ് വരുത്തിക്കൊണ്ടിരിക്കുന്നത്. അങ്ങനെ നിരന്തരമായി ഇത്തരത്തിലുള്ള പ്രവൃത്തികളിൽ വീഴ്ച വരുത്തുന്നവരെ ടെൻഡർ പ്രോസസിൽനിന്ന് ഒഴിവാക്കുന്നതിനെക്കുറിച്ച് നമുക്കൊരുമിച്ച് ആലോചിക്കാവുന്നതാണ്.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, നമ്മുടെ നാട്ടിലെ ഗ്രാമീണ റോഡുകൾ കാലവർഷമായതോടുകൂടി പൊതുവെ തകരാറിലായിരിക്കുകയാണ്. എന്നാൽ പി.ഡബ്ല്യു.ഡി. റോഡുകളെല്ലാം ബി.എം. & ബി.സി. ചെയ്യുന്നതുകൊണ്ട് ഏറെക്കാലം നിലനിൽക്കുന്നുണ്ട്. എന്റെ ചോദ്യം, ഗ്രാമീണ റോഡ് പദ്ധതി നടപ്പിലാക്കുമ്പോൾ ബെയർഫൂട്ട് എഞ്ചിനീയർമാർക്ക് ട്രെയിനിംഗ് നൽകി മരാമത്ത് പണി ചെയ്യണമെന്നാണ് പൊതുവെ ഒരു നിർദ്ദേശം വന്നിട്ടുള്ളത്. കേരളത്തിൽ എത്ര നിയോജകമണ്ഡലങ്ങളിൽ ബെയർഫൂട്ട് എഞ്ചിനീയർമാരെ നിയമിച്ചിട്ടുണ്ട്?

ഡോ. കെ. ടി. ജലീൽ : സർ, നിയോജകമണ്ഡലാടിസ്ഥാനത്തിൽ അങ്ങനെ നിയമിക്കാൻ കഴിയില്ല. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇതിനാവശ്യമായ ക്രമീകരണങ്ങൾ വരുത്തിയിട്ടുണ്ട്.

ശ്രീ. സണ്ണി ജോസഫ്: സർ, ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കുന്ന പദ്ധതിവിഹിതം മേഖലാ വിഭജന നിബന്ധനകൾക്ക് വിധേയമായി വിനിയോഗിക്കുമ്പോൾ പശ്ചാത്തല മേഖലയ്ക്ക് ആവശ്യമായ പരിഗണന നൽകാൻ പഞ്ചായത്തുകൾക്ക് കഴിയുന്നില്ല. അതുകൊണ്ട് ഗ്രാമീണറോഡുകളുടെ നവീകരണത്തിനുവേണ്ടിയുള്ള സമ്മർദ്ദം എം.എൽ.എ.മാരിലേയ്ക്ക് കൂടിവരികയാണ്. പ്രത്യേകിച്ച് ആസ്തിവികസന ഫണ്ടുകൂടി അനുവദിച്ചുവന്നപ്പോൾ എം.എൽ.എ.മാർക്ക് ആറുകോടി രൂപയുണ്ടെന്ന ധാരണയിൽ മുഴുവൻ റോഡുകളുടെയും സമ്മർദ്ദം എം.എൽ.എ.-മാരിലേയ്ക്ക് വരികയാണ്. പഞ്ചായത്ത് മെമ്പർമാരുടെ ജോലി നാട്ടുകാരെക്കൂട്ടി ശിപാർശ ചെയ്യിക്കുക, നിവേദനം സമർപ്പിക്കുക എന്നുള്ളതാണ്. ഇതിന് പരിഹാരം കണ്ടെത്താൻ പശ്ചാത്തലമേഖലയിലെ റോഡ് നവീകരണത്തിന് പ്രത്യേകമായി ഒരു ഫണ്ട് കണ്ടെത്തി എല്ലാ പഞ്ചായത്തുകളെയും സഹായിക്കാൻ ഗവൺമെന്റ് മുൻകയ്യെടുക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, മേഖലാ വിഭജനം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന പണം വിവിധ മേഖലകളുടെ അഭിവൃദ്ധിക്കായി ചെലവഴിക്കണമെന്നുള്ള കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ഏർപ്പെടുത്തിയിട്ടുള്ളതാണ്. പലപ്പോഴും ഉല്പാദനമേഖലയ്ക്ക് പണം നീക്കിവയ്ക്കാത്ത സ്ഥിതിയുണ്ടായിരുന്നു. ആ സാഹചര്യം തുടരുന്നത് നമ്മുടെ സംസ്ഥാനത്തിന്റെ നിലനില്പിനെപ്പോലും പ്രതികൂലമായി ബാധിക്കുമെന്നുള്ള തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് മേഖലാ വിഭജനം കർശനമായി പാലിച്ചുകൊണ്ട് ധനവിനിയോഗത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയത്. പശ്ചാത്തല വികസനത്തിനായി ഇപ്പോൾത്തന്നെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മെച്ചപ്പെട്ട ഫണ്ട് ലഭിക്കുന്നുണ്ട്. എന്നാൽ ഒരു പ്രശ്നമുള്ളത്, തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഗ്രാമീണ റോഡുകളുടെ എണ്ണം വർദ്ധിക്കുകയും പുതിയ റോഡുകളുടെ കൺസ്ട്രക്ഷൻ വന്നുകൊണ്ടിരിക്കുകയുമാണ്. അതിന് ആനുപാതികമായി അവയുടെ നിർമ്മാണത്തിനും മെയിന്റനൻസിനും പണം ലഭ്യമാക്കാൻ കഴിയുന്നില്ലായെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അക്കാര്യം ഫിനാൻസ് ഡിപ്പാർട്ടുമെന്റുമായി ആലോചിച്ച് തീരുമാനിക്കുന്നതാണ്.

ശ്രീ. വി. ജോയി: സർ, ഗ്രാമീണ റോഡുകളെക്കുറിച്ച് അങ്ങ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിൽ ഏറ്റവും പ്രധാനം, ഗ്രാമീണ റോഡുകളുടെ മെയിന്റനൻസിനുവേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന മെയിന്റനൻസ് ഗ്രാന്റ് വളരെ അപര്യാപ്തമാണ് എന്നതാണ്. ഒരു കിലോമീറ്ററിലധികം വരുന്ന റോഡുകൾ വൺടൈം എന്ന നിലയിൽ മെയിന്റനൻസ് ചെയ്യുന്നതിന് എന്തെങ്കിലും പദ്ധതി പി.ഡബ്ല്യു.ഡി.യുമായി ആലോചിച്ച് നടപ്പിലാക്കുമോ?

ഡോ. കെ. ടി. ജലീൽ : സർ, അത്തരത്തിലുള്ള ഒരു അഭിപ്രായം വ്യാപകമായി ഉയർന്നുവരുന്നുണ്ട്. സഭയുടെ മൊത്തത്തിലുള്ള വികാരംകൂടി പരിഗണിച്ചുകൊണ്ട് അക്കാര്യത്തെ സംബന്ധിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. എം. ഉമ്മർ: സർ, റോഡുകളുടെ അറ്റകുറ്റപ്പണികൾ വനിതാ സ്വാശ്രയസംഘങ്ങളെ ഏൽപ്പിക്കുമെന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് അവർക്കാണോ കുടുംബശ്രീയ്ക്കാണോ നൽകുന്നത്; നൽകുന്ന തുകയ്ക്ക് ലിമിറ്റ് വച്ചിട്ടുണ്ടോ, വനിതാ സ്വാശ്രയ സംഘങ്ങളുടെ പേരിൽ ബിനാമികളെടുക്കാനുള്ള സാഹചര്യമുണ്ടാകുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ? ഈ രംഗത്ത് വ്യാപകമായി അഴിമതി നടന്നുകൊണ്ടിരിക്കുകയാണ്. സ്ത്രീകളുടെ പേരിൽ തട്ടിക്കൂട്ടി ഒരു സംഘമുണ്ടാക്കി അവരെ ഏൽപ്പിച്ചാൽ അതിന്റെ മറവിൽ വലിയ അഴിമതിയുണ്ടാകും. പഞ്ചായത്ത് വകുപ്പ് അല്ലെങ്കിൽത്തന്നെ അഴിമതിയിൽ ഒന്നാംറാങ്കിലാണ് നിലനിൽക്കുന്നത്. അങ്ങയെ ഞാൻ കുറ്റപ്പെടുത്തുകയല്ല, ഇത് കൂടുതൽ അഴിമതിയിലേയ്ക്ക് നീങ്ങാനുള്ള സാഹചര്യമുണ്ടാക്കുമോ, അതിന് പഴുതടയ്ക്കുന്നുണ്ടോ; കേന്ദ്രം പറയുന്നതെല്ലാം അതുപോലെ നടപ്പിലാക്കുകയെന്നത് സംസ്ഥാനത്തിന്റെ ബാദ്ധ്യതയല്ല എന്ന കാര്യംകൂടി ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ഡോ. കെ. ടി. ജലീൽ : സർ, മറ്റുള്ളവർക്ക് എന്തൊക്കെ നിബന്ധനകളാണോ, ഏതാണ്ട് ആ നിബന്ധനകൾ പാലിച്ചുകൊണ്ടുതന്നെയാണ് ഈ സഹകരണ സംഘങ്ങൾക്കും വർക്ക് നൽകുന്നത്. PMGSY റോഡുകളുടെ പാർശ്വഭാഗങ്ങളുടെ അഞ്ച് വർഷത്തിനുശേഷമുള്ള മെയിന്റനൻസ് മാത്രമാണ് ഈ സൊസൈറ്റികളെ ഏൽപ്പിക്കുന്നത്. ഉത്തരാഖണ്ഡിൽ അത്തരത്തിലുള്ള ഒരു ശ്രമം നടത്തുകയും അത് പ്രശംസ പിടിച്ചുപറ്റുകയും ചെയ്ത പശ്ചാത്തലത്തിലാണ് കേന്ദ്രം ആ മോഡൽ എല്ലാ സംസ്ഥാനങ്ങളുടെ മുമ്പിലും സമർപ്പിക്കുന്നത്. കേരളത്തിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ 62 ലേബർ കൺസ്ട്രക്ഷൻ യൂണിറ്റുകൾ രൂപീകൃതമായിട്ടുള്ളതിൽ 46 എണ്ണം മാത്രമേ പ്രവർത്തനക്ഷമമായിട്ടുള്ളൂ. ഇതിന്റെ പേരിൽ തട്ടിപ്പുനടക്കുന്ന ഒരു സാഹചര്യം ഒരിക്കലും ഉണ്ടാകാതെ നോക്കും. ശ്രീ. സി. കെ. നാണു സൂചിപ്പിച്ചതുപോലെ ഈ മേഖലയിൽ സൊസൈറ്റികളുടെ ഇടപെടലുണ്ടായാൽ അത് കുറച്ചുകൂടി ഫലവത്തായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. വ്യക്തികേന്ദ്രീകൃത കോൺട്രാക്ടർമാരെമാത്രം ആശ്രയിക്കുന്നതുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളിലെ റോഡുകളുടെ കൺസ്ട്രക്ഷനും മെയിന്റനൻസിനുമൊക്കെ ബുദ്ധിമുട്ടാകുന്നുണ്ട്. അവരെ കോംപീറ്റ് ചെയ്യാൻ ഇത്തരം സൊസൈറ്റികൾകൂടി രംഗത്തുവന്നാൽ അത് അവരുടെ പ്രവർത്തനത്തെ കൂടുതൽ കാര്യക്ഷമമാക്കാൻ സഹായിക്കുമെന്നാണ് കരുതുന്നത്.

ശ്രീ. എ. എം. ആരിഫ് : സർ, ഒരു സർവ്വേ നടത്തിയാൽ ഏറ്റവും കൂടുതൽ ഗ്രാമീണറോഡുകൾ പുനരുദ്ധരിക്കേണ്ട ആവശ്യകതയുള്ള ഒരു സന്ദർഭമാണിതെന്ന് മനസ്സിലാകും. നിലവിൽ ഫണ്ട് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് അങ്ങ് ഒരു നിർബന്ധബുദ്ധി തുടർന്നുവരുന്നതിന്റെ ഭാഗമായിട്ടായിരിക്കും ജില്ലാ പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും പുനരുദ്ധരിക്കാവുന്ന റോഡുകളുടെ വീതി 8 മീറ്ററായി നിജപ്പെടുത്തിയിരിക്കുന്നത്. ഇവിടെ പലതവണ ചോദ്യങ്ങൾ വന്നെങ്കിലും അങ്ങ് അതിൽത്തന്നെ ഉറച്ചുനിൽക്കുകയാണ്. അതിൽനിന്നുമാറി 4 മീറ്റർ വരെയെങ്കിലും പരിമിതപ്പെടുത്തിയാൽ ജില്ലാ പഞ്ചായത്തിനും ബ്ലോക്ക് പഞ്ചായത്തിനും കുറച്ച് റോഡുകളെങ്കിലും ഏറ്റെടുക്കാൻ സാധിക്കും. അതിനാവശ്യമായ മാർഗ്ഗങ്ങൾ അങ്ങ് ആരായുകയും അത് നിർവ്വഹിക്കുകയും ചെയ്യണം. അങ്ങനെയാണെങ്കിൽ കുറച്ചെങ്കിലും പരിഹാരം കാണാൻ കഴിയും. അത്തരത്തിലൊരു നീക്കം അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകുമോ എന്നാണ് അറിയേണ്ടത് ?

ഡോ. കെ. ടി. ജലീൽ: സർ, കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട് നിർമ്മിക്കുന്ന റോഡുകളുടെ വീതി 8 മീറ്റർ വേണമെന്നായിരുന്നു നേരത്തെയുള്ള വ്യവസ്ഥ. പിന്നീടാണ് എല്ലാവരുടെയും അഭിപ്രായത്തെ മാനിച്ചുകൊണ്ട് അത് 6 മീറ്ററിലേയ്ക്ക് ചുരുക്കിയത്. 6 മീറ്ററിനും താഴേയ്ക്ക് ഒരു കാരണവശാലും കൊണ്ടുവരാനാകില്ലെന്ന് കേന്ദ്രസർക്കാരിന്റ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കണിശമായി പറഞ്ഞിട്ടുണ്ട്. വളരെ ചെറിയ റോഡുകൾ യഥേഷ്ടം നമ്മൾ ടാറിട്ടുകൊടുക്കുന്ന സാഹചര്യമുണ്ടായാൽപ്പിന്നെ വീതിയുള്ള റോഡുകൾ നമ്മുടെ നാട്ടിൽ ഉണ്ടാകുകയില്ല. ഇപ്പോൾ 6 മീറ്ററെങ്കിലും വേണമെന്നുള്ള വ്യവസ്ഥ നിലനിൽക്കുന്നതുകൊണ്ടാണ് അത്രയെങ്കിലും സ്ഥലം തരാൻ ആളുകൾ തയ്യാറാകുന്നത്. ആ മാനസികാവസ്ഥ യിൽനിന്ന് ആളുകളെ പിന്തിരിപ്പിച്ചാൽ പിന്നീട് വീതിയുള്ള ഒരു റോഡും ഉണ്ടാകുകയില്ലെന്നു മാത്രമല്ല, ഒരു വാഹനം കടന്നുപോകുമ്പോൾ അപ്പുറത്തു നിന്നുവരുന്ന മറ്റൊരു വാഹനത്തിന് കടന്നുപോകാൻ കഴിയാത്തവിധത്തിൽ നമ്മുടെ സംസ്ഥാനത്തുള്ള റോഡുകൾ മാറുമെന്നാണ് അനുഭവത്തിൽനിന്നും അറിയാൻ സാധിക്കുന്നത്.

ശ്രീ. പി. ടി. തോമസ് : സർ, ഗ്രാമീണ റോഡ് സംരക്ഷണം വനിതാസ്വാശ്രയ സംഘങ്ങളെ ഏൽപ്പിക്കുന്നതടക്കമുള്ള ധാരാളം ജോലികൾ ഇന്ന് നമ്മുടെ പഞ്ചായത്തടക്കമുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിലുണ്ട്. ഇവിടെ ഒരു പ്രധാനപ്പെട്ട പ്രശ്നം, തൊഴിലുറപ്പ് ഉൾപ്പെടെ പഞ്ചായത്ത് ചെയ്യേണ്ട ഡസൺ കണക്കിന് പദ്ധതികളുള്ളപ്പോൾ കേരളത്തിലെ പതിനാല് ജില്ലകളിലും ജില്ലാ പഞ്ചായത്ത് ഓഫീസർമാരില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പിന്നെ എങ്ങനെയാണ്

ഇക്കാര്യങ്ങൾ നടക്കുന്നത്? ഡിസ്ട്രിക്ട് പഞ്ചായത്ത് ഓഫീസർ എന്ന പദവി കേരളത്തിലെ പതിനാല് ജില്ലകളിലും ഇല്ലാതായിരിക്കുകയാണ്. അങ്ങ് മന്ത്രിയായി വന്നപ്പോൾ വലിയ പ്രതീക്ഷയായിരുന്നു. അതുകൊണ്ട് ഇക്കാര്യത്തിൽ എന്തുനടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഡോ. കെ. ടി. ജലീൽ : സർ, ഡി.ഡി.പി.മാരുടെ കുറവുമാത്രമല്ല നമ്മുടെ സംസ്ഥാനത്തുണ്ടായിരുന്നത്. 190-ഓളം സെക്രട്ടറിമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുകയായിരുന്നു. കോടതി കേസുമായി ബന്ധപ്പെട്ടായിരുന്നു ഈ പദവികൾ ഒഴിഞ്ഞുകിടന്നിരുന്നത്. കോടതിയിൽ ഫലപ്രദമായ ഇടപെടൽ നടത്തുകയും സെക്രട്ടറിവരെയുള്ള പോസ്റ്റുകളിൽ നിയമനം നടത്തിയില്ലെങ്കിൽ മുന്നോട്ടുപോകാനാകില്ലെന്ന വിവരം കോടതിയെ ധരിപ്പിക്കുകയും ചെയ്തതിന്റെ പശ്ചാത്തലത്തിൽ സെക്രട്ടറിവരെയുള്ള പോസ്റ്റുകളിൽ പ്രൊമോട്ട് ചെയ്തും ഏറ്റവും ലോവസ്റ്റ് പോസ്റ്റിലേയ്ക്ക് പി.എസ്.സി. മുഖേനയും നിയമനം നടത്തുന്നതിന് അനുമതി കിട്ടുകയുണ്ടായി. ഏതാണ്ട് പത്തോ പതിനഞ്ചോ സെക്രട്ടറിമാരുടെ പോസ്റ്റുകളായിരിക്കും ഇപ്പോൾ ഒഴിഞ്ഞുകിടക്കുന്നത്. ബാക്കിയെല്ലാ പഞ്ചായത്തുകളിലും സെക്രട്ടറിമാരുടെ തസ്തികകൾ നികത്താൻ കഴിഞ്ഞു. പക്ഷെ ഡി.ഡി.പി.-മാരുടെ തസ്തികകളിൽ നിയമനം നടത്തുന്നതിനായി ഇക്കാര്യത്തിൽ ഒരു അന്തിമവിധി പെട്ടെന്ന് വേണമെന്നാവശ്യപ്പെട്ട് പലതവണ കോടതിയെ സമീപിച്ചു. പക്ഷെ, അതിന് ഇതുവരെ കോടതി തയ്യാറാകാത്തതുകൊണ്ടാണ് ഡി.ഡി.പി.മാരുടെ ചാർജ്ജ് കൊടുത്തുകൊണ്ട് മുന്നോട്ടുപോകേണ്ട സാഹചര്യം നിലനിൽക്കുന്നത്. അവരെ പ്രൊമോട്ട് ചെയ്യുകയെന്നുള്ളത് തദ്ദേശവകുപ്പിന്റെതന്നെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. കാരണം, അവരെ പ്രൊമോട്ട് ചെയ്താൽ മാത്രമേ നമുക്ക് ലോവസ്റ്റായ എൻട്രി പോസ്റ്റിലേയ്ക്ക് പി.എസ്.സി. മുഖേന നിയമനം നടത്താൻ കഴിയുകയുള്ളൂ. ഇക്കഴിഞ്ഞ ഒരു വർഷത്തിനിടയിൽ തദ്ദേശ സ്ഥാപനത്തിൽ ഏറ്റവുമധികം എൻട്രി പോസ്റ്റുകളിലേയ്ക്ക് പി.എസ്.സി. മുഖേന നിയമനം നടത്താൻ സാധിച്ചിട്ടുണ്ട് എന്നുള്ള വിവരം കൂടി ഞാൻ സഭയെ അറിയിക്കുകയാണ്.

**കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി**

3 (*273) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ; ഉദ്ദേശ്യലക്ഷ്യങ്ങളുടെ കാര്യക്ഷമമായ സഫലീകരണം സാധ്യമായോ എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) സർവ്വകലാശാലയുടെ ഗവേഷണഫലങ്ങൾ പൊതുസമൂഹത്തിലേയ്ക്ക് പ്രത്യേകിച്ചും, കർഷകരിലേയ്ക്കും കന്നുകാലി ക്ഷീരവികസന മേഖലയിൽ പ്രവർത്തിക്കുന്നവരിലേയ്ക്കും എത്തിക്കുന്നതിനായി എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സർവ്വകലാശാലയുടെ മാനവവിഭവശേഷി, കൃഷി സ്ഥലം, ഫാമുകൾ, മറ്റ് വിഭവങ്ങൾ എന്നിവ കാര്യക്ഷമമായി ഉപയോഗപ്പെടുത്തി സർവ്വകലാശാലയെ മികവുറ്റ കേന്ദ്രമാക്കി മാറ്റുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്നറിയിക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : സർ,

(എ) വെറ്ററിനറി സയൻസ്, ഡയറി സയൻസ്, പൗൾട്രി സയൻസ് എന്നീ വിഷയങ്ങളിൽ വിദ്യാഭ്യാസം, ഗവേഷണം, വിജ്ഞാനവ്യാപനം എന്നീ മേഖലകളിലാണ് സർവ്വകലാശാലയുടെ പ്രവർത്തനം പ്രധാനമായും നടത്തുന്നത്. സർവ്വകലാശാല ആക്ട് ചാപ്റ്റർ II 5(i) to (vi)-ൽ പ്രതിപാദിച്ചിരിക്കുന്ന സർവ്വകലാശാലയുടെ ഉദ്ദേശ്യലക്ഷ്യങ്ങളുടെ കാര്യക്ഷമമായ സഫലീകരണം സാദ്ധ്യമാക്കുന്ന കർമ്മപരിപാടികൾ സർവ്വകലാശാല ആവിഷ്കരിച്ചുനടപ്പിലാക്കി വരുന്നു. ആയതിന് ഒരു വികസന സമിതി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. സർവ്വകലാശാലയുടെ വിവിധ വിഭാഗങ്ങളുടെ പ്രവർത്തന റിപ്പോർട്ടുകൾ സർവ്വകലാശാല ഭരണസമിതി, മാനേജ്മെന്റ് കൗൺസിൽ എന്നിവയിൽ സമർപ്പിച്ച് ചർച്ച നടത്തുകയും വാർഷിക പ്രവർത്തന റിപ്പോർട്ട് എല്ലാ വർഷവും അംഗീകരിച്ച് സർക്കാരിന് സമർപ്പിക്കുകയും ചെയ്തുവരുന്നു. സർവ്വകലാശാല ശാസ്ത്രജ്ഞരുടെ പ്രവർത്തന മികവ് വിലയിരുത്തുന്നതിനായി പ്രത്യേക സ്കോറിംഗ് സംവിധാനവുമുണ്ട്. അദ്ധ്യാപക-അനദ്ധ്യാപക വിഭാഗങ്ങളുടെ പ്രവർത്തന മികവ് വർദ്ധിപ്പിക്കാൻ പ്രത്യേക പരിശീലന പരിപാടികൾ നടത്തിവരുന്നു.

(ബി)1. കർഷകർക്കുള്ള പ്രസിദ്ധീകരണങ്ങൾ.

2. കർഷക സെമിനാറുകൾ, പരിശീലന പരിപാടികൾ.

3. മൊബൈൽ ആപ്പ്സ്.

4. റേഡിയോ/ടി.വി. പരിപാടികൾ.

5. ദിനപത്ര ലേഖനങ്ങൾ.

6. ആവശ്യപ്പെടുന്ന കർഷകർക്കുള്ള സാങ്കേതിക ഉപദേശം നൽകൽ.

7. ഫീൽഡ് ക്യാമ്പുകൾ.

8. മൊബൈൽ ആമ്പുലേറ്ററി ക്ലിനിക്കുകൾ.

9. ഇ-വെറ്റ് കാൾ സെന്ററുകൾ.

(സി) സർവ്വകലാശാലയെ മികവുറ്റ കേന്ദ്രമാക്കി മാറ്റുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ് :

1. സർവ്വകലാശാല ഫാമുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്ന ഉദ്ദേശ്യത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

2. ഫാം ടൂറിസം പദ്ധതികൾ സർവ്വകലാശാലയുടെ തുമ്പൂർമുഴി, കോലാഹലമേട്, പൂക്കോട്, തിരുവിഴാംകുന്ന് ക്യാമ്പസുകളിൽ നടപ്പിലാക്കാനുദ്ദേശിക്കുന്നു.

3. സർവ്വകലാശാലയുടെ അഞ്ച് ലാബുകൾക്ക് NABL അക്രെഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്.

4. സർവ്വകലാശാലയ്ക്കും കോളേജുകൾക്കും ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ അംഗീകാരമുണ്ട്.

5. അദ്ധ്യാപന-ഗവേഷണ-വിജ്ഞാനവ്യാപന മേഖലകളിൽ സർവ്വകലാശാല ഇതിനോടകം എഡിൻബർഗ് സർവ്വകലാശാല, വെസ്റ്റേൺ ആസ്ട്രേലിയ സർവ്വകലാശാല, കാൽഗറി സർവ്വകലാശാല എന്നീ അന്താരാഷ്ട്ര സർവ്വകലാശാലകളുമായി സഹകരണം ആരംഭിച്ചിട്ടുണ്ട്.

6. One Health പദ്ധതി, ഏരിയ സ്പെസിഫിക് ധാതുലവണ മിശ്രിതം എന്നിവ പ്രത്യേകം എടുത്തുപറയേണ്ടതുണ്ട്.

7. തീറ്റപ്പുൽ, ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രിസിഷൻ ഫാമിംഗ് ഗവേഷണ പദ്ധതികൾ നടന്നുവരുന്നു.

8. ഗുണനിലവാരമുള്ള കന്നുകുട്ടികളെ ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ എല്ലാ ഫാമുകളിലും ആരംഭിക്കുന്നുണ്ട്.

9.അടുത്തകാലത്ത് പ്രവർത്തനമാരംഭിച്ച ഫീഡ്മിൽ ഗുണനിലവാരമുള്ള കാലിത്തീറ്റ കുറഞ്ഞ വിലയ്ക്ക് കർഷകർക്കും, സ്ഥാപനങ്ങൾക്കും നല്കുവാൻ സഹായിക്കും.

10. ജൈവകൃഷിക്കാവശ്യമായ പഞ്ചഗവ്യം തുടങ്ങിയ ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു.

11. സർവ്വകലാശാലയും സ്റ്റാർട്ട്-അപ് വിപണന പദ്ധതികൾ, മൃഗസംരക്ഷണ-കോഴി വളർത്തൽ പദ്ധതികൾ ടൗണുകളിലും നടപ്പാക്കുന്നതിനുള്ള സാങ്കേതിക വിദ്യകൾ, കോഴി വേസ്റ്റിൽനിന്ന് ബയോ ഡീസൽ നിർമ്മിക്കുന്ന പദ്ധതി എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

12. വിദൂര പഠന രീതിയടക്കം സർവ്വകലാശാല സംവിധാനം ചെയ്തിരിക്കുന്ന വൈവിദ്ധ്യമാർന്ന കോഴ്സുകളും പരിശീലന പരിപാടികളും വിദ്യാർത്ഥികൾക്കും, യുവതീയുവാക്കൾക്കും കർഷകർക്കും ഏറെ പ്രയോജനം ചെയ്യുന്നതാണ്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : സർ, മൃഗസംരക്ഷണ-ക്ഷീരമേഖലയിൽ നവീനങ്ങളായ സാങ്കേതിക വിദ്യകൾ ദിനംപ്രതി കടന്നുവരുന്നുണ്ട്. ഇതിന്റെ ഫലമായി ഈ മേഖലയിൽ പുത്തനുണർവ്വുണ്ടായിട്ടുണ്ട്. ഇത്തരം സാങ്കേതിക വൈദഗ്ദ്ധ്യവും പുതിയ ഗവേഷണ ഫലങ്ങളും സാധാരണ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതിലൂടെ തൊഴിലവസരങ്ങൾ വിപുലമാക്കുന്നതിനുംവേണ്ടി യൂണിവേഴ്സിറ്റി വിഭാവനം ചെയ്യുന്ന പുത്തൻ പരിപാടികൾ, പ്രത്യേകിച്ച് ഏതെല്ലാം കോഴ്സുകളാണ് ഇപ്പോൾ നിലവിലുള്ളതെന്ന് വിശദീകരിക്കാമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, വെറ്ററിനറി സർവ്വകലാശാലയുടെ ഗവേഷണ ഫലമായി ഉണ്ടാകുന്ന കണ്ടെത്തലുകൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനുവേണ്ടി വിജ്ഞാന വ്യാപന സംരംഭകത്വ വിഭാഗം വളരെ ഫലപ്രദമായ നിരവധി പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. വിശദമായ റിപ്പോർട്ടായതുകൊണ്ട് അത് പറയാൻ ഉദ്ദേശിക്കുന്നില്ല. സർവ്വകലാശാല കണ്ടെത്തുന്ന വിവരങ്ങൾ കൃഷിക്കാരിലേയ്ക്ക് എത്തിക്കുന്നതിനുള്ള, പ്രത്യേകിച്ച് പുതിയ തലമുറയെ ഇതിലേയ്ക്ക് ആകർഷിക്കാൻ കഴിയുന്ന വിധത്തിലുള്ള നിരവധി സ്റ്റാർട്ട് അപ് പ്രോജക്ടുകളടക്കം സർവ്വകലാശാലയുടെ സംരംഭകത്വ വിഭാഗത്തിന്റെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്നുണ്ട്. ഗ്രാജ്വേഷൻ കോഴ്സുകളായ ബി.വി.എസ്സി., ബി.ടെക്. ഡയറി സയൻസ്, ബി.എസ്സി. പൗൾട്രി പ്രൊഡക്ഷൻ ആന്റ് ബിസിനസ്സ് മാനേജ്മെന്റ് അതുപോലെ പി.ജി. കോഴ്സുകളായ എം.വി.എസ്സി., എം.എസ്സി. ബയോ സ്റ്റാറ്റിസ്റ്റിക്സ്, ക്വാളിറ്റി സിസ്റ്റം ഇൻ ഡയറി ആന്റ് പൗൾട്രി, എം.എസ്സി. ബയോ കെമിസ്ട്രി, മോളിക്യൂലർ ബയോളജി തുടങ്ങിയ ഏഴ് എം.എസ്സി കോഴ്സുകളും എം.ടെക് ഡയറി ടെക്നോളജി കോഴ്സുകളും പി.ജി. ഡിപ്ലോമ ക്ലൈമറ്റ് സയൻസസിന്റെയും പി.ജി. ഡിപ്ലോമ മീറ്റ് പ്രോസസിംഗ് ആന്റ് ട്രേഡിംഗുമായി ബന്ധപ്പെട്ട് പി.ജി. ഡിപ്ലോമ ഇൻ വൺ ഹെൽത്ത്, ഡിപ്ലോമ ഇൻ ലാബ് ടെക്നോളജി, ഡിപ്ലോമ ഇൻ പൗൾട്രി പ്രൊഡക്ഷൻ, ഡിപ്ലോമ ഇൻ ഡയറി സയൻസ് തുടങ്ങിയ കോഴ്സുകളും സർവ്വകലാശാല നടത്തുന്നുണ്ട്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : സർ, ഔഷധ ഗുണമേറിയ ആട്ടിൻപാൽ പ്രോൽസാഹിപ്പിക്കുന്നതിനും വിപണിയിൽ ലഭ്യമാക്കുന്നതിനും കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് സർവ്വകലാശാല എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും മലബാറി ആടുകളെ സംരക്ഷിക്കുന്നതിനും വ്യാപകമാക്കുന്നതിനും ഗ്രേഡ്-II മിൽക്കിന്റെ വ്യാപനത്തിനും യൂണിവേഴ്സിറ്റിയും സർക്കാരും സ്വീകരിച്ച നടപടികളെ സംബന്ധിച്ചും വിശദീകരിക്കാമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: അന്താരാഷ്ട്ര നിലവാരത്തിൽ നാടൻ പാൽ എന്ന നിലയിൽ എ 2 ഗ്രേഡ് പാലിന്റെ പ്രാധാന്യം വർദ്ധിച്ചുവരികയാണ്. മലബാറി, അട്ടപ്പാടി ബ്ലാക്ക് എന്നിവയാണ് കേരളത്തിന്റെ തനതായിട്ടുള്ള ആടിനങ്ങൾ എന്നുപറയുന്നത്. ഇവ രണ്ടും ഏറ്റവും നല്ല പ്രതിരോധശേഷിയുള്ള ആടിനങ്ങളായതുകൊണ്ട് ഇവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി നിരവധി ഗവേഷണ പ്രവർത്തനങ്ങൾ ഇതിനോടകം നടന്നുകഴിഞ്ഞിട്ടുണ്ട്. ക്രോസ് ബ്രീഡിംഗ് നടത്തി ഉല്പാദിപ്പിച്ച ആടിനത്തിന് രോഗപ്രതിരോധശേഷി കുറവാണെന്ന് കണ്ടെത്തിയതിനെത്തുടർന്ന് അത് പ്രചരിപ്പിക്കാൻ സർവ്വകലാശാല മുൻകയ്യെടുത്തിട്ടില്ല. അതേസമയം അട്ടപ്പാടി, മലബാറി ബ്ലാക്ക് തുടങ്ങിയ കേരളത്തിന്റെ തനത് ആടിനങ്ങളെ വ്യാപിപ്പിക്കാനുള്ള പരിപാടികൾ സർവ്വകലാശാല മുന്നോട്ടുവച്ചിട്ടുണ്ട്.

ശ്രീ. മുല്ലക്കര രത്നാകരനുവേണ്ടി (ശ്രീ. കെ. രാജൻ) : വെറ്ററിനറി സർവ്വകലാശാലയുടെ നേതൃത്വത്തിൽ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന ഈ രംഗത്തെ ഗുണകരമായ പ്രവർത്തനങ്ങളെയെല്ലാം സർക്കാർ പൊതുവിൽ സഹായിക്കുന്നുണ്ട്. പക്ഷെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത്, സർക്കാർപോലും അറിയാതെയാണ് പല കോഴ്സുകളും കോളേജുകളും ആരംഭിച്ചത്. ഇതിന്റെ ഭാഗമായി പോസ്റ്റുകൾ പോലും ക്രിയേറ്റ് ചെയ്യാത്ത സ്ഥിതിയുണ്ടായി. പ്രതിപക്ഷ നേതാവായിരുന്ന സഖാവ് വി. എസ്. അച്ചുതാനന്ദനെ കാമ്പസിനകത്ത് കയറ്റാതെ മാറ്റിനിർത്തിയ ധാർഷ്ട്യവും ധിക്കാരവുമാണ് അക്കാലത്തെ യൂണിവേഴ്സിറ്റി നേതൃത്വം കാണിച്ചത്. ഇതിന്റെ ഭാഗമായ അനോമലീസ് നിരവധിയാണ്. അതുമാത്രമല്ല പോസ്റ്റിംഗുമായി ബന്ധപ്പെട്ട് വ്യാപകമായ പരാതികൾ അക്കാലത്ത് ഉണ്ടായിട്ടുണ്ട്. എൻ.ആർ.ഐ. സീറ്റിൽ ഡെപ്പോസിറ്റ് വാങ്ങിയെന്ന പരാതിയുണ്ടായി. ഫ്രാഞ്ചൈസികൾ ആരംഭിച്ചതുമായി ബന്ധപ്പെട്ട് തർക്കങ്ങളുണ്ട്. എന്റെ ചോദ്യം, കേരളത്തിലെ വെറ്ററിനറി യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഉയർന്നുവന്ന പ്രശ്നങ്ങളെ സംബന്ധിച്ച് കേരളത്തിലെ ഗവൺമെന്റിന് ബോദ്ധ്യമുണ്ടോ; അങ്ങ് അതിനെക്കുറിച്ച് സമഗ്രമായൊരു അന്വേഷണത്തിന് നിർദ്ദേശം നൽകുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ഇവിടെ പറഞ്ഞതുപോലെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിരവധി കോഴ്സുകളും പുതിയ കോളേജുകളും ആരംഭിച്ചെങ്കിലും അദ്ധ്യാപകരെ നിയമിക്കാനുള്ള പോസ്റ്റ് ക്രിയേഷൻ നടത്തിയിരുന്നില്ല. ഈ സാഹചര്യത്തിൽ പുതിയ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തുകൊണ്ട് ആ സ്ഥാപനങ്ങളെല്ലാം തുടർന്നുകൊണ്ടുപോകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്, അല്ലാതെ അടച്ചുപൂട്ടാനല്ല. പോസ്റ്റ് ക്രിയേഷൻ നടത്താതെയാണ് കോഴ്സുകൾ തുടങ്ങിയതെന്നത് നിർഭാഗ്യകരമാണ്. അതുകൊണ്ട് അവിടെ ചേർന്ന കുട്ടികൾക്ക് പഠനനിലവാരവും സൗകര്യങ്ങളും ലഭിക്കാതെ പോകുന്നുണ്ട്. അതെല്ലാം പരിഹരിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ബി.വി.എസ്.സി. അഡ്മിഷനുമായി ബന്ധപ്പെട്ടുകൊണ്ട് 'കീം' ലിസ്റ്റിൽ നിന്നല്ലാതെ പത്തുലക്ഷം രൂപ ഡെപ്പോസിറ്റ് വാങ്ങിക്കൊണ്ട് എൻ.ആർ.ഐ. സീറ്റെന്ന നിലയിലും നോൺ ഡൊമിസൈൽ സീറ്റെന്ന നിലയിലും രണ്ട് കാറ്റഗറിയിൽപ്പെടുത്തി അഡ്മിഷൻ നൽകുകയുണ്ടായി. നിലവിലുള്ള ഒരു ചട്ടവും പാലിക്കാതെയാണ് അഡ്മിഷൻ നടത്തിയിരിക്കുന്നത്. ഡെപ്പോസിറ്റ് വാങ്ങാൻ സർക്കാരിന്റെ അനുമതി ഉണ്ടായിരുന്നില്ല. സർക്കാരിന്റെ അനുമതിയില്ലാതെയാണ് ഡെപ്പോസിറ്റ് വാങ്ങി കുട്ടികളെ പ്രവേശിപ്പിച്ചിരിക്കുന്നത്. നോൺ ഡൊമിസൈൽ കാറ്റഗറിയിൽപ്പെട്ട സീറ്റിലേയ്ക്ക് പ്രവേശനലിസ്റ്റിൽ നിന്നുപോലുമല്ല ഡെപ്പോസിറ്റ് വാങ്ങി വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചിരിക്കുന്നത്. എൻട്രൻസ് എക്സാമിനേഷൻ പോലും എഴുതാത്ത കുട്ടികളെയാണ് അതിൽ പ്രവേശിപ്പിച്ചിരിക്കുന്നത്. വൈസ് ചാൻസലറോടും രജിസ്ട്രാറോടും അതുസംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് കിട്ടിയാലുടൻ അതുസംബന്ധിച്ച് അന്വേഷണം നടത്തുന്നതായിരിക്കും.

ശ്രീ. ഇ. കെ. വിജയൻ : പുതിയ ഇനം നാടൻ മുട്ടക്കോഴി, നാടൻ ആടുകൾ എന്നിവയുടെ വ്യാപനം വിപുലീകരിക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; എതെല്ലാം ഇനങ്ങളാണ് ഇപ്പോഴുള്ളത്?

ശ്രീ. വി. എസ്. സുനിൽ കുമാർ : നാടൻ കോഴിയുമായി ക്രോസ് ബ്രീഡ് ചെയ്ത അതുല്യ, ഗ്രാമശ്രീ, ഗ്രാമലക്ഷ്മി എന്നീ മൂന്നിനം മുട്ടക്കോഴികൾ വെറ്ററിനറി സർവ്വകലാശാലയുടെ ഏറ്റവും വലിയ സംഭാവനയാണ്. ഡിപ്പാർട്ടുമെന്റ് ഇപ്പോൾ ഈ മൂന്നിനങ്ങളും നന്നായി പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇവ സർവ്വകലാശാല പുതിയതായി കണ്ടെത്തിയ ഇനങ്ങളാണ്. കൂടുതൽ മുട്ടക്കോഴി ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന ബ്രീഡുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾ സർവ്വകലാശാല നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എൽദോ എബ്രഹാമിനുവേണ്ടി ശ്രീ. ആർ. രാമചന്ദ്രൻ : സർ, സംസ്ഥാനത്ത് എവിടെയെല്ലാമാണ് പുതിയ കോളേജുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; നിലവിലുള്ള കോളേജുകളിൽ അദ്ധ്യാപകരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തിരുവനന്തപുരം തോന്നയ്ക്കൽ ലൈഫ് സയൻസ് പാർക്ക് എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കും?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, നേരത്തെ ആരംഭിച്ച കോളേജുകൾക്കു പുറമെ ഇന്നത്തെ സാഹചര്യങ്ങളും ആവശ്യകതയും കണക്കിലെടുത്ത് പുതിയ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യുന്ന മുറയ്ക്ക് കോലാഹലമേട്, കുളത്തുപ്പുഴ ഫുഡ് ടെക്നോളജി കോളേജ് തുടങ്ങിയ സ്ഥാപനങ്ങൾകൂടി ആരംഭിക്കുന്നതാണ്. ചെറ്റച്ചൽ എന്ന സ്ഥലത്തുള്ള ഡയറി സയൻസ് കോളേജിന് സ്വന്തമായി കെട്ടിടമില്ലാത്തതുകൊണ്ട് വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഡയറി സയൻസ് ഫാക്കൽറ്റികളുടെ ഗണ്യമായ കുറവുള്ളതിനാൽ അവിടെ പോസ്റ്റ് ക്രിയേഷനുശേഷമായിരിക്കും ഇത് നടപ്പാക്കുന്നത്. ഗവേഷണങ്ങൾക്കു വേണ്ടി ലബോറട്ടറിയിൽ ഉപയോഗിക്കുന്ന മൃഗങ്ങളെ വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുന്നതിന് വലിയ ചെലവാണ് സർക്കാരും സർവ്വകലാശാലകളും വഹിച്ചുകൊണ്ടിരിക്കുന്നത്. ഈ സാഹചര്യത്തിൽ പരീക്ഷണങ്ങൾക്ക് ആവശ്യമായി വരുന്ന ലബോറട്ടറി ആനിമൽസിനെ ഉൽപ്പാദിപ്പിക്കുന്നതിനായി തോന്നയ്ക്കലിൽ കെ.എസ്.ഐ.ഡി.സി.യുമായി സഹകരിച്ചുകൊണ്ട് ലൈഫ് സയൻസ് പാർക്ക് ആരംഭിക്കുന്നതാണ്. ബയോ മെഡിക്കൽ റിസർച്ച് സെന്റർ എന്ന നിലയിൽ അതിന്റെ പ്രവർത്തനം ആറുമാസത്തിനകം ആരംഭിക്കുന്നതായിരിക്കും.

ശ്രീ. സി. എഫ്. തോമസ് : സർ, കർഷകർക്ക് കാലിത്തീറ്റയുടെ വില വലിയ പ്രശ്നമായി മാറിയിട്ടുണ്ട്. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ വിലകുറഞ്ഞ കാലിത്തീറ്റയുടെ ഉൽപ്പാദനം ഒരു വലിയ പദ്ധതിയായി ഏറ്റെടുക്കാൻ സാധിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, കാലിത്തീറ്റയുടെ വിലവർദ്ധനവ് പരിഗണിച്ച് കാർഷിക സർവ്വകലാശാല ചുരുങ്ങിയ വിലയ്ക്ക് ഏറ്റവും ഗുണനിലവാരമുള്ള ന്യൂട്രീഷ്യസായ കാലിത്തീറ്റ നിർമ്മിക്കുന്നതിനുള്ള ഏറ്റവും പുതിയ യൂണിറ്റ് പരീക്ഷണാടിസ്ഥാനത്തിൽ മണ്ണുത്തിയിൽ ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഉദ്ഘാടനം ഒരു മാസം മുമ്പ് നടത്തുകയുണ്ടായി. കാലിത്തീറ്റ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ വിലവർദ്ധനവാണ് ഏറ്റവും പ്രധാനപ്പെട്ട ഘടകമായി വന്നുകൊണ്ടിരിക്കുന്നത്. അതെല്ലാം പരിഗണിച്ചു കൊണ്ടുള്ള റിസർച്ചിന്റെ അടിസ്ഥാനത്തിൽ പുതിയൊരു കാലിത്തീറ്റ കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്തുവെന്നുമാത്രമല്ല ഉൽപ്പാദനവും ആരംഭിച്ചിട്ടുണ്ട്.

ശ്രീ. ബി. ഡി. ദേവസ്സി : എന്റെ നിയോജകമണ്ഡലത്തിലെ തുമ്പൂർമുഴി ഏറ്റവും മുന്തിയതരം തീറ്റപ്പുൽ ഉൽപ്പാദിപ്പിക്കുന്ന പ്രദേശമാണ്. തുമ്പൂർമുഴി ക്യാറ്റിൽ ബ്രീഡ് ഫാം ഏറ്റവും മുന്തിയതരം പശുക്കളെ വളർത്തി പാൽ ഉൽപ്പാദിപ്പിക്കുന്നു. കേരളത്തിന് മാതൃകയായി മാലിന്യ സംസ്കരണ സംവിധാനം രൂപകല്പന ചെയ്ത് തുമ്പൂർമുഴി മോഡൽ ഇന്ന് പ്രസിദ്ധമായിരിക്കുകയാണ്. വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങളില്ലാതെ അവിടെ ആരംഭിച്ച ഫുഡ് ടെക്നോളജി കോളേജിൽ പഠിക്കുന്ന കുട്ടികൾ ഇന്ന് കഷ്ടപ്പെടുന്ന അവസ്ഥയാണ്. അങ്ങ് രണ്ടുതവണ സ്ഥലം സന്ദർശിച്ച് ഇക്കാര്യങ്ങളൊക്കെ മനസ്സിലാക്കിയിട്ടുള്ളതുമാണ്. ടൂറിസം കേന്ദ്രത്തോടുചേർന്ന് ക്യാറ്റിൽ ബ്രീഡ് ഫാം എന്ന നിലയിൽ അവിടത്തെ പോരായ്മകൾ പരിഹരിച്ച് ഫാം ടൂറിസം ഉൾപ്പെടെയുള്ള സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി അതിന്റെ വികസനം മുന്നോട്ടുകൊണ്ടുപോകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, സർവ്വകലാശാലയുടെ കീഴിൽവരുന്ന ഫാമുകളിലെ ഫാം ടൂറിസം സാദ്ധ്യതകളെല്ലാം പരിശോധിച്ചുകൊണ്ടുള്ള നടപടികളിലേയ്ക്ക് പോകുകയാണ്. ചാലക്കുടിയിലെ വാഴച്ചാൽ-അതിരപ്പിള്ളി ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് കടന്നുപോകുന്ന റോഡിനോട് ചേർന്നുകൊണ്ടാണ് മനോഹരമായ തുമ്പൂർമുഴി ഫാം നിലനിൽക്കുന്നത്. ഫാമിനകത്ത് ടൂറിസവുമായി ബന്ധപ്പെട്ട പ്രവർത്തനം ഇപ്പോൾത്തന്നെ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ടെങ്കിലും കൂടുതൽ മെച്ചപ്പെട്ട നിലയിൽ വികസിപ്പിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതായിരിക്കും. ഫുഡ് ടെക്നോളജി കോളേജിനെ സംബന്ധിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചതാണ്. ലബോറട്ടറി ഇല്ല, കുട്ടികൾക്ക് പഠിക്കാൻ ക്ലാസ് മുറികളില്ല തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളില്ലാത്ത ഗൗരവമായ പ്രശ്നങ്ങൾ പരിഹരിക്കാൻവേണ്ടി ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഫണ്ട് വിനിയോഗിച്ച് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതോടുകൂടി ഇപ്പോഴുള്ള അസൗകര്യങ്ങൾക്കെല്ലാം പരിഹാരം ഉണ്ടാകുന്നതാണ്.

മി. സ്പീക്കർ: ഓർഡർ ...ഓർഡർ..., ചോദ്യോത്തരവേളയുടെ സമയം അവസാനിച്ചു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**തീരക്കടൽ ചരക്ക ഗതാഗതത്തിനായി ചെറുകിട തുറമുഖ വികസനം**

4 (*274.) ശ്രീ. എസ്. ശർമ്മ :

ശ്രീ. എ. എൻ. ഷംസീർ :

ശ്രീ. കെ. ദാസൻ :

ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ചരക്ക് ഗതാഗതത്തിന്റെ ഇരുപതു ശതമാനം തീരക്കടലിലൂടെയും കനാലുകളിലൂടെയുമാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കി മാറ്റുന്നതിനായി ആരംഭിച്ച പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) ആയതിന്റെ ഭാഗമായി ചെറുകിട തുറമുഖ വികസനത്തിനും ചാനലിന്റെയും ബേസിന്റെയും ആഴം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ;

(സി) ലക്ഷദ്വീപുകാർ യാത്രയ്ക്കും ചരക്ക് ഗതാഗതത്തിനും ഏറെ ആശ്രയിക്കുന്ന ബേപ്പൂർ തുറമുഖ വികസനം ത്വരിതഗതിയിലാക്കാൻ നടപടിയെടുത്തിട്ടുണ്ടോ;

(ഡി) 500 കോടി രൂപ മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന അഴീക്കൽ തുറമുഖ വികസന നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ) കേരളത്തിലെ ചരക്ക് ഗതാഗതത്തിന്റെ 20% തീരക്കടലിലൂടെയാക്കി മാറ്റുന്നതിനുള്ള തീരദേശ കപ്പൽ ഗതാഗത പദ്ധതി 2013 മുതൽ നടപ്പിലാക്കി വരുന്നു. വിഴിഞ്ഞം, കൊല്ലം, കൊടുങ്ങല്ലൂർ, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളിൽ ചരക്ക് ഗതാഗതത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കോവളം മുതൽ കൊല്ലം വരെയുള്ള 74.18 കി.മീ. ജലപാത സംസ്ഥാന ജലപാത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും, കോഴിക്കോട് മുതൽ വടകര വരെയുള്ള ജലപാതയുടെ വികസനത്തിനുമാവശ്യമായ പ്രവൃത്തികൾ സംസ്ഥാന ജലസേചന വകുപ്പ് നടത്തിവരുന്നു. കൊല്ലം - കോഴിക്കോട് ജലപാത ദേശീയ ജലപാതയുടെ ഭാഗമായി വികസിപ്പിക്കുന്നതിനുള്ള നടപടികൾ

സ്വീകരിച്ചുവരുന്നു. വടകര മുതൽ മാഹി വരെയുള്ള 17.61 കി.മീ. നീളമുള്ള പുതിയ കനാലിന്റെ നിർമ്മാണം 5 റീച്ചുകളിലായി വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. മാഹി മുതൽ വളപട്ടണം വരെയുള്ള ജലപാതയിൽ 3 അൺകട്ട് ഭാഗങ്ങളുടെ നിർമ്മാണമുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുവാനായി സംസ്ഥാന സർക്കാരിന്റെയും സിയാലിന്റെയും പങ്കാളിത്തത്തോടെ ഒരു പൊതുമേഖലാ കമ്പനി (SPV) രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) കൊല്ലം തുറമുഖത്ത് പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണം, ബേപ്പൂർ തുറമുഖത്ത് വാർഫിന്റെ നീളം കൂട്ടൽ എന്നിവ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. കൊടുങ്ങല്ലൂർ തുറമുഖം വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അഴീക്കൽ തുറമുഖ വികസനത്തിനായി ഒരു SPV രൂപീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) അഴീക്കൽ തുറമുഖം സംസ്ഥാന സർക്കാരിന്റെ പ്രത്യേക നിക്ഷേപ പദ്ധതിയായ കിഫ്ബിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിന് 496 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. അതിന്റെ ഭാഗമായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വിളനാശം സംഭവിച്ച കർഷകർക്കുള്ള നഷ്ടപരിഹാരം**

5(*275) ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനുഭവപ്പെട്ട കടുത്ത വരൾച്ച കാർഷിക മേഖലയെ എപ്രകാരമെല്ലാം പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വിളനാശം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം യഥാസമയം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സംസ്ഥാനത്ത് വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഇതുമൂലം കർഷകർക്ക് എന്തെല്ലാം പ്രയോജനങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രകൃതിക്ഷോഭംമൂലം കൃഷി നശിച്ച കർഷകർക്കുള്ള നഷ്ടപരിഹാരത്തുക കുടിശ്ശിക ആയിട്ടുണ്ടോ; എങ്കിൽ ഇത് നൽകുന്നതിനായി എത്ര കോടി രൂപ അടിയന്തര ധനസഹായമായി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) കടുത്ത വരൾച്ചമൂലം സംസ്ഥാനത്ത് ജലദൗർലഭ്യം വളരെയധികം അനുഭവപ്പെടുകയും വ്യാപകമായ കൃഷിനാശം ഉണ്ടാകുകയും ചെയ്തു. തെങ്ങ്, വാഴ, പച്ചക്കറി, കുരുമുളക്, റബ്ബർ തുടങ്ങിയ വിളകൾക്കാണ് കൂടുതൽ നാശം സംഭവിച്ചത്. ഉൽപ്പാദനം കുറഞ്ഞും ഉണങ്ങി നശിച്ചും ഇവ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ തന്നെ ബാധിച്ചിരിക്കുകയാണ്.

മഴക്കുറവുമൂലം മണ്ണിന്റെ അമ്ലാംശംകൂടി നെൽകൃഷിയെ ദോഷകരമായി ബാധിക്കുന്നു. കൂടാതെ കള കൂടുതൽ വളരുന്നത് കർഷകർക്ക് സാമ്പത്തിക ബാധ്യത വരുത്തുന്നതാണ്. ഹ്രസ്വകാല വിളകൾക്ക് 30 ശതമാനം മുതൽ 50 ശതമാനം വരെയും ദീർഘകാല വിളകൾക്ക് 20 ശതമാനത്തോളവും വിളവ് കുറയുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

(ബി) വരൾച്ചമൂലം കൃഷിനാശം സംഭവിച്ച കർഷകരിൽനിന്നും പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള അപേക്ഷകൾ കൃഷിഭവൻ വഴി സ്വീകരിച്ച് ഫണ്ട് ലഭ്യമാക്കി ധനസഹായം നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(സി) സംസ്ഥാനത്തെ എല്ലാ പ്രധാനപ്പെട്ട കാർഷിക വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തിയും നഷ്ടപരിഹാരത്തുക കാലാനുസൃതമായി വർദ്ധിപ്പിച്ചും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് 22-3-2017 തീയതിയിൽ സ.ഉ. (എം.എസ്.) നമ്പർ 37/2017/കൃഷി പുറപ്പെടുവിച്ചിട്ടുണ്ട് (അനുബന്ധം) *

ഈ പദ്ധതി പ്രകാരം കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകളായ തെങ്ങ്, നെല്ല്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ (ചേന, മധുരക്കിഴങ്ങ്) കരിമ്പ്, പുകയില, നെല്ല് എന്നീ വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും.

വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമികുലുക്കം, ഭൂകമ്പം, കടലാക്രമണം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ എന്നീ പ്രകൃതിക്ഷോഭങ്ങൾകൊണ്ടും വന്യമൃഗങ്ങളുടെ ആക്രമണംകൊണ്ടും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) നിലവിൽ റവന്യൂ വകുപ്പിന്റെ ശീർഷകത്തിൽ നിന്ന് 44.8 കോടി രൂപയും കൃഷി വകുപ്പിന്റെ ശീർഷകത്തിൽ നിന്ന് 28.45 കോടി രൂപയുമാണ് നൽകാനുള്ളത്.

കഴിഞ്ഞ സാമ്പത്തിക വർഷം വരൾച്ച, വേനൽമഴ, കാലവർഷം മുതലായ പ്രകൃതിക്ഷോഭങ്ങൾമൂലം സംസ്ഥാനത്ത് കൃഷിനാശം സംഭവിച്ച കർഷകർക്ക് കൃഷി വകുപ്പിന്റെ ശീർഷകത്തിൽ നിന്ന് 58 കോടി രൂപയും റവന്യൂ വകുപ്പിന്റെ ശീർഷകത്തിൽ നിന്ന് 25 കോടി രൂപയും ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്.

ഫണ്ട് ലഭ്യമാക്കി കുടിശ്ശിക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**യൂണിഫൈഡ് മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി**

6(*276) ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂണിഫൈഡ് മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി (UMTA) എന്ന പേരിൽ വിവിധ ഗതാഗത സംവിധാനങ്ങൾ സംയോജിപ്പിച്ചുകൊണ്ട് ഒറ്റ ടിക്കറ്റിൽ യാത്ര സാധ്യമാക്കുന്ന സംവിധാനം നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ;

(ബി) മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി സംബന്ധിച്ച നിയമ നിർമ്മാണം ആലോചനയിലുണ്ടോ;

(സി) ഈ സംവിധാനത്തിന്റെ സവിശേഷതകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി):

(എ) ഉണ്ട്. ഇതിനായുള്ള കരട് കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഉണ്ട്.

(സി) യന്ത്രവത്കൃതമല്ലാത്തതുൾപ്പെടെയുള്ള വിവിധ ഗതാഗത സംവിധാനങ്ങളുടെ ഏകോപനം, പാർക്കിംഗിനുവേണ്ടി സ്ഥലം ഏർപ്പെടുത്തൽ, വിവേകപൂർണ്ണമായ ഗതാഗത സംവിധാനത്തിൽ (ഇന്റലിജന്റ് ട്രാൻസ്പോർട്ട് സിസ്റ്റം) അധിഷ്ഠിതമായതും എല്ലാ ഗതാഗത സംവിധാനങ്ങൾക്കും യോജിച്ചതും ഏകോപിപ്പിച്ചതുമായ ടിക്കറ്റ് വിതരണ സംവിധാനം, സിറ്റി ബസ്സുകളുടെ ഗതാഗത

സേവനം മെച്ചപ്പെടുത്തൽ മുതലായവ ഏർപ്പെടുത്താനുതകുന്ന ഒരു നിയമാധിഷ്ഠിത സംവിധാനമാണ് കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി. കൂടാതെ, ഒറ്റ ടിക്കറ്റ് സംവിധാനത്തിൽ ആവിഷ്കരിച്ചിട്ടുള്ള റൂപേ സ്മാർട്ട് കാർഡ് ഉപയോഗിച്ച് യാത്രചെയ്യുവാൻ ഉദ്ദേശിക്കുന്നവർക്ക് യാത്രയുടെ ആരംഭം മുതൽ അവർ യാത്രയ്ക്കുവേണ്ടി ആശ്രയിക്കുന്നതായ-ഓട്ടോറിക്ഷകൾ, ബോട്ടുകൾ ബസ്സുകൾ, മെട്രോ ട്രെയിൻ എന്നിങ്ങനെയുള്ള വിവിധ യാത്രാ സംവിധാനങ്ങളിൽ ഒരേ കാർഡ് തന്നെ ഉപയോഗിക്കാനാകും എന്നത് ഇതിന്റെ പ്രധാന സവിശേഷതയാണ്.

**കൃഷി വകുപ്പ് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ**

7(*277) ശ്രീമതി ഗീതാ ഗോപി :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് അടുത്ത ഒരു വർഷത്തിനുള്ളിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) കേരളത്തിലെ കർഷകരുടെ ഉല്പന്നങ്ങൾ മറുനാട്ടിലുള്ള മലയാളികൾക്ക് കൂടി ലഭ്യമാകുന്ന തരത്തിൽ അന്യസംസ്ഥാനങ്ങളിൽ വിപണനശാലകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ചെറുകിട കർഷകർക്ക് നെല്ല് കുത്തി ഉപയോഗിക്കുന്നതിനും ചെറുകിട വിപണനത്തിനും നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി മിനി റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കേരഫെഡ് ഉല്പന്നമായ 'കേര' വെളിച്ചെണ്ണ കൂടുതൽ ജനകീയമാക്കുന്ന തിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) നടപ്പുസാമ്പത്തിക വർഷം കാർഷിക മേഖലയുടെ അഭിവൃദ്ധിക്കായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. നെൽകൃഷി വികസനം

2. പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ കൃഷി വികസനം

3. പച്ചക്കറി വികസനം

4. കിഴങ്ങുവർഗ്ഗങ്ങളുടെയും പയറുവർഗ്ഗങ്ങളുടെയും കൃഷി വികസനം

5. നാളികേര വികസനം

6. സുഗന്ധവ്യഞ്ജന വികസനം

7. ഹൈടെക് അഗ്രിക്കൾച്ചർ

8. പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധസസ്യങ്ങൾ എന്നിവയുടെ വികസനം

9. മണ്ണിന്റേയും സസ്യവേരുകളുടേയും ആരോഗ്യപരിപാലന പദ്ധതി

10. വിള ആരോഗ്യപരിപാലന പദ്ധതി

11. ജൈവകൃഷിയും ഉത്തമ കാർഷിക മുറകളും

12. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും

13. കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ

14. കാർഷിക സേവനകേന്ദ്രങ്ങളും സേവന സംവിധാനവും

15. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി

16. നാടൻ വിത്തിനങ്ങളുടെ ജൈവവൈവിധ്യ സംരക്ഷണവും പ്രോത്സാഹനവും

17. കാർഷിക ഉത്പന്നങ്ങളുടെ വിപണി വികസനം ശക്തിപ്പെടുത്തൽ

18. കാർഷിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധനവിനുള്ള പദ്ധതി

19. വയനാട് പാക്കേജ് പദ്ധതി

20. പ്രത്യേക കാർഷിക മേഖല

വിശദാംശങ്ങൾ അനുബന്ധമായി *ചേർക്കുന്നു.

(ബി) കേരളത്തിന്റെ തനതായ ഉൽപ്പന്നങ്ങൾ മറുനാട്ടിലെ മലയാളികൾക്ക് ലഭ്യമാക്കുന്നതിനായി ഡൽഹി, ബോംബെ, ചെന്നൈ, കൊൽക്കത്ത തുടങ്ങിയ സ്ഥലങ്ങളിൽ വിപണനശാലകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) നടപടി സ്വീകരിക്കുന്നതാണ്. നടപ്പുസാമ്പത്തിക വർഷത്തെ നെൽകൃഷി വികസന പദ്ധതി പ്രകാരം നെല്ലിന്റെ സംസ്കരണത്തിനും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പാക്കിംഗിനും ബ്രാൻഡ് നാമത്തിലുള്ള വിപണനത്തിനുമായി പ്രാദേശികമായി മിനി റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നതാണ്. ഇതിനായി ബജറ്റിൽ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഉദ്ദേശം 1.00 ലക്ഷം രൂപ ചെലവുവരുന്ന 15 മിനി റൈസ് മില്ലുകൾ കോർപ്പറേഷനിലും മുനിസിപ്പാലിറ്റികളിലും അനുയോജ്യമായ സ്ഥലത്ത് സ്ഥാപിക്കുന്നതാണ്.

കൂടാതെ ഗ്രാമപ്രദേശങ്ങളിൽ ശരാശരി 5 ലക്ഷം രൂപ ചെലവ് വരുന്ന 57 ചെറുകിട റൈസ് മില്ലുകൾ സ്ഥാപിക്കുന്നതാണ്.

സഹകരണസ്ഥാപനങ്ങൾ, പാടശേഖര സമിതികൾ, മറ്റ് രജിസ്റ്റർ ചെയ്ത കർഷക ഗ്രൂപ്പുകൾ, പാടശേഖര സമിതികൾ ശിപാർശ ചെയ്യുന്ന വ്യക്തിഗത സംരംഭകർ എന്നിവരാണ് പദ്ധതിയുടെ അർഹരായ ഗുണഭോക്താക്കൾ.

ഈ പദ്ധതി 2017-18 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഫീൽഡ് തലത്തിൽ ഇതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കൺസ്യൂമർ ഫെഡ് വഴിയും സിവിൽസപ്ലൈസ് കോർപ്പറേഷൻ വഴിയും സഹകരണ സംഘങ്ങൾവഴിയും കേര ഉത്പന്നങ്ങൾ ജനങ്ങളിലേയ്ക്ക് സുലഭമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഓപ്പറേഷൻ സുരക്ഷ പദ്ധതി**

8(*278) ശ്രീ. സി. കെ. നാണു :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പ് തുടക്കമിട്ടിട്ടുള്ള 'ഓപ്പറേഷൻ സുരക്ഷ' പദ്ധതിയെപ്പറ്റി വിശദമാക്കുമോ; ഈ പദ്ധതിക്ക്, വാഹനം ഉപയോഗിക്കുന്നവരുടെയും പൊതുജനങ്ങളുടെയുമിടയിൽ കൂടുതൽ പ്രചാരം നല്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) കേന്ദ്ര സർക്കാർ കൊണ്ടുവരാൻ പോകുന്ന മോട്ടോർ വാഹന ബില്ലിൽ റോഡ് സുരക്ഷയ്ക്കായി എന്തൊക്കെ ചട്ടങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് അറിയുമോ; വിശദമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി):

(എ) ബഹുമാനപ്പെട്ട സുപ്രീം കോടതി നിയമിച്ചിട്ടുള്ള റോഡ് സുരക്ഷാ കമ്മിറ്റി റെഡ് ലൈറ്റ് ലംഘനം, അമിത വേഗത, അമിത ഭാരവും ചരക്ക വാഹനങ്ങളിൽ യാത്രക്കാരെ കയറ്റലും, മദ്യപിച്ച വാഹനമോടിക്കൽ, വാഹനമോടിക്കുന്ന സമയത്ത് മൊബൈൽ ഫോൺ ഉപയോഗിക്കൽ മുതലായ ഗതാഗത ലംഘനങ്ങൾ നടത്തുന്നവരുടെ ഡ്രൈവിംഗ് ലൈസൻസ് സസ്പെന്റ് ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ നിയമലംഘനങ്ങൾ നടത്തുന്ന ഡ്രൈവർമാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പദ്ധതിയാണ് 'ഓപ്പറേഷൻ സുരക്ഷ്'. ഇതിനായി എല്ലാ റീജിയണൽ/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും വിവിധ വിഭാഗത്തിലുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു സ്പെഷ്യൽ സെൽ രൂപീകരിച്ചിട്ടുണ്ട്. വാഹന പരിശോധനാ സമയത്ത് ഉദ്യോഗസ്ഥർ കുറ്റം കണ്ടെത്തുമ്പോൾത്തന്നെ ലൈസൻസ് സസ്പെന്റ് ചെയ്യുന്നത് സംബന്ധിച്ച നോട്ടീസ് കുറ്റാരോപിതന് നൽകി സമയബന്ധിതമായി ലൈസൻസ് സസ്പെന്റ് ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കുന്നു. നിരീക്ഷണ ക്യാമറകൾ വഴി ലഭ്യമാകുന്ന നിയമലംഘനങ്ങളിൽ അഞ്ചോ അതിൽ കൂടുതലോ തവണ നിയമ ലംഘനങ്ങൾ വരുത്തുന്ന ഡ്രൈവർമാരുടെ ലൈസൻസും സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടികൾ മേൽപ്പറഞ്ഞ സ്പെഷ്യൽ സെൽ വഴി നടപ്പിലാക്കുന്നതിനാണ് ഓപ്പറേഷൻ സുരക്ഷാ പദ്ധതി വിഭാവനം ചെയ്യുന്നത്. ക്യാമറ വഴി ലഭ്യമാകുന്ന ഓരോ നിയമലംഘനത്തിനും വകുപ്പ് നൽകുന്ന നോട്ടീസുകളിന്മേൽ പ്രതികരിക്കാത്ത വാഹന ഉടമ/ഡ്രൈവർമാർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതാണ്. ഡ്രൈവിംഗ് ലൈസൻസ് സസ്പെൻഷനുമായി ബന്ധപ്പെട്ട ഹിയറിംഗ് നോട്ടീസ് അയച്ചിട്ടും ഹാജരാകാത്ത ഡ്രൈവർമാരുടെ ലൈസൻസ് 15 ദിവസം കഴിഞ്ഞാലുടൻ റദ്ദാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതി ആരംഭിച്ച 2017 ജൂലൈ മാസത്തിൽ 1868 ലൈസൻസുകൾ സസ്പെൻഡ് ചെയ്തിട്ടുണ്ട്.

(ബി) പുതിയ ബില്ലിൽ അപകടം പറ്റിയതിനുശേഷമുള്ള ഒരു മണിക്കൂറിനെ 'ഗോൾഡൻ അവർ' എന്നാണ് വ്യാഖ്യാനിച്ചിരിക്കുന്നത്. ഈ 'ഗോൾഡൻ അവർ' സമയത്തുണ്ടാകുന്ന ചികിത്സാ ചെലവുകൾ ക്യാഷ്ലെസ്സ് ട്രീറ്റ്മെന്റായി പരിഗണിക്കുന്നതിനായി ഒരു സ്കീം രൂപീകരിക്കുന്നതിന് പുതിയ ബിൽ ശിപാർശ ചെയ്തിട്ടുണ്ട്.

കേന്ദ്രസർക്കാർ ഒരു മോട്ടോർ വെഹിക്കിൾ ആക്സിഡന്റ് ഫണ്ട് രൂപീകരിക്കണമെന്ന് ബിൽ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ട് ഗോൾഡൻ അവർ ട്രീറ്റ്മെന്റിനും സർക്കാർ സ്കീമുകൾക്ക് അനുസൃതമായി അപകടത്തിൽ മരിക്കുന്നവർക്കും മാരകമായി പരിക്കേറ്റവർക്കും സർക്കാർ നിഷ്കർഷിച്ചിട്ടുള്ള വ്യക്തികൾക്കും നഷ്ടപരിഹാരം നൽകുന്നതിനും ഉപയോഗപ്പെടുത്തുന്നതായിരിക്കും.

മേല്പറഞ്ഞവ കൂടാതെ കേന്ദ്രസർക്കാർ ഒരു നാഷണൽ റോഡ് സേഫ്റ്റി ബോർഡ് രൂപീകരിക്കണമെന്ന് ബിൽ നിഷ്കർഷിക്കുന്നു. ഒരു ചെയർമാനും സംസ്ഥാന സർക്കാരിന്റെ ഒരു പ്രതിനിധിയും കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്ന അംഗങ്ങളും അടങ്ങിയ ഈ ബോർഡ് കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് റോഡ് സേഫ്റ്റിയുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും ഉപദേശം നൽകുന്നതായിരിക്കും. റോഡ് നിയമങ്ങൾ അനുസരിക്കുന്നത് നിർബന്ധമാക്കുക എന്ന ഉദ്ദേശ്യത്തോടെ റോഡ് നിയമലംഘനങ്ങൾക്കുള്ള പിഴത്തുക വർദ്ധിപ്പിക്കുവാനും പുതിയ ബിൽ ശിപാർശ ചെയ്യുന്നു.

**തെരുവുനായ്ക്കളുടെ ശല്യം നിയന്ത്രിക്കുന്നതിനായി നടപടി**

9(*279) ശ്രീ. കെ. ജെ. മാക്സി :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. വി. ജോയി :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവുനായ്ക്കൾ മനുഷ്യരെ കടിച്ചു കൊല്ലുന്ന സംഭവങ്ങൾ ആവർത്തിക്കുന്ന സാഹചര്യത്തിൽ ഇവയുടെ ശല്യം നിയന്ത്രിക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ;

(ബി) കുടുംബശ്രീ യൂണിറ്റുകളുടെ പങ്കാളിത്തത്തോടെ തെരുവുനായ നിയന്ത്രണം നടപ്പിൽ വരുത്തുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കാനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) മൃഗജനന നിയന്ത്രണ (എ.ബി.സി.) പദ്ധതി ഫലപ്രദമാകാതെ പോയതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) തെരുവുനായ ശല്യം നിയന്ത്രിക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജില്ലാ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ കുടുംബശ്രീ മിഷൻ, മൃഗസംരക്ഷണ വകുപ്പ് എന്നിവയുടെ സഹായത്തോടെ എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കിവരുന്നുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ

എ.ബി.സി. റൂൾ ചട്ടം 4 പ്രകാരം മോണിറ്ററിംഗ് സമിതി രൂപീകരിച്ച് എ.ബി.സി. പ്രോഗ്രാമിന്റെ പുരോഗതി വിലയിരുത്തിവരുന്നു. പൊതുസ്ഥലങ്ങളിലെ മാലിന്യ നിക്ഷേപത്തിനെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. വളർത്തു നായകൾക്ക് ലൈസൻസും വാക്സിനേഷനും നിർബന്ധമാക്കിയിട്ടുണ്ട്. കുടുംബശ്രീ മൈക്രോ യൂണിറ്റുകൾക്ക് തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്നതിനുള്ള പരിശീലനം നൽകിവരുന്നുണ്ട്.

(ബി) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 12-4-2017-ലെ 15.1 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, തെരുവുനായശല്യം പരിഹരിക്കുന്നതിനുള്ള എ.ബി.സി. പരിപാടിയുടെ നിർവ്വഹണ ഏജൻസിയായി കുടുംബശ്രീയെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടും കുടുംബശ്രീ രൂപീകരിക്കുന്ന എ.ബി.സി. മൈക്രോ സംരംഭക യൂണിറ്റുകളെ അംഗീകൃത ഏജൻസിയായി ഉൾപ്പെടുത്തിക്കൊണ്ടും 5-5-2017-ലെ സ.ഉ. (സാധാ.) 1450/17/തസ്വഭവ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പതിനൊന്ന് ജില്ലകളിലായി കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസുകൾ മുഖേന സന്നദ്ധരായ കുടുംബശ്രീ പ്രവർത്തകർക്ക് തെരുവുനായ നിയന്ത്രണ പദ്ധതിക്കായി പരിശീലനം നൽകിവരുന്നു.

(സി) മൃഗജനന നിയന്ത്രണ (എ.ബി.സി.) പദ്ധതി വളരെ ഫലപ്രദമായാണ് നടപ്പിലാക്കി വരുന്നത്. എങ്കിലും കവറേജ് ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്.

## നാണ്യവിളകളുടെ വിലയിടിവ്

10(*280) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാണ്യവിളകളുടെ വിലയിടിവ് സംസ്ഥാനത്തെ കർഷകരുടെ സാമ്പത്തിക ഭദ്രതയെ എപ്രകാരമാണ് ബാധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കടക്കെണിയിലായ കർഷകരെ സഹായിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(സി) നാണ്യവിളകളുടെ വില യുക്തിസഹമായ നിലയിൽ ഉയർത്തി കർഷകരെ സഹായിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ആവശ്യപ്പെടുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) നാണ്യവിളകളുടെ വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ സംസ്ഥാനത്തെ കർഷകരെ ബുദ്ധിമുട്ടിലാക്കുന്നുണ്ട്. സ്വാഭാവിക റബ്ബറിനാണ് ഇപ്പോൾ വില കുറഞ്ഞുനിൽക്കുന്നത്. ഈ മേഖലയിലുള്ള കർഷകരുടെ സാമ്പത്തിക ഭദ്രതയെ ഇത് ബാധിക്കുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നതിന് കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ തിരുവനന്തപുരം, ഇടുക്കി, വയനാട്, പാലക്കാട് കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽപ്പെട്ട 2986 ഗുണഭോക്താക്കൾക്കായി ആകെ 8.7656643 കോടി രൂപയുടെ കടാശ്വാസത്തിന് ശിപാർശ ചെയ്തിട്ടുണ്ട്. ഓരോ ജില്ലയ്ക്കും അനുവദിച്ച തുകയും ഗുണഭോക്താക്കളുടെ എണ്ണവും ചുവടെ ചേർക്കുന്നു:

| ജില്ല | ഗുണഭോക്താക്കൾ | അനുവദിച്ച തുക (കോടി രൂപയിൽ ) |
|---|---|---|
| തിരുവനന്തപുരം | 621 | 3.0540825 |
| ഇടുക്കി | 810 | 1.2782700 |
| വയനാട് | 602 | 1.8847936 |
| പാലക്കാട് | 83 | 2.588375 |
| കോഴിക്കോട് | 23 | 0.829050 |
| കണ്ണൂർ | 642 | 1.7876863 |
| കാസർഗോഡ് | 245 | 4.190894 |
| ആകെ | 3026 | 15.6131514 |

കർഷകർക്ക് മിതമായ നിരക്കിൽ കാർഷിക വായ്പകൾ ലഭ്യമാക്കുന്നതിന് ചെറുകിട-നാമമാത്ര കർഷകർക്ക് മൂന്ന് ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് 7% പലിശയും കൃത്യമായ തിരിച്ചടവിന് 3% പലിശയിളവും നൽകിവരുന്നു.

നോട്ട് പിൻവലിച്ചതുമായി ബന്ധപ്പെട്ടുണ്ടായ സാമ്പത്തിക പ്രശ്നങ്ങളിൽനിന്നും മോചനമെന്നോണം 2016 നവംബർ, ഡിസംബർ മാസങ്ങളിൽ ചെറുകിട നാമമാത്ര കർഷകരുടെ കാർഷിക ലോണുകൾക്ക് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിർദ്ദേശപ്രകാരം മൊറട്ടോറിയം പ്രഖ്യാപിച്ചു.

(സി) കേരളത്തിന് പ്രാധാന്യമുള്ള നാണ്യവിളകളായ റബ്ബർ, സുഗന്ധവ്യഞ്ജനങ്ങൾ, കശുമാവ് എന്നിവയേയും കാപ്പി, തേയില, നാളികേരം എന്നിവ ഉൾപ്പെട്ട പ്രധാന വിളകളേയും ഇറക്കുമതി നയംമൂലമുണ്ടാകുന്ന വിലയിടിവിൽനിന്നും സംരക്ഷണം നൽകണമെന്ന് കേന്ദ്രസർക്കാരിനോട് പലതവണ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുപുറമെ കേന്ദ്രമന്ത്രിമാരുമായി നേരിട്ട് ചർച്ചകളും നടത്തിയിട്ടുണ്ട്.

**മാലിന്യസംസ്കരണത്തിന് മികച്ച സാങ്കേതിക വിദ്യ**

11(*281) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :</u>

<u>ശ്രീ. വി. പി. സജീന്ദ്രൻ :</u>

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ :</u>

<u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം അഭിമുഖീകരിക്കുന്ന ഏറ്റവും ഗുരുതരമായ പ്രശ്നം മാലിന്യ സംസ്കരണമാണെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) തൃശ്ശൂർ കാർഷിക സർവ്വകലാശാലയിലെ ഡോ. ഫ്രാൻസിസ് സേവ്യർ കണ്ടെത്തിയ തുമ്പർമുഴി മോഡൽ എയറോബിക് കംപോസ്റ്റ് വിജയപ്രദമാണോ;

(സി) മാലിന്യ സംസ്കരണത്തിന് ലോകമെമ്പാടുമുള്ള സാങ്കേതികസാധ്യതകൾ പഠിച്ച് 12 മികച്ച സാങ്കേതിക വിദ്യകളുടെ പട്ടിക കേരള ശുചിത്വ മിഷൻ തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ അവയിൽ സംസ്ഥാനത്തിന് അനുയോജ്യമായ മികച്ച വിദ്യ നടപ്പിലാക്കി മാലിന്യ പ്രശ്നങ്ങൾക്കും അതുമൂലമുണ്ടാകുന്ന സാംക്രമിക രോഗങ്ങളുടെ വ്യാപനം തടയുന്നതിനും നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉണ്ട്.

(ബി) നന്നായി നടപ്പാക്കുന്ന സ്ഥലങ്ങളിൽ വിജയകരമാണ്.

(സി & ഡി) ഇല്ല. എന്നാൽ കേരള കാലാവസ്ഥയ്ക്കനുസൃതമായ സാങ്കേതിക വിദ്യകളും സംവിധാനങ്ങളും കണ്ടെത്തി പട്ടികപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന് അനുയോജ്യമായ കമ്പോസ്റ്റിംഗ്/ബയോമെഥനേഷൻ സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായ മാലിന്യ സംസ്കരണോപാധികൾ ഉപയോഗിച്ചുള്ള മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നിലവിൽ നടപ്പിലാക്കിവരുന്നുണ്ട്.

**അതിവേഗ യാത്രാ കപ്പൽ സർവീസ്**

12(*282) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള തീരത്തെ തുറമുഖങ്ങളെ ബന്ധിപ്പിച്ച് അതിവേഗ യാത്രാകപ്പലുകൾ സർവ്വീസ് ആരംഭിക്കുന്നുണ്ടോ; വിശദാംശങ്ങൾ നല്കാമോ;

(ബി) സംസ്ഥാനത്ത് ഏതൊക്കെ തുറമുഖങ്ങളെയാണ് അതിനായി കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) യാത്രാ കപ്പൽ സർവ്വീസ് നടത്തുന്ന പ്രസ്തുത തുറമുഖങ്ങളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ടെന്ന് വിശദീകരിക്കുമോ;

(ഡി) അതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ) തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി കേരള തീരത്തുള്ള തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് അതിവേഗ യാത്രാ കപ്പൽ സർവ്വീസ് ആരംഭിക്കുന്നുണ്ട്. കോവളം (വിഴിഞ്ഞം)-കന്യാകുമാരി, കൊച്ചി-തിരുവനന്തപുരം, കൊച്ചി-കോഴിക്കോട് എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ച് അതിവേഗ യാത്രാ കപ്പൽ സർവ്വീസ് നടത്തുന്നതിനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്.

(ബി) കോഴിക്കോട് (ബേപ്പൂർ), വിഴിഞ്ഞം (കോവളം), കൊല്ലം, കൊച്ചി തുറമുഖങ്ങളെയാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്.

(സി & ഡി) നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടുതന്നെ അതിവേഗ യാത്രാ കപ്പലുകളുടെ സർവ്വീസുകൾ നടത്താവുന്നതാണ്. യാത്രക്കാർക്ക് വന്നിറങ്ങുന്നതിനും കയറുന്നതിനുമുള്ള വാർഫും പാസഞ്ചർ ടെർമിനലുമാണ് യാത്രാ കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിനായി തുറമുഖങ്ങളിൽ വേണ്ട അടിസ്ഥാന സൗകര്യം. ബേപ്പൂർ, വിഴിഞ്ഞം തുറമുഖങ്ങളിൽ വാർഫ്, പാസഞ്ചർ ടെർമിനൽ എന്നിവ നിർമ്മിച്ചിട്ടുണ്ട്. കൊല്ലം തുറമുഖത്ത് പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണം നടന്നു വരുന്നു. കൂടാതെ ഈ പദ്ധതികൾക്കായി കോഴിക്കോട് (വെള്ളയിൽ), കൊച്ചി, തിരുവനന്തപുരം എന്നീ തുറമുഖങ്ങളിൽ ഫ്ളോട്ടിംഗ് ജെട്ടികൾ നിർമ്മിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. കൊച്ചി-കോഴിക്കോട് മേഖലയിൽ സർവ്വീസ് നടത്താനുള്ള വിദേശനിർമ്മിത ജലയാനങ്ങളുടെ പരിശോധനകൾ അന്തിമഘട്ടത്തിലാണ്. വിനോദസഞ്ചാര മേഖലയ്ക്ക് ഊന്നൽ നൽകിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. വിഴിഞ്ഞം-കന്യാകുമാരി, കൊച്ചി-തിരുവനന്തപുരം, കൊച്ചി - കോഴിക്കോട് എന്നീ സർവ്വീസുകൾ വിനോദസഞ്ചാരികളെ ലക്ഷ്യം വച്ചുള്ളതാണ്.

## ഗ്രാമവികസന വകുപ്പുവഴി നടപ്പിലാക്കിയ പദ്ധതികൾ

13(*283) ശ്രീ. പി. ഉണ്ണി :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം ഗ്രാമവികസന വകുപ്പുവഴി നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ.) പ്രകാരം എത്ര ഗുണഭോക്താക്കൾക്കാണ് ഭവനനിർമ്മാണ ധനസഹായം അനുവദിച്ചതെന്നും കേന്ദ്ര സംസ്ഥാന സർക്കാരുകൾ എത്ര തുക വീതമാണ് നൽകുന്നതെന്നും വ്യക്തമാക്കാമോ;

(സി) ഇന്ദിര ആവാസ് യോജന പ്രകാരം ഉണ്ടായിരുന്ന സ്പിൽ ഓവർ വീടുകൾ പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടി അറിയിക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം, മുൻ വർഷത്തിൽ ആരംഭിച്ചിട്ടുള്ള താഴെപ്പറയുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാന പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്:

കേന്ദ്രാവിഷ്കൃത പദ്ധതികൾ :

- മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
- പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ)
- പ്രധാൻമന്ത്രി ഗ്രാമ സഡക് യോജന
- പ്രധാൻമന്ത്രി കൃഷി സിഞ്ചായി യോജന
- സ്വച്ഛ് ഭാരത് മിഷൻ
- നാഷണൽ അർബൻ മിഷൻ
- സൻസദ് ആദർശ് ഗ്രാം യോജന

സംസ്ഥാന പദ്ധതി:

ആർ. ഐ. ഡി. എഫ് - നബാർഡ് പദ്ധതി

(ബി) പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) ഭവന പദ്ധതി പ്രകാരം നാളിതുവരെ 13183 വീടുകൾ അനുവദിച്ചു. 60:40 എന്ന അനുപാതത്തിലാണ് കേന്ദ്ര-സംസ്ഥാന ധനസഹായം അനുവദിക്കുന്നത്. ആയതുപ്രകാരം കേന്ദ്ര സർക്കാർ 72,000 രൂപയും, സംസ്ഥാന സർക്കാർ 48,000 രൂപയും നൽകുന്നു. സംസ്ഥാനത്ത് ഈ തുക ഉപയോഗിച്ച് ഭവനനിർമ്മാണം പൂർത്തീകരിക്കാൻ ബുദ്ധിമുട്ടുള്ളതിനാൽ സംസ്ഥാന സർക്കാർ താഴെപ്പറയും പ്രകാരം തുക വർദ്ധിപ്പിച്ച് നൽകുന്നു. 1,20,000 രൂപയിൽ അധികരിച്ച് നൽകേണ്ട തുക ഗ്രാമ/ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകളും പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുകളും ചേർന്ന് നൽകുന്നു.

പട്ടികജാതി വിഭാഗം - 3 ലക്ഷം രൂപ

പട്ടികവർഗ്ഗ വിഭാഗം - 3.5 ലക്ഷം രൂപ

പൊതു വിഭാഗം - 2 ലക്ഷം

(സി) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഇന്ദിര ആവാസ് യോജന പ്രകാരം മുൻ വർഷങ്ങളിൽ അനുവദിച്ച വീടുകളിൽ പട്ടികജാതി വിഭാഗത്തിൽ 28753 വീടുകളും പട്ടികവർഗ്ഗ വിഭാഗത്തിൽ 8534 വീടുകളും പൊതു വിഭാഗത്തിൽ 29291 വീടുകളും ചേർത്ത് ആകെ 66578 വീടുകൾ സ്പിൽ ഓവറായി ഉണ്ടായിരുന്നു. ഭവനനിർമ്മാണം പൂർത്തിയാകാതെ സ്പിൽ ഓവറായി നിലനിന്നിരുന്ന വീടുകൾ പൂർത്തീകരിക്കുന്നതിന് എല്ലാ ജില്ലകളിലും സ്പിൽ ഓവർ ക്യാമ്പെയിനുകൾ നടത്തിയിട്ടുണ്ട്. സന്നദ്ധസംഘടനകൾ/ബാങ്കുകൾ/വ്യക്തികൾ/വ്യവസായസ്ഥാപനങ്ങൾ എന്നിവരുടെ സഹായങ്ങൾ ഉപയോഗിച്ചുകൊണ്ട് സ്പിൽ ഓവർ വീടുകളായി തുടരുന്ന വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്പിൽ ഓവർ വീടുകൾക്ക് അധിക ധനസഹായമായി നൽകേണ്ട തുക സംസ്ഥാന സർക്കാർ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ പൂർത്തീകരിക്കാനുണ്ടായിരുന്ന 66578 വീടുകളിൽ 50813 വീടുകൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. ബാക്കിയുള്ള വീടുകൾ വിവിധ ഘട്ടങ്ങളിലായി പൂർത്തീകരിച്ചുവരുന്നു.

**സമഗ്ര ശുചിത്വ പദ്ധതി**

14(*284) ശ്രീ. മുഹമ്മദ് മുഹസിൻ പി. :

ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീമതി ഗീതാ ഗോപി :

ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ശുചിത്വ പദ്ധതി എന്ന പേരിൽ പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) നടപ്പിലാക്കുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തി, ജൈവ മാലിന്യങ്ങളുടെ ഉറവിടത്തിലെ

സംസ്കരണവും അജൈവ മാലിന്യം ശേഖരിച്ച്, സംഭരിച്ച്, റീസൈക്ലിംഗ് മേഖലകൾക്ക് കൈമാറ്റം ചെയ്യലും അതിനൊക്കെ സഹായകമായ പൊതുജന സൗഹൃദ ആസ്തികളുടെ നിർമ്മാണവും നടത്തുകവഴി അടുത്ത അഞ്ചു വർഷത്തിനുള്ളിൽ കേരളം രാജ്യത്തിനു മാതൃകയാകത്തക്ക വിധത്തിൽ മാലിന്യമുക്തമാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) മാലിന്യപ്രശ്നം സമയബന്ധിതമായി പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഹരിതകേരളം മിഷന്റെ ഉപദൗത്യമായി ശുചിത്വ പരിപാലനവും മാലിന്യ സംസ്കരണവും ഉൾപ്പെടുത്തിയിരിക്കുന്നത്. കേരളത്തിന്റെ സവിശേഷതകളായി പ്രകീർത്തിക്കപ്പെട്ടിരുന്ന വൃത്തിയും ജലസമൃദ്ധിയും വീണ്ടെടുക്കുക, സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുക എന്നിവയാണ് ഹരിത കേരളം മിഷന്റെ മുഖ്യ ലക്ഷ്യങ്ങൾ. വികേന്ദ്രീകൃത ഉറവിട ജൈവമാലിന്യ സംസ്കരണം പ്രാവർത്തികമാക്കുന്നതോടൊപ്പം ബോധവൽക്കരണവും ശുചിത്വമാലിന്യ സംസ്കരണ സേവന സൗകര്യങ്ങളും ലഭ്യമാക്കും. ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നത് കർശനമായി തടയും. കുളങ്ങളും തോടുകളും ആദ്യഘട്ടത്തിൽ പുനരുജ്ജീവിപ്പിക്കുകയും രണ്ടാംഘട്ടത്തിൽ നദികൾ, കായലുകൾ തുടങ്ങി മറ്റ് ജലസ്രോതസ്സുകളുടെ സംരക്ഷണവും സുസ്ഥിരമായ വിനിയോഗവും ഉറപ്പാക്കും. പച്ചക്കറികൃഷിയും നെല്ല്, പഴവർഗ്ഗങ്ങൾ തുടങ്ങി അടിസ്ഥാന കൃഷി ഉല്പന്നങ്ങളുടെയും ജൈവകൃഷി വ്യാപകമാക്കുന്നതോടൊപ്പം കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കത്തക്ക രീതിയിൽ വിപണി സംവിധാനം പരിഷ്കരിക്കും.

(സി) നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായുള്ള നാല് വികസന മിഷനുകൾ 28-9-2016-ൽ സ.ഉ. (പി.)നമ്പർ 41/2016/ആ.സാ.വ. പ്രകാരം നിലവിൽ വന്നു. ഇതിൽ ശുചിത്വം-മാലിന്യ സംസ്കരണം, കൃഷി വികസനം, ജലവിഭവ സംരക്ഷണം എന്നീ മൂന്ന് മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ളതാണ് ഹരിത കേരളം മിഷൻ. ഹരിത കേരളം മിഷൻ ഉപദൗത്യമായ ശുചിത്വ മാലിന്യ സംസ്കരണ മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ. (സാധാ)നമ്പർ 2420/2017/ത.സ്വ.ഭ.വ. തീയതി 15-7-2017 പ്രകാരം പുറപ്പെടുവിച്ചുകഴിഞ്ഞു.

2016-17 സാമ്പത്തിക വർഷത്തിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും പ്ലാൻ ഫണ്ടിന്റെ 10% തുക മാലിന്യ സംസ്കരണ പ്രോജക്ടുകൾക്കായി വകയിരുത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. 2017-18 വർഷത്തിൽ ജി. ഒ. (എംഎസ്.) നമ്പർ 79/2017/തസ്വഭവ, തീയതി 3-4-2017, ജി. ഒ. (എംഎസ്.)നമ്പർ 72/2017/തസ്വഭവ, തീയതി 29-3-2017 പ്രകാരവും യഥാക്രമം നഗരസഭകൾക്കും

ത്രിതല പഞ്ചായത്തുകൾക്കുമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവുകളിൽ പൊതുവിഭാഗം പ്ലാൻ ഫണ്ടിൽ നിന്നും നഗരസഭകൾ 15 ശതമാനവും പഞ്ചായത്തുകൾ 10 ശതമാനവും തുക മാലിന്യസംസ്കരണത്തിന് ഊന്നൽ നൽകി മാറ്റിവയ്ക്കുന്നതിനായും ഉത്തരവായിട്ടുണ്ട്. അതുപോലെ ഹരിത കേരളം മിഷന്റെ ഭാഗമായ ശുചിത്വ-മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗരേഖ സ.ഉ. (സാധാ.)നമ്പർ 2420/2017/ത.സ്വ.ഭ.വ. തീയതി 15-7-2017 പ്രകാരവും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

മാലിന്യ സംസ്കരണം സംബന്ധിച്ച് നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതോടൊപ്പം മാലിന്യങ്ങൾ തെരുവോരങ്ങളിലും പൊതുസ്ഥലങ്ങളിലേയ്ക്കും വലിച്ചെറിയുന്നത് ഒഴിവാക്കുന്നതിനും ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിക്കൊണ്ട് സ.ഉ.(സാധാ.) നമ്പർ 2511/2017/ത.സ്വ.ഭ.വ. തീയതി 22-7-2017 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ സർക്കുലർ നമ്പർ 576/ഡി.സി1/16/ത.സ്വ.ഭ.വ. തീയതി 24-9-2016 പ്രകാരം പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016-ന്റെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം നിയന്ത്രിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടം നടപ്പിലാക്കുന്നതിനും പ്രവർത്തനങ്ങളുടെ മോണിറ്ററിംഗിനുമായി സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സമഗ്ര മാലിന്യ പരിപാലന പദ്ധതി രൂപീകരിക്കുന്നതിനുവേണ്ടി ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച പ്രത്യേക ക്യാമ്പയിനാണ് മാലിന്യത്തിൽനിന്നും സ്വാതന്ത്ര്യം. ആഗസ്റ്റ് 15-ന്റെ സ്വാതന്ത്ര്യദിനാഘോഷ ചടങ്ങുകൾക്കുശേഷം ബഹുമാനപ്പെട്ട മന്ത്രിമാർ മാലിന്യത്തിൽനിന്നും സ്വാതന്ത്ര്യം പ്രഖ്യാപിക്കുകയും തുടർന്ന് എല്ലാ തദ്ദേശഭരണ വാർഡുകളിലും ജനങ്ങൾ സ്വയംസമർപ്പണത്തോടെ നടത്തുന്ന പ്രഖ്യാപനങ്ങളും ഉണ്ടായി. ഇതിനു മുന്നോടിയായി 2017 ആഗസ്റ്റ് 6 മുതൽ ആഗസ്റ്റ് 13 വരെ സന്നദ്ധ പ്രവർത്തകരെ പങ്കെടുപ്പിച്ച് ഗൃഹസന്ദർശനവും നിലവിലെ മാലിന്യ സംസ്കരണത്തിന്റെ അവസ്ഥാനിർണ്ണയ പഠനവും നടത്തുകയും ഓരോ വീട്ടിലും സ്ഥാപനത്തിലും ഉല്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ എങ്ങനെ സംസ്കരിക്കപ്പെടുമെന്നത് സംബന്ധിച്ചും അനുയോജ്യമായ സേവന സംവിധാനങ്ങൾ എന്തൊക്കെയാണെന്നും പരിചയപ്പെടുത്തുകയും ചെയ്യുന്നു.

## ക്ലീൻ കേരള കമ്പനി

15(*285) ശ്രീ. കെ. രാജൻ :
ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലീൻ കേരള കമ്പനി എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ചിട്ടുണ്ടോ;

(ബി) കമ്പനിയുടെ രൂപീകരണ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത കമ്പനിയുടെ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ ശുചിത്വ പരിപാലന രംഗത്ത് സമഗ്രമായ പുരോഗതി കൈവരിക്കുവാൻ മാലിന്യങ്ങളുടെ ഉത്ഭവത്തിൽ കുറവുവരുത്തുകയും ഉത്ഭവിക്കുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായി പുനഃചംക്രമണം ചെയ്യുവാനും പരിസ്ഥിതിക്ക് കോട്ടം തട്ടാതെ ശാസ്ത്രീയമായി സംസ്കരിക്കുവാൻ ഉതകുന്ന രീതിയിലുള്ള ആസൂത്രണം നടത്തുവാനും ഇതിനായി വിവിധ നൂതന സ്വയംപര്യാപ്തമായ പദ്ധതികൾ നടപ്പിലാക്കികൊണ്ടും ശുചിത്വപരിപാലനത്തെയും പാരിസ്ഥിതിക സംരക്ഷണത്തെയും കുറിച്ച് പൊതുജനങ്ങളിൽ ശരിയായ അവബോധം സൃഷ്ടിച്ചുകൊണ്ടും പൊതുജനാരോഗ്യരംഗത്ത് പുരോഗതി കൈവരിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ടും നൂതനവും വിജയകരവുമായി പ്രവർത്തിക്കുന്ന ടെക്നോളജികളുടെ ഉപയോഗത്തിലൂടെ സംസ്ഥാനത്തെ ശുചിത്വ പരിപാലന മേഖലയിൽ കാതലായ മാനങ്ങൾ വരുത്തുകയാണ് കമ്പനിയുടെ പ്രഖ്യാപിത ലക്ഷ്യം.

മാതൃകാ പദ്ധതികൾ നടപ്പിലാക്കുക; തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഈ മാതൃകാ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള പ്രചോദനങ്ങൾ നൽകുക.

പൊതുജനാരോഗ്യം മുൻനിർത്തി സമൂഹത്തിന് ഉതകുന്ന രീതിയിലുള്ള മാലിന്യ ശേഖരണം നടപ്പിലാക്കുക.

മാലിന്യ സംസ്കരണ-പുനഃചംക്രമണ മേഖലകളിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക.

ചെറുകിട മാലിന്യ സംരംഭകരെ മാലിന്യ സംസ്കരണ മേഖലയിലേയ്ക്ക് ആകർഷിക്കുവാനുള്ള പദ്ധതികളും പോളിസികളും ഉണ്ടാക്കുക.

മാലിന്യ സംസ്കരണ-പുനഃചംക്രമണ പദ്ധതികളെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തുക എന്നിവയും കമ്പനിയുടെ പ്രധാന ലക്ഷ്യങ്ങളാണ്.

(സി) കാലാകാലങ്ങളിൽ നടത്തുന്ന അവലോകന യോഗങ്ങൾ മുഖേന ഉറപ്പുവരുത്തുന്നുണ്ട്.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

16(*286) ശ്രീ. സി. കൃഷ്ണൻ :

ശ്രീമതി പി. അയിഷാ പോറ്റി :

ശ്രീ. സി. കെ. ഹരീന്ദ്രൻ :

ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നടത്തിയ പ്രവൃത്തികളുടെ ഫലപ്രാപ്തി വിലയിരുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള Work-time-motion study നടത്തിയിരുന്നോ; പഠന റിപ്പോർട്ടിലെ പ്രധാന കണ്ടെത്തൽ എന്താണെന്നറിയിക്കാമോ;

(ബി) ഈ പദ്ധതി കൂടുതൽ ഉല്പാദനപരമാക്കി മാറ്റുന്നതിനായി മൃഗപരിപാലനം, നെൽകൃഷി തുടങ്ങിയ മേഖലകളിലെ വിവിധ പണികളും കയർ, കൈത്തറി, ഖാദി തുടങ്ങിയ പരമ്പരാഗത മേഖലകളിലെ ജോലികളും തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്താൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ മേഖലകൾ ഉൾപ്പെടുത്താൻ അനുമതി ലഭിച്ചിട്ടുണ്ട്;

(സി) താരതമ്യേന കുറഞ്ഞ കൂലിയും കൂലി നൽകുന്നതിലെ വലിയ കാലതാമസവും ഈ പദ്ധതിയുടെ ഉദ്ദേശ്യങ്ങളെ ദുർബലപ്പെടുത്തുന്നുവെന്നതിനാൽ അത് പരിഹരിക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ; രണ്ടാഴ്ചയ്ക്കകം വേതനം വിതരണം ചെയ്തില്ലെങ്കിൽ നഷ്ടപരിഹാരം നൽകണമെന്ന വ്യവസ്ഥ പാലിക്കുന്നുണ്ടോ; വിശദമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) നടത്തിയിട്ടുണ്ട്. മേൽ പഠനത്തിന്റെ കണ്ടെത്തലുകളെ അടിസ്ഥാനമാക്കി മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ തൊഴിലാളികളിൽനിന്നും പ്രതീക്ഷിക്കുന്ന അദ്ധ്വാനത്തിന്റെ തോതിൽ തൊഴിലാളികൾക്ക് പ്രതിദിന കൂലി ലഭിക്കുന്നതിന് ആവശ്യമായ അദ്ധ്വാനത്തിന്റെ തോത് നിലവിലെ CPWD-Data-യിൽ നിന്നും കുറഞ്ഞ അളവിലേയ്ക്ക് എത്തിച്ചിട്ടുണ്ട്. പഠന റിപ്പോർട്ടിലെ പ്രധാന കണ്ടെത്തൽ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. മൃഗപരിപാലനം, നെൽകൃഷി ഉൾപ്പെടെയുള്ള നേരിട്ടുള്ള കാർഷിക പ്രവൃത്തികൾ, കയർ, കൈത്തറി, ഖാദി തുടങ്ങിയ പരമ്പരാഗത മേഖലകളിലെ ജോലികൾ തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തി ഇനങ്ങളായി ഉൾപ്പെടുത്തുവാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുമതി ലഭിച്ചിട്ടില്ല.

(സി) കുറഞ്ഞകൂലി എന്നത് തൊഴിലുറപ്പിനെ സാരമായി ബാധിച്ചിട്ടില്ല. കേന്ദ്രസർക്കാരിൽനിന്നും യഥാസമയം ഫണ്ട് ലഭ്യമാകാത്തതുമൂലം കൂലി നൽകുന്നതിന് ഉണ്ടായിട്ടുള്ള കാലതാമസം തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ഈ വിഷയം നിരവധി തവണ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. രണ്ട് ആഴ്ചയ്ക്കകം കൂലി വിതരണം ചെയ്തില്ലെങ്കിൽ അതിനുള്ള നഷ്ടപരിഹാരം കണക്കാക്കുന്നതിനുള്ള സംവിധാനം മഹാത്മാഗാന്ധി എൻ.ആർ.ജി.എ.യുടെ കമ്പ്യൂട്ടർ സോഫ്റ്റ്‌വെയറിൽ നിലവിലുണ്ട്. നഷ്ടപരിഹാരം സംസ്ഥാന സർക്കാർ ആദ്യം കൊടുക്കുകയും പിന്നാലെ പ്രസ്തുത തുക കാലതാമസത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്ന് തിരികെ ഈടാക്കുകയും ചെയ്യുന്നതിനുള്ള ചട്ടങ്ങൾ രൂപീകരിക്കാനുള്ള നടപടികൾ നടന്നുവരുന്നു.

## ചക്കയുടെ ഔഷധഗുണങ്ങൾ

17(*287) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. എം. ഉമ്മർ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചക്കയുടെ ഔഷധഗുണങ്ങളെപ്പറ്റി പഠനങ്ങളെന്തെങ്കിലും നടന്നിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) അയൽ സംസ്ഥാനങ്ങളിൽ തോട്ടവിള ഉല്പന്നമായ ചക്കയിൽ കീടനാശിനിപ്രയോഗം സർവ്വസാധാരണമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) സംസ്ഥാനത്തെ ചക്ക ഉല്പന്നങ്ങൾ വിഷരഹിതമായതിനാൽ വിഷമുക്ത ഭക്ഷ്യവിഭവമെന്നനിലയിൽ ചക്കയ്ക്കും കുരുവിനും സർട്ടിഫിക്കേഷൻ നല്കാനും ചക്കശേഖരണം, പ്രോസസിംഗ്, വിപണനം എന്നിവയ്ക്കായുള്ള ചെറുകിട സംരംഭങ്ങൾക്ക് പ്രോത്സാഹനം നല്കാനും തയാറാവുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) കൃഷി വകുപ്പിന്റെ കീഴിൽ ചക്കയുടെ ഔഷധഗുണങ്ങളെപ്പറ്റി പഠനം നടത്തിയിട്ടില്ല. എന്നാൽ കേരള കാർഷിക സർവ്വകലാശാലയുടെ അമ്പലവയൽ കേന്ദ്രത്തിൽ ചക്കയുടെ ഔഷധ ഗുണത്തെപ്പറ്റിയുള്ള പഠനം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കൃഷി വകുപ്പും യൂണിവേഴ്സിറ്റിയും ചേർന്ന് അന്താരാഷ്ട്ര ചക്ക മഹോത്സവവും അന്താരാഷ്ട്ര വർക്ക്ഷോപ്പും സംഘടിപ്പിക്കുകയുണ്ടായി.

(ബി) ഉണ്ട്.

(സി) കേരളത്തിൽ വിഷമുക്ത ഭക്ഷ്യ വിഭവമെന്ന നിലയിൽ ചക്കയ്ക്ക് വളരെയേറെ പ്രാധാന്യമാണുള്ളത്. ചക്കപ്പഴം മാത്രമല്ല, പച്ചക്കറിയും ഔഷധവും പ്രധാന ഭക്ഷണമാണെന്ന സന്ദേശം ജനങ്ങളിലെത്തിച്ച് ഒരു ചക്കപോലും പാഴാക്കാതെ ഭക്ഷണമായോ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കിയോ ഉപയോഗിക്കുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി കൃഷി വകുപ്പിന്റെയും കാർഷിക സർവ്വകലാശാല, കാർഷിക വിജ്ഞാന കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ അന്താരാഷ്ട്ര ചക്കമേള വയനാട് അമ്പലവയലിൽ ആഗസ്റ്റ് 9 മുതൽ 14 വരെ സംഘടിപ്പിക്കുകയും ചെയ്തു. കൂടാതെ ചക്കയ്ക്കായി ഒരു അഗ്രോപാർക്ക് തൃശ്ശൂർ ജില്ലയിൽ സ്ഥാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ചക്കയ്ക്കും കുരുവിനും സർട്ടിഫിക്കേഷൻ നൽകൽ, ചക്കശേഖരണം, പ്രോസസ്സിംഗ്, വിപണനം, മൂല്യവർദ്ധനവ് മുതലായവ അഗ്രോപാർക്ക് സ്ഥാപിക്കുന്നതോടുകൂടി പരിഹരിക്കപ്പെടുന്നതാണ്.

**ലൈഫ് മിഷൻ പദ്ധതി**

18(*288) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ സംവിധാനങ്ങളിലൂടെ നടത്തിയ ലൈഫ് മിഷൻ സർവ്വെയിൽ എത്ര കുടുംബങ്ങൾക്കാണ് പാർപ്പിടം ഇല്ലാത്തതായി കണ്ടെത്തിയിട്ടുള്ളത്;

(ബി) പദ്ധതിക്കായി ഇതിനകം എത്ര ഏക്കർ ഭൂമി കണ്ടെത്തി; പദ്ധതിക്കായി സൗജന്യമായി ഭൂമി ലഭ്യമാക്കുന്നതിന് പ്രത്യേക യജ്ഞം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ധനസമാഹരണത്തിനായി വ്യാപാരികളുടെയും വ്യവസായികളുടെയും സഹകരണം തേടിയിട്ടുണ്ടോ; അവരുടെ പ്രതികരണം എന്താണ് എന്ന് വെളിപ്പെടുത്തുമോ;

(ഡി) എന്നത്തേയ്ക്ക് പദ്ധതിയുടെ പ്രാരംഭഘട്ടമെങ്കിലും പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) കുടുംബശ്രീ നടത്തിയ സർവ്വേയിൽ പ്രാഥമികമായി ഭവനരഹിതരായി 506904 പേരെയാണ് കണ്ടെത്തിയിട്ടുള്ളത്. ഇതിൽ 373138 ഭൂരഹിത ഭവനരഹിതരും 133766 ഭൂമിയുള്ള ഭവന രഹിതരുമാണുള്ളത്.

(ബി) 123 ഏക്കർ ഭൂമി ഇതുവരെ കണ്ടെത്തിയിട്ടുണ്ട്. ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിന് സ്വമേധയാ ഭൂമി സംഭാവന ചെയ്യുന്നതിലേയ്ക്കായി ഒരു യജ്ഞം ആരംഭിക്കുവാനും ആയതിന് 2017 ഒക്ടോബർ 2-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഉദ്ഘാടനത്തോടെ തുടക്കം കുറിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

(സി) ധനസമാഹരണത്തിനായി വ്യാപാരികളുടെയും വ്യവസായികളുടെയും സഹകരണം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പദ്ധതിയുടെ പ്രാരംഭഘട്ടമായ ഗുണഭോക്താക്കളെ കണ്ടെത്തൽ 2017 സെപ്റ്റംബറിൽ പൂർത്തീകരിക്കുന്നതാണ്. പദ്ധതി അഞ്ചുവർഷംകൊണ്ട് പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

**ജലഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ**

19(*289) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളിലെ അമിതമായ തിരക്കു കുറയ്ക്കുക എന്ന ലക്ഷ്യം മുൻനിർത്തി ജലഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻവേണ്ട പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) നിലവിൽ ജലഗതാഗത വകുപ്പിന് എത്ര ബോട്ടുകൾ ഉണ്ടെന്നും അവയുടെ കാലപ്പഴക്കമെത്രയെന്നും അറിയിക്കാമോ; യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സജ്ജീകരണങ്ങൾ എന്തെല്ലാമാണ്;

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി):

(എ) റോഡ് ഗതാഗതം വഴിയുള്ള തിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി ജലമാർഗ്ഗം വഴി ദൂരം കുറവുള്ള റൂട്ടുകൾ കേന്ദ്രീകരിച്ച് വകുപ്പ് ഫെറി, സർക്കുലർ സർവ്വീസുകൾ നടത്തിവരുന്നു. വകുപ്പിന്റെ വൈക്കം-തവണക്കടവ്, ഫോർട്ടുകൊച്ചി-മട്ടാഞ്ചേരി, വൈറ്റില-കാക്കനാട് എന്നീ സർവ്വീസുകൾ ഇതിന് ഉദാഹരണങ്ങളാണ്. കരമാർഗ്ഗം ഏകദേശം 15 കിലോമീറ്ററോളം സഞ്ചരിക്കേണ്ട വൈക്കം-തവണക്കടവ് റൂട്ടിൽ നിലവിലുള്ള ബോട്ടുകൾക്കുപുറമെ അത്യാധുനിക സംവിധാനങ്ങളടങ്ങിയ സോളാർ ബോട്ടുകൂടി ഉപയോഗിച്ച് ജലമാർഗ്ഗം 4 കിലോമീറ്റർ മാത്രം ദൈർഘ്യമുള്ള ഫെറി സർവ്വീസ് വകുപ്പ് നടത്തിവരുന്നു. ഫോർട്ടുകൊച്ചി-വൈപ്പിൻ-മട്ടാഞ്ചേരി എന്നിവിടങ്ങളിലെ ജനങ്ങൾക്ക് റോഡ് മാർഗ്ഗമുള്ള യാത്രാക്ലേശം ഒഴിവാക്കി എറണാകുളം സിറ്റിയുമായി ബന്ധപ്പെടുത്തുന്നതിന് വകുപ്പിന്റെ സർക്കുലർ സർവ്വീസുകൾ സഹായിക്കുന്നു. വൈറ്റില-കാക്കനാട് സർവ്വീസ് മുഖേന ഏകദേശം 20 മിനിട്ട് കൊണ്ട് ഇൻഫോപാർക്ക് മുതലായ ഗതാഗത തിരക്കേറിയ പ്രദേശങ്ങളിലേയ്ക്ക് കരമാർഗ്ഗമുള്ള തിരക്ക് മറികടന്ന് എത്തിച്ചേരുന്നതിന് വകുപ്പ് സർവ്വീസുകൾ സഹായിക്കുന്നു. ഒരേസമയം എട്ട് ബൈക്കുകൾ കയറ്റാവുന്ന 6 പാസഞ്ചർ-കം-വെഹിക്കിൾ ക്യാരിയർ ബോട്ടുകൾ ഉപയോഗിച്ചുള്ള വകുപ്പിന്റെ സർവ്വീസുകൾ നിരത്തുകളിലെ തിരക്കുകൾ കുറയ്ക്കുന്നതിനും സഹായകരമാണ്. ജലമാർഗ്ഗമുള്ള വേഗതയേറിയ യാത്രാസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വൈക്കം-എറണാകുളം, ആലപ്പുഴ-കുമരകം-കോട്ടയം എന്നീ റൂട്ടുകളിൽ അതിവേഗ യാത്രാബോട്ട് സർവ്വീസുകൾ ആരംഭിക്കുന്നതിന് വകുപ്പ് നടപടികൾ സ്വീകരിക്കുകയും സർക്കാർ അനുമതിയുടെ അടിസ്ഥാനത്തിൽ ഇതിനായുള്ള രണ്ട് 120 പാസഞ്ചർ കപ്പാസിറ്റിയുള്ള എ.സി. ബോട്ടുകളുടെ നിർമ്മാണം നടന്നുവരികയുമാണ്. കൊല്ലം മേഖലയിൽ സീ-അഷ്ടമുടി എന്ന പേരിൽ 2 പാസഞ്ചർ-കം-ടൂറിസം ബോട്ടുകൾ അനുവദിക്കുന്നതിനും ആലപ്പുഴ മേഖലയിൽ ടൂറിസത്തിനായി അത്യാധുനിക ക്രൂയ്സ് ബോട്ടുകൾ അനുവദിക്കുന്നതിനും മുഹമ്മ, ആലപ്പുഴ, എറണാകുളം എന്നീ പ്രധാന സ്റ്റേഷനുകളിൽ പുതിയ വാട്ടർ ടാക്സി സർവ്വീസുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ഈ സർവ്വീസുകൾ ആരംഭിക്കുന്നതോടുകൂടി റോഡുകളിലെ അമിതമായ തിരക്ക് കുറയ്ക്കുവാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) സംസ്ഥാന ജലഗതാഗത വകുപ്പിന് നിലവിൽ 96 ബോട്ടുകളാണുള്ളത്. ഇവ ഉപയോഗിച്ച് 52 ഷെഡ്യൂളുകളിലായി വകുപ്പ് സർവ്വീസ് നടത്തിവരുന്നു. സർവ്വീസ് ബോട്ടുകളിൽ 15 വർഷത്തിന് താഴെ മാത്രം പഴക്കംചെന്ന 37 സ്റ്റീൽ ബോട്ടുകളും 10 വർഷത്തിനും 39 വർഷത്തിനുമിടയിൽ പഴക്കമുള്ള 16 തടി ബോട്ടുകളും പുതിയതായി 2015-ൽ നിർമ്മിച്ച ഒരു ഫൈബർ സോളാർ ബോട്ടും ഉൾപ്പെടുന്നു. ബോട്ടപകടങ്ങൾ ഒഴിവാക്കുന്നതിനും സുരക്ഷ ഉറപ്പുവരുത്തുന്ന തിലേയ്ക്കുമായി കേരള ഇൻലാന്റ് വെസൽ റൂൾ 2010 അനുശാസിക്കുന്ന എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും വകുപ്പ് ബോട്ടുകൾ പാലിച്ചുവരുന്നു. യാത്രക്കാർക്കും ജീവനക്കാർക്കുമായി ജീവൻരക്ഷാ ഉപകരണങ്ങളായ ലൈഫ് ജാക്കറ്റുകൾ, ലൈഫ് ബോയ്, ബോയന്റ് അപ്പാരറ്റസ്, ഫയർ എക്സ്റ്റിങ്ങ്ക്യൂഷർ എന്നിവ എല്ലാ ബോട്ടുകളിലും സജ്ജീകരിച്ചിട്ടുണ്ട്. കേരള തുറമുഖ വകുപ്പിന്റെ ഫിറ്റ്നസ്സ് പരിശോധനയ്ക്കും അതുവഴി ലഭിക്കുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾക്കും വിധേയമായി മാത്രമാണ് വകുപ്പ് സർവ്വീസ് ബോട്ടുകൾ അനുവദിക്കുന്നത്. മുഹമ്മ, ആലപ്പുഴ, എറണാകുളം എന്നീ പ്രധാന സ്റ്റേഷനുകളിൽ പുതിയ വാട്ടർ ടാക്സി സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇന്ത്യയിൽ തന്നെ ആദ്യമായി സോളാർ സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ബോട്ടുപയോഗിച്ച് വകുപ്പിന്റെ വൈക്കം റൂട്ടിൽ സർവ്വീസ് നടത്തിവരുന്നു. G. O. (Rt.) No.450/2016/Trans. Dtd.29-11-2016 പ്രകാരം നിലവിലുള്ള 14 ബോട്ടുകൾ മാറ്റി ആധുനിക സാങ്കേതികവിദ്യയും അതിവേഗതയുമുള്ള ബോട്ടുകളാക്കി മാറ്റുന്നതിന് സർക്കാരിൽനിന്നും അനുമതി ലഭിച്ചതിനെത്തുടർന്ന് ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

**റോഡ് സുരക്ഷാ അതോറിറ്റിയുടെ ചുമതലകൾ**

20(*290) ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ :

ശ്രീ. കെ. ആൻസലൻ :

പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷാ അതോറിറ്റിയുടെ ചുമതലകൾ എന്തെല്ലാം എന്നും ഈ ചുമതലകൾ ഫലപ്രദമായി വിനിയോഗിക്കുന്നതിൽ അതോറിറ്റി വിജയിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(ബി) റോഡപകടങ്ങളും അതുവഴിയുള്ള മരണങ്ങളും അനുദിനം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ റോഡ് സുരക്ഷാ അതോറിറ്റിയുടെ ഇടപെടൽ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നടപടി സ്വീകരിക്കുമോ;

(സി) അതോറിറ്റിയുടെ ഫണ്ടിന്റെ സ്രോതസ്സും അത് കൃത്യമായി ലഭിക്കുന്നുണ്ടോയെന്നും ഫണ്ട് നിർദ്ദിഷ്ട ആവശ്യത്തിന് തന്നെ നിശ്ചിത സമയത്തിനുള്ളിൽ വിനിയോഗിക്കുന്നുണ്ടോ എന്നും അറിയിക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി):

(എ) 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ടിന്റെ വകുപ്പ് 4 പ്രകാരം കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ ചുമതലകൾ താഴെ പറയുന്നവയാണ്:

(i) റോഡ് സുരക്ഷാ നയങ്ങളിന്മേൽ സർക്കാരിനെ ഉപദേശിക്കുക;

(ii) റോഡ് സുരക്ഷാ നിലവാരവും നടപടിക്രമങ്ങളും നിർണ്ണയിക്കുകയും നടപ്പിലാക്കുകയും ചെയ്യുക;

(iii) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പദ്ധതികളും പ്രോജക്റ്റുകളും പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കുക;

(iv) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് കർത്തവ്യ നിർവ്വഹണം നടത്തുന്ന എല്ലാ ഏജൻസികളുടെയും സർക്കാർ വകുപ്പുകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുക;

(v) റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുക;

(vi) ഫണ്ടിന്റെ നടത്തിപ്പ്;

(vii) റോഡ് സുരക്ഷാ പദ്ധതികളും, പരിപാടികളും നടപ്പിൽ വരുത്തുന്നതിനുള്ള ചെലവ് അനുവദിക്കുക;

(viii) റോഡ് സുരക്ഷാ പ്രോജക്റ്റുകൾക്കുവേണ്ടിയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സാമഗ്രികളും ഉപകരണങ്ങളും വാങ്ങുന്നതിനും സ്ഥാപിക്കുന്നതിന് വേണ്ടിയും ചെലവ് അനുവദിക്കുക;

(ix) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സംഗതികളിൽ പഠനങ്ങളും പ്രോജക്ടുകളും ഗവേഷണവും നടത്തുന്നതിന് ചെലവ് അനുവദിക്കുക;

(x) ട്രോമ-കെയർ പരിപാടികൾക്കോ പ്രവർത്തനങ്ങൾക്കോ ഉള്ള ചെലവ് അനുവദിക്കുക;

(xi) അതോറിറ്റിയുടെ ഭരണപരമായ ചെലവുകൾ അനുവദിക്കുക;

(xii) റോഡ് സുരക്ഷാ നടപടികളുമായി ബന്ധപ്പെട്ട സംഗതികൾക്കുള്ള ചെലവ് അനുവദിക്കുക;

(xiii) അതോറിറ്റിയുടെ നേതൃത്വത്തിൽ അപകട സ്ഥലത്തെ രക്ഷാപ്രവർത്തനങ്ങൾക്കായി സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുക;

കേരള റോഡ് സുരക്ഷാ അതോറിറ്റി അതിന്റെ അനുബന്ധ വകുപ്പുകളായ മോട്ടോർ വാഹനം, പോലീസ്, പൊതുമരാമത്ത്, ആരോഗ്യം എന്നിവയുടെയും അനുബന്ധ ഏജൻസിയായ നാറ്റ്പാകിന്റെയും ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ടാണ് വിവിധ റോഡ് സുരക്ഷാ പദ്ധതികൾ നടപ്പിൽ വരുത്തുന്നത്. ദൃശ്യ-ശ്രവ്യ മാധ്യമങ്ങളുടെ സാധ്യത ഉപയോഗപ്പെടുത്തി ജനങ്ങളിൽ റോഡ് സുരക്ഷാവബോധം വളർത്തിയെടുക്കാൻ കേരള റോഡ് സുരക്ഷാ അതോറിറ്റി ശ്രമിച്ചുവരുന്നു. ബോധവൽക്കരണ യത്നങ്ങൾക്കു പുറമെ പോലീസ്-മോട്ടോർ വാഹന വകുപ്പുകൾക്ക് നിരീക്ഷണ ക്യാമറകൾ, ആൾക്കോമീറ്ററുകൾ, ഇന്റർസെപ്റ്റർ വാഹനങ്ങൾ മുതലായവ വാങ്ങുന്നതിന് റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗപ്പെടുത്തിയിട്ടുണ്ട്. പോലീസ്-മോട്ടോർ വാഹനം, പൊതുമരാമത്ത് എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് 2017 ഫെബ്രുവരി 15 മുതൽ മാർച്ച് 15 വരെ റോഡ് സുരക്ഷ മുൻനിർത്തി റോഡ് സേഫ്റ്റി ആക്ഷൻ പ്ലാൻ നടപ്പിൽ വരുത്തുകയുണ്ടായി. കേരള റോഡ് സുരക്ഷ അതോറിറ്റിയുടെ അനുബന്ധ ഏജൻസിയായ നാറ്റ്പാക് കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായും പോലീസ് വകുപ്പിൽ നിന്നുള്ള വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിലും കേരളത്തിലെ റോഡുകളിൽ 355 ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി സമർപ്പിക്കുകയുണ്ടായി. ഇത് 18-1-2017-ൽ നടന്ന മുപ്പത്തിരണ്ടാമത് കേരള റോഡ് സുരക്ഷാ അതോറിറ്റി യോഗം ചർച്ചചെയ്ത് അംഗീകരിക്കുകയും ഇവ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് (ദേശീയ പാതകൾ) ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (റോഡുകളും പാലങ്ങളും) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ, നാറ്റ്പാക് ഡയറക്ടർ, എന്നിവരടങ്ങുന്ന ഒരു ഉപസമിതിയും രൂപീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ സംസ്ഥാനത്തെ റോഡുകൾക്കുവേണ്ടി റോഡ് സേഫ്റ്റി പോളിസിയും, ബ്ലാക്ക്സ്പോട്ട് നിർമ്മാർജ്ജനത്തിനു വേണ്ടിയുള്ള പ്രോട്ടോക്കോളും റോഡ് സേഫ്റ്റി പോളിസിയും തയ്യാറാക്കി നാറ്റ്പാക് സമർപ്പിച്ചിരുന്നു. ഇവ മുപ്പത്തിരണ്ടാമത് അതോറിറ്റി യോഗം അംഗീകരിക്കുകയും അനന്തര നടപടികൾക്കായി അനുബന്ധ വകുപ്പുകൾക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

രാജ്യത്തെ റോഡുകളിലെ ബ്ലാക്ക് സ്പോട്ടുകൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി 1100 കോടി രൂപയുടെ ഫണ്ട് നിലവിലുള്ളതായി മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് & ഹൈവേസ് അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ജില്ലാതലത്തിൽ റോഡ് സുരക്ഷ കാര്യക്ഷമമാക്കുന്നതിനുവേണ്ടി എല്ലാ ജില്ലകളിലെയും ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് തുക നൽകിവരുന്നു. അപകട കാരണങ്ങൾ പരിശോധിച്ച്, ആയവ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ആക്സിഡന്റ് റിവ്യൂ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. സ്കൂളുകൾക്ക് സമീപം ഉണ്ടാകുന്ന അപകടങ്ങൾ ലഘൂകരിക്കുവാൻ പൊതുമരാമത്ത് വകുപ്പ് മുഖാന്തരം സ്കൂൾ സേഫ് സോൺ നിർമ്മിക്കുവാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

ആരോഗ്യവകുപ്പുവഴി ട്രോമാകെയർ യൂണിറ്റുകൾ ശക്തിപ്പെടുത്തുവാനും, പൊതുമരാമത്ത് വകുപ്പുവഴി ക്രാഷ് ബാരിയറുകൾ നിർമ്മിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പോലീസ് വകുപ്പിന് ശുഭയാത്ര എന്ന ട്രാഫിക് ബോധവൽക്കരണ പരിപാടി നടത്തുന്നതിന് അതോറിറ്റിയിൽനിന്ന് ഫണ്ട് നൽകിയിട്ടുണ്ട്. ശബരിമല സേഫ് സോൺ പദ്ധതിയുടെ ഭാഗമായി മോട്ടോർ വാഹന വകുപ്പിന് ഫണ്ട് അനുവദിച്ചു വരുന്നു. കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശമനുസരിച്ച് എല്ലാ വർഷവും റോഡ് സുരക്ഷാവാരം ആചരിക്കുന്നതിന്റെ ഭാഗമായി മോട്ടോർ വാഹന വകുപ്പിന് ഫണ്ട് അനുവദിച്ചുവരുന്നു. ഇതിനുപുറമെ റോഡ് സുരക്ഷാ സംബന്ധമായ അനുബന്ധ വകുപ്പുകളുടെയും ഏജൻസികളുടെയും ശിപാർശകൾക്ക് അതോറിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ഫണ്ട് അനുവദിച്ചിരുന്നു. റോഡ് സുരക്ഷാ അതോറിറ്റി വിവിധ അനുബന്ധ വകുപ്പുകൾവഴി നടത്തിയ പ്രവർത്തനഫലമായി ഈ വർഷം അപകട നിരക്കും അപകടത്തിൽ മരണമടഞ്ഞവരുടെ എണ്ണവും മുൻവർഷത്തെ അപേക്ഷിച്ച് കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം ജൂലൈ മാസം വരെ 23340 അപകടങ്ങളിൽ 2595 മരണങ്ങൾ ഉണ്ടായപ്പോൾ 2017 ജൂലൈയിൽ ഇത് യഥാക്രമം 22353 അപകടങ്ങളിൽ 2338 മരണമായി കുറഞ്ഞിട്ടുണ്ട്. അതായത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ വർഷം അപകടംമൂലമുള്ള മരണനിരക്ക് ഏകദേശം

10 ശതമാനത്തോളം കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടുതൽ അപകടങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽ പോലീസ്, മോട്ടോർ വാഹനം, പൊതുമരാമത്ത് എന്നീ വകുപ്പുകളുടെ പ്രവർത്തനഫലമായി വാഹനം ഉപയോഗിക്കുന്നവരുടെ ബുദ്ധിമുട്ടുകൾ ഒരു പരിധിവരെ പരിഹരിക്കുവാൻ സാധിച്ചിട്ടുണ്ട്.

(ബി) 28-1-2017-ലെ ജി. ഒ. (എംഎസ്.) 6/2017 എന്ന സർക്കാർ ഉത്തരവിലൂടെ കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ അഞ്ച് വിദഗ്ധരുടെ തസ്തികകൾ താൽക്കാലികാടിസ്ഥാനത്തിൽ സൃഷ്ടിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. ഈ തസ്തികകൾ നിലവിൽ വരുന്നതോടെ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായിത്തീരും.

(സി) 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ടിലെ സെക്ഷൻ 11(2) അനുസരിച്ച് റോഡ് സുരക്ഷാ ഫണ്ടിന്റെ സ്രോതസ്സ് ഇപ്രകാരമാണ്.

(എ) വാഹനങ്ങളുടെ ഒറ്റത്തവണ സെസ്സിൽനിന്നും ഈടാക്കുന്ന തുക സംസ്ഥാനത്തെ സഞ്ചിതനിധിയിൽ അടച്ചശേഷം സർക്കാർ നിശ്ചയിച്ച പ്രകാരമുള്ള ചെലവ് കുറച്ചശേഷം ധനവിനിയോഗംവഴി കൈമാറ്റം ചെയ്യപ്പെടുന്ന തുക.

(ബി) സർക്കാർ നൽകുന്ന ഗ്രാന്റുകളുടെ വായ്പകളും മുൻകൂറുകളും.

(സി) പൊതുമേഖലാസ്ഥാപനങ്ങളിൽ നിന്നോ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നോ സംഘടനകളിൽ നിന്നോ ഉള്ള സംഭാവനകൾ.

(ഡി) 1988 -ലെ മോട്ടോർ വാഹന ആക്ടിന്റെ 200-ാം വകുപ്പിൻ കീഴിൽ മുൻവർഷത്തിൽ ശേഖരിച്ച രാജിയാക്കൽ ഫീസിന്റെ അൻപത് ശതമാനത്തിന് തുല്യമായ തുക.

ഇവയിൽ എ, ബി എന്നിവ പ്രകാരമുള്ള തുകയാണ് ഭാഗികമായി ഇതുവരെ റോഡ് സുരക്ഷാ അതോറിറ്റി ഫണ്ടിലേയ്ക്കനുവദിച്ചിട്ടുള്ളത്. കഴിഞ്ഞ മൂന്ന് വർഷമായി റോഡ് സുരക്ഷാ ഫണ്ടിലേയ്ക്ക് ബജറ്റ് വിഹിതമായി വകയിരുത്തിയ തുക ടി ഫണ്ടിലേയ്ക്ക് മാറ്റുന്നതിനുള്ള അനുമതി നൽകിയിട്ടില്ല. റോഡ് സുരക്ഷാ ഫണ്ടിലേയ്ക്കനുവദിക്കപ്പെടുന്ന തുക സാമ്പത്തിക വർഷാവസാനത്തോടെ റദ്ദ് ചെയ്യപ്പെടുന്നില്ല. ആയതിനാൽ ഫണ്ട് ഉപയോഗത്തിന് സമയപരിധിയില്ല.

## സമ്പൂർണ്ണ അഗതി രഹിത സംസ്ഥാനം

21(*291) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ സമ്പൂർണ്ണ അഗതി രഹിത സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) സംസ്ഥാനത്ത് അഗതികളുടെ സർവ്വെ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് ആരംഭിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ ഏതെല്ലാം തദ്ദേശസ്വയംഭരണ പ്രദേശങ്ങളിൽ അഗതി രഹിത പദ്ധതി നടപ്പിലായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസി ഏതാണെന്ന് അറിയിക്കുമോ;

(ഡി) ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര കുടുംബങ്ങൾക്ക് സംരക്ഷണം ലഭിക്കുമെന്നാണ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) :

(എ) കേരളത്തെ സമ്പൂർണ്ണ അഗതി രഹിത സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിന് 'അഗതി രഹിത കേരളം 'പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്.

(ബി) അയൽക്കൂട്ട തലത്തിൽ അംഗതികളെ കണ്ടെത്തുന്ന പ്രാഥമിക പ്രവർത്തനം ആരംഭിച്ചു. ശാസ്ത്രീയമായ സർവ്വേ ഒക്ടോബർ 4-ന് ആരംഭിക്കുന്നതാണ്. പ്രസ്തുത സർവ്വേയിൽ നിലവിലുള്ളതും ഉൾപ്പെട്ടിട്ടില്ലാത്തതുമായ അർഹരായ മുഴവൻ ഗുണഭോക്താക്കളെയും കണ്ടെത്തുകയും അനർഹരെ ഒഴിവാക്കുകയും ചെയ്ത് തദ്ദേശസ്വയംഭരണതലത്തിൽ ഒരു ലിസ്റ്റാക്കി പ്രസിദ്ധീകരിക്കുന്നതിനും ഇവർക്കായി ഏകീകരിച്ച ഒരു പദ്ധതി തയ്യാറാക്കുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) അഗതികളുടെ പുനരധിവാസത്തിനായി നിലവിൽ 'ആശ്രയ പദ്ധതി ' എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പിലാക്കുന്നുണ്ട്. അഗതി രഹിത കേരളം പദ്ധതിയുടെ നിർവ്വഹണ ഏജൻസി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മേൽനോട്ടം കുടുംബശ്രീയുമാണ്.

(ഡി) സർവ്വേ പൂർത്തീകരിച്ചതിന് ശേഷമേ കൃത്യമായ കണക്കുകൾ ലഭ്യമാകുകയുള്ളൂ.

**കർഷകർക്ക് മിനിമം വരുമാനം ഉറപ്പുവരുത്തുന്നതിന് പദ്ധതികൾ**

22(*292) ശ്രീ. പി. കെ. ശശി :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലാവസ്ഥാശ്രിത കൃഷിയാണ് മുഖ്യമെന്നതിനാൽ കാലാവസ്ഥയിലെയും വിലയിലെയും അനിശ്ചിതാവസ്ഥ പുതുതലമുറയെ കൃഷിയിൽ നിന്ന് അകറ്റുന്നത് പരിഹരിക്കാനായി കർഷകർക്ക് മിനിമം വരുമാനം ഉറപ്പു വരുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ;

(ബി) മുൻ ബജറ്റിൽ പ്രഖ്യാപിച്ചതിന്റെയടിസ്ഥാനത്തിൽ കാർഷിക മൂല്യവർദ്ധിതവ്യവസായങ്ങൾ ആരംഭിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(സി) കാർഷിക വികസനം ലക്ഷ്യമാക്കി പ്രഖ്യാപിച്ച കാസർഗോഡ്, വയനാട് പാക്കേജുകളുടെ പുരോഗതി അറിയിക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) കർഷകർക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കുന്നുണ്ട്. കർഷകരുടെ വരുമാനം ഇരട്ടിയാക്കുന്നതുമായി ബന്ധപ്പെട്ട് കൃഷി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ, കാർഷിക സർവ്വകലാശാല വി.സി., CTCRI ഡയറക്ടർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഒരു ഉന്നതതലയോഗം ചേർന്ന് തുടർ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. കാർഷികോൽപ്പന്നങ്ങൾ വ്യാപാരം ചെയ്യുന്നതിലൂടെ ലഭിക്കുന്ന ലാഭം പങ്കിടുന്നതിന് കർഷകർക്ക് നിയമപരമായ അവകാശം ഉറപ്പ് നൽകുന്നതിനായി "അവകാശലാഭം"എന്ന ആശയം പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ പുതിയ തലമുറയെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനുവേണ്ടി മൂല്യവർദ്ധിത മേഖലകളിൽ ഉൾപ്പെടെ പുത്തൻ ആശയങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. കാലാവസ്ഥയിലെയും വിലയിലെയും അനിശ്ചിതാവസ്ഥയിൽനിന്നും കർഷകരെ സംരക്ഷിക്കുന്നതിനും സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാന സർക്കാർ വിള ഇൻഷ്വറൻസ് പദ്ധതി, വിപണിയിൽ വില സ്ഥിരത ഉറപ്പാക്കുന്നതിനുള്ള വിപണി

ഇടപെടൽ (സംഭരണം) പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. (വിശദാംശങ്ങൾ അനുബന്ധം -1 ആയി ചേർക്കുന്നു.*)

പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനുള്ള അടിയന്തര പരിപാടിക്കായി 2017-18-ൽ 2 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അവിചാരിതമായ കാരണങ്ങളാൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് അത്തരം സന്ദർഭങ്ങൾ നേരിടുന്നതിനായി നെൽവിത്തിന്റെയും മറ്റ് കാർഷിക വിളകളുടെയും ഒരു കരുതൽ ശേഖരം ഉണ്ടാക്കുന്നതിനായിട്ടാണ് തുക വകകൊള്ളിച്ചിട്ടുള്ളത്.

വിലനിലവാരം സ്ഥിരപ്പെടുത്തുവാൻ വിപണിയിലിടപെടുന്നതിനായി പതിനഞ്ച് കോടി രൂപ വിലസ്ഥിരതാ ഫണ്ടിനായി ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. തെരഞ്ഞെടുത്ത കാർഷികോല്പന്നങ്ങളുടെ വിലസ്ഥിരതയ്ക്കും കർഷകർക്ക് മികച്ച വരുമാനം ലഭ്യമാക്കുക എന്ന ലക്ഷ്യം നിറവേറ്റുന്നതിനും വേണ്ടി വിളവെടുപ്പ് കാലങ്ങളിൽ നിയുക്ത ഏജൻസികൾവഴി സംഭരണ നടപടികളിലൂടെ വിപണിയിൽ ഇടപെടൽ നടത്തുന്നതിനായാണ് തുക വകകൊള്ളിച്ചിട്ടുള്ളത്.

(ബി) കാർഷിക മൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി 2016-17-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 15 അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതാപഠനം നടത്തുന്നതിനും ആശയക്കുറിപ്പ് തയ്യാറാക്കുന്നതിനും, സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതിനും നബാർഡിന്റെ കീഴിലുള്ള കൺസൾട്ടൻസി ഏജൻസിയായ NABCONS-നെ സർക്കാർ ഉത്തരവ് ജി. ഒ. (എംഎസ്.) നമ്പർ 71/2017/എഡി തീയതി, 17-5-2017 പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. NABCONS-ന്റെ പഠന റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കേരള അഗ്രോ ബിസിനസ്സ് കമ്പനി (KABCO) എന്ന പേരിൽ സർക്കാർ ഉടമസ്ഥതയിൽ ഒരു കമ്പനി കമ്പനീസ് ആക്ട് പ്രകാരം രൂപീകരിക്കുന്നതാണ്. ഇതിനായി നടപ്പു സാമ്പത്തിക വർഷത്തെ ബജറ്റിൽ 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കേരള അഗ്രോ ബിസിനസ്സ് കമ്പനി രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു. താഴെപ്പറയുംപ്രകാരമാണ് അഗ്രോ പാർക്കുകൾ സ്ഥാപിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത്.

1. നാളികേര അഗ്രോപാർക്കുകൾ-തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, തിരുവനന്തപുരം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2. നെല്ല് അധിഷ്ഠിത അഗ്രോപാർക്കുകൾ-പാലക്കാട്, ആലപ്പുഴ, എറണാകുളം.

3. വാഴപ്പഴത്തിനും തേനിനും അഗ്രോപാർക്ക് - തൃശ്ശൂർ.

4. സ്പൈസസ് പാർക്കുകൾ- ഇടുക്കി, വയനാട്.

5. റബ്ബർ അധിഷ്ഠിത വ്യവസായ പാർക്കുകൾ- കോട്ടയം, പത്തനംതിട്ട.

6. ചക്കയ്ക്കുള്ള അഗ്രോപാർക്ക്- മാള, തൃശ്ശൂർ.

7. പച്ചക്കറി മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ അഗ്രോപാർക്ക് - കാന്തല്ലൂർ, ഇടുക്കി.

നാളികേരത്തിനായുള്ള അഗ്രോപാർക്കുകൾ ആരംഭിക്കുമ്പോൾ 2017-18-ലെ ബജറ്റിൽ പ്രഖ്യാപിച്ചതുപോലെ നാളികേരത്തിന്റെ ഉൽപ്പാദനവും മൂല്യവർദ്ധനവും ത്വരിതപ്പെടുത്തുന്നതിനായി കൂടുതൽ പ്രൊഡ്യൂസർ കമ്പനികൾ ആരംഭിക്കുന്നതാണ്.

(സി) കാർഷിക വികസനം ലക്ഷ്യമാക്കിയുള്ള കാസർഗോഡ് പാക്കേജ് പദ്ധതിയുടെ വാർഷികാടിസ്ഥാനത്തിലുള്ള പുരോഗതി അനുബന്ധം 2 ആയി ചേർക്കുന്നു*.

വയനാട് പാക്കേജ്-2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ 19 കോടി രൂപയുടെ വയനാട് പാക്കേജ് പദ്ധതി പ്രഖ്യാപിച്ചിരുന്നു. കുരുമുളകിന്റെ സമഗ്ര വികസനം, വയനാട്ടിലെ തനത് നെല്ലിനങ്ങളുടെ സംരക്ഷണവും വ്യാപനവും, നീർത്തടാധിഷ്ഠിത മണ്ണ് ജലസംരക്ഷണവും ജലവിനിയോഗവും കൃഷിവികസനവും, മറ്റ് പ്രാദേശിക വിളകളുടെ വികസനം, മണ്ണിന്റെ സമ്പുഷ്ടീകരണം എന്നിവ ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങളാണ്. ഇതിനായുള്ള പ്രോജക്ട് പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

**കെ.എസ്.ആർ.ടി.സി. സമഗ്രരക്ഷാ പാക്കേജ്**

23(*293) ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ കടക്കെണിയിൽനിന്നും ലാഭത്തിലെത്തിക്കുവാൻ സമഗ്രരക്ഷാ പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കടബാധ്യത കുറയ്ക്കുന്നതിനും ധനകാര്യ പുനഃസംഘടന ഉറപ്പാക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിവരിക്കുമോ;

(സി) ബസ്സുകളിൽ പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്നതിനും കോർപ്പറേഷന്റെ ശാക്തീകരണത്തിനുമുള്ള പരിഷ്കാരങ്ങൾ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി):

(എ & ബി) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് താഴെ ചേർത്തിരിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്:

സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് 10,000 രൂപയിൽ താഴെ വരുമാനമുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്.

1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്തുനിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുംവേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്.

യാത്രക്കാരെ ആകർഷിക്കുന്നതിനും പൊതുജനങ്ങൾക്ക് പണരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി ട്രാവൽ കാർഡ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

സർക്കാരിന്റെ സ്ത്രീ സുരക്ഷാനയത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ രണ്ട് പിങ്ക് ബസ്സുകൾ ഇതിനോടകംതന്നെ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.

സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിച്ചിട്ടുമുണ്ട്.

ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസ്സുകളിലേയ്ക്ക് ആകർഷിക്കുന്നതിലേക്കും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേയ്ക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോടുകൂടിയ എയർ എക്സ്പ്രസ് ബസ്സുകളും സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്.

സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയംകൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയതരം സർവ്വീസുകൾ ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്.

കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർസംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർസംസ്ഥാന റൂട്ടുകളിലേയ്ക്കും പുതിയ സർവ്വീസുകളും വാരാന്ത്യ പ്രത്യേക അന്തർസംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്.

വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്.

പഴക്കംചെന്ന സൂപ്പർ ക്ലാസ്സ് ബസ്സുകൾ മാറ്റുന്നതിലേയ്ക്കായും പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിലേയ്ക്കുമായി 900 ബസുകൾ വാങ്ങുന്നതിനായി KIIFB ഫണ്ടിംഗ് ലഭ്യമാക്കുന്ന വിഷയം പരിശോധിച്ചുവരികയാണ്.

മെക്കാനിക്കൽ ജീവനക്കാരുടെ സമയക്രമം, ബസുകൾ സർവ്വീസ് കഴിഞ്ഞു വരുന്ന സമയത്തിനനുസൃതമായി പുനഃക്രമീകരിച്ചതിലൂടെ ജോലി ചെയ്യുന്നതിന് വാഹനം ലഭിക്കാതെ ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

മെക്കാനിക്കൽ ജീവനക്കാരുടെ അധ്വാനഭാരം കുറയ്ക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും Pneumatic impact wrench, Torque multiplier, Automatic tyre changer, Heavy duty portable cutting machine, Hydraualic trolley jack, Hydraulic floor jack മുതലായ ആധുനിക ഉപകരണങ്ങൾകൂടി വാങ്ങി നല്കുന്നതിനുള്ള ദർഘാസ് നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

മെക്കാനിക്കൽ വിഭാഗത്തിൽ work norms പരിഷ്കരിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും മനുഷ്യപ്രയത്നം കുറയ്ക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി ഇതുസംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരളാ പ്രൊഡക്ടിവിറ്റി കൗൺസലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഫ്ളീറ്റ് യൂട്ടിലൈസേഷൻ നിലവിലുള്ളതിൽനിന്നും ദേശീയ ശരാശരിയിലേയ്ക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ജീവനക്കാരുടെ പൂർണ്ണമായ സഹകരണം ഉറപ്പുവരുത്തുന്നതിനുള്ള ശ്രമങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി ഇപ്പോൾ കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുള്ള വായ്പകൾ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് മാറ്റുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതുപ്രകാരം കെ.എസ്.ആർ.ടി.സി.-ക്ക് വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം 45 കോടി രൂപ ലാഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കുന്നതിനോടൊപ്പം ബസ് സ്റ്റേഷനുകളിലെ സ്റ്റാളുകൾ, ക്യാന്റീൻ, ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ എന്നിവ ലേലം/ടെണ്ടർ മുഖേന വാടകയ്ക്ക് നൽകിയും ബസ്സുകളിലും ബസ് സ്റ്റേഷനുകളിലും പരസ്യം പതിക്കുന്നതിന് ടെണ്ടർ മുഖേന ലൈസൻസിയെ കണ്ടെത്തി നൽകിയും കോഫീ വെൻഡിംഗ് മെഷീൻ, ഇന്ത്യൻ കോഫീ ഹൗസ്, എ.ടി.എം. എന്നിവ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുവാൻ സ്ഥലം വാടകയ്ക്ക് നൽകിയും കൊറിയർ സർവ്വീസ് നടത്തിയും കെ.എസ്.ആർ.ടി.സി.-ക്ക് ടിക്കറ്റിതര വരുമാനം ലഭിച്ചുവരികയാണ്. ഇത് ഒരുപരിധിവരെ കെ.എസ്.ആർ.ടി.സി.-യുടെ കടബാധ്യത കുറയ്ക്കുവാൻ സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഉണ്ട്. കെ.എസ്.ആർ.ടി.സി. പരിസ്ഥിതി സൗഹൃദ ഇന്ധനമായ കംപ്രസ്ഡ് നാച്വറൽ ഗ്യാസിലേയ്ക്ക് (CNG) മാറുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ റോഡുകളിൽ ഇത്തരം ബസ്സുകളുടെ ഉപയോഗക്ഷമത നിരീക്ഷിക്കുന്നതിനായി ഒരു സി.എൻ.ജി. ബസ്സ് വാങ്ങിയിട്ടുണ്ട്. നിലവിൽ സി.എൻ.ജി. ഇന്ധനം കൊച്ചിയിൽ ലഭ്യമാണ്. എന്നാൽ ഇവ വാഹനങ്ങളിൽ നിറയ്ക്കുന്നതിന് ആവശ്യമായ Dispensing Unit-കൾ നിലവിൽ കേരളത്തിൽ സ്ഥാപിതമായിട്ടില്ല. കൊച്ചി നഗരത്തിൽ സി.എൻ.ജി. ഇന്ധനം വിതരണം നടത്തുന്നതിന് വിതരണാവകാശം ലഭിച്ച ഐ.ഒ.സി.യുമായി നിരവധി തവണ ചർച്ചകൾ നടത്തുകയും കെ.എസ്.ആർ.ടി.സി.യുടെ തിരുവനന്തപുരം ആനയറ ഡിപ്പോയിലും ആലുവ റീജിയണൽ വർക്ക്ഷോപ്പിലും, തേവരയിലും സി.എൻ.ജി. Dispensing Unit-കൾ സ്ഥാപിച്ച് ഇന്ധനം വിതരണം നടത്തുന്നതിനുള്ള

പ്രാരംഭനടപടികൾ തുടങ്ങിക്കഴിഞ്ഞു. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ 9 കേന്ദ്രങ്ങളിൽ സി.എൻ.ജി./എൽ.എൻ.ജി. റീട്ടെയിൽ ഔട്ട്‌ലെറ്റ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ടെണ്ടർ ക്ഷണിച്ചുകഴിഞ്ഞു.

**നാളികേരത്തിന്റെ ഉല്പാദനം**

24(*294) ശ്രീ. കെ. ദാസൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. വി. ജോയി :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേരത്തിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കേരകൃഷിയുടെയും വ്യവസായത്തിന്റെയും സർവ്വതോന്മുഖമായ വികസനത്തിനായി നാളികേര വികസന ബോർഡ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്;

(സി) പ്രകൃതിക്ഷോഭങ്ങളും വിവിധ കീടബാധയും നിമിത്തം കേരകർഷകർക്കുണ്ടാകുന്ന നാശനഷ്ടങ്ങളിൽനിന്നും അവരെ രക്ഷിക്കുന്നതിന് കേര വൃക്ഷ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) 2017 ചിങ്ങം 1 മുതൽ 2018 ചിങ്ങം 1 വരെയുള്ള ഒരു വർഷം നാളികേര വർഷമായി ആചരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. നാളികേര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ കർമ്മപരിപാടികൾ ഈ ഒരു വർഷക്കാലം ആസൂത്രണം ചെയ്തിട്ടുണ്ട്. നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാനായി സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ടുകൊണ്ട് സമഗ്ര നാളികേര വികസനത്തിനായി ' കേരഗ്രാമം' എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2017-18 വർഷം നടപ്പിലാക്കുന്നു.

പദ്ധതി നടപ്പിലാക്കുവാനായി 250 ഹെക്ടർ വീതം കേരകൃഷി വിസ്തൃതിയുള്ള 44 കേരഗ്രാമങ്ങൾ രൂപീകരിക്കുകയുണ്ടായി. 3332.50 ലക്ഷം രൂപയാണ് ബജറ്റിൽ ഇക്കൊല്ലം പദ്ധതിക്കായി നീക്കിവച്ചിട്ടുള്ളത്. ശാസ്ത്രീയ കൃഷിരീതികൾ അവലംബിച്ച് കൃഷി ചെലവുകൾ ക്രമീകരിച്ചുകൊണ്ട് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാനുതകുന്ന ഘടകങ്ങളെല്ലാംതന്നെ സമഗ്ര നാളികേര വികസനത്തിനായുള്ള ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) കൃഷി വകുപ്പ് മുഖേന നാളികേര വികസന ബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. SCSP/TSP മേഖലകളിൽ തെങ്ങ് പ്രദർശനത്തോട്ടം സ്ഥാപിക്കൽ:

സംയോജിത വിളപരിപാലന മുറകൾ അവലംബിച്ച് തെങ്ങിന്റെ പ്രദർശന തോട്ടങ്ങൾ ഒരുക്കുന്നതിന് ഒരു ഹെക്ടറിന് 35,000 രൂപ നിരക്കിൽ 100 ശതമാനം ആനുകൂല്യം രണ്ട് തുല്യ വാർഷിക ഗഡുക്കളായി ലഭിക്കുന്നതാണ്. SC/ST വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്ന ടി പദ്ധതി പ്രകാരം കുറഞ്ഞപക്ഷം 25 സെന്റിൽ തെങ്ങ് കൃഷി പ്രദർശനത്തോട്ടം ഒരുക്കേണ്ടതാണ്. ഒരു വ്യക്തിക്കുള്ള ആനുകൂല്യം പരമാവധി ഒരു ഹെക്ടറായി നിജപ്പെടുത്തിയിട്ടുണ്ട്. 1000 ഹെക്ടറിലായി പദ്ധതി നടപ്പിലാക്കുവാൻ 175 ലക്ഷം രൂപ നാളികേര വികസന ബോർഡ് അനുവദിച്ചിട്ടുണ്ട്.

2. തെങ്ങിൻ തോട്ടങ്ങളുടെ പുനരുജ്ജീവനവും രോഗം ബാധിച്ചതും ഉത്പാദന ക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റി രോഗപ്രതിരോധ ശേഷിയുള്ള പുതിയ തൈ നടുന്ന പദ്ധതി:

രോഗം ബാധിച്ചതും ഉത്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റുന്നതിന് ഒരു തെങ്ങിന് 1,000 രൂപ നഷ്ടപരിഹാരം ലഭിക്കുന്നതാണ്. ഒരു ഹെക്ടറിൽ പരമാവധി 32,000 രൂപയായി പരിമിതപ്പെടുത്തിയിട്ടുണ്ട്.

സംയോജിത വിളപരിപാലനമുറകൾ അവലംബിച്ച് തെങ്ങിൻ തോട്ടങ്ങളുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ നടത്തുന്നതിന് 25% സബ്സിഡി നിരക്കിൽ ഒരു ഹെക്ടറിന് 17,500 രൂപയുടെ ആനുകൂല്യം രണ്ട് തുല്യവാർഷിക ഗഡുക്കളായി ലഭിക്കുന്നതാണ്.

ഗുണനിലവാരമുള്ള തെങ്ങിൻ തൈകൾ പുതുതായി നടുന്നതിന് 50% നിരക്കിൽ ഒരു തൈയ്ക്ക് പരമാവധി 40 രൂപയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. ഒരു ഹെക്ടറിന് പരമാവധി 4,000 രൂപ ആനുകൂല്യമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.

ടി മൂന്ന് ഘടകങ്ങളിലും 2940 ഹെക്ടർ വീതം നടപ്പിലാക്കുവാൻ 1,315.65 ലക്ഷം രൂപ നാളികേര വികസന ബോർഡ് അനുവദിച്ചിട്ടുണ്ട്.

കൂടാതെ പ്രാദേശിക തെങ്ങിൻതൈ ഉല്പാദനകേന്ദ്രത്തിന്റെ പ്രവർത്തനത്തിനായി 48 ലക്ഷം രൂപയും കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി പ്രകാരം 5 ലക്ഷം രൂപയും 50:50 അനുപാതത്തിൽ നാളികേര വികസന ബോർഡിന്റെ വിഹിതമായി അനുവദിച്ചിട്ടുണ്ട്.

നാളികേര വികസന ബോർഡ് നടപ്പിലാക്കുന്ന മറ്റ് പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) നടപ്പിലാക്കിയിട്ടുണ്ട്. പ്രകൃതിക്ഷോഭങ്ങളും വിവിധ കീടബാധയും നിമിത്തം കേരകർഷകർക്കുണ്ടാകുന്ന നാശനഷ്ടങ്ങളിൽനിന്നും അവരെ രക്ഷിക്കുന്നതിന് പരിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നാശനഷ്ടം സംഭവിക്കുന്ന നാളികേര കർഷകർക്ക് നിലവിൽ ഇൻഷ്വർ ചെയ്ത് തെങ്ങ് ഒന്നിന് 2,000 രൂപ വീതവും എന്നാൽ കായ്ഫലമില്ലാത്ത തെങ്ങ് നഷ്ടപ്പെട്ടാൽ തെങ്ങ് ഒന്നിന് ആദ്യത്തെ 3 വർഷത്തേക്ക് 200 രൂപ വീതവും 3 വർഷത്തിന്മേൽ 7 വർഷം വരെ പ്രായമുള്ളതിന് ഒരെണ്ണത്തിന് 400 രൂപ വീതവും ധനസഹായം ലഭിക്കുന്നതാണ്. 2016-17 സാമ്പത്തിക വർഷം 14287 കർഷകർ ഈ പദ്ധതി പ്രകാരം പങ്കാളികളായിട്ടുണ്ട്. പ്രീമിയം ഇനത്തിൽ 5,88,809 രൂപ ശേഖരിച്ചിട്ടുണ്ട്.

കേന്ദ്രസംസ്ഥാന സർക്കാരുകൾ സംയുക്തമായി നാളികേര വികസന ബോർഡ് മുഖേന നടപ്പിലാക്കുന്ന കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി പ്രകാരം പ്രകൃതിക്ഷോഭംമൂലം ഉല്പാദനക്ഷമതയുള്ള തെങ്ങുകൾ നശിക്കുകയാണെങ്കിൽ കർഷകന് ഇൻഷ്വറൻസ് സംരക്ഷണം ലഭിക്കുന്നതാണ്. കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്ത ഉല്പാദനക്ഷമതയുള്ള തെങ്ങുകൾ നശിക്കുകയാണെങ്കിൽ തെങ്ങ് ഒന്നിന് 15 വർഷംവരെ പ്രായമുള്ളവയ്ക്ക് 900 രൂപയും 16 മുതൽ 60 വരെ പ്രായമുള്ളവയ്ക്ക് 1,750 രൂപയും നഷ്ടപരിഹാരം നൽകുന്നതാണ്. ഈ പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷം 250.11 ഹെക്ടറിന് 401 കർഷകർക്ക് 15725 തെങ്ങുകൾ 236.6 ലക്ഷം രൂപയ്ക്ക് ഇൻഷ്വർ ചെയ്യുകയുണ്ടായി. കർഷകർക്ക് 161 തെങ്ങ് നഷ്ടപ്പെട്ട ഇനത്തിൽ നഷ്ടപരിഹാരമായി 2.7 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. പ്രതിസന്ധി പരിഹരിക്കുവാൻ ദീർഘകാല വായ്പ**

25(*295) ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നേരിടുന്ന രൂക്ഷമായ പ്രതിസന്ധി പരിഹരിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രതിസന്ധി പരിഹരിക്കുന്നതിനായി ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നും ദീർഘകാല വായ്പ എടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ നിലവിൽ പ്രസ്തുത കൺസോർഷ്യത്തിൽനിന്നും കെ.എസ്.ആർ.ടി.സി. വായ്പ എടുത്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ പ്രതിമാസ തിരിച്ചടവ് പലിശയുൾപ്പെടെ എത്ര കോടി രൂപ വരുമെന്ന് അറിയിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി):

(എ) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് താഴെ ചേർത്തിരിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്:

സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് 10,000 രൂപയിൽ താഴെ വരുമാനമുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്.

1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്തുനിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുംവേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്.

യാത്രക്കാരെ ആകർഷിക്കുന്നതിനും പൊതുജനങ്ങൾക്ക് പണരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി ട്രാവൽ കാർഡ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

സർക്കാരിന്റെ സ്ത്രീ സുരക്ഷാ നയത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ രണ്ട് പിങ്ക് ബസ്സുകൾ ഇതിനോടകംതന്നെ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.

സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.-യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിച്ചിട്ടുമുണ്ട്.

ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസ്സുകളിലേയ്ക്ക് ആകർഷിക്കുന്നതിലേയ്ക്കും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോടുകൂടിയ എയർ എക്സ്പ്രസ് ബസ്സുകളും സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്.

സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയംകൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്.

കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർസംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർസംസ്ഥാന റൂട്ടുകളിലേയ്ക്കും പുതിയ സർവ്വീസുകളും വാരാന്ത്യ പ്രത്യേക അന്തർസംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്.

വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്.

പഴക്കംചെന്ന സൂപ്പർ ക്ലാസ്സ് ബസ്സുകൾ മാറ്റുന്നതിലേയ്ക്കായും പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിലേയ്ക്കുമായി 900 ബസുകൾ വാങ്ങുന്നതിനായി KIIFB ഫണ്ടിംഗ് ലഭ്യമാക്കുന്ന വിഷയം പരിശോധിച്ചുവരികയാണ്.

മെക്കാനിക്കൽ ജീവനക്കാരുടെ സമയക്രമം ബസ്സുകൾ സർവ്വീസ് കഴിഞ്ഞു വരുന്ന സമയത്തിനനുസൃതമായി പുനഃക്രമീകരിച്ചതിലൂടെ ജോലി ചെയ്യുന്നതിന് വാഹനം ലഭിക്കാതെ ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

മെക്കാനിക്കൽ ജീവനക്കാരുടെ അധ്വാനഭാരം കുറയ്ക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും Pneumatic impact wrench, Torque multiplier, Automatic tyre changer, Heavy duty portable cutting machine, Hydraulic trolley jack, Hydraulic floor jack മുതലായ ആധുനിക ഉപകരണങ്ങൾകൂടി വാങ്ങി നല്കുന്നതിനുള്ള ദർഘാസ് നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

മെക്കാനിക്കൽ വിഭാഗത്തിൽ work norms പരിഷ്കരിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും, മനുഷ്യപ്രയത്നം കുറയ്ക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി ഇതുസംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരളാ പ്രൊഡക്റ്റിവിറ്റി കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഫ്ളീറ്റ് യൂട്ടിലൈസേഷൻ നിലവിലുള്ളതിൽനിന്നും ദേശീയ ശരാശരിയിലേയ്ക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ജീവനക്കാരുടെ പൂർണ്ണമായ സഹകരണം ഉറപ്പുവരുത്തുന്നതിനുള്ള ശ്രമങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി ഇപ്പോൾ കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുള്ള വായ്പകൾ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യത്തിലേയ്ക്ക് മാറ്റുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതുപ്രകാരം കെ.എസ്.ആർ.ടി.സി.-ക്ക് വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം 45 കോടി രൂപ ലാഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കുന്നതിനോടൊപ്പം ബസ് സ്റ്റേഷനുകളിലെ സ്റ്റാളുകൾ, ക്യാന്റീൻ, ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ എന്നിവ ലേലം/ടെണ്ടർ മുഖേന വാടകയ്ക്ക് നൽകിയും ബസ്സുകളിലും ബസ് സ്റ്റേഷനുകളിലും പരസ്യം പതിക്കുന്നതിന് ടെണ്ടർ മുഖേന ലൈസൻസിയെ കണ്ടെത്തി നൽകിയും കോഫി വെൻഡിംഗ് മെഷീൻ, ഇന്ത്യൻ കോഫീ ഹൗസ്, എ.ടി.എം. എന്നിവ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുവാൻ സ്ഥലം വാടകയ്ക്ക് നൽകിയും കൊറിയർ സർവ്വീസ് നടത്തിയും കെ.എസ്.ആർ.ടി.സി.-ക്ക് ടിക്കറ്റിതര വരുമാനം ലഭിച്ചുവരികയാണ്. ഇത് ഒരു പരിധിവരെ കെ.എസ്.ആർ.ടി.സി.-യുടെ കടബാധ്യത കുറയ്ക്കുവാൻ സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഉണ്ട്. അതിന്റെ നടപടികൾ അന്തിമഘട്ടത്തിലാണ്. നേരത്തേ (2016 ജനുവരിയിൽ) ബാങ്ക് കൺസോർഷ്യത്തിൽനിന്നും 1300 കോടി രൂപ വായ്പ എടുത്തിട്ടുണ്ട്.

(സി) 15 കോടിയോളം രൂപ.

## കെ.എസ്.ആർ.ടി.സി.യിൽ കമ്പ്യൂട്ടർവൽക്കരണം

26(*296) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ കമ്പ്യൂട്ടർവൽക്കരണത്തിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(ബി) ഡിപ്പോകളിൽനിന്നുള്ള പ്രതിദിന കളക്ഷൻ വിവരം ശേഖരിക്കുന്നതിന് കമ്പ്യൂട്ടർവൽക്കരണത്തിലൂടെ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നാളിതുവരെയായിട്ടും ഇത്തരമൊരു സംവിധാനം ഒരുക്കാൻ കഴിയാത്തത്; വ്യക്തമാക്കുമോ;

(സി) കമ്പ്യൂട്ടർവൽക്കരണത്തിനായി കെ.എസ്.ആർ.ടി.സി. ശേഖരിച്ച് സൂക്ഷിക്കുന്ന ഡാറ്റ കുറ്റമറ്റതാണെന്ന് കരുതുന്നുണ്ടോ; യഥാസമയം വിവരശേഖരണം അപ്ഡേറ്റ് ചെയ്യാത്തതുകൊണ്ടാണ് ഈ സംവിധാനം ഫലപ്രദമാകാത്തതെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി):

(എ) കെ.എസ്.ആർ.ടി.സി.-യിലെ കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് സർക്കാർ 2016-17,2017-18 സാമ്പത്തിക വർഷങ്ങളിലായി പ്ലാൻ ഫണ്ടിൽനിന്നും യഥാക്രമം 11 കോടി രൂപയും 12.10 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. സർക്കാർ അംഗീകാരമുള്ള TSP കളിൽനിന്നും പദ്ധതികൾ സ്വീകരിച്ച് പഠനം നടത്തിവരുന്നു.

(ബി & സി) ഉണ്ട്.

ലഭ്യമാക്കുന്ന വിവരങ്ങളെല്ലാം യഥാസമയം പരിഷ്കരിക്കുന്നുണ്ട്. അപാകതകൾ ശ്രദ്ധയിൽപ്പെട്ടാൽ അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ബഡ്സ് സ്കൂളുകൾ

27(*297) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തിനായി ഈ വർഷം പുതുതായി ബഡ്സ് സ്കൂളുകൾ ആരംഭിക്കുവാൻ പദ്ധതി ഉണ്ടോ; വിശദാംശം നൽകുമോ;

(ബി) പഞ്ചായത്തുകൾക്ക് ബഡ്സ് സ്കൂളുകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്താണ്; ഏതെങ്കിലും സർവ്വേയുടെ അടിസ്ഥാനത്തിലാണോ സ്കൂളുകൾ അനുവദിക്കുന്നത്; വ്യക്തമാക്കാമോ;

(സി) ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്നതിന് പഞ്ചായത്തുകൾക്ക് എന്ത് തുക വീതമാണ് അനുവദിക്കുന്നത്;

(ഡി) ബഡ്സ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ അമ്മമാർക്ക് ഉപജീവനമാർഗ്ഗം ഒരുക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉണ്ട്; ഈ വർഷം പുതുതായി 137 ബഡ്സ് സ്കൂളുകളും 55 ബി.ആർ.സി.-കളും ആരംഭിക്കുന്നതിന്റെ പ്രാരംഭ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(ബി) കേരള സാമൂഹ്യ സുരക്ഷാ മിഷൻ 2014-15-ൽ നടത്തിയ സർവ്വേയിൽ ഓരോ ജില്ലയിലെയും മാനസിക വെല്ലുവിളി നേരിടുന്നവരുടെ വിവരം ലഭ്യമായതിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങൾ ആരംഭിക്കുന്നത്. കേരള സാമൂഹ്യ സുരക്ഷാ മിഷൻ സർവ്വേ പ്രകാരം ഓരോ പഞ്ചായത്തിലെയും ഭിന്നശേഷിക്കാരുടെ ജനസംഖ്യാനുപാത പ്രകാരം ബഡ്സ് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ജില്ലാമിഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. പഞ്ചായത്തുകൾ താല്പര്യപത്രം നൽകുന്ന മുറയ്ക്ക് മുൻഗണനാക്രമത്തിൽ ബഡ്സ് സ്കൂൾ അനുവദിക്കുന്നതാണ്.

(സി) ആകെ 25 ലക്ഷം രൂപ.

(ഡി) നിലവിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. ഈ വർഷം മുതൽ ടി കുട്ടികളുടെ രക്ഷിതാക്കൾക്ക് കുടുംബശ്രീയുടെ പരിശീലനങ്ങളിൽ മുൻഗണന നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**ന്യൂനപക്ഷ വിഭാഗക്കാരുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച പുതിയ പദ്ധതികൾ**

28 (*298) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ന്യൂനപക്ഷ വിഭാഗക്കാരുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച പുതിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് വീട് നൽകുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഈ സർക്കാർ വന്നശേഷം ന്യൂനപക്ഷ വിഭാഗക്കാരുടെ ക്ഷേമത്തിനായി താഴെ പറയുന്ന പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്:

1. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്

2. ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതി.

(ബി) ന്യൂനപക്ഷക്ഷേമ വകുപ്പിനുകീഴിൽ 16 ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങളും, 20 ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. മലപ്പുറം ജില്ലയിലെ ആലത്തിയൂരിൽ പുതിയൊരു പരിശീലന കേന്ദ്രം (CCMY) തുടങ്ങുന്നതിനുള്ള അനുമതി നല്കിയിട്ടുണ്ട്. പി.എസ്.സി., യു.പി.എസ്.സി., ബാങ്കിംഗ് സർവ്വീസ് റിക്രൂട്ട്മെന്റ് ബോർഡ് മുതലായ സ്ഥാപനങ്ങൾ നടത്തുന്ന മത്സര പരീക്ഷകൾക്ക് ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നല്കുന്നതിനാണ് ഈ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്.

(സി) ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട ഭവനരഹിതരായ വിധവകൾ, വിവാഹമോചിതർ, ഭർത്താവ് ഉപേക്ഷിക്കപ്പെട്ടവർ എന്നിവർക്ക് വീട് നിർമ്മാണം/പുനരുദ്ധാരണത്തിന് ഇമ്പിച്ചി ബാവ ഭവന നിർമ്മാണ പദ്ധതി വകുപ്പ് മുഖേന നടപ്പാക്കുന്നുണ്ട്.

(ഡി) ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

1. സി.എ./ഐ.സി.ഡബ്ല്യൂ.എ./സി.എസ്. എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്

2. ഹൈസ്കൂൾ, ഹയർ സെക്കന്ററി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള രണ്ട് ദിവസത്തെ സൗജന്യ കരിയർ ഗൈഡൻസ് പരിശീലനം.

3. സ്വകാര്യ ഐ.റ്റി.ഐ./ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ. വിദ്യാർത്ഥികൾക്ക് ഫീ - റീ ഇംബേഴ്സ്മെന്റ് സ്കീം.

4. എസ്.എസ്.എൽ.സി./പ്ലസ്ടു/വി.എച്ച്.എസ്.ഇ./ബിരുദ/ബിരുദാനന്തര ബിരുദ തലങ്ങളിൽ ഉന്നത വിജയം നേടിയ ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്.

5. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ റീ-ഇംപേഴ്സ് ചെയ്തു നൽകുന്ന പദ്ധതി.

6. ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും A+ നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്.

7. സി.എച്ച്. മുഹമ്മദ് കോയ ഗേൾസ് സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപ്പന്റ്.

8. എസ്.എസ്.എൽ.സി./പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ മദ്രസ അദ്ധ്യാപകരുടെ മക്കൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി.

**നെൽകൃഷി വികസനവും കർഷകർക്കുള്ള സാമ്പത്തിക സഹായവും**

29(*299) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും നെല്ലിന് ലാഭകരമായ വില ലഭിക്കുന്നതിനും ഉതകുന്നവിധത്തിൽ കർഷകർക്ക് സാമ്പത്തികസഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) നെൽകൃഷി വികസനപരിപാടി മുൻനിർത്തി പാടശേഖര സമിതികളുടെ ഗ്രൂപ്പ് ഫാമിംഗ് പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) നെൽകൃഷി ചെയ്യുന്ന പ്രദേശങ്ങളെ പ്രത്യേക കാർഷിക മേഖലയാക്കി തരംതിരിച്ച് കൂടുതൽ ശ്രദ്ധകൊടുക്കുന്നതിന് നടപടി കൈക്കൊള്ളുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) സംസ്ഥാനത്ത് നെൽകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും നെല്ലിന് ലാഭകരമായ വില ലഭിക്കുന്നതിനും 2017-18 വർഷത്തിൽ ചുവടെ പറയുന്ന ഘടകങ്ങളിലൂടെ നെൽകൃഷി വ്യാപനത്തിനായി പദ്ധതികൾ നടപ്പാക്കുന്നുണ്ട്:

1. സുസ്ഥിര നെൽകൃഷി

2. വികസന ഏജൻസികൾക്കുള്ള ഫണ്ട്

3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം

4. പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി

5. കരനെൽകൃഷി വികസനം

6. തരിശുനില കൃഷി

7. ഒരുപ്പൂ കൃഷി, ഇരുപ്പൂ കൃഷി

8. പദ്ധതിയധിഷ്ഠിത ധനസഹായം

9. നൂതന ആശയങ്ങൾ നടപ്പാക്കുന്നതിന് ധനസഹായം

10. ബ്ലോക്ക് തലത്തിൽ പദ്ധതി സംയോജനം

11. റൈസ് മില്ലുകൾ സ്ഥാപിക്കൽ.

സപ്ലൈകോ മുഖാന്തരം കേരളത്തിലെ നെൽകർഷർ ഉത്പാദിപ്പിക്കുന്ന നെല്ല് നിശ്ചിത ഗുണമേന്മാമാനദണ്ഡങ്ങൾക്ക് അനുസൃതമായി കർഷകർക്ക് ന്യായവില നൽകികൊണ്ട് സംഭരിക്കുന്നു. 2017-18 സീസണിൽ കിലോഗ്രാമിന് 23.30 രൂപ നിരക്കിലാണ് നെല്ല് സംഭരിക്കാൻ തീരുമാനിച്ചിട്ടുള്ളത്. വില കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകും. സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് PRS ലഭ്യമാകുന്ന ഉടൻതന്നെ ലഭ്യമാക്കുന്നതിനായി ബാങ്കുകളുമായി കരാർ ഉണ്ടാക്കിയിട്ടുണ്ട്.

(ബി) പാടശേഖര സമിതികളുടെ ഗ്രൂപ്പ് ഫാമിംഗ് പ്രോത്സാഹിപ്പിക്കുന്നതിന് നെൽവർഷാചരണ പരിപാടികൾ, പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി, ബ്ലോക്ക് തലത്തിൽ പദ്ധതി സംയോജനം എന്നീ ഘടകങ്ങൾ നടപ്പാക്കുന്നു. (വിശദീകരണക്കുറിപ്പ് കണ്ടാലും).*

(സി) 2017-18 വർഷം നെൽകൃഷിക്ക് അനുകൂല സാഹചര്യമുള്ളതും ഉത്പാദന വർദ്ധനവിന് സാധ്യതയുള്ളതുമായ പ്രദേശങ്ങളായ കുട്ടനാട്, കോൾ, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, വയനാട്, കായ്പ്പാട് എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പ്രത്യേക കാർഷിക മേഖല (Special Agricultural Zone) ആയി പ്രഖ്യാപിച്ച് അതിൽപ്പെടുത്തി നെൽകർഷകർക്ക് ഉപയുക്തമാംവിധം പദ്ധതിയധിഷ്ഠിതമായി ആനുകൂല്യങ്ങൾ നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**കേരഗ്രാമം പദ്ധതിയുടെ പുരോഗതി**

30(*300) ശ്രീ. എം. മുകേഷ് :

ശ്രീ. ആർ. രാജേഷ് :

ശ്രീ. രാജു എബ്രഹാം :

ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങുകൃഷി വികസനത്തിനായി പ്രഖ്യാപിച്ച കേരഗ്രാമം പദ്ധതിയുടെ വിശദാംശവും പുരോഗതിയും അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് തെങ്ങുകൃഷിയിൽ ഉല്പാദനക്ഷമത കുറഞ്ഞുവരുന്നതായുള്ള റിപ്പോർട്ടുകളുടെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ; ഇതിന് കാരണമെന്തെന്നും അത് പരിഹരിക്കാനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളും അറിയിക്കാമോ;

(സി) കേര വൃക്ഷ ഇൻഷ്വറൻസ് പദ്ധതി കാര്യക്ഷമമായി നടക്കുന്നുണ്ടോ എന്ന് അവലോകനം ചെയ്തിട്ടുണ്ടോ;

(ഡി) കേര കർഷകരുടെ പ്രതീക്ഷയായിരുന്ന നീര വ്യവസായം പ്രതിസന്ധിയിലേയ്ക്ക് നീങ്ങുന്നത് പരിഹരിക്കാനായി, ഉപഭോക്താക്കൾക്ക് ആകർഷകമായ രീതിയിൽ വില നിയന്ത്രിക്കുന്നതിനും ആരോഗ്യപാനീയമെന്ന നിലയിൽ പ്രചാരം നൽകി വിപണിയിൽ ചുവടുറപ്പിക്കുന്നതിനും സഹായം നൽകുമോയെന്ന് വെളിപ്പെടുത്താമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) നാളികേരത്തിന്റെ ഉൽപാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാനായി സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ടുകൊണ്ട് സമഗ്ര നാളികേര വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ 'കേരഗ്രാമം' എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2017-18 വർഷം നടപ്പിലാക്കിവരുന്നു.

പദ്ധതി നടപ്പിലാക്കുവാനായി 250 ഹെക്ടർ വീതം കേരകൃഷി വിസ്തൃതിയുള്ള 44 എണ്ണം കേരഗ്രാമങ്ങൾ രൂപീകരിക്കുകയാണ് ലക്ഷ്യം. 3332.50 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ ഈ കൊല്ലം പദ്ധതിക്കായി നീക്കിവച്ചിരിക്കുന്നത്.

ശാസ്ത്രീയ കൃഷി രീതികൾ അവലംബിച്ച് കൃഷി ചെലവുകൾ ക്രമീകരിച്ചുകൊണ്ട് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാനുതകുന്ന ഘടകങ്ങളെല്ലാംതന്നെ സമഗ്ര നാളികേര വികസനത്തിനായുള്ള ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2017-18 വർഷത്തെ പദ്ധതി നടത്തിപ്പിലേയ്ക്കായി 44 പുതിയ കേരഗ്രാമങ്ങളെ തെരഞ്ഞെടുക്കുകയുണ്ടായി. ഒരു കേരഗ്രാമത്തിന്റെ വിസ്തൃതി 250 ഹെക്ടർ ആയതിനാൽ പദ്ധതി പ്രദേശത്തിന്റെ സർവ്വേ നടപടികളും യോഗങ്ങളും പരിശീലന പരിപാടികളും പഞ്ചായത്തുതല കേരസമിതി രൂപീകരണം, ടെക്നിക്കൽ റിസോഴ്സ് ഗ്രൂപ്പ് രൂപീകരണം തുടങ്ങിയ പ്രാരംഭ പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു.

(ബി) ഉണ്ട്. 2017 ചിങ്ങം 1 മുതൽ 2018 ചിങ്ങം 1 വരെയുള്ള ഒരു വർഷം നാളികേര വർഷമായി ആചരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. നാളികേര ഉല്പാദനം വ്യാപിപ്പിക്കുവാൻ വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. സാമ്പത്തിക സ്ഥിതിവിവര വകുപ്പ് പ്രസിദ്ധീകരിച്ച കണക്കുകൾപ്രകാരം സംസ്ഥാനത്തെ പ്രധാന വിളയായ തെങ്ങുകൃഷി 2012-13 വർഷം 798162 ഹെക്ടറിലും 2013-14 വർഷം 808647 ഹെക്ടറിലും 2014-15 വർഷം 793856 ഹെക്ടറിലും 2015-16 വർഷം 790223 ഹെക്ടറിലും കൃഷി ചെയ്തുവരുന്നു. 2012-13 വർഷം 5799 മില്യൺ നാളികേരമായിരുന്ന ഉൽപ്പാദനം 2013-14 വർഷം 5921 മില്യണായും 2014-15 വർഷം 5947 മില്യണായും വർദ്ധിച്ചിട്ടുള്ളതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. എന്നാൽ 2015-16 വർഷം വിസ്തൃതി 790223 ഹെക്ടറായി കുറഞ്ഞപ്പോൾ 1.25% ഉത്പാദനക്കുറവ് (5873 മില്യൺ) ഉണ്ടായതായി കാണുന്നു.

നിലവിലെ തെങ്ങിൻതോപ്പുകൾ കെട്ടിടനിർമ്മാണത്തിനായി ഉപയോഗിച്ചപ്പോൾ തെങ്ങ് കൃഷിയുടെ വിസ്തൃതി കുറയുവാൻ ഇടയാക്കി. കൂടാതെ സംസ്ഥാനത്ത് കൃഷി ചെയ്യുന്ന തെങ്ങുകളിൽ 15%-22% വരെ കാറ്റുവീഴ്ച മുതലായ രോഗങ്ങളും കീടബാധകളുംമൂലം ഉല്പാദനക്ഷമത കുറയുവാൻ കാരണമായിട്ടുണ്ട്. ശാസ്ത്രീയ കൃഷിമുറകൾ തെങ്ങിൻ തോട്ടങ്ങളിൽ പാലിക്കുന്നതിന് കർഷകർ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല. തൊഴിലാളികളുടെ ദൗർലഭ്യവും ഉയർന്ന കൂലി ചെലവും ശാസ്ത്രീയ കൃഷിരീതികൾ അവലംബിക്കുന്നതിൽനിന്നും കർഷകരെ പിന്തിരിപ്പിക്കുന്നു.

ശാസ്ത്രീയ കൃഷിരീതികൾ അവലംബിക്കുന്നതിന് കർഷകരെ പ്രാപ്തരാക്കുക, നാളികേരത്തിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യത്തോടെയാണ് " 3332.50" ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിക്കൊണ്ട് കേരഗ്രാമം എന്ന സമഗ്ര നാളികേര വികസന പദ്ധതി രൂപീകരിച്ചിരിക്കുന്നത്.

കൂടാതെ തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങൾക്കെതിരെ പ്രതിരോധ മാർഗ്ഗങ്ങൾ ഒരു ക്യാമ്പയിൻ അടിസ്ഥാനത്തിൽ അവലംബിക്കുന്നതിനായി 300 ലക്ഷം രൂപ വകയിരുത്തി മറ്റൊരു പദ്ധതിയും 2017-18 വർഷം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.

(സി) ഉണ്ട്.

(ഡി) കേരകർഷകരുടെ പ്രതീക്ഷയായിരുന്ന നീരവ്യവസായം പ്രതിസന്ധിയിലേയ്ക്ക് നീങ്ങുന്നത് പരിഹരിക്കാനായി നീര ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി നാളികേര ഉല്പാദന സൊസൈറ്റികൾ/ഫെഡറേഷനുകൾക്ക് ചെലവിന്റെ 25% പരമാവധി 50 ലക്ഷം രൂപ അനുവദിച്ചുനൽകുന്നുണ്ട്. ഇപ്രകാരം 2015-16, 2016-17 വർഷങ്ങളിലായി 4 നാളികേര ഉല്പാദന കമ്പനികൾക്കായി 194.16 ലക്ഷം രൂപ കൃഷി വകുപ്പ് നൽകിയിട്ടുണ്ട്.

<u>2015-16</u>

കരീപ്പുഴ നാളികേര ഉല്പാദന കമ്പനി ലിമിറ്റഡ്, കൊല്ലം - 50 ലക്ഷം

കുറ്റ്യാടി നാളികേര ഉല്പാദന കമ്പനി ലിമിറ്റഡ്, കോഴിക്കോട് - 50 ലക്ഷം

കറപ്പുറം നാളികേര ഉല്പാദന കമ്പനി ലിമിറ്റഡ്, ആലപ്പുഴ - 50 ലക്ഷം

<u>2016-17</u>

വടകര നാളികേര ഉല്പാദന കമ്പനി ലിമിറ്റഡ്, കോഴിക്കോട് - 44.16 ലക്ഷം

നീര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി നീര ടെക്നീഷ്യൻ പരിശീലന പരിപാടി കേരള കാർഷിക സർവ്വകലാശാല, നാളികേര വികസന ബോർഡ്, കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രം, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ എന്നിവ മുഖേന നൽകുന്നതാണ്.

കൂടാതെ ഒരു ആരോഗ്യ പാനീയമെന്ന നിലയിൽ നീരയുടെ പ്രചാരണത്തിനായി വിവിധ എക്സിബിഷനുകളിലും ഫെസ്റ്റിവലുകളിലും നീരയെ സംബന്ധിച്ച പ്രദർശനങ്ങൾ നാളികേര വികസന ബോർഡ് മുഖേന സംഘടിപ്പിക്കുന്നു. നീരയും മറ്റ് മൂല്യവർദ്ധിത ഉല്പന്നങ്ങളും വിൽക്കുന്നതിനായി വഴിയരികിൽ ബൂത്ത് പോലെയുള്ള ചെറിയ കടകൾ സ്ഥാപിക്കുന്നതിനായുള്ള ധനസഹായവും നൽകുന്നുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഹരിത കേരളം പദ്ധതി

1(2947) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹരിതകേരളം പദ്ധതി നടപ്പാക്കുന്നതിന് കൃഷി വകുപ്പ് എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കിയത് വഴി ഏതൊക്കെ കാർഷിക വിഭവങ്ങളുടെ ഉൽപ്പാദനത്തിലാണ് കേരളം സ്വയംപര്യാപ്തത കൈവരിച്ചതെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) "ഹരിതകേരളം പദ്ധതി"യുടെ ഭാഗമായി "സുജലം സുഫലം" എന്ന ജൈവകൃഷി രീതിക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഉപദൗത്യമാണ് കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്നത്. പച്ചക്കറി, നെല്ല്, ഫലവർഗ്ഗങ്ങൾ മുതലായ അടിസ്ഥാന കൃഷി ഉല്പന്നങ്ങളിൽ സ്വയംപര്യാപ്തതയ്ക്കുള്ള ഇടപെടലുകൾ നടത്തുക, ജൈവകൃഷി പ്രോത്സാഹനം, സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉല്പാദനം, തരിശ് നിലങ്ങൾ, പൊതുസ്ഥലങ്ങൾ, വീടുകൾ തുടങ്ങിയ സ്ഥലങ്ങളിൽ പച്ചക്കറി വ്യാപനം, കാർഷികോല്പന്നങ്ങളുടെ വിപണി സംവിധാനം പരിഷ്കരിക്കൽ, മൂല്യവർദ്ധനവിനുള്ള സംരംഭങ്ങൾ സ്ഥാപിക്കുക എന്നിവ "സുജലം സുഫലം" പദ്ധതിയുടെ ലക്ഷ്യങ്ങളിൽപ്പെടുന്നു. ഈ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന സംസ്ഥാനാവിഷ്കൃത പദ്ധതികളിലെ ചില ഘടകങ്ങൾ "സുജലം സുഫലം" പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ടാണ് നടപ്പിലാക്കിവരുന്നത്. ഇതിനാവശ്യമായ തുക 2017-18-ലെ സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുള്ള ബജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. ഇപ്രകാരം 31-7-2017 വരെ നെൽകൃഷി, പച്ചക്കറി വികസനത്തിനായി ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | ചെലവഴിച്ച തുക (ലക്ഷം രൂപ) |
|---|---|---|
| 1 | 2 | 3 |
| 1 | തിരുവനന്തപുരം | 89.43 |
| 2 | കൊല്ലം | 88.52 |
| 3 | പത്തനംതിട്ട | 88.29 |

| 1 | 2 | 3 |
|---|---|---|
| 4 | ഇടുക്കി | 88.08 |
| 5 | കോട്ടയം | 97.35 |
| 6 | ആലപ്പുഴ | 174.44 |
| 7 | എറണാകുളം | 72.13 |
| 8 | തൃശ്ശൂർ | 71.28 |
| 9 | പാലക്കാട് | 123.76 |
| 10 | മലപ്പുറം | 51.91 |
| 11 | കോഴിക്കോട് | 119.79 |
| 12 | വയനാട് | 25.58 |
| 13 | കണ്ണൂർ | 71.91 |
| 14 | കാസർഗോഡ് | 41.7 |
| | ആകെ | 1204.17 |

(ബി) "ഹരിതകേരളം പദ്ധതി"യുടെ ഭാഗമായുള്ള "സുജലം സുഫലം" ഉപദൗത്യത്തിന്റെ നിർവ്വഹണം പ്രാരംഭഘട്ടത്തിലാണ്. ആയത് പൂർത്തീകരിച്ച തിനുശേഷം മാത്രമേ വിവിധ കാർഷിക വിഭവങ്ങളുടെ ഉത്പാദനത്തിൽ കേരളം സ്വയംപര്യാപ്തത കൈവരിച്ചതിനെക്കുറിച്ച് വ്യക്തമായ കണക്കുകൾ ലഭിക്കുകയുള്ളൂ.

**കാർഷിക രംഗത്തെ പ്രതിസന്ധി**

2(2948) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. പി. വി. അൻവർ :
ശ്രീ. കെ. ബാബു :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദന ചെലവ് അടിസ്ഥാനമാക്കി ന്യായവില നിശ്ചയിക്കാൻ കേന്ദ്രസർക്കാർ തയ്യാറാകാത്തതിനാലുണ്ടാകുന്ന പ്രതിസന്ധിയും കാർഷികരംഗത്ത് മുതൽ മുടക്ക് കുറഞ്ഞു വരുന്നതുകൊണ്ടുണ്ടാകുന്ന മാന്ദ്യവും തരണം ചെയ്യുന്നതിനായി സംസ്ഥാന സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പ്രാദേശിക പ്രത്യേകതകൾ പരിഗണിച്ച് കൃഷി സാധ്യതകൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് ആവശ്യമായ ഇടപെടൽ നടത്താൻ കൃഷി ഭവനുകൾവഴി സാധ്യമാകുന്നുണ്ടോ; ഇവയുടെ പ്രവർത്തനം ശാക്തീകരിക്കുന്നതിന് പദ്ധതിയുണ്ടോ;

(സി) കൃഷി വ്യാപ്തി വർദ്ധിപ്പിക്കുന്നതോടൊപ്പം കർഷകരുടെ ജീവിതാഭിവൃദ്ധി സാധ്യമാക്കി സുസ്ഥിര വികസനം ലക്ഷ്യമിട്ട് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാൻ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കാർഷിക വൃത്തിയിലേർപ്പെട്ടിരിക്കുന്ന കർഷകർക്ക് സഹായകമാകുന്ന വിധത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

നെല്ലിന് ന്യായവില ഉറപ്പാക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നെല്ല് സംഭരിച്ചുവരുന്നു. കേന്ദ്രസർക്കാർ നെല്ലിന് പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില കേരളത്തിലെ ഉൽപ്പാദന ചെലവിനെക്കാൾ കുറവായതിനാൽ കിലോയ്ക്ക് 22.50 രൂപ എന്ന ഉയർന്ന വിലയ്ക്കാണ് സംസ്ഥാന സർക്കാർ നെല്ല് സംഭരിക്കുന്നത്. നാളികേരത്തിന്റെ കമ്പോള വില ഇപ്പോൾ വലിയ തോതിൽ ഉയർന്നുനിൽക്കുന്ന സാഹചര്യത്തിൽ സബ്സിഡിനൽകി നാളികേരം സംഭരിക്കേണ്ട ആവശ്യമില്ല. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി പ്രകാരം റബ്ബറിന് വിലസ്ഥിരത ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു. റബ്ബറിന്റെ താങ്ങുവിലയും (കിലോയ്ക്ക് 150 രൂപ) റബ്ബർ ബോർഡ് അതാതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകന്റെ അക്കൗണ്ടിലേയ്ക്ക് നൽകുന്നു. കൃഷി വകുപ്പിന്റെ മൊത്തവ്യാപാര വിപണികൾ, വി.എഫ്.പി.സി.കെ. എന്നിവ മുഖേന പച്ചക്കറി കർഷകർക്ക് ഇടനിലക്കാരെ ഒഴിവാക്കി ഉൽപ്പന്നങ്ങൾ നേരിട്ട് ലേലം ചെയ്ത് വിൽക്കാനുള്ള സൗകര്യം ലഭ്യമാണ്. ഉത്സവ സീസണുകളിൽ കൃഷി വകുപ്പ് അനുബന്ധ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കർഷകരിൽനിന്നും നേരിട്ട് പഴം, പച്ചക്കറി ഉൽപ്പന്നങ്ങൾ ഉയർന്ന വിലനൽകി സംഭരിക്കുകയും സബ്സിഡി നിരക്കിൽ വിൽക്കുകയും ചെയ്യുന്നു. കാർഷികോത്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വിപണന സാദ്ധ്യത ഉറപ്പുവരുത്തുന്നതിനുമായി അഗ്രോ പാർക്കുകളുടെ ശൃംഖല സ്ഥാപിക്കുവാനും പദ്ധതിയുണ്ട്.

(ബി) ഉണ്ട്. അതാത് പ്രദേശങ്ങളിൽ ആവശ്യമായതും അനുയോജ്യമായതുമായ പദ്ധതികൾ ജനകീയാസൂത്രണ പദ്ധതിപ്രകാരം ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഹരിതകേരളം പദ്ധതിയിലെ 'സുജനം സുഫലം' പ്രകാരവും അതാത് പ്രദേശങ്ങൾക്ക് അനുയോജ്യമായ പദ്ധതികൾ മുഖേന കാർഷിക അനുബന്ധ വകുപ്പുകളുടെ സംയോജിത പ്രവർത്തനത്തിലൂടെ കൃഷി ഭവനുകൾക്ക് കൂടുതൽ അവസരം ലഭിക്കുന്നതാണ്. കൃഷി ഭവനുകളെ ശാക്തീകരിക്കുന്നതിനായി അഗ്രോ സർവ്വീസ് സെന്ററുകളും കാർഷിക കർമ്മസേനകളും സസ്യ ആരോഗ്യ ക്ലിനിക്കുകളും 'ആത്മ' കൃഷി വിജ്ഞാന വ്യാപന സംവിധാനവും പ്രവർത്തിച്ചുവരുന്നു.

(സി) ഉണ്ട്. കൃഷി വകുപ്പ് നടപ്പിലാക്കുന്ന നെൽകൃഷി വികസനം, പച്ചക്കറി വികസനം, സുഗന്ധവ്യഞ്ജന വികസനം, കിഴങ്ങുവർഗ്ഗ കൃഷി വികസനം എന്നീ പദ്ധതികൾ പ്രകാരം ഈ വിളകളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്ന തിനാവശ്യമായ ഉത്പാദനോപാധികളുടെ വിതരണം എന്ന ഘടകവും ഉൾപ്പെടുത്തി യിട്ടുണ്ട്. കൂടാതെ വിളകളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി മണ്ണ് പരിശോധനപ്രകാരം ആവശ്യമായ മൂലകങ്ങളുടെ ശാസ്ത്രീയ ഉപയോഗത്തിനുള്ള പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.

2017-18 വർഷം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രാദേശിക പ്രാധാന്യമുള്ള പദ്ധതി പ്രകാരം ചെറുധാന്യങ്ങൾ, എള്ള്, കരിമ്പ് മുതലായ വിളകളുടെ സാധ്യതാ പ്രദേശത്ത് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികളുണ്ട്. കൂടാതെ പ്രത്യേക കാർഷിക മേഖല കൃഷി വികസന പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട വിളകൾക്ക് അനുയോജ്യമായ പ്രത്യേക കാർഷിക മേഖലകളിൽ സമഗ്രവികസന പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

**ജൈവകൃഷി പ്രോത്സാഹന പദ്ധതി**

3(2949) ശ്രീ. കെ. സി. ജോസഫ് :

ശ്രീ. അടൂർ പ്രകാശ്:

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ആരുടെയെല്ലാം സേവനങ്ങളാണ് പ്രയോജനപ്പെടുത്തിയതെന്നു വിശദമാക്കുമോ;

(ബി) പദ്ധതി നടത്തിപ്പുമൂലം ഈ മേഖലയിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാനായെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ജൈവകൃഷി പ്രോത്സാഹനത്തിനായി കേരള കാർഷിക സർവ്വകലാശാല, വി.എഫ്.പി.സി.കെ., കർഷക കൂട്ടായ്മ, ഫാം ഇൻഫർമേഷൻ ബ്യൂറോ, ഹോർട്ടികോർപ്, സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ, കൃഷി ഭവനുകൾ, കൃഷി വകുപ്പ് ഫാമുകൾ, കുടുംബശ്രീ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്വയംസഹായ സംഘങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തി വരുന്നു.

(ബി)

1. കീടനാശിനികളുടെ അനിയന്ത്രിതമായ ഉപയോഗം കർശനമായി നിയന്ത്രിച്ചു.

2. ചുവപ്പ്, മഞ്ഞ എന്നീ നിറങ്ങളിൽ ലേബൽ ചെയ്യപ്പെട്ട മാരകമായ കീടനാശിനികൾ കാസർഗോഡ് ജില്ലയിൽ നിരോധിച്ചു.

3. മാരകമെന്ന് കണ്ട 16 രാസകീടനാശിനികൾ കേരളമൊട്ടാകെ സർക്കാർ നിരോധിക്കുകയുണ്ടായി.

4. എൻഡോസൾഫാൻ ദുരിത ജില്ലയായ കാസർഗോഡിനെ 2012-13-ൽ ജൈവ ജില്ലയായി പ്രഖ്യാപിച്ചു.

5. ജൈവകൃഷി വ്യാപനത്തിനായി പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതല പരിശീലന പരിപാടികൾ, സെമിനാർ, വർക്ക്ഷോപ്പ് എന്നിവ സംഘടിപ്പിച്ചു.

6. ജൈവകൃഷിയുടെ പ്രോത്സാഹനത്തിനായി ക്ലസ്റ്ററുകൾ രൂപീകരിച്ചു.

7. ജൈവകൃഷിയുടെ പരിശീലനത്തിനായി കാസർഗോഡ് ജില്ലയിൽ ഓർഗാനിക് ഫാം സ്കൂൾ സ്ഥാപിച്ചു.

8. റൂറൽ കമ്പോസ്റ്റ്, വെർമി കമ്പോസ്റ്റ് എന്നിവവഴി ജൈവ വളങ്ങളുടെ നിർമ്മാണം, കുരുമുളക് കൃഷി, കന്നുകുട്ടി പരിപാലനം, ഇടവിള കൃഷി, സമ്മിശ്ര കൃഷി, നേന്ത്രവാഴ കൃഷിക്ക് ജൈവകീടനാശിനികളുടെ ഉപയോഗം, ജീവാമൃതം, ജൈവവേലി, ബയോഗ്യാസ് പ്ലാന്റ് ഉള്ളവർക്ക് സ്ലറി പമ്പ്, മത്സ്യം വളർത്തൽ എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി മാതൃകാ കൃഷിത്തോട്ടം സ്ഥാപിച്ചു.

9. 250 ഹെക്ടർ സ്ഥലത്ത് പച്ചിലവളകൃഷി വ്യാപിപ്പിക്കുകയും 30 പ്രദർശനത്തോട്ടങ്ങൾ ആരംഭിക്കുകയും ചെയ്തു.

10. എല്ലാ ജില്ലകളിലും ജൈവകൃഷി വ്യാപനത്തിനായി ജൈവസന്ദേശ കൃഷി യാത്ര നടത്തി.

11. ജൈവ ഉല്പന്നങ്ങളുടെ വിപണനത്തിനായി സംസ്ഥാനത്ത് 65 ഇക്കോഷോപ്പുകൾ സ്ഥാപിച്ചു.

12. കാസർഗോഡ് ജില്ലയിൽ വി.എഫ്.പി.സി.കെ., മുഖാന്തരം ജൈവ സർട്ടിഫിക്കേഷൻ നൽകി.

13. ജൈവകൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന നിയോജക മണ്ഡലം, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ, ഗ്രാമപഞ്ചായത്തുകൾ എന്നിവയ്ക്ക് അവാർഡ് നൽകുന്നു.

14. 2016-17 ഓണക്കാലത്ത് 983 ടൺ വിഷരഹിത പച്ചക്കറി/പഴം ഉല്പാദിപ്പിക്കുകയുണ്ടായി.

15. കഴിഞ്ഞ വർഷം (2016-17) വരെ 12000 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി വ്യാപിപ്പിച്ചു.

**ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി**

4(2950) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> :
<u>ശ്രീ. സി. മമ്മൂട്ടി</u> :
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> :
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയ കൃഷി പ്രോത്സാഹിപ്പിക്കാൻ ആരംഭിച്ച 'ഓണത്തിന് ഒരു മുറം പച്ചക്കറി' ഓണത്തിന് ജനങ്ങളിലെത്തിക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ പദ്ധതി ആസൂത്രണത്തിലെ പിഴവാണ് പച്ചക്കറിയുടെ വിളവെടുപ്പിന് കഴിയാത്ത സാഹചര്യം സൃഷ്ടിച്ചതെന്ന് കരുതുന്നുണ്ടോ;

(സി) ജൂലൈ ആദ്യം പദ്ധതി ഉദ്ഘാടനം നിർവ്വഹിച്ചെങ്കിലും ജൂലൈ അവസാനത്തിലാണ് കർഷകർക്ക് വിത്ത് വിതയ്ക്കാനായതെന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഏതൊക്കെ പച്ചക്കറി വിത്തുകളും പച്ചക്കറിതൈകളുമാണ് പദ്ധതി മുഖേന വിതരണം ചെയ്തത്; എത്ര ലക്ഷം കർഷകരെ പദ്ധതിയുടെ ഭാഗമാക്കാനാണ് ഉദ്ദേശിച്ചത്; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ & ബി) കഴിയും. ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയിൽ നൽകിയ വിത്തുകളും തൈകളും ഉപയോഗിച്ച് പച്ചക്കറി കൃഷി ചെയ്തതിൽനിന്നും വിളവെടുപ്പ് ആരംഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ എം.എൽ.എ.മാർ, ത്രിതല പഞ്ചായത്ത് പ്രസിഡന്റുമാർ, മറ്റ് ജനപ്രതിനിധികൾ എന്നിവരുടെ അകമഴിഞ്ഞ

സഹകരണവും നേതൃത്വവും പരിശോധനയും ഉണ്ടായാൽ മാത്രമെ ഉദ്ദേശിക്കുന്ന ലക്ഷ്യത്തിലേയ്ക്ക് നമുക്ക് എത്താൻ കഴിയൂ. ഈ പദ്ധതി ഓണക്കാലം മാത്രം ഉദ്ദേശിച്ചുള്ളതല്ല. വിഷരഹിതമായ പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തതയിലേയ്ക്ക് എത്തുവാനുള്ള പ്രവർത്തനങ്ങളുടെ ഭാഗമാണ് ഈ പദ്ധതിയും. ഓണത്തിനുശേഷവും സ്ഥിരമായി ഈ പദ്ധതി തുടരേണ്ടതുണ്ട്.

(സി) ജൂൺ മാസം 5-ന് തൃശ്ശൂരിൽ വച്ച് ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ചാണ് പദ്ധതി ഔപചാരികമായി ഉദ്ഘാടനം നടത്തിയത്. തൃശ്ശൂർ, എറണാകുളം, കോട്ടയം ജില്ലകളിൽ ജൂൺ ആദ്യവാരം തന്നെ വിത്ത് വിതരണം ആരംഭിക്കുകയും ജൂൺ രണ്ടാം വാരം വിത്ത് നടുകയും ചെയ്തു. മറ്റ് ജില്ലകളിൽ ജൂലൈ ആദ്യവാരംതന്നെ വിത്തു വിതരണവും നടീലും ആരംഭിച്ചിട്ടുണ്ട്.

(ഡി) വെണ്ട, മുളക്, വഴുതന, ചീര, പയർ എന്നിവയടങ്ങുന്ന വിത്ത് പായ്ക്കറ്റുകളാണ് വിതരണം ചെയ്തത്. വെണ്ട, തക്കാളി, അമര, മുളക്, വഴുതന തുടങ്ങിയ ഇനം പച്ചക്കറികളുടെ തൈകളും വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ 63 ലക്ഷം കുടുംബങ്ങളെ ഭാഗമാക്കിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും അഞ്ചിനം പച്ചക്കറി വിത്തുകൾ അടങ്ങിയ 40 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകളും 45.45 ലക്ഷം പച്ചക്കറി തൈകളും വിതരണം നടത്തി. വിത്തു പായ്ക്കറ്റുകൾ വി.എഫ്.പി.സി.കെ.-യാണ് നൽകുന്നത്. വിവിധ മാധ്യമങ്ങൾ മുഖേനയും സന്നദ്ധ സംഘടനകൾ മുഖേനയും 17 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകളുടെ വിതരണം നടന്നിട്ടുണ്ട്.

## ദേവികുളം മണ്ഡലത്തിലെ കൃഷിനാശം

5(2951) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രൂക്ഷമായ വരൾച്ചമൂലം ദേവികുളം നിയോജകമണ്ഡലത്തിൽ കൃഷി നശിച്ചുപോയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ എത്ര ഏക്കറാണെന്ന വിവരവും ലഭ്യമാക്കുമോ?

### ഉത്തരം

വരൾച്ച ബാധിച്ച് പൂർണ്ണമായി കൃഷിനാശം സംഭവിച്ചിട്ടില്ല. ദേവികുളം മണ്ഡലത്തിൽ 600 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തതിൽ 85 ഹെക്ടർ സ്ഥലത്ത് വരൾച്ച ബാധിച്ചിട്ടുണ്ട്. ഉൽപ്പാദനത്തിൽ 43% കുറവ് ഉണ്ടായിട്ടുണ്ട്. കൂടാതെ 810 ഹെക്ടർ സ്ഥലത്ത് ഏത്തവാഴ കൃഷി ചെയ്തതിൽ 25% ഉൽപ്പാദനക്കുറവ് ഉണ്ടായിട്ടുണ്ട്.

**പച്ചക്കറി ഉത്പന്നങ്ങൾ ന്യായവില നൽകി സംഭരിക്കൽ**

6(2952) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പച്ചക്കറി കൃഷിക്കാരിൽനിന്നും യഥാസമയം ഉത്പന്നങ്ങൾ ന്യായവില നൽകി വാങ്ങുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ;

(ബി) ഈ സംഭരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ആലോചിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ 278 സ്വാശ്രയ കർഷക സമിതികൾ സംസ്ഥാനമൊട്ടാകെ പ്രവർത്തിച്ചുവരുന്നു. കർഷക പങ്കാളിത്തത്തോടെ നടത്തുന്ന ഇത്തരം സമിതികളിൽ ഉല്പന്നങ്ങൾ ന്യായവിലയ്ക്ക് വിപണനം ചെയ്തുവരുന്നു. ഉല്പാദനം അധികം വരുന്ന സമയത്ത് വിലയിടിവ് ഉണ്ടാകുമ്പോൾ ഉല്പന്നങ്ങൾ മറ്റ് സ്ഥലങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി മാർക്കറ്റ് ഇന്റർവെൻഷൻ ഇനത്തിൽ 34 ലക്ഷം രൂപ 2016-17 സാമ്പത്തിക വർഷം സമിതികൾക്ക് നൽകിയിട്ടുണ്ട്. ഇതുകൂടാതെ വിലയിടിവ് ഉണ്ടാകുന്ന സാഹചര്യത്തിൽ ധനസഹായം നൽകുന്നതിന് റിസ്ക് ഫണ്ട് രൂപീകരിക്കുകയും 2 കോടി രൂപ ഇതിനായി പദ്ധതി സഹായമായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്. കർഷകർ, കർഷക കൂട്ടായ്മകൾ, വി.എഫ്.പി.സി.കെ., കാർഷിക മൊത്ത വ്യാപാര വിപണികൾ എന്നിവിടങ്ങളിൽനിന്നും കർഷകർക്ക് പൊതു വിപണി വിലയേക്കാൾ 10% കൂടുതൽ നൽകിയാണ് ഹോർട്ടികോർപ്പ് പച്ചക്കറികൾ സംഭരിക്കുന്നത്. വട്ടവട, കാന്തല്ലൂർ മേഖലയിൽ കർഷകർ ഉല്പാദിപ്പിച്ച പച്ചക്കറികൾ കഴിഞ്ഞ ഓണക്കാലത്തും തുടർന്നും കൃഷി വകുപ്പ് നേരിട്ട് സംഭരിച്ച് വിതരണം ചെയ്യുന്നു. ഈ മേഖലയിൽ കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ പ്രത്യേക ലേബലോടുകൂടി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പച്ചക്കറി സംഭരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സംസ്ഥാനത്തെ കർഷകരുടെ കൃഷിയിടങ്ങൾ ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ., കൃഷി വകുപ്പ് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർ സന്ദർശിച്ച് കർഷകർ, കർഷക കൂട്ടായ്മകൾ, കാർഷിക മൊത്ത വ്യാപാര വിപണികൾ എന്നിവിടങ്ങളിൽനിന്നും കർഷകർക്ക് പൊതു വിപണി വിലയേക്കാൾ 10% കൂടുതൽ നൽകി പച്ചക്കറികൾ ഹോർട്ടികോർപ്പ് സംഭരിക്കുന്നു. കൂടാതെ

സംസ്ഥാനത്തുടനീളം ഹോർട്ടികോർപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കൂടുതൽ സംഭരണ വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കർഷകരെ ജൈവകൃഷിരീതിയിലുള്ള പച്ചക്കറി ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി വിപണി വിലയേക്കാളും 20% വരെ അധികം വില നൽകി കർഷകരിൽനിന്നും പച്ചക്കറികൾ സംഭരിച്ചുവരുന്നു.

**പച്ചത്തേങ്ങ സംഭരണം**

7(2953) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചത്തേങ്ങ സംഭരണം സർക്കാർ നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ എന്താണ് ഇതിന് കാരണം;

(ബി) ഇത്തരത്തിൽ സംഭരണം നിർത്തിവച്ചത് നാളികേര കർഷകർക്ക് വളരെ പ്രയാസങ്ങൾ സൃഷ്ടിക്കുന്നതാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംഭരണവുമായി ബന്ധപ്പെട്ട് നാളികേര കർഷകരെ സഹായിക്കുന്നതിന് കേരഫെഡ് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; ഫണ്ടിന്റെ അപര്യാപ്തത സംഭരണ നടപടികളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ;

(സി) കേരഫെഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും പച്ചതേങ്ങ സംഭരണം പുനരരാംഭിക്കുന്നതിനും നാളികേര കർഷകരെ സഹായിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ - സി) പച്ചത്തേങ്ങ സംഭരണം നിർത്തലാക്കിയിട്ടില്ല. കമ്പോളവില ഉയർന്നു നിൽക്കുന്ന സാഹചര്യത്തിൽ നാളികേര സംഭരണത്തിന് പ്രസക്തി ഇല്ല. നാളികേരത്തിന്റെ കമ്പോളവില ഇപ്പോൾ വലിയതോതിൽ ഉയർന്നു നിൽക്കുന്ന സാഹചര്യത്തിൽ കർഷകരെ രക്ഷിക്കുന്നതിനായി സബ്സിഡി നൽകി നാളികേരം സംഭരിക്കേണ്ട ആവശ്യമില്ല. നാളികേരത്തിന്റെ കമ്പോള വില ഇടിയുന്ന സന്ദർഭങ്ങളിൽ കർഷകർക്ക് ആശ്വാസമായ രീതിയിൽ സംഭരണം പുനരാരംഭിക്കുന്നതാണ്. കൃഷി ഭവനുകൾവഴിയും സഹകരണ സംഘങ്ങൾ വഴിയും ആവശ്യമായ ഘട്ടത്തിൽ പച്ചത്തേങ്ങ സംഭരണം നടത്തുന്നതിനുള്ള എല്ലാ തയ്യാറെടുപ്പുകളും നടത്തിയിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പച്ചത്തേങ്ങ സംഭരണവുമായി ബന്ധപ്പെട്ട് ഗുരുതരമായ വീഴ്ചകളുണ്ടായിട്ടുണ്ടെന്ന് സി. ആന്റ് എ. ജി. തന്നെ കണ്ടെത്തിയിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരഫെഡിൽ നടന്ന ക്രമക്കേടുകളെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടന്നുവരികയാണ്.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പച്ചത്തേങ്ങ സംഭരിച്ച വകയിൽ കർഷകർക്ക് നൽകുവാൻ ബാക്കിയുണ്ടായിരുന്ന മുഴുവൻ തുകയും ഈ സർക്കാർ നൽകിയിട്ടുണ്ട്. ഇപ്പോൾ കേരഫെഡ് ഘട്ടംഘട്ടമായി ഉത്പാദനക്ഷമത വർദ്ധിപ്പിച്ച് വൈവിദ്ധ്യവൽക്കരണത്തിലൂടെ വെളിച്ചെണ്ണ കൂടാതെ മറ്റ് മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു.

**പഴങ്ങളിലെയും പച്ചക്കറികളിലെയും മാരക വിഷാംശം**

8(2954) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന അതിർത്തി കടന്നുവരുന്ന പഴങ്ങളിലും പച്ചക്കറികളിലും മാരക വിഷാംശം അടങ്ങിയിട്ടുള്ളതായ റിപ്പോർട്ടുകൾ കൃഷിവകുപ്പിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതിർത്തിയിൽ ഇത്തരം ഭക്ഷ്യവസ്തുക്കൾ പരിശോധിക്കുന്നതിന് നിലവിൽ സംവിധാനമുണ്ടോ; എങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ കൊണ്ടുവരുന്ന എല്ലാ പഴങ്ങളുടെയും പച്ചക്കറികളുടെയും സാമ്പിളുകൾ സംസ്ഥാന അതിർത്തികളിലെ ചെക്ക് പോസ്റ്റുകളിൽനിന്നും ശേഖരിച്ച് ഭക്ഷ്യസുരക്ഷ വകുപ്പിനുകീഴിലുള്ള തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിലെ അനലിറ്റിക്കൽ ലാബുകളിൽ പരിശോധിച്ച് കുറ്റക്കാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കാറുണ്ട്. മാർക്കറ്റുകളിൽനിന്നും ശേഖരിക്കുന്ന സാമ്പിളുകൾ വെള്ളായണി കാർഷിക കോളേജിൽ പരിശോധിച്ച് പരിശോധനാഫലം മൂന്ന് മാസത്തിലൊരിക്കൽ പരസ്യപ്പെടുത്തുന്നുണ്ട്. ഇതുസംബന്ധിച്ച് വ്യാപകമായ പരസ്യങ്ങൾ പത്ര-ദൃശ്യ മാധ്യമങ്ങളിൽ നൽകിവരുന്നുണ്ട്. ഇത് പൊതുജനങ്ങളിൽ അവബോധം ഉണ്ടാക്കുകയും സ്വന്തമായി കൃഷിയിലേയ്ക്ക് തിരിയുന്നതിന് കാരണമാകുകയും ചെയ്യുന്നുണ്ട്.

**നീര ഉല്പാദനം**

9(2955) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാളികേര കർഷകർക്കും തൊഴിലാളികൾക്കും വലിയ പ്രതീക്ഷ നൽകിയ നീര ഉത്പാദനം ഇപ്പോൾ പ്രതിസന്ധിയിലാണോ; എങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ രംഗത്തെ പ്രതിസന്ധി പരിഹരിക്കാൻ നാളികേര വികസന ബോർഡ് സ്വീകരിച്ച് വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) നീര ഉത്പാദനം വർദ്ധിപ്പിക്കാൻ കർഷകർക്ക് പരിശീലനം നൽകാൻ നാളികേര വികസന ബോർഡ് പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഏത് തരത്തിലുള്ള പരിശീലനമാണ് നൽകാനുദ്ദേശിക്കുന്നതെന്നും കർഷകരെ കൂടാതെ ആർക്കെല്ലാമാണ് പരിശീലനം നൽകുന്നതെന്നും ഇതിന് വേണ്ട ചെലവ് എന്താണെന്നും വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്ത് ആഴ്ചയിൽ എത്ര ലിറ്റർ നീര ഉത്പാദിപ്പിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(എഫ്) ഇതുവരെയുള്ള കണക്കുകൾ പ്രകാരം നീര ഉത്പാദനം ലാഭകരമാണോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നീര ഉത്പാദിപ്പിക്കുന്ന കർഷകർക്കും തൊഴിലാളികൾക്കും വിപണനത്തിൽ ചില പ്രതിസന്ധികൾ ഉണ്ടാകുന്നുണ്ട്. അതിനുള്ള പ്രധാന കാരണം വിദഗ്ദ്ധ തൊഴിലാളികളുടെയും ദീർഘകാലം നീര സൂക്ഷിച്ചുവയ്ക്കാനും ആധുനിക പാക്കിംഗിനുമുള്ള ടെക്നോളജിയുടെയും അഭാവമാണെന്ന് കരുതപ്പെടുന്നു.

(ബി - ഡി) "ടെക്നോളജി മിഷൻ ഓൺ കോക്കനട്ട് " എന്ന പദ്ധതിയുടെ കീഴിൽ പദ്ധതി ചെലവിന്റെ 25 ശതമാനം (പരമാവധി 50 ലക്ഷം രൂപ) സബ്സിഡിയായി നാളികേര വികസന ബോർഡ് നാളികേര ഉത്പാദക കമ്പനികൾക്ക് നല്കിവരുന്നുണ്ട്.

നാളികേര വികസന ബോർഡ് നീര ഉത്പാദനത്തിനുള്ള ടെക്നോളജി സൗജന്യമായി നാളികേര ഉത്പാദക കമ്പനികൾക്ക് നൽകിവരുന്നു. നീര ടെക്നീഷ്യൻമാരെ പരിശീലിപ്പിക്കുന്നതിന് നാളികേര വികസന ബോർഡ് സഹായം നൽകുന്നുണ്ട്. വെന്റിംഗ് മെഷിനുകൾ/വില്പന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നാളികേര ഉത്പാദക ഫെഡറേഷനുകൾക്കും നാളികേര ഉത്പാദക സൊസൈറ്റികൾക്കും നാളികേര വികസന ബോർഡ് സാമ്പത്തിക സഹായം നൽകുന്നുണ്ട്.

നീര ടെക്നീഷ്യൻമാർക്ക് പരിശീലനം നൽകുന്നതിനായി 2017-18 സാമ്പത്തിക വർഷം നാളികേര വികസന ബോർഡ് 72.31 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഇ) കേരള കാർഷിക സർവ്വകലാശാലയുടെ പൈലറ്റ് പ്ലാന്റിൽ ദിവസേന 300 ലിറ്റർ നീര ലാഭകരമായി ഉത്പാദിപ്പിച്ച് വിതരണം നടത്തുന്നുണ്ട്. നാളികേര ഉത്പാദക കമ്പനികൾ ഉത്പാദിപ്പിക്കുന്ന നീര സംബന്ധിച്ച വിവരം ലഭ്യമല്ല.

(എഫ്) നീര ഉത്പാദനം ലാഭകരമാണോ എന്നുള്ള പഠനം നടത്തിയിട്ടില്ല. ഇതുസംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് പഠനം നടത്തുന്നതാണ്.

**ജൈവ വൈപ്പിൻ പദ്ധതി**

10(2956) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ വൈപ്പിൻ പദ്ധതി പുനരാരംഭിക്കുന്നതിനായി സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി പാരിസ്ഥിതിക പഠനം നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ജൈവ വൈപ്പിൻ പ്രദേശത്തെ എക്കൽ നീക്കംചെയ്യുന്നത് സംബന്ധിച്ച് ഹൈക്കോടതിയുടെ നിലവിലെ ഇടക്കാല ഉത്തരവ് പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ എറണാകുളം സബ് കളക്ടറുമായി ചർച്ച നടത്തി. CRZ-ന്റെ അനുമതിയോ National Centre for Earth Science and Studies (NCESS)-ന്റെ പഠന റിപ്പോർട്ടോ ലഭ്യമായാൽ മാത്രമേ ഇടക്കാല ഉത്തരവ് നീക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുവാൻ സാധിക്കുകയുള്ളൂ. 23-5-2017-ലെ മീറ്റിംഗിലെ തീരുമാനമനുസരിച്ച് CESS-ലെ ശാസ്ത്രജ്ഞൻ ഡോ. കെ. കെ. രാമചന്ദ്രനുമായി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ബന്ധപ്പെടുകയും പരിസ്ഥിതി ആഘാത പഠനത്തിനായുള്ള സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി CESS അതോറിറ്റി 12 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നൽകുകയും പ്രസ്തുത തുക CESS-ന് നൽകുകയും ചെയ്തു.

(ബി) പരിസ്ഥിതി സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിലേയ്ക്കായി 25-7-2017 മുതൽ 28-7-2017 വരെയുള്ള ദിവസങ്ങളിൽ National Centre for Earth Science and Studies (NCESS) പഠനം നടത്തിയിട്ടുണ്ട്. റിപ്പോർട്ട് ഒരു മാസംകൊണ്ട് ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. സ്റ്റാറ്റസ് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിസ്ഥിതി ആഘാതപഠനവും മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയും നേടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## നീര ഉൽപാദനം നേരിടുന്ന പ്രതിസന്ധി

11(2957) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നീര ഉൽപാദനം പ്രതിസന്ധിയിലായതോടെ അയൽസംസ്ഥാനങ്ങളായ ആന്ധ്ര, തമിഴ്നാട്, കർണ്ണാടക തുടങ്ങിയവ ഈ രംഗത്ത് ഏറെ മുന്നേറിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിൽ 2015-16 വർഷത്തിൽ ആഴ്ചയിൽ നാൽപതിനായിരം ലിറ്റർ നീര ഉൽപാദിപ്പിച്ചത് 2016-17-ൽ പതിനയ്യായിരം ലിറ്റർ എന്ന നിലയിലേയ്ക്ക് താഴ്ന്ന സാഹചര്യം പരിശോധിക്കുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) നീര ഉൽപാദനം വർദ്ധിപ്പിച്ചില്ലെങ്കിൽ വിപണി മറ്റ് സംസ്ഥാനങ്ങൾ കൈയ്യടക്കുന്ന സ്ഥിതി വരുമോ;

(ഡി) കേരളത്തിൽ നീര ഉൽപാദനം നേരിടുന്ന പ്രധാന പ്രതിസന്ധികൾ എന്തൊക്കെയാണ്;

(ഇ) ഇത് പരിഹരിച്ച് ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) നീര ഉത്പാദിപ്പിക്കുന്ന കർഷകർക്കും തൊഴിലാളികൾക്കും ചില പ്രതിസന്ധികൾ ഉണ്ടായിട്ടുണ്ട്. വിദഗ്ദ്ധ തൊഴിലാളികളുടെയും ദീർഘകാലം നീര സൂക്ഷിച്ചുവയ്ക്കുവാനുമുള്ള ആധുനിക ടെക്നോളജിയുടെയും അഭാവമാണ് ഇതിന് കാരണം.

(ബി) ചില നീര ഉത്പാദക കമ്പനികൾ പ്രാരംഭകാല ബുദ്ധിമുട്ടുകൾ നേരിടുന്നുവെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിൽ 2015-16 വർഷത്തിൽ ആഴ്ചയിൽ നാൽപതിനായിരം ലിറ്റർ നീര ഉൽപാദിപ്പിച്ചത് 2016-17-ൽ പതിനയ്യായിരം ലിറ്റർ എന്ന നിലയിലേയ്ക്ക് താഴ്ന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരള കാർഷിക സർവ്വകലാശാലയിൽ മുൻവർഷത്തേക്കാൾ 2016-17 വർഷത്തിൽ നീര ഉല്പാദനം വർദ്ധിച്ചിട്ടുണ്ട്.

(സി) നീര ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾക്ക് സംസ്ഥാന സർക്കാർ മുന്തിയ പരിഗണനയാണ് നൽകിവരുന്നത്.

(ഡി) നീര ഉത്പാദിപ്പിക്കുന്ന കർഷകർക്കും തൊഴിലാളികൾക്കും വിപണനത്തിൽ ചില പ്രതിസന്ധികൾ ഉണ്ടാകുന്നുണ്ട്. അതിനുള്ള പ്രധാന കാരണം വിദഗ്ദ്ധ തൊഴിലാളികളുടെയും ദീർഘകാലം നീര സൂക്ഷിച്ചുവയ്ക്കാനും ആധുനിക പാക്കിംഗിനുമുള്ള ടെക്നോളജിയുടെയും അഭാവമാണ്.

(ഇ) "ടെക്നോളജി മിഷൻ ഓൺ കോക്കനട്ട് " എന്ന പദ്ധതിയുടെ കീഴിൽ പദ്ധതി ചെലവിന്റെ 25 ശതമാനം (പരമാവധി 50 ലക്ഷം രൂപ) സബ്സിഡിയായി നാളികേര വികസന ബോർഡ് നാളികേര ഉത്പാദക കമ്പനികൾക്ക് നല്കി വരുന്നുണ്ട്.

നാളികേര വികസന ബോർഡ് നീര ഉത്പാദനത്തിനുള്ള ടെക്നോളജി സൗജന്യമായി നാളികേര ഉത്പാദക കമ്പനികൾക്ക് നൽകിവരുന്നു. നീര ടെക്നീഷ്യൻമാരെ പരിശീലിപ്പിക്കുന്നതിന് നാളികേര വികസന ബോർഡ് സഹായം നൽകുന്നുണ്ട്. വെന്റിംഗ് മെഷീനുകൾ/വില്പന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും നാളികേര ഉത്പാദക ഫെഡറേഷനുകൾക്കും നാളികേര ഉത്പാദക സൊസൈറ്റികൾക്കും നാളികേര വികസന ബോർഡ് സാമ്പത്തിക സഹായം നൽകുന്നുണ്ട്.

കൃഷി വകുപ്പ് നീര ടെക്നീഷ്യൻമാർക്ക് പരിശീലനം നൽകുന്നതിനായി 2017-18 സാമ്പത്തിക വർഷം 75 ലക്ഷം രൂപ നാളികേര വികസന കോർപ്പറേഷന് അനുവദിച്ചിട്ടുണ്ട്.

**കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ പുനരുദ്ധരിക്കൽ**

12(2958) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലെ പ്രമുഖ പൊതുമേഖലാ സ്ഥാപനമായ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ പുനരുദ്ധരിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) കെയ്കോയിലെ തൊഴിലാളികളുടെ പ്രശ്നങ്ങളെക്കുറിച്ച് ട്രേഡ് യൂണിയനുകളുമായി ചർച്ച നടത്താൻ തയ്യാറാകുമോ;

(സി) സർക്കാർ വകുപ്പുകൾക്ക് കീഴിലുള്ള വിവിധ കാർഷികപദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കെയ്കോയെ പ്രഖ്യാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ പുനരുദ്ധാരണത്തിന്റെ ഭാഗമായി ബാദ്ധ്യതകൾ തീർക്കുന്നതിന് അഡീഷണൽ ഓതറൈസേഷൻ മുഖേന 1 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ട്രേഡ് യൂണിയൻ ഉന്നയിക്കുന്ന പ്രശ്നങ്ങൾ കോർപ്പറേഷൻ തലത്തിൽ ചർച്ച ചെയ്യുന്നുണ്ട്.

(സി) സംസ്ഥാനത്ത് കാർഷിക വികസന രംഗത്ത് മൂല്യവർദ്ധനവിനായി അഗ്രോപാർക്കുകൾ രൂപീകരിക്കുന്നതിനുവേണ്ടി KIIFB-യിൽ അപേക്ഷ നൽകുന്നതിനും പ്രോജക്ട് നടപ്പാക്കുന്നതിനും സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ [Special Purpose Vehicle (SPV)] ആയി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരളത്തിൽ ആരംഭിക്കുന്ന അഗ്രോ മാളുകളിൽ തൃശ്ശൂരിൽ ആരംഭിക്കുന്നതിന്റെ ചുമതല ഇപ്പോൾ KAICO -ന് നൽകിയിട്ടുണ്ട്.

**നേമം നിയോജക മണ്ഡലത്തിലെ തരിശു ഭൂമിയിൽ പച്ചക്കറി കൃഷി**

13(2959) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നേമം മണ്ഡലത്തിലെ തരിശു ഭൂമി പച്ചക്കറി കൃഷിക്ക് ഉപയുക്തമാക്കുന്നതിന് സർക്കാർ തലത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

തരിശുനിലത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി ഒരു ഹെക്ടറിന് ആകെ 30,000 രൂപ ധനസഹായം നൽകുന്നു. ഇതിൽ 25,000 രൂപ കർഷകനും 5,000 രൂപ ഭൂവുടമയ്ക്കുമാണ് നൽകുന്നത്. നടപ്പു വർഷം 1,000 ഹെക്ടർ തരിശുനിലത്ത് പച്ചക്കറി കൃഷി ചെയ്യുവാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

നേമം നിയോജകമണ്ഡലത്തിൽ തരിശു ഭൂമിയിൽ കൃഷി ചെയ്യുന്നതിനായി പച്ചക്കറി വികസന പദ്ധതി 2017-18-ൽ ഉൾപ്പെടുത്തി 3 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനുവേണ്ടി 90,000 രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ നേമം കൃഷി ഭവന്റെ പരിധിയിൽ 1 ഹെക്ടർ സ്ഥലത്തും സിറ്റി കോർപ്പറേഷൻ കൃഷി ഭവന്റെ പരിധിയിൽ 1 ഹെക്ടർ സ്ഥലത്തും തിരുവല്ലം കൃഷി ഭവന്റെ പരിധിയിൽ 1 ഹെക്ടർ സ്ഥലത്തും കൃഷി ഓഫീസർമാരുടെ മേൽനോട്ടത്തിൽ പച്ചക്കറി കൃഷി നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

**കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പളപരിഷ്കരണം**

14(2960) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) കോർപ്പറേഷനെ പുനഃസംഘടിപ്പിക്കുന്നതിനും നഷ്ടപ്പെട്ട തസ്തികകൾ പുനഃസ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) കെയ്കോയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കോർപ്പറേഷന് ബാധ്യതയാകുന്ന തരത്തിൽ പിൻവാതിൽ കരാർ നിയമനങ്ങൾ നടത്തിയതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കരാർ നിയമനങ്ങൾ പുനഃപരിശോധിക്കുമോ?

ഉത്തരം

(എ) കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കാനുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു.

(ബി) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽനിന്നും സർക്കാരിൽ പ്രൊപ്പോസൽ ലഭിച്ചിട്ടില്ല. ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(സി) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കോർപ്പറേഷന് ബാദ്ധ്യതയാകുന്ന തരത്തിൽ പിൻവാതിൽ കരാർ നിയമനങ്ങൾ നടത്തിയതായി ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വിരമിച്ച രണ്ട് ജീവനക്കാർ കാംകോയിൽ കൺസൾട്ടന്റായി ജോലിയിൽ തുടരുന്നതായുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അവരുടെ സേവനം അവസാനിപ്പിക്കുന്നതിന് മാനേജിംഗ് ഡയറക്ടർ, കാംകോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പല കരാർ നിയമനങ്ങളും പുതുക്കേണ്ട എന്ന് തീരുമാനിച്ചിട്ടുമുണ്ട്.

**കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി**

15(2961) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിയുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) സർട്ടിഫൈഡ് സീഡ് ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കുമോ;

(സി) വിത്തിന്റെ വിൽപ്പനയും, ഗുണനിലവാര നിയന്ത്രണവും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ)

1. കർഷകർക്കായി ഗുണമേന്മയുള്ള വിത്തുൽപാദനം, സംഭരണം, സംസ്കരണം, വിതരണം എന്നീ പ്രവർത്തനങ്ങളുടെ ഭാഗമായി കൃഷിഭവനുകളുടെ സഹായത്തോടെ രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതിപ്രകാരം നെൽവിത്തുൽപാദിപ്പിക്കുകയും അവർ ഉത്പാദിപ്പിക്കുന്ന നെൽവിത്ത് കിലോയ്ക്ക് 30 രൂപ നൽകി കർഷകരിൽനിന്നും സംഭരിക്കുകയും ചെയ്യുന്നു. സംഭരിച്ച വിത്ത് സീഡ് അതോറിറ്റിയുടെ എരുത്യാമ്പതി, ആലപ്പുഴ എന്നീ സ്ഥലങ്ങളിൽ സ്ഥാപിച്ച യന്ത്രങ്ങൾവഴി സംസ്കരിച്ചെടുക്കുകയും ഗുണമേന്മ ഉറപ്പ് വരുത്തി 30 കി.ഗ്രാം. വീതമുള്ള ചാക്കുകളിലാക്കി ആവശ്യമുള്ള കർഷകർക്ക് കൃഷിഭവനുകളിലൂടെ വിതരണം നടത്തുകയും ചെയ്യുന്നു.

2. വിത്തുൽപ്പാദന പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ സാമ്പത്തികമായ ഉന്നതിക്കായി നെല്ലിന്റെ വിലയേക്കാൾ കൂടിയ വിലയ്ക്ക് നിലവിൽ കിലോയ്ക്ക് 30 രൂപ നിരക്കിൽ നെൽവിത്ത് കൃഷിക്കാരിൽനിന്നും സംഭരിക്കുന്നു. തന്മൂലം വിത്തുൽപ്പാദന പദ്ധതിയിലെ കർഷകർക്ക് കൂടുതൽ ആദായം ലഭിക്കുന്നുണ്ട്.

3. നെൽവിത്ത്, മറ്റ് വിത്തുകൾ എന്നിവയുടെ സംഭരണത്തിലും വിതരണത്തിലുമുള്ള പ്രശ്നങ്ങൾ പഠിച്ച് പരിഹാര നിർദ്ദേശങ്ങൾ നൽകിവരുന്നു.

4. വിത്തിന്റെ ഗുണമേന്മ ഉറപ്പാക്കുന്നതിനായി പരിശോധനാ ലാബുകൾ സ്ഥാപിക്കുക, വിത്തുവിതരണത്തിനുള്ള ട്രാൻസ്പോർട്ടേഷൻ സംവിധാനം ഏർപ്പെടുത്തുക എന്നിവയാണ് മറ്റ് പ്രവർത്തനങ്ങൾ.

5. കർഷകർക്ക് നൂതന കൃഷി മുറകളാലും മറ്റും പരിശീലനം നൽകി വരുന്നുണ്ട്. ശാസ്ത്രീയ കൃഷി രീതികളെക്കുറിച്ചും വിത്തുൽപ്പാദനത്തെക്കുറിച്ചും പരിശീലന പരിപാടികൾ കർഷകരുടെ പാടത്തുവച്ചും മറ്റും നടപ്പാക്കുന്നതിലൂടെ നൂതന കാർഷിക സാങ്കേതിക വിദ്യകൾ കർഷകർക്ക് ലഭ്യമാക്കാൻ കഴിയുന്നു.

6. കേരളത്തിലെ കർഷകർക്ക് വിവിധയിനം നെൽവിത്ത് ആവശ്യത്തിനനുസരിച്ച് ആർ.എസ്.ജി.പി. പദ്ധതിയിലൂടെ ഉത്പാദിപ്പിച്ചും കാർഷിക സർവ്വകലാശാല, കൃഷി വകുപ്പ് ഫാമുകൾ എന്നിവ മുഖേനയും ലഭ്യമാക്കിവരുന്നു.

(ബി)

1. വിത്തിന്റെ ആവശ്യകത ഉറപ്പുവരുത്തുകയും തിട്ടപ്പെടുത്തുകയും ചെയ്യുക.

2. കൃഷിഭവനിലും വിത്തുവികസന അതോറിറ്റിയിലും ആർ.എസ്.ജി.പി. പദ്ധതിയിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് അടിസ്ഥാനവിത്ത് (Foundation Seed) ലഭ്യമാക്കുക.

3. അടിസ്ഥാനവിത്ത് (Foundation Seed) കൃഷി ചെയ്യുക.

4. കൃഷി ഓഫീസർ/കൃഷി അസിസ്റ്റന്റിന്റെ നേതൃത്വത്തിലുള്ള വിള പരിശോധന നടത്തുക (3 തവണ).

5. കൊയ്തെടുത്ത വിത്ത് ഉണക്കി വൃത്തിയാക്കി വയ്ക്കുക (13 ശതമാനത്തിൽ കുറവ് ജലാംശം മാത്രം നിലനിർത്തി.)

6. ബ്ലോക്കുതല കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ വിത്തുപരിശോധനാ ലാബിലേയ്ക്ക് സാംപിൾ ലഭ്യമാക്കുക.

7. ഗുണമേന്മ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഗുണമേന്മ ടാഗ് ലഭ്യമാക്കുന്നത് കൃഷി അഡീഷണൽ ഡയറക്ടർ (സി.പി.) ആണ്.

8. വിത്ത് സംഭരണം, സംസ്കരണം, ശേഖരണം എന്നിവ നടത്തുക.

9. സീഡ് അതോറിറ്റിയിൽ നിന്നും കർഷകന് വിത്തിന്റെ വില ലഭ്യമാക്കുക.

(സി)

1. വിത്തിന്റെ വിൽപ്പന കൃഷിഭവനുകളിലൂടെയും സീഡ് അതോറിറ്റി ഓഫീസുകൾ മുഖേനയും നടത്തി വരുന്നു.

2. രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതി (ആർ.എസ്.ജി.പി. പദ്ധതി) പ്രകാരം ഉൽപ്പാദിപ്പിക്കുന്ന വിത്തുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി വിത്തുപരിശോധനാ ലാബിൽ സാമ്പിൾ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കി കാർഷിക വികസന വകുപ്പ് ഗുണമേന്മ ടാഗ് നല്കിവരുന്നു. ഗുണനിലവാര നിയന്ത്രണത്തിനുള്ള സർട്ടിഫിക്കറ്റാണ് ' TAG '. ഇത് ചാക്കിൽ തുന്നിച്ചേർക്കുകയും ചാക്കിന്റെ മുകളിൽ എഴുതുകയും ചെയ്യുന്നു.

സർട്ടിഫൈഡ് വിത്തിന്റെ ഗുണമേന്മ ഘടകങ്ങൾ ചുവടെ ചേർക്കുന്നു:

ശുദ്ധമായ വിത്ത് (കുറഞ്ഞത്) - 98%

നിഷ്ക്രിയ വസ്തുക്കൾ (പരമാവധി) - 2%

| | | |
|---|---|---|
| അരി (പരമാവധി) | - | 2% |
| മറ്റു വിള വിത്തുകൾ (പരമാവധി) | - | 20 എണ്ണം/കി.ഗ്രാം |
| തിരിച്ചറിയാൻ പറ്റുന്ന ഇനങ്ങൾ | - | 20 എണ്ണം/കി.ഗ്രാം (പരമാവധി) |
| കളവിത്തുകൾ (പരമാവധി) | - | 20 എണ്ണം/കി.ഗ്രാം |
| വരിനെല്ല് | - | 5 എണ്ണം/കി.ഗ്രാം |
| മുളശേഷി (കുറഞ്ഞത്) | - | 80 % |
| ഈർപ്പം (പരമാവധി) | - | 13% |

## കൃഷി ഓഫീസറുടെ തസ്തികകൾ

16(2962) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ ഏതെല്ലാം കൃഷിഭവനുകളിൽ കൃഷി ഓഫീസറുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു; വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത തസ്തികകൾ എത്രകാലമായി ഒഴിഞ്ഞുകിടക്കുന്നു;

(ബി) പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ ലക്കിടി പേരൂർ കൃഷി ഭവനിൽ 6 മാസമായും തച്ചനാട്ടുകര, പൂക്കോട്ടുകാവ്, കരിമ്പുഴ, അമ്പലപ്പാറ, ഒറ്റപ്പാലം എന്നീ കൃഷി ഭവനുകളിൽ ഒരു വർഷമായും കൃഷി ഓഫീസർ തസ്തികയിൽ ഒഴിവുണ്ട്.

(ബി) കൃഷി ഓഫീസർ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി 2013-ൽ അവസാനിച്ചിരുന്നു. നിലവിൽ കൃഷി ഓഫീസർ തസ്തികയിലെ എല്ലാ ഒഴിവുകളും പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷൻ റാങ്ക് ലിസ്റ്റ് 24-7-2017-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷനിൽനിന്നും നിയമന ശിപാർശ ലഭിച്ചാലുടൻതന്നെ നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കൃഷി വകുപ്പിൽ സ്പെഷ്യൽ റൂൾസ് രൂപീകരിക്കാൻ നടപടി

17(2963) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൽ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് വരെയായെന്നും എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ;

(ബി) കൃഷി സ്പെഷ്യൽ റൂൾസ് രൂപീകരിക്കാൻ സർക്കാർ നടപടി സ്വീകിരക്കുമോ?

ഉത്തരം

(എ) കാർഷിക വികസന കർഷകക്ഷേമ വകുപ്പിലെ (മുൻ കൃഷി വകുപ്പ്) ഗസറ്റഡിതര ജീവനക്കാരുടെ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിന് കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ പ്രത്യേക കമ്മിറ്റി രൂപീകരിക്കുകയും ചട്ടങ്ങൾ രൂപീകരിക്കുന്നതിനുവേണ്ട സത്വര നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. വകുപ്പിൽ കോമൺ കാറ്റഗറിയിൽപ്പെട്ടവ ഉൾപ്പെടെ എഴുപതോളം ഗസറ്റഡിതര തസ്തികകൾ നിലവിലുണ്ട്. ലഭ്യമായ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പകുതിയോളം തസ്തികകളുടെ വിശദാംശങ്ങൾ ക്രോഡീകരിച്ച് പട്ടികയാക്കിയിട്ടുണ്ട്. മറ്റ് തസ്തികകളുടെ വിശദാംശങ്ങൾ കൂടി ക്രോഡീകരിച്ച് ചട്ടങ്ങളുടെ കരട് രൂപം സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടി കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ സ്വീകരിച്ചുവരുന്നു.

(ബി) കാർഷിക വികസന കർഷകക്ഷേമ വകുപ്പിലെ ഗസറ്റഡ് തസ്തികയിലെ ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

## കേരള സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള കശുമാവ് തോട്ടങ്ങളിൽ കൃഷിനാശം

18(2964) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് പുറത്ത് ഭൂമി പാട്ടത്തിനെടുത്ത് കശുമാവ് കൃഷി വ്യാപനത്തിനായി നിരവധി കർമ്മ പദ്ധതികൾ ആരംഭിക്കുന്ന സമയത്ത് തന്നെ കൃഷി വകുപ്പിന്റെ കീഴിലുള്ള കേരള സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷന്റെ തോട്ടങ്ങളിൽ മുൻകാലങ്ങളിൽ ചെയ്ത കശുമാവ് കൃഷി വ്യാപകമായി നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരള സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ തങ്ങളുടെ ഉടമസ്ഥതയിലുള്ള തോട്ടങ്ങളിലെ കശുമാവുകൾ മുറിച്ചുമാറ്റി പകരം റബ്ബർ തൈകൾ നടാൻ ശ്രമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്രകാരം കശുമാവുകൾ മുറിച്ചുമാറ്റുന്നുവെങ്കിൽ തൽസ്ഥാനത്ത് കൂടുതൽ വിളവ് ലഭിക്കുന്ന ഹൈ ബ്രീഡ് കശുമാവ് ഇനങ്ങൾ വച്ചുപിടിപ്പിച്ച് കശുവണ്ടി ഉത്പാദനം വർദ്ധിപ്പിക്കുവാൻ കേരള സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷന് നിർദ്ദേശം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷന്റെ എസ്റ്റേറ്റുകളിൽ മുൻകാലങ്ങളിൽ കൃഷി ചെയ്തിട്ടുള്ള കശുമാവ് വ്യാപകമായി നശിച്ചിട്ടില്ല.

(ബി & സി) 21-5-2012-ലെ സ.ഉ.(സാധാ.) നമ്പർ 1121/12/എ.ഡി. പ്രകാരം കോർപ്പറേഷന്റെ അധീനതയിലുള്ള എസ്റ്റേറ്റുകളിലെ 167.97 ഹെക്ടർ കശുമാവ് ഏരിയ ഉൾപ്പെടെ 1998.30 ഹെക്ടറിൽ റീ പ്ലാന്റേഷന് അനുമതി നൽകിയിട്ടുണ്ട്. മുള്ളുമല എസ്റ്റേറ്റിലെ അമ്പനാർ കോട്ടക്കയം ഡിവിഷനുകളിലായി 10.5 ഹെക്ടർ സ്ഥലത്ത് ഉണ്ടായിരുന്ന മുറ്റിയതും കായ്ഫലം കുറഞ്ഞതുമായ കശുമാവുകൾ മാത്രം മുറിച്ചുമാറ്റിയിട്ടുണ്ട്. ഇതിൽ കോട്ടക്കയം ഏരിയയിലെ 4 ഹെക്ടറിലെ പാറ ഒഴികെയുള്ള 2.5 ഹെക്ടർ സ്ഥലത്ത് റബ്ബർ തൈകൾ നട്ടിട്ടുണ്ട്. കൂടാതെ അമ്പനാർ ഏരിയയിലെ 6 ഹെക്ടറിലെ പാറ ഒഴികെയുള്ള ഏകദേശം 4 ഹെക്ടർ സ്ഥലത്ത് റബ്ബർ പ്ലാന്റ് ചെയ്യാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഫാമിംഗ് കോർപ്പറേഷന്റെ സാധ്യമായ സ്ഥലങ്ങളിൽ കൂടുതൽ ഉത്പാദനക്ഷമതയുള്ള മുന്തിയ ഇനം കശുമാവിൻതൈകൾ വച്ചുപിടിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## കൃഷി വകുപ്പിൽ സ്റ്റോക്ക് & സ്റ്റോഴ്സ് പരിശോധന

19 (2965) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൃഷി വകുപ്പിൽ സ്റ്റോക്ക് & സ്റ്റോഴ്സ് പരിശോധന നടത്തിയതിൽ തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം ജില്ലകളിലെ പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കാമോ;

(ബി) പരിശോധന നടത്തിയതിന്റെ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ & ബി) കൃഷി വകുപ്പിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ സ്റ്റോക്ക് & സ്റ്റോഴ്സ് പരിശോധന നടത്തിയിരുന്നില്ല. എറണാകുളം ജില്ലയിൽ 2011-12 വർഷം മാത്രമേ സ്റ്റോക്ക് & സ്റ്റോഴ്സ് പരിശോധന നടത്തിയിട്ടുള്ളൂ. പ്രസ്തുത പരിശോധനാ റിപ്പോർട്ട് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*.

**നേമം മണ്ഡലത്തിലെ പി.എം.കെ.എസ്.വൈ. പ്രവർത്തനങ്ങൾ**

20(2966) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പി.എം.കെ.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി നേമം നിയോജക മണ്ഡലത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഉത്തരം

പി.എം.കെ.എസ്.വൈ.-യുടെ ആത്മഘടകംവഴി നേമം നിയോജക മണ്ഡലത്തിൽ ട്രെയിനിംഗ്, കൃഷിയിട സന്ദർശനം, കപ്പാസിറ്റി ബിൽഡിംഗ്, മാതൃകാ പ്രദർശനത്തോട്ടം മുതലായവയ്ക്കായി 1,15,114 രൂപ ചെലവഴിച്ചിട്ടുണ്ട്. പി.എം.കെ.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി നേമം നിയോജകമണ്ഡലത്തിൽ മറ്റ് പ്രവർത്തനങ്ങളൊന്നുംതന്നെ നടന്നുവരുന്നില്ല.

**കൃഷി വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ**

21(2967) ശ്രീ. ഇ. പി.ജയരാജൻ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പൊതുമേഖലാ സ്ഥാപനങ്ങളുടെ നിലവിലെ സ്ഥിതിയും 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രധാന പദ്ധതികളും വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) നഷ്ടത്തിലായിരുന്ന ഹോർട്ടികോർപ്പ്, കേരഫെഡ്, ഹോർട്ടികൾച്ചർ മിഷൻ തുടങ്ങിയ സ്ഥാപനങ്ങളെ പുനരുദ്ധരിക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളാ അഗ്രോ മെഷീനറി കോർപ്പറേഷൻ ലിമിറ്റഡ്, കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, ഓയിൽ പാം ഇൻഡ്യ ലിമിറ്റഡ്, ഹോർട്ടികോർപ്പ്, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, വാഴക്കുളം അഗ്രോ & ഫ്രൂട്ട് പ്രോസസിംഗ് കമ്പനി ലിമിറ്റഡ്, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ എന്നിവ കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളാണ്.

(ബി) പ്ലാന്റേഷൻ കോർപ്പറേഷൻ

പൊതുമേഖലാ സ്ഥാപനമായ പ്ലാന്റേഷൻ കോർപ്പറേഷനിൽ 2016-17 വർഷത്തെ ഓഡിറ്റ് ചെയ്യപ്പെടാത്ത പ്രൊവിഷണൽ കണക്കുകൾപ്രകാരം നഷ്ടം 15.27 കോടി രൂപയാണ്. എന്നാൽ 2017-18 വർഷത്തെ ആദ്യ പാദത്തിൽ 1.20 കോടി രൂപയുടെ ലാഭമുണ്ട്. പ്ലാന്റേഷൻ കോർപ്പറേഷനിൽ പുതിയതായി നടപ്പിലാക്കുവാനായി വിഭാവനം ചെയ്ത പദ്ധതികൾ അതിരപ്പിള്ളി എസ്റ്റേറ്റിൽ ഓയിൽ പാം ഫാക്ടറിയും കാസർഗോഡ് എസ്റ്റേറ്റിൽ കാഷ്യൂ പ്രോസസിംഗ് യൂണിറ്റും സോളാർ പവർ പ്ലാന്റുമാണ്.

കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ

കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഒരു പൊതുമേഖലാ സ്ഥാപനമാണ്. നിലവിലെ സഞ്ചിത നഷ്ടം 24 കോടി രൂപയാണ്. 2017-18 കാലയളവിൽ മുതലമട, കായംകുളം, നോർത്ത് പരവൂർ, നെടുമങ്ങാട്, പുനലൂർ, മാനന്തവാടി എന്നീ വെയർഹൗസുകളിൽ ബഹുനില വെയർഹൗസിംഗ് കെട്ടിടങ്ങളുടെയും കാർഷിക സമുച്ചയങ്ങളുടെയും നിർമ്മാണം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇതോടൊപ്പം കൊല്ലം വെയർഹൗസിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളും ആറ്റിങ്ങൽ വെയർഹൗസിൽ വെയ്ബ്രിഡ്ജ് നിർമ്മാണവും ഉദ്ദേശിക്കുന്നുണ്ട്. ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ ഭാഗമായി സപ്ലൈകോയുമായി ചേർന്ന് കൂടുതൽ വെയർഹൗസുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ 2016-17 വർഷം 22.63 ലക്ഷം രൂപ ലാഭമുണ്ടാക്കിയിട്ടുണ്ട്. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (കെയ്കോ) 2017-18 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ താഴെ പറയുന്നു:

1. അഗ്രോ ബസാറുകളുടെ നവീകരണം:

മേൽത്തരം നടീൽ വസ്തുക്കൾ, വിത്തുകൾ തുടങ്ങി കാർഷികോല്പന്നങ്ങളും അവയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വരെയും, പരമ്പരാഗത കാർഷിക ഉപകരണങ്ങൾ മുതൽ ആധുനിക കാർഷിക യന്ത്രങ്ങൾ വരെയും, കർഷകർക്ക് ആവശ്യമായ എല്ലാ സാമഗ്രികളും സേവനങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നതിനായി ആരംഭിച്ച അഗ്രോ ബസാറുകളുടെ തിരുവനന്തപുരം, കൊട്ടാരക്കര, എറണാകുളത്തുള്ള അത്താണി എന്നീ ശാഖകളെ സംസ്ഥാന സർക്കാരിന്റെ വാർഷിക പദ്ധതിയുടെ ധനസഹായത്തോടുകൂടി വിപുലീകരിച്ചു.

2. അഗ്രോ ബസാർ, തൃശ്ശൂർ:

കർഷകർക്ക് കൃഷിയിടത്തിലേയ്ക്ക് ആവശ്യമായ എല്ലാ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും ഉപാധികളും മറ്റ് സംസ്ഥാനങ്ങളിലെ കാർഷിക സർവ്വകലാശാലകളുടെ കാർഷിക നടീൽ വസ്തുക്കൾ, വിത്തുകൾ, കേന്ദ്ര സർക്കാരിന്റെ കൃഷി വകുപ്പിന്റെ കീഴിലുള്ളതും സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിലുള്ളതുമായ പൊതുമേഖലാ സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുടെ ഉല്പന്നങ്ങൾ എന്നിവ ഒറ്റക്കുടക്കീഴിൽ ലഭ്യമാക്കി മിതമായ നിരക്കിൽ ഗുണമേന്മയോടുകൂടി ലഭ്യമാക്കുന്നതിനുവേണ്ടി കെയ്കോ, തൃശ്ശൂർ ജില്ലയിൽ പ്രവർത്തിക്കുന്ന അഗ്രികൾച്ചർ കോംപ്ലക്സിൽ സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടുകൂടി ആരംഭിക്കുന്ന അഗ്രോ സൂപ്പർ ബസാറിന്റെ പ്രവർത്തനം അന്തിമ ഘട്ടത്തിലാണ്.

3. പുനലൂരിലുള്ള കേരള അഗ്രോ ഫ്രൂട്ട് പ്രൊഡക്ട്സിന്റെ നവീകരണ പ്രവർത്തനങ്ങൾ:

പുനലൂരിൽ പ്രവർത്തിക്കുന്ന കേരള അഗ്രോ ഫ്രൂട്ട് പ്രൊഡക്ട്സിൽ പഴവർഗ്ഗങ്ങളിൽനിന്നും തേനിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് 'ജ്യോതി' ബ്രാന്റ് നാമത്തിൽ വിതരണം നടത്തിവരുന്നു. ഈ പ്ലാന്റിന്റെ നവീകരണ പ്രവർത്തനങ്ങളും അതോടൊപ്പം ഒരു പൾപ്പ് നിർമ്മാണ യൂണിറ്റും രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) പദ്ധതിയുടെ സഹായത്തോടുകൂടി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. പദ്ധതി ചെലവ് 195 ലക്ഷം രൂപ.

4. തൃശ്ശൂർ ജില്ലയിലെ മാളയിൽ ആരംഭിച്ച ചക്ക സംസ്കരണ യൂണിറ്റിന്റെ വിപുലീകരണ പ്രവർത്തനങ്ങൾ:

ചക്കയിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ തയ്യാറാക്കുന്നതിനുവേണ്ടി മാളയിൽ സ്ഥാപിച്ച ചക്ക സംസ്കരണ പ്ലാന്റിൽ, ഓഫ് സീസണിൽ മറ്റ് പഴവർഗ്ഗങ്ങളിൽനിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾകൂടി നിർമ്മിക്കുന്നതിനുള്ള പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) പദ്ധതിയുടെ സഹായത്തോടുകൂടി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. പദ്ധതി ചെലവ് 125 ലക്ഷം രൂപ.

5. റൈസ് മിൽ, വയനാട്:

വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരിയിൽ ജീരകശാല, ഗന്ധകശാല എന്നീ ഇനത്തിൽപ്പെട്ട സുഗന്ധ നെല്ലിനങ്ങൾ കൃഷിചെയ്യുന്ന കർഷകർക്ക് സഹായകരമാകുന്നതിലേയ്ക്ക് സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ നിർമ്മിക്കുന്ന ആധുനിക റൈസ് മില്ലിന്റെ പണി അന്തിമഘട്ടത്തിലാണ്.

6. അഗ്രി പാർക്ക്, പുനലൂർ:

അഗ്രോ സൂപ്പർ ബസാർ, പൊതുമേഖലാ സ്ഥാപനങ്ങളുടെ റീട്ടെയിൽ ഔട്ട് ലെറ്റ്സ്, ട്രെയിനിംഗ് സെന്റർ, BHRS Centre (Biogas, Hi-Tech polyhouse, Rainwater harvesting, Solar), നഴ്സറി, സ്റ്റാഫ് റീട്ടെയറിംഗ് റൂംസ്, ക്യാന്റീൻ ഉൾപ്പെടെ ഏകദേശം 9000 Sq.ft. വിസ്തീർണ്ണമുള്ള കെട്ടിടങ്ങളും ഹൈടെക് പോളിഹൗസും ഹാർഡനിംഗ് യൂണിറ്റും ഉൾപ്പെടെയുള്ള പ്രോജക്ടിന്റെ നിർമ്മാണ നടപടികൾ ആരംഭിച്ചു. പദ്ധതി ചെലവ് 1.75 കോടി രൂപ.

7. "പ്രധാനമന്ത്രി കൗശൽ വിജ്ഞാൻ യോജന" (PMKVY) എന്ന നൈപുണ്യ വികസന പദ്ധതി:

കൃഷി രീതികളിലും കാർഷിക യന്ത്രങ്ങളിലും വിദഗ്ദ്ധ പരിശീലനം ലഭിച്ചവരുടെ ലഭ്യത സംസ്ഥാനത്ത് ഉറപ്പാക്കുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന "പ്രധാനമന്ത്രി കൗശൽ വിജ്ഞാൻ യോജന" (PMKVY) എന്ന നൈപുണ്യ വികസന പദ്ധതിയിൽ സംസ്ഥാനത്ത് എല്ലാ ജില്ലകളിലുമായി ഏകദേശം 42000 യുവതീയുവാക്കൾക്ക് ആധുനിക കൃഷിരീതിയിലും കാർഷിക യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിലും റിപ്പയർ ചെയ്യുന്നതിലും മറ്റുമായി അഞ്ച് വിഷയങ്ങളിൽ വിദഗ്ദ്ധ പരിശീലനം നൽകുവാൻ ഉദ്ദേശിച്ച് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ഒരു നൈപുണ്യ വികസന പദ്ധതി നടപ്പിലാക്കുന്നു.

സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്

സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് കഴിഞ്ഞ പതിനഞ്ചിലേറെ വർഷമായി ലാഭത്തിലാണ്. 2016-17-ലും കോർപ്പറേഷൻ ലാഭം നേടി. 2014-15 മുതൽ സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ അതിന്റെ വിവിധ എസ്റ്റേറ്റുകളിൽ റബ്ബർ പുനർ നടീൽ നടത്തിക്കൊണ്ടിരിക്കുന്നു. 2017-18 സാമ്പത്തിക വർഷത്തിലും പ്രധാന പദ്ധതി റബ്ബർതൈ നടുക എന്നുള്ളതാകുന്നു. 2017-18-ൽ വിവിധ എസ്റ്റേറ്റുകളിൽ റബ്ബർ തൈകൾ നടാനുള്ള ബ്ലോക്കുകൾ തെരഞ്ഞെടുത്തുകഴിഞ്ഞു. റബ്ബർ മരങ്ങളിൽനിന്നും റബ്ബർ പാൽ വെട്ടിയെടുത്ത് 60% ലാറ്റക്സാക്കി പൊതുവിപണിയിൽ വിൽക്കുന്നതാണ് എസ്.എഫ്.സി.കെ.-യുടെ പ്രധാന ബിസിനസ്സ്. 2017-18-ലും ആ ബിസിനസ്സ് തുടരും.

കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ ലിമിറ്റഡ്

നാളികേര വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ഇടപ്പള്ളിയിലെ സ്ഥലത്ത് അഗ്രോ ബസാറിന്റെ പണി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഹെഡ് ഓഫീസായ ഏലത്തൂരിൽ സ്ഥാപിച്ചിട്ടുള്ള നീര പ്ലാന്റും ആറ്റിങ്ങൽ മാമത്തുള്ള നാളികേര പ്രോസസിംഗ് കോംപ്ലക്സും പ്രവർത്തനസജ്ജമാക്കാനുള്ള തയ്യാറെടുപ്പിലാണ്. കൂടാതെ 2017-18 കാലയളവിൽ നീര ടെക്നീഷ്യൻസ് ട്രെയിനിംഗ് നടത്തുന്നുണ്ട്. നാളികേര ഉല്പാദക കമ്പനിയുടെ ഉല്പന്നങ്ങൾ സംഭരിച്ച് ഒരു പൊതു ബ്രാൻഡിന്റെ കീഴിൽ കൊണ്ടുവന്ന് വിപണനം ചെയ്യാനും ഉദ്ദേശിക്കുന്നുണ്ട്. ഇപ്പോൾ ചെയ്തുവരുന്ന ഉല്പന്നങ്ങളുടെ വിപണനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഓയിൽ പാം ഇന്ത്യ ലിമിറ്റഡ്

2016-17 സാമ്പത്തിക വർഷം ഓഡിറ്റ് ചെയ്യപ്പെടാത്ത പ്രൊവിഷണൽ കണക്കുകൾ പ്രകാരം ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് ഏകദേശം 2 കോടി രൂപയോളം ലാഭത്തിലാണെന്ന് പ്രതീക്ഷിക്കുന്നു. കമ്പനിക്ക് നെല്ലിന്റെ സബ്സിഡി തുക യഥാസമയം സർക്കാരിൽനിന്നും ലഭിക്കാത്തതുമൂലം പ്രവർത്തന മൂലധനത്തിന്റെ കമ്മിയുണ്ട്. സബ്സിഡി ഇനത്തിൽ 31-3-2017 വരെ കമ്പനിക്ക് ലഭിക്കേണ്ട തുക 14.88 കോടി രൂപയാണ്.

2017-18-ൽ ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ :

1. വെർമി കമ്പോസ്റ്റ് യൂണിറ്റ് :

സ്ഥലം - ഏരൂർ എസ്റ്റേറ്റ്

പ്രതീക്ഷിക്കുന്ന അടങ്കൽ തുക - 25 ലക്ഷം രൂപ

2. കശുമാവ് കൃഷി :

| | | |
|---|---|---|
| സ്ഥലം | - | ഏരൂർ, ചിതറ എസ്റ്റേറ്റ് |
| ഏരിയ | - | 53 ഹെക്ടർ |
| പ്രതീക്ഷിക്കുന്ന അടങ്കൽ തുക | - | 71 ലക്ഷം രൂപ |

വാഴക്കുളം അഗ്രോ & ഫ്രൂട്ട് പ്രോസസിംഗ് കമ്പനി

കമ്പനിയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന പെറ്റ് ബോട്ടിൽ പ്ലാന്റിനുള്ള ഭരണാനുമതി ഇതിനോടകംതന്നെ ലഭ്യമായിട്ടുള്ളതും, ഈ വർഷാവസാനത്തോടെ, ടി പദ്ധതി നടപ്പാക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു. ഇതിനുപുറമെ കമ്പനിയിലെ പ്രധാന യന്ത്രമായ ടെട്രാപാക്ക് മാറ്റിസ്ഥാപിക്കുന്നതിനായി ഫണ്ട് ലഭ്യമാക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷ ഗവൺമെന്റിന്റെ പരിഗണനയിലാണ്.

കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ്

ഈ കോർപ്പറേഷൻ 2016-17 സാമ്പത്തിക വർഷംവരെ തുടർച്ചയായി ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ സ്ഥാപനമാണ്. സർക്കാരിന് മുടങ്ങാതെ ഡിവിഡന്റും നൽകിവരുന്നു. 2017-18 സാമ്പത്തിക വർഷം കമ്പനി ഉല്പാദനവും വിപണനവും മെച്ചപ്പെടുത്തി 200 കോടി രൂപയുടെ വിറ്റുവരവും 7 കോടി രൂപയുടെ പ്രവർത്തനലാഭവും നേടത്തക്കവിധത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. കമ്പനിയുടെ പുതിയ യൂണിറ്റായ കണ്ണൂർ ജില്ലയിലെ വലിയവെളിച്ചത്ത് 1200 ഗാർഡൻ ടില്ലർ ഉല്പാദിപ്പിക്കാൻ പദ്ധതിയിട്ട് നടപ്പിലാക്കിവരുന്നു. പുതിയ ഉല്പന്നമായ ന്യൂജനറേഷൻ പവർ ടില്ലറിന്റെ ഉല്പാദനവും ഈ വർഷംതന്നെ തുടങ്ങുവാൻതക്ക പ്രവർത്തനങ്ങളും നടത്തിവരുന്നു.

ഹോർട്ടികോർപ്പ്

വിപണി വിപുലീകരിച്ച് കൂടുതൽ പച്ചക്കറികൾ സംഭരിക്കുന്നതിനാണ് ഈ വർഷം മുൻതൂക്കം നൽകുന്നത്. അതിനായി കൂടുതൽ സ്റ്റാളുകൾ ആരംഭിക്കുവാൻ പദ്ധതിയുണ്ട്. സ്വന്തം സ്റ്റാളുകളുടെ എണ്ണം ഈ വർഷം 100-ൽ നിന്ന് 150 ആയും ഫ്രാഞ്ചൈസികളുടെ എണ്ണം 250-ൽ നിന്നും 350 ആയും വർദ്ധിപ്പിക്കാൻ പദ്ധതിയുണ്ട്. പുറമെ ഉരുളക്കിഴങ്ങ്, മരച്ചീനി, ഏത്തൻ, പാവയ്ക്ക തുടങ്ങിയവയുടെ വിലയിടിവ് ഒഴിവാക്കാൻ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുവാനും പദ്ധതിയുണ്ട്.

തേൻ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നോഡൽ ഏജൻസി എന്ന നിലയിൽ തേനീച്ച കർഷകർക്കുവേണ്ടിയുള്ള പരിശീലനം, തേൻ സംസ്കരണം, മൂല്യവർദ്ധിത തേൻ ഉല്പന്നങ്ങളുടെ സംസ്കരണം, വിപണനം എന്നിവയ്ക്ക് ഹോർട്ടികൾച്ചർ മിഷനുമായി ചേർന്ന് പല പദ്ധതികളും ഈ വർഷം നടപ്പിലാക്കുന്നുണ്ട്.

ഹോർട്ടികോർപ്പിന്റെ മാവേലിക്കരയിലുള്ള ബീ കീപ്പിംഗ് കൺസോർഷ്യം & ട്രെയിനിംഗ് സെന്ററിനോടനുബന്ധിച്ച് ഹണിമിഷൻ പദ്ധതി നടപ്പിലാക്കുന്നതിന് 150 ലക്ഷം രൂപ സ്റ്റേറ്റ് ഫണ്ടിൽനിന്നും സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖാന്തരം ലഭ്യമായിട്ടുണ്ട്. കൂടാതെ കാർഷിക ഉല്പാദന വർദ്ധനവിന് തേനീച്ചവളർത്തൽ എന്ന പദ്ധതിയും നടപ്പിലാക്കുന്നതാണ്. കൂടാതെ സ്റ്റെങ്ത്തനിംഗ് ദി റെഫ്രിജറേറ്റഡ് ട്രാൻസ്പോർട്ട് സിസ്റ്റം നടപ്പിലാക്കുന്നതിന് RKVY പദ്ധതി പ്രകാരം ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

<u>കേരള സ്റ്റേറ്റ് ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്</u>

കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ 2015-16-ലെ പ്രൊവിഷണൽ ബാലൻസ് ഷീറ്റ് പ്രകാരമുള്ള നഷ്ടം 1,48,95,094 രൂപയാണ്. 2017-18 വർഷത്തിൽ പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) ഫാക്ടറിയെ പരിസ്ഥിതി സൗഹാർദ്ദപരമാക്കി മാറ്റുന്നതിനായി ISO 14001 : 2004 (Environment Management System) നടപ്പിലാക്കി.

(ഡി) ഹോർട്ടികോർപ്പിന്റെ നഷ്ടം ഒഴിവാക്കുവാൻ താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് നടത്തുന്നത്:

1. വിപണി വിപുലീകരണം, കൂടുതൽ സ്വന്തം സ്റ്റാളുകൾ, ഫ്രാഞ്ചൈസികൾ, സ്ഥാപനങ്ങളിലേയ്ക്കുള്ള വിതരണം ഇവയിലൂടെ കൂടുതൽ പച്ചക്കറികൾ വില്ക്കുക.

2. മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണത്തിലൂടെ വിലയിടിവ് ഒഴിവാക്കുകയും, നഷ്ടം കുറയ്ക്കുകയും ചെയ്യുക.

3. തേനും അനുബന്ധ ഉല്പന്നങ്ങളും നവീന രീതിയിൽ സംസ്കരിച്ച് പായ്ക്ക് ചെയ്ത് വിപണി വർദ്ധിപ്പിക്കുകയും, തേനീച്ച കർഷകർക്കും ഹോർട്ടികോർപ്പിനും ലാഭകരമായ രീതിയിൽ പ്രവർത്തിക്കുന്ന തേൻ വിപണന വിഭാഗം രൂപീകരിക്കുകയും ചെയ്യുക.

കഴിഞ്ഞ സാമ്പത്തിക വർഷവും നടപ്പുസാമ്പത്തിക വർഷവും കേരഫെഡിന്റെ പ്രവർത്തനം ലാഭകരമാണ്. എന്നാൽ ഇന്ന് കേരഫെഡിൽ നടന്നുവരുന്ന നാളികേരാധിഷ്ഠിതമായ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനത്തോത് ഗണ്യമായി വർദ്ധിച്ച് കമ്പനിയുടെ ഉല്പാദനശേഷി വർദ്ധിപ്പിക്കാനുള്ള നടപടികൾ നടന്നുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH), പ്രധാൻമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY), ദേശീയ ഔഷധ സസ്യമിഷൻ (NMMP), രാഷ്ട്രീയ കൃഷി വികാസ് യോജന, ഹൈടെക് ഫാമിംഗ്, തേനുൽപ്പാദനത്തിന് ധനസഹായം എന്നീ പദ്ധതികൾ നടപ്പിലാക്കുന്ന ചുമതലയാണ് 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സ്ഥാപനമായ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷനിൽ നിക്ഷിപ്തമായിട്ടുള്ളത്. ആയതിനാൽ ലാഭനഷ്ടങ്ങൾ കണക്കാക്കുന്ന പ്രവർത്തനങ്ങൾ മിഷന്റെ പരിധിയിൽ ഉൾപ്പെടുന്നില്ല.

## കൃഷി അസിസ്റ്റന്റുമാരുടെ സ്ഥലംമാറ്റം

22 (2968) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി അസിസ്റ്റന്റുമാരുടെ സ്ഥലംമാറ്റത്തിൽ മാനദണ്ഡങ്ങൾ ലംഘിക്കുന്നതായ പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) കോടതിവിധികളെത്തുടർന്ന് ഒരു ഓഫീസിലെ ഒരു തസ്തികയിൽ ഒന്നിൽക്കൂടുതൽ പേരെ നിലനിർത്തേണ്ടതായി വന്നിട്ടുണ്ടോ;

(സി) പൊതുമാനദണ്ഡങ്ങൾക്ക് അനുസൃതമായി അപേക്ഷിച്ച കൃഷി അസിസ്റ്റന്റുമാർക്ക് സ്ഥലംമാറ്റം നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) കൃഷി അസിസ്റ്റന്റുമാരുടെ സ്ഥലംമാറ്റത്തിൽ കടന്നുകൂടിയ ക്രമക്കേടുകൾ അടിയന്തരമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഇല്ല.

(ബി) 2017-ലെ അന്തർ ജില്ലാ സ്ഥലംമാറ്റത്തിനെതിരെ കൃഷി അസിസ്റ്റന്റുമാർ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽനിന്നും താൽക്കാലിക സ്റ്റേ സമ്പാദിച്ചിട്ടുള്ളതിനാൽ ടി ജില്ലകളിലേയ്ക്ക് അലോട്ട് ചെയ്ത സമാന എണ്ണം കൃഷി അസിസ്റ്റന്റുമാർക്ക് നിയമനം നൽകുന്നതിന് സാധിക്കാത്തതിനാൽ ഇവരെ അധികമായി നിലനിർത്തിയിട്ടുണ്ട്.

(സി & ഡി) പൊതുമാനദണ്ഡങ്ങൾക്ക് അനുസൃതമായി സ്ഥലംമാറ്റം നൽകുന്നതിന് അപേക്ഷിച്ച കൃഷി അസിസ്റ്റന്റുമാർക്ക് അപേക്ഷയിലെ മുൻഗണനാക്രമം അനുസരിച്ച് സ്ഥലംമാറ്റം നൽകുന്നുണ്ട്. അപാകതകൾ ഉണ്ടായിട്ടുണ്ടെങ്കിൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ ഒഴിവുകൾ

23 (2969) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിൽ ഏതെല്ലാം തസ്തികകൾ എന്നുമുതൽ ഒഴിഞ്ഞുകിടക്കുന്നുവെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഏതെല്ലാം തസ്തികകളിൽ എത്ര വീതം നിയമനം നടത്തിയിട്ടുണ്ട്; പട്ടിക തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(സി) താൽകാലികമായും കരാർ അടിസ്ഥാനത്തിലും ഏതൊക്ക തസ്തികകളിൽ എത്രപേർ വീതം ജോലി ചെയ്യുന്നുണ്ടെന്ന് പട്ടിക തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ആശ്രിത നിയമന വ്യവസ്ഥയിൽ 2014 ഏപ്രിൽ ഒന്ന് മുതൽ നിയമനം നേടിയവരുടെ കണക്ക് തസ്തിക തിരിച്ച് ലഭ്യമാക്കുമോ; എത്ര ശതമാനം ഒഴിവുകളാണ് ഇത്തരത്തിൽ നികത്തുവാൻ വ്യവസ്ഥയുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ഇ) 2014 ഏപ്രിൽ മുതൽ 2017 ജൂൺ 30 വരെ ഓരോ തസ്തികകളിൽ നിന്നും പിരിഞ്ഞുപോയ ജീവനക്കാരുടെയും എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(എഫ്) കേരള ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിൽനിന്ന് 2014 ഏപ്രിൽ മുതൽ 2017 ജൂൺ 30 വരെ ഓരോ തസ്തികകളിലും പി.എസ്.സി. ലിസ്റ്റിൽ നിന്ന് നിയമനം ലഭിച്ചവരുടെ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) താഴെപ്പറയുന്ന തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നു:

| | | |
|---|---|---|
| 1. ചീഫ് അക്കൗണ്ട്സ് ഓഫീസർ | - | 1990 മുതൽ |
| 2. സ്റ്റെനോഗ്രാഫർ ഗ്രേഡ് | - | II/ |
| സ്റ്റെനോ ടൈപ്പിസ്റ്റ് ഗ്രേഡ് - II | - | 28-2-2015 മുതൽ |
| 3. ബ്ലൂപ്രിന്റർ | - | 28-2-2013 മുതൽ |
| 4.ട്രേസർ | - | 30-6-2003 മുതൽ |
| 5. വാച്ചർ | - | 31-5-2008 മുതൽ |

(ബി) കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിൽ 1-7-2016-നുശേഷമുള്ള നിയമന വിവരം അനുബന്ധം 1 ആയി ചേർക്കുന്നു*.

(സി) കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിൽ നിലവിൽ കരാർ/ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം അനുബന്ധം 2 ആയി ചേർക്കുന്നു*.

(ഡി) അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിൽ കെ.എൽ.ഡി.സി.-ൽ ഇത്തരത്തിൽ ഒരു നിയമനം നടത്തിയിട്ടുണ്ട്. സർക്കാർ നിശ്ചയിക്കുന്ന ആശ്രിത നിയമന വ്യവസ്ഥകൾ കെ.എൽ.ഡി.സി.-ക്കും ബാധകമാണ്.

(ഇ & എഫ്) അനുബന്ധം 3 ആയി ചേർക്കുന്നു*.

**കോൾ ചാലുകളുടെ ആഴം വർദ്ധിപ്പിക്കുന്നതിന് നടപടി**

24 (2970) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിലെ നീരൊഴുക്കിന് തടസ്സമായ കോൾ ചാലുകളിലെ ചണ്ടി നീക്കുന്നതിനും ചാലുകളുടെ ആഴം വർദ്ധിപ്പിക്കുന്നതിനും നടപടിക്കായി കൃഷി വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ള 28-4-2017-ലെ 246/VIP/17/M (Agri.) നമ്പർ കത്തിൻമേൽ സ്വീകരിച്ച തുടർ നടപടിയുടെ വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

കത്ത് നിർദ്ദേശം സഹിതം KLDC-ക്ക് നൽകിയിട്ടുണ്ട്. കനാലുകളിലെ ചണ്ടി മാറ്റുന്ന പ്രവൃത്തികൾ നിലവിൽ ജലവിഭവ (ഇറിഗേഷൻ) വകുപ്പ് മുഖേനയാണ് നടപ്പിലാക്കിവരുന്നത്. തൃശ്ശൂർ കോൾ മേഖലയിലെ കനാലുകൾ വെള്ളത്തിന്റെ സുഗമമായ ഒഴുക്ക് സാധ്യമാകുന്ന രീതിയിൽ ഒരു നിശ്ചിത ബെഡ് ലെവൽ വിഭാവനം ചെയ്താണ് രൂപപ്പെടുത്തിയിരിക്കുന്നത്. തൃശ്ശൂർ-പൊന്നാനി സമഗ്ര കോൾ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ചില കനാലുകളിൽ പ്രസ്തുത ബെഡ് ലെവലിന് മുകളിൽ അടിഞ്ഞുകിടക്കുന്ന എക്കൽ നീക്കം ചെയ്യുന്ന പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതി വിഹിതം പരിമിതമായതു കൊണ്ട് മുഴുവൻ കനാലുകളിലും എക്കൽ നീക്കം ചെയ്യുന്ന പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

### ഹരിതം ഹരിപ്പാട് പദ്ധതി

25 (2971) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഹരിതം ഹരിപ്പാട്' പദ്ധതിയുടെ ഭാഗമായി ഹരിപ്പാട് മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതികളുടെ നിലവിലെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) 'ഹരിതം ഹരിപ്പാട് ' സമഗ്ര കൃഷി വ്യാപന പദ്ധതിയുടെ ഔപചാരികമായ ഉദ്ഘാടനം 2016 നവംബർ 26-ന് നടത്തുകയും ഹരിപ്പാട് നിയോജകമണ്ഡലത്തിലെ സമഗ്ര കാർഷിക വികസനം സാധ്യമാക്കുന്നതിന് 8,187.33 ലക്ഷം രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതുമാണ്. തരിശു നിലത്തിലെ നെൽകൃഷിക്ക് 124.101 ലക്ഷം രൂപ, അടിസ്ഥാന സൗകര്യ വികസനം 5,079.85 ലക്ഷം രൂപ, പുരയിടകൃഷി 2,983.379 ലക്ഷം രൂപ എന്നിവയാണ് പ്രോജക്ട് പ്രൊപ്പോസലിലെ ഘടകങ്ങൾ. പദ്ധതി പ്രൊപ്പോസൽ വിശദമായി പരിശോധിച്ചുവരുന്നു. കാലതാമസം കൂടാതെ പദ്ധതി ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിന് അനുമതി നൽകുന്നതാണ്.

### ജൈവവള വിതരണപദ്ധതി

26 (2972) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയ്ക്ക് പ്രോത്സാഹനം നൽകുന്നതിനായി ജൈവവളം വിതരണം ചെയ്യുന്നതിനുള്ള എന്തെങ്കിലും പദ്ധതി നടപ്പാക്കിവരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) വൈപ്പിൻ നിയോജകമണ്ഡലത്തിലെ കർഷക ക്ലബ്ബുകൾ, കൃഷി സമാജങ്ങൾ എന്നിവിടങ്ങളിൽ ജൈവവളം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) കൃഷിവകുപ്പ് നേരിട്ട് കർഷകർക്ക് ജൈവവളം വിതരണം ചെയ്യുന്നില്ല. എന്നാൽ കർഷകർക്കും കർഷക ഗ്രൂപ്പുകൾക്കും വിതരണം ചെയ്യുന്നതിനായി പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ജൈവവള ഉൽപ്പാദനത്തിനായി കൃഷിവകുപ്പ് വിവിധ പദ്ധതികൾ മുഖേന ധനസഹായം നൽകിവരുന്നുണ്ട്.

(ബി) വൈപ്പിൻ മണ്ഡലത്തിൽ പൊക്കാളി കൃഷിയാണ് മുഖ്യമായും നടത്തി വരുന്നത്. പൊക്കാളി കൃഷിക്ക് വളപ്രയോഗത്തിന്റെ ആവശ്യമില്ല. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതങ്ങളിൽ ഉൾപ്പെടുത്തിയാണ് ജൈവവളം വിതരണം ചെയ്യുന്നത്. ക്ലബ്ബുകൾക്കും കൃഷി സമാജങ്ങൾക്കും ജൈവവളം വിതരണം ചെയ്യുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**റബർ കർഷകരെയും ചെറുകിട കച്ചവടക്കാരെയും സംരക്ഷിക്കാനുള്ള പദ്ധതി**

27 (2973) ശ്രീ. കെ.സുരേഷ് കുറുപ്പ് :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. എം. സ്വരാജ് :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബർ വിലയിടിവും വിലയിലെ അസ്ഥിരതയുംമൂലം പ്രതിസന്ധിയിലായ റബർ കർഷകരെയും ചെറുകിട കച്ചവടക്കാരെയും സംരക്ഷിക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ; വിലസ്ഥിരത പദ്ധതി പ്രകാരം സർക്കാർ നിശ്ചയിച്ച വില ഉല്പാദന ചെലവിനാനുപാതികമായി വർദ്ധിപ്പിക്കുമോ;

(ബി) ഇറക്കുമതി നിയന്ത്രിക്കുന്നതിനോ വിലസ്ഥിരതയ്ക്കായോ കേന്ദ്ര സർക്കാരിൽ ഏതെങ്കിലും തരത്തിലുള്ള ഇടപെടലുകൾ നടത്തിയിട്ടുണ്ടോ;

(സി) കർഷകർക്ക് സബ്സിഡി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി ആരംഭിച്ച റബർ ബോർഡിന്റെ ഓഫീസുകൾ സംസ്ഥാനത്ത് നിർത്തലാക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം കർഷകരെ കൂടുതൽ ദുരിതത്തിലാഴ്ത്തുമെന്നതിനാൽ തീരുമാനം പുനഃപരിശോധിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ ?

ഉത്തരം

(എ) റബ്ബറിന്റെ വിലയിടിവും വിലയിലെ അസ്ഥിരതയുംമൂലം പ്രതിസന്ധിയിലായ റബ്ബർ കർഷകരെയും ചെറുകിട കച്ചവടക്കാരെയും സംരക്ഷിക്കുന്നതിന് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കിവരുന്നു. സർക്കാർ ധനകാര്യ വകുപ്പും റബ്ബർ ബോർഡും സംയുക്തമായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിപ്രകാരം റബ്ബറിന് കിലോയ്ക്ക് 150 രൂപയാണ് താങ്ങുവിലയായി നിശ്ചയിച്ചിരിക്കുന്നത്. റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് കിലോയ്ക്ക് അതാതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം

റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഇലക്ട്രോണിക് ട്രാൻസ്ഫർ മുഖേന വിതരണം നടത്തുന്നു. ഉല്പാദന ചെലവിന് ആനുപാതികമായി വിലയിൽ മാറ്റം വരുത്തേണ്ടത് കേന്ദ്ര സർക്കാരാണ്.

(ബി) ഉണ്ട്.

(സി) റബ്ബർ ബോർഡിന്റെ ഫീൽഡ് ഓഫീസുകൾ നിർത്തലാക്കാനുള്ള തീരുമാനമെടുക്കുന്നു എന്നുള്ള വാർത്തയെ തുടർന്ന് തീരുമാനം പുനഃപരിശോധി ക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും പ്രസ്തുത വിഷയത്തിൽ നിയമസഭ ഐക്യകണ്ഠേന പാസ്സാക്കിയ പ്രമേയം പരിഗണനയ്ക്കായി കേന്ദ്ര സർക്കാരിലേയ്ക്ക് അയക്കുകയും ചെയ്തിട്ടുണ്ട്.

**ചൊക്ലി കൃഷി ഓഫീസിൽ ഉദ്യോഗസ്ഥരെ നിയമിക്കാൻ നടപടി**

28 (2974) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിലെ ചൊക്ലി ഗ്രാമപഞ്ചായത്തിലുള്ള കൃഷി ഓഫീസിൽ 2 വർഷമായി കൃഷി ഓഫീസർ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കൃഷി ഓഫീസറെ നിയമിക്കാനുള്ള നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത കൃഷി ഓഫീസിൽ 3 കൃഷി അസിസ്റ്റന്റുമാർ വേണ്ട സ്ഥാനത്ത് ഒരു കൃഷി അസിസ്റ്റന്റ് മാത്രമാണ് ഉള്ളതെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന്റെ അഭാവം നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. കൃഷി ഓഫീസർ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി 2013-ൽ അവസാനിച്ചിരുന്നു. നിലവിൽ കൃഷി ഓഫീസർ തസ്തികയിലെ എല്ലാ ഒഴിവുകളും പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സർക്കാരിന്റെ നിരന്തരമായ ഇടപെടലിനെ തുടർന്ന് പബ്ലിക് സർവ്വീസ് കമ്മീഷൻ റാങ്ക് ലിസ്റ്റ് 24-7-2017-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷനിൽനിന്നും നിയമന ശിപാർശ ലഭിച്ചാലുടൻതന്നെ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽനിന്നും ഒഴിവ് നികത്തുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

## കാർഷിക വിപണി സജീവമാക്കുന്നതിനുള്ള നടപടികൾ

29 (2975) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ.നാണു :
ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ കാർഷിക വിപണി സജീവമാക്കുന്നതിന്റെ ഭാഗമായി അഗ്രോ-ടെക് ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ഉപയോഗിച്ച് വിപണനകേന്ദ്രങ്ങൾ ഓൺലൈൻ ആക്കുന്നതിനും മറ്റുമായി കേന്ദ്ര സർക്കാർ തയ്യാറാക്കിയ പദ്ധതികളിൽ സംസ്ഥാനത്തിന്റേതായ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഇടനിലക്കാരെ ഒഴിവാക്കി കർഷകരുടെ ഉല്പന്നങ്ങൾക്ക് നല്ല വില ലഭ്യമാക്കുന്നതിനായി കർണ്ണാടക സർക്കാർ ആരംഭിച്ച ഇല്ക്ട്രോണിക് മാർക്കറ്റ് സംവിധാനങ്ങൾ പോലുള്ളവ സംസ്ഥാനത്തും തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കേന്ദ്ര സർക്കാരിന്റെ ഇ-നാം (eNAM) പദ്ധതി നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) കർഷകരുടെ ഉൽപ്പന്നങ്ങൾ, സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, കാർഷിക സർവ്വകലാശാല എന്നിവിടങ്ങളിലെ ഉൽപ്പന്നങ്ങൾ എന്നിവ ഇലക്ട്രോണിക് സംവിധാനത്തിലൂടെ വിൽപ്പനയ്ക്കായി ഒരു പോർട്ടൽ എസ്.എഫ്.എ.സി.-യുടെ നിയന്ത്രണത്തിൽ നിർമ്മിച്ചുവരുന്നു. ഇവയിൽക്കൂടി കർഷകർക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾ വിൽക്കുവാനും ആവശ്യമുള്ള കാർഷിക സാമഗ്രികൾ വാങ്ങുവാനും സാധിക്കും.

(സി) കൃഷിവകുപ്പിനുകീഴിലുള്ള ആറ് മൊത്തവ്യാപാര വിപണികളെ e-NAM പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലേയ്ക്ക് പ്രാരംഭ റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രസർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ ആനയറ, നെടുമങ്ങാട്, എറണാകുളം ജില്ലയിലെ മരട്, മൂവാറ്റുപുഴ, കോഴിക്കോട് ജില്ലയിലെ വേങ്ങേരി, വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി എന്നിവിടങ്ങളിലെ കാർഷിക മൊത്തവ്യാപാര വിപണികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാണ് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിരിക്കുന്നത്. പദ്ധതിയുടെ DPR തയ്യാറായിട്ടുണ്ട്.

ആധുനിക വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി മണ്ണിന്റെ സൂക്ഷ്മഘടനയിലെ വിശദാംശങ്ങൾ മുതൽ കാർഷിക പ്രവർത്തനങ്ങൾക്ക് ആവശ്യമായ എല്ലാ ശാസ്ത്രീയ വിവരങ്ങളും വിരൽത്തുമ്പിൽ ലഭ്യമാക്കുന്ന സമഗ്രമായ ഒരു പോർട്ടൽ ആരംഭിക്കുന്നതാണ്.

**കർഷക പെൻഷൻ**

30 (2976) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ എത്ര രൂപയാണ് കർഷക പെൻഷനായി നൽകിവരുന്നത്; വ്യക്തമാക്കാമോ;

(ബി) മറ്റ് ക്ഷേമ പെൻഷനുകളേക്കാൾ കുറഞ്ഞ തുകയാണ് കർഷകർക്ക് പെൻഷനായി നൽകുന്നത് എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കർഷക പെൻഷൻ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) നിലവിൽ പ്രതിമാസം ആയിരം രൂപയാണ് കർഷക പെൻഷനായി നൽകി വരുന്നത്.

(ബി) ഉണ്ട്.

(സി) മറ്റ് ക്ഷേമ പെൻഷനുകൾക്ക് അനുസൃതമായി കർഷക പെൻഷനും 1,100 രൂപയാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**കർഷക ആത്മഹത്യകൾ**

31 (2977) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് കർഷക ആത്മഹത്യകൾ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്നു വ്യക്തമാക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കോഴിക്കോട് ജില്ലയിലെ ചെമ്പനോട് വില്ലേജ് ഓഫീസിൽ കർഷകൻ ആത്മഹത്യ ചെയ്തതുമായി ബന്ധപ്പെട്ട് അഡീഷണൽ ചീഫ് സെക്രട്ടറി എന്തെങ്കിലും റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നാൽ കോഴിക്കോട് ജില്ലയിലെ ജോയ് തോമസ് എന്നയാൾ മറ്റ് കാരണങ്ങളാൽ ആത്മഹത്യ ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ട് ഉള്ളടക്കം ചെയ്യുന്നു*.

**അഗ്രോ പാർക്കുകൾ**

32 (2978) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ അഗ്രോ പാർക്കുകൾ സംസ്ഥാനത്ത് എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പുതുതായി അഗ്രോ പാർക്കുകൾ ആരംഭിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയത് എവിടയെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ അഗ്രോ പാർക്കുകൾ ഒന്നുംതന്നെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. എന്നാൽ അഗ്രോ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. 17 അഗ്രോപാർക്കുകൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലാണ് അഗ്രോ പാർക്കുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്.

**നെല്ല് ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത**

33 (2979) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകെ എത്ര ഹെക്ടറിൽ ആണ് നെൽകൃഷി ഉള്ളത്; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം നെല്ല് ഉൽപാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പ്രസ്തുത നടപടികളുടെ ഫലമായി നെല്ലുത്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ച കണക്ക പ്രകാരം 2015-16 സാമ്പത്തിക വർഷം 1.9687 ലക്ഷം ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു*.

2016-17 സാമ്പത്തിക വർഷത്തിലെ കണക്ക് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടില്ല. എന്നാൽ കൃഷി വകുപ്പിന്റെ കണക്ക് പ്രകാരം 2016-17 കാലഘട്ടത്തിൽ 15000 ഏക്കർ സ്ഥലത്ത് പുതിയതായി കൃഷി ചെയ്തിട്ടുണ്ട്.

(ബി) 2016-17 വർഷം നെൽകൃഷി വികസനത്തിനായി 35 കോടി രൂപയാണ് വകകൊള്ളിച്ചിരുന്നത്. ആയത് 2017-18 വർഷത്തിൽ 70 കോടി രൂപയായി വർദ്ധിപ്പിച്ചു. നെൽകൃഷിയിൽ സ്വയംപര്യാപ്തത ലക്ഷ്യമിട്ട് 2017-18 സാമ്പത്തിക വർഷം താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പാക്കുന്നത്:

1. സുസ്ഥിര നെൽകൃഷി
2. വികസന ഏജൻസികൾക്കുള്ള ഫണ്ട്
3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം
4. പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി
5. കരനെൽകൃഷി വികസനം
6. തരിശുനില കൃഷി
7. ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി
8. പദ്ധതിയധിഷ്ഠിത ധനസഹായം
9. നൂതന ആശയങ്ങൾ നടപ്പാക്കുന്നതിന് ധനസഹായം
10. ബ്ലോക്ക് തലത്തിൽ പദ്ധതി സംയോജനം
11. റൈസ് മില്ലുകൾ സ്ഥാപിക്കൽ
12. നെൽകൃഷി ഉല്പാദന ബോണസ് (നോൺ പ്ലാൻ)
13. കാർഷിക സൗജന്യ വൈദ്യുത പദ്ധതി (നോൺ പ്ലാൻ)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) 2015-16 സാമ്പത്തിക വർഷം 549275 ടൺ നെല്ല് ഉത്പാദിപ്പിച്ച. 2016-17 സാമ്പത്തിക വർഷത്തിലെ കണക്ക് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടില്ല. എന്നാൽ 2016-17 സാമ്പത്തിക വർഷം 15000 ഏക്കർ സ്ഥലത്ത് പുതിയതായി കൃഷി ഇറക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ കാലയളവിൽ ഉദ്ദേശം 16000 ടൺ അധിക ഉല്പാദനം ഉണ്ടായതായി കണക്കാക്കുന്നു. വർഷാന്ത്യത്തിൽ പാലക്കാട് പോലെയുള്ള നെല്ലറകളിൽ ഉണ്ടായ കൊടിയ വരൾച്ച 2016-17 സാമ്പത്തിക വർഷത്തിലെ മൂന്നാംവിള കൃഷിക്ക് ദോഷം ചെയ്യുകയും ഉത്പാദനത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്തിട്ടുണ്ട്.

**തെങ്ങ്, വാഴ, പച്ചക്കറി വിത്തുകളുടെ വിതരണം**

34 (2980) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ഉടമസ്ഥതയിലുള്ള കാർഷിക സ്ഥാപനങ്ങളിലൂടെ തെങ്ങ്, വാഴ, പച്ചക്കറി എന്നിവയുടെ വിത്തുകൾ സുലഭമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

കാർഷിക വികസന കർഷകക്ഷേമ വകുപ്പിന് കീഴിലുള്ള 8 തെങ്ങിൻ തൈ നഴ്സറികൾ മുഖേന തെങ്ങിൻ തൈകളും പച്ചക്കറി തൈകളും 33 സംസ്ഥാന വിത്തുല്പാദന കേന്ദ്രങ്ങൾവഴി വിവിധ ഇനം പച്ചക്കറി തൈകളും വിത്തുകളും 14 സ്പെഷ്യൽ ഫാമുകൾ, 9 ജില്ലാ കൃഷിത്തോട്ടങ്ങൾ എന്നിങ്ങനെ 64 ഫാമുകൾ മുഖേന ഗുണമേന്മയുള്ള നടീൽ വസ്തുക്കളും ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തു വരുന്നുണ്ട്.

കഴക്കൂട്ടം ബയോടെക്നോളജി ആന്റ് മോഡൽ ഫ്ലോറികൾച്ചർ സെന്റർ, ജില്ലാ കൃഷിത്തോട്ടം തളിപ്പറമ്പ്, ജില്ലാ കൃഷിത്തോട്ടം അഞ്ചൽ എന്നിവിടങ്ങളിൽ മേൽത്തരം ടിഷ്യൂകൾച്ചർ വാഴത്തൈകൾ ഉല്പാദിപ്പിച്ച് മിതമായ വിലയ്ക്ക് വിതരണം ചെയ്യുന്നുണ്ട്. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ മൂവാറ്റുപുഴയ്ക്ക് സമീപം നടുക്കരയിൽ ഒരു വർഷം 2 കോടി പച്ചക്കറി തൈകൾ ഉൽപ്പാദിപ്പിക്കുവാൻ കഴിയുന്ന ഹൈടെക് നഴ്സറി പ്രവർത്തന സജ്ജമായിട്ടുണ്ട്.

വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളത്തിന്റെ (VFPCK) കീഴിലുള്ള ആലത്തൂർ വിത്തു സംസ്കരണശാലയിൽ 120 മെട്രിക് ടൺ പച്ചക്കറി വിത്തുകളും 10 ലക്ഷം ടിഷ്യൂകൾച്ചർ വാഴത്തൈകളും

ഉൽപ്പാദിപ്പിക്കുന്നതിന് നടപടിയെടുത്തിട്ടുണ്ട്. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളത്തിന്റെ എറണാകുളം, കാസർഗോഡ്, തിരുവനന്തപുരം എന്നിവിടങ്ങളിലെ കൃഷി ബിസിനസ് കേന്ദ്രം വഴി വിത്തുകളും വാഴത്തൈകളും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ജൈവകൃഷി പ്രചരിപ്പിക്കുന്നതിന് നടപടി**

35 (2981) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവകൃഷി പ്രചരിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഇതര സംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്ന പഴങ്ങൾ, പച്ചക്കറികൾ എന്നിവയിലെ കീടനാശിനിപ്രയോഗം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ, അമിത കീടനാശിനിപ്രയോഗം ചെയ്ത പച്ചക്കറികളുടെ വിതരണവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ കണ്ടെത്തിയിട്ടുണ്ടെന്നും അവയിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി 2016-17-ൽ അനുമതി ലഭിച്ച് പൂർത്തീകരിച്ചതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. നല്ല കൃഷി മുറകൾ (ജി.എ.പി.) പാലിച്ചുകൊണ്ട് സുരക്ഷിതമായ പഴം, പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനായി 407 ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുകയും ഒരു ഹെക്ടറിന് 3,000 രൂപ നിരക്കിൽ ക്ലസ്റ്ററുകൾക്ക് ധനസഹായം നൽകുകയും ചെയ്തു. പ്രസ്തുത ക്ലസ്റ്ററുകളിൽ നിന്നുള്ള ഉല്പന്നങ്ങൾ ജി.എ.പി. സർട്ടിഫിക്കേഷൻ നൽകി നിർദ്ദിഷ്ട ലോഗോയിൽ "കേരള ഓർഗാനിക്" എന്ന ലേബലിൽ കൃഷി വകുപ്പ് വിപണനം നടത്തിവരുന്നു.

2. ജൈവ പച്ചക്കറി വിപണനം നടത്തുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലുമായി 66 ഇക്കോഷോപ്പുകൾ സ്ഥാപിച്ചു.

3. വിഷരഹിത പഴം-പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിന് ക്ലസ്റ്ററുകൾ രൂപീകരിച്ച് നല്ല കൃഷിമുറകൾ പാലിച്ച് കൃഷി ചെയ്ത് വിഷരഹിതവും ജൈവവളം മാത്രം ഉപയോഗിച്ച് ഉല്പാദിപ്പിക്കുന്നതുമായ പഴങ്ങളും പച്ചക്കറികളും സംസ്ഥാനത്ത് ലഭ്യമാക്കുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലെയും ഇക്കോഷോപ്പുകൾ വഴി ജി.എ.പി. ക്ലസ്റ്ററുകളിൽനിന്നും കാർഷികോല്പന്നങ്ങൾ ശേഖരിച്ച് വില്പന നടത്തിവരുന്നു. കൂടാതെ ജി.എ.പി. ക്ലസ്റ്ററുകളിലെ കർഷകരിൽനിന്ന് പച്ചക്കറികളും പഴവർഗ്ഗങ്ങളും സംഭരിച്ച് ഗ്രേഡിംഗ്, പാക്കിംഗ് മുതലായവ നടത്തി നഗരസഭകളിലും മുനിസിപ്പാലിറ്റികളിലുമുള്ള റെസിഡന്റ്സ് അസോസിയേഷൻ മുഖേന വിൽപ്പന നടത്തുന്നതിന് 18 ക്ലസ്റ്ററുകൾക്ക് 3 ലക്ഷം രൂപ വീതം ധനസഹായം നൽകുകയുണ്ടായി.

4. ടി രീതിയിൽ കൃഷി ചെയ്യുന്ന ഉല്പന്നങ്ങൾ "കേരള ഓർഗാനിക് " എന്ന ലേബലിൽ ജി.എ.പി. സർട്ടിഫിക്കേഷനോടുകൂടി ഇക്കോഷോപ്പ് മുഖാന്തരം വിൽപ്പന നടത്തുന്നതിന് കിലോയ്ക്ക് 5 രൂപ നിരക്കിൽ കർഷകർക്ക് പ്രോത്സാഹനത്തുക (ഇൻസെന്റീവ്) നൽകി.

5. ജൈവകൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന നിയോജക മണ്ഡലം, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ഗ്രാമപഞ്ചായത്തുകൾ എന്നിവയ്ക്ക് അവാർഡ് നൽകുന്നതിനായി 123 ലക്ഷം രൂപ ചെലവഴിച്ചു.

6. കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതിയിൽ 50 ഏക്കർ വീതമുള്ള 119 ക്ലസ്റ്ററുകൾ രൂപീകരിച്ച് കർഷകർക്കാവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും നൽകുകയുണ്ടായി. ഈ സാമ്പത്തിക വർഷവും ടി പ്രവർത്തനങ്ങൾ തുടർന്നും നടപ്പിലാക്കുന്നു.

ജൈവകൃഷിക്കാവശ്യമായ ജൈവവളങ്ങൾ കർഷകരുടെ കൃഷിയിടങ്ങളിൽ തന്നെ ഉല്പാദിപ്പിക്കുന്നതിനായി 2016-17 സാമ്പത്തിക വർഷത്തിൽ 1622 റൂറൽ കമ്പോസ്റ്റ് യൂണിറ്റും 1352 മണ്ണിര കമ്പോസ്റ്റ് യൂണിറ്റും നിർമ്മിക്കുകയും റൂറൽ കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 5,000 രൂപ വീതവും മണ്ണിര കമ്പോസ്റ്റ് യൂണിറ്റിന് 7,500 രൂപ വീതവും ധനസഹായം നൽകുകയും ചെയ്തു. കൂടാതെ 2017-18 സാമ്പത്തിക വർഷത്തിൽ 146 ബ്ലോക്കുകളിൽ 5 റൂറൽ കമ്പോസ്റ്റ് യൂണിറ്റ് വീതം 730 റൂറൽ കമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മിക്കുന്നതിനായി 36.50 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ കൊണ്ടുവരുന്ന എല്ലാ പഴങ്ങളുടെയും പച്ചക്കറികളുടെയും സാമ്പിളുകൾ ചെക്ക്പോസ്റ്റുകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽനിന്ന് ശേഖരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള

തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിലുള്ള അനലിറ്റിക്കൽ ലാബുകളിലും കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കീടനാശിനി അവശിഷ്ട പരിശോധനാ ലാബിലേയ്ക്കും അയച്ച് പരിശോധിക്കുന്നു. കൂടാതെ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കീടനാശിനി അവശിഷ്ട പരിശോധനാ ലാബിൽ പരിശോധിച്ച പരിശോധനാഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ലും കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റുകളിലും പരസ്യപ്പെടുത്തുന്നുണ്ട്.

(സി) പാലക്കാട് ജില്ലയിൽ തക്കാളി, കറിവേപ്പില എന്നിവയിൽ കീടനാശിനിയുടെ അംശം കണ്ടെത്തിയതിനാൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇടുക്കി, എറണാകുളം, തിരുവനന്തപുരം, തൃശ്ശൂർ എന്നീ ജില്ലകളിൽ കറിവേപ്പിലയിൽ കീടനാശിനിയുടെ അംശം കണ്ടെത്തിയതിനാൽ കേസുകൾ രജിസ്റ്റർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് ജില്ലകളിൽ പരിശോധനയിൽ പച്ചക്കറികളിൽ കീടനാശിനിയുടെ അംശം കണ്ടെത്തിയിട്ടില്ല.

**കേന്ദ്ര കൃഷി വകുപ്പ് മന്ത്രാലയത്തിന്റെ ഉത്തരവിന്റെ പകർപ്പ്**

36 (2982) <u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷിക നയത്തിന് അംഗീകാരം നൽകികൊണ്ട് സംസ്ഥാന സർക്കാർ ഇറക്കിയ ഉത്തരവിൽ പരാമർശിച്ച, കേന്ദ്ര കൃഷി വകുപ്പ് മന്ത്രാലയത്തിന്റെ ഡി. ഒ. നമ്പർ 2-17/2013-പോളിസി തീയതി 1-1-2014 എന്ന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

കേന്ദ്ര കൃഷി വകുപ്പ് മന്ത്രാലയത്തിന്റെ 1-1-2014 തീയതിയിലെ ഡി.ഒ. നമ്പർ 2-17/2013-പോളിസി എന്ന കത്തിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

**നാളികേര കൃഷി വികസനത്തിന് കർമ്മ പദ്ധതികൾ**

37 (2983) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേര കൃഷി വികസിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ആരുടെയെല്ലാം സേവനങ്ങൾ ഇതിനായി പ്രയോജനപ്പെടുത്തിയെന്നു വിശദമാക്കുമോ;

(സി) പദ്ധതി നടത്തിപ്പുമൂലം ഈ മേഖലയിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാനായെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2017 ചിങ്ങം 1 മുതൽ 2018 ചിങ്ങം 1 വരെയുള്ള ഒരു വർഷക്കാലം നാളികേര വർഷമായി ആചരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ കാലയളവിൽ നാളികേരത്തിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്.

സംസ്ഥാനത്ത് നാളികേര കൃഷി വികസിപ്പിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാനായി സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ടുകൊണ്ട് സമഗ്ര നാളികേര വികസനത്തിനായി 'കേരഗ്രാമം' എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2017-18 വർഷം നടപ്പിലാക്കുന്നു.

3332.50 ലക്ഷം രൂപയാണ് ബജറ്റിൽ ഇക്കൊല്ലം പദ്ധതിക്കായി നീക്കിവച്ചിരിക്കുന്നത്. ശാസ്ത്രീയ കൃഷി രീതികൾ അവലംബിച്ച് കൃഷി ചെലവുകൾ ക്രമീകരിച്ചുകൊണ്ട് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാനുതകുന്ന ഘടകങ്ങൾ എല്ലാംതന്നെ സമഗ്ര നാളികേര വികസനത്തിനായുള്ള ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2. അത്യുൽപ്പാദനശേഷിയുള്ള കുറിയ ഇനം തെങ്ങുകളുടെ ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 50 സെന്റ് വീതമുള്ള 1025 (205 ഹെക്ടർ) പ്രദർശനത്തോട്ടങ്ങൾ കർഷകരുടെ തോട്ടങ്ങളിൽ സ്ഥാപിക്കുന്നതിനും 104 പ്രദർശനത്തോട്ടങ്ങൾ (20.8 ഹെക്ടർ) കൃഷി വകുപ്പ് ഫാമുകളിൽ സ്ഥാപിക്കുന്നതിനുമായി 567.50 ലക്ഷം രൂപ വാർഷിക പദ്ധതിയിൽ ബജറ്റ് വിഹിതമായി ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

3. കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമായി സഹകരിച്ച് നാളികേര വികസനത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുവാൻ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

4. തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങൾക്കെതിരെ പ്രതിരോധ മാർഗ്ഗങ്ങളും ക്യാമ്പയിനുകളും പ്രോജക്ട് അടിസ്ഥാനത്തിൽ അവലംബിക്കുന്നതിനായി 300 ലക്ഷം രൂപ 2017-18 വർഷം വകകൊള്ളിച്ചിട്ടുണ്ട്.

കൂടാതെ കൃഷി വകുപ്പ് മുഖേന നാളികേര വികസന ബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. SCSP/TSP മേഖലകളിൽ തെങ്ങ് പ്രദർശനത്തോട്ടം സ്ഥാപിക്കൽ :

സംയോജിത വിളപരിപാലന മുറകൾ അവലംബിച്ച് തെങ്ങിന്റെ പ്രദർശനത്തോട്ടങ്ങൾ ഒരുക്കുന്നതിന് ഒരു ഹെക്ടറിന് 35,000 രൂപ നിരക്കിൽ 100 ശതമാനം ആനുകൂല്യം SC/ST വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് തുല്യ വാർഷിക ഗഡുക്കളായി ലഭിക്കുന്നതാണ്.

2. തെങ്ങിൻ തോട്ടങ്ങളുടെ പുനരുജ്ജീവനവും രോഗം ബാധിച്ചതും ഉത്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റി രോഗപ്രതിരോധ ശേഷിയുള്ള പുതിയ തൈ നടുന്ന പദ്ധതി :

രോഗം ബാധിച്ചതും ഉത്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റുന്നതിന് ഒരു തെങ്ങിന് 1,000 രൂപ നഷ്ടപരിഹാരം ലഭിക്കുന്നതാണ്.

സംയോജിത വിള പരിപാലന മുറകൾ അവലംബിച്ച് തെങ്ങിൻ തോട്ടങ്ങളുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ നടത്തുന്നതിന് 25% സബ്സിഡി നിരക്കിൽ ഒരു ഹെക്ടറിന് 17,500 രൂപയുടെ ആനുകൂല്യം രണ്ട് തുല്യവാർഷിക ഗഡുക്കളായി ലഭിക്കുന്നതാണ്.

ഗുണനിലവാരമുള്ള തെങ്ങിൻ തൈകൾ പുതുതായി നടുന്നതിന് 50% നിരക്കിൽ ഒരു തൈയ്ക്ക് പരമാവധി 40 രൂപയുടെ ആനുകൂല്യം ലഭിക്കുന്നതാണ്.

3. കൂടാതെ പ്രാദേശിക തെങ്ങിൻതൈ ഉല്പാദന കേന്ദ്രത്തിന്റെ പ്രവർത്തനത്തിനായി 48 ലക്ഷം രൂപയും കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി പ്രകാരം 5 ലക്ഷം രൂപയും 50:50 അനുപാതത്തിൽ നാളികേര വികസന ബോർഡിന്റെ വിഹിതമായി അനുവദിച്ചിട്ടുണ്ട്.

(ബി) 2017-18 വർഷത്തെ നാളികേര വികസനത്തിനായുള്ള സംസ്ഥാനാവിഷ്കൃതവും കേന്ദ്രാവിഷ്കൃതവുമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ കൃഷി വകുപ്പിന്റെയും കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെയും നാളികേര വികസന ബോർഡിന്റെയും സേവനങ്ങൾ പ്രയോജനപ്പെടുത്തുകയുണ്ടായി.

(സി) നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുവാനായി സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലുമാണ് "കേരഗ്രാമം" ഉൾപ്പെടെയുള്ള സമഗ്ര നാളികേര വികസന പദ്ധതികൾ കൊണ്ട് ലക്ഷ്യമിടുന്നത്. 2017-18 വർഷത്തെ പദ്ധതികളുടെ നടത്തിപ്പ് പ്രാരംഭഘട്ടത്തിലായതിനാൽ പദ്ധതി നടത്തിപ്പുമൂലം ഈ മേഖലയിൽ ഉണ്ടായ നേട്ടങ്ങൾ വിലയിരുത്തുവാനായിട്ടില്ല.

## നാളികേര കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ

38 (2984) ശ്രീ. എം. ഉമ്മർ :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര ഉത്പാദനം കുറഞ്ഞു വരുന്നത് സംബന്ധിച്ച് കൃഷിവകുപ്പ് എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ അവ എന്തെല്ലാമാണ്;

(ബി) നാളികേര കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(സി) ഇതിലൂടെ ഉൽപ്പാദനം എത്ര ശതമാനം വർദ്ധിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്. സാമ്പത്തിക സ്ഥിതിവിവര വകുപ്പ് പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം സംസ്ഥാനത്തെ പ്രധാന വിളയായ തെങ്ങുകൃഷി 2012-13 വർഷം 798162 ഹെക്ടറിലും 2013-14 വർഷം 808647 ഹെക്ടറിലും 2014-15 വർഷം 793856 ഹെക്ടറിലും 2015-16 വർഷം 790223 ഹെക്ടറിലും കൃഷി ചെയ്തുവരുന്നു. 2012-13 വർഷം 5799 മില്യൺ നാളികേരം ആയിരുന്ന ഉല്പാദനം 2013-14 വർഷം 5921 മില്യൺ ആയും 2014-15 വർഷം 5947 മില്യൺ നാളികേരമായും വർദ്ധിച്ചിട്ടുള്ളതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. എന്നാൽ 2015-16 വർഷം വിസ്തൃതി 790223 ഹെക്ടറായി കുറഞ്ഞപ്പോൾ 1.25% ഉത്പാദനക്കുറവ് (5873 മില്യൺ) ഉണ്ടായതായി കാണുന്നു.

നിലവിലെ തെങ്ങിൻ തോപ്പുകൾ കെട്ടിട നിർമ്മാണത്തിനായി ഉപയോഗിച്ചപ്പോൾ തെങ്ങ് കൃഷിയുടെ വിസ്തൃതി കുറയുവാൻ ഇടയാക്കി. കൂടാതെ

സംസ്ഥാനത്ത് കൃഷി ചെയ്യുന്ന തെങ്ങുകളിൽ 15%-22% വരെ കാറ്റുവീഴ്ച മുതലായ രോഗങ്ങളും കീടബാധകളുംമൂലം ഉല്പാദനക്ഷമത കുറയാൻ കാരണമായെന്ന് കണ്ടെത്തിയിട്ടുണ്ട്. ശാസ്ത്രീയ കൃഷിമുറകൾ തെങ്ങിൻ തോട്ടങ്ങളിൽ പാലിക്കുന്നതിന് കർഷകർ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല. തൊഴിലാളികളുടെ ദൗർലഭ്യവും ഉയർന്ന കൂലിച്ചെലവും ശാസ്ത്രീയ കൃഷിരീതികൾ അവലംബിക്കുന്നതിൽനിന്നും കർഷകരെ പിന്തിരിപ്പിക്കുന്നു.

(ബി) 2017 ചിങ്ങം 1 മുതൽ 2018 ചിങ്ങം 1 വരെയുള്ള ഒരു വർഷം നാളികേര വർഷമായി ആചരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധങ്ങളായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. നാളികേര കൃഷി ഉൽപ്പാദനം വ്യാപിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു:

1. നാളികേരത്തിന്റെ ഉൽപ്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാനായി സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ടുകൊണ്ട് സമഗ്ര നാളികേര വികസനത്തിനായി കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2017-18 വർഷം നടപ്പിലാക്കുന്നു.

2. അത്യുൽപ്പാദനശേഷിയുള്ള കുറിയ ഇനം തെങ്ങുകളുടെ ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 50 സെന്റ് വീതമുള്ള 1025 (205 ഹെക്ടർ) പ്രദർശനത്തോട്ടങ്ങൾ കർഷകരുടെ തോട്ടങ്ങളിൽ സ്ഥാപിക്കുന്നതിനും 104 പ്രദർശനത്തോട്ടങ്ങൾ (20.8 ഹെക്ടർ) കൃഷി വകുപ്പ് ഫാമുകളിൽ സ്ഥാപിക്കുന്നതിനുമായി 567.50 ലക്ഷം രൂപ വാർഷിക പദ്ധതിയിൽ ബജറ്റ് വിഹിതമായി ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

3. കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമായി സഹകരിച്ച് നാളികേര വികസനത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

4. കൂടാതെ തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങൾക്കെതിരെ പ്രതിരോധമാർഗ്ഗങ്ങളും ക്യാമ്പയിനുകളും പ്രോജക്ട് അടിസ്ഥാനത്തിൽ അവലംബിക്കുന്നതിനായി 300 ലക്ഷം രൂപ 2017-18 വർഷം വകകൊള്ളിച്ചിട്ടുണ്ട്.

(സി) ശാസ്ത്രീയ കൃഷി മുറകൾ തുടർച്ചയായി 3 വർഷമെങ്കിലും അവലംബിച്ചാൽ മാത്രമേ തുടർന്നുള്ള വർഷത്തിൽ ഉൽപ്പാദനത്തിൽ പ്രകടമായ വ്യത്യാസം പ്രതിഫലിക്കുകയുള്ളൂ എന്നത് നാളികേര കൃഷിയിലെ പ്രത്യേകതയായതിനാലും കാലാവസ്ഥയിലെ വ്യതിയാനങ്ങളും അപ്രതീക്ഷിതമായുണ്ടാകുന്ന രോഗകീടബാധകളും

കൂടാതെ നിലവിലെ തെങ്ങിൻതോപ്പുകൾ കെട്ടിടനിർമ്മാണത്തിനായി ഉപയോഗിക്കുമ്പോൾ തെങ്ങ് കൃഷിയുടെ വിസ്തൃതി കുറയുന്നതും നാളികേര ഉത്പാദനത്തെ ഗണ്യമായി ബാധിക്കുമെന്നതിനാൽ കൃത്യമായ ഒരു കണക്ക് പ്രവചിക്കുവാൻ സാദ്ധ്യമല്ല. എന്നിരുന്നാലും കാലാവസ്ഥ അനുകൂലമെങ്കിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രതിഫലനമായി നാളികേര ഉൽപ്പാദനത്തിൽ ഗണ്യമായ ഒരു വർദ്ധനവ് പ്രതീക്ഷിക്കാം.

## കമുകിന് കീടനാശിനി തളിക്കാൻ സംവിധാനം

39 (2985) ശ്രീ. എൻ.എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാളി ഉൾപ്പെടെയുള്ള രോഗങ്ങൾ പടരുമ്പോഴും കമുകിനു കീടനാശിനി തളിക്കാൻ തൊഴിലാളികളെ കിട്ടാതെ കർഷകർ ദുരിതമനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വിഷയത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെന്നും തുടർനടപടികൾ എന്തൊക്കെയാണെന്നും വിശദീകരിക്കാമോ;

(സി) മഴ തുടങ്ങിയതോടെ കമുകിനെ ബാധിച്ച മഹാളി, കുമ്പുചീയൽ, ഫംഗസ് ബാധ തുടങ്ങിയവമൂലം മൂപ്പെത്താത്ത അടയ്ക്കകളും പൂങ്കുലകളും വ്യാപകമായി കൊഴിയുന്നത് തടയാൻ കൃഷി വകുപ്പ് എന്ത് മുൻകരുതലുകളാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇങ്ങനെ വിള നശിക്കുന്ന കർഷകർക്ക് സർക്കാർ നഷ്ടപരിഹാരം നൽകുമോ;

(ഇ) കീടനാശിനി തളിക്കാൻ ആളെ കിട്ടാത്ത സാഹചര്യത്തിൽ പകരം എന്ത് സംവിധാനമാണ് സർക്കാർ ആലോചിക്കുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മസേന ഇവയിൽനിന്നും പരിശീലനം ലഭിച്ച തൊഴിലാളികളുടെ സേവനം കീടനാശിനി പ്രയോഗങ്ങൾക്ക് ഉപയുക്തമാണ്.

(സി) ഇക്കാര്യത്തിൽ പ്രത്യേക മുൻകരുതൽ നടപടികളൊന്നും എടുത്തിട്ടില്ല. അടിയന്തര ഘട്ടങ്ങളിൽ വരൾച്ച, കീടരോഗബാധ എന്നിവ തടയുന്നതിനുള്ള പ്രത്യേക പദ്ധതിപ്രകാരം കാർഷികവിളകളിലെ കീടരോഗബാധ നിയന്ത്രിക്കുന്നതിനുള്ള സഹായം നൽകാൻ വ്യവസ്ഥയുണ്ട്. കീടരോഗബാധ കണ്ടെത്തുന്ന

പ്രദേശങ്ങളിൽ വിദഗ്ദ്ധന്മാരടങ്ങിയ ടീം പരിശോധന നടത്തി നിയന്ത്രണ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതനുസരിച്ച് കീടരോഗബാധ തടയുന്നതിനുള്ള രാസ-ജൈവ മാർഗ്ഗങ്ങൾ അവലംബിക്കുന്നു. കീടരോഗനാശിനികൾ തളിച്ചതിന്റെ വില, തളിച്ചതിന്റെ കൂലി എന്നിവ കൃഷി വകുപ്പ് വഹിക്കും.

(ഡി) ഇപ്രകാരമുള്ള പദ്ധതികളൊന്നും നിലവിലില്ല. എന്നാൽ പ്രകൃതിക്ഷോഭംമൂലം വിള നശിച്ചാൽ ഇൻഷ്വറൻസ് പരിരക്ഷ നൽകാൻ സംവിധാനമുണ്ട്.

(ഇ) കൃഷി വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്ന കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്ററുകൾ എന്നിവയിൽനിന്നും പരിശീലനം ലഭിച്ച തൊഴിലാളികളുടെ സേവനം കീടനാശിനി പ്രയോഗങ്ങൾക്ക് ഉപയുക്തമാക്കാവുന്നതാണ് എന്ന് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി**

40 (2986) ശ്രീ. രാജു എബ്രഹാം :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും റബ്ബറിന് ന്യായവില ലഭ്യമാക്കുന്നതിനും സർക്കാർ എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ മേഖലയിൽ റബ്ബർബോർഡിന്റെ പ്രവർത്തനങ്ങൾ എത്രമാത്രം കാര്യക്ഷമമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) കർഷകർക്ക് മെച്ചപ്പെട്ട കൃഷിരീതികൾ പരിചയപ്പെടുത്തുന്നതിന് പ്രധാനമന്ത്രി കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി പരിശീലനം നൽകാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ഡി) എങ്കിൽ ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി റബ്ബറിന് കിലോയ്ക്ക് 150 രൂപ താങ്ങുവില ലഭ്യമാകുന്ന വിധത്തിൽ റബ്ബർ ബോർഡിന്റെ സഹകരണത്തോടുകൂടി സംസ്ഥാനത്ത് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പിലാക്കിവരുന്നു.

പ്രസ്തുത പദ്ധതിയുടെ മൂന്നാം ഘട്ടം 2017 ജൂലൈയിൽ തുടങ്ങി 2018 ജൂണിൽ അവസാനിക്കുന്ന തരത്തിൽ നടപ്പിലാക്കിവരികയാണ്. കർഷകരുടെ ബില്ലുകൾ റബ്ബർ ബോർഡ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതനുസരിച്ച് രണ്ടാഴ്ചയിലൊരിക്കൽ സബ്സിഡിതുക കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുകയാണ് ചെയ്യുന്നത്.

(ബി) ഇല്ല. റബ്ബർ ബോർഡ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതനുസരിച്ച് രണ്ടാഴ്ചയിലൊരിക്കൽ സബ്സിഡി കാര്യക്ഷമമായി വിതരണം ചെയ്തുവരുന്നു.

(സി & ഡി) രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൽ കർഷകർക്കുള്ള പരിശീലന പരിപാടികൾ ഉൾപ്പെടുത്തിയിട്ടില്ല. പരിശീലന പരിപാടികൾ കേന്ദ്ര പദ്ധതിയായ 'ആത്മ' മുഖേനയാണ് നടപ്പിലാക്കുന്നത്.

**തൃശ്ശൂർ മുല്ലശ്ശേരി ബ്ലോക്കിലെ ഇക്കോഷോപ്പ്**

41 (2987) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ബ്ലോക്കിൽ അനുവദിക്കപ്പെട്ട ഇക്കോഷോപ്പിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ബ്ലോക്കിൽ അനുവദിക്കപ്പെട്ട ഇക്കോഷോപ്പിന്റെ പ്രവർത്തനത്തിനായി കമ്മിറ്റി രൂപീകരിക്കുകയും ഇക്കോഷോപ്പിന്റെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

**നാളികേര കർഷകർക്കും നെൽകൃഷിക്കാർക്കും സഹായങ്ങൾ**

42 (2988) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര കർഷകർക്കും നെൽകൃഷിക്കാർക്കും എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) രൂക്ഷമായ വരൾച്ചമൂലം ഈ മേഖലയിൽ എത്ര കോടി രൂപയുടെ കൃഷി നാശം സംഭവിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ച് വിവരം ലഭ്യമാക്കാമോ;

(സി) വിളനാശം സംഭവിച്ച കർഷകർക്ക് ഏതൊക്കെ സഹായങ്ങളാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)

1. നാളികേര വികസന പദ്ധതികൾ

2017 ചിങ്ങം 1 മുതൽ 2018 ചിങ്ങം 1 വരെയുള്ള ഒരു വർഷം നാളികേര വർഷമായി ആചരിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. നാളികേര വികസനത്തിനായി നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ താഴെ പറയുന്നതാണ്:

1. നാളികേരത്തിന്റെ ഉൽപ്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാനായി സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേരകൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ടുകൊണ്ട് സമഗ്ര നാളികേര വികസനത്തിനായി "കേരഗ്രാമം" എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2017-18 വർഷം നടപ്പിലാക്കുന്നു.

2. അത്യുൽപ്പാദനശേഷിയുള്ള കുറിയ ഇനം തെങ്ങുകളുടെ ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 50 സെന്റ് വീതമുള്ള 1025 (205 ഹെക്ടർ) പ്രദർശനത്തോട്ടങ്ങൾ കർഷകരുടെ തോട്ടങ്ങളിൽ സ്ഥാപിക്കുന്നതിനും 104 പ്രദർശനത്തോട്ടങ്ങൾ (20.8 ഹെക്ടർ) കൃഷി വകുപ്പ് ഫാമുകളിൽ സ്ഥാപിക്കുന്നതിനുമായി 567.50 ലക്ഷം രൂപ വാർഷിക പദ്ധതിയിൽ ബജറ്റ് വിഹിതമായി ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

3. കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമായി സഹകരിച്ച് നാളികേര വികസനത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുവാൻ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

4. കൂടാതെ തെങ്ങുകളെ ബാധിക്കുന്ന കീടരോഗബാധകൾക്കെതിരെ പ്രതിരോധമാർഗ്ഗങ്ങളും ക്യാമ്പയിനുകളും പ്രോജക്ട് അടിസ്ഥാനത്തിൽ അവലംബിക്കുന്നതിനായി 300 ലക്ഷം രൂപ 2017-18 വർഷം വകകൊള്ളിച്ചിട്ടുണ്ട്.

കൂടാതെ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മുഖേന നാളികേര വികസന ബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. SCSP/TSP മേഖലകളിൽ തെങ്ങ് പ്രദർശനത്തോട്ടം സ്ഥാപിക്കൽ:

സംയോജിത വിളപരിപാലന മുറകൾ അവലംബിച്ച് തെങ്ങിന്റെ പ്രദർശനത്തോട്ടങ്ങൾ ഒരുക്കുന്നതിന് ഒരു ഹെക്ടറിന് 35,000 രൂപ നിരക്കിൽ 100% ആനുകൂല്യം എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് മാത്രമായി രണ്ട് തുല്യ വാർഷിക ഗഡുക്കളായി ലഭിക്കുന്നതാണ്.

2. തെങ്ങിൻ തോട്ടങ്ങളുടെ പുനരുജ്ജീവനവും രോഗം ബാധിച്ചതും ഉല്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റി രോഗപ്രതിരോധശേഷിയുള്ള പുതിയ തെങ്ങിൻതൈ നടുന്ന പദ്ധതി

- രോഗം ബാധിച്ചതും ഉത്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റുന്നതിന് ഒരു തെങ്ങിന് 1000 രൂപ നഷ്ടപരിഹാരം ലഭിക്കുന്നതാണ്.
- സംയോജിത വിളപരിപാലന മുറകൾ അവലംബിച്ച് തെങ്ങിൻ തോട്ടങ്ങളുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ നടത്തുന്നതിന് 25% സബ്സിഡി നിരക്കിൽ ഒരു ഹെക്ടറിന് 17,500 രൂപയുടെ ആനുകൂല്യം രണ്ട് തുല്യ വാർഷിക ഗഡുക്കളായി ലഭിക്കുന്നതാണ്.
- ഗുണനിലവാരമുള്ള തെങ്ങിൻ തൈകൾ പുതുതായി നടുന്നതിന് 50% നിരക്കിൽ ഒരു തൈയ്ക്ക് പരമാവധി 40 രൂപയുടെ ആനുകൂല്യം ലഭിക്കുന്നതാണ്.

കൂടാതെ പ്രാദേശിക തെങ്ങിൻതൈ ഉല്പാദന കേന്ദ്രത്തിന്റെ പ്രവർത്തനത്തിനായി 48 ലക്ഷം രൂപയും കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി പ്രകാരം 5 ലക്ഷം രൂപയും 50:50 അനുപാതത്തിൽ നാളികേര വികസന ബോർഡിന്റെ വിഹിതമായി അനുവദിച്ചിട്ടുണ്ട്.

2. നെൽകൃഷി വികസന പദ്ധതികൾ:

നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം 2016-17 മുതൽ നടപ്പിലാക്കിയ വിവിധ ഘടകങ്ങളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

- സുസ്ഥിര നെൽകൃഷി

സമഗ്ര നെൽകൃഷി വികസന പദ്ധതി (സുസ്ഥിര നെൽകൃഷി വികസനം) പ്രകാരം ഹെക്ടറൊന്നിന് ഉല്പാദനോപാദികളുടെ ചെലവിനായി 1,500 രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേയ്ക്ക് 2,700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

- വികസന ഏജൻസികൾക്കുള്ള ഫണ്ട്

നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

- പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം

പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, ബസ്മതി) വികസനത്തിനായി ഹെക്ടറിന് 10000 രൂപ സബ്സിഡി നിരക്കിൽ 1200 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 120 ലക്ഷം രൂപ നിരക്കിൽ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

- പാടശേഖര സമിതികളുടെ പ്രവർത്തനചെലവിനായുള്ള പദ്ധതി

പാടശേഖര സമിതികളുടെ പ്രവർത്തനചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 300 ലക്ഷം രൂപ 83333.33 ഹെക്ടർ പ്രദേശത്തേയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതിനായി വകയിരുത്തിയിട്ടുണ്ട്.

- കരനെൽകൃഷി വികസനം

സംസ്ഥാനത്ത് കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2560 ഹെക്ടർ സ്ഥലത്ത് ആകെ 348.16 ലക്ഷം രൂപ നൽകി പദ്ധതി നടപ്പിലാക്കിവരുന്നു.

- തരിശുനില നെൽകൃഷി

നെൽകൃഷിയിലേയ്ക്ക് മുഴുവൻ തരിശുനിലങ്ങളെയും മടക്കിക്കൊണ്ടുവരുന്നതിനു വേണ്ടി തരിശുനില കൃഷിക്ക് കർഷകനും ഭൂവുടമകൾക്കും സഹായധനമായി ഹെക്ടറൊന്നിന് ഒന്നാം വർഷത്തെ കൃഷിക്ക് 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും നൽകുന്നു.

- ഒരുപ്പൂകൃഷി ഇരുപ്പൂകൃഷി

ഒരുപ്പൂ ഇരുപ്പൂകൃഷിയാക്കുന്നതിനായി ഹെക്ടറൊന്നിന് 10,000 രൂപ നിരക്കിൽ 1500 ഹെക്ടറിന് ധനസഹായം നൽകുന്നുണ്ട്.

- പദ്ധതിയധിഷ്ഠിത ധനസഹായം

നഗരപ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റും നെൽകൃഷി ചെയ്യുന്നതിന് പദ്ധതിയധിഷ്ഠിതമായ ധനസഹായം നൽകുന്നുണ്ട്. ആയതിലേയ്ക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- നൂതനാശയങ്ങൾ നടപ്പിലാക്കുന്നതിന് ധനസഹായം

നെൽവർഷാചരണത്തിന്റെ ഭാഗമായി പരിസ്ഥിതി സൗഹൃദ, സുസ്ഥിര ആശയങ്ങൾ നെൽകൃഷിയിൽ നടപ്പാക്കുന്നതിന് പദ്ധതിയധിഷ്ഠിതമായി ധനസഹായം നൽകുന്നു. ആയതിലേയ്ക്ക് 262 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിരിക്കുന്നു.

- ബ്ലോക്ക് തലത്തിൽ പദ്ധതി സംയോജനം

നെൽകൃഷി മേഖലയിൽ കേന്ദ്ര/സംസ്ഥാന/തദ്ദേശസ്വയംഭരണ സ്ഥാപന ആനുകൂല്യങ്ങൾ സംയോജിപ്പിച്ച് ഏകീകരിച്ച രീതിയിൽ താഴെത്തട്ടിൽ നടപ്പാക്കുന്നതിനായും ഒന്നിലധികം പഞ്ചായത്തുകളിലായിവരുന്ന പാടശേഖരങ്ങളിൽ പൊതു ഞാറ്റടി, തോട് നവീകരണം, കൊയ്ത്തുമെതി യന്ത്രങ്ങൾ ഉറപ്പാക്കൽ, മില്ലുകൾ സ്ഥാപിക്കൽ, മറ്റു സംഭരണ സംസ്കരണ വിപണന പ്രവർത്തനങ്ങൾ എന്നിവയ്ക്കുമായി 1,200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- റൈസ് മില്ലുകൾ സ്ഥാപിക്കൽ

പാടശേഖര സമിതികൾ, സഹകരണ സ്ഥാപനങ്ങൾ, അംഗീകൃത ഗ്രൂപ്പുകൾ, വ്യക്തികൾ എന്നിവയ്ക്ക് റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനായി 300 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

ഇതുകൂടാതെ നെൽകൃഷി വികസനത്തിനായി താഴെപ്പറയുന്ന പദ്ധതിയേതര പദ്ധതികളും നടപ്പിലാക്കുന്നു.

- നെൽകൃഷി ഉല്പാദന ബോണസ്

നെൽകർഷകർക്ക് ഉല്പാദന ബോണസായി ഹെക്ടറിന് 1000 രൂപ നൽകി പദ്ധതി നടപ്പിലാക്കിവരുന്നു.

- കാർഷിക സൗജന്യ വൈദ്യുതി പദ്ധതി

നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റ് വിളകൾക്ക് 2 ഹെക്ടർ വരെയും ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിച്ചിരുന്നു.

(ബി) ഉണ്ട്. ജില്ലതിരിച്ചുള്ള കണക്കുകൾ അനുബന്ധം ഒന്നും രണ്ടുമായി ചേർത്തിരിക്കുന്നു. *

(സി) 1. വരൾച്ചമൂലം കൃഷിനാശം സംഭവിച്ച കർഷകരിൽനിന്നും പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള അപേക്ഷകൾ കൃഷിഭവൻ വഴി സ്വീകരിച്ചു വരുന്നു. സംസ്ഥാന ദുരന്ത നിവാരണ നിധിയിൽ നിന്നും കേന്ദ്ര മാനദണ്ഡങ്ങൾക്ക് അനുസൃതമായി ദുരിതാശ്വാസ സഹായം കർഷകർക്ക് ലഭ്യമാക്കുന്നത് റവന്യൂ വകുപ്പാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വിള ഇൻഷ്വർ ചെയ്ത കർഷകർക്ക് പ്രകൃതിക്ഷോഭംമൂലമോ വന്യമൃഗങ്ങളുടെ ആക്രമണംമൂലമോ വിളനഷ്ടം സംഭവിച്ചാൽ സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ച നിരക്കിലുള്ള ആനുകൂല്യം നിബന്ധനകൾക്കുവിധേയമായി നൽകുന്നതാണ്.

3. വരൾച്ചമൂലമുണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനായി നെൽകർഷകർ മൂപ്പുകുറഞ്ഞ വിത്തിനങ്ങൾ ഉപയോഗിച്ച് കൃഷിചെയ്യാനും എല്ലാ കർഷകരും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകാനും നിർദ്ദേശം നൽകിയിട്ടുണ്ട്. മഴയില്ലാതെ വിത്ത് മുളയ്ക്കാത്ത സാഹചര്യത്തിൽ വീണ്ടും വിതയ്ക്കുന്നതിനായി വിത്തിന്റെ കരുതൽ ശേഖരത്തിൽനിന്നും വിത്ത് നൽകുന്നതിന് സംസ്ഥാന വിത്തുവികസന അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

4. കേന്ദ്ര-സംസ്ഥാന സർക്കാർ സംയുക്തമായി നടപ്പിലാക്കുന്ന പ്രധാനമന്ത്രി ഫസൽ ബീമായോജന പ്രകാരം ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ 3 ജില്ലകളിലെ നെൽകർഷകർക്ക് ഉല്പാദന നഷ്ടത്തിൽനിന്നും ഇൻഷ്വറൻസ് സംരക്ഷണവും സാമ്പത്തിക സഹായവും ഇൻഷ്വർ ചെയ്തിട്ടുള്ള കർഷകർക്ക് നൽകുന്നു.

5. കേന്ദ്ര-സംസ്ഥാന സർക്കാർ സംയുക്തമായി നടപ്പിലാക്കുന്ന കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്ത ഉല്പാദനക്ഷമതയുള്ള തെങ്ങുകൾ നശിക്കുകയാണെങ്കിൽ തെങ്ങ് ഒന്നിന് 15 വർഷംവരെ പ്രായമുള്ളവയ്ക്ക് 900 രൂപയും 16 മുതൽ 60 വർഷംവരെ പ്രായമുള്ളവയ്ക്ക് 1,750 രൂപയും നഷ്ടപരിഹാരമായി നൽകുന്നതാണ്.

**കരിമ്പ് കൃഷിക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ**

43 (2989) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കൃഷി ഇൻഷ്വറൻസ് പരിരക്ഷ ജില്ലകളിൽ പരിമിതപ്പെടുത്താതെ എല്ലാ കൃഷിക്കാർക്കുമായി ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്നറിയിക്കാമോ;

(ബി) ചെങ്ങന്നൂർ മണ്ഡലത്തിൽ വ്യാപകമായി കരിമ്പുകൃഷിയുള്ള പാണ്ടനാട്, തിരുവൻവണ്ടൂർ പ്രദേശത്ത് കരിമ്പ് കൃഷിക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്തെ മുഴുവൻ ചെറുകിട നാമമാത്ര കർഷകർക്കായിട്ടാണ് നടപ്പിലാക്കിവരുന്നത്.

(ബി) നിലവിൽ സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം കരിമ്പ് കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. 0.1 ഹെക്ടർ കൃഷി ചെയ്യുന്ന കരിമ്പ് കർഷകൻ നട്ട് ഒരു മാസം കഴിഞ്ഞ് 3 മാസം വരെയുള്ള കാലയളവിൽ 90 രൂപ പ്രീമിയമായി അടച്ച് ഇൻഷ്വറൻസ് പദ്ധതിയിൽ പങ്കാളിയാകാവുന്നതാണ്. പ്രകൃതിക്ഷോഭംമൂലം കരിമ്പ് കൃഷിനാശം സംഭവിച്ചാൽ ഹെക്ടറൊന്നിന് 50,000 രൂപ ധനസഹായമായി ലഭിക്കുന്നതാണ്.

**ഓണത്തിന് ഒരു മുറം പച്ചക്കറി**

44 (2990) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഓണത്തിന് ഒരു മുറം പച്ചക്കറി' എന്ന പദ്ധതി പ്രകാരം കൃഷി വകുപ്പ് നടപ്പാക്കുന്ന കാര്യങ്ങൾ വിശദമാക്കാമോ;

(ബി) ഈ പദ്ധതിപ്രകാരം വിതരണം ചെയ്ത വിത്തുകളുടെ പ്രത്യേകതകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) ഈ പദ്ധതി പ്രകാരമുള്ള പച്ചക്കറി കൃഷി ഓണത്തിന് മുമ്പായി വിളവെടുക്കാൻ സാധിക്കുമോ; വിശദമാക്കാമോ;

(ഡി) ഈ പദ്ധതിക്ക് വേണ്ടിയുള്ള ആകെ ചെലവ് ജില്ല തിരിച്ച് അറിയിക്കാമോ?

ഉത്തരം

(എ) ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ നിന്നുതന്നെ ലഭ്യമാക്കുവാൻ ഉദ്ദേശിച്ചുള്ള 'ഓണത്തിന് ഒരു മുറം പച്ചക്കറി' എന്ന പദ്ധതിയിലൂടെ കൃഷിക്കാവശ്യമായ വിത്തുകൾ, തൈകൾ, തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ എന്നിവ നൽകുന്നു. സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും 10 രൂപ വില വരുന്ന അഞ്ചിനം പച്ചക്കറി വിത്തുകൾ അടങ്ങിയ 40 ലക്ഷം വിത്ത് പായ്ക്കറ്റുകളുടെ വിതരണം പൂർത്തീകരിച്ച് വിവിധ മാധ്യമങ്ങൾ മുഖേനയും സന്നദ്ധ സംഘടനകൾ മുഖേനയും 17 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ വിതരണം ചെയ്തു.

45.45 ലക്ഷം പച്ചക്കറി തൈകളുടെ വിതരണം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 37000 ഗ്രോബാഗ് യൂണിറ്റുകളുടെ വിതരണം പുരോഗമിച്ചുവരുന്നു. കൂടാതെ മുൻവർഷങ്ങളിൽ നൽകിയ 75000 ഗ്രോബാഗ് യൂണിറ്റുകളിൽ വീണ്ടും കൃഷി ചെയ്യാനായി വിത്ത്, തൈകൾ മറ്റ് ഉല്പാദനോപാധികൾ എന്നിവയും നൽകുന്നു.

(ബി) അത്യുല്പാദന ശേഷിയുള്ള വിത്തുകളാണ് 'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതി പ്രകാരം വി.എഫ്.പി.സി.കെ. വഴി കർഷകർക്ക് ലഭ്യമാക്കിയിട്ടുള്ളത്. പച്ചക്കറി ഒന്നാം വിളയ്ക്ക് അനുയോജ്യമായ വിത്തിനങ്ങളാണ് വിതരണം നടത്തിയിട്ടുള്ളത്. വിത്തിനങ്ങൾ താഴെപ്പറയുന്നു:

1. ചീര-അരുൺ (ചുവന്ന ഇനം)

2. പയർ-അനശ്വര, കാശികാഞ്ചൻ (കുറ്റിപ്പയർ ഇനങ്ങൾ)

3. വഴുതന-പൂസക്രാന്തി, Co2 (വെള്ളയും വയലറ്റും വരകളോടുകൂടിയ ഉരുണ്ട കായ്കൾ)

4. വെണ്ട-അർക്ക അനാമിക (മൊസൈക്ക് രോഗത്തിന് പ്രതിരോധ ശേഷിയുള്ള ഇനം)

5. മുളക്-പൂസ ജ്വാല, അനുഗ്രഹ (ബാക്ടീരിയൽ വാട്ടത്തിന് പ്രതിരോധശേഷിയുള്ള ഇനം)

(സി) സാധിക്കും. ജൂൺ ആദ്യവാരം മുതൽ പദ്ധതി പ്രകാരം വിത്തും വിത്ത് മുളപ്പിച്ച തൈകളും കർഷകർക്ക് വിതരണം ആരംഭിച്ചതിനാൽ ഓണം മുതൽ വിളവെടുക്കാൻ സാധിക്കുന്നതാണ്. ഓണത്തിന് ശേഷവും വീടുകളിൽ അവർക്കാവശ്യമായ പച്ചക്കറി സ്വയം ഉല്പാദിപ്പിക്കുക എന്നതുംകൂടി ഈ പദ്ധതി ലക്ഷ്യമിടുന്നുണ്ട്.

(ഡി)

| ക്രമ നമ്പർ | ജില്ല | തുക (ലക്ഷം) |
|---|---|---|
| 1 | 2 | 3 |
| 1 | തിരുവനന്തപുരം | 102.85 |
| 2 | കൊല്ലം | 98.1 |
| 3 | പത്തനംതിട്ട | 85.9 |

| 1 | 2 | 3 |
|---|---|---|
| 4 | ആലപ്പുഴ | 97.14 |
| 5 | കോട്ടയം | 96.6 |
| 6 | ഇടുക്കി | 81.6 |
| 7 | എറണാകുളം | 108.6 |
| 8 | തൃശ്ശൂർ | 107.285 |
| 9 | പാലക്കാട് | 96.8 |
| 10 | മലപ്പുറം | 97 |
| 11 | കോഴിക്കോട് | 100.465 |
| 12 | വയനാട് | 44.8 |
| 13 | കണ്ണൂർ | 102.65 |
| 14 | കാസർഗോഡ് | 35.2 |
| 15 | ഡയറക്ടറേറ്റ് | 120.01 |
| ആകെ | | 1375 |

**ഓണത്തിന് ഒരു മുറം പച്ചക്കറി**

45 (2991) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

'ഓണത്തിന് ഒരു മുറം പച്ചക്കറി ' പദ്ധതി പ്രകാരം, സംസ്ഥാനത്ത് കൃഷിഭവനുകൾ വഴി എത്ര പച്ചക്കറി വിത്ത് കിറ്റുകൾ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; കൃഷിഭവനുകൾക്ക് പുറമേ ഏതെല്ലാം ഏജൻസികൾ വഴിയാണ് വിത്തുവിതരണം നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതി പ്രകാരം സംസ്ഥാനത്ത് കൃഷിഭവനുകൾ വഴി സ്കൂൾ വിദ്യാർത്ഥികൾ, കർഷകർ, സന്നദ്ധ സംഘടനകൾ എന്നിവർക്ക് 45 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. കൃഷി ഭവനുകൾക്കുപുറമെ മാധ്യമങ്ങൾവഴി 12 ലക്ഷം പച്ചക്കറി വിത്തുപായ്ക്കറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

**ഓണത്തിന് ഒരു മുറം പച്ചക്കറി**

46 (2992) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിക്കുള്ള വിത്തുപാക്കറ്റുകളും, പച്ചക്കറി തൈകളും കൃഷി വകുപ്പ് വഴി എന്നാണ് വിതരണം ചെയ്തത്;

(ബി) ഓണത്തിന് വിളവെടുക്കാൻ സാധിക്കുന്ന രീതിയിലാണോ ഈ പദ്ധതി നടപ്പിലാക്കിയത്?

ഉത്തരം

(എ) ജൂൺ ആദ്യവാരം മുതൽ വിതരണം ആരംഭിച്ചു.

(ബി) അതെ. എന്നാൽ ഓണത്തിനുശേഷവും ഈ പദ്ധതി സ്ഥിരമായി തുടരുന്നതാണ്.

**ഓണത്തിന് ഒരു മുറം പച്ചക്കറി**

47 (2993) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണത്തിന് ഒരു മുറം പച്ചക്കറി എന്ന പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ സഹകരണത്തോടു കൂടിയാണോ സർക്കാർ നടപ്പിലാക്കിയത്;

(ബി) പ്രസ്തുത പദ്ധതി പ്രകാരം പച്ചക്കറി വിത്ത് വിതരണം ചെയ്തത് എല്ലാ കൃഷിഭവനുകളിൽ നിന്നും ഗുണഭോക്താക്കളിൽ എത്തിയിട്ടുണ്ടോയെന്ന് പരിശോധന നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) അതെ.

(ബി) ജില്ലകളിൽ പദ്ധതി നിർവ്വഹണ ചുമതലയുള്ള കൃഷി ഡെപ്യൂട്ടി ഡയറക്ടർ, കൃഷി ഭവനിൽ നൽകിയ വിത്തുകളുടെ വിതരണം പരിശോധിച്ച് ഈ പദ്ധതിയുടെ മോണിറ്ററിംഗ് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും നടത്തിവരുന്നുണ്ട്.

**ഓണത്തിന് ഒരു മുറം പച്ചക്കറി**

48 (2994) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഓണത്തിന് ഒരു മുറം പച്ചക്കറി 'പദ്ധതിയുമായി ബന്ധപ്പെട്ട് കോതമംഗലം മണ്ഡലത്തിൽ കൃഷിഭവൻ മുഖേന നടപ്പിലാക്കിയിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) എന്തെല്ലാം കൃഷികളാണ് ഇതിന്റെ ഭാഗമായി മണ്ഡലത്തിൽ പ്രോത്സാഹിപ്പിക്കുന്നത്;

(സി) ഇതിനുവേണ്ടി കർഷകർക്ക് എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതിയുമായി ബന്ധപ്പെട്ട് കോതമംഗലം മണ്ഡലത്തിൽ കൃഷിഭവൻ മുഖേന സ്കൂൾ വിദ്യാർത്ഥികൾക്ക് 12000 പച്ചക്കറി വിത്തുപായ്ക്കറ്റുകളും 11 കൃഷി ഭവനുകൾവഴി 16600 പച്ചക്കറി വിത്തു പായ്ക്കറ്റുകളും എൻ.ജി.ഒ. വഴി 2000 പച്ചക്കറി വിത്തുപായ്ക്കറ്റുകളും വിതരണം ചെയ്തു. കൂടാതെ 55000 പച്ചക്കറി തൈകളും 100 ഗ്രോബാഗുകളും വിതരണം ചെയ്തു. 'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതിയുടെ ഭാഗമായി കോതമംഗലം ബ്ലോക്ക് ഓഫീസിനോട് ചേർന്ന് പച്ചക്കറി കൃഷി ആരംഭിച്ചു. കൂടാതെ പ്രസ്സ് ക്ലബ്ബും കൃഷി വകുപ്പും ചേർന്ന് വെണ്ടുവഴി ഗവൺമെന്റ് സ്കൂളിൽ പച്ചക്കറി കൃഷി ആരംഭിച്ചു.

(ബി) പയർ, വഴുതന, വെള്ളരി, പടവലം, പാവൽ, മത്തൻ തുടങ്ങി വിവിധയിനം പച്ചക്കറികളാണ് വെജിറ്റബിൾ ക്ലസ്റ്റർവഴി ഈ പദ്ധതിയുടെ ഭാഗമായി മണ്ഡലത്തിൽ കൃഷി ചെയ്തുവരുന്നത്.

(സി) ഈ പദ്ധതി പ്രകാരം പ്രധാനമായും പച്ചക്കറി വിത്തുപായ്ക്കറ്റുകൾ, പച്ചക്കറി തൈകൾ എന്നിവ സൗജന്യമായും ഗ്രോബാഗുകൾ സൗജന്യ നിരക്കിലും ലഭ്യമാക്കുന്നു. ഇതിനുപുറമെ ആവശ്യമായ പരിശീലന പരിപാടികളും സാങ്കേതിക സഹായവും ലഭ്യമാക്കുന്നു.

**കാർഷിക വിള ഇൻഷ്വറൻസ് സ്കീം**

49 (2995) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം തരത്തിലുള്ള നാശ നഷ്ടങ്ങൾക്കാണ് കാർഷിക വിള ഇൻഷ്വറൻസ് ലഭ്യമാകുന്നത്;

(ബി) വിവിധ തരത്തിലുള്ള പ്രകൃതിക്ഷോഭത്തിനു പുറമേ, രോഗബാധമൂലമോ കീടങ്ങളുടെ ശല്യംമൂലമോ നാശനഷ്ടം വരുന്ന കാർഷിക വിളകൾക്ക് വിള ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുമോ; വിശദമാക്കാമോ;

(സി) ഇത്തരത്തിൽ കീടശല്യംമൂലമോ പ്രകൃതിക്ഷോഭമല്ലാത്ത കാരണങ്ങളാലോ നാശനഷ്ടം നേരിടുന്ന വിളകൾക്ക് കൂടി ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമികുലുക്കം, ഭൂകമ്പം, കടലാക്രമണം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ എന്നീ പ്രകൃതിക്ഷോഭങ്ങൾകൊണ്ടും വന്യമൃഗങ്ങളുടെ ആക്രമണംകൊണ്ടും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. കൂടാതെ കോൾ നിലങ്ങൾ, കുട്ടനാട് എന്നിവിടങ്ങളിൽ നെൽകൃഷിക്ക് കീടരോഗബാധമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്.

കേന്ദ്രസർക്കാർ സംയുക്തമായി നടപ്പിലാക്കുന്ന പ്രധാനമന്ത്രി ഫസൽ ബീമ യോജന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വരൾച്ച, വെള്ളപ്പൊക്കം, ഇടിമിന്നൽ, സ്വാഭാവികമായുണ്ടാകുന്ന തീപിടുത്തം മുതലായ പ്രകൃതിക്ഷോഭങ്ങൾ മൂലമോ രോഗകീടങ്ങളുടെ ആക്രമണംമൂലമോ പ്രഖ്യാപിത വിളകൾക്കുണ്ടാകുന്ന ഉത്പാദന നഷ്ടത്തിൽനിന്നും കർഷകർക്ക് ഇൻഷ്വറൻസ് സംരക്ഷണവും സാമ്പത്തിക സഹായവും നൽകുന്നു. അതോടൊപ്പംതന്നെ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വിളകൾക്ക് ദോഷമായി ഭവിക്കുന്ന രീതിയിൽ അന്തരീക്ഷ താപനിലയിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ, അധിവൃഷ്ടി, അനാവൃഷ്ടി, ശക്തമായ കാറ്റ്, തുടർ ദിവസങ്ങളിൽ ഉണ്ടാകുന്ന മഴ, വരൾച്ച, രോഗകീടാക്രമണത്തിന് അനുയോജ്യമായ കാലാവസ്ഥാ സാഹചര്യങ്ങൾ എന്നിവ മുഖേനയുള്ള നഷ്ടങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു.

(ബി) കേന്ദ്ര-സംസ്ഥാന സർക്കാർ സംയുക്തമായി നടപ്പിലാക്കിവരുന്ന വിള ഇൻഷ്വറൻസ് പദ്ധതിയായ പ്രധാനമന്ത്രി ഫസൽ ബീമ യോജന പ്രകാരം രോഗബാധമൂലമോ കീടങ്ങളുടെ ശല്യംമൂലമോ പ്രഖ്യാപിത വിളകൾക്കുണ്ടാകുന്ന ഉത്പാദന നഷ്ടത്തിൽനിന്നും കർഷകർക്ക് ഇൻഷ്വറൻസ് സംരക്ഷണവും സാമ്പത്തിക സഹായവും നൽകുന്നു.

കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം രോഗകീടാക്രമണത്തിന് അനുയോജ്യമായ കാലാവസ്ഥാ സാഹചര്യത്തിന് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു.

പ്രധാനമന്ത്രി ഫസൽ ബീമ യോജന എന്ന ഇൻഷ്വറൻസ് പദ്ധതി പ്രകാരം ആലപ്പുഴ, പത്തനംതിട്ട, കോട്ടയം എന്നീ 3 ജില്ലകളിലെ നെൽകൃഷിക്കും എല്ലാ ജില്ലകളിലെയും മരച്ചീനി കൃഷിക്കും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടാത്ത ജില്ലകളിലെ വാഴകൃഷിക്കും ഇൻഷ്വറൻസ് സംരക്ഷണം ലഭിക്കും.

കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസ് പദ്ധതി തിരുവനന്തപുരം, കൊല്ലം, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ നെല്ല്, കവുങ്ങ്, കുരുമുളക്, ഇഞ്ചി, കരിമ്പ്, മഞ്ഞൾ, ഏലം, കൈതച്ചക്ക, വാഴ, ജാതി എന്നീ വിളകൾക്ക് ഓരോ വിജ്ഞാപിത പ്രദേശങ്ങളിലും സ്ഥാപിച്ചിട്ടുള്ള ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകളിൽ രേഖപ്പെടുത്തുന്ന നിർദ്ദിഷ്ട കാലാവസ്ഥാ ഘടകങ്ങളുടെ തോതിനെ അടിസ്ഥാനമാക്കി പദ്ധതിയിൽ ഇൻഷ്വർ ചെയ്ത വിളകൾക്കാണ് നഷ്ടപരിഹാരം തിട്ടപ്പെടുത്തി നൽകുന്നത്.

(സി) പരിശോധിക്കുന്നതാണ്.

**കാർഷിക അനുബന്ധ മേഖലകളെ സംയോജിപ്പിച്ച് പദ്ധതികൾ**

50(2996) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക അനുബന്ധമേഖലകളെ സംയോജിപ്പിച്ചു കൊണ്ട് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിവരിക്കുമോ;

(സി) പദ്ധതികൾവഴി എത്ര ഏക്കർ തരിശുനിലങ്ങളിൽ കൃഷിയിറക്കുവാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) കൃഷി വകുപ്പിന്റെ 'ആത്മ' പദ്ധതി പ്രകാരം കാർഷിക അനുബന്ധ മേഖലകളായ മൃഗസംരക്ഷണം, കോഴിവളർത്തൽ, മത്സ്യകൃഷി, തേനീച്ചവളർത്തൽ തുടങ്ങിയവ സംയോജിപ്പിച്ചുകൊണ്ടുള്ള സംയോജിത കൃഷി സമ്പ്രദായം കർഷകരുടെ പുരയിടങ്ങളിൽ നടപ്പിലാക്കുന്നതിനായി 10 സെന്റിന് 10,000 രൂപ ക്രമത്തിൽ 50 സെന്റിന് 50,000 രൂപവരെ ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നു. ഹരിതകേരളം മിഷന്റെ 'സുജലം സുഫലം' ഉപമിഷൻപ്രകാരം കൃഷി അനുബന്ധ മേഖലകളെ സംയോജിപ്പിച്ചുകൊണ്ടുള്ള പദ്ധതികൾ ഉൾക്കൊള്ളിച്ചുകൊണ്ട് പഞ്ചായത്തുതലത്തിൽ ഫാം പ്ലാൻ തയ്യാറാക്കി നടപ്പിലാക്കാനും പദ്ധതിയുണ്ട്.

കൂടാതെ ജനകീയാസൂത്രണ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന 'ഹരിത ഗ്രാമം' പദ്ധതിയും കാർഷിക അനുബന്ധമേഖലകളെ സംയോജിപ്പിച്ചുകൊണ്ട് നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. സമഗ്ര വികസനം ലക്ഷ്യമാക്കിയാണ് ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നത്.

2. കുറഞ്ഞ വിസ്തൃതിയിൽനിന്നും പരമാവധി ഉൽപ്പാദനം കൈവരിക്കുകയും തദ്വാരാ പരമാവധി ആദായം കർഷകർക്ക് ലഭ്യമാക്കുകയും ചെയ്യുക.

3. മുതൽമുടക്കിന് അനുസൃതമായി ഏറ്റവും കൂടുതൽ വരുമാനം ഉണ്ടാക്കുക.

4. കർഷകർക്ക് സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതോടൊപ്പം ഭക്ഷ്യസുരക്ഷയും പ്രദാനം ചെയ്യുക.

(സി) പച്ചക്കറി വികസന പദ്ധതി പ്രകാരം 2016-17 വർഷത്തിൽ 700 ഹെക്ടർ തരിശുഭൂമി കൃഷി ചെയ്തിട്ടുണ്ട്. 2017-18 വർഷത്തിൽ 1000 ഹെക്ടർ തരിശുഭൂമിയിൽ പച്ചക്കറികൃഷി ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

നെൽകൃഷി വികസന പദ്ധതി പ്രകാരം 2016-17 വർഷത്തിൽ 6000 ഹെക്ടർ നെൽകൃഷി പ്രാവർത്തികമാക്കി. 2017-18 വർഷത്തിൽ 2956 ഹെക്ടർ തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പച്ചക്കറികൃഷി വികസനം, നെൽകൃഷി വികസനം എന്നീ പദ്ധതികൾ പ്രകാരം തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിന് ഹെക്ടർ ഒന്നിന് 30,000 രൂപ പ്രകാരം ആനുകൂല്യം നൽകിവരുന്നു.

**നാണ്യവിള ബോർഡുകൾ നിർത്തലാക്കുവാനുള്ള കേന്ദ്രസർക്കാർ തീരുമാനം**

51(2997) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാണ്യവിള ബോർഡുകൾ നിർത്തലാക്കുവാൻ കേന്ദ്രസർക്കാർ തീരുമാനിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തീരുമാനം നടപ്പായാൽ സംസ്ഥാനത്തെ നാണ്യവിള കർഷകരെ അത് ഏതെല്ലാം രീതിയിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്. നാണ്യവിളകളുടെ ഉൽപ്പാദനവും അതിൽ നിന്നുള്ള വരുമാനവും കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിൽ നിർണ്ണായകമാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള കമ്മോഡിറ്റി ബോർഡുകളാണ് നിർവ്വഹിക്കുന്നത്. ഇതിന്റെ പ്രവർത്തനം നിലയ്ക്കുന്നതും മന്ദീഭവിക്കുന്നതും കേരളത്തിന്റെ കാർഷിക മേഖലയെ ഗുരുതരമായി ബാധിക്കും. ഇക്കാര്യങ്ങൾ സർക്കാർ ഗൗരവമായി കാണുന്നുണ്ട്. നിരവധി തവണ ഈ വസ്തുതകൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. കേരളത്തിൽനിന്ന് റബ്ബർ ബോർഡിന്റെ ആസ്ഥാനം അന്യസംസ്ഥാനങ്ങളിലേയ്ക്ക് മാറ്റാനുള്ള നീക്കം പിൻവലിക്കണമെന്നും പിൻവലിച്ച റീജിയണൽ ഓഫീസുകൾ പുനഃസ്ഥാപിക്കണമെന്നും സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം നിശ്ചയിച്ച സംഭരണ വിലയായ കിലോയ്ക്ക് 150 രൂപ ആഗോള മാർക്കറ്റിലെ മാന്ദ്യവും ഉൽപ്പാദനച്ചെലവിലെ വർദ്ധനവും കണക്കിലെടുത്ത് 200 രൂപയായി വർദ്ധിപ്പിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കേരള നിയമസഭ 24-5-2017-ൽ ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയം കേന്ദ്രസർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

**കാർഷിക കടാശ്വാസ കമ്മീഷൻ**

52(2998) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടാശ്വാസ കമ്മീഷൻ നൽകുന്ന ആനുകൂല്യങ്ങളെക്കുറിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഒരു കർഷകന് 50,000 രൂപവരെയുള്ള വായ്പയ്ക്ക് 75% വരെയും 50,000 രൂപയ്ക്ക് മുകളിലുള്ള വായ്പയ്ക്ക് 50% വരെയും പരമാവധി ഒരു ലക്ഷം രൂപയുമാണ് കടാശ്വാസം ശിപാർശ ചെയ്തുവരുന്നത്. ജപ്തി നടപടികളാൽ കിടപ്പാടം

നഷ്ടപ്പെടുന്നതും കോടതി നടപടികളാൽ ക്ലേശിക്കുന്നതുമായ കർഷകരുടെ കാര്യത്തിൽ കടാശ്വാസ നിയമം അനുശാസിക്കുന്ന പരിധിയിൽ സാധ്യമായ ഇടപെടൽ നടത്തി അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുകയും അന്തിമ ഉത്തരവ് പ്രകാരം കർഷക വിഹിതം അടച്ചുകഴിഞ്ഞാൽ പണയാധാരം തിരികെ നൽകാൻ ബാങ്കുകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തുവരുന്നു.

(ബി) വയനാട് ജില്ല ഒഴികെ മറ്റ് ജില്ലകളിൽ 18-1-2007-നും വയനാട് ജില്ലയിൽ 31-10-2011-നും മുമ്പായി സഹകരണ ബാങ്കുകളിൽനിന്നും എടുത്തിട്ടുള്ള വായ്പകൾക്കാണ് നിലവിൽ കടാശ്വാസം അനുവദിക്കുന്നത്. നാല് ഹെക്ടറിൽ കവിയാത്ത വിസ്തീർണ്ണമുള്ള ഭൂമി കൈവശം വച്ചിരിക്കുകയും വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാത്തതും കൃഷി പ്രധാന ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളതുമായ വ്യക്തിക്കാണ് കടാശ്വാസത്തിന് അർഹതയുള്ളത്.

## ചക്കയുടെ പൾപ്പ് നിർമ്മാണ യൂണിറ്റ്

53(2999) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചക്കയിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി ചക്കയുടെ പൾപ്പ് നിർമ്മാണ യൂണിറ്റ് വയനാട് ജില്ലയിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി ചക്കയുടെ പൾപ്പ് നിർമ്മാണ യൂണിറ്റ് വയനാട് ജില്ലയിൽ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## വാമനപുരം മണ്ഡലത്തിലെ വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാരം

54 (3000) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ ഒൻപത് പഞ്ചായത്തുകളിൽനിന്നും വിള ഇൻഷ്വറൻസ് പദ്ധതിയിൽ ചേർന്നവരിൽ എത്ര പേർക്ക് ഇനിയും പോളിസി സർട്ടിഫിക്കറ്റ് നൽകാനുണ്ടെന്നും ഏതു വർഷം മുതൽ ഉള്ള അപേക്ഷകളിലാണ് പോളിസി സർട്ടിഫിക്കറ്റ് നൽകാനുള്ളതെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ക്ലെയിം സമർപ്പിച്ചവരിൽ എത്ര പേർക്ക് ഇനിയും നഷ്ടപരിഹാരം ലഭിക്കാനുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ഏതു വർഷം മുതൽ നഷ്ടപരിഹാരം നൽകുന്നതിൽ കുടിശ്ശികയുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തിൽ ലഭ്യമായ അപേക്ഷകളിൽ 7 പേർക്കാണ് ഇനി പോളിസി സർട്ടിഫിക്കറ്റ് നൽകാനുള്ളത്.

(ബി) ക്ലെയിം സമർപ്പിച്ചതിലുള്ള അപാകതകൾ പരിഹരിക്കാനായി 26 പേരുടെ അപേക്ഷകൾ തിരികെ നൽകിയിട്ടുണ്ട്.

(സി) നിലവിൽ കുടിശ്ശിക ഇല്ല.

## പുഞ്ചകൃഷി - നെല്ല് സംഭരണത്തിലെ കുടിശ്ശിക

55(3001) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുഞ്ചകൃഷിയുടെ നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് എത്ര തുക നൽകാനുണ്ടെന്നറിയിക്കുമോ; വിശദാംശം വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത തുക നൽകാത്താതുമൂലം നെൽകർഷകർ പ്രതിസന്ധിയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കുടിശ്ശിക അടിയന്തരമായി നല്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) പുഞ്ചകൃഷിയുടെ നെല്ല് സംഭരിച്ച വകയിൽ ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിലെ പാഡി പേയ്മെന്റ് ഓഫീസിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകർക്ക് മുഴുവൻ തുകയും നൽകിക്കഴിഞ്ഞിട്ടുണ്ട്. തൃശ്ശൂർ, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിലെ പാഡി പേയ്മെന്റ് ഓഫീസുകൾക്ക് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകർക്ക് യഥാക്രമം 4.25 കോടി രൂപയും 0.50 കോടി രൂപയും 2.5 കോടി രൂപയും നൽകുവാൻ ബാക്കിയുണ്ട്.

(സി) നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് ബാക്കി നൽകുവാനുള്ള തുക പി.ആർ.എസ്. ലോണിലൂടെ നൽകിവരുന്നു. 13-7-2017-ലെ G.O.(MS) No.16/2017/F&CSD നമ്പർ ഉത്തരവ് പ്രകാരം സപ്ലൈകോയും ബാങ്കുകളും തമ്മിൽ കരാർ നിലവിൽ വന്നതിനാൽ കർഷകർക്ക് നെല്ലിന്റെ വിലയിൽ കുടിശ്ശിക ഉണ്ടാകാൻ ഇനിമേലിൽ സാധ്യതയുണ്ടാവില്ല.

## രാഷ്ട്രീയ കൃഷി വികാസ് യോജന

56 (3002) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികമേഖലയുടെ സമഗ്ര വളർച്ചക്ക് രാഷ്ട്രീയ കൃഷി വികാസ് യോജന എന്ന പേരിൽ ഒരു കേന്ദ്രാവിഷ്കൃത പദ്ധതി സംസ്ഥാനത്ത് നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതിയിൻകീഴിൽ ഏതെല്ലാം മേഖലകളിൽ എത്ര വീതം ധനസഹായം നൽകിയിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയതുമൂലം ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ഉണ്ട്. കൃഷിയുടെയും അനുബന്ധ മേഖലകളുടെയും ഉൽപ്പാദന വർദ്ധനവിനും അടിസ്ഥാന സൗകര്യ വികസനത്തിനും വേണ്ടിയുള്ള പ്രോജക്ടുകളാണ് രാഷ്ട്രീയ കൃഷി വികാസ് യോജനവഴി ആവിഷ്കരിച്ച് നടപ്പിലാക്കാൻ കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിരിക്കുന്നത്. ആർ.കെ.വി.വൈ.-യ്ക്കായി കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ച് സമർപ്പിക്കുന്ന പദ്ധതികൾ കേന്ദ്ര ധനസഹായത്തിന്റെ ലഭ്യതയനുസരിച്ച് കേന്ദ്രസർക്കാരിന്റെ പ്രതിനിധികൾകൂടി ഉൾപ്പെട്ട സംസ്ഥാനതല സാങ്ഷനിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് നടപ്പിലാക്കുന്നത്. 60% കേന്ദ്രവിഹിതവും 40% സംസ്ഥാനവിഹിതവും ഉൾപ്പെടെയുള്ള തുക സംസ്ഥാന സർക്കാരിൽ ലഭ്യമാക്കിക്കൊണ്ടാണ് ആർ.കെ.വി.വൈ. പദ്ധതി നടപ്പിലാക്കുന്നത്.

(ബി) സംസ്ഥാനങ്ങളുടെ വിഭവ ലഭ്യത, സാങ്കേതിക വിദ്യയുടെ ലഭ്യത, പ്രാദേശിക കാലാവസ്ഥാസ്ഥിതി എന്നിവ പരിഗണിച്ച് സംസ്ഥാനങ്ങൾ കൃഷിയുടെയും അനുബന്ധ മേഖലയുടെയും സമഗ്ര വികസനത്തിനായി പ്രോജക്ടുകൾ തയ്യാറാക്കി കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുകവഴി വാർഷിക കാർഷിക വളർച്ചാ നിരക്ക് കൂട്ടുകയും കർഷകരുടെ ജീവിത നിലവാരം ഉയർത്തുകയും ചെയ്യുകയാണ് ആർ.കെ.വി.വൈ. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(സി) 2016-17 വർഷത്തിൽ കാർഷിക അനുബന്ധ മേഖലകൾക്ക് കൊടുത്ത തുകയുടെ കണക്ക് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.* നടപ്പിലാക്കിയ പദ്ധതികളുടെ ജില്ല തിരിച്ചുള്ള ധനസഹായം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(ഡി) 2016-17-ൽ ആർ.കെ.വി.വൈ. പദ്ധതി നടത്തിപ്പ് മുഖാന്തരം കൃഷി, ഫിഷറീസ്, മണ്ണ് പര്യവേക്ഷണം, മൃഗസംരക്ഷണം എന്നീ വകുപ്പുകൾ മുഖേന താഴെപ്പറയുന്ന നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്:

കൃഷി വകുപ്പ്:-

1. വർഷങ്ങളായി തരിശ് കിടന്ന മെത്രാൻ കായൽ അടിസ്ഥാന സൗകര്യം വികസിപ്പിച്ച് കൃഷിക്ക് അനുയോജ്യമാക്കി അവിടെ വിളവിറക്കി ജൈവരീതി അവലംബിച്ച് നെല്ല് ഉല്പാദിപ്പിച്ചു.

2. കൃഷി വകുപ്പിന്റെ ഫാമുകളായ SGC, മുണ്ടേരി, O&V നെല്ലിയാമ്പതി, ജില്ലാ കൃഷിത്തോട്ടം, തളിപ്പറമ്പ് എന്നിവയുടെ സമഗ്ര വികസനം ഉറപ്പാക്കി.

3. നെൽകൃഷിക്ക് സബ്സിഡി നൽകുകവഴി കർഷകർ നെൽകൃഷിയിൽ നിന്ന് മാറിപ്പോകാതിരിക്കാൻ കാരണമായി.

4. പച്ചക്കറികൃഷി വികസിപ്പിക്കുന്നതിനായി പച്ചക്കറി വിത്ത് പാക്കറ്റുകളും തൈകളും വിതരണം ചെയ്യുകയും ജാതികൃഷി വ്യാപിപ്പിക്കുകയും ചെയ്തു.

5. ഓണാട്ടുകര പ്രദേശത്ത് കിഴങ്ങുവർഗ്ഗ കൃഷി വ്യാപിപ്പിച്ചു.

6. വിവിധ പാടശേഖരങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യം വികസിപ്പിച്ചു.

ഫിഷറീസ് വകുപ്പ്:-കേരളത്തിൽ മത്സ്യകൃഷി വ്യാപിപ്പിച്ച് മത്സ്യഉൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് വിവിധ പദ്ധതികൾ ഫിഷറീസ് വകുപ്പ് ആർ.കെ.വി.വൈ. 2008-09 മുതൽ നടപ്പിലാക്കിയത്. ഇതിലൂടെ കൈവരിച്ച നേട്ടങ്ങളുടെ സംക്ഷിപ്ത വിവരണം.

1. ഉൾനാടൻ മത്സ്യോൽപ്പാദനം 2007-08-ലെ 75,000 ടണ്ണിൽ നിന്നും 2.12 ലക്ഷം മെട്രിക് ടൺ ആയി ഉയർത്താൻ സാധിച്ചു.

2. നിലവിലുള്ള സർക്കാർ ഹാച്ചറികൾ, ഫാമുകൾ എന്നിവ പുനരുദ്ധരിച്ച് മത്സ്യ/ചെമ്മീൻ വിത്ത് ഉൽപ്പാദനം വർദ്ധിപ്പിക്കാൻ സാധിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

3. ഉൾനാടൻ മത്സ്യകൃഷിയിൽ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാൻ സാധിച്ചു.

4. നൂതന മത്സ്യകൃഷി രീതികൾ പ്രോത്സാഹിപ്പിക്കാൻ സാധിച്ചു. അലങ്കാര മത്സ്യകൃഷി യൂണിറ്റുകൾ സ്വയംസഹായ സംഘങ്ങളിലൂടെ സ്ഥാപിച്ചു.

5. ജില്ലകളിൽ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനും മത്സ്യ കർഷകർക്കാവശ്യമായ പരിശീലനം നൽകുന്നതിനും വിളവെടുപ്പ്, കൃഷി പരിപാലന മുറകൾ എന്നിവയെക്കുറിച്ച് അവബോധം നൽകുന്നതിനായി മത്സ്യ കർഷക ക്ലബ്ബുകൾ സ്ഥാപിച്ചു.

6. മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും പോസ്റ്റ് ഹാർവെസ്റ്റ് ഇൻഫ്രാസ്ട്രക്ച്ചർ ഫെസിലിറ്റിയായി കാസർഗോഡിൽ ഒരു ഫിഷറീസ് ഹാർബറിന്റെ നിർമ്മാണം പൂർത്തീകരിച്ചു.

മണ്ണ് പര്യവേക്ഷണ വകുപ്പ്:- മുള്ളൻകൊല്ലി, പുൽപ്പള്ളി, പൂതാടി പഞ്ചായത്തുകളിലെ വരൾച്ചാ നിവാരണ പദ്ധതിയിലൂടെ 38 ചെറുകുളങ്ങളും 17 സംഭരണികളും നിർമ്മിച്ച് കുടിവെള്ള ലഭ്യതയും കാർഷിക ആവശ്യങ്ങൾക്കുള്ള ജലലഭ്യതയും ഒരു പരിധിവരെ ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടുണ്ട്.

മൃഗസംരക്ഷണ വകുപ്പ്:- കന്നുകുട്ടി പരിപാലന പദ്ധതിയിലൂടെ 16,900 കന്നുകുട്ടികളെ ടി പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്തി ശാസ്ത്രീയമായി പരിപാലിച്ചുവരുന്നു. ഇവ കറവപ്പശുക്കൾ ആകുമ്പോൾ സംസ്ഥാനത്ത് അധികമായി പ്രതിവർഷം 500 ലക്ഷം ലിറ്റർ പാൽ ഉൽപ്പാദിപ്പിക്കും.

**ഓണാട്ടുകര വികസന ഏജൻസി**

57(3003) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണാട്ടുകര വികസന ഏജൻസി മുഖേന ഹരിപ്പാട് മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഈ പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ & ബി) ഓണാട്ടുകര വികസന ഏജൻസി മുഖേന നബാർഡിന്റെ RIDF Tranche XXII സ്കീമിൽ ഉൾപ്പെടുത്തി ഹരിപ്പാട് നിയോജകമണ്ഡലത്തിൽ താഴെപ്പറയുന്ന രണ്ട് പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്:

1. പറമ്പിക്കരി-എ ബ്ലോക്കിലെ അടിസ്ഥാന വികസന പ്രവൃത്തികൾ.

2. നക്ര തായങ്കരി പാടശേഖരത്തിന്റെ അടിസ്ഥാന വികസന പ്രവൃത്തികൾ.

**കേരഗ്രാമം പദ്ധതി**

58 (3004) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ പഞ്ചായത്തുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ എടയൂർ ഗ്രാമപഞ്ചായത്തിനെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തിൽ 44 ഗ്രാമപഞ്ചായത്തുകളെയാണ് കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഉൾപ്പെടുത്തിയ പഞ്ചായത്തുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു:

1. കാട്ടാക്കട

2. ആര്യനാട്

3. അതിയന്നൂർ

4. ആലപ്പാട്

5. മൺട്രോതുരുത്ത്

6. തണ്ണീർമുക്കം

7. അമ്പലപ്പുഴ സൗത്ത്

8. പള്ളിക്കൽ

9. നിരണം

10. തിരുവാർപ്പ്

11. പുതുപ്പള്ളി

12. മറവൻതുരുത്ത്

13. കുറുക്കുറ്റി

14. കുവപ്പാടി
15. വിൽവട്ടം
16. അന്തിക്കാട്
17. നെന്മണിക്കര
18. പോരത്തിശ്ശേരി
19. വേലൂർ
20. എങ്ങണ്ടിയൂർ
21. കടമ്പഴിപ്പുറം
22. കരിമ്പ
23. കരിമ്പുഴ
24. വട്ടംകുളം
25. മാറഞ്ചേരി
26. ഏലംകുളം
27. എടയൂർ
28. മുന്നിയൂർ
29. കുഴിമണ്ണ
30. കുന്നമ്മേൽ
31. നരിപ്പറ്റ
32. ചാത്തമംഗലം
33. കടലുണ്ടി
34. അഴിയൂർ
35. നെന്മേനി
36. മേപ്പാടി-മുട്ടിൽ
37. പിണറായി

38. കുറ്റിയട്ടൂർ

39. ചെറുകുന്ന്

40. കുത്തുപറമ്പ്

41. പുരപ്പുഴ

42) പിലിക്കോട്

43. മടിക്കൈ

44. ചെമ്മനാട്

(ബി) ഉൾപ്പെടുത്തിയിട്ടുണ്ട്.

**നെൽകൃഷി വികസനം**

59 (3005) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി വികസനം ലക്ഷ്യമിട്ട് 2017-18 വർഷത്തെ ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്;

(ബി) നിലവിൽ എത്ര ഹെക്ടർ സ്ഥലത്താണ് നെൽകൃഷിയുള്ളത്; ഇതിൽ നിന്ന് എത്ര ടൺ നെല്ല് ഉല്പാദിപ്പിക്കാം എന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) നെൽകൃഷി വികസനം ലക്ഷ്യമിട്ട് 2017-18 വർഷത്തെ ബജറ്റിൽ 7,000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) 2015-16 വർഷം 196870 ഹെക്ടർ സ്ഥലത്താണ് നെൽകൃഷി ചെയ്തത്. 2016-17 കാലഘട്ടത്തിൽ 15000 ഏക്കർ സ്ഥലത്ത് പുതിയതായി കൃഷിയിറക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 5.7 ലക്ഷം ടൺ നെല്ല് ഉൽപ്പാദിപ്പിക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്.

**മെത്രാൻ കായലിലെ കൃഷി**

60(3006) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെത്രാൻ കായലിൽ എത്ര ഏക്കർ കൃഷി സ്ഥലമുണ്ട്; ഇതിൽ എത്ര ഏക്കർ സ്ഥലത്താണ് സർക്കാർ കൃഷി നടത്തിയത്;

(ബി) ബണ്ട് നിർമ്മാണത്തിനും നെൽകൃഷി ഇറക്കുന്നതിനുമായി എന്ത് തുക ചെലവായി;

(സി) എത്ര ക്വിന്റൽ അരി ഉല്പാദിപ്പിച്ചു; അതിൽ എത്ര വില്പന നടത്തി; ഇതിലൂടെ ലഭിച്ച വരുമാനം എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 404 ഏക്കർ വിസ്തൃതിയുള്ള മെത്രാൻ കായൽ പാടശേഖരത്തിൽ സർക്കാർ സഹായത്തോടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിച്ചതു മുഖാന്തരം 2016-17 വർഷത്തിൽ കർഷക ഉടമസ്ഥതയിലുള്ള 24 ഏക്കർ സ്ഥലത്തും കമ്പനികളുടെ ഉടമസ്ഥതയിലുണ്ടായിരുന്ന 274 ഏക്കർ സ്ഥലത്തും കൃഷി നടത്തി.

(ബി) ബണ്ട് നിർമ്മാണത്തിനും നെൽകൃഷിയിറക്കുന്നതിനുമായി 61,49,069 രൂപ കൃഷി വകുപ്പ് ചെലവാക്കി.

(സി) ഏകദേശം 600 ടൺ മൊത്ത വിളവ് ലഭിച്ചു. ഓയിൽ പാം ഇൻഡ്യയുടെ വെച്ചൂരിലുള്ള മോഡേൺ റൈസ് മിൽ വഴി 356.3 മെട്രിക് ടൺ നെല്ല് സംഭരിച്ചതിൽ കർഷകർക്ക് 81.27 ലക്ഷം രൂപയുടെ വരുമാനം ലഭിച്ചു. സ്വകാര്യ മില്ലുകൾവഴിയും കർഷകർ ഉത്പാദിപ്പിച്ച നെല്ല് സംഭരിക്കുകയുണ്ടായി. ഇതുവഴി കർഷകർക്ക് ലഭിച്ച വരുമാനം ഇതിൽ ഉൾപ്പെട്ടിട്ടില്ല.

**കുട്ടനാട് പാക്കേജ് രണ്ടാംഘട്ടം**

61 (3007) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജ് രണ്ടാംഘട്ടത്തിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) കുട്ടനാട് പാക്കേജ് ഒന്നാംഘട്ടം നടപ്പിലാക്കിയതിൽ ഉണ്ടായ അപാകതകൾ എന്തൊക്കെയായിരുന്നു; പ്രസ്തുത അപാകതകൾ രണ്ടാംഘട്ട പാക്കേജ് നടപ്പിലാക്കുമ്പോൾ പരിഹരിക്കുന്നതിന് ഊന്നൽ നൽകുമോ;

(സി) കുട്ടനാടൻ ജലാശയങ്ങളിലെ ആവാസവ്യവസ്ഥ തകർക്കുന്ന കുളവാഴ പ്രതിസന്ധിക്ക് പരിഹാരം കാണുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) രണ്ടാം ഘട്ടത്തിൽ എത്ര കോടി രൂപയാണ് കേന്ദ്ര സഹായമായി ലഭിക്കുക; സംസ്ഥാന സർക്കാരിന്റെ വിഹിതം എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കുട്ടനാട് പാക്കേജ് രണ്ടാംഘട്ടത്തിന് കേന്ദ്രാനുമതി ലഭിച്ചിട്ടില്ല. കുട്ടനാട് പാക്കേജിന്റെ കാലാവധി ജൂലൈ 2012-ൽ അവസാനിച്ചു.

(ബി) 210 പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ലാത്തതിനാൽ ടി പാടശേഖരങ്ങളെ ഒരുപ്പൂ കൃഷിയിൽനിന്നും ഇരുപ്പൂ കൃഷിയിലേയ്ക്ക് കൊണ്ടുവരാൻ സാധിച്ചിട്ടില്ല. വിവിധ വകുപ്പുകൾവഴി നടപ്പിലാക്കിയ പദ്ധതികളായതിനാൽ വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മയും പ്രവൃത്തികൾ നടത്തിയതിലെ ഗുരുതരമായ അപാകതകളും പദ്ധതി ലക്ഷ്യം നേടുന്നതിന് തടസ്സമായിട്ടുണ്ട്. എന്നാൽ പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിന് കുട്ടനാട് പാക്കേജിന്റെ രണ്ടാം ഘട്ടത്തിന് അനുമതി ലഭിച്ചിട്ടില്ല.

(സി) കുട്ടനാട് പാക്കേജിന്റെ ഭാഗമായി RKVY (Rashtriya Krishi Vikas Yojana) പദ്ധതി പ്രകാരം കുട്ടനാടൻ ജലാശയങ്ങളിൽ തിങ്ങിനിറഞ്ഞിരിക്കുന്ന കുളവാഴ നീക്കം ചെയ്യുന്നതിനും മലിനീകരണം നിയന്ത്രിക്കുന്നതിനുമായി പദ്ധതി തയ്യാറാക്കാനായി ഒരു ടെക്നിക്കൽ കമ്മിറ്റി RKVY-യിൻകീഴിൽ രൂപീകരിച്ചുകൊണ്ട് 3-7-2017-ലെ ജി.ഒ.(ആർ.റ്റി.)നമ്പർ 664/2017/കൃഷി പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ടി കമ്മിറ്റിയുടെ റിപ്പോർട്ട് ഉടൻ പ്രതീക്ഷിക്കുന്നു. (ഉത്തരവ് അനുബന്ധമായി വച്ചിരിക്കുന്നു.)*

(ഡി) കുട്ടനാട് പാക്കേജിന്റെ രണ്ടാം ഘട്ടത്തിന് അനുമതി ലഭിച്ചിട്ടില്ല.

**പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ**

62 (3008) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കാൻ എന്തെല്ലാം പദ്ധതികളാണ് കൃഷിവകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ വർഷം എത്ര ടൺ പച്ചക്കറി ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;

(സി) ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം സഹായങ്ങളാണ് കർഷകർക്ക് നൽകി വരുന്നത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 2017-18-ൽ കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ 85 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഇതുപ്രകാരം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതാണ്:

1. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം
2. മട്ടുപ്പാവ് കൃഷി പ്രോത്സാഹനം
3. സ്ഥാപനങ്ങൾവഴി പച്ചക്കറി കൃഷി
4. പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവൽക്കരണം, പ്രചരണം തുടങ്ങിയവ
5. ജില്ലാ ക്ലസ്റ്റർ വികസനം
6. സാങ്കേതിക സഹായവും കരാർ നിയമനവും
7. ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം
8. നഴ്സറികൾ സ്ഥാപിക്കൽ
9. സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വളപ്രയോഗവും
10. പച്ചക്കറി സംഭരണത്തിനുള്ള ശീതീകരണ അറകളുടെ പ്രോത്സാഹനം
11. പച്ചക്കറി കൃഷിക്കുവേണ്ടി 'മിനി-പോളീഹൗസുകളുടെ' പ്രോത്സാഹനം
12. 'വെജിറ്റബിൾ പ്രൊഡ്യൂസർ കമ്പനികൾ' സ്ഥാപിക്കൽ
13. കൃഷിയിടങ്ങളിൽ 'ബയോ-കൺട്രോൾ ഏജന്റ്' നിർമ്മാണം
14. മണ്ണിനെ ഫലപുഷ്ടിപ്പെടുത്തുന്ന കുമ്മായം, ഡോളോമൈറ്റ്, സൂക്ഷ്മ മൂലകങ്ങൾ എന്നിവയുടെ വിതരണം
15. ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനം
16. 'സേഫ്-ടു-ഈറ്റ്-ബ്രാൻഡിംഗ്' പദ്ധതിവഴി സഹായം
17. അവാർഡ് വിതരണം
18. ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷനുകളുടെ രൂപീകരണം
19. മഴമറ നിർമ്മാണം
20. പദ്ധതിയുടെ ബാഹ്യ നിരീക്ഷണം

21. ഡിജിറ്റൽ ഡോക്യുമെന്റേഷൻ

22. കാര്യക്ഷമമായി പ്രവർത്തിക്കുന്ന 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള അധിക സഹായം

23. വി.എഫ്.പി.സി.കെ. വഴിയുള്ള പച്ചക്കറി വികസന പദ്ധതികൾക്കായി ധനസഹായം നൽകുന്നു.

(ബി) 2017-18-ൽ പച്ചക്കറി വികസന പദ്ധതി ഘടകങ്ങൾ നടപ്പിലാക്കുന്നതു വഴി 36850 ഹെക്ടർ സ്ഥലത്തുനിന്നും 498855 മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനുപുറമെ നിലവിലുള്ള കൃഷിയും കൂടി ചേർത്ത് 72,000 ഹെക്ടറിൽനിന്നും 10.8 ലക്ഷം ടൺ പച്ചക്കറി ഉല്പാദനമാണ് ലക്ഷ്യമിടുന്നത്.

(സി) ഈ പദ്ധതി പ്രകാരം പ്രധാനമായും പച്ചക്കറി വിത്തുപായ്ക്കറ്റുകൾ, പച്ചക്കറി തൈകൾ എന്നിവ സൗജന്യമായും ഗ്രോബാഗുകൾ സൗജന്യ നിരക്കിലും ലഭ്യമാക്കുന്നു. ഇതിനുപുറമെ ആവശ്യമായ പരിശീലന പരിപാടികളും സാങ്കേതിക സഹായവും ലഭ്യമാക്കുന്നു.

വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ, കർഷകർ എന്നിവർ മുഖേന വിവിധ ഇനങ്ങൾ അടങ്ങിയ 40 ലക്ഷം പച്ചക്കറി വിത്തുകൾ നൽകുന്നു. കൂടാതെ 45.45 ലക്ഷം പച്ചക്കറി തൈകളും കർഷകർക്ക് വിതരണം ചെയ്യുന്നു. ഇതിനായി 500 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

മട്ടുപ്പാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 37000 ഗ്രോബാഗ് യൂണിറ്റുകൾ വിതരണം ചെയ്യും. കൂടാതെ മുൻ വർഷങ്ങളിൽ നൽകിയ 75000 ഗ്രോബാഗ് യൂണിറ്റുകളിൽ വീണ്ടും കൃഷി ചെയ്യാനായി വിത്ത്, തൈകൾ, മറ്റ് ഉല്പാദന ഉപാധികൾ എന്നിവയും നൽകുന്നു. മാലിന്യ സംസ്കരണത്തിനായി 2000 ചെറുകിട മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മിക്കുവാൻ ധനസഹായം നൽകുന്നു. 2250 എണ്ണം ചെറുകിട തുള്ളിനന/തിരിനന യൂണിറ്റുകൾ സ്ഥാപിക്കുവാനും ധനസഹായം നൽകുന്നു. കൂടാതെ റെസിഡന്റ്സ് അസോസിയേഷനുകൾ കേന്ദ്രീകരിച്ച് 50 ഹരിത ഗ്രൂപ്പുകൾ രൂപീകരിക്കുവാൻ ധനസഹായം നൽകുന്നു. ഇതിലേയ്ക്കായി മൊത്തം 850 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

പത്ര മാധ്യമങ്ങൾ, ഇലക്ട്രോണിക് മീഡിയ, പോസ്റ്ററുകൾ, ലീഫ് ലെറ്റുകൾ, ആകാശവാണി, എഫ്.എം. ചാനലുകൾ, വീഡിയോ പ്രോഗ്രാമുകൾ എന്നിവവഴി പദ്ധതിക്കുവേണ്ട പ്രചരണം, പരിശീലനം, ബോധവൽക്കരണം എന്നിവ നൽകുന്നു. ഇതിലേയ്ക്കായി 50 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

കാര്യക്ഷമമായി പ്രവർത്തിക്കുന്ന 1000 ക്ലസ്റ്ററുകൾക്ക് ക്ലസ്റ്റർ ഒന്നിന് 75,000 രൂപ വീതം ധനസഹായം നൽകുന്നു. പമ്പ് സെറ്റ്, സസ്യ സംരക്ഷണ ഉപാധികൾ എന്നിവ വാങ്ങുന്നതിന് ധനസഹായം നൽകുന്നു. തരിശു നില കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 30,000 രൂപ നിരക്കിൽ 1000 ഹെക്ടറിന് ധനസഹായം നൽകുന്നു. സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് ഹെക്ടറൊന്നിന് 15,000 രൂപ നിരക്കിൽ 1000 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുവാൻ ധനസഹായം നൽകുന്നു. മീഡിയ, എൻ.ജി.ഒ.-കൾ, മറ്റിതര ഗ്രൂപ്പുകൾ എന്നിവവഴി 10 രൂപ വില വരുന്ന 17 ലക്ഷം വിത്ത് കിറ്റുകൾ വിതരണം ചെയ്യുന്നു. ഇതുകൂടാതെ നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ഹരിത ഫണ്ട്, പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ വിത്തുല്പാദനം, വിതരണം, പ്രചരണം എന്നിവയ്ക്കും ഭൗമ സൂചിക ഇനങ്ങളുടെ പ്രചരണത്തിലേയ്ക്കുമായി പ്രത്യേക ധനസഹായം ഈ പദ്ധതി ഘടകത്തിൻ കീഴിൽ നൽകുന്നു. കൂടാതെ ശീമച്ചക്ക, മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയവയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉല്പാദനത്തിനും അഗ്രോ സർവ്വീസ് സെന്ററുകൾ മുഖാന്തരം നഴ്സറികൾ സ്ഥാപിക്കുന്നതിനും ധനസഹായം നൽകുന്നു. മേല്പറഞ്ഞ പദ്ധതി ഘടകങ്ങൾക്കായി 1848 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

ഗ്രേഡഡ് ക്ലസ്റ്ററൊന്നിന് 6.3 ലക്ഷം രൂപ വീതം 100 പുതിയ 'എ' ഗ്രേഡ് ക്ലസ്റ്ററുകളുടെ രൂപീകരണത്തിനായി ധനസഹായം നൽകുന്നു. മുൻ വർഷങ്ങളിൽ ഗ്രേഡ് ചെയ്യപ്പെട്ട 435 ക്ലസ്റ്ററുകൾക്ക് ക്ലസ്റ്ററൊന്നിന് 1 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു. ഇതിനായി 1065 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.

ഗുണമേന്മയുള്ള പച്ചക്കറി തൈകളുടെ ലഭ്യത ഉറപ്പാക്കുന്നതിലേയ്ക്കായി കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ നഴ്സറികൾ സ്ഥാപിക്കുന്നതിലേയ്ക്കായി 80 ലക്ഷം രൂപയും പഴയ ബ്ലോക്കുതല നഴ്സറികളുടെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കായി നഴ്സറി ഒന്നിന് 2 ലക്ഷം രൂപ നിരക്കിൽ 50 ലക്ഷം രൂപയും പുതിയ ബ്ലോക്കുതല നഴ്സറികൾ സ്ഥാപിക്കുന്നതിലേയ്ക്കായി നഴ്സറി ഒന്നിന് 7 ലക്ഷം രൂപ നിരക്കിൽ 70 ലക്ഷം രൂപയും ധനസഹായം നൽകുന്നു.

സൂക്ഷ്മ ജലസേചന വളപ്രയോഗ യൂണിറ്റ് സ്ഥാപിക്കുന്നതിന് 30,000 രൂപ വരെ ധനസഹായം നൽകുന്നു. വീടുകളിൽ തുള്ളിനന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 75% ധനസഹായം (പരമാവധി 7,500 രൂപ വരെ) നൽകുന്നു. പദ്ധതി ഘടകത്തിനായി 400 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. 1334 ശീതീകരണ അറകൾക്കായി 200 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

മണ്ണിനെ ഫലപുഷ്ടിപ്പെടുത്തുന്ന കുമ്മായം, ഡോളോമൈറ്റ്, സൂക്ഷ്മ മൂലകങ്ങൾ എന്നിവയുടെ വിതരണത്തിനായി 75% സബ്സിഡി നിരക്കിൽ ധനസഹായം നൽകുന്നതിലേയ്ക്കായി 270 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനത്തിനായി 75% സബ്സിഡി നിരക്കിൽ (പരമാവധി 1,50,000 രൂപ വരെ) കാർഷിക വിജ്ഞാൻ കേന്ദ്രം, കാർഷിക സർവ്വകലാശാല എന്നിവയുടെ സഹകരണത്തോടെ ഇത്തരം യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി മൊത്തം 75 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്ന 13 ബ്ലോക്ക് ലെവൽ സമിതികൾക്ക് 10 ലക്ഷം രൂപ നിരക്കിൽ 130 ലക്ഷം രൂപയും പുതിയ 10 ബ്ലോക്ക് ലെവൽ സമിതികൾ രൂപീകരിക്കുന്നതിലേയ്ക്കായി 10 ലക്ഷം രൂപ നിരക്കിൽ 100 ലക്ഷം രൂപയും നീക്കിവച്ചിരിക്കുന്നു. ബ്ലോക്ക് ലെവൽ സമിതികളുടെ മെച്ചപ്പെട്ട പ്രവർത്തനത്തിന് പരിശീലനം നൽകുന്നതിലേയ്ക്കായി മൊത്തം 25 ലക്ഷം രൂപയും മുൻവർഷങ്ങളിലെ ബ്ലോക്ക് ലെവൽ സമിതികൾക്ക് 'റിവോൾവിംഗ് ഫണ്ട് ' ആയി 45 ലക്ഷം രൂപയും നീക്കിവച്ചിരിക്കുന്നു. 1400 എണ്ണം മഴമറകൾ സ്ഥാപിക്കുന്നതിനായി ഒരു മഴമറയ്ക്ക് 50,000 രൂപ നിരക്കിൽ 700 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

കാര്യക്ഷമമായി പ്രവർത്തിക്കുന്ന 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്ക് 5 ലക്ഷം രൂപ നിരക്കിൽ അധിക ധനസഹായം നൽകുന്നു. ഇതിലേയ്ക്കായി 100 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## കാലാവസ്ഥാ വ്യതിയാനംമൂലം ഉണ്ടായ കൃഷിനാശം

63 (3009) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനംമൂലം എത്ര കർഷകരുടെ എത്ര ഹെക്ടർ ഭൂമിയിലെ കൃഷി നശിച്ചു എന്നും അതുമൂലം എത്ര കോടി രൂപയുടെ നഷ്ടമുണ്ടായി എന്നും വ്യക്തമാക്കാമോ;

(ബി) വരൾച്ചയും കൃഷിനാശവും പരിശോധിക്കാൻ കേന്ദ്രസംഘം എത്തിയത് എന്നാണെന്നും അവരുടെ റിപ്പോർട്ട് അനുസരിച്ച് ലഭിച്ച കേന്ദ്രസഹായം എത്രയെന്നും സംസ്ഥാന സർക്കാർ ആവശ്യപ്പെട്ട കേന്ദ്രസഹായം എത്രയെന്നും വ്യക്തമാക്കാമോ;

(സി) കൃഷി നശിച്ച കർഷകരെ സഹായിക്കാനും ദുരിതാശ്വാസം നൽകുവാനും വിള നാശത്തിന് അർഹമായ നഷ്ടപരിഹാരം നൽകുവാനുമായി ഈ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചു; എത്രകർഷകർക്ക് എന്തു തുക നാളിതുവരെ നൽകി; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ഡി) പാലക്കാട്ടുനിന്ന് കൃഷി നശിച്ച കർഷകരിൽ എത്ര പേർ സഹായം അഭ്യർത്ഥിച്ച് അപേക്ഷ നൽകി; എത്ര പേർക്ക് സഹായം ലഭ്യമാക്കി;

(ഇ) വിള ഇൻഷ്വറൻസ് പദ്ധതിയിൽ സംസ്ഥാനത്താകമാനമായി എത്ര കർഷകരെ നാളിതുവരെ ഉൾപ്പെടുത്തി എന്നും ഇനിയും ഉൾപ്പെടുത്താനുള്ള കർഷകർ എത്ര എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ വർഷമുണ്ടായ മഴക്കുറവും വരൾച്ചയുംമൂലം 45399 ഹെക്ടർ സ്ഥലത്ത് 875 കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഇത് 179142 കർഷകരെ ബാധിച്ചിട്ടുണ്ട്. മഴമൂലം 26455 കർഷകരുടെ 7801.92 ഹെക്ടർ കൃഷി നശിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതുമൂലം 95,36,64,964 രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദ വിവരം അനുബന്ധം (A) ആയി ചേർത്തിട്ടുണ്ട്. *

(ബി) വരൾച്ചയും കൃഷിനാശവും പരിശോധിക്കാൻ കേന്ദ്രസംഘം 2017 ഏപ്രിൽ 19 മുതൽ 21 വരെയാണ് കൃഷിനാശം നേരിട്ട സ്ഥലങ്ങൾ സന്ദർശിച്ചത്. 992.5 കോടി രൂപ സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടുവെങ്കിലും ഇതുവരെ ധനസഹായമൊന്നും ലഭിച്ചിട്ടില്ല.

(സി) പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകരെ സഹായിക്കുന്നതിനായി പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസം ലഭിക്കുന്നതിനുള്ള അപേക്ഷ കർഷകരിൽനിന്നും കൃഷി ഭവൻ മുഖേന ശേഖരിച്ച് ഫീൽഡുതല അന്വേഷണം നടത്തി നഷ്ടത്തിന്റെ തോത് കണക്കാക്കുകയും ഫണ്ട് ലഭ്യമാക്കി നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. കർഷകർക്ക് ധനസഹായം വിതരണം ചെയ്തതിന്റെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം (B) ആയി ചേർക്കുന്നു.*

(ഡി) പാലക്കാട് ജില്ലയിൽ കഴിഞ്ഞ സാമ്പത്തിക വർഷം പ്രകൃതിക്ഷോഭം മൂലമുണ്ടായ കൃഷിനാശത്തിൽ 7545 കർഷകർക്കായി 12.51 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലയിൽ പ്രകൃതിക്ഷോഭംമൂലം കൃഷിനാശം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സംഭവിച്ചവർക്കുള്ള ധനസഹായത്തിനായി 1848 കർഷകർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാക്കി ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) വിള ഇൻഷ്വറൻസ് പദ്ധതിയിൽ നാളിതുവരെ (ജൂലായ് 2017) 37602 കർഷകരെ ഉൾപ്പെടുത്തിയിട്ടുണ്ട്. മുഴുവൻ കർഷകരെയും ഈ ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്താനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

**ഹോർട്ടികോർപ്പ് സ്റ്റാൾ**

64 (3010) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ പടപ്പറമ്പ് ആസ്ഥാനമാക്കി ഹോർട്ടികോർപ്പിന്റെ ഒരു സ്റ്റാൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ നിവേദനത്തിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലത്ത് ഹോർട്ടികോർപ്പിന്റെ സ്റ്റാൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) മലപ്പുറം ജില്ലയിലെ വണ്ടൂരിൽ ജില്ലാ സംഭരണ വിതരണ കേന്ദ്രം പുതിയതായി ആരംഭിച്ചിട്ടുണ്ട്. മങ്കട മണ്ഡലത്തിലെ പടപ്പറമ്പിൽ ഹോർട്ടികോർപ്പിന്റെ സ്റ്റാൾ ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**പച്ചക്കറി ഉൽപ്പാദന രംഗത്തെ വളർച്ച**

65 (3011) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം പച്ചക്കറി ഉൽപ്പാദന രംഗത്ത് എത്രമാത്രം വളർച്ച കൈവരിക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ;

(ബി) ഈ വരുന്ന ഓണക്കാലത്ത് വിഷരഹിത പച്ചക്കറി ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്ന പച്ചക്കറികൾ കേടുകൂടാതെ സംഭരിക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2016-17-ൽ സംസ്ഥാനത്ത് 52830 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും ഇതിൽനിന്നും ഏകദേശം 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മുൻവർഷമായ 2015-16-ൽ 46578 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും ഇതിൽനിന്നും 6.28 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത് താരതമ്യം ചെയ്യുമ്പോൾ 2016-17-ൽ മുൻവർഷത്തെ അപേക്ഷിച്ച് 6252 ഹെക്ടർ സ്ഥലത്ത് നിന്നും 97000 മെട്രിക് ടൺ പച്ചക്കറി അധികമായി ഉല്പാദിപ്പിച്ചിട്ടുണ്ട്.

(ബി) ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ നിന്നുതന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ച് 'ഓണത്തിന് ഒരു മുറം പച്ചക്കറി' എന്ന പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കുന്നു. ഇതിനായി കൃഷി വകുപ്പിന്റെ പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വീട്ടുവളപ്പിലെ പച്ചക്കറി കൃഷിക്കായി വിത്തുകൾ, തൈകൾ, തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ എന്നിവ നൽകുന്നു. വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും അഞ്ചിനം പച്ചക്കറി വിത്തുകൾ അടങ്ങിയ 40 ലക്ഷം പച്ചക്കറി വിത്തുപായ്ക്കറ്റുകൾ, 45.45 ലക്ഷം പച്ചക്കറി തൈകൾ എന്നിവയുടെ വിതരണം പൂർത്തീകരിച്ചു കഴിഞ്ഞു. വിത്തുപായ്ക്കറ്റുകൾ വി.എഫ്.പി.സി.കെ.-യാണ് നൽകുന്നത്. വിവിധ മാധ്യമങ്ങൾ മുഖേനയും സന്നദ്ധ സംഘടനകൾ മുഖേനയും 17 ലക്ഷം പച്ചക്കറി വിത്തുപായ്ക്കറ്റുകളുടെ വിതരണം നടന്നുവരുന്നു. പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 37000 ഗ്രോബാഗ് യൂണിറ്റുകളുടെ വിതരണം പുരോഗമിച്ചുവരുന്നു. കൂടാതെ മുൻ വർഷങ്ങളിൽ നൽകിയ 75000 ഗ്രോബാഗ് യൂണിറ്റുകളിൽ വീണ്ടും കൃഷിചെയ്യാനായി വിത്ത്, തൈകൾ, മറ്റ് ഉല്പാദന ഉപാധികൾ എന്നിവയും നൽകുന്നു.

ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി ഓണക്കാലത്ത് ഓരോ വീടുകളിലും സ്വന്തമായി കൃഷി ചെയ്തെടുത്ത പച്ചക്കറികൾ ഉപയോഗിക്കുവാൻ കഴിയും. വി.എഫ്.പി.സി.കെ., ത്രിതല പഞ്ചായത്തുകൾ, ജനപ്രതിനിധികൾ, കാർഷിക കർമ്മസേന, അഗ്രോസർവ്വീസ് സെന്റർ, സന്നദ്ധ സംഘടനകൾ, മാധ്യമങ്ങൾ, കുടുംബശ്രീ തുടങ്ങിയവരുടെ സംയുക്ത സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഈ പദ്ധതി നടപ്പിലാക്കുകവഴി ഏകദേശം 25000 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കുവാനും ഏകദേശം 1 ലക്ഷം ടണ്ണോളം പച്ചക്കറി അധികമായി ഉല്പാദിപ്പിക്കുവാനും ലക്ഷ്യമിടുന്നു.

(സി) സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, കേരള മുഖാന്തരം നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയിൽ പച്ചക്കറി കേടുകൂടാതെ സൂക്ഷിക്കുന്നതിന് ഫലപ്രദമായ സംഭരണ സംവിധാനം ഉറപ്പുവരുത്തുന്നതിനായി സംയോജിത വിളവെടുപ്പനന്തര പരിപാലനം എന്ന ഘടകം നടപ്പിലാക്കിവരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ 100 പായ്ക്ക് ഹൗസുകളും 7 വീതം സംയോജിത പായ്ക്ക് ഹൗസുകളും പ്രീ-കൂളിംഗ് യൂണിറ്റുകളും ശീതീകരണ മുറികളും 6 മൊബൈൽ ശീതീകരണ ശാലകളും സ്ഥാപിക്കുവാൻ ലക്ഷ്യമിടുന്നു.

കൂടാതെ 250 മെട്രിക് ടണ്ണിന് മുകളിൽ സംഭരണ ശേഷിയുള്ള ടൈപ്പ്-1 ശീതീകരണ യൂണിറ്റ് (പരമാവധി 5000 മെട്രിക് ടൺ)സ്ഥാപിക്കുന്നതിന് ഒരു മെട്രിക് ടണ്ണിന് 8,000 രൂപ നിരക്കിൽ സമതല പ്രദേശങ്ങളിൽ 70 ലക്ഷം രൂപയും മലയോര പ്രദേശങ്ങളിൽ 100 ലക്ഷം രൂപയും 250 മെട്രിക് ടണ്ണിന് താഴെ സംഭരണ ശേഷിയുള്ള ടൈപ്പ് -2 ശീതീകരണ യൂണിറ്റുകൾ (പരമാവധി 5000 മെട്രിക് ടൺ)സ്ഥാപിക്കുന്നതിന് ഒരു മെട്രിക് ടണ്ണിന് 10,000 രൂപ നിരക്കിൽ സമതല പ്രദേശങ്ങളിൽ 175 ലക്ഷം രൂപയും മലയോര പ്രദേശങ്ങളിൽ 250 ലക്ഷം രൂപയും ധനസഹായമായി 2017-18 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്.

റീഫർ വാനുകൾ സ്ഥാപിക്കുന്നതിന് സമതല പ്രദേശങ്ങളിൽ യൂണിറ്റൊന്നിന് 9.1 ലക്ഷം രൂപയും മലയോര പ്രദേശങ്ങളിൽ 13 ലക്ഷം രൂപയും റൈപ്പനിംഗ് ചെമ്പറിന് സമതല പ്രദേശങ്ങളിൽ യൂണിറ്റൊന്നിന് 35,000 രൂപയും മലയോര പ്രദേശങ്ങളിൽ 50,000 രൂപയും പ്രൈമറി/മൊബൈൽ/മിനിമൽ പ്രോസസ്സിംഗ് യൂണിറ്റുകൾക്ക് സമതല പ്രദേശങ്ങളിൽ യൂണിറ്റൊന്നിന് 10 ലക്ഷം രൂപയും മലയോര പ്രദേശങ്ങളിൽ 13.75 ലക്ഷം രൂപയും പൂസാ സീറോ എനർജ്ജി കൂൾ ചേമ്പർ യൂണിറ്റൊന്നിന് 2,000 രൂപയും പുതിയ പ്രിസർവേഷൻ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് യൂണിറ്റൊന്നിന് ഒരു ലക്ഷം രൂപയും നിലവിലുള്ള പ്രിസർവേഷൻ യൂണിറ്റുകൾക്ക് യൂണിറ്റൊന്നിന് 50,000 രൂപയും ചെലവ് കുറഞ്ഞ ഉള്ളി സംഭരണ യൂണിറ്റിന് 87,500 രൂപയും ധനസഹായം നൽകുന്നു. 2017-18 സാമ്പത്തിക വർഷം 6 റീഫർ വാനുകൾ, 75 റൈപ്പനിംഗ് ചേമ്പറുകൾ, 10 പ്രൈമറി/മൊബൈൽ/മിനിമൽ പ്രോസസ്സിംഗ് യൂണിറ്റുകൾ, 100 പൂസാ സീറോ എനർജി കൂൾ ചേമ്പറുകൾ, 75 പ്രിസർവേഷൻ യൂണിറ്റുകൾ, 25 ഉള്ളി സംഭരണ യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുവാനാണ് ലക്ഷ്യമിടുന്നത്.

പച്ചക്കറി വികസന പദ്ധതി 2017-18-ൻകീഴിൽ പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ എന്നിവ കൂടുതൽ ദിവസം കേടുകൂടാതെ സൂക്ഷിക്കുന്നതിന് വൈദ്യുതി ആവശ്യമില്ലാത്ത 1334 ചെലവുകുറഞ്ഞ ശീതീകരണ അറകൾ (Zero Energy Cool Chamber) നിർമ്മിക്കുവാൻ യൂണിറ്റൊന്നിന് 15,000 രൂപ നിരക്കിൽ 200 ലക്ഷം രൂപ സാമ്പത്തിക സഹായം നൽകുന്നു.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, ആർ.കെ.വി.വൈ. 2017-18 പദ്ധതിയുടെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് സഞ്ചരിക്കുന്ന ശീതീകരണ സംവിധാനം ഏർപ്പെടുത്തുന്നു. ജി.പി.എസ്. സംവിധാനത്തോടു കൂടിയ ശീതീകരിച്ച 8 ട്രക്കുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും ചെലവുകൾക്കുമായി 92.10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഇടുക്കി ജില്ലയിലെ കാന്തല്ലൂർ, വട്ടവട, മൂന്നാർ മേഖലകൾ കേന്ദ്രീകരിച്ച് കോൾഡ് ചെയിൻ യൂണിറ്റ് (കോൾഡ് സ്റ്റോറേജ്, ശീതീകരിച്ച വാഹനങ്ങൾ, പ്രീ-കൂളിംഗ് യൂണിറ്റുകൾ ഉൾപ്പെടെ) സ്ഥാപിക്കുന്നു. ഇതിനായി 331 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

**പട്ടാമ്പി മണ്ഡലത്തിലെ കൃഷി ഓഫീസർമാരുടെ ഒഴിവുകൾ**

66 (3012) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി നിയോജകമണ്ഡലത്തിൽ കൃഷി ഓഫീസർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ഒഴിവുകൾ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

പട്ടാമ്പി നിയോജകമണ്ഡലത്തിൽ കൊപ്പം, മുതുതല, തിരുവേഗപ്പുറ, വല്ലപ്പുഴ എന്നീ കൃഷി ഭവനുകളിലായി നാല് ഒഴിവുകളുണ്ട്.

**നെൽകൃഷി വികസനത്തിനായി ലഭിക്കുന്ന കേന്ദ്രഫണ്ട്**

67 (3013) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി വികസനത്തിനായി കേന്ദ്രത്തിൽനിന്നും വർഷങ്ങളായി ലഭിച്ചുകൊണ്ടിരിക്കുന്ന ഫണ്ട് ഇപ്രാവശ്യം നിഷേധിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫണ്ട് നിഷേധിക്കപ്പെട്ടത് നെൽകർഷകർക്ക് നൽകുന്ന സബ്സിഡിയെ ബാധിക്കുമോ; വിശദാംശം വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഫണ്ട് നിഷേധിക്കുന്നതിന് കാരണം കൃഷി വകുപ്പിന്റെ അനാസ്ഥയാണെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) 2007-08 മുതൽ ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്റ്റടിസ്ഥാനത്തിൽ നെൽകൃഷിക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഓരോ പഞ്ചവത്സര കാലയളവിലും കേന്ദ്രസർക്കാർ ആർ.കെ.വി.വൈ.-യുടെ മാനദണ്ഡങ്ങൾക്ക് മാറ്റം വരുത്തിയിട്ടുണ്ട്. പതിനൊന്നാം പഞ്ചവത്സര കാലയളവിൽ ജില്ലകളിൽ നിന്നുള്ള പ്രോജക്ടടിസ്ഥാനത്തിൽ നെൽകൃഷിക്ക് ഫണ്ട്

അനുവദിച്ചിരുന്നു. പന്ത്രണ്ടാം പഞ്ചവത്സര കാലയളവിൽ സംസ്ഥാനത്തിന് മുഴുവനായി പദ്ധതി രൂപീകരിച്ച് നടപ്പിലാക്കാനായിരുന്നു നിർദ്ദേശം. എന്നാൽ പതിമൂന്നാം പഞ്ചവത്സര കാലം തുടങ്ങിയപ്പോൾ ആർ.കെ.വി.വൈ.-യിൽ അടിസ്ഥാന വികസനത്തിനുള്ള പ്രോജക്ടുകൾ നടപ്പിലാക്കണമെന്നും അവ ജിയോടാഗ് ചെയ്യണമെന്നുമാണ് കേന്ദ്രസർക്കാർ നിഷ്കർഷിച്ചിരിക്കുന്നത്. നെൽകൃഷിക്ക് സബ്സിഡി നൽകുന്നത് വിളയുല്പാദന സെക്ടറിൽ ഉൾപ്പെടുകയാകയാൽ കേരളം 81 കോടിയുടെ പ്രോജക്ട് നെൽകൃഷിക്കായി സമർപ്പിച്ചുവെങ്കിലും 2017-18-ലെ ആദ്യത്തെ സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റി (ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും കേന്ദ്ര കൃഷി വകുപ്പിലെ കമ്മീഷണർ അംഗവുമായ കമ്മിറ്റി) അംഗീകരിച്ചിരുന്നില്ല. ത്രിതല പഞ്ചായത്ത് പദ്ധതിയിൽ നെൽകൃഷിക്കുള്ള സബ്സിഡിയുംകൂടി ഉൾപ്പെടുത്തുന്നപക്ഷം നെൽകർഷകർക്ക് ധനസഹായം നൽകാൻ കഴിയും.

(സി) ഉണ്ട്. എന്നാൽ ടി വാർത്ത അടിസ്ഥാനരഹിതമാണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലേയ്ക്ക് ആർ.കെ.വി.വൈ.-യുടെ മാനദണ്ഡങ്ങൾ കേന്ദ്രസർക്കാർ മാറ്റംവരുത്തിയതിനാലാണ് യഥാസമയം കൃഷി വകുപ്പ് സമർപ്പിച്ച പ്രോജക്ടിന് അംഗീകാരം ലഭിക്കാതെ പോയത്. എന്നാൽ പഞ്ചായത്ത് തലത്തിൽ നെൽകൃഷിക്കായി പ്രോജക്ട് രൂപീകരിക്കുവാൻ ജില്ലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

### വിഷരഹിതമായ പഴം-പച്ചക്കറി

68 (3014) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് പുറത്തുനിന്നും എത്തുന്ന പച്ചക്കറി, പഴം എന്നിവ വിഷരഹിതമാണ് എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് അതിർത്തി ചെക്ക് പോസ്റ്റുകളിൽ എന്തൊക്കെ സംവിധാനങ്ങളാണ് വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) ഇതു സംബന്ധിച്ച് ഇതിനോടകം കേസുകൾ എന്തെങ്കിലും രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പച്ചക്കറി വിപണനകേന്ദ്രങ്ങളിൽ വില്പനയ്ക്ക് വച്ചിരിക്കുന്ന പച്ചക്കറികളിലും പഴങ്ങളിലും വിഷാംശം ഉണ്ടോ എന്ന് പരിശോധിക്കാൻ എന്തെങ്കിലും സംവിധാനമുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിനായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഇതര സംസ്ഥാനങ്ങളിൽ നിന്നുമെത്തുന്ന പച്ചക്കറികളിലെ വിഷാംശം കണ്ടെത്താനുള്ള സ്ഥിരം സംവിധാനം ചെക്ക് പോസ്റ്റുകളിൽ നിലവിലില്ല. അന്യസംസ്ഥാനങ്ങളിൽനിന്ന് വരുന്നതുൾപ്പെടെ പച്ചക്കറികളിലെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്.

പച്ചക്കറികളുടെ സാമ്പിളുകൾ ചെക്ക് പോസ്റ്റുകളിൽ വച്ച് ശേഖരിച്ച് ഉടൻതന്നെ കീടനാശിനിയുടെ സാന്നിദ്ധ്യം ഉൾപ്പെടെ പരിശോധിച്ച് ലഭ്യമാക്കുന്ന രീതിയിലുള്ള ഉപകരണങ്ങൾ നിലവിൽ ലഭ്യമല്ലാത്തതിനാൽ അത്തരത്തിലുള്ള പരിശോധനാ സംവിധാനം ചെക്ക് പോസ്റ്റുകളിൽ ഏർപ്പെടുത്താൻ നിലവിൽ നിർവ്വാഹമില്ല.

(ബി) പാലക്കാട് ജില്ലയിൽനിന്നും വന്ന തക്കാളി, കറിവേപ്പില എന്നിവയിലും ഇടുക്കി, എറണാകുളം, തിരുവനന്തപുരം, തൃശ്ശൂർ എന്നീ ജില്ലകളിൽ നിന്നും വന്ന കറിവേപ്പിലയിലും കീടനാശിനിയുടെ അംശം കണ്ടെത്തിയതിനാൽ കേസുകൾ രജിസ്റ്റർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് ജില്ലകളിൽ പരിശോധനയിൽ കീടനാശിനിയുടെ അംശം കണ്ടെത്തിയിട്ടില്ല.

(സി & ഡി) വിപണനകേന്ദ്രങ്ങളിൽനിന്നും ശേഖരിക്കുന്ന സാമ്പിളുകൾ തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിലുള്ള ലാബുകളിലും വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബിലും പരിശോധിച്ച് ഫലം പ്രസിദ്ധപ്പെടുത്താറുണ്ട്.

**നെല്ലിന്റെ സംഭരണ വില**

69 (3015) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംഭരിക്കുന്ന നെല്ലിന് കർഷകർക്ക് എത്ര ദിവസത്തിനുള്ളിൽ വില നൽകുമെന്നാണ് ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്; ഇത്തരത്തിൽ സംഭരിച്ച നെല്ലിന് യഥാസമയം വില നൽകാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) സംഭരിച്ച നെല്ലിന് ആകെ എത്ര രൂപയാണ് കർഷകർക്ക് നൽകാൻ കുടിശ്ശികയായിട്ടുള്ളത്; മലപ്പുറം ജില്ലയിൽ ആകെ എത്ര രൂപയാണ് കർഷകർക്ക് നൽകാൻ ബാക്കിയുള്ളത്;

(സി) നെല്ലിന്റെ സംഭരണ വില ഉയർത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സംഭരണ വില ഉയർത്തുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 13-7-2017-ലെ സ.ഉ.(കൈ.)നമ്പർ 16/2017/ഭ.പൊ.വി.വ. പ്രകാരം നെല്ല് സംഭരിച്ചതിന്റെ രസീത് ബാങ്കുകളിൽ ഹാജരാക്കുന്ന മുറയ്ക്ക് നെല്ലിന്റെ വില കർഷകരുടെ അക്കൗണ്ടുകളിൽ ലഭ്യമാകുന്നതിനായി സപ്ലൈകോയും ബാങ്കുകളും തമ്മിൽ കരാറിൽ ഏർപ്പെടുന്നതിനായി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഈ സംവിധാനമനുസരിച്ച് കർഷകർക്ക് സംഭരണവില അപ്പപ്പോൾ ലഭിക്കുന്നതാണ്.

കേന്ദ്രസർക്കാരിന്റെ വിഹിതമായ മിനിമം താങ്ങുവിലയും സംസ്ഥാന സർക്കാരിന്റെ വിഹിതമായ സംസ്ഥാന പ്രോത്സാഹന ബോണസും ലഭ്യമാക്കുന്ന മുറയ്ക്ക് നെല്ലിന്റെ വില കർഷകർക്ക് ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ നൽകിവരുന്നു.

(ബി) നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് 14.83 കോടി രൂപ നൽകുവാനുണ്ട്. ഇതിൽ മലപ്പുറം ജില്ലയിലെ കർഷകർക്ക് 1.61 കോടി രൂപ നൽകുവാൻ ബാക്കിയുണ്ട്. ബാങ്കുമായി എഗ്രിമെന്റ് വയ്ക്കുന്നതിനുണ്ടായ കാലതാമസമാണ് ഇതിനുകാരണം. അടിയന്തരമായി മുഴുവൻ കുടിശ്ശികയും നൽകി തീർക്കുന്നതാണ്.

(സി) കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി നെല്ലിന്റെ താങ്ങുവില ഇപ്പോൾ 22.50 രൂപയാണ് നൽകിവന്നിരുന്നത് (കേന്ദ്രസർക്കാർ 14.70 + സംസ്ഥാന സർക്കാർ 7.80 രൂപ). 2017-18 സീസണിൽ കേന്ദ്രസർക്കാർ നെല്ല് കിലോഗ്രാമിന് 14.70 രൂപയിൽനിന്നും 15.50 രൂപയായി വർദ്ധിപ്പിച്ചതിനെ തുടർന്ന് 2017-18 സീസണിൽ നെല്ലിന് താങ്ങുവില 23.30 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

**കർഷകരുടെ പെൻഷൻ കുടിശ്ശിക തീർക്കുന്നതിന് നടപടി**

70 (3016) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകരുടെ പെൻഷൻ കുടിശ്ശിക തീർക്കുന്നതു സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) കർഷക പെൻഷനുകൾ കുടിശ്ശിക തീർത്ത് എന്നത്തേയ്ക്ക് വിതരണം ചെയ്യാനാവുമെന്നും എത്ര മാസത്തെ പെൻഷൻ കുടിശ്ശിക കൊടുത്ത് തീർക്കാനുണ്ടെന്നും വിശദമാക്കാമോ;

(സി) 2017-18 സാമ്പത്തിക വർഷം എത്രപേർക്ക് പെൻഷൻ നൽകുവാനാണ് ഉദ്ദേശിക്കുന്നത്; ഇതിന് എത്ര കോടി രൂപ വേണ്ടിവരുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ 191.51 കോടി രൂപ പെൻഷൻ കുടിശ്ശിക ഉണ്ടായിരുന്നു. 2016-17-ൽ 151.42 കോടിയും 2017-18-ൽ നാളിതുവരെ 546.99 കോടി രൂപയും കർഷക പെൻഷൻ കുടിശ്ശിക നൽകുന്നതിന് അനുവദിച്ചിട്ടുണ്ട്. അതുപ്രകാരം 2017 ആഗസ്റ്റ് വരെയുള്ള മുഴുവൻ തുകയും ഈ വരുന്ന ഓണത്തിനു മുമ്പ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) 2017-18 വർഷം നിലവിൽ കർഷക പെൻഷൻ പദ്ധതിയിൽ 301530 പേർക്കാണ് പെൻഷൻ നൽകിവരുന്നത്. പ്രതിമാസം 1,000 രൂപ പ്രകാരം 361.836 കോടി രൂപ ഓരോ വർഷവും പെൻഷൻ നൽകാൻ വേണ്ടിവരും.

**കാട്ടാക്കട മണ്ഡലത്തിൽ നെൽകൃഷി വ്യാപനം**

71(3017) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെൽകൃഷി വ്യാപനത്തിനായി സർക്കാർ പ്രഖ്യാപിച്ച തരത്തിൽ എത്ര ഹെക്ടർ നെൽകൃഷി കാട്ടാക്കട മണ്ഡലത്തിൽ വ്യാപിപ്പിക്കാൻ കഴിഞ്ഞു; പഞ്ചായത്തടിസ്ഥാനത്തിൽ ഇതിനായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഉത്തരം

നെൽകൃഷി വ്യാപനത്തിനായി ആകെ 16.67 ഹെക്ടർ നെൽകൃഷി കാട്ടാക്കട മണ്ഡലത്തിൽ വ്യാപിപ്പിക്കാൻ കഴിഞ്ഞു. പഞ്ചായത്തടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

<table>
<tr><th>പഞ്ചായത്ത്</th><th>നെൽകൃഷി<br>(ഹെക്ടർ)</th><th>കരനെൽകൃഷി<br>(ഹെക്ടർ)</th></tr>
<tr><td>കാട്ടാക്കട</td><td>1.12</td><td>0.55</td></tr>
<tr><td>പള്ളിച്ചൽ</td><td rowspan="5">5</td><td rowspan="5">10</td></tr>
<tr><td>മലയിൻകീഴ്</td></tr>
<tr><td>മാറനല്ലൂർ</td></tr>
<tr><td>വിളപ്പിൽ</td></tr>
<tr><td>വിളവൂർക്കൽ</td></tr>
</table>

കാട്ടാക്കട പഞ്ചായത്തിൽ നെൽകൃഷി വ്യാപിപ്പിക്കാൻ തുലാക്കര ഏല, ആമച്ചൽ മേലേചിറതലക്കുളം, കുട്ടിക്കാട്ടുകുളം എന്നീ സ്ഥലങ്ങളിൽ ജലലഭ്യതയുണ്ടാക്കുവാനായി പുതിയ പദ്ധതികൾ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

**കേരളത്തിലെ നെൽപ്പാടങ്ങളുടെ വിസ്തൃതി**

72 (3018) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ലെ കണക്കുപ്രകാരം കേരളത്തിലെ നെൽപ്പാടങ്ങളുടെ വിസ്തൃതി എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) കഴിഞ്ഞ 15 വർഷം കൊണ്ട് കേരളത്തിലെ നെൽകൃഷി വിസ്തൃതിയിൽ വന്ന കുറവ് എത്ര;

(സി) കഴിഞ്ഞ 15 വർഷത്തിനിടെ കേരളത്തിലെ നാണ്യവിള കൃഷിയുടെ വിസ്തൃതിയിൽ വന്ന മാറ്റത്തിന്റെ കണക്കുകൾ ലഭ്യമാക്കാമോ;

(ഡി) കേരളത്തിലെ സ്വകാര്യ വികസന പദ്ധതികൾക്കായി സർക്കാർ കഴിഞ്ഞ 15 വർഷത്തിനിടെ നികത്തിയ കൃഷിഭൂമിയുടെ കണക്ക് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 2015-16 സാമ്പത്തിക വർഷം ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ച കണക്കുപ്രകാരം കേരളത്തിൽ 196870 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തിരുന്നു. 2016-17 സാമ്പത്തിക വർഷം ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് കണക്ക് പ്രസിദ്ധീകരിച്ചിട്ടില്ല. എന്നാൽ കൃഷി വകുപ്പിന്റെ കണക്കുപ്രകാരം 204870 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തിട്ടുണ്ട്.

(ബി) 2001-02 വർഷത്തെ നെൽകൃഷി വിസ്തൃതി 322368 ഹെക്ടർ ആയിരുന്നു. 2015-16 വർഷം 196870 ഹെക്ടർ ആയി കുറഞ്ഞു. ഓരോ വർഷത്തെയും കണക്ക് ചുവടെ ചേർക്കുന്നു:

| വർഷം | ഹെക്ടർ |
|---|---|
| 1 | 2 |
| 2001-02 | 322368 |
| 2002-03 | 310521 |
| 2003-04 | 287340 |
| 2004-05 | 289974 |
| 2005-06 | 275742 |
| 2006-07 | 263529 |
| 2007-08 | 228938 |
| 2008-09 | 234265 |
| 2009-10 | 234013 |
| 2010-11 | 213187 |
| 2011-12 | 208160 |

| 1 | 2 |
|---|---|
| 2012-13 | 197277 |
| 2013-14 | 199611 |
| 2014-15 | 198159 |
| 2015-16 | 196870 |

(സി) 2001-02 വർഷത്തെ നാണ്യവിളകളുടെ വിസ്തൃതി 1913248 ഹെക്ടർ ആയിരുന്നു. 2015-16 വർഷം 1744270 ഹെക്ടർ ആയി കുറഞ്ഞു. ഓരോ വർഷത്തെയും കണക്ക് ചുവടെ ചേർക്കുന്നു:

| വർഷം | ഹെക്ടർ |
|---|---|
| 1 | 2 |
| 2001-02 | 1913248 |
| 2002-03 | 1915513 |
| 2003-04 | 1932584 |
| 2004-05 | 1957546 |
| 2005-06 | 1976897 |
| 2006-07 | 1930990 |
| 2007-08 | 1841329 |
| 2008-09 | 1791579 |
| 2009-10 | 1802208 |
| 2010-11 | 1803668 |
| 2011-12 | 1782474 |
| 2012-13 | 1743486 |
| 2013-14 | 1759128 |

| 1 | 2 |
|---|---|
| 2014-15 | 1744025 |
| 2015-16 | 1744270 |

(ഡി) കൃഷി വകുപ്പിൽ ലഭ്യമല്ല.

**വിത്തുകൾ, വളം, ജൈവ കീടനാശിനി എന്നിവയുടെ വിപണനം**

73 (3019) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലയിൽ ഗവേഷണം നടത്തി ഉൽപാദിപ്പിക്കുന്ന വിത്തുകൾ, വളം, ജൈവ കീടനാശിനി എന്നിവയുടെ വിപണനത്തിനായി എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാമാണ് വിപണന കേന്ദ്രങ്ങളുള്ളതെന്ന് വ്യക്തമാക്കുമോ; തിരുവനന്തപുരം നഗരത്തിൽ ഒരു വിപണന കേന്ദ്രം ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള എല്ലാ ഗവേഷണ കേന്ദ്രങ്ങളിലും അവിടെ ഉൽപ്പാദിപ്പിക്കുന്ന വിത്തുകൾ, വളം, ജൈവ കീടനാശിനി മുതലായവയുടെ വിൽപ്പന നടത്തുന്നതിനായി വിപണന കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ സർവ്വകലാശാലയുടെ എല്ലാ കേന്ദ്രങ്ങളിൽനിന്നും ലഭ്യമാകുന്ന വിപണന വസ്തുക്കൾ സർവ്വകലാശാലയുടെ ആസ്ഥാനത്തുള്ള അഗ്രികൾച്ചർ ടെക്നോളജി ഇൻഫർമേഷൻ സെന്റർ (ATIC)-ൽ കൊണ്ടുവന്ന് വിതരണം ചെയ്യുന്നുമുണ്ട്. കൂടാതെ ഉത്പാദനക്ഷമത കൂടിയ നെല്ലിനങ്ങൾ സംസ്ഥാന വിത്തു വികസന അതോറിറ്റി വഴിയും വിതരണം ചെയ്തുവരുന്നു.

(ബി) കേരള കാർഷിക സർവ്വകലാശാലയുടെ തിരുവനന്തപുരത്തുള്ള ഗവേഷണ കേന്ദ്രങ്ങളായ ഇൻസ്ട്രക്ഷണൽ ഫാം, വെള്ളായണി; നാളികേര ഗവേഷണ കേന്ദ്രം, ബാലരാമപുരം; ഐ.എഫ്.എസ്.ആർ.എസ്., കരമന എന്നീ ഇടങ്ങളിൽ വിപണന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഉചിതമായ സ്ഥല സൗകര്യങ്ങൾ ലഭിക്കുന്ന മുറയ്ക്ക് തിരുവനന്തപുരം നഗരത്തിൽ വിപണന കേന്ദ്രം ആരംഭിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതാണെന്ന് കേരള കാർഷിക സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

**കരനെൽകൃഷി പ്രോത്സാഹിപ്പിക്കൽ**

74 (3020) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി വികസനത്തിനായി 2016-17 വർഷത്തിൽ എത്ര തുക ചെലവഴിച്ചു എന്നറിയിക്കാമോ; ജില്ലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; ആയതുപ്രകാരം എത്ര ഹെക്ടർ ഭൂമിയിൽ നെല്ലുല്പാദനം നടത്തുകയുണ്ടായി; ജില്ലാടിസ്ഥാനത്തിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) നെൽകൃഷി വികസനത്തിനായി 2016-17 വർഷത്തിൽ സമഗ്ര നെൽകൃഷി വികസന പദ്ധതി പ്രകാരം 3695.657 ലക്ഷം രൂപ ചെലവഴിച്ചു. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം - I ആയി ചേർത്തിരിക്കുന്നു.*

(ബി) 2016-17 സാമ്പത്തിക വർഷം സംസ്ഥാനത്ത് കരനെൽകൃഷി ചെയ്യുന്നതിന് ഹെക്ടറിന് 13,600 രൂപ സബ്സിഡി നൽകിക്കൊണ്ട് 2560 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യിപ്പിക്കുകയായിരുന്നു ലക്ഷ്യം. എന്നാൽ ഈ ഘട്ടത്തിൽ 2752.092 ഹെക്ടർ സ്ഥലത്ത് കരനെല്ല് കൃഷി ചെയ്തതിന് 341.93907 ലക്ഷം രൂപ ചെലവഴിക്കുകയും 6880.23 മെട്രിക് ടൺ നെല്ലുല്പാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നെല്ലുല്പാദനത്തിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

2017-18 സാമ്പത്തിക വർഷം സംസ്ഥാനത്ത് കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 2500 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13,600 രൂപ സബ്സിഡി) ആകെ 348.16 ലക്ഷം രൂപ നൽകി പദ്ധതി നടപ്പിലാക്കിവരുന്നു. നടപ്പുവർഷം നാളിതുവരെ 2478 ഹെക്ടർ കരനെൽകൃഷി ചെയ്തുകഴിഞ്ഞു.

**സംസ്ഥാനത്തെ കൃഷിഭൂമിയുടെ വിനിയോഗം**

75 (3021) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷിഭൂമി എത്രയെന്നും കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഇതിൽ എത്ര ശതമാനം ഭൂമി കൃഷിക്കായി ഉപയോഗിച്ചു; എത്ര തരിശു കിടന്നു; എത്ര ഭൂമി മറ്റാവശ്യങ്ങൾക്ക് വിനിയോഗിച്ചുവെന്നും ആയതു സംബന്ധിച്ച നിലവിലെ അവസ്ഥ എന്തെന്നും വ്യക്തമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) 2008-ലെ നെൽവയൽ തണ്ണീർത്തട നിയമം ദുരുപയോഗം ചെയ്ത് നെൽവയലുകളും മറ്റ് കൃഷി ഭൂമികളും തണ്ണീർത്തടങ്ങളും നികത്തുകയും മറ്റാവശ്യങ്ങൾക്ക് ഉപയോഗിച്ചതുമായി എത്ര കേസ്സുകൾ കണ്ടെത്തിയിട്ടുണ്ട്; 2008 മുതൽ 2016 വരെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഇത്തരത്തിൽ കണ്ടെത്തിയ, നിയമവിരുദ്ധമായി നികത്തിയ ഭൂമി പിടിച്ചെടുത്ത് കൃഷിഭൂമിയാക്കാനായി കഴിഞ്ഞ സർക്കാർ എന്തെങ്കിലും നടപടി എടുത്തിരുന്നോ; എങ്കിൽ എന്തുചെയ്തുവെന്നും ഈ സർക്കാർ എന്ത് നടപടി സ്വീകരിച്ചുവരുന്നുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതിവിവര വകുപ്പ് പ്രസിദ്ധീകരിച്ച 2015-16-ലെ റിപ്പോർട്ട് പ്രകാരം മൊത്തം കൃഷി ചെയ്തിട്ടുള്ള ഭൂമിയുടെ വിസ്തൃതി 2627576.59 ഹെക്ടർ ആണ്. കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ കൃഷിക്കായി ഉപയോഗിച്ച ഭൂമിയുടേയും തരിശ് കിടന്ന ഭൂമിയുടേയും മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിച്ച ഭൂമിയുടേയും ശതമാന കണക്ക് പ്രസിദ്ധീകരിച്ചിട്ടില്ല. നിലവിൽ തരിശിട്ടിരിക്കുന്ന കൃഷിഭൂമി കൃഷി ഭവൻ തലത്തിൽ കണ്ടെത്തി കൃഷിയോഗ്യമാക്കുന്നതിനുള്ള നടപടികൾ 2016-17 വർഷം മുതൽ കൃഷി വകുപ്പ് സ്വീകരിച്ചു വരുന്നു. 2016-17 വർഷം 6000 ഹെക്ടർ സ്ഥലത്ത് പുതിയതായി നെൽകൃഷിയും 696.611 ഹെക്ടറിൽ തരിശുനില പച്ചക്കറി കൃഷിയും ചെയ്യുകയുണ്ടായി.

(ബി & സി) വിവരം ശേഖരിച്ചുവരുന്നു.

## സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ ഹോർട്ടികോർപ്പ് വഴി വാങ്ങുന്നതിന് നടപടി

76 (3022) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ മുഴുവനും കർഷകർ വില്ക്കുവാൻ തയ്യാറാകുന്നപക്ഷം ഹോർട്ടികോർപ്പുവഴി വാങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ കൃഷിക്കാരിൽനിന്നും സംഭരിക്കുമ്പോൾ തന്നെ മുഴുവൻ വിലയും നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കർഷകർ, കർഷക കൂട്ടായ്മകൾ, വി.എഫ്.പി.സി.കെ., കാർഷിക മൊത്ത വ്യാപാര വിപണികൾ എന്നിവിടങ്ങളിൽനിന്നും പരമാവധി ഉല്പന്നങ്ങൾ ഹോർട്ടികോർപ്പ് സംഭരിക്കുന്നുണ്ട്.

(ബി) കർഷകരിൽ നിന്നും സംഭരിക്കുന്ന പച്ചക്കറികൾക്ക് യഥാസമയം വില നൽകുന്നതിലുണ്ടായ വീഴ്ചകൾ പരിഹരിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ സംഭരണ വില രണ്ടു ദിവസത്തിനുള്ളിൽ നൽകിവരുന്നുണ്ട്.

**ഭക്ഷ്യ സ്വയംപര്യാപ്തതയ്ക്കായുള്ള പദ്ധതികൾ**

77 (3023) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സ്വയംപര്യാപ്തതയ്ക്കും, കാർഷിക രംഗത്തെ ഉണർവിനും ഉൾപ്പെടെ 2006-2011-ലെ സർക്കാർ ആരംഭിച്ചതും തുടർന്നുവന്നിരുന്നതുമായ നെൽക്കൃഷി വികസന പദ്ധതി, നാളികേര വികസന പദ്ധതി, ഹൈടെക് കൃഷി, കുട്ടനാട്/ ഇടുക്കി പാക്കേജുകൾ, വിള ഇൻഷ്വറൻസ്, കൃഷിക്കായി സൗജന്യ വൈദ്യുതി, കർഷക പെൻഷൻ പദ്ധതി, നിറവ്, വയനാട് പാക്കേജ്, വിള ആരോഗ്യ പരിപാലന പദ്ധതി, കൂടുതൽ പേരെ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തൽ എന്നീ പദ്ധതികളുടെ കഴിഞ്ഞ സർക്കാരിന്റെ കാലയളവിലെ അവസ്ഥ എന്തായിരുന്നുവെന്നും നിലവിലെ സർക്കാർ ഇവയുടെ പ്രവർത്തനങ്ങളിൽ വരുത്തിയ തിരുത്തൽ പ്രവർത്തനങ്ങളും പുരോഗതിയും ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) 2011-12 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെ സംസ്ഥാനത്തിനാവശ്യമായ പച്ചക്കറി തുടങ്ങിയ ഭക്ഷ്യോൽപ്പന്നങ്ങൾ ആഭ്യന്തരമായി എത്ര ശതമാനം ഉൽപ്പാദിപ്പിച്ചുവെന്നും എത്ര ശതമാനത്തിനായി മറ്റു സംസ്ഥാനങ്ങളെ ആശ്രയിച്ചുവെന്നും വ്യക്തമാക്കാമോ; അവയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) നെൽകൃഷി വികസന പദ്ധതി പ്രകാരം സുസ്ഥിര നെൽകൃഷി വികസനം, പാടശേഖര സമിതികൾക്കുള്ള സഹായം, തരിശു നെൽകൃഷി പ്രോത്സാഹനം, കരനെൽകൃഷി പ്രോത്സാഹനം, രജിസ്റ്റേർഡ് സീഡ് ഗ്രോവേഴ്സ് പ്രോഗ്രാം എന്നീ ഘടകങ്ങൾ തുടരുന്നു. ഈ വർഷം സവിശേഷ നെല്ലിനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടാതെ നെല്ലിന്റെ പ്രാദേശിക സംസ്കരണത്തിനും വിപണനത്തിനുമായി മിനി റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പുതുതായി രൂപീകരിച്ചിട്ടുണ്ട്. തരിശ് നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മെത്രാൻ കായൽ, ആറന്മുള പ്രദേശം പോലെയുള്ള പരിവർത്തനം ചെയ്യപ്പെട്ട നിലങ്ങളിലും നെൽകൃഷി പുനരാരംഭിക്കുവാൻ സാധിച്ചു. 2016 ആഗസ്റ്റ് 17 മുതൽ 2017 ആഗസ്റ്റ് 17 (ചിങ്ങം) വരെ നെൽവർഷമായി ആചരിച്ചു. ഇതിനായി നൂറിന പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

നെല്ലിനായി പ്രത്യേക കാർഷിക മേഖല രൂപീകരിക്കുകയും ആ മേഖലകളുടെ സമഗ്രവികസനം ലക്ഷ്യമിടുകയും ചെയ്യുന്നു. പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണത്തിനും അവയുടെ നിലനിൽപ്പിനുമായി കേരള കാർഷിക സർവ്വകലാശാലയുമായി സഹകരിച്ച് സീഡ് ബാങ്ക് സ്ഥാപിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ സാമ്പത്തിക വർഷം വയനാട് പാക്കേജ് പദ്ധതിയിൻകീഴിൽ സുഗന്ധ നെല്ലിനങ്ങളായ ജീരകശാല, ഗന്ധകശാല എന്നിവയുടെ പ്രോത്സാഹനവും ഉൾപ്പെടുത്തുന്നു.

നാളികേര വികസന പദ്ധതിയായി മുൻവർഷങ്ങളിൽ നടപ്പിലാക്കിവരുന്ന കേരഗ്രാമം പദ്ധതി തുടരുന്നു. കൂടാതെ 2017-18 വർഷത്തിൽ ഉയർന്ന ഉത്പാദനക്ഷമതയുള്ള കുറിയ/സങ്കരയിനം മാതൃകാ നാളികേര ഫാമുകളുടെ വികസനം, ക്യാമ്പയിൻ അടിസ്ഥാനത്തിൽ തെങ്ങിൻ തോട്ടങ്ങളിൽ കീടരോഗ നിയന്ത്രണ പദ്ധതി എന്നീ ഘടകങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. സി.പി.സി.ആർ.ഐ.-യുമായി സംയുക്തമായി കുറിയ ഇനത്തിൽപ്പെട്ടതും സങ്കരയിനത്തിൽപ്പെട്ടതുമായ മേൽത്തരം നടീൽ വസ്തുക്കളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കീടരോഗ നിയന്ത്രണത്തിനും ജനപങ്കാളിത്തത്തോടെയുള്ള ഒരു പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

ഹൈടെക് പദ്ധതിയിൽ മുൻ വർഷങ്ങളിൽ നടപ്പിലാക്കിയ ഘടകങ്ങൾ പച്ചക്കറി/പൂക്കൾക്കായുള്ള പ്രത്യേക കാർഷിക മേഖലകൾക്കു പുറമെ പുതിയ പോളിഹൗസുകൾ സ്ഥാപിക്കുന്നതിനുള്ള ധനസഹായവും സാങ്കേതിക സഹായവും നൽകുന്നതിനുള്ള ഘടക പദ്ധതി നടപ്പിലാക്കുന്നതാണ്.

<u>കുട്ടനാട്/ഇടുക്കി പാക്കേജുകൾ</u>

കുട്ടനാട് പാക്കേജ്:- 2012 ജൂലൈയിൽ കുട്ടനാട് പാക്കേജിന്റെ കാലാവധി അവസാനിച്ചു. കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കിയത് കൃഷി വകുപ്പ്, കൃഷി അനുബന്ധ വകുപ്പുകൾ, ജലസേചന വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളിലൂടെയാണ്. കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പദ്ധതികൾ എല്ലാംതന്നെ പൂർത്തീകരിക്കുകയും വിവിധ പദ്ധതി ഘടകങ്ങൾക്കായി ലഭ്യമായ തുക ഏതാണ്ട് പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

ഇടുക്കി പാക്കേജ്:- ഇടുക്കി പാക്കേജിന്റെ കാലാവധി 21-11-2013-ൽ അവസാനിച്ചു. ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് അംഗീകാരം ലഭിച്ച പദ്ധതികൾക്കനുവദിച്ച ഫണ്ട് പൂർണ്ണമായും വിനിയോഗിച്ചു.

വിള ഇൻഷ്വറൻസ് പദ്ധതി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ.ഉ.(എം.എസ്.) നമ്പർ 37/2017/കൃഷി തീയതി 22-3-2017 പ്രകാരം പരിഷ്കരിക്കുകയുണ്ടായി. ഇതുപ്രകാരം മുൻവർഷങ്ങളെക്കാൾ പ്രീമിയം നിരക്കിൽ ചെറിയ വർദ്ധന വരുത്തിക്കൊണ്ട് നഷ്ടപരിഹാരത്തുകയിൽ ഗണ്യമായ വർദ്ധനവ് വരുത്തിയിട്ടുണ്ട്. ഇത് വിളനാശത്തെ നേരിടുവാൻ കർഷകർക്ക് വളരെയേറെ സഹായകരമാണ്.

കൃഷിക്കായി സൗജന്യ വൈദ്യുതി പദ്ധതി തുടരുന്നു. കർഷക പെൻഷൻ പദ്ധതി പ്രകാരം പ്രതിമാസം 600 രൂപ നിരക്കിൽ നൽകിയിരുന്ന പെൻഷൻ തുക 1,000 രൂപയാക്കി ഉയർത്തിയിട്ടുണ്ട്.

നിറവ് പദ്ധതി 2012-13-ൽ വിഭാവനം ചെയ്തുവെങ്കിലും ബജറ്റിൽ ഇതിനായി പ്രത്യേക തുക ഉൾക്കൊള്ളിക്കാത്തതിനാൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ സാധ്യമാകുംവിധം നടപ്പായില്ല. എന്നിരുന്നാലും സംസ്ഥാനാവിഷ്കൃത പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത മണ്ഡലങ്ങളിൽ നടപ്പാക്കി ഈ പ്രദേശങ്ങളുടെ സമഗ്ര കാർഷിക വികസനത്തിന് അവസരം ഒരുക്കി നിറവ് പദ്ധതിക്കായി വയനാട് പാക്കേജിൽ മുൻവർഷങ്ങളിൽ നടപ്പിലാക്കിയ ഘടകങ്ങളോടൊപ്പം വരൾച്ചയെ നേരിടാനായി ജലവിഭവങ്ങളുടെ വികസനത്തിന് പ്രാദേശിക സവിശേഷതയുള്ള വിളകളുടെ വികസനം, സുഗന്ധ നെല്ലിനങ്ങളുടെ പ്രോത്സാഹനം എന്നിവകൂടി നടപ്പ് സാമ്പത്തിക വർഷം ഉൾപ്പെടുത്തിയിട്ടുണ്ട്. വിള ആരോഗ്യ പരിപാലന പദ്ധതിയിൽ മുൻവർഷങ്ങളിൽ നടപ്പാക്കിയ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളുടെ പ്രവർത്തനം കൂടുതൽ ബ്ലോക്കുകളിലേയ്ക്ക് വ്യാപിപ്പിച്ചു. 2016-17 വർഷം മുതൽ ഡ്രോൺസുകൾ ഉപയോഗിച്ചുകൊണ്ട് വിളകളുടെ കീടരോഗബാധ നിർണ്ണയം മങ്കൊമ്പ് കേരള സെന്റർ ഫോർ പെസ്റ്റ് മാനേജ്മെന്റ് വഴി നടപ്പിലാക്കിവരുന്നു. 2017-18-ൽ പുതിയ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിനുള്ള പദ്ധതികൾ രൂപീകരിച്ചിരുന്നു.

(ബി)

| കാർഷിക വിള | 2011-12 | 2012-13 | 2013- 14 | 2014-15 | 2015-16 | 2016-17 |
|---|---|---|---|---|---|---|
| പച്ചക്കറി ആവശ്യകത (ലക്ഷം മെട്രിക് ടൺ) | 19.60 | 19.70 | 19.79 | 19.89 | 19.99 | 20.09 |

| കാർഷിക വിള | 2011-12 | 2012-13 | 2013- 14 | 2014-15 | 2015-16 | 2016-17 |
|---|---|---|---|---|---|---|
| പച്ചക്കറി ആഭ്യന്തര ഉൽപ്പാദനം (ലക്ഷം മെട്രിക് ടൺ) ശതമാനം | 5.55 (28.32 %) | 5.51 (27.97%) | 5.57 (28.15%) | 5.98 (30.07%) | 6.28 (31.42%) | 7.25 (36.09 %) |
| മറ്റ് സംസ്ഥാനങ്ങളെ ആശ്രയിച്ചത് (ലക്ഷം മെട്രിക് ടൺ) ശതമാനം | 14.5 (71.68%) | 14.19 (72.03%) | 14.22 (71.85%) | 13.91 (69.93%) | 13.71 (68.58%) | 12.84 (63.91%) |

2017-18 നടപ്പുവർഷം ഒന്നാം വിള പച്ചക്കറി കൃഷിയുടെ വിളവെടുപ്പ് ആരംഭിച്ചിട്ടേയുള്ളൂ. അതനുസരിച്ച് 24566.1 ഹെക്ടർ സ്ഥലത്ത് ഏകദേശം 66701.32 ടണ്ണോളം പച്ചക്കറിയാണ് ഉല്പാദിപ്പിച്ചിട്ടുള്ളത്.

**പുറമണ്ണൂർ-ആശാരിക്കടവ് ജലസേചനപദ്ധതിയുടെ വൈദ്യുതി കുടിശ്ശിക**

78 (3024) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ പുറമണ്ണൂർ-ആശാരിക്കടവ് ജലസേചനപദ്ധതിയുടെ വൈദ്യുതിക്കുടിശ്ശിക ഒഴിവാക്കണമെന്നും വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ഗ്രാമപഞ്ചായത്ത് അധികൃതർ കൃഷിവകുപ്പിന് നിവേദനം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) മലപ്പുറം പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ ഈ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ; പ്രസ്തുത റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ടോ;

(സി) പുറമണ്ണൂർ-ആശാരിക്കടവ് പദ്ധതിയുടെ ഭാഗമായുള്ള മോട്ടോർ പ്രവർത്തിയ്ക്കാത്തത് പ്രദേശത്തെ കൃഷിയെയും ജലലഭ്യതയെയും ബാധിച്ചത് സംബന്ധിച്ച് കൃഷിവകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) വൈദ്യുതിക്കുടിശ്ശിക പഞ്ചായത്ത് ഫണ്ടിൽനിന്നും അടയ്ക്കുവാൻ നടപടി സ്വീകരിയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വകുപ്പിന് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(ഇ) പ്രശ്നപരിഹാരത്തിന് സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) നിവേദനം കൃഷി വകുപ്പ് ഡയറക്ടറേറ്റിൽ ലഭിച്ചിട്ടുണ്ട്.

(ബി) സ്ഥലത്തെ കൃഷി ഓഫീസറും കൃഷി അസിസ്റ്റന്റ് ഡയറക്ടറും വിശദമായ അന്വേഷണം നടത്തി തയ്യാറാക്കിയ റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

(സി) പഠനം നടത്തിയിട്ടില്ല. പ്രസ്തുത ജലസേചന പദ്ധതി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ആണെന്നും പ്രസ്തുത പദ്ധതിയുടെ കറന്റ് ചാർജ്ജ് ഉൾപ്പെടെയുള്ള നടത്തിപ്പും മെയിന്റനൻസും ഗുണഭോക്തൃ സമിതിയിൽ നിക്ഷിപ്തമാണെന്നും ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് സെക്രട്ടറി രേഖാമൂലം അറിയിച്ചിട്ടുണ്ട്.

(ഡി & ഇ) പ്രസ്തുത പദ്ധതി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ആയതിനാൽ പഞ്ചായത്ത് ഫണ്ടിൽനിന്നും അടവാക്കുന്നതിന് തീരുമാനമെടുത്ത് നടപ്പിലാക്കാവുന്നതാണ്. ആയതിന് കൃഷി വകുപ്പിന്റെ പ്രത്യേക അനുമതി ആവശ്യമില്ല.

**കൊക്കോഗ്രാമം പദ്ധതി**

79 (3025) <u>ഡോ. എൻ. ജയരാജ്</u> :

<u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൊക്കോഗ്രാമം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി മുന്നോട്ടുവരുന്ന കൊക്കോ കർഷക കൂട്ടായ്മകൾക്ക് എന്തെല്ലാം സഹായങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) കർഷക സംഘടനകളുടെ നേതൃത്വത്തിലുള്ള നഴ്സറികൾക്ക് തൈകൾ ഉല്പാദിപ്പിക്കാനും വിപണനം ചെയ്യാനും അർഹമായ സാമ്പത്തികാനുകൂല്യം ലഭിക്കുന്നതിനും ആവശ്യമായ അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കാർഷിക സർവ്വകലാശാലയുടെ ഗവേഷണ ഫലങ്ങൾ ഇടനിലക്കാരില്ലാതെ കർഷകർക്കും രജിസ്റ്റേർഡ് കർഷക സംഘങ്ങൾക്കും കൂടി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) കുത്തക കമ്പനികളിൽനിന്നും കൊക്കോ കർഷകർ വർഷങ്ങളായി അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) കൊക്കോ ഗ്രാമം പദ്ധതിയുടെ കാര്യം പരിഗണിക്കുന്നതാണ്. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയിൽ വിളവിസ്തൃതി വ്യാപനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി കശുമാവ്, കൊക്കോ എന്നീ തോട്ടവിളകൾ സൂക്ഷ്മ ജലസേചന സംവിധാനമില്ലാതെ കൃഷി ചെയ്യുന്നതിന് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 20000/- രൂപ ഒന്ന്, രണ്ട്, മൂന്ന് വർഷങ്ങളിലായി 60:20:20 എന്ന അനുപാതത്തിൽ നൽകുന്നു. ഒരു ഗുണഭോക്താവിന് പരമാവധി 4 ഹെക്ടറിൽ കൃഷി ചെയ്യുന്നതിനാണ് ധനസഹായം നൽകുന്നത്. 2017-18 സാമ്പത്തിക വർഷം 100 ഹെക്ടറിൽ കൊക്കോയുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. കൂടാതെ, 2017-18 സാമ്പത്തിക വർഷത്തിൽ രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയുടെ സാമ്പത്തിക സഹായത്തോടുകൂടി 1000 ഹെക്ടറിൽ കൊക്കോയുടെ വിളവിസ്തൃതി വ്യാപനം നടത്തുന്നതിനായി 120 ലക്ഷം രൂപയുടെ പദ്ധതിക്ക് സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 14 ജില്ലകളിലായി പദ്ധതി നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായാണ് രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ പദ്ധതിയും നടപ്പിലാക്കുന്നത്.

(സി) മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതി പ്രകാരം നടീൽ വസ്തുക്കളുടെ ഉൽപ്പാദനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി സ്വകാര്യമേഖലയിലും പൊതുമേഖലയിലും ഹൈടെക് നഴ്സറികൾ (1 മുതൽ 4

ഹെക്ടർ) സ്ഥാപിക്കാൻ സഹായം നൽകിവരുന്നു. 2017-18 സാമ്പത്തിക വർഷം പൊതുമേഖലയിൽ രണ്ടും സ്വകാര്യമേഖലയിൽ ഒന്നും ഹൈടെക് നഴ്സറികൾ സ്ഥാപിക്കുവാൻ ലക്ഷ്യമിടുന്നു. സ്വകാര്യമേഖലയിൽ ഒരു ഹെക്ടറിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 10 ലക്ഷം രൂപയും പൊതുമേഖലയിൽ 100 ശതമാനമായ 25 ലക്ഷം രൂപയും ധനസഹായം നൽകും. ദീർഘകാല ഫലവൃക്ഷ വിളകൾ/വൃക്ഷ സുഗന്ധവിളകൾ/തോട്ടവിളകൾ/സുഗന്ധതൈല വിളകൾ എന്നിവയുടെ ഗുണനിലവാരം ഉറപ്പാക്കുന്ന 50000 തൈകൾ എങ്കിലും കുറഞ്ഞത് ഒരു ഹെക്ടറിൽ നിന്നും പ്രതിവർഷം ഈ നഴ്സറികളിൽ ഉത്പാദിപ്പിക്കണം എന്നതാണ് ഈ പദ്ധതി ഘടകത്തിന്റെ ലക്ഷ്യം. ഇത് പ്രോജക്ട് അധിഷ്ഠിതമായിട്ടാണ് നടപ്പിലാക്കുന്നത്.

കൂടാതെ, സ്വകാര്യമേഖലയിലും പൊതുമേഖലയിലും ചെറുകിട നഴ്സറികൾ (1 ഹെക്ടർ) സ്ഥാപിക്കാൻ ധനസഹായം നൽകുന്നു. 2017-18 സാമ്പത്തിക വർഷം പൊതുമേഖലയിൽ മൂന്നും സ്വകാര്യമേഖലയിൽ ഒന്നും ചെറുകിട നഴ്സറികൾ സ്ഥാപിക്കുവാൻ ലക്ഷ്യമിടുന്നു. സ്വകാര്യമേഖലയിൽ യൂണിറ്റ് ഒന്നിന് മൊത്തം പദ്ധതി ചെലവിന്റെ 50 ശതമാനമായ 7.5 ലക്ഷം രൂപയും പൊതുമേഖലയിൽ 100 ശതമാനമായ 15 ലക്ഷം രൂപയും ധനസഹായം നൽകും. ദീർഘകാല ഫലവൃക്ഷ വിളകൾ/വൃക്ഷ സുഗന്ധവിളകൾ/തോട്ടവിളകൾ/സുഗന്ധതൈല വിളകൾ എന്നിവയുടെ ഗുണനിലവാരം ഉറപ്പാക്കുന്ന 25000 തൈകളെങ്കിലും കുറഞ്ഞത് ഒരു ഹെക്ടറിൽ നിന്നും പ്രതിവർഷം ഈ നഴ്സറികളിൽ ഉത്പാദിപ്പിക്കണം എന്നതാണ് ഈ പദ്ധതി ഘടകത്തിന്റെ ലക്ഷ്യം. ഇത് പ്രോജക്ട് അധിഷ്ഠിതമായിട്ടാണ് നടപ്പിലാക്കുന്നത്.

(ഡി) കാർഷിക സർവ്വകലാശാലയുടെ ഗവേഷണഫലങ്ങൾ കർഷക സംഘങ്ങൾക്ക് ഇടനിലക്കാരില്ലാതെ നേരിട്ട് ലഭ്യമാക്കുന്നതിന് ഒരു തടസ്സവും നിലവിലില്ല. ഇങ്ങനെ തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

(ഇ) പരിശോധിക്കുന്നതാണ്. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതി പ്രകാരം സംയോജിത വിളവെടുപ്പാനന്തര പരിപാലനം (Integrated Post Harvest Management) എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പാക്ക് ഹൗസുകൾ, സംയോജിത പാക്ക് ഹൗസ് യൂണിറ്റുകൾ, പ്രീ-കൂളിംഗ് യൂണിറ്റുകൾ, ശീതീകരണ മുറികൾ, മൊബൈൽ ശീതീകരണ ശാലകൾ, റീഫർ വാനുകൾ, റൈപ്പനിംഗ് ചേമ്പർ, പ്രൈമറി/മൊബൈൽ/മിനിമൽ പ്രോസസ്സിംഗ് യൂണിറ്റുകൾ, പ്രിസർവേഷൻ യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുവാൻ

ധനസഹായം നൽകിവരുന്നു. കൊക്കോ കർഷകർ വിളവെടുപ്പാനന്തര പരിപാലന മേഖലയിൽ നിലവിൽ അഭിമുഖീകരിക്കുന്ന ബുദ്ധിമുട്ടുകൾ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ മാനദണ്ഡങ്ങൾക്ക് വിധേയമായി ഒരു പരിധിവരെ ഈ പദ്ധതി ഘടകത്തിലൂടെ പരിഹരിക്കാവുന്നതാണ്. ഇത് പ്രോജക്ട് അധിഷ്ഠിതമായിട്ടാണ് നടപ്പിലാക്കുന്നത്.

**പ്ലാന്റേഷൻ കോർപ്പറേഷന്റെ തോട്ടങ്ങളിൽ നിന്നുള്ള കശുവണ്ടി ശേഖരണം**

80 (3026) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കശുവണ്ടി തോട്ടങ്ങളിൽനിന്ന് കഴിഞ്ഞ വർഷത്തിൽ എത്ര ടൺ കശുവണ്ടി ശേഖരിച്ചു;

(ബി) ഈ കശുവണ്ടി ആർക്കാണ് നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഈ നടപടിമൂലം ഇക്കഴിഞ്ഞ സീസണിൽ കശുവണ്ടിയുടെ വില പൊതുവിപണിയിൽ മുൻവർഷങ്ങളേക്കാൾ വർദ്ധിച്ചിട്ടുള്ള വിഷയം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ നടപടി വരും സീസണിൽ ശക്തിപ്പെടുത്തുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ & ബി) വർഷങ്ങളായി ദർഘാസ് ലേലം മുഖേനയാണ് പ്ലാന്റേഷൻ കോർപ്പറേഷനിലെ വിവിധ എസ്റ്റേറ്റുകളിലെ കശുവണ്ടി വിൽപ്പന നടത്തിവരുന്നത്. 30-1-2017-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 7/2017/വ്യ.വ. പ്രകാരമുള്ള ഉത്തരവിന്റെയും ടി ഉത്തരവിൽ രൂപീകൃതമായ വിലനിർണ്ണയ കമ്മിറ്റിയുടെ തീരുമാനപ്രകാരവും കാസർഗോഡ്, രാജപുരം, ചീമേനി, നാട്ടുകാണി എന്നീ എസ്റ്റേറ്റുകളിലെ കശുവണ്ടി, കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും നൽകുന്നതിന് കരാറിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്. 2017 വർഷം കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും സംയുക്തമായി 401 MT തോട്ടണ്ടി സംഭരിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) മന്ത്രിസഭാ തീരുമാനപ്രകാരം കഴിഞ്ഞ വർഷം കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും കശുവണ്ടി നൽകിയിരുന്നു. വരുന്ന വർഷവും ഇക്കാര്യം സർക്കാർ തീരുമാനപ്രകാരം മുന്നോട്ടുപോകുന്നതാണ്.

## പ്രധാനമന്ത്രി വിള ഇൻഷ്വറൻസ് പദ്ധതി

81(3027) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ, പ്രധാനമന്ത്രി വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വിജ്ഞാപനം ഇറക്കിയിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഏതൊക്കെ മേഖലകളിലെ കർഷകർക്കാണ് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുക; വിശദാംശം വെളിപ്പെടുത്തുമോ;

(സി) വിളനാശമുണ്ടാകുന്ന കർഷകർക്ക് ഇൻഷ്വറൻസ് തുകയിലൂടെ വിളനാശത്തിന് തത്തുല്യമായ നഷ്ടപരിഹാരം ലഭ്യമാകുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ആലപ്പുഴ, പത്തനംതിട്ട, കോട്ടയം എന്നീ 3 ജില്ലകളിലെ നെൽകൃഷിക്കും എല്ലാ ജില്ലകളിലെയും മരച്ചീനി കൃഷിക്കും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടാത്ത ജില്ലകളിലെ വാഴകൃഷിക്കും ഇൻഷ്വറൻസ് സംരക്ഷണം ലഭിക്കുന്നതാണ്.

(സി) നെൽകൃഷിക്ക് ഖാരിഫ് സീസണിൽ ഇൻഷ്വർ ചെയ്യുന്ന തുകയുടെ 2 ശതമാനവും റാബി സീസണിൽ 1.5 ശതമാനവും മറ്റ് വിളകൾക്ക് 5 ശതമാനവും ആയിരിക്കും പ്രീമിയം നിരക്ക്. നെൽകൃഷിക്ക് പഞ്ചായത്തുകൾ അടിസ്ഥാനമാക്കിയുള്ള സോണും വാണിജ്യ ഉദ്യാനവിളകൾക്ക് ബ്ലോക്കുമാണ് ഈ പദ്ധതി അനുസരിച്ചുള്ള യൂണിറ്റ് ഏരിയ. ഇതിലേക്കായി ഓരോ വിളയ്ക്കും ഓരോ സീസണിലും പ്രഖ്യാപിത പ്രദേശങ്ങളെ സംസ്ഥാന സർക്കാർ തീരുമാനിക്കുന്നു. ശരാശരി ഉല്പാദനവുമായി താരതമ്യം ചെയ്യുമ്പോൾ ഒരു സീസണിൽ പ്രഖ്യാപിത പ്രദേശത്ത് വിളകളുടെ ഉല്പാദനത്തിലുണ്ടാകുന്ന കുറവിനെയും കർഷകർ അവരുടെ വിള ഇൻഷ്വർ ചെയ്ത തുകയെയും ആശ്രയിച്ചാണ് നഷ്ടപരിഹാരം കണക്കാക്കുന്നത്.

## കർഷകർക്ക് സൗജന്യ വൈദ്യുതി

82 (3028) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ആവശ്യത്തിന് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി പ്രകാരം എത്ര കർഷകർക്ക് ആനുകൂല്യം നൽകിവരുന്നുണ്ട്;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഈ പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷം എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ ; പ്രസ്തുത പദ്ധതി പ്രകാരം എത്ര ഹെക്ടർ സ്ഥലത്താണ് കൃഷി ചെയ്യാൻ കഴിഞ്ഞിട്ടുള്ളത്?

ഉത്തരം

(എ) സംസ്ഥാനത്ത് 280416 കർഷകർക്ക് സൗജന്യ വൈദ്യുതി ആനുകൂല്യം നൽകിവരുന്നുണ്ട്.

(ബി) 2016-17 വർഷം കാർഷിക സൗജന്യ വൈദ്യുതി പദ്ധതിക്കായി 3496.31 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റ് വിളകളുടെ കൃഷിക്ക് 2 ഹെക്ടർവരെയും ജലസേചനത്തിനായി വൈദ്യുതി ചാർജ്ജ് സൗജന്യമാക്കിയിട്ടുള്ളതിൻപ്രകാരമാണ് പദ്ധതി ആനുകൂല്യം നൽകി വരുന്നത്. 84035 നെൽകർഷകരും 196116 കരകൃഷി ചെയ്യുന്നവരും 265 പോളിഹൗസ് കൃഷി ചെയ്യുന്നവരും കാർഷിക സൗജന്യ വൈദ്യുതി പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നവരാണ്.

**കർഷകർക്ക് ആശ്വാസം നൽകുന്നതിനുള്ള പദ്ധതികൾ**

83 (3029) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് ആശ്വാസം നൽകുന്നതിനായി ഈ സർക്കാർ സ്വീകരിച്ച പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാന വിത്തു വികസന അതോറിറ്റി മുഖേന കർഷകർക്ക് എപ്രകാരമാണ് സഹായം നൽകുന്നത് എന്ന് അറിയിക്കാമോ;

(സി) വിത്തു വികസന അതോറിറ്റി മുഖേന കർഷകർക്ക് സഹായം നൽകുന്നതിനുള്ള നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; ഇതു സംബന്ധിച്ച് കർഷകർക്ക് ബോധവത്കരണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) വിവിധ വിളകളുടെ കൃഷി പ്രോത്സാഹനം, മണ്ണ്-സസ്യാരോഗ്യ പരിപാലനം, വിത്ത്, നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കൽ, കർഷകരുടെ ഉല്പന്നങ്ങൾക്ക് വിപണി-മൂല്യവർദ്ധന സൗകര്യം ഒരുക്കൽ, ശാസ്ത്രീയ കൃഷി അറിവുകൾ കർഷകർക്ക് ലഭ്യമാക്കുക, പ്രകൃതിക്ഷോഭംമൂലമുള്ള വിളനാശത്തിനുള്ള സഹായം, ഉയർന്ന നഷ്ടപരിഹാരത്തോടുകൂടിയ വിളകളുടെ ഇൻഷ്വറൻസ്

സൗകര്യം തുടങ്ങി കർഷകർക്ക് ആശ്വാസം നൽകുന്നതിനുള്ള വിവിധ പദ്ധതികൾ 90,162 ലക്ഷം രൂപ ബജറ്റ് വിഹിതത്തോടെ 2017-18 വർഷം കൃഷി വകുപ്പ് നടപ്പാക്കിവരികയാണ്. ഇവയ്ക്കുപുറമെ കർഷക പെൻഷൻ, കാർഷിക സൗജന്യ വൈദ്യുതി, നെൽകൃഷി ഉൽപ്പാദന ബോണസ്, റബ്ബർ കർഷകർക്കുള്ള ഉല്പാദക ഇൻസെന്റീവ് എന്നിവയ്ക്കായി പദ്ധതിയേതര വിഹിതത്തിൽ 67294.70 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പാക്കിവരുന്നു.

(ബി) കർഷകർക്ക് ഗുണമേന്മയുള്ള വിത്തുകൾ ന്യായമായ വിലയ്ക്ക് KSSDA മുഖേന ലഭ്യമാക്കുന്നു. രജിസ്റ്റേർഡ് വിത്തുല്പാദകരായി KSSDA-യിൽ രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്നും അവരുല്പാദിപ്പിക്കുന്ന നെൽവിത്ത് സീഡ് അതോറിറ്റി സംഭരിക്കുകയും സംസ്ഥാനത്തെ കൃഷിഭവനുകളിലൂടെ ഇതര നെൽകർഷകർക്ക് ന്യായമായ വിലയ്ക്ക് നൽകുകയും ചെയ്യുന്നു. കൂടാതെ പ്രകൃതിക്ഷോഭംമൂലം വിത്ത് വിതച്ചത് നഷ്ടപ്പെട്ടാൽ പകരം വിത്ത് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ ശിപാർശ പ്രകാരം കർഷകർക്ക് സൗജന്യമായി നൽകിവരുന്നുണ്ട്.

(സി) കൃഷി ഭവൻ മുഖേന രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതിയിൽ അംഗങ്ങളാകുന്ന കർഷകർ ഉല്പാദിപ്പിക്കുന്ന വിത്ത് KSSDA സംഭരിക്കുകയും വില നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ പ്രകൃതിക്ഷോഭംമൂലം വിതച്ച വിത്ത് നഷ്ടപ്പെടുന്ന അവസരത്തിൽ കൃഷിഭവൻ മുഖേന സൗജന്യ വിത്ത് KSSDA നൽകുന്നുമുണ്ട്. രജിസ്റ്റേർഡ് വിത്തുല്പാദക പദ്ധതി സംബന്ധിച്ച ബോധവൽക്കരണ പരിശീലന പരിപാടികളും KSSDA നടത്തിവരുന്നുണ്ട്.

### നാണ്യവിളകളുടെ വിലയിടിവ്

84 (3030) <u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> :
<u>ഡോ. എം. കെ. മുനീർ</u> :
<u>ശ്രീ. പി. കെ. ബഷീർ</u> :
<u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാണ്യവിളകളുടെ വിലയിടിവ്മൂലം കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാണ്യവിളകൾക്ക് ന്യായമായ വില ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) റബ്ബർ വിലയിടിവ് നേരിട്ടപ്പോൾ റബ്ബർ കർഷകരെ സഹായിക്കുവാൻ റബ്ബറിന് കിലോയ്ക്ക് 150 രൂപ ഉറപ്പാക്കുന്ന 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ നാണ്യവിളകളുടെ ഇറക്കുമതിയുമായി ബന്ധപ്പെട്ട നയങ്ങൾ പുനഃപരിശോധിക്കണമെന്നും സംസ്ഥാനത്തെ വിളകളെ സംരക്ഷണ പട്ടികയിൽ ഉൾപ്പെടുത്തണമെന്നും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. (അനുബന്ധം)*

**കരുനാഗപ്പള്ളി സ്റ്റേറ്റ് കോക്കനട്ട് നഴ്സറിയുടെ പ്രവർത്തനങ്ങൾ**

85(3031) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി സ്റ്റേറ്റ് കോക്കനട്ട് നഴ്സറിയിൽ സീനിയർ അഗ്രികൾച്ചർ ഓഫീസർ തസ്തികയിൽ ഉദ്യോഗസ്ഥൻ പ്രവർത്തിക്കുന്നുണ്ടോ; ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിലെ കൃഷി ഓഫീസർ തുടർച്ചയായി അവധിയിൽ പ്രവേശിക്കുന്ന സാഹചര്യത്തിൽ കുലശേഖരപുരം കൃഷി ഭവനിലെ കൃഷി ഓഫീസർക്ക് അധികചുമതല നൽകി നിയമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) വിവിധ കാർഷിക പദ്ധതികൾ വിജയകരമായി നടപ്പിലാക്കിവരുന്ന കുലശേഖരപുരം കൃഷിഭവന്റെ പ്രവർത്തനത്തെ ബാധിക്കുന്ന തരത്തിലുള്ള നടപടി ഒഴിവാക്കി പ്രസ്തുത സ്ഥാപനം കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനാവശ്യമായ തരത്തിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി സ്റ്റേറ്റ് കോക്കനട്ട് നഴ്സറിയിൽ സീനിയർ അഗ്രികൾച്ചർ ഓഫീസർ തസ്തികയിൽ ഉദ്യോഗസ്ഥൻ പ്രവർത്തിക്കുന്നുണ്ട്. ഗുണമേന്മയുള്ള വിവിധയിനം തെങ്ങിൻ തൈകൾ, പച്ചക്കറി വിത്തുകൾ, വാഴക്കന്നുകൾ എന്നിവ ഇവിടെ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നു.

(ബി) അധിക ചുമതല നൽകിയിട്ടുണ്ട്. 17-4-2017 മുതൽ 17-6-2017 വരെ സീനിയർ അഗ്രികൾച്ചർ ഓഫീസർ അവധിയിലായിരുന്നതിനാൽ കുലശേഖരപുരം കൃഷി ഓഫീസർക്ക് അധിക ചുമതല നൽകിയിട്ടുണ്ട്. ആയതിനുശേഷം 1-8-2017 മുതൽ 10-8-2017 വരെ വീണ്ടും സീനിയർ കൃഷി ഓഫീസർ അവധിയിലായിരുന്നതിനാൽ കുലശേഖരപുരം കൃഷി ഓഫീസർക്ക് അധിക ചുമതല നൽകിയിരുന്നു. 11-8-2017-ന് സീനിയർ കൃഷി ഓഫീസർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്. വർക്കിംഗ് അറേഞ്ച്മെന്റിൽ കുലശേഖരപുരം കൃഷിഭവനിലേയ്ക്ക് ഉമ്മന്നൂർ കൃഷി ഭവനിൽനിന്നും ഒരു കൃഷി അസിസ്റ്റന്റിനെ നിയമിച്ചിട്ടുണ്ട്.

## കരുനാഗപ്പള്ളി മണ്ഡലത്തിലെ കൃഷി ഭവനുകളിൽ പ്രദേശവാസികളെ നിയമിക്കുന്നതിന് നടപടി

86 (3032) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിലെ കുലശേഖരപുരം, ആലപ്പാട് കൃഷി ഭവനുകളിൽ അഗ്രിക്കൾച്ചർ അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാർ വിദൂരദേശങ്ങളിലുള്ളവരാകയാൽ ഇവയുടെ പ്രവർത്തനം താളംതെറ്റുന്നതായും കൃഷിഭവൻവഴി നടപ്പിലാക്കുന്ന പദ്ധതികൾ ലക്ഷ്യത്തിലെത്താത്തതും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) പ്രസ്തുത കൃഷിഭവനുകളിൽ തദ്ദേശീയരോ സമീപ പ്രദേശങ്ങളിൽ താമസിക്കുന്നവരോ ആയ ജീവനക്കാരില്ലാത്തതിനാൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് പ്രസ്തുത കൃഷിഭവനുകളിലേയ്ക്ക് പ്രദേശവാസികളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കുലശേഖരപുരം കൃഷി ഭവനിൽ കൃഷി അസിസ്റ്റന്റിന്റെ അഭാവം കണക്കിലെടുത്ത് വർക്കിംഗ് അറേഞ്ച്മെന്റിൽ ഒരു കൃഷി അസിസ്റ്റന്റിനെ നിയമിച്ചിട്ടുണ്ട്.

## കർഷകർക്ക് സബ്സിഡിയായി വിതരണം ചെയ്യുന്ന യൂറിയ

87 (3033) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് സബ്സിഡിയോടെ വിതരണം ചെയ്യുന്ന യൂറിയ ഇടനിലക്കാർ പ്ലൈവുഡ് കമ്പനികൾക്ക് മറിച്ചുവിൽക്കുന്ന സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധമായ റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; വിശദാംശങ്ങൾ നൽകുമോ;

(സി) പ്ലൈവുഡ് കമ്പനികൾ ഈ യൂറിയ പശ നിർമ്മാണത്തിന് ഉപയോഗിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കൃഷിക്കായി കിട്ടുന്ന യൂറിയ പ്ലൈവുഡ് കമ്പനികൾക്ക് മറിച്ചു വിൽക്കുമ്പോൾ പതിൻമടങ്ങ് ലാഭമാണ് കിട്ടുന്നതെന്ന കാര്യം പരിശോധിക്കുക യുണ്ടായോ; സംസ്ഥാനത്ത് ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഒരു വർഷത്തിനകം എത്ര പരാതികൾ ലഭിച്ചു ;

(ഇ) യൂറിയ വിതരണം സുതാര്യമാക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പരിശോധിച്ചു. എറണാകുളം ജില്ലയിലെ അശമന്നൂർ പഞ്ചായത്തിലെ ഉദയ കവലയിൽ മേതല റൂട്ടിൽ സ്ഥിതി ചെയ്യുന്ന 'കിംഗ് പ്ലൈവുഡ് ' എന്ന സ്ഥാപനത്തിൽനിന്നും കാർഷികാവശ്യത്തിനുള്ള യൂറിയ മദ്രാസ് ഫെർട്ടിലൈസേഴ്സ് കമ്പനിയുടെ വിജയ് യൂറിയ 50 കിലോഗ്രാമിന്റെ 870 ചാക്കുകളും MCFL കമ്പനിയുടെ രണ്ട് ചാക്കുകളും കുറുപ്പംപടി പോലീസ് സബ്ഇൻസ്പെക്ടറുടെ സാന്നിദ്ധ്യത്തിൽ കൃഷി ഓഫീസർ പിടിച്ചെടുക്കുകയും ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ പ്രകാരം സാമ്പിളുകൾ എടുക്കുകയും പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്തു. പിടിച്ചെടുത്ത യൂറിയ സൂക്ഷിച്ചിരുന്ന മുറി പൂട്ടി സീൽ ചെയ്ത് താക്കോൽ കുറുപ്പംപടി സബ് ഇൻസ്പെക്ടർക്ക് കൈമാറുകയും ഇതുസംബന്ധിച്ച് നിയമാനുസൃതം കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. എറണാകുളം ജില്ലാ കളക്ടറെ ഈ വിവരം അറിയിക്കുകയും ചെയ്തു.

(സി) ഉണ്ട്.

(ഡി) പരിശോധിച്ചു. സംസ്ഥാനത്ത് ഇതുമായി ബന്ധപ്പെട്ട് ഒരു പരാതിയാണ് ലഭിച്ചത്. എന്നാൽ പരാതിയുടെ മാത്രം അടിസ്ഥാനത്തിലല്ലാതെ ഇത്തരം ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുവാൻ കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പരിശോധനകൾ ആരംഭിച്ചിട്ടുണ്ട്.

(ഇ) കേന്ദ്ര സർക്കാരിന്റെ പുതിയ DBT (Direct Benefit Transfer) പദ്ധതി പ്രകാരം രാസവളം വിൽക്കുന്നത് നിർബന്ധമായും POS മെഷീൻവഴി കൃഷിക്കാരുടെ ആധാർ നമ്പർ/തിരിച്ചറിയൽ കാർഡ് നമ്പർ, വിരലടയാളം എന്നിവ ശേഖരിച്ചശേഷം മാത്രമേ പാടുള്ളൂ എന്ന രീതി 2017 സെപ്റ്റംബർ 1 മുതൽ നിർബന്ധമാക്കിയിരിക്കുകയാണ്. അതിനുള്ള മെഷീൻ വിതരണവും പരിശീലനവും നടന്നുവരികയാണ്. കൂടാതെ രാസവള ഇൻസ്പെക്ടർമാരായ കൃഷി ഓഫീസർമാർ വളം ഡിപ്പോകളിലെ സ്റ്റോക്ക്, വിൽപ്പന എന്നിവയും പരിശോധിച്ചുവരുന്നു.

## നാണ്യവിളകളുടെ വിലത്തകർച്ച

88 (3034) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാണ്യവിളകൾക്ക് തുടർച്ചയായുണ്ടാകുന്ന വിലത്തകർച്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിലത്തകർച്ചയ്ക്കുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഏലം, കുരുമുളക്, തേയില, കാപ്പി, കൊക്കൊ, ഗ്രാമ്പു മുതലായ നാണ്യവിളകളുടെ വിലത്തകർച്ചമൂലം അവ കൃഷി ചെയ്യുന്ന കർഷകർക്ക് ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ പ്രധാന നാണ്യവിളകളായ റബ്ബർ, കാപ്പി, തേയില, കുരുമുളക്, ഏലം എന്നിവയുടെ വില അന്താരാഷ്ട്ര വിലയെയും അന്താരാഷ്ട്ര ഉത്പാദനത്തെയും ആശ്രയിച്ചാണ് ഒരുപരിധിവരെ നിശ്ചയിക്കപ്പെടുന്നത്. പ്രസ്തുത ഉൽപ്പന്നങ്ങളെല്ലാംതന്നെ ഇറക്കുമതി ഭീഷണി നേരിടുന്നുണ്ട്. നമ്മുടെ രാജ്യത്തെക്കാൾ ഉല്പാദനച്ചെലവ് കുറഞ്ഞ രാജ്യങ്ങളിൽനിന്നും ഇറക്കുമതി വരുന്നതും ഉല്പന്നങ്ങൾക്ക് ചില സമയങ്ങളിൽ ആവശ്യക്കാർ കുറയുന്നതും വിലയിടിവിന് കാരണമാകുന്നുണ്ട്.

(സി) ഈ വിളകളുമായി ബന്ധപ്പെട്ട വിഷയം കേന്ദ്രസർക്കാരിന്റെ കീഴിലുള്ള കോഫിബോർഡ്, ടീബോർഡ്, സ്പൈസസ് ബോർഡ് എന്നിവയാണ് കൈകാര്യം ചെയ്തുവരുന്നത്. എന്നാൽ നാണ്യവിളകൾക്കും സുഗന്ധവിളകൾക്കുമുണ്ടാകുന്ന വിലത്തകർച്ചയും പ്രതിസന്ധിയും പരിഹരിക്കുവാൻ സംസ്ഥാന കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ നടപടികൾ ആലോചിക്കുന്നതാണ്.

## കർഷകർക്ക് ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നതിന് സംവിധാനം

89 (3035) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ നേരിട്ട് എത്തിക്കുന്നതിനായി കൃഷി വകുപ്പ് ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതിനായി എത്ര തുക ചെലവഴിച്ചു; ജില്ലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) കാർഷിക വികസന കർഷകക്ഷേമ വകുപ്പിന് കീഴിലുള്ള 8 തെങ്ങിൻ തൈ നഴ്സറികൾ, 33 സംസ്ഥാന വിത്തുല്പാദന കേന്ദ്രങ്ങൾ, 14 സ്പെഷ്യൽ ഫാമുകൾ, 9 ജില്ലാ കൃഷിത്തോട്ടങ്ങൾ എന്നിങ്ങനെ 64 ഫാമുകൾ മുഖേന ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തുവരുന്നുണ്ട്.

തെങ്ങിൻതൈ നഴ്സറികൾ മുഖേന ഗുണമേന്മയുള്ള വിവിധയിനം തെങ്ങിൻ തൈകളും പച്ചക്കറി വിത്തുകളും പച്ചക്കറി തൈകളും സംസ്ഥാന വിത്തുല്പാദന കേന്ദ്രങ്ങൾവഴി ഗുണമേന്മയുള്ള നെൽവിത്തിനങ്ങളും വിവിധയിനം പച്ചക്കറി വിത്തുകളും പച്ചക്കറി തൈകളും ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്. കൂടാതെ സ്പെഷ്യൽ ഫാമുകൾവഴിയും ജില്ലാ ഫാമുകൾവഴിയും ഗുണമേന്മയുള്ള ഫലവർഗ്ഗ വൃക്ഷങ്ങളുടെ ഗ്രാഫ്റ്റുകളും ലെയറുകളും തൈകളും മേൽത്തരം വേരുപിടിപ്പിച്ച കുരുമുളക് വള്ളികൾ, പച്ചക്കറി വിത്തുകൾ, പച്ചക്കറി തൈകൾ എന്നിവ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നുണ്ട്. കഴക്കൂട്ടം ബയോടെക്നോളജി ആന്റ് മോഡൽ ഫ്ലോറികൾച്ചർ സെന്റർ, ജില്ലാ കൃഷിത്തോട്ടം-തളിപ്പറമ്പ്, ജില്ലാ കൃഷിത്തോട്ടം-അഞ്ചൽ എന്നിവിടങ്ങളിൽ മേൽത്തരം ടിഷ്യൂകൾച്ചർ വാഴത്തൈകൾ ഉല്പാദിപ്പിച്ച് മിതമായ വിലയ്ക്ക് വിതരണം ചെയ്യുന്നുണ്ട്.

വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളത്തിന്റെ കീഴിലുള്ള ആലത്തൂർ വിത്തു സംസ്കരണ ശാലയിൽ 120 മെട്രിക് ടൺ പച്ചക്കറി വിത്തുകളും 10 ലക്ഷം ടിഷ്യൂകൾച്ചർ വാഴത്തൈകളും ഉൽപ്പാദിപ്പിക്കുന്നതിനും നടപടിയെടുത്തിട്ടുണ്ട്. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളത്തിന്റെ എറണാകുളം, കാസർഗോഡ്, തിരുവനന്തപുരം എന്നിവിടങ്ങളിലെ കൃഷി ബിസിനസ് കേന്ദ്രംവഴി വിത്തുകളും വാഴത്തൈകളും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി ഗുണമേന്മയുള്ള നെൽവിത്ത് രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതിയിലൂടെ ഉത്പാദിപ്പിച്ചും നാഷണൽ സീഡ്സ് കോർപ്പറേഷൻ തുടങ്ങിയ ഏജൻസിയുടെ സഹായത്താലും കൃഷിഭവനുകൾ മുഖേന കർഷകർക്ക് എത്തിച്ചുകൊടുക്കുന്നുണ്ട്. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ മൂവാറ്റുപ്പുഴയ്ക്ക് സമീപം നടുക്കരയിൽ ഒരു വർഷം 2 കോടി പച്ചക്കറിത്തൈകൾ ഉൽപ്പാദിപ്പിക്കുവാൻ കഴിയുന്ന ഹൈടെക് നഴ്സറി പ്രവർത്തനസജ്ജമായിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതിനായി ചെലവഴിച്ച തുക അനുബന്ധമായി ചേർത്തിരിക്കുന്നു.*

**വിയറ്റ്നാമിൽ നിന്നുള്ള കുരുമുളക് ഇറക്കുമതി**

90 (3036) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കീടനാശിനിയുടെ അംശം വളരെ കൂടുതലുള്ള കുരുമുളക് വിയറ്റ്നാമിൽ നിന്നും ശ്രീലങ്കവഴി വൻതോതിൽ സംസ്ഥാനത്തേയ്ക്ക് ഇറക്കുമതി ചെയ്യുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇറക്കുമതി ചെയ്ത കുരുമുളക് ഇന്ത്യൻ കുരുമുളകിന്റെ കൂടെ കലർത്തി കയറ്റി അയയ്ക്കുന്ന പ്രവൃത്തി, കേരളത്തിലെ കുരുമുളക് കർഷകരെ ദോഷകരമായി ബാധിക്കുന്നതും അന്താരാഷ്ട്രതലത്തിൽ ഇന്ത്യൻ കർഷകർക്കും ഉത്പന്നങ്ങൾക്കും മോശമായ പ്രതിച്ഛായയുണ്ടാക്കുന്നതുമായതിനാൽ ഇത് പൂർണ്ണമായും തടയുവാൻ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആസിയാൻ കരാറിലും ഇന്ത്യാ-ശ്രീലങ്ക സ്വതന്ത്ര വ്യാപാര കരാറിലും ഇന്ത്യ അംഗമായതിനാൽ വിയറ്റ്നാമിൽനിന്നും കുരുമുളക് ശ്രീലങ്ക വഴി ഇന്ത്യയിലേയ്ക്ക് ഇറക്കുമതി ചെയ്യുവാനുള്ള സാധ്യതകൾ നിലവിലുണ്ട്. എന്നാൽ 2015-16 വർഷത്തെ അപേക്ഷിച്ച് 2016-17-ൽ ശ്രീലങ്കയിൽ നിന്നുള്ള കുരുമുളക് ഇറക്കുമതി 39% കുറവായിരുന്നു.

(ബി) ഇറക്കുമതി ഒഴിവാക്കുന്ന നടപടി കേന്ദ്രസർക്കാർ പരിധിയിൽ വരുന്ന വിഷയമാണ്. ഇറക്കുമതി ചെയ്യുന്ന കുരുമുളകുൾപ്പെടെയുള്ള ഉല്പന്നങ്ങളുടെ ദുരുപയോഗം തടയണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**ബാലുശ്ശേരിയിലെ ഹോർട്ടികോർപ്പ് വിപണനകേന്ദ്രം**

91 (3037) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര ഹോർട്ടികോർപ്പ് വിപണനകേന്ദ്രം ആരംഭിച്ചിട്ടുണ്ടെന്നറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ബാലുശ്ശേരി മണ്ഡലത്തിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് ഇപ്പോൾ ഹോർട്ടികോർപ്പ് പച്ചക്കറി വിപണനകേന്ദ്രം നിലവിലുള്ളത് എന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട്, മലപ്പുറം എന്നീ ജില്ലകളിൽ ഹോർട്ടികോർപ്പിന്റെ സംഭരണ വിതരണ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ബാലുശ്ശേരി മണ്ഡലത്തിൽ നിലവിൽ ഹോർട്ടികോർപ്പിന്റെ വിപണന കേന്ദ്രം ഇല്ല. വിപണന കേന്ദ്രം തുടങ്ങുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**പ്രധാൻമന്ത്രി കൃഷി സിഞ്ചായി യോജന**

92 (3038) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാൻമന്ത്രി കൃഷി സിഞ്ചായീ യോജന എന്ന പേരിൽ ഒരു പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം നാളിതുവരെയായി സംസ്ഥാനത്തിന് ലഭിച്ച തുകയുടെയും ചെലവാക്കിയ തുകയുടെയും വിശദവിവരങ്ങൾ ജില്ലകൾ തിരിച്ച് ലഭ്യമാക്കുമോ;

(സി) പി.എം.കെ.എസ്.വൈ. പ്രകാരം ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; ജില്ലകൾ തിരിച്ച് വിവരങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ലഭ്യമായ ജലം പ്രധാനമായും കൃഷിക്കുവേണ്ടി ഫലപ്രദമായി ഉപയോഗിക്കുന്നതിലേയ്ക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് പ്രധാനമന്ത്രി കൃഷി സിഞ്ചായീ യോജന. പ്രസ്തുത പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നതിന്റെ നോഡൽ ഡിപ്പാർട്ടുമെന്റ് കൃഷി വകുപ്പാണ്. കൃഷി, ജലസേചനം, ഗ്രാമവികസനം എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ചേർന്ന് കണ്ടെത്തുന്ന ജലസേചന പ്രവൃത്തികൾ ഉൾപ്പെടുത്തി ഡിസ്ട്രിക്ട് ഇറിഗേഷൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ഡിസ്ട്രിക്ട് ഇറിഗേഷൻ പദ്ധതിയിൽനിന്ന് ഓരോ വർഷവും നടപ്പിലാക്കേണ്ട പ്രവൃത്തികൾ (ആനുവൽ ആക്ഷൻ പ്ലാൻ) കണ്ടെത്തുകയും കേന്ദ്രസഹായം ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കുകയും ചെയ്യുന്നു. 60:40 അനുപാതത്തിലാണ് പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജനയ്ക്ക് കേന്ദ്ര-സംസ്ഥാന വിഹിതം

നിശ്ചയിച്ചിട്ടുള്ളത്. കേരളത്തിലെ 14 ജില്ലകളിലെയും ജില്ലാ ഇറിഗേഷൻ പദ്ധതികൾ സംയോജിപ്പിച്ച് സംസ്ഥാന ഇറിഗേഷൻ പദ്ധതി തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) പി.എം.കെ.എസ്.വൈ. പദ്ധതിപ്രകാരം നാളിതുവരെ കൃഷി, ഗ്രാമവികസനം, ജലസേചനം എന്നീ വകുപ്പുകൾക്ക് ലഭിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും ജില്ല തിരിച്ചുള്ള വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

കൃഷി വകുപ്പ്:- 2015-16 വർഷത്തിൽ ഡിസ്ട്രിക്ട് ഇറിഗേഷൻ പ്ലാനുകൾ, സ്റ്റേറ്റ് ഇറിഗേഷൻ പ്ലാൻ എന്നിവ തയ്യാറാക്കുന്നതിലേയ്ക്കായി അനുവദിച്ച 140 ലക്ഷം രൂപ പൂർണ്ണമായും വിനിയോഗിച്ചു. ആത്മ ഘടകത്തിൽ ലഭിച്ച 212 ലക്ഷം രൂപ പൂർണ്ണമായും വിനിയോഗിച്ചു. സമേതി തലത്തിൽ മേള നടത്തിപ്പിനായും പഠനയാത്രകൾക്കും ട്രെയിനിംഗിനുമായി ആകെ 13.2 ലക്ഷം രൂപയും ജില്ലാ തലത്തിൽ കർഷകാധിഷ്ഠിത പ്രവർത്തനങ്ങളായ ട്രെയിനിംഗ്, ഡെമോൺസ്ട്രേഷൻ, പഠന യാത്രകൾ, കിസാൻ മേള, ഫാം സ്കൂളുകൾ എന്നിവയ്ക്കായി 198.800 ലക്ഷം രൂപയും ചെലവഴിച്ചു. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|
| 1 | 2 |
| തിരുവനന്തപുരം | 14.34 |
| കൊല്ലം | 14.34 |
| പത്തനംതിട്ട | 11.27 |
| ആലപ്പുഴ | 15.44 |
| കോട്ടയം | 14.34 |
| ഇടുക്കി | 11.27 |
| എറണാകുളം | 17.49 |
| തൃശ്ശൂർ | 19.6 |
| പാലക്കാട് | 16.42 |
| മലപ്പുറം | 18.69 |
| കോഴിക്കോട് | 15.44 |
| വയനാട് | 6.98 |

| 1 | 2 |
|---|---|
| കണ്ണൂർ | 13.97 |
| കാസർഗോഡ് | 9.21 |
| ആകെ | 198.8 |

സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻവഴി 142.6 ലക്ഷം രൂപയുടെ സൂക്ഷ്മ ജലസേചന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ഗ്രാമവികസന വകുപ്പ്:- പി.എം.കെ.എസ്.വൈ. പദ്ധതിപ്രകാരം ഗ്രാമവികസന വകുപ്പിന് ലഭിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.*

ജലസേചന വകുപ്പ്:- 2015-16-ൽ പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന പ്രകാരം ജലസേചന വകുപ്പിലെ സി.എ.ഡി.ഡബ്ല്യൂ.എം. പ്രവൃത്തികൾക്ക് കേന്ദ്രസഹായം ലഭിക്കുകയുണ്ടായി. കല്ലട, മൂവാറ്റുപ്പുഴ, കാഞ്ഞിരപ്പുഴ പദ്ധതികളിലെ സി.എ.ഡി.ഡബ്ല്യൂ.എം. പ്രവൃത്തികൾക്കായി 2015-16-ൽ 192.492 ലക്ഷം രൂപ ലഭിക്കുകയുണ്ടായി. അതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

കല്ലട - 48.492 ലക്ഷം (കൊല്ലം, പത്തനംതിട്ട, ആലപ്പുഴ)

മൂവാറ്റുപ്പുഴ - 99 ലക്ഷം (എറണാകുളം, ഇടുക്കി)

കാഞ്ഞിരപ്പുഴ - 45 ലക്ഷം (പാലക്കാട്)

(സി) പി.എം.കെ.എസ്.വൈ. പദ്ധതിപ്രകാരം കൃഷി, ഗ്രാമവികസനം, ജലസേചനം എന്നീ വകുപ്പുകൾ മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കൃഷി വകുപ്പ്:- പി.എം.കെ.എസ്.വൈ. പദ്ധതി പ്രകാരം ഡിസ്ട്രിക്ട് ഇറിഗേഷൻ പ്ലാനുകളും സ്റ്റേറ്റ് ഇറിഗേഷൻ പ്ലാനും വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുകയും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. 2017-18-ൽ നടപ്പിലാക്കേണ്ട പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ടുകൾ ജില്ലകളിൽനിന്നും ലഭ്യമായിവരുന്നു.

ഗ്രാമവികസന വകുപ്പ്:- പി.എം.കെ.എസ്.വൈ. പ്രകാരമുള്ള പദ്ധതികളുടെ ജില്ലകൾ തിരിച്ചുള്ള വിശദാംശം അനുബന്ധം - 2 ആയി ചേർത്തിരിക്കുന്നു.*

ജലസേചന വകുപ്പ്:- പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജനയുടെ ഭാഗമായ ഡിസ്ട്രിക്ട് ഇറിഗേഷൻ പദ്ധതിയിൽ നിരവധി ജലസേചന പ്രവൃത്തികൾ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും നാളിതുവരെ ഒരു പ്രവൃത്തികൾക്കും കേന്ദ്രസഹായം ലഭിച്ചിട്ടില്ല. ആയതിനാൽ പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കാലവർഷത്തിൽ വിളനാശം നേരിട്ട കർഷകർ

93 (3039) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷത്തിൽ വിളനാശം നേരിട്ട കർഷകർക്ക് വിള ഇൻഷ്വറൻസ് ഇല്ലെന്ന കാരണത്താൽ അർഹമായ നഷ്ടപരിഹാരം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ; എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി എന്തെന്ന് വിശദമാക്കാമോ;

(സി) വിളനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിൽ നേരിടുന്ന വൻ കാലതാമസം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നിലവിൽ വിള ഇൻഷ്വർ ചെയ്തിട്ടുള്ള കർഷകർക്ക് മാത്രമേ ഇൻഷ്വറൻസ് പരിരക്ഷ അനുവദിക്കാൻ സാധിക്കുകയുള്ളൂ. നിലവിൽ വിള ഇൻഷ്വർ ചെയ്യാത്ത കർഷകർക്കും പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ചാൽ നഷ്ടപരിഹാരം നൽകുന്നതിനായി കൃഷിഭവൻ മുഖേന അപേക്ഷ സ്വീകരിച്ച് ഫീൽഡ്തല പരിശോധന നടത്തി നഷ്ടപരിഹാരത്തുക കണക്കാക്കി ഫണ്ട് ലഭ്യമാക്കി മുൻഗണനാ ക്രമമനുസരിച്ച് ആനുകൂല്യം വിതരണം ചെയ്യുന്നതാണ്. അധികമായി വേണ്ടിവരുന്ന തുക കൃഷി വകുപ്പിന്റെ 2401-00-800-91-പ്ലാൻ "പ്രകൃതിക്ഷോഭം നേരിടുന്നതിനുള്ള കരുതൽ നടപടി" എന്ന ശീർഷകത്തിൽനിന്നാണ് കണ്ടെത്തുന്നത്. സംസ്ഥാനത്തെ മുഴുവൻ കർഷകരെയും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

## നെൽവിത്തുകളുടെ ദൗർലഭ്യം

94 (3040) ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെള്ളക്കെട്ടുള്ള പാടശേഖരങ്ങളിൽ കൃഷി ചെയ്യുന്നതിനുവേണ്ടി കർഷകർക്ക് കൃഷിഭവൻ മുഖാന്തരം സബ്സിഡി നിരക്കിൽ വിതരണം ചെയ്തുകൊണ്ടിരുന്ന പൊന്മണി, ഉമ തുടങ്ങിയ നെൽവിത്തുകൾ ഇപ്പോൾ

ലഭ്യമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ ലഭ്യമല്ലാത്തത് വെള്ളക്കെട്ടുള്ള പാടശേഖരങ്ങളിൽ കൃഷി ചെയ്യുന്നതിന് തടസ്സമാകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം നെൽവിത്തുകൾക്കുള്ള സബ്സിഡി നിലവിലുണ്ടോ; ഇവ ശേഖരിച്ച് കൃഷിഭവനുകൾ മുഖേന കർഷകർക്ക് എത്തിച്ചു കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ ഈ വർഷത്തെ ഒന്നാംവിള കൃഷിയിറക്കുവാൻ വൈകിയ കർഷകർക്ക് പൊന്മണി, ഉമ വിത്തുകൾ ലഭിക്കുന്നതിന് ബുദ്ധിമുട്ടുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒന്നാംവിള കൃഷിക്കായി 2411 ടൺ ഉമ, 63 ടൺ പൊന്മണി വിത്തുകൾ കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖേന സംസ്ഥാനത്തെ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ കൃഷി ചെയ്യുവാൻ കഴിയുന്ന ജയ വിത്ത് 292 ടൺ ഈ വർഷം വിതരണം ചെയ്തിട്ടുണ്ട്. നാഷണൽ സീഡ്സ് കോർപ്പറേഷൻ മുഖേന വിത്ത് ലഭ്യത ഉറപ്പാക്കുന്നതിനുള്ള നടപടികളും കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖേന സ്വീകരിച്ചിട്ടുണ്ട്.

(ബി) നെൽവിത്ത് ഉൾപ്പെടെയുള്ള ഉത്പാദനോപാധികൾക്ക് നെൽകൃഷി വികസന പദ്ധതി പ്രകാരം സബ്സിഡി ലഭ്യമാണ്. കർഷകർക്കാവശ്യമായ വിത്ത് കൃഷിഭവൻ മുഖേന കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിയിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഹോർട്ടികോർപ്പിന്റെ പ്രവർത്തനം**

95 (3041) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികോർപ്പിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) പച്ചക്കറിവില കുറയ്ക്കുന്നതിന് സഹായകരമായ നിലപാടല്ല ഹോർട്ടികോർപ്പ് സ്വീകരിക്കുന്നതെന്നും കമ്പോളവിലയെക്കാൾ കൂടുതൽ വില അവർ ഈടാക്കുന്നുവെന്നുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സാധാരണക്കാർക്ക് വില വർദ്ധനവിൽനിന്നും ആശ്വാസം നൽകേണ്ട ഹോർട്ടികോർപ്പ് പച്ചക്കറിക്കും മറ്റും അമിതവില ഈടാക്കുന്നത് പരിശോധിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കർഷകർക്ക് ഹോൾസെയിൽ വിലയെക്കാൾ 10% അധിക വില നൽകി ശേഖരിക്കുന്ന പച്ചക്കറികൾ കമ്പോള വിലയെക്കാൾ 30% വരെ വില കുറച്ചാണ് ഹോർട്ടികോർപ്പ് സ്റ്റാളുകളിലൂടെ വിപണനം നടത്തുന്നത്. അമിത വിലവർദ്ധനവ് ഉണ്ടാകുന്ന സാഹചര്യങ്ങളിൽ സബ്സിഡി നൽകുന്നുണ്ട്.

(സി) ഹോർട്ടികോർപ്പിൽ പച്ചക്കറികൾക്ക് അമിത വില ഈടാക്കുന്നില്ല. മാർക്കറ്റ് വിലയേക്കാൾ കുറവിലാണ് വിൽപ്പന നടത്തുന്നത്.

**കാർഷികോത്പന്നങ്ങൾക്ക് ഏകീകൃത ബ്രാൻഡ് നെയിം**

96 (3042) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന വിവിധ കാർഷിക പദ്ധതികളിലൂടെ ഉത്പാദിപ്പിക്കുന്ന കാർഷികോത്പന്നങ്ങൾ സംസ്കരിച്ച് കൃഷി വകുപ്പിന്റെ ചുമതലയിൽ ഒരു ഏകീകൃത ബ്രാൻഡ് നെയിമിൽ വിപണനം നടത്തുന്നതിന് നിലവിൽ സംവിധാനമുണ്ടോ വിശദമാക്കുമോ;

(ബി) ഓണാട്ടുകര പ്രദേശത്ത് ഉത്പാദിപ്പിച്ച എള്ള് സംസ്കരിച്ച് എണ്ണയാക്കി ഒരു പ്രത്യേക ബ്രാൻഡ് നെയിം ഉപയോഗിച്ച് വിപണനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. സംസ്കരിച്ച കാർഷികോത്പന്നങ്ങളുടെ വിപണനത്തിന് ഒരു ഏകീകൃത ബ്രാൻഡ് നെയിം നൽകിക്കൊണ്ടുള്ള വിപണന സംവിധാനം നിലവിൽ വന്നിട്ടില്ല. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി Agro Business Company of Kerala എന്ന പേരിൽ ഒരു കമ്പനി രൂപീകരിക്കുന്നതിനായി KAICO-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) പരിശോധിക്കാവുന്നതാണ്.

**2015-ലെ കാർഷിക നയം**

97 (3043) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരിന്റെ 2015-ലെ കാർഷിക നയം അതിന്റെ രൂപീകരണ ഘട്ടത്തിലും നിയമസഭാ ചർച്ചകൾക്ക് ശേഷവും 2013-2015 കാലയളവിൽ കേന്ദ്ര സർക്കാരിലേയ്ക്കയച്ച് അഭിപ്രായങ്ങൾ ചോദിച്ചിരുന്നോ;

(ബി) കേന്ദ്ര കൃഷി വകുപ്പ് മന്ത്രിയായിരുന്ന ശ്രീ. ശരത് പവാർ, ഇപ്പോഴത്തെ കേന്ദ്ര കൃഷി വകുപ്പ് മന്ത്രിയായ ശ്രീ. രാധാ മോഹൻ സിംഗ് എന്നിവരിൽ നിന്ന് പ്രസ്തുത കാർഷിക നയം സംബന്ധിച്ച് ലഭിച്ച കത്തുകളുടെയും അഭിപ്രായങ്ങളുടെയും കോപ്പി ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേന്ദ്ര കൃഷി വകുപ്പ് മന്ത്രിയായിരുന്ന ശ്രീ. ശരത് പവാർ അയച്ച 1-1-2014 തീയതിയിലെ ഡി.ഒ. നമ്പർ 2-17/2013-പോളിസി എന്ന കത്തിന്റെ പകർപ്പും 2022-ഓടുകൂടി കർഷകരുടെ വരുമാനം ഇരട്ടിയാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര കൃഷി മന്ത്രി ശ്രീ. രാധാ മോഹൻ സിംഗ് 6-3-2017-ൽ സംസ്ഥാന മുഖ്യമന്ത്രിക്ക് അയച്ച കത്തിന്റെ പകർപ്പും അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

**മണ്ണ് സംരക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങൾ**

98 (3044) <u>ശ്രീ. റ്റി. വി. രാജേഷ്</u> :
<u>ശ്രീ. കെ. ബാബു</u> :
<u>ശ്രീ. കെ. ജെ. മാക്സി</u> :
<u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മണ്ണ് പര്യവേഷണവും സംരക്ഷണവും വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ;

(ബി) വാട്ടർഷെഡ് പദ്ധതികളിലൂടെ സംസ്ഥാനത്തുടനീളം മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) എല്ലാ കർഷകർക്കും സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതുമൂലം കർഷകർക്ക് എന്തെല്ലാം പ്രയോജനങ്ങളാണ് ലഭിക്കുകയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പുമുഖേന സംസ്ഥാനത്തുടനീളം വാട്ടർഷെഡ് പദ്ധതികളിലൂടെ മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. നബാർഡ് സാമ്പത്തിക സഹായത്തോടെയുള്ള ആർ.ഐ. ഡി.എഫ്. പദ്ധതിയുടെ 19 മുതൽ 22 വരെയുള്ള ഘട്ടങ്ങളിലെ 115 വാട്ടർഷെഡുകളിലെ മണ്ണുജലസംരക്ഷണ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത്. കൃഷിഭൂമിയുടെ സംരക്ഷണത്തിനായി കല്ലുകയ്യാല, പുല്ല് വച്ചുപിടിപ്പിക്കൽ, സ്ട്രിപ്പ് ടെറസ്സ്, മഴക്കുഴികൾ, ജൈവവേലി തുടങ്ങിയ പ്രവർത്തനങ്ങളും നീർച്ചാലുകളുടെ സംരക്ഷണത്തിനായി പാർശ്വഭിത്തി നിർമ്മാണം, തടയണകൾ, ക്രോസ്സ് ബാറുകൾ, ലീഡിംഗ്/ഡൈവേർഷൻ ചാനലുകൾ, ഭൂഗർഭജല പരിപോഷണത്തിനും ശുദ്ധജല സംഭരണത്തിനുമായി ജലസംഭരണികൾ, കിണർ റീചാർജ്ജിംഗ്, കിണറുകളുടെയും കുളങ്ങളുടെയും പുനരുദ്ധാരണം തുടങ്ങിയ മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങൾ വാട്ടർഷെഡ് അടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു.

(സി) കേന്ദ്രസർക്കാർ 2014-15 വർഷം മുതൽ നടപ്പിലാക്കിവരുന്ന കേന്ദ്ര സോയിൽ ഹെൽത്ത് കാർഡ് പദ്ധതിയിലുൾപ്പെടുത്തി എല്ലാ കർഷകർക്കും സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യുവാനുദ്ദേശിക്കുന്നുണ്ട്.

മണ്ണിന്റെ രാസഭൗതിക സ്വഭാവങ്ങളുടെയും ശാസ്ത്രീയ വളപ്രയോഗ ശിപാർശകളുടെയും ആധികാരിക രേഖയായ സോയിൽ ഹെൽത്ത് കാർഡ് മണ്ണറിഞ്ഞ് വളം ചെയ്യുവാനും തദ്വാര മണ്ണിന്റെ ആരോഗ്യം സംരക്ഷിക്കുവാനും കർഷകരെ സഹായിക്കുന്നു. കൂടാതെ മണ്ണിലടങ്ങിയിട്ടുള്ള പോഷക മൂലകങ്ങളുടെ തോത് പരിശോധിച്ച് ആവശ്യാനുസരണംമാത്രം വളപ്രയോഗം നടത്തുന്നുവഴി കൃഷിച്ചെലവ് ഗണ്യമായി കുറയ്ക്കുവാനും ഉത്പാദനം വർദ്ധിപ്പിക്കുവാനും സഹായിക്കുന്നു.

**സോയിൽ ഹെൽത്ത് കാർഡ്**

99 (3045) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്;

(ബി) സോയിൽ ഹെൽത്ത് കാർഡ് കർഷകർക്ക് ഏതെല്ലാം തരത്തിൽ പ്രയോജനം ചെയ്യുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേന്ദ്രസർക്കാരിന്റെ നാഷണൽ മിഷൻ ഫോർ സസ്റ്റൈനബിൾ അഗ്രികൾച്ചർ (എൻ.എം.എസ്.എ.) എന്ന മിഷന്റെ കീഴിലുള്ള പദ്ധതിയാണ് സോയിൽ ഹെൽത്ത് കാർഡ്. മണ്ണിലടങ്ങിയിരിക്കുന്ന പ്രാഥമിക, ദ്വിതീയ മൂലകങ്ങൾ,

സൂക്ഷ്മ മൂലകങ്ങൾ എന്നിവയുൾപ്പെടെ 13 മാനദണ്ഡങ്ങളും അവയനുസരിച്ചുള്ള വളപ്രയോഗത്തിന്റെ ശിപാർശകളുമടങ്ങിയതാണ് മണ്ണുപരിപോഷണ കാർഡ്. സംസ്ഥാനത്തെ എല്ലാ കൃഷിയിടങ്ങളുടെയും (കർഷകർക്കും) വിവരങ്ങളടങ്ങിയ 68.3 ലക്ഷം മണ്ണുപരിപോഷണ കാർഡ് വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയുടെ രണ്ടാംഘട്ടം ഇപ്പോൾ പ്രാരംഭദിശയിലാണ്. ഈ പദ്ധതിയുടെ 2015-16, 2016-17 വർഷത്തെ ഒന്നാം ഘട്ടത്തിന്റെ കാലയളവിൽ 6.5 ലക്ഷം മണ്ണ് പരിപോഷണ കാർഡുകൾ തയ്യാറാക്കി വിതരണം ചെയ്തു.

(ബി) മണ്ണുപരിപോഷണ കാർഡുകളിൽ ഓരോ കൃഷിയിടത്തിലെയും മണ്ണിന്റെ സ്വഭാവം, മൂലകങ്ങളുടെ അളവ് എന്നിവയ്ക്കുപുറമെ ശിപാർശ അനുസരിച്ചുള്ള വളപ്രയോഗവും രേഖപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് കർഷകർക്ക് ജൈവരാസവളങ്ങൾ വിളയ്ക്ക് ആവശ്യാനുസരണം മാത്രം ശിപാർശയനുസരിച്ച് ചേർക്കുവാൻ കഴിയുന്നു. അനാവശ്യ വളപ്രയോഗത്തിന് വേണ്ടിവരുന്ന പാഴ്ചെലവ് ഒഴിവാക്കാനും മണ്ണിലും ജലത്തിലും രാസവളങ്ങളുടെ അമിത ഉപയോഗംമൂലമുണ്ടാകുന്ന പരിസ്ഥിതി മലിനീകരണം ഒഴിവാക്കാനും സഹായിക്കുന്നു.

**കേരള കാർഷിക സർവ്വകലാശാല**

100 (3046) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി ഗീതാ ഗോപി :
ശ്രീമതി സി. കെ. ആശ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കാർഷിക സർവ്വകലാശാലയുടെ ഗവേഷണ ഫലങ്ങൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും കർഷകരുടെ അഭിപ്രായം സ്വീകരിച്ച് ഗവേഷണം മൂല്യവത്താക്കാനും നടപടി സ്വീകരിക്കുമോ;

(സി) പ്രധാനമായും എന്തൊക്കെ ഗവേഷണ പ്രവർത്തനങ്ങളാണ് സർവ്വകലാശാലയിൽ നടക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) കാർഷിക സർവ്വകലാശാല വികസിപ്പിച്ച സാങ്കേതിക വിദ്യകൾ പൊതു സമൂഹത്തിന് എത്രത്തോളം പ്രയോജനപ്പെട്ടുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഓരോ സാമ്പത്തിക വർഷത്തിലെയും സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച വാർഷിക റിപ്പോർട്ടുകൾ നിയമസഭ ഉൾപ്പെടെയുള്ള അധികാര സ്ഥാനങ്ങളുടെ പരിശോധനയ്ക്കായി ലഭ്യമാക്കുന്നുണ്ട്. കൂടാതെ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഉൾപ്പെടെയുള്ള ഓഡിറ്റ് സംവിധാനങ്ങളും സർവ്വകലാശാലയുടെ സാമ്പത്തികപരമായ വിഷയങ്ങൾ അടക്കമുള്ള പ്രവർത്തനങ്ങൾ വിലയിരുത്തലിന് വിധേയമാക്കുന്നുണ്ട്. ഇതുകൂടാതെ പ്രൊ-ചാൻസലർ കൂടിയായ കൃഷി മന്ത്രി പ്രതിമാസ റിവ്യൂ മീറ്റിംഗ് ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്.

(ബി) കാർഷിക സർവ്വകലാശാലയുടെ ഗവേഷണ ഫലങ്ങൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും കർഷകരുടെ അഭിപ്രായം സ്വീകരിച്ച് ഗവേഷണം മൂല്യവത്താക്കാനുമുള്ള പ്രവർത്തനങ്ങളാണ് കാർഷിക സർവ്വകലാശാല നടത്തിവരുന്നത്.

കാർഷിക സർവ്വകലാശാലയുടെ വിവിധ കോളേജുകളിലും ഗവേഷണ കേന്ദ്രങ്ങളിലും ശാസ്ത്രീയ കൃഷി രീതിയെക്കുറിച്ചും പുതിയ സാങ്കേതിക വിദ്യകളെക്കുറിച്ചും പരിശീലനങ്ങൾ, സെമിനാറുകൾ എന്നിവ നടത്താറുണ്ട്. സ്വാശ്രയ സംഘങ്ങൾവഴിയും കാർഷിക പദ്ധതികൾ നടത്തിവരുന്നു. കൂടാതെ സർവ്വകലാശാലയുടെ ഗവേഷണ ഫലങ്ങൾ അടിസ്ഥാനമാക്കി പാക്കേജ് ഓഫ് പ്രാക്ടീസസ് പ്രസിദ്ധീകരിക്കുന്നുണ്ട്. ഇത് കാലാകാലങ്ങളിൽ നവീകരിക്കാറുമുണ്ട്. കാർഷിക സംബന്ധമായ വിവിധ രംഗങ്ങളിൽ മുൻനിര പ്രദർശനങ്ങളും പരിശീലന പരിപാടികളും സംഘടിപ്പിച്ചുവരുന്നു. കാർഷിക സംബന്ധമായ വിവരങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി കാർഷിക സർവ്വകലാശാലയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

മേഖലാടിസ്ഥാനത്തിൽ കർഷകർ, ഗവേഷകർ, വികസന ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെടുന്ന സാങ്കേതിക സമിതി കാർഷികരംഗത്തെ പ്രശ്നങ്ങൾ സമഗ്രമായി ചർച്ച ചെയ്യുകയും ഗവേഷണ പദ്ധതികൾ രൂപീകരിക്കുകയും ചെയ്യാറുണ്ട്. ഇതിലൂടെ കർഷക അധിഷ്ഠിത ഗവേഷണം ഉറപ്പുവരുത്തുന്നു. പങ്കാളിത്ത ഗവേഷണ പദ്ധതികളിലൂടെ കർഷകരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഗവേഷണ പദ്ധതികളും കേരള കാർഷിക സർവ്വകലാശാല നടത്തിവരുന്നു.

(സി) കാർഷിക സർവ്വകലാശാലയുടെ ഗവേഷണ പ്രവർത്തനങ്ങൾ സുസ്ഥിര കൃഷിരീതികൾക്കും പരിസ്ഥിതി സൗഹൃദ ഉൽപ്പാദന സംവിധാനങ്ങൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ളവയാണ്. ഉൽപ്പന്ന ഗുണമേന്മ, ഉപോൽപ്പന്ന ഉപയോഗം,

വിപണനം എന്നീ കാര്യങ്ങൾകൂടി പരിഗണിച്ചുകൊണ്ടാണ് ഗവേഷണ പദ്ധതികൾ ആവിഷ്കരിക്കുന്നതും നടപ്പിലാക്കുന്നതും. കൃഷിയിടങ്ങളിലെ ഉൽപ്പാദനവും വരുമാനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പുതിയ വിത്തിനങ്ങൾ വികസിപ്പിച്ച് പുറത്തിറക്കുക, പുതിയ കാർഷിക യന്ത്രങ്ങൾ വികസിപ്പിച്ചെടുക്കുക തുടങ്ങിയ ഗവേഷണ പ്രവർത്തനങ്ങളാണ് കേരള കാർഷിക സർവ്വകലാശാലയിൽ നടക്കുന്നത്.

അത്യുത്പ്പാദനശേഷിയുള്ള പുതിയ ഇനങ്ങളും ഗുണമേന്മയുള്ള വിത്ത്, ചെടികൾ എന്നിവയും ജീവാണു മരുന്നുകൾ, വളക്കൂട്ടുകൾ എന്നിവയും ഉത്പ്പാദിപ്പിക്കുന്നു. പരമ്പരാഗത വിത്തിനങ്ങൾ സംരക്ഷിക്കുക എന്ന ഉദ്ദേശത്തോടെ നെൽവിത്ത് ബാങ്ക് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കേരളത്തിലെ കൃഷി ആവശ്യത്തിന് ഉപയോഗിക്കുന്ന നെൽ വിത്തുകളിൽ 80 ശതമാനത്തിലധികവും കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്തതാണ് (ഏകദേശം ഒന്നര ലക്ഷത്തിലധികം ഹെക്ടർ). സർവ്വകലാശാല ഉത്പ്പാദിപ്പിച്ച ഗുണമേന്മയുള്ള പച്ചക്കറി വിത്തുപയോഗിച്ച് 6,000 ഹെക്ടറും പഴവർഗ്ഗങ്ങളുടെ തൈ ഉപയോഗിച്ച് 1275 ഹെക്ടറും തോട്ടവിളകളുടെ നടീൽ വസ്തുക്കൾ ഉപയോഗിച്ച് 1416 ഹെക്ടറും സുഗന്ധവിളകളുടെ നടീൽ വസ്തുക്കളുപയോഗിച്ച് 810 ഹെക്ടറും കൃഷി ചെയ്തുവരുന്നു. സർവ്വകലാശാലയിൽ നിന്നുള്ള 170 ടൺ ജീവാണുവളങ്ങളും ജൈവ കീടനാശിനികളും കൃഷിക്കാർ ഉപയോഗിച്ചിട്ടുണ്ട്. ഇതുകൂടാതെ 4.5 ലക്ഷത്തോളം പച്ചക്കറി തൈകൾ ഹൈടെക് ഹോർട്ടിക്കൾച്ചർ സെന്ററിൽനിന്നും വിതരണം ചെയ്തിട്ടുണ്ട്. സർവ്വകലാശാല വികസിപ്പിച്ച വിവിധയിനം ലഘുയന്ത്രങ്ങൾ (തെങ്ങ് കയറ്റ യന്ത്രം, മൾട്ടി ഫ്രൂട്ട് ഹാർവെസ്റ്റർ, മണ്ഡരി ബാധിച്ച തേങ്ങ പൊതിക്കാനുള്ള യന്ത്രം തുടങ്ങിയവ) കർഷകാദ്ധ്വാനം ലഘൂകരിക്കുന്നതിന് സഹായിക്കുന്നുണ്ട്.

**കാർഷിക ഗവേഷണ സ്ഥാപനങ്ങൾ**

101 (3047) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ കീഴിൽ എത്ര കാർഷിക ഗവേഷണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ മേധാവി ഉൾപ്പെടെ എത്ര ജീവനക്കാർ ജോലിചെയ്യുന്നുണ്ട്; കാറ്റഗറി തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(സി) ഓരോ സ്ഥാപനത്തിലും ശമ്പള ഇനത്തിലും ഗവേഷണ ആവശ്യങ്ങൾക്കുമായി ഓരോ വർഷവും എത്ര തുക വീതം ചെലവഴിക്കുന്നു; 1-4-2011 മുതൽ 31-3-2017 വരെയുള്ള വിശദമായ കണക്ക് ലഭ്യമാക്കാമോ;

(ഡി) കഴിഞ്ഞ 6 വർഷക്കാലത്തിനിടയ്ക്ക് ഓരോ സ്ഥാപനത്തിന്റെയും സുപ്രധാനമായ ഗവേഷണ ഫലങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ 5 പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രങ്ങൾ, 18 ഗവേഷണ കേന്ദ്രങ്ങൾ, 6 കോളേജുകൾ എന്നിവയുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.*

(സി) തുകയുടെ വിശദാംശങ്ങൾ അനുബന്ധം-3 ആയി ചേർത്തിരിക്കുന്നു.*

(ഡി) ഓരോ സ്ഥാപനത്തിന്റെയും ഗവേഷണ ഫലങ്ങൾ അനുബന്ധം-4 ആയി ചേർത്തിരിക്കുന്നു.*

**കാർഷിക സർവകലാശാലയിലെ അനദ്ധ്യാപക നിയമനങ്ങൾ**

102 (3048) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവകലാശാലയിലെ അനധ്യാപക നിയമനങ്ങൾ എല്ലാം പബ്ലിക് സർവീസ് കമ്മീഷനെ അധികാരപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകളിലെ നിയമനമാണ് ഇതുവരെയായി നടന്നിട്ടുള്ളത്;

(ബി) നിയമനങ്ങൾ നടക്കാത്ത തസ്തികകൾ ഏതൊക്കെയാണ്; ഈ തസ്തികകളിൽ നിയമനം നടത്തുന്നതിലെ തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) കാർഷിക സർവകലാശാലയിലെ ഫാമുകളിൽ സ്ഥിരം ജീവനക്കാരില്ലാത്തത് ഫാമുകളിലെ പ്രവർത്തനങ്ങളെയും അവിടെ നടന്നുവരുന്ന ഗവേഷണങ്ങളുടെ കൃത്യതയെയും ദോഷകരമായി ബാധിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സർവകലാശാല ഫാമുകളെ പ്രദർശന ഫാമുകളാക്കി മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഉത്തരം

(എ) കേരളത്തിലെ സർവ്വകലാശാലകളിലെ അനദ്ധ്യാപക നിയമനങ്ങൾ നടത്തുന്നതിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി കേരള കാർഷിക സർവ്വകലാശാലയിലെ അനദ്ധ്യാപക നിയമനങ്ങൾ നടത്തുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിക്ഷിപ്തമാണ്. അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികകളിലെ നിയമനമാണ് ഇതുവരെയായി നടന്നിട്ടുള്ളത്.

(ബി) അനദ്ധ്യാപക തസ്തികകളിലെ നിയമനങ്ങൾ നടക്കാത്ത തസ്തികകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് ഒഴികെയുള്ള മറ്റ് അനദ്ധ്യാപക തസ്തികകളിലേയ്ക്ക് കെ.പി.എസ്.സി. മുഖാന്തരം നിയമനം നടത്തുന്നതിന് ടി തസ്തികകളുടെ നിയമന രീതി, യോഗ്യത തുടങ്ങിയവ നിശ്ചയിച്ചുകൊണ്ടുള്ള സ്പെഷ്യൽ റൂൾ/എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) കാർഷിക സർവ്വകലാശാലയിലെ ഫാമുകളിൽ സ്ഥിരം ജീവനക്കാരില്ലാത്തത് ഫാമുകളിലെ പ്രവർത്തനങ്ങളെയും ഗവേഷണങ്ങളുടെ കൃത്യതയെയും ബാധിക്കുന്നുണ്ടെന്ന് കാർഷിക സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(ഡി) കാർഷിക സർവ്വകലാശാലയുടെ ഫാമുകളിൽ ഗവേഷണവും നടന്നുവരുന്നു. ഇതിന്റെ ഫലങ്ങൾ കർഷകരിലേയ്ക്കെത്തിക്കേണ്ടതുകൊണ്ട് ഫാമുകളെ പ്രദർശന ഫാമുകൾ മാത്രമാക്കി മാറ്റാൻ ഉദ്ദേശിക്കുന്നില്ല. നിലവിൽ കർഷകർക്ക് കാർഷിക സർവ്വകലാശാലയുടെ ഫാമുകൾ സന്ദർശിച്ച് സർവ്വകലാശാല വികസിപ്പിച്ചെടുത്ത/ഉരുത്തിരിച്ചെടുക്കുന്ന സാങ്കേതിക വിദ്യകൾ മനസ്സിലാക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്.

## മാലിന്യ സംസ്കരണ സംവിധാനം

103 (3049) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അറവുശാലകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ ശരിയായ മാലിന്യ സംസ്കരണ സംവിധാനങ്ങളില്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം 21-8-2009-ലെ സർക്കാർ സർക്കുലർ നമ്പർ 1173/ഡിബി2/09/ത.സ്വ.ഭ.വ. പ്രകാരം അനധികൃത അറവുശാലകളെ കണ്ടെത്തി ആവശ്യമായ നിയമ നടപടികൾക്ക് വിധേയമാക്കുവാൻ വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2012-ലെ കേരള മുനിസിപ്പാലിറ്റി ഭേദഗതി ആക്ട് പ്രകാരം വ്യാപാര കേന്ദ്രങ്ങൾ, ആശുപത്രികൾ, ചന്തകൾ, അറവുശാലകൾ, ചിക്കൻ സ്റ്റാളുകൾ, മത്സ്യസ്റ്റാളുകൾ, കല്ല്യാണ മണ്ഡപങ്ങൾ, ഫ്ലാറ്റുകൾ, ഹോട്ടലുകൾ, കാറ്ററിംഗ് സർവ്വീസ് സ്ഥാപനങ്ങൾ, 400 ചതുരശ്ര മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള വീടുകൾ, മുനിസിപ്പാലിറ്റികൾ വിജ്ഞാപനം ചെയ്തേക്കാവുന്ന അങ്ങനെയുള്ള മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽതന്നെ ഉറവിടത്തിൽ മാലിന്യം തരംതിരിച്ച് സംസ്കരിക്കണമെന്നുള്ളത് വ്യക്തമാക്കി യിട്ടുള്ളതാണ്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴി ഇത്തരം സ്ഥാപനങ്ങൾ സമർപ്പിക്കുന്ന മാലിന്യ സംസ്കരണ സംവിധാനങ്ങളായ ബയോഗ്യാസ് പ്ലാന്റുകൾ, തുമ്പൂർമൂഴി, പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകളുടെ പ്രോജക്ട് സാങ്കേതികമായി പരിശോധിച്ച് ശുചിത്വ മിഷൻ അർഹമായ സാമ്പത്തിക സഹായം നൽകിവരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഡി & ഒ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്ല്യാണ മണ്ഡപങ്ങൾ/വിവാഹ ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീട്ടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യ വസ്തുക്കൾ വിൽക്കുന്ന സിനിമാ തിയേറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റുകൾ, പച്ചക്കറി പഴവിപണന കടകൾ, മത്സ്യം, മാംസം എന്നിവ വിൽക്കുന്ന കടകൾ, വിവിധ ക്യാന്റീനുകൾ എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ഉറവിടത്തിൽ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പോലുള്ള അനുയോജ്യമായ സംവിധാനങ്ങൾ 2017 സെപ്റ്റംബർ 15-നുമുമ്പായി സജ്ജീകരിക്കുന്നതിന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കർശനമായ നിർദ്ദേശം നൽകേണ്ടതാണ് എന്ന് 22-7-2017-ലെ സ.ഉ.(സാധാ.)നമ്പർ 2511/2017/ ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. പുതുതായി ഡി. & ഒ. ലൈസൻസിന് അപേക്ഷിക്കുന്ന മേൽപ്പറഞ്ഞ രീതിയിലുള്ള സ്ഥാപനങ്ങൾ മേൽവിവരിച്ച രീതിയിൽ ജൈവമാലിന്യങ്ങൾ ഉറവിടത്തിൽതന്നെ ഫലപ്രദമായി

സംസ്കരിക്കുന്നതിന് അനുയോജ്യമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കി മാത്രമേ അവർക്ക് ഡി & ഒ ലൈസൻസ് ഇനി മേലിൽ നൽകാവൂ എന്നും ടി ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്.

**ക്ഷേമ പെൻഷനുകൾ**

104 (T*3050) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്ന എത്ര പേരുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം കാറ്റഗറിയിലുള്ള എത്ര രൂപയുടെ പെൻഷനുകൾ എത്ര പേർക്കു വിതരണം ചെയ്യുന്നുണ്ടെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ;

(സി) ക്ഷേമ പെൻഷനുകൾ യഥാസമയം വിതരണം ചെയ്യുന്നുണ്ടോ;

(ഡി) ഇവയുടെ വിതരണം സുഗമവും സത്വരവുമാക്കുന്നതിന് സ്വീകരിച്ച സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഇ) ക്ഷേമ പെൻഷനുകൾ കുടിശ്ശികയായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(എഫ്) വീടുകളിൽ പെൻഷൻ എത്തിക്കുന്ന പദ്ധതി വിജയമാക്കുന്നതിനു എത്ര സഹകരണ ബാങ്ക് ജീവനക്കാരെ നിയോഗിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ;

(ജി) അവർക്കു പ്രതിഫലം നൽകിയിരുന്നോ; പ്രതിഫലം നൽകാൻ ബാക്കിയുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്ന 4262863 എണ്ണം ഗുണഭോക്താക്കളാണ് ഉള്ളത്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) സാമൂഹ്യ സുരക്ഷാ പെൻഷനുകൾ 2017 ആഗസ്റ്റ് മാസം വരെയുള്ള തുക വിതരണം ചെയ്തിട്ടുണ്ട്. പെൻഷൻ സത്യപ്രസ്താവന, സാമൂഹ്യ സുരക്ഷാ പെൻഷൻ പരാതി അദാലത്ത് എന്നീ കാരണങ്ങളാൽ 3 മാസം കൂടുമ്പോഴാണ് നിലവിൽ പെൻഷൻ വിതരണം ചെയ്തുവരുന്നത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ഡി) ബാങ്ക് അക്കൗണ്ടുള്ള ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം സുഗമമാക്കുന്നതിന് ബാങ്കിന്റെ സാങ്കേതിക സൗകര്യം പ്രയോജനപ്പെടുത്തി വളരെ കുറഞ്ഞ സമയത്തിനുള്ളിൽത്തന്നെ പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടോ ഇല്ലയോ എന്നറിയുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സഹകരണ വകുപ്പിന്റെ സഹായത്തോടെ ജില്ലാതലത്തിൽ ജോയിന്റ് രജിസ്ട്രാർമാരുടെ നേതൃത്വത്തിൽ നേരിട്ട് പെൻഷൻ വീടുകളിൽ എത്തിച്ചു നൽകുന്ന പ്രവർത്തനത്തിന് മേൽനോട്ടം വഹിച്ചുവരുന്നു.

(ഇ) നിലവിൽ പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന ഗുണഭോക്താക്കൾക്ക് സത്യവാങ്മൂലം തെറ്റായി രേഖപ്പെടുത്തിയത്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സത്യവാങ്മൂലം യഥാസമയം രേഖപ്പെടുത്താത്തത്, ഗുണഭോക്താക്കൾ യഥാസമയം സത്യവാങ്മൂലം സമർപ്പിക്കാത്തത്, ബാങ്ക് അക്കൗണ്ട് നമ്പർ തെറ്റിയത്, കുടുംബശ്രീ സർവ്വേ വിവരങ്ങൾ ലഭിക്കാത്തത്, ആധാർ ഇല്ലാത്തതുമൂലം പെൻഷൻ നൽകാൻ കഴിയാത്തത്, നേരിട്ട് വീടുകളിൽ പെൻഷൻ എത്തിച്ചപ്പോൾ ഗുണഭോക്താവ് സ്ഥലത്തില്ലാത്തതിനാലും ഗുണഭോക്താവിനെ കണ്ടെത്താൻ കഴിയാത്തതിനാലും തുക തിരികെ അയച്ചത് എന്നിങ്ങനെ വിവിധങ്ങളായ കാരണങ്ങളാൽ കുടിശ്ശികയായിട്ടുണ്ട്.

(എഫ്) വീടുകളിൽ പെൻഷൻ എത്തിക്കുന്ന പദ്ധതി വിജയമാക്കുന്നതിന് ജില്ലാ അടിസ്ഥാനത്തിൽ നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.*

(ജി) സഹകരണ ബാങ്ക് ജീവനക്കാർക്ക് പെൻഷൻ നേരിട്ട് വീടുകളിൽ എത്തിച്ചു നൽകുന്നതിന് പ്രതിഫലം നൽകുന്നുണ്ട്. പെൻഷൻ വിതരണം നടത്തിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് പ്രതിഫലത്തുക വിതരണം ചെയ്യുന്നത്. സഹകരണ ബാങ്ക് ജീവനക്കാർക്കുള്ള പ്രതിഫല ഇനത്തിൽ നാളിതുവരെ 1646,68,650 രൂപ വിതരണം ചെയ്തിട്ടുണ്ട്. പെൻഷൻ വിതരണം സംബന്ധിച്ച കണക്കുകൾ 2017 ജൂലൈ 30-നുമുമ്പ് പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതും തുക അതിനനുസരിച്ച് വിതരണം ചെയ്യുന്നതുമാണ്.

**തേർഡ് ഗ്രേഡ് ഓവർസീയർ തസ്തിക**

105 (3051) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ തേർഡ് ഗ്രേഡ് ഓവർസീയർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 459 ഒഴിവുകൾ.

(ബി) ഉണ്ട്.

**ലൈഫ് മിഷന്റെ ഭവന സമുച്ചയങ്ങൾ**

106 (*3052) <u>ശ്രീ. ബി. സത്യൻ</u> :
<u>ശ്രീ. കെ. ബാബു</u> :
<u>ശ്രീ. കെ. ജെ. മാക്സി</u> :
<u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ പാർപ്പിട ദൗത്യമായ ലൈഫ് മിഷന്റെ ഭാഗമായി ഭൂരഹിത/ഭവനരഹിതർക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത ഭവന സമുച്ചയങ്ങളുടെ നിർമ്മാണത്തിനാവശ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ടോ; സർക്കാർ വകുപ്പുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കൈവശമുള്ള ഭൂമി ഇതിനായി പ്രയോജനപ്പെടുത്താൻ സാധിക്കുമോ;

(സി) ഫ്ലാറ്റ് നിർമ്മാണത്തിനായി ഇതിനകം എവിടെയെല്ലാം ഭൂമി കണ്ടെത്തിയിട്ടുണ്ട്; വിശദാംശം നൽകാമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി വീടുകളും സമുച്ചയങ്ങളും നിർമ്മിക്കുന്ന ഭൂമിയ്ക്ക് നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളിൽ നിന്നും ഇളവ് നൽകാൻ സാധിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഭവന സമുച്ചയ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. 400 ചതുരശ്ര അടിയോളം വിസ്തൃതിയുള്ള (കാർപ്പെറ്റ് ഏരിയ) (കുളിമുറി/ശുചിമുറി ഒഴികെ) ഭവന യൂണിറ്റുകളാണ് ലൈഫ് സമുച്ചയങ്ങളിൽ നിർമ്മിക്കാനുദ്ദേശിക്കുന്നത്. ഇതിൽ ഒരു കുടുംബത്തിന്റെ വിവിധ

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ ഒരു ബഹുമുഖോപയോഗ ഹാൾ, അടുക്കള,T രണ്ട് കിടപ്പുമുറികൾ, ശുചിമുറി, അലക്കിനും തുണി ഉണക്കലിനും മറ്റും ഉപയോഗിക്കാവുന്ന പിൻവരാന്ത/ബാൽക്കണി എന്നിവ ഉണ്ടായിരിക്കേണ്ടതാണ്. ഇതിനുപുറമെ ഓരോ ഭവന സമുച്ചയത്തിലും അവിടത്തെ ഗുണഭോക്താക്കളുടെ പൊതു ആവശ്യത്തിനായുള്ള വിവിധ സാമൂഹ്യ സേവന സൗകര്യങ്ങളും അടിസ്ഥാനമായി ഉണ്ടാകേണ്ട പൊതു സംവിധാനങ്ങളും ഉൾപ്പെടുത്തേണ്ടതാണ്.

(ബി) 123 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. സർക്കാർ വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കൈവശമുള്ള ഭൂമി ഇതിനായി പ്രയോജന പ്പെടുത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഭൂമി കണ്ടെത്തിയ വിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ബഡ്സ് സ്കൂളുകൾ**

107 (3053) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ അംഗീകാരമുള്ള എത്ര ബഡ്സ് സ്കൂളുകൾ നിലവിലുണ്ട് ;

(ബി) പുതുതായി ബഡ്സ് സ്കൂളുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 63

(ബി) ഉണ്ട്. പുതുതായി ആരംഭിക്കുന്ന 200 ബഡ്സ് സ്ഥാപനങ്ങളിൽ 137 എണ്ണം ബഡ്സ് സ്കൂളുകൾ ആണ്.

**അറവുശാല ആധുനികവല്ക്കരിക്കാൻ നടപടി**

108 (3054) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കുന്നുകുഴിയിലെ അറവുശാല ആധുനികവൽക്കരിച്ച് തുറക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇതിനായി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എത്ര കോടി രൂപയാണ് പ്രസ്തുത പദ്ധതിക്കായി നീക്കിവച്ചിരിക്കുന്നതെന്നും എന്നത്തേയ്ക്ക് പണി പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പദ്ധതി തയ്യാറാക്കിവരുന്നു. ഇക്കൊല്ലം 30 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. മൂന്ന് വർഷത്തിനകം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.

**ബ്ലോക്ക് പഞ്ചായത്തിന് കൈമാറേണ്ട ഓഫീസുകൾ**

109 (3055) <u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലോക്ക് പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് പ്രവർത്തിയ്ക്കുന്ന സി.ഡി.പി.ഒ. ഓഫീസ്, എസ്.സി.ഡി.ഒ. ഓഫീസ്, ഡയറി എക്സ്റ്റൻഷൻ ഓഫീസ് എന്നിവയിലെ എല്ലാ ജീവനക്കാരെയും, ഓഫീസും ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഓഫീസുകളുടെ ചെലവുകൾ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകാനാകുമോ;

(സി) ഈ ഓഫീസുകളെ ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടില്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഡയറി എക്സ്റ്റൻഷൻ ആഫീസർ, ചൈൽഡ് ഡെവലപ്മെന്റ് ഓഫീസർ, എസ്.സി. ഡെവലപ്മെന്റ് ഓഫീസർ എന്നീ ജീവനക്കാരെയും അനുബന്ധ സ്ഥാപനങ്ങളുമാണ് ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുള്ളത്.

(ബി) ടി ഓഫീസുകളിലെ ദൈനംദിന ചെലവുകൾക്കായുള്ള തുക ബ്ലോക്ക് പഞ്ചായത്തുകളുടെ പൊതു ആവശ്യ ഗ്രാന്റിൽനിന്നും ലഭ്യമാക്കുന്നുണ്ട്.

(സി) ബാധകമല്ല.

## ഇന്ത്യയിലെ ഏറ്റവും ശുചിത്വമുള്ള സംസ്ഥാനം

110 (3056) ശ്രീ. എസ്. ശർമ്മ :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ഇന്ത്യയിലെ ഏറ്റവും ശുചിത്വമുള്ള സംസ്ഥാനമാക്കി മാറ്റുമെന്ന തെരഞ്ഞെടുപ്പ് വാഗ്ദാനം പാലിക്കാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ അറിയിക്കാമോ;

(ബി) ഇക്കാര്യത്തിൽ ശുചിത്വ മിഷൻ, ക്ലീൻ കേരള മിഷൻ, കുടുംബശ്രീ യൂണിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടോ എന്ന് അവലോകനം ചെയ്തിട്ടുണ്ടോ; ബയോ-മെഡിക്കൽ മാലിന്യ നിർമ്മാർജ്ജനത്തിലുണ്ടാകുന്ന അപാകതകളെക്കുറിച്ചുള്ള ആക്ഷേപങ്ങൾ പരിശോധിച്ചിരുന്നോ; വ്യക്തമാക്കാമോ ?

### ഉത്തരം

(എ)

1. നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായ ഹരിത കേരളം മിഷന്റെ ഉപദൗത്യമായ ശുചിത്വ മാലിന്യ സംസ്കരണ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുണ്ട്.

2. 'കിഫ്ബി' മുഖേന ആധുനിക അറവുശാലയും ശ്മശാനവും സ്ഥാപിക്കുന്നതിന് പദ്ധതി.

3. പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി.

4. ശുചിത്വ-മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപന വാർഡുതലത്തിൽ നടപ്പിലാക്കുന്ന ജനകീയ ക്യാമ്പയിനുകൾ, മാലിന്യം കുറയ്ക്കുന്നതിന് സഹായകരമാകുന്ന തരത്തിൽ ഗ്രീൻ പ്രോട്ടോക്കോൾ പ്രോത്സാഹിപ്പിക്കൽ.

5. കേരളത്തിലെ ഗ്രാമപ്രദേശങ്ങളും നഗരപ്രദേശങ്ങളും സമ്പൂർണ്ണ വെളിയിട വിസർജ്ജന വിമുക്തമാക്കുന്നതിനുള്ള നടപടികൾ.

6. 2017 ആഗസ്റ്റ് 15-ന് നടത്തിയ മാലിന്യത്തിൽനിന്നും സ്വാതന്ത്ര്യം എന്ന പ്രഖ്യാപനം.

(ബി) ഉണ്ട്. ബയോ-മെഡിക്കൽ മാലിന്യ നിർമ്മാർജ്ജനത്തിലുണ്ടാകുന്ന അപാകതകൾ സംബന്ധിച്ച് ആക്ഷേപങ്ങൾ പരിശോധിച്ചിട്ടുണ്ട്. ബയോമെഡിക്കൽ മാലിന്യ നിർമ്മാർജ്ജനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പാലക്കാടിന് പുറമെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ ബയോ-മെഡിക്കൽ മാലിന്യം സംസ്കരിക്കുന്നതിനുള്ള യൂണിറ്റുകൾ സ്ഥാപിക്കുവാനുദ്ദേശിക്കുന്നു.

**എ. യു .ഇ .ജി.എസ് ജീവനക്കാരുടെ കരാർ കാലാവധി വർദ്ധിപ്പിക്കുന്നതിന് നടപടി**

111(3057) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിലെ തൊഴിലുറപ്പ് പദ്ധതിയായ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിക്ക് ഏകീകൃത ഡാറ്റാ സമ്പ്രദായം ലഭ്യമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) എ.യു.ഇ.ജി.എസ്. ജീവനക്കാരുടെ കരാർ കാലാവധി 1 വർഷം എന്നത് മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് ജീവനക്കാരുടെ മാതൃകയിൽ 2 വർഷമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്കുവേണ്ടി നിലവിൽ www.AUEGSkerala.gov.in എന്ന ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം നിലവിലുണ്ട്. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്കുവേണ്ടിയുള്ള മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (MIS) കൂടുതൽ കാര്യക്ഷമമാക്കുന്നതിനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കുവേണ്ടി ഡൽഹി എൻ.ഐ.സി. വികസിപ്പിച്ച മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിന് സമാനമായ രീതിയിൽ മാറ്റം വരുത്തുന്നതിന് എൻ.ഐ.സി.-യുമായി ബന്ധപ്പെട്ട് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പരിശോധിക്കാവുന്നതാണ്.

**ജല സുഭിക്ഷ പദ്ധതി**

112 (3059) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന ജലസുഭിക്ഷ എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; ടി പദ്ധതി സംസ്ഥാനത്ത് എവിടെയെല്ലാമാണ് നടപ്പിലാക്കിയിട്ടുള്ളത് ;

(സി) പുതുതായി എവിടെയെല്ലാമാണ് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) തദ്ദേശ സ്വയംഭരണ വകുപ്പ് മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ജലസുഭിക്ഷ എന്ന പേരിൽ ഒരു കിണർ റീചാർജ്ജ് പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

(ബി) സംസ്ഥാനത്തെ ജലദൗർലഭ്യം പരിഹരിക്കാനായി വേനൽക്കാലത്ത് വറ്റിപ്പോകുന്നവയോ ഏതെങ്കിലും കാരണങ്ങളാൽ ജലത്തിന്റെ ഗുണനിലവാരം മോശമായിപോകുകയോ ചെയ്യുന്ന കിണറുകൾ ഒരു സമഗ്രമായ സർവ്വേയിലൂടെ കണ്ടെത്തി റീചാർജ്ജ് ചെയ്യുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. സംസ്ഥാനത്ത് 142 ഗ്രാമപഞ്ചായത്തുകളിലാണ് ഒന്നാം ഘട്ടത്തിൽ പദ്ധതി നടപ്പിലാക്കിവരുന്നത്. ഗ്രാമപഞ്ചായത്തുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഏറ്റവുമധികം ജലദൗർല്ലഭ്യം അനുഭവപ്പെടുന്നതും അക്കാരണത്താൽ ഇക്കഴിഞ്ഞ വേനൽക്കാലത്ത് ഏറ്റവുമധികം ജലം ടാങ്കർ ലോറികളിൽ ലഭിക്കേണ്ടിവന്നതുമായ ഗ്രാമപഞ്ചായത്തുകൾക്ക് മുൻഗണന കൊടുത്ത് 100 ഗ്രാമ പഞ്ചായത്തുകളിൽ കൂടി പദ്ധതി നടപ്പിലാക്കുവാനുദ്ദേശിക്കുന്നു.

## കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരമുള്ള പദ്ധതികൾക്ക് ഓഡിറ്റ് ഒബ്ജക്ഷൻ

113 (3060) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഓഡിറ്റ് നടത്തുമ്പോൾ ഒബ്ജക്ഷൻ രേഖപ്പെടുത്തുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രത്യേക സർക്കാർ ഉത്തരവില്ലാതെ പ്രസ്തുത കമ്മിറ്റി തീരുമാനങ്ങൾ അനുസരിച്ച് പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് തടസ്സങ്ങളുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾവഴി നടപ്പിലാക്കുന്ന പ്രോജക്ടുകൾക്ക് ഓഡിറ്റ് ഒബ്ജക്ഷനിൽനിന്നും ഒഴിവാക്കുന്നതിന് പൊതു ഉത്തരവ് നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിധേയമല്ലാത്തതും അനുവദിക്കാത്തതുമായ ഇടപാടുകൾക്ക് ഓഡിറ്റ് ഒബ്ജക്ഷൻ രേഖപ്പെടുത്താറുണ്ട്. എന്നാൽ നിലവിലുള്ള നിർവ്വഹണ വ്യവസ്ഥകൾക്ക് വിധേയമായി കോ-ഓർഡിനേഷൻ കമ്മിറ്റി അനുവദിച്ചതോ വ്യക്തത നൽകിയതോ ആയ കാര്യങ്ങൾ നിയമങ്ങൾക്കും ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിരുദ്ധമല്ലെങ്കിൽ ഓഡിറ്റ് അംഗീകരിക്കുന്നുണ്ട്.

(സി) ഇക്കാര്യം നിലവിൽ പരിഗണനയിലില്ല.

**പി.എം.ജി.എസ്.വൈ. പദ്ധതിയിലെ ക്രമക്കേട്**

114(3061) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പദ്ധതിയിലെ ക്രമക്കേട് അന്വേഷിക്കുന്നതിനായി കേന്ദ്ര സംഘം സംസ്ഥാനം സന്ദർശിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ക്രമക്കേടുകളാണ് പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയിട്ടുള്ളത്; വിവരിക്കുമോ;

(സി) പ്രസ്തുത പദ്ധതിയ്ക്കായി മുമ്പ് അനുവദിച്ചിരുന്ന തുക വിനിയോഗിച്ചതിന്റെ കണക്കുകൾ നൽകാത്തതുമൂലം പദ്ധതിയുടെ അടുത്ത ഘട്ടത്തിലെ ഫണ്ട് നിർത്തിവയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ & ബി) പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പദ്ധതിയിലെ ക്രമക്കേട് അന്വേഷിക്കുന്നതിനായി കേന്ദ്രസംഘം സംസ്ഥാനം സന്ദർശിക്കുന്നത് സംബന്ധിച്ച് അറിയിപ്പ് ലഭിച്ചിട്ടില്ല. എന്നാൽ കേന്ദ്രസർക്കാരിന് സമർപ്പിച്ച

പുതിയ റോഡുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് സംബന്ധിച്ച പരിശോധനയ്ക്ക് 2017 ആഗസ്റ്റ് 13, 14 തീയതികളിൽ കേന്ദ്രസംഘം സംസ്ഥാനം സന്ദർശിച്ചിരുന്നു.

(സി) 2016-17 സാമ്പത്തിക വർഷംവരെ പി.എം.ജി.എസ്.വൈ. പദ്ധതിക്കായി അനുവദിച്ചിരുന്ന തുക വിനിയോഗിച്ചതിന്റെ കണക്കുകൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൻപ്രകാരം 2017-18 സാമ്പത്തിക വർഷത്തെ ആദ്യ ഗഡുവായി 28.105 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്.

**ലൈഫ് മിഷൻ**

115 (3062) <u>ശ്രീ. പി. ടി. തോമസ്</u> :

<u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള സർവ്വേ നടത്തിയ ഏജൻസി ഏതാണെന്നും ഇത്തരം സർവ്വേ നടത്തുന്നതിനുള്ള സാങ്കേതിക പരിജ്ഞാനവും അടിസ്ഥാന സൗകര്യവും പ്രസ്തുത ഏജൻസിക്ക് ഉണ്ടോ എന്നും വ്യക്തമാക്കാമോ;

(ബി) ഈ സർവ്വേ പ്രകാരം തയ്യാറാക്കിയ പട്ടികയിൽ അർഹരായവർ ഒഴിവാക്കപ്പെടുകയും അനർഹർ ഉൾപ്പെടുകയും ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം ന്യൂനതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) ആണ് സർവ്വേ നടത്തിയത്. ഏറ്റെടുത്ത പദ്ധതികൾ വിജയപ്രദമാക്കിയ ഒരു മിഷനാണ് കുടുംബശ്രീ. ആയതിന്റെ അടിസ്ഥാനത്തിലാണ് ടി ദൗത്യം പ്രസ്തുത ഏജൻസിക്ക് നൽകിയിട്ടുള്ളത്.

(ബി) ഉണ്ട്.

(സി) അർഹരെ ഉൾപ്പെടുത്തി അനർഹരെ ഒഴിവാക്കി ഗുണഭോക്തൃ പട്ടിക അന്തിമമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ലൈഫ് മിഷൻ

116 (3063) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ കരട് ലിസ്റ്റ് എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കുന്നതിനും അർഹരെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

### ഉത്തരം

(എ) ഗുണഭോക്തൃ സാധ്യതാ കരട് ലിസ്റ്റ് 2017 ജൂലൈ 30-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) അർഹരെ ഉൾപ്പെടുത്തി അനർഹരെ ഒഴിവാക്കി ഗുണഭോക്തൃ പട്ടിക അന്തിമമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

## ലൈഫ് മിഷൻ പദ്ധതി

117 (3064) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാവർക്കും സുരക്ഷിത ഭവനമെന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ലൈഫ് മിഷൻ പദ്ധതിയുടെ നടത്തിപ്പിനായി എന്തെല്ലാം മുന്നൊരുക്കങ്ങളാണ് തദ്ദേശസ്ഥാപനങ്ങളിൽ ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ നിശ്ചയിച്ച സമയത്തുതന്നെ പദ്ധതി പൂർത്തീകരിക്കുന്നതിനായി തദ്ദേശസ്ഥാപനങ്ങളിൽ എന്തെല്ലാം ക്രമീകരണമാണ് നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) മാനദണ്ഡങ്ങൾ മറികടന്ന് അനർഹരായവർക്ക് വീട് ലഭിക്കുന്നത് തടയുന്നതിനും മാനദണ്ഡപ്രകാരം അർഹതയുണ്ടായിട്ടും വീട് ലഭിക്കാതെ വരുന്നവരുടെ അപേക്ഷകൾ പ്രത്യേക പുനഃപരിശോധനയ്ക്ക് വിധേയമാക്കാനും വേണ്ട നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഗുണഭോക്തൃ സാധ്യതാ കരട് ലിസ്റ്റ് തദ്ദേശ സ്ഥാപനതലത്തിൽ പ്രസിദ്ധീകരിച്ചതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ നടപടികൾ സ്വീകരിക്കുകയും അതിന്മേൽ പരിശോധന നടത്തി അർഹരായവരെ ഉൾപ്പെടുത്തുകയും അനർഹരായവരെ പുറത്താക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

വിവിധ സർക്കാർ പദ്ധതികളിൽ മുമ്പ് ധനസഹായം ലഭിക്കുകയും എന്നാൽ ആയത് പൂർത്തീകരിക്കാൻ കഴിയാത്തതുമായ ഭവനങ്ങളുടെ വിവരം തദ്ദേശ സ്ഥാപനതലത്തിൽ ശേഖരിച്ചുവരുന്നു.

(ബി) ഇതുസംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ ആയത് വ്യക്തമാക്കിയിട്ടുണ്ട്.

**ലൈഫ് പദ്ധതി സർവ്വേയിലെ അപാകതകൾ**

118 (3065) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള മിഷന്റെ ഭാഗമായി നടപ്പിലാക്കുന്ന ലൈഫ് പദ്ധതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി നടത്തിയ സർവ്വേയിൽ സംഭവിച്ച അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അർഹതപ്പെട്ട മുഴുവൻ ഗുണഭോക്താക്കളെയും ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അർഹരെ ഉൾപ്പെടുത്തി അനർഹരെ ഒഴിവാക്കി ഗുണഭോക്തൃ പട്ടിക അന്തിമമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

**പൊതു സ്ഥലത്ത് മാലിന്യം കത്തിക്കുന്നവർക്ക് പിഴ**

119 (3066) ഡോ. എം. കെ. മുനീർ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു സ്ഥലത്ത് മാലിന്യം കത്തിക്കുന്നവർക്ക് പിഴ ഏർപ്പെടുത്തി ക്കൊണ്ടുള്ള ഹരിത ട്രൈബ്യൂണൽ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും പൊതുജനങ്ങളെയും ഏതൊക്കെതരത്തിൽ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ ജൈവ ഖരമാലിന്യങ്ങൾ സംസ്കരിച്ച് പുനരുപയോഗ പ്രദമാക്കുന്നതിന് ആധുനികസങ്കേതങ്ങൾ ഉപയോഗപ്പെടുത്തി, കാര്യക്ഷമമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന വിഷയം പരിഗണിക്കുമോ ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. കേന്ദ്ര സർക്കാർ 2016-ൽ പുറപ്പെടുവിച്ച ഖരമാലിന്യ സംസ്കരണ ചട്ടങ്ങൾ പ്രകാരം മാലിന്യങ്ങൾ പൊതുസ്ഥലത്ത് കത്തിക്കുന്നത് ഒഴിവാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടികൾ സ്വീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. ഹരിത ട്രൈബ്യൂണലിന്റെ പ്രസ്തുത ഉത്തരവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെമേൽ സൂചിത പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് വളരെയധികം സഹായകമാണ്.

(സി) കമ്പോസ്റ്റിംഗ്, ബയോമെഥനേഷൻ എന്നീ സാങ്കേതിക വിദ്യകൾക്കുപുറമെ ബയോമെഥനേഷൻ അടിസ്ഥാനപ്പെടുത്തിയ സാങ്കേതിക വിദ്യയിലൂടെ ഊർജ്ജോൽപ്പാദനം നടത്തുന്ന ആധുനിക സങ്കേതങ്ങളടക്കം നിലവിൽ പ്രോത്സാഹിപ്പിച്ചുവരുന്നുണ്ട്.

**ലൈഫ് മിഷനിൽ ഉൾപ്പെടുത്തി വീടുനിർമ്മാണം**

120 (3067) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷനിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഓരോ വർഷവും എത്ര വീടുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിന്റെ പ്രാരംഭ സർവ്വെയും മറ്റ് നടപടികളും പൂർത്തിയായോ എന്നും വ്യക്തമാക്കാമോ;

(ബി) സ്ഥലം ഉണ്ടെങ്കിലും വീട് ഇല്ലാത്തവരും വീടും സ്ഥലവും ഇല്ലാത്തവരുമായി സംസ്ഥാനത്ത് എത്ര കുടുംബങ്ങൾ വീതം ഉണ്ടെന്ന് അറിയിക്കുമോ;

(സി) ആദ്യവർഷം ഓരോ പഞ്ചായത്തുകൾക്കും, വീടിനുള്ള ക്വാട്ടയും ഗുണഭോക്താക്കളെയും നിശ്ചയിച്ചത് എന്തു മാനദണ്ഡത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഗുണഭോക്തൃ സാധ്യതാ കരട് ലിസ്റ്റ് തദ്ദേശ സ്ഥാപനതലത്തിൽ പ്രസിദ്ധികരിച്ചതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ നടപടികൾ നടന്നുവരുന്നു. രണ്ട് ഘട്ട അപ്പീൽ നടപടികളും കഴിഞ്ഞ ഗ്രാമസഭ അംഗീകരിച്ചതിനുശേഷം മാത്രമേ അന്തിമ ഗുണഭോക്തൃ പട്ടിക ആകുകയുള്ളൂ. അന്തിമപട്ടിക പ്രസിദ്ധീകരിച്ചതിനു ശേഷം മാത്രമേ അനന്തര നടപടികൾ സ്വീകരിക്കാനാകൂ.

(ബി) കുടുംബശ്രീ നടത്തിയ സർവ്വേയിൽ കരട് സാധ്യതാ ലിസ്റ്റിൽ ഭവനരഹിതരായ 506904 പേരെയാണ് കണ്ടെത്തിയിട്ടുള്ളത്. ഇതിൽ 373138 ഭൂരഹിത ഭവനരഹിതരും 133766 ഭൂമിയുള്ള ഭവനരഹിതരുമാണുള്ളത്. എന്നാൽ അന്തിമ ഗുണഭോക്തൃപട്ടിക ആയാൽ മാത്രമേ സംസ്ഥാനതലത്തിലുള്ള യഥാർത്ഥ കണക്ക് ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള അപ്പീൽ നടപടികൾ നടന്നുവരുന്നു. രണ്ട് ഘട്ട അപ്പീൽ നടപടികളും കഴിഞ്ഞ് ഗ്രാമസഭ അംഗീകരിച്ചതിനുശേഷം മാത്രമേ അന്തിമ ഗുണഭോക്തൃ പട്ടിക ആകുകയുള്ളൂ.

(സി) പഞ്ചായത്ത് തിരിച്ച് വീടിനും ഗുണഭോക്താക്കൾക്കും ക്വാട്ട നിശ്ചയിച്ചിട്ടില്ല. എന്നാൽ സമ്പൂർണ്ണ പാർപ്പിട പദ്ധതിപ്രകാരം വീടുകൾ നിർമ്മിക്കുന്നതിനും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

**ലൈഫ് പാർപ്പിട പദ്ധതി**

121 (3068) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈഫ് പാർപ്പിട പദ്ധതി നടപ്പിലാക്കിയോയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിക്ക് കേന്ദ്ര ധനസഹായം എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് ലൈഫ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇല്ല.

## ലൈഫ് പദ്ധതി

122 (3069) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളുടെ പ്രാഥമിക മുൻഗണനാ പട്ടികയിൽ അർഹരായ നിരവധി ആളുകൾ ഉൾപ്പെട്ടിട്ടില്ല എന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ലൈഫ് പദ്ധതി പ്രാഥമിക മുൻഗണനാ പട്ടികയിലെ കൂട്ടിചേർക്കലുകളും ഒഴിവാക്കലുകളും ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം നേടുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. അർഹരെ ഉൾപ്പെടുത്തി അനർഹരെ ഒഴിവാക്കി ഗുണഭോക്തൃ പട്ടിക അന്തിമമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സ്വീകരിക്കുന്നതാണ്.

## ലൈഫ് ഭവനനിർമ്മാണ പദ്ധതി

123 (3070) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടാതെ പോയ വാസയോഗ്യമായ ഭവനമില്ലാത്തവരുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരുടെ ആശങ്ക പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടി വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വാസയോഗ്യമല്ലാത്ത ഭവനങ്ങളുടെ പുനരുദ്ധാരണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ പ്രചരണം നടത്തി അപേക്ഷകൾ ക്ഷണിച്ച് പ്രാഥമിക പട്ടിക തയ്യാറാക്കുകയും അവ ഓരോന്നും റ്റി.പി.റ്റി.എ.-യിലെ സാങ്കേതിക വിദഗ്ദ്ധർ പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ പട്ടിക തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.

## റോഡ് നിർമ്മിക്കുന്നതിന് ഭരണാനുമതി

124 (3071) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ നിയമസഭാംഗം ശ്രീ. ലൂഡി ലൂയിസിന്റെ 2015-16 വർഷത്തെ നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൽനിന്നും 30 ലക്ഷം രൂപ വിനിയോഗിച്ച് ഹരിപ്പാട് നിയോജകമണ്ഡലത്തിലെ കാർത്തികപള്ളി പഞ്ചായത്തിലെ 8-ാം വാർഡിൽ നിർവ്വഹിക്കുവാൻ ശുപാർശ ചെയ്തിരുന്ന എ.ആർ.ഡി.142 റേഷൻകട-കെ.എസ്.ആർ.ടി.സി. റോഡിന് നാളിതുവരെ ഭരണാനുമതി നൽകാത്തതിന്റെ കാരണം എന്താണ്;

(ബി) ഇതു സംബന്ധിച്ച ഫയൽ ആരുടെ പരിഗണനയിലാണ്;

(സി) പ്രസ്തുത റോഡിന് അടിയന്തരമായി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ - സി) സർക്കാരിൽ സമർപ്പിച്ച പ്രൊപ്പോസലിൽ എം.എൽ.എ.-യുടെ ശിപാർശ കത്ത് ഇല്ലായിരുന്നതിനാലും മുൻ എം.എൽ.എ.-യ്ക്ക് ആസ്തിവികസന പദ്ധതിയിലുൾപ്പെടുത്തി പ്രവൃത്തി നിർദ്ദേശിക്കാൻ സാധിക്കില്ല എന്നതിനാലും "എ.ആർ.ഡി.142 റേഷൻകട-കെ.എസ്.ആർ.ടി.സി. റോഡ്" എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകുവാൻ സാധിച്ചിട്ടില്ല.

## ആർ.ഐ.ഡി.എഫിൽ ഉൾപ്പെട്ട റോഡ് നിർമ്മാണം

125 (T*3072) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർ.ഐ.ഡി.എഫിൽ ഉൾപ്പെടുത്തിയിട്ടുള്ള പാമ്പൻ തോട് കോളനി റോഡ്, ആനക്കരണം റോഡ് എന്നിവയുടെ നിർമ്മാണപുരോഗതിയുടെ വിശദവിവരം നൽകുമോ?

ഉത്തരം

പാലക്കാട് ജില്ലയിലെ കോങ്ങാട് മണ്ഡലത്തിലെ പാമ്പൻതോട് കോളനി റോഡ്, ആനക്കരണം റോഡ് എന്നിവ ഗ്രാമവികസന വകുപ്പുവഴി ചെയ്യുന്ന പ്രവൃത്തികളല്ല. പട്ടികവർഗ്ഗ വികസന വകുപ്പുവഴിയാണ് ടി പ്രവൃത്തികൾ

---

* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ചെയ്യുന്നത്. ആനക്കരണം റോഡ് പ്രവൃത്തിയുടെ ടെണ്ടർ കേരള കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് ഏറ്റെടുത്തിട്ടുള്ളത്. ഈ പ്രവൃത്തിയുടെ 70 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. പാമ്പൻതോട് കോളനി റോഡിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടില്ല.

**ലൈഫ് ഭവന പദ്ധതി**

126 (3073) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നടപ്പിലാക്കുന്ന ലൈഫ് ഭവന പദ്ധതിയിൽനിന്നും വാസയോഗ്യമല്ലാത്ത വീട് ഉള്ളവരെ ഒഴിവാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാസയോഗ്യമല്ലാത്ത വീടാണ് അപേക്ഷകനുള്ളത് എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടാൽ അത്തരത്തിൽ ഉള്ള അപേക്ഷകരെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വാസയോഗ്യമല്ലാത്ത ഭവനങ്ങളുടെ പുനരുദ്ധാരണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ പ്രചരണം നടത്തി അപേക്ഷകൾ ക്ഷണിച്ച് പ്രാഥമിക പട്ടിക തയ്യാറാക്കുകയും അവ ഓരോന്നും റ്റി.പി.റ്റി.എ.-യിലെ സാങ്കേതിക വിദഗ്ദ്ധർ പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ പട്ടിക തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.

**അമൃത് പദ്ധതി**

127 (3074) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് അമൃത് പദ്ധതി നടപ്പിലാക്കുന്നതിന്റെ അവലോകനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുമോ ?

ഉത്തരം

അമൃത് പദ്ധതിയുടെ നാളിതുവരെയുള്ള അവലോകന റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ലൈഫ് പദ്ധതി**

128 (T*3075) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. ആൻസലൻ :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ പാർപ്പിട പദ്ധതി ദൗത്യമായ 'ലൈഫ്' പദ്ധതിയുടെ ഗുണഭോക്താക്കളുടെ അന്തിമ ഗുണഭോക്തൃപട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രസിദ്ധീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കരട് പട്ടികയിന്മേൽ ലഭിക്കുന്ന ആക്ഷേപങ്ങൾ പരിശോധിച്ച് അനർഹരെ ഒഴിവാക്കുന്നതിനും വിട്ടുപോയിട്ടുള്ള അർഹരെ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) അന്ത്യഘട്ട അപ്പീലുകൾ പരിശോധിച്ച് പട്ടിക പുനഃപ്രസിദ്ധീകരിക്കുന്ന തീയതി അറിയിക്കാമോ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണ സമിതികൾക്ക് അനർഹരായവരെ ഒഴിവാക്കുവാനുള്ള അധികാരം സംബന്ധിച്ച മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

(സി) 2017 ഒക്ടോബർ 25.

(ഡി) ഉണ്ട്. 31-7-2017-ലെ സ.ഉ.(എംഎസ്.)151/2017/ത.സ്വ.ഭ.വ. പ്രകാരം ഇതുസംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

**ക്ഷേമ പെൻഷൻ കുടിശ്ശിക**

129 (3076) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ക്ഷേമ പെൻഷനുകളുടെ അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നത് കഴിഞ്ഞ എട്ട് മാസത്തിലധികമായി നിർത്തിവെക്കാനും സൈറ്റ് ബ്ലോക്ക് ചെയ്യുവാനും ഇടയാക്കിയ സാഹചര്യം വിശദീകരിക്കാമോ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) ഈ കാലയളവിൽ അംഗീകരിച്ച വാർദ്ധക്യകാല പെൻഷൻ അപേക്ഷകൾക്ക് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ; അപേക്ഷകൾ ഇപ്പോൾ സ്വീകരിക്കുന്നുണ്ടോ;വിശദാംശങ്ങൾ നൽകാമോ;

(സി) വിവിധ ക്ഷേമപെൻഷൻ കുടിശ്ശികയിനത്തിൽ എത്ര തുക ഗുണഭോക്താക്കൾക്ക് നൽകാനുണ്ടെന്നും വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം കൃത്യമാക്കുന്നതിന്റെ ഭാഗമായി സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ വിവരശേഖരണം നടത്തുന്നതിനും പെൻഷൻ ഗുണഭോക്താക്കളുടെ സത്യവാങ്മൂലം രേഖപ്പെടുത്തുന്നതിനും പെൻഷൻ അദാലത്ത് നടത്തുന്നതിന്റെയും ഭാഗമായിട്ടാണ് സൈറ്റിലേയ്ക്ക് വിവരങ്ങൾ പൂർണ്ണ സമയം സ്വീകരിക്കാതെ ബ്ലോക്ക് ചെയ്തിട്ടുള്ളത്. എന്നാൽ 2016 നവംബർ 15 മുതൽ നവംബർ 19 വരെയും പിന്നീട് 18-1-2017 മുതൽ 2017 ഫെബ്രുവരി 15 വരെയും 2017 മേയ് 1 മുതൽ ജൂൺ 10 വരെയും വെബ്സൈറ്റ് തുറന്ന നൽകിയിരുന്നതാണ്.

(ബി) 2017 ജൂൺ 10 വരെ ഡി.ബി.ടി. സെല്ലിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭിച്ച ഗുണഭോക്താക്കളുടെ വിവരങ്ങൾ അനുസരിച്ച് 2017 ആഗസ്റ്റ് മാസംവരെയുള്ള പെൻഷൻ തുക വിതരണം ചെയ്തിട്ടുണ്ട്.

(സി) ശരിയായ സത്യവാങ്മൂലം സമർപ്പിച്ച എല്ലാ ഗുണഭോക്താക്കൾക്കും 2017 ആഗസ്റ്റ് വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ സത്യവാങ്മൂലം നൽകാത്തവർക്കും തെറ്റായ വിവരങ്ങൾ നൽകിയവർക്കുമായി 210,58,02,320 രൂപ കുടിശ്ശിക നൽകാനുണ്ട്.

**ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾക്ക് സബ്സിഡി**

130 (3077) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾക്ക് സർക്കാർ മുൻപ് നൽകിയിരുന്ന സബ്സിഡിയിൽ എന്തെങ്കിലും കുറവ് വരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ ഫലമായി കൂടുതൽ വ്യക്തികൾ ഈ സംവിധാനം പുതിയതായി ഉപയോഗിക്കുന്നതിൽനിന്നും പിൻമാറും എന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങളായ റിംഗ് കംബോസ്റ്റ്, ബയോഗ്യാസ്, കിച്ചൻ ബിൻ എന്നിവ ആവശ്യമായ സബ്സിഡി നൽകി കൂടുതൽ ജനങ്ങളിലെത്തിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഹരിത കേരളം മിഷൻ ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശാനുസരണം വീടുകളിലും സ്ഥാപനങ്ങളിലും സ്ഥാപിക്കുന്ന ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ ചെലവ് ബന്ധപ്പെട്ട വീട്ടുടമകളും സ്ഥാപന ഉടമകളും വഹിക്കേണ്ടതാണ്. എന്നാൽ ബി.പി.എൽ. വിഭാഗക്കാർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനം സബ്സിഡി നൽകുന്നതാണ്.

**ഉറവിട മാലിന്യ സംസ്കരണം**

131 (3078) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന മാലിന്യ വിപത്തിനെ ഫലപ്രദമായി നേരിടുന്നതിനുള്ള പ്രധാന മാർഗ്ഗം എന്ന നിലയ്ക്ക് ഉറവിട മാലിന്യ സംസ്കരണം പ്രചരിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) മാലിന്യം ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിനുള്ള രീതികൾ സംബന്ധിച്ച് തദ്ദേശസ്ഥാപനങ്ങളുടെ തലത്തിൽ പരിശീലനം നൽകുന്നുണ്ടോ;

(സി) ഗാർഹിക തലത്തിൽ ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിച്ചുവരുന്നത്?

<u>ഉത്തരം</u>

(എ) സംസ്ഥാനം നേരിടുന്ന മാലിന്യ വിപത്തിനെ ഫലപ്രദമായി നേരിടുന്നതിനുള്ള പ്രധാന മാർഗ്ഗമെന്നതിലേയ്ക്ക് ഉറവിട മാലിന്യ സംസ്കരണത്തിന് ഊന്നൽ നൽകിയ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ ഉറവിട മാലിന്യ സംസ്കരണം പ്രചരിപ്പിക്കുന്നതിനുതകുന്ന രീതിയിൽ ഹരിത കേരളം മിഷന്റെ ഭാഗമായ ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സർക്കാർ ഉത്തരവ്

[സ.ഉ.(സാധാ.)നമ്പർ 2420/2017/ത.സ്വ.ഭ.വ. തീയതി 15-7-2017) പുറപ്പെടുവിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഡി & ഒ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ/വിവാഹ ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീട്ടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയേറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റുകൾ, പച്ചക്കറി-പഴവിപണന കടകൾ, മത്സ്യം, മാംസം എന്നിവ വിൽക്കുന്ന കടകൾ, വിവിധ ക്യാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ഉറവിടത്തിൽ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പോലുള്ള അനുയോജ്യമായ സംവിധാനങ്ങൾ 2017 സെപ്റ്റംബർ 15-ന് മുമ്പായി സജ്ജീകരിക്കുന്നതിന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കർശനമായ നിർദ്ദേശം നൽകേണ്ടതാണ് എന്ന് 22-7-2017-ലെ സ.ഉ.(സാധാ)നമ്പർ 2511/2017/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതിനനുസൃതമായ പരിശീലനങ്ങളും വിവരവിജ്ഞാന വ്യാപന പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നുണ്ട്. ഉറവിട മാലിന്യ സംസ്കരണ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി സബ്സിഡി നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. [സ.ഉ.(സാധാ.)നമ്പർ 80/2017/ത.സ്വ.ഭ.വ. തീയതി 3-4-2017]

(ബി) ഉണ്ട്.

(സി) മാലിന്യം സുരക്ഷിതമായി സംസ്കരിക്കുക എന്നത് മാലിന്യം ഉൽപ്പാദിപ്പിക്കുന്നവരുടെ നിയമപരമായ ഉത്തരവാദിത്വമാണെന്നും ആയതിനാൽ അത് സുരക്ഷിതമായി സംസ്കരിക്കപ്പെടുന്നുവെന്ന് ഓരോരുത്തരും ഉറപ്പാക്കണമെന്ന കാര്യം പരിശീലനങ്ങളിലൂടെയും വിവരവിജ്ഞാന വ്യാപന പ്രവർത്തനങ്ങളിലൂടെയും വ്യക്തമാക്കിവരുന്നു. ജൈവമാലിന്യം ഉറവിടത്തിൽതന്നെ സംസ്കരിക്കുന്നതിനായി സംസ്ഥാനത്തിനനുയോജ്യമായ കമ്പോസ്റ്റിംഗ്/ബയോമെഥനേഷൻ സാങ്കേതിക വിദ്യയിലധിഷ്ഠിതമായ മാലിന്യ സംസ്കരണോപാധികളായ റിംഗ് കമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റ്, ബയോബിൻ, ബയോഡൈജസ്റ്റർ പോട്ട്, പോട്ട് കമ്പോസ്റ്റിംഗ്, പൈപ്പ് കമ്പോസ്റ്റിംഗ്, കിച്ചൺബിൻ, ബയോ കമ്പോസ്റ്റർ, മോസ് പിറ്റ് കമ്പോസ്റ്റിംഗ്, ബയോപെഡസ്റ്റൽ കമ്പോസ്റ്റിംഗ്, എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് (തുമ്പൂർമൂഴി മോഡൽ), ബയോഗ്യാസ് പ്ലാന്റുകളും ഗാർഹിക ഇൻസ്റ്റിറ്റ്യൂഷണൽ/കമ്മ്യൂണിറ്റിതലങ്ങളിൽ നടപ്പിലാക്കിവരുന്നു. 29-3-2017-ലെ സ.ഉ. (എം.എസ്.) നമ്പർ 72/2017/തസ്വഭവ. പ്രകാരം ത്രിതല പഞ്ചായത്തുകൾ

അവരുടെ പദ്ധതി പൊതുവിഹിതം വികസന ഫണ്ടിന്റെ 10 ശതമാനം തുകയും 3-4-2017-ലെ സ.ഉ. (എം.എസ്.) നമ്പർ 79/2017/ത.സ്വ.ഭ.വ. പ്രകാരം നഗരസഭകൾ അവരുടെ പദ്ധതി പൊതുവിഹിതം വികസന ഫണ്ടിന്റെ 15 ശതമാനം തുകയും മാലിന്യ സംസ്കരണത്തിനായി മാറ്റിവയ്ക്കണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ വ്യാപകമായി നടപ്പിലാക്കുവാൻ സഹായിക്കുക, കൂടാതെ ഹരിതകേരളം മിഷന്റെ ഭാഗമായ കാമ്പയിൻ പ്രവർത്തനങ്ങളിലൂടെയും പരിശീലനത്തിലൂടെയും മാലിന്യ സംസ്കരണമെന്നത് അവരവരുടെ ഉത്തരവാദിത്വം എന്ന ബോധം ജനങ്ങളിൽ സൃഷ്ടിക്കുന്നതിനും പ്രത്യേകമായി ലക്ഷ്യമിടുന്നുണ്ട്.

## ക്ഷേമ പെൻഷൻ നൽകുന്നതിന് അടിയന്തിര നടപടി

132(3079) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ അടൂർ മുനിസിപ്പാലിറ്റിയിൽ താമസിക്കുന്ന അവിവാഹിതരും നിരാലംബരുമായ റ്റി.വി.രത്നമ്മ, റ്റി.വി.സുമതി എന്നിവർക്ക് ലഭിച്ചുകൊണ്ടിരുന്ന ക്ഷേമ പെൻഷൻ 2016 മുതൽ ലഭിക്കുന്നില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) അവശനിലയിലായിരിക്കുന്ന ഈ സഹോദരിമാർക്ക് ക്ഷേമ പെൻഷൻ കൃത്യമായി നൽകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) ഇവരുടെ ക്ഷേമ പെൻഷൻ, കുടിശ്ശിക ഉൾപ്പെടെ അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ശ്രീമതി റ്റി. വി. രത്നമ്മ, ശ്രീമതി റ്റി. വി. സുമതി എന്നിവർക്ക് പോസ്റ്റോഫീസ് അക്കൗണ്ട് വഴിയാണ് പെൻഷൻ ലഭിച്ചിരുന്നത്. 2015 സെപ്റ്റംബർ മാസം മുതൽ തപാൽ അധികൃതർ പോസ്റ്റ് ഓഫീസ് അക്കൗണ്ട് വഴിയുള്ള പെൻഷൻ വിതരണം നിർത്തിവച്ചിട്ടുള്ളതാണ്. അതുകൊണ്ട് 2015 സെപ്റ്റംബർ മുതൽ ഡിസംബർ വരെയുള്ള 4 മാസത്തെ പെൻഷൻ തുക ചെക്കായി സംസ്ഥാനമൊട്ടാകെ വിതരണം ചെയ്യുകയും പോസ്റ്റോഫീസ് അക്കൗണ്ടുള്ള ഗുണഭോക്താക്കൾ ബാങ്ക് അക്കൗണ്ട് അല്ലെങ്കിൽ മണി ഓർഡർ സൗകര്യം

തെരഞ്ഞെടുക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. മേൽപ്പറഞ്ഞ ഗുണഭോക്താക്കളിൽ ഒരാളായ ശ്രീമതി റ്റി. വി. സുമതിയുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ 2016 ജൂണിലെ പെൻഷൻ അയയ്ക്കുന്നതിനുമുമ്പ് ലഭിച്ചതിനാൽ 2016 ജൂൺ മുതലുള്ള തുക ബാങ്ക് അക്കൗണ്ടിലേയ്ക്ക് അയച്ചുനൽകുന്നുണ്ട്. ശ്രീമതി റ്റി. വി. രത്നമ്മയുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ലഭിച്ചത് 2016 ജൂണിലെ പെൻഷൻ വിതരണത്തിന് ശേഷമായതിനാൽ പിന്നീട് പെൻഷൻ അയച്ച 2016 സെപ്റ്റംബറിൽ ജൂലൈ മുതലുള്ള പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ലഭിച്ചുതുടങ്ങിയിട്ടുണ്ട്. പെൻഷൻ ഗുണഭോക്താക്കൾ സമർപ്പിക്കേണ്ടിയിരുന്ന സത്യവാങ്മൂലം യഥാസമയം അടൂർ നഗരസഭയിൽനിന്നും രേഖപ്പെടുത്തി ലഭിക്കാത്തതിനാൽ 2016 ഒക്ടോബർ മുതൽ 2017 മാർച്ച് വരെയുള്ള 6 മാസത്തെ പെൻഷൻ തുക അയയ്ക്കുവാൻ സാധിച്ചിരുന്നില്ല. സത്യവാങ്മൂലം ലഭിച്ചതിനുശേഷം 2017 ഏപ്രിൽ മാസത്തെ പെൻഷൻ തുക നൽകിയിട്ടുണ്ട്.

(സി) 2017 മേയ് മുതൽ ആഗസ്റ്റ് മാസംവരെയുള്ള പെൻഷൻ തുകയായ 4,400 രൂപയും കുടിശ്ശികയുംചേർത്ത് 10,400 രൂപ ശ്രീമതി റ്റി. വി. രത്നമ്മ, ശ്രീമതി റ്റി. വി. സുമതി എന്നിവർക്ക് വിതരണം ചെയ്തിട്ടുണ്ട്.

**ഓപ്പൺ ഡെഫിക്കേഷൻ ഫ്രീ (ഒ.ഡി.എഫ്.) ജില്ലകൾ**

133 (3080) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇനിയും ഒ.ഡി.എഫ്. ജില്ലകളായി പ്രഖ്യാപിക്കാത്ത ജില്ലകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ അതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതി പ്രകാരം ശൗചാലയങ്ങൾ ഇല്ലാത്തവർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകി എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങൾ സമ്പൂർണ്ണ വെളിയിട വിസർജ്ജന വിമുക്ത പ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ട്. 93 നഗരസഭകളിൽ 92 നഗരസഭകളും വെളിയിട വിസർജ്ജന വിമുക്ത നഗരമായി സ്വയം പ്രഖ്യാപിച്ചിട്ടുണ്ട്. കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ ഒ.ഡി.എഫ്. പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നതേയുള്ളൂ.

(ബി) സമുദ്രനിരപ്പിൽനിന്നും താഴ്ന്ന വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ ശൗചാലയം നിർമ്മിക്കുവാനുള്ള ബുദ്ധിമുട്ടാണ് പ്രധാന കാരണം.

(സി) ശൗചാലയങ്ങളില്ലാത്ത ഗുണഭോക്താക്കൾക്ക് ശൗചാലയം നിർമ്മിക്കുന്നതിന് 15,400 രൂപ വീതം ധനസഹായം നൽകി.

(നഗരങ്ങൾ: കേന്ദ്ര വിഹിതം:4,000 രൂപ, സംസ്ഥാന വിഹിതം: 1,333 രൂപ, നഗരസഭ വിഹിതം: 10,067 രൂപ)

(ഗ്രാമങ്ങൾ: കേന്ദ്ര വിഹിതം:7200 രൂപ, സംസ്ഥാന വിഹിതം: 4,800 രൂപ, ഗ്രാമപഞ്ചായത്ത് വിഹിതം: 3,400 രൂപ)

**ദേശീയ വാർദ്ധക്യകാല പെൻഷൻ വിതരണം**

134 (3082) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ ദേശീയ വാർദ്ധക്യകാല പെൻഷൻ വിതരണം ചെയ്തപ്പോൾ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ തെറ്റായി രേഖപ്പെടുത്തിയതുമൂലം തുക മടങ്ങിയ ഗുണഭോക്താക്കൾക്ക് നാളിതുവരെയും പ്രസ്തുത തുക വിതരണം ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതിനുശേഷമുള്ള വാർദ്ധക്യകാല പെൻഷൻ വിതരണം ചെയ്തിട്ടും മേൽപ്പറഞ്ഞപ്രകാരം മുടങ്ങിയ കുടിശ്ശിക തുക വിതരണം ചെയ്യാത്തത് എന്തു കൊണ്ടാണ് ;

(സി) പ്രസ്തുത തുക ഓണത്തിനു മുമ്പ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന പെൻഷനിൽ ഉൾപ്പെടുത്തി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) 2016 ജൂൺ മുതൽ 2017 ഏപ്രിൽ മാസംവരെ വിവിധ കാരണങ്ങളാൽ കുടിശ്ശികയായിട്ടുള്ള തുകകൾ 2017 മേയ്, ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ പെൻഷനോടൊപ്പം വിതരണം ചെയ്തിട്ടുണ്ട്.

## പഞ്ചായത്തുകളിലെ ഒഴിവുകൾ

135 (3083) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഞ്ചായത്തുകളിൽ അസ്സി. സെക്രട്ടറി, അക്കൗണ്ടന്റ്, എൽ.ഡി.സി., എ.ഇ.-മാർ തുടങ്ങിയവരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) പ്രസ്തുത ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഒഴിവുകൾ നികത്തുന്നതിൽ കാലതാമസമുണ്ടാകുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ ജില്ലകളിലായി ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറിമാരുടെ 15-ഉം അക്കൗണ്ടന്റുമാരുടെ 4-ഉം ക്ലാർക്കുമാരുടെ 296-ഉം ഒഴിവുകളിൽ നിലവിലുണ്ട്.

അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) അസിസ്റ്റന്റ് സെക്രട്ടറി, അക്കൗണ്ടന്റ് എന്നീ തസ്തികകളിലെ ഒഴിവുകൾ പ്രൊമോഷൻ മുഖേനയും എൽ.ഡി.സി. തസ്തികയിലെ ഒഴിവുകൾ പി.എസ്.സി. മുഖാന്തരവും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) മേൽ തസ്തികകളിൽ ഒഴിവുകൾ നികത്തുന്നതിന് കാലതാമസം ഉണ്ടാകുന്ന സാഹചര്യം ഇപ്പോൾ നിലവിലില്ല.

## ഗസറ്റ് വിജ്ഞാപനത്തിലൂടെ പേര് മാറ്റിയ വ്യക്തിയുടെ കുട്ടികൾക്ക് ജനന സർട്ടിഫിക്കറ്റ്

136 (3084) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേര് മാറ്റി ഗസറ്റ് വിജ്ഞാപനം ചെയ്യുന്ന വ്യക്തിയുടെ കുട്ടികളുടെ ജനനസർട്ടിഫിക്കറ്റിൽ ടിയാന്റെ കാലശേഷവും ബുദ്ധിമുട്ടുണ്ടാകും വിധത്തിൽ പഴയ പേരിനൊപ്പം ഏലിയാസ് ചേർത്ത് പുതിയ നാമവും ചേർത്ത് ജനനസർട്ടിഫിക്കറ്റ് നൽകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം പേരു മാറ്റിയ വ്യക്തിയുടെ കുട്ടികളുടെ ജനന സർട്ടിഫിക്കറ്റിൽ ഇത്തരത്തിൽ പേര് ചേർത്ത് നൽകുന്നത് അവർക്ക് ഭാവിയിൽ വലിയ ബുദ്ധിമുട്ടിനിടയാക്കുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഗസറ്റ് വിജ്ഞാപനം മുഖേന പേരുമാറ്റിയ ആളുടെ കുട്ടികളുടെ ജനനസർട്ടിഫിക്കറ്റിൽ പിതാവിന്റെ പുതിയ പേര് മാത്രം ചേർത്ത് നൽകുന്നതിന് തയ്യാറാകുമോ;

(ഡി) ഇല്ലെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ജനന മരണ രജിസ്ട്രേഷനിൽ ജനനമോ മരണമോ നടന്ന സമയത്ത് നിലവിലുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തേണ്ടത്. അതിനുശേഷം പ്രസ്തുത വിവരങ്ങളിലുണ്ടാകുന്ന മാറ്റങ്ങൾ രജിസ്ട്രേഷനുകളിൽ വരുത്തുന്നതിന് വ്യവസ്ഥയില്ല. എന്നാൽ കുട്ടിയുടെ ജനനശേഷം മാതാപിതാക്കളുടെ പേര് ഗസറ്റ് വിജ്ഞാപനം മുഖേന അറിയപ്പെടുന്ന പേരായി (alias) ചേർത്ത് നൽകാൻ അനുവദിച്ചിട്ടുണ്ട്.

(ബി) ഇല്ല, കുട്ടിയുടെ ജനനത്തിനുമുമ്പ് മാതാപിതാക്കളുടെ പേര് ഗസറ്റ് വിജ്ഞാപനപ്രകാരം മാറ്റുന്ന കേസുകളിൽ പുതിയ പേര് മാത്രവും അതിനുശേഷമുള്ള സംഗതികളിൽ alias name ആയും ഉൾപ്പെടുത്താവുന്നതാണ്.

(സി) ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ പ്രകാരം കുട്ടിയുടെ ജനനത്തിനുശേഷം ഗസറ്റ് വിജ്ഞാപനം മുഖേന മാറ്റിയ പേര് ചേർത്ത് കുട്ടിയുടെയോ മാതാപിതാക്കളുടെയോ പേര് തിരുത്താൻ കഴിയില്ല.

(ഡി) ജനന മരണ രജിസ്ട്രേഷനിൽ ജനനമോ മരണമോ നടന്ന സമയത്ത് നിലവിലുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തേണ്ടത്. അതിനുശേഷം പ്രസ്തുത വിവരങ്ങളിലുണ്ടാകുന്ന മാറ്റങ്ങൾ രജിസ്ട്രേഷനുകളിൽ വരുത്തുന്നതിന് വ്യവസ്ഥയില്ല. കുട്ടിയുടെ ജനനത്തിനുമുമ്പ് ഗസറ്റ് വിജ്ഞാപനപ്രകാരം പേര് മാറ്റുന്ന കേസുകളിൽ പുതിയ പേര് മാത്രവും അതിനുശേഷമുള്ള സംഗതികളിൽ alias name ആയും ഉൾപ്പെടുത്താവുന്നതാണ്.

**പദ്ധതി രേഖ സമർപ്പിക്കാതിരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ**

137(3085) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ ഈ വർഷത്തെ പദ്ധതിരേഖ 'സുലേഖ' എന്ന സോഫ്റ്റ്‌വെയറിൽ അപ്‌ലോഡ് ചെയ്യാനുള്ള അവസാന തീയതി എന്നായിരുന്നുവെന്ന് അറിയിക്കുമോ;

(ബി) ഈ സമയപരിധിയ്ക്കുള്ളിൽ പദ്ധതിരേഖ സമർപ്പിക്കുന്നതിൽ എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പരാജയപ്പെട്ടുവെന്ന് വെളിപ്പെടുത്തുമോ;

(സി) പദ്ധതി നിർവ്വഹണത്തിൽ മുൻകാലങ്ങളിലെ മെല്ലെപ്പോക്ക് തടയുവാൻ പ്രത്യേക കർമ്മ പദ്ധതി പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ ഇതിലെ നിബന്ധനയ്ക്ക് വിരുദ്ധമായി പദ്ധതിരേഖ സമർപ്പിക്കാതിരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് വിശദീകരണം ആരാഞ്ഞിരുന്നോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ ഈ വർഷത്തെ പദ്ധതിരേഖ 'സുലേഖ' എന്ന സോഫ്റ്റ്‌വെയറിൽ അപ്‌ലോഡ് ചെയ്യാനുള്ള അവസാന തീയതി 15-6-2017 ആയിരുന്നു.

(ബി) എല്ലാ തദ്ദേശ സ്വയംഭരണ സ്ഥപനങ്ങളും നിശ്ചിത തീയതിക്കുമുമ്പ് പദ്ധതിരേഖകൾ സമർപ്പിച്ചിട്ടുണ്ട്.

(സി) പദ്ധതി നിർവ്വഹണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് വാർഷിക പദ്ധതി നിർവ്വഹണ കലണ്ടർ സർക്കാർ തയ്യാറാക്കുകയും തദനുസൃതമായി പ്രവർത്തനങ്ങൾ വേഗത്തിലാക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയും ഇത് മോണിറ്റർ ചെയ്യുന്നതിന് പെർഫോർമൻസ് ആഡിറ്റ് വിഭാഗത്തെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. പദ്ധതിരേഖ സമയബന്ധിതമായി എല്ലാ സ്ഥാപനങ്ങളും സമർപ്പിച്ചതിനാൽ ആരോടും വിശദീകരണം ആരായേണ്ടി വന്നിട്ടില്ല.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസന ഫണ്ടിൽനിന്നും തുക ചെലവഴിക്കുന്നതിന് അനുമതി**

138 (3086) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിലെ കണ്ടശ്ശാംകടവിൽ നടക്കുന്ന സർക്കാർ അംഗീകൃത ജലോത്സവമായ ചീഫ് മിനിസ്റ്റേഴ്സ് ട്രോഫി വള്ളംകളിയുമായി ബന്ധപ്പെട്ട ചെലവുകൾക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വികസന ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനുള്ള യഥേഷ്ടാനുമതിയ്ക്കായി 1716157/17/MLSGD, 1716057/2017/LSGD എന്നീ നമ്പറുകൾ പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പിന് നൽകിയിട്ടുള്ള കത്തുകളിൻമേൽ സ്വീകരിച്ച തുടർ നടപടി വിവരം അറിയിക്കാമോ?

<u>ഉത്തരം</u>

നടപടി സ്വീകരിച്ചുവരുന്നു.

**രാജീവ് ഗാന്ധി മുനിസിപ്പൽ സ്റ്റേഡിയം അഴിമതി**

139 (T*3087) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നഗരസഭയുടെ കീഴിലുള്ള രാജീവ് ഗാന്ധി മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ പുതുക്കിപ്പണിയുമായി ബന്ധപ്പെട്ട് നടന്ന അഴിമതി സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) മേൽസൂചിപ്പിച്ച അഴിമതി അന്വേഷണത്തിൽ എന്തൊക്കെ ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ഡി) എത്ര തുകയുടെ അഴിമതിയാണ് കണ്ടെത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ, പ്രൊഫസർ പഴനിപിള്ള (മുൻ ദേശീയ അത്‌ലറ്റിക് ടെക്നിക്കൽ ചെയർമാൻ), ശ്രീ. കൃഷ്ണകുമാർ (ടെക്നിക്കൽ എക്സാമിനർ, ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ്-ടെക്നിക്കൽ) എന്നിവരെ ഉൾപ്പെടുത്തി രൂപീകരിച്ച കമ്മിറ്റി സ്റ്റേഡിയത്തിലെ പ്രവൃത്തി സംബന്ധിച്ച ക്രമക്കേടുകൾ പരിശോധിച്ച് തയ്യാറാക്കിയ റിപ്പോർട്ടിന്മേൽ വിജിലൻസ് എൻക്വയറിക്കായി ഉത്തരവായിട്ടുണ്ട്.

(സി) അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ ചുവടെ ചേർക്കുന്നു:

1. Ministry of Youth Affairs & Sports അംഗീകരിച്ച് നൽകിയിട്ടുള്ള ഇനമല്ല സിന്തറ്റിക് ട്രാക്കിന്റെ ഫൗണ്ടേഷനുവേണ്ടി ഉപയോഗിച്ചിട്ടുള്ളത്.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

2. സി.പി.ഡബ്ല്യു.ഡി. പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ യാതൊരു പ്രാവീണ്യവുമില്ലാത്ത രീതിയിലാണ് ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

3. തിരൂർ മുനിസിപ്പാലിറ്റിയിലെ രാജീവ് ഗാന്ധി സ്റ്റേഡിയം പുനരുദ്ധാരണ പ്രവൃത്തിയുടെ ഭരണാനുമതി ഉത്തരവിലെ തീയതിയും പ്രസ്തുത പ്രവൃത്തിക്കായി മലപ്പുറം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഏജൻസിയായ SILK-മായി കരാറിലേർപ്പെട്ട തീയതിയും 3-10-2015 ആണ്.

4. പ്രവൃത്തിയുടെ ഭാഗമായി മെഷർമെന്റ് ബുക്ക് പ്രകാരം ഏതാണ്ട് 3000 m3 മണ്ണ് പണിയും 1035 m3 മണ്ണ് ഫില്ലിംഗും നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികൾക്ക് Initial & final levels എടുക്കുകയോ അവ ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ട് ചെയ്യുകയോ ചെയ്തിട്ടില്ല. ഇത് നിലവിലെ സർക്കാർ ഉത്തരവായ ജി.ഒ. (ആർറ്റി.)2459/2012/ഫിൻ. തീയതി 22-3-2012-ന് വിരുദ്ധമാണ്. ഗ്രൗണ്ടിൽനിന്ന് നീക്കം ചെയ്ത 3000 m3 മണ്ണ് എവിടെ നിക്ഷേപിച്ചുവെന്ന് വ്യക്തമല്ല.

5. പ്രവൃത്തിയുടെ ഭാഗമായി മെഷർമെന്റ് ബുക്ക് പ്രകാരം ഏതാണ്ട് 1560 m3 broken stone ഉപയോഗിച്ചിട്ടുള്ളതായി കാണിച്ചിട്ടുണ്ട്. എന്നാൽ അവയുടെ കളക്ഷൻ റിപ്പോർട്ട് ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് നൽകിയിട്ടില്ല.

6. പൊതുമരാമത്ത് ചട്ടങ്ങളിലെ പ്രവൃത്തികളുടെ അളവുകൾ എടുക്കുന്നത് സംബന്ധിച്ചോ അവ ക്രമമായി മെഷർമെന്റ് ബുക്കിൽ ചേർക്കുന്നത് സംബന്ധിച്ചോ ഉള്ള പ്രാഥമിക നടപടിക്രമങ്ങൾപോലും SILK ഉദ്യോഗസ്ഥർ പാലിച്ചിട്ടില്ല.

7. സ്റ്റേഡിയത്തിൽ നിർമ്മിച്ചിട്ടുള്ള ഇരുമ്പ് ഗ്യാലറിയുടെ സ്ട്രക്ചറൽ ഡിസൈൻ ഒരു അംഗീകൃത സ്ഥാപനവും സർട്ടിഫൈ ചെയ്തിട്ടില്ല.

8. ഫയൽ പരിശോധിച്ചതിൽനിന്നും സുതാര്യമായ ടെണ്ടർ നടപടികൾ പാലിച്ചിട്ടുള്ളതായി കാണുന്നില്ല. ഇ-ടെണ്ടർ നടപടികളെക്കുറിച്ച് വിപുലമായ പത്രപരസ്യം നൽകിയിട്ടില്ല. നാലരക്കോടി രൂപ അടങ്കൽ വരുന്ന ഒരു വലിയ പ്രവൃത്തി എന്ന നിലയിൽ സുതാര്യമായ ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതിരുന്നതിനാൽ അത് ചട്ടവിരുദ്ധമായി കണക്കാക്കേണ്ടിവരും.

9. ടെണ്ടർ ഡോക്യുമെന്റ് പ്രകാരം അടങ്കൽ തുക 4,49,69,727 രൂപയാണ്. M/s. Bankers Constructions 5% അടങ്കലിൽനിന്ന് കുറച്ചാണ് റേറ്റ് ക്വാട്ട് ചെയ്തിട്ടുള്ളത്. ആകയാൽ എഗ്രിമെന്റ് പ്രകാരമുള്ള തുകയായി 4,27,21,241 രൂപ

എന്ന് കണക്കാക്കാം. എന്നാൽ SILK തയ്യാറാക്കിയിരിക്കുന്ന ബിൽ പ്രകാരവും മലപ്പുറം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഫണ്ട് റിലീസിംഗിനുള്ള റിക്വസ്റ്റ് പ്രകാരവും ഫൈനൽ ബിൽ തുക 4,49,69,726 രൂപയാണ്. ഇക്കാര്യത്തിൽ വ്യക്തത വരേണ്ടതുണ്ട്.

10. സിന്തറ്റിക് ട്രാക്കിനായി SILK തയ്യാറാക്കിയിരിക്കുന്ന എസ്റ്റിമേറ്റിൽ സ്ക്വയർ മീറ്ററിന് 5,535 രൂപയാണ് നൽകിയിട്ടുള്ളത്. സിന്തറ്റിക് ട്രാക്കിന്റെ നിർമ്മാണം സബ് കോൺട്രാക്ടർ ആയ M/s. Bankers Constructions നടപ്പിലാക്കിയത് M/s. Shiv Naresh Sports (P) Ltd, Delhi എന്ന സ്ഥാപനം മുഖേനയാണ്. ഈ സ്ഥാപനം (M/s. Shiv Naresh Sports (P) Ltd, Delhi), KITCO LTD, സമാനമായ മറ്റൊരു പ്രവൃത്തിക്കായി നടത്തിയ ടെണ്ടറിൽ സിന്തറ്റിക് ട്രാക്ക് നിർമ്മിക്കാനുള്ള റേറ്റ് ക്വാട്ട് ചെയ്തിരുന്നത് 55.19 യു.എസ്. ഡോളർ ആയിരുന്നു. 14-10-2016-ലെ വിപണി മൂല്യം വച്ച് ഇത് 3,683.93 രൂപ വരുന്നുണ്ട്. ആകയാൽ സിന്തറ്റിക് ട്രാക്ക് നിർമ്മിച്ച ഇനത്തിൽ അനുവദിച്ച റേറ്റിൽ ഭീമമായ തുക സർക്കാരിന് നഷ്ടം സംഭവിച്ചിട്ടുള്ളതായി കണക്കാക്കുന്നു.

11. ഇരുമ്പ് ഗ്യാലറിയുടെ ഫൗണ്ടേഷന്റെ നിർമ്മാണം, സിന്തറ്റിക് ട്രാക്കിന്റെ ഫൗണ്ടേഷൻ, ട്രാക്കിന്റെ സംരക്ഷണഭിത്തിയുടെ നിർമ്മാണം എന്നീ ഇനങ്ങളിൽ 19,31,815 രൂപ അധികമായി നൽകിയതായി അന്വേഷണസംഘം കണ്ടെത്തി.

(ഡി) 19,31,815 രൂപ SILK (Steel Industries Kerala Limited)-ന് അധികമായി നൽകിയിട്ടുള്ളതായി അന്വേഷണസംഘം കണ്ടെത്തിയിട്ടുണ്ട്.

**ഭൂരഹിത ഭവനരഹിത കുടുംബങ്ങൾ**

140 (3088) <u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുറമ്പോക്ക് ഭൂമിയിൽ അടച്ചുറപ്പില്ലാത്ത വീടുകളിൽ താമസിക്കുന്ന എത്രകുടുംബങ്ങൾ ഉണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ

(ബി) ലൈഫ് പദ്ധതിയിൽ ആനുകൂല്യം ലഭിക്കാൻ അർഹതയുള്ള എത്ര കുടുംബങ്ങൾ നിലവിലുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നല്കുമോ;

(സി) സ്വന്തമായി ഭൂമിയുള്ളതും വീടില്ലാത്തതും, ഭൂമിയും വീടും ഇല്ലാത്തതുമായ എത്ര കുടുംബങ്ങൾ ഉണ്ട്;

(ഡി) ത്രിതല പഞ്ചായത്തുകൾ സ്വകാര്യ വ്യക്തികളിൽനിന്നും മാർക്കറ്റ് വിലക്ക് ഭൂമി വാങ്ങി ഭൂരഹിതർക്ക് നല്കാൻ എന്തെങ്കിലും പദ്ധതിയുണ്ടോ; ഇല്ലെങ്കിൽ അത്തരം പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത കണക്കുകൾ ഇപ്പോൾ ലഭ്യമല്ല.

(ബി) ലൈഫ് പദ്ധതിയിൽ ഉൾപ്പെടേണ്ടവരുടെ കരട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ചതിനുശേഷം അന്തിമ പട്ടിക പ്രസിദ്ധീകരിക്കുമ്പോൾ മാത്രമേ കൃത്യമായ എണ്ണം നിശ്ചയിക്കാൻ കഴിയുകയുള്ളൂ.

(സി) കുടുംബശ്രീ നടത്തിയ സർവ്വേയിൽ കരട് സാധ്യതാ ലിസ്റ്റിൽ ഭവനരഹിതരായി 506904 പേരെയാണ് കണ്ടെത്തിയിട്ടുള്ളത്. ഇതിൽ 373138 ഭൂരഹിത ഭവനരഹിതരും 133766 ഭൂമിയുള്ള ഭവനരഹിതരുമാണുള്ളത്.

(ഡി) ഇല്ല. ഇപ്പോൾ പരിഗണനയിലില്ല.

## നഗരസഭാ റോഡുകൾ കുഴിക്കുന്നതിനും പൂർവ്വ സ്ഥിതിയിലാക്കുന്നതിനും പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ

141 (3089) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ കണക്ഷൻ എടുക്കുന്നമ്പോഴും ഗാർഹിക ഉപഭോക്താക്കളുടെ കണക്ഷൻ ലൈൻ റിപ്പയർ ചെയ്യുമ്പോഴും നഗരസഭാ റോഡുകൾ കുഴിക്കുന്നതിനും തിരികെ പഴയനിലയിലാക്കുന്നതിനും പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; വ്യക്തമാക്കുമോ;

(ബി) റോഡ് കുഴിക്കുന്നതും തിരികെ പഴയനിലയിലാക്കുന്നതുമായി ബന്ധപ്പെട്ട ജോലികൾ ആരാണ് ചെയ്യേണ്ടത്; ഇതിന്റെ ചെലവ് എപ്രകാരമാണ് ഉപഭോക്താവിൽനിന്നും ഈടാക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) തിരുവനന്തപുരം നഗരസഭ ഉള്ളൂർ സോണലിലെ ഇടവക്കാട് വാർഡിൽ പൈപ്പ് കണക്ഷനും ലൈൻ റിപ്പയറിംഗും സംബന്ധിച്ച് ഫയൽ നമ്പർ UE1/3003/2017-ൽ കോർപ്പറേഷൻ നോട്ടീസ് നൽകിയതിനുശേഷമുണ്ടായ തുടർനടപടികൾ അറിയിക്കുമോ; ഇവിടെയുണ്ടായിട്ടുള്ള കുഴികൾ കോർപ്പറേഷൻ അടച്ച് റോഡ് ഗതാഗതയോഗ്യമാക്കിയിട്ടുണ്ടോ;

(ഡി) ഇക്കാര്യം സംബന്ധിച്ച് ബഹു. മന്ത്രിക്ക് നൽകിയ E-1637656/17 നമ്പർ പെറ്റീഷനിലും ബഹു. നഗരസഭാ മേയർക്ക് നൽകിയ പരാതിയിലും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) താഴെപ്പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായാണ് റോഡ് കട്ട് ചെയ്യുന്നതിന് അനുമതി നൽകുന്നത്:

1. റോഡ് കട്ട് ചെയ്യുമ്പോൾ അസ്ഫാൽട്ട് കട്ട് ഉപയോഗിച്ച് ഒരടി ആഴത്തിൽ കുഴിക്കേണ്ടതാണ്.

2. യാത്രാബുദ്ധിമുട്ടും അപകട സാധ്യതയും ഉണ്ടാകാത്ത രീതിയിൽ ടി കട്ടിംഗിന്റെ റീ-ഫില്ലിംഗ് ഉടനടി ചെയ്യേണ്ടതാണ്.

3. റോഡ് വെട്ടിമുറിച്ചുകഴിഞ്ഞാൽ പ്രസ്തുത ഭാഗം ഉടനടി മണ്ണ് നിറച്ച് കുഴിമൂടി റോഡ് പൂർവ്വസ്ഥിതിയിലാക്കേണ്ടതാണ്.

4. ഈ ജോലിമൂലം യാത്രക്കാർക്കോ പൊതുജനങ്ങൾക്കോ വാഹനങ്ങൾക്കോ ജോലിക്കാർക്കോ എന്തെങ്കിലും കഷ്ടനഷ്ടങ്ങൾ ഉണ്ടാകുകയാണെങ്കിൽ ആയതിന് അപേക്ഷകൻ മാത്രം ഉത്തരവാദി ആയിരിക്കുന്നതും നഗരസഭയ്ക്ക് യാതൊരുവിധ ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതുമല്ല.

5. ഏതെങ്കിലും സാഹചര്യത്തിൽ രാത്രികാലങ്ങളിലാണ് ഈ റോഡ് വെട്ടിമുറിക്കേണ്ടിവരുന്നതെങ്കിൽ ആവശ്യമായ അപായസൂചനകൾ പൊതുജനങ്ങൾക്കും വാഹനങ്ങൾക്കും കാണത്തക്കരീതിയിൽ സ്ഥാപിച്ചിരിക്കേണ്ടതാണ്.

6. കാരണങ്ങൾ ഒന്നും കാണിക്കാതെ തന്നെ ഈ ഉത്തരവ് ഏത് സമയത്തും റദ്ദ് ചെയ്യുന്നതിന് നഗരസഭയ്ക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

7. ഏതെങ്കിലും കാരണവശാൽ ഇതിൽ സൂചിപ്പിച്ചിട്ടുള്ള കാലാവധിക്കുള്ളിൽ ജോലി പൂർത്തിയാക്കുവാൻ സാധിക്കാത്തപക്ഷം അധിക ഫീസ് ഒടുക്കി കാലാവധി നീട്ടിവാങ്ങേണ്ടതാണ്.

8. ടാർ കട്ട് ചെയ്യുന്ന ഭാഗം സ്വന്തമായി/താൽക്കാലികമായി കോൺക്രീറ്റ് ചെയ്ത് പുനഃസ്ഥാപിക്കേണ്ടതാണ്.

9. റോഡ് പുനഃസ്ഥാപിക്കുന്ന പ്രവൃത്തിക്ക് ഉപയോഗിക്കുന്ന കോൺക്രീറ്റ് മിശ്രിതം 1:2:4 എന്ന അനുപാതത്തിൽ ആയിരിക്കേണ്ടതാണ്. കുഴി മൂടുന്നതിനുള്ള കോൺക്രീറ്റിന്റെ കനം ഏറ്റവും കുറഞ്ഞത് 15 സെന്റിമീറ്റർ എങ്കിലും ആയിരിക്കണം.

(ബി) കേരള വാട്ടർ അതോറിറ്റിയുടെ സൂപ്പർവിഷനിൽ വാട്ടർ കണക്ഷൻ എടുക്കുന്ന ആളും ലൈസൻസ് ഉള്ള പ്ലംബറും ചേർന്നാണ് ടി പ്രവൃത്തികൾ ചെയ്യുന്നത്. താൽക്കാലികമായി കോൺക്രീറ്റ് ചെയ്ത് പുനഃസ്ഥാപിച്ച നഗരസഭ റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതിന് താഴെപ്പറയും പ്രകാരമുള്ള ചാർജ് നഗരസഭ ഈടാക്കിവരുന്നു.

1. Road Berm Cutting -534.40/m2

2. Water Bond Mecada portion -1032.40/m2

3. Bituminous portion -1660.50/m2

4. Concrete Road-1712.40/m2

(സി) UE1/3003/17 പ്രകാരം നൽകിയ നോട്ടീസിന് മറുപടിയായി ടി കക്ഷി യാതൊരു ആവശ്യത്തിനും റോഡ് പൊട്ടിപ്പൊളിച്ചിട്ടില്ലെന്നും പൈപ്പ്ലൈൻ ചോർച്ച പരിഹരിക്കുന്നതിനായി വാട്ടർ അതോറിറ്റി റണ്ണിംഗ് കോൺട്രാക്ടർ ആണ് പണി നടത്തിയിട്ടുള്ളതെന്നും അറിയിച്ചിട്ടുള്ളതും ആയതുപ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തി ശരിയാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. ടി റോഡിൽ പ്രവൃത്തികൾ നടത്തുന്നതിന് നിലവിൽ പ്രോജക്ടുകൾ ഒന്നും വച്ചിട്ടില്ലാത്തതാണ്.

(ഡി) ബഹു. മന്ത്രിക്കും മേയർക്കും നൽകിയ പരാതി 11-8-2017-ൽ തിരുവനന്തപുരം നഗരസഭയിൽ ലഭിച്ചിട്ടുണ്ട്. ആയത് നഗരസഭയുടെ പരിഗണനയിലാണ്.

**ലൈഫ് ഭവന പദ്ധതി**

142 (3090) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽനിന്നും എത്ര ഗുണഭോക്താക്കളെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ലൈഫ് പദ്ധതി ഏതെങ്കിലും കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമാണോ ; പദ്ധതി നടത്തിപ്പിന്റെ ചുമതല ആർക്കാണ് ; വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ലൈഫ് പദ്ധതിയിൽ ഉൾപ്പെടേണ്ടവരുടെ കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ചതിനുശേഷം അന്തിമ പട്ടിക പ്രസിദ്ധീകരിക്കുമ്പോൾ മാത്രമേ ഗുണഭോക്താക്കളുടെ എണ്ണം കൃത്യമായി നിർണ്ണയിക്കാൻ കഴിയുകയുള്ളൂ.

(ബി) അല്ല. തദ്ദേശസ്വയംഭരണ വകുപ്പിനാണ് ലൈഫ് പദ്ധതി നടത്തിപ്പിന്റെ ചുമതല.

**നഗരസഭ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ പരിഷ്കരണം**

143 (3091) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭാ കണ്ടിജൻറ് ജീവനക്കാരുടെ പെൻഷൻ പരിഷ്കരണ ഉത്തരവ് പുറത്തിറക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ. ഇതിന്റെ ഫയൽ നമ്പർ നൽകുമോ;

(ബി) പത്താം ശമ്പളകമ്മീഷന്റെ അടിസ്ഥാനത്തിൽ പാവപ്പെട്ട തൊഴിലാളികളുടെ പെൻഷൻ പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) സർക്കാരിന്റെ സജീവ പരിഗണനയിലുള്ള ഈ വിഷയത്തിന്മേലുള്ള നടപടികൾ ഇയു3/233/2016/തസ്വഭവ; എന്ന ഫയലിലാണ് സ്വീകരിച്ചുവരുന്നത്. നടപടികൾ അന്തിമഘട്ടത്തിലാണ്.

**കൊതുക് നശീകരണത്തിനുള്ള മരുന്ന് സ്പ്രേ ചെയ്യൽ**

144 (3092) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊതുക് നശീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ ഓടകളിലും വീടുകളിലും മറ്റ് ഒഴിഞ്ഞ പ്രദേശങ്ങളിലും ഈ വർഷം എബൈറ്റ് മരുന്ന് സ്പ്രേ ചെയ്യാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) കൊതുക് നശീകരണത്തിനായി എബൈറ്റ് മരുന്ന് സ്പ്രേ ചെയ്യുന്നത് പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) കൊതുകിന്റെ കൂത്താടികളെ നശിപ്പിക്കുന്നതിനായി സ്പ്രേയിംഗിനുവേണ്ടി എബൈറ്റ് (ടെമിഫോസ്) ഇപ്പോഴും ഉപയോഗിച്ചുവരുന്നുണ്ട്.

**തെരുവുനായ്ക്കൾക്കുള്ള സംരക്ഷണ കേന്ദ്രം**

145 (3093) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവ് നായ്ക്കൾക്ക് സംരക്ഷണ കേന്ദ്രം സ്ഥാപിക്കുമെന്ന് സുപ്രീം കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിൽ ഉറപ്പ് നൽകിയിരുന്നോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ എവിടെയൊക്കെ ഇതിനകം തെരുവ് നായ സംരക്ഷണ കേന്ദ്രം ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തെരുവുനായശല്യം തടയുന്നതിനായി ജില്ലാ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ 'ഡോഗ് സൂ' സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതായി തെരുവനായശല്യം സംബന്ധിച്ച് സുപ്രീംകോടതിയിൽ നിലവിലുള്ള SLP(C)691/ 2009 കേസ് 10-7-2009-ന് വാദത്തിന് വന്നപ്പോൾ സർക്കാർ നൽകിയ സത്യവാങ്മൂലത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ബി) തെരുവുനായ്ക്കളെ സംരക്ഷിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ ആര്യനാട്, കോട്ടുകൽ എന്നീ ഗ്രാമപഞ്ചായത്തുകളിലും തൃശ്ശൂർ ജില്ലയിൽ എ.ബി.സി. പ്രോഗ്രാമുമായി ബന്ധപ്പെട്ട് വന്ധ്യംകരിക്കുന്ന നായ്ക്കളെ താൽക്കാലികമായി സംരക്ഷിക്കുന്നതിനായി വെള്ളാങ്കല്ലൂർ, മുണ്ടത്തിക്കോട്, അന്തിക്കാട് എന്നീ സ്ഥലങ്ങളിലും പത്തനംതിട്ട ജില്ലയിൽ കടപ്ര, കൊടുമൺ എന്നീ ഗ്രാമപഞ്ചായത്തുകളിലും തെരുവുനായ സംരക്ഷണ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**ജീവനക്കാരുടെ അപര്യാപ്തത**

146 (3094) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും വേണ്ടത്ര ജീവനക്കാർ ഇല്ലാത്തത്, എം.എൽ.എ നിർദ്ദേശിക്കുന്ന പദ്ധതികളുടെ നടത്തിപ്പിന് വളരെയധികം ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജീവനക്കാരുടെ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) എം.എൽ.എ. നിർദ്ദേശിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് മുൻഗണന നൽകാറുണ്ടോ;

(സി) ഇല്ലെങ്കിൽ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് മുൻഗണന നൽകാൻ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും നിർദേശം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജീവനക്കാരുടെ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി & സി) നഗരസഭകളിൽ എം.എൽ.എ.-യുടെ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ മുൻഗണനാക്രമത്തിൽ നടത്തിവരുന്നു. പഞ്ചായത്ത് വകുപ്പിൽ എം.എൽ.എ. നിർദ്ദേശിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് അതാത് പഞ്ചായത്ത് ഭരണ സമിതികൾ മുൻഗണന നൽകാറുണ്ട്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള എഞ്ചിനീയറിംഗ് വിഭാഗം

147 (3095) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻജിനീയറിംഗ് വിഭാഗം ജീവനക്കാരെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ & ബി) തദ്ദേശസ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം പ്രാദേശിക സർക്കാരുകളിൽ സംയോജിപ്പിക്കുന്നതാണ് എന്ന 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനത്തെത്തുടർന്ന് എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്പോൾ വിഷയം സംസ്ഥാന ധനകാര്യ കമ്മീഷന്റെ പരിഗണനയിലാണ്.

## കേന്ദ്ര റിയൽ എസ്റ്റേറ്റ് നിയമം

148 (3096) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) നിയമം റദ്ദ് ചെയ്ത സാഹചര്യത്തിൽ ബന്ധപ്പെട്ട കേന്ദ്രനിയമത്തിന്റെ അടിസ്ഥാനത്തിൽ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നാളിതുവരെ ഇതിനായി നടപടി സ്വീകരിക്കാത്തത്;

(ബി) നിലവിൽ നടന്നുവരുന്ന റിയൽ എസ്റ്റേറ്റ് പ്രോജക്ടുകൾ കേന്ദ്രനിയമം പ്രാബല്യത്തിൽ വന്ന് എത്ര ദിവസത്തിനകം രജിസ്റ്റർ ചെയ്യണമെന്നാണ് വ്യവസ്ഥയുള്ളത്; ഈ കാലാവധി എന്നാണ് അവസാനിച്ചത്; നാളിതുവരെ ഇത്തരം എത്ര പ്രോജക്ടുകൾ ഇപ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്; രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കേന്ദ്രനിയമത്തിന്റെ അടിസ്ഥാനത്തിൽ അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; ഇതിനായി സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ - സി) 2016-ലെ കേന്ദ്ര റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) നിയമം നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങളുടെ നിർമ്മാണം ദ്രുതഗതിയിൽ പൂർത്തിയായിവരുന്നു. ചട്ടങ്ങൾ പൂർത്തിയായി വരുമ്പോൾ പ്രോജക്ട് രജിസ്ട്രേഷൻ സംബന്ധിച്ച കാര്യങ്ങളിൽ വ്യക്തത വരുന്നതാണ്. കേന്ദ്ര റിയൽ എസ്റ്റേറ്റ് നിയമത്തിന്റെ അടിസ്ഥാനത്തിൽ റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു.

## മൂന്നാം ഗ്രേഡ് ഓവർസിയർ തസ്തിക

149 (3097) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ പുതുതായി രൂപീകരിച്ച നഗരസഭകളിൽ എത്ര മൂന്നാം ഗ്രേഡ് ഓവർസിയർ തസ്തിക പുതുതായി സൃഷ്ടിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആന്തൂർ നഗരസഭ - 2 തസ്തികകൾ

(ബി) ആയതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ശുചിത്വപരിപാലന സമിതി**

150 (3098) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയുടെ പരിധിയിലുള്ള വീടുകളിലെ മാലിന്യ സംസ്കരണം ഏകോപിപ്പിക്കുന്നതിന് ശുചിത്വപരിപാലന സമിതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) തലസ്ഥാനത്ത് വിവിധതരം പനി പിടിപ്പെട്ട് നിരവധി ആളുകൾ മരണപ്പെട്ടത് തിരുവനന്തപുരം കോർപ്പറേഷൻ മഴക്കാല പൂർവ്വ ശുചീകരണത്തിൽ വീഴ്ച വരുത്തിയതുകൊണ്ടാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. വീടുകളിൽ വികേന്ദ്രീകൃത മാലിന്യ സംസ്കരണ പരിപാടി നടപ്പിലാക്കുന്നതിന് ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങളായ കിച്ചൺ ബിൻ, ബയോഗ്യാസ് പ്ലാന്റ് എന്നിവ മുഖേന ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനും വീടുകളിലെ അജൈവമാലിന്യങ്ങൾ തരംതിരിച്ച് ശേഖരിച്ച് നഗരസഭയുടെ RRC-കളിലോ MRF വഴിയോ Re-cycle ചെയ്ത് സംസ്കരിക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കുന്നതിനും അംഗീകൃത സന്നദ്ധസംഘടനകളെ തെരഞ്ഞെടുത്ത് വാർഡുകളിൽ സേവനം നൽകുന്നതിനായുള്ള ചുമതലയും നിർവ്വഹിക്കുന്നതിനാണ് ശുചിത്വ പരിപാലന സമിതിക്ക് രൂപം നൽകിയിട്ടുള്ളത്.

(ബി) ഇല്ല. മഴക്കാലപൂർവ്വ ശുചീകരണ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ മാർച്ച് മാസം മുതൽതന്നെ ആരംഭിക്കുകയും പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കായി ദിവസവേതനാടിസ്ഥാനത്തിൽ മുന്നൂറോളം തൊഴിലാളികളെ നിയോഗിക്കുകയും വാർഡൊന്നിന് ഒരു ലക്ഷം രൂപ വീതം ആകെ 100 വാർഡുകൾക്ക് ഒരു കോടി രൂപ അനുവദിക്കുകയും മഴക്കാലപൂർവ്വ ശുചീകരണത്തിനായി വാർഡൊന്നിന് 35,000 രൂപ വീതം ആകെ 100 വാർഡുകൾക്ക് 35 ലക്ഷം രൂപ അനുവദിക്കുകയുമുണ്ടായി. കൊതുക് നിവാരണത്തിന് ഫോഗിംഗ് അടക്കമുള്ള ഒട്ടേറെ നടപടികൾ കോർപ്പറേഷൻ ഏറ്റെടുത്തിട്ടുണ്ട്.

## മാലിന്യ സംസ്കരണ സംവിധാനം

151 (3099) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി മാലിന്യ സംസ്കരണ സംവിധാനം ഇല്ലാതെ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; സ്വന്തമായി മാലിന്യ സംസ്കരണ സംവിധാനം ഒരുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ എന്ന് മുതൽ നടപടി സ്വീകരിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2012-ലെ കേരള മുനിസിപ്പാലിറ്റി ഭേദഗതി ആക്ട് പ്രകാരം വ്യാപാര കേന്ദ്രങ്ങൾ, ആശുപത്രികൾ, ചന്തകൾ, അറവുശാലകൾ, ചിക്കൻ സ്റ്റാളുകൾ, മത്സ്യസ്റ്റാളുകൾ, കല്ല്യാണ മണ്ഡപങ്ങൾ, ഫ്ലാറ്റുകൾ, ഹോട്ടലുകൾ, കാറ്ററിംഗ് സർവ്വീസ് സ്ഥാപനങ്ങൾ, 400 ചതുരശ്ര മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വീടുകൾ, മുനിസിപ്പാലിറ്റികൾ വിജ്ഞാപനം ചെയ്തേക്കാവുന്ന അങ്ങനെയുള്ള മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽത്തന്നെ ഉറവിടത്തിൽ മാലിന്യം തരംതിരിച്ച് സംസ്കരിക്കണമെന്നുള്ളത് വ്യക്തമാക്കി യിട്ടുള്ളതാണ്. കേന്ദ്ര പരിസ്ഥിതി, വനവും കാലാവസ്ഥാ വ്യതിയാനവും വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ചട്ടം 2016 പ്രകാരം മാലിന്യമുൽപ്പാദിപ്പിക്കുന്നവരുടെ ഉത്തരവാദിത്വങ്ങളും അധികാരസ്ഥാനങ്ങളുടെ ചുമതലകളും വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ആയതിൻ പ്രകാരം മാലിന്യം ഉൽപ്പാദിപ്പിക്കുന്ന ഏതൊരാളും മാലിന്യം തെരുവിലോ പൊതുസ്ഥലത്തോ ജലാശയങ്ങളിലോ വലിച്ചെറിയാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഡി ആന്റ് ഒ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്ല്യാണ മണ്ഡപങ്ങൾ/വിവാഹ ഹാളുകൾ ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീട്ടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യ വസ്തുക്കൾ വിൽക്കുന്ന സിനിമാ തിയേറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ്

യൂണിറ്റുകൾ, പച്ചക്കറി/പഴവിപണന കടകൾ, മത്സ്യം, മാംസം എന്നിവ വിൽക്കുന്ന കടകൾ, വിവിധ ക്യാന്റീനുകൾ എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ഉറവിടത്തിൽ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പോലുള്ള അനുയോജ്യമായ സംവിധാനങ്ങൾ 2017 സെപ്റ്റംബർ 15-ന് മുമ്പായി സജ്ജീകരിക്കുന്നതിന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കർശനമായ നിർദ്ദേശം നൽകേണ്ടതാണ് എന്ന് 22-7-2017-ലെ സ.ഉ.(സാധാ)നമ്പർ 2511/2017/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. പുതുതായി ഡി ആന്റ് ഒ ലൈസൻസിന് അപേക്ഷിക്കുന്ന മേൽപ്പറഞ്ഞ രീതിയിലുള്ള സ്ഥാപനങ്ങൾ മേൽ വിവരിച്ച രീതിയിൽ ജൈവമാലിന്യങ്ങൾ ഉറവിടത്തിൽതന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് അനുയോജ്യമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കി മാത്രമേ അവർക്ക് ഡി & ഒ ലൈസൻസ് മേലിൽ നൽകാവൂ എന്നും ടി ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ചിക്കൻ സ്റ്റാളുകൾ, അറവുശാലകൾ എന്നിവിടങ്ങളിലെല്ലാം മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്നും അവയിൽനിന്നുള്ള ജൈവ-അജൈവ മാലിന്യങ്ങൾ പൊതു നിരത്തുകളിലും ജലാശയങ്ങളിലും നിക്ഷേപിക്കപ്പെടുന്നില്ല എന്നും തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതും ഇത് ലംഘിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതും നഗരസഭകൾക്ക് കീഴിലുള്ള പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന തട്ടുകടകളിൽനിന്നും വഴിയോരക്കടകളിൽനിന്നും ജൈവ മാലിന്യങ്ങളും അജൈവ മാലിന്യങ്ങളും പൊതുനിരത്തുകളിലും മറ്റും വലിച്ചെറിയുന്നത് ഒഴിവാക്കുന്നതിന് കർശന നിർദ്ദേശം നൽകേണ്ടതും ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന തട്ടുകടകൾക്കെതിരെ നിലവിലുള്ള മുനിസിപ്പാലിറ്റി ആക്ട് ചട്ടം 371, 372 അനുസരിച്ചുള്ള നടപടികൾ നഗരസഭ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതുമാണ് എന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്.

ഉറവിട മാലിന്യ സംസ്കരണ മാർഗ്ഗങ്ങൾ 2017 സെപ്റ്റംബർ 15-ന് മുമ്പായി സജ്ജീകരിച്ച് പ്രവർത്തനക്ഷമമാക്കാത്ത സ്ഥാപനങ്ങളുടെ ഡി ആന്റ് ഒ ലൈസൻസ് മറ്റൊരു അറിയിപ്പ് കൂടാതെ റദ്ദാക്കുന്നതിന് കേരള മുനിസിപ്പാലിറ്റി/പഞ്ചായത്ത് രാജ് ആക്ട്, 1994 അനുസരിച്ചുള്ള നടപടികൾ അതാത് തദ്ദേശസ്വയംഭരണ സെക്രട്ടറിമാർ ഉടനടി സ്വീകരിക്കേണ്ടതാണെന്ന് ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകി ഉത്തരവായിട്ടുണ്ട്.

## ആദിവാസി ഗോത്രവർഗ്ഗ മേഖലകളിൽ കുടുംബശ്രീ നടപ്പിലാക്കുന്ന പദ്ധതികൾ

152 (3100) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. പി. വി. അൻവർ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി, ഗോത്രവർഗ്ഗ മേഖലകളിൽ കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന നൂതന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ മേഖലയിൽ ഇവർക്കായി പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഗോത്രവർഗ്ഗ കലകളുടെ പരിപോഷണത്തിനായി കുടുംബശ്രീ നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ഡി) പട്ടിക-ഗോത്രവർഗ്ഗ യുവജനങ്ങളുടെ വിദ്യാഭ്യാസ ഉന്നമനത്തിനും തൊഴിൽ ലഭ്യതയ്ക്കുമായി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)

1. ഊരിൽ ഒരു ദിനം - വിവിധ വികസന വകുപ്പുകളെ സംയോജിപ്പിച്ച് അടിയന്തര ശ്രദ്ധ നൽകേണ്ട കോളനികളിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പട്ടികവർഗ്ഗ അദാലത്തും മെഡിക്കൽ ക്യാമ്പും തുടർ പ്രവർത്തനങ്ങളും.

2. പട്ടികവർഗ്ഗ അയൽക്കൂട്ടത്തിന്റെ ഗ്രേഡിംഗ്, ലിങ്കേജ് വർദ്ധിപ്പിക്കൽ, അയൽക്കൂട്ടങ്ങൾക്കുള്ള കോർപ്പസ് ഫണ്ട് വിതരണം.

3. പട്ടികവർഗ്ഗക്കാർ മാത്രം ഉൾപ്പെടുന്ന പ്രത്യേക ആശ്രയ പദ്ധതി രൂപീകരണവും നടത്തിപ്പും.

4. ബാലസഭയ്ക്കുപരി പട്ടികവർഗ്ഗ കൗമാര വിഭാഗത്തിലുള്ളവർക്കായി കൗമാര ക്ലബ്ബും ബോധവൽക്കരണ പരിപാടികളും.

5. അട്ടപ്പാടിയിലെ പ്രവർത്തന മാതൃകയിൽ തിരുനെല്ലി, ആറളം, നിലമ്പൂർ മേഖലയിൽ എൻ.ആർ.എൽ.എം. ഫണ്ട് ഉപയോഗിച്ചുള്ള വിവിധ പ്രവർത്തനങ്ങൾ (ബ്രിഡ്ജ് കോഴ്സ്, ബ്രിഡ്ജ് സ്കൂൾ, ബാല വിഭവ കേന്ദ്രം, യുവജന വിഭവ കേന്ദ്രം മുതലായവ)

6. അന്നപ്രദായിനി മാതൃകയിൽ കമ്മ്യൂണിറ്റി കിച്ചൺ പരിപാടികൾ.

7. മുന്നേറ്റം - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്ലസ് ടു അഡ്മിഷൻ രജിസ്ട്രേഷൻ ക്യാമ്പയിൻ, പി.എസ്.സി. വൺ ടൈം രജിസ്ട്രേഷൻ ക്യാമ്പയിനും കോച്ചിംഗ് ക്ലാസ്സും, മത്സര പരീക്ഷകൾ നേരിടുവാൻ സഹായകരമാകുന്ന തരത്തിലുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ.

8. ഗുരുകുലം - പി.എസ്.സി. തീവ്രയത്ന പരിശീലന പരിപാടി, താമസിച്ചുള്ള പി.എസ്.സി. പരിശീലനം.

9. സംരംഭങ്ങൾ ആരംഭിക്കാനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾക്കായി പ്രത്യേക പരിശീലന ക്യാമ്പയിനുകൾ - ഒരു ഊരിൽ ഒരു സംരംഭം.

10. പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക ഇടപെടലുകൾ, പ്രത്യേക ജെ.എൽ.ജി. രൂപീകരണവും കോർപ്പസ് ഫണ്ട് നൽകലും. അന്നപ്രദായിനി പദ്ധതിക്ക് പച്ചക്കറികൾ ലഭ്യമാക്കൽ.

11. ഡി.ഡി.യു.-ജി.കെ.വൈ പദ്ധതിയിൽ തൊഴിൽ ലഭിക്കാത്തവർക്കായി പ്രത്യേക സംരംഭ പരിപാടി. വൈദഗ്ദ്ധ്യം ലഭിച്ചവർക്കായി പ്രത്യേക തൊഴിൽ മേളകൾ സംഘടിപ്പിക്കൽ.

12. പട്ടികവർഗ്ഗ മേഖലയിൽ വനവിഭവ ശേഖരണവുമായി ബന്ധപ്പെട്ട് പ്രൊഡ്യൂസർ ഗ്രൂപ്പ് രൂപീകരണം. (മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ)

13. പട്ടികവർഗ്ഗ മേഖലയിലെ പരമ്പരാഗത വൈദ്യം, പരമ്പരാഗത ഭക്ഷണം, പരമ്പരാഗത കലാരൂപങ്ങൾ, കരകൗശല ഉൽപ്പന്നങ്ങൾ എന്നിവയുടെ കണ്ടെത്തൽ, ആയതിന് പ്രോത്സാഹനം നൽകുന്നതിനായി ഗോത്ര കലാവിപണന മേളകൾ സംഘടിപ്പിക്കൽ.

(ബി) ഉണ്ട്; ഗോത്രവർഗ്ഗക്കാരുടെ മാത്രം 5631 അയൽക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

(സി) തനതുകലകൾക്ക് പ്രാധാന്യം നൽകുന്നതിനുവേണ്ടി ഓരോ ജില്ലയും തനതു കലാരൂപങ്ങളുടെ കലാഗ്രൂപ്പ് രൂപീകരണവും പരിശീലനവും നടത്തുന്നുണ്ട്.

(ഡി) തൊഴിൽ ലഭ്യതയ്ക്കായി പി.എസ്.സി. വൺ ടൈം രജിസ്ട്രേഷൻ, പട്ടികവർഗ്ഗ മേഖലയിൽ സ്വയം തൊഴിൽ വൈദഗ്ദ്ധ്യം ലഭ്യമാക്കുന്നതിനുള്ള ഡി.ഡി.യു.ജി.കെ.വൈ. ഊരുതല സ്പെഷ്യൽ ക്യാമ്പയിനുകൾ.

**മാലിന്യം നീക്കം ചെയ്യുന്നതിനായുള്ള പദ്ധതികൾ**

153 (3101) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യം നീക്കം ചെയ്യുന്നതിനായി കാര്യക്ഷമമായ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കാത്തതിനാൽ പൊതുസ്ഥലങ്ങളും നിരത്തുകളും ജലാശയങ്ങളുമെല്ലാം മാലിന്യ നിക്ഷേപ കേന്ദ്രങ്ങളായി തീരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുസ്ഥലങ്ങളും നിരത്തുകളും ജലാശയങ്ങളും മാലിന്യമുക്ത മാക്കുന്നതിനായി വാർഡ് തലങ്ങളിൽ മാലിന്യ ശേഖരണത്തിനായി നടപടി സ്വീകരിക്കുമോ;

(സി) സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊതുസ്ഥലങ്ങളും നിരത്തുകളും ജലാശയങ്ങളും മാലിന്യമുക്ത മാക്കുന്നതിനായി ഓരോ വാർഡുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ പരിപാടികൾ ആവിഷ്കരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി ഉറവിടത്തിൽത്തന്നെ മാലിന്യ സംസ്കരണം നടത്തുന്നതിനുള്ള വിവിധ സ്കീമുകൾ നടപ്പാക്കുന്നതോടൊപ്പം പ്ലാസ്റ്റിക് അടക്കമുള്ള അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും വിവിധ പ്രോജക്ടുകൾ ഇപ്പോൾ നടപ്പാക്കുന്നുണ്ട്. കൃത്യമായ ഇടവേളകളിൽ പ്ലാസ്റ്റിക്, ചെരിപ്പ്, ഗ്ലാസ് എന്നിവ ശേഖരിച്ച് പുനഃചംക്രമണത്തിനും പുനരുപയോഗത്തിനും കൈമാറുന്ന രീതി കുറെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഫലപ്രദമായി നടക്കുന്നു. ഇതിനുപുറമെ പാഴ്‌വസ്തു വ്യാപാരികളുടെ സേവനം പ്രയോജനപ്പെടുത്തി അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് പ്രത്യേക നടപടികൾ എടുത്തുവരുന്നു. ജൈവ മാലിന്യങ്ങൾ ശേഖരിച്ചാൽ അവ കൊണ്ടുപോയി സംസ്കരിക്കുന്നതിന് കേന്ദ്രീകൃത സംവിധാനമോ പ്ലാന്റുകളോ നിലവിലില്ലാത്ത സ്ഥലങ്ങളിൽ ഉറവിടത്തിൽത്തന്നെ അത് സംസ്കരിക്കുന്നതിനുള്ള ഉപാധികളും രീതികളുമാണ് സംസ്ഥാന ശുചിത്വ മിഷന്റെ പിന്തുണയോടുകൂടി തദ്ദേശ സ്ഥാപനങ്ങൾ ഇപ്പോൾ സ്വീകരിച്ചുവരുന്നത്.

(സി) പൊതുസ്ഥലങ്ങളിലും നിരത്തുകളിലും ജലാശയങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നത് പൂർണ്ണമായി ഒഴിവാക്കി ഇത്തരം സ്ഥലങ്ങളെ മാലിന്യ രഹിതവും വൃത്തിയുള്ളതുമാക്കി തീർക്കുന്നതിന് ഹരിത കേരള മിഷന്റെ നേതൃത്വത്തിൽ ശുചിത്വമിഷൻ ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ചുവരികയാണ്. തദ്ദേശ സ്വയംഭരണ വകുപ്പ് സ.ഉ. (സാധാ.) നമ്പർ 2420/2017/ത.സ്വ.ഭ.വ. 15-7-2017-ലെ ഉത്തരവ് പ്രകാരം കൃത്യമായ നിർദ്ദേശങ്ങൾ ഖരമാലിന്യ സംസ്കരണത്തിനായി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം പ്രാദേശികമായി കാര്യക്ഷമമായി പ്രവർത്തിക്കുന്ന കുടുംബശ്രീ യൂണിറ്റുകൾ, സ്വയം സഹായ സംഘങ്ങൾ അല്ലെങ്കിൽ നിലവിലുള്ള മറ്റ് സംവിധാനങ്ങൾ എന്നിവ ഹരിത കർമ്മസേനയായി പ്രവർത്തിക്കുകയും തദ്ദേശ സ്ഥാപനത്തിന്റെ പരിധിയിലെ മാലിന്യ സംസ്കരണത്തിനുള്ള പ്രധാന ഏജന്റായി പ്രവർത്തിക്കുകയും വേണം. ഹരിത കർമ്മസേനയുടെ ഗ്രീൻ ടെക്നീഷ്യൻമാർ, ഗ്രീൻ സൂപ്പർവൈസർമാർ, ഹരിത സഹായ സ്ഥാപനം എന്നിവയുടെ നേതൃത്വത്തിലുള്ള കൂട്ടായ പ്രവർത്തനമാണ് മാലിന്യ സംസ്കരണത്തിനായി ലക്ഷ്യമിട്ടിട്ടുള്ളത്. വികേന്ദ്രീകൃത ആസൂത്രണ പരിപാടികൾക്ക് സ്ഥലപരിമിതിയുള്ളവർക്ക് പൊതുസംവിധാനത്തിൽ മാലിന്യശേഖരണം നടത്തുന്നതിനുള്ള സംവിധാനവും തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരുക്കണം.

സ.ഉ. (സാധാ.) നമ്പർ 2511/2017/ ത.സ്വ.ഭ.വ. തീയതി 22-7-2017-ലെ ഉത്തരവ് പ്രകാരം ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്ല്യാണമണ്ഡപങ്ങൾ, ഓഡിറ്റോറിയം, റീട്ടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമ തിയേറ്ററുകൾ, പച്ചക്കറി, പഴം, മത്സ്യ-മാംസ വിപണന കേന്ദ്രങ്ങൾ, ചിക്കൻ സ്റ്റാളുകൾ, അറവുശാലകൾ എന്നിവിടങ്ങളിലെല്ലാം ജൈവമാലിന്യങ്ങൾ തരംതിരിച്ച് ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരം നടപടികൾ ഏറ്റെടുക്കുമ്പോൾ പൊതു ഇടങ്ങളിലും ജലാശയങ്ങളിലും മാലിന്യങ്ങൾ വലിച്ചെറിയുന്നത് ഒരു വലിയ പരിധിവരെ ഇല്ലാതാകുകയും അത്തരം സ്ഥലങ്ങൾ മാലിന്യ രഹിതമാകുകയും ചെയ്യുമെന്നാണ് വിലയിരുത്തപ്പെടുന്നത്.

**സകർമ്മ സോഫ്റ്റ് വെയർ**

154 (3102) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 മുതൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഭരണസമിതിയോഗ നടപടികൾ 'സകർമ്മ'യിൽ നൽകണമെന്ന് നിർദ്ദേശം നൽകിയിരുന്നോ;

(ബി) പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പ്രസ്തുത സോഫ്റ്റ്‌വെയറിൽ ഡേറ്റ കൃത്യമായി ചേർക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സകർമ്മ നടപ്പാക്കുന്നതിലുള്ള ജീവനക്കാരുടെയും ഭരണസമിതികളുടെയും താല്പര്യക്കുറവാണ് സർക്കാർ തീരുമാനം പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിന് വിഘാതമായത് എന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) എങ്കിൽ സകർമ്മ പൂർണ്ണതോതിൽ നടപ്പിലാക്കുവാൻ കർശന നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ഭരണസമിതി യോഗനടപടികളും തീരുമാനങ്ങളും സകർമ്മ സോഫ്റ്റ് വെയർ മുഖേന ചെയ്യണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേരളത്തിലെ എല്ലാ നഗരസഭകളിലും കൗൺസിൽ യോഗനടപടിക്രമങ്ങൾ ഓൺലൈൻ മുഖാന്തിരമാക്കുന്നതിന്റെ ഭാഗമായി സകർമ്മ സോഫ്റ്റ് വെയർ എല്ലാ നഗരസഭകളിലും ഉപയോഗിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ നഗരസഭാ സെക്രട്ടറിമാർക്ക് ഇത് നടപ്പിലാക്കുവാനായി നിർദ്ദേശം നൽകിയിട്ടുമുണ്ട്.

(സി) സകർമ്മ സോഫ്റ്റ് വെയർ 31-10-2017-നകം ഗ്രാമപഞ്ചായത്തുകളിൽ പൂർണ്ണ തോതിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ നഗരസഭയുടെ കൗൺസിൽ യോഗനടപടികൾ ഓൺലൈനാക്കുന്നതിന്റെ ഭാഗമായി സകർമ്മ സോഫ്റ്റ് വെയർ എല്ലാ നഗരസഭകളിലും നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പകർച്ചവ്യാധികൾ പടരുന്നതിനിടയാക്കിയ സാഹചര്യം**

155 (3103) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊതുക് പെരുകി പകർച്ചവ്യാധി പടരുന്നത് മനഃപൂർവ്വമല്ലാത്ത നരഹത്യക്ക് തുല്യമെന്ന ഡൽഹി ഹൈക്കോടതിയുടെ വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശുചിത്വപരിപാലനത്തിൽ ഗുരുതരമായ വീഴ്ചവരുത്തിയതാണ് സംസ്ഥാനത്ത് പകർച്ചവ്യാധികൾ പടരുന്നതിനും 400 ലധികം പേരുടെ മരണത്തിനും ഇടയാക്കിയതെന്ന ആക്ഷേപം വസ്തുതാപരമാണോയെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ആക്ഷേപം വസ്തുതാപരമല്ല.

(സി) ബാധകമല്ല.

**മാലിന്യം ജലാശയങ്ങളിൽ നിക്ഷേപിക്കുന്നവർക്കെതിരെ നടപടി**

156 (3104) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെപ്റ്റിക് ടാങ്ക് ക്ലീനിംഗ് നടത്തുന്ന സ്ഥാപനങ്ങൾ ടാങ്കുകളിലെ മാലിന്യം ശേഖരിച്ച് ജലാശയങ്ങളിൽ നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആരോഗ്യ രംഗത്ത് വലിയ ദുരന്തം സൃഷ്ടിക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്കെതിരെ കർശനമായ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ സെക്ഷൻ 340 (A), കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 219 (എസ്) എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഇത്തരം പ്രവൃത്തികൾ ചെയ്യുന്നവർക്കെതിരെ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കർശന നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## ഫുൾടൈം സ്വീപ്പർമാരെ അവരുടെ മുൻ തസ്തികകളിൽ നിയമിക്കുന്നതിന് നടപടി

157 (3105) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1988-ൽ താല്ക്കാലികമായി ലൈബ്രേറിയനായും നഴ്സറിസ്കൂൾ ടീച്ചറായും പഞ്ചായത്തുകളിൽ നിയമിക്കപ്പെടുകയും തുടർന്ന് 2010-ൽ പാർട്ട് ടൈം ജീവനക്കാരായി സ്ഥിരപ്പെടുകയും പിന്നീട് 2015-ൽ ഫുൾടൈം സ്വീപ്പർമാരായി പ്രൊമോട്ട് ചെയ്യപ്പെടുകയും ചെയ്തവരെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സ്കെയിലിൽ ലൈബ്രേറിയനായും നഴ്സറിസ്കൂൾ ടീച്ചറായും നിയമിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇക്കാര്യം സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

## രായമംഗലം ഗ്രാമപഞ്ചായത്ത് വിഭജനം

158 (3106) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രായമംഗലം ഗ്രാമപഞ്ചായത്ത് വിഭജിച്ച് കുറുപ്പംപടി, രായമംഗലം എന്നീ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) രായമംഗലം ഗ്രാമപഞ്ചായത്തിൽ ഇപ്പോൾ എത്ര വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ ജോലിചെയ്യുന്നു എന്ന് അറിയിക്കാമോ; വി.ഇ.ഒ.-മാരുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) രണ്ട് പഞ്ചായത്തിനുള്ള വിസ്തൃതിയും ജനസംഖ്യയുമുള്ള രായമംഗലം ഗ്രാമപഞ്ചായത്തിൽ നാല് വി.ഇ.ഒ.-മാരെ നിയമിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരിഗണനയിലില്ല.

(ബി & സി) രണ്ടുപേർ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരായി ജോലി ചെയ്യുന്നു. വി.ഇ.ഒ.-മാരുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള പ്രൊപ്പോസൽ ഇപ്പോൾ പരിഗണനയിലില്ല.

**സുരക്ഷാ സംവിധാനമില്ലാത്ത കെട്ടിട നിർമ്മാണം**

159 (3107) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യമായ സുരക്ഷാസംവിധാനം ഒരുക്കാതെ സംസ്ഥാനത്ത് പലഭാഗത്തും ഫ്ലാറ്റുകളുടെയും ഉയർന്ന കെട്ടിടങ്ങളുടെയും നിർമ്മാണപ്രവർത്തനം നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരുവനന്തപുരം പാങ്ങപ്പാറയിൽ ഫ്ലാറ്റ് നിർമ്മാണത്തിനിടയിൽ മണ്ണിടിഞ്ഞ് വീണ് നാല് തൊഴിലാളികൾ മരണമടഞ്ഞ സംഭവത്തിൽ അവരുടെ ആശ്രിതർക്ക് എന്തെങ്കിലും ധനസഹായം സർക്കാർ തലത്തിൽ നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത ഫ്ലാറ്റ് നിർമ്മാതാക്കളായ കേരള ലാന്റ് റിഫോംസ് & ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ബിൽഡിംഗ് റൂൾസിന് അനുസൃതമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) നിർമ്മാണപ്രവർത്തനങ്ങളിലെ സുരക്ഷാപാളിച്ചകൾ ഒഴിവാക്കുവാനും അന്യസംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെയുള്ളവരുടെ സുരക്ഷിതത്വം ഉറപ്പാക്കുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) മരണപ്പെട്ട നാല് തൊഴിലാളികളുടെ കുടുംബങ്ങൾക്ക് രണ്ട് ലക്ഷം രൂപ വീതവും ഗുരുതരമായി പരിക്കേറ്റ ഒരാൾക്ക് 50,000 രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 13-6-2017-ന് അനുവദിച്ചിട്ടുണ്ട്.

(സി) പരിശോധിച്ചുവരുന്നു.

(ഡി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

## ഗ്രാമസഭാ കോ-ഓർഡിനേറ്റർമാർ

160 (3108) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് രാജ് ചട്ടപ്രകാരം ഗ്രാമസഭാ കോർഡിനേറ്റർമാരായി കൃഷി, ആരോഗ്യം തുടങ്ങിയ വകുപ്പുകളിൽനിന്നും പഞ്ചായത്തുകളിലേയ്ക്ക് നിയോഗിച്ച ജീവനക്കാർ ഗ്രാമസഭ വിളിച്ച് ചേർക്കാത്തതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് ഏതെങ്കിലും പഞ്ചായത്തുകളുടെ പരാതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പഞ്ചായത്ത് രാജ് ചട്ടപ്രകാരം ലഭ്യമായ ജീവനക്കാർ, ഗ്രാമസഭാ പ്രവർത്തനങ്ങളിൽ പങ്കെടുക്കരുതെന്ന് കൃഷിവകുപ്പും ആരോഗ്യവകുപ്പും ഇറക്കിയ ഉത്തരവുകൾ ചട്ടപ്രകാരമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ചട്ടപ്രകാരമല്ലെങ്കിൽ പ്രസ്തുത ഉത്തരവുകൾ പുനഃപരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഗ്രാമസഭാ കോ-ഓർഡിനേറ്റർമാരായി സർക്കാർ ജീവനക്കാരെ മാത്രം നിയമിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പഞ്ചായത്ത് രാജ് ചട്ടപ്രകാരം ഗ്രാമസഭ വിളിച്ച് ചേർക്കുന്നത് ഗ്രാമസഭാ കോ-ഓർഡിനേറ്റർ അല്ല.

(ബി) അത്തരമൊരു ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിലവിൽ സർക്കാർ ജീവനക്കാരെ മാത്രമാണ് ഗ്രാമസഭാ കോ-ഓർഡിനേറ്റർമാരായി നിയമിച്ചിട്ടുള്ളത്.

## കോതമംഗലം മിനി സിവിൽ സ്റ്റേഷന് കെട്ടിട നമ്പർ ലഭ്യമാക്കൽ

161 (3109) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മിനി സിവിൽ സ്റ്റേഷൻ പണി പൂർത്തീകരിച്ച് വിവിധ ഓഫീസുകൾക്ക് വേണ്ട സ്പേസ് അലോട്ട്മെന്റും ക്യാബിനുകളുടെ നിർമ്മാണവും പൂർത്തീകരിച്ചെങ്കിലും മുനിസിപ്പാലിറ്റിയിൽനിന്നും കെട്ടിടനമ്പർ ലഭ്യമാകാത്തതിനാൽ സിവിൽ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സിവിൽ സ്റ്റേഷന് നമ്പർ ലഭ്യമാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദീകരിക്കുമോ;

(സി) സിവിൽ സ്റ്റേഷന് കെട്ടിട നമ്പർ ലഭിക്കാത്തതിനാൽ വൈദ്യുതി/ വാട്ടർ കണക്ഷൻ ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എത്രയും വേഗത്തിൽ സിവിൽ സ്റ്റേഷന് കെട്ടിടനമ്പർ ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിന് ആകെ ആറ് നിലകളാണുള്ളത്. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം നഗരസഭയിൽ നിലനിൽക്കുന്നതിനാൽ നഗരസഭയുടെ പേരിൽത്തന്നെ താഴത്തെ മൂന്ന് നിലകൾക്ക് നമ്പർ അനുവദിച്ചിട്ടുണ്ട്. എന്നാൽ റവന്യൂ വകുപ്പ് നിർമ്മിച്ച കെട്ടിടത്തിന് നഗരസഭയുടെ പേരിൽ നമ്പർ നൽകിയത് പൊതുമരാമത്ത്, റവന്യൂ വകുപ്പുകൾ അംഗീകരിക്കുന്നില്ല. മുകളിലുള്ള മൂന്ന് നിലകൾക്ക് കെട്ടിട നമ്പർ നൽകുന്നതിന് ഫയർ എൻ.ഒ.സി. ആവശ്യമാണ്. ആയത് ഹാജരാക്കിയിട്ടില്ല. 30-9-2009-ലെ സ.ഉ. (സാധാ) നമ്പർ 2493/2009/ത.സ്വ.ഭ.വ. പ്രകാരം കെട്ടിടം നിർമ്മിച്ച സ്ഥലത്തിന്റെ ഉടമസ്ഥാവകാശം നഗരസഭയിൽ നിലനിർത്തിയിട്ടുള്ളതിനാൽ റവന്യൂ വകുപ്പിന്റെ പേരിൽ കെട്ടിട നമ്പർ അനുവദിക്കാൻ കഴിയില്ല.

(സി) നിർമ്മാണത്തിനുവേണ്ടിയുള്ള കണക്ഷനുകളാണ് ഇപ്പോൾ നിലവിലുള്ളത്.

(ഡി) സ്ഥലത്തിന്റെ ഉടമസ്ഥാവകാശം നഗരസഭയ്ക്കായതിനാൽ റവന്യൂ വകുപ്പിന്റെ പേരിൽ കെട്ടിട നമ്പർ അനുവദിക്കാൻ കഴിയില്ല. കൂടാതെ മുകളിലുള്ള മൂന്ന് നിലകൾക്ക് കെട്ടിട നമ്പർ നൽകുന്നതിന് ഫയർ എൻ.ഒ.സി.-യും ഹാജരാക്കേണ്ടതായിട്ടുണ്ട്.

**താല്ക്കാലിക ഡ്രൈവർമാരെ സ്ഥിരപ്പെടുത്തൽ**

162 (3110) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘകാലമായി പഞ്ചായത്ത് വകുപ്പിൽ ഡ്രൈവറായി ജോലി ചെയ്ത് വരുന്ന താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ;

(ബി) പത്ത് വർഷത്തിൽ കൂടുതൽ ഡ്രൈവറായി ജോലി ചെയ്തിരുന്ന താൽക്കാലിക ജീവനക്കാരെ മുൻപ് സ്ഥിരപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പഞ്ചായത്തുകളിൽ താല്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ അനുവദിക്കുന്നില്ല. ഇതുസംബന്ധിച്ച് ലഭിച്ചിട്ടുള്ള നിവേദനങ്ങൾ കോടതി വിധികളുടെയും മറ്റും അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പത്ത് വർഷത്തിൽ കൂടുതൽ ഡ്രൈവറായി ജോലി ചെയ്തിരുന്ന താല്ക്കാലിക ജീവനക്കാരെ പഞ്ചായത്ത് വകുപ്പിൽ സ്ഥിരപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ചാലക്കുടി നഗരസഭ**

163(3111) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നഗരസഭയുടെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമികൾ റവന്യൂ വകുപ്പിലേയ്ക്ക് പുനർനിക്ഷിപ്തമാക്കുന്നതിനും കാലങ്ങളായി താമസിച്ചു വരുന്ന കൈവശക്കാർക്ക് പട്ടയം ലഭിക്കുന്നതിനുമായി ശ്രീ. കെ. പി. വത്സൻ, കാട്ടുങ്ങപറമ്പിൽ, കിഴക്കേ ചാലക്കുടി, ഇണ്ണനീലി സ്മാരക വായനശാല തുടങ്ങി നിരവധിയായ അപേക്ഷകളിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായുള്ള നടപടികൾ ത്വരിതപ്പെടുത്തി റവന്യൂ വകുപ്പിലേയ്ക്ക് ഭൂമി പുനർനിക്ഷിപ്തപ്പെടുത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രീ. കെ. പി. വത്സൻ, കാട്ടുങ്ങപറമ്പിൽ, കിഴക്കേ ചാലക്കുടി, ഇണ്ണനീലി സ്മാരക വായനശാല തുടങ്ങിയ അപേക്ഷകളിന്മേൽ പട്ടയം നൽകുന്ന വിഷയം നഗരസഭാ കൗൺസിൽ അംഗീകരിച്ചശേഷം തുടർനടപടികൾക്കായി നഗരസഭയിൽനിന്നും ലാന്റ് റവന്യൂ കമ്മീഷണർക്ക് 19-4-2017-ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുമ്പോൾ ആയത് പരിശോധിച്ചശേഷം നടപടി സ്വീകരിക്കുന്നതാണ്.

**ഹരിപ്പാട് നഗരസഭ നേരിടുന്ന പ്രശ്നങ്ങൾ**

164 (3112) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥരുടെ കുറവും ഫണ്ടിന്റെ അപര്യാപ്തതയും കാരണം ഹരിപ്പാട് നഗരസഭ നേരിടുന്ന പ്രശ്നനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നഗരസഭയുമായി കൂട്ടിച്ചേർക്കപ്പെട്ട പഞ്ചായത്ത് വാർഡുകൾക്കും ജനസംഖ്യയ്ക്കും ആനുപാതികമായി നഗരസഭക്ക്, എത്ര രൂപയുടെ അധികവിഹിതം ലഭിക്കുവാൻ അർഹതയുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഈ തുക കൂടി ഉൾപ്പെടുത്തി നഗരസഭയുടെ വാർഷിക പദ്ധതി പുനഃക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ തസ്തികകളിൽ റാങ്ക് പട്ടികയിൽനിന്നും പ്രൊമോഷൻ മുഖേനയും ഒഴിവുകൾ നികത്തിയും ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിച്ചുവരുന്നു.

(ബി & സി) വാർഡുകളുടെ എണ്ണത്തിനും ജനസംഖ്യയ്ക്കും ആനുപാതികമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം നിശ്ചയിക്കുന്നത് സ്റ്റേറ്റ് ഫിനാൻസ് കമ്മീഷനാണ്.

**വയോമിത്രം പദ്ധതി**

165 (3113) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോമിത്രം പദ്ധതി ഹരിപ്പാട് നഗരസഭയിൽക്കൂടി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് പ്രതിപക്ഷനേതാവ് നൽകിയ കത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് ആരോഗ്യസംരക്ഷണം നൽകുന്ന കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ വയോമിത്രം പദ്ധതി ഹരിപ്പാട് ഉൾപ്പെടെ സംസ്ഥാനത്തെ 93 നഗരസഭകളിലും നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഹരിപ്പാട് നഗരസഭയിൽ വയോമിത്രം പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**നഗരസഭയിലെ ആരോഗ്യ പ്രവർത്തകർ**

166 (3114) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡെങ്കിപ്പനി പോലുള്ള പകർച്ചവ്യാധികൾ പടർന്നു പിടിച്ചപ്പോൾ നഗരസഭകളിലെ ആരോഗ്യ പ്രവർത്തകർ സ്വീകരിച്ച നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ ഓരോ നഗരസഭകളിലെയും ആരോഗ്യ പ്രവർത്തകരുടെ തസ്തികകളും നിലവിലെ ഒഴിവുകളുടെ എണ്ണവും സംബന്ധിച്ച വിശദമായ വിവരം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് ഹെൽത്ത് ഓഫീസർമാരായി ഡോക്ടർമാരുള്ള നഗരസഭകൾ ഏതെല്ലാം; ഇവർ സ്വീകരിച്ച നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(ഡി) നഗരങ്ങളിൽ മാലിന്യം നിറയുന്നത് പകർച്ചവ്യാധികൾക്ക് കാരണമാകുമെന്ന മുന്നറിയിപ്പ് ഗൗരവമായി എടുക്കാത്ത നഗരസഭകൾ ഏതെല്ലാം; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സ്പ്രേയിംഗ്, ഫോഗിംഗ്, കൊതുകിന്റെ ഉറവിട നശീകരണ പ്രവർത്തനങ്ങൾ, ഡ്രൈ ഡേ, ബോധവൽക്കരണ ക്ലാസുകൾ എന്നിവ നഗരസഭകളിലെ ഹെൽത്ത് വിഭാഗത്തിന്റെ നേതൃത്വത്തിൽ നടത്തുകയുണ്ടായി.

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) നിലവിൽ തിരുവനന്തപുരം, കോഴിക്കോട് നഗരസഭകളിൽ ഹെൽത്ത് ഓഫീസർമാരായി ഡോക്ടർമാരുണ്ട്. ഡോക്ടർമാരുള്ള ടി രണ്ട് നഗരസഭകളിലും അവരുടെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകളും കൊതുകിന്റെ ഉറവിട നശീകരണ പ്രവർത്തനങ്ങളും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആധുനിക വൽക്കരണത്തിനും ആവശ്യമായ സ്റ്റാഫിനെ വിന്യസിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) കേരളത്തിലെ എല്ലാ നഗരസഭകളിലും മാലിന്യം നിറയുന്നത് പകർച്ചവ്യാധികൾക്ക് കാരണമാകുമെന്നറിഞ്ഞ് ശുചീകരണ പ്രവൃത്തികൾ ഗൗരവമായി കണക്കിലെടുത്ത് നടത്തിയിട്ടുണ്ട്.

**പട്ടാമ്പി മണ്ഡലത്തിൽ ഫ്ലഡ് വർക്കിനുണ്ടായ കാലതാമസം**

167 (3115) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ ഫ്ലഡ് വർക്കിനുണ്ടായ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മണ്ഡലത്തിലെ ഫ്ലഡ് വർക്കുകളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(ബി) ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി 29-12-2016-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 5725/2016/ഡി.എം.ഡി., 28-3-2017-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 1421/2017/ഡി.എം.ഡി. എന്നിവ പ്രകാരം 2016-17-ൽ പട്ടാമ്പി ബ്ലോക്കിൽ അനുവദിച്ച 12 പ്രവൃത്തികളിൽ ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. മറ്റ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) റവന്യൂ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 10-10-2012-ലെ സ.ഉ. (എം.എസ്.) 384/2012/ഡി.എം.ഡി. നമ്പർ ഉത്തരവിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് മേൽ പ്രവൃത്തികൾ നടപ്പാക്കിവരുന്നത്.

**തദ്ദേശഭരണ സ്ഥാപനങ്ങളുടെ പകർച്ചപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ**

168 (3116) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പകർച്ചപ്പനി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ബന്ധപ്പെട്ട വാർഡംഗം/കൗൺസിലർ, ചെയർമാനായി കുടുംബശ്രീ പ്രവർത്തകർ, ആശാവർക്കർമാർ എന്നിവരെ ഉപയോഗിച്ച് നടത്തേണ്ട ശുചീകരണ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടന്നിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച കണക്കുകൾ സർക്കാരിന്റെ കൈവശമുണ്ടോ; കൃത്യമായി ശുചീകരണം നടത്തിയതും ഫണ്ട് ഉപയോഗിച്ചതുമായ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പട്ടിക ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. പകർച്ചവ്യാധി പടർന്നുപിടിക്കാതിരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പട്ടിക അനുബന്ധമായി ചേർക്കുന്നു.*

**ചാലക്കുടി മുനിസിപ്പാലിറ്റിയിൽ ആധുനിക മാംസ മാർക്കറ്റ്**

169 (3117) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ ചാലക്കുടി മുനിസിപ്പാലിറ്റിയിൽ ആധുനിക മാംസ മാർക്കറ്റ് സ്ഥാപിക്കുവാൻ അനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) ആധുനിക മാംസ മാർക്കറ്റ് സ്ഥാപിക്കുവാനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതുസംബന്ധിച്ച ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ ശുചിത്വമിഷൻ സ്വീകരിച്ചുവരുന്നു.

(സി) ഡി.പി.ആർ. ലഭ്യമാക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**വൈപ്പിൻ, ഫോർട്ട് കൊച്ചി റോ-റോ സർവ്വീസ്**

170 (3118) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ, ഫോർട്ട് കൊച്ചി റോ-റോ ജെട്ടി നിർമ്മാണം പൂർത്തിയാക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതിന്റെ നിർമ്മാണത്തിനായി ആരെല്ലാം തമ്മിലാണ് കരാർ ഒപ്പ് വച്ചിട്ടുള്ളത്; കരാർ വ്യവസ്ഥകൾ എന്തെല്ലാമാണ്; കരാർ പ്രകാരം പണി എന്നത്തേക്കാണ് പൂർത്തീകരിക്കേണ്ടതെന്ന് വ്യക്തമാക്കാമോ;

(സി) നിർമ്മാണം പൂർത്തിയാക്കുന്നതിന് മുൻപ് മുഴുവൻ പണവും കരാറുകാർക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ;

(ഡി) ജെട്ടി നിർമ്മാണത്തിനുള്ള ഡി.പി.ആർ. മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിന് കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ടോ;

(ഇ) ഡി.പി.ആർ. മാറ്റാനുള്ള കാരണം വിശദമാക്കാമോ; നിർമ്മാണ കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(എഫ്) റോ-റോ ജങ്കാറിന്റെ ട്രയൽ റൺ കഴിഞ്ഞിട്ടും സർവ്വീസ് ആരംഭിക്കാത്തതിന് കാരണം വിശദമാക്കാമോ; റോ-റോ ജങ്കാർ സർവ്വീസ് നടത്തിപ്പ് ആരെ ഏൽപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അംഗീകരിച്ച കരാർ പ്രകാരമുള്ള നിർമ്മാണത്തിൽ മൂറിംഗ് പ്ലാറ്റ്ഫോം ഒഴികെയുള്ള നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ്. മൂറിംഗ് പ്ലാറ്റ്ഫോം കൂടി നിർമ്മിച്ചാൽ മാത്രമേ ജങ്കാർ സർവ്വീസ് ആരംഭിക്കാൻ കഴിയൂ.

(ബി) പോർട്ട് നിർമ്മാണത്തിൽ വൈദഗ്ദ്ധ്യമുള്ള കൊച്ചിൻ പോർട്ട് ട്രസ്റ്റിനെയാണ് നിർമ്മാണ ചുമതല ഏല്പിച്ചിട്ടുള്ളത്. ജങ്കാർ ജെട്ടി, അനുബന്ധ നിർമ്മാണങ്ങൾ എന്നിവയാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. പോർട്ട് ട്രസ്റ്റ് ടെണ്ടർ തുറക്കുന്ന തീയതി മുതൽ 8 മാസത്തിനുള്ളിൽ പൂർത്തീകരിക്കണമെന്നാണ് വ്യവസ്ഥ.

(സി) ടി പ്രവൃത്തി ജില്ലാ ആസൂത്രണ സമിതിയിൽനിന്നും അംഗീകാരം ലഭിച്ചിട്ടുള്ളതും കൊച്ചി പോർട്ട് ട്രസ്റ്റുമായി ഡെപ്പോസിറ്റ് പ്രവൃത്തിയായി കരാർ വച്ചിട്ടുള്ളതുമാണ്. ഇതുപ്രകാരം നഗരസഭ പദ്ധതി തുക ലഭ്യമായ മുറയ്ക്ക് കേന്ദ്ര സർക്കാർ സ്ഥാപനമായ പോർട്ട് ട്രസ്റ്റിൽ ഡെപ്പോസിറ്റ് ചെയ്യുകയുണ്ടായി.

(ഡി & ഇ) ഡി.പി.ആർ. മാറ്റുന്നതിന് തീരുമാനിച്ചിട്ടില്ല. നിർമ്മാണ കരാറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(എഫ്) റോ-റോ ജങ്കാറിന്റെ സാങ്കേതിക ട്രയൽ റൺ നടത്തിയിട്ടുള്ളതാണ്. സർവ്വീസ് നടത്തിപ്പിനായി എസ്.പി.വി. രൂപീകരിക്കുന്നതിന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിൽ പ്രമേയം സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**കുടുംബശ്രീ**

171 (3119) <u>ശ്രീമതി യു. പ്രതിഭ ഹരി</u> :
<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> :
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> :
<u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈക്രോ സംരംഭക മേഖലയിൽ കുടുംബശ്രീയുടെ പുതിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) കെട്ടിട നിർമ്മാണ മേഖലയിൽ കുടുംബശ്രീ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം നൽകാമോ;

(സി) കുടുംബശ്രീ തയ്യൽ യൂണിറ്റുകൾക്ക് സർക്കാർ വകുപ്പുകളിൽ നിന്ന് ഓർഡർ ലഭിക്കുന്നതിനായി പ്രത്യേക ഉത്തരവുകളോ ഇളവുകളോ നൽകിയിട്ടുണ്ടോ; വിശദാമാക്കുമോ?

<u>ഉത്തരം</u>

(എ) വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളെ ശക്തിപ്പെടുത്തുന്നതിനും സ്ഥായിയായ വികസനം ലക്ഷ്യമിട്ടുകൊണ്ടും ജീവനം എന്ന പേരിൽ ഉപജീവന ക്യാമ്പയിൻ ഓരോ സി.ഡി.എസ്.-ലും ഒരു വ്യക്തിഗത ഗ്രൂപ്പ് സംരംഭം എന്ന നിലയിൽ പുതിയതായി 3000 സംരംഭങ്ങൾ ആരംഭിക്കുന്നതിനും കൂടാതെ 140 നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിനും ബ്ലോക്ക് ജില്ലാതലത്തിൽ അവബോധ ശില്പശാലകൾ സംഘടിപ്പിച്ച് സംരംഭകത്വ വികസന പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. റെയിൽവേ സ്റ്റേഷനുകളിലെ പാർക്കിംഗ്, എ.സി. വെയിറ്റിംഗ് ഹാൾ മാനേജ്മെന്റ്, ഗ്രീൻബൈറ്റ്സ്, പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ, ഹോളോ ബ്രിക്സ് യൂണിറ്റുകൾ, കൺസ്ട്രക്ഷൻ യൂണിറ്റുകൾ,

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കയർ യൂണിറ്റുകൾ, ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ പെട്രോൾ പമ്പുകളിലെ ടോയ്ലെറ്റ് മാനേജ്മെന്റ് എന്നിവ കുടുംബശ്രീ നൂതനമായി ഏറ്റെടുത്ത് നടപ്പിലാക്കുന്നു.

(ബി) ഉണ്ട്. കുടുംബശ്രീ വനിതകളെ നിർമ്മാണ മേഖലയിൽ സ്വയം പ്രാപ്തരാക്കുന്നതിനായി ജില്ലാടിസ്ഥാനത്തിൽ യോഗ്യരായ വനിതകളെ കണ്ടെത്തി സർക്കാർ അംഗീകൃത ഏജൻസികൾ (നിർമ്മിതി, കോസ്റ്റ്ഫോർഡ്, ഗ്രാമീണ പഠനകേന്ദ്രം) മുഖാന്തരം പരിശീലനം നൽകിവരുന്നു.

ജില്ലാടിസ്ഥാനത്തിൽ 506 വനിതകൾക്ക് നിർമ്മാണ മേഖലയിൽ പരിശീലനം നൽകിയിട്ടുണ്ട്. ഇതുവഴി ആകെ 61 നിർമ്മാണ യൂണിറ്റുകൾ ജില്ലാടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുണ്ട്.

പഞ്ചായത്ത് തലത്തിലുള്ള നിർമ്മാണ മേഖലകളിൽ ഇവരെ ഉൾപ്പെടുത്തി നിർമ്മാണ പദ്ധതികൾ നടപ്പിലാക്കിവരുന്നു. റോഡ് നിർമ്മാണം, ഷെഡ്ഡുകൾ, കിണർ റീചാർജ്ജിംഗ്, ഭിത്തികെട്ട് തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

എറണാകുളത്ത് ഇടക്കാട്ടുവയൽ പഞ്ചായത്തിൽ ട്രൈബൽ ഡിപ്പാർട്ട്മെന്റിന്റെ ഭവനനിർമ്മാണ പ്രവർത്തനങ്ങൾ കുടുംബശ്രീ അംഗങ്ങൾ നടത്തിവരുന്നു. നിലവിൽ 87 വീടുകൾ നിർമ്മിക്കുന്നതിന് ഇവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 33 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്. കുടുംബശ്രീ തയ്യൽ യൂണിറ്റുകളെ ടെണ്ടർ നടപടികളിൽനിന്നും ഒഴിവാക്കിക്കൊണ്ട് 4-2-2017-ലെ സ.ഉ. (സാധാ) നമ്പർ 07/2017/എസ്.പി.ഡി. നമ്പർ സർക്കാർ ഉത്തരവ് സ്റ്റോർസ് പർച്ചേസ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവുപ്രകാരം കുടുംബശ്രീയുടെ കീഴിലുള്ള വിവിധ അപ്പാരൽ ചെറുകിട യൂണിറ്റുകൾക്ക് സർക്കാർ വകുപ്പുകളിൽനിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും തയ്യൽ സംബന്ധമായ വർക്കുകൾ ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് ലഭ്യമാക്കുന്നതിന് സ്റ്റോർസ് പർച്ചേസ് വ്യവസ്ഥകളിൽ ഇളവ് വരുത്തിയിട്ടുണ്ട്.

## കുടുംബശ്രീ ബഡ്സ് സ്കൂളുകൾ ആരംഭിക്കാൻ പദ്ധതി

172 (3120) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ കുടുംബശ്രീ ബഡ്സ് സ്കൂളുകൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഈ സംരംഭം ആരംഭിക്കാൻ നടപടി സ്വീകരിയ്ക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പുതുതായി 200 ബഡ്സ് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിൽ 137 എണ്ണം ബഡ്സ് സ്കൂളുകളാണ്.

(ബി) ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്നതിനാവശ്യമായ കെട്ടിട സൗകര്യം, യോഗ്യരായ അദ്ധ്യാപകർ, അനദ്ധ്യാപകർ, സ്കൂളിനാവശ്യമായ ഉപകരണങ്ങൾ തുടങ്ങിയവ തദ്ദേശസ്വയംഭരണ സ്ഥാപനം കണ്ടെത്തുന്ന മുറയ്ക്ക് സ്കൂൾ ആരംഭിക്കുന്നതിനും രജിസ്ട്രേഷൻ ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## കുടുംബശ്രീ - ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് സംയുക്ത പദ്ധതികൾ

173 (3121) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് (TISS) എന്ന സ്ഥാപനവുമായി ചേർന്ന് കുടുംബശ്രീ ഏതെങ്കിലും പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്കായി നാളിതുവരെ കുടുംബശ്രീ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് കണക്കുകൾ വ്യക്തമാക്കാമോ;

(സി) ദാരിദ്ര നിർമ്മാർജ്ജന മിഷന്റെ ഭാഗമായി വനിതകൾക്ക് പ്രസ്തുത പദ്ധതിയിൽ കൂടി ലഭിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി സംബന്ധിച്ച പുരോഗതി കുടുംബശ്രീ മിഷൻ വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ഒരു വർഷം ദൈർഘ്യമുള്ള "പി. ജി. ഡിപ്ലോമ ഇൻ ഡെവലപ്മെന്റ് പ്രാക്ടീസ്" ആരംഭിക്കുന്നതിന് 6-8-2014-ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറും ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസുമായി ധാരണാപത്രം ഒപ്പിട്ടിരുന്നു. ആയതുപ്രകാരം ക്ലാസുകൾ ആരംഭിക്കുകയും പഠനം പൂർത്തീകരിക്കുകയും ചെയ്തു.

(ബി) നാളിതുവരെ 26 ലക്ഷം രൂപ പ്രസ്തുത പദ്ധതിക്കായി കുടുംബശ്രീ ചെലവഴിച്ചിട്ടുണ്ട്. (പ്ലാൻ ഫണ്ടിൽനിന്നും 18 ലക്ഷം രൂപയും എസ്.റ്റി. ഫണ്ടിൽ നിന്ന് 8 ലക്ഷം രൂപയും ഉൾപ്പെടെ).

(സി) ഈ പദ്ധതിയുടെ ഭാഗമായി 37 വനിതകൾക്ക് ഒരു വർഷം ദൈർഘ്യമുള്ള പി.ജി. ഡിപ്ലോമ പഠനത്തിന് അവസരം ലഭിക്കുകയും അവർക്ക് ഡെവലപ്മെന്റ് പ്രാക്ടീസ് ബിരുദാനന്തര ബിരുദ ഡിപ്ലോമ ലഭിക്കുകയും ചെയ്തു.

(ഡി) ഇതുവരെ വിലയിരുത്തിയിട്ടില്ല. പദ്ധതി പുരോഗതി വിലയിരുത്താൻ വേണ്ടി പ്രോഗ്രാം ഓഫീസർ (സംഘടന), ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ (ലൈവ്ലി ഹുഡ്), സ്റ്റേറ്റ് അസിസ്റ്റന്റ് പ്രോഗ്രാം മാനേജർ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

**അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി**

174 (3122) ശ്രീ. ബി. സത്യൻ :
ശ്രീ. എം. നൗഷാദ് :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി കാര്യമായ പുരോഗതി ഉണ്ടാക്കാത്ത സാഹചര്യത്തിൽ ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ കാലാനുസൃതമായി പുതുക്കാൻ നടപടിയുണ്ടാകുമോ; നിലവിൽ ഏതെല്ലാം പ്രവൃത്തികളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം ഈ പദ്ധതിപ്രകാരം എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചെന്നും അതിനായി എത്ര തുക ചെലവഴിച്ചെന്നും അറിയിക്കാമോ;

(സി) നഗരപ്രദേശങ്ങൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളായ മാലിന്യ നിർമ്മാർജ്ജനം, അഴുക്കുചാൽ നിർമ്മാണം എന്നിവയും വിവിധ സർക്കാർ മിഷനുകൾ പ്രകാരമുള്ള വികസന പരിപാടികൾ, ചേരി വികസനം തുടങ്ങിയവയും ഏറ്റെടുത്ത് വിജയകരമാക്കുന്നതിന് ഈ പദ്ധതി പുനഃസംഘടിപ്പിക്കുമോ?

ഉത്തരം

(എ) അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്കുവേണ്ടിയുള്ള പരിഷ്കരിച്ച മാർഗ്ഗരേഖ 30-5-2017-ലെ പതിനാലാമത് അയ്യങ്കാളി നഗര തൊഴിലുറപ്പ് കൗൺസിലിൽ അവതരിപ്പിച്ചു. അപ്രകാരം അവതരിപ്പിച്ച പരിഷ്കരിച്ച മാർഗ്ഗരേഖയ്ക്ക്

ചർച്ചകൾക്കും ആവശ്യമായ ഭേദഗതികൾക്കുംശേഷം 27-7-2017-ലെ പതിനഞ്ചാമത് സംസ്ഥാന കൗൺസിലിന്റെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. മാർഗ്ഗരേഖ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ ഏറ്റെടുത്ത് നടത്താവുന്ന പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ പറയുന്നു:

1. ജലസംരക്ഷണവും ജല കൊയ്ത്തും

2. വരൾച്ച തടയൽ (വൃക്ഷങ്ങൾ നടീൽ, വനവത്കരണ പ്രവർത്തനങ്ങൾ)

3. മൈക്രോ ഇറിഗേഷൻ പ്രവൃത്തികൾ

4.എസ്.സി./എസ്.ടി./കേന്ദ്രാവിഷ്കൃതപദ്ധതികൾ/ബി.പി.എൽ. കുടുംബങ്ങളുടെ ഭൂമിയിൽ ജലസേചന സൗകര്യമൊരുക്കൽ

5. കുളങ്ങൾ വൃത്തിയാക്കൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനർനിർമ്മാണം

6. ഭൂവികസനം

7. വെള്ളക്കെട്ട് പ്രദേശങ്ങളിൽ അഴുക്കുചാൽ നിർമ്മിക്കുന്നതുൾപ്പെടെയുള്ള വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങളും കുളസംരക്ഷണ പ്രവർത്തനങ്ങളും

8. BSUP/IHSDP/KSUDP/SJSRY/RAY പദ്ധതികളുടെ ഭാഗമായി ഏറ്റെടുക്കുന്ന ചേരി/ക്ലസ്റ്റർ വികസന പദ്ധതികളുടെ അനുരൂപക പ്രവർത്തനങ്ങളും ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന ഭവനങ്ങളുടെ വാനം വെട്ടുന്നതിനും അടിസ്ഥാനം നിർമ്മിക്കുന്നതിനുമുള്ള പ്രവൃത്തികളും

9. കോളനി നവീകരണ പ്രവൃത്തികൾ

10. സ്വകാര്യ വ്യക്തിയുടെ ഭൂമിയിൽ ഉൾപ്പെട്ട സോക്പിറ്റ്, മഴക്കുഴി നിർമ്മാണം

11. കിണർ റീചാർജ്ജിംഗ്

12. ക്ഷീര കർഷകർക്ക് തൊഴുത്ത് നിർമ്മിക്കുന്നതിനുവേണ്ടി അടിസ്ഥാന സൗകര്യം ഒരുക്കൽ

13. മൂന്ന് മീറ്റർ വീതിയുള്ള നഗരസഭയുടെ ഉടമസ്ഥതയിലുള്ള റോഡുകൾ ഇന്റർലോക്ക് ചെയ്യുന്നതിന് അടിസ്ഥാന സൗകര്യം ഒരുക്കൽ.

(ബി) 2016-17 സാമ്പത്തിക വർഷം അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ വിവിധ നഗരസഭകളിലായി 9,17,24,898 രൂപ വിനിയോഗിച്ച് 355797 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

(സി) ഒന്നോ രണ്ടോ റസിഡന്റ്സ് അസോസിയേഷനുകളെ സംയോജിപ്പിച്ച് വീടുകളിലെയും പൊതുനിരത്തുകളിലെയും മാലിന്യങ്ങൾ ശേഖരിക്കുകയും പ്ലാസ്റ്റിക് സംസ്കരണം തുടങ്ങിയ പ്രോജക്ടുകൾ തയ്യാറാക്കുകയും മാലിന്യ നിർമ്മാർജ്ജനത്തി നായുള്ള ഈ പദ്ധതിയിലെ കായികാദ്ധ്വാനമുള്ള പ്രവൃത്തികൾ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നിർവ്വഹിക്കുന്നതിന് നഗരസഭ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പഞ്ചായത്ത് വകുപ്പിലെ ഔദ്യോഗിക വാഹനങ്ങൾ

175 (3123) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിന് കീഴിൽ വിവിധ ഓഫീസുകളിലായി എത്ര ഔദ്യോഗിക വാഹനങ്ങൾ ഉണ്ട്; ഈ വാഹനങ്ങൾക്കെല്ലാം ഡ്രൈവർമാരുടെ തസ്തിക നിലവിലുണ്ടോ;

(ബി) ഡ്രൈവർ തസ്തികയുടെ എണ്ണവും ജോലി ചെയ്യുന്ന സ്ഥിരം ജീവനക്കാരുടേയും താൽക്കാലിക/കരാർ ജീവനക്കാരുടേയും എണ്ണവും വെളിപ്പെടുത്തുമോ;

(സി) ഡ്രൈവർ ഗ്രേഡ് II എൽ.ഡി.വി. റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ പല ഓഫീസുകളിലും താൽക്കാലികാടിസ്ഥാനത്തിൽ ഡ്രൈവർമാരെ നിയമിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) പഞ്ചായത്ത് വകുപ്പിൽ വാഹനങ്ങളുടെ എണ്ണത്തിനനുസരിച്ച് ഡ്രൈവർമാരുടെ തസ്തിക സൃഷ്ടിക്കുവാനും ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

### ഉത്തരം

(എ) 1236 ഔദ്യോഗിക വാഹനങ്ങളുണ്ട്. ഈ വാഹനങ്ങൾക്കെല്ലാം ഡ്രൈവർ തസ്തിക നിലവിലില്ല.

(ബി) ഡ്രൈവർ തസ്തികയുടെ എണ്ണം - 387

സ്ഥിരം ജീവനക്കാരുടെ എണ്ണം - 236

താൽക്കാലിക ജീവനക്കാരുടെ എണ്ണം - 793

(സി) വാഹനമുള്ളതും ഡ്രൈവർ തസ്തിക ഇല്ലാത്തതുമായ ഗ്രാമപഞ്ചായത്തുകളിൽ അതാത് ഭരണ സമിതിയുടെ തീരുമാനപ്രകാരം താല്കാലിക ഡ്രൈവർമാരെ നിയമിക്കുന്നുണ്ട്.

(ഡി) ഗ്രാമപഞ്ചായത്തുകളിൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്നതിന് അതാത് പഞ്ചായത്ത് ഭരണസമിതികൾ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് പ്രൊപ്പോസലുകൾ ഉചിതമാർഗ്ഗേന സർക്കാരിൽ ലഭിക്കുമ്പോൾ പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

## പഞ്ചായത്ത് വകുപ്പിലെ തസ്തികകൾ

176 (3124) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഞ്ചായത്ത് വകുപ്പിൽ, ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ എന്നീ വിഭാഗങ്ങളിലായി എത്ര തസ്തികകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിൽ എത്ര എണ്ണം ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതുമൂലം പഞ്ചായത്ത് ഭരണ നിർവ്വഹണത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ അടിയന്തരമായി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

| | | |
|---|---|---|
| (എ) ജോയിന്റ് ഡയറക്ടർ | - | 5 |
| ഡെപ്യൂട്ടി ഡയറക്ടർ | - | 17 |
| അസിസ്റ്റന്റ് ഡയറക്ടർ | - | 16 |
| ആകെ | - | 38 |
| (ബി) ജോയിന്റ് ഡയറക്ടർ | - | 4 |
| ഡെപ്യൂട്ടി ഡയറക്ടർ | - | 15 |
| അസിസ്റ്റന്റ് ഡയറക്ടർ | - | 14 |
| ആകെ | - | 33 |

(സി) ഈ തസ്തികകളുടെ പൂർണ്ണ അധിക ചുമതല വകുപ്പിലെ മറ്റ് ജീവനക്കാർക്ക് നൽകിയിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

## പഞ്ചായത്ത് വകുപ്പിലെ തസ്തികകൾ

177 (3125) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ജില്ലകളിലെ പഞ്ചായത്ത് വകുപ്പിൽ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് മുകളിലുള്ള നിരവധി തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തുകൊണ്ടാണ് നിയമനം നടത്താത്തത് ; വിശദമാക്കാമോ;

(സി) പഞ്ചായത്ത് വകുപ്പ് ഉൾപ്പെടെയുള്ള ചില വകുപ്പുകൾ ഏകീകരിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ഡി) ഇതിനായി നിയോഗിച്ചിട്ടുള്ള ലോക്കൽ ഗവൺമെന്റ് കമ്മീഷൻ എന്ന് റിപ്പോർട്ട് സമർപ്പിക്കുമെന്നും, ഏകീകരണം എന്നത്തേക്ക് നടത്താൻ കഴിയുമെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ & ബി) പഞ്ചായത്ത് വകുപ്പിലെ ഉദ്യോഗസ്ഥരുടെ സീനിയോറിറ്റി സംബന്ധിച്ച കേസുകൾ ബഹു. സുപ്രീംകോടതിയുടെ പരിഗണനയിലായതിനാലാണ് പഞ്ചായത്ത് സെക്രട്ടറിക്ക് മുകളിലുള്ള തസ്തികകളിലേയ്ക്ക് നിലവിൽ പ്രൊമോഷൻ നടക്കാത്തത്.

(സി) തദ്ദേശ സ്വയംഭരണ സർവ്വീസ് രൂപീകരണം സംബന്ധിച്ച് ലോക്കൽ ഗവൺമെന്റ് കമ്മീഷൻ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ട്. കരട് സ്പെഷ്യൽ റൂൾസ് ലോക്കൽ ഗവൺമെന്റ് കമ്മീഷൻ തയ്യാറാക്കിവരുന്നു.

(ഡി) കരട് സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ഏകീകൃത കേഡർ പ്രാബല്യത്തിൽ വരുന്നതാണ്.

## കാട്ടാക്കട പഞ്ചായത്ത് മുളിയൂർ സ്റ്റേഡിയം

178 (3126) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട പഞ്ചായത്തിലെ മുളിയൂർ സ്റ്റേഡിയം ജനങ്ങൾക്ക് ഉപയോഗപ്രദമാകാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്റ്റേഡിയം ജനങ്ങൾക്ക് ഉപയോഗപ്രദമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ആയതിന് മറ്റെന്തെങ്കിലും തടസ്സങ്ങളുണ്ടെങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മുളിയൂർ ക്ഷേത്രവുമായി ബന്ധപ്പെട്ട് ചില വ്യക്തികളുടെ/ സംഘടനകളുടെ എതിർപ്പുമൂലം സമാധാനാന്തരീക്ഷം നഷ്ടപ്പെടുമെന്ന സാഹചര്യമുള്ളതിനാൽ പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിന് കാലതാമസം നേരിടുന്നു.

(സി) ടി വിഷയത്തിൽ കോടതിയിൽ കേസ് നിലനിൽക്കുന്നു.

**കാസർഗോഡ് ജില്ലയിൽ പുറമ്പോക്കുകളിൽ താമസിക്കുന്ന കുടുംബങ്ങൾ**

179 (3127) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ പുറമ്പോക്കുകളിൽ താമസിക്കുന്ന എത്ര പേർ ഉണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; ഇവരിൽ നാളിതുവരെയായി എത്ര പേർക്ക് കൈവശാവകാശ രേഖ ലഭിക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

<u>ഉത്തരം</u>

വിവരം അനുബന്ധമായി ചേർക്കുന്നു.*

**നഗരസഭകളിലെ ജീവനക്കാരുടെ ക്ഷാമം**

180 (3128) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച നഗരസഭകളിൽ ജീവനക്കാരുടെ കുറവ് മൂലമുണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കുറവ് പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പഞ്ചായത്ത്-നഗരസഭ-ഗ്രാമവികസന വകുപ്പ് സംയോജനം

181 (3130) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത്, നഗരസഭ, ഗ്രാമവികസനം എന്നീ വകുപ്പുകളുടെ സംയോജനം സംബന്ധിച്ച് നിലവിൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇതിനായി നിയോഗിച്ച കമ്മീഷന്റെ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വകുപ്പ് സംയോജനം മൂലം പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ള പ്രൊമോഷൻ സാധ്യതകൾ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടോ;

(സി) നിലവിലെ സമാന തസ്തികകളിലെ സീനിയോറിറ്റിയും തുടർ പ്രൊമോഷനും എപ്രകാരം നടപ്പിലാക്കാനാണ് കമ്മീഷൻ ശിപാർശ ചെയ്യുന്നത്?

ഉത്തരം

(എ) പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം, നഗര ഗ്രാമാസൂത്രണം, എഞ്ചിനീയറിംഗ് വിംഗ് എന്നീ വകുപ്പുകൾ ഏകീകരിച്ച് ഒറ്റ വകുപ്പാക്കുന്നതിനുള്ള നടപടികൾ ലോക്കൽ ഗവൺമെന്റ് കമ്മീഷൻ സ്വീകരിച്ചുവരുന്നു. ഏകീകരണത്തിന് മാത്രമായി പ്രത്യേക കമ്മീഷൻ രൂപീകരിച്ചിട്ടില്ല. നിലവിലുള്ള ലോക്കൽ ഗവൺമെന്റ് കമ്മീഷനോട് ഏകീകരണം സംബന്ധിച്ച കരട് ചട്ടങ്ങൾ രൂപീകരിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച പഠന റിപ്പോർട്ടല്ല മറിച്ച് കരട് ചട്ടമാണ് കമ്മീഷൻ തയ്യാറാക്കി സമർപ്പിക്കുന്നത്. കരട് ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി & സി) ലോക്കൽ ഗവൺമെന്റ് കമ്മീഷൻ കരട് ചട്ടങ്ങൾ തയ്യാറാക്കിയതിനു ശേഷം മാത്രമേ ഇക്കാര്യത്തിൽ വ്യക്തത വരുത്താൻ കഴിയൂ.

## തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ പരാതിപ്പെട്ടി

182 (3131) ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. റോജി എം. ജോൺ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുള്ള പരാതി സമർപ്പിക്കുവാൻ പരാതിപ്പെട്ടി സ്ഥാപിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ലഭിക്കുന്ന പരാതികളിൽ സമയബന്ധിതമായി പരിഹാരം കാണുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിക്കുന്ന പരാതികളിൽ സമയബന്ധിതമായി പരിഹാരം കാണുന്നതിനായി 23-5-2017-ലെ സ. ഉ. (സാധാ.) നമ്പർ 1691/2017/ത.സ്വ.ഭ.വ. പ്രകാരം വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

**പാർട്ണർ കേരള മിഷൻ**

183 (3132) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാർട്ണർ കേരള മിഷനിൽ ഇതിനോടകം റഫർ ചെയ്യപ്പെട്ടിട്ടുള്ള പദ്ധതികളിൽ സാധ്യതാപഠനത്തിന്റെ അടിസ്ഥാനത്തിൽ ഫീസിബിൾ എന്ന് കണ്ടെത്തിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതികളിൽ നടപ്പുസാമ്പത്തിക വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പാർട്ണർ കേരള മിഷന്റെ നിലവിലുള്ള വ്യവസ്ഥകളിൽ മാറ്റം വരുത്തിയതിനുശേഷം പ്രസ്തുത പദ്ധതിയിലേയ്ക്ക് കൂടുതൽ സംരംഭകരെ ആകർഷിക്കുവാൻ സാധിച്ചുവോ; വ്യക്തമാക്കാമോ;

(ഡി) പാർട്ണർ കേരള മിഷന്റെ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തുകളിലേയ്ക്ക് കൂടി വ്യാപിപ്പിച്ച വിവരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സാദ്ധ്യതാപഠനത്തിന്റെ അടിസ്ഥാനത്തിൽ 38 പദ്ധതി നിർദ്ദേശങ്ങൾ ഫീസിബിളാണെന്ന് കണ്ടെത്തിയിട്ടുണ്ട് (ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.)*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഒന്നാംഘട്ടമായി 16 പ്രോജക്ടുകൾ ഈ സാമ്പത്തിക വർഷം നടപ്പിലാക്കാനുദ്ദേശിക്കുന്നു.

1. ശക്തൻനഗർ സിറ്റി ഹബ്ബ്, തൃശ്ശൂർ

2. മൊബിലിറ്റി ഹബ്ബ്, മീൻചന്ത, കോഴിക്കോട്

3. പബ്ലിക് പാർക്കിംഗ് ആന്റ് കൊമേഴ്സ്യൽ കോംപ്ലക്സ്, കൊല്ലം

4. പബ്ലിക് പാർക്ക് ആന്റ് മൾട്ടി ഫങ്ഷണൽ കോംപ്ലക്സ്, ഇടപ്പള്ളി, കൊച്ചി

5. മൾട്ടി ലെവൽ കാർ പാർക്കിംഗ് ആന്റ് കൊമേഴ്സ്യൽ കോംപ്ലക്സ്, കച്ചേരിപ്പടി, കൊച്ചി

6. ബസ് ബേ-കം-പാസഞ്ചർ അമിനിറ്റി സെന്റർ, മഞ്ചേരി

7. മുനിസിപ്പൽ മാർക്കറ്റ് ആന്റ് മൾട്ടി ഫങ്ഷണൽ കോംപ്ലക്സ്, അടൂർ

8. എക്സിബിഷൻ ഫെസിലിറ്റി ആന്റ് കൺവെൻഷൻ സെന്റർ, താമരക്കുളം, കൊല്ലം

9. പബ്ലിക് മാർക്കറ്റ് കം ഷോപ്പിംഗ് മാൾ, കൽമണ്ഡപം, പാലക്കാട്

10. ഇൻഡോർ സ്റ്റേഡിയം ആന്റ് കൺവെൻഷൻ സെന്റർ കൽമണ്ഡപം, പാലക്കാട്

11. മുനിസിപ്പൽ ആഫീസ് ആന്റ് കൊമേഴ്സ്യൽ കോംപ്ലക്സ്, പത്തനംതിട്ട

12. മോഡേൺ സ്ലോട്ടർ ഹൗസ്, കൊല്ലം

13. മോഡേൺ സ്ലോട്ടർ ഹോസ്, കോഴിക്കോട്

14. മോഡേൺ സ്ലോട്ടർ ഹൗസ്, തൃശ്ശൂർ

15. മോഡേൺ സ്ലോട്ടർ ഹൗസ്, കൊച്ചി

16. മോഡേൺ സ്ലോട്ടർ ഹൗസ്, പാലക്കാട് എന്നിവയാണ്.

ഇവയുടെ RFQ റീ - നോട്ടിഫിക്കേഷൻ ഉടനെ പുറപ്പെടുവിക്കുന്നതാണ്.

(സി) അമ്പത് ശതമാനത്തിൽ താഴെ നേരിട്ട് സർക്കാർ ഓഹരി നിക്ഷേപമുള്ള കേന്ദ്ര-സംസ്ഥാന സർക്കാരിലെ കമ്പനികൾ, സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ എന്നിവയ്ക്കും സ്വകാര്യ പങ്കാളിയെന്ന നിലയിൽ പാർട്ട്ണർ കേരള മിഷൻവഴി നടപ്പാക്കുന്ന പി.പി.പി. പ്രോജക്ടുകളിൽ പങ്കെടുക്കാൻ അനുമതി നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ഇത്തരം സ്ഥാപനങ്ങളുടെകൂടി പങ്കാളിത്തം ലഭ്യമാകുന്നതോടെ കൂടുതൽ സംരംഭകർ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

## പുറമ്പോക്ക് ഭൂമി സ്വകാര്യ വ്യക്തിക്ക് പതിച്ച് നൽകുന്നതിനെതിരെ അന്വേഷണം

184 (3133) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ചെങ്കള ഗ്രാമപഞ്ചായത്തിൽ മുട്ടത്തോടി വില്ലേജിൽ റീസർവ്വേ നമ്പർ 369/pt-യിൽപ്പെട്ട പുറമ്പോക്ക് ഭൂമി സ്വകാര്യവ്യക്തിക്ക് പതിച്ചുനൽകാൻ പഞ്ചായത്ത് ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ടി വ്യക്തി വിവിധ കാലങ്ങളിൽ സർക്കാർ ഭൂമി പതിച്ചുവാങ്ങി വിൽപന നടത്തിയിട്ടുള്ള ആളാണെന്നുള്ള പരാതി ബന്ധപ്പെട്ട ഓഫീസുകളിൽ ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഈ പരാതി അന്വേഷണത്തിന് വിധേയമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) ഇതു സംബന്ധിച്ച് തദ്ദേശ വകുപ്പിലുള്ള ആർ.സി.4/554/2015/ എൽ.എസ്.ജി.ഡി. ഫയലിൽ തുടർനടപടി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. ചെങ്കള ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 22-9-2011 തീയതിയിലെ 127/11 (1) നമ്പർ തീരുമാനപ്രകാരം ശ്രീ. അബ്ബാസ്, സി.എ. S/o. മുഹമ്മദ്, പൊടിപ്പള്ളം, ചെങ്കള എന്നയാൾക്ക് മുട്ടത്തൊടി വില്ലേജിലെ റീ-സർവ്വേ നമ്പർ 369/പി.ടി.-യിൽപ്പെട്ട 8.75 സെന്റ് സ്ഥലം പതിച്ച് നൽകുന്നതിന് പഞ്ചായത്തിന് ആക്ഷേപമില്ലെന്ന തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് ശ്രീ. സുലൈമാൻ കെ., കൺവീനർ, ആക്ഷൻ കമ്മിറ്റി, പൊടിപ്പള്ളം, മുട്ടത്തൊടി എന്നയാളുടെ പരാതി ലഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്. പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്കും കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും നിർദ്ദേശം നൽകിയിരുന്നു. ടി വ്യക്തിക്ക് 2011-ൽ സ്വന്തമായി സ്ഥലമില്ലായിരുന്നുവെന്നും എന്നാൽ 2015-ൽ ടിയാന്റെ പിതാവിന്റെ പേരിലുള്ള 8 സെന്റ് സ്ഥലം മരണശേഷം ലഭ്യമായത് ടിയാന്റെ മകൻ ശ്രീ. അബ്ദുൽ ഖലീലിനും, ഖലീൽ അത് അബ്ബാസിന്റെ സഹോദരൻ ശ്രീ. ബഷീറിനും കൈമാറിയിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിരിക്കുന്നു.

(ഡി) ശ്രീ. സുലൈമാൻ കെ., കൺവീനർ, ആക്ഷൻ കമ്മിറ്റി പൊടിപ്പള്ളം, മുട്ടത്തൊടി എന്നയാളുടെ പരാതിയുടെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്കും കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും നിർദ്ദേശം നൽകിയിരുന്നു. അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

## മാലിന്യ രഹിത കേരളം

185 (3134) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാലിന്യരഹിത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കികൊണ്ടിരിക്കുന്ന വിവിധ പദ്ധതികൾ ഏതൊക്കെയാണെന്നറിയിക്കാമോ?

### ഉത്തരം

സംസ്ഥാനത്തെ നഗര/ഗ്രാമങ്ങൾ മാലിന്യമുക്തമാക്കുന്നതിനായി 2017-18 വാർഷിക പദ്ധതി രൂപീകരണ നടപടികളുടെ ഭാഗമായി ത്രിതല പഞ്ചായത്തുകളിൽ 29-3-2017-ലെ സ. ഉ. (എംഎസ്.) നമ്പർ 72/2017/ത.സ്വ.ഭ.വ. മുഖേനയും നഗരസഭകളിൽ 3-4-2017-ലെ സ. ഉ. (എംഎസ്.) നമ്പർ 79/2017/ത.സ്വ.ഭ.വ. ഉത്തരവ് മുഖേനയും അതുപോലെ ഹരിത കേരളം മിഷന്റെ ഭാഗമായ ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗരേഖ സ.ഉ. (സാധാ.) നമ്പർ 2420/2017/ത.സ്വ.ഭ.വ. തീയതി 15-7-2017 പ്രകാരവും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആയതുപ്രകാരം ചുവടെപ്പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു.

1. എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ആവശ്യമെങ്കിൽ കമ്മ്യൂണിറ്റി തലത്തിലും പരമാവധി സ്വന്തം നിലയിൽ കമ്പോസ്റ്റിംഗ്, ബയോമെഥനേഷൻ (ബയോഗ്യാസ് പ്ലാന്റ്) രീതികളിലൂടെ ജൈവമാലിന്യം സംസ്കരിക്കപ്പെടുകയും അതിനായി ശുചിത്വ മിഷൻ അംഗീകരിച്ചിട്ടുള്ള ഉപാധികൾ പ്രയോജനപ്പെടുത്തുകയും ചെയ്യുക.

2. സ്ഥലപരിമിതിയുള്ള വീടുകളിലെ ജൈവമാലിന്യം കമ്മ്യൂണിറ്റിതല കമ്പോസ്റ്റിംഗ് നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഏറ്റെടുക്കുക.

3. സ്ഥാപനങ്ങൾ, മാർക്കറ്റ്, കമ്മ്യൂണിറ്റി എന്നീ തലങ്ങളിൽ തുമ്പൂർമൂഴി കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റ് എന്നീ പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കുക.

4. നിലവിലുള്ള പൊതുമാലിന്യ സംസ്കരണ പ്ലാന്റുകളുടെ അറ്റകുറ്റപ്പണികളും നവീകരണ പ്രവർത്തനങ്ങളും ഏറ്റെടുക്കുക.

5. വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും വൃത്തിയാക്കി തരംതിരിക്കപ്പെട്ട അജൈവമാലിന്യം ശേഖരിച്ച് പുനഃചംക്രമണം ചെയ്യുന്നതിനായി പൊതുവായ അജൈവ മാലിന്യ പരിപാലന സൗകര്യങ്ങളായ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ സ്ഥാപിക്കുക, അജൈവ മാലിന്യ പുനഃചംക്രമണ പാർക്കുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഭൂമി വാങ്ങുക.

6. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിന്റെ അനുബന്ധ സൗകര്യങ്ങളായ ബെയിലിംഗ് മെഷീൻ, ഷ്രെഡിംഗ് മെഷീൻ, ഡി-ഡസ്റ്റിംഗ് മെഷീൻ, വാഷിംഗ് സൗകര്യം, മലിനജലം ട്രീറ്റ് ചെയ്യുന്നതിനുള്ള സൗകര്യം എന്നിവ ആവശ്യാനുസരണം ഏർപ്പെടുത്തുക.

7. മാലിന്യ പരിപാലനത്തിന് സഹായിക്കുന്ന സംരംഭക ഗ്രൂപ്പുകൾ, ഹരിത കർമ്മസേന തുടങ്ങിയവയെ അംഗീകരിച്ച് ചുമതലപ്പെടുത്തുക. സാമ്പത്തികമായി പ്രായോഗിക ക്ഷമതയോടെ പ്രവർത്തിക്കുന്നതിന് ആറ് മാസക്കാലത്തേയ്ക്ക് വ്യക്തമായ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് ലഭ്യമാക്കുക.

8. ഗ്യാസ് ക്രിമറ്റോറിയം, അറവുശാല, പാക്കേജ്ഡ് സ്വീവേജ്/സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ എന്നിവ സ്ഥാപിക്കുന്നതിന് പ്രോജക്ടുകൾ ഏറ്റെടുക്കുക.

9. സ്ഥിരമായി നിലനിൽക്കുന്ന സ്വാപ്ഷോപ്പുകൾ സ്ഥാപിക്കുക

10. ജൈവമാലിന്യ സംസ്കരണം ഊർജ്ജിതപ്പെടുത്തുന്നതിനായി ഉപയോഗിക്കുന്ന അംഗീകൃത ഇനോകുലങ്ങൾക്ക് സബ്സിഡി ലഭ്യമാക്കുക.

11. റീജിയണൽ സാനിട്ടറി ലാൻഡ്ഫിൽ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം വാങ്ങലും അവ സ്ഥാപിക്കലും.

12. റീസൈക്ലിംഗ് വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് റീസൈക്ലിംഗ് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യം വ്യവസായ എസ്റ്റേറ്റുകളിൽ ഒരുക്കുക.

**തൊഴിലുറപ്പ് പദ്ധതി**

186 (3135) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തൊഴിലുറപ്പ് പദ്ധതികളിലായി എത്ര പേർക്ക് തൊഴിൽ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) തൊഴിലുറപ്പ് മേഖലയിൽ എത്ര കോടി രൂപയുടെ വേതന കുടിശ്ശികയുണ്ടായിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ കുടിശ്ശിക എപ്പോൾ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ കാർഡ് വിതരണം ചെയ്തതിന്റെ പഞ്ചായത്ത് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

Mahatma Gandhi NREGA (Kerala)

Details of Job Card Issued - 2017-18 (Date 16-8-2017).

| Sl. No. | Block | Panchayats | Number of job cards issued |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | Kanhangad | Ajanur | 5056 |
| 2 | Kanhangad | Madikai | 4194 |
| 3 | Kanhangad | Pallikere | 3751 |
| 4 | Kanhangad | Pullurperiya | 4996 |
| 5 | Kanhangad | Udma | 4584 |
| 6 | Karadukka | Bedadka | 5709 |
| 7 | Karadukka | Belloor | 1774 |
| 8 | Karadukka | Delampady | 2786 |
| 9 | Karadukka | Karadka | 2924 |
| 10 | Karadukka | Kumbadaje | 1593 |
| 11 | Karadukka | Kuttikol | 4024 |
| 12 | Karadukka | Muliyar | 3480 |
| 13 | Kasargod | Badiadka | 3749 |
| 14 | Kasargod | Chemnad | 5612 |
| 15 | Kasargod | Chengala | 3788 |
| 16 | Kasargod | Kumbla | 2914 |

| 1 | 2 | 3 | 4 |
|---|---|---|---|
| 17 | Kasargod | Madhur | 2802 |
| 18 | Kasargod | Mogralputhur | 1467 |
| 19 | Manjeshwar | Enmakaje | 3273 |
| 20 | Manjeshwar | Mangalpady | 1457 |
| 21 | Manjeshwar | Manjeshwar | 1495 |
| 22 | Manjeshwar | Meenja | 2176 |
| 23 | Manjeshwar | Paivalike | 3995 |
| 24 | Manjeshwar | Puthige | 2495 |
| 25 | Manjeshwar | Vorkady | 2171 |
| 26 | Nileshwar | Cheruvathur | 4191 |
| 27 | Nileshwar | Kayyur Cheemeni | 4669 |
| 28 | Nileshwar | Padne | 3289 |
| 29 | Nileshwar | Pilicode | 4207 |
| 30 | Nileshwar | Trikaripur | 6536 |
| 31 | Nileshwar | Valiyaparamba | 2039 |
| 32 | Parappa | Balal | 3708 |
| 33 | Parappa | East Eleri | 5119 |
| 34 | Parappa | Kallar | 3399 |
| 35 | Parappa | Kinanoor-Karinthalam | 4929 |
| 36 | Parappa | Kodombelur | 6643 |
| 37 | Parappa | Panathady | 4160 |
| 38 | Parappa | Westeleri | 5081 |
| | | Total | 140235 |

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ കാസർഗോഡ് ജില്ലയിൽ 9088 തൊഴിൽ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. നഗരസഭ തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| കാസർഗോഡ് | 1020 |
| കാഞ്ഞങ്ങാട് | 4430 |
| നീലേശ്വരം | 3638 |
| ആകെ | 9088 |

(ബി & സി) 2016-17 സാമ്പത്തിക വർഷത്തെ മുഴുവൻ വേതന കുടിശ്ശികയായ 759.43 കോടി രൂപ 10-4-2017, 7-7-2017 എന്നീ തീയതികളിലായി കേന്ദ്ര സർക്കാർ അനുവദിക്കുകയും ആയത് തൊഴിലാളികൾക്ക് നാഷണൽ ഇ.എഫ്.എം.എസ്. മുഖേന നൽകുകയും ചെയ്തിട്ടുണ്ട്.

**തൊഴിലുറപ്പ് പദ്ധതിയുടെ കൂലി കുടിശ്ശിക**

187 (3136) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് പൂർത്തിയാക്കുന്ന ജോലികളുടെ കണക്കിനോടൊപ്പം ആയതിന്റെ ഫോട്ടോഗ്രാഫും, ഓൺലൈനായി കേന്ദ്രസർക്കാരിന് നൽകണമെന്ന് വ്യവസ്ഥയുണ്ടോ;

(ബി) പ്രസ്തുത നിബന്ധന പാലിക്കാതിരുന്നത് കൊണ്ടാണോ തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുത്തതിനുള്ള കൂലി കുടിശ്ശിക കേന്ദ്രസർക്കാർ അനുവദിക്കാതിരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) തൊഴിലുറപ്പ് പദ്ധതിയിൽ നിലവിൽ എത്രപേർ രജിസ്റ്റർ ചെയ്തുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ചെലവുകൾ എം.ഐ.എസ്.-ൽ രേഖപ്പെടുത്തുന്നതിനോടൊപ്പം പ്രവൃത്തിയുടെ ഫോട്ടോയും എം.ഐ.എസ്.-ൽ അപ്‌ലോഡ് ചെയ്യണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) അല്ല.

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിലവിൽ 53.43 ലക്ഷം തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതുമൂലമുണ്ടാകുന്ന കറണ്ട് ചാർജ്ജ് ബാദ്ധ്യത**

188 (3137) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന ഫണ്ട് എന്നിവ ഉപയോഗിച്ച് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതുമൂലം കറണ്ട് ചാർജ്ജ് ഇനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭീമമായ തുക ബാദ്ധ്യത വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തെരുവ് വിളക്ക് പരിപാലനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകളിൽ ഉൾപ്പെട്ടതായതിനാൽ എൽ.ഇ.ഡി. ബൾബുകൾ ഉൾപ്പെടെയുള്ള സംവിധാനം ഉപയോഗിച്ച് വൈദ്യുതിയുടെ ഉപഭോഗം കുറച്ച് ഹൈമാസ്റ്റ് ലൈറ്റുകൾ പ്രവർത്തിക്കാവുന്നതാണ്.

**അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾ**

189 (3138) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ അനധികൃതമായി നിർമ്മിച്ച എത്ര കെട്ടിടങ്ങളുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഇത്തരം അനധികൃത നിർമ്മാണങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) കോഴിക്കോട് നഗരത്തിൽ അനധികൃതമായി നിർമ്മിച്ച 5184 കെട്ടിടങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇത്തരം അനധികൃത നിർമ്മാണങ്ങൾക്ക് കേരള മുനിസിപ്പാലിറ്റി ആക്ട് 242 പ്രകാരം യു.എ.സി. നമ്പറുകൾ നൽകി നികുതി ചുമത്തുകയും കേരള മുനിസിപ്പൽ ആക്ട് 406 (1) പ്രകാരം തുടർനടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

## പ്ലാസ്റ്റിക് നിരോധനം

190 (3139) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭാ പരിധിയിൽ പ്ലാസ്റ്റിക് പൂർണ്ണമായി നിരോധിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എന്നുമുതലാണ് നിരോധനം നടപ്പിലാക്കുവാൻ ആലോചിക്കുന്നത്;

(ബി) പ്ലാസ്റ്റിക് മൂലമുള്ള രൂക്ഷമായ പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിന് നിരോധനം പൂർണ്ണതോതിലും, കർശനമായും നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 24-1-2017-ലെ കൗൺസിൽ തീരുമാനം നമ്പർ 3 (ഡി) പ്രകാരം പ്ലാസ്റ്റിക് ക്യാരിബാഗ് പൂർണ്ണമായി നഗരസഭാ പരിധിയിൽ മാർച്ച് ഒന്ന് മുതൽ നിരോധിച്ചിട്ടുണ്ട്.

(ബി) കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 2016-ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരം 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകൾ പൂർണ്ണമായി ഒഴിവാക്കേണ്ടതാണ്. 50 മൈക്രോണും അതിന് മുകളിലുമുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകൾ വിൽക്കുന്നതിനും വിനിയോഗം ചെയ്യുന്നതിനും കുറഞ്ഞത് 4,000 രൂപ ലൈസൻസ് ഫീയായി പ്രതിമാസം നൽകുവാനും നിഷ്കർഷിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം ഗണ്യമായി കുറയ്ക്കുന്നതിന് ഈ നടപടികളിലൂടെ സാദ്ധ്യമാകുമെന്നതിനാൽ സംസ്ഥാനത്തെ മിക്ക തദ്ദേശ സ്ഥാപനങ്ങളും ഈ നടപടികളുമായി മുന്നോട്ടുപോകുകയാണ്. എല്ലാത്തരം പ്ലാസ്റ്റിക് ക്യാരിബാഗുകളും നിരോധിക്കുന്നതിലൂടെ മാത്രമേ ഒരു ശാശ്വതപരിഹാരമുണ്ടാകൂ എന്നതിനാൽ സംസ്ഥാനത്ത് മൊത്തം ബാധകമാക്കുന്ന നിയമങ്ങൾ നടപ്പാക്കുന്ന രീതിയിലുള്ള ആലോചനകൾ ഇപ്പോൾ പ്രാരംഭഘട്ടത്തിലാണ്.

## മുനിസിപ്പൽ കോമൺ സർവ്വീസിൽ ടൈപ്പിസ്റ്റുമാരുടെ റേഷ്യോ

191 (3140) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ജി.ഒ.(പി)നമ്പർ 7/2016/ഫിൻ. തീയതി 20-1-2017 നമ്പർ ശമ്പള പരിഷ്കരണ ഉത്തരവിൽ ടൈപ്പിസ്റ്റുമാരുടെ റേഷ്യോ 1:1:1:1 എന്ന് പുനഃക്രമീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് മുനിസിപ്പൽ കോമൺ സർവ്വീസിൽ നടപ്പിൽ വരുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണം എന്തെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നടപ്പിൽ വരുത്തിയിട്ടില്ല.

(സി) 26-2-2011-ലെ സ.ഉ. (പി) 85/11/ധന. നമ്പർ ഉത്തരവ് പ്രകാരം ടൈപ്പിസ്റ്റ് തസ്തികയിലെ റേഷ്യോ 1:1:1 എന്ന് നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ ടൈപ്പിസ്റ്റ് തസ്തികയിലെ റേഷ്യോ 1:1:1 എന്ന് നിജപ്പെടുത്തിക്കൊണ്ടുള്ള റേഷ്യോ പ്രൊമോഷൻ ഉത്തരവ് നഗരകാര്യ ഡയറക്ടറുടെ 3-3-2016-ലെ ഇ 6/619710/13 നമ്പർ ഉത്തരവുപ്രകാരം പുറപ്പെടുവിച്ചിരുന്നതാണ്. എന്നാൽ ടി ശമ്പള പരിഷ്കരണ ഉത്തരവിൽ ടൈപ്പിസ്റ്റ് തസ്തികയിൽ അനുവദിച്ചിട്ടുള്ള റേഷ്യോ പ്രകാരം വർക്കല നഗരസഭയിൽ ജോലി ചെയ്തിരുന്ന ടൈപ്പിസ്റ്റ് ശ്രീ. ശ്രീരാഗിന് യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് 1-2-2011 പ്രാബല്യത്തിൽ റേഷ്യോ പ്രൊമോഷൻ അനുവദിക്കണമെന്ന ആവശ്യവുമായി ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ടിയാൻ സമർപ്പിച്ച ഒ.എ. 1764/16-ന്മേലുള്ള ബഹു. ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടറുടെ 3-3-2016-ലെ ഉത്തരവുപ്രകാരം അനുവദിക്കപ്പെട്ട ടൈപ്പിസ്റ്റ് തസ്തികയിലെ റേഷ്യോ പ്രൊമോഷൻ ഉത്തരവിന് തിരുത്തൽ വരുത്തിയ ഉത്തരവ് പുറപ്പെടുവിക്കേണ്ടതായി വരികയും ആയതിന് 2008 മുതലുള്ള ഗ്രഡേഷൻ ലിസ്റ്റ് പരിശോധിച്ച് തീരുമാനമെടുക്കേണ്ടിയും വന്നിട്ടുള്ളതാണ്. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് 13-6-2017-ൽ കരട് തിരുത്തൽ ഉത്തരവും തുടർന്ന് ആക്ഷേപങ്ങൾ ക്ഷണിച്ച് 1-8-2017-ൽ അന്തിമ തിരുത്തൽ ഉത്തരവും പുറപ്പെടുവിച്ചിട്ടുള്ളതാണ്. 9-ാം ശമ്പള പരിഷ്കരണ ഉത്തരവിലെ അനുപാതം നിജപ്പെടുത്തിയാൽ മാത്രമേ 10-ാം ശമ്പള പരിഷ്കരണ ഉത്തരവുപ്രകാരം റേഷ്യോ പ്രൊമോഷൻ അനുവദിക്കാൻ നിർവ്വാഹമുണ്ടായിരുന്നുള്ളൂ. 9-ാം ശമ്പള പരിഷ്കരണ ഉത്തരവുപ്രകാരം ടൈപ്പിസ്റ്റ് തസ്തികയിലെ റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഇപ്പോൾ ടൈപ്പിസ്റ്റ് തസ്തികയിലെ അനുപാതം അന്തിമമായി നിജപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ സർക്കാരിന്റെ 20-1-2016-ലെ സ.ഉ. (പി) 7/16/ധന. നമ്പർ ഉത്തരവുപ്രകാരമുള്ള റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## പാലിയേറ്റീവ് കെയർ നഴ്സുമാരുടെയും ആശാ വർക്കർമാരുടെയും മിനിമം വേതനം വർദ്ധിപ്പിക്കാൻ നടപടി

192 (3141) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രാമപഞ്ചായത്തുകൾക്ക് കീഴിൽ ജോലി ചെയ്തുവരുന്ന പാലിയേറ്റീവ് കെയർ നഴ്സുമാരുടെയും ആശാ വർക്കർമാരുടെയും മിനിമം വേതനം വർദ്ധിപ്പിക്കുന്ന വിഷയം പരിഗണനയിൽ ഉണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

പാലിയേറ്റീവ് കെയർ നഴ്സുമാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ട്.

## പ്ലാസ്റ്റിക് നിരോധനം

193 (3142) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നടത്തിയ പ്ലാസ്റ്റിക് നിരോധനം എത്രത്തോളം ഫലപ്രദമായിരുന്നെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്ലാസ്റ്റിക്കിനുപകരം ആവശ്യമുള്ള തുണിസഞ്ചികളും മറ്റും യഥേഷ്ടം ലഭ്യമാകുന്നു എന്നുറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗമാണ് തദ്ദേശ സ്ഥാപനങ്ങൾ പ്രധാനമായും നിരോധിച്ചിട്ടുള്ളത്. ഇങ്ങനെ നിരോധനം ഏർപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളിൽ തുണിസഞ്ചികളുടെ അഭാവം ബുദ്ധിമുട്ടുകളോ പ്രതിസന്ധികളോ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കുടുംബശ്രീ സംരംഭങ്ങൾ, സ്വകാര്യ സംരംഭങ്ങൾ തുടങ്ങിയവ തുണി സഞ്ചികളും പേപ്പർ ബാഗുകളും തയ്യാറാക്കി വിപണിയിൽ എത്തിക്കുന്നുണ്ട്. കൂടാതെ പ്ലാസ്റ്റിക് നിരോധിച്ച സ്ഥലങ്ങളിൽ വൻതോതിൽ സംസ്ഥാനത്തിന്റെ പുറത്തുനിന്നും തുണിസഞ്ചികൾ താരതമ്യേന വില കുറഞ്ഞും ലഭിക്കുന്നുണ്ട്.

സംസ്ഥാന ശുചിത്വ മിഷൻ, കുടുംബശ്രീ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ആഭിമുഖ്യത്തിൽ തുണിസഞ്ചികളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് ഒട്ടേറെ നടപടികളെടുത്തുവരികയാണ്. സംസ്ഥാന ശുചിത്വ മിഷൻ തദ്ദേശസ്ഥാപനങ്ങളിൽ ലഭ്യമാക്കിയിട്ടുള്ള ഐ.ഇ.സി./കപ്പാസിറ്റി ബിൽഡിംഗ് ഫണ്ടുകൾ ഉപയോഗിച്ചുകൊണ്ട് തുണിസഞ്ചികളുടെ നിർമ്മാണത്തിനുള്ള പരിശീലനം, തുണിസഞ്ചികളുടെ ഉപയോഗം പ്രചരിപ്പിക്കുന്നതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവയും നടത്തിവരുന്നു. കുടുംബശ്രീ പ്രസ്ഥാനത്തിന്റെ കീഴിൽ ഒട്ടേറെ ചെറുസംരംഭക ഗ്രൂപ്പുകൾ തുണി സഞ്ചി നിർമ്മാണത്തിലേയ്ക്ക് കടന്നുവന്നുകൊണ്ടിരിക്കുകയാണ്. പ്ലാസ്റ്റിക് നിരോധിച്ച സ്ഥലങ്ങളിൽ ഇത്തരം പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ അഭാവം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സാമൂഹ്യക്ഷേമ പെൻഷൻ**

194 (T*3143) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാമൂഹ്യക്ഷേമ പെൻഷൻ എത്ര പ്രാവശ്യം വർദ്ധിപ്പിച്ചു നൽകുകയുണ്ടായി; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര തുക ചെലവഴിച്ചു; എത്ര പേർക്കാണ് പെൻഷൻ വിതരണം ചെയ്തത്; ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ തുക ഒരു തവണ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പെൻഷൻ വർദ്ധിപ്പിച്ച് നൽകുന്നതിനായി 859,35,36,400 രൂപ കൂടുതലായി ചെലവഴിച്ചു. 4022121 പേർക്ക് സംസ്ഥാനമൊട്ടാകെ 2017 ആഗസ്റ്റ് മാസം പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിൽ പെൻഷൻ വിതരണം ചെയ്തിട്ടുള്ളവരുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നതുമൂലമുള്ള പ്രശ്നങ്ങൾ

195 (3144) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വായു മലിനീകരണം മൂലവും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ പദാർത്ഥങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിലെ അപാകതമൂലവും മാരകമായ രോഗങ്ങൾ ഉണ്ടാകുന്നുവെന്ന പഠന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ജനവാസമേഖലകളിൽ കത്തിക്കുന്നതിലൂടെ ഏതെല്ലാം മാരകരോഗങ്ങളാണ് ഉണ്ടാകാൻ സാധ്യതയുള്ളത്; വിശദാംശങ്ങൾ നൽകാമോ;

(ബി) മാരകമായ രോഗങ്ങൾക്ക് വഴിവയ്ക്കുന്ന ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിന് എന്തൊക്കെ നടപടികളാണ് തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇതിനായി ബോധവത്ക്കരണ പരിപാടികൾ നടത്താറുണ്ടോ; ഇത്തരം പ്രവൃത്തികളിൽ ഏർപ്പെടുന്നവർക്കെതിരെ നടപടി സ്വീകരിക്കുമോ;

(സി) തിരുവനന്തപുരം നഗരത്തിലെ ജനവാസകേന്ദ്രങ്ങളിൽ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ വ്യാപകമായി കത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് ഉണ്ടായിട്ടുള്ള വ്യാപകമായ പരാതികളിൻമേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) തിരുവനന്തപുരം നഗരത്തിൽ നിയമസഭാംഗങ്ങളുടെ വാസസ്ഥലം, പോലീസ് ക്വാർട്ടേഴ്സ് എന്നിവയുടെ സമീപ പ്രദേശങ്ങളിൽ അജൈവ മാലിന്യങ്ങൾ കത്തിക്കുന്നതിലൂടെ ഇവിടങ്ങളിലെ താമസക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) പഠന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ കത്തിക്കുന്നതുമൂലമുണ്ടാകുന്ന പുക അന്തരീക്ഷത്തിൽ തങ്ങിനിന്നതിനുശേഷം താഴേയ്ക്കുതന്നെ എത്തുന്നു. മാലിന്യം കത്തിക്കുമ്പോൾ ഡയോക്സിൻ, ഫ്യൂറാൻ, നൈട്രജൻ ഡയോക്സൈഡ്, നൈട്രജൻ ഓക്സൈഡ്, കാർബൺ മോണോക്സൈഡ് എന്നിങ്ങനെ വാതകങ്ങളും ചാരവുമുണ്ടാകും. ഇവയിലെ പല വാതകങ്ങളും ചെറിയ തോതിൽ ശ്വസിക്കുന്നതുതന്നെ

കുട്ടികളിലും പ്രായമായവരിലും ആസ്തമരോഗികളിലും ഗുരുതര ആരോഗ്യ പ്രശ്നങ്ങളുണ്ടാകും. ഡയോക്സിനുകളും ഫ്യൂറാനുകളും തിരികെ ചെടികളിലും വളർത്തുമൃഗങ്ങളിലുമെത്തി യാതൊരു വ്യതിയാനവും സംഭവിക്കാതെ അവയുടെ കോശങ്ങളിൽ തങ്ങി അവ ഭക്ഷിക്കുന്ന മനുഷ്യരിൽ കാൻസർ, ത്വക്ക് രോഗങ്ങൾ, കരൾ രോഗങ്ങൾ, വന്ധ്യത, വളർച്ചാ വൈകല്യങ്ങൾ, ബുദ്ധിമാന്ദ്യത തുടങ്ങിയവയ്ക്ക് കാരണമാകുമെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്.

(ബി) 2016-ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസിലെയും 2016-ലെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസിലെയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചുവരുന്നുണ്ട്. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ തരംതിരിച്ച് MRF സെന്ററുകളിൽ ശേഖരിച്ച് പുനഃചംക്രമണത്തിന് വിധേയമാക്കുന്നതിനുള്ള നടപടികൾ ശുചിത്വ മിഷൻ മുഖേന നടപ്പിലാക്കിവരുന്നുണ്ട്. പ്ലാസ്റ്റിക്കും ഇ-വേസ്റ്റും പരിസ്ഥിതിക്ക് കോട്ടംവരാത്ത തരത്തിൽ സംസ്കരിക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ചിട്ടുള്ള ക്ലീൻ കേരള കമ്പനി മുഖേന പ്ലാസ്റ്റിക് ശേഖരിക്കുകയും പുനഃചംക്രമണത്തിന് വിധേയമാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ നഗരസഭകളിൽ ആരംഭിക്കുന്നതിനുള്ള സാങ്കേതിക സഹായവും ക്ലീൻ കേരള കമ്പനി മുഖേന നൽകിവരുന്നുണ്ട്. ഷ്രഡഡ് പ്ലാസ്റ്റിക് നഗരസഭകളിൽനിന്നും വാങ്ങി റോഡ് ടാറിംഗിനായി ഉപയോഗിക്കുന്നുമുണ്ട്. പ്ലാസ്റ്റിക് കത്തിക്കുന്നതിനെതിരെ തദ്ദേശഭരണ സ്ഥാപനതലത്തിലും ശുചിത്വമിഷൻ മുഖേനയും ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയും റസിഡന്റ്സ് അസോസിയേഷനുകൾ, സന്നദ്ധസംഘടനകൾ എന്നിവയുടെ സഹകരണത്തോടെയും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

(സി) ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

**പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന**

196 (3145) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി കൃഷി സിഞ്ചാരി യോജന/ഐ.ഡബ്ല്യൂ.എം.പി. (Integrated Water Shed Management Programme) പ്രകാരം വിവിധ ബ്ലോക്ക് പഞ്ചായത്തുകൾക്ക് പൂർത്തീകരിച്ച പ്രവൃത്തികൾക്ക് ഫണ്ട് അനുവദിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ 2017 മാർച്ച് 31 വരെ ഓരോ ബ്ലോക്ക് പഞ്ചായത്തിനും കുടിശ്ശികയായ തുകയുടെ വിശദാംശം അറിയിക്കാമോ; കുടിശ്ശിക വിതരണം ചെയ്യാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുടിശ്ശിക തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* കേന്ദ്ര സർക്കാരിൽനിന്നും ഒന്നാം ഗഡു കേന്ദ്ര വിഹിതം അനുവദിക്കുന്നതിനായി 25-4-2017-ന് വിനിയോഗ സർട്ടിഫിക്കറ്റ് കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ, തുക അടിയന്തരമായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 17-5-2017-നും 31-7-2017-നും പ്രത്യേക കത്ത് കേന്ദ്രസർക്കാരിന് അയച്ചിട്ടുണ്ട്.

**മുട്ടത്തറയിലെ വികലാംഗ കോളനി നിവാസികളുടെ പുനരധിവാസം**

197(3146) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ വികലാംഗകോളനി നിവാസികളെ പുനരധിവസിപ്പിക്കുന്നതിനായി നഗരകാര്യ വകുപ്പിന് കൈമാറിയ രണ്ടേക്കർ സ്ഥലത്ത് വീടുകൾ നിർമ്മിച്ചു നൽകുന്നതിനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം എത്രയുംവേഗം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ & ബി) മുട്ടത്തറയിലെ വികലാംഗ കോളനി നിവാസികൾക്ക് ഭവനം നിർമ്മിക്കുന്നതിനായി റവന്യൂ വകുപ്പ് അനുവദിച്ച രണ്ട് ഏക്കർ സ്ഥലം തിരുവനന്തപുരം നഗരസഭയ്ക്ക് കൈമാറി കിട്ടിയിട്ടില്ല. ടി സ്ഥലം കൈമാറി കിട്ടുന്നമുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

**തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതി**

198 (3147) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ സ്മാർട്ട് സിറ്റി പദ്ധതിയിൽ തിരുവനന്തപുരം നഗരത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഈ പദ്ധതിയിലൂടെ തിരുവനന്തപുരത്ത് നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിനായി കൺസൾട്ടന്റിനെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(സി) സ്മാർട്ട് സിറ്റി നടപ്പാക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എത്ര തുക വീതമാണ് ചെലവഴിക്കേണ്ടതെന്ന് വ്യക്തമാക്കുമോ;

(ഡി) കൊച്ചി സ്മാർട്ട് സിറ്റി നടത്തിപ്പിലുണ്ടായ പോരായ്മകൾ തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതി നടത്തിപ്പിൽ ഒഴിവാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉൾപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം സ്മാർട്ട് സിറ്റി മിഷൻ പദ്ധതിയിൽ 1522 കോടി രൂപയുടെ വിവിധ വികസന പ്രവർത്തനങ്ങൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. അടിസ്ഥാന നഗര സേവനങ്ങൾ, സുരക്ഷിതവും പ്രാപ്യവുമായ ഗതാഗത സംവിധാനങ്ങൾ, കാര്യക്ഷമമായ ഭൂവിനിയോഗം, സാംസ്കാരിക തനിമയും പൈതൃകവും, സുഗമവും സൗഹാർദ്ദവുമായ പരിസ്ഥിതി, സാമൂഹിക-സാമ്പത്തിക ഉൾക്കൊള്ളൽ തുടങ്ങിയ അഞ്ച് മേഖലകൾ ഉൾപ്പെട്ട 33 വികസന പദ്ധതികളും പാൻ സിറ്റി പദ്ധതിയിൽ സ്മാർട്ട് വാട്ടർ മീറ്ററിംഗ്, ഖരമാലിന്യ ഡാറ്റാ സെന്റർ, എമർജൻസി റെസ്പോൺസ് സിസ്റ്റം, കാര്യക്ഷമമായ ഗതാഗത നിയന്ത്രണ സംവിധാനം, സുരക്ഷിത സഞ്ചാരം (സ്ട്രീറ്റ് ലൈറ്റ്), സ്മാർട്ട് മോസ്കിറ്റോ ഡെൻസിറ്റി സിസ്റ്റം തുടങ്ങി ആറ് പദ്ധതികളും ഇ-ഗവേണൻസ് പോർട്ടലുമാണ് സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരത്ത് വിഭാവനം ചെയ്തിരിക്കുന്നത്.

(ബി) തീരുമാനിച്ചിട്ടുണ്ട്. ഇതിനുള്ള ടെണ്ടർ ഡോക്യുമെന്റേഷൻ നടന്നുവരുന്നു.

(സി) സ്മാർട്ട് സിറ്റി പദ്ധതി നടത്തിപ്പിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ 500 കോടി രൂപ വീതമാണ് ചെലവഴിക്കുന്നത്.

(ഡി) പോരായ്മകളില്ലാതെ തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതി ത്വരിതഗതിയിൽ നടപ്പിലാക്കുന്നതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ട്രിവാൻഡ്രം സ്മാർട്ട് സിറ്റി ലിമിറ്റഡ് എന്ന പേരിൽ കമ്പനി രൂപീകരിക്കാനുള്ള നടപടികൾ നടന്നുവരുന്നു.

## തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതി

199 (3148) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപറേഷന്റെ സ്മാർട്ട് സിറ്റി പദ്ധതി, നിയമവകുപ്പിന്റെ തടസ്സംമൂലം വൈകുവാനിടയാക്കുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതി എത്രയും വേഗം പൂർത്തിയാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം സ്മാർട്ട് സിറ്റി മിഷൻ പദ്ധതി നടത്തിപ്പിനായുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ ട്രിവാൻഡ്രം സ്മാർട്ട് സിറ്റി ലിമിറ്റഡ് എന്ന കമ്പനി രൂപീകരണത്തിനായുള്ള ഫയൽ നിയമ വകുപ്പിന്റെ പരിശോധനയ്ക്കുശേഷം നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ടി പദ്ധതിക്ക് നിയമവകുപ്പ് യാതൊരു തടസ്സവും ഉന്നയിച്ചിട്ടില്ല.

(ബി) സ്വീകരിക്കും. തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതി ത്വരിതഗതിയിൽ നടപ്പിലാക്കുന്നതിനായി ട്രിവാൻഡ്രം സ്മാർട്ട് സിറ്റി ലിമിറ്റഡ് എന്ന പേരിൽ കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ബോർഡ് ഓഫ് ഡയറക്ടേഴ്സിനെ തീരുമാനിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ശ്രീ. ഗോപാലകൃഷ്ണൻ ഐ.എ.എസ്.-നെ നിയമിച്ചിട്ടുണ്ട്.

**മുൻസിപ്പൽ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട്**

200 (3149) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസിപ്പൽ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട്, ഡി.എ., ശമ്പള പരിഷ്കരണ കുടിശ്ശികകൾ എന്നിവ കൃത്യമായി നൽകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പരാതി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഉണ്ട്. നഗരസഭാ ജീവനക്കാരുടെ പി.എഫ്. സംബന്ധിച്ച വിവരങ്ങൾ 'സ്ഥാപന' സോഫ്റ്റ് വെയറിൽ എൻട്രി നടത്തി അംഗീകരിക്കുന്നതിന് എല്ലാ ജീവനക്കാർക്കും ക്രെഡിറ്റ് കാർഡ് നൽകുന്നതിന് നടപടി സ്വീകരിക്കുകയും കാലാകാലങ്ങളിൽ നഗരസഭാ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള ക്ഷാമബത്ത/ശമ്പള പരിഷ്കരണ കുടിശ്ശിക തുടങ്ങിയവ സി.പി.എഫ്.-ലേയ്ക്ക് ഒടുക്ക് വരുത്താത്ത നഗരസഭകളിൽനിന്നും കുടിശ്ശിക തുക സി.പി.എഫ്.-ലേയ്ക്ക് ഒടുക്ക് വരുത്തുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ പൊതു സർവ്വീസ്**

201 (3150) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് നിലവിൽ വരുമ്പോൾ, ഉദ്യോഗസ്ഥർക്ക് ലഭിക്കേണ്ട സ്ഥാനക്കയറ്റങ്ങൾ ഉറപ്പ് വരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്; ഇതുമായി ബന്ധപ്പെട്ട് സർവ്വീസ് സംഘടനകളുമായി ചർച്ചകൾ നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുസർവ്വീസ് രൂപീകരിക്കുന്നതിനാവശ്യമായ കരട് ചട്ടങ്ങൾ തയ്യാറാക്കാൻ ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ബന്ധപ്പെട്ട എല്ലാ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ട്. ജീവനക്കാർക്ക് ലഭിക്കേണ്ട സ്ഥാനക്കയറ്റങ്ങളിൽ എന്തെങ്കിലും വ്യത്യാസമുണ്ടാകുമോയെന്ന് ഇപ്പോൾ അറിയാൻ കഴിയുകയില്ല. ലോക്കൽ ഗവൺമെന്റ് കമ്മീഷനിൽ നിന്ന് കരട് ചട്ടം ലഭിച്ചതിനുശേഷമേ ഇക്കാര്യത്തിൽ വ്യക്തത വരുത്താൻ കഴിയൂ.

**തദ്ദേശസ്വയംഭരണ സർവ്വീസ് രൂപീകരണം**

202 (3151) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സർവ്വീസ് രൂപീകരണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സർവ്വീസ് രൂപീകരണം സംബന്ധിച്ച് ചട്ടങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ ;

(സി) സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ ആശങ്കകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) പ്രസ്തുത സർവ്വീസ് രൂപീകരണത്തിന് മന്ത്രിസഭാ തലത്തിൽ അനുമതി നൽകിയിട്ടുണ്ടോ ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) തദ്ദേശസ്വയംഭരണ സർവ്വീസ് രൂപീകരണം സംബന്ധിച്ച് ലോക്കൽ ഗവൺമെന്റ് കമ്മീഷൻ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ട്. കരട് സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്ന ജോലി കമ്മീഷനിൽ നടന്നുവരുന്നു.

(ബി) ഇല്ല.

(സി) സർവ്വീസ് സംഘടനകളുമായി നടത്തിയ ചർച്ചകളിൽ സംഘടനകളുന്നയിച്ച ആശങ്കകൾ കരട് ചട്ടം തയ്യാറാക്കുമ്പോൾ കമ്മീഷൻ പരിശോധിക്കുന്നതാണ്.

(ഡി) ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി മാലിന്യ സംസ്കരണം**

203 (3152) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി വീടുകളിലെയും മറ്റും മാലിന്യ സംസ്കരണം നടപ്പിലാക്കുന്ന പദ്ധതി ഏതു ഘട്ടം വരെയായി എന്ന് വിവരിക്കുമോ;

(ബി) അടിയന്തരമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വീടുകൾക്കാവശ്യമായ കിച്ചൻ ബിന്നുകൾ നൽകി മാലിന്യം ശേഖരിച്ച് സംസ്കരിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) ഇതിലേയ്ക്കായി എന്തെങ്കിലും യൂസർഫീസ് ഈടാക്കാൻ നടപടിയുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) ചില അനധികൃത ഏജൻസികൾ പലയിടങ്ങളിൽനിന്നും മാലിന്യം ശേഖരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നടപ്പിലാക്കിവരുന്നു.

(ബി) കിച്ചൺ ബിന്നുകൾ ഉൾപ്പെടെയുള്ള ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഹരിത കേരളം പദ്ധതിയുടെ ഭാഗമായുള്ള ശുചിത്വ മാലിന്യ സംസ്കരണ ക്യാമ്പയിൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ടുള്ള 15-7-2017-ലെ സ.ഉ. (സാധാ) നമ്പർ 2420/17/ത.സ്വ.ഭ.വ. ഉത്തരവിൽ യൂസർ ഫീ ഈടാക്കാൻ വ്യവസ്ഥയുണ്ട്. യൂസർ ഫീ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. സ്വന്തമായി ജൈവമാലിന്യ സംസ്കരണം നടത്തുന്ന വീടുകൾ (കിച്ചൺ ബിൻ, പോട്ട് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ്, വളക്കുഴി മുഖേന) ഹരിതകർമ്മ സേനാംഗം മാസത്തിൽ രണ്ടുതവണ പരിശോധന നടത്തുന്നതിനും അജൈവ മാലിന്യം ശേഖരിക്കുന്നതിനുമായി 60 രൂപ പ്രതിമാസം നൽകേണ്ടതാണ്.

2. കിച്ചൺ ബിൻ മുതലായ ഉപാധികൾ മുഖേന മാലിന്യ സംസ്കരണം നടത്തുന്ന വീടുകൾക്കാവശ്യമായ ഇനോക്കുലം (ഒരു മാസത്തേയ്ക്ക് 30 ലിറ്റർ) നൽകുകയും ആഴ്ചയിലൊരു സന്ദർശനം നടത്തുകയും അജൈവ മാലിന്യം ശേഖരിക്കുകയും സ്വന്തമായി ഉപയോഗിക്കുന്നില്ലെങ്കിൽ ജൈവവളം തിരികെ ശേഖരിക്കുകയും ചെയ്യുന്നതിന് ഹരിതകർമ്മ സേനയ്ക്ക് പ്രതിമാസം 250 രൂപ (ഇനോക്കുലത്തിന്റെ വിലയുൾപ്പെടെ) നൽകേണ്ടതാണ്.

3. എല്ലാ ദിവസവും ജൈവമാലിന്യ ശേഖരണം ആവശ്യപ്പെടുന്ന വീടുകൾ പ്രതിമാസം 800 രൂപ (അജൈവ മാലിന്യ ശേഖരണത്തിന് ഉൾപ്പെടെ) ഹരിതകർമ്മ സേനയ്ക്ക് നൽകേണ്ടതാണ്.

4. കിച്ചൺ ബിൻ മുതലായ ഉപാധികൾ ഉപയോഗിച്ച് മാലിന്യ സംസ്കരണം നടത്തുന്ന വീടുകളിൽ അതിലൂടെ ലഭിക്കുന്ന ജൈവവളം ഉപയോഗിച്ച് പച്ചക്കറി കൃഷി ചെയ്യുമെങ്കിൽ ആവശ്യമായ ഇനോക്കുലം (പ്രതിമാസം 30 ലിറ്റർ) നൽകുന്നതിന് പുറമേ ഹരിതസേനാംഗം ആഴ്ചയിലൊരിക്കൽ വീട് സന്ദർശിക്കുകയും ജൈവ പച്ചക്കറി കൃഷി പരിപാലിക്കുകയും ചെയ്യുന്നതിന് പ്രതിമാസം 300 രൂപ (അജൈവമാലിന്യ ശേഖരണത്തിന് ഉൾപ്പെടെ) ഫീസായി നൽകേണ്ടതാണ്.

5. സ്ഥാപനങ്ങൾ സ്വന്തമായി ഏർപ്പെടുത്തുന്ന സംവിധാനം ചുരുങ്ങിയത് ആഴ്ചയിലൊരിക്കൽ ഹരിതകർമ്മ സേനാംഗം പരിപാലിക്കുന്നതിനും ദൈനംദിന ജൈവമാലിന്യങ്ങൾ ശേഖരിക്കുന്നതിനും അജൈവമാലിന്യം നിർദ്ദിഷ്ട കാലയളവിൽ ശേഖരിക്കുന്നതിനും അനുയോജ്യമായ യൂസർ ഫീയും കാലാവധിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തീരുമാനിക്കാവുന്നതാണ്.

യൂസർ ഫീ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തീരുമാനിക്കാവുന്ന പരമാവധി ഫീസാണെന്നും യൂസർ ഫീയിൽ ഇളവ് നൽകുന്നതിനോ ബി.പി.എൽ. തുടങ്ങിയ വിഭാഗങ്ങളെ ഒഴിവാക്കുന്നതിനോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തീരുമാനിക്കാവുന്നതാണ്.

(ഡി) ഇല്ല.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നിർവ്വഹണം**

204 (3153) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഷികപദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കുമോ;

(ബി) ഇതിനായി സ്വീകരിച്ച നടപടികളുടെ വിശദവിവരം നൽകുമോ?

ഉത്തരം

(എ) 2017-18-ൽ വാർഷിക പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 2017-18-ലെ വാർഷിക പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കുകയെന്ന ലക്ഷ്യത്തോടെ 2017-18-ലെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ വാർഷിക പദ്ധതി രൂപീകരണം 2017 ജൂൺ 15-നകം പൂർത്തിയാക്കിയിട്ടുണ്ട്. നടപടിക്രമങ്ങൾ ലളിതമാക്കുന്നതിന്റെ ഭാഗമായി ഗ്രാമ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നഗര തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രത്യേകം ആസൂത്രണ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയും നിർബന്ധമായും അനുവർത്തിക്കേണ്ട കാര്യങ്ങളും അഭികാമ്യമായ കാര്യങ്ങളും സംബന്ധിച്ച് മാർഗ്ഗരേഖയിൽ പരമാവധി വ്യക്തത വരുത്തുകയും ചെയ്തിട്ടുണ്ട്. പ്രോജക്ടുകൾക്ക് സമയബന്ധിതമായി അംഗീകാരം നൽകുന്നുവെന്ന് ഉറപ്പാക്കാൻ പ്രത്യേകം നിരീക്ഷണ സമിതികൾക്കും രൂപം നൽകിയിട്ടുണ്ട്. കൂടാതെ, ജില്ലാ ആസൂത്രണ സമിതികൾ ബ്ലോക്കുതല അവലോകനങ്ങളും വകുപ്പുതല അവലോകന യോഗങ്ങളും സംഘടിപ്പിച്ചുവരുന്നു.

വിവിധ മിഷനുകളുടെ പ്രവർത്തനങ്ങളുമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ സംയോജിപ്പിച്ച് ആസൂത്രണം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കാൻ ഭരണ സമിതിയെ സഹായിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആസൂത്രണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഫണ്ട് പ്രതിസന്ധി**

205 (3154) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള തനതു ഫണ്ടിന്റെ അപര്യാപ്തതമൂലം ദൈനംദിന ചെലവിന് പോലും പ്രതിസന്ധി നേരിടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൈവരിച്ച ആസ്തി സംരക്ഷണത്തിനു പുറമേ ശമ്പള പരിഷ്കരണംവഴി വർദ്ധിച്ച ശമ്പളം നൽകുന്നതടക്കമുള്ള അധികച്ചെലവുകൾ നേരിടാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കാൻ പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുമോ;

(സി) രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി വരുന്ന സംസ്ഥാന ഓൺ ടാക്സ് റവന്യൂവിന്റെ 3.5 ശതമാനം എന്നത് 10 ശതമാനമാക്കി ഉയർത്തിയാൽ നിലവിലെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ സാധിക്കുമെന്നിരിക്കേ ആയത് പരിഗണിക്കുമോ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകൾക്ക് തനത് ഫണ്ടിന്റെ അപര്യാപ്തതമൂലം ദൈനംദിന ചെലവുപോലും പ്രതിസന്ധി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് ജനറൽ പർപ്പസ് ഗ്രാന്റിന് പുറമേ ഗ്യാപ് ഫണ്ടും നൽകിവരുന്നു. 31-1-2017-ലെ ജി.ഒ. (ആർറ്റി.) 718/17/ഫിൻ. നമ്പർ ഉത്തരവ് പ്രകാരം 2015-16-ലെ ഗ്യാപ് ഫണ്ടായി 15 ഗ്രാമപഞ്ചായത്തുകൾക്ക് തുക അനുവദിച്ചിട്ടുണ്ട്.

(ബി & സി) ഇപ്പോൾ പരിഗണനയിലില്ല.

**മാലിന്യസംസ്കരണം**

206 (3155) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിലും സംസ്കരിക്കുന്നതിലും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മാലിന്യസംസ്കരണത്തിന് പ്രത്യേകിച്ച് നഗര പ്രദേശങ്ങളിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) കിച്ചൺ ബിന്നുകളുടെയും എയ്റോബിന്നുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും നിരീക്ഷിക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി)

1. ജൈവമാലിന്യം ഉറവിടത്തിൽത്തന്നെ സുരക്ഷിതമായി സംസ്കരിക്കുന്നതിനുള്ള കമ്പോസ്റ്റിംഗ് ബയോമെഥനേഷൻ സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

2. നഗര പ്രദേശങ്ങളിൽ പൊതുസ്ഥലങ്ങളിൽ എയ്റോബിക് കമ്പോസ്റ്റിംഗ് (തുമ്പൂർമൂഴി മോഡൽ) സംവിധാനങ്ങളും ബയോഗ്യാസ് പ്ലാന്റുകളും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്ഥാപിച്ചുവരുന്നു.

3. നിലവിൽ പ്രവർത്തിക്കുന്ന കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ സ്വീകരിച്ചുവരുന്നു.

4. അജൈവ മാലിന്യം ഉറവിടത്തിൽത്തന്നെ തരംതിരിച്ച് ശേഖരിച്ച് രണ്ടാം തരംതിരിവ് നടത്തി പുനരുപയോഗ യോഗ്യമായവയെ അതിനായും പുനഃചംക്രമണം ചെയ്യേണ്ടുന്നവയെ പുന:ചംക്രമണത്തിനായും കൈമാറുന്നതിനായി നഗരസഭകൾ മുനിസിപ്പൽ കോർപ്പറേഷനുകളുടെ നേതൃത്വത്തിൽ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഡി & ഒ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ മാലിന്യങ്ങൾ തരംതിരിച്ച് ജൈവമാലിന്യങ്ങൾ വേർതിരിച്ച് ഉറവിടത്തിൽ ഫലപ്രദമായി സംസ്കരിക്കുന്നതിന് അനുയോജ്യമായ സംവിധാനങ്ങൾ 2017 സെപ്റ്റംബർ 15-ന് മുമ്പായി സജ്ജീകരിക്കുന്നതിന് കർശനമായ നിർദ്ദേശം നൽകി 22-7-2017-ലെ സ. ഉ. (സാധാ.) നമ്പർ 2511/2017/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

6. മാലിന്യം കുറയ്ക്കുക (Reduce) പുനരുപയോഗിക്കുക (Reuse) പ്രോത്സാഹിപ്പിക്കുന്നതിനുള്ള 'ഗ്രീൻ പ്രോട്ടോകോൾ' നടപടികൾ.

7. അനുകൂല മനോഭാവം പൗരന്മാരിൽ സൃഷ്ടിക്കുന്നതിനുള്ള വിവരവിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ.

8. ഹരിത കേരളം മിഷന്റെ ഭാഗമായി ശുചിത്വ മാലിന്യ സംസ്കരണം ഏറ്റെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും നടപടികളും.

(സി) മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും നിരീക്ഷിക്കുന്നതിനും വേണ്ട സംവിധാനമുണ്ടാക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണ്. ഹരിത കേരളം മിഷന്റെ ഉപദൗത്യമായ ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ മാർഗ്ഗനിർദ്ദേശങ്ങളിൽ ഇത്തരം കാര്യങ്ങൾ വിവക്ഷിക്കുന്നുണ്ട്.

**ഒഴിവുകൾ നികത്തൽ**

207 (3156) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പല പഞ്ചായത്തുകളിലും സെക്രട്ടറി/അസിസ്റ്റന്റ് സെക്രട്ടറി/അക്കൗണ്ടന്റ് എന്നിവരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) മലപ്പുറം ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് സെക്രട്ടറി/ അസിസ്റ്റന്റ് സെക്രട്ടറി/അക്കൗണ്ടന്റ് എന്നി തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ;

(ഡി) പഞ്ചായത്തുകളിലെ പ്രധാനപ്പെട്ട തസ്തികകൾ സ്ഥിരമായി ഒഴിഞ്ഞ് കിടക്കുന്നതുമൂലം പദ്ധതി പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നത് ഒഴിവാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, അക്കൗണ്ടന്റ് തസ്തികകളിലെ ഒഴിവുകൾ പ്രൊമോഷൻ മുഖാന്തിരം നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) മലപ്പുറം ജില്ലയിൽ സെക്രട്ടറി തസ്തികയിലെ ഒഴിവുകളെല്ലാംതന്നെ പ്രൊമോഷൻ മുഖാന്തിരം നികത്തിയിട്ടുണ്ട്. കുറുവ ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറിയുടെ ഒഴിവും കുഴിമണ്ണ, വേങ്ങര ഗ്രാമപഞ്ചായത്തുകളിൽ അക്കൗണ്ടന്റുമാരുടെ ഒഴിവും നിലവിലുണ്ട്.

(ഡി) ജീവനക്കാരുടെ സീനിയോറിറ്റിയുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരങ്ങൾ നിലവിലുള്ളതിനാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പദ്ധതി പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നത് ഒഴിവാക്കാൻ താൽക്കാലിക പ്രൊമോഷനുകൾ നൽകിവരുന്നുണ്ട്.

**കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്**

208 (3157) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ എത്ര വാർഡുകളുണ്ടെന്നും ആകെ ജനസംഖ്യ എത്രയാണെന്നും അറിയിക്കുമോ;

(ബി) കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ ആകെ ഭൂവിസ്തൃതി എത്രയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഗ്രാമപഞ്ചായത്തിലെ വാർഡുകളുടെ എണ്ണം, ജനസംഖ്യ, ഭൂവിസ്തൃതി എന്നിവ പരിശോധിച്ച് ഗ്രാമപഞ്ചായത്ത് വിഭജിക്കേണ്ടതാണെന്നും പുതുതായി ഒരു ഗ്രാമപഞ്ചായത്ത് രൂപീകരിക്കേണ്ടതാണെന്നും തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) കല്ലുവാതുക്കൽ പഞ്ചായത്ത് വിഭജിച്ച് പാരിപ്പള്ളി പഞ്ചായത്ത് രൂപീകരിക്കാൻ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തീരുമാനമെടുത്തത് പിൻവലിക്കാനിടയായതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ;

(ഇ) പാരിപ്പള്ളി പഞ്ചായത്ത് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം തടസ്സങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ

| | | |
|---|---|---|
| ആകെ വാർഡുകൾ | - | 23 |
| ആകെ ജനസംഖ്യ | - | 42238 |

(ബി) 35.57 ച.കി.മീ.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) പഞ്ചായത്ത് വിഭജനം സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്ന കേസുകളിൽ പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിലാണ് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കാനെടുത്ത തീരുമാനം പിൻവലിച്ചത്.

(ഇ) കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് (4) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഭജനവും കൂട്ടിച്ചേർക്കലും നിലവിലുള്ള ഭരണസമിതിയുടെ കാലാവധി തീരുന്ന മുറയ്ക്കല്ലാതെ പ്രാബല്യത്തിൽ വരുത്താൻ പാടുള്ളതല്ലെന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ പുതുതായി പഞ്ചായത്ത് രൂപീകരിക്കാൻ നിലവിൽ നിർവ്വാഹമില്ല.

**പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ**

209 (3158) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിനായി രണ്ടു വർഷകാലത്തേക്ക് മാത്രമേ കെട്ടിടം വാടകയ്ക്കെടുത്ത് കൊടുക്കുവാൻ സാധിക്കു എന്ന ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എന്നാൽ അഞ്ചു വർഷത്തേക്ക് കെട്ടിടം വാടകയ്ക്ക് എടുത്ത് കൊടുത്താൽ മാത്രമേ മാവേലി സ്റ്റോറുകൾ തുടങ്ങുകയുള്ളൂ എന്ന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നിർദ്ദേശമുള്ളതിനാൽ രണ്ടു വർഷ കാലാവധി എന്നത് അഞ്ചു വർഷമായി ഉയർത്തി ഉത്തരവ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുതുതായി ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് 5 വർഷത്തെ വാടകരഹിത കെട്ടിടം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തന്നെ ഏർപ്പാടാക്കേണ്ടതാണെന്ന നിബന്ധന നിലവിലുണ്ട്.

**ട്രാൻസ്ലേഷണൽ എഞ്ചിനീയറിംഗ് എം.ടെക് നേടിയവരുടെ സേവനം**

210 (3159) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സർക്കാർ ചെലവിൽ ഗവണ്മെന്റ് എഞ്ചിനീയറിംഗ് കോളേജിൽ, വിദേശ സർവ്വകലാശാലകളുടെയും, ഐ.ഐ.ടി.-യുടെയും സഹകരണത്തോടെ നടത്തുന്ന ട്രാൻസ്ലേഷണൽ എഞ്ചിനീയറിംഗ് എം.ടെക് പഠനം പൂർത്തിയാക്കിയ ഉദ്യോഗസ്ഥരുടെ സേവനം ഏത് മേഖലകളിൽ ഉപയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വിദേശ രാജ്യങ്ങളിൽ പരിശീലനം ലഭിച്ച ഈ ഉദ്യോഗസ്ഥർക്ക് വകുപ്പിൽ പ്രത്യേക വിംഗ് ഉണ്ടാക്കി അവരുടെ സേവനം വിനിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) ഇത്തരത്തിൽ എത്ര ജീവനക്കാർക്ക് വകുപ്പിൽനിന്നും പരിശീലനം ലഭിച്ചുവെന്നത് പേരും, തസ്തികയും സഹിതം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ട്രാൻസ്‌ലേഷണൽ എഞ്ചിനീയറിംഗ് ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗസ്ഥർ ഒരു പ്രോജക്ട് എങ്ങനെ ജനോപകാരപ്രദമായി നടപ്പിലാക്കാമെന്ന മേഖലയിൽ പ്രാവീണ്യം നേടിയിട്ടുള്ളതിനാൽ ഇവരുടെ സേവനം സാങ്കേതിക മേഖലയിൽ ഉപയോഗിക്കാവുന്നതാണ്.

(ബി) നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(സി)

| ക്രമ നമ്പർ | പേര് | തസ്തിക |
|---|---|---|
| 1 | രാജീവ് കെ. എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ |
| 2 | ഫെബീന. എച്ച്. | ” |
| 3 | ജ്യോസ്ന. വി. എസ്. | ” |
| 4 | അനോജ് കുമാർ. പി. ആർ. | ” |

**വീട്ടു നമ്പർ ക്രമപ്പെടുത്തി നൽകുന്നതിന് നടപടി**

211 (3160) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടനിർമ്മാണ ചട്ടത്തിന്റെ ലംഘനം ചൂണ്ടിക്കാട്ടി സംസ്ഥാനത്ത് എത്ര വീടുകൾക്കാണ് നമ്പർ നൽകാത്തത് എന്നതു സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) 4 സെന്റിൽ താഴെ മാത്രം ഭൂമി ഉള്ളവർ ഉൾപ്പെടെ നിരവധി പേർ ഇതുമൂലം ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കാതെ 4 സെന്റിൽ താഴെ മാത്രം ഭൂമി ഉള്ളവർ വച്ച വീടുകൾക്ക് വീട്ടുനമ്പർ നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കാതെ 4 സെന്റിൽ താഴെമാത്രം ഭൂമിയുള്ളവർ വച്ച വീടുകൾക്ക് വീട്ടുനമ്പർ നൽകുന്നതിന് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ 16-11-2016-ലെ സ.ഉ. (എംഎസ്.) 170/2016/ത.സ്വ.ഭ.വ. നമ്പർ ഉത്തരവുപ്രകാരം കെട്ടിട നിർമ്മാണ ചട്ടങ്ങളും നിയമങ്ങളും ലംഘിക്കപ്പെടുന്ന 1500 സ്ക്വയർ ഫീറ്റ് വരെയുള്ള വാസഗൃഹങ്ങൾക്ക് യു.എ. നമ്പർ അനുസരിച്ച് താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകി നിയമപ്രകാരമുള്ള സാക്ഷ്യപത്രങ്ങൾ നൽകുന്നതിനും വസ്തു നികുതി ഈടാക്കുന്നതിനുമുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.* )

**അയൽക്കൂട്ടങ്ങളെ ശക്തിപ്പെടുത്താൻ നടപടി**

212 (3161) <u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയൽക്കൂട്ടങ്ങളെ ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(ബി) അയൽക്കൂട്ടത്തിലേക്ക് എത്ര കുടുംബങ്ങളെക്കൂടി ചേർത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) എത്ര പുതിയ അയൽക്കൂട്ടങ്ങളാണ് തുടങ്ങിയത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഏതെല്ലാം വിഭാഗക്കാരെയാണ് പുതുതായി അയൽക്കൂട്ടത്തിൽ ചേർത്തതെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ദിശ 2017 എന്ന വിപുലമായ ക്യാമ്പെയിൻ 2017 ജനുവരി 1 മുതൽ മാർച്ച് 31 വരെ സംഘടിപ്പിക്കുകയുണ്ടായി.

ദിശ ക്യാമ്പെയിന്റെ ഭാഗമായുള്ള പ്രത്യേക അയൽക്കൂട്ട രൂപീകരണത്തിൽ വയോജനം, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ, ട്രാൻസ്ജെന്റർ, അന്യസംസ്ഥാന തൊഴിലാളികൾ എന്നിങ്ങനെയുള്ള പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെ ഉൾക്കൊള്ളിച്ച് പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു. ഇപ്രകാരം രൂപീകരിച്ച പ്രത്യേക അയൽക്കൂട്ടങ്ങൾക്ക് കോർപ്പസ് ഫണ്ട് നൽകുന്നതിനായി 4.50 കോടി രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ അയൽക്കൂട്ട വനിതകളുടെ വ്യക്തിത്വ വികസനം ലക്ഷ്യമിട്ട് കുടുംബശ്രീ സ്കൂൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കുടുംബശ്രീ പ്രസ്ഥാനം ഇന്ന് നേരിടുന്ന വെല്ലുവിളികളെയും പരിമിതികളെയും മറികടക്കുന്നതിനും പ്രവർത്തനങ്ങൾ പുനർനിർണ്ണയം നടത്തുന്നതിനുംവേണ്ടി വിപുലമായ സമൂഹാധിഷ്ഠിത സ്വയം പഠന പ്രക്രിയയ്ക്ക് തുടക്കം കുറിക്കുന്നതിന് ആലോചിക്കുന്നു. 'കുടുംബശ്രീ സ്കൂൾ' എന്ന പേരിൽ അറിയപ്പെടുന്ന ഈ അനൗപചാരിക വിദ്യാഭ്യാസ പരിപാടി 277175 അയൽക്കൂട്ടങ്ങളിലെ 4306976 അംഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ടാണ് സംഘടിപ്പിക്കുന്നത്. ഇത്രയധികം ആളുകളെ ഒരൊറ്റ സമൂഹാധിഷ്ഠിത പഠന സംവിധാനത്തിന്റെ ഭാഗമാക്കുന്നത് ലോകത്തുതന്നെ അപൂർവ്വമായ അനുഭവമായിരിക്കും. ഒരു വാർഡിൽ ആറ് കമ്മ്യൂണിറ്റി അദ്ധ്യാപകരെ വീതം തെരഞ്ഞെടുത്ത് ഇപ്രകാരം സംസ്ഥാനത്താകെ 19854 എ.ഡി.എസ്.-കളിലായി 119124 അദ്ധ്യാപകർ ഈ പ്രവർത്തനത്തിന് നേതൃത്വം നൽകും. രണ്ട് മണിക്കൂർ വീതമുള്ള ആറ് ക്ലാസ്സുകളാണ് ക്രമീകരിച്ചിരിക്കുന്നത്. ഇപ്രകാരം ആകെ പന്ത്രണ്ട് മണിക്കൂർ ക്ലാസ്സാണ് ഓരോ അയൽക്കൂട്ടത്തിനും ലഭിക്കുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 309602 കുടുംബങ്ങൾ പുതുതായി അയൽക്കൂട്ടങ്ങളിലേയ്ക്ക് വന്നിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 19110 പുതിയ അയൽക്കൂട്ടങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെ കുടുംബശ്രീയുടെ ഭാഗമാക്കുന്നതിന്റെ ഭാഗമായി വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെന്റർ, ന്യൂനപക്ഷങ്ങൾ, തീരദേശവാസികൾ, വിധവകൾ, അന്യസംസ്ഥാന തൊഴിലാളികൾ എന്നീ വിഭാഗങ്ങൾക്കായി പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

## ഗ്രാമപഞ്ചായത്തിൽ ജീവനക്കാരുടെ കുറവ്

213 (3162) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തിലെ ജോലിഭാരം സംബന്ധിച്ച് പഠിക്കുന്നതിന് സർക്കാർ ചുമതലപ്പെടുത്തിയ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറും പഞ്ചായത്ത് ഡയറക്ടറും ഉൾപ്പെട്ട കമ്മീഷന്റെ 2012-ലെ റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്തിൽ ജീവനക്കാരുടെ കുറവുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആയത് തത്വത്തിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) സാമ്പത്തികബാധ്യത പരിഗണിച്ച് ജീവനക്കാരുടെ കുറവ് പരിഹരിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ജീവനക്കാരുടെ അഭാവത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് എത്രമാത്രം കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയുന്നു എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഗ്രാമപഞ്ചായത്തുകളിൽ ജീവനക്കാരെ നിയമിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. 1995 മുതൽ 2010 വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനസംഖ്യാനുപാതികമായി വാർഡ് വിഭജനം നടക്കുകയും വാർഡുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുകയും ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തന മേഖലകൾ വിപുലമാകുകയും ചെയ്തുവെങ്കിലും അതിനനുസൃതമായി ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവുണ്ടായില്ലെന്ന വിവരം പ്രസ്തുത റിപ്പോർട്ടിൽ പ്രതിപാദിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) ജീവനക്കാരുടെ അഭാവം ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങളുടെ കാര്യക്ഷമതയെ വലിയ രീതിയിൽ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) നിലവിൽ നഗരസഭകളായി പരിവർത്തനം ചെയ്ത ഗ്രാമപഞ്ചായത്തുകളിൽ ഉണ്ടായിരുന്ന തസ്തികകൾ പഞ്ചായത്ത് വകുപ്പിൽത്തന്നെ നിലനിർത്തുന്നതിന്റെ

ഭാഗമായി 37 അസിസ്റ്റന്റ് സെക്രട്ടറി, 146 സീനിയർ ക്ലാർക്ക്, 170 ക്ലാർക്ക്, 66 ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകൾ ജോലിഭാരം കൂടിയ സംസ്ഥാനത്തെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ അധികമായി സൃഷ്ടിച്ച് സ.ഉ.(കൈ.) നമ്പർ 109/2017/ത.സ്വ.ഭ.വ., തീയതി 5-6-2017 പ്രകാരം ഉത്തരവാകുകയും ഉദ്യോഗസ്ഥരെ അധികമായി നിയമിച്ചിട്ടുള്ളതുമാണ്.

### ഗ്രാമപഞ്ചായത്തുകളിലെ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം

214 (3163) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ ഒരേ ആവശ്യത്തിന് വ്യത്യസ്തമായ നിരവധി സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; ഒരു ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം കൊണ്ടുവരാൻ സത്വര നടപടി സ്വീകരിക്കുമോ;

(ബി) എൻ.ഐ.സി. വഴി ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ഔദ്യോഗിക ഡൊമൈനിൽ നിന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇ-മെയിൽ വിലാസം അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

#### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഒരു ഏകീകൃത സോഫ്റ്റ്‌വെയർ വികസിപ്പി ക്കുന്നതിനായി ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം.) നടപടി സ്വീകരിച്ചുവരുന്നു.

(ബി) നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ (എൻ.ഐ.സി.) വഴി ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ ഔദ്യോഗിക ഡൊമൈനിൽനിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇ-മെയിൽ വിലാസം അനുവദിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. മലപ്പുറം, കണ്ണൂർ ഒഴികെയുള്ള ജില്ലകളിലെ ഗ്രാമപഞ്ചായത്തിന് ഇ-മെയിൽ വിലാസം നൽകിയിട്ടുണ്ട്.

### എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക

215 (3164) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകൾ/ബ്ലോക്ക്/ജില്ലാപഞ്ചായത്തുകൾ എന്നീ സ്ഥാപനങ്ങളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക നിലവിലുണ്ടെങ്കിലും, ഗ്രാമപഞ്ചായത്തുകളിൽ പ്രസ്തുത തസ്തിക സൃഷ്ടിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണമെന്തെന്ന് വിശദീകരിക്കാമോ;

(ബി) ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ ദിവസവേതനാടിസ്ഥാനത്തിലാണ് പ്രസ്തുത ജോലി നിർവ്വഹിച്ചുവരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഗ്രാമപഞ്ചായത്തുകളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി ഏതു വരെയായി; വിശദാംശം നല്കാമോ;

(ഡി) 2016 ആഗസ്റ്റിൽ നിലവിൽ വന്ന വിവിധ വകുപ്പുകളിലേയ്ക്കുള്ള എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽനിന്നും തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് എത്ര പേർക്ക് നിയമന ശിപാർശ നല്കിയിട്ടുണ്ട്;

(ഇ) ടി റാങ്ക് ലിസ്റ്റിൽപ്പെട്ടവരിൽ ഏറിയകൂറും നിശ്ചിത പ്രായപരിധി കഴിഞ്ഞവരായതിനാൽ അക്കാര്യം മാനുഷികമായി പരിഗണിച്ച് മേല്പറഞ്ഞ ഗ്രാമപഞ്ചായത്തുകളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പഞ്ചായത്തുകളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് പ്രസ്തുത തസ്തിക ആവശ്യമുള്ള പഞ്ചായത്തുകളുടെ ലിസ്റ്റ് അടിയന്തരമായി ലഭ്യമാക്കാൻ പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ ദിവസവേതനാടിസ്ഥാനത്തിൽ ടൈപ്പിസ്റ്റുമാരെ നിയമിച്ചിട്ടില്ല.

(സി) പഞ്ചായത്തുകളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നത് 120/ഇപിഎ 1/15 എന്ന ഫയലിൽ പരിശോധിച്ചുവരുന്നു. പ്രസ്തുത തസ്തിക ആവശ്യമുള്ള പഞ്ചായത്തുകളുടെ ലിസ്റ്റ് അടിയന്തരമായി ലഭ്യമാക്കാൻ പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) പഞ്ചായത്ത് വകുപ്പിൽ പത്തനംതിട്ട ജില്ലയിലെ റാങ്ക് ലിസ്റ്റിൽനിന്നും ഒരാൾക്ക് നിയമനം നൽകിയിരുന്നെങ്കിലും ടിയാൾ ജോലിയിൽ പ്രവേശിച്ചിട്ടില്ല. പ്രസ്തുത എൻ.ജെ.ഡി. ഒഴിവ് 2-8-2017-ൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണ്.

## താൽക്കാലിക ഡ്രൈവർമാരെ സ്ഥിരപ്പെടുത്തൽ

216 (3165) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രാമപഞ്ചായത്തുകളിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവർമാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

പഞ്ചായത്തുകളിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ അനുവദിക്കുന്നില്ല. ഇതുസംബന്ധിച്ച് ലഭിച്ചിട്ടുള്ള നിവേദനങ്ങൾ കോടതി വിധികളുടെയും മറ്റും അടിസ്ഥാനത്തിൽ പരിശോധിച്ചുവരുന്നു.

## പഞ്ചായത്തംഗങ്ങൾക്കുള്ള സിറ്റിംഗ് ഫീസ്

217 (3166) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷന്മാർ, പഞ്ചായത്ത് മെമ്പർമാർ എന്നിവർക്കുള്ള സിറ്റിംഗ് ഫീസ് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) ഓണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മെമ്പർമാർക്ക് ബോണസ് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കാമോ?

ഉത്തരം

(എ) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) പരിഗണനയിലില്ല.

## ജലസംരക്ഷണ പ്രവർത്തനങ്ങൾ

218 (3167) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസംരക്ഷണത്തിനും ജലത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിനും, നിയന്ത്രിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്;

(ബി) ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും കീഴിലുള്ള ജലസ്രോതസ്സുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇവ നിലനിർത്തുന്നതിനും മലിനമാകുന്നത് തടയുന്നതിനും ഫലപ്രദമായ ഇടപെടലുകൾ നടത്തുന്നുണ്ടോ;

(സി) എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുകീഴിലുമുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും പാറമടകളിലെയും മറ്റും ജലസ്രോതസ്സുകൾ ഏറ്റെടുത്ത് ഉപയോഗപ്രദമാക്കുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ജലസ്രോതസ്സുകൾ വൃത്തിയാക്കുകയും തടയണകൾ നിർമ്മിച്ച് ജലം സംരക്ഷിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് തലത്തിൽ വിവിധ വാർഡുകളിൽ മഴവെള്ള സംഭരണികൾ വിതരണം ചെയ്യുകയും 150 ചതുരശ്ര മീറ്ററിൽ കൂടുതലുള്ള കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ മഴവെള്ള സംഭരണി നിർബന്ധമാക്കുകയും കിണർ റീചാർജ്ജിംഗ് പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. മഴവെള്ള സംഭരണികൾ പ്രവർത്തനക്ഷമമാക്കൽ, കിണർ റീചാർജ്ജിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾക്ക് പ്രാദേശിക സന്നദ്ധ സംഘടനകളെ വിനിയോഗിക്കുന്നതിനും കൃഷിസ്ഥലങ്ങളിൽ ബാഷ്പീകരണം തടയുന്നതിന് നടപടിയെടുക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ജല ദുരുപയോഗം ഒഴിവാക്കുന്നതിനും ജല പുനരുപയോഗത്തിനും ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് ജലനിധി മുഖാന്തിരം ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്.

(ബി) പഞ്ചായത്ത് പ്രദേശത്തെ ജലസ്രോതസ്സുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ട്. ജലസ്രോതസ്സുകൾ നിലനിർത്തുന്നതിനും അവ മലിനമാകുന്നത് തടയുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു കീഴിലുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും പാറമടകളിലെയും മറ്റും ജലസ്രോതസ്സുകൾ ഏറ്റെടുത്ത് ഉപയോഗപ്രദമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെ കുടുംബശ്രീയുടെ ഭാഗമാക്കുന്നത് സംബന്ധിച്ച്

219 (3168) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെ കുടുംബശ്രീയുടെ ഭാഗമാക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം നൽകാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാർശ്വവൽക്കരിക്കപ്പെട്ടവർക്കായി രൂപീകരിച്ച പദ്ധതികളാണ് ബഡ്സ് സ്കൂളുകൾ, ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ, ആശ്രയ പദ്ധതി, അട്ടപ്പാടി സ്പെഷ്യൽ പ്രോജക്ട് എന്നിവ. കൂടാതെ, 'അഗതി രഹിതകേരളം' എന്ന സമ്പൂർണ്ണ അഗതി രഹിത പദ്ധതിയും ഈ വർഷം ആരംഭിക്കുന്നുണ്ട്.

**തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിനുള്ള നടപടി**

220 (3169) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവ് നായ്ക്കളുടെ നിയന്ത്രണത്തിനായി എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്ലാൻ ഫണ്ടിൽനിന്നും തനത് ഫണ്ടിൽനിന്നും തുക ചെലവാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) അനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി.) പ്രോഗ്രാം നടത്തിപ്പുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മൃഗസംരക്ഷണ വകുപ്പുമായി യോജിച്ച് പ്രവർത്തനം നടത്തുന്നില്ലെന്ന പരാതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) 32 നഗരസഭകളും 674 ഗ്രാമപഞ്ചായത്തുകളും തുക ചെലവഴിച്ചിട്ടുണ്ട്.

(ബി) പരാതികൾ ലഭിച്ചിട്ടില്ല.

**2 അടി വീതി നടപ്പുവഴിയുള്ള സ്ഥലത്ത് വീട് നിർമ്മാണം**

221 (3170) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2 അടി വീതി മാത്രം നടപ്പുവഴിയുള്ള സ്ഥലത്ത് വീട് പണിയുന്നതിന് എന്തെങ്കിലും പുതിയ മാനദണ്ഡം ഉണ്ടോ;

(ബി) ഇങ്ങനെ 2 അടി വീതി നടപ്പു വഴിയുള്ള സ്ഥലത്ത് കെട്ടിട നിർമ്മാണ ചട്ടപ്രകാരം എത്ര സ്ക്വയർ ഫീറ്റ് ഉള്ള കെട്ടിടം വരെ നിർമ്മിക്കാനാകും ; വിശദമാക്കുമോ; ബഹുനില കെട്ടിടം പണിയുവാൻ സാധിക്കുമോ;

(സി) ഇങ്ങനെ 2 അടി വീതി മാത്രം നടപ്പ് വഴിയുള്ള സ്ഥലത്ത് വീട് പണിയുവാൻ പഞ്ചായത്തിലും, മുനിസിപ്പാലിറ്റിയിലും, കോർപ്പറേഷനുകളിലും വ്യത്യസ്ഥ നിയമമാണോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടത്തിലെ ചട്ടം 33 പ്രകാരം 300 sq.m. വരെ തറവിസ്തീർണ്ണമുള്ള ഏകവാസഗൃഹത്തിന്റെ നിർമ്മാണത്തിന് വഴിയുടെ വീതി തടസ്സമല്ല. 300 sq.m. വരെയുള്ള ബഹുവാസ ഗൃഹത്തിന് കുറഞ്ഞത് 1.2 m. വീതിയുണ്ടായിരിക്കണം. 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 37 പ്രകാരം 300 sq.m. വരെ തറ വിസ്തീർണ്ണമുള്ള രണ്ടു നിലയുള്ള ഏകവാസ ഗൃഹത്തിന് വഴിയുടെ വീതി തടസ്സമല്ല. എന്നാൽ 300 sq.m. വരെയുള്ള ഒറ്റ നില ബഹുവാസഗൃഹത്തിന് കുറഞ്ഞത് 1.2 m. വഴി വീതി ആവശ്യമാണ്. 300 sq.m. വരെയുള്ള രണ്ടുനില ബഹുവാസഗൃഹത്തിന് കുറഞ്ഞത് 2.0 m. വഴി വീതിയുണ്ടായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) അതെ. പഞ്ചായത്തുകളിൽ 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളും മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളുമാണ് ബാധകം.

## പി.എം.ജി.എസ്.വൈ. II-ൽ ഉൾപ്പെടുത്തി റോഡ് നിർമ്മാണം

222 (3171) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ.II-ൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് എത്ര കിലോമീറ്റർ റോഡ് നിർമ്മിക്കുന്നതിനാണ് കേന്ദ്രസർക്കാർ അനുമതി നൽകിയിരുന്നത് ;

(ബി) മേൽപ്പറഞ്ഞ പ്രകാരം അനുമതി നൽകിയതിൽ എത്ര പ്രൊജക്ടുകൾക്കാണ് ഇതുവരെയായി കേന്ദ്രസർക്കാർ അംഗീകാരം നൽകിയിട്ടുള്ളത്;

(സി) കേന്ദ്ര സർക്കാരിൽനിന്ന് അംഗീകാരം ലഭിക്കുന്നതിനായി എത്ര പ്രോജക്ടുകളാണ് സമർപ്പിച്ചിട്ടുള്ളത് എന്നറിയിക്കാമോ; പ്രസ്തുത പ്രൊജക്ടുകൾക്ക് അംഗീകാരം എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(ഡി) പി.എം.ജി.എസ്.വൈ. III പ്രകാരം സംസ്ഥാനത്തേക്ക് 2017-18 വർഷത്തേക്കുള്ള ടാർജറ്റ് നിശ്ചയിച്ച് അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ.II പ്രകാരം 570 കിലോമീറ്റർ റോഡ് നിർമ്മിക്കുന്നതിനാണ് കേന്ദ്ര സർക്കാർ അനുമതി നൽകിയത്.

(ബി) പി.എം.ജി.എസ്.വൈ. II പ്രകാരം 319.948 കിലോമീറ്റർ ദൈർഘ്യവും 274.20 കോടി രൂപ അടങ്കൽ തുകയും വരുന്ന 84 റോഡുകൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം നേടിയിട്ടുണ്ട്.

(സി) പി.എം.ജി.എസ്.വൈ.II-ന്റെ അംഗീകൃത ടാർജറ്റിൽ 250 കിലോമീറ്ററാണ് ബാക്കിയുണ്ടായിരുന്നതെങ്കിലും സംസ്ഥാനം 277.288 കിലോമീറ്റർ ദൈർഘ്യം വരുന്ന 70 റോഡുകളുടെയും 4 പാലത്തിന്റെയും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. 2017 ആഗസ്റ്റ് മാസം 13, 14 തീയതികളിൽ കേന്ദ്ര സർക്കാരിന്റെ പ്രത്യേക സംഘം സംസ്ഥാനത്ത് പദ്ധതി പ്രദേശങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ട്. ഉടൻതന്നെ പ്രസ്തുത പദ്ധതികൾക്ക് അനുമതി ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) അറിയിപ്പ് ലഭിച്ചിട്ടില്ല.

**പി.എം.ജി.എസ്.വൈ. പ്രൊപ്പോസൽ**

223 (3172) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017 വർഷത്തിൽ പി.എം.ജി.എസ്.വൈ. (PMGSY)പദ്ധതി പ്രകാരം എത്ര കിലോമീറ്റർ റോഡിന്റെ പ്രൊപ്പോസൽ കേന്ദ്രത്തിന് അയച്ചെന്ന് വ്യക്തമാക്കാമോ;

(ബി) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ എത്ര റോഡുകൾ പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിരുന്നുവെന്നും അതിൽ എത്ര റോഡുകൾ അനുവദിച്ചുവെന്നും വിശദമാക്കാമോ;

(സി) 2017-2018 വർഷത്തേക്കുള്ള പ്രൊപ്പോസൽ അയച്ചിട്ടുണ്ടോ; അയച്ച റോഡുകളുടെ വിശദമായ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) 2016-17 വർഷത്തിൽ പി.എം.ജി.എസ്.വൈ.-II പ്രകാരം 319.948 കിലോമീറ്റർ ദൈർഘ്യവും 274.20 കോടി രൂപ അടങ്കൽ തുകയും വരുന്ന 84 റോഡുകളുടെ പ്രോജക്ട് കേന്ദ്ര സർക്കാരിൽ സമർപ്പിച്ച് അംഗീകാരം നേടിയിട്ടുണ്ട്.

(ബി) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ റോഡുകൾ ഉൾപ്പെട്ടിരുന്നില്ല.

(സി) പി.എം.ജി.എസ്.വൈ.-II പ്രകാരം 2017-18 വർഷത്തേയ്ക്ക് 277.288 കിലോമീറ്റർ ദൈർഘ്യം വരുന്ന 70 റോഡുകളുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. റോഡുകളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ഔഷധ സസ്യങ്ങൾക്ക് സംരക്ഷണം**

224 (T*3173) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമൂല്യങ്ങളായ ഔഷധ സസ്യങ്ങൾ നശിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതി കാരണമാകുന്നുണ്ടോ;

(ബി) അടിക്കാടുകൾ വെട്ടിക്കളയുന്നതോടെ നാടിന്റെ സസ്യസമ്പത്ത് നഷ്ടപ്പെടാൻ സാധ്യതയുള്ളതായി കരുതുന്നുണ്ടോ;

(സി) എങ്കിൽ പദ്ധതി അനുസരിച്ചുള്ള എല്ലാ പ്രവൃത്തികളും പരിസ്ഥിതി പുനരുജ്ജീവനത്തിന് ഉതകുന്നതായിരിക്കണമെന്ന നിർദ്ദേശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയോ ;

(ഡി) പദ്ധതി പ്രകാരം ജോലി ചെയ്യുന്നവർക്ക് ഔഷധസസ്യങ്ങളെ തിരിച്ചറിയുന്നതിനുള്ള പരിശീലനം നൽകി അവയെ സംരക്ഷിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) അടിക്കാട് വെട്ടിക്കളയുന്ന പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുക്കുന്നത് സംസ്ഥാന തൊഴിലുറപ്പ് മിഷന്റെ പ്രത്യേക സർക്കുലറിലൂടെ വിലക്കിയിട്ടുണ്ട്.

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ 2017-18 സാമ്പത്തിക വർഷം ഏറ്റെടുക്കേണ്ട പ്രവൃത്തികളുടെ 60 ശതമാനമെങ്കിലും പ്രകൃതി വിഭവ പരിപാലനത്തിലൂടെ കൃഷിയുടെ അഭിവൃദ്ധിക്ക് ഉതകുന്ന പ്രവൃത്തികൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ആയിരിക്കണമെന്ന് 2017-ലെ ആന്വൽ മാസ്റ്റർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം ഏറ്റെടുത്തിട്ടുള്ള 91.26 ശതമാനം പ്രവൃത്തികളും നടപ്പു സാമ്പത്തിക വർഷത്തിൽ ഏറ്റെടുത്തിട്ടുള്ള 87.2 ശതമാനം പ്രവൃത്തികളും ഇത്തരത്തിലുള്ള പ്രവൃത്തികളാണ്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**ലൈഫ് മിഷൻ**

225 (3174) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ആവാസ് യോജന പ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്നും എത്ര ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുവെന്നുമുള്ള വിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) ചിറ്റൂർ താലൂക്കിൽ വിതരണം ചെയ്യേണ്ടതായുള്ള ദ്വിഭാഷാ (തമിഴ്, മലയാളം) റേഷൻ കാർഡുകളുടെ അച്ചടിയും വിതരണവും വൈകുന്നതുകൊണ്ട് ടി താലൂക്കിലെ മുൻഗണന പട്ടിക പ്രകാരമുള്ള റേഷൻ കാർഡുകൾ വിതരണം ചെയ്തിട്ടില്ലാത്തതിനാൽ ലൈഫ് മിഷൻ പദ്ധതിയിലേക്ക് അപേക്ഷ നൽകാൻ ഗുണഭോക്തക്കൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ലൈഫ് മിഷൻ പദ്ധതിയിലേക്ക് അപേക്ഷ സ്വീകരിക്കുന്ന തീയതി നീട്ടി നല്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രധാൻമന്ത്രി ആവാസ് യോജന (നഗരം) പ്രകാരം സംസ്ഥാനത്ത് എല്ലാ നഗരസഭകളിലുമുള്ള ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

പ്രധാൻമന്ത്രി ആവാസ് യോജന പദ്ധതി (ഗ്രാമീൺ) എന്ന ഭവന നിർമ്മാണ പദ്ധതി പ്രകാരം 18-8-2017 വരെ 13206 ഗുണഭോക്താക്കൾക്ക് ഭവനങ്ങൾ അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | ആലപ്പുഴ | 685 |
| 2 | എറണാകുളം | 528 |
| 3 | ഇടുക്കി | 515 |
| 4 | കണ്ണൂർ | 583 |
| 5 | കാസർഗോഡ് | 499 |
| 6 | കൊല്ലം | 1109 |
| 7 | കോട്ടയം | 515 |
| 8 | കോഴിക്കോട് | 990 |
| 9 | മലപ്പുറം | 1712 |
| 10 | പാലക്കാട് | 1496 |
| 11 | പത്തനംതിട്ട | 498 |
| 12 | തിരുവനന്തപുരം | 2221 |
| 13 | തൃശ്ശൂർ | 1077 |
| 14 | വയനാട് | 778 |
| ആകെ | | 13206 |

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ലൈഫ് മിഷൻ പദ്ധതിയിലെ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ചതിലെ ആക്ഷേപങ്ങൾ/അപ്പീലുകൾ സ്വീകരിക്കുന്നതിനുള്ള സമയക്രമം നീട്ടിനൽകിയിട്ടുണ്ട്.

**ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

226 (3175) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം കോതമംഗലം മണ്ഡലത്തിൽ 2016-17 വർഷത്തിൽ എത്ര തൊഴിൽ ദിനങ്ങൾ നല്കി എന്ന് പഞ്ചായത്തുകൾ തിരിച്ച് വ്യക്തമാക്കുമോ;

(സി) ആയതു സംബന്ധിച്ച് പ്രതിഫല കുടിശ്ശിക നിലവിൽ ഉണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പരിഷ്കരിച്ച തൊഴിലുറപ്പ് നിയമപ്രകാരം പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതുപ്രവൃത്തികൾ, സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ (ഖണ്ഡിക 5-ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് മാത്രം), ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയംസഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ, ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ എന്നീ പ്രവൃത്തികൾക്കാണ് മുൻതൂക്കം നൽകിയിട്ടുള്ളത്.

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷം കോതമംഗലം മണ്ഡലത്തിൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങളുടെ എണ്ണം ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ ചുവടെ ചേർത്തിട്ടുണ്ട് :

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | തൊഴിൽ ദിനങ്ങൾ |
|---|---|---|
| 1 | കവളങ്ങാട് | 41953 |
| 2 | കീരംപാറ | 22606 |
| 3 | കോട്ടപ്പടി | 45656 |
| 4 | കുട്ടംപുഴ | 87047 |
| 5 | നെല്ലിക്കുഴി | 56556 |
| 6 | പല്ലാരിമംഗലം | 19587 |
| 7 | പിണ്ടിമന | 33207 |
| 8 | വാരപ്പെട്ടി | 26389 |

(സി) കോതമംഗലം മണ്ഡലത്തിൽ അവിദഗ്ദ്ധ തൊഴിലാളികൾക്ക് തൊഴിൽ ചെയ്ത ഇനത്തിൽ പ്രതിഫല കുടിശ്ശിക നിലവിലില്ല. നാഷണൽ ഇ-എഫ്.എം.എസ്. (NeFMS) എന്ന സംവിധാനത്തിലൂടെ കൂലിയിനത്തിൽ നാളിതുവരെയുള്ള മുഴുവൻ തുകയും വിതരണം ചെയ്തിട്ടുണ്ട്.

**ലക്ഷംവീടുകളുടെ നവീകരണം**

227 (T* 3176) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലക്ഷംവീടുകളുടെ നവീകരണത്തിനായി നിലവിലുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) കാലപ്പഴക്കംചെന്ന ഇരട്ടവീടുകൾ നവീകരിച്ച് ഒറ്റവീടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ലക്ഷംവീടുകളുടെ നവീകരണത്തിനായി മാത്രം നിലവിൽ പദ്ധതികളൊന്നുമില്ല.

(ബി) നിലവിൽ എല്ലാ ഭവന പദ്ധതികളും ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**തെരുവ് നായ്ക്കളുടെ സംരക്ഷണം**

228 (3177) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവ് നായ്ക്കളുടെ സംരക്ഷണത്തിനായി സംസ്ഥാന സർക്കാർ എന്ത് നിർദ്ദേശമാണ് സുപ്രീംകോടതി മുൻപാകെ സമർപ്പിച്ചിട്ടുള്ളത്;

(ബി) ഈ വിഷയത്തിൽ സുപ്രീംകോടതി എന്താണ് സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളത്; ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) തെരുവ് നായ്ക്കളുടെ സംരക്ഷണത്തിനായി ജില്ലാ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ 'ഡോഗ് സൂ' സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് സുപ്രീംകോടതിയിൽ നിലവിലുള്ള SLP(C) 691/2009 കേസ് 10-7-2009-ന് വാദത്തിന് വന്നപ്പോൾ സർക്കാർ നൽകിയ സത്യവാങ്മൂലത്തിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

(ബി) ഈ വിഷയത്തിൽ ഒരു സത്യവാങ്മൂലം സമർപ്പിക്കാൻ 3-3-2017-ലെ ഉത്തരവിൽ സുപ്രീംകോടതി നിർദ്ദേശിച്ചിരുന്നു. ആയതനുസരിച്ചുള്ള സത്യവാങ്മൂലം സർക്കാർ സമർപ്പിച്ചിട്ടുണ്ട്.

---

* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

**ദാരിദ്ര്യ ലഘൂകരണ യൂണിറ്റിലെ ജീവനക്കാർക്ക് ശമ്പളം**

229 (3178) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ദാരിദ്ര്യ ലഘൂകരണ യൂണിറ്റിലെ ജീവനക്കാർക്ക് യഥാസമയം ശമ്പളവും മറ്റ് അലവൻസുകളും ലഭിക്കാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2017-18 സാമ്പത്തിക വർഷത്തെ കേന്ദ്ര വിഹിതമായി 311.76 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന് ആനുപാതിക സംസ്ഥാന വിഹിതമായ 207.84 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

230 (3179) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഒരു കുടുംബത്തിന് അനുവദിക്കുന്ന പരമാവധി തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ടോ; ഇപ്പോൾ അനുവദിക്കുന്ന പരമാവധി തൊഴിൽ ദിനങ്ങൾ എത്രയാണ്; വിശദാംശം നൽകുമോ?

ഉത്തരം

2016 ഒക്ടോബർ മാസത്തിൽ കേരളത്തിലെ 14 ജില്ലകളെയും വരൾച്ച ബാധിതമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാനത്ത് ജോലി ചെയ്യുന്ന ഓരോ കുടുംബത്തിനും നിയമപ്രകാരം അനുവദിച്ചിട്ടുള്ള നൂറ് തൊഴിൽ ദിനങ്ങൾക്കു പുറമെ അൻപത് അധിക തൊഴിൽ ദിനങ്ങൾകൂടി അനുവദിച്ച് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം ഉത്തരവായിട്ടുണ്ട്. ആയതിനാൽ 2017-18 സാമ്പത്തിക വർഷം ഓരോ കുടുംബത്തിനും അവർ ആവശ്യപ്പെടുന്നതിന് അനുസൃതമായി പരമാവധി 150 തൊഴിൽ ദിനങ്ങൾ അനുവദിക്കുന്നുണ്ട്.

## വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-II ജീവനക്കാരുടെ ജോലിഭാരം

231 (3180) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പുമായി ബന്ധപ്പെട്ട് കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്ര ധനസഹായം ഈ സാമ്പത്തിക വർഷം വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) ഗ്രാമവികസന വകുപ്പിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-II ജീവനക്കാരുടെ ജോലി ഭാരം വർദ്ധിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കൂടുതൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-II തസ്തികകൾ സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത തസ്തികയിൽ തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള ഒഴിവുകൾ യഥാസമയം പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണുള്ളത്; ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകുമോ;

(ഇ) പഞ്ചായത്തുകൾ മുനിസിപ്പാലിറ്റിയോടും മുനിസിപ്പാലിറ്റികൾ കോർപ്പറേഷനോടും കൂട്ടിച്ചേർത്ത പ്രദേശങ്ങളിലും ജനസംഖ്യ കൂടുതൽ ഉള്ള പഞ്ചായത്തുകൾ, ബ്ലോക്കുകൾ എന്നിവിടങ്ങളിലും ജനസംഖ്യാനുപാതികമായി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) മറ്റ് ജില്ലകളിൽനിന്നും തിരുവനന്തപുരം ജില്ലയിൽ ഡെപ്യൂട്ടേഷൻ/ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്കു പകരം പ്രസ്തുത തസ്തികകളിൽ നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമനം നടത്താൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) ഇല്ല. ഒഴിവുകളില്ല.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

(എഫ്) നിലവിൽ വ്യവസ്ഥയില്ല.

## പി.എം.ജി.എസ്.വൈ. (PMGSY) റോഡുകൾ

232 (3181) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവമ്പാടി മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പ്രകാരം അനുമതി ലഭിച്ച റോഡുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) തിരുവമ്പാടി മണ്ഡലത്തിൽ പുതുതായി നിർദ്ദേശിക്കപ്പെട്ട പി.എം.ജി.എസ്. വൈ. റോഡുകളുടെ പട്ടിക ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളുടെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിൽ ഒരു റോഡിനും അനുമതി ലഭ്യമായിട്ടില്ല.

(ബി) കൊടുവള്ളി ബ്ലോക്കിൽ കോടഞ്ചേരി ഗ്രാമപഞ്ചായത്തിൽ പി.എം.ജി.എസ്.വൈ.-II ബാച്ച് രണ്ടിൽ ഉൾപ്പെട്ട കെ.ആർ. 08-65, പള്ളിപ്പടി-തോട്ടുമൂഴി റോഡിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സ്റ്റേറ്റ് ടെക്നിക്കൽ ഏജൻസിയുടെ അംഗീകാരത്തോടെ കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാരിൽ സമർപ്പിച്ച 70 റോഡുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകളുടെ പരിശോധന അന്തിമ ഘട്ടത്തിലാണ്. 2017 ആഗസ്റ്റ് മാസം 13, 14 തീയതികളിൽ കേന്ദ്രസർക്കാരിന്റെ പ്രത്യേക സംഘം പരിശോധന നടത്തിയിട്ടുണ്ട്. ഉടൻതന്നെ പ്രസ്തുത പദ്ധതികൾക്ക് അനുമതി ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

## ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം

233 (3182) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എം. നൗഷാദ് :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി എല്ലാ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെയും പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) സാങ്കേതികാനുമതി ആവശ്യമായ പദ്ധതികൾക്ക് ആയത് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) സാമ്പത്തിക വർഷത്തിലെ ആദ്യ നാലുമാസത്തെ പദ്ധതി ചെലവ് എത്രയാണെന്നും ഇത് വാർഷിക പദ്ധതിയുടെ എത്ര ശതമാനമാണെന്നും വ്യക്തമാക്കാമോ;

(ഡി) 2017-18 വാർഷിക പദ്ധതിയിൽ നൂറ് ശതമാനം തുകയും ഫലപ്രദമായി വിനിയോഗിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പദ്ധതി ആസൂത്രണ നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയിട്ടില്ല. മറ്റെല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ബി) പ്രോജക്ട് തയ്യാറാക്കിയ നിർവ്വഹണ ഉദ്യോഗസ്ഥരുടെ മേലുദ്യോഗസ്ഥരോ അല്ലെങ്കിൽ ആ മേലുദ്യോഗസ്ഥരുടെ ജില്ലാതല/സംസ്ഥാനതല ഉദ്യോഗസ്ഥർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥരോ ആണ് പ്രോജക്ട് പരിശോധിച്ച് സാങ്കേതികാനുമതി നൽകുന്നത്. സമയബന്ധിതമായി സാങ്കേതികാനുമതി നൽകുന്നുവെന്ന് ഉറപ്പാക്കുന്നതിന് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും മോണിട്ടറിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എഞ്ചിനീയർമാർ ഇല്ലാത്തയിടങ്ങളിൽ പകരം ചുമതല നൽകിയിട്ടുണ്ട്.

(സി) 668.90 കോടി; 10.85%.

(ഡി) 2017-18 വാർഷിക പദ്ധതി തുക നൂറ് ശതമാനം വിനിയോഗിക്കുന്നതിന്റെ ഭാഗമായി വാർഷിക പദ്ധതി അംഗീകാര നടപടികൾ ലഘൂകരിക്കുകയും നിർവ്വഹണത്തിന് കൂടുതൽ സമയം ലഭ്യമാക്കുകയും ചെയ്തു. സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ തന്നെ നിർവ്വഹണം ആരംഭിക്കുന്നതിനും ഓരോ ത്രൈമാസവും 25 ശതമാനം തുക ചെലവഴിക്കണമെന്ന നിബന്ധനയോടൊപ്പം സ്പിൽ ഓവർ പ്രോജക്ടുകൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിനുള്ള പദ്ധതി നിർവ്വഹണ കലണ്ടർ തയ്യാറാക്കുകയും ഇതിന്മേൽ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

**കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടങ്ങൾ**

234 (3183) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് പിഴചുമത്തി ക്രമവൽക്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ആയത് സംബന്ധിച്ച ശിപാർശ സമർപ്പിക്കുന്നതിനായി സമിതിയെ നിയോഗിച്ചിരുന്നോ; പ്രസ്തുത സമിതി നൽകിയ ശിപാർശകൾ എന്തൊക്കെയാണ്;

(സി) ക്രമവിരുദ്ധമായി കെട്ടിയ വൻകിട നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നത് ഭാവിയിലുണ്ടാകുന്ന റോഡ് വികസനം ഉൾപ്പെടെയുള്ള വിഷയങ്ങളെ ദോഷകരമായി ബാധിക്കുകയില്ലെന്ന് എപ്രകാരമാണ് ഉറപ്പ് വരുത്തുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടങ്ങൾ നിബന്ധനകൾക്ക് വിധേയമായി സുരക്ഷാ കാര്യങ്ങളിൽ വിട്ടുവീഴ്ചയില്ലാതെ പിഴ ചുമത്തി ക്രമവൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) 24-3-2017-ലെ സ.ഉ.(സാധാ.) നമ്പർ 859/17/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം സമിതിയെ നിയോഗിച്ചിട്ടുണ്ട്. സമിതി തയ്യാറാക്കി നൽകിയ കരട് ചട്ടങ്ങൾ പരിശോധിച്ചുവരികയാണ്.

(സി) ഇക്കാര്യം ഉൾപ്പെടെ ക്രമവൽക്കരണവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ പരിശോധിച്ചുവരികയാണ്.

**കേന്ദ്ര മദ്രസ നവീകരണ ഫണ്ട്**

235 (3184) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര മദ്രസ നവീകരണ ഫണ്ട് സംസ്ഥാനങ്ങൾക്ക് എങ്ങനെയാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് മദ്രസ നവീകരണത്തിന് കേന്ദ്രത്തിൽ നിന്ന് എത്ര ഫണ്ട് ലഭിച്ചിരുന്നുവെന്നും അത് എങ്ങനെ, എവിടെയൊക്കെ ചെലവഴിച്ചുവെന്നും വർഷവും ജില്ലയും തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മദ്രസ നവീകരണത്തിന് കേന്ദ്രത്തിൽനിന്ന് എത്ര ഫണ്ട് ലഭിച്ചുവെന്നും അത് എങ്ങനെ, എവിടെയൊക്കെ ചെലവഴിച്ചുവെന്നും ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ഡി) കേരളത്തിനുള്ള മദ്രസ നവീകരണ ഫണ്ട് കേന്ദ്രം പൂർണ്ണമായി നിർത്തലാക്കിയെന്ന വാർത്ത ശരിയാണോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേന്ദ്രസർക്കാരിന്റെ നോട്ടിഫിക്കേഷൻ അനുസരിച്ച് അർഹതപ്പെട്ട മദ്രസകളിൽനിന്നും അപേക്ഷകൾ ക്ഷണിച്ച് സർക്കാരിന്റെ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിച്ചതിനുശേഷം ലിസ്റ്റ് തയ്യാറാക്കി സർക്കാരിന്റെ അംഗീകാരത്തോടെ അപേക്ഷകൾ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നു. പിന്നീട് ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് അർഹതപ്പെട്ട മദ്രസകൾക്ക് വിതരണം ചെയ്യുന്നു.

(ബി) 2010-2011 വർഷത്തിൽ കേന്ദ്ര ഗവൺമെന്റ് 22.38 കോടി രൂപയും 2013-14 വർഷത്തിൽ 70.97 കോടി രൂപയും അനുവദിച്ചു. ചെലവായത് 58.38 കോടി രൂപ. വിശദമായ കണക്കുകൾ ഇതോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(സി & ഡി) 2013-14-നുശേഷം മദ്രസ നവീകരണ ഫണ്ട് അനുവദിച്ചിട്ടില്ല. സി. & എ.ജി. നടത്തിയ ഓഡിറ്റ് അനുസരിച്ച് കേരളത്തിലെ മദ്രസകൾ പാർട്ട്ടൈം ആയാണ് പ്രവർത്തിക്കുന്നതെന്ന് കണ്ടെത്തിയതിനാലാണ്.

## അൻപത് ശതമാനത്തിലധികം ന്യൂനപക്ഷ സമുദായ വിദ്യാർത്ഥികളുള്ള വിദ്യാലയങ്ങൾ

236 (3185) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അൻപത് ശതമാനത്തിലധികം ന്യൂനപക്ഷ സമുദായ വിദ്യാർത്ഥികൾ പഠനം നടത്തുന്ന വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നിലവിൽ പദ്ധതികളുണ്ടോ; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

ഇരുപത്തിയഞ്ച് ശതമാനത്തിലധികം ന്യൂനപക്ഷ സമുദായ വിദ്യാർത്ഥികൾ പഠനം നടത്തുന്ന വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സഹായത്തോടെയുള്ള പദ്ധതിയായ ബഹുമുഖ വികസന പദ്ധതി (എം.എസ്.ഡി.പി.) ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന വയനാട് ജില്ലയിലെ കൽപ്പറ്റ, മാനന്തവാടി, പനമരം, സുൽത്താൻബത്തേരി എന്നീ ബ്ലോക്കുകളിലെ സ്കൂളുകളിലും മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണിലെ സ്കൂളുകളിലും നടപ്പിലാക്കിവരുന്നുണ്ട്.

**ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പ്രവർത്തനം**

237 (3186) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമവകുപ്പ് വിധവകൾക്കായി നൽകുന്ന ഭവന ധനസഹായത്തിനുള്ള മാനദണ്ഡങ്ങളിൽ ഈ സർക്കാർ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) ഭവന ധനസഹായത്തിനുള്ള ഗുണഭോക്താവിനെ തെരഞ്ഞെടുക്കുന്നതിനുള്ള ഇന്റർവ്യൂ മാർക്ക് ആകെ മാർക്കിന്റെ 20% ആയി വർദ്ധിപ്പിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ ന്യൂനപക്ഷ ക്ഷേമവകുപ്പിന് അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് വിശദമാക്കാമോ;

(ഡി) നടപ്പുസാമ്പത്തിക വർഷം ന്യൂനപക്ഷ ക്ഷേമവകുപ്പ് നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇമ്പിച്ചി ബാവ ഭവനനിർമ്മാണ പദ്ധതിയിൽ നിലവിലുള്ള മാനദണ്ഡങ്ങൾക്ക് പുറമെ സെലക്ഷൻ കമ്മിറ്റി ചെയർമാൻ നടത്തുന്ന അഭിമുഖം/പരിശോധനയ്ക്ക് 20 മാർക്കുകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ വകുപ്പിന് അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ ചുവടെ ചേർക്കുന്നു:

| വർഷം | ബജറ്റിൽ വകയിരുത്തിയ തുക | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 2012-13 | 8449.97 | 8449.97 | 211.37 |
| 2013-14 | 10300 | 4817.51 | 4814.95 |
| 2014-15 | 13000 | 2563.95 | 2547.93 |
| 2015-16 | 9200 | 9200 | 8829.13 |
| 2016-17 | 10733.74 | 10733.74 | 9459.14 |

(ഡി) നടപ്പുസാമ്പത്തിക വർഷം വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ താഴെ പറയുന്നവയാണ് :

1. സി.എ./ഐ.സി.ഡബ്ല്യൂ.എ./സി.എസ്. എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്.

2. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ റീ-ഇംബേഴ്സ് ചെയ്തു നൽകുന്ന പദ്ധതി.

3. വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചിബാവ ഭവന നിർമ്മാണ പദ്ധതി/ഭവന പുനരുദ്ധാരണ പദ്ധതി.

4. ഹൈസ്കൂൾ, ഹയർ സെക്കന്ററി ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള രണ്ട് ദിവസത്തെ സൗജന്യ കരിയർ ഗൈഡൻസ് പരിശീലനം.

5. സ്വകാര്യ ഐ.ടി.ഐ./ഐ.ടി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ. വിദ്യാർത്ഥികൾക്ക് ഫീ റീ-ഇംബേഴ്സ്മെന്റ് സ്കീം.

6. എസ്.എസ്.എൽ.സി./പ്ലസ്ടു/വി.എച്ച്.എസ്.ഇ./ബിരുദ/ബിരുദാനന്തര ബിരുദ തലങ്ങളിൽ ഉന്നത വിജയം നേടിയ ന്യൂനപക്ഷ മത വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്.

7. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി.

8. ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും A+ നേടുന്ന വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്.

9. സി.എച്ച്. മുഹമ്മദ് കോയ ഗേൾസ് സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപ്പന്റ്.

10. മദ്രസാദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി.

11. മദ്രസാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായ മദ്രസാദ്ധ്യാപകർക്ക് സ്വന്തം വിവാഹത്തിനും പെൺമക്കളുടെ വിവാഹത്തിനും വിവാഹ ധനസഹായ പദ്ധതി.

12. എസ്.എസ്.എൽ.സി./പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ നേടുന്ന മദ്രസാദ്ധ്യാപകരുടെ മക്കൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി.

13. വയനാട് ജില്ലയിലെ നാല് ബ്ലോക്കുകൾ, മലപ്പുറം ജില്ലയിലെ പൊന്നാനി ടൗൺ എന്നിവിടങ്ങളിൽ കേന്ദ്രസർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന ബഹുമുഖ വികസന പദ്ധതി (MSDP).

## ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾക്ക് വീട്

238 (3187) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾക്ക് വീട് നിർമ്മിക്കുന്നതിനായി 2.50 ലക്ഷം രൂപ നൽകുന്ന പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തൊട്ടാകെ എത്ര അപേക്ഷകളാണ് ഇത്തരത്തിൽ ലഭിച്ചിട്ടുള്ളതെന്ന ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ഇവരിൽ അർഹരായവർ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; അതിന്റെ കണക്ക് പ്രസിദ്ധീകരിക്കാമോ;

(സി) ഇവർക്ക് വീട് നിർമ്മിച്ച് നൽകാൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ സർക്കാർ പൊതുമേഖലാ സ്ഥാപനമായ ഹൗസിങ് ബോർഡിന് ഇതിന്റെ ചുമതല നൽകാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഇമ്പിച്ചി ബാവ ഭവന നിർമ്മാണ പദ്ധതിയിൽ ഈ വർഷത്തെ അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 31-8-2017 ആണ്. അപേക്ഷകൾ മുഴുവൻ സ്വീകരിച്ചുകഴിഞ്ഞാൽ മാത്രമേ കണക്കുകൾ ലഭ്യമാകുകയുള്ളൂ.

(സി) ഇല്ല. പരിഗണനയിലില്ല.

## ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കായി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ

239 (3188) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കായി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ആയതിലേക്കായി ഏതെല്ലാം ജില്ലകളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്;

(സി) പ്രസ്തുത കേന്ദ്രത്തിൽ ഏതെല്ലാം മാനദണ്ഡം പ്രകാരമാണ് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ പരിശീലനം നൽകുന്നത് സംബന്ധിച്ച പ്രൊപ്പോസലുകൾ ഒന്നും നിലവിലില്ല. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. പരീക്ഷയ്ക്ക് സൗജന്യ പരിശീലനം നൽകുന്നതിനായി സംസ്ഥാനത്ത് 16 കേന്ദ്രങ്ങളും 20 ഉപകേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു.

## അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

240 (3189) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കെ. ആൻസലൻ :
ശ്രീ. പി. ഉണ്ണി :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2017-18 വർഷം എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം ജോലികളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി നിലവിൽ ഏതെല്ലാം നഗരങ്ങളിൽ ആരംഭിച്ചിട്ടുണ്ടെന്നും പദ്ധതി പ്രകാരം തൊഴിലാളികളുടെ പ്രതിദിന വേതനം എത്ര രൂപയാണെന്നും അറിയിക്കാമോ;

(ഡി) നഗരവാസികളായ ജനങ്ങൾക്ക് കൂടുതൽ പ്രയോജനകരമാകും വിധം പ്രസ്തുത പദ്ധതി വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

ഉത്തരം

(എ) 25,10,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ ഏറ്റെടുത്ത് നടത്താവുന്ന പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ പറയുന്നു:

1. ജലസംരക്ഷണവും ജല കൊയ്ത്തും.

2. വരൾച്ച തടയൽ (വൃക്ഷങ്ങൾ നടീൽ, വനവത്കരണ പ്രവർത്തനങ്ങൾ.)

3. മൈക്രോ ഇറിഗേഷൻ പ്രവൃത്തികൾ.

4. എസ്.സി./എസ്.ടി./കേന്ദ്രാവിഷ്കൃത പദ്ധതികൾ/ബി.പി.എൽ. കുടുംബങ്ങളുടെ ഭൂമിയിൽ ജലസേചന സൗകര്യമൊരുക്കൽ.

5. കുളങ്ങൾ വൃത്തിയാക്കൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനർനിർമ്മാണം

6. ഭൂവികസനം

7. വെള്ളക്കെട്ട് പ്രദേശങ്ങളിൽ അഴുക്കുചാൽ നിർമ്മിക്കുന്നതുൾപ്പെടെയുള്ള വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങളും കുളസംരക്ഷണ പ്രവർത്തനങ്ങളും.

8. BSUP/IHSDP/KSUDP/SJSRY/RAY പദ്ധതികളുടെ ഭാഗമായി ഏറ്റെടുക്കുന്ന ചേരി/ക്ലസ്റ്റർ വികസന പദ്ധതികളുടെ അനുരൂപക പ്രവർത്തനങ്ങളും ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന ഭവനങ്ങളുടെ വാനം വെട്ടുന്നതിനും അടിസ്ഥാനം നിർമ്മിക്കുന്നതിനുമുള്ള പ്രവൃത്തികളും

9. കോളനി നവീകരണ പ്രവൃത്തികൾ

10. സ്വകാര്യ വ്യക്തിയുടെ ഭൂമിയിൽ ഉൾപ്പെട്ട സോക്പിറ്റ്, മഴക്കുഴി നിർമ്മാണം.

11. കിണർ റീചാർജ്ജിംഗ്

12. ക്ഷീര കർഷകർക്ക് തൊഴുത്ത് നിർമ്മിക്കുന്നതിനുവേണ്ടി അടിസ്ഥാന സൗകര്യമൊരുക്കൽ

13. മൂന്ന് മീറ്റർ വീതിയുള്ള നഗരസഭയുടെ ഉടമസ്ഥതയിലുള്ള റോഡുകൾ ഇന്റർലോക്ക് ചെയ്യുന്നതിന് അടിസ്ഥാന സൗകര്യമൊരുക്കൽ.

14. PMAY/ഹരിതകേരളം പദ്ധതിയുമായി ബന്ധപ്പെടുത്തി ഏറ്റെടുത്ത് നടത്താവുന്ന പ്രവൃത്തികൾ.

(സി) തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ കോർപ്പറേഷനുകളിലും നെയ്യാറ്റിൻകര, നെടുമങ്ങാട്, ആറ്റിങ്ങൽ, വർക്കല, സൗത്ത് പരവൂർ, കരുനാഗപ്പള്ളി, പുനലൂർ, കൊട്ടാരക്കര, പത്തനംതിട്ട, പന്തളം, തിരുവല്ല, അടൂർ, ആലപ്പുഴ, കായംകുളം, ചേർത്തല, മാവേലിക്കര, ചെങ്ങന്നൂർ, കോട്ടയം, ഏറ്റുമാനൂർ, ഈരാറ്റുപേട്ട, ചങ്ങനാശ്ശേരി, വൈക്കം, പാല, തൊടുപുഴ, ആലുവ, പെരുമ്പാവൂർ, നോർത്ത് പറവൂർ, പിറവം, കൂത്താട്ടുകുളം, മൂവാറ്റുപുഴ, തൃപ്പൂണിത്തുറ, അങ്കമാലി, കോതമംഗലം, കളമശ്ശേരി, തൃക്കാക്കര, ഏലൂർ, മരട്, കുന്നംകുളം, ഇരിങ്ങാലക്കുട, ചാലക്കുടി, കൊടുങ്ങല്ലൂർ, ചാവക്കാട്, ഗുരുവായൂർ, വടക്കാഞ്ചേരി, പാലക്കാട്, ചിറ്റൂർ-തത്തമംഗലം, ഷൊർണ്ണൂർ, ഒറ്റപ്പാലം, പട്ടാമ്പി, ചെർപ്പുളശ്ശേരി, മലപ്പുറം, താനൂർ, പരപ്പനങ്ങാടി, കൊണ്ടോട്ടി, തിരൂർ, മഞ്ചേരി, പൊന്നാനി, പെരിന്തൽമണ്ണ, നിലമ്പൂർ, കോട്ടക്കൽ, കൊയിലാണ്ടി, പയ്യോളി, കൊടുവള്ളി, മുക്കം, ഫറോക്ക്, വടകര, കൽപ്പറ്റ, മാനന്തവാടി, സുൽത്താൻബത്തേരി, തലശ്ശേരി, പയ്യന്നൂർ, കൂത്തുപറമ്പ്, തളിപ്പറമ്പ്, കാഞ്ഞങ്ങാട്, കാസർഗോഡ്, നീലേശ്വരം എന്നീ മുനിസിപ്പാലിറ്റികളിലും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ ജോലി നോക്കുന്ന തൊഴിലാളികൾക്ക് 258 രൂപ പ്രതിദിനം വേതനം നൽകിവരുന്നു.

(ഡി) ഹരിതകേരളം പദ്ധതി, സമ്പൂർണ്ണ ഭവന പദ്ധതി, ആരോഗ്യ മേഖലയിൽ ആർദ്രം പദ്ധതി, പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനുള്ള പദ്ധതി എന്നിവയിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നഗരസഭയിൽ ശുചിത്വ പദ്ധതി രൂപീകരിക്കുന്ന വേളയിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിന് നഗരസഭകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ചെർക്കളയിലെ ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രം

241(3190) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നിയോജകമണ്ഡലത്തിലെ ചെർക്കളയിൽ പ്രവർത്തിക്കുന്ന ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രം ആരംഭിച്ചത് എന്നാണ് ; ഈ പരിശീലന കേന്ദ്രത്തിൽ ഏതെല്ലാം കോഴ്സുകളാണുള്ളതെന്നും എത്ര വർഷം ദൈർഘ്യമുള്ളതാണെന്നും വ്യക്തമാക്കുമോ;

(ബി) ഈ പരിശീലന കേന്ദ്രത്തിൽ പ്രവേശനം ലഭിക്കാനുള്ള യോഗ്യതകളും മാനദണ്ഡങ്ങളും എന്താണ്; ഈ പരിശീലന കേന്ദ്രത്തിൽനിന്ന് ഇതുവരെ എത്ര കുട്ടികൾ പഠനം പൂർത്തിയാക്കി; അവർക്ക് അർഹിക്കുന്ന ജോലികൾ കിട്ടിയിട്ടുണ്ടോ; ഇപ്പോൾ പ്രസ്തുത കേന്ദ്രത്തിലെ വിദ്യാർത്ഥികളുടെയും സ്റ്റാഫിന്റെയും എണ്ണം വ്യക്തമാക്കാമോ;

(സി) ഈ പരിശീലന കേന്ദ്രത്തിലേക്കുള്ള റോഡ്, റെയിൽ ഗതാഗത സൗകര്യത്തെക്കുറിച്ച് വ്യക്തമാക്കാമോ; ഈ പരിശീലന കേന്ദ്രം ടൗണിലാണോ നിലകൊള്ളുന്നതെന്നും ജില്ലാ ആസ്ഥാനത്തുനിന്നും സിവിൽ സ്റ്റേഷൻ, പഞ്ചായത്ത് ഓഫീസുകളിൽനിന്നും എത്ര കിലോമീറ്റർ ദൂരത്താണെന്നും വ്യക്തമാക്കാമോ;

(ഡി) കാസർഗോഡ് ജില്ലയിൽ ഇതല്ലാതെ മറ്റേതെങ്കിലും പ്രദേശത്ത് ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രം പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ; ചെർക്കളയിൽനിന്ന് ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രം മാറ്റാൻ ആലോചനയോ തീരുമാനമോ ഉണ്ടോ; വ്യക്തമാക്കാമോ;

(ഇ) എങ്കിൽ ഇത്തരത്തിലൊരു ആലോചനയോ തീരുമാനമോ ഉണ്ടാകാൻ കാരണമെന്താണെന്ന് വ്യക്തമാക്കാമോ; ചെർക്കള ന്യൂനപക്ഷ പ്രദേശമല്ലാത്തതോ, ന്യൂനപക്ഷ യുവജനങ്ങൾക്കു പ്രസ്തുത പരിശീലന കേന്ദ്രം ഗുണകരമല്ലാത്തതോ, യാത്രാ സൗകര്യമില്ലാത്ത സ്ഥലമായതോ കാരണമാണോ;

(എഫ്) ചെർക്കളയിലെ ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രം മറ്റേതെങ്കിലും പഞ്ചായത്തിലേക്കു മാറ്റുന്നതിന് ഏതെങ്കിലും ജനപ്രതിനിധിയോ സംഘടനയോ അപേക്ഷയോ നിവേദനമോ നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിവേദനത്തിന്റെ /അപേക്ഷയുടെ കോപ്പി ലഭ്യമാക്കാമോ;

(ജി) ഏത് പ്രദേശത്തേക്കാണോ മാറ്റാൻ ആവശ്യപ്പെട്ടിട്ടുള്ളത് ആ പ്രദേശം ഇപ്പോൾ ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രം പ്രവർത്തിക്കുന്ന ചെർക്കളയേക്കാൾ കൂടുതൽ ന്യൂനപക്ഷങ്ങൾ അധിവസിക്കുന്ന മേഖലയാണോ എന്നും ഇപ്പോഴത്തേതിനേക്കാൾ കൂടുതൽ റോഡ് - റെയിൽ ഗതാഗത സൗകര്യം ലഭ്യമാണോ എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2013-ലാണ് ചെർക്കളയിലെ പരിശീലനകേന്ദ്രം ആരംഭിച്ചത്. പി.എസ്.സി., യു.പി.എസ്.സി., സ്റ്റാഫ് സെലക്ഷൻ മുതലായ സ്ഥാപനങ്ങൾ നടത്തുന്ന മത്സരപരീക്ഷകൾക്കുള്ള പരിശീലനമാണ് നൽകിവരുന്നത്. ആറ് മാസമാണ് കോഴ്സ് കാലാവധി.

(ബി) എസ്.എസ്.എൽ.സി. യോഗ്യത നിശ്ചയിച്ചിട്ടുള്ള പരീക്ഷകൾക്ക് എസ്.എസ്.എൽ.സി.-യും ബിരുദം അടിസ്ഥാനമാക്കിയുള്ള പരീക്ഷകൾക്ക് ബിരുദവുമുള്ള ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്കാണ് പ്രവേശനം നൽകുന്നത്. 580 പേർ പഠനം പൂർത്തിയാക്കിയിട്ടുണ്ട്. നൂറിലധികം പേർ വിവിധ ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുണ്ട്. 12 പേർക്ക് പി.എസ്.സി. മുഖേന ജോലി ലഭിച്ചിട്ടുണ്ട്. ഇപ്പോൾ 100 വിദ്യാർത്ഥികളും പ്രിൻസിപ്പാൾ ഉൾപ്പെടെ നാല് അനദ്ധ്യാപകരും ഉണ്ട്.

(സി) ചെർക്കള ബസ് സ്റ്റാന്റിനടുത്താണ് നിലവിലുള്ള പരിശീലനകേന്ദ്രം പ്രവർത്തിക്കുന്നത്. പരിശീലനകേന്ദ്രത്തിൽനിന്നും സിവിൽ സ്റ്റേഷനിലേയ്ക്ക് ഏകദേശം 5 കിലോമീറ്റർ ദൂരവും പഞ്ചായത്ത് ഓഫീസിലേയ്ക്ക് ഒരു കിലോമീറ്റർ ദൂരവും റെയിൽവേസ്റ്റേഷനിലേയ്ക്ക് 11 കിലോമീറ്റർ ദൂരവുമുണ്ട്.

(ഡി) ഇല്ല. ചെർക്കളയിൽനിന്നും കിനാനൂരിലേയ്ക്ക് പരിശീലനകേന്ദ്രം മാറ്റാൻ തീരുമാനിച്ചിട്ടുണ്ട്.

(ഇ-ജി) കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്തിൽ ഒരു ന്യൂനപക്ഷ യുവജന പരിശീലനകേന്ദ്രം ആരംഭിക്കണമെന്ന കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ നിവേദനത്തിൽ നടപടികൾ സ്വീകരിക്കണമെന്ന് എം.പി. ശ്രീ. പി. കരുണാകരൻ ആവശ്യപ്പെട്ടിരുന്നു. സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കിനാനൂരിൽ സർക്കാർ കെട്ടിടം ലഭ്യമായതിനാലും ന്യൂനപക്ഷപ്രദേശമായതിനാലും റോഡ്-റെയിൽ യാത്രാ സൗകര്യങ്ങളുള്ളതിനാലും കാസർഗോഡ് ജില്ലയിലെ ചെർക്കളയിൽ പ്രവർത്തിക്കുന്ന പരിശീലനകേന്ദ്രം കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്തിലേയ്ക്ക് മാറ്റിസ്ഥാപിക്കുവാൻ തീരുമാനിച്ചു. (നിവേദനത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്.)*

**മാരിടൈം ബോർഡ് രൂപീകരണം**

242(3191) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖ വകുപ്പ് നിർത്തലാക്കി പകരം മാരി ടൈം ബോർഡ് രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ മാരി ടൈം ബോർഡ് നിലവിൽ വരുമ്പോൾ, തുറമുഖ വകുപ്പിൽ പി.എസ്.സി മുഖേന നിയമനം ലഭിച്ച ജീവനക്കാരുടെ പുനർവിന്യാസം സംബന്ധിച്ച് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഉത്തരം

(എ) തുറമുഖ വകുപ്പ് നിർത്തലാക്കി പകരം മാരിടൈം ബോർഡ് രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടില്ല. എന്നാൽ, കേരള സംസ്ഥാന മാരിടൈം വികസന കോർപ്പറേഷനും കേരള മാരിടൈം സൊസൈറ്റിയും നിർദ്ദിഷ്ട മാരിടൈം ബോർഡ് രൂപീകരിച്ചശേഷം ആ ബോർഡിന് കൈമാറുന്നതിനും അവയിലെ ജീവനക്കാരെ ബോർഡിന്റെ ജീവനക്കാരായി മാറ്റുന്നതിനും കൂടാതെ തുറമുഖ കാര്യാലയങ്ങളിലെ ജീവനക്കാരെ മാരിടൈം ബോർഡിലെ ജീവനക്കാരാക്കുന്നതിനും 2017-ലെ കേരള മാരിടൈം ബോർഡ് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നു.

(ബി) തുറമുഖ കാര്യാലയത്തിലെ ജീവനക്കാരെ ബോർഡിലേയ്ക്ക് മാറ്റം ചെയ്യുന്നത് സംബന്ധിച്ച് പ്രസ്തുത ബില്ലിലെ 17-ാം ഖണ്ഡത്തിൽ താഴെ പറയും പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

"ഈ ആക്ടിൽ മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമൊഴികെ, നിശ്ചയിക്കപ്പെട്ട ദിവസവും അന്നുമുതൽക്കും തുറമുഖ കാര്യാലയത്തിലെ ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും ബോർഡിന്റെ ഉദ്യോഗസ്ഥരും ജീവനക്കാരുമായി ത്തീരുന്നതും ബോർഡിലേയ്ക്ക് മാറ്റം ചെയ്യപ്പെട്ടില്ലായിരുന്നുവെങ്കിൽ അവർ ഉദ്യോഗം വഹിക്കുമായിരുന്ന അതേ കാലാവധിയും അതേ പ്രതിഫലത്തോടും അതേ സേവന വേതന വ്യവസ്ഥകളോടും അവർക്ക് അനുവദിക്കുമായിരുന്ന പെൻഷനും ഗ്രാറ്റുവിറ്റിക്കും മറ്റ് കാര്യങ്ങൾക്കും അതേ അവകാശവും അധികാരവും ഉണ്ടായിരിക്കുന്നതും ബോർഡിന്റെ കീഴിലുള്ള ജോലി യഥാവിധി അവസാനിക്കുന്നതുവരെയോ സേവന വേതന വ്യവസ്ഥകൾ യഥാവിധി ബോർഡ് റെഗുലേഷൻ മുഖേന മാറ്റം വരുത്തുന്നതുവരെയോ അപ്രകാരം തുടരേണ്ടതുമാണ്."

### ഹൗസ് ബോട്ടുകളുടെ രജിസ്ട്രേഷൻ

243 (3192) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേമ്പനാട്ടുകായലിൽ വിനോദസഞ്ചാരത്തിനായി ഹൗസ് ബോട്ടുകളിൽ എത്തുന്നവരുടെ സുരക്ഷയും മറ്റു സൗകര്യങ്ങളും ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ട് എന്ന് വിശദീകരിക്കാമോ;

(ബി) 1-1-2017-ലെ കണക്ക് പ്രകാരം വേമ്പനാട്ടുകായലിൽ എത്ര ഹൗസ് ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) രജിസ്ട്രേഷൻ ഇല്ലാതെ സർവ്വീസ് നടത്തുന്ന ഹൗസ് ബോട്ടുകളുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) വേമ്പനാട്ടുകായലിൽ സർവ്വീസ് നടത്തുന്ന ഹൗസ് ബോട്ടുകൾ മുഴുവനും രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നുറപ്പ് വരുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വേമ്പനാട് കായലിൽ വിനോദസഞ്ചാരത്തിനായി എത്തുന്നവരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഹൗസ് ബോട്ടുകൾ എല്ലാ വർഷവും പരിശോധിച്ച് ഫിറ്റ്നസ് നൽകുന്നതിനു പുറമെ മൂന്ന് മാസത്തിലൊരിക്കൽ സർപ്രൈസ് ഇൻസ്പെക്ഷൻ നടത്തി സുരക്ഷയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്തുകയും സുരക്ഷാ ഉപകരണങ്ങൾ കൃത്യതയോടെ സൂക്ഷിക്കാത്ത ഹൗസ് ബോട്ടുകൾക്ക് പിഴ ചുമത്തുകയും ചെയ്യുന്നുണ്ട്.

(ബി) 1-1-2017-ലെ കണക്കുപ്രകാരം 756 ഹൗസ് ബോട്ടുകൾ രജിസ്റ്റർ ചെയ്ത് സർവ്വീസ് നടത്തിവരുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ആലപ്പുഴ, എറണാകുളം, കോട്ടയം ജില്ലകളിൽ പോലീസ് സബ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ Enforcement Wing രൂപീകരിക്കുന്നതിനു വേണ്ടിയുള്ള പ്രൊപ്പോസൽ ആഭ്യന്തര വകുപ്പിന്റെ പരിഗണനയിലാണ്.

**തീരദേശ തുറമുഖങ്ങളെ ബന്ധിപ്പിച്ച് യാത്രാ ബോട്ടുകൾ**

244 (3193) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശ തുറമുഖങ്ങളെ ബന്ധിപ്പിച്ച് യാത്രാ ബോട്ടുകൾ സർവീസ് നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഏതൊക്കെ തുറമുഖങ്ങളെ ബന്ധിപ്പിച്ചാണ് അപ്രകാരം സർവീസ് നടത്തുന്നതെന്ന് വിശദീകരിക്കുമോ;

(സി) പ്രസ്തുത ബോട്ട് സർവ്വീസ് നടത്തുന്നതിന് ഏത് ഏജൻസിയെയാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) വിനോദസഞ്ചാര മേഖലയ്ക്ക് ഊന്നൽ നല്കി പ്രസ്തുത പദ്ധതി നടപ്പാക്കുമോ; വിശദമാക്കുമോ;

(ഇ) ആയതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി കേരള തീരത്തുള്ള തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് അതിവേഗ യാത്രാ ബോട്ട് സർവ്വീസ് ആരംഭിക്കുന്നുണ്ട്. കോവളം (വിഴിഞ്ഞം)-കന്യാകുമാരി, കൊച്ചി-തിരുവനന്തപുരം, കൊച്ചി-കോഴിക്കോട് എന്നീ തുറമുഖങ്ങളെ ബന്ധിപ്പിച്ച് അതിവേഗ യാത്രാ ബോട്ട് സർവ്വീസ് നടത്തുന്നതിനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്.

(സി) സേഫ് ബോട്ട് ട്രിപ് പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം എന്ന ഏജൻസിയെയാണ് സർവ്വീസ് നടത്തുന്നതിന് ഏർപ്പെടുത്തിയിട്ടുള്ളത്.

(ഡി & ഇ) വിനോദസഞ്ചാര മേഖലയ്ക്ക് ഊന്നൽ നൽകിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. വിഴിഞ്ഞം - കന്യാകുമാരി, കൊച്ചി - തിരുവനന്തപുരം, കൊച്ചി - കോഴിക്കോട് എന്നീ വിനോദസഞ്ചാര കേന്ദ്രങ്ങളെ ലക്ഷ്യം വച്ചുകൊണ്ടുള്ളതാണ് ഈ പ്രോജക്ട്. കേരളത്തിന്റെ ബീച്ചുകളെ തീരദേശ വിനോദ സഞ്ചാര കേന്ദ്രങ്ങളായി വളർത്തുന്നതിന് ആലപ്പുഴയിൽ ഒരു മറീന സ്ഥാപിക്കുന്നതിനും മറ്റിടങ്ങളിൽ വാട്ടർ സ്പോർട്സ് സംവിധാനം സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. വാട്ടർ സ്പോർട്സ് കേന്ദ്രങ്ങൾ സ്ഥാപിച്ച് നടത്താൻ സന്നദ്ധതയുള്ള സ്വകാര്യ സംരംഭകരിൽനിന്നും തുറമുഖ വകുപ്പ് താൽപ്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്.

## തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിന് നടപടി

245 (3194) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തുറമുഖങ്ങളിൽ വലിയ ചരക്കു കപ്പലുകൾ വരാനുള്ള സൗകര്യം ഒരുക്കുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്നും ഇതിനായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കിയതെന്നും വിശദമാക്കാമോ;

(ബി) തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഇതിനായി എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ചെറുകിട തുറമുഖങ്ങളായ വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ എന്നിവിടങ്ങളിൽ ചരക്ക് ഗതാഗതം സുഗമമാക്കുന്നതിന് അത്യാധുനിക ഉപകരണങ്ങളായ റീച്ച് സ്റ്റാക്കറുകൾ, 40 ഫീറ്റ് കണ്ടെയ്നർ ഹാന്റ്ലിംഗ് ക്രെയിനുകൾ, 20 ടൺ ക്രെയിനുകൾ, വി.ടി.എം.എസ്. സംവിധാനങ്ങൾ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വലിയ ചരക്ക് കപ്പലുകളെ തുറമുഖത്തേയ്ക്ക് അടുപ്പിക്കുന്നതിനായി ശേഷിയുള്ള ടഗ്ഗുകളുടെ സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. തുറമുഖ ചാനലുകളിലെ ആഴം കൂട്ടുന്നതിനായി 20 കോടി രൂപ ചെലവിൽ അത്യാധുനികവും ശേഷി കൂടിയതുമായ ഒരു കട്ടർ സക്ഷൻ ഡ്രഡ്ജർ വാങ്ങി പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് കസ്റ്റംസ് ഡിപ്പാർട്ടുമെന്റിന് ഇ.ഡി.ഐ. സൗകര്യം നൽകിയിട്ടുണ്ട്. കൂടാതെ വിഴിഞ്ഞം തുറമുഖത്തിന്റെ സീവേഡ് വാർഫിന്റെ നീളം കൂട്ടൽ, കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ വികസനം, കൊല്ലം തുറമുഖത്ത് പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണം, ബേപ്പൂർ തുറമുഖത്തെ വാർഫിന്റെ നീളം കൂട്ടൽ എന്നിവ വിവിധ ഘട്ടങ്ങളിലാണ്. പൊന്നാനി തുറമുഖം 763 കോടി രൂപ ചെലവിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിനായി മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് ഏറ്റെടുത്ത് നടത്തിവരുന്നു. 496 കോടി രൂപ ചെലവിൽ അഴീക്കൽ തുറമുഖം കിഫ്ബി സഹായത്തോടെ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ ആലപ്പുഴ തുറമുഖം ഒരു മറീനയായി വികസിപ്പിക്കുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കി പരിസ്ഥിതി ആഘാതപഠനം നടന്നുവരുന്നു.

(ബി) തുറമുഖങ്ങളിലെ ആഴം വർദ്ധിപ്പിക്കുന്നതിന് യന്ത്ര സംവിധാനങ്ങളുപയോഗിച്ചുള്ള മെക്കാനിക്കൽ ഡ്രഡ്ജിംഗും പരിചയസമ്പന്നരായ തൊഴിലാളികളെ ഉപയോഗിച്ച് മാനുവൽ ഡ്രഡ്ജിംഗും നടത്തിവരുന്നു. ബേപ്പൂർ, അഴീക്കൽ, കൊടുങ്ങല്ലൂർ, കൊല്ലം, വിഴിഞ്ഞം തുടങ്ങിയ തുറമുഖങ്ങളിൽ കേരള സംസ്ഥാന മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖാന്തിരം മെക്കാനിക്കൽ ഡ്രഡ്ജിംഗ് നടത്തിവരുന്നുണ്ട്.

(സി) തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര സഹായം നിലവിൽ ലഭിക്കുന്നില്ല.

## തുറമുഖങ്ങളിലെ ചരക്കുനീക്കം ശക്തിപ്പെടുത്താൻ നടപടി

246 (3195) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വൻകിട തുറമുഖങ്ങളിലെ ചരക്ക്നീക്കം ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി ചെറുകിട വൻകിട തുറമുഖങ്ങളിലേക്ക്മെച്ചപ്പെട്ട റെയിൽ, റോഡ് കണക്റ്റിവിറ്റി ഏർപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഇതു സംബന്ധിച്ച് പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

### ഉത്തരം

(എ) സംസ്ഥാനത്തെ ചെറുകിട, വൻകിട തുറമുഖങ്ങളിലെ ചരക്കുനീക്കം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തുറമുഖങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം എന്നീ തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളായ ചാനൽ, ബേസിൻ, വാർഫ് എന്നിവ ലഭ്യമാണ്. തുറമുഖങ്ങളിലെ ചാനലിന്റെയും ബേസിന്റെയും ആഴം കൂട്ടുന്നതിനായി 20 കോടി രൂപ മുതൽമുടക്കിൽ കട്ടർസക്ഷൻ ഡ്രഡ്ജർ വാങ്ങിയിട്ടുണ്ട്. വലിയ ചരക്ക് കപ്പലുകൾക്ക് സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി തുറമുഖങ്ങളിൽ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പൊന്നാനി തുറമുഖം ഒരു ആഴക്കടൽ തുറമുഖമായാണ് വികസിപ്പിക്കുന്നത്. 13.7 മീറ്റർ വരെ ആഴമുള്ള കപ്പലുകൾ അടുക്കുന്ന തരത്തിലാണ് തുറമുഖം വിഭാവനം ചെയ്തിട്ടുള്ളത്.

വിഴിഞ്ഞം തുറമുഖത്ത് ചരക്കുനീക്കം സുഗമമാക്കുന്നതിന്റെ ഭാഗമായി റീച്ച് സ്റ്റാക്കർ, 20 ടൺ ക്രെയിൻ, വെയിംഗ് മെഷീൻ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് 40 ടൺ കണ്ടെയ്നർ ഹാന്റ്ലിംഗ് ക്രെയിൻ, റീച്ച് സ്റ്റാക്കർ, 20 ടൺ ക്രെയിൻ, ഫോർക്ക് ലിഫ്റ്റ്, വെയിംഗ് മെഷീൻ, വെസ്സൽ ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം മുതലായ ഉപകരണങ്ങളും എ.ടി. മലബാർ എന്ന ടഗ്ഗും ഏർപ്പെടുത്തിയിട്ടുണ്ട്. ബേപ്പൂർ തുറമുഖത്ത് കണ്ടെയ്നർ ഹാന്റ്ലിംഗ്

ക്രെയിൻ, റീച്ച് സ്റ്റാക്കർ, 20 ടൺ ക്രെയിൻ, നാല് ഫിക്സഡ് ക്രെയിനുകൾ, വെയിംഗ് മെഷീൻ, വി.ടി.എം.എസ്. തുടങ്ങിയ സൗകര്യങ്ങളും എം.ടി. കേരള, എം.ടി. ചാലിയാർ, എം.ടി. സാമൂതിരി മുതലായ ടഗ്ഗുകളുടെ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. അഴീക്കൽ തുറമുഖത്ത് കണ്ടെയ്നർ ഹാന്റ്ലിംഗ് ക്രെയിൻ, റീച്ച് സ്റ്റാക്കർ, വി.ടി.എം.എസ്., വെയിംഗ് മെഷീൻ തുടങ്ങിയ സൗകര്യങ്ങൾക്ക് പുറമെ എം.ടി. അഴീക്കൽ എന്ന ടഗ്ഗിന്റെ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

കൊല്ലം തുറമുഖത്ത് കസ്റ്റംസ് ഡിപ്പാർട്ടുമെന്റിന് ഇ.ഡി.ഐ. സൗകര്യം നൽകിയിട്ടുണ്ട്. കൂടാതെ വിഴിഞ്ഞം തുറമുഖത്തിന്റെ സീ വേഡ് വാർഫിന്റെ നീളം കൂട്ടൽ, ബേപ്പൂർ തുറമുഖത്തെ ബർത്തിന്റെ നീളം കൂട്ടൽ, കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ വികസനം എന്നിവ വിവിധ ഘട്ടങ്ങളിലാണ്. കോട്ടയം ജില്ലയിലെ നാട്ടകം തുറമുഖം സ്വകാര്യ തുറമുഖമായാണ് വികസിപ്പിച്ചത്. 46 കോടി രൂപ മുതൽമുടക്കിൽ കൊടുങ്ങല്ലൂർ തുറമുഖം വികസിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിയ പദ്ധതിയനുസരിച്ച് 763 കോടി രൂപ ചെലവിൽ പൊന്നാനിയിൽ തുറമുഖ നിർമ്മാണം ആരംഭിച്ചു. അഴീക്കൽ തുറമുഖം 496 കോടി രൂപ ചെലവിൽ സർക്കാരിന്റെ പ്രത്യേക നിക്ഷേപ പദ്ധതിയായ കിഫ്ബിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ചെറുകിട തുറമുഖങ്ങളിലെ ചരക്കുനീക്കം ശക്തിപ്പെടുത്തുന്നതിനായി തുറമുഖങ്ങളിലേയ്ക്ക് റെയിൽ/റോഡ് കണക്ടിവിറ്റി ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൊല്ലം, അഴീക്കൽ, പൊന്നാനി തുറമുഖങ്ങളിലേയ്ക്ക് റെയിൽ കണക്ടിവിറ്റി ഏർപ്പെടുത്തുന്നതിനുള്ള സാധ്യതാ പഠനം നടത്താൻ റെയിൽ വികാസ് നിഗം ലിമിറ്റഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൊല്ലം, അഴീക്കൽ, ബേപ്പൂർ തുറമുഖങ്ങളെ ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്രസർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(സി) കൊല്ലം, അഴീക്കൽ, പൊന്നാനി തുറമുഖങ്ങളിലേയ്ക്ക് റെയിൽ കണക്ടിവിറ്റിക്കായി സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ റെയിൽ വികാസ് നിഗം ലിമിറ്റഡിനോട് നിർദ്ദേശിച്ചിട്ടുണ്ട്. പഠന റിപ്പോർട്ട് ലഭ്യമായിട്ടില്ല. കൊല്ലം, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളെ ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന റോഡുവികസനത്തിനുള്ള പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**തുറമുഖങ്ങളുടെ നവീകരണം**

247 (3196) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തുറമുഖങ്ങളുടെ നവീകരണത്തിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വിവരിക്കുമോ;

(ബി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് തുറമുഖങ്ങളുടെ നവീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(സി) ഇതിനുള്ള തുക എങ്ങനെ സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) തുറമുഖ നവീകരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളായ കൊല്ലം, വിഴിഞ്ഞം, ആലപ്പുഴ, കൊടുങ്ങല്ലൂർ, ബേപ്പൂർ, അഴീക്കൽ, പൊന്നാനി എന്നീ തുറമുഖങ്ങൾ വികസിപ്പിക്കുന്നതിന് പദ്ധതികളുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലായി വികസിപ്പിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. കൊല്ലം തുറമുഖത്തെ പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണം, ബേപ്പൂർ തുറമുഖത്തെ ബെർത്തിന്റെ നീളം കൂട്ടൽ, കൊടുങ്ങല്ലൂർ തുറമുഖ നിർമ്മാണം എന്നിവ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. 763 കോടി രൂപ ചെലവിൽ പൊന്നാനി തുറമുഖം പൊതു സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അഴീക്കൽ തുറമുഖ വികസനം സർക്കാരിന്റെ പ്രത്യേക നിക്ഷേപ പദ്ധതിയായ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് 496 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിലേയ്ക്കായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആലപ്പുഴ തുറമുഖം ഒരു മറീനയായി വികസിപ്പിക്കുന്നതിനുള്ള വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കപ്പലുകൾക്ക് വന്ന് അടുക്കാനുള്ള ചാനൽ, ബേസിൻ, വാർഫ് എന്നിവയാണ് തുറമുഖങ്ങളിലാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ. അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം എന്നീ തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളായ ചാനൽ, ബേസിൻ, വാർഫ് എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. തുറമുഖങ്ങളിലെ ചാനലിന്റെയും ബേസിന്റെയും ആഴം കൂട്ടുന്നതിനായി 20 കോടി രൂപ മുതൽമുടക്കിൽ ഒരു കട്ടർസക്ഷൻ ഡ്രഡ്ജർ വാങ്ങിയിട്ടുണ്ട്. വലിയ കപ്പലുകൾക്ക് സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി തുറമുഖങ്ങളിൽ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് വിഹിതം, സർക്കാരിന്റെ പ്രത്യേക നിക്ഷേപ പദ്ധതിയായ കിഫ്ബി എന്നിവ വഴി തുക സമാഹരിക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ സാഗർമാല പ്രോജക്ടിൽ ഉൾപ്പെടുത്തി ധനസഹായം ലഭിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

(ഡി) കൊല്ലം, അഴീക്കൽ, ബേപ്പൂർ, വിഴിഞ്ഞം തുറമുഖങ്ങളിൽ കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി ക്രെയിൻ, റീച്ച് സ്റ്റാക്കർ, ഫോർക്ക് ലിഫ്റ്റ്, വി.ടി.എം.എസ്. എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് കസ്റ്റംസ്, ഇ.ഡി.ഐ. സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. കപ്പലുകളെ വാർഫിലേയ്ക്ക് അടുപ്പിക്കുന്നതിനായി എം.ടി.കേരള, എം.ടി. മലബാർ, എം.ടി. അഴീക്കൽ, എം.ടി.ചാലിയാർ, എം.ടി. സാമൂതിരി എന്നീ ടഗ്ഗുകളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. തുറമുഖങ്ങളിലെ ചരക്കുഗതാഗതം ശക്തിപ്പെടുത്തുന്നതിനായി തുറമുഖങ്ങളിൽ റോഡ്/റെയിൽ കണക്ടിവിറ്റി ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ബേപ്പൂർ, അഴീക്കൽ, പൊന്നാനി എന്നീ തുറമുഖങ്ങളിലേയ്ക്ക് റെയിൽ കണക്ടിവിറ്റി ഏർപ്പെടുത്തുന്നതിനുള്ള സാധ്യതാ പഠനം നടത്തുവാൻ റെയിൽവികാസ് നിഗം ലിമിറ്റഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**തീരക്കടലിലൂടെയും കനാലുകളിലൂടെയും ചരക്കുഗതാഗതം**

248 (3197) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചരക്ക് ഗതാഗതത്തിന്റെ നിശ്ചിത ശതമാനം തീരക്കടലിലൂടെയും കനാലുകളിലൂടെയുമാക്കി മാറ്റാൻ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ചരക്ക് ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് തുറമുഖങ്ങളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ;

(സി) ചരക്ക് ഗതാഗതത്തിനായി തുറമുഖങ്ങളിലും കനാലുകളിലും എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഡി) ചരക്ക് ഗതാഗതത്തിന് ഇൻസെന്റീവ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 2020-ഓടെ നിലവിൽ റോഡ്/റെയിൽ മാർഗ്ഗങ്ങളിലൂടെ കൈകാര്യം ചെയ്യുന്ന ചരക്ക് നീക്കത്തിന്റെ 40 ശതമാനവും, 2030-ഓടെ 50 ശതമാനവും തീരദേശ കപ്പൽ ഗതാഗതംവഴി നടത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനുവേണ്ടി വിഴിഞ്ഞം, കൊല്ലം, കൊടുങ്ങല്ലൂർ, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളിൽ ചരക്ക് ഗതാഗതത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കൊല്ലം-കോഴിക്കോട് ജലപാത ദേശീയ ജലപാതയുടെ ഭാഗമായി വികസിപ്പിക്കുന്നുണ്ട്. കോവളം മുതൽ കൊല്ലം വരെയുള്ള 74.18 കിലോമീറ്റർ ജലപാത സംസ്ഥാന ജലപാത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും കോഴിക്കോട് മുതൽ വടകര വരെയുള്ള ജലപാതയുടെ വികസനവും സംസ്ഥാന ജലസേചന വകുപ്പ് നടത്തിവരുന്നു. വടകര മുതൽ മാഹി വരെയുള്ള 17.61 കിലോമീറ്റർ നീളമുള്ള പുതിയ കനാലിന്റെ നിർമ്മാണം 5 റീച്ചുകളിലായി വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. മാഹി മുതൽ വളപട്ടണം വരെയുള്ള ജലപാതയിൽ 3 അൺകട്ട് ഭാഗങ്ങളുടെ നിർമ്മാണമുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുവാനായി സംസ്ഥാന സർക്കാരിന്റെയും സിയാലിന്റെയും പങ്കാളിത്തത്തോടെ ഒരു പൊതുമേഖലാ കമ്പനി (SPV) രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി & സി) ചെറുകിട തുറമുഖങ്ങളായ വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ എന്നിവിടങ്ങളിൽ ചരക്ക് ഗതാഗതം സുഗമമാക്കുന്നതിന് അത്യാധുനിക ഉപകരണങ്ങളായ റീച്ച് സ്റ്റാക്കറുകൾ, 40 ഫീറ്റ് കണ്ടെയ്നർ ഹാന്റ്‍ലിംഗ് ക്രെയിനുകൾ, 20 ടൺ ക്രെയിനുകൾ, വി.ടി.എം.എസ്. സംവിധാനങ്ങൾ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വലിയ ചരക്ക് കപ്പലുകളെ തുറമുഖത്തേയ്ക്ക് അടുപ്പിക്കുന്നതിനായി ശേഷിയുള്ള ടഗ്ഗുകളുടെ സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. തുറമുഖ ചാനലുകളിലെ ആഴം കൂട്ടുന്നതിനായി 20 കോടി രൂപ ചെലവിൽ അത്യാധുനികവും ശേഷികൂടിയതുമായ ഒരു കട്ടർസക്ഷൻ ഡ്രഡ്ജർ പ്രവർത്തന

സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ കൊല്ലം തുറമുഖത്ത് കസ്റ്റംസ് ഡിപ്പാർട്ടുമെന്റിന് ഇ.ഡി.ഐ. സൗകര്യം ഒരുക്കിയിട്ടുണ്ട്. വിഴിഞ്ഞം തുറമുഖത്തിന്റെ സീവേഡ് വാർഫിന്റെ നീളം കൂട്ടൽ, കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ വികസനം എന്നിവ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

കൊല്ലം തുറമുഖത്ത് പാസഞ്ചർ ടെർമിനൽ നിർമ്മാണം, ബേപ്പൂർ തുറമുഖത്ത് വാർഫിന്റെ നീളം കൂട്ടൽ എന്നിവ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. കൊടുങ്ങല്ലൂർ തുറമുഖം വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 496 കോടി രൂപ ചെലവിൽ അഴീക്കൽ തുറമുഖം കിഫ്ബി സഹായംവഴി വികസിപ്പിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. തുറമുഖ വികസനത്തിനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആലപ്പുഴ തുറമുഖം മറീനയായി വികസിപ്പിക്കുന്നതിനുള്ള പരിസ്ഥിതി ആഘാതപഠനം നടന്നുവരുന്നു.

(ഡി) ചരക്ക് ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു മെട്രിക് ടണ്ണിന് ഒരു രൂപ നിരക്കിൽ ഇൻസെന്റീവ് നൽകുന്നുണ്ട്. സർക്കാർ നിയന്ത്രണത്തിലുള്ള ചെറുകിട തുറമുഖങ്ങളിൽ ചരക്കുകൾ കൈകാര്യം ചെയ്യുന്നതിന് ഈടാക്കുന്ന ഹാന്റ്ലിംഗ് ചാർജ്ജിൽ 50 ശതമാനം ഇളവ് അനുവദിച്ചിട്ടുണ്ട്.

## ട്രാംവെ റെയിൽ മ്യൂസിയം

249 (3198) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ ട്രാംവെ റെയിൽ മ്യൂസിയം സ്ഥാപിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, നടപടികൾ ഏതു ഘട്ടത്തിലാണ്;

(സി) ഇതിനായുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിനും നിർമ്മാണം ആരംഭിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) ചാലക്കുടിയിൽ ട്രാംവെ മ്യൂസിയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള താൽപ്പര്യപത്രം ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഡി.പി.ആർ. തയ്യാറാക്കിയശേഷം റെയിൽ ട്രാംവെയുടെ അവശിഷ്ടങ്ങൾ സംരക്ഷിക്കുന്നതിനുള്ള സാധ്യതകൾ ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിച്ച് പരിശോധിക്കുന്നതാണ്.

## മ്യൂസിയം മൃഗശാല വകുപ്പിലെ നിയമനങ്ങളിലെ സംവരണം

250 (3199) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിനുള്ള പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനുള്ള നടപടിയുടെ ഭാഗമായി ജി. ഒ. (എംഎസ്.) നമ്പർ 271/73/പി.ഡി. തീയതി 12-10-1973-ലെ ഉത്തരവ് പരിഷ്കരിച്ച് ജി. ഒ. (എംഎസ്.) നമ്പർ 268/92/ജി.എ.ഡി. തീയതി ജൂലൈ 15, 1992 എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിൻപ്രകാരം മ്യൂസിയം മൃഗശാല വകുപ്പിൽ ഏതെങ്കിലും ഗസറ്റഡ് തസ്തിക പട്ടികജാതി പട്ടിക വർഗ്ഗവിഭാഗത്തിന് മാത്രമായി സംവരണം ചെയ്യപ്പെട്ടിട്ടുണ്ടോ;

(ബി) മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംവരണത്തിനായി മാറ്റിവയ്ക്കപ്പെട്ട തസ്തികയ്ക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന യോഗ്യത, അഭിലഷണീയ യോഗ്യത, പ്രായ പരിധി, ശമ്പളം, നിയമനരീതി എന്നിവയുടെ അടിസ്ഥാനത്തിൽ വ്യവസ്ഥാപിത മാർഗ്ഗത്തിലൂടെ നിയമന നടപടി സ്വീകരിച്ച് ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ;

(സി) മ്യൂസിയം മൃഗശാല വകുപ്പിൽ വകുപ്പ് ഡയറക്ടർക്ക് പുറമെ ഏതെല്ലാം തസ്തികകൾക്കാണ് ഗസറ്റഡ് പദവി ഉള്ളത്;

(ഡി) മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടർ തസ്തികയിലേക്ക് നിയമിക്കപ്പെടുന്നതിന് വകുപ്പിൽ സ്പെഷ്യൽ റൂൾ നിലവിലുണ്ടോ; ഇപ്പോൾ പ്രസ്തുത തസ്തികയിൽ ജോലി ചെയ്തു വരുന്ന ഉദ്യോഗസ്ഥനെ സ്പെഷ്യൽ റൂൾ പ്രകാരമാണോ നിയമിച്ചിട്ടുള്ളത്; നിയമനത്തിന് മറ്റ് എന്തെങ്കിലും പ്രത്യേക പരിഗണന നൽകിയിട്ടുണ്ടോ;

(ഇ) മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം, മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടർ തസ്തിക പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിന് സംവരണം ചെയ്തിട്ടുണ്ടോ; ജി. ഒ. (എംഎസ്.) നമ്പർ 268/92/പൊ.ഭ.വ. തീയതി 15-7-1992 എന്ന ഉത്തരവ് പ്രകാരം സംവരണം ചെയ്യപ്പെട്ട തസ്തികയിൽ സംവരണ മാനദണ്ഡങ്ങൾ പാലിക്കാതെ എപ്പോഴെങ്കിലും നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ഏത് ഉത്തരവാണ് അതിന് ബാധകമായിട്ടുള്ളത്; ഇപ്രകാരം നിയമനങ്ങൾ നടത്തിയിട്ടുള്ള വിവരം കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) മ്യൂസിയം മൃഗശാലാ വകുപ്പിലെ ഒരു ഗസറ്റഡ് തസ്തികയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് മാത്രമായി സംവരണം ചെയ്തിട്ടില്ല. 1-1-2017 അടിസ്ഥാനമാക്കിയുള്ള വാർഷിക അവലോകനത്തിൽ മ്യൂസിയം മൃഗശാലാ വകുപ്പിൽ SC/ST വിഭാഗത്തിന് ഗസറ്റഡ് തസ്തികയിൽ മതിയായ പ്രാതിനിധ്യമുള്ളതായി ഉറപ്പുവരുത്തിയിട്ടുണ്ട്.

(സി) മ്യൂസിയം മൃഗശാല ഡയറക്ടർക്ക് പുറമെ ചുവടെ ചേർക്കുന്ന തസ്തികകളാണ് ഗസറ്റഡ് പദവിയുള്ളത് :

| | | |
|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | - | 1 |
| ഫിനാൻസ് ഓഫീസർ | - | 1 |
| സൂപ്രണ്ട് | - | 6 |
| സീനിയർ സൂപ്രണ്ട് | - | 2 |
| എഡ്യൂക്കേഷണൽ ഓഫീസർ | - | 1 |
| വെറ്ററിനറി സർജൻ | - | 2 |

(ഡി) മ്യൂസിയം മൃഗശാലാ വകുപ്പ് ഡയറക്ടർ തസ്തികയിലേയ്ക്ക് നിയമിക്കപ്പെടുന്നതിന് വകുപ്പിൽ സ്പെഷ്യൽ റൂൾ നിലവിലുണ്ട്. പ്രസ്തുത തസ്തികയിൽ ജോലി ചെയ്തുവരുന്ന ഉദ്യോഗസ്ഥനെ സ്പെഷ്യൽ റൂൾ പ്രകാരമാണ് നിയമിച്ചിട്ടുള്ളത്. നിയമനത്തിന് മറ്റ് പ്രത്യേക പരിഗണന നൽകിയിട്ടില്ല.

(ഇ) മ്യൂസിയം മൃഗശാലാ വകുപ്പ് ഡയറക്ടർ തസ്തിക പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിനായി സംവരണം ചെയ്തിട്ടില്ല. ജി. ഒ. (എംഎസ്.) നമ്പർ 268/92/പൊ.ഭ.വ. തീയതി 15-7-1992 എന്ന ഉത്തരവ് പ്രകാരം സംവരണം ചെയ്യപ്പെട്ട തസ്തികയിൽ സംവരണ മാദണ്ഡങ്ങൾ പാലിക്കാതെ നിയമനങ്ങൾ നടത്തിയിട്ടില്ല.

**പയ്യന്നൂരിൽ ചരിത്ര പൈതൃക മ്യൂസിയം**

251 (3200) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ പഴയ പോലീസ് സ്റ്റേഷൻ ചരിത്ര പൈതൃക മ്യൂസിയമായി സംരക്ഷിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായോ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രവൃത്തികൾ എന്ന് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ പയ്യന്നൂർ പഴയ പോലീസ് സ്റ്റേഷന്റെ സംരക്ഷണ നവീകരണ പ്രവൃത്തികൾക്കായി 90 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇ-ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകി. കരാറുകാരൻ വകുപ്പുമായി കരാർ ഒപ്പിടുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതിയുടെ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

**മ്യൂസിയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള പദ്ധതികൾ**

252 (3201) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മ്യൂസിയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി മ്യൂസിയങ്ങളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുവാൻ എന്തെല്ലാം നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ & ബി) മ്യൂസിയം മൃഗശാലാ വകുപ്പിലെ മ്യൂസിയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലെ മ്യൂസിയങ്ങൾ സന്ദർശിക്കുന്ന ഭിന്നശേഷിക്കാരുടെ സൗകര്യാർത്ഥം സ്പെഷ്യൽ ടോയ്‌ലറ്റ്, ലിഫ്റ്റുകൾ, വീൽചെയർ, പാർക്കിംഗ് സംവിധാനം, റാമ്പ് എന്നീ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്.

പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള മ്യൂസിയങ്ങളിലെല്ലാം ഭിന്നശേഷി സൗഹൃദ ശുചിമുറികളും പാർക്കിംഗ് മേഖലകളും റാമ്പ്, വീൽചെയർ, ഓഡിയോ സിസ്റ്റം, ബ്രെയിൽ ലിപി എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഒന്നാംഘട്ട പ്രവൃത്തികൾക്ക് നടപടി സ്വീകരിച്ചുവരുന്നു.

മ്യൂസിയം മൃഗശാലാ വകുപ്പിലെ തിരുവനന്തപുരം ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന നേപ്പിയർ മ്യൂസിയം, നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം, ശ്രീചിത്രാ ആർട്ട് ഗ്യാലറി എന്നിവിടങ്ങളിൽ ഭിന്നശേഷിക്കാർക്കായി റാമ്പ്, പാർക്കിംഗ് സൗകര്യം, സ്പെഷ്യൽ ടോയ്‌ലെറ്റുകൾ, വീൽചെയർ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കഴിഞ്ഞു. കൂടാതെ നേപ്പിയർ മ്യൂസിയത്തിൽ ഭിന്നശേഷിക്കാരുടെ സൗകര്യാർത്ഥം പ്രദർശന വസ്തുക്കളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ആധുനിക രീതിയിലെ കിയോസ്ക് സ്ഥാപിക്കൽ, ദൃശ്യശ്രവ്യ സംവിധാനങ്ങൾ എന്നിവ നടപ്പിലാക്കുന്നതിനും വയനാട് കുങ്കിച്ചിറ മ്യൂസിയത്തിൽ ലിഫ്റ്റുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) മ്യൂസിയം മൃഗശാലാ വകുപ്പിലെ മ്യൂസിയങ്ങളിൽ ഭിന്നശേഷിക്കാർക്കായി ഏർപ്പെടുത്തുന്ന പദ്ധതികൾ 75 ശതമാനം പൂർത്തിയായിട്ടുണ്ട്. ബാക്കി ശേഷിക്കുന്ന 25 ശതമാനം ജോലികൾ ദ്രുതഗതിയിൽ നടപ്പിലാക്കിവരുന്നുണ്ട്. കാലതാമസം കൂടാതെതന്നെ പദ്ധതി പൂർത്തീകരിച്ച് ഭിന്നശേഷിക്കാരായ സന്ദർശകർക്ക് ഉപയോഗപ്രദമാക്കുന്നതിന് പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്.

പുരാവസ്തു വകുപ്പിന്റെ മ്യൂസിയങ്ങളിലേയ്ക്കും സംരക്ഷിത സ്മാരകങ്ങളിലേയ്ക്കും 40 വീൽചെയർ ആഗ്രോ ഇൻഡസ്ട്രീസിൽനിന്നും വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി അടിയന്തരമായി പൂർത്തീകരിച്ച് സന്ദർശകർക്ക് ഉപയോഗപ്രദമാക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നു.

**പൗരാണിക രേഖകൾ സംരക്ഷിക്കുന്നതിനായി പദ്ധതി**

253 (3202) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലപ്പെട്ട പൗരാണിക രേഖകൾ സംരക്ഷിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്;

(ബി) ഇതിന്റെ ഭാഗമായി, സംസ്ഥാന ആർക്കൈവ്സ് വകുപ്പിൽ കമ്മ്യൂണിറ്റി ആർക്കൈവ്സ് രൂപീകരിച്ച്, തദ്ദേശീയമായ സ്ഥലങ്ങളിൽ സൂക്ഷിച്ചിട്ടുള്ള അമൂല്യ രേഖകൾ പരിശോധിച്ച് ഏറ്റെടുക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(സി) താളിയോല രേഖകളുടെ ഡിജിറ്റൈസേഷൻ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പുരാരേഖ വകുപ്പിലെ താളിയോല രേഖകൾ യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കേരളത്തിലെ അപൂർവ്വമായ പൗരാണിക രേഖകൾ ചരിത്രരേഖാനയ തീരുമാനപ്രകാരം വകുപ്പ് ഏറ്റെടുക്കുകയും അവയുടെ ശാസ്ത്രീയമായ രേഖാ മാനേജ്മെന്റും കൺസർവേഷനും നടത്തി സൂക്ഷിക്കുകയും ചെയ്യുന്നു. ചരിത്ര രേഖകളുടെ സംരക്ഷണത്തിനായി ഫ്യൂമിഗേഷൻ, മെന്റിംഗ്, ബയന്റിംഗ്, ഡിജിറ്റൈസേഷൻ എന്നീ നൂതന മാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നു. ചരിത്ര രേഖകളുടെ പ്രാധാന്യം കുട്ടികളിൽ എത്തിക്കുന്നതിനായി ചരിത്ര പ്രദർശനം, ചരിത്ര ക്വിസ്, ഹെറിറ്റേജ് ക്ലബ്ബുകൾ, ഹെറിറ്റേജ് അവാർഡ്, ഹെറിറ്റേജ് പഠനയാത്ര, ഹെറിറ്റേജ് ക്യാമ്പുകൾ, ഹെറിറ്റേജ് ഗ്രാൻഡ് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പൊതുജനങ്ങൾക്ക് പൈതൃക അവബോധം വളർത്തുന്നതിനായി ചരിത്ര പ്രദർശനങ്ങൾ, ലോകപൈതൃക ദിനാഘോഷം, ഡോക്യുമെന്ററി പ്രദർശനങ്ങൾ, അന്താരാഷ്ട്ര ആർക്കൈവ്സ് വാരാഘോഷം, പൈതൃക മേളകൾ എന്നിവ സംഘടിപ്പിച്ചുവരുന്നു.

(ബി) ഉണ്ട്. പദ്ധതിയുടെ ഭാഗമായി മഹാകവി കുമാരനാശാന്റെ കയ്യെഴുത്ത് രേഖകൾ, തിരുവനന്തപുരം ജില്ലയിലെ വിനോബാ നികേതനിലെ ഗാന്ധിജിയുടെ കയ്യെഴുത്ത് രേഖകൾ, പയ്യന്നൂർ ശ്രീനാരായണ ആശ്രമം, കൊല്ലം ബിഷപ്പ് ഹൗസ് രേഖകൾ, മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് മനയിലെ രേഖകൾ, വയനാട് ജില്ലയിലെ 'പുഴമുടി തറവാട് രേഖകൾ' എന്നിവ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## ശ്രീമതി സുഗതകുമാരിയുടെ തറവാട് വീട് ഏറ്റെടുക്കുന്നതിന് തീരുമാനം

254 (3203) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രശസ്ത കവയത്രിയും പരിസ്ഥിതി പ്രവർത്തകയും ജീവകാരുണ്യ പ്രവർത്തകയുമായ ശ്രീമതി സുഗതകുമാരി ടീച്ചറുടെ ആറന്മുളയിലെ തറവാട് വീട് പുരാവസ്തു സംരക്ഷണവകുപ്പ് ഏറ്റെടുക്കുന്നതിനും സംരക്ഷിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള നടപടികൾ സത്വരം പൂർത്തിയാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ & ബി) ശ്രീമതി സുഗതകുമാരി ടീച്ചറുടെ ആറന്മുളയിലെ വാഴവേലിൽ തറവാട് വീട് സംരക്ഷിക്കുന്നത് സംബന്ധിച്ച് പുരാവസ്തു വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സംരക്ഷിത സ്ഥാപനങ്ങൾ

255 (3204) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പുരാവസ്തു സംരക്ഷണ വകുപ്പ്എത്ര സംരക്ഷിത സ്ഥാപനങ്ങളാണ് ഇപ്പോൾ പരിപാലിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ഇവ ഏതെല്ലാമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി തമിഴ്നാട്ടിലെ തക്കലയിൽ സ്ഥിതി ചെയ്യുന്ന പത്മനാഭപുരം കൊട്ടാരം ഉൾപ്പെടെ 181 സംരക്ഷിത സ്മാരകങ്ങളാണുള്ളത്. ഇതിൽ നാല് സ്മാരകങ്ങൾ ഡീ-പ്രൊട്ടക്ട് ചെയ്തിട്ടുണ്ട്. നിലവിൽ 177 സ്മാരകങ്ങളാണ് പരിപാലിച്ചുപോരുന്നത്.

(ബി) തിരുവനന്തപുരം-40, കൊല്ലം-5, പത്തനംതിട്ട-3, ആലപ്പുഴ-13, കോട്ടയം-8, ഇടുക്കി-5, എറണാകുളം-28, തൃശ്ശൂർ-34, പാലക്കാട്-8, മലപ്പുറം-7, കോഴിക്കോട്-8, വയനാട്-5, കണ്ണൂർ-4, കാസർഗോഡ്-8. സംരക്ഷിത സ്മാരകങ്ങളുടെ പൂർണ്ണമായ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**അരുവിക്കര ക്ഷേത്രം സംരക്ഷിത സ്മാരകമാക്കൽ**

256 (3205) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ മാറനല്ലൂർ പഞ്ചായത്തിലെ അരുവിക്കര ക്ഷേത്രം സംരക്ഷിത സ്മാരകമെന്ന നിലയിൽ പരിരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും തുടർനടപടിയും എന്താണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ & ബി) കാട്ടാക്കട നിയോജകമണ്ഡലത്തിലെ മാറനല്ലൂർ പഞ്ചായത്തിലെ അരുവിക്കര ക്ഷേത്രം സംരക്ഷിത സ്മാരകമാക്കുന്നത് സംബന്ധിച്ച് വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**മുനിയറകൾ സംരക്ഷിക്കാൻ നടപടി**

257 (3206) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ മുനിയറകൾ സംരക്ഷിക്കാൻ സ്വീകരിച്ചിരിക്കുന്ന നടപടി വ്യക്തമാക്കുമോ;

(ബി) നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ, അവ സംരക്ഷിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഇടുക്കി, ദേവികുളം താലൂക്കിലെ മുനിയറകൾ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചുകൊണ്ട് പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**യുനെസ്കോയുടെ പൈതൃക സ്മാരക പട്ടിക**

258 (3207) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും പൈതൃകസ്ഥാപനത്തെ യുനെസ്കോയുടെ പൈതൃക സ്മാരക പട്ടികയിൽ ഉൾപ്പെടുത്തുവാൻ സർക്കാർ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) തക്കലയിലെ പത്മനാഭപുരം പാലസും വയനാട്ടിലെ എടയ്ക്കൽ ഗുഹാ സ്മാരകവും ഈ പട്ടികയിൽ ഉൾപ്പെടുത്തുവാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) പുരാവസ്തു വകുപ്പിന് കീഴിലുള്ള വയനാട് എടക്കൽ ഗുഹ, തമിഴ്നാട്ടിലെ തക്കലയിൽ സ്ഥിതി ചെയ്യുന്ന പത്മനാഭപുരം കൊട്ടാരം എന്നിവയെ യുനെസ്കോയുടെ പൈതൃക പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിൽ പത്മനാഭപുരം കൊട്ടാരം യുനെസ്കോയുടെ പ്രാഥമിക പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. അന്തിമ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി നോമിനേഷൻ ഫോർമാറ്റിൽ പറയുന്ന മാനദണ്ഡങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പാൽക്കടൽ ശ്രീകൃഷ്ണ ക്ഷേത്രം**

259 (3208) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേണാട് രാജവംശത്തിന്റെ ആദ്യകാല ആസ്ഥാനമായിരുന്ന കിളിമാനൂരിലെ കീഴ്പേരൂർ പാൽക്കടൽ ശ്രീകൃഷ്ണ ക്ഷേത്രം പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് സംരക്ഷിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടി ക്ഷേത്രം സംരക്ഷിത സ്മാരകമാക്കേണ്ടതാണോയെന്ന് പുരാവസ്തു വകുപ്പ് പരിശോധിച്ചുവരുന്നു. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

## വേലുത്തമ്പിദളവാ സ്മാരകത്തിന്റെ നവീകരണം

260 (3209) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണടി വേലുത്തമ്പിദളവാ സ്മാരകത്തിന്റെ നിലവിലുള്ള പരിമിതികൾ ബോധ്യപ്പെട്ടിട്ടുണ്ടോ;

(ബി) സ്മാരക സമുച്ചയത്തിലുള്ള മ്യൂസിയത്തിന്റെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത സ്മാരക സമുച്ചയ വികസനം സമയബന്ധിതമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) വേലുത്തമ്പിദളവയുടെ ഉടവാൾ മണ്ണടി മ്യൂസിയത്തിൽ എത്തിക്കുന്നതിന് വേണ്ട നടപടിയെടുക്കുമോ?

ഉത്തരം

(എ-സി) മണ്ണടി വേലുത്തമ്പിദളവാ മ്യൂസിയത്തിൽ കൂടുതൽ പ്രദർശന വസ്തുക്കൾ ഉൾപ്പെടുത്തി മനോഹരവും ആധുനികവുമായ രീതിയിൽ മാറ്റി കുട്ടികളെയും പൊതുജനങ്ങളെയും ആകർഷിക്കുന്ന തരത്തിൽ സജ്ജീകരിച്ചുവരുന്നു. കൂടാതെ മ്യൂസിയത്തിൽ എത്തുന്ന വിദ്യാർത്ഥികൾക്കും ഗവേഷകർക്കും കൂടുതൽ പഠന സൗകര്യം ഏർപ്പെടുത്തുന്നതിനായി ആധുനിക രീതിയിലുള്ള ഒരു ലൈബ്രറിയും സജ്ജീകരിക്കുന്നുണ്ട്.

(ഡി) ന്യൂഡൽഹി നാഷണൽ മ്യൂസിയത്തിൽ സൂക്ഷിച്ചിരുന്നതും നിലവിൽ തിരുവനന്തപുരം നേപ്പിയർ മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിട്ടുള്ളതുമായ വേലുത്തമ്പി ദളവയുടെ ഉടവാൾ മണ്ണടി മ്യൂസിയത്തിലേയ്ക്ക് മാറ്റുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## ചന്ദ്രഗിരി കോട്ടയുടെ വികസനം

261 (3210) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിലെ ചന്ദ്രഗിരികോട്ടയുടെ വികസനത്തിനായി തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച ഭരണാനുമതി ഉത്തരവിന്റെ പകർപ്പും എസ്റ്റിമേറ്റും ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കാസർഗോഡ് ജില്ലയിലെ ചന്ദ്രഗിരി കോട്ടയുടെ വികസനത്തിനായി 80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിയ സ.ഉ. (സാധ) 291/17/CAD. തീയതി 4-4-2017 നമ്പർ ഉത്തരവിന്റെയും എസ്റ്റിമേറ്റിന്റെയും പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**കെ.എസ്.ആർ.ടി.സി.റിസർവ് കണ്ടക്ടർ ഒഴിവുകൾ**

262 (3211) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ 29-ാം തീയതി ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം കെ.എസ്.ആർ.ടി.സി., 823 റിസർവ് കണ്ടക്ടർ ഒഴിവുകൾ പി. എസ്. സി. -ക്ക് റിപ്പോർട്ട് ചെയ്തതിൽ നിയമനം നൽകാനായി ശേഷിക്കുന്ന 522 ഒഴിവുകൾ ഒരു വർഷത്തിലേറെ ആയിട്ടും നികത്താത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.-യിൽ നിന്നും ലഭ്യമായ പുതിയ വിവരാവകാശ മറുപടി പ്രകാരം പ്രതീക്ഷിത ഒഴിവുകളടക്കം 741 ഒഴിവുകൾ നിലനിൽക്കെ എന്തുകൊണ്ടാണ് നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാത്തതെന്ന് വ്യക്തമാക്കുമോ;

(സി) 4300 ഓളം താത്കാലിക കണ്ടക്ടർമാർ നിലനിൽക്കെ ഇവരെ ഒഴിവാക്കി പി.എസ്.സി. നിയമന ശിപാർശ ചെയ്തവരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തിനായി സർക്കാർ നിയോഗിച്ച പ്രൊഫ. സുശീൽ ഖന്നയുടെ പ്രാഥമിക വിലയിരുത്തലിൽ നിലവിലുള്ള ഡബിൾഡ്യൂട്ടി സമ്പ്രദായം പരിഷ്കരിച്ച് സിംഗിൾ ഡ്യൂട്ടിയാക്കുവാനും കോർപ്പറേഷനിലെ ബസ് ജീവനക്കാരുടെ അനുപാതം പുനഃക്രമീകരിച്ച് ദേശീയ ശരാശരിയിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എത്തിക്കുവാനും നിഷ്കർഷിക്കുന്നു. നിലവിലെ ഡബിൾ ഡ്യൂട്ടി സമ്പ്രദായം മാറ്റി സിംഗിൾ ഡ്യൂട്ടിയാക്കിമാറ്റുമ്പോൾ കോർപ്പറേഷനിൽ നിലവിലുള്ള കണ്ടക്ടർ, ഡ്രൈവർ വിഭാഗം ജീവനക്കാർ അധികമാകുന്ന അവസ്ഥയുണ്ട്. ഈ സാഹചര്യത്തിൽ പ്രൊഫ. സുശീൽ ഖന്ന കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് കോർപ്പറേഷനിലെ ജീവനക്കാരുടെ അംഗബലം പുനഃക്രമീകരിച്ചശേഷം ടി ഒഴിവുകൾക്ക് സാധ്യതയുണ്ടെങ്കിൽ നിയമന നടപടികളുമായി കോർപ്പറേഷൻ മുന്നോട്ടുപോകുമെന്നാണ് വിലയിരുത്തിയിരിക്കുന്നത്.

(സി) നിലവിൽ കോർപ്പറേഷനിൽ എംപാനൽ ജീവനക്കാർ കണ്ടക്ടർ, ഡ്രൈവർ വിഭാഗങ്ങളിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്. അടിയന്തരഘട്ടങ്ങളിലും സ്ഥിരം ജീവനക്കാരുടെ അവധി കാലയളവുകളിലും സുഗമമായി സർവ്വീസ് നടത്തുവാൻവേണ്ടി മാത്രമാണ് താൽക്കാലിക ജീവനക്കാരെ നിയോഗിച്ചിട്ടുള്ളത്. മാത്രമല്ല ടി ജീവനക്കാരുടെ നിയമനം, ജോലിയിൽ നിന്നും മാറ്റി നിർത്തൽ എന്നിവയുമായി ബന്ധപ്പെട്ട് നിരവധി ഹർജികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലനിൽക്കുന്ന സാഹചര്യത്തിൽ ടി ഹർജികളിന്മേലുള്ള അന്തിമ വിധിക്ക് അനുസരിച്ച് മാത്രമേ കോർപ്പറേഷന് ഇക്കാര്യത്തിൽ ഒരു തീരുമാനം എടുക്കുവാൻ സാധിക്കുകയുള്ളൂ.

**കെ.എസ്.ആർ.ടി.സി. സ്റ്റാൻഡിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് കം ഗ്യാരേജ്**

263 (3212) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം കെ.എസ്.ആർ.റ്റി.സി. സ്റ്റാൻഡിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് കം ഗ്യാരേജ് നിർമ്മിക്കുന്നതിന് എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും രണ്ടുകോടി രൂപ അനുവദിച്ചിരുന്നോ;

(ബി) ഈ പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) അനുവദിച്ചിരുന്നു.

(ബി) ഏപ്രിൽ 2016-ൽ Piling ഉൾപ്പടെ എല്ലാ സ്ട്രക്ചറൽ വർക്കുകളും പ്ലാസ്റ്ററിംഗ്, റൂഫിംഗ്, PCC ഫ്ലോറിംഗ് എന്നിവയും പൂർത്തിയായി. എന്നാൽ മണ്ണിന്റെ പ്രത്യേക ഘടന പ്രകാരം Differential settlement സംഭവിക്കുകയും ഗ്യാരേജ് ഭിത്തിയിൽ വിള്ളലുകൾ കാണപ്പെടുകയും ചെയ്തു. തുടർന്ന് 7.5m താഴ്ചയിൽ 13 Pile-കൾ ചെയ്ത് under priming വർക്കുകൾ നടത്തി കെട്ടിടം

ബലപ്പെടുത്തുന്നതിനുള്ള പ്രവൃത്തി ചെയ്തിരുന്നു. ഇപ്പോൾ കെട്ടിടം കൂടുതൽ ബലപ്പെടുത്തുന്നതിനായി extra 14 pile work നടത്തണമെന്നും കെട്ടിടത്തിന്റെ self weight കുറയ്ക്കണമെന്നുമുള്ള വിദഗ്ദ്ധാഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ പരിശോധിച്ചുവരികയാണ്.

## കെ.എസ്.ആർ.ടി.സി.-യിലെ ഭരണപരമായ മാറ്റങ്ങൾ

264 (3213) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനത്തിൽ ഭരണപരമായ എന്തെല്ലാം മാറ്റങ്ങളാണ് ഈ സർക്കാർ നടത്തിയിട്ടുള്ളത്; അവയുടെ ഫലമായി എന്തെല്ലാം വ്യത്യാസങ്ങളാണ് സ്ഥാപനത്തിന്റെ പ്രവർത്തനത്തിൽ ഉണ്ടായിട്ടുള്ളതെന്നാണ് കരുതുന്നത്;

(ബി) കെ.എസ്.ആർ.ടി.സി.-യിലെ ഉന്നത തസ്തികകളിൽ സ്ഥാനക്കയറ്റം വഴിയും ഡെപ്യൂട്ടേഷൻ വഴിയുമുള്ള നിയമനങ്ങൾക്ക് പകരം നേരിട്ടുള്ള നിയമനങ്ങൾ നടത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകളിലാണ് ഇത്തരത്തിൽ നിയമനം നടത്തിയിട്ടുള്ളത്; എത്ര പേരെ ഇത്തരത്തിൽ നിയമിച്ചിട്ടുണ്ട്;

(സി) ഇത്തരം നിയമനങ്ങളുടെ ഫലമായി ഈ സ്ഥാപനത്തിന്റെ ഭരണപരമായ ചെലവിൽ എന്തെങ്കിലും വർദ്ധനവുണ്ടായിട്ടുണ്ടോ; എങ്കിൽ ഈ ഇനത്തിൽ ഉണ്ടായിട്ടുള്ള അധിക ചെലവ് എത്രയാണെന്ന് അറിയിക്കാമോ?

### ഉത്തരം

(എ&ബി) കെ.എസ്.ആർ.ടി.സി.-യിൽ പ്രൊഫഷണലിസം കൊണ്ടുവരുന്ന തിനായി ജനറൽ മാനേജർ (ഫിനാൻസ് ആന്റ് അഡ്മിനിസ്ട്രേഷൻ), ജനറൽ മാനേജർ (ടെക്നിക്കൽ), ഡെപ്യൂട്ടി ജനറൽ മാനേജർ (ഫിനാൻസ് ആന്റ് അഡ്മിനിസ്ട്രേഷൻ), ഡെപ്യൂട്ടി ജനറൽ മാനേജർ (ഓപ്പറേഷൻസ്), ഡെപ്യൂട്ടി ജനറൽ മാനേജർ (ടെക്നിക്കൽ), ചാർട്ടേഡ് അക്കൗണ്ടന്റ്/കോസ്റ്റ് അക്കൗണ്ട് എന്നീ തസ്തികകളിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. നിയമന നടപടികൾ പൂർത്തിയായിട്ടില്ല.

(സി) നിയമന നടപടികൾ പൂർത്തിയാകാത്തതിനാൽ കണക്കാക്കാനായിട്ടില്ല.

**കെ.എസ്.ആർ.ടി.സി. പുതുതായി ആരംഭിച്ച സർവ്വീസുകൾ**

265 (3214) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പുതുതായി ആരംഭിച്ച സർവ്വീസുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) മിന്നൽ സർവ്വീസ് എന്ന പേരിൽ എത്ര സർവ്വീസുകൾ നടത്തുന്നുണ്ട്; ഈ സർവ്വീസിന്റെ നേട്ടങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) കൂടുതൽ അന്തർസംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. വനിതകൾക്കുമാത്രമായി 'പിങ്ക്' ബസ് സർവ്വീസും ദീർഘദൂരയാത്രക്കാർക്കായി 'മിന്നൽ' സർവ്വീസും ആരംഭിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി. എട്ട് മിന്നൽ സർവ്വീസുകൾ നടത്തുന്നുണ്ട്. ചെലവ് കുറച്ചും സുരക്ഷിതമായ വേഗത്തിലും യാത്രാസൗകര്യം പ്രദാനം ചെയ്യുന്നുവെന്നുള്ളത് ഈ സർവ്വീസിന്റെ നേട്ടമാണ്.

(സി) അന്തർസംസ്ഥാന കരാർ പ്രകാരമാണ് കെ.എസ്.ആർ.ടി.സി. അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തിവരുന്നത്. തമിഴ്നാട്ടുമായുള്ള അന്തർസംസ്ഥാന കരാർ സംബന്ധിച്ച നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. കർണ്ണാടകയിലേയ്ക്ക് കൂടുതൽ അന്തർ സംസ്ഥാന സർവ്വീസുകൾ ഇതിനോടകംതന്നെ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യുടെ സഞ്ചിത നഷ്ടം**

266 (3215) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യുടെ നിലവിലെ സഞ്ചിത നഷ്ടം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി.-യുടെ വരവ് ചെലവുകൾ സന്തുലനമാക്കുക എന്ന ലക്ഷ്യത്തോടുകൂടി നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദീകരിക്കുമോ;

(സി) കെ.എസ്.ആർ.ടി.സി.-യുടെ സമഗ്രപുനരുദ്ധാരണത്തിന് വേണ്ടിയുള്ള പാക്കേജിന് രൂപം നൽകുന്നതിനുള്ള ചർച്ചകൾ എത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തിലെ താൽക്കാലിക കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി.-യുടെ സഞ്ചിത നഷ്ടം 8031.56 കോടി രൂപ.

(ബി) കെ.എസ്.ആർ.ടി.സി.-യെ പുനഃസംഘടിപ്പിക്കുന്നതിനും ലാഭത്തിലേയ്ക്കെത്തിക്കുന്നതിനുമായിട്ടുള്ള സമഗ്ര പാക്കേജിന്റെ ഭാഗമായി പ്രൊഫ. സുശീൽ ഖന്നയെ സർക്കാർ വിശദപഠനം നടത്തുവാൻ കൺസൾട്ടന്റായി ചുമതലപ്പെടുത്തിയിട്ടുണ്ട്. സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി ഇപ്പോൾ കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുള്ള വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യത്തിലേയ്ക്ക് മാറ്റുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതുപ്രകാരം കെ.എസ്.ആർ.ടി.സി.-ക്ക് വായ്പാ തിരിച്ചടവിനത്തിൽ പ്രതിമാസം 45 കോടി രൂപ ലാഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ചർച്ചകൾ നടന്നുവരുന്നു. പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പുനരുദ്ധാരണ പാക്കേജിന്റെ അന്തിമരൂപം തയ്യാറാക്കാനാകൂ.

**കെ.എസ്.ആർ.ടി.സി യിലെ ജോലി സമയം**

267 (3216) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിലെ ബസ് ജീവനക്കാരുടെ ജോലി സമയം പുനഃക്രമീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ ;

(ബി) ഏതെങ്കിലും പഠനങ്ങളുടെയോ കമ്മീഷൻ /കമ്മിറ്റി റിപ്പോർട്ടുകളുടെയോ അടിസ്ഥാനത്തിലാണോ ഈ മാറ്റങ്ങൾ എന്നറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇതുമൂലം കെ.എസ്.ആർ.ടി.സി.-ക്കുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) കെ.എസ്.ആർ.ടി.സി.-യിലെ ഓഫീസ് ജീവനക്കാരുടെ പ്രവൃത്തി സമയത്തിൽ വരുത്തിയ/ വരുത്തുന്ന മാറ്റങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യിലെ ബസ് ജീവനക്കാരുടെ ജോലി സമയം പുനഃക്രമീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടിയാണ് ഇത്തരം നടപടികൾ സ്വീകരിച്ചിട്ടുള്ളത്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്. സാമ്പത്തികമായി വളരെ വലിയ പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന കെ.എസ്.ആർ.ടി.സി.-യിൽ പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായാണ് ഇത്തരം നടപടികൾ സ്വീകരിച്ചിട്ടുള്ളത്. കോർപ്പറേഷന്റെ സമഗ്ര പുനരുദ്ധാരണ നടപടികളുടെ ഭാഗമായി വിവിധ വിഭാഗം ജീവനക്കാരുടെ ജോലിസമയം പുനഃക്രമീകരണത്തിന് വിധേയമാക്കിയിട്ടുണ്ട്. ജനറൽ കൺട്രോളിംഗ് ഇൻസ്പെക്ടർ, ഹെഡ് വെഹിക്കിൾ സൂപ്പർവൈസർ എന്നിവരുടെ ഡ്യൂട്ടിസമയം 05:00 മണി മുതൽ 15:00 മണി വരെയായി പുനഃക്രമീകരിച്ചിട്ടുണ്ട്. സർവ്വീസ് ഓപ്പറേഷന് തടസ്സം നേരിടാത്ത രീതിയിൽ ഈ വിഭാഗം ജീവനക്കാർക്ക് രണ്ട് മണിക്കൂർ വിശ്രമവും അനുവദിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ നിലനിൽപ്പിനെത്തന്നെ ചോദ്യം ചെയ്യുന്ന തരത്തിലുള്ള സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിലേയ്ക്കുള്ള സമഗ്ര പുനരുദ്ധാരണ നടപടികളുടെ ഭാഗമായാണ് ജീവനക്കാരുടെ ജോലി സമയം പുനഃക്രമീകരിക്കുകയുണ്ടായത്.

(സി) കോർപ്പറേഷനിൽ നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുകയും സർവ്വീസ് നടത്തിപ്പിലെ അപാകതകൾ പരിഹരിച്ച് കോർപ്പറേഷനെ അന്തസ്സുറ്റ ഒരു സ്ഥാപനമായി ഉയർത്തുകയെന്നതാണ് പുനരുദ്ധാരണത്തിന്റെ ലക്ഷ്യം.

(ഡി) ആഫീസർമാരുടെയും മിനിസ്റ്റീരിയൽ ജീവനക്കാരുടെയും പ്രവൃത്തിസമയം രാവിലെ 10 മണി മുതൽ 5 മണി വരെ ആയിരുന്നത് രാവിലെ 09:30 മണി മുതൽ വൈകുന്നേരം 05:30 മണി വരെയായി പുനഃക്രമീകരിച്ചിട്ടുണ്ട്.

**വിദ്യാർത്ഥികൾക്കുള്ള യാത്രാപാസ്**

268 (3217) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ, തിരുവമ്പാടി ഓപ്പറേറ്റിംഗ് സെന്റർ എന്നിവിടങ്ങളിൽനിന്നും ആവശ്യത്തിനനുസരിച്ചുള്ള യാത്രാ പാസുകൾ വിദ്യാർത്ഥികൾക്ക് അനുവദിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) മറ്റ് യാത്രാ മാർഗ്ഗങ്ങളില്ലാത്ത മലയോര പ്രദേശങ്ങളിലെ ഇത്തരം വിദ്യാർത്ഥികൾക്ക് യാത്രാപാസ് അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകുമോ?

<u>ഉത്തരം</u>

(എ & ബി) നിലവിലെ ബസ്സുകളുടെ എണ്ണത്തിന്റെ തോത് അനുസരിച്ച് പരമാവധി വിതരണം ചെയ്യുന്നുണ്ട്. തിരുവമ്പാടിയിൽ കൺസെഷൻ കൊടുക്കാവുന്ന റൂട്ടുകളിൽ 12 ബസ്സുകളാണ് സർവ്വീസ് നടത്തുന്നത്. അവിടെ ഫ്രീ പാസ് 1154-ഉം കോളേജ്പാസ് 128-ഉം കൂടി 1282 പാസ്സുകൾ വിതരണം ചെയ്തിട്ടുണ്ട്.

താമരശ്ശേരി-അടിവാരം-കോഴിക്കോട് റൂട്ടിൽ 52 ബസ്സുകൾ സർവ്വീസ് നടത്തുന്നു. ഫ്രീ പാസ് 1163-ഉം കോളേജ്പാസ് 401-ഉം കൂടി 1564 പാസ്സുകൾ വിതരണം ചെയ്തു. ആകെ പാസ്സുകളുടെ എണ്ണം 2846.

**കെ.എസ്.ആർ.ടി.സി. യുടെ സാമ്പത്തിക സ്ഥിതി**

269 (3218) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക സ്ഥിതി എപ്രകാരമാണ്;

(ബി) നിലവിലുള്ള പ്രതിമാസ വരവും ചെലവും എത്രയാണ്;

(സി) ഡ്യൂട്ടി പരിഷ്കരണം ഏർപ്പെടുത്തിയതിനുശേഷം കെ.എസ്.ആർ.ടി.സി. യുടെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യുടെ ശരാശരി പ്രതിമാസ വരുമാനം 160 കോടി രൂപയും ശരാശരി ചെലവ് 310 കോടി രൂപയുമാണ്. പ്രതിമാസം ശമ്പളവും വേതനവും വിതരണം ചെയ്യുന്നതിനായി 86 കോടി രൂപയും

ഡീസൽ ചെലവ് ഇനത്തിൽ 90 കോടി രൂപയും വായ്പ തിരിച്ചടവിന് 87 കോടി രൂപയും ആവശ്യമാണ്. പ്രതിമാസ വരുമാനത്തിൽനിന്നും ടി ചെലവുകൾക്കുപോലുമുള്ള തുക കണ്ടെത്താൻ കഴിയാത്ത സ്ഥിതിയാണ് കെ.എസ്.ആർ.ടി.സി.-ക്കുള്ളത്.

(ബി) വരവ് 160 കോടി രൂപയും ചെലവ് 310 കോടി രൂപയുമാണ്.

(സി) ഡ്യൂട്ടി പാറ്റേൺ ഏകീകരണം പൂർത്തിയായിട്ടില്ലാത്തതിനാൽ കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിലുള്ള വർദ്ധനവ് തിട്ടപ്പെടുത്തിയിട്ടില്ലാത്തതാണ്.

**കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനങ്ങൾ**

270 (3219) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യ്ക്ക് മുഴുവൻ സമയ സി.എം.ഡി.-യുണ്ടോ എന്നറിയിക്കാമോ; ഇല്ലായെങ്കിൽ മുഴുവൻ സമയ സി.എം.ഡി.- യെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് പ്രൊഫഷണലുകളെയും ടെക്നോക്രാറ്റുകളെയും നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-ക്ക് മുഴുവൻ സമയ സി.എം.ഡി. ഇല്ല. നിലവിൽ പരിഗണനയിലില്ല.

(ബി) കെ.എസ്.ആർ.ടി.സി.-യിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി ജനറൽ മാനേജർ (ഫിനാൻസ് ആന്റ് അഡ്മിനിസ്ട്രേഷൻ), ജനറൽ മാനേജർ (ടെക്നിക്കൽ), ഡെപ്യൂട്ടി ജനറൽ മാനേജർ (ഫിനാൻസ് ആന്റ് അഡ്മിനിസ്ട്രേഷൻ), ഡെപ്യൂട്ടി ജനറൽ മാനേജർ (ഓപ്പറേഷൻസ്), ഡെപ്യൂട്ടി ജനറൽ മാനേജർ (ടെക്നിക്കൽ) എന്നീ പുതിയ തസ്തികകളിലേയ്ക്കും അഞ്ച് ചാർട്ടേഡ് അക്കൗണ്ടന്റുമാരെയും കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും ആയതിന്റെ നടപടികൾ പുരോഗമിക്കുകയുമാണ്.

## കെ.എസ്.ആർ.ടി.സി. വാങ്ങിയ പുതിയ ബസ്സുകൾ

271 (3220) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ മാസത്തിനുശേഷം കെ.എസ്.ആർ.ടി.സി. എത്ര പുതിയ ബസ്സുകൾ വാങ്ങുകയുണ്ടായി;

(ബി) ഇത്തരത്തിൽ വാങ്ങിയ ബസ്സുകൾ ഏതെല്ലാം ഡിപ്പോകൾക്കാണ് അനുവദിച്ചുനൽകിയതെന്ന് വ്യക്തമാക്കുമോ;

(സി) പുതിയ ബസ്സുകൾ വാങ്ങുന്നതിനുള്ള സാമ്പത്തിക സ്രോതസ്സ് എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 2016 ജൂൺ മാസത്തിനുശേഷം കെ.എസ്.ആർ.ടി.സി. ഒരു സി.എൻ.ജി. ബസ് വാങ്ങിയിട്ടുണ്ട്. പ്രസ്തുത ബസ്സിന് നികുതിയടക്കം 24,51,327 രൂപ ചെലവായിട്ടുണ്ട്. എന്നാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വാങ്ങിയ 1500 ഷാസികളിൽ 581 എണ്ണം 2016 ജൂൺ മാസത്തിനുശേഷമാണ് ബോഡി നിർമ്മിച്ച് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി നിരത്തിലിറക്കിയത്. കൂടാതെ ജൻറം രണ്ടാംഘട്ട പദ്ധതി പ്രകാരം 112 നോൺ എ.സി. ബസ്സുകളും ലഭിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യിലെ അംഗീകൃത സംഘടനയായ കെ.എസ്.ആർ.ടി. എംപ്ലോയീസ് അസോസിയേഷൻ (CITU) ഒരു ബസ് സൗജന്യമായി വാങ്ങി നൽകിയിട്ടുണ്ട്.

(ബി) ഈ ബസ്സുകൾ അനുവദിച്ചു നൽകിയ ഡിപ്പോകളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) മേൽപ്പറഞ്ഞ ഒരു സി.എൻ.ജി. ബസ്സിന് പ്ലാൻ ഇനത്തിൽ സർക്കാരിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. ഡീലക്സ് ബസുകൾ

272 (3221) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാലു വർഷത്തോളം പഴക്കമുള്ള എത്ര ഡീലക്സ് ബസുകൾ വിവിധ കെ.എസ്.ആർ.ടി.സി.ഡിപ്പോകളിൽ സർവ്വീസ് നടത്താൻ കഴിയാതെ കിടപ്പുണ്ട്; അവയുടെ വിശദാംശങ്ങൾ നൽകുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കൊട്ടാരക്കര ഡിപ്പോയിൽനിന്നും പുതിയ ദീർഘദൂര/അന്തർ സംസ്ഥാന സർവ്വീസ് ആരംഭിച്ചിട്ട് എത്ര നാളായി എന്ന് വ്യക്തമാക്കാമോ;

(സി) കൊട്ടാരക്കര ഡിപ്പോയിൽനിന്ന് മൈസൂർ, കണ്ണൂർ, മാനന്തവാടി എന്നിവിടങ്ങളിലേക്ക് പുതിയ സർവ്വീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നാലുവർഷത്തോളം പഴക്കമുള്ള 21 ഡീലക്സ് ബസുകൾ താഴെപ്പറയുന്ന വർക്ക്ഷോപ്പ്/ഡിപ്പോകളിലായി സർവ്വീസ് നടത്താതെ കിടപ്പുണ്ട്.

| | | |
|---|---|---|
| കണ്ണൂർ | - | 2 |
| സെൻട്രൽ വർക്സ് | - | 1 |
| റീജിയണൽ വർക്ക്ഷോപ്പ്, ആലുവ | - | 3 |
| റീജിയണൽ വർക്ക്ഷോപ്പ്, എടപ്പാൾ | - | 11 |
| പുനലൂർ | - | 1 |
| എറണാകുളം | - | 1 |
| പെരുമ്പാവൂർ | - | 2 |

ബാക്കിയുള്ള 29 ബസുകൾ വിവിധ ഡിപ്പോകളിൽ സർവ്വീസ് നടത്തിവരുന്നു. പുതിയ എയർ സസ്പെൻഷൻ ഷാസികളിൽ ബോഡി നിർമ്മാണം പൂർത്തിയാക്കി നിരത്തിലിറക്കിയ പുതിയ ഡീലക്സ് ബസുകൾ ഉപയോഗിക്കുകയും പഴയ 50 ഡീലക്സ് ബസുകൾ മാറ്റപ്പെടുകയുമുണ്ടായി. ഈ ഡീലക്സ് ബസുകൾ ടേക്ക് ഓവർ സർവ്വീസുകൾക്ക് ബസ്സുകളുടെ ഉപയോഗത്തിനായി നൽകുകയും താഴ്ന്ന ക്ലാസിലുള്ള സർവ്വീസുകൾ അപ്ഗ്രേഡ് ചെയ്യുകയും ചെയ്തുവരുന്നു. ബാക്കിയുള്ള 21 ബസുകളിൽ സൂപ്പർ ഡീലക്സായി ഓടുന്നതിന് യോജിച്ചവ സൂപ്പർ ഡീലക്സായും അല്ലാത്തവ താഴ്ന്ന ശ്രേണിയിലുള്ള എക്സ്പ്രസ്, സൂപ്പർ ഫാസ്റ്റ് മുതലായ ബസുകളായും രൂപാന്തരണം (conversion) ചെയ്യുന്നതിനുമുള്ള ജോലികൾ സെൻട്രൽ-റീജിയണൽ വർക്ക്ഷോപ്പുകളിൽ നടന്നുവരുന്നു. ഈ ബസുകൾ ഉടൻതന്നെ ഓണക്കാലത്ത് പ്രത്യേക സർവ്വീസ് നടത്തുവാൻ തയ്യാറാക്കി നൽകുന്നതാണ്.

(ബി) കൊട്ടാരക്കര ഡിപ്പോയിൽനിന്നും ദീർഘദൂര/അന്തർസംസ്ഥാന സർവ്വീസ് ആരംഭിച്ചിട്ട് 15 വർഷമായി.

(സി) കൊട്ടാരക്കര ഡിപ്പോയിൽനിന്നും മൈസൂർ സർവ്വീസ് ആരംഭിക്കേണ്ടത് അന്തർ സംസ്ഥാന കരാറിന്റെ അടിസ്ഥാനത്തിലാണ്. നിലവിലുള്ള കരാർ പ്രകാരം പുതിയ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുവാൻ സാധിക്കുന്നില്ല. നിലവിലെ സാഹചര്യത്തിൽ കണ്ണൂർ, മാനന്തവാടി എന്നിവിടങ്ങളിലേയ്ക്ക് പുതിയ സർവ്വീസ് ആരംഭിക്കുവാനുള്ള നടപടി നിലവിൽ സ്വീകരിക്കുവാൻ സാധിക്കുന്നില്ല.

## ടൈംടേബിൾ സെല്ലിന്റെ പ്രവർത്തനം

273 (3222) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. കേന്ദ്ര ഓഫീസിലെ ടൈംടേബിൾ സെല്ലിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സെല്ലിൽ എത്ര ജീവനക്കാരാണ് സേവനമനുഷ്ഠിച്ചു വരുന്നത്;

(സി) ഈ വിഭാഗത്തിൽ ജീവനക്കാരെ നിയമിക്കുന്നതിന് എന്തെങ്കിലും പ്രത്യേക വ്യവസ്ഥകൾ നിലവിലുണ്ടോ; വിശദമാക്കാമോ;

(ഡി) 2010 മുതൽ പ്രസ്തുത സെല്ലിൽ എത്ര ഫയലുകൾ ആരംഭിച്ചിട്ടുണ്ട്; എത്ര ഫയലിൽ നടപടികൾ തീർപ്പാക്കിയിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ഇ) നിലവിൽ കെ.എസ്.ആർ.ടി.സി.-യ്ക്ക് സാമ്പത്തിക ബാധ്യതയുള്ള സാഹചര്യത്തിൽ പ്രസ്തുത സെല്ലിൽ പരമാവധി ജീവനക്കാരെ കുറച്ച് കമ്പ്യൂട്ടർവൽക്കരണത്തിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

### ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിലും കെ.യു.ആർ.ടി.സി.-യിലുമുള്ള ഷെഡ്യൂളുകളുടെ സമയക്രമം നിശ്ചയിക്കൽ, ക്രൊണോളജി തയ്യാറാക്കൽ, ഫെയർ ടേബിളുകൾ തയ്യാറാക്കൽ, നിലവിലുള്ളതും പുതിയതുമായ ചെയിൻ സർവ്വീസുകളുടെ സമയക്രമീകരണം നിശ്ചയിക്കൽ, നിലവിലുള്ള വ്യവസ്ഥകൾക്കും നിയമങ്ങൾക്കും വിധേയമായി ഡ്യൂട്ടി പാറ്റേൺ നിശ്ചയിക്കൽ, അംഗീകൃത ഷെഡ്യൂൾ പ്രകാരം സർവ്വീസ് ഓപ്പറേഷൻ നടത്തുന്നുണ്ടോയെന്ന് ഡിപ്പോകളിൽ നേരിട്ട് പരിശോധന നടത്തൽ, വിവരാവകാശ നിയമപ്രകാരം ഷെഡ്യൂൾ, ഫെയർ, ഡ്യൂട്ടി പാറ്റേൺ സംബന്ധമായ ചോദ്യങ്ങൾക്ക് മറുപടി നൽകൽ, മേഖലാതലത്തിലുള്ള മീറ്റിംഗുകളിൽ പങ്കെടുത്ത് ഷെഡ്യൂൾ ഓപ്പറേഷനുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ റിപ്പോർട്ട് ചെയ്യൽ തുടങ്ങിയവയാണ് ടൈം ടേബിൾ സെല്ലിന്റെ ജോലി. കൂടാതെ കെ.എസ്.ആർ.ടി.സി.യിലുണ്ടാകുന്ന ഫെയർ റിവിഷൻ, ഇന്റർ സ്റ്റേറ്റ് എഗ്രിമെന്റുള്ള സംസ്ഥാനങ്ങളിലെ ഫെയർ റിവിഷൻ എന്നിവയ്ക്കുള്ള ഫെയർ ടേബിളുകൾ തയ്യാറാക്കുന്നതും ഈ സെക്ഷന്റെ ചുമതലയാണ്.

(ബി) നിലവിൽ 8 ജീവനക്കാർ ജോലി ചെയ്യുന്നു. (ഇൻസ്പെക്ടർ-5, കണ്ടക്ടർ-3)

(സി) പ്രത്യേക വ്യവസ്ഥകൾ നിലവിലില്ല. എന്നാൽ സർവ്വീസ് ഓപ്പറേഷനുമായും റൂട്ടുകൾ സംബന്ധിച്ചും അറിവും പരിജ്ഞാനവുമുള്ള ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാരെ (കണ്ടക്ടർ, സ്റ്റേഷൻ മാസ്റ്റർ, ഇൻസ്പെക്ടർ)യാണ് ഈ സെക്ഷനിൽ നിയമിക്കുന്നത്.

(ഡി) ഈ സെക്ഷൻ മറ്റ് സെക്ഷനുകളെപ്പോലെ ഫയൽ വർക്കുകൾ നടത്തുന്നതോടൊപ്പം പ്രതിവർഷം 5661 ഷെഡ്യൂളുകളുടെ പരിശോധനയും പുനഃക്രമീകരണവും നടത്തിവരുന്നു. ഇവ ഓരോന്നും ഒരു ഫയലിന് തുല്യമാണ്. കൂടാതെ രണ്ടായിരത്തോളം സൂപ്പർ ക്ലാസ് സർവ്വീസുകൾക്കാവശ്യമായ ഫെയർ ടേബിളുകൾ തയ്യാറാക്കുന്നതും ഈ സെക്ഷനിൽ നിന്നാണ്. കൂടാതെ 1-1-2010 മുതൽ നാളിതുവരെ ട്രാൻസിറ്റ് ബുക്കുകളിലെ കണക്കുകൾ പ്രകാരം 2346 ഫയലുകൾ പരിശോധിച്ച് തീർപ്പാക്കുന്നതിലേയ്ക്കായി ബന്ധപ്പെട്ട സെക്ഷനുകളിൽ നൽകിയിട്ടുണ്ട്.

(ഇ) പൂർണ്ണ കമ്പ്യൂട്ടർവൽക്കരണ നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. അത് പൂർത്തിയാകുന്ന മുറയ്ക്ക് ജീവനക്കാരുടെ എണ്ണത്തിൽ കുറവ് വരുത്തുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**കെ. എസ്.ആർ.ടി.സി. ബസ്സിൽ വച്ച് നഷ്ടപ്പെട്ടുപോകുന്ന സാധനങ്ങൾ**

274 (3223) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസിൽ വച്ച് യാത്രക്കാരിൽനിന്നും നഷ്ടപ്പെട്ടു പോകുന്ന സാധനങ്ങൾ തിരികെ ഉടമസ്ഥരെ ഏൽപ്പിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ വിശദമാക്കാമോ;

(ബി) തിരികെ ഏൽപ്പിക്കാത്ത വസ്തുക്കൾ കെ.എസ്.ആർ.ടി.സി.-യിലേക്ക് മുതൽ കൂട്ടാറുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) ഉടമസ്ഥർ ഇല്ലാതെ ലഭിക്കുന്ന വില കൂടിയ വസ്തുക്കൾ കെ.എസ്.ആർ.ടി.സി.-യിൽ ഏൽപ്പിക്കാൻ ജീവനക്കാർക്ക് എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്;

(ഡി) ഇത്തരത്തിൽ ഏൽപ്പിക്കാത്ത ജീവനക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ബസിൽ വച്ച് യാത്രക്കാരിൽനിന്ന് നഷ്ടപ്പെട്ടു ലഭിക്കുന്ന സാധനങ്ങളിൽ നിന്നുള്ള വിലാസത്തിൽ ഉടമസ്ഥനെ അറിയിക്കുകയും ഉടമസ്ഥനിൽനിന്നും ബന്ധപ്പെട്ട യൂണിറ്റ് അധികാരി ലഭിച്ച സാധനത്തിന്റെ മതിപ്പ് വില നിശ്ചയിച്ച് വിലയുടെ 10% സൂക്ഷിക്കുന്നതിനുള്ള തുകയായി ഈടാക്കിയശേഷം രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തി സാധനങ്ങൾ തിരികെ ഏൽപ്പിക്കുന്ന സംവിധാനമാണ് തുടർന്നുവരുന്നത്.

(ബി) ഉണ്ട്. യൂണിറ്റ് തലത്തിൽനിന്നും ലഭിക്കുന്ന സാധനങ്ങൾക്കായി ഒരു മാസത്തിനകം ഉടമസ്ഥൻ സമീപിക്കാത്തപക്ഷം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ച് ലേലം ചെയ്യുന്നതാണ്. എന്നാൽ ഉടമസ്ഥരില്ലാത്ത സ്വർണ്ണം, വെള്ളി എന്നീ സാധനങ്ങൾ കോർപ്പറേഷന്റെ കേന്ദ്ര ഓഫീസായ ട്രാൻസ്പോർട്ട് ഭവനിൽ എത്തിക്കുകയും തീയതി നിശ്ചയിച്ച് പത്രപരസ്യം നൽകി ടി സാധനങ്ങൾ കേന്ദ്ര ഓഫീസിൽ വച്ച് ലേലം ചെയ്യുകയും ചെയ്യുന്നു. ഇതിൽനിന്നും ലഭിക്കുന്ന തുക കോർപ്പറേഷന്റെ ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുന്നതാണ്.

(സി) ഉടമസ്ഥരില്ലാതെ നഷ്ടപ്പെട്ട് ലഭിക്കുന്ന സാധനങ്ങൾ ബന്ധപ്പെട്ട യൂണിറ്റിൽ ഏൽപ്പിക്കുന്നത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ കോർപ്പറേഷൻ നൽകിയിട്ടുണ്ട്.

(ഡി) നടപടികൾ സ്വീകരിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി. ട്രാവൽ കാർഡുകൾ

275 (3224) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സ്ഥിരം യാത്രക്കാർക്കായി ഏർപ്പെടുത്തിയിട്ടുള്ള ട്രാവൽ കാർഡുകൾ വിജയകരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ;

(ബി) ട്രാവൽ കാർഡിന് കൂടുതൽ പ്രചരണം കൊടുക്കുവാൻ കെ.എസ്.ആർ.ടി.സി ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) ട്രാവൽ കാർഡുകൾ കെ.എസ്.ആർ.ടി.സി.-യ്ക്ക് ലാഭകരമാണോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ സ്ഥിരം യാത്രക്കാർക്കായി ഏർപ്പെടുത്തിയ യാത്രാ കാർഡ് മുഖേന ടിക്കറ്റിന് ആനുപാതികമായി വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ജൂലായ് 31 വരെയുള്ള കണക്കനുസരിച്ച് ട്രാവൽ കാർഡ് ഇനത്തിൽ 3,68,91,000 രൂപ കോർപ്പറേഷന് വരുമാനമായി ലഭിച്ചിട്ടുണ്ട്.

(ബി) ട്രാവൽ കാർഡുകളുടെ വിവരങ്ങൾ എല്ലാ ഡിപ്പോകളിലൂടെയും മറ്റ് സാമൂഹ്യമാധ്യമങ്ങൾ വഴിയും ആവശ്യമായ പ്രചരണം നടത്തുന്നുണ്ട്.

(സി) യാത്രാ കാർഡ് മുഖേന ടിക്കറ്റിന് ആനുപാതികമായി വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

## ഡ്രൈവർ, കണ്ടക്ടർ തസ്തികകളിലെ നിയമനം

276 (3225) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഡ്രൈവർ, കണ്ടക്ടർ തസ്തികകളിലെ നിയമനത്തിന് പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടോ;

(ബി) പ്രസ്തുത തസ്തികകളിൽ പി.എസ്.സി. അഡ്വൈസ് ലഭിച്ചവർക്ക് നിയമനം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ നിയമനം നൽകാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തസ്തികകളിൽ നിലവിലില്ലാത്ത ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തതുമായി ബന്ധപ്പെട്ട് ചീഫ് ഓഫീസിലെ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) നിലവിലില്ല.

(ബി) കെ.എസ്.ആർ.ടി.സി.യിൽ കണ്ടക്ടർ തസ്തികയിൽ അഡ്വൈസ് ലഭിച്ചവർക്ക് നിയമനം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡ്രൈവർ തസ്തികയിൽ അഡ്വൈസ് ലഭിച്ച എല്ലാവർക്കും നിയമനം നൽകിയിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണത്തിനായി സർക്കാർ നിയോഗിച്ച പ്രൊഫ. സുശീൽ ഖന്നയുടെ പ്രാഥമിക വിലയിരുത്തലിൽ നിലവിലുള്ള ഡബിൾ ഡ്യൂട്ടി സമ്പ്രദായം പരിഷ്കരിച്ച് സിംഗിൾ ഡ്യൂട്ടിയാക്കുവാനും കോർപ്പറേഷനിലെ ബസ് ജീവനക്കാരുടെ അനുപാതം പുനഃക്രമീകരിച്ച് ദേശീയ ശരാശരിയിൽ എത്തിക്കുവാനും നിഷ്കർഷിക്കുന്നു. നിലവിലെ ഡബിൾ ഡ്യൂട്ടി സമ്പ്രദായം മാറ്റി സിംഗിൾ ഡ്യൂട്ടിയാക്കി മാറുമ്പോൾ കോർപ്പറേഷനിൽ നിലവിലുള്ള കണ്ടക്ടർ, ഡ്രൈവർ വിഭാഗം ജീവനക്കാർ അധികമാകുന്ന അവസ്ഥയുണ്ട്. ഈ സാഹചര്യത്തിൽ പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് കോർപ്പറേഷനിലെ ജീവനക്കാരുടെ അംഗബലം പുനഃക്രമീകരിച്ചശേഷം ടി ഒഴിവുകൾക്ക് സാധുതയുണ്ടെങ്കിൽ നിയമന നടപടികളുമായി കോർപ്പറേഷൻ മുന്നോട്ടുപോകുന്നതാണ്.

(ഡി) നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

## കെ.എസ്.ആർ.ടി.സി. സർവ്വീസ് പുനരാരംഭിക്കാൻ നടപടി

277 (3226) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുഞ്ചക്കരിയിൽനിന്ന് കിഴക്കേകോട്ട,കേശവദാസപുരം വഴി മെഡിക്കൽ കോളേജിലേക്ക് രാവിലെ 8.45-ന് ഉണ്ടായിരുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസ് ഇപ്പോൾ നിർത്തലാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സർവ്വീസ് പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വരുമാനം കുറവുള്ള സർവ്വീസുകൾ പുനഃക്രമീകരിച്ച് വരുമാനം കൂടുതലുള്ള സർവ്വീസുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ നടന്നുവരുന്നതിനാൽ നിലവിൽ പ്രസ്തുത സർവ്വീസ് പുനരാരംഭിക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ നിർവ്വാഹമില്ല.

## കെ.എസ്.ആർ.ടി.സി. സർവ്വീസ് നിർത്തിവയ്ക്കുന്ന സാഹചര്യത്തിൽ ജീവനക്കാരുടെ ഹാജർ

278 (3227) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പണിമുടക്ക്, ഹർത്താൽ ദിവസങ്ങളിൽ സർവ്വീസ് നിർത്തിവയ്ക്കുന്ന സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ ജോലിയ്ക്കെത്തുന്ന കണ്ടക്ടർ, ഡ്രൈവർ തസ്തികകളിൽപ്പെട്ടവരെ ഹാജർ രേഖപ്പെടുത്താൻ അനുവദിക്കാറുണ്ടോ;

(ബി) എങ്കിൽ സ്ഥിരം/എംപ്ലോയ്മെന്റ്/എംപാനൽ (ഷെഡ്യൂൾ ഉള്ളവർക്കും ഇല്ലാത്തവർക്കും) ജീവനക്കാർക്ക് ഏതെല്ലാം രീതിയിലാണ് ഹാജർ രേഖപ്പെടുത്താൻ അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുവദിക്കാറുണ്ട്.

(ബി) പണിമുടക്ക് കാരണം സർവ്വീസ് നിർത്തിവയ്ക്കുന്ന സാഹചര്യത്തിൽ ജോലിക്കെത്തുന്ന സ്ഥിരം ജീവനക്കാർ കൺട്രോൾ ഷീറ്റിലും എംപാനൽ ജീവനക്കാർ സ്റ്റേഷൻ മാസ്റ്ററുടെ ഓഫീസിൽ പ്രസ്തുത ആവശ്യത്തിലേയ്ക്കായി സൂക്ഷിച്ചിട്ടുള്ള പ്രത്യേക രജിസ്റ്ററിലും ഒപ്പ് വയ്ക്കാനുള്ള നിർദ്ദേശമാണ് നൽകിയിട്ടുള്ളത്.

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളവും പെൻഷനും**

279 (3228) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം, പെൻഷൻ എന്നിവ മുടങ്ങിയതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശമ്പളവും പെൻഷനും മുടങ്ങാതെ കൃത്യമായി വിതരണം ചെയ്യുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) മുടങ്ങിയിട്ടുള്ള ശമ്പളവും പെൻഷനും ഓണത്തിന് മുമ്പായി വിതരണം ചെയ്യുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.യെ പുനഃസംഘടിപ്പിക്കുന്നതിനും പുനരുദ്ധരിച്ച് ലാഭത്തിലേയ്ക്കെത്തിക്കുന്നതിനുമായിട്ടുള്ള സമഗ്ര പാക്കേജിന്റെ ഭാഗമായി പ്രൊഫ. സുശീൽ ഖന്നയെ വിശദപഠനം നടത്തുവാൻ കൺസൾട്ടന്റായി സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സാമ്പത്തിക പുന:ക്രമീകരണത്തിന്റെ ഭാഗമായി ഇപ്പോൾ കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുള്ള വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യത്തിലേയ്ക്ക് മാറ്റുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതുപ്രകാരം കെ.എസ്.ആർ.ടി.സി.ക്ക് വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം 45 കോടി രൂപ ലാഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പ്രസ്തുത നടപടികളുടെ പൂർത്തീകരണം നടന്നുകഴിഞ്ഞാൽ ശമ്പളവും പെൻഷനും മുടങ്ങാതെ കൃത്യമായി വിതരണം ചെയ്യുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) വിവിധ ധനകാര്യസ്ഥാപനങ്ങളിൽനിന്നും വായ്പ ലഭ്യമാക്കുവാനുള്ള ശ്രമങ്ങൾ നടത്തിവരികയാണ്. വായ്പാ തുക എത്രയുംവേഗം ലഭ്യമാക്കി ശമ്പളവും പെൻഷനും ഓണത്തിനുമുമ്പ് വിതരണം ചെയ്യുവാനുള്ള നടപടി കെ.എസ്.ആർ.ടി.സി. സ്വീകരിച്ചുവരുന്നു.

**കെ.എസ്.ആർ.ടി.സി.യെ സേവനപരവും കാര്യക്ഷമവുമാക്കുന്നതിന് നടപടി**

280 (3229) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ കൂടുതൽ സേവനപരവും കാര്യക്ഷമവുമാക്കി നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം നൽകുമോ;

(ബി) ഇക്കാര്യത്തിൽ തൊഴിലാളി സംഘടനകളുടെ ക്രിയാത്മക നിർദ്ദേശങ്ങൾ സ്വീകരിച്ച് ഐക്യത്തോടെ നയങ്ങൾ നടപ്പിലാക്കുമോ; ഇക്കാര്യത്തിലുള്ള നിലപാട് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യെ കൂടുതൽ സേവനപരവും കാര്യക്ഷമവുമാക്കി മാറ്റുന്നതിന്റെ ഭാഗമായി സർവ്വീസുകൾ മുടക്കംകൂടാതെ നടത്തുന്നതിലേയ്ക്കായി നിലവിലുള്ള ജീവനക്കാരുടെ ഡ്യൂട്ടി പരിഷ്കരിക്കുകയും എല്ലാ ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുവാനുമുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. യാത്രക്കാർക്ക് ചുരുങ്ങിയ സമയംകൊണ്ട് കൃത്യസ്ഥലത്ത് എത്തിച്ചേരുന്നതിന് 'മിന്നൽ' സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ തൊഴിലാളി സംഘടനകളുടെ ക്രിയാത്മകമായ നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ടാണ് നയങ്ങൾ നടപ്പിലാക്കിവരുന്നത്.

(ചോദ്യം നമ്പർ 3230 പിൻവലിച്ചു)

**കെ.എസ്.ആർ.ടി.സി.-യും കെ.ടി.ഡി.എഫ്.സി.-യും സംയുക്തമായി നിർമ്മിച്ച കെട്ടിട സമുച്ചയങ്ങൾ**

281 (3231) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലയളവിൽ കെ.എസ്.ആർ.ടി.സി.-യും കെ.ടി.ഡി.എഫ്.സി.-യും സംയുക്തമായി, മറ്റ് സ്ഥാപനങ്ങളിൽനിന്ന് വായ്പയെടുത്ത്, എത്ര കെട്ടിടസമുച്ചയങ്ങൾ പണിതു; അവയ്ക്കായി എത്ര തുക ചെലവായി; ഇതിൽ കെ.എസ്.ആർ.ടി.സി. ചെലവാക്കിയ തുക എത്ര; ഇതര മേഖലകളിൽനിന്നും കടം വാങ്ങിയ തുക എത്ര; ഇവയിൽ പൂർണ്ണമായും പണികൾ പൂർത്തീകരിച്ചവ ഏതെല്ലാം; സമുച്ചയങ്ങൾ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.-യ്ക്ക് ഇവയിൽ ഓരോന്നിൽനിന്നും വാടക ഇനത്തിൽ ലഭിക്കുന്ന തുക എത്ര; ഓരോ സമുച്ചയത്തിലും എത്ര ശതമാനം വാടകയ്ക്കു നൽകി; എത്ര ഭാഗം ഒഴിഞ്ഞു കിടക്കുന്നു; ഇതുമൂലമുണ്ടാകുന്ന നഷ്ടം എത്ര; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത കെട്ടിട സമുച്ചയങ്ങളിൽനിന്നും ലഭിക്കുന്ന പ്രതിമാസ വരുമാനം എത്രയെന്നും ഇവയുടെ നിർമ്മാണത്തിന് കടമെടുത്ത തുകയിൽ പലിശയിനത്തിൽ വിവിധ സ്ഥാപനങ്ങൾക്ക് നൽകേണ്ട പ്രതിമാസ തുക എത്രയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മുൻ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ആർ.ടി.സി.യുടെ സ്ഥലത്ത് കെ.റ്റി.ഡി.എഫ്.സി. ബി.ഒ.ടി. വ്യവസ്ഥയിൽ 4 ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകൾ പണിതു. അവ തമ്പാനൂർ, അങ്കമാലി, തിരുവല്ല, കോഴിക്കോട് എന്നിവയാണ്. ഈ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി മറ്റ് സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുത്തിട്ടില്ല. കെ.റ്റി.ഡി.എഫ്.സി.-യിൽ പൊതുജനങ്ങൾ നിക്ഷേപിച്ചിട്ടുള്ള സ്ഥിര നിക്ഷേപത്തുക ഉപയോഗിച്ചാണ് മുകളിൽ സൂചിപ്പിച്ചിരിക്കുന്ന ബസ് ടെർമിനൽ കോംപ്ലക്സുകൾ നിർമ്മിച്ചിട്ടുള്ളത്. അവയുടെ നിർമ്മാണത്തിനായി കെ.റ്റി.ഡി.എഫ്.സി. വിനിയോഗിച്ച തുകയുടെ കണക്ക് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| തമ്പാനൂർ | - | 80.97 കോടി രൂപ |
| തിരുവല്ല | - | 46.43 കോടി രൂപ |
| അങ്കമാലി | - | 37.59 കോടി രൂപ |
| കോഴിക്കോട് | - | 72.95 കോടി രൂപ. |

കെട്ടിടനിർമ്മാണത്തിനായി കെ.എസ്.ആർ.ടി.സി. ചെലവുകളൊന്നും നടത്തിയിട്ടില്ല.

തമ്പാനൂർ, തിരുവല്ല, അങ്കമാലി, കോഴിക്കോട് എന്നീ ബസ് ടെർമിനൽ കോംപ്ലക്സുകളുടെ പണികൾ പൂർണ്ണമായും പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ തിരുവല്ല ബസ് ടെർമിനൽ കോംപ്ലക്സിൽ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്, കേരള പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നീ വകുപ്പുകൾ നിഷ്കർഷിച്ച ചില ജോലികളും, കോഴിക്കോട് ബസ് ടെർമിനൽ കോംപ്ലക്സിൽ ഡ്രെയിനേജ് സംബന്ധിച്ച ചില ജോലികളും ചെയ്തു തീർക്കാനുണ്ട്.

(ബി) തമ്പാനൂർ, തിരുവല്ല, അങ്കമാലി എന്നീ ബസ് ടെർമിനൽ കോംപ്ലക്സുകളിൽനിന്നും കെ.റ്റി.ഡി.എഫ്.സി.-ക്ക് വാടക ലഭിക്കുന്നു. ഓരോ ബസ് ടെർമിനൽ കോംപ്ലക്സിലെയും ആകെ വരുമാനത്തിൽനിന്നും ആകെ ചെലവ് കഴിഞ്ഞുവരുന്ന തുകയുടെ 50% ആന്യുറ്റി ഇനത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് നൽകുന്നുണ്ട്. അങ്കമാലി ബസ് ടെർമിനൽ കോംപ്ലക്സിന്റെ ആന്യുറ്റിയായി 2,62,82,185 രൂപ ജൂലൈ 2012 മുതൽ ജൂൺ 2017 വരെയുള്ള കാലയളവിലേയ്ക്ക് കെ.എസ്.ആർ.ടി.സി.-ക്ക് നൽകിക്കഴിഞ്ഞു. മറ്റ് പ്രോജക്ടുകളിലെ ആന്യുറ്റി തുക എത്രയുണ്ടെന്ന് കണക്കാക്കാൻ വേണ്ടിയുള്ള ആഡിറ്റ് നടന്നുവരുന്നു. കോഴിക്കോട്

കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ് ഒറ്റ യൂണിറ്റായി M/s MAK Associates എന്ന സ്ഥാപനത്തിന് നൽകുവാൻ തീരുമാനമുണ്ടായെങ്കിലും കോടതിയിൽ കേസ് നിലനിൽക്കുന്നതുകാരണം വാടക ലഭിച്ചു തുടങ്ങിയിട്ടില്ല. മറ്റുള്ള കെട്ടിട സമുച്ചയങ്ങളിൽനിന്നും ലഭിക്കുന്ന പ്രതിമാസ വാടകയുടെ കണക്ക് ചുവടെ ചേർക്കുന്നു:

തമ്പാനൂർ-14,11,155 രൂപ (പേ ആന്റ് പാർക്ക്, പേ ആന്റ് യൂസ് ഉൾപ്പെടെ)

തിരുവല്ല-2,34,352 രൂപ (പേ ആന്റ് പാർക്ക്, പേ ആന്റ് യൂസ് ഉൾപ്പെടെ)

അങ്കമാലി-18,09,387 രൂപ (പേ ആന്റ് പാർക്ക്, പേ ആന്റ് യൂസ് ഉൾപ്പെടെ)

കോഴിക്കോട്- 4,69,167 രൂപ (പേ ആന്റ് പാർക്ക്, പേ ആന്റ് യൂസ് മാത്രം)

ഓരോ ബസ് ടെർമിനൽ കോംപ്ലക്സിലും വാടകയ്ക്ക് നൽകിയിട്ടുള്ള ഏരിയയും ഒഴിഞ്ഞുകിടക്കുന്ന ഏരിയയുടെ ശതമാനവും ഒഴിഞ്ഞുകിടക്കുന്നതുമൂലമുള്ള നഷ്ടത്തിന്റെ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത കെട്ടിട സമുച്ചയങ്ങളിൽനിന്നും ലഭിക്കുന്ന പ്രതിമാസ വരുമാനം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| തമ്പാനൂർ | - | 14,11,155 രൂപ |
| തിരുവല്ല | - | 2,34,352 രൂപ |
| അങ്കമാലി | - | 18,09,387 രൂപ |
| കോഴിക്കോട് | - | 4,69,167 രൂപ |

പ്രസ്തുത കെട്ടിട സമുച്ചയങ്ങളുടെ നിർമ്മാണത്തിന് മറ്റ് സ്ഥാപനങ്ങളിൽ നിന്നും പലിശയ്ക്ക് വായ്പ എടുത്തിട്ടില്ല.

## കെ.എസ്.ആർ.ടി.സി.-ക്ക് വിദേശ ഏജൻസിയിൽനിന്നും സാമ്പത്തിക സഹായം

282 (3232) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ നവീകരണത്തിനുവേണ്ടി ഏതെങ്കിലും വിദേശ രാജ്യത്തുനിന്നും കുറഞ്ഞ പലിശയ്ക്ക് പണം കടമെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെനിന്ന്, എത്ര തുകയാണ് കടമായി എടുക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമായി വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഇത്തരത്തിൽ വായ്പ നൽകുന്ന വിദേശ ഏജൻസികളുടെ പ്രവർത്തന പശ്ചാത്തലം, വിശ്വസനീയത, സുതാര്യത എന്നിവ ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) വിദേശ ഏജൻസിയിൽനിന്നും സാമ്പത്തിക സഹായം സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമുണ്ടോ;

(ഇ) അനുമതി ആവശ്യമുണ്ടെങ്കിൽ ആയത് നേടിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-ഇ) കൊച്ചി മേഖലയിൽ ലോ കാർബൺ ബസുകൾ നിരത്തിലിറക്കുന്നതിനായി kfw (ജർമ്മൻ ധനകാര്യ സ്ഥാപനം)-യിൽനിന്നും വായ്പ ലഭ്യമാക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. ടി പ്രോജക്ടിന് ഏകദേശം 586.26 കോടി രൂപ ചെലവ് വരുമെന്നാണ് പ്രാഥമിക നിഗമനം. ടി പരിശോധന പൂർത്തിയായതിനുശേഷം മാത്രമേ കൂടുതൽ വിവരം ലഭ്യമാക്കാനാകുകയുള്ളൂ.

**കെ.എസ്.ആർ.ടി.സി.-യുടെ കടബാധ്യത**

283 (3233) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ കടബാധ്യത എത്രയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

31-3-2017-ൽ അവസാനിച്ച വർഷത്തിലെ താൽക്കാലിക കണക്കനുസരിച്ച്

<u>ബാധ്യതകൾ</u>

| | |
|---|---|
| സർക്കാരിൽനിന്ന് ലഭിച്ച വായ്പ | : 1,876.32 കോടി രൂപ |
| മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ലഭിച്ച വായ്പ | : 2,844.03 കോടി രൂപ |
| ഇന്ധനം, സ്പെയർ പാർട്ട്സ് എന്നീ ഇനങ്ങളിലുള്ള ബാധ്യതകളും മറ്റ് ബാധ്യതകളും | : 2,998.04 കോടി രൂപ |
| ആകെ ബാധ്യത | : 7,718.39 കോടി രൂപ |

## കെ.എസ്.ആർ.ടി.സി.-യിലെ പങ്കാളിത്ത പെൻഷൻ പദ്ധതി

284 (T* 3235) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ 1-4-2013 മുതൽ നാളിതുവരെ എത്ര ജീവനക്കാരാണ് പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളായതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായ ജീവനക്കാരുടെ വിഹിതവും കോർപ്പറേഷന്റെ വിഹിതവും ചേർത്ത് ആകെ എത്ര തുകയാണ് എൻ.പി.എസ്. വിഹിതമായി കോർപ്പറേഷൻ അടയ്ക്കേണ്ടിയിരുന്നതെന്നും ഇതിൽ എത്ര തുക അടച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

### ഉത്തരം

(എ) 10273 ജീവനക്കാരാണ് പങ്കാളിത്ത പെൻഷൻപദ്ധതിയിൽ അംഗങ്ങളായിട്ടുള്ളത്.

(ബി) ആകെ അടയ്ക്കേണ്ട തുക 69,20,33,058 രൂപ (രൂപ അറുപത്തിയൊൻപത് കോടി ഇരുപത് ലക്ഷത്തി മുപ്പത്തിമൂവായിരത്തി അൻപത്തിയെട്ട് മാത്രം)

അടച്ച തുക 11,79,73,520 രൂപ (രൂപ പതിനൊന്നുകോടി എഴുപത്തിയൊൻപത് ലക്ഷത്തി എഴുപത്തിമൂവായിരത്തി അഞ്ഞൂറ്റി ഇരുപത് മാത്രം)

## കെ.എസ്.ആർ.ടി.സി.-യിലെ എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തിക

285 (3236) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിലെ വിജിലൻസ് വിഭാഗത്തിന്റെ ചുമതല വഹിക്കുന്ന എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തിക ഇപ്പോൾ ഒഴിഞ്ഞുകിടക്കുകയാണോ;

(ബി) എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ സേവനം ഈ തസ്തികയിലേക്ക് വിട്ടുതരാൻ കെ.എസ്.ആർ.ടി.സി. ആഭ്യന്തരവകുപ്പിനോട് ആവശ്യപ്പെടുകയുണ്ടായോ;

(സി) ഉദ്യോഗസ്ഥന്റെ സേവനം ലഭിക്കാത്തതുകാരണം കണ്ടക്ടർ തസ്തികയിൽ നിന്ന് സ്ഥാനകയറ്റം ലഭിച്ചവർ എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിൽ നിയമിക്കപ്പെടുന്ന സാഹചര്യമുണ്ടോ;

---

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ഡി) ഇത് കോർപ്പറേഷനിൽ ഗുരുതരമായ പല ക്രമക്കേടുകൾക്കും കാരണമാകുന്ന സാഹചര്യമുണ്ടോ;

(ഇ) എങ്കിൽ ഇത് പരിശോധിക്കുകയുണ്ടായോ; വിശദാംശങ്ങൾ നൽകുമോ; പ്രസ്തുത അപാകതകൾ പരിഹരിക്കാൻ ഭാവിയിൽ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അല്ല.

(ബി) വിജിലൻസ് ഓഫീസർ തസ്തികയിലേയ്ക്ക് സൂപ്രണ്ട് ഓഫ് പോലീസ് റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ സേവനം ലഭ്യമാക്കണമെന്ന് ഗതാഗത വകുപ്പ് ആഭ്യന്തര വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഇല്ല.

(ഡി & ഇ) ചോദ്യം ഉദിക്കുന്നില്ല.

**കെ.എസ്.ആർ.ടി.സി.-യിലെ തൊഴിലാളി വിരുദ്ധ നിലപാട്**

286 (3237) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കാനാണെന്ന പേരിൽ, കെ.എസ്.ആർ.ടി.സി.യിലെ കണ്ടക്ടർ, ഡ്രൈവർ തസ്തികയിലുള്ളവരോട് തൊഴിലാളിവിരുദ്ധ നിലപാട് സ്വീകരിക്കുന്നതായ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വസ്തുത വെളിപ്പെടുത്തുമോ;

(ബി) മറ്റ് സ്വകാര്യ സ്ഥാപനങ്ങളിൽ ചെയ്യുന്നതുപോലെ, കെ.എസ്.ആർ.ടി.സി.-യിലെ കണ്ടക്ടറുടെയും ഡ്രൈവറുടെയും ജോലിക്ക് അർഹമായതും സർക്കാർ നിശ്ചയിച്ചതുമായ ശമ്പള വ്യവസ്ഥയിൽ സുശീൽ ഖന്ന റിപ്പോർട്ടിന്റെ പേരിൽമാറ്റം വരുത്തുവാനുള്ള കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പൊതുമേഖലയിലെ ഈ ഗതാഗത സംവിധാനത്തെ സ്വകാര്യവൽക്കരിക്കുന്നതിനോ നിർത്തലാക്കുന്നതിനോ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) തൊഴിലാളി വിരുദ്ധ നടപടി സ്വീകരിക്കുന്നില്ല. എന്നാൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ പ്രവർത്തിക്കുന്ന കോർപ്പറേഷന്റെ സമഗ്ര പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി വരുമാന വർദ്ധനവിനുതകുന്ന രീതിയിൽ

ഷെഡ്യൂളുകളും ഡ്യൂട്ടി പാറ്റേണും പുനഃക്രമീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി 8 മണിക്കൂറിൽ അധികരിക്കാത്ത രീതിയിൽ വിവിധ വിഭാഗം ജീവനക്കാരുടെ ഡ്യൂട്ടി പുനർനിർണ്ണയിക്കുകയാണ് ചെയ്തിട്ടുള്ളത്.

(ബി) കെ.എസ്.ആർ.ടി.സി.-യിൽ അംഗീകൃത തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്ത് സർക്കാരിന്റെ അംഗീകാരത്തോടുകൂടി നടപ്പിലാക്കിയിട്ടുള്ള സേവന വേതന വ്യവസ്ഥകളാണ് തുടർന്നുവരുന്നത്. ടി വ്യവസ്ഥയിൽനിന്നും യാതൊരു മാറ്റവും നിലവിൽ വരുത്തിയിട്ടില്ല.

(സി) പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല. എന്നാൽ കോർപ്പറേഷന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് പ്രൊഫ. സുശീൽ ഖന്ന സമർപ്പിച്ച ശിപാർശകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ടി ശിപാർശകളിൽ കോർപ്പറേഷനെ സ്വകാര്യവൽക്കരിക്കുന്നതിനോ നിർത്തലാക്കുന്നതിനോ ഉള്ള നിർദ്ദേശങ്ങളൊന്നും തന്നെയില്ല. കോർപ്പറേഷന്റെ ബസ്-ജീവനക്കാർ അനുപാതം ദേശീയ ശരാശരിയിലേയ്ക്ക് മെച്ചപ്പെടുത്തുന്നതിനും, വരുമാന വർദ്ധനവിനുമുള്ള പ്രാഥമിക ശിപാർശകളാണ് ലഭ്യമാക്കിയിട്ടുള്ളത്.

## കെ.എസ്.ആർ.ടി.സി. വായ്പ

287 (3239) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ മാസം മുതൽ നാളിതുവരെ കെ.എസ്.ആർ.ടി.സി.-യ്ക്ക് വേണ്ടി എത്ര തുക വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്തി ട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാലയളവിൽ ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് എത്ര തുക വീതം വായ്പയെടുത്തെന്നും ഓരോ വായ്പയുടേയും പലിശ എത്ര ശതമാനമാണെന്നും തിരിച്ചടവ് രീതി എങ്ങനെയാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 1225 കോടി രൂപ വായ്പയെടുത്തിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യിൽ നിലവിലുള്ള കണ്ടക്ടർമാരുടെ ഒഴിവുകൾ

288 (3240) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ കണ്ടക്ടർമാരുടെ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഒഴിവുകൾ എത്ര കാലമായി നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) അഡ്വൈസ് മെമ്മോ ലഭിച്ച മാസങ്ങളായിട്ടും നിയമനം ലഭിക്കാത്ത റിസർവ് കണ്ടക്ടർ തസ്തികയിലെ ഉദ്യോഗാർത്ഥികളുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. അഡ്വൈസ് മെമ്മോ അയച്ചത് എപ്പോഴാണെന്ന് അറിയാമോ; അഡ്വൈസ് മെമ്മോ നൽകി എത്ര മാസത്തിനകം നിയമനം നടത്തണമെന്നാണ് വ്യവസ്ഥയെന്ന് വ്യക്തമാക്കുമോ;

(ഇ) റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനുശേഷവും എം.പാനൽ കണ്ടക്ടർമാരെ കെ.എസ്.ആർ.ടി.സി. സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇങ്ങനെ ചെയ്യാൻ കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തിനായി സർക്കാർ നിയോഗിച്ച പ്രൊഫ. സുശീൽ ഖന്നയുടെ പ്രാഥമിക വിലയിരുത്തലിൽ നിലവിലുള്ള ഡബിൾ ഡ്യൂട്ടി സമ്പ്രദായം പരിഷ്കരിച്ച് സിംഗിൾ ഡ്യൂട്ടിയാക്കുവാനും കോർപ്പറേഷനിലെ ബസ് ജീവനക്കാരുടെ അനുപാതം പുനഃക്രമീകരിച്ച് ദേശീയ ശരാശരിയിൽ എത്തിക്കുവാനും നിഷ്കർഷിക്കുന്നു. നിലവിലെ ഡബിൾ ഡ്യൂട്ടി സമ്പ്രദായം മാറ്റി സിംഗിൾ ഡ്യൂട്ടിയാക്കി മാറ്റുമ്പോൾ കോർപ്പറേഷനിൽ നിലവിലുള്ള കണ്ടക്ടർ വിഭാഗം ജീവനക്കാർ അധികമാകുന്ന അവസ്ഥയുണ്ട്. ഈ സാഹചര്യത്തിൽ പ്രൊഫ. സുശീൽ ഖന്ന കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് കോർപ്പറേഷനിലെ ജീവനക്കാരുടെ അംഗബലം പുനഃക്രമീകരിച്ചശേഷം ഒഴിവുകൾക്ക് സാധുതയുണ്ടെങ്കിൽ നിയമന നടപടികളുമായി കോർപ്പറേഷൻ മുന്നോട്ടുപോകുമെന്നാണ് വിലയിരുത്തിയിരിക്കുന്നത്.

(സി) ഉണ്ട്.

(ഡി) കെ.എസ്.ആർ.ടി.സി.-ക്ക്, പി.എസ്.സി. 31-12-2016 തീയതിയിലാണ് അഡ്വൈസ് മെമ്മോ അയച്ചത്. അഡ്വൈസ് മെമ്മോ നൽകി മൂന്ന് മാസത്തിനകം നിയമനം നടത്തണമെന്നാണ് വ്യവസ്ഥ.

(ഇ) റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനുശേഷം എംപാനൽ കണ്ടക്ടർമാരെ കെ.എസ്.ആർ.ടി.സി.-യിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. 22-12-2011-ൽ 10 വർഷം പൂർത്തിയായ താൽക്കാലിക ജീവനക്കാരെ കെ.എസ്.ആർ.ടി.സി.-യിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള സർക്കാർ ഉത്തരവ് G.O. (Ms.) No. 78/2011/TRAN തീയതി 22-12-2011-ന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സ്ഥിരപ്പെടുത്തലിനുള്ള ഉത്തരവ് നേടിയവരെയാണ് പ്രസ്തുത കോടതിവിധിയുടെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തിയിട്ടുള്ളത്.

## കെ.എസ്.ആർ.ടി.സി.-യിൽ എക്സിക്യൂട്ടീവ് ഡയറക്ടർമാർ

289 (3241) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ എത്ര എക്സിക്യൂട്ടീവ് ഡയറക്ടർമാർ നിലവിലുണ്ടെന്നും ഇവർ ആരെല്ലാമെന്നും ഇവരുടെ ചുമതലകൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) എക്സിക്യൂട്ടീവ് ഡയറക്ടർമാർ വനിതാ ജീവനക്കാർ ഉൾപ്പെടെയുള്ള ജീവനക്കാരെ സ്ഥലം മാറ്റുകയും ഉദ്യോഗസ്ഥ പീഡനം നടത്തുകയും ചെയുന്നു എന്ന പരാതി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കുവാനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ; പെർമിറ്റ് നൽകുന്നതിലെയും സ്വകാര്യ ബസ്സുകളുമായി ജീവനക്കാർ ഒത്തുകളി നടത്തുന്നതായുമുള്ള ആക്ഷേപങ്ങൾ പരിഹരിക്കാൻ മാനേജ്മെന്റ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്;

(ഡി) കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാരുടെ അംഗീകൃത സംഖ്യാബലം എത്രയാണ്; ഇനം തിരിച്ച് അറിയിക്കാമോ; അധിക ജീവനക്കാർ ഡിപ്പോകളിൽ ജോലി നോക്കുന്നുണ്ടോ; മാനേജ്മെന്റിന്റെ അനുമതിയില്ലാതെ ജോലി ചെയ്യുന്നവർ എത്രയെന്നും കേന്ദ്ര ഓഫീസിൽ ജോലി നോക്കുന്ന അധിക ജീവനക്കാർ എത്രയെന്നും വ്യക്തമാക്കുമോ;

(ഇ) കഴിഞ്ഞ ഒരു വർഷം നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ റൂട്ട്, ആകെ വരുമാനം എന്നിവയും അവയുടെ അവസാന മാസത്തെ ട്രിപ്പും വരുമാനവും വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ അഞ്ച് എക്സിക്യൂട്ടീവ് ഡയറക്ടർമാരുണ്ട്.

1. ശ്രീ. എം. റ്റി. സുകുമാരൻ, എക്സിക്യൂട്ടീവ് ഡയറക്ടർ (ടെക്നിക്കൽ)- വാഹന വ്യൂഹങ്ങളുടെയും പർച്ചേസ്, സ്റ്റോർ എന്നിവയുടെയും മേൽനോട്ടം.

2. ശ്രീ. കെ. എം. ശ്രീകുമാർ, എക്സിക്യൂട്ടീവ് ഡയറക്ടർ (ഭരണം) - ഭരണസംബന്ധമായ കാര്യങ്ങളുടെ മേൽനോട്ടം

3. ശ്രീ. പി.എം. ഷറഫ് മുഹമ്മദ്, എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്)- അച്ചടക്ക നടപടി സ്വീകരിക്കൽ

4. ശ്രീ. സി.വി. രാജേന്ദ്രൻ, എക്സിക്യൂട്ടീവ് ഡയറക്ടർ (മെയിന്റനൻസ് ആന്റ് വർക്സ്) - വാഹനവ്യൂഹങ്ങളുടെ പരിപാലനം

5. ശ്രീ. ജി. അനിൽ കുമാർ, എക്സിക്യൂട്ടീവ് ഡയറക്ടർ (ഓപ്പറേഷൻസ്)-ന്റെ ചുമതലയുള്ള ചീഫ് ട്രാഫിക് മാനേജർ - സർവ്വീസ് ഓപ്പറേഷൻസ്

(ബി) ഇത്തരത്തിലൊരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കെ.എസ്.ആർ.ടി.സി.-യുടെ സമഗ്ര പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് നടപടികൾ പുരോഗമിച്ചുവരുന്നു. പെർമിറ്റ് നൽകുന്നതിലെയും സ്വകാര്യബസ്സുകളുമായി ജീവനക്കാർ ഒത്തുകളി നടത്തുന്നതായുമുള്ള ആക്ഷേപങ്ങളുടെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) കെ.എസ്.ആർ.ടി.സി.-യിൽ 34028 സ്ഥിരം ജീവനക്കാരുണ്ട്. ഇവരുടെ തസ്തിക, എണ്ണം എന്നിവയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.* വാഹനങ്ങളുടെയും ഷെഡ്യൂളുകളുടെയും എണ്ണത്തിന് ആനുപാതികമായി നിലവിൽ ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയെക്കാൾ കൂടുതലാണെന്നതിനാൽ ആയത് പുനഃക്രമീകരിച്ച് വരികയാണ്. ഈ സാഹചര്യത്തിൽ പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ട് അനുസരിച്ച് മാത്രമേ നിലവിൽ ഡിപ്പോകളിൽ ജീവനക്കാർ അധികമാണോ അല്ലയോയെന്നും കേന്ദ്ര ഓഫീസിൽ അധിക ജീവനക്കാരുണ്ടോയെന്നും കണക്കാക്കാൻ കഴിയുകയുള്ളൂ. അനുമതിയില്ലാതെ ചീഫ് ഓഫീസിൽ ജോലി ചെയ്യുന്ന ജീവനക്കാരില്ല.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.എക്സിക്യൂട്ടീവ് ഡയറക്ടർമാർക്കെതിരെയുള്ള പരാതികൾ

290 (3242) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ നിലവിൽ പ്രത്യേക സംവിധാനമുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) എക്സിക്യൂട്ടീവ് ഡയറക്ടർമാരെക്കുറിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം പരാതികളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പരാതികളിന്മേൽ വിജിലൻസ് വകുപ്പിനെക്കൊണ്ട് അന്വേഷണം നടത്തിക്കാൻ തയ്യാറാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ചീഫ് ഓഫീസിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായി പഞ്ചിംഗ് സിസ്റ്റവും സി.സി.ടി.വി. സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി & സി) ഉണ്ട്. കെ.എസ്.ആർ.ടി.സി.-യിലെ ക്രമക്കേട് സംബന്ധിച്ച പരാതികളാണ് ലഭിച്ചിട്ടുള്ളത്. ടി പരാതികൾ സർക്കാർ പരിശോധിച്ചുവരുന്നു. പരാതികളിൽ കഴമ്പുണ്ടെന്ന് വ്യക്തമായാൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ കുടിശ്ശിക

291 (3243) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻകാർക്ക് നാളിതുവരെയായി കൊടുത്തുതീർക്കാനുള്ള പെൻഷൻ കുടിശ്ശിക എത്രയെന്ന് അറിയിക്കുമോ;

(ബി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇത് കൃത്യമായി നൽകിയിരുന്നോ?

ഉത്തരം

(എ) രണ്ടരമാസത്തെയും കൂടാതെ ഒരു മാസത്തിൽ പതിനായിരം രൂപയിൽ കൂടുതൽ പെൻഷൻ വാങ്ങുന്നവരുടെ പതിനായിരം രൂപയ്ക്ക് മുകളിലുള്ള തുകയും കൊടുത്തുതീർക്കുവാനുണ്ട്.

(ബി) കൃത്യമായി നൽകിയിരുന്നില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2013 ഫെബ്രുവരി മുതൽ ഏപ്രിൽ വരെയും 2013 ഡിസംബർ മുതൽ 2015 മേയ് വരെയും പെൻഷൻ കൃത്യമായി നൽകിയിരുന്നില്ല.

**കെ.എസ്.ആർ.ടി.സി.-യിൽ ശമ്പളവും പെൻഷനും കൃത്യമാക്കാൻ നടപടി**

292 (3244) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ശമ്പളവും പെൻഷനും മുടങ്ങുന്നതുമായി ബന്ധപ്പെട്ട് ധാരാളം പേർ ആത്മഹത്യയുടെ വക്കിലാണെന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം പ്രവണതകൾ ഉണ്ടായിട്ടും കൃത്യമായി ശമ്പളം കൊടുക്കുവാൻ സാധിക്കാതെ പോകുന്നത് വിലയിരുത്തിയിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് സർക്കാർ ചെയ്യുവാനുദ്ദേശിക്കുന്ന കാര്യങ്ങൾ വിശദീകരിക്കുമോ?

ഉത്തരം

(എ) ശമ്പളവും പെൻഷനും നൽകുന്നതിലുണ്ടാകുന്ന കാലതാമസം കാരണം ബുദ്ധിമുട്ടുണ്ടാകുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) വിലയിരുത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ ശരാശരി പ്രതിമാസ വരുമാനം 160 കോടി രൂപയും ശരാശരി ചെലവ് 310 കോടി രൂപയുമാണ്. പ്രതിമാസം ശമ്പളവും വേതനവും വിതരണം ചെയ്യുന്നതിനായി 86 കോടി രൂപയും ഡീസൽ ചെലവ് ഇനത്തിൽ 90 കോടി രൂപയും വായ്പ തിരിച്ചടവിന് 87 കോടി രൂപയും ആവശ്യമാണ്. പ്രതിമാസ വരുമാനത്തിൽനിന്നും ടി ചെലവുകൾക്കുപോലുമുള്ള തുക കണ്ടെത്താൻ കഴിയാത്ത സ്ഥിതിയാണ് കെ.എസ്.ആർ.ടി.സി.-ക്കുള്ളത്. ഈ സാഹചര്യം മറികടക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരികയാണ്. ഇതിന്റെ ഭാഗമായി നിലവിലെടുത്തിട്ടുള്ള കുറഞ്ഞകാല തിരിച്ചടവ് ദൈർഘ്യമുള്ളതും പലിശ കൂടിയതുമായ വായ്പകൾ ദീർഘകാല തിരിച്ചടവും പലിശ കുറഞ്ഞതുമായ കൺസോർഷ്യം വായ്പയിലേയ്ക്ക് മാറ്റാനുള്ള ജോലികൾ പുരോഗമിച്ചുവരികയാണ്. ഇത് യാഥാർത്ഥ്യമാകുന്നതോടെ വായ്പ തിരിച്ചടവിനത്തിൽ 45 കോടി രൂപയോളം പ്രതിമാസം കുറയ്ക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ട് ലഭ്യമാക്കി ആയത് പ്രകാരമുള്ള പരിഷ്കരണങ്ങൾ നടപ്പിലാക്കി സാമ്പത്തിക

പുനഃക്രമീകരണം വരുത്തി കഴിയുന്നതോടെ ശമ്പളവും പെൻഷനും മുടങ്ങാതെ കൃത്യമായി കൊടുക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ബസ് ബോഡി നിർമ്മാണം പൂർത്തിയാക്കി രജിസ്ട്രേഷൻ ലഭ്യമാക്കാൻ നടപടി

293 (3245) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ അധികാരമൊഴിയുമ്പോൾ കെ.എസ്.ആർ.ടി.സി.-യ്ക്കും കെ.യു.ആർ.ടി.സി.-യ്ക്കുമായി എത്ര ബസ്സുകൾ നിരത്തിലോടുന്നവയും കണ്ടംചെയ്തവയുമായി നിലവിലുണ്ടായിരുന്നു എന്ന് ടാറ്റ, ലെയിലാൻഡ്, സ്കാനിയ എന്നിങ്ങനെ ഇനം തിരിച്ച് വ്യക്തമാക്കാമോ; കൂടാതെ, ബോഡി നിർമ്മാണം നടത്താനായി വാങ്ങിയ ഷാസികൾ എത്രയുണ്ടായിരുന്നുവെന്നും വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ വന്നശേഷം എത്ര ഷാസികളുടെ ബോഡി നിർമ്മാണം പൂർത്തിയാക്കിയെന്നും ഇനിയും പൂർത്തിയാക്കാനുള്ളവ എത്രയെന്നും അറിയിക്കുമോ;

(സി) മുൻസർക്കാരിന്റെ കാലയളവിൽ കെ.എസ്.ആർ.ടി.സി. വാങ്ങിയ ഷാസികൾ ബി.എസ്.-4 നിലവാരമില്ലാത്തതുകാരണം ബോഡി നിർമ്മിച്ചിട്ടും രജിസ്ട്രേഷൻ നടപടികൾക്ക് കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഷാസികൾ മുഴുവനും ബോഡി നിർമ്മാണം നടത്തി രജിസ്ട്രേഷൻ ലഭ്യമാക്കാൻ എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ വാങ്ങുകയും യഥാസമയം ഷാസികളിൽ ബോഡി നിർമ്മാണം നടത്താനാകാതെ വന്നതിനുമുണ്ടായ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഇ) നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ കൈവശമുള്ള ഷാസികളുടെ ബോഡി നിർമ്മാണം സ്ഥിരം-താൽക്കാലിക-എം.പാനൽ ജീവനക്കാരെ ഉൾപ്പെടുത്തി ഉടൻതന്നെ പൂർത്തീകരിച്ച് രജിസ്ട്രേഷൻ നടത്തുവാൻ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ കെ.എസ്.ആർ.ടി.സി.-യുടെ കീഴിൽ 5759 ബസുകളും കെ.യു.ആർ.ടി.സി.-യുടെ കീഴിൽ 603 ബസുകളും ഉണ്ടായിരുന്നു. കൂടാതെ 300 ബസുകൾ കണ്ടം ചെയ്തവയുമായി വർക്ക്ഷോപ്പുകളിൽ ഉണ്ടായിരുന്നു.

24-5-2016-ലെ കെ.എസ്.ആർ.ടി.സി. ബസുകളുടെ വിവരം

| ഇനം | ബസുകൾ |
|---|---|
| ലൈലാന്റ് | 3588 |
| ടാറ്റാ | 2111 |
| ഐഷർ | 29 |
| വോൾവോ | 13 |
| സ്കാനിയ | 18 |
| ആകെ | 5759 |

24-5-2016-ലെ കെ.യു.ആർ.ടി.സി. ബസുകളുടെ വിവരം

| ഇനം | ബസുകൾ |
|---|---|
| ലൈലാന്റ് | 316 |
| ടാറ്റാ | 97 |
| വോൾവോ | 190 |
| ആകെ | 603 |

മുൻ സർക്കാർ വാങ്ങിയ 1500 ഷാസികളിൽ അധികാരമൊഴിയുമ്പോൾ 581 എണ്ണം ബോഡി നിർമ്മാണത്തിനായി അവശേഷിച്ചിട്ടുണ്ടായിരുന്നു.

(ബി) ഈ സർക്കാർ വന്നശേഷം അവശേഷിച്ചിരുന്ന 581 ഷാസികളിലും ബോഡി നിർമ്മാണം 2017 മാർച്ച് 31-ന് മുമ്പായി പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ബി.എസ്-4 എൻജിനുകൾ ഉപയോഗിക്കാത്തതിനാൽ കെ.എസ്.ആർ.ടി.സി.-യുടെ ബസുകൾ നിരത്തിലിറക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായിരുന്നില്ല. എന്നാൽ കേന്ദ്ര സർക്കാർ 1-1-2017 മുതൽ AIS052 ബസ് ബോഡി കോഡ് നടപ്പിലാക്കിയതിനാൽ AIS052 ബസ് ബോഡി കോഡ് പ്രകാരമല്ലാത്ത ബോഡി നിർമ്മിച്ച ബസുകളുടെ രജിസ്ട്രേഷന് കാലതാമസം വന്നിട്ടുണ്ട്. കേന്ദ്ര സർക്കാർ AIS052 ബസ് ബോഡി കോഡ് നടപ്പിൽ വരുത്തുന്നത് 2017 ജൂൺ 30 വരെ നീട്ടിവച്ചതിനാൽ മുഴുവൻ ബസുകളും 2017 മാർച്ച് 31-ന് മുമ്പ് നിർമ്മിച്ച് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി നിരത്തിലിറക്കിയിട്ടുണ്ട്.

(ഡി) ഉണ്ട്. ജീവനക്കാരുടെ അഭാവംമൂലമാണ് പ്രധാനമായും ബോഡി നിർമ്മാണത്തിൽ കാലതാമസമുണ്ടായത്. എന്നിരുന്നാലും ശരാശരി 52 ബസുകൾ വീതം മാസംതോറും പുറത്തിറക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) കെ.എസ്.ആർ.ടി.സി.-യുടെ കൈവശമുണ്ടായിരുന്ന മുഴുവൻ ഷാസികളിലും 2017 മാർച്ച് 31-ന് മുമ്പ് ബോഡി നിർമ്മിച്ച് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി നിരത്തിലിറക്കിയിട്ടുണ്ട്.

**അടൂർ ഡിപ്പോയിലേയ്ക്ക് പുതിയ ദീർഘദൂര/ഇന്റർ സ്റ്റേറ്റ് ബസുകൾ**

294 (3246) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം അടൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലേയ്ക്ക് പുതിയതായി അനുവദിച്ച ദീർഘദൂര/ അന്തർസംസ്ഥാന ബസുകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) നിലവിൽ അടൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലേയ്ക്ക് പുതിയതായി ദീർഘദൂര/അന്തർസംസ്ഥാന ബസുകൾ അനുവദിക്കുന്നതിനുള്ള നടപടി പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ അടിയന്തരമായി പ്രസ്തുത ഡിപ്പോയിലേയ്ക്ക് പുതിയ ദീർഘദൂര/അന്തർസംസ്ഥാന സർവ്വീസുകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം അടൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലേയ്ക്ക് ദീർഘദൂര സർവ്വീസിനായി 3 സൂപ്പർ ഫാസ്റ്റ് ബസുകളും (RPK 949, RPK 950, ATC 29) ഒരു ഫാസ്റ്റ് പാസഞ്ചർ ബസും (RPA 777) നൽകിയിട്ടുണ്ട്. കൂടാതെ 15.30 മണിക്ക് അടൂർ-ഉദയഗിരി സർവ്വീസ് പുതിയതായി ആരംഭിക്കുകയും ചെയ്തു.

(ബി) അന്തർസംസ്ഥാന കരാർ വ്യവസ്ഥകൾ അനുസരിച്ചാണ് കെ.എസ്.ആർ.ടി.സി. അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തിവരുന്നത്. അടൂരിൽനിന്നും പുതുതായി അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ല. അതിനാൽ പുതുതായി അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല.

(സി) പുതുതായി കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളുമായി അന്തർ സംസ്ഥാന കരാറിൽ ഏർപ്പെടുന്ന സമയത്ത് യാത്രക്കാർക്കും കെ.എസ്.ആർ.ടി.സി.-ക്കും ഗുണകരമാകുന്ന രീതിയിൽ സർവ്വീസുകൾ ആരംഭിക്കുന്നതിന് അന്തർ സംസ്ഥാന കരാറിൽ വ്യവസ്ഥ ചെയ്യുന്ന കാര്യം പരിശോധിക്കുന്നതാണ്.

## റാന്നി കെ.എസ്.ആർ.ടി.സി.ഓപ്പറേറ്റിംഗ് സെന്റർ

295 (3247) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചത് എന്നാണ്;

(ബി) എത്ര ഷെഡ്യൂളുകളും ബസ്സുകളുമാണ് റാന്നി സെന്ററിനുള്ളത്; എത്ര ജീവനക്കാർ ഇവിടെ ജോലി ചെയ്യുന്നു;

(സി) കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ, ഡിപ്പോ എന്നിവയുടെ പദവിക്കായി എത്ര ഷെഡ്യൂളുകളും ബസുകളുമാണ് വേണ്ടത്;

(ഡി) മലയോര മേഖലകളെ കൂട്ടിയിണക്കി എം.സി. റോഡിന് സമാന്തരമായി കൂടുതൽ ദീർഘദൂര സർവ്വീസുകൾ റാന്നിയിലൂടെ കടന്നുപോകുംവിധം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) മലബാർ മേഖലയിലേക്ക് കൂടുതൽ രാത്രികാല സർവ്വീസുകൾ ആരംഭിക്കുമ്പോൾ അവയുടെ റൂട്ട് റാന്നി, എരുമേലി, കാഞ്ഞിരപ്പള്ളി, തൊടുപുഴ, മൂവാറ്റുപുഴവഴിയും തിരിച്ച് മലബാർ മേഖലയിൽ നിന്ന് തിരുവനന്തപുരം ഭാഗത്തേക്കും സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) റാന്നി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിന്റെ പദവി ഉയർത്തി സബ് ഡിപ്പോ ആക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ജി) കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് റാന്നി എം.എൽ.എ. നൽകിയ കത്തുപ്രകാരം എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 15-12-2013-ലാണ് റാന്നി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ പ്രവർത്തനമാരംഭിച്ചത്.

(ബി) റാന്നി ഓപ്പറേറ്റിംഗ് സെന്ററിലുള്ള ഷെഡ്യൂളുകളുടെയും ബസുകളുടെയും എണ്ണം ചുവടെ ചേർക്കുന്നു:

| ഇനം | ഷെഡ്യൂൾ | ബസുകൾ |
|---|---|---|
| ഫാസ്റ്റ് | 5+1 | 7 |
| ഓർഡിനറി | 8 | 8 |
| ജൻറം | 2 | 2 |
| ആകെ | 16 | 17 |

സ്ഥിരവും താൽക്കാലികവുമായി 96 ജീവനക്കാർ റാന്നി ഓപ്പറേറ്റിംഗ് സെന്ററിൽ ജോലി ചെയ്യുന്നു.

(സി) ബസ്സുകളുടെയും ഷെഡ്യൂളുകളുടെയും എണ്ണത്തിന്റെ അടിസ്ഥാനത്തിലല്ല ഡിപ്പോ/സബ് ഡിപ്പോ എന്നിവ ആരംഭിക്കുന്നത്. സ്ഥലത്തിന്റെ പ്രാധാന്യവും യാത്രക്കാരുടെ സൗകര്യവും പരിഗണിച്ച് കോർപ്പറേഷന് ഗുണകരവുമാണെങ്കിൽ മാത്രമേ പുതിയ ഡിപ്പോ/സബ് ഡിപ്പോ എന്നിവ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

(ഡി & ഇ) പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഗുണകരമാകുന്ന വിധത്തിൽ പുതിയ മേഖലകളിലേയ്ക്കും പുതിയ റൂട്ടുകളിലേയ്ക്കും കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ഫീസിബിലിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം പരിശോധിക്കുന്നതാണ്.

(എഫ്) കെ.എസ്.ആർ.ടി.സി.-ക്ക് സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്ന സാഹചര്യത്തിൽ പുതിയ ഡിപ്പോ/സബ് ഡിപ്പോ എന്നിവയായി ഓപ്പറേറ്റിംഗ് സെന്ററുകളെ ഉയർത്തുന്ന കാര്യം പരിഗണിക്കുവാൻ കഴിയുകയില്ല.

(ജി) കെ.എസ്.ആർ.ടി.സി.-ക്കും പൊതുജനങ്ങൾക്കും ഗുണകരമായ രീതിയിൽ സാധ്യതാ പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പുതിയ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## വൈക്കം ഡിപ്പോയിൽ ടൂ വീലർ പാർക്കിങ് ഷെഡ്

296 (3248) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് വൈക്കം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിർമ്മിക്കുവാൻ നിർദ്ദേശിക്കപ്പെട്ട ടൂ വീലർ പാർക്കിങ് ഷെഡ് കം ടോയ്‌ലറ്റ് പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

വൈക്കം എം.എൽ.എ. ശ്രീമതി സി.കെ. ആശയുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് വൈക്കം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിർമ്മിക്കുന്ന ടൂ വീലർ പാർക്കിംഗ് ഷെഡ് കം ടോയ്‌ലറ്റ് പദ്ധതി നിർവ്വഹിക്കുന്നതിന് ചുമതലപ്പെടുത്തിയ നിർമ്മിതി കേന്ദ്രം വിശദമായ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. ആയതിനുള്ള ഭരണാനുമതി നൽകുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്.

**ഗ്രാമീണ മേഖലയിലെ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ**

297(3249) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ ഗ്രാമീണ മേഖലയിൽ ഒരു സർവ്വീസ് മാത്രം നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസുകൾ നിർത്തലാക്കാൻ നീക്കമുണ്ടോ;

(ബി) പ്രസ്തുത സർവ്വീസുകൾ നിർത്തലാക്കുമ്പോൾ ഉണ്ടാകുന്ന യാത്ര പ്രശ്നം പരിഹരിക്കുന്നതിന് ബദൽ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സർവ്വീസ് നിർത്തലാക്കുന്ന ബസ്സുകൾ ഏതൊക്കെ റൂട്ടുകളിലാണ് സർവ്വീസ് നടത്തുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) നിർത്തലാക്കുന്ന സർവ്വീസുകൾ, മുൻപ് പൊതുജനങ്ങളുടെ ആവശ്യാർത്ഥം അനുവദിച്ചവയാണോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) പത്തനംതിട്ട ജില്ലയിൽ ഗ്രാമീണ മേഖലയിലെ ഒറ്റപ്പെട്ട സർവ്വീസുകൾ നിർത്തലാക്കുവാൻ ഉദ്ദേശിക്കുന്നില്ല.

**ആദിവാസി പിന്നോക്ക മേഖലയിലെ യാത്രാക്ലേശം**

298 (3250) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിലെ കുറ്റിച്ചൽ പഞ്ചായത്തിലെ ആദിവാസി വനമേഖലകളിൽ നിലവിൽ ഉണ്ടായിരുന്നതും സർവ്വീസ് നടത്തിക്കൊണ്ടിരുന്നതുമായ ഏതെല്ലാം ബസ് സർവ്വീസുകളാണ് നിർത്തിയിട്ടുള്ളത്; ഇവയുടെ വിശദാംശം ഡ്യൂട്ടി നമ്പർ സഹിതം നൽകാമോ;

(ബി) കുറ്റിച്ചൽ പഞ്ചായത്തിലെ വനമേഖലകളിലേക്കും വിനോദസഞ്ചാര കേന്ദ്രമായ കാപ്പുകാട് ഭാഗത്തേയ്ക്കും ഉണ്ടായിരുന്ന ബസ് സർവ്വീസുകൾ നിർത്തിയത് ആദിവാസികൾക്കും വിനോദ സഞ്ചാരികൾക്കും ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) സമൂഹത്തിലെ ഏറ്റവും പിന്നോക്ക വിഭാഗത്തിൽപ്പെടുന്ന ആദിവാസികൾ താമസിക്കുന്ന വനപ്രദേശത്തേയ്ക്കുള്ള ബസ്സ് സർവ്വീസുകൾ യാത്രക്കാരുടെ കുറവും വരുമാനത്തിന്റെ കുറവും കാരണമാക്കി നിർത്തുന്നതുമൂലം ആദിവാസികളുടെ യാത്രാ സ്വാതന്ത്ര്യവും അവരുടെ അവകാശങ്ങളും നിഷേധിക്കപ്പെടുന്നുവെന്ന ഗൗരവ സാഹചര്യം ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) വരുമാന കുറവ് എന്ന കാരണം പറഞ്ഞ് ബസ്സ് സർവ്വീസുകൾ നിർത്തുന്നതുമൂലം കുറ്റിച്ചൽ പഞ്ചായത്തിലെ കോട്ടൂർ ഭാഗത്തുനിന്നും മറ്റ് സ്ഥലങ്ങളിലേയ്ക്ക് യാത്ര ചെയ്യുന്നവർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ അടിയന്തരമായി പരിഗണിച്ച് നിർത്തലാക്കിയ ബസ്സ് സർവ്വീസുകൾ ഉടൻ പുനഃസ്ഥാപിക്കുമോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അരുവിക്കര നിയോജകമണ്ഡലത്തിലെ ആദിവാസി വനമേഖലകളിൽ നിലവിലുണ്ടായിരുന്നതും സർവ്വീസ് നടത്തിക്കൊണ്ടിരുന്നതുമായ സർവ്വീസുകളൊന്നും നിർത്തലാക്കിയിട്ടില്ല.

(ബി) കുറ്റിച്ചൽ പഞ്ചായത്തിലെ വനമേഖലകളിലേയ്ക്കും വിനോദസഞ്ചാര കേന്ദ്രമായ കാപ്പുകാട് ഭാഗത്തേയ്ക്കും ഉണ്ടായിരുന്ന ബസ് സർവ്വീസുകളൊന്നും നിർത്തലാക്കിയിട്ടില്ല.

(സി) ആദിവാസി മേഖലകളിലേയ്ക്ക് നടത്തിവന്നിരുന്ന സർവ്വീസുകൾ സാമ്പത്തിക ബാദ്ധ്യതയുടെ പേരിൽ നിർത്തലാക്കിയിട്ടില്ല. ആദിവാസികളുടെ യാത്രാ സ്വാതന്ത്ര്യവും അവകാശങ്ങളും സംരക്ഷിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നടത്തുന്നതാണ്.

(ഡി) കുറ്റിച്ചൽ പഞ്ചായത്തിലെ കോട്ടൂർ ഭാഗത്തുനിന്നും മറ്റ് സ്ഥലങ്ങളിലേയ്ക്ക് യാത്ര ചെയ്യുന്നവർക്ക് ബുദ്ധിമുട്ടുണ്ടാകുന്ന തരത്തിൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ ഒന്നും നിർത്തലാക്കിയിട്ടില്ല.

**നെന്മാറ-കോയമ്പത്തൂർ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്**

299 (3251) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ-കോയമ്പത്തൂർ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് നിലവിലില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിരവധി യാത്രക്കാർ ദിവസേന കോയമ്പത്തൂരിലേക്ക് പോകുന്ന നെന്മാറ നിയോജകമണ്ഡലത്തിലെ നെന്മാറയിൽനിന്നും കോയമ്പത്തൂരിലേയ്ക്ക് ബസ് സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അന്തർ സംസ്ഥാന റൂട്ടായതിനാൽ തൽസംബന്ധമായ കരാർ മുഖാന്തിരം മാത്രമേ ടി സർവ്വീസുകൾക്ക് അനുമതി നൽകുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ടി റൂട്ട് ഇപ്പോൾ പരിഗണനയിലില്ല.

**കരുവാറ്റ ഭാഗം അപകടരഹിതമാക്കാൻ നടപടി**

300 (3252) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ കരുവാറ്റ വഴിയമ്പലം ജംഗ്ഷൻ മുതൽ കരുവാറ്റ പഞ്ചായത്ത് ഓഫീസ് വരെയുള്ള ഭാഗത്ത് വൻതോതിൽ വാഹനാപകടങ്ങളും അതുമൂലമുള്ള മരണങ്ങളും സംഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഭാഗം അപകടമുക്തമാക്കുവാൻ റോഡ് സേഫ്റ്റി അതോറിറ്റിയുമായി ബന്ധപ്പെട്ട് നടത്തുവാൻ തീരുമാനിച്ചിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണ് എന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച ശിപാർശ ബന്ധപ്പെട്ട ജില്ലാ റോഡ് സുരക്ഷാ കൗൺസിൽവഴി സമർപ്പിക്കുന്നപക്ഷം അതോറിറ്റി യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും അതോറിറ്റിയുടെ തീരുമാനമനുസരിച്ച് തുടർ നടപടി കൈക്കൊള്ളുന്നതുമാണ്. നിലവിൽ നാഷണൽ ഹൈവേ റോഡിന്റെ പുനരുദ്ധാരണം നടത്തിയ പ്രകാരം റോഡ് മാർക്കിംഗ്, റിഫ്ലക്ടറുകൾ ഇവ റോഡ് സേഫ്റ്റി കൗൺസിലിന്റെ നിർദ്ദേശമനുസരിച്ച് നാഷണൽ ഹൈവേ അധികൃതർ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ അപകടമേഖലയെന്ന് തിരിച്ചറിയുന്നതിനായി കെൽട്രോൺ മുഖേന ബ്ലിങ്കർ ലൈറ്റുകൾ ഈ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്.

## റിസർവ് കണ്ടക്ടർ നിയമനം

301(3253) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിലെ റിസർവ് കണ്ടക്ടർ തസ്തികയിൽ പി.എസ്.സി. വഴി നിയമന ശിപാർശ ലഭിച്ചവർക്ക് ഒരു വർഷം കഴിഞ്ഞിട്ടും നിയമന ഉത്തരവ് നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്രപേർക്കാണ് ഇങ്ങനെ നിയമന ഉത്തരവ് നൽകാത്തത്; വിശദവിവരം നൽകാമോ;

(ബി) റിസർവ് കണ്ടക്ടർ തസ്തികയുടെ നിലവിലെ റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്; എന്നാണ് ഇവരുടെ നിയമനം നടന്നിട്ടുള്ളത്; നിലവിലെ റാങ്ക് ലിസ്റ്റിന് മുൻപുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാവർക്കും നിയമന ഉത്തരവ് നൽകിയിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-യിൽ ഉണ്ടായ ഒഴിവുകൾ എത്രയാണ്; ഈ ഒഴിവുകൾ എല്ലാം നിയമനത്തിനായി പി.എസ്.സി.-യ്ക്ക് ശിപാർശ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിനുള്ള കാരണം എന്താണ്;

(ഡി) കെ.എസ്.ആർ.ടി.സി.-യിൽ താൽക്കാലികമായി കണ്ടക്ടർമാർ ജോലി ചെയ്യുന്നവരുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരുണ്ട് ഇപ്രകാരം ജോലി നോക്കുന്നത്; പി.എസ്.സി.-യിൽ നിന്നും നിയമന ശുപാർശ ലഭിയ്ക്കുന്നവരെ ഇവർക്ക് പകരമായി നിയമിയ്ക്കാറുണ്ടോഎന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിൽ നിയമന ശിപാർശ ലഭിച്ച 4051 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടില്ല. കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തിനായി സർക്കാർ നിയോഗിച്ച പ്രൊഫ. സുശീൽ ഖന്നയുടെ പ്രാഥമിക വിലയിരുത്തലിൽ നിലവിലുള്ള ഡബിൾ ഡ്യൂട്ടി സമ്പ്രദായം പരിഷ്കരിച്ച് സിംഗിൾ ഡ്യൂട്ടിയാക്കുവാനും കോർപ്പറേഷനിലെ ബസ് ജീവനക്കാരുടെ അനുപാതം പുന:ക്രമീകരിച്ച് ദേശീയ ശരാശരിയിൽ എത്തിക്കുവാനും നിഷ്കർഷിക്കുന്നു. നിലവിലെ ഡബിൾ ഡ്യൂട്ടി സമ്പ്രദായം സിംഗിൾ ഡ്യൂട്ടിയാക്കി മാറ്റുമ്പോൾ കോർപ്പറേഷനിൽ നിലവിലുള്ള കണ്ടക്ടർ വിഭാഗം ജീവനക്കാർ അധികമാകുന്ന അവസ്ഥയുണ്ട്. ഈ സാഹചര്യത്തിൽ പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ട്

അനുസരിച്ച് കോർപ്പറേഷനിലെ ജീവനക്കാരുടെ അംഗബലം പുനഃക്രമീകരിച്ചശേഷം ടി ഒഴിവുകൾക്ക് സാധ്യതയുണ്ടെങ്കിൽ നിയമന നടപടികളുമായി കോർപ്പറേഷൻ മുന്നോട്ടുപോകുമെന്നാണ് വിലയിരുത്തിയിരിക്കുന്നത്.

(ബി) റിസർവ് കണ്ടക്ടർ തസ്തികയുടെ റാങ്ക് ലിസ്റ്റ് നിലവിലില്ല. 31-12-2016-ൽ കാലാവധി അവസാനിച്ച റാങ്ക് ലിസ്റ്റിൽനിന്നും 9300 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്. പ്രസ്തുത റാങ്ക് ലിസ്റ്റിന് മുൻപുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാവർക്കും നിയമന ഉത്തരവ് നൽകിയിരുന്നു.

(സി) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തിനായി സർക്കാർ നിയോഗിച്ച പ്രൊഫ. സുശീൽ ഖന്നയുടെ പ്രാഥമിക വിലയിരുത്തലിൽ നിലവിലുള്ള ഡബിൾ ഡ്യൂട്ടി സമ്പ്രദായം പരിഷ്കരിച്ച് സിംഗിൾ ഡ്യൂട്ടിയാക്കുവാനും കോർപ്പറേഷനിലെ ബസ് ജീവനക്കാരുടെ അനുപാതം പുനഃക്രമീകരിച്ച് ദേശീയ ശരാശരിയിൽ എത്തിക്കുവാനും നിഷ്കർഷിക്കുന്നു. നിലവിലെ ഡബിൾ ഡ്യൂട്ടി സമ്പ്രദായം മാറ്റി സിംഗിൾ ഡ്യൂട്ടിയാക്കി മാറ്റുമ്പോൾ കോർപ്പറേഷനിൽ നിലവിലുള്ള കണ്ടക്ടർ, ഡ്രൈവർ വിഭാഗം ജീവനക്കാർ അധികമാകുന്ന അവസ്ഥയുണ്ട്. ഈ സാഹചര്യത്തിൽ പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ കെ.എസ്.ആർ.ടി.സി.-യിൽ ഉണ്ടായ ഒഴിവുകൾ കണക്കാക്കാൻ കഴിയുകയുള്ളൂ.

(ഡി) നിലവിൽ കോർപ്പറേഷനിൽ താൽക്കാലികാടിസ്ഥാനത്തിൽ 4160 എം.പാനൽ കണ്ടക്ടർമാർ ജോലി ചെയ്യുന്നുണ്ട്. അടിയന്തര ഘട്ടങ്ങളിലും സ്ഥിരം ജീവനക്കാരുടെ അവധി കാലയളവുകളിലും സുഗമമായി സർവ്വീസ് നടത്തുവാൻവേണ്ടി മാത്രമാണ് താൽക്കാലിക ജീവനക്കാരെ നിയോഗിച്ചിട്ടുള്ളത്. മാത്രമല്ല ടി ജീവനക്കാരുടെ നിയമനം, ജോലിയിൽനിന്നും മാറ്റിനിർത്തൽ എന്നിവയുമായി ബന്ധപ്പെട്ട് നിരവധി ഹർജികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലനിൽക്കുന്ന സാഹചര്യത്തിൽ ടി ഹർജികളിന്മേലുള്ള അന്തിമ വിധിക്കനുസരിച്ച് മാത്രമേ കോർപ്പറേഷന് ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കുവാൻ സാധിക്കുകയുള്ളൂ.

## കാസർഗോഡ് ജില്ലയ്ക്ക് അനുവദിച്ച കെ.എസ്.ആർ.ടി.സി. ബസ്സുകൾ

302 (3254) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ, കെ.എസ്.ആർ.ടി.സി.-യിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്ത കാരണത്താൽ ജില്ലയ്ക്ക് അനുവദിച്ച അഞ്ച് ബസ്സുകൾ മറ്റേതെങ്കിലും ജില്ലകളിലേക്ക് മാറ്റിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ജില്ലയിൽ മംഗലാപുരം-കാസർഗോഡ്, ചന്ദ്രഗിരി-കാഞ്ഞങ്ങാട്, കാസർഗോഡ് -കണ്ണൂർ എന്നീ റൂട്ടുകളിൽ അനുവദിച്ച ടൗൺ ടു ടൗൺ സർവ്വീസുകൾ നല്ല ലാഭത്തിൽ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ, ജീവനക്കാരില്ലായെന്ന കാരണം കൊണ്ട് മാത്രം മാറ്റിനൽകപ്പെട്ട ബസുകൾ ജില്ലയിൽ തന്നെ സർവ്വീസ് നടത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്. കാസർഗോഡ് ജില്ലയിൽ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ സർവ്വീസ് നടത്തുന്നതിന് ജീവനക്കാരുടെ കുറവ് അനുഭവപ്പെടുന്ന സാഹചര്യത്തിൽ അവിടെ സർവ്വീസ് നടത്തുവാനാകാതെ കിടന്നിരുന്ന 5 അന്തർ സംസ്ഥാന സർവ്വീസിനായി ഉപയോഗിക്കുന്ന ഓർഡിനറി ബസുകളും കൂടാതെ സ്പെയറായി കിടന്നിരുന്ന 3 ഓർഡിനറി ബസുകളും (ആകെ 8 ബസുകൾ) താൽക്കാലികമായി വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി ഡിപ്പോയിലേയ്ക്ക് മാറ്റി നൽകിയിട്ടുണ്ട്. പുതിയ ഡ്യൂട്ടി ക്രമീകരണം നടപ്പിലാക്കിയതുവഴി ജീവനക്കാരുടെ വിഭവശേഷി കൂടുതലായി ലഭ്യമാകുന്ന മുറയ്ക്കും അന്തർ സംസ്ഥാന കരാറിന്റെ വ്യവസ്ഥകൾക്കും വിധേയമായി സമീപഭാവിയിൽ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**മൂന്നാർ കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയിൽ സ്കാനിയ ബസ്**

303 (3255) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ മൂന്നാർ കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയിൽ സ്കാനിയ ബസ് അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള സാഹചര്യത്തിൽ മൂന്നാർ സബ് ഡിപ്പോയിൽനിന്ന് പുതിയ സ്കാനിയ ബസുകളുടെ സർവ്വീസുകൾ ആരംഭിക്കുന്നതിന് സാധിക്കുകയില്ല.

## വൈപ്പിൻ മണ്ഡലത്തിലെ ലാഭകരമല്ലാത്ത കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ

304 (3256) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈപ്പിൻ നിയോജക മണ്ഡലത്തിലെ വൈപ്പിൻ-പള്ളിപ്പുറം സംസ്ഥാനപാത വഴിയുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസുകളിൽ ഏതെങ്കിലും ലാഭകരമല്ലാതെ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

ഉണ്ട്. നോർത്ത് പറവൂർ, കൊടുങ്ങല്ലൂർ യൂണിറ്റുകളിൽനിന്നും വൈപ്പിൻ-പള്ളിപ്പുറം റൂട്ടിലൂടെ സർവ്വീസ് നടത്തുന്ന 12 സർവ്വീസുകൾ ലാഭകരമല്ലാതെ പ്രവർത്തിക്കുന്നുണ്ട്.

## ബസ്സുകളുടെ സമയക്രമം വിശദമാക്കുന്ന മൊബൈൽ ആപ്പ്

305 (3257) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സ്വകാര്യബസ്സുകൾ ഇവയുടെ സമയക്രമം വിശദമാക്കുന്ന മൊബൈൽ ആപ്പ് പുറത്തിറക്കുന്ന കാര്യം വകുപ്പിന്റെ പരിഗണനയിലുണ്ടോ;

(ബി) ഈ ആവശ്യം ഉന്നയിച്ച് അപേക്ഷകൾ എന്തെങ്കിലും വകുപ്പിന് ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. ബസുകളുടെ കാര്യം പരിഗണനയിലുണ്ട്.

സ്വകാര്യ ബസുകളുടെ സമയക്രമം കമ്പ്യൂട്ടർവൽക്കരിക്കുന്ന പദ്ധതി നടപ്പിലാക്കിയശേഷം മൊബൈൽ ആപ്പ് സജ്ജമാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ബി) ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയതിനുശേഷം നിരവധി യാത്രക്കാർ ഇ-മെയിൽ മുഖാന്തിരം ആവശ്യപ്പെട്ടിട്ടുണ്ട്.

## സുശീൽ ഖന്ന റിപ്പോർട്ട്

306 (3258) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുശീൽഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-യിൽ നിയമനങ്ങൾക്ക് നിലവിൽ വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) സുശീൽ ഖന്ന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല. കോർപ്പറേഷന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് പ്രൊഫ. സുശീൽ ഖന്ന പ്രാഥമിക ശിപാർശകൾ സമർപ്പിച്ചിരുന്നു. കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ദേശീയ ശരാശരിയിലേയ്ക്ക് മെച്ചപ്പെടുത്തുന്നതിനും വരുമാന വർദ്ധനവിനും ജീവനക്കാരെ ശാസ്ത്രീയമായി വിന്യസിക്കുന്നതിനും ബസ്-സ്റ്റാഫ് അനുപാതം നിലവിലുള്ള 8.7-ൽ നിന്നും ദേശീയ ശരാശരിയായ 5.5-നെക്കാൾ മെച്ചപ്പെടുത്തി 5 എന്ന ലക്ഷ്യത്തിൽ എത്തിക്കുവാനും പ്രൊഫ. സുശീൽ ഖന്ന ശിപാർശ ചെയ്തിട്ടുണ്ട്. ബസ്-സ്റ്റാഫ് അനുപാതം ദേശീയ ശരാശരിയായ 5.5 എന്നതിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചുവരികയാണ്. നിലവിലെ ജീവനക്കാർക്ക് ശമ്പളവും പെൻഷൻകാർക്ക് പെൻഷൻപോലും നൽകുവാൻ ബുദ്ധിമുട്ട് അനുഭവിക്കുന്നതിനാൽ പുതിയ നിയമനം കെ.എസ്.ആർ.ടി.സി.യുടെ നിലനിൽപ്പിനെത്തന്നെ ബാധിക്കുന്നതാണ്. ആയതിനാൽ പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ പഠന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ബസ്-ജീവനക്കാരുടെ അനുപാതത്തിന്മേൽ പഠനം നടത്തി നിലവിലെ ഒഴിവുകളുടെ സാധുത പരിശോധിച്ച് മാത്രമേ പുതിയ നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(ബി) പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

**ചെങ്ങന്നൂർ - പൈതൽമല ദീർഘദൂര സർവ്വീസ്**

307 (3259) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. എത്ര പുതിയ ദീർഘദൂര സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട് ; വിശദമാക്കാമോ;

(ബി) ചെങ്ങന്നൂർ-പൈതൽമല ദീർഘദൂര സർവ്വീസ് ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ;

(സി) ചെങ്ങന്നൂർ-പൈതൽമല ദീർഘദൂര സർവ്വീസുമായി ബന്ധപ്പെട്ട് കൊല്ലം റീജിയണൽ ആഫീസിലെ 9-3-2017-ലെ 74/202/17/KLM നമ്പർ പ്രൊപ്പോസലിൻമേൽ നാളിതുവരെയായി കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസിൽ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ചെങ്ങന്നൂർ-പൈതൽമല സർവ്വീസ് എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ഡിപ്പോകളിൽ നിന്നായി 63 ദീർഘദൂര സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി-ഡി) അതിഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന കെ.എസ്.ആർ.ടി.സി.-യിൽ ഇപ്പോൾ സമഗ്രമായ പുനരുദ്ധാരണം നടക്കുകയാണ്. ആയതുമായി ബന്ധപ്പെട്ട് ഡ്യൂട്ടി ക്രമീകരണങ്ങളും പരിഷ്കരണങ്ങളും നടക്കുന്നതിനാൽ നിലവിലെ സാഹചര്യത്തിൽ പുതിയ ദീർഘദൂര സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുവാൻ സാധിക്കുന്നില്ല.

**അന്തർ സംസ്ഥാന ഉടമ്പടിയുടെ ഭാഗമായി ആരംഭിച്ച കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ**

308 (3260) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർണാടക സംസ്ഥാനവുമായി ഒപ്പിട്ട അന്തർസംസ്ഥാന ഉടമ്പടിയുടെ ഭാഗമായി കെ.എസ്.ആർ.ടി.സി. ഏതെല്ലാം ഡിപ്പോകളിൽനിന്നും പുതിയ സർവ്വീസുകൾ ആരംഭിച്ചിരുന്നു എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ഉടമ്പടിയുടെ ഭാഗമായി കൊല്ലം ജില്ലയിലെ ഏതെങ്കിലും ഡിപ്പോയിൽനിന്നും പുതിയ സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) കൊല്ലം ജില്ലയിൽനിന്നും പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടില്ല.

**ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ യാത്രാ ക്ലേശം**

309 (3261) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ യാത്രാ ക്ലേശം സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) തിരുവല്ല-മാവേലിക്കര റൂട്ടിൽ രാവിലെ 5.05 നും വീയ്യപുരം-അട്ടൂർ-പറക്കോട്-മണ്ണടി റൂട്ടുകളിൽ രാവിലെ 6 മണിക്കും പെർമിറ്റുള്ള സ്വകാര്യ ബസ്സുകൾ ആദ്യ സർവ്വീസ് മുടക്കുന്നത് മൂലമുള്ള യാത്രാക്ലേശം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഈ റൂട്ടിൽ സർവ്വീസ് മുടക്കുന്നത് അന്വേഷിച്ച് അടിയന്തരമായി നടപടികളെടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഷെഡ്യൂളുകളുടെ അനുമതി**

310 (3262) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്ന് വിവിധ വിഭാഗങ്ങളിലായി 2016 ആഗസ്റ്റ് മാസത്തിൽ ഓപ്പറേറ്റ് ചെയ്ത ഷെഡ്യൂളുകൾ എത്രയെന്നും 2017 ആഗസ്റ്റ് മാസത്തിലെ ഷെഡ്യൂളുകളുടെ അനുമതിയും പട്ടിക തിരിച്ച് അറിയിക്കാമോ;

(ബി) നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യാൻ എത്ര ബസുകളാണ് ആവശ്യമായിട്ടുള്ളതെന്നും നിലവിൽ എത്ര ബസ്സുകൾ ഉണ്ടെന്നുംവ്യക്തമാക്കാമോ;

(സി) അനുമതി നല്കിയിട്ടുള്ള ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ആവശ്യമായ വിവിധ വിഭാഗം ജീവനക്കാരുടെ എണ്ണം എത്രയെന്നും നിലവിലുള്ള ജീവനക്കാരുടെ എണ്ണം എത്രയെന്നും അറിയിക്കാമോ;

(ഡി) പൂർണ്ണമായും നിർത്തലാക്കിയ പ്രാദേശിക സർവ്വീസുകൾ എത്രയെന്നും സർവ്വീസ് മുടങ്ങിയിട്ടുള്ള പ്രാദേശിക സർവ്വീസുകൾ എത്രയെന്നും വ്യക്തമാക്കാമോ;

(ഇ) ആയത് പുനരാരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സർവ്വീസ് പുനരാരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി. ചാത്തന്നൂർ ഡിപ്പോയിൽനിന്നും 2016 ആഗസ്റ്റ് മാസത്തിൽ 13 ഫാസ്റ്റ് പാസഞ്ചറുകളും 46 ഓർഡിനറികളും 3 ജൻറം (നോൺ എ.സി.) സർവ്വീസുകളും ഓപ്പറേറ്റ് ചെയ്തിട്ടുണ്ട്. 2017 ആഗസ്റ്റ് മാസത്തിൽ 12 ഫാസ്റ്റ് പാസഞ്ചറുകളും 44 ഓർഡിനറികളും 6 ജൻറം (നോൺ എ.സി.) സർവ്വീസുകളും ഓപ്പറേറ്റ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ഷെഡ്യൂളുകളുടെയും ബസുകളുടെയും എണ്ണം താഴെപ്പറയും പ്രകാരമാണ് :

| ഇനം | ഷെഡ്യൂൾ | നിലവിലുള്ള ബസുകളുടെ എണ്ണം | ആവശ്യമായ ബസുകളുടെ എണ്ണം |
|---|---|---|---|
| ഫാസ്റ്റ് | 12 | 11 | 13 |
| ഓർഡിനറി | 44 | 41 | 48 |
| ജൻറം | 6 | 6 | 6 |
| ആകെ | 62 | 58 | 67 |

ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ 6 നോൺ എ.സി. ജൻറം ഉൾപ്പെടെ 62 ഷെഡ്യൂളുകളാണുള്ളത്. പ്രസ്തുത ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് സ്പെയർ ഉൾപ്പെടെ 67 ബസുകളാണ് ആവശ്യമായിട്ടുള്ളത്. ചാത്തന്നൂർ ഡിപ്പോയിൽ നിലവിൽ 6 ജൻറം ബസുകൾ ഉൾപ്പെടെ 58 ബസുകളാണുള്ളത്. പുതിയ ബസുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് കുറവുള്ള ബസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സി) അനുമതി നൽകിയിട്ടുള്ള ഷെഡ്യൂൾ ഓപ്പറേറ്റ് ചെയ്യുന്നതിന് 148 കണ്ടക്ടർമാരെയും 148 ഡ്രൈവർമാരെയും ആവശ്യമുണ്ട്. നിലവിൽ 120 ഡ്രൈവർമാരും 154 കണ്ടക്ടർമാരുമുണ്ട്.

(ഡി & ഇ) ഒരു സർവ്വീസും പൂർണ്ണമായും നിർത്തലാക്കിയിട്ടില്ല.

**വാഹനാപകടങ്ങൾ**

311(3263) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 കാലയളവിൽ സംസ്ഥാനത്ത് വാഹനാപകടങ്ങളിൽപ്പെട്ട് മരണപ്പെട്ടവർ എത്രയെന്ന് വിശദമാക്കാമോ;

(ബി) വാഹന അപകടങ്ങൾ കുറയ്ക്കുന്നതിനും, ഇല്ലാതാക്കുന്നതിനുമായി സർക്കാർ നടപ്പിലാക്കാൻ പോകുന്ന പരിഷ്കാരങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ക്രൈം റെക്കോർഡ്സ് ബ്യൂറോയിൽനിന്നും ലഭ്യമായ കണക്കനുസരിച്ച് 2016-17-ൽ (1-4-2016 മുതൽ 31-3-2017 വരെ) സംസ്ഥാനത്ത് 4069 പേർ വാഹനാപകടത്തിൽ കൊല്ലപ്പെട്ടിട്ടുണ്ട്.

(ബി) കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായും പോലീസ് വകുപ്പിൽ നിന്നുള്ള വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിലും കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ അനുബന്ധ ഏജൻസിയായ നാറ്റ്പാക് 355 ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ട്. ഇവ 18-1-2017-ൽ നടന്ന മുപ്പത്തിരണ്ടാമത് കേരള റോഡ് സുരക്ഷാ അതോറിറ്റി യോഗം അംഗീകരിക്കുകയും അനന്തര നടപടികൾക്കായി അനുബന്ധ വകുപ്പുകൾക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. ബ്ലാക്ക് സ്പോട്ടുകളെക്കുറിച്ചുള്ള പഠനത്തിനും ഏകോപനത്തിനും നിർമ്മാർജ്ജനത്തിനുമായി പൊതുമരാമത്ത് വകുപ്പ് (ദേശീയപാത) ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (റോഡുകളും പാലങ്ങളും) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ, നാറ്റ്പാക് ഡയറക്ടർ എന്നിവർ അംഗങ്ങളായുള്ള ഒരു ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. രാജ്യത്തെ ബ്ലാക്ക് സ്പോട്ടുകൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി 1100 കോടി രൂപയുടെ ഫണ്ട് നിലവിലുള്ളതായി മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് & ഹൈവേസ് അറിയിച്ചിട്ടുണ്ട്. ഇതിനായുള്ള പ്രൊപ്പോസൽ തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിനെ ചുമതല പ്പെടുത്തിയിട്ടുണ്ട്. പാതയോരങ്ങളിൽ ബോർഡുകൾ സ്ഥാപിക്കുന്നത് തടയുകയെന്ന ലക്ഷ്യത്തോടെ "ഔട്ട് ഡോർ അഡ്വർടൈസ്മെന്റ് പോളിസി" തയ്യാറാക്കി നാറ്റ്പാക് സമർപ്പിച്ചിട്ടുണ്ട്. ഈ പോളിസി നിലവിൽ വരുന്നതോടെ ഡ്രൈവർമാരുടെയും യാത്രികരുടെയും കാഴ്ചയെ മറയ്ക്കുന്നവിധത്തിൽ റോഡരുകിൽ ബോർഡുകളും മറ്റും സ്ഥാപിക്കുന്നത് തടയാൻ കഴിയും. അമിതവേഗത റോഡപകടങ്ങൾ സൃഷ്ടിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു എന്ന് മനസ്സിലാക്കിക്കൊണ്ട് വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്റ്റേജ് കാര്യേജുകളിലും ഹെവി വാഹനങ്ങളിലും സ്കൂൾ വാഹനങ്ങളിലും സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുണ്ട്. മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് നടത്തുന്ന വാഹന പരിശോധനകളിലും ഓഫീസ് തലങ്ങളിൽ നടത്തപ്പെടുന്ന ചെക്കിംഗുകളിലും അമിതവേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതുകൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ ഡ്രൈവർമാർക്ക് നൽകുന്ന പരിശീലനങ്ങളിൽ അമിതവേഗതക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. മദ്യപിച്ചും അശ്രദ്ധമായും വാഹനം ഉപയോഗിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുക, സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. മേഖല തലത്തിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിതവേഗത കണ്ടുപിടിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ വാഹനാപകടങ്ങളുടെ സാന്ദ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ കണ്ടുപിടിച്ച് പൊതുമരാമത്ത് വകുപ്പ് തുടങ്ങി മറ്റ് വകുപ്പുകളുടെ

സഹായത്തോടുകൂടി തിരുത്തൽ നടപടികൾ സ്വീകരിച്ചുവരുന്നു. റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിനും റോഡ് സുരക്ഷാ നടപടികൾ കൂടുതൽ ഫലവത്തായി നടത്തുന്നതിനും വകുപ്പിന് ഒരു എൻഫോഴ്സ്മെന്റ് വിംഗ് പ്രവർത്തിച്ചുവരുന്നു. കൂടാതെ മഴക്കാലത്തിന് മുന്നോടിയായി പ്രത്യേക പ്രീ-മൺസൂൺ പരിശോധനകളും നടത്തിവരുന്നുണ്ട്. റോഡ് സുരക്ഷയ്ക്കായി 'ഒരു ദശകം' എന്ന ലോകാരോഗ്യ സംഘടന ആഹ്വാനം ചെയ്ത പരിപാടിയുടെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ ധനസഹായത്തോടെ ബോധവൽക്കരണ പരിപാടി നടന്നുവരുന്നു. ഈ പരിപാടി ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു.

ബഹുമാനപ്പെട്ട സുപ്രീം കോടതി നിയമിച്ചിട്ടുള്ള റോഡ് സുരക്ഷാ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം അമിതവേഗത, സിഗ്നൽ ലംഘനം, ചരക്ക വാഹനങ്ങളിലെ അമിതഭാരവും യാത്രക്കാരെ കയറ്റലും, മദ്യപിച്ച് വാഹനമോടിക്കൽ, വാഹനം ഓടിക്കുമ്പോൾ മൊബൈൽ ഫോണിൽ സംസാരിക്കുക മുതലായ നിയമലംഘനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനായി 'ഓപ്പറേഷൻ സുരക്ഷ' എന്ന പേരിൽ ഒരു പദ്ധതി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. വകുപ്പ് സ്വീകരിച്ചിട്ടുള്ള വിവിധ റോഡ് സുരക്ഷാ നടപടികളുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് അപകടനിരക്കും മരണനിരക്കും ഈ വർഷം കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.

## വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം

312(3265) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ വിദ്യാർത്ഥികൾക്ക് നൽകുന്ന യാത്രാ സൗജന്യത്തിന് എന്തെങ്കിലും നിയന്ത്രണം പുതിയതായി ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) യാത്രാ സൗജന്യം ലഭിക്കാൻ ആവശ്യമായ പാസ് വിതരണത്തിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടായിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. ബസുകളിൽ വിദ്യാർത്ഥികൾക്ക് നൽകുന്ന യാത്രാ സൗജന്യത്തിന് പുതിയതായി നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല.

(ബി) നിഷ്കർഷിച്ചിട്ടുള്ള രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥികൾക്ക് നിലവിലുള്ള വ്യവസ്ഥകൾക്കും നിയമങ്ങൾക്കും വിധേയമായി കൺസെഷൻ അനുവദിച്ചുവരുന്നു. ഇതുസംബന്ധിച്ചുള്ള അപേക്ഷകളിന്മേലും പരാതികളിന്മേലും നടപടിക്രമങ്ങൾ വൈകിക്കരുതെന്ന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## സബ് ആർ.ടി. ഓഫീസ്

313 (3266) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിൽ നിലവിൽ സബ് ആർ.ടി.ഓഫീസ് പ്രവർത്തിക്കുന്നുണ്ടോ;

(ബി) സബ് ആർ.ടി. ഓഫിസുകൾ ഇല്ലാത്ത താലൂക്കുകൾ ഏതെല്ലാം; വിശദമാക്കാമോ;

(സി) കേരളത്തിലെ ഏക സബ് താലൂക്കായ കുന്ദമംഗലത്ത് ഒരു സബ് ആർ.ടി. ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) കോഴിക്കോട് താലൂക്കിൽ നിലവിൽ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് പ്രവർത്തിക്കുന്നില്ല. എന്നാൽ കോഴിക്കോട് ആർ.ടി. ഓഫീസ് പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇരിട്ടി, പയ്യന്നൂർ, കൊണ്ടോട്ടി, കുന്നംകുളം, കോഴിക്കോട്, കാട്ടാക്കട, വെള്ളരിക്കുണ്ട്, വർക്കല, പത്തനാപുരം, മഞ്ചേശ്വരം, കോന്നി എന്നീ താലൂക്കുകളിൽ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ഇല്ല.

(സി) കുന്നമംഗലത്ത് പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് തുടങ്ങുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## ആർ.ടി. ഓഫീസുകൾ അഴിമതിരഹിതവും സുതാര്യവുമാക്കാൻ നടപടി

314 (3267) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ടി. ഓഫീസുകൾ അഴിമതിരഹിതവും സുതാര്യവും ആക്കാൻ എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നും എന്തെല്ലാം പുരോഗമനപരമായ പരിഷ്കാരങ്ങളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ബി) ഡ്രൈവർമാരുടെ അശ്രദ്ധമൂലം റോഡപകടങ്ങൾ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ (എഴുത്ത് പരീക്ഷ, പ്രായോഗിക പരീക്ഷ) കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്ന തിനുള്ള നടപടികൾ സ്വീകരിക്കുമോ; ഇതിനായി കർമ്മപരിപാടി പരിഗണനയിൽ ഉണ്ടോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) മോട്ടോർ വാഹന വകുപ്പ് അഴിമതിരഹിതമാക്കുന്നതിനായി വകുപ്പുതല പരിശോധനാ സംവിധാനം നിലവിലുണ്ട്. ഈ സംവിധാനം ഫലപ്രദമായി നടപ്പിലാക്കുന്നുണ്ട്. മാത്രമല്ല, ജനങ്ങൾക്ക് നേരിട്ട് സേവനം ലഭിക്കുന്നതിനുവേണ്ടി ഫീസുകളും പുതിയ സ്വകാര്യ വാഹനങ്ങളുടെ നികുതികളും ഇ-പേമെന്റ് വഴി ഒടുക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഡ്രൈവർമാരുടെ അശ്രദ്ധമൂലം റോഡപകടങ്ങൾ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ കുറ്റമറ്റമാക്കുന്നതിനായി കേരളത്തിലെ ഡ്രൈവിംഗ് സ്കൂളുകളിലെ ഇൻസ്ട്രക്ടർമാർക്ക് വകുപ്പിന്റെ ഇടപ്പാളിലുള്ള ഐ.ഡി.റ്റി.ആർ.-ൽ വച്ച് പരിശീലനം നൽകാനും അവരിലൂടെ പഠിതാക്കൾക്ക് നല്ലൊരു ഡ്രൈവിംഗ് സംസ്കാരം വളർത്തിയെടുക്കാനും ആവശ്യമായ നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു.

ഇന്ത്യയൊട്ടാകെ ഏകീകൃത ഡ്രൈവിംഗ് ലൈസൻസ് നൽകാനായി കേന്ദ്ര സർക്കാർ സ്ഥാപനമായ എൻ.ഐ.സി. ഡെവലപ് ചെയ്ത 'സാരഥി' സോഫ്റ്റ്‌വെയർ പരീക്ഷണാടിസ്ഥാനത്തിൽ വകുപ്പിന്റെ ഓഫീസുകളിൽ സ്ഥാപിക്കുകയും ഇതിലൂടെ ലൈസൻസ് നൽകുവാനും തുടക്കമിട്ടിട്ടുണ്ട്. ഈ സംവിധാനം എല്ലാ ഓഫീസുകളിലും താമസംവിനാ ഏർപ്പെടുത്താൻ വകുപ്പ് തയ്യാറെടുത്തുവരുന്നു.

**റോഡ് സേഫ്റ്റി ഫണ്ട്**

315 (3268) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സേഫ്റ്റി ഫണ്ട് ചെലവഴിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ റോഡ് സേഫ്റ്റി ഫണ്ടുപയോഗിച്ച് കൊല്ലം ജില്ലയിൽ നടത്തിയ പ്രവൃത്തികൾ എന്തെല്ലാം; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ആക്ടിന്റെ വകുപ്പ് 13 പ്രകാരം ഫണ്ടിന്റെ ഉപയോഗം താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി നിജപ്പെടുത്തിയിരിക്കുന്നു:

(എ) റോഡ് സുരക്ഷാ പരിപാടികൾക്ക്

(ബി) റോഡ് സുരക്ഷ സംബന്ധിച്ച ബോധവൽക്കരണ പരിപാടിക്ക്

(സി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെ വാങ്ങലുകൾക്ക്

(ഡി) റോഡ് സുരക്ഷ സംബന്ധിച്ച പദ്ധതികളിന്മേലുള്ള അംഗീകൃത പഠനങ്ങൾക്കും ഗവേഷണത്തിനും ഫണ്ട് നൽകുന്നതിന്

(ഇ) ട്രോമാ കെയർ പരിപാടികൾക്കും ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും

(എഫ്) അതോറിറ്റിയുടെ ഭരണപരമായ ചെലവുകൾക്ക്

(ജി) അതോറിറ്റിക്ക് യുക്തമെന്ന് തോന്നുന്ന റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുള്ള ചെലവിന്

(എച്ച്) നിർണ്ണയിച്ചേക്കാവുന്ന മറ്റേതെങ്കിലും ആവശ്യത്തിനും

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ കൊല്ലം ജില്ല റോഡ് സുരക്ഷാ കൗൺസിലിന് ഫണ്ട് നൽകിയിട്ടില്ല.

**നികുതി കുടിശ്ശിക അടയ്ക്കാത്ത അന്തർ സംസ്ഥാന വാഹനങ്ങൾ**

316 (3269) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതിക്കുടിശ്ശിക അടയ്ക്കാതെ, അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന വാഹനങ്ങൾക്കെതിരെ മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നികുതിക്കുടിശ്ശിക അടയ്ക്കാത്ത എത്ര വാഹനങ്ങൾ പിടിച്ചെടുത്തു ; ഇവയുടെ ഉടമസ്ഥരിൽനിന്ന് എത്ര രൂപ പിഴയായി ഈടാക്കി; വ്യക്തമാക്കുമോ ;

(സി) മറ്റ് സംസ്ഥാനങ്ങൾ ഈടാക്കുന്ന തരത്തിലുള്ള നികുതി പ്രസ്തുത സർവ്വീസുകൾക്ക് ബാധകമാക്കുന്ന കാര്യം പരിശോധിക്കുമോ?

ഉത്തരം

(എ & ബി) നിലവിൽ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതായ നികുതി അടയ്ക്കാതെ ഒരു വാഹനത്തെയും സംസ്ഥാനത്തിനകത്ത് പ്രവേശിക്കാൻ അനുവദിക്കാറില്ല. 1-4-2014 മുതൽ സർക്കാർ അന്യസംസ്ഥാന കോൺട്രാക്ട് ക്യാരേജുകളുടെ നികുതി വർദ്ധിപ്പിച്ചത് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിരുന്നതിനാൽ പ്രസ്തുത വാഹനങ്ങളിൽനിന്ന് കുറഞ്ഞ നിരക്കിൽ നികുതി സ്വീകരിച്ചുകൊണ്ട് സംസ്ഥാനത്ത് സർവ്വീസ് നടത്തുന്നതിന് അനുവദിച്ചിരുന്നു. എന്നാൽ 21-12-2016-ലെ

ഉത്തരവിലൂടെ സർക്കാർ ഏർപ്പെടുത്തിയ നികുതി വർദ്ധനവ് അംഗീകരിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി അന്തിമ വിധി പ്രഖ്യാപിച്ചതിനാൽ 1-4-2014 മുതൽ 18-7-2016 വരെ സംസ്ഥാനത്തിനകത്ത് പ്രവേശിച്ച അന്യസംസ്ഥാന കോൺട്രാക്ട് കാര്യേജുകളിൽനിന്ന് ബാക്കി നികുതി കൂടി സ്വീകരിക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത വിധിക്കെതിരെ ട്രാവൽ ഓപ്പറേറ്റർമാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിക്കുകയും പ്രസ്തുത അപ്പീലിലെ ഇടക്കാല ഉത്തരവിലൂടെ പെറ്റീഷണർമാർക്ക് ഫിനാൻസ് ആക്ട് 2016 പ്രകാരമുള്ള നികുതി അടയ്ക്കുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതി അനുവാദം നൽകുകയും ചെയ്തു. പ്രസ്തുത അപ്പീലിലെ അന്തിമ വിധി വന്നിട്ടില്ല. ഇടക്കാല ഉത്തരവ് പാലിക്കുന്നതിന് പെറ്റീഷണർമാർക്ക് അനുവദിച്ചിരുന്ന സമയപരിധി 20-7-2017-ൽ കഴിഞ്ഞതിനാൽ പ്രസ്തുത വാഹനങ്ങളിൽനിന്ന് ഫിനാൻസ് ആക്ട് 2016 പ്രകാരമുള്ള നികുതി സ്വീകരിക്കുന്നതിനുള്ള നടപടികൾ മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളിൽ നടന്നുവരുന്നു. 1-8-2017 മുതൽ പ്രസ്തുത നികുതി കുടിശ്ശിക അടയ്ക്കാത്ത ഒരു വാഹനത്തെയും ചെക്ക് പോസ്റ്റ് കടത്തിവിടുന്നതല്ല. നികുതി കുടിശ്ശിക അടയ്ക്കാത്ത വാഹനങ്ങൾ പിടിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. വകുപ്പിന്റെ വിവിധ ചെക്ക് പോസ്റ്റുകളിലായി 53,74,800 രൂപ ഈ ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## ഇരുചക്രവാഹനങ്ങളിൽ പകൽ സമയങ്ങളിൽ ലൈറ്റ്

317 (3270) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുചക്രവാഹനങ്ങളിൽ പകൽ സമയങ്ങളിലും ലൈറ്റ് ഉപയോഗിക്കുന്നതിനായി എന്തടിസ്ഥാനത്തിലാണ് നിർദ്ദേശം നൽകിയത് എന്നറിയിക്കാമോ;

(ബി) ഇതു സംബന്ധമായ സർക്കാർ ഉത്തരവുകളും കോടതി ഉത്തരവുകളും നൽകാമോ;

(സി) പകൽ സമയത്ത് ലൈറ്റ് ഉപയോഗിക്കുന്നത് എതിരെ വരുന്ന വാഹനങ്ങളിലെ ഡ്രൈവർമാർക്ക് അലോസരമുണ്ടാക്കുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പകൽ ലൈറ്റ് ഉപയോഗിക്കുന്നതുമൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര ഉപരിതല റോഡ് ഗതാഗത മന്ത്രാലയത്തിന്റെ 22-2-2016-ലെ GSR 188(E) നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ റൂൾ 105-ൽ ഭേദഗതി വരുത്തുകയും 1-4-2017-നുശേഷം നിർമ്മിച്ച എല്ലാ ഇരുചക്രവാഹനങ്ങൾക്കും എഞ്ചിൻ പ്രവർത്തിച്ചു തുടങ്ങുമ്പോൾ തന്നെ ഹെഡ് ലാമ്പും പ്രവർത്തിച്ചു തുടങ്ങണമെന്ന് നിർബന്ധമാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) GSR 188(E) നമ്പർ നോട്ടിഫിക്കേഷന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) വ്യാപകമായ പരാതിയൊന്നും ഇതുവരെ ലഭിച്ചിട്ടില്ല.

(ഡി) വിലയിരുത്തിയിട്ടില്ല.

**തലശ്ശേരി സബ് ആർ.ടി. ഓഫീസിന്റെ സ്ഥല പരിമിതി**

318 (3271) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി സബ് ആർ.ടി ഓഫീസിന്റെ സ്ഥല പരിമിതിമൂലം ജീവനക്കാരും പൊതുജനങ്ങളും വളരെ അധികം പ്രയാസം നേരിടുന്നതിനാൽ സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറ്റി ഓഫീസിന്റെ സുഗമമായ നടത്തിപ്പിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

നടപടി സ്വീകരിച്ചുവരുന്നു.

**സ്വകാര്യ വാഹനങ്ങളിൽ നിയമാനുസൃതമല്ലാത്ത ബോർഡുകൾ**

319 (3272) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വാഹനങ്ങളിൽ നിയമാനുസൃതമല്ലാതെ ഔദ്യോഗിക സ്ഥാനങ്ങൾ രേഖപ്പെടുത്തിയ ബോർഡുകൾ സ്ഥാപിച്ചിരിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം വാഹനങ്ങളുടെ ഉടമകൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ;

(സി) എങ്കിൽ വിശദാംശം നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ-സി) സ്വകാര്യ വാഹനങ്ങളിൽ നിയമവിരുദ്ധമായി ഔദ്യോഗിക സ്ഥാനങ്ങൾ രേഖപ്പെടുത്തിയ ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം വാഹന ഉടമകൾക്കെതിരെ നിയമ നടപടി സ്വീകരിക്കുവാൻ മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ജസ്റ്റിസ് കെ.എസ്. രാധാകൃഷ്ണൻ കമ്മിറ്റി നിർദ്ദേശങ്ങൾ**

320 (3273) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീം കോടതി നിർദ്ദേശപ്രകാരം, വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനെപ്പറ്റി പഠിക്കാൻ നിയോഗിച്ച ജസ്റ്റിസ് കെ. എസ്. രാധാകൃഷ്ണൻ കമ്മിറ്റി നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ആലപ്പുഴ ജില്ലയിൽ വാഹനാപകടങ്ങൾമൂലമുള്ള മരണങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ എല്ലാ സബ് ആർ.ടി.ഓഫീസുകളിലും മുഴുവൻ സമയ മോട്ടോർ വാഹന എൻഫോഴ്സ്മെന്റ് സംവിധാനം നടപ്പിലാക്കുമോ?

<u>ഉത്തരം</u>

(എ) ജസ്റ്റിസ് കെ. എസ്. രാധാകൃഷ്ണൻ കമ്മിറ്റിയിൽനിന്നും ലഭ്യമാകുന്ന നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിനായി യഥാസമയം മോട്ടോർ വാഹന വകുപ്പിനും റോഡ് സുരക്ഷാ അതോറിറ്റിക്കും അയച്ചുകൊടുക്കുന്നുണ്ട്. കമ്മിറ്റിയുടെ നിർദ്ദേശാനുസരണം മോട്ടോർ വാഹന വകുപ്പും റോഡ് സുരക്ഷാ അതോറിറ്റിയും സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി റോഡ് സുരക്ഷാ അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്.

- അപകടങ്ങൾ കൂടുതലായി സംഭവിച്ച മേഖലകൾ കണ്ടുപിടിക്കുന്നതിനായി കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി ബ്ലാക്ക് സ്പോട്ടുകളെ സംബന്ധിച്ച പ്രോട്ടോക്കോൾ നാറ്റ്പാക് തയ്യാറാക്കി സമർപ്പിച്ചത് കേരള റോഡ് സുരക്ഷാ അതോറിറ്റി അംഗീകരിച്ച് സുപ്രീംകോടതി കമ്മിറ്റിക്ക് അയച്ചുകൊടുത്തിട്ടുണ്ട്. മാത്രവുമല്ല, സംസ്ഥാനതലത്തിൽ പുതുതായി 355 ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തുകയും ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

- പാതയോരങ്ങളിൽ ഹോർഡിംങ്ങുകളും മറ്റും സ്ഥാപിക്കുന്നതിന് നിയന്ത്രണമേർപ്പെടുത്തിക്കൊണ്ട് പുതിയ "Outdoor Advertisement Policy" രൂപീകരിച്ച് സർക്കാർ ഉത്തരവിറക്കുകയും ഇതിന്മേൽ വിവിധ പരസ്യക്കമ്പനികൾ നൽകിയ തടസ്സവാദങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് മേൽപ്പറഞ്ഞ പോളിസിയിൽ മാറ്റങ്ങൾ വരുത്തുവാൻ സർക്കാർ ഒരു സബ്കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

- വാഹനങ്ങളിൽനിന്നും ഈടാക്കുന്ന ഒറ്റത്തവണ സെസ്സും പോലീസ്, മോട്ടോർ വാഹന വകുപ്പുകൾ ഈടാക്കുന്ന പിഴയുടെ 50% ചേർത്ത് റോഡ് സേഫ്റ്റി ഫണ്ട് രൂപീകരിച്ചിട്ടുണ്ട്.

- നാറ്റ്പാക് തയ്യാറാക്കിയ റോഡ് സേഫ്റ്റി ആക്ഷൻ പ്ലാനും പോളിസിയും മുപ്പത്തിരണ്ടാമത് കേരള റോഡ് സുരക്ഷാ അതോറിറ്റി യോഗം അംഗീകരിക്കുകയും ആവശ്യമായ നടപടികൾക്കായി കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ അനുബന്ധ വകുപ്പുകൾക്കയച്ചുകൊടുക്കുകയും ചെയ്തു.

- പാതയോരങ്ങളിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി നടപടി സ്വീകരിക്കാൻ പൊതുമരാമത്ത്, പോലീസ്, മോട്ടോർ വാഹന വകുപ്പ്, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ പലഭാഗത്തുമുള്ള ഇത്തരം അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുണ്ട്.

- ആരോഗ്യ വകുപ്പ് സമർപ്പിച്ച ട്രോമാകെയർ പദ്ധതി സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ മുപ്പത്തിരണ്ടാമത് കേരള റോഡ് സുരക്ഷാ അതോറിറ്റി യോഗം ഒരു സബ്കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ഈ കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

- 10 കോടി രൂപയ്ക്ക് മുകളിൽ നിർമ്മാണ ചെലവ് വരുന്ന റോഡുകളിൽ നിർമ്മാണം ആരംഭിക്കുന്നതിന് മുൻപ് റോഡ് സേഫ്റ്റി ഓഡിറ്റ് നടത്തണമെന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്.

- വിവിധ ഗതാഗത ലംഘനങ്ങളെക്കുറിച്ചുള്ള ത്രൈമാസ റിപ്പോർട്ട് സുപ്രീംകോടതി കമ്മിറ്റി ആവശ്യപ്പെട്ട പ്രകാരം നൽകിവരുന്നുണ്ട്.

- റോഡപകടങ്ങളിലെ മരണനിരക്ക് സംബന്ധിച്ച റിപ്പോർട്ട് കമ്മിറ്റിക്ക് നൽകിവരുന്നു.

- സിനിമാശാലകളിൽ ഓരോ പ്രദർശനവുമാരംഭിക്കുന്നതിന് മുൻപ് നിർബന്ധമായും റോഡ് സുരക്ഷാ പരസ്യങ്ങൾ പ്രദർശിപ്പിക്കുവാൻ ആവശ്യമായ ഉത്തരവുകൾ നൽകാൻ കേന്ദ്ര സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

- മോട്ടോർ വാഹനം, പോലീസ് വകുപ്പുകൾ ഫെബ്രുവരി 15 മുതൽ മാർച്ച് 15 വരെയുള്ള കാലയളവിൽ നിശ്ചിത തീയതികളിൽ ഓരോ ട്രാഫിക് നിയമലംഘനങ്ങൾക്കെതിരെ നടപടിയെടുത്തുവരുന്നു.
- വാഹനങ്ങളിൽ സ്പീഡ് ഗവേർണർ ഘടിപ്പിച്ചത് സംബന്ധിച്ച ത്രൈമാസ റിപ്പോർട്ട് കമ്മിറ്റിക്ക് നൽകിവരുന്നു. തേർഡ് പാർട്ടി ഇൻഷ്വറൻസ് എടുക്കാത്ത വാഹനങ്ങൾക്കെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ച് ത്രൈമാസ റിപ്പോർട്ട് കമ്മിറ്റിക്ക് നൽകിവരുന്നു. റെഡ് ലൈറ്റ് ജംപിങ്, ചരക്ക് വാഹനങ്ങളിലെ അമിതഭാരം കയറ്റൽ, മദ്യപിച്ച് വാഹനമോടിക്കൽ, വാഹനമോടിക്കുമ്പോഴുള്ള മൊബൈൽ ഉപയോഗം തുടങ്ങിയ ട്രാഫിക് കുറ്റകൃത്യങ്ങളിലേർപ്പെടുന്ന വാഹന ഡ്രൈവർമാരുടെ ലൈസൻസ് താത്കാലികമായി സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികൾ മോട്ടോർ വാഹന വകുപ്പ് സ്പെഷ്യൽ സെൽ രൂപീകരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) മോട്ടോർ വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥരുടെ തസ്തിക സൃഷ്ടിക്കുന്നതിന് സർക്കാരിൽ ശിപാർശ സമർപ്പിച്ചിട്ടുണ്ട്. നിലവിലുള്ള എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും റ്റി.സി. ഓഫീസ്, ഡി.റ്റി.സി. ഓഫീസ് എന്നിവിടങ്ങളിലെ സ്ക്വാഡുകളും വിവിധ ജില്ലകളിൽ സബ് ഓഫീസിന് കീഴിലുള്ള പ്രദേശങ്ങളിലും പരിശോധനകൾ നടത്തുന്നുണ്ട്. എന്നാൽ, സബ് ആർ.ടി. ഓഫീസുകൾ കേന്ദ്രീകരിച്ച് മുഴുവൻ സമയ എൻഫോഴ്സ്മെന്റ് സംവിധാനം ഉദ്യോഗസ്ഥരുടെ തസ്തിക സൃഷ്ടിക്കുന്ന മുറയ്ക്ക് മാത്രമേ ഏർപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ.

**എം.വി.ഐ., എ.എം.വി.ഐ. എന്നിവരുടെ നിയമനവും സ്ഥലംമാറ്റവും**

321 (3274) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ (എം.വി.ഐ.), അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ(എ.എം.വി.ഐ.) എന്നിവരെ നിയമിക്കുന്നതും ട്രാൻസ്ഫറും പോസ്റ്റിംഗും നടത്തുന്നതും നിലവിൽ ഏതെല്ലാം ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ ജില്ലാ, താലൂക്ക് ചെക്ക്പോസ്റ്റുകൾ, എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവിടങ്ങളിൽ ഓരോ സ്ഥലത്തും എത്ര എ.എം.വി.ഐ.-മാർ ജോലിചെയ്യുന്നുവെന്ന് ഓഫീസ് തിരിച്ച് വെളിപ്പെടുത്തുമോ;

(സി) ഈ വകുപ്പിൽ ജി. ഒ. (എംഎസ്.) നമ്പർ 32/2012/ട്രാൻസ്. തീയതി 5-6-2012 നമ്പർ ഉത്തരവിന് വിരുദ്ധമായി സ്ഥലംമാറ്റം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത സ്ഥലംമാറ്റങ്ങൾ നടത്തിയത് എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) മോട്ടോർ വാഹന വകുപ്പിൽ മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരെ കേരള ട്രാൻസ്പോർട്ട് സർവ്വീസ് സ്പെഷ്യൽ റൂൾസ് 1981-ലെ വ്യവസ്ഥകൾ പ്രകാരവും അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരെ കേരള ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് 2008-ലെ വ്യവസ്ഥകൾ പ്രകാരവുമാണ് നിയമിക്കുന്നത്. മോട്ടോർ വാഹന വകുപ്പിൽ മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ എന്നിവരുടെ സ്ഥലംമാറ്റങ്ങൾ നിലവിൽ 5-6-2012-ലെ ജി.ഒ. (എം എസ്.) നമ്പർ 32/2012/ട്രാൻസ് നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃത മായാണ് നടത്തുന്നത്.

(ബി) നിലവിൽ ജില്ലാ അടിസ്ഥാനത്തിലാണ് എ.എം.വി.ഐ.മാരെ ചെക്ക് പോസ്റ്റുകൾ, എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ എന്നിവിടങ്ങളിൽ നിയമിക്കുന്നത്. ഈ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 19 ചെക്ക് പോസ്റ്റുകളിൽ പാലക്കാട് ആർ.ടി. ഓഫീസിന് കീഴിൽ വരുന്ന വാളയാർ (ഇൻ), ഗോപാലപുരം എന്നീ ചെക്ക് പോസ്റ്റുകൾ ഒഴികെ മറ്റെല്ലാ ചെക്ക് പോസ്റ്റിലും 3 എ.എം.വി.ഐ.-മാരെ വീതമാണ് ഡ്യൂട്ടിക്ക് നിയോഗിക്കുന്നത്. വാളയാർ (ഇൻ) ചെക്ക് പോസ്റ്റിൽ 12 എ.എം.വി.ഐ.- മാരെയും ഗോപാലപുരം ചെക്ക് പോസ്റ്റിൽ 6 എ.എം.വി.ഐ. മാരെയും നിയോഗിക്കുന്നു. വകുപ്പിന് കീഴിൽ 34 എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുണ്ട്. ഓരോ സ്ക്വാഡിലും 2 എ.എം.വി.ഐ.-മാർ വീതം ജോലി ചെയ്യുന്നു.

(സി) മോട്ടോർ വാഹന വകുപ്പിലെ പൊതുസ്ഥലംമാറ്റങ്ങൾ 5-6-2012-ലെ ജി. ഒ. (എം എസ്.) നമ്പർ 32/2012/ട്രാൻസ് ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃത മായാണ് നടത്തുന്നത്. വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ നൽകുന്ന ശിപാർശയുടെ അടിസ്ഥാനത്തിലും വിജിലൻസ് വകുപ്പ് നൽകുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും പൊതുതാത്പര്യം മുൻനിർത്തിയുള്ള സ്ഥലംമാറ്റങ്ങൾ നടത്താറുണ്ട്.

## പൊതുഗതാഗത സംവിധാനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി

322 (3275) ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുഗതാഗത സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം; വ്യക്തമാക്കാമോ;

(സി) പരിസരമലിനീകരണം കുറയ്ക്കുന്നതിനായി, വാഹനങ്ങൾ പരിസ്ഥിതി സൗഹൃദ ഇന്ധനങ്ങൾ ഉപയോഗിച്ച് ഓടിക്കുന്നത് പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സ്ത്രീ യാത്രക്കാരുടെ സുരക്ഷ മുൻനിർത്തി വനിതകൾ ഓടിക്കുന്ന ഷീ ടാക്സി സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ നഗരപ്രദേശങ്ങളിൽ നടപ്പിലാക്കി. പൊതുജനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ യാത്രചെയ്യുന്നതിന് ബൈക്ക് ടാക്സി പ്രാവർത്തികമാക്കി. അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിനായി ഇ-കാർ, ഇ-ഓട്ടോറിക്ഷ തുടങ്ങിയ വാഹനങ്ങൾക്ക് സംസ്ഥാനത്ത് സർവ്വീസ് നടത്തുവാൻ അനുമതി നൽകി. കൂടാതെ 5 ലക്ഷത്തിനുമുകളിൽ ജനസംഖ്യയുള്ള പട്ടണ പ്രദേശങ്ങളിലെ പൊതുയാത്രാ സംവിധാനങ്ങൾ ഏകോപിപ്പിച്ച് പ്രവർത്തിപ്പി ക്കുന്നതിനായി കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി രൂപീകരിക്കുന്ന തിനായുള്ള കരട് ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത ബിൽ നിയമമാകുന്നതോടെ പൊതുഗതാഗത സംവിധാനം കൂടുതൽ മെച്ചപ്പെടുന്നതാണ്.

(ബി) ഓവർ സ്പീഡ് മൂലമുള്ള അപകടങ്ങൾ ഒഴിവാക്കാനായി കൂടുതൽ സ്പീഡ് ക്യാമറകൾ സ്ഥാപിക്കൽ, ഡ്രൈവിംഗ് സ്കൂൾ അധ്യാപകരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും അതുവഴി പുതിയ ലൈസൻസ് എടുക്കുന്നവരുടെ ഡ്രൈവിംഗ് നിലവാരം വർദ്ധിപ്പിക്കുന്നതിനുമായുള്ള പദ്ധതി നടപ്പിലാക്കൽ, എല്ലാ ജില്ലകളിലും കമ്പ്യൂട്ടറൈസ്ഡ് വാഹന പരിശോധനാ കേന്ദ്രങ്ങളും ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകളും സ്ഥാപിക്കൽ, ചെക്ക് പോസ്റ്റുകളിലെ പെർമിറ്റിനും മറ്റിതര സേവനങ്ങൾക്കായുള്ള പൊതുജനങ്ങളുടെ നീണ്ടനിര കുറയ്ക്കുന്നതിനുവേണ്ടി കൂടുതൽ

ഓൺലൈൻ സേവനങ്ങൾ നടപ്പിലാക്കൽ, പൊതുജന സുരക്ഷ ഉറപ്പുവരുത്തുന്നതിന് അപകട സാധ്യതയുള്ള ചരക്കുകൾ വഹിക്കുന്ന വാഹനങ്ങളെ നിരീക്ഷിക്കുന്നതിനായി മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളിൽ 'ആർ.എഫ്.ഐ.ഡി. സിസ്റ്റം' എന്ന സംവിധാനം നടപ്പിലാക്കൽ, സ്റ്റേജ് കാര്യേജ് വാഹനങ്ങളുടെ നീക്കം നിരീക്ഷിക്കുന്നതിനായി ജി.പി.എസ്. ട്രാക്കിംഗ് സംവിധാനം നടപ്പിലാക്കൽ, നിലവിലുള്ള സ്റ്റേജ് കാര്യേജ് വാഹനങ്ങളുടെ സമയപ്പട്ടിക ഡിജിറ്റലൈസ് ചെയ്യുവാനും അതുവഴി പൊതുഗതാഗത സംവിധാനത്തിന്റെ നിലവാരം വർദ്ധിപ്പിക്കുന്നതിനും പൊതുജനങ്ങളെ കൂടുതലായി പൊതുഗതാഗത സംവിധാനത്തിലേയ്ക്ക് ആകർഷിക്കുന്നതിനും തന്മൂലം ഗതാഗതക്കുരുക്ക് ലഘൂകരിക്കുന്നതിനുംവേണ്ടിയുള്ള 'ഇന്റലിജന്റ് ട്രാൻസ്പോർട്ട് സിസ്റ്റം' എന്ന പദ്ധതി നടപ്പിലാക്കൽ, മോട്ടോർ വാഹന ഓഫീസുകളിലും വകുപ്പിന്റെ ചെക്ക് പോസ്റ്റുകളിലും എൻഫോഴ്സ്മെന്റ് സ്ക്വാഡിലും 'പോയിന്റ് ഓഫ് സെയിൽ' മുതലായ ആധുനിക മൊബൈൽ പേമെന്റ് സംവിധാനം നടപ്പിലാക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പരിസരമലിനീകരണം കുറയ്ക്കുന്നതിനായി കെ.എസ്.ആർ.ടി.സി. ബസുകളിൽ സി.എൻ.ജി. ഇന്ധനമായി ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഇ-റിക്ഷ, ഇ-കാർട്ട് എന്നിവയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി ഈ വാഹനങ്ങളെ പെർമിറ്റിൽനിന്ന് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇ-റിക്ഷകൾക്ക് നികുതിയിളവ് നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

## മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ

323 (3276) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പിൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കൾ ഇൻസ്പെക്ടർമാരെ നിയമിച്ച് ഉത്തരവിടുന്നത് ആരാണ്;

(ബി) അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെ ആർ.ടി.ഒ., സബ് ആർ.ടി.ഒ., ചെക്ക് പോസ്റ്റുകൾ എന്നിവിടങ്ങളിലേക്ക് നിയമിക്കുന്നത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ട്രാൻസ്പോർട്ട് കമ്മീഷണർ.

(ബി) 5-6-2012-ലെ സർക്കാർ ഉത്തരവ് ജി. ഒ. (എം.എസ്.) നമ്പർ 32/12/ട്രാൻസ് പ്രകാരമാണ് വകുപ്പിൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെ ആർ.ടി.ഒ., സബ് ആർ.ടി.ഒ., ചെക്ക് പോസ്റ്റുകൾ എന്നിവിടങ്ങളിൽ നിയമിക്കുന്നത്. പ്രസ്തുത ഉത്തരവുപ്രകാരം അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ ഒരു സ്റ്റേഷനിലെ നിയമന കാലാവധി പരമാവധി രണ്ട് വർഷമാണ്.

**മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ സ്ഥലംമാറ്റം**

324 (3277) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെയും അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെയും സ്ഥലംമാറ്റത്തിന് വ്യക്തമായ ഉത്തരവ് നിലനിൽക്കെ, പ്രസ്തുത ജീവനക്കാരെ മാനദണ്ഡങ്ങൾ പാലിക്കാതെ വിവിധ ജില്ലകളിൽ ആർ.ടി.ഒ., സബ് ആർ.ടി.ഒ., ചെക്ക്പോസ്റ്റുകൾ എന്നിവിടങ്ങളിലേക്ക് സ്ഥലംമാറ്റുന്നതുമൂലം ജീവനക്കാർക്കുണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള സ്ഥലംമാറ്റങ്ങൾമൂലം സർവ്വീസ് ചട്ടങ്ങൾ പ്രകാരമുള്ള അവകാശങ്ങൾ പോലും പ്രസ്തുത ജീവനക്കാർക്ക് നിഷേധിക്കപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ & ബി) മാനദണ്ഡങ്ങൾ പാലിക്കാതെ മോട്ടോർ വാഹന വകുപ്പിൽ സ്ഥലംമാറ്റങ്ങൾ നടത്തുന്നില്ല. ചെക്ക് പോസ്റ്റുകളിൽ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ/അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെ നിയോഗിക്കുന്നത് സ്ഥലംമാറ്റത്തിന്റെ പരിധിയിൽ വരുന്നതല്ല. ചെക്ക് പോസ്റ്റ് ഉൾപ്പെടുന്ന റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലുള്ള മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ/അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെയാണ് ചെക്ക്പോസ്റ്റ് ഡ്യൂട്ടിക്ക് നിയോഗിച്ചിരുന്നത്. എന്നാൽ ചെക്ക് പോസ്റ്റ് പ്രവർത്തനങ്ങൾ അഴിമതിരഹിതവും സംശുദ്ധവുമാക്കണമെന്ന ഉദ്ദേശ്യത്തോടെ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ നൽകുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും വിജിലൻസ് വകുപ്പ് നൽകുന്ന നിർദ്ദേശങ്ങളുടെ വെളിച്ചത്തിലും ഉദ്യോഗസ്ഥരെ ചെക്ക് പോസ്റ്റ് ഡ്യൂട്ടിയിൽനിന്നും ഒഴിവാക്കുന്നതിനും പകരം അതാത് ജില്ലയിലെ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലുള്ള മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ/അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെക്കൂടി ഉൾപ്പെടുത്തി ഓരോ മാസത്തേയ്ക്ക് പ്രത്യേകമായി ഡ്യൂട്ടി ലിസ്റ്റ് കമ്പ്യൂട്ടർ

സോഫ്റ്റ്‌വെയർ മുഖാന്തിരം തയ്യാറാക്കുകയാണ് ചെയ്തുവരുന്നത്. ചെക്ക് പോസ്റ്റ് ഡ്യൂട്ടി മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ/അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ ചുമതലകളിൽപ്പെട്ടതായതിനാലും അവരുടെ പ്രയാസങ്ങൾ പരമാവധി കുറയ്ക്കുന്നതിനും അതാത് ജില്ലാ പരിധിക്കുള്ളിൽ റൊട്ടേഷൻ അടിസ്ഥാനത്തിലാണ് അവരെ നിയോഗിക്കുന്നത്.

**പൊതുഗതാഗത സംവിധാനം സംബന്ധിച്ച അവബോധം**

325 (3278) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഗതാഗത സംവിധാനങ്ങൾ കൂടുതലായി ഉപയോഗിക്കുന്നതിനും അതിലൂടെ മലിനീകരണം, ഇന്ധന ഉപയോഗം എന്നിവയുടെ തോത് കുറയ്ക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത് എന്ന് അറിയിക്കുമോ;

(ബി) ഇതു സംബന്ധമായ അവബോധം പൊതുജനങ്ങളിൽ സൃഷ്ടിക്കുന്നതിന് ആവശ്യമായ പ്രചാരണ പരിപാടികൾ നടപ്പിലാക്കുമോ;

(സി) അവയുടെ വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ-സി) സ്ത്രീ യാത്രക്കാരുടെ സുരക്ഷ മുൻനിർത്തി വനിതകൾ ഓടിക്കുന്ന ഷീ ടാക്സി സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ നഗരപ്രദേശങ്ങളിൽ നടപ്പിലാക്കി. പൊതുജനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ യാത്രചെയ്യുന്നതിന് ബൈക്ക് ടാക്സി പ്രാവർത്തികമാക്കി. അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിനായി ഇ-കാർ, ഇ-ഓട്ടോറിക്ഷ തുടങ്ങിയ വാഹനങ്ങൾക്ക് സംസ്ഥാനത്ത് സർവ്വീസ് നടത്തുവാൻ അനുമതി നൽകിയിട്ടുണ്ട്. പരിസര മലിനീകരണം കുറയ്ക്കുന്നതിനായി പൊതുയാത്രാ സംവിധാനങ്ങളിൽ സി.എൻ.ജി. ഇന്ധനമായി ഉപയോഗിക്കുന്നതും പ്രോത്സാഹിപ്പിക്കുന്നുണ്ട്. കൂടാതെ പൊതുഗതാഗത സംവിധാനത്തിന്റെ നിലവാരം വർദ്ധിപ്പിക്കുന്നതിനും ജനങ്ങളെ കൂടുതലായി പൊതുഗതാഗത സംവിധാനത്തിലേയ്ക്ക് ആകർഷിക്കുന്നതിനുംവേണ്ടി 'ഇന്റലിജന്റ് ട്രാൻസ്പോർട്ട് സിസ്റ്റം' എന്ന പദ്ധതി നടപ്പിലാക്കുന്ന കാര്യം വകുപ്പിന്റെ പരിഗണനയിലുണ്ട്. കൂടാതെ 5 ലക്ഷത്തിനു മുകളിൽ ജനസംഖ്യയുള്ള പട്ടണങ്ങളിലെ പൊതുഗതാഗത സംവിധാനങ്ങൾ ഏകോപിപ്പിക്കുന്നത് ലക്ഷ്യമിട്ടുള്ള കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ കരട് ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. ഇത് നിയമമാകുമ്പോൾ പൊതുഗതാഗത സംവിധാനം ജനങ്ങൾക്ക് കൂടുതൽ ഫലപ്രദമായി തീരുന്നതാണ്.

**വാഹനങ്ങളുടെ വേഗനിയന്ത്രണ സംവിധാനം**

326 (3279) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :

ശ്രീ. പി. കെ. അബ്ദു റബ്ബ് :

ശ്രീ. ടി. വി. ഇബ്രാഹിം :

ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പാതകളിൽ വാഹനങ്ങളുടെ വേഗ നിയന്ത്രണ സംവിധാനം കാര്യക്ഷമമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ഓരോ മേഖലയ്ക്കും നിശ്ചയിച്ചിട്ടുള്ള വേഗപരിധി പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സർക്കാർ നിയന്ത്രണത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സ്വകാര്യ ബസ്സുകളിൽ വേഗപ്പൂട്ട് നിർബന്ധമാക്കണമെന്ന സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ശിപാർശ ശ്രദ്ധയിൽവന്നിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ശിപാർശ നടപ്പാക്കാൻ നിർദ്ദേശം നൽകാനും ഒപ്പം മറ്റ് വേഗ നിയന്ത്രണ സംവിധാനങ്ങൾ കാര്യക്ഷമവും കുറ്റമറ്റതുമാക്കാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്ഥാപിച്ചിട്ടുള്ള വേഗ നിയന്ത്രണ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

(ബി) ഓരോ മേഖലയിലും നിശ്ചയിച്ചിട്ടുള്ള വേഗപരിധി പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ നിരത്തുകളിൽ ക്യാമറ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

(സി) നിലവിൽ സംസ്ഥാനത്തെ മുഴുവൻ സ്വകാര്യ ബസുകൾക്കും വേഗപ്പൂട്ട് നിർബന്ധമാക്കിയിട്ടുണ്ട്.

**മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനങ്ങൾ**

327 (3280) ശ്രീ. കെ. സി. ജോസഫ് :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) മോട്ടോർ വാഹന വകുപ്പിൽ ഇടനിലക്കാരുടെ ഇടപെടൽ കുറയ്ക്കുന്നതിനും റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊള്ളുവാനായി വകുപ്പ് പൂർണ്ണമായി കമ്പ്യൂട്ടർവത്കരിച്ചു. ഇ-പേമെന്റ് സംവിധാനം നടപ്പിലാക്കൽ, കമ്പ്യൂട്ടർവത്കൃത വാഹന പരിശോധന കേന്ദ്രങ്ങളും ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകളും സ്ഥാപിക്കൽ, ഇന്റർസെപ്റ്റർ വാഹനങ്ങൾ വാങ്ങൽ, ആൽക്കോമീറ്റർ, സ്പീഡ് റഡാർ തുടങ്ങിയ ഉപകരണങ്ങൾ വാങ്ങൽ, സ്പീഡ് ക്യാമറകൾ സ്ഥാപിക്കൽ തുടങ്ങിയ ആധുനികവത്കരണ പരിപാടികൾ നടപ്പിലാക്കി.

ഓവർ സ്പീഡ് മൂലമുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിനായി കൂടുതൽ സ്പീഡ് ക്യാമറകൾ സ്ഥാപിക്കൽ, ഡ്രൈവിംഗ് സ്കൂൾ അദ്ധ്യാപകരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും അതുവഴി പുതിയ ലൈസൻസ് എടുക്കുന്നവരുടെ ഡ്രൈവിംഗ് നിലവാരം വർദ്ധിപ്പിക്കുന്നതിനുമായുള്ള പദ്ധതി നടപ്പിലാക്കൽ, എല്ലാ ജില്ലകളിലും കമ്പ്യൂട്ടറൈസ്ഡ് വാഹന പരിശോധന കേന്ദ്രങ്ങളും ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകളും സ്ഥാപിക്കൽ, ചെക്ക് പോസ്റ്റുകളിലെ പെർമിറ്റിനും മറ്റിതര സേവനങ്ങൾക്കുമായുള്ള പൊതുജനങ്ങളുടെ നീണ്ടനിര കുറയ്ക്കുന്നതിനുവേണ്ടി കൂടുതൽ ഓൺലൈൻ സേവനങ്ങൾ നടപ്പിലാക്കൽ, പൊതുജന സുരക്ഷ ഉറപ്പുവരുത്തുന്നതിന് അപകട സാധ്യതയുള്ള ചരക്കുകൾ വഹിക്കുന്ന വാഹനങ്ങളെ നിരീക്ഷിക്കുന്നതിനായി മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളിൽ "ആർ.എഫ്.ഐ.ഡി. സിസ്റ്റം" എന്ന സംവിധാനം നടപ്പിലാക്കൽ, സ്റ്റേജ് കാര്യേജ് വാഹനങ്ങളുടെ നീക്കം നിരീക്ഷിക്കുന്നതിനായി ജി.പി.എസ്. ട്രാക്കിംഗ് സംവിധാനം നടപ്പിലാക്കൽ, നിലവിലുള്ള സ്റ്റേജ് കാര്യേജ് വാഹനങ്ങളുടെ സമയപ്പട്ടിക ഡിജിറ്റൈസ് ചെയ്യുവാനും അതുവഴി പൊതുഗതാഗത സംവിധാനത്തിന്റെ നിലവാരം വർദ്ധിപ്പിക്കുന്നതിനും പൊതുജനങ്ങളെ കൂടുതലായി പൊതുഗതാഗത സംവിധാനത്തിലേയ്ക്ക് ആകർഷിക്കുന്നതിനും തന്മൂലം ഗതാഗതക്കുരുക്ക് ലഘൂകരിക്കുന്നതിനും വേണ്ടിയുള്ള "ഇന്റലിജന്റ് ട്രാൻസ്പോർട്ട് സിസ്റ്റം" എന്ന പദ്ധതി നടപ്പിലാക്കൽ, മോട്ടോർ വാഹന ഓഫീസുകളിലും വകുപ്പിന്റെ ചെക്ക് പോസ്റ്റുകളിലും എൻഫോഴ്സ്മെന്റ് സ്ക്വാഡിലും "പോയിന്റ് ഓഫ് സെയിൽ" മുതലായ ആധുനിക മൊബൈൽ പേമെന്റ് സംവിധാനം നടപ്പിലാക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി & സി) മോട്ടോർ വാഹന വകുപ്പിന് കീഴിലുള്ള ഓഫീസുകളിൽ ഇടനിലക്കാരെ ഒഴിവാക്കുന്നതിനുവേണ്ടി കർശനമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ജനങ്ങൾക്ക് ഓഫീസുകളിൽനിന്നും നേരിട്ട് സേവനങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി ഫാസ്റ്റ് ട്രാക്ക് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. അതുപോലെതന്നെ സർക്കാരിലേയ്ക്ക് ഒടുക്കേണ്ട ഫീസുകളും പുതിയ സ്വകാര്യ വാഹനങ്ങളുടെ നികുതികളും ഇ-പേയ്മെന്റ് സംവിധാനംവഴി ഒടുക്കുന്നതിനുള്ള ക്രമീകരണങ്ങൾ നിലവിലുണ്ട്.

**വാഹനങ്ങൾക്ക് ഹരിത നികുതി**

328 (3281) ശ്രീ. അനിൽ അക്കര :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വാഹനങ്ങൾക്ക് ഹരിത നികുതി ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം വാഹനങ്ങൾക്കാണ് നികുതി ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിവരിക്കുമോ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം ഈയിനത്തിൽ എത്ര തുക പിരിഞ്ഞു കിട്ടിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഡി) നികുതി അടയ്ക്കാത്ത വാഹനങ്ങൾ പിടിച്ചെടുക്കുവാൻ നിലവിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ & ബി) പഴയ വാഹനങ്ങളിൽനിന്നുള്ള വായു മലിനീകരണം ദിനംപ്രതി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അത്തരം വാഹനങ്ങളുടെ ഉപയോഗം നിരുത്സാഹപ്പെടുത്തുന്നതിനായി സംസ്ഥാനത്ത് 15 വർഷത്തിൽക്കൂടുതൽ പഴക്കമുള്ള നാലും അതിൽ കൂടുതൽ ചക്രങ്ങളുള്ളതുമായ സ്വകാര്യ വാഹനങ്ങൾക്കും പത്ത് വർഷത്തിൽ കൂടുതൽ പഴക്കമുള്ള ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും ഗ്രീൻ ടാക്സ് ഏർപ്പെടുത്തുകയും അത് 1-1-2017 മുതൽ പ്രാബല്യത്തിൽ വരികയും ചെയ്തിട്ടുണ്ട്.

(സി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (1-1-2017 മുതൽ 31-3-2017 വരെ) 65,79,900 രൂപ ഹരിത നികുതിയിനത്തിൽ മോട്ടോർ വാഹന വകുപ്പ് പിരിച്ചെടുത്തിട്ടുണ്ട്.

(ഡി) നികുതി അടയ്ക്കാത്ത വാഹനങ്ങൾക്ക് ഒരു സേവനവും നൽകാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ട്രാൻസ്പോർട്ട് വാഹനങ്ങൾ ഫിറ്റ്നെസ് ടെസ്റ്റിന് ഹാജരാകുമ്പോഴും നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾ രജിസ്ട്രേഷൻ പുതുക്കാൻ

ഹാജരാകുമ്പോഴും ഗ്രീൻ ടാക്സ് ഉൾപ്പെടെയുള്ള നികുതികൾ അടച്ചുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നിർദ്ദേശം എല്ലാ ഓഫീസുകൾക്കും മോട്ടോർ വാഹന വകുപ്പ് നൽകിയിട്ടുണ്ട്. 1-1-2017 മുതൽ ഗ്രീൻ ടാക്സ് അടയ്ക്കാത്ത മേൽത്തരം വാഹനങ്ങളിൽനിന്നും അവർ എന്ന് സർവ്വീസിനായി ഓഫീസിൽ വന്നാലും 1-1-2017 മുതലുള്ള ഗ്രീൻ ടാക്സ് ഈടാക്കുന്നതിനും റോഡിൽ പരിശോധന നടത്തുമ്പോൾ ഗ്രീൻ ടാക്സ് അടയ്ക്കാത്ത വാഹനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ 100 രൂപ പിഴ ചുമത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രമല്ല, മറ്റ് സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് പ്രവേശിക്കുന്ന ട്രാൻസ്പോർട്ട്/നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും ചെക്ക്പോസ്റ്റ് വഴിയോ അല്ലാതെയോ ഗ്രീൻ ടാക്സ് ഈടാക്കുന്നതിനും വാഹന പരിശോധന സമയത്തും ഇത്തരം വാഹനങ്ങൾ ഗ്രീൻ ടാക്സ് അടച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുമുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

## ചാത്തന്നൂരിൽ ജോയിന്റ് ആർ.ടി. ഓഫീസ്

329(3282) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ ആസ്ഥാനമാക്കി പുതിയ ജോയിന്റ് ആർ.റ്റി. ആഫീസ് ആരംഭിക്കുന്നതിനുള്ള ജനപ്രതിനിധിയുടെ നിവേദനത്തിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വ്യക്തമാക്കുമോ;

(ബി) റോഡപകടങ്ങൾ ഏറ്റവുമധികം നടക്കുന്ന മേഖല എന്ന നിലയിൽ ചാത്തന്നൂരിൽ ജോയിന്റ് ആർ.ടി.ആഫീസ് ആരംഭിക്കാൻ സത്വരനടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

### ഉത്തരം

(എ & ബി) ചാത്തന്നൂർ ആസ്ഥാനമാക്കി പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് തുടങ്ങുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## ഭിന്നശേഷിക്കാർ വാങ്ങുന്ന വാഹനങ്ങളുടെ റോഡ് ടാക്സ്

330 (3283) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർ വാങ്ങുന്ന വാഹനങ്ങളുടെ റോഡ് ടാക്സ് ഇളവ്, അഞ്ച് ലക്ഷം രൂപയിൽ താഴെ വില വരുന്ന വാഹനങ്ങൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുണ്ടോ;

(ബി) സ്പൈനൽ കോഡിന് പരിക്ക് പറ്റി പാരാപ്ലീജിക് ആയവർക്ക് ഉപയോഗിക്കുവാൻ കഴിയുന്ന വാഹനങ്ങൾക്ക് അഞ്ച് ലക്ഷത്തിനുമേൽ വില വരുമെന്നതിനാൽ, റോഡ് ടാക്സ് ഇളവ് പത്ത് ലക്ഷം രൂപയെങ്കിലും ആക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭിന്നശേഷിക്കാർ വാങ്ങുന്ന വാഹനങ്ങളുടെ നികുതി ഇളവിനുള്ള പരിധി അഞ്ച് ലക്ഷം രൂപയായി നിജപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പരിധി ഉയർത്തുന്നത് സംബന്ധിച്ച് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**ശബ്ദമലിനീകരണത്തിന് കാരണമാകുന്ന ഹോണുകൾ**

331 (3284) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളിൽ ശബ്ദമലിനീകരണത്തിന് കാരണമാകുന്ന ഹോണുകൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഹോണുകളുടെ ഉപയോഗം തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ;

(സി) ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് വഴിതെളിക്കുന്ന ഇത്തരം ഹോണുകൾ ഉപയോഗിക്കുന്ന വാഹനങ്ങൾക്കെതിരെ കർശനവും സമയബന്ധിതവുമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) ഇത്തരം ഹോണുകൾ വിൽക്കുന്നത് തടയുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കുമോ;

(ഇ) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത ഹോണുകളുടെ ഉപയോഗം തടയുന്നതിന് വാഹന പരിശോധനകൾ നടത്താറുണ്ട്.

(സി) നിയമവിരുദ്ധമായി ഇത്തരം ഹോണുകൾ ഉപയോഗിക്കുന്ന വാഹനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി & ഇ) ഇത്തരം ഹോണുകൾ വിൽക്കുന്നത് തടയൽ ഗതാഗത വകുപ്പിന്റെ പരിധിയിൽ വരുന്നില്ല.

**ജലഗതാഗത സംവിധാനം പ്രയോജനപ്പെടുത്തുവാൻ കർമ്മ പദ്ധതികൾ**

332 (3285) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത സംവിധാനത്തെ പ്രയോജനപ്പെടുത്തുവാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയത്; വിശദമാക്കുമോ;

(ബി) ഇതിനായി ഏതെല്ലാം പുതിയ സർവ്വീസുകളും എന്തെല്ലാം പ്രവർത്തനങ്ങളുമാണ് നടപ്പിൽ വരുത്തിയത്; വിശദമാക്കുമോ;

(സി) ജലഗതാഗത സംവിധാനം പ്രയോജനപ്പെടുത്തി, ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന ജലഗതാഗത വകുപ്പ് കേരളത്തിൽ ആലപ്പുഴ, കൊല്ലം, എറണാകുളം, കോട്ടയം, കണ്ണൂർ, കാസർഗോഡ് എന്നീ ആറ് ജില്ലകളിലായി 14 സ്റ്റേഷൻ ഓഫീസുകൾ കേന്ദ്രീകരിച്ച് 52 ഷെഡ്യൂളുകൾ നടത്തിവരുന്നു. പൊതുഗതാഗത രംഗത്ത് കൂടുതൽ കാര്യക്ഷമമായ സംവിധാനങ്ങൾ ഏർപ്പെടുത്തുക വഴി മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് നൽകുന്നതിന് വകുപ്പ് ശ്രദ്ധ കേന്ദ്രീകരിച്ചുവരുന്നു. ജലഗതാഗത സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സർവ്വീസ് നടത്തുന്ന ബോട്ടുകളുടെ നവീകരണം, കാര്യക്ഷമമായ റിപ്പയർ, കൂടുതൽ ആകർഷകമായ ടൂറിസ്റ്റ് സർവ്വീസുകൾ, സുരക്ഷിതമായ യാത്ര ഉറപ്പാക്കുന്നതിന്റെ ഭാഗമായുള്ള ആധുനിക സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം, ജീവനക്കാർക്കുള്ള പരിശീലനം എന്നിവ നിലവിൽ വകുപ്പ് ഇതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചിട്ടുള്ള കർമ്മപദ്ധതികളാണ്.

(ബി) മെച്ചപ്പെട്ട സംവിധാനങ്ങൾ ഉറപ്പാക്കുന്നതിനുള്ള പദ്ധതികളുടെ ഭാഗമായി കാലപ്പഴക്കംചെന്ന തടി ബോട്ടുകൾ കാലക്രമേണ പിൻവലിച്ച് ആധുനിക രീതിയിലുള്ള സ്റ്റീൽ ബോട്ടുകളാക്കി പുനർവിന്യസിച്ച് വരുന്നു. ഇത്തരത്തിൽ 45 സ്റ്റീൽ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന് വകുപ്പിന് സാധിച്ചിട്ടുണ്ട്. പുതുതായി 14 ബോട്ടുകൾ കൂടി പിൻവലിച്ച് ആധുനിക ബോട്ടുകളാക്കി മാറ്റുന്നതിന് ജി.ഒ. (ആർറ്റി.) നമ്പർ 450/2016/ഗതാ. തീയതി 29-11-2016 പ്രകാരം സർക്കാരിൽനിന്നും അനുമതി ലഭിച്ചതിനെ തുടർന്ന് ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ടൂറിസം സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി ആലപ്പുഴ-കൊല്ലം, കൊല്ലം-ആലപ്പുഴ, സീ-കുട്ടനാട് എന്നിങ്ങനെ മൂന്ന് ടൂറിസ്റ്റ് സർവ്വീസുകൾ വകുപ്പ് വിജയകരമായി നടത്തിവരുന്നു. ഇതിനുപുറമെ പുതുതായി വൈക്കം-എറണാകുളം, ആലപ്പുഴ-കുമരകം-കോട്ടയം എന്നീ രണ്ട് റൂട്ടുകളിൽ അതിവേഗ സർവ്വീസുകൾ ആരംഭിക്കുന്നതിനായി സർക്കാർ അനുമതി ലഭിക്കുകയും ഇതിലേയ്ക്കായി ബോട്ടുകൾ നിർമ്മിച്ചുവാങ്ങുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വൈറ്റില-കാക്കനാട്, എറണാകുളം-വരാപ്പുഴ, പറശ്ശിനിക്കടവ് എന്നിവിടങ്ങളിലും പുതുതായി ആരംഭിച്ച വകുപ്പ് സർവ്വീസുകൾ കാര്യക്ഷമമായി നടത്തിവരുന്നു. ആറ് പാസഞ്ചർ-കം-വെഹിക്കിൾ കാരിയർ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുകവഴി ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം നൽകുവാൻ സാധിച്ചിട്ടുണ്ട്.

ആലപ്പുഴയിലെ പോഞ്ഞിക്കരയിൽ വകുപ്പിനുവേണ്ടി നിർമ്മാണം പൂർത്തിയായി പ്രവർത്തിച്ചുവരുന്ന ഡ്രൈഡോക്ക്, സ്ലിപ് വേ എന്നിവ പ്രയോജനപ്പെടുത്തി കാര്യക്ഷമമായി ബോട്ടുകൾ റിപ്പയർ ചെയ്യുന്നതിനും സർവ്വീസുകൾ കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സുരക്ഷ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനിക സുരക്ഷാ ഉപകരണങ്ങൾ വകുപ്പ് വക ബോട്ടുകളിൽ സജ്ജീകരിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട സ്റ്റേഷനുകളിൽ സി.സി.ടി.വി. സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിന്റെയും ഇന്ധന ചെലവ് കുറയ്ക്കുന്നതിന്റെയും ഭാഗമായി പുതുതായി ഒരു സോളാർ ബോട്ട് വകുപ്പിനുവേണ്ടി നിർമ്മാണം പൂർത്തിയാക്കി വകുപ്പിന്റെ വൈക്കം-തവണക്കടവ് റൂട്ടിൽ സർവ്വീസ് നടത്തിവരുന്നു. സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം, ജലമലിനീകരണം എന്നിവ സംബന്ധിച്ച് ബോധവൽക്കരണം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി ബോട്ടുകളിൽ വീഡിയോ സ്ക്രീൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തി സീ-കുട്ടനാട്, ആലപ്പുഴ-കൊല്ലം, കൊല്ലം-ആലപ്പുഴ എന്നിങ്ങനെ പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസുകൾ വകുപ്പ് വിജയകരമായി നടത്തിവരുന്നു. ഇതിനുപുറമെ വൈക്കം-എറണാകുളം, കുമരകം-കോട്ടയം എന്നീ റൂട്ടുകളിൽ 120 പാസഞ്ചർ കപ്പാസിറ്റിയുള്ള രണ്ട് ടൂറിസ്റ്റ് ബോട്ടുകൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ 6 പാസഞ്ചർ-കം-വെഹിക്കിൾ കാര്യർ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തി മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് നൽകിവരുന്നു. കൊല്ലം മേഖലയിൽ സീ-അഷ്ടമുടി എന്ന പേരിൽ രണ്ട് പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ്, ആലപ്പുഴ മേഖലയിൽ ടൂറിസത്തിനായി അത്യാധുനിക ക്രൂയ്സ് സർവ്വീസ്, മുഹമ്മ, ആലപ്പുഴ, എറണാകുളം എന്നീ പ്രധാന സ്റ്റേഷനുകളിൽ പുതിയ വാട്ടർ ടാക്സി സർവ്വീസ് എന്നിവ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇന്ത്യയിൽ തന്നെ ആദ്യമായി സോളാർ സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ബോട്ടുപയോഗിച്ച് വകുപ്പിന്റെ വൈക്കം-തവണക്കടവ് റൂട്ടിൽ സർവ്വീസ് നടത്തിവരുന്നു.

**എറണാകുളം മണ്ഡലത്തിൽ വാട്ടർ ട്രാൻസ്പോർട്ട് വകുപ്പിന് പുതിയ കെട്ടിടം**

333 (3286) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എറണാകുളം നിയോജകമണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടുപയോഗിച്ച് വാട്ടർ ട്രാൻസ്പോർട്ടിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചിരുന്നുവോ; പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

സർക്കാർ ഉത്തരവ് (ആർ.റ്റി.)നമ്പർ 599/2015/ട്രാൻ. തീയതി 29-12-2015 പ്രകാരം ഭരണാനുമതി ലഭിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തുകയായ ഒരു കോടി രൂപ പി.ഡബ്ല്യു.ഡി.-ക്ക് എം.എൽ.എ. ഫണ്ടിൽനിന്നും ലഭ്യമാക്കി. എന്നാൽ പിന്നീട് ടി കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ സോയിൽ ടെസ്റ്റിംഗ് നടത്തിയതിൽനിന്നും കോൺക്രീറ്റ് പൈലിംഗ് നടത്തിയതിനുശേഷം മാത്രമെ കെട്ടിടം നിർമ്മിക്കാൻ സാധിക്കുകയുള്ളൂവെന്നും ആകയാൽ ജോലിയുടെ അടങ്കലിൽ മാറ്റം വരുത്തേണ്ടതുള്ളതിനാൽ നിലവിലെ പ്ലാൻ അനുസരിച്ചുള്ള കെട്ടിടം മുഴുവനായി നിർമ്മാണം പൂർത്തീകരിക്കാൻ ഒരു കോടി രൂപയ്ക്ക് മാത്രം ചെയ്യുന്ന ജോലി മാത്രം അടയാളപ്പെടുത്തിയ പ്ലാൻ വകുപ്പിന്റെ അനുമതിക്കായി പി.ഡബ്ല്യു.ഡി. അയച്ചുതരികയും ചെയ്തു. എന്നാൽ ഇതിന് സർക്കാർ അനുമതി ആവശ്യമായതിനാൽ ടി വിവരം 4-1-2017-ൽ സർക്കാരിൽ അറിയിക്കുകയും ചെയ്തു. പി.ഡബ്ല്യു.ഡി. എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കേണ്ടത് സൈറ്റ് പരിശോധന നടത്തി എല്ലാ വിശദാംശങ്ങളും ശേഖരിച്ച് ആവശ്യമായ മണ്ണുപരിശോധന നടത്തിയശേഷമാണെന്ന് സർക്കാർ അറിയിക്കുകയും ആകയാൽ ഒരു റിവൈസ്ഡ് എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി. മുഖാന്തരം ലഭ്യമാക്കി സമർപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. ആയതു പ്രകാരം പി.ഡബ്ല്യു.ഡി. മുഖാന്തിരം ബന്ധപ്പെട്ട വർക്കിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമാക്കാൻ നടപടി തുടർന്നുവരുന്നു. പി.ഡബ്ല്യു.ഡി. (കെട്ടിട വിഭാഗം), എറണാകുളം ആയത് ഇനിയും ലഭ്യമാക്കിയിട്ടില്ല.

**ഫോർട്ട് കൊച്ചി കസ്റ്റംസ് ജെട്ടിയിലെ സ്ഥലപരിമിതി**

334 (3287) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോർട്ട് കൊച്ചിയിലെ കസ്റ്റംസ് ജെട്ടിയിൽ സ്ഥലപരിമിതിമൂലം യാത്രക്കാർ അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ജലഗതാഗത വകുപ്പ് സമർപ്പിച്ച പ്രൊപ്പോസലിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ;

(സി) പോർട്ട് ട്രസ്റ്റിൽനിന്നും കസ്റ്റംസ് ജെട്ടിയുടെ വികസനത്തിനായി സ്ഥലം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്. ടി വിഷയത്തിൽ പോർട്ട് ട്രസ്റ്റിന്റെയും തുറമുഖ വകുപ്പിന്റെയും അഭിപ്രായം ചോദിച്ചിരിക്കുകയാണ്.

(സി) റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

(നക്ഷത്രചിഹ്നമിടാത്ത 3058, 3081, 3129, 3234, 3238, 3264 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

## II അടിയന്തരപ്രമേയം

### ഹൈക്കോടതി വിമർശനം

മി. സ്പീക്കർ: സംസ്ഥാന ബാലാവകാശ കമ്മീഷനിലെ രണ്ട് അംഗങ്ങളെ നിയമിക്കുന്നതിന് അപേക്ഷാ തീയതി ദീർഘിപ്പിക്കാൻ നിർദ്ദേശം നൽകിയ ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ നടപടി സദുദ്ദേശപരമല്ലെന്നും സ്വജനപക്ഷപാതത്തിന്റെയും അധികാരദുർവിനിയോഗത്തിന്റെയും സത്യപ്രതിജ്ഞാ ലംഘനത്തിന്റെയും സുവ്യക്തമായ തെളിവാണെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി പരാമർശിച്ചിട്ടും ആരോഗ്യ വകുപ്പുമന്ത്രി അധികാരത്തിൽ തുടരുന്നതുമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഷാഫി പറമ്പിൽ, പി. കെ. ബഷീർ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാന ബാലാവകാശ കമ്മീഷനിലേയ്ക്ക് ആറ് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനായി 8-11-2016-ൽ പത്രപരസ്യം മുഖേന അപേക്ഷകൾ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ 103 അപേക്ഷകൾ ലഭിച്ചു. ഇവ പരിശോധിക്കാൻ അഡീഷണൽ ചീഫ് സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി, സെക്ഷൻ ഓഫീസർ എന്നിവരടങ്ങിയ ഉദ്യോഗസ്ഥ സമിതിയെ ചുമതലപ്പെടുത്തുകയും 40 അപേക്ഷകൾ മാത്രമാണ് നിശ്ചിത യോഗ്യതയുള്ളവരുടേതെന്ന് കണ്ടെത്തുകയും ചെയ്തു. ആറ് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന് വെയിറ്റിംഗ് ലിസ്റ്റിൽ 12 പേരടക്കം 18 പേരുടെ ലിസ്റ്റാണ് ചട്ടപ്രകാരം തയ്യാറാക്കേണ്ടിയിരുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുമ്പോൾ ഏഴ് മുതൽ പത്തുവരെ ഇരട്ടി ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതുണ്ട്. ഒരൊഴിവുണ്ടാകുമ്പോൾ മെയിൻ ലിസ്റ്റിൽ പത്തും സപ്ലിമെന്ററി ലിസ്റ്റിൽ നാലുപേരുമടങ്ങുന്ന റാങ്ക് ലിസ്റ്റാണ് പി.എസ്.സി. പ്രസിദ്ധീകരിക്കാറുള്ളത്. ഇക്കാര്യങ്ങൾ പരിഗണിച്ച് വകുപ്പിന്റെ സ്പെഷ്യൽ സെക്രട്ടറി 19-12-2016-ൽ ഒരു കുറിപ്പ് നൽകുകയുണ്ടായി. ആ കുറിപ്പോടെ ഫയൽ മന്ത്രിയുടെ ഉത്തരവിനായി സമർപ്പിച്ചു. ആ കുറിപ്പ് ഇങ്ങനെയായിരുന്നു. "Para 24 may be seen, a short list of 40 candidates out of 103 applicants is prepared and submitted by the officials. File submitted for further direction in the matter." അതിന്റെ തുടർനടപടിയായാണ് 10-1-2017-ന് അപേക്ഷാ തീയതി ദീർഘിപ്പിക്കാൻ നിർദ്ദേശം നൽകിയത്. ഇതനുസരിച്ച് 12-1-2017-ന് അപേക്ഷാ തീയതി ദീർഘിപ്പിച്ചുകൊണ്ടുള്ള പത്രപരസ്യം നൽകി. അതിൽ ഒരു

അപാകതയുമില്ല. അപേക്ഷാ തീയതി ദീർഘിപ്പിച്ചതിനെത്തുടർന്ന് 51 അപേക്ഷകൾ ലഭിച്ചതിൽ 11 എണ്ണം മാനദണ്ഡങ്ങൾക്കനുസരിച്ചുള്ളതാണെന്ന് കണ്ടെത്തുകയും ചെയ്തു. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നിയമിക്കപ്പെട്ട ചെയർമാൻ ആദ്യ വിജ്ഞാപനപ്രകാരം ലഭിച്ച അപേക്ഷയിന്മേൽ നിയമിക്കപ്പെട്ട ആളല്ല. ദീർഘിപ്പിച്ച അപേക്ഷാ തീയതിയുടെ തലേന്നാളാണ് ടിയാളുടെ അപേക്ഷ ലഭിച്ചിട്ടുള്ളത്. അപേക്ഷാ തീയതി ദീർഘിപ്പിച്ചതിൽ അസ്വാഭാവികമായ ഒരു നടപടിയും ഉണ്ടായിട്ടില്ല. 2014-ൽ അപേക്ഷ സമർപ്പിക്കാനുള്ള സമയപരിധി ദീർഘിപ്പിക്കുകയുണ്ടായി. ബാലാവകാശ കമ്മീഷൻ ചെയർപേഴ്സൺ നിയമനത്തിനായി ആദ്യമിറക്കിയ വിജ്ഞാപനപ്രകാരം അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 22-11-2014 ആയിരുന്നു. ഒരു ഒഴിവിലേയ്ക്ക് അഞ്ച് അപേക്ഷകളുണ്ടായി. അന്ന് യു.ഡി.എഫ് സർക്കാർ അപേക്ഷിക്കാനുള്ള സമയപരിധി മൂന്നാഴ്ച ദീർഘിപ്പിക്കുകയും 11-12-2014 വരെ അപേക്ഷ സമർപ്പിക്കാനുള്ള അവസരം നൽകുകയും ചെയ്തു. ഇത്തരത്തിൽ അപേക്ഷ സമർപ്പിക്കാനുള്ള സമയപരിധി ദീർഘിപ്പിക്കുന്ന അനുഭവങ്ങൾ ഒട്ടേറെയുണ്ടായിട്ടുണ്ട്. കേന്ദ്ര നിയമപ്രകാരം സംസ്ഥാന സർക്കാർ രൂപീകരിച്ച ചട്ടങ്ങൾ പ്രകാരമാണ് ബാലാവകാശ കമ്മീഷനിലെ നിയമനങ്ങൾ നടത്തുന്നത്. പ്രസ്തുത ചട്ടപ്രകാരം സാമൂഹ്യനീതി വകുപ്പുമന്ത്രി ചെയർമാനും നിയമ വകുപ്പ് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളുമായ സമിതിക്കാണ് നിയമന ചുമതല. ഇക്കാരണത്താലാണ് സാമൂഹ്യനീതി വകുപ്പുമന്ത്രി ഈ കമ്മിറ്റിയുടെ ചെയർമാനായത്. പ്രസ്തുത നിയമപ്രകാരം നിയമാനുസൃത ചെയർമാനായ മന്ത്രി ഒരുതരത്തിലുള്ള സത്യപ്രതിജ്ഞാ ലംഘനവും നടത്തിയിട്ടില്ല. ഹൈക്കോടതിയാകട്ടെ, നിയമനം നടത്തിയവരുടെ മെരിറ്റിനെ സംബന്ധിച്ച് യാതൊരു പ്രതികൂല പരാമർശവും നടത്തിയിട്ടില്ല. കേസിൽ കക്ഷിയല്ലാത്ത ഒരു വ്യക്തിക്കെതിരെ, അത് മന്ത്രിയാകട്ടെ, മറ്റ് ഉദ്യോഗസ്ഥർ ആരുമാകട്ടെ, ആക്ഷേപകരമായ എന്തെങ്കിലും പരാമർശം കോടതിവിധിയിൽ ഉണ്ടാകുന്നതിനുമുമ്പ് ആ വ്യക്തിയുടെ ഭാഗംകൂടി കേൾക്കുക എന്നത് സാമാന്യ നീതിയുടെ ഭാഗമാണ്. അതിന്റെ ലംഘനം നീതിനിർവ്വഹണത്തിന്റെ അടിസ്ഥാന തത്വങ്ങൾക്കും സുപ്രീംകോടതിയുടെ ഇതുസംബന്ധിച്ച വിധിക്കും എതിരാണ്. ഇക്കാര്യങ്ങൾ ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്താനാവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ്. ഇത്തരം അവകാശങ്ങളെ സംബന്ധിച്ച് സുപ്രീം കോടതിതന്നെ വ്യക്തമാക്കിയിട്ടുണ്ട്. സമാനമായ കോടതിവിധികൾ മുമ്പും ഉണ്ടായിട്ടുണ്ട്. അവ സത്യപ്രതിജ്ഞാ ലംഘനമായി ആരും കണക്കാക്കിയിട്ടില്ല. അത്തരമൊരു സാഹചര്യത്തിൽ ഈ പ്രശ്നം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഗൗരവം ഉൾക്കൊള്ളുന്ന ഒന്നല്ല.

ശ്രീ. ഷാഫി പറമ്പിൽ: സർ, പ്രതിപക്ഷത്തിന്റെ വിഷയദാരിദ്ര്യം കൊണ്ടാണ് ഇങ്ങനെയൊരു വിഷയം സഭയിൽ കൊണ്ടുവന്നതെന്ന് സൂചിപ്പിക്കാത്തതിന് ഞാൻ ആദ്യമായി അങ്ങയോട് നന്ദി രേഖപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. കേരളത്തിന്റെ ചരിത്രത്തിൽ ഇന്നുവരെ ഒരു മന്ത്രിയെ സംബന്ധിച്ചും ഒരു കോടതിയുടെ ഫൈനൽ ജഡ്ജ്മെന്റിൽ ഇത്തരമൊരു പരാമർശം വന്നിട്ടില്ല എന്നുള്ളത് മറച്ചുവച്ചാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത്തരമൊരു മറുപടി സഭയിൽ പറഞ്ഞത്. ഉത്തമ ധാർമ്മിക മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഒരു പരാമർശം കോടതിയിൽ എത്തുന്നതിനുമുമ്പ് കോൺഗ്രസ് പോലുള്ള ഒരു പാർട്ടിക്കോ യു.ഡി.എഫ്.-നോ ചിന്തിക്കാൻപോലും കഴിയാത്തതാണ് ഞങ്ങൾ ചെയ്തത് എന്നുപറഞ്ഞ് ബഹുമാനപ്പെട്ട ഇ.പി. ജയരാജന്റെ രാജി....., സ്വമേധയാ ഉള്ള തീരുമാനപ്രകാരം അങ്ങേയ്ക്ക് എഴുതിത്തരികയും അങ്ങത് സ്വീകരിക്കുകയും ചെയ്തുവെന്നാണ് അതുസംബന്ധിച്ച് അദ്ദേഹം പറഞ്ഞത്. അതുസംബന്ധിച്ച് നിങ്ങൾ സൂചിപ്പിച്ചത് 'ഡിഗ്നിഫൈഡ് എക്സിറ്റ്" എന്നാണ്. ബഹുമാനപ്പെട്ട ഇ.പി. ജയരാജന്റേത് ഉത്തമമായ ധാർമ്മികമൂല്യമാണെങ്കിൽ ഒരു കോടതിയുടെ ഫൈനൽ ജഡ്ജ്മെന്റിൽ മന്ത്രി അധികാര ദുർവിനിയോഗം നടത്തിയിരിക്കുന്നുവെന്ന് സംശയലേശമെന്യേ വ്യക്തമാക്കി വിധിവന്നിട്ടും രാജിവയ്ക്കാൻ തയ്യാറാകാത്തത്, ബഹുമാനപ്പെട്ട കെ. കെ. ശൈലജ ടീച്ചർക്ക് ആ ധാർമ്മിക മൂല്യങ്ങളില്ലാത്തതുകൊണ്ടാണോ? അതോ അന്ന് അങ്ങ് ഇടപെട്ടായിരുന്നു രാജി വയ്പിച്ചതെങ്കിൽ ഇന്ന് അങ്ങ് ഇടപെടാത്തത് അന്ന് പി.ആർ. റേറ്റിംഗ് കൂട്ടാനുള്ള തന്ത്രം മാത്രമായി, ഇരമാത്രമായി ബഹുമാനപ്പെട്ട ഇ. പി. ജയരാജനെ മാറ്റുകയും അത് തുടർന്നാൽ തലകൾ ഇനിയും ഉരുളുമെന്നും കസേരകൾ ഇനിയും മറിഞ്ഞുവീഴുമെന്നും പുനഃസംഘടനകൾ ഇനിയും നടത്തേണ്ടിവരുമെന്നുമുള്ള ധാരണയിലാണോ ഇപ്പോൾ ഈ മന്ത്രിയെ അങ്ങ് സംരക്ഷിക്കുന്നതെന്ന് അറിയാൻ കേരളത്തിലെ ജനങ്ങൾക്ക് അവകാശമുണ്ട്, താൽപ്പര്യമുണ്ട്. അങ്ങ് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. സ്വാശ്രയ ഫീസിന്റെയും പനിയുടെയുമൊക്കെ കാര്യത്തിൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച തന്നെയാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും പറയാറുള്ളത്. കഴിഞ്ഞ ഒന്നരവർഷമായി യു.ഡി.എഫ്. അല്ല അധികാരത്തിലുള്ളത്, എൽ.ഡി.എഫ്. ആണെന്ന് ഒന്നുകൂടി ഓർമ്മപ്പെടുത്താൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. ഞങ്ങൾ എല്ലാം തുടർന്നോളാം എന്നല്ല, ഞങ്ങൾ എല്ലാം ശരിയാക്കിക്കോളാം എന്നായിരുന്നു നിങ്ങൾ ജനങ്ങൾക്ക് കൊടുത്ത വാക്ക്. അത് നിങ്ങൾ മറന്നുപോകരുത്.

യു.ഡി.എഫ്.-ന്റെ കാലത്തെടുത്ത തീരുമാനത്തെ സംബന്ധിച്ച് അങ്ങ് പറഞ്ഞു. ഡേറ്റ് എക്സ്റ്റന്റ് ചെയ്തതിൽ അസ്വാഭാവികമായി ഒന്നുമില്ലെന്നും പറഞ്ഞു. ചിലപ്പോൾ ഡേറ്റ് ദീർഘിപ്പിക്കേണ്ടിവരും. ഞങ്ങൾക്കും അത് മനസ്സിലാകും. പക്ഷേ കോടതിയുടെ ചില ഫൈൻഡിംഗ്സ് ഉണ്ട്. അങ്ങനെ ഡേറ്റ് ദീർഘിപ്പിച്ചത് ആർക്കുവേണ്ടിയാണെന്ന് കോടതി കണ്ടെത്തിയിട്ടുണ്ട്. അത് ആരെ സംരക്ഷിക്കാനും ആരെ ഇതിനകത്ത് കൊണ്ടുവരാനും വേണ്ടിയാണെന്നുള്ളത് വളരെ കൃത്യമായി കോടതി പേരെടുത്തുതന്നെ പറഞ്ഞിട്ടുണ്ട് എന്നുള്ളതാണ് വസ്തുത. 8-11-2016-ലെ ഫസ്റ്റ് നോട്ടിഫിക്കേഷൻ പ്രകാരം 30-11-2016-ന് 5.00 മണിക്ക് സമയം അവസാനിക്കുന്നു. 7-1-2017-ന് നിയമിക്കേണ്ട വേക്കൻസി വരും. സുപ്രീം കോടതിയുടെ ഡയറക്ഷൻസ് സംബന്ധിച്ച് അങ്ങ് പറഞ്ഞു. സുപ്രീം കോടതിയുടെ ഡയറക്ഷൻ പ്രകാരം ഇതുപോലെ പ്രധാനപ്പെട്ട കമ്മീഷനുകൾ അവരുടെ പ്രവർത്തനത്തെ ഒരു തരത്തിലും ബാധിക്കാത്ത തരത്തിൽ തന്നെ നിയമനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ സമയബന്ധിതമായി, as and when vacancy arises ആ സമയത്തുതന്നെ പോസ്റ്റിംഗ് നടത്തണമെന്ന കൃത്യമായ ഡയറക്ഷൻ സുപ്രീം കോടതി നൽകിയിട്ടുള്ളത് അങ്ങ് മറച്ചുവയ്ക്കുകയാണ്. ആ ഡയറക്ഷൻ പ്രകാരം ഇവിടെ നിയമനം നടത്താൻ കഴിയുമായിരുന്ന സാഹചര്യം 30-11-2016-ന് അവസാനിച്ച നോട്ടിഫിക്കേഷൻ പ്രകാരം ലഭിച്ച അപേക്ഷകളിൽ വളരെ കൃത്യമായി പറയുന്നുണ്ട്. 7-1-2017-ന് അവസാനിക്കുമായിരുന്ന കാലാവധിയിൽനിന്ന് ആദ്യത്തെ നോട്ടിഫിക്കേഷൻ പ്രകാരം ആളുകളെ നിയമിക്കാമായിരുന്നുവെന്ന് അറിഞ്ഞിട്ടുപോലും അത് ചെയ്യാതെ 10-ാം തീയതി മന്ത്രി തന്നെ, without disclosing any reason/ഒരു കാര്യവും വ്യക്തമാക്കാതെ, without mentioning any clarity/ഒരു ക്ലാരിറ്റിയും വരുത്താതെ തീയതി ദീർഘിപ്പിക്കാൻ വീണ്ടും ഫയലിൽ എഴുതുകയാണ്. 12-ാം തീയതി വീണ്ടും നോട്ടിഫിക്കേഷൻ ഇറക്കുകയും 20-ാം തീയതിവരെ ആപ്ലിക്കേഷൻ ക്ഷണിക്കുകയും ചെയ്തിരിക്കുകയാണ്. 20-ാം തീയതിവരെ ആപ്ലിക്കേഷൻ ക്ഷണിച്ചത് എന്തിനുവേണ്ടിയാണോ, ആരെ ഉദ്ദേശിച്ചാണോ അവർ കൃത്യമായി അപേക്ഷ കൊടുക്കുന്നു, അവർക്കുതന്നെ ഏറ്റവുംകൂടുതൽ മാർക്കും കൊടുത്ത് ഇതിനകത്ത് കൊണ്ടുവരാൻ ഈ ഗവൺമെന്റ് തീരുമാനിക്കുന്നു. അങ്ങനെ കൊണ്ടുവന്നത് ആരെയാണ്? ചൈൽഡ് വെൽഫെയറിന്റെയും കുട്ടികളുടെ അവകാശങ്ങളുടെയുമൊക്കെ കാര്യത്തിൽ കൃത്യമായ പ്രവർത്തനവും പരിചയസമ്പത്തുമുള്ള, ഒരു തരത്തിലുള്ള ആക്ഷേപങ്ങളും ഉയർന്നുകേൾക്കാത്ത, കേസുകളിൽ പ്രതികളാകാത്ത, ഹ്യൂമൻ റൈറ്റ്സ് വയലേഷൻസിൽ പ്രതികളാകാത്ത ആളുകളുമായിരിക്കണമെന്നാണ് എക്സ്പെർട്ടുകൾ പറയുന്നത്. നിങ്ങൾ തെരഞ്ഞെടുത്ത സി.പി.ഐ (എം)-ന്റെ ജില്ലാ കമ്മിറ്റി അംഗം കൊട്ടിയൂർ കേസിൽ ബാലാവകാശ കമ്മീഷന്റെ പ്രവർത്തനത്തിലെ അനാസ്ഥമൂലം

സർക്കാർ ഉത്തരവിലൂടെ ആ സ്ഥാനത്തുനിന്നും മാറ്റിനിർത്തപ്പെട്ടവരിൽ ഒരാളാണ് എന്നുള്ളത് അങ്ങ് വ്യക്തമാക്കാത്തത് എന്തുകൊണ്ടാണ്? ഗുരുതരമായ ഒരു സാഹചര്യത്തെ അനാസ്ഥയോടെ സമീപിച്ചുവെന്നും കൃത്യവിലോപം നടത്തിയെന്നുമുള്ളതിന്റെ അടിസ്ഥാനത്തിൽ മൂന്നംഗങ്ങളെ മാറ്റിനിർത്താനും ചെയർപേഴ്സണെ പിരിച്ചുവിടാനും കോടതിയും സർക്കാരിന്റെ അന്വേഷണ കമ്മീഷനും പറഞ്ഞതുകൊണ്ട് മാറ്റിനിർത്തപ്പെട്ട ഒരാളെ ഏറ്റവുംകൂടുതൽ മാർക്കും നൽകി ഇതിനകത്ത് അംഗമാക്കാൻ നടത്തിയ നാടകത്തെ എങ്ങനെ ന്യായീകരിക്കാൻ ശ്രമിച്ചാലും അത് വിലപ്പോകില്ല എന്നുള്ളത് കേരളത്തിലെ ജനങ്ങൾക്ക് കൃത്യമായിട്ടറിയാം. ഗുരുതരമായ കൃത്യവിലോപം നടത്തിയ ഒരാളാണ്. അത് കോടതി വളരെ വ്യക്തമായി പറയുന്നുണ്ട്. 12 കേസ്സുകളിലെ പ്രതിയാണ്. 6 കേസ്സുകളിൽ വെറുതെ വിട്ടുവെന്നു പറയുന്നു. ചില കേസ്സുകൾ കോമ്പൗണ്ട് ചെയ്തിട്ടുണ്ടെന്നും ചില കേസ്സുകളിൽ ശിക്ഷിക്കപ്പെട്ടുവെന്നും പറയുന്നു. ഹ്യൂമൻ റൈറ്റ്സ് വയലേഷൻ വരെ നടത്തിയ ആളാണെന്ന് പറയുന്നുണ്ട്. ബാലാവകാശ കമ്മീഷനിലെ ഒരംഗമാക്കാൻ നിങ്ങൾ അതീവ താൽപ്പര്യം കാണിച്ച ആൾ ഒരു പഞ്ചായത്ത് മെമ്പറെ തട്ടിക്കൊണ്ടുപോയ കേസിൽ 68 ദിവസം റിമാന്റിലായ ആളാണ് എന്നാണ് ഒടുവിൽ അറിയാൻ കഴിഞ്ഞത്. അങ്ങനെ രേഖകൾ സംസാരിക്കുമ്പോൾ ധാർമ്മികതയുടെ പേരിൽ നിങ്ങൾ ഉയർത്തിയിരുന്ന മുദ്രാവാക്യങ്ങൾ എവിടെ? ശ്രീ. ഇ. പി. ജയരാജന്റെ രാജി എഴുതിവാങ്ങുമ്പോൾ ഉയർത്തിപ്പിടിച്ച ഡിഗ്നിറ്റി എന്തുകൊണ്ടാണ് ഈ മന്ത്രിയുടെ കാര്യത്തിലുണ്ടാകാത്തത്; എന്തുകൊണ്ട് ശ്രീമതി കെ. കെ. ശൈലജ ടീച്ചറിന്റെ കാര്യത്തിലുണ്ടാകുന്നില്ല? ഒരു കാര്യം പറയാതിരിക്കാൻ നിർവ്വാഹമില്ല. കോടതിയുടെ ജഡ്ജ്മെന്റിൽ പറയുന്ന പ്രധാനപ്പെട്ട കാര്യം, 'If the files do not disclose any reason, the courts would only presume that the decision is not one taken bona fide in such cases. Since the files in the instant case do not disclose the reason, on the basis of which the outer time limit for submission of the applications has been extended by the Minister'. ആ വിധിയുടെ അവസാനത്തിൽ കോടതി പറയുന്നത്, 'the only inference possible is to hold that the enlargement of the time limit by the Minister was intended to appoint the additional third respondent as the Member of the Commission and the same was not an exercise of power in good faith for the purpose for which power was conferred on the Minister'. 'സംസ്ഥാനത്തെ ഒരു മന്ത്രി എന്ന നിലയിലുള്ള എന്റെ കർത്തവ്യങ്ങൾ വിശ്വസ്തതയോടും മനസ്സാക്ഷിയെ മുൻനിർത്തിയും നിർവ്വഹിക്കുമെന്നും ഭരണഘടനയും നിയമവുമനുസരിച്ച് ഭീതിയോ പക്ഷപാതമോ പ്രീതിയോ

വിദ്വേഷമോ കൂടാതെ എല്ലാത്തരത്തിലുള്ള ജനങ്ങൾക്കും നീതി ചെയ്യും' എന്ന് സഗൗരവം പ്രതിജ്ഞ ചെയ്ത ഒരു മന്ത്രിയെപ്പറ്റി കോടതി പറഞ്ഞിരിക്കുന്നു. I repeat it. 'the Minister was intended to appoint the additional third respondent as the Member of the Commission and the same was not an exercise of power in good faith for the purpose for which power was conferred on the Minister'. സത്യപ്രതിജ്ഞയുടെ നഗ്നമായ ലംഘനം ഒരു കോടതിയുടെ ജഡ്ജ്മെന്റിൽ, ഒരു വിധിക്കകത്ത് കൃത്യമായി പ്രതിപാദിച്ചിട്ട് അതിനെയും ന്യായീകരിക്കാൻ നടത്തുന്ന ശ്രമങ്ങൾ കാണുമ്പോൾ ഈ ഗവൺമെന്റിന്റെ, പാർട്ടിയുടെ ഒരുതരത്തിലും ന്യായീകരിക്കാൻ കഴിയാത്ത നടപടികളെപ്പോലും ന്യായീകരിക്കാൻ വെപ്രാളപ്പെടുന്ന ചില സൈബർ സഖാക്കളുടെ നിലവാരത്തിലേയ്ക്ക് കേരളത്തിന്റെ മുഖ്യമന്ത്രി തരംതാഴരുത് എന്നാണ് ഞങ്ങൾക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. അങ്ങേയ്ക്കെതിരെ ആയിരുന്നു ഇത്തരമൊരു പരാമർശമെങ്കിൽ അങ്ങ് തുടരുമോ; ഒരു മിനിട്ട് അങ്ങ് തുടരുമോ; കാരണം ഇതൊരു പരാമർശമല്ല, ഇതൊരു ഒബ്സർവേഷനല്ല, ഇതൊരു ഫൈൻഡിംഗ്സ് ആണ്. ജഡ്ജ്മെന്റിനകത്താണ് ഇത് വന്നിരിക്കുന്നത്. ഇത് ഭാവിയിലേയ്ക്കുള്ള കളമൊരുക്കലാണോ എന്നുപോലും കേരളത്തിലെ ജനങ്ങൾ സംശയിച്ചാൽ ആർക്കെങ്കിലും കുറ്റം പറയാൻ സാധിക്കുമോ? 30 പേജുള്ള ഈ കോടതി വിധിയുടെ ഓരോ പേജും അങ്ങ് വായിക്കണം. ചൈൽഡ് റൈറ്റ്സ് പ്രവർത്തനങ്ങളിൽ പി.എച്ച്.ഡി. ഉള്ള ഒരംഗത്തെ 95 മാർക്ക് കൊടുത്ത് മാറ്റിനിർത്തുകയും ഒരാളെ തട്ടിക്കൊണ്ടുപോയ കേസിൽ 68 ദിവസം റിമാന്റിൽ കിടന്ന ആൾക്ക് 205 മാർക്ക് കൊടുക്കുകയും ചെയ്യുന്ന ഇന്റർവ്യൂ ബോർഡ് എന്ത് നോക്കിയാണ് മാർക്ക് നൽകിയത്? കോടതി ഇക്കാര്യം സംബന്ധിച്ച് സൂചിപ്പിച്ചതിനെക്കുറിച്ച് അങ്ങ് പറഞ്ഞു. കോടതി പറയുന്നതിനും കാരണങ്ങളുണ്ട്. ഈ കേസിന്റെ നടത്തിപ്പിന് ഒരുതരത്തിലുള്ള ഗൗരവവും ഗവൺമെന്റ് കാണിച്ചിട്ടില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. ഷാഫി പറമ്പിൽ.....പ്ലീസ് കൺക്ലൂഡ്....

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഞാൻ വിഷയത്തിൽനിന്നും മാറി ഒന്നും പറയുന്നില്ല. ഈ കേസ് കോടതിയിൽ വന്നപ്പോഴൊന്നും ഒരു ഗൗരവവും ഗവൺമെന്റ് കാണിച്ചിട്ടില്ല. ആദ്യം കോടതിയിൽനിന്നും സ്റ്റേ ഓർഡർ വന്നു. രണ്ടുമാസത്തേയ്ക്ക് രണ്ടാമത്തെ ലിസ്റ്റിൽനിന്നും ആളെ എടുക്കുന്നതിനും ഫൈനലൈസ് ചെയ്യുന്നതിനും മാത്രം കോടതി ആദ്യം സ്റ്റേ നൽകി. ഈ ഗവൺമെന്റ് ആ സ്റ്റേ മോഡിഫൈ ചെയ്യുന്ന കാര്യത്തിൽ ഇടപെടുന്നില്ല. രണ്ടുമാസത്തേയ്ക്ക് സ്റ്റേ കൊടുത്ത് 10 ദിവസത്തിനകം കേസ് പോസ്റ്റ് ചെയ്തു. ആ 10 ദിവസത്തിനകം കേസ് പോസ്റ്റ് ചെയ്തപ്പോഴും ഗവൺമെന്റ് അവിടെ ഒരു

കാര്യവും പറയുന്നില്ല. നമ്മളിൽ നിന്നൊക്കെ മറച്ചുവച്ച ഒരു പ്രധാനപ്പെട്ട കാര്യമുണ്ട്. ഞാനും നിങ്ങളുമൊക്കെ അറിയാതെ പോയതും കഴിഞ്ഞ ദിവസങ്ങളിൽ പുറത്തുവന്നതുമായ ഒരു കാര്യമുണ്ട്. സർക്കാരിന് വികസനമുണ്ടെന്നുള്ള കാര്യത്തിൽ ഒരു സംശയവും വേണ്ട. കാരണം ശ്രീ. ടി. പി. സെൻകുമാർ കേസിൽ 25,000 രൂപയാണ് സർക്കാർ പിഴയടച്ചതെങ്കിൽ ഈ കമ്മീഷനംഗങ്ങൾ ഉൾപ്പെടെയുള്ളവരെ നിയമിക്കാത്തതിന്റെ പേരിൽ സുപ്രീം കോടതി 50,000 രൂപ പിഴയടയ്ക്കാൻ സർക്കാരിനോട് പറഞ്ഞിരിക്കുകയാണ്. അത് ഒരാളും അറിഞ്ഞില്ല. ഇതുവരെ പുറത്തുപറഞ്ഞിട്ടില്ല. സർക്കാരിന് വികസനമില്ല, സർക്കാരിന് പുരോഗതിയില്ല എന്നുപറയാൻ കഴിയില്ല. കാരണം ശ്രീ. ടി. പി. സെൻകുമാറിന്റെ കേസിൽ 25,000 രൂപയായിരുന്നു പിഴയെങ്കിൽ ബാലാവകാശ കമ്മീഷൻ അംഗങ്ങളെ നിയമിക്കുന്നത് വൈകിപ്പിച്ചതിന്റെ പേരിൽ 50,000 രൂപ പിഴ അടയ്ക്കേണ്ടി വന്നിട്ടുണ്ട്. ഇതിന് ക്ലാരിറ്റി ചോദിച്ച് ഒരു ലക്ഷം രൂപയാക്കി ഉയർത്താൻ ഈ സർക്കാരിന് കഴിയുമെന്നുള്ള കാര്യത്തിൽ കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം സംശയമില്ല. ഇത് പൊളിറ്റിക്കലി മോട്ടിവേറ്റഡ് ആയിട്ടുള്ള ഒരു ഇഷ്യൂ അല്ല. ബാലാവകാശ കമ്മീഷന് എത്രത്തോളം പ്രാധാന്യമർഹിക്കുന്ന വെന്നുള്ളത് സാറിനും നമുക്കെല്ലാവർക്കും അനുഭവപ്പെട്ടത് കഴിഞ്ഞ ദിവസമാണ്.

മി. സ്പീക്കർ: അങ്ങ് പോയിന്റെല്ലാം ഭംഗിയായി അവതരിപ്പിച്ചുകഴിഞ്ഞു. കൺക്ലൂഡ് ചെയ്യൂ...

ശ്രീ. ഷാഫി പറമ്പിൽ: സർ, ഈ രാജ്യത്ത് നല്ല ദിനങ്ങൾ കൊണ്ടുവരുമെന്ന് പറഞ്ഞവർ 72 പിഞ്ചുകുഞ്ഞുങ്ങളുടെ മരണത്തിന് ഉത്തരവാദികളായി. ഒരു തെറ്റും ചെയ്യാത്ത, രാജ്യദ്രോഹക്കുറ്റം ചെയ്യാത്ത 72 പിഞ്ചോമനകളുടെ മരണത്തിന് കാരണമായ അനാസ്ഥയ്ക്ക് കൊടിപിടിക്കുന്നവരാണ് കേന്ദ്രസർക്കാരും യു.പി. സർക്കാരും. 72 കുഞ്ഞുങ്ങളെ തിരികെ വീട്ടിലേയ്ക്ക് കൊണ്ടുപോകാൻ ഒരു ആംബുലൻസ് പോലും കൊടുക്കാതെ ആ പിഞ്ചുകുഞ്ഞുങ്ങളെ മാറോടണച്ച് ആട്ടോറിക്ഷയ്ക്ക് കൈകാണിക്കേണ്ടിവരുന്ന അമ്മയുടെ ഗതികേട് ഈ രാജ്യത്തുണ്ടാകുമ്പോൾ അത്തരം സംഭവങ്ങൾ കേരളത്തിന്റെ മണ്ണിൽ ആവർത്തിക്കാതിരിക്കാനുള്ള ജാഗ്രത വച്ചുപുലർത്താൻ ഈ കമ്മീഷനെ സമയബന്ധിതമായി നിയമിക്കാൻ കഴിയുമായിരുന്ന സാഹചര്യത്തെ അട്ടിമറിച്ചു കൊണ്ട് പന്ത്രണ്ടോളം കേസ്സുകളിൽ പ്രതിയായ ഒരാളെ ഇതിൽ അംഗമായി കൊണ്ടുവരാനുള്ള വൃത്തികെട്ട നാടകം കേരളത്തിന്റെ മണ്ണിൽ അരങ്ങേറിയത് തീർച്ചയായും നമുക്ക് ഒരു കാരണവശാലും ഉൾക്കൊള്ളാൻ കഴിയുന്ന ഒന്നല്ല.

മി. സ്പീക്കർ: ശ്രീ. ഷാഫി പറമ്പിൽ, പ്ലീസ് കൺക്ലൂഡ്....

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ അവസാനിപ്പിക്കുന്നു. കെ. എം. മാണി സാറിന്റെ കാര്യത്തിൽ 'സീസറിന്റെ ഭാര്യയും സംശയത്തിനതീതയായിരിക്കണം' എന്നൊരു സ്റ്റേറ്റ്മെന്റിന്റെ പേരിൽ രാജിക്ക് മുറവിളി കൂട്ടിയവരേ, ഒരു പരാമർശത്തിന്റെ പേരിൽ, ഒരു ഒബ്സർവേഷന്റെ പേരിൽ കെ. കരുണാകരന്റെയും ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെയും കെ.പി. വിശ്വനാഥന്റെയുമൊക്കെ രാജിക്കുവേണ്ടി മുറവിളി കൂട്ടിയവരേ, ശ്രീ. ഇ. പി. ജയരാജൻ എന്ന ബഹുമാനപ്പെട്ട അംഗത്തെ ഒരു പരാമർശം വരുന്നതിനുമുമ്പ് രാജി വയ്പ്പിച്ചവരേ, ഈ മന്ത്രി അധികാര ദുർവിനിയോഗം നടത്തിയിരിക്കുന്നുവെന്ന് കോടതിയിൽ ഒരു ജഡ്ജ്മെന്റ് വന്നിരിക്കുന്നു. ഒരു നിമിഷം ആ കസേരയിൽ ഇരിക്കാൻ അർഹയല്ല എന്ന് സ്വയം മന്ത്രിക്ക് തോന്നുന്നപക്ഷം അത് ഒഴിഞ്ഞുപോകാൻ തയ്യാറാകണം. അല്ലെങ്കിൽ ശ്രീ. കുമ്മനം രാജശേഖരനുമായുള്ള വട്ടമേശചർച്ച മാധ്യമങ്ങൾ പകർത്താതിരിക്കാൻവേണ്ടി അവരോട് പറഞ്ഞ 'കടക്കു പുറത്ത്' എന്ന വാചകം ഈ മന്ത്രിയോട് പറയാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകണം. ഈ ഗുരുതരമായ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കോടതികൾ സർക്കാർ നടപടികളെക്കുറിച്ച് അഭിപ്രായം പറയുന്നത് പുതിയൊരു കാര്യമല്ല. എത്രയോ തവണ ഏതൊക്കെ സർക്കാരുകളുടെ കാലത്ത് ഇത് ഉണ്ടായിട്ടുണ്ടെന്ന് പരിശോധിച്ചാൽ നമുക്ക് ഒട്ടേറെ കാര്യങ്ങൾ കാണാൻ കഴിയും. അങ്ങനെ വരുമ്പോൾ യഥാർത്ഥ കാര്യങ്ങൾ കോടതിയെ ധരിപ്പിക്കുകയും സത്യം ബോദ്ധ്യപ്പെടുത്തുകയും ചെയ്യുകയെന്നതാണ് പോംവഴി. ആ സാധ്യത തീർച്ചയായും ആരായുകതന്നെ ചെയ്യും. കോടതിയെ സത്യം ബോധ്യപ്പെടുത്താൻ കഴിയാത്തതിനാൽ അതിന് ശ്രമിക്കാതിരിക്കുകയും കോടതി പരാമർശം പേറിത്തന്നെ തുടർഘട്ടങ്ങളിൽ കഴിയുകയും ചെയ്ത അനുഭവങ്ങൾ മുൻകാലങ്ങളിൽ ധാരാളം ഉണ്ടായതായി നമുക്കറിയാവുന്നതാണ്. ഏതായാലും ആ വഴിയല്ല സ്വീകരിക്കാൻ പോകുന്നത്. കോടതിയെ യാഥാർത്ഥ്യം ബോദ്ധ്യമാക്കുകതന്നെ ചെയ്യും. അപേക്ഷാ കാലാവധി നീട്ടുന്നത് കൂടുതൽ പേർക്ക് അപേക്ഷിക്കാൻ അവസരം നൽകലാണ്. വേണ്ടത്ര യോഗ്യരായവർക്ക് അപേക്ഷിക്കാൻ കഴിയാതെ വന്നിട്ടുണ്ടെന്നും പല ജില്ലകളിൽനിന്നും ഒരു അപേക്ഷപോലും കിട്ടാതെ വന്നിട്ടുണ്ടെന്നും വന്നാൽ അതിനർത്ഥം അവസരങ്ങളുണ്ടെന്ന് ജനങ്ങൾ അറിഞ്ഞിട്ടില്ലായെന്നതാണ്. അങ്ങനെ വരുമ്പോൾ കൂടുതൽ പേർക്ക് അപേക്ഷ സമർപ്പിക്കാൻ അവസരം നൽകുന്നതാണ് പൊതുതാൽപ്പര്യമുള്ള നടപടി. അതാണ് സർക്കാർ സ്വീകരിച്ചത്.

ശ്രീ. വി. ഡി. സതീശൻ: ഗോവിന്ദച്ചാമിക്കുകൂടി അവസരം കൊടുക്കാമായിരുന്നു.

മി. സ്പീക്കർ: .... പ്ലീസ്..... പ്ലീസ്....

ശ്രീ. പിണറായി വിജയൻ: കാസർഗോഡ്, പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽനിന്നും അപേക്ഷകളേ ഉണ്ടായിരുന്നില്ല. അവിടെ യോഗ്യതയുള്ള ആരും ഇല്ല എന്നാണോ കണക്കാക്കേണ്ടത്. ഈ സാഹചര്യത്തിലാണ്......

ശ്രീ. വി. ടി. ബൽറാം: എല്ലാ ജില്ലയിൽനിന്നും അപേക്ഷകൾ വേണോ?

മി. സ്പീക്കർ: ശ്രീ. ഷാഫി പറമ്പിൽ സംസാരിച്ചപ്പോൾ എല്ലാവരും വളരെ നിശ്ശബ്ദരായിരുന്ന് കേട്ടില്ലേ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുമ്പോൾ നിങ്ങൾ കേൾക്കണ്ടേ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): (മൈക്ക് ഓഫ്) മുഖ്യമന്ത്രി സംസാരിക്കുമ്പോൾ അധികം കമന്റ് വേണ്ട.

ശ്രീ. റ്റി. വി. രാജേഷ്: മുഖ്യമന്ത്രി സംസാരിക്കുമ്പോൾ അവിടെ നിന്ന് ഓരോ കമന്റുകൾ പറയുകയാണ്.

മി. സ്പീക്കർ: ശ്രീ. ഷാഫി പറമ്പിൽ വിശദമായി സംസാരിച്ചപ്പോൾ ഒരു കുഴപ്പവുമില്ലാതെ എല്ലാവരും നിശബ്ദരായിരുന്ന് കേട്ടു. ഇപ്പോൾ നിങ്ങളാണ് കമന്റ് ചെയ്ത് തുടങ്ങിയത്. ശ്രീ. വി. ടി. ബൽറാം മിണ്ടാതിരിക്കൂ....

ശ്രീ. പിണറായി വിജയൻ: ഈ സാഹചര്യത്തിലാണ് എല്ലാ മേഖലകളിലുമുള്ള അർഹരായ എല്ലാവർക്കും അപേക്ഷിക്കാൻ അവസരം ലഭിക്കട്ടെയെന്നുകരുതി കാലാവധി നീട്ടിയത്. നേരത്തെ അപേക്ഷിച്ചവരുടെ സാധ്യത പൂർണ്ണമായി നിലനിർത്തിക്കൊണ്ടുതന്നെയാണ് ഇത് ചെയ്തത്. അർഹരായവരുടെ സാധ്യതകൾ അടഞ്ഞുപോകാതിരിക്കാൻവേണ്ടിത്തന്നെയാണ് നടപടികളെടുത്തത്. അപേക്ഷ സമർപ്പിക്കേണ്ട തീയതി നീട്ടലല്ല മറിച്ച് അവസാന തീയതിക്ക് വളരെ മുമ്പേതന്നെ അപേക്ഷ സ്വീകരിക്കുന്നത് നിർത്തിവയ്ക്കലാണ് ക്രമക്കേട്. അപേക്ഷിക്കാനുള്ള നിരവധിപേർ പുറത്തുനിൽക്കെ തങ്ങൾക്ക് വേണ്ടവരുടെ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അപേക്ഷ സ്വീകരിക്കൽ നിർത്തിവയ്ക്കുകയെന്നത് ഈ രാജ്യത്ത് മുമ്പുണ്ടായത് നമുക്കെല്ലാവർക്കും ഓർമ്മയുള്ള കാര്യമാണല്ലോ;

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഞങ്ങൾക്ക് ഓർമ്മയില്ല.

ശ്രീ. പിണറായി വിജയൻ: ഓർമ്മയില്ലെങ്കിൽ 2 ജി സ്പെക്ട്രം ഓർമ്മിച്ചാൽ മതി. എന്നാൽ ഇവിടെ എല്ലാ അർഹരെയും അപേക്ഷിക്കാൻ അനുവദിച്ച് ഏറ്റവും യോഗ്യരായവരെ തെരഞ്ഞെടുക്കാൻ അവസരമുണ്ടാക്കുകയാണ് ചെയ്തത്.

അപ്പോൾ സാധ്യത അടച്ചുകളയലല്ല. സാധ്യത തുറന്നുവയ്ക്കുകയാണ് ചെയ്തത്. നേരത്തെ അപേക്ഷിച്ച ആളുകളുടെ സാധ്യത നിഷേധിച്ചുകൊണ്ടല്ല, അവരുടെ സാധ്യത സാധുവാക്കി നിലനിർത്തിക്കൊണ്ടുതന്നെയാണ് പുതിയ അപേക്ഷ സ്വീകരിച്ചത്. കേരളത്തിലുള്ളവരാകെ രാഷ്ട്രീയ ബോധമുള്ളവരും രാഷ്ട്രീയ നിലപാടുള്ളവരുമാണ്. അവരെയൊന്നും സർക്കാർ തസ്തികകളിലേയ്ക്ക് പരിഗണി ക്കില്ലെന്നുവന്നാൽ അത് വലിയൊരു വിഭാഗത്തിനുമുമ്പിൽ സാധ്യത അടച്ചുകളയലാകും. സർ സി. പി.-യുടെയൊക്കെ കാലത്ത് അങ്ങനെ ചെയ്തിട്ടുണ്ട്. സ്വാതന്ത്ര്യം ലഭിച്ചതിനെത്തുടർന്നുള്ള ഘട്ടത്തിലും ഇത് ഉണ്ടായിട്ടുണ്ടെന്ന് നമുക്കറിയാം. മലയാറ്റൂർ രാമകൃഷ്ണൻ മുതൽ ഒ.എൻ.വി. കുറുപ്പ് വരെ കമ്മ്യൂണിസ്റ്റാണെന്നതിന്റെ പേരിൽ തൊഴിൽ നിഷേധിക്കപ്പെട്ട അനുഭവമുള്ളവരാണ്. ജനാധിപത്യ സമ്പ്രദായം സ്ഥാപിതമായതുമുതൽ ഭരണഘടനാപരമായ നിലയിൽ പാർലമെന്ററി പ്രക്രിയയിൽ ഇടപെട്ടുപോരുന്നവരാണ് കമ്മ്യൂണിസ്റ്റുകാർ. പ്രത്യേകിച്ച്, സി.പി.ഐ., സി.പി.ഐ. (എം) പാർട്ടികൾ. സാധാരണ തൊഴിൽ തസ്തികകൾ മുതൽ ഭരണഘടനാ തസ്തികകൾവരെ അവർ വഹിച്ചിട്ടുണ്ട്. മനുഷ്യാവകാശ കമ്മീഷൻ, വനിതാ കമ്മീഷൻ, പബ്ലിക് സർവ്വീസ് കമ്മീഷൻ തുടങ്ങിയ സ്ഥാപനങ്ങളിൽ ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ എത്രയോപേർ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. ആ നിലയ്ക്ക് ബാലാവകാശ കമ്മീഷനിൽ രാഷ്ട്രീയമുള്ളയാൾ നിയമിതനാകുന്നതിൽ ഒരു നിയമതടസ്സവുമില്ല, അനൗചിത്യവുമില്ല. രാഷ്ട്രീയമെന്നത് എന്തോ അധമമായ കാര്യമാണെന്ന സന്ദേശം രാഷ്ട്രീയപാർട്ടികളുടെ ഉത്തരവാദപ്പെട്ട ആളുകൾതന്നെ നടത്തുന്നത് ഉചിതമാണോയെന്ന് പരിശോധിക്കണം. ഇവിടെയാണെങ്കിൽ സ്വയം അത് ചെയ്തവരായിരുന്നു തങ്ങളെന്ന് ഓർക്കേണ്ട തായിട്ടുണ്ട്. അങ്ങനെയുള്ളവർ ഇത്തരം പ്രചരണം നടത്തുന്നത് കൂടുതൽ അനുചിതമായാണ് വരിക. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ മനുഷ്യാവകാശ കമ്മീഷൻ അംഗമായി ശ്രീ. കെ. മോഹൻ കുമാറിനെ നിയമിച്ചു. അദ്ദേഹം ഡി.സി.സി. പ്രസിഡന്റായിരിക്കെ ആയിരുന്നു അത്. അന്ന് അതാർക്കും തടസ്സമായി തോന്നിയിട്ടില്ല. ......ബഹളം......

മി. സ്പീക്കർ: യെസ്.... പ്ലീസ്.... അദ്ദേഹം പറയട്ടെ. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് സംസാരിക്കാം. നിങ്ങൾ ഇങ്ങനെ കമന്റ് ചെയ്തുകൊണ്ടിരിക്കേണ്ട.

ശ്രീ. പിണറായി വിജയൻ: ഒരുവശത്ത് ഇങ്ങനെ ചെയ്യുകയും മറുവശത്ത് ഇത് രാഷ്ട്രീയ നിയമനമാണെന്ന് ആക്ഷേപിക്കുകയും ചെയ്യുന്നത് ഉചിതമാണോയെന്ന് ആലോചിക്കേണ്ടതാണ്. ഇവിടെ സി.ഡബ്ല്യു.എ.-യിൽ നിന്ന് മാറ്റിനിർത്തിയ ആരെയും തെരഞ്ഞെടുത്തിട്ടില്ല. കൊട്ടിയൂർ കേസിൽ നിങ്ങൾ പരാമർശിച്ചയാൾ പ്രതിയല്ലായെന്നതാണ് വസ്തുത. വയനാട് ജില്ലാ സി.ഡബ്ല്യു.എ. തുടർന്ന്

ചേരേണ്ടതില്ലെന്ന് ആ ഘട്ടത്തിൽ തീരുമാനിച്ചത് നമുക്കെല്ലാം അറിവുള്ള കാര്യമാണ്. ഇവിടെ തെരഞ്ഞെടുത്ത എല്ലാ അംഗങ്ങൾക്കും വിജിലൻസ് ക്ലിയറൻസ് ലഭിച്ചിട്ടുണ്ട്. മാത്രമല്ല, ആവശ്യമായ എല്ലാ ക്ലിയറൻസും ലഭിച്ചതിനുശേഷമാണ് നിയമിക്കൽ നടപടികളിലേയ്ക്ക് കടന്നിരുന്നത്. ഇത്തരമൊരു സാഹചര്യത്തിൽ നല്ല ഉദ്ദേശ്യശുദ്ധിയോടുകൂടി ചെയ്തൊരു കാര്യത്തെ സംബന്ധിച്ച് കോടതിയിൽനിന്ന് ഒരു പരാമർശമുണ്ടായി എന്നത് വസ്തുതയാണ്.

ശ്രീ. വി. ടി. ബൽറാം: ഇത് കോടതിയുടെ വെറുമൊരു പരാമർശമല്ല, കോടതി വിധിയിലാണ് പറയുന്നത്. .....(ബഹളം).....

Mr. Speaker: Yes please...... Get in serious.... please......

ശ്രീ. പിണറായി വിജയൻ: ആ വിധിയിലുള്ള പരാമർശമാണ്. ആ പരാമർശം സ്വാഭാവികമായും കോടതിയെ തന്നെ ഏത് തരത്തിൽ ഇത് ബാധിക്കുന്നുവെന്ന് ബോദ്ധ്യപ്പെടുത്താൻ ശ്രമിക്കും.

ശ്രീ. വി. ടി. ബൽറാം: കോടതിയെ ഏത് തരത്തിൽ ബാധിക്കുമെന്ന് ബോദ്ധ്യപ്പെടുത്തുമെന്നാണ്?

ശ്രീ. പിണറായി വിജയൻ: ഇങ്ങനെയൊരു വശം കോടതിതന്നെ പ്രതീക്ഷിച്ചിട്ടുണ്ടാവില്ല. സ്വാഭാവികമായും കോടതിയെ അക്കാര്യം ബോദ്ധ്യ പ്പെടുത്തുന്നതാണ്. അതുകൊണ്ടുതന്നെ സഭ നിർത്തിവച്ച് ചർച്ച ചെയ്യുത്തക്ക ഒരു സാഹചര്യവും ഉദിക്കുന്നില്ല. മന്ത്രി രാജിവയ്ക്കേണ്ട ഒരു പ്രശ്നവും ഇതിൽ അടങ്ങിയിട്ടുമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാന്യനായ മുഖ്യമന്ത്രിയുടെ വിശദീകരണം കേട്ടപ്പോൾ മന്ത്രിയല്ല ഹൈക്കോടതിയിലെ ജഡ്ജിയാണ് രാജിവയ്ക്കേണ്ടതെന്ന് തോന്നുന്നു. എന്റെ കയ്യിലുള്ളത് (പേപ്പർ ഉയർത്തിക്കാണിച്ചു.) യശഃശരീരനായ എന്റെ സുഹൃത്തും മുൻ മെമ്പറുമായിരുന്ന മത്തായി ചാക്കോ 2005 ഫെബ്രുവരി 10-ന് ഈ നിയമസഭയിൽ ഒരു അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് പറഞ്ഞതാണ്. സി.പി.ഐ. (എം)-ലെ മത്തായി ചാക്കോയുടെ നേതൃത്വത്തിലാണ് അടിയന്തരപ്രമേയ നോട്ടീസ് വന്നത്.

ഹൈക്കോടതിയുടെ പരാമർശമുണ്ടായിട്ടും രാജി വച്ചൊഴിയാതെ മന്ത്രി സ്ഥാനത്ത് തുടരുന്നത് ഭരണഘടനാവിരുദ്ധവും കേരള രാഷ്ട്രീയത്തിലെ ഇതുവരെയുള്ള കീഴ്വഴക്കങ്ങളുടെ ലംഘനവുമാണെന്ന് മത്തായി ചാക്കോ ചൂണ്ടിക്കാണിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ്: ആരായിരുന്നു ആ മന്ത്രി?

ശ്രീ. രമേശ് ചെന്നിത്തല: കെ. പി. വിശ്വനാഥനായിരുന്നു ആ മന്ത്രി. 25 പേജുള്ള ഹൈക്കോടതി ജഡ്ജ്മെന്റാണ് എന്റെ കയ്യിലുള്ളത്. (പേപ്പർ ഉയർത്തിക്കാണിച്ചു.) 25 പേജുള്ള ജഡ്ജ്മെന്റിലെ ഓരോ പേജിലും വളരെ നിശിതമായ വിമർശനമാണ് ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ളത്. സർക്കാരിന്റെ ഭാഗം കേട്ടില്ലെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി മറുപടി പറഞ്ഞപ്പോൾ പറഞ്ഞു. പിന്നെ അഡീഷണൽ അഡ്വക്കേറ്റ് ജനറൽ അവിടെപ്പോയി വാദിച്ചത് എന്തിനായിരുന്നു; ആർക്കുവേണ്ടിയാണ്? അഡീഷണൽ അഡ്വക്കേറ്റ് ജനറൽ വാദിക്കുന്നത് ഗവൺമെന്റിനുവേണ്ടിയല്ലേ? അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ഗവൺമെന്റിന്റെ വാദമുഖങ്ങളെല്ലാം അവതരിപ്പിച്ച് മന്ത്രിക്കുവേണ്ടി പറയേണ്ടത് മുഴുവൻ പറഞ്ഞു. എന്നിട്ടും കോടതി വാക്കാലുള്ള പരാമർശമല്ല നടത്തിയത്. ബഹുമാന്യനായ മുഖ്യമന്ത്രി ഈ സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. വാക്കാലുള്ള പരാമർശമല്ല, ജഡ്ജ്മെന്റാണ്. 25 പേജുള്ള ഈ ജഡ്ജ്മെന്റിൽ ഓരോ പാരഗ്രാഫിലും മന്ത്രിയുടെ കോൺഡക്ടിനെ സംബന്ധിച്ചും മന്ത്രിയുടെ തീരുമാനത്തെ സംബന്ധിച്ചും എടുത്തയാളിന്റെ നിയമനം റദ്ദാക്കിക്കൊണ്ടുമുള്ള ഏറ്റവും സുപ്രധാനമായ ഒരു വിധിന്യായമാണ് ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ളത്. ബഹുമാന്യനായ മുഖ്യമന്ത്രി വീണിടത്ത് കിടന്നുരുളുകയാണ്. അദ്ദേഹം പറഞ്ഞത് എല്ലാ ജില്ലകളിൽനിന്നും അപേക്ഷകർ ഇല്ലായിരുന്നുവെന്നാണ്. അഡ്വക്കേറ്റ് ജനറലും ഇതുതന്നെയാണ് കോടതിയിൽ പറഞ്ഞത്, '.......Additional Advocate General was also not in a position to state the rationale behind the stand taken by the Government in the second counter affidavit that 40 applicants were not sufficient for a competitive selection based on interview for appointment of six persons as Members of the Commission. It is beyond dispute that there is no requirement under law that there should be applicants from every district for the selection for appointment of Members of the Commission'. ഈ കമ്മീഷനിലേയ്ക്ക് അംഗങ്ങളായി അപേക്ഷിക്കുന്നവർ എല്ലാ ജില്ലകളിലും നിന്നുള്ളവരായിരിക്കണമെന്ന് എവിടെയും പറയുന്നില്ല. 'No explanation, whatsoever, was offered by the Learned Additional Advocate General as to the rationale behind the stand taken by the Government as regards the applications from all districts also'.

അഡീഷണൽ അഡ്വക്കേറ്റ് ജനറലിന് കോടതിയുടെ മുമ്പിൽ തൃപ്തികരമായ മറുപടി പറയാൻ കഴിഞ്ഞിട്ടില്ലെന്നാണ് ഈ വിധിന്യായത്തിൽ പറയുന്നത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സമയം നീട്ടിക്കൊടുത്തുവെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞു. അന്ന് സമയം നീട്ടിക്കൊടുത്തത് ആദ്യത്തെ കമ്മീഷനായിരുന്നതുകൊണ്ടാണ്. ശ്രീമതി നീലാ ഗംഗാധരൻ എന്ന ഐ.എ.എസ്. ഉദ്യോഗസ്ഥയെയായിരുന്നു യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ചെയർപേഴ്സണായി നിയമിച്ചത്. ഇപ്പോഴും അവർ തുടരുകയാണ്. ആ നിയമനം കോടതിയിൽ ചോദ്യം ചെയ്തപ്പോൾ കോടതി അത് പൂർണ്ണമായും അംഗീകരിച്ചുകൊണ്ട് ക്ലീൻ ചിറ്റ് നൽകിയ കാര്യം ഈ അവസരത്തിൽ എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. 25 പേജുള്ള ഈ ജഡ്ജ്മെന്റിന്റെ ഓരോ ഭാഗവും പരിശോധിച്ചാൽ ഈ കാര്യത്തിലെടുത്ത നിലപാട് വ്യക്തമാകും. ബഹുമാന്യയായ മന്ത്രിയാണ് ഇതിന്റെ സെലക്ഷൻ കമ്മിറ്റിയുടെ ചെയർപേഴ്സൺ. ഈ കമ്മിറ്റിയുടെ ഭരണഘടനയനുസരിച്ച് ആറ് മെമ്പർമാരാണ് വേണ്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, പി.എസ്.സി.യെപ്പോലെ ഒരു പോസ്റ്റിന് ആറ് പേർ വേണമെന്നാണ്. അങ്ങനെ ഒരു സ്ഥലത്തും പറയുന്നില്ല. ആകെ ആറ് പേർ മതി. ആറുപേർക്കുവേണ്ടി പതിനാല് ജില്ലകളിൽനിന്നും ആളുകൾ വേണമെന്ന് പറയുന്നത് എവിടത്തെ ന്യായമാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഏത് അഡ്വക്കേറ്റ് ജനറലാണ് ഈ കാര്യമെല്ലാം ഇവരെ ബോദ്ധ്യപ്പെടുത്തുന്നത്? മാത്രമല്ല, ആറുപേരെ നിയമിക്കുന്നതിനായി 150-ഓളം അപേക്ഷകളാണ് ലഭിച്ചത്, അതിൽ നാൽപ്പതുപേരെ ഷോർട്ട് ലിസ്റ്റ് ചെയ്തപ്പോൾ അതിനകത്ത് തങ്ങളുടെ ഇഷ്ടക്കാർ വന്നില്ലെന്ന് ബോധ്യമായപ്പോഴാണ് നഗ്നമായ അധികാര ദുർവിനിയോഗം നടത്തിയത്. ബഹുമാന്യയായ മന്ത്രി പറഞ്ഞ കാര്യം ജഡ്ജ്മെന്റിൽ വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്. ഒരു കാര്യവും ചൂണ്ടിക്കാണിക്കാതെയാണ് മന്ത്രി ഈ കാര്യത്തിൽ ഉത്തരവിടുന്നത്. സംസ്ഥാന ബാലാവകാശ കമ്മീഷന്റെ വെബ്സൈറ്റിലടക്കം അപേക്ഷാ തീയതി ജനുവരി 20 വരെ ദീർഘിപ്പിക്കുന്നതിന് പത്രപ്പരസ്യം നൽകേണ്ടതുണ്ട്. രണ്ട്, ജനുവരി 25-നകം കിട്ടിയ അപേക്ഷകളെല്ലാം പരിശോധിച്ച് ഷോർട്ട് ലിസ്റ്റ് സമർപ്പിക്കുക. മൂന്ന്, ഫെബ്രുവരി 7-ന് ഇന്റർവ്യൂ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുക. ബഹുമാന്യയായ മന്ത്രി ഈ കാര്യങ്ങളിലൊന്നും കാരണം ചൂണ്ടിക്കാണിക്കുന്നില്ല. അതാണ് ബഹുമാനപ്പെട്ട കോടതി എന്തുകൊണ്ടാണ് ഇത് ചെയ്തതെന്ന് വ്യക്തമാകുന്നില്ലെന്ന് പറഞ്ഞത്. എന്തിന് തീയതി ദീർഘിപ്പിച്ചു എന്നുള്ളതിന്റെ കാരണം ബോധിപ്പിക്കുന്നില്ല. ഏതെങ്കിലും രാഷ്ട്രീയ പ്രവർത്തകരെ ഈ കമ്മീഷനിൽ അംഗങ്ങളാക്കുന്നത് തെറ്റാണോയെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി ചോദിച്ചു. ഒരു തെറ്റുമില്ല, പക്ഷെ കൊട്ടിയൂർ പീഡനക്കേസിലെ പ്രതിയെ

സംരക്ഷിക്കുന്ന ആളെ ഒരിക്കലും നിയമിക്കാൻ പാടില്ലായിരുന്നു. (...ബഹളം...) രാഷ്ട്രീയത്തിന്റെ പേരിൽ 12-ഓളം ക്രിമിനൽ കേസ്സുകളിൽ പ്രതിയായ ഒരാളെ നിയമിക്കാൻ പാടില്ല. ഒരു പഞ്ചായത്ത് മെമ്പറെ തട്ടിക്കൊണ്ടുപോയി 68 ദിവസം ഒളിവിൽ പാർപ്പിച്ച ഒരാളെ നിയമിക്കാൻ പാടില്ല. ശ്രീ. കെ. മോഹൻ കുമാർ ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ പ്രസിഡന്റും എം.എൽ.എ.യും ആയിരുന്നു. അദ്ദേഹത്തിന്റെ പേരിൽ ഒരു പെറ്റിക്കേസ്സുപോലും ഉണ്ടായിരുന്നില്ലെന്ന കാര്യം അങ്ങ് മനസ്സിലാക്കണം. അഡ്വക്കേറ്റും സിൻഡിക്കേറ്റ് അംഗവും എം.എൽ.എ.യും കേരളത്തിലെ അറിയപ്പെടുന്ന ഒരു പൊതുപ്രവർത്തകനുമായതുകൊണ്ടാണ് അദ്ദേഹത്തെ നിയമിച്ചത്. ശ്രീ. കെ. മോഹൻ കുമാറും ഇപ്പോൾ ബഹുമാനപ്പെട്ട സുപ്രീം കോടതി റദ്ദാക്കിയ സുരേഷും തമ്മിൽ ഒരു സാമ്യവുമില്ല. രാഷ്ട്രീയപ്രവർത്തകരായ ആളുകൾ ഈ കമ്മീഷനിൽ അംഗങ്ങളാകുന്നതിനെ ഞങ്ങൾ ചോദ്യം ചെയ്തിട്ടില്ല. പക്ഷെ അവർക്ക് അതിനുള്ള കഴിവും യോഗ്യതയുമുണ്ടാകണം. നിങ്ങൾ ഉദ്ദേശിച്ച ആൾ ഷോർട്ട് ലിസ്റ്റിൽ ഇല്ലാതെ വന്നപ്പോഴാണ് തീയതി നീട്ടിക്കൊടുക്കാനുള്ള സാഹചര്യമുണ്ടായത്. സദുദ്ദേശ്യത്തോടെയല്ല മന്ത്രി പ്രവർത്തിച്ചതെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി വളരെ വ്യക്തമായി പേജ് 22-ൽ പറയുന്നുണ്ട്. '….. the files should disclose the reason on the basis of which such a decision was taken by the Minister. If the files do not disclose any reason, the courts would only presume that the decision is not one taken bona fide in such cases'. ഇതിനെക്കാൾ കൂടുതൽ സദുദ്ദേശ്യപരമായ പരാമർശം ഹൈക്കോടതി എങ്ങനെ നടത്തും? അപേക്ഷ സ്വീകരിക്കുന്നതിന്റെ കാലാവധി നീട്ടിക്കൊടുത്തതിന്റെ കാരണം വ്യക്തമാകാത്തപ്പോൾ സദുദ്ദേശ്യത്തോടെയല്ല സാമൂഹ്യനീതി വകുപ്പുമന്ത്രി പ്രവർത്തിച്ചതെന്ന് കോടതി വിശ്വസിക്കുന്നു. ഈ സംഭവത്തെപ്പറ്റി കേൾക്കുമ്പോൾ ആളുകൾ മൂക്കത്ത് വിരൽ വച്ചുപോകും. ഇങ്ങനെയാണോ സാമൂഹ്യനീതി നടപ്പാക്കേണ്ടത്? ഇവിടെ ശ്രീമതി കെ. കെ. ശൈലജ ടീച്ചർ സദുദ്ദേശ്യത്തോടെ പ്രവർത്തിച്ചില്ലെന്നുമാത്രമല്ല, ജഡ്ജ്മെന്റിന്റെ അവസാനഭാഗത്ത് പറയുന്നത്, '…...as a Member of the Commission is an active worker of the political party which is in power in the State, the only inference possible is to hold that the enlargement of the time limit by the Minister was intended to appoint the additional third respondent as the Member of the Commission and the same was not an exercise of power in good faith for the purpose for which power was conferred on the Minister' എന്നാണ്. മന്ത്രിയുടെ അധികാരം ഉപയോഗിച്ചുകൊണ്ട് സ്വന്തം രാഷ്ട്രീയ പാർട്ടിയിൽപ്പെട്ട ഒരാളിനെ നിയമിക്കാൻവേണ്ടി കാലാവധി നീട്ടിക്കൊടുത്തത് അധികാര ദുർവിനിയോഗമാണെന്ന് വ്യക്തമായി

സൂചിപ്പിക്കുന്നു. ഈ വ്യക്തിയെപ്പറ്റി നിരവധി ആക്ഷേപങ്ങളാണ് ഇപ്പോൾ ഉയർന്നുവരുന്നത്. ബഹുമാനപ്പെട്ട കോടതിക്ക് അത് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഈ രണ്ട് നിയമനങ്ങളും റദ്ദാക്കാനുള്ള തീരുമാനമെടുത്തത്. ഈ നിയമനങ്ങൾ റദ്ദാക്കാനുള്ള തീരുമാനമെടുത്തതിന്റെ പിന്നിലുള്ള കാരണമെന്താണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എന്തുകൊണ്ട് പരിശോധിച്ചുകൂടാ? ഈ പരാമർശങ്ങൾ നീട്ടിക്കിട്ടാൻവേണ്ടി മേൽക്കോടതിയെ സമീപിക്കുമെന്ന് അങ്ങ് പറഞ്ഞത് നല്ല കാര്യമാണ്. പക്ഷെ കോടതി പറഞ്ഞിട്ടുള്ള കാര്യങ്ങൾ എന്താണെന്ന് പരിശോധിക്കാനുള്ള ഉത്തരവാദിത്വം അങ്ങേയ്ക്കില്ലേ? അങ്ങനെയാണെങ്കിൽ ശ്രീ. ഇ. പി. ജയരാജൻ എന്തിനാണ് രാജിവച്ചത്? ഇത് യു.ഡി.എഫ്. അല്ല എൽ.ഡി.എഫ്. ആണെന്നാണ് അങ്ങ് അന്ന് പറഞ്ഞത്. ശ്രീ. ഇ. പി. ജയരാജന് ഒരു നീതിയും ശ്രീമതി കെ. കെ. ശൈലജ ടീച്ചർക്ക് വേറൊരു നീതിയുമാണോ നിങ്ങൾ നടപ്പാക്കുന്നത്? സെക്രട്ടേറിയറ്റിലുള്ള ശ്രീ. ഇ. പി. ജയരാജന് ഒരു നീതിയും സെൻട്രൽ കമ്മിറ്റിയിലുള്ള ശ്രീമതി കെ. കെ. ശൈലജ ടീച്ചർക്ക് മറ്റൊരു നീതിയുമാണോ ഇവിടെ നടപ്പാക്കുന്നത്? ശ്രീ. കെ. എം. മാണിയെപ്പറ്റിയും ശ്രീ. കെ. പി. വിശ്വനാഥനെപ്പറ്റിയും ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്ററെപ്പറ്റിയും ഒരു പരാമർശം മാത്രമാണുണ്ടായത്, ജഡ്ജ്മെന്റല്ല. ആ സമയത്ത് ഉന്നതമായ ജനാധിപത്യമൂല്യം ഉയർത്തിപ്പിടിച്ചു കൊണ്ട് അവരെല്ലാം രാജിവച്ചു. പക്ഷെ ഈ മന്ത്രിയെ സംരക്ഷിക്കാനുള്ള മുഖ്യമന്ത്രിയുടെ നീക്കം ജനാധിപത്യ കേരളത്തിന് അപമാനകരമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരിക്കലും ന്യായീകരിക്കാൻ കഴിയാത്ത പക്ഷപാതപരമായ പ്രവർത്തനമാണിത്. സ്വന്തം പാർട്ടിയിൽപ്പെട്ട ആളുകളെ അധികാരസ്ഥാനങ്ങളിൽ കുത്തിനിറയ്ക്കാൻ അവിഹിതമായ മാർഗ്ഗത്തിലൂടെ ശ്രമിക്കുകയാണ്. അങ്ങ് മലയാറ്റൂർ രാമകൃഷ്ണന്റെ കാര്യം പറഞ്ഞു, മലയാറ്റൂർ രാമകൃഷ്ണനെ പോസ്റ്റ് ചെയ്തതിനെ സംബന്ധിച്ച് പരാതി പറയുന്നവർക്ക് യാതൊരു സ്ഥാനവും കേരള സമൂഹം കൊടുത്തില്ല. മലയാറ്റൂർ രാമകൃഷ്ണന്റെ സ്ഥാനമെവിടെ, കോടതി പരാമർശിച്ച സുരേഷിന്റെ സ്ഥാനമെവിടെ? മലയാറ്റൂർ രാമകൃഷ്ണനോട് സുരേഷിനെ താരതമ്യപ്പെടുത്തിയത് വലിയ കഷ്ടമായിപ്പോയെന്നാണ് എനിക്ക് പറയാനുള്ളത്. ബാലാവകാശ കമ്മീഷന്റെ എല്ലാ തത്വങ്ങളും നിയമങ്ങളും ലംഘിച്ചുകൊണ്ട് നടത്തിയ ഈ നിയമനം ബഹുമാനപ്പെട്ട കോടതി തള്ളിക്കളഞ്ഞതിനെപ്പറ്റി ഖേദം പ്രകടിപ്പിക്കാൻ സർക്കാർ തയ്യാറായില്ലല്ലോ എന്നാണ് എനിക്ക് പറയാനുള്ളത്. ഇക്കാര്യത്തിൽ സാമാന്യബോധവും ധാർമ്മികബോധവും ഉണ്ടായിരുന്നെങ്കിൽ ഖേദം പ്രകടിപ്പിക്കാൻ കഴിയുമായിരുന്നു. മായാദാസൻ എന്ന പഴയൊരു കഥയുണ്ട്. അതിലെ കഥാപാത്രം എന്ത് തൊട്ടാലും സ്വർണ്ണമാകും. അതുപോലെ ശ്രീമതി കെ. കെ. ശൈലജ ടീച്ചർ എന്തുതൊട്ടാലും കുളമാകും എന്നാണിപ്പോൾ

കണ്ടുകൊണ്ടിരിക്കുന്നത്. സ്വാശ്രയത്തിന്റെ കാര്യത്തിലും അത് കണ്ടു. കേരളത്തിലെ ആയിരക്കണക്കിന് വിദ്യാർത്ഥികൾ അനുഭവിക്കുന്ന മാനസിക പ്രയാസവും പീഡനവും ഇപ്പോഴും അവസാനിച്ചിട്ടില്ല. അപ്പോഴാണ് ബാലാവകാശ കമ്മീഷന്റെ കാര്യം ഉണ്ടായിട്ടുള്ളത്. ഇതുപോലെ എത്രയെത്ര സംഭവങ്ങളായിരിക്കും ഇനിയും ഈ വകുപ്പിൽ ഉണ്ടാകുന്നത് എന്നാണ് പരിശോധിക്കേണ്ടത്. ബഹുമാനപ്പെട്ട ഹൈക്കോടതി മന്ത്രിയെയും സർക്കാരിനെയും വളരെ നിശിതമായി വിമർശിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് ഒരു നിമിഷംപോലും അധികാരത്തിൽ തുടരാനുള്ള അവകാശമില്ല. മന്ത്രി രാജിവയ്ക്കുന്നില്ലെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി രാജി വാങ്ങണമെന്ന് അഭ്യർത്ഥിക്കാൻ ഈ അവസരം വിനിയോഗിക്കുകയാണ്. തീർച്ചയായും കേരള സമൂഹത്തിനേറ്റ ഏറ്റവും വലിയൊരു പ്രഹരമായി മാത്രമെ ഇതിനെ കാണാൻ കഴിയുകയുള്ളൂ.

50,000 രൂപയുടെ പിഴയെ സംബന്ധിച്ചുകൂടി ഞാനിവിടെ സൂചിപ്പിക്കട്ടെ. ശ്രീ. ടി. പി. സെൻകുമാറിന്റെ കാര്യത്തിൽ 25,000 രൂപയാണ് സർക്കാരിന് പിഴ ഒടുക്കേണ്ടി വന്നത്. ഇപ്പോൾ 50,000 രൂപയായി. ഇനി അടുത്ത കേസിൽ എത്ര ലക്ഷം രൂപയായിരിക്കും കേരള സർക്കാരിന് പിഴ ഒടുക്കേണ്ടി വരികയെന്ന് അറിയില്ല. മാപ്പും പിഴയും ഈ സർക്കാരിന്റെ മുഖമുദ്രയായി മാറിയിരിക്കുന്നു. ഈ സർക്കാർ ജനാധിപത്യവിരുദ്ധവും ഭരണഘടനാവിരുദ്ധവും ചട്ടവിരുദ്ധവുമായ നടപടികൾ സ്വീകരിക്കുന്നതുകൊണ്ടാണ് ബഹുമാനപ്പെട്ട ഹൈക്കോടതി ഇത്രയും രൂക്ഷമായി പറഞ്ഞത്.

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ പരാമർശിച്ച പല കാര്യങ്ങളും വസ്തുതകളുമായി യാതൊരു വിധത്തിലും യോജിക്കുന്നവയല്ല. രാഷ്ട്രീയ പ്രവർത്തകരുടെ പേരിൽ കേസുകളുണ്ട്. അതെല്ലാം ബഹുമാനപ്പെട്ട കോടതി വെറുതെ വിട്ടവയാണ്. കൊട്ടിയൂർ സംഭവം നടക്കുന്ന സന്ദർഭത്തിൽ ഇവിടെ പരാമർശിക്കപ്പെട്ട വ്യക്തി ഫെബ്രുവരി 20 മുതൽ 23 വരെ പാർട്ടി സംഘടിപ്പിച്ച ക്ലാസിൽ പങ്കെടുക്കുകയായിരുന്നു. ഫെബ്രുവരി 20-ാം തീയതിയാണ് യോഗം ചേരുന്നത്. ആ യോഗത്തിൽ അദ്ദേഹം പങ്കെടുത്തിട്ടില്ല. ഒരു പരാമർശവുമില്ല. ജോസഫ് തേരകത്ത്, ഡോ. ബെറ്റി എന്നിവരുടെ പേരിലാണ് അവിടെ കേസെടുത്തിരിക്കുന്നത്. പരാമർശമില്ലാത്ത കാര്യങ്ങൾ പറഞ്ഞ് സഭയെ തെറ്റിദ്ധരിപ്പിക്കുന്നത് ശരിയല്ല. അത് പിൻവലിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഏതായാലും സുരേഷിന്റെ പേര് ആരാണ് കൊടുത്തതെന്ന് ഇപ്പോൾ വളരെ വ്യക്തമായി. ശ്രീ. സി. കെ. ശശീന്ദ്രൻ നല്ലൊരു ആളാണ്. എനിക്ക് ഇഷ്ടമുള്ളൊരു ആളാണ്. ചെരുപ്പുപോലുമിടാതെ നടക്കുന്ന ഒരു നല്ല രാഷ്ട്രീയ പ്രവർത്തകനാണ്. അങ്ങയെപ്പോലുള്ള ആളുകൾ ഇങ്ങനെയുള്ള ആളുകളെ സംരക്ഷിക്കരുതെന്നേ എനിക്ക് പറയാനുള്ളൂ. ഒരു കല്ലിൽ തട്ടി രണ്ട് തവണ വീഴരുത്. പക്ഷെ ഇവിടെ അങ്ങനെ വീണിരിക്കുകയാണ്. ശ്രീ. ഇ. പി. ജയരാജന്റെ കാര്യത്തിൽ ഇങ്ങനെ ഉണ്ടായപ്പോഴെങ്കിലും ഈ സർക്കാർ പഠിക്കേണ്ടതായിരുന്നു. ബന്ധുക്കളെയും സ്വന്തക്കാരെയും ഇഷ്ടക്കാരെയും നിയമിക്കരുതെന്ന പാഠം ഇനി എന്നാണ് പഠിക്കുന്നത്? സംസ്ഥാനത്ത് നടന്ന ഏറ്റവും വലിയ നെപ്പോട്ടിസത്തിന്റെ കഥയാണ് ഇവിടെ പുറത്തുവന്നിരിക്കുന്നത്. അതുകൊണ്ട് ബഹുമാന്യയായ ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ കയ്യിൽനിന്ന് രാജി വാങ്ങണമെന്ന ആവശ്യം വീണ്ടും ഞാൻ ആവർത്തിക്കുന്നു. കോടതിവിധിയും പരാമർശങ്ങളും വരുന്ന ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ബഹുമാന്യനായ മുഖ്യമന്ത്രി ഇത്തരം സംരക്ഷണവുമായി മുന്നോട്ടുപോയാൽ നാളെ ഇതിൽക്കൂടുതൽ സംഭവങ്ങൾക്ക് പൂർണ്ണമായി സംരക്ഷണം നൽകേണ്ടി വരുമെന്ന് അങ്ങയെ ഓർമ്മിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു. ഇതൊരിക്കലും നീതീകരിക്കാൻ കഴിയുന്നതല്ല. ഇക്കാര്യത്തിൽ ശക്തമായ പ്രതിഷേധം ഞാൻ രേഖപ്പെടുത്തുന്നു. മന്ത്രിയുടെ രാജി വാങ്ങണമെന്നുള്ള ആവശ്യം വീണ്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുമ്പിൽ വച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ നിർത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ സ്പീക്കറുടെ ഡയസിന് മുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

# III അറിയിപ്പ്

## സമയം ദീർഘിപ്പിച്ചത് സംബന്ധിച്ച്

മി. സ്പീക്കർ: 23-8-2017-ന് സഭയുടെ പരിഗണനയ്ക്ക് വരാനിരിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള മാരിടൈം ബോർഡ് ബില്ലിന്റെ വകുപ്പുകൾക്കുള്ള ഭേദഗതികൾ നൽകാനുള്ള അവസാന സമയം ഇന്ന് ഉച്ചയ്ക്ക് 12 മണി എന്നാണ് തീരുമാനിച്ചിരുന്നത്. എന്നാൽ ബഹുമാനപ്പെട്ട അംഗങ്ങളുടെ സൗകര്യാർത്ഥം 12 മണി എന്നത് ഇന്ന് ഉച്ചയ്ക്കുശേഷം 3 മണിവരെ ദീർഘിപ്പിച്ചിട്ടുള്ള വിവരം ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

# IV ശ്രദ്ധ ക്ഷണിക്കൽ

## റവന്യൂ-വനം വകുപ്പുകളുടെ സർവ്വേ

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: സർ, റവന്യൂ, വനം വകുപ്പുകൾ ജോയിന്റ് വെരിഫിക്കേഷൻ നടത്താത്തതുകൊണ്ട് കേരളത്തിലെ പതിനായിരക്കണക്കിന് കർഷകർ അവരുടെ ഭൂമിയുടെ അവകാശം കിട്ടാതെ പ്രയാസപ്പെടുകയാണ്. ഇടുക്കി, പത്തനംതിട്ട, തൃശ്ശൂർ, എറണാകുളം, കൊല്ലം എന്നീ അഞ്ച് ജില്ലകളിൽ മാത്രമാണ് സംയുക്ത സർവ്വേ ഇതുവരെ പൂർത്തിയാക്കിയിട്ടുള്ളത്. ബാക്കിയുള്ള ഒൻപത് ജില്ലകളിൽ സംയുക്ത സർവ്വേ പൂർത്തിയാക്കാത്തതിനാൽ കർഷകർ വലിയ ബുദ്ധിമുട്ട് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഈ അഞ്ച് ജില്ലകളിലാകട്ടെ 28588 ഹെക്ടർ സ്ഥലം റെഗുലറൈസ് ചെയ്തുകൊടുക്കുകയും ചെയ്തിട്ടുണ്ട്. ആ ജില്ലയിലെ കർഷകർക്കും ഭൂമി പതിച്ചുകൊടുക്കാൻ കഴിയുന്നില്ല. മറ്റ് ഒൻപത് ജില്ലകളിൽ സംയുക്ത സർവ്വേ പൂർത്തിയാക്കാതെ ഈ പ്രശ്നം പരിഹരിക്കാൻ കഴിയില്ലെന്നാണ് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനെ അറിയിച്ചിരിക്കുന്നത്. കേരളത്തെ ഒറ്റ യൂണിറ്റായി കണക്കാക്കിയിരിക്കുകയാണ്. ഓരോ ജില്ലകളിലെയും വ്യത്യസ്ത രീതിയിലുള്ള കാര്യങ്ങൾ അവതരിപ്പിച്ചാൽ അതാത് ജില്ലകളിലുള്ള കർഷകർക്ക് പട്ടയം കൊടുക്കാൻ കഴിയും. കേന്ദ്രസർക്കാരിന്റെ ഈ തടസ്സം ഒഴിവാക്കുന്നതിനായി ഇടപെടാൻ കഴിയണം. വയനാട് ജില്ലയിൽ നാല് പഞ്ചായത്തുകളൊഴികെ എല്ലാ പഞ്ചായത്തുകളിലും വനമുണ്ട്. വയനാട് ജില്ലയിൽ 40 ശതമാനവും വനമാണ്. അവിടെ ആയിരക്കണക്കിന് കർഷകർ ഈ പ്രയാസങ്ങൾ ഇപ്പോഴും അനുഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. 1-1-1977-നുമുൻപ് അവിടെ വീടുവച്ചുകയും താമസിക്കുകയും കൃഷി ചെയ്തുവരുന്നവരുമായ ജനവിഭാഗങ്ങളാണ് യാതൊരുവിധ കാരണവുമില്ലാതെ നീതി നിഷേധിക്കപ്പെട്ട് പ്രയാസങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. അവരുടെ മക്കളെ പഠിപ്പിക്കാനോ ഭൂമി വിൽക്കാനോ കടമെടുക്കാനോ കഴിയുന്നില്ല. ഭൂമിയുണ്ട്, അവിടെ നിന്നിറക്കി വിടുന്നില്ല എന്നല്ലാതെ മറ്റ് യാതൊരുവിധ ആനുകൂല്യങ്ങളും ആ ജനവിഭാഗങ്ങൾക്ക് ലഭ്യമാകുന്നില്ല. അതുകൊണ്ട് റവന്യൂ-വനം വകുപ്പുകൾ അടിയന്തരമായി സംയുക്ത സർവ്വേ നടത്തി ബാക്കിയുള്ളവർക്കുകൂടി അവരുടെ ഭൂമിയുടെ രേഖകൾ കൈമാറാനാവശ്യമായ നടപടി സ്വീകരിക്കണം. ഇത് 2010-ൽ ആരംഭിച്ചതാണ്. ഏഴ് വർഷമായിട്ടും അഞ്ച് ജില്ലകൾ മാത്രമെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ബാക്കി ഒൻപത് ജില്ലകളിൽ ഭാഗികമായി നടക്കുകയാണ്. വനം, റവന്യൂ വകുപ്പുകളുടെ തർക്കങ്ങളുടെ ഫലമായി ഒട്ടേറെ സങ്കീർണ്ണ പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. ഇത് പരിഹരിക്കുന്നതിനുവേണ്ടി അടിയന്തരമായി സംയുക്ത സർവ്വേ പൂർത്തീകരിക്കുന്നതിനും സർവ്വേ പൂർത്തീകരിച്ച ജില്ലകളിലെ ഭൂമി

കൈമാറാനാവശ്യമായ നടപടി സ്വീകരിച്ച് കർഷകർക്ക് അവരുടെ ഭൂമി നൽകണം എന്നതാണ് ഈ സഭയുടെ മുമ്പിൽ ശ്രദ്ധക്ഷണിക്കലായി അവതരിപ്പിക്കുന്നത്. അതിനാവശ്യമായ അടിയന്തര നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, 1-1-1977-നുമുമ്പ് വനഭൂമി കൈവശം ഉണ്ടായിരുന്നവർക്ക് 1993-ലെ വനഭൂമി കുടിയേറ്റം ക്രമീകരിക്കൽ പ്രത്യേക ചട്ടപ്രകാരമാണ് പട്ടയം നൽകിവരുന്നത്. ഇപ്രകാരം പട്ടയം നൽകുമ്പോൾ റവന്യൂ-വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്തി അർഹരായ കൈവശക്കാരെ കണ്ടെത്തുകയും അപ്രകാരം തയ്യാറാക്കുന്ന ലിസ്റ്റ് 1980-ലെ വനസംരക്ഷണ നിയമം സെക്ഷൻ II പ്രകാരം കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ച് സർക്കാരിന്റെ അനുമതിയോടുകൂടി മാത്രമേ ഭൂമിക്ക് പട്ടയം നൽകാൻ സാധിക്കുകയുള്ളൂ. (...ബഹളം......) കേന്ദ്ര സർക്കാരിന്റെ 18-9-1990-ലെ 13-1/90-FPI നമ്പർ കത്ത് പ്രകാരം സംസ്ഥാനത്തൊട്ടാകെ ഒറ്റ പ്രൊപ്പോസലാണ് സമർപ്പിക്കേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സംയുക്ത പരിശോധന പൂർത്തിയാക്കിയ അഞ്ച് ജില്ലകളിലായി അംഗീകരിക്കപ്പെട്ടിട്ടുള്ള 28588.159 ഹെക്ടർ ഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

1-1-1977-നുമുമ്പ് വനഭൂമി കൈവശം വച്ചുവരുന്നവർക്ക് 1993-ലെ പ്രത്യേക ഭൂമി പതിവ് ചട്ടപ്രകാരം പട്ടയം നൽകുന്നത് സംബന്ധിച്ച കാലതാമസം ഒഴിവാക്കുന്നതിനായി എല്ലാ ജില്ലകളിലും ത്വരിതഗതിയിൽ തുടർനടപടികൾ നടന്നുവരികയാണ്. സംയുക്ത പരിശോധന നടത്തിയ വിസ്തീർണ്ണത്തിൽ അർഹരായ അപേക്ഷകരെ കണ്ടെത്തുക, കേന്ദ്രാനുമതി ലഭിച്ച വിസ്തീർണ്ണത്തിൽ അർഹരായ അപേക്ഷകരെ കണ്ടെത്തി പട്ടയം അനുവദിക്കുക, സംയുക്ത പരിശോധന നടത്താൻ ശേഷിക്കുന്ന വിസ്തീർണ്ണത്തിൽ പരിശോധന നടത്തുക, സംയുക്ത പരിശോധന പൂർത്തിയാക്കി കേന്ദ്രാനുമതിക്ക് സമർപ്പിക്കുക എന്നിവ സമയബന്ധിതമായി പൂർത്തിയാക്കാൻ റവന്യൂ വകുപ്പുമന്ത്രിയുടെ 15.06.2017-ൽ കൂടിയ യോഗത്തിൽ നിർദ്ദേശിച്ചതനുസരിച്ച് എല്ലാ ജില്ലാ കളക്ടർമാർക്കും ലാന്റ് റവന്യൂ കമ്മീഷണർ നിർദ്ദേശം നൽകുകയും ആയതനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നതുമാണ്. സംയുക്ത പരിശോധന നടത്താൻ ശേഷിക്കുന്ന വിസ്തീർണ്ണത്തിൽ 31-12-2017-നകം പരിശോധന പൂർത്തിയാക്കണമെന്ന് റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ 16-8-2014-ലെ യോഗത്തിൽ തീരുമാനമെടുത്തിട്ടുള്ളതാണ്. (...ബഹളം......) ഇനിയും സംയുക്ത പരിശോധന പൂർത്തിയാകാത്ത ജില്ലകളിൽ മേൽസമയപരിധിക്കുള്ളിൽ പരിശോധന പൂർത്തിയാക്കി കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ച് കേന്ദ്രാനുമതി യോടുകൂടി പട്ടയം നൽകുന്നതാണ്.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, സംസ്ഥാനത്തെ ഒറ്റ യൂണിറ്റായി കണക്കാക്കുന്നതിനുപകരം സംയുക്ത പരിശോധന പൂർത്തീകരിച്ച ജില്ലകളിൽ പട്ടയം കൊടുക്കുന്നതിനുവേണ്ടി കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമോ; ജീവനക്കാരില്ലാത്തതുകൊണ്ട് സർവ്വേ നടത്താൻ കഴിയാത്ത വിഷയവുമുണ്ട്, അതിനായി ഒരു സ്പെഷ്യൽ ടീമിനെ നിയമിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, സംസ്ഥാനത്താകെ ഒറ്റ യൂണിറ്റാക്കി സംയുക്ത പരിശോധന പൂർത്തിയാക്കി സമർപ്പിക്കണമെന്ന നിർദ്ദേശമാണ് കേന്ദ്രസർക്കാർ നൽകിയിരിക്കുന്നത്. ഇപ്പോൾ അനുവാദത്തിനായി ഓൺലൈൻ മുഖേനയാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. ഇതുവരെ സംയുക്ത പരിശോധന പൂർത്തിയാക്കിയ വിസ്തീർണ്ണം സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പൂർത്തീകരിച്ച ജില്ലകളുടെ അനുവാദം ലഭിക്കണമെന്ന രീതിയിലുള്ള ആവശ്യം നമ്മൾ ഉന്നയിക്കുകയാണ്. അതോടൊപ്പംതന്നെ പൂർത്തീകരിക്കാൻ അവശേഷിക്കുന്നവ 31-12-2017-നകം പൂർത്തീകരിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. തീർച്ചയായും അതിനുമുൻപ് പൂർത്തീകരിച്ചവയ്ക്കുള്ള അനുവാദത്തിനായി കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതായിരിക്കും.

(ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് സ്പീക്കറുടെ ഡയസിന് മുന്നിൽവന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

(ശ്രീ. കെ. സി. ജോസഫ് സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

## V സബ്മിഷൻ

### (1) റിൻസി ബിജുവിന്റെ ദുരൂഹമരണം

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, എന്റെ നിയോജകമണ്ഡലത്തിൽ പത്തനാപുരത്ത് പിറവന്തൂർ പഞ്ചായത്തിലെ നല്ലകുളം ഗ്രാമത്തിൽ ജൂലൈ മാസം 29-ാം തീയതി പതിനൊന്നാം ക്ലാസ്സിൽ പഠിക്കുന്ന റിൻസി ബിജുവെന്ന പെൺകുട്ടിയെ മരിച്ചുകിടക്കുന്ന നിലയിൽ കണ്ടെത്തി. ശ്രീ. ബിജു തോമസിന്റെയും ശ്രീമതി ബീനയുടെയും മകളായ ഈ കുട്ടി കലഞ്ഞൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ പഠിക്കുകയായിരുന്നു. തലേദിവസം രാത്രി ഉറങ്ങാൻകിടന്ന കുട്ടി നേരം പുലർന്നപ്പോൾ മരിച്ചുകിടക്കുന്നതാണ് കണ്ടത്. ആ വീട്ടിൽ ഞാൻ പോയിരുന്നു. പോലീസും ഫോറൻസിക് വിദഗ്ദ്ധരും ഡോഗ്സ്ക്വാഡും വന്ന് പരിശോധിച്ചു. കുട്ടി കട്ടിലിൽ മരിച്ചുകിടക്കുന്നതായിട്ടാണ് കണ്ടത്. ഞാനും ആ മൃതദേഹം കണ്ടതാണ്. മുഖത്തും കഴുത്തിലും മുറിവുണ്ടായിരുന്നു. കഴുത്തിലുണ്ടായിരുന്ന

രണ്ട് പവന്റെ മാല കാണാതെപോയി എന്ന് രക്ഷിതാക്കൾ പറഞ്ഞു. മാത്രമല്ല കുട്ടി കിടന്ന മുറിയുടെ പുറകിലുള്ള കതക് പൊളിച്ചിരിക്കുകയാണ്. കുട്ടി കിടന്ന മുറിയുടെ കതകും അടുക്കളഭാഗത്തുള്ള കതകും തുറന്നുകിടക്കുകയായിരുന്നുവെന്നാണ് അറിയാൻ കഴിഞ്ഞത്. മരിച്ചുകിടന്ന കുട്ടിയുടെ വസ്ത്രങ്ങളൊക്കെ അഴിഞ്ഞുല ഞ്ഞിട്ടുണ്ടായിരുന്നു. കൂടാതെ കുട്ടിയുടെ രണ്ട് കൈകാലുകളും മടങ്ങിയിരിക്കുന്ന അവസ്ഥയിലായിരുന്നു. കുട്ടി ആത്മഹത്യ ചെയ്തുവെന്നാണ് പ്രാദേശിക പോലീസിന്റെ നിഗമനം. അത് വിശ്വസിക്കാൻ ആ നാട്ടിലെ ജനങ്ങൾക്കും കാണുന്ന ഒരാൾക്കും കഴിയില്ല. ഈ അന്വേഷണത്തിൽ ആ നാട്ടിലെ ജനങ്ങൾക്ക് ആശങ്കയുള്ളതുകൊണ്ട് എല്ലാ രാഷ്ട്രീയകക്ഷികളും ചേർന്നുകൊണ്ട് ആക്ഷൻ കൗൺസിൽ രൂപീകരിച്ച് പ്രതിഷേധ സമരപരിപാടികൾ സംഘടിപ്പിക്കുകയും മുഖ്യമന്ത്രിക്ക് നിവേദനവും മറ്റും നൽകുകയുമാണ്. ഞാൻ അവിടെപ്പോയി സംഭവം കണ്ടതാണ്, എനിക്കുപോലും അത് ആത്മഹത്യയാണെന്ന് അംഗീകരിക്കാൻ കഴിയില്ല. ആത്മഹത്യയാണെങ്കിൽ തൂങ്ങിയ കയറോ സാരിയോ ഷാളോ എന്തെങ്കിലും കാണും, അതൊന്നുമില്ല. ഈ കുട്ടി മരിച്ചുകിടന്നത് കട്ടിലിലാണ്, തൂങ്ങിമരിച്ച ആളിനെപ്പോലെ കൈ നിവർന്നിരിക്കുകയല്ല, കയ്യും കാലും മടങ്ങിയിരിക്കുന്നു, കഴുത്തിൽ അടയാളവുമുണ്ട്, മാല പൊട്ടിച്ചിരിക്കുന്നു, വസ്ത്രങ്ങൾ അഴിഞ്ഞുലഞ്ഞിരിക്കുന്നു. അങ്ങനെയൊക്കെ വരുമ്പോൾ കാണുന്ന ഒരാൾക്കും ഇത് ആത്മഹത്യയാണെന്ന് പോലീസ് പറഞ്ഞാൽ വിശ്വസിക്കാൻ കഴിയാത്ത അവസ്ഥയാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെട്ട് ആ നാട്ടിലെ ജനങ്ങളുടെ സംശയം ദൂരീകരിക്കുന്നതിനുവേണ്ടി സുതാര്യമായ ഒരന്വേഷണത്തിന് പ്രത്യേക സംഘത്തെ രൂപീകരിച്ച് അന്വേഷണം ക്രൈംബ്രാഞ്ചിന് നൽകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് വളരെ താഴ്മയായി ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കൊല്ലം പിറവന്തൂർ വില്ലേജിൽ, നല്ലകുളം പരമൂട്ടിൽ വീട്ടിൽ ബിജുവിന്റെ മകൾ 17 വയസ്സുള്ള റിൻസി ബിജു തന്റെ വീട്ടിൽ 29-7-2017-ന് മരിച്ചുകിടക്കുന്നതായി കണ്ടെത്തിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് ക്രൈം നമ്പർ 1466/17 ആയി പുനലൂർ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. ഈ കേസിൽ മരണപ്പെട്ട റിൻസിയുടെ മാതാപിതാക്കളെ സൈക്കോളജിസ്റ്റിന്റെ സാന്നിദ്ധ്യത്തിൽ ചോദ്യം ചെയ്തതിൽ പരസ്പരവിരുദ്ധമായി വസ്തുതകൾക്ക് നിരക്കാത്ത രീതിയിലുള്ള കാര്യങ്ങളാണ് പറഞ്ഞിട്ടുള്ളത്. അതിനാൽ മരണകാരണവുമായി ബന്ധപ്പെട്ട് കൂടുതൽ വ്യക്തത വരുത്തുന്നതിലേയ്ക്കായി പോസ്റ്റുമോർട്ടം പരിശോധന നടത്തിയ ഡോക്ടർമാരുടെ ടീമിനോടൊപ്പം ജില്ലാ പോലീസ് മേധാവിയും പുനലൂർ ഡെപ്യൂട്ടി

പോലീസ് സൂപ്രണ്ടുമടക്കം കൃത്യസ്ഥലം വിശദമായി പരിശോധിച്ചിട്ടുള്ളതാണ്. ഇപ്പോൾ ഈ കേസ്സിന്റെ അന്വേഷണം പുനലൂർ പോലീസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ജില്ലാ ക്രൈം സ്ക്വാഡ് സബ് ഇൻസ്പെക്ടർ ഉൾപ്പെടെയുള്ള അംഗങ്ങളുള്ള ഒരു ടീം രൂപീകരിച്ച് ഗൗരവ സ്വഭാവത്തോടെ എല്ലാവിധ സാധ്യതകളും പരിശോധിച്ച് തെളിയിക്കുന്നതിനായി കൃത്യതയോടുകൂടിയ സമഗ്രാന്വേഷണം നടത്തിവരികയാണ്. അന്വേഷണം ഒരു പ്രത്യേക ടീമായിട്ടാണ് നടക്കുന്നത്. അതിലും കൂടുതൽ എന്തെങ്കിലും വേണ്ടതുണ്ടെങ്കിൽ അതും പരിശോധിക്കാവുന്നതാണ്.

## (2) ജീവനക്കാരുടെ ശമ്പളം

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, കേരള അഗ്രോ മെഷിനറി കോർപ്പറേഷനിൽ പി.എസ്.സി. മുഖേന ജോലി ലഭിച്ച ധാരാളം ജീവനക്കാർക്ക് ഇപ്പോഴും തുച്ഛമായ ശമ്പളമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. അസിസ്റ്റന്റ് എഞ്ചിനീയർ, ടെക്നിക്കൽ അസിസ്റ്റന്റ്, പെയിന്റർ, ഡ്രാഫ്റ്റ്സ്മാൻ, മെക്കാനിക് തുടങ്ങിയവർക്ക് പ്രതിമാസം 4750 രൂപയാണ് ലഭിക്കുന്നത്. താത്കാലിക ജീവനക്കാരുടെ ഒരു ദിവസത്തെ ശമ്പളം 650 രൂപയാണ്. സ്ഥിരജീവനക്കാർക്ക് തുച്ഛമായ വരുമാനവും താൽക്കാലിക ജീവനക്കാർക്ക് ഉയർന്ന ശമ്പളവുമാണ് കേരള അഗ്രോ മെഷിനറി കോർപ്പറേഷനിൽ ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് പി.എസ്.സി. നിയമനം ലഭിച്ചിട്ടുള്ളവർക്ക് ശമ്പളവർദ്ധനവും മറ്റാനുകൂല്യങ്ങളും നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. സ്ഥിരം ജീവനക്കാർക്ക് ഒരു ദിവസം 160 രൂപയും താൽക്കാലിക ജീവക്കാർക്ക് 650 രൂപയും എന്നുള്ള വലിയ വ്യത്യാസമാണ് ഇവിടെ കാണുന്നത്. അതുകൊണ്ട് മാനുഷിക പരിഗണന നൽകി സ്ഥിരം ജീവനക്കാരുടെ ദിവസവേതനം 160 രൂപയിൽനിന്നും വർദ്ധിപ്പിക്കണം. അതിനുള്ള ശാശ്വത പരിഹാരം ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്നും ഉണ്ടാകണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കേരള അഗ്രോ മെഷിനറി കോർപ്പറേഷന്റെ ഗ്രേഡ് I, II ഓഫീസർ തസ്തികകൾ ഒഴികെയുള്ള നിയമനങ്ങളെല്ലാം പി.എസ്.സി.-ക്ക് വിട്ടിട്ടുള്ളതാണ്. അവയുടെ സ്പെഷ്യൽ റൂളുകൾ പി.എസ്.സി. അംഗീകരിക്കുകയും നിയമനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ നിയമനങ്ങൾ കമ്പനി/കോർപ്പറേഷൻ/ബോർഡ് എന്നിവയിലേയ്ക്കുള്ള പി.എസ്.സി.യുടെ പൊതു റാങ്ക് ലിസ്റ്റിൽ നിന്നാണ് നടത്തുന്നത്. അതത് തസ്തികകൾക്ക് ബാധകമായ ശമ്പള സ്കെയിലിലാണ് നിയമനം നടത്തുന്നത്. എന്നാൽ പ്രൊഡക്ഷൻ വിഭാഗത്തിലെ മെക്കാനിക്, പെയിന്റർ, വർക്ക് അസിസ്റ്റന്റ്, ഡ്രാഫ്റ്റ്സ്മാൻ എന്നീ തസ്തികകളിലേയ്ക്കും

സൂപ്പർവൈസറി ഓഫീസർ തസ്തികകളിലേയ്ക്കുമുള്ള നിയമനങ്ങൾ കേരള അഗ്രോ മെഷിനറി കോർപ്പറേഷന് മാത്രമായാണ് നടത്തുന്നത്. ആയതിനാൽ കോർപ്പറേഷനിൽ നിലവിലുള്ളതും പി.എസ്.സി. അംഗീകരിച്ചതുമായ സ്പെഷ്യൽ റൂളുകൾ പ്രകാരം രണ്ടുവർഷം ട്രെയിനിംഗും ആ സമയത്ത് അവർക്ക് ബാധകമായ സ്റ്റൈപന്റും മാത്രമായിരിക്കും ലഭിക്കുക. കേരള അഗ്രോ മെഷിനറി കോർപ്പറേഷനിലെ ട്രെയിനി ജീവനക്കാർ ഉൾപ്പെടെയുള്ള തൊഴിലാളി വിഭാഗത്തിലെ എല്ലാ ജീവനക്കാർക്കും നൽകിവന്നിരുന്നത് 1-7-2008-ൽ നിർണ്ണയിച്ച ശമ്പളമാണ്. കാംകോയിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കാൻ കഴിഞ്ഞ മന്ത്രിസഭാ യോഗത്തിൽ തീരുമാനിച്ചിരുന്നു. ശമ്പള പരിഷ്കരണം വൈകുന്ന സാഹചര്യത്തിൽ ട്രെയിനികൾ ഉൾപ്പെടെയുള്ള തൊഴിലാളി വിഭാഗത്തിലെ എല്ലാ ജീവനക്കാർക്കും 3500 രൂപ ഇടക്കാലാശ്വാസം നൽകുന്നുണ്ട്. അതിനുപുറമെ അറ്റൻഡൻസ് ബോണസ്, ഇൻസെന്റീവ് ബോണസ്, മെഡിക്കൽ ആനുകൂല്യങ്ങൾ എന്നിവയും നൽകിവരുന്നുണ്ട്. പ്രതിദിന വേതനം 159 രൂപ എന്ന് കാണിച്ചിരിക്കുന്നത് ശരിയല്ല. നിയമന വ്യവസ്ഥകളിലെ അന്തരം പരിഹരിക്കണമെന്ന് ജീവനക്കാർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 20-6-2017-ൽ ചേർന്ന ഡയറക്ടർ ബോർഡ് യോഗം ട്രെയിനിംഗ് കാലാവധി ഒരു വർഷമായി നിശ്ചയിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിഗണിച്ചുവരുന്നു. കൂടാതെ പി.എസ്.സി. വഴി നിയമനം ലഭിക്കുന്ന തീയതി മുതൽ ടെക്നിക്കൽ തസ്തികയിൽ നിയമനം ലഭിക്കുന്ന ജീവനക്കാർക്കുകൂടി നിശ്ചിത ശമ്പള സ്കെയിലിൽ വേതനം ലഭിക്കുന്ന തരത്തിൽ സ്പെഷ്യൽ റൂൾസ് ഭേദഗതി വരുത്തുന്ന കാര്യം ഗൗരവമായി പരിഗണിക്കുന്നതാണ്. (........ബഹളം......)

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മി. സ്പീക്കർ: ബാക്കി സബ്മിഷനുകളുടെ ഉത്തരങ്ങൾ സഭാംഗങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്. സഭാനടപടികൾ താൽക്കാലികമായി നിർത്തിവയ്ക്കുകയാണ്. (......ബഹളം........)

(പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്നതിനാൽ രാവിലെ 10.29-ന് താൽക്കാലികമായി നിർത്തിവച്ച സഭ 11.14-ന് പുനരാരംഭിച്ചു.)

11.14 A.M.]

മി. സ്പീക്കർ: ഓർഡർ.....ഓർഡർ.....സഭാനടപടികൾ അലങ്കോലപ്പെട്ട സാഹചര്യത്തിൽ കക്ഷിനേതാക്കളുടെ ഒരു യോഗം വിളിച്ചുചേർത്തിരുന്നു. സഹകരണ രംഗവുമായി ബന്ധപ്പെട്ട വളരെ പ്രധാനപ്പെട്ട ഒരു നിയമം ഇന്ന് സഭയിൽ പാസ്സാക്കേണ്ടതുണ്ട്. അത് സബ്ജക്ട് കമ്മിറ്റിക്ക് വിടുന്ന

സന്ദർഭത്തിലും വിശദമായ ചർച്ച നടത്താൻ നമുക്ക് സാധിക്കാതെ വന്നിട്ടുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളുടെ സഹകരണം അഭ്യർത്ഥിക്കുകയുണ്ടായി. ആ അഭ്യർത്ഥന സ്വീകരിച്ച് സഭാനടപടികളുമായി സഹകരിക്കാമെന്ന് പ്രതിപക്ഷം സമ്മതിച്ചിരിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട സ്പീക്കർ ഞങ്ങളെ വിളിച്ചു, ഞങ്ങൾ ചർച്ചയ്ക്ക് വന്നു. കേരള സഹകരണ സംഘ (ഭേദഗതി) ബിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്, അതുമായി സഹകരിക്കാൻ തയ്യാറാണ്. പക്ഷേ മെഡിക്കൽ ബില്ലുമായി ബന്ധപ്പെട്ട നിയമനിർമ്മാണത്തിൽ ഞങ്ങൾക്ക് സഹകരിക്കാൻ ബുദ്ധിമുട്ടുണ്ട്. കാരണം കോടതിയുടെ വളരെ ക്ലിയറായ ജഡ്ജ്മെന്റ് വന്ന സാഹചര്യത്തിൽ മന്ത്രി രാജിവയ്ക്കണമെന്ന ആവശ്യം ഞങ്ങൾ ഇപ്പോഴും നിലനിർത്തുകയാണ്. അല്ലെങ്കിൽ ഈ ബിൽ നിയമ വകുപ്പുമന്ത്രി അവതരിപ്പിക്കണമെന്നതാണ് ഞങ്ങളുടെ ആവശ്യം. അതുകൂടി ഞങ്ങൾ മുന്നോട്ടുവയ്ക്കുകയാണ്.

# VI റിപ്പോർട്ട് സമർപ്പണം

1. സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ XI-ാമത് റിപ്പോർട്ട്

ശ്രീ. മുരളി പെരുനെല്ലി: സർ, സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ XI-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2. സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ നാലും അഞ്ചും റിപ്പോർട്ടുകൾ

ശ്രീമതി പി. അയിഷാ പോറ്റി: സർ, സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ നാലും അഞ്ചും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

# VII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

## മഴക്കുറവുമൂലമുള്ള പ്രശ്നങ്ങൾക്ക് പരിഹാരം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന്റെ ഇക്കൊല്ലം ജൂൺ 1 മുതൽ ആഗസ്റ്റ് 16 വരെയുള്ള കണക്കുകൾ പ്രകാരം കേരളത്തിൽ കാലവർഷത്തിൽ 29.1% കുറവാണ് രേഖപ്പെടുത്തിയത്. പ്രധാന ജലവൈദ്യുത പദ്ധതികളുള്ള ഇടുക്കിയിൽ 36 ശതമാനവും വയനാട്ടിൽ 59 ശതമാനവും തിരുവനന്തപുരത്ത് 35 ശതമാനവും മഴക്കുറവ് രേഖപ്പെടുത്തിയതായാണ് കണക്ക്.

കേരളത്തിന്റെ പ്രധാന വൈദ്യുതോത്പാദന ജലസംഭരണികളിൽ ഇപ്പോൾ 35 ശതമാനം ജലമേയുള്ളൂ. ഇത് സാധാരണ ആഗസ്റ്റ് മാസം ഉണ്ടാകേണ്ടതിലും ശരാശരി 20 മുതൽ 30 ശതമാനം വരെ കുറവാണ്. സെപ്തംബർ വരെയുള്ള കാലവർഷ സമയത്ത് നല്ല മഴ കിട്ടിയില്ലെങ്കിൽ നിലവിലെ പ്രതിസന്ധി അതീവ രൂക്ഷമാകും.

കഴിഞ്ഞ ഒരു ദശാബ്ദത്തിനിടെ ഏഴുകൊല്ലം കാലവർഷം ശരാശരിയിലും കുറവായിരുന്നു. കഴിഞ്ഞവർഷം അനുഭവിച്ച അതിരൂക്ഷമായ മഴക്കുറവിന്റെ ആഘാതം നമ്മെ വിട്ടൊഴിയുന്നതിനുമുമ്പുതന്നെയാണ് വെള്ളിടിപോലെ ഈ വർഷവും കാലവർഷം ദുർബലമായത്. ആഗോള കാലാവസ്ഥാ വ്യതിയാനത്തിന്റെ തിക്താനുഭവങ്ങൾ കേരളത്തിലും രൂക്ഷമായി അനുഭവപ്പെട്ടുതുടങ്ങി എന്നാണ് തുടർച്ചയായ മഴക്കുറവ് സൂചിപ്പിക്കുന്നത്. ഈ സാഹചര്യത്തെ അതിജീവിക്കാൻ ദീർഘകാല നയരൂപീകരണ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

ഹരിത കേരളം മിഷന്റെ ഭാഗമായി നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുചീകരണവും നടത്തി ജലസുരക്ഷ പരമാവധി ഉറപ്പാക്കാനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിനകം 3931 പൊതുകിണറുകൾ നിർമ്മിക്കുകയും 15022 എണ്ണം മഴവെള്ള റീചാർജ്ജിനുതകുംവിധം വൃത്തിയാക്കുകയും ചെയ്തു. 3855 പുതിയ കുളങ്ങൾ നിർമ്മിക്കുകയും 13247 എണ്ണം പുനരുജ്ജീവിപ്പിക്കുകയും ചെയ്തു. ഇതോടൊപ്പം 2467 കിലോമീറ്റർ തോടുകളും 1481 കിലോമീറ്റർ കനാലുകളും വൃത്തിയാക്കി. ജലസംരക്ഷണത്തിനായുള്ള ഇത്തരം പ്രവർത്തനങ്ങളിൽ ജനങ്ങളുടെയും ജനപ്രതിനിധികളുടെയും അകമഴിഞ്ഞ പങ്കാളിത്തത്തിന്റെ ആവശ്യം ഈ അവസരത്തിൽ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

മഴക്കുറവ് സംബന്ധിച്ച അവലോകനത്തിന്റെ അടിസ്ഥാനത്തിൽ മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്കും കൃഷി, ജലവിഭവം, ഭൂഗർഭജലം എന്നീ വകുപ്പുകൾക്കും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഇതിനകം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഈ മാസംതന്നെ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി യോഗങ്ങൾ വിളിച്ചുചേർത്ത് മഴക്കുറവ്, ജലലഭ്യത, ഭൂജല സ്ഥിതി, കൃഷി എന്നിവ സംബന്ധിച്ച് അവലോകനം നടത്തി സംസ്ഥാന അതോറിറ്റിയെ അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 10-8-2017-നുചേർന്ന യോഗത്തിൽ ബന്ധപ്പെട്ട മന്ത്രിമാരും ഉദ്യോഗസ്ഥരും മഴയുടെ കുറവുമൂലം സംസ്ഥാനം നേരിടാൻ സാധ്യതയുള്ള ഗുരുതരമായ പ്രതിസന്ധി സംബന്ധിച്ച് ചർച്ചചെയ്തു. പ്രതിസന്ധി നേരിടുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ മുൻകരുതൽ നടപടികൾ സ്വീകരിക്കാൻ

തീരുമാനിക്കുകയും ചെയ്തു. വെള്ളം കരുതലോടെ ഉപയോഗിക്കുന്നതിനും മഴവെള്ളം പരമാവധി ശേഖരിക്കുന്നതിനുമുള്ള പ്രവർത്തനം അടിയന്തരമായി നടത്തണമെന്ന് തീരുമാനിച്ചു. ഇതിന്റെ ഭാഗമായി മഴവെള്ള സംഭരണം ലക്ഷ്യമാക്കി മൂന്ന് കർമ്മസേനകൾ (ടാസ്ക് ഫോഴ്സ്) രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

തൃശ്ശൂരിൽ വിജയകരമായി നടപ്പിലാക്കിയ 'മഴപ്പൊലിമ'യുടെ മാതൃകയിൽ മഴവെള്ള സംഭരണം സംസ്ഥാന വ്യാപകമായി ജനങ്ങൾ ഏറ്റെടുത്ത് നടത്തുക; തടയണകൾ, റെഗുലേറ്ററുകൾ എന്നിവ അടിയന്തരമായി അറ്റകുറ്റപ്പണി ചെയ്യുന്നതിനും താൽക്കാലിക തടയണകൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുക; കനാലുകൾ, കുളങ്ങൾ എന്നിവ വൃത്തിയാക്കി പരമാവധി മഴവെള്ളം സംഭരിക്കുക എന്നിവയ്ക്കാണ് കർമ്മസേനകൾ രൂപീകരിച്ചത്. ഈ കർമ്മസേനകൾ അവയുടെ പ്രവർത്തന പദ്ധതികൾ ഉടൻ സമർപ്പിക്കും.

വനത്തിനുള്ളിൽ പട്ടുതാകുളങ്ങളും, താത്കാലിക തടയണകളും മറ്റും നിർമ്മിച്ച് വന്യമൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തുവാൻ വനം വകുപ്പ് അടിയന്തരനടപടി സ്വീകരിക്കും.

സർക്കാർ ഓഫീസുകളിൽ പൈപ്പുകളും മറ്റും ചോർന്ന് ജലം പാഴാകുന്നത് തടയുവാൻ അടിയന്തര നടപടി അതത് വകുപ്പുകൾ സ്വീകരിക്കുന്നതാണ്. സർക്കാർ ഓഫീസുകളിലെ മഴവെള്ള സംഭരണികൾ അടിയന്തരമായി, പ്രവർത്തനക്ഷമമാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. ജലസംരക്ഷണത്തിൽ ഊന്നിയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്താൻ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പ്രകൃതിയെ സംരക്ഷിച്ചുകൊണ്ട് മാത്രമെ മനുഷ്യനും നിലനിൽക്കാനാവൂ എന്ന കാഴ്ചപ്പാട് ജനങ്ങളിൽ രൂപപ്പെടുത്തുന്നതിനുള്ള ഇടപെടലുകളാണ് സർക്കാർ നടത്തുന്നത്. ഈ ബോധം സൃഷ്ടിക്കുന്നതിൽ ഏറെ മുന്നോട്ടുപോകാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഹരിത കേരളം മിഷൻ പോലുള്ളവ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്.

ലഭ്യമാകുന്ന മഴവെള്ളം ഒഴുകിപ്പോകാതെ മണ്ണിൽത്തന്നെ നിലനിർത്തുന്നതിനുതകുംവിധം മഴക്കുഴികൾ നിർമ്മിക്കാനും ജല വിനിയോഗത്തിൽ മിതത്വം പാലിക്കാനും നിർമ്മാണാവശ്യങ്ങൾക്ക് ശുദ്ധീകരിച്ച ജലം ഉപയോഗിക്കുന്നത് ഒഴിവാക്കാനും ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കുന്നതിനുമുള്ള പ്രവൃത്തികൾ ജനപങ്കാളിത്തത്തോടെ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനും അങ്ങനെ എല്ലാ തലത്തിലും നമുക്ക് കൂട്ടായി പ്രവർത്തിക്കേണ്ടതുണ്ട്.

ഫലപ്രദവും സത്വരവുമായ നടപടികളിലൂടെ മഴക്കുറവുമൂലമുള്ള പ്രതിസന്ധി നേരിടാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ് എന്ന് ഞാൻ ഈ സഭയെ അറിയിക്കുന്നു.

# VIII ഗവൺമെന്റ് പ്രമേയം

## സർഫാസി ആക്ടിലെ വ്യവസ്ഥകൾ ബാധകമാക്കുന്നത് ഒഴിവാക്കണമെന്ന ആവശ്യം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സ്വന്തം കൃഷിഭൂമി പണയപ്പെടുത്തി കാർഷിക വായ്പയെടുക്കുന്ന ചെറുകിട കൃഷിക്കാരെ സംബന്ധിച്ചിടത്തോളം പല കാരണങ്ങളാൽ യഥാസമയം വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെവരുന്ന സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികളെ അഭിമുഖീകരിക്കേണ്ടിവരുന്ന അവസ്ഥയുണ്ട്. അതുമായി ബന്ധപ്പെട്ടതാണ് പ്രമേയം. പലപ്പോഴും അവരുടെ കൃഷിഭൂമി പണയവസ്തു എന്ന നിലയിൽ സർക്കാർ റവന്യൂ റിക്കവറി നിയമപ്രകാരം ഏറ്റെടുക്കുന്നതായി കാണുന്നു. സ്വന്തമായി കൃഷിഭൂമി നഷ്ടപ്പെടുന്ന കർഷകൻ ഇതോടെ നിത്യദുരിതത്തിലേയ്ക്കാണ് തള്ളിവിടപ്പെടുന്നത്. ഏറ്റവും താഴെക്കിടയിലുള്ള കർഷകരെയും ഇത്തരമൊരു അവസ്ഥയിൽനിന്നും മോചിപ്പിക്കേണ്ടതാവശ്യമാണെന്ന് സർക്കാർ കരുതുന്നു. ബാങ്ക് വായ്പയുടെ കാര്യത്തിൽ സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ടിനെ (SARFAESI ACT) ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാരും കേരള സർക്കാരും ഭവനരഹിതർക്ക് ഭവനങ്ങൾ നിർമ്മിച്ചുകൊടുക്കുന്ന തീവ്രയത്ന പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഒരുഭാഗത്ത് ഭവനരഹിതർക്ക് സർക്കാർ ചെലവിൽ വീട് വച്ച് കൊടുക്കുമ്പോൾത്തന്നെ അവരുടെ ഏക കിടപ്പാടം റവന്യൂ റിക്കവറി നടപടി പ്രകാരം ജപ്തിചെയ്യുന്ന സ്ഥിതിവിശേഷം നിലവിലുണ്ട്. ഈ പശ്ചാത്തലത്തിൽ റവന്യൂ റിക്കവറി ആക്ടിലെ സെക്ഷൻ 34-ൽ ആവശ്യമായ ഭേദഗതിവരുത്തി കുടിശ്ശികക്കാരന്റെ ഏക കിടപ്പാടം 1000 ചതുരശ്ര അടിയിൽ താഴെയാണെങ്കിൽ അവരെ ജപ്തിനടപടിയിൽ നിന്നും ഒഴിവാക്കാൻ നടപടി എടുക്കേണ്ടതാണ്. കൂടാതെ, സർഫാസി ആക്ടിലെ സെക്ഷൻ 31-ൽ ആവശ്യമായ ഭേദഗതിവരുത്തി സ്വന്തം കിടപ്പാടം ജപ്തിയിൽനിന്നും ഒഴിവാക്കണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്ന പ്രമേയം നിയമസഭ ഏകകണ്ഠമായി പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ നിലപാടിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ റവന്യൂ റിക്കവറി ആക്ടിലെ ഏഴ്, എട്ട് വകുപ്പുകളിൽ ഉചിതമായ ഭേദഗതിവരുത്തി അഞ്ച് ലക്ഷം രൂപ വരെയുള്ള വായ്പാത്തുകയുടെ തിരിച്ചടവിൽനിന്നും ഗ്രാമപ്രദേശങ്ങളിൽ ഒരേക്കറും നഗരപരിധിയിൽ അൻപത് സെന്റും വരെയുള്ള കൃഷിഭൂമിയെ റവന്യൂ റിക്കവറി നടപടികളിൽനിന്നും ഒഴിവാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഈ മന്ത്രിസഭ ഒരു വർഷം പൂർത്തിയാക്കിയ വേളയിൽ കേരളത്തിലെ ചെറുകിട കൃഷിക്കാർക്ക്

ആശ്വാസം പകരുന്ന ഈ നടപടി പ്രഖ്യാപിക്കാൻ കഴിയുന്നതിൽ അതിയായ സന്തോഷമുണ്ട്. അതിനാൽ ഇനി പറയുന്ന പ്രമേയം ചട്ടം 118 പ്രകാരം ഞാൻ അവതരിപ്പിക്കുന്നു.

"2002-ലെ സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ടിന്റെ 31-ാം വകുപ്പിന്റെ (ഐ) ഖണ്ഡപ്രകാരം, പ്രസ്തുത ആക്ടിന്റെ വ്യവസ്ഥകൾ ഒരു കൃഷിഭൂമി സെക്യൂരിറ്റിയായി നൽകുമ്പോൾ ഉണ്ടാകുന്ന ബാദ്ധ്യതയ്ക്ക് ബാധകമാകുന്നതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലും;

സമാനമായി 5 സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകുമ്പോൾ ഉണ്ടാകുന്ന ബാദ്ധ്യതയ്ക്ക് പ്രസ്തുത ആക്ടിന്റെ വ്യവസ്ഥകൾ ബാധകമാക്കുന്നത് ലക്ഷക്കണക്കിന് നിർദ്ധന കുടുംബങ്ങളെ ദുരിതത്തിലേയ്ക്ക് തള്ളിവിടും എന്നതിനാലും;

5 സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകുമ്പോൾ ഉണ്ടാകുന്ന ബാദ്ധ്യതയ്ക്ക് 2002-ലെ സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ടിന്റെ വ്യവസ്ഥകൾ ബാധകമാകുന്നതല്ല എന്ന് വ്യവസ്ഥ ചെയ്യുന്നതിനായി, പ്രസ്തുത ആക്ടിന്റെ 31-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാരിനോട് ഈ സഭ ഇതിനാൽ അഭ്യർത്ഥിക്കുന്നു".

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : പ്രമേയം അവതരിപ്പിച്ചിരിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, വളരെ ന്യായമായ ഒരു കാര്യത്തെ സംബന്ധിച്ചുള്ള ഈ പ്രമേയത്തെ ഏകകണ്ഠമായി അംഗീകരിക്കാവുന്നതാണ്. ഇതിൽ ഒരു പോയിന്റ് മാത്രമാണ് ഭേദഗതിയായി നിർദ്ദേശിക്കാനുള്ളത്. ഇതിനൊരു മുൻകാല പ്രാബല്യം, സർഫാസി ആക്ട് നടപ്പാക്കിയതിനുശേഷം അഞ്ച് സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകുമ്പോൾ ഉണ്ടാകുന്ന ബാദ്ധ്യതയ്ക്ക് പ്രസ്തുത ആക്ടിന്റെ വ്യവസ്ഥകൾ ബാധകമാക്കിയതുമൂലം ലക്ഷക്കണക്കിന് നിർദ്ധന കുടുംബങ്ങൾ അനാഥരായിട്ടുണ്ട്. അതിനാൽ ഈ ആക്ട് നടപ്പായതുവരെയുള്ളതുകൂടി ചേർക്കണമെന്നുള്ള അഭ്യർത്ഥന എനിക്കുണ്ട്, ഇതുപോലെ ധാരാളം ആളുകളെ ഏറ്റെടുത്തിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സർഫാസി ആക്ട് നമ്മുടെ നാട്ടിൽ നടപ്പാക്കുമ്പോൾ വളരെ ക്രൂരമായ ചില നടപടികളുണ്ട്. നാഷണലൈസ്ഡ് ബാങ്കുകൾ സർഫാസി ആക്ട് അനുസരിച്ചുള്ള നടപടി നടപ്പാക്കുന്നതിനുവേണ്ടി ചില സ്വകാര്യ ഏജൻസികളെ ഏർപ്പെടുത്തുകയാണ്. റിലയൻസ് പോലുള്ളവ ഇങ്ങനെ ഇതിന്റെ ഏജൻസി ഏറ്റെടുക്കുമ്പോൾ ബാങ്കിന് ഈ തുക അവർ നേരത്തെ കൊടുക്കുന്നു. തുടർന്ന് ഈ തുക പിരിച്ചെടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഈ ഏജൻസികളാണ് നടത്തുന്നത്. യഥാർത്ഥത്തിൽ കൊടുംക്രൂരമായ നടപടികളാണ് ചില സ്ഥലങ്ങളിൽ നടക്കുന്നത്. അതുകൊണ്ട് അങ്ങ് അവതരിപ്പിച്ച ഈ പ്രമേയത്തിന്റെ സ്പിരിറ്റ് പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ട് പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ പ്രമേയത്തെ പൂർണ്ണമായി അംഗീകരിക്കുന്നു. ആളുകളുടെ കയ്യിൽനിന്നും ക്രൂരമായി തുക തിരിച്ച് ഈടാക്കുന്ന ഇത്തരം നടപടികൾ കുറയ്ക്കുന്നതിനുവേണ്ടിയുള്ള നിയമ നടപടി നമ്മുടെ സംസ്ഥാനത്തുണ്ടാകണം.

ശ്രീ. പി. സി. ജോർജ്: സർ, ഈ രാജ്യത്തെ പാവങ്ങളോട് ഏറ്റവും മാന്യമായ സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത് എന്നുപറയുന്നതിൽ വളരെ സന്തോഷമുണ്ട്. സർഫാസി ആക്ട് നിലവിൽ വന്നുവെന്നത് സത്യമാണ്. ഗവൺമെന്റ് വിദ്യാഭ്യാസ വായ്പയെടുത്തവരെ സംരക്ഷിക്കാൻ ഒരു നിയമം കൊണ്ടുവന്നു, ആ നിയമം ശരിയായ രീതിയിൽ പ്രാബല്യത്തിലാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഇപ്പോൾ ഈ സഭ ഐകകണ്ഠ്യേന പാസ്സാക്കുന്ന ഈ നിയമത്തിൽ വെള്ളം ചേർക്കാതിരിക്കാനും ഉദ്യോഗസ്ഥന്മാരെക്കൊണ്ട് നടപ്പാക്കുന്നതിനും ശക്തമായ നിലപാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതുപോലെ, 1000 സ്ക്വയർ ഫീറ്റ് എന്നുപറഞ്ഞിരിക്കുന്നത് 1500 സ്ക്വയർ ഫീറ്റ് ആക്കിയാൽ അല്പംകൂടി ഗുണകരമാകും എന്ന അഭിപ്രായംകൂടി രേഖപ്പെടുത്തുകയാണ്.

ശ്രീ. പി. ടി. തോമസ് : സർ, സ്വാഗതാർഹമായ ഒരു പ്രമേയമാണിത്. ഒരു കാര്യം എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്, കളമശ്ശേരിക്കും ഇടപ്പള്ളിയ്ക്കുമിടയിൽ രണ്ടര ലക്ഷം രൂപയോ മൂന്നുലക്ഷം രൂപയോ വായ്പയെടുത്തൊരു പാവപ്പെട്ട ആളിന് ഒരു കോടി രൂപ കുടിശ്ശികയുണ്ട് എന്നുപറഞ്ഞ് അയാളുടെ സ്ഥലം ഏറ്റെടുക്കുകയും ഇപ്പോൾ ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ ചൂണ്ടിക്കാണിച്ചതുപോലെ ഒരു ഏജൻസിയെ പിരിച്ചെടുക്കാൻ ഏൽപ്പിച്ച് അവർ 35 ലക്ഷം രൂപയ്ക്ക് ലേലം ചെയ്യുകയുമുണ്ടായി. ഇങ്ങനെയുള്ള നിരവധി സംഭവങ്ങൾ ഇവിടെ നടക്കുന്നുണ്ട്. യഥാർത്ഥത്തിൽ സർഫാസി ആക്ടനുസരിച്ച് ഇങ്ങനെ ഭൂമി എടുക്കുന്നെങ്കിൽ കേസ് പരിഗണിക്കുന്ന വേളയിൽ ബന്ധപ്പെട്ട കോടതിയിൽ കൃഷിഭൂമി ആണോ എന്നൊരു ചോദ്യം ചോദിക്കുമ്പോൾ കൃഷിഭൂമി അല്ല എന്നുപറഞ്ഞാൽ മാത്രമേ

എടുക്കാൻ നിയമമുള്ളൂ. ആ ചോദ്യം ചോദിക്കാത്തതുകൊണ്ടാണ് ഇത് സംഭവിക്കുന്നത്. അതുകൊണ്ട് ഗൗരവതരമായി മുൻകാല പ്രാബല്യം കൊടുക്കണമെന്നുള്ള പ്രതിപക്ഷ നേതാവിന്റെ ആവശ്യം അംഗീകരിക്കണമെന്നും ഈ പ്രമേയം ഏകകണ്ഠമായി അംഗീകരിക്കണമെന്നുമാണ് പറയാനുള്ളത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, സർഫാസി ആക്ട് അനുസരിച്ച് 5 സെന്റിൽ താഴെയുള്ള ഭൂമി ചില ജില്ലാ ബാങ്കുകൾ കൈവശപ്പെടുത്തിയിട്ടുണ്ട്. അതുകൂടി പാവങ്ങൾക്ക് വിട്ടുകൊടുക്കാൻ കഴിയുന്ന തരത്തിൽ ഒരു ഭേദഗതി കൂടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എം. സ്വരാജ്: സർ, സർഫാസി നിയമം ദുരുപയോഗം ചെയ്ത് സാധാരണക്കാരെ ദ്രോഹിക്കുന്ന വിവിധ വിഷയങ്ങളെ സംബന്ധിച്ച് ഈ സഭമുമ്പാകെ മുമ്പ് സബ്മിഷൻ ഉന്നയിക്കുകയുണ്ടായി. ആ സബ്മിഷനിൽ ചൂണ്ടിക്കാണിച്ച വിഷയങ്ങൾ പരിഹരിക്കാൻ സർക്കാർ മുൻകയ്യെടുക്കുകയും പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. അതിനുള്ള നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം അത്തരം വിഷയങ്ങൾ സംസ്ഥാനത്തിന്റെ പലഭാഗത്തും നിലവിൽ ഉയർന്നുവന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കാര്യം അറിയിക്കുകയും ചെയ്യട്ടെ. ഇതിന്റെ പിന്നിൽ ചില പ്രത്യേക സംഘങ്ങൾ പ്രവർത്തിച്ചുകൊണ്ട് തട്ടിപ്പ് നടത്തിയിട്ടുണ്ട്. അത്തരം സംഘങ്ങളെ നിയമത്തിന്റെ മുന്നിൽകൊണ്ടുവന്ന് മാതൃകാപരമായ ശിക്ഷാനടപടികൾക്ക് വിധേയമാക്കാനുള്ള നടപടികൾകൂടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഡോ. എം. കെ. മുനീർ: സർ, പാവപ്പെട്ടവർക്ക് ഏറെ സഹായകരമാകുന്ന ഈ പ്രമേയത്തെ അനുകൂലിക്കുന്നു. പ്രതിപക്ഷ നേതാവ് സൂചിപ്പിച്ച കാര്യം ഞാൻ അടിവരയിടുകയാണ്; ഇതിന് മുൻകാല പ്രാബല്യം കൊടുത്തുകൊണ്ട് എന്നുള്ളത്. ഇത് ഫലപ്രദമായി മാറണമെങ്കിൽ അതിന് മുൻകാലപ്രാബല്യംകൂടി ഉണ്ടാകണമെന്ന് അഭിപ്രായപ്പെടുന്നു.

ശ്രീ. അനിൽ അക്കര: സർ, ഇതോടുകൂടി ഗുരുതരമായൊരു വിഷയത്തിലേയ്ക്ക് ബാങ്കുകൾ പോകും. 5 സെന്റിന് താഴെയുള്ള ഭൂമിക്ക് ഇനി ലോൺ കൊടുക്കാത്തൊരു സാഹചര്യമുണ്ടാകും. ഇപ്പോൾ 3 സെന്റിന് താഴെയുള്ള ഭൂമിക്ക് ബാങ്ക് ലോൺ അനുവദിച്ച് കൊടുക്കുന്നില്ല. ആയതിനാൽ നിർബന്ധമായും ലോൺ അപേക്ഷകൾ നിരസിക്കരുത് എന്നുള്ള തീരുമാനംകൂടി എടുത്തില്ലെങ്കിൽ ബാങ്കുകൾ ലോൺ അപേക്ഷപോലും സ്വീകരിക്കാതെ നിരസിക്കുന്ന സാഹചര്യമുണ്ടാകും. ഇക്കാര്യത്തിലേയ്ക്ക് സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കടമെടുത്ത ആൾ ആ കടം തിരിച്ചടച്ചില്ലെങ്കിൽ ആ ഈടിന്മേലുള്ള ബാദ്ധ്യത ഒഴിഞ്ഞുപോകുന്നില്ല. ഇത് കൈവശപ്പെടുത്താൻ പറ്റില്ല എന്നുള്ളതാണ് ഇവിടത്തെ പ്രശ്നം. ബാദ്ധ്യത ബാദ്ധ്യതയായിതന്നെ കിടക്കും. ഇതുമായി ബന്ധപ്പെട്ട് നമ്മൾ ഒന്നും പറയുന്നില്ല. ഉദാഹരണമായി, ഒരു വീട് ഉണ്ട്, ആ വീട്ടിൽനിന്നും ഒഴിവാക്കി വിടും; ചെറിയ സ്ഥലമുണ്ട്, അതിന്റെ അവകാശം കളയുന്നു. അത് പാടില്ല. അത് മാത്രമാണ് പറയുന്നത്. ഈടിന്റെ കാര്യത്തിൽ ആശങ്ക വേണ്ട. അത് അങ്ങനെതന്നെ നിലനിൽക്കും. പ്രസ്തുത വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും മറ്റ് പ്രതിപക്ഷാംഗങ്ങളും ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അതിന്റെ നിയമപരമായ വശങ്ങൾകൂടി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം. ഇപ്പോൾ ഈ പ്രമേയം പാസ്സാക്കാമെന്നാണ് തോന്നുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം പാസ്സാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.

## IX നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

### (i) 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, എനിക്ക് ചുരുക്കം ചില കാര്യങ്ങൾ പറയാനുണ്ട്. ഈ ബിൽ അവതരിപ്പിച്ച ദിവസം ചെറിയ ബഹളം നടന്നതുകൊണ്ട്

സഭയിൽ ഒന്നും പറയാതെയാണ് ഇത് പാസ്സായിപോയത്. ജില്ലാ സഹകരണ ബാങ്കുകളുടെ നിർവ്വചനം, ജില്ലാ സഹകരണ ബാങ്കുകളിൽ വോട്ടവകാശമുള്ള അംഗത്വം, ജില്ലാ സഹകരണ ബാങ്ക് കമ്മിറ്റിയിൽ മറ്റ് തരത്തിൽപ്പെട്ട സഹകരണ സംഘങ്ങൾക്കുവേണ്ടിയുള്ള സംവരണം എന്നീ ഭേദഗതികളാണ് പ്രധാനമായും കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് ത്രിതല-ഹ്രസ്വകാല കാർഷിക വായ്പാ സംവിധാനം, പ്രാഥമിക തലത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളും മദ്ധ്യതലത്തിൽ ജില്ലാ സഹകരണ ബാങ്കുകളും മുകൾത്തട്ടിൽ സംസ്ഥാന സഹകരണ ബാങ്കും എന്നതാണ്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ അപ്പെക്സ് ബാങ്കായാണ് ജില്ലാ സഹകരണ ബാങ്കുകളെ കാണുന്നത്. ജില്ലാ സഹകരണ ബാങ്കുകളുടെ അപ്പെക്സ് ബാങ്കായി സംസ്ഥാന സഹകരണ ബാങ്കും പ്രവർത്തിക്കുന്നുണ്ട്. ഇതാണ് ത്രീ ടയർ സിസ്റ്റത്തിന്റെ ഒരു പ്രത്യേകത. ഇങ്ങനെയുള്ള സംഘങ്ങൾ എന്ന നിലയിൽ പ്രവർത്തിക്കുക എന്നതാണ് നമ്മൾ ലക്ഷ്യമാക്കുന്നത്. സംസ്ഥാനത്ത് മറ്റ് വിഭാഗത്തിലും ധാരാളം സംഘങ്ങളുണ്ട്. അത്തരത്തിലുള്ള സംഘങ്ങൾക്ക് അവരുടേതായ അപ്പെക്സ് സംഘങ്ങൾ ഉണ്ട്. ഉദാഹരണമായി, നമ്മുടെ സംസ്ഥാനത്ത് കൺസ്യൂമർ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൺസ്യൂമർ സംഘങ്ങളുടെ അപ്പെക്സ് സംഘമായി കൺസ്യൂമർ ഫെഡറേഷൻ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. മാർക്കറ്റിംഗ് സംഘങ്ങളും ഇതുപോലെ പ്രവർത്തിക്കുന്നുണ്ട്. അതിന് മാർക്കറ്റിംഗ് ഫെഡറേഷൻ ഉണ്ട്. ധാരാളം ക്ഷീരസംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. ക്ഷീരസംഘങ്ങൾക്കും അപ്പെക്സ് സംഘടനയുണ്ട്. കയർ സംഘങ്ങൾക്ക് കയർ ഫെഡ് ഉണ്ട്. മത്സ്യസംഘങ്ങൾക്ക് മത്സ്യ ഫെഡ് ഉണ്ട്. വനിതാ സംഘങ്ങൾക്ക് വനിതാ ഫെഡ് ഉണ്ട്. പട്ടികജാതി/പട്ടിക വർഗ്ഗവിഭാഗങ്ങൾക്കും ഫെഡറേഷൻ ഉണ്ട്. ഈ നിലയിൽ, വളരെ ചുരുക്കം ചില മിസലേനിയസ് സംഘങ്ങൾ ഒഴികെ ബാക്കി എല്ലാ സംഘങ്ങൾക്കും അവരുടേതായ അപ്പെക്സ് സംഘങ്ങൾ ഉണ്ട്. സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ തുടങ്ങിയവർ ഉൾപ്പെടുന്ന സംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, ചില മിസലേനിയസ് സംഘങ്ങളും ഉണ്ടാകും. ഇത്തരം സംഘങ്ങൾക്ക് ഒരു അപ്പെക്സ് സംഘം വേണമെന്നുള്ള വാദഗതി ശരിയാണ്. അത് പരിഗണിക്കേണ്ട കാര്യമുണ്ട്. ബാക്കി എല്ലാ സംഘങ്ങൾക്കും അപ്പെക്സ് സംഘങ്ങളുണ്ട്. യു.ഡി.എഫ്. അധികാരത്തിൽവരുന്ന ചില സന്ദർഭങ്ങളിൽ ജില്ലാ സഹകരണ ബാങ്കുകളുടെ ഘടന മാറ്റി എഴുതുന്നതിനു വേണ്ടിയുള്ള നീക്കങ്ങൾ നടക്കാറുണ്ട്. ജില്ലാ സഹകരണ ബാങ്കുകളുടെ ഘടന, പ്രാഥമിക സഹകരണ സംഘങ്ങളുടെ അപ്പെക്സ് സംഘം എന്നുപറയുന്ന രീതി മാറി സംസ്ഥാനത്ത് പ്രവർത്തിക്കുന്നതും പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്ന

ഇതരസംഘങ്ങളിൽ കുറെയൊക്കെ കടലാസ് സംഘങ്ങളാണെന്നു കാണാൻ സാധിക്കും. അത്തരം സംഘങ്ങൾക്കെല്ലാം ജില്ലാ സഹകരണ ബാങ്കിൽ അഫിലിയേഷൻ കൊടുത്ത് വോട്ടവകാശമുള്ള മെമ്പർമാരാക്കി മാറ്റി. കേവലം അതിന്റെ ഭരണസമിതി പിടിച്ചെടുക്കുക എന്നുള്ള ലക്ഷ്യം മാത്രമാണ് സാധാരണഗതിയിൽ ഉണ്ടാകാറുള്ളത്. അങ്ങനെ ചില മാറ്റങ്ങൾ വരുത്താറുണ്ട്. 2012-ലും അന്നത്തെ ഗവൺമെന്റ് ഒരു ഓർഡിനൻസിലൂടെ ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കുകളുടെയും ഭരണനിയന്ത്രണം കൈക്കലാക്കാൻവേണ്ടിയുള്ള നടപടി സ്വീകരിച്ചു. ഞാൻ നേരത്തെ സൂചിപ്പിച്ച മറ്റ് വിഭാഗം സഹകരണ സംഘങ്ങളിൽ വലിയതോതിലുള്ള സംഘം കടലാസ് സംഘങ്ങളാണെന്ന് കാണാൻ സാധിക്കും. ഈ കടലാസ് സംഘങ്ങളിലൂടെ തെരഞ്ഞെടുക്കപ്പെട്ട് ജില്ലാ സഹകരണ ബാങ്ക് ഭരണസമിതിയിലെത്തുന്ന ചില ആളുകളുടെ താല്പര്യം എന്തായിരിക്കുമെന്നുള്ള കാര്യം പ്രത്യേകിച്ച് പറയേണ്ടതില്ല. പ്രാഥമിക കാർഷിക വായ്പാ സഹകരണ ബാങ്കുകളുടെയും അർബൻ ബാങ്കുകളുടെയും അപ്പെക്സ് ബാങ്കായി പ്രവർത്തിക്കേണ്ടതാണ് ജില്ലാ ബാങ്കുകൾ എന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടനപത്രികയിൽ പറഞ്ഞിട്ടുണ്ടായിരുന്നു. അതിന് ജില്ലാ ബാങ്കിലുള്ള വോട്ടവകാശം ഇക്കൂട്ടർക്ക് മാത്രമായി പരിമിതപ്പെടുത്തേണ്ട താണെന്ന നിലപാടാണ് ദീർഘകാലമായി ഈ മേഖലയിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സ്വീകരിച്ചിട്ടുള്ളത്. ജില്ലാ ബാങ്കുകളെയും പ്രാഥമിക കാർഷിക ബാങ്കുകളെയും അതിന്റെ ഭാഗമായിത്തന്നെ സംസ്ഥാന സഹകരണ ബാങ്കിനെയും ശക്തിപ്പെടുത്തുക, ജനങ്ങൾക്ക് ഏറെ പ്രയോജനകരമായി അതിനെ പ്രവർത്തിപ്പിക്കുക, ഈ മേഖലയിൽ നിലനിൽക്കുന്ന അനാശാസ്യ പ്രവണതകൾ അവസാനിപ്പിക്കുക ഇതെല്ലാമാണ് ഇത്തരമൊരു ചെറിയ അടിസ്ഥാനപരമായ മാറ്റം കൊണ്ടുവരുന്നതിന് ഈ ഗവൺമെന്റിനെ പ്രേരിപ്പിച്ചത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സഹകരണ സംഘം രജിസ്ട്രാറുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി ഈ മേഖലയുടെ വിവിധ തലങ്ങളെയും അതിന്റെ ഘടനയെയും പ്രവർത്തനങ്ങളെയും സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. അതിൽ ജില്ലാ സഹകരണ ബാങ്കുകളുടെ മൂലധനത്തെ സംബന്ധിച്ച് പറയുന്നുണ്ട്. അതിൽ 89.92 ശതമാനവും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടേതാണെന്ന് കാണാൻ സാധിക്കും.

ജില്ലാ സഹകരണ ബാങ്കുകളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സംഘങ്ങളുടെ എണ്ണം 11759 ആണ്. ഇതിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ കേവലം 1670 ആണ്. അതായത് 14.2% അംഗത്വമുള്ള സംഘങ്ങളാണ് മൂലധനത്തിന്റെ 89.92 ശതമാനം ജില്ലാ ബാങ്കുകളിൽ

നിക്ഷേപിച്ചിട്ടുള്ളത്. ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണസമിതികളിൽ പ്രധാന ഓഹരി ഉടമകളായ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പ്രാതിനിധ്യം കേവലം 31 ശതമാനമാണ്. ജില്ലാ സഹകരണ ബാങ്കുകളിലെ മൊത്തം നിക്ഷേപം പരിശോധിച്ചാൽ 49.69 ശതമാനം പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ നിന്നുള്ളതാണെന്ന് കാണാം. മറ്റ് സഹകരണ സംഘങ്ങളിൽനിന്നുള്ള നിക്ഷേപം കേവലം 14.54 ശതമാനമാണ്. ജില്ലാ ബാങ്കുകൾ പ്രാഥമിക ബാങ്കുകൾക്ക് വായ്പ നൽകുന്നുണ്ട്. വിവിധ സംഘങ്ങൾക്ക് നൽകിയ വായ്പ പരിശോധിക്കുമ്പോൾ പ്രാഥമിക കാർഷിക സംഘങ്ങളൊഴികെ ബാക്കി സംഘങ്ങൾക്ക് നൽകിയ വായ്പയിൽ 19.51 ശതമാനവും കുടിശ്ശികയാണെന്ന് കാണാം. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ കുടിശ്ശിക 5.76 ശതമാനമാണ്. ഇത്തരമൊരു കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ സഹകരണസംഘം രജിസ്ട്രാറുടെ ശിപാർശ പ്രകാരമാണ് ജില്ലാ സഹകരണ ബാങ്കുകളുടെ നിർവ്വചനത്തിൽ മാറ്റം വരുത്തിക്കൊണ്ടുള്ള ഓർഡിനൻസ് ഗവൺമെന്റ് പുറപ്പെടുവിച്ചത്. ഈ മാറ്റത്തിലൂടെ ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണസമിതികൾ ഇല്ലാതായി എന്നതാണ് യാഥാർത്ഥ്യം. അല്ലാതെ ഗവൺമെന്റ് ബോധപൂർവ്വം അവയെ പിരിച്ചുവിടാനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. സംസ്ഥാനത്തിന്റെ ഭാവി വികസന പരിപാടികളിൽ സജീവമായും സക്രിയമായും ഇടപെടുന്നതിന് പ്രാപ്തമായ ഒരു സഹകരണ പ്രസ്ഥാനത്തെ വാർത്തെടുക്കുക എന്ന ഏക ലക്ഷ്യത്തോടെയാണ് ഗവൺമെന്റ് ഇത്തരമൊരു സമീപനം സ്വീകരിച്ചിട്ടുള്ളത്. നിശ്ചയമായും നല്ല സഹകാരികളടങ്ങുന്ന നമ്മുടെ സഭ ഇതെല്ലാം സ്വീകരിക്കുമെന്നതന്നെയാണ് എന്റെ വിശ്വാസം. പൊതുവെ സഹകാരി സമൂഹത്തിൽനിന്നുതന്നെ വന്ന ഒരു പ്രശ്നമായിരുന്നു, സഹകരണ നിയമത്തിലുണ്ടായിരുന്ന 16(എ), 19(എ) വകുപ്പുകൾ പ്രകാരം ഒരു സഹകരണ സംഘത്തിലെ അംഗത്തിന് തുടർച്ചയായി രണ്ട് വർഷങ്ങളിൽ സംഘത്തിന്റെ സേവനങ്ങൾ ഉപയോഗിക്കാതിരിക്കുകയാണെങ്കിലോ സംഘത്തിന്റെ തുടർച്ചയായ മൂന്ന് പൊതുയോഗങ്ങളിൽ പങ്കെടുക്കാതിരിക്കുകയും അങ്ങനെയുള്ള അഭാവം പൊതുയോഗം മാപ്പാക്കപ്പെടാതിരിക്കുകയും ചെയ്യുകയാണെങ്കിലോ അംഗമായി തുടരാൻ അർഹതയില്ലെന്നുള്ളത്. അതുസംബന്ധിച്ച് സഹകാരികളുടെയിടയിൽത്തന്നെ ശക്തമായ അഭിപ്രായമുണ്ടായി. കേരളത്തിലെ പ്രമുഖനായ സഹകാരി ശ്രീ. കെ. ശിവദാസൻ നായരുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി ഇതുസംബന്ധിച്ച് പഠിച്ച് സമർപ്പിച്ച റിപ്പോർട്ടിലും അത് ഒഴിവാക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. അതിന്റെയെല്ലാം അടിസ്ഥാനത്തിൽ മാറ്റം വരുത്തണമെന്നത് ഗവൺമെന്റ് ആലോചിക്കുകയാണ്. ഒരു ചെറിയ മാറ്റമാണ് അതിന്റെ ഭാഗമായി വരുന്നത്. മറ്റൊന്ന്, ചില സംഘങ്ങൾ അവരുടെ

ബൈ-ലായിൽ വാർഡടിസ്ഥാനത്തിലുള്ള തെരഞ്ഞെടുപ്പ് നടത്താൻ തീരുമാനിക്കുന്നുണ്ട്. അതിന്റെ ഭാഗമായി ചില സംഘങ്ങൾ കോടതിയിൽ പോയി വാർഡടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള അനുകൂലമായ വിധി സമ്പാദിക്കുന്നുണ്ട്. ഈ നിലയിലുള്ള ചില മാറ്റങ്ങളാണ് ഭേദഗതിയിലൂടെ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ സഹകരണമേഖലയുടെ സജീവത കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ടുവരിക എന്നുള്ള ഏകലക്ഷ്യത്തോടുകൂടി കൊണ്ടുവന്ന മാറ്റങ്ങളാണ്. പ്രസിഡന്റ്, വൈസ് പ്രസിഡന്റ് സ്ഥാനത്ത് നിരന്തരമായി, നാൽപ്പതോളം വർഷങ്ങളായി തുടരുന്ന ആളുകളുണ്ട്. ചിലരെല്ലാം നല്ല സഹകാരികൾ തന്നെയാണ്. ചില സ്ഥലങ്ങളിൽ അശ്രദ്ധകൊണ്ടും മറ്റും ഇത്തരം ആളുകൾ ചുമതല വഹിക്കുന്ന സ്ഥാപനങ്ങളിൽ അഴിമതിയും മറ്റും നടക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ട പശ്ചാത്തലത്തിലാണ് അത്തരമൊരു ഭേദഗതി കൊണ്ടുവരണമെന്ന് ഗവൺമെന്റ് ആലോചിച്ചത്. അതും ഇതിന്റെ ഭാഗമായിട്ടുണ്ട്. അതെല്ലാം വന്നപ്പോൾ ബഹുമാനപ്പെട്ട സഹകാരികളുടെ ഇടയിൽനിന്നും "അങ്ങനെ ആവശ്യമുണ്ടോ, ജനപ്രാതിനിധ്യ നിയമത്തിൽ ഒരിടത്തും രണ്ട് ടേം എന്നൊന്നും പറഞ്ഞിട്ടില്ലല്ലോ, സഹകരണ മേഖലയിൽ മാത്രം രണ്ട് ടേം എന്നുപറയുന്നതിൽ കാര്യമുണ്ടോ" എന്ന ചോദ്യങ്ങളൊക്കെ ഉയർന്നുവരുന്നുണ്ട്. അതിന്റെയെല്ലാം അടിസ്ഥാനത്തിൽ യുക്തമായ തീരുമാനങ്ങൾ സ്വീകരിക്കാമെന്നുതന്നെയാണ് ഗവൺമെന്റ് ആലോചിക്കുന്നത്. സബ്ജക്ട് കമ്മിറ്റി കൂടിയപ്പോഴും ബഹുമാനപ്പെട്ട സഹകാരികൾ ഇതുസംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. അത് ഗവൺമെന്റ് പരിശോധിക്കാൻ തയ്യാറാണ്. എല്ലാ മേഖലകളിൽനിന്നും വന്നിട്ടുള്ള അഭിപ്രായത്തെ മാനിച്ചുകൊണ്ട് രണ്ട് ടേം എന്നുപറയുന്നത് ഒഴിവാക്കാമെന്നുതന്നെയാണ് ഗവൺമെന്റ് ആലോചിക്കുന്നത്. ആ ക്ലോസ് ഡിസ്കസ് ചെയ്യുമ്പോൾ അത് ചെയ്യാൻ സാധിക്കുമെന്നാണ് കരുതുന്നത്. പൊതുവെ നമ്മുടെ സ്റ്റേറ്റിലെ സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയും ക്ഷേമവും ലക്ഷ്യമാക്കി കൊണ്ടുവന്നിട്ടുള്ള ബില്ലാണ്. എല്ലാവരുടെയും പിന്തുണയും സഹായവും സഹകരണവും ഇക്കാര്യത്തിലുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

മി. ഡെപ്യൂട്ടി സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്.

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ച കാര്യങ്ങളെ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയിൽ അഭിപ്രായം പറഞ്ഞിരുന്നു. ഈ ബില്ലിലെ വ്യവസ്ഥകളിൽ പലതിലും

അവ്യക്തതയും വൈരുദ്ധ്യവുമുണ്ട്. ചില വ്യവസ്ഥകൾ സഹകരണ മേഖലയുടെ കാര്യക്ഷമതയെയും പ്രവർത്തന മികവിനെയും വികസനത്തെയും നശിപ്പിക്കുമെന്ന അഭിപ്രായമാണുള്ളത്. നിർവ്വചന ഭേദഗതിയിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും അർബൻ സഹകരണ ബാങ്കുകളും മാത്രം അംഗങ്ങളായിട്ടുള്ളതും അതിലെ അംഗങ്ങൾക്കും വ്യക്തികൾക്കും വായ്പ നൽകുന്നതിന് ഫണ്ട് സ്വരൂപിക്കുക എന്ന പ്രധാന ഉദ്ദേശ്യമുള്ളതുമായ കേന്ദ്രസംഘം എന്ന നിർവ്വചനത്തിൽ വായ്പ ലഭിക്കുവാൻ നാമമാത്ര അംഗങ്ങൾക്കും അസോസിയേറ്റ് അംഗങ്ങൾക്കും അവകാശം വ്യക്തമാക്കിയിട്ടില്ല. ഒരു സംഘത്തിലെ ഏതൊരു അംഗത്തിനും തുടർച്ചയായ രണ്ട് കാലയളവിൽ കൂടുതൽ അതിന്റെ പ്രസിഡന്റോ വൈസ് പ്രസിഡന്റോ ആയി ഉദ്യോഗം ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല എന്നത് വ്യക്തികൾ അംഗങ്ങളായിട്ടുള്ള സംഘങ്ങളിൽ മാത്രമേ ബാധകമാക്കുവാൻ കഴിയൂ. അപ്പെക്സ് സംഘങ്ങളിലും സെൻട്രൽ സംഘങ്ങളിലും സംഘങ്ങൾ മാത്രമാണ് അംഗങ്ങളായിട്ടുള്ളത്. അംഗ സംഘങ്ങളിൽനിന്നുള്ള പ്രതിനിധികളാണ് അവയിലെ പ്രസിഡന്റും വൈസ് പ്രസിഡന്റുമാകുന്നത്. ഇക്കാരണത്താൽ ഭേദഗതി വ്യവസ്ഥ കേന്ദ്രസംഘങ്ങൾക്കും അപ്പെക്സ് സംഘങ്ങൾക്കും ബാധകമാകുന്നതല്ല. സംസ്ഥാനത്തോ രാജ്യത്തോ തെരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികൾക്ക് ഔദ്യോഗികസ്ഥാനം വഹിക്കുന്നതിന് നിയന്ത്രണമില്ല. നിയമസഭാ സാമാജികർ, ത്രിതല പഞ്ചായത്ത് സംവിധാനങ്ങൾ, വാണിജ്യ ബാങ്കുകൾ ചെയർമാനാകുന്നത് എന്നിവയ്ക്കൊന്നും നിയന്ത്രണമില്ല. ഒരു സഹകാരി ഒരു സഹകരണ സ്ഥാപനത്തിൽ പ്രസിഡന്റായി ഒരു ടേം പൂർത്തിയാക്കുമ്പോൾ അയാളുടെ അറിവും കഴിവും പ്രാഗത്ഭ്യവും വർദ്ധിക്കുകയാണ് ചെയ്യുന്നത്. ആദ്യമായി സ്ഥാനമേൽക്കുന്ന പ്രസിഡന്റുമാർ ആ നിലവാരത്തിലെത്താൻ കാലതാമസമുണ്ടാകും. ആയതിനാൽ രണ്ട് കാലയളവിൽ കൂടുതൽ ഒരംഗം ഒരു സഹകരണ സ്ഥാപനത്തിൽ പ്രസിഡന്റോ വൈസ് പ്രസിഡന്റോ ആകാൻ പാടില്ലെന്ന നിയന്ത്രണം ബില്ലിൽനിന്ന് നീക്കം ചെയ്യണം. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വിശദീകരണം വകുപ്പ് 32(1) 3-ാം ക്ലിപ്ത ഉപനിബന്ധനയുടെ വിശദീകരണവുമാണ്. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വിശദീകരണം ക്ലിപ്ത ഉപനിബന്ധന 3-ൽ ഗവൺമെന്റ് ഓഹരി മൂലധനം, സാമ്പത്തിക സഹായം, വായ്പ അല്ലെങ്കിൽ ഗവൺമെന്റിന്റെ ഗ്യാരണ്ടി അല്ലെങ്കിൽ ഗവൺമെന്റ് രൂപീകരിച്ചിട്ടുള്ള ബോർഡിന്റെ ഗ്യാരണ്ടി ഇവയിലേതെങ്കിലു മൊന്നുള്ള സഹകരണ സംഘത്തിന്റെ ഭരണസമിതിയെ മാത്രമേ പിരിച്ചുവിടാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ക്ലിപ്ത ഉപനിബന്ധനയുടെ വിശദീകരണമായി നിർദ്ദേശിച്ചിട്ടുള്ള ഭേദഗതിയിൽ നബാർഡ്, ദേശീയ സഹകരണ വികസന കോർപ്പറേഷൻ, കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള മറ്റേതെങ്കിലും ധനസഹായ സ്ഥാപനം എന്നിവ നൽകുന്ന ഏതെങ്കിലും ധനസഹായം

സ്വീകരിച്ചിട്ടുള്ള സംഘവും പിരിച്ചുവിടലിന് വിധേയമാകാമെന്ന വിശദീകരണം മൂന്നാമത്തെ ക്ലിപ്ത ഉപനിബന്ധനയ്ക്ക് വിരുദ്ധമാണ്. അവ സ്വീകരിക്കുന്ന ധനസഹായത്തിന് സംസ്ഥാന സർക്കാർ ഗ്യാരണ്ടി നൽകിയിട്ടുണ്ടെങ്കിൽ മാത്രമേ പിരിച്ചുവിടാവൂ. അല്ലാത്തപക്ഷം പിരിച്ചുവിടലിന് വിധേയമാക്കിക്കൂടാ. സഹകരണം എന്നുമൊരു സംസ്ഥാന വിഷയമാണ്, കേന്ദ്ര സർക്കാർ വിഷയമല്ല. അതിനാൽ സംസ്ഥാന സർക്കാരിന്റെ ഗ്യാരണ്ടിയില്ലാതെ സഹകരണ സ്ഥാപനങ്ങൾ, അവ മറ്റ് ബാങ്കുകളിൽ നടത്തിയിട്ടുള്ളതും ബാധ്യതയില്ലാത്തതുമായ നിക്ഷേപങ്ങളുടെ ഈടിന്മേൽ നബാർഡിൽനിന്നോ എൻ.സി.ഡി.സി.യിൽ നിന്നോ വായ്പയെടുത്താൽ അത് സംസ്ഥാന സർക്കാർ സഹായമല്ല. അതുകൊണ്ട് അങ്ങനെയുള്ള സംഘങ്ങളുടെ ഭരണസമിതിയെ നീക്കം ചെയ്യാനുള്ള വ്യവസ്ഥ വിശദീകരണത്തിൽനിന്ന് നീക്കണം. നിർദ്ദിഷ്ട വ്യവസ്ഥ 1(ബി)-യിൽ ജില്ലാ സഹകരണ ബാങ്കിന്റെ ഔദ്യോഗിക സ്ഥാനത്തുള്ള കമ്മിറ്റി നിലവിൽ ഇല്ലാതായി തീരുന്നതും രജിസ്ട്രാർക്ക് ഒരു പുതിയ കമ്മിറ്റിയെയോ ഒന്നോ അതിലധികമോ ഭരണാധിപനെയോ അല്ലെങ്കിൽ ഭരണാധിപന്മാരെയോ (അവർ സംഘത്തിലെ അംഗങ്ങൾ ആയിരിക്കണമെന്നില്ല) ഉത്തരവിൽ നിർദ്ദേശിക്കുന്ന 6 മാസത്തിൽ അധികരിക്കാത്ത കാലത്തേയ്ക്ക് നിയോഗിക്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കേരള സഹകരണ സംഘ നിയമം വകുപ്പ് 32(1)-ൽ (ഡി) പ്രകാരവും വകുപ്പ് 33 (1)-ൽ (ബി) പ്രകാരവും 3 പേരിൽ അധികരിക്കാത്ത ഒരു അഡ്മിനിട്രേറ്ററെ മാത്രമേ പിരിച്ചുവിടപ്പെടുന്ന അല്ലെങ്കിൽ ഭരണസമിതി ഇല്ലാതാകുന്ന സംഘത്തിന്റെ ഭരണം നടത്തുവാൻ നിയോഗിക്കാവൂവെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ഒന്നോ അതിൽക്കൂടുതലോ ഭരണാധിപന്മാർ എന്നത് 'ഒരു ഭരണാധിപൻ' എന്ന് ഭേദഗതി ചെയ്യണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതികളുടെ വകുപ്പ് തിരിച്ചുള്ള പരിഗണന പിന്നീട് വരുന്നുണ്ട്. ഇപ്പോൾ പൊതുവായ കാര്യങ്ങൾ പറഞ്ഞാൽ മതിയാകും.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, സംസ്ഥാന സഹകരണ മേഖലയ്ക്ക് യാതൊരു നേട്ടവും സംഭാവന ചെയ്യാൻ സാദ്ധ്യതയില്ലാത്തതും എന്നാൽ സഹകരണ മേഖലയ്ക്കാകെ ദോഷകരവുമായ ഈ ബിൽ പിൻവലിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഞാൻ ഈ ബില്ലിനെ ശക്തമായി എതിർക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ടേം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ പുനർവിചിന്തനത്തിന് ഗവൺമെന്റ് തയ്യാറാകണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ

സൂചിപ്പിച്ചത്. ഞങ്ങൾ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ പ്രധാന ഭാഗവും അതുതന്നെയാണ്. അങ്ങ് സൂചിപ്പിച്ചതുപോലെ ഓരോ 5 വർഷം കൂടുമ്പോഴും 1969-ലെ ആക്ടിൽ ഭേദഗതികൾ കൊണ്ടുവരാറുണ്ട്. 2012-ൽ യു.ഡി.എഫ്. കൊണ്ടുവന്നു എന്നുപറയുമ്പോൾ, 2008-ൽ ശ്രീ. ജി. സുധാകരൻ മന്ത്രിയായിരുന്ന സന്ദർഭത്തിലും ഇതേ സ്വഭാവത്തിലുള്ള ഭേദഗതികൾ കൊണ്ടുവന്നതായി നമുക്ക് കാണാൻ കഴിയും. 5 വർഷം കൂടുമ്പോൾ തുടർച്ചയായ ഭേദഗതികൾ വരുത്തുന്നത് സ്വാഭാവികമായും ഈ നിയമത്തിന്റെ സ്പിരിറ്റ് ഇല്ലാതാക്കുന്നുവെന്ന സംശയം പൊതുസമൂഹത്തിൽ നിന്നും ഉയർന്നുവരുന്നുണ്ട്. അങ്ങ് പറഞ്ഞ ഭേദഗതി പ്രത്യേക രീതിയിലുള്ള ദിശാബോധമോ മാർഗ്ഗനിർദ്ദേശമോ സഹകരണ മേഖലയ്ക്ക് നൽകുന്ന ഒന്നായി കാണാൻ കഴിയില്ല. സഹകരണ മേഖല ശക്തമായി നിലനിർത്തുകയെന്നതിന്റെ അനിവാര്യതയും ആവശ്യവും ഉന്നയിച്ച് ആവർത്തന പ്രസംഗത്തിന് ഞാൻ മുതിരുന്നില്ല. സമൂഹത്തിൽ, കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ, പ്രത്യേകിച്ച് ഗ്രാമീണമേഖലയിൽ സഹകരണ സ്ഥാപനങ്ങൾ നൽകിയിട്ടുള്ള അടിത്തറ വളരെ വിപുലമാണ്. Demonetization-ന്റെ സന്ദർഭത്തിൽ ഈ മേഖലയ്ക്കു നേരെയുണ്ടായ ദുഷ്പ്രചരണങ്ങളെ ഭരണ-പ്രതിപക്ഷത്തുള്ളവർ ഒറ്റക്കെട്ടായി എതിർത്തതാണ്. സംഘ് പരിവാർ അജണ്ട ഇതിലേയ്ക്ക് വരാതിരിക്കാൻ ശക്തമായ നിലയിൽ നാം അന്ന് ഒറ്റക്കെട്ടായി നിന്നു. സഹകരണ മേഖലയുടെ പ്രാധാന്യമാണ് അന്നവിടെ ഉയർത്തിയത്. നിർഭാഗ്യവശാൽ ഇന്നിവിടെ വന്നിരിക്കുന്നതും ഞങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുള്ളതുമായ ചില കാര്യങ്ങളിൽ ജനാധിപത്യ ധ്വംസനം ഉണ്ടാകുന്നുവെന്നുള്ളതാണ്. അതുകൊണ്ടാണ് അക്കാര്യത്തിൽ ശക്തമായ എതിർപ്പ് മുന്നോട്ടുവച്ചത്. ജനകീയമായി മുന്നോട്ടുകൊണ്ടുപോകേണ്ട കാര്യം തന്നെയാണിത്. അതുകൊണ്ടുതന്നെ എല്ലാവരേയും ഉൾക്കൊള്ളാനുള്ള സാഹചര്യം ഇതിൽ ഉണ്ടാകണം. 2(1) (എ)-യിൽ 18 ഭേദഗതികൾ അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ, പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെയും അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകളെയും നിലനിർത്തിക്കൊണ്ട് മറ്റുള്ളവർ അസോസിയേറ്റ് മെമ്പേഴ്സായി മാറുന്ന സാഹചര്യമാണുള്ളത്. അങ്ങ് പറയുന്ന ഭാഗം നിലനിൽക്കുന്നു. മറ്റുള്ള സംഘങ്ങളെ അങ്ങ് കടലാസ് സംഘങ്ങളെന്ന് വിശേഷിപ്പിച്ചു. പല പ്രാഥമിക സംഘങ്ങളുടെയും ഇടപാടുകളും നിക്ഷേപങ്ങളും ഈ ബാങ്കുകളുമായുണ്ട്. ഇടപാടുകളും നിക്ഷേപങ്ങളും നിലനിൽക്കുമ്പോൾത്തന്നെ മറ്റവകാശങ്ങൾ ഉണ്ടാകരുതെന്നുപറയുന്നത് പൂർണ്ണമായും ഉൾക്കൊള്ളാൻ കഴിയുന്നതല്ല. കാർഷിക വായ്പാ സംഘങ്ങളുടെ പ്രവർത്തനം പൂർണ്ണമായും വിലയിരുത്താൻ ഗവൺമെന്റ് തയ്യാറാകണം. എത്ര ശതമാനം കാർഷിക/കാർഷികേതര വായ്പകൾ കൊടുക്കുന്നു, സേവന മേഖലയിൽ എത്രത്തോളം തല്പരരായി നിൽക്കുന്നു തുടങ്ങിയ കാര്യങ്ങൾ

പഠിക്കാൻ ഗവൺമെന്റ് ഒരു പഠന സമിതിയെ നിയോഗിച്ചു. ഈ മേഖലയിലും അത് വേണമെന്നുള്ളതാണ് എന്റെ അഭിപ്രായം. ഇവിടെ 16(എ), 19(എ) എന്നീ വകുപ്പുകൾ ഒഴിവാക്കാനുള്ള തീരുമാനം പുനഃപരിശോധിക്കണം. ഒരിക്കൽപ്പോലും ജനറൽ ബോഡിയിൽ പങ്കെടുക്കാത്തവരും സംഘങ്ങളുമായി സഹകരിക്കാത്തവരുമുണ്ട്. അത്തരക്കാരെ നിലനിർത്തിയാൽ മാത്രമേ free and fair ഇലക്ഷൻ ഉണ്ടാവുകയുള്ളൂവെന്നത് അങ്ങയുടെ സ്റ്റേറ്റ്മെന്റിൽ ഉള്ളതാണ്. ആ അഭിപ്രായം യാഥാർത്ഥ്യങ്ങൾക്ക് നിരക്കുന്നതാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. പ്രധാനപ്പെട്ട വിഷയം അങ്ങ് ആവർത്തിച്ച് പറഞ്ഞതുതന്നെയാണ്. 28(എ) (ബി) - യിൽ മൂന്നാമതായി ചേർക്കാൻ ഉദ്ദേശിക്കുന്ന സബ്സെക്ഷൻ തീർച്ചയായും ഇതുവരെ ഉയർത്തിപ്പിടിച്ച ജനാധിപത്യമൂല്യങ്ങൾക്ക് വിരുദ്ധമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നിയമസഭയിലും ലോക്സഭയിലും ഇല്ലാത്ത ഒരു പ്രത്യേക തീരുമാനം സഹകാരികളുടെമേൽ, സംഘങ്ങളിലേയ്ക്ക് അടിച്ചേൽപ്പിക്കുന്നത് ശരിയായ സമീപനമല്ല. നമ്മുടെ സ്വാതന്ത്ര്യംപോലും ചോദ്യംചെയ്യപ്പെടുന്ന നിലയിലേയ്ക്ക് മാറുകയാണ്. ഭരണഘടനപോലും ഭേദഗതി ചെയ്യപ്പെട്ടുപോകുമോയെന്ന ഭയം പൊതുസമൂഹത്തിൽ നിലനിൽക്കുകയാണ്. എന്ത് കഴിക്കണമെന്നും ധരിക്കണമെന്നും ചിന്തിക്കണമെന്നും പ്രവർത്തിക്കണമെന്നുമൊക്കെ മറ്റാരുടെയൊക്കയോ നിർബന്ധത്തിന് വഴങ്ങുന്ന നിലയിൽ രാജ്യത്തെ മാറ്റുമ്പോൾ അതിനെതിരെ ഏറ്റവും ശക്തമായ ശബ്ദവും എതിരഭിപ്രായവും ഉയരുന്നത് കേരളത്തിൽ നിന്നാണ്. ഏറ്റവും അടിത്തറയുള്ള സഹകരണ മേഖലയിൽ അത്തരത്തിലൊരു നിബന്ധന കൊണ്ടുവരരുതെന്നാണ് എനിക്ക് പറയാനുള്ളത്. അങ്ങ് സൂചിപ്പിച്ചതുപോലെ ചില സംഘങ്ങൾ മോശമായ നിലയിൽ പ്രവർത്തിക്കുന്നുണ്ടാകും; ഇല്ലെന്ന് ഞാൻ പറയുന്നില്ല. അതിന് ഓഡിറ്റിംഗും വിജിലൻസും ഗവൺമെന്റും ഒക്കെയുണ്ട്. ഓഡിറ്റിംഗ് സംവിധാനം കുറച്ചുകൂടി ശക്തിപ്പെടുത്തേണ്ടത് അനിവാര്യം തന്നെയാണ്. എത്രയോ പ്രധാനപ്പെട്ട വിഷയങ്ങളുണ്ട്. വിവിധ സംഘങ്ങളുടെ സോഫ്റ്റ്വെയറിലുള്ള അപാകതകൾ അങ്ങ് സൂചിപ്പിച്ചതാണ്. അക്കാര്യങ്ങളെല്ലാം ഗവൺമെന്റിന് ബോധ്യമുണ്ടെന്ന് ഞാൻ കരുതുകയാണ്. ഇന്നത്തെ സാഹചര്യത്തിൽ അനവധി വിഷയങ്ങൾ ഇതിന്റെ ഭാഗമായി നിൽക്കുന്നുണ്ട്. അത്തരം കാര്യങ്ങൾ അഡ്രസ് ചെയ്യാൻ കഴിയണം. അല്ലാതെ പ്രത്യേക താല്പര്യാർത്ഥം ഇത്തരം ഭേദഗതികൾ കൊണ്ടുവരുന്നതിനോട് യോജിക്കാൻ കഴിയില്ല. കേരള ബാങ്ക് രൂപീകൃതമാക്കുന്ന തുൾപ്പെടെയുള്ള കാര്യങ്ങൾ ഗവൺമെന്റിന്റെ നയപരമായ തീരുമാനങ്ങളാണ്. ബ്രാഞ്ചുകളും ജീവനക്കാരെയും നിലനിർത്താൻ ഗവൺമെന്റ് ആഗ്രഹിക്കുന്നുവെന്ന് പ്രസ്താവനയിൽനിന്നും മനസ്സിലാക്കുന്നു. എന്നാൽ ഗവൺമെന്റ് നിയോഗിച്ച എക്സ്പെർട്ട് കമ്മിറ്റി ഇത്രമാത്രം ബ്രാഞ്ചുകൾ ആവശ്യമില്ലെന്നും technically

acquainted ആയ ജീവനക്കാർ മാത്രം ഇതിന്റെ ഭാഗമായി നിൽക്കണമെന്നും പറയുന്നു. സ്വാഭാവികമായും ഈ മേഖലയിൽ വലിയ ആശങ്കകളുണ്ട്. അതുസംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാട് എന്താണെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി പ്രസംഗത്തിൽ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിൽനിന്നും ജനാധിപത്യ വിരുദ്ധമായ തീരുമാനങ്ങൾ മാറ്റാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഞാൻ ഈ ബില്ലിന്റെ വ്യവസ്ഥകളെ എതിർക്കുകയാണ്. 2017 ജൂലൈ 18-ാം തീയതി ഗവർണർ സഹകരണ സംഘ ഭേദഗതി ഓർഡിനൻസ് വിളംബരം ചെയ്തു. ഓർഡിനൻസിനു പകരം ആക്ട് കൊണ്ടുവരാൻ ഈ ബില്ലിന്റെ 10 വകുപ്പുകളിൽ ഭേദഗതി വേണ്ടിവരുന്നു. ഇതിന്റെ രണ്ടാം വകുപ്പിൽ പുതിയതായി ചേർക്കുവാൻ നിർദ്ദേശിച്ച i(എ) ഖണ്ഡത്തിൽ വ്യക്തികൾക്ക് വായ്പ നൽകുന്നതിനായി " to raise funds to be lend to its members and individuals" എന്നുപറഞ്ഞിട്ടുണ്ട്. എന്നാൽ 4-ാം ക്ലോസ്സിൽ അംഗങ്ങൾ ആകുന്നതിൽനിന്നും വ്യക്തിഗത നിക്ഷേപകൻ തഴയപ്പെടുകയാണ്. അതുകൊണ്ട് ഈ ബിൽ നിയമമാകുമ്പോൾ വ്യക്തിഗത നിക്ഷേപകനെക്കൂടി ഉൾപ്പെടുത്തി അംഗത്വം നൽകിയാലേ ഇതിന്റെ അന്തഃസത്തയ്ക്ക് നിരക്കുകയുള്ളൂ. ഇവിടെ സൂചിപ്പിച്ചതുപോലെ മൂന്നാം വകുപ്പിൽ ആക്ടിലെ 16(എ) വകുപ്പും അഞ്ചാം വകുപ്പിൽ ആക്ടിലെ 19(എ) വകുപ്പും ഒഴിവാക്കണമെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ ഒരാൾ തുടർച്ചയായ രണ്ടുവർഷം സംഘത്തിന്റെ സേവനം ഉപയോഗിക്കുന്നതിൽ വീഴ്ചവരുത്തിയാലോ മൂന്ന് വാർഷിക ജനറൽ ബോഡി യോഗങ്ങളിൽ പങ്കെടുക്കാതിരുന്നാലോ അയാളുടെ അംഗത്വം റദ്ദ് ചെയ്യുന്നതിനുള്ളതാണ് ഈ വ്യവസ്ഥകൾ. പ്രസ്തുത വ്യവസ്ഥ ഒഴിവാക്കുന്നത് സർക്കാർ സൂചിപ്പിക്കുന്നതുപോലെ ഏതായാലും സ്വതന്ത്രവും നീതിയുക്തവുമായ തെരഞ്ഞെടുപ്പിനുവേണ്ടിയല്ല എന്നുള്ളത് പകൽപോലെ വ്യക്തമാണ്. ഇതിൽ യാതൊരു സഹകരണവുമില്ലാത്ത അംഗങ്ങൾ കടന്നുവരികയും താക്കോൽ സ്ഥാനങ്ങളിൽ വരാനുള്ള സാധ്യത ഇതുമൂലം ഉണ്ടാകുകയുമാണ്. അതിനാൽ ഈ ബില്ലിലെ 3-ഉം 5-ഉം വകുപ്പുകൾ ഒഴിവാക്കി നിലവിലുള്ള രീതി തുടരേണ്ടതാണ് എന്നാണ് എന്റെ ആവശ്യം. ഈ ബില്ലിലെ 6-ാം വകുപ്പ് നിർദ്ദേശിക്കുന്നതുപോലെ പ്രാഥമിക കാർഷിക വായ്പാസംഘങ്ങളുടെ പ്രതിനിധികൾക്കുവേണ്ടി ഒരു സീറ്റിനുപകരം ഇപ്പോൾ രണ്ട് സീറ്റുകൾ സംവരണം ചെയ്യുവാൻ ബിൽ നിർദ്ദേശിക്കുന്നു. താലൂക്കിലെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾവഴി ജില്ലാ ബാങ്ക് ഭരണസമിതി പിടിച്ചെടുക്കുക എന്ന ലക്ഷ്യവും ഇതിന് പിന്നിലുണ്ടോയെന്ന് ആരും സംശയിക്കപ്പെടുന്ന ഒന്നാണ്. ഈ ബില്ലിലെ

7-ാം വകുപ്പിൽ പറഞ്ഞ ആക്ടിലെ 28 (എ)(ബി) വകുപ്പിന്റെ ഭേദഗതിയിൽ ഒരംഗവും തുടർച്ചയായി രണ്ട് കാലയളവിൽ കൂടുതൽ പ്രസിഡന്റോ വൈസ് പ്രസിഡന്റോ ആയിരിക്കാൻ പാടില്ല എന്ന് നിർദ്ദേശിക്കുന്നുണ്ട്. കമ്മിറ്റിയിൽ ഇത് അനുഭാവപൂർവ്വം പരിഗണിക്കാമെന്നും ഇപ്പോൾ അതുമായി ബന്ധപ്പെട്ട പ്രസ്താവന അങ്ങ് നടത്തിയിട്ടുള്ളതുമാണ്. പ്രത്യേകിച്ച് ത്രിതല പഞ്ചായത്തിലോ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, നിയമസഭ, പാർലമെന്റ് എന്നിവിടങ്ങളിലോ ഇതുപോലൊരു വ്യവസ്ഥയില്ല. സി.പി.ഐ(എം.)-ന്റെ ജനറൽ സെക്രട്ടറി ശ്രീ. സീതാറാം യെച്ചൂരിയെ രാജ്യസഭയിൽ എത്തിക്കാതെ പുറത്താക്കാൻ കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടി പ്രയോഗിച്ചതാണ് 'രണ്ടുതവണയിൽ കൂടുതൽ പറ്റില്ല' എന്ന തന്ത്രം. അത് സഹകരണ മേഖലയിൽ പയറ്റുന്നത് സംഘങ്ങൾ നിയമത്തിന്റെ മറപറ്റി പിടിച്ചെടുക്കാൻ വേണ്ടിയാണ്. ഈ വ്യവസ്ഥ ജനാധിപത്യ വിരുദ്ധമാണ്. ഇൻഡ്യൻ ജനാധിപത്യ സംവിധാനത്തിന്റെ ഒരു മേഖലയിലും നടപ്പിലാക്കിയിട്ടില്ലാത്ത ഈ വ്യവസ്ഥ ദുരുദ്ദേശ്യപരമാണ്. എന്തായാലും ഈ ബിൽ നിർദ്ദേശിക്കുന്നതുപോലെ നിലവിലെ ജില്ലാ ബാങ്ക് ഭരണസമിതിയില്ലാതാകുകയും രജിസ്ട്രാർ നിർദ്ദേശിക്കുന്ന പുതിയ കമ്മിറ്റികൾ നിലവിൽവരികയും ചെയ്യുകയാണ്. പിന്നീട് പുതിയ നിയമമനുസരിച്ചുള്ള കമ്മിറ്റികൾ വരുമ്പോൾ യഥാർത്ഥ സഹകാരികളും ഈ മേഖലയ്ക്കുവേണ്ടി വിയർപ്പൊഴുക്കിയവരും വെറുതെയിരിക്കുകയും വെറുതെ ഇരിക്കുന്നവർ സംഘങ്ങൾ നടത്തുകയും ചെയ്യുന്ന അവസ്ഥ സംജാതമാകും. സ്വാഭാവികമായും ഇത്തരം കാര്യങ്ങളെല്ലാം പരിഗണിച്ചുകൊണ്ട് ഇത് ജനാധിപത്യ വിരുദ്ധമാണ് എന്നുള്ളതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ പൂർണ്ണമായും ഒഴിവാക്കണമെന്നുള്ളതാണ് എന്റെ ആവശ്യം.

[12.00 Noon]

ശ്രീ. ഹൈബി ഈഡനു വേണ്ടി (ശ്രീ. വി. ഡി. സതീശൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി നടത്തിയ പ്രസ്താവന ഞങ്ങളെയെല്ലാവരെയും അത്ഭുതപ്പെടുത്തി. കാരണം, കേരളത്തിലെ സഹകരണ സ്ഥാപനങ്ങളെയും ജില്ലാ ബാങ്കുകളെയുമെല്ലാം അതിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയാണ് ഈ ബില്ലും അതുപോലെതന്നെ ഓർഡിനൻസും കൊണ്ടുവന്നതെന്നുള്ള ഒരു വാദമാണ്

ബഹുമാനപ്പെട്ട മന്ത്രി ഉന്നയിച്ചത്. എനിക്ക് അദ്ദേഹത്തോട് വിനയപൂർവ്വം ചോദിക്കാനുള്ളത്, സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനങ്ങളെ പ്രത്യേകിച്ച് ബാങ്കുകളുടെയും സൊസൈറ്റികളുടെയും ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള എന്ത് പ്രൊവിഷനാണ് ഈ ഓർഡിനൻസിലും ബില്ലിലും ഉള്ളത് എന്നാണ്. യഥാർത്ഥത്തിൽ എല്ലാ പ്രാവശ്യവും സി.പി.ഐ.(എം.)-ന്റെ നേതൃത്വത്തിൽ ഇടതുമുന്നണി അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളെ പിടിച്ചെടുക്കുന്നതിനുവേണ്ടി ചെയ്യുന്ന സ്ഥിരമായ വേലകൾ മാത്രമാണ് ഈ ബില്ലിലുള്ളത്. അല്ലാതെ ഒരു പുതിയ കാര്യവും ഈ ബില്ലിലില്ല. ഈ പ്രവർത്തനങ്ങളെ മെച്ചപ്പെടുത്താനോ ഇതിനുമുമ്പുള്ള....

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, കോ-ഓപ്പറേറ്റീവ് കോൺഗ്രസ്, അഖിലേന്ത്യാ കോൺഗ്രസ് എന്നത് നിങ്ങളെല്ലാവരുംകൂടി ചേർന്നുള്ള സമ്മേളനമാണ്. ആ സമ്മേളനം അംഗീകരിച്ച നയത്തിന്റെ ഭാഗമായാണ് ക്രെഡിറ്റ് സംഘങ്ങൾക്ക് ജില്ലാ ബാങ്കുകളിൽ അംഗത്വം നൽകാതിരുന്നത്. അതനുസരിച്ചാണ് കേരളത്തിൽ നിങ്ങളും ഞങ്ങളുമെല്ലാം കൂടിച്ചേർന്നുകൊണ്ട് അത്തരമൊരു നിയമനിർമ്മാണം നടത്തിയത്. ആ നിയമനിർമ്മാണം കടലാസ് സംഘങ്ങളെയും പ്രവർത്തിക്കാത്ത സംഘങ്ങളെയും ഉപയോഗപ്പെടുത്തി അംഗത്വം കൊടുത്ത് പിടിച്ചെടുക്കാൻ അങ്ങയും അങ്ങയുടെ പാർട്ടിയുമാണ് പരിശ്രമിക്കുന്നത്. അതാണ് ഈ സഹകരണരംഗത്ത് ഇത്തരമൊരു പ്രതിഭാസമുണ്ടാകാനിടയായിട്ടുള്ളത് എന്ന കാര്യം അങ്ങ് മറക്കരുത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: ബഹുമാനപ്പെട്ട അങ്ങ് പറഞ്ഞ വാദം ന്യായീകരിക്കണമോ? ഈ ബില്ലിൽത്തന്നെ അത്തരം സംഘങ്ങളെ അസോസിയേറ്റ് മെമ്പർമാരായി ചേർക്കുന്നതിനുവേണ്ടിയുള്ള പ്രൊവിഷൻകൂടി പ്രൊവൈസോയായി കൊടുത്തിട്ടുണ്ട്. വോട്ടവകാശമില്ല എന്നുമാത്രമേയുള്ളൂ. വ്യാജ മെമ്പർമാരാണെങ്കിൽ എന്തിനാണ് അവരെ അസോസിയേറ്റ് മെമ്പർമാരായി ചേർക്കുന്നത്? മാത്രമല്ല കേരളത്തിൽ പ്രവർത്തിക്കുന്ന എല്ലാ പ്രൈമറി സൊസൈറ്റികളും വ്യാജ സംഘങ്ങളാണോ? അത് ശരിയല്ല. ഞാനതിലേയ്ക്ക് വരാം. അങ്ങ് പറയുന്ന പോയിന്റിലേയ്ക്ക് ഞാൻ തീർച്ചയായും വരാം. ഇവിടെ അങ്ങനെയുള്ള യാതൊരുവിധ സംഭവങ്ങളുമില്ല. ഇവിടെ നിങ്ങൾ നേരത്തെ അധികാരത്തിലിരുന്ന സമയത്ത് എല്ലാ പ്രാവശ്യവും ചെയ്തിട്ടുള്ളതുപോലെ എ.കെ.ജി. ആശുപത്രി മോഡലും പരിയാരം മോഡലും വീണ്ടും മറ്റൊരുതരത്തിൽ ആവർത്തിക്കാൻ ശ്രമിക്കുന്നു. അന്നുണ്ടായ രീതിയിൽ ആ സ്ഥാപനങ്ങളെ പിടിച്ചെടുക്കുന്നതിനുവേണ്ടി നടത്തിയ ചോരപ്പുഴയൊഴുക്കലും അവിടെയുണ്ടാക്കി യിരിക്കുന്ന ബഹളങ്ങളും ഇന്ന് ആവർത്തിക്കാനുള്ള സാധ്യതയുണ്ട്.

നിയമപരമായി അന്ന് ചെയ്ത അതേ പരിപാടി നിയമത്തിന്റെ മറവിലൂടെ ചെയ്തുതീർക്കാൻ നിങ്ങൾ ശ്രമിക്കുന്നു. യഥാർത്ഥത്തിൽ അന്ന് ചെയ്തതും ഇപ്പോൾ നിങ്ങൾ ചെയ്യുന്നതും സഹകരണ ജനാധിപത്യത്തെ കൊല ചെയ്യലാണ്. അല്ലാതെ ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള യാതൊരു നിർദ്ദേശങ്ങളും ഇതിലില്ല. എത്രയോ കമ്മിറ്റി റിപ്പോർട്ടുകളുണ്ടായി. എത്രയോ നിർദ്ദേശങ്ങളുണ്ടായി. അത്തരം നിർദ്ദേശങ്ങളൊന്നും ഇവിടെ നടപ്പാക്കാൻ തയ്യാറായില്ല. സഹകരണ നിയമത്തിൽ കോൺസ്റ്റിറ്റ്യൂഷണൽ അമെന്റ്മെന്റ് വന്നപ്പോൾ ഇവിടെ പുതിയ ബില്ലും അമെന്റ്മെന്റുകളും കൊണ്ടുവന്നു. ആയതിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പ്രധാനപ്പെട്ട സഹകാരികളായ നിങ്ങളുടെ പല അംഗങ്ങളും സംസാരിച്ചപ്പോൾ ആക്ഷേപങ്ങളും ഒരുപാട് നിർദ്ദേശങ്ങളുമൊക്കെയുണ്ടായിരുന്നു. ഈ ഗവൺമെന്റിന് സഹകരണ ആക്ടിൽ ഭേദഗതി വരുത്താനുള്ള ആദ്യത്തെ ഒരവസരം കിട്ടിയപ്പോൾ നിങ്ങളത് ഉപയോഗിക്കാൻ തയ്യാറായോ? അന്ന് നിങ്ങൾ ധാരാളം ആക്ഷേപങ്ങളുന്നയിച്ചല്ലോ. ആ കോൺസ്റ്റിറ്റ്യൂഷണൽ അമെന്റ്മെന്റുമായി ബന്ധപ്പെട്ട സഹകരണ നിയമത്തിലെ ഭേദഗതി യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന സമയത്ത് നിങ്ങളൊരുപാട് ആക്ഷേപങ്ങളുന്നയിച്ചു. എന്നാൽ അന്ന് നിങ്ങൾ ആത്മാർത്ഥതയോടെയായിരുന്നു ആക്ഷേപങ്ങൾ ഉന്നയിച്ചിരുന്നതെങ്കിൽ നിങ്ങൾക്ക് കിട്ടിയ ആദ്യ അവസരത്തിൽത്തന്നെ നിങ്ങൾ ഓർഡിനൻസ് ഇറക്കി ഈ ബാങ്കുകളെ പിരിച്ചുവിടാതെ അല്ലെങ്കിൽ ഈ സ്ഥാപനങ്ങളെ തകർക്കാതെ നോക്കാമായിരുന്നു. ഞങ്ങൾ ജില്ലാ ബാങ്കുകളെ പിരിച്ചുവിട്ടോ? നിങ്ങൾക്ക് തർക്കങ്ങളുണ്ടായിരുന്നില്ലല്ലോ. ഈ നിയമസഭയിൽ കഴിഞ്ഞ അഞ്ചുവർഷക്കാലം ഏറ്റവും കുറവ് ആക്ഷേപങ്ങൾ സി.പി.ഐ.(എം.) അംഗങ്ങളും ഇടതുമുന്നണി അംഗങ്ങളും ഉന്നയിച്ചത് സഹകരണ മേഖലയെ സംബന്ധിച്ചാണ്. പിന്നെയും ഞങ്ങളുടെ ഭാഗത്തുനിന്നാണ് ചില ആക്ഷേപങ്ങളുന്നയിച്ചത്. നിങ്ങളുടെ ഭാഗത്തുനിന്ന് യാതൊരുവിധ ആക്ഷേപങ്ങളുമുണ്ടായില്ല. ശ്രീ. ഇ. പി. ജയരാജൻ ഉൾപ്പെടെയുള്ള പ്രമാണികളായിട്ടുള്ള സി.പി.ഐ.(എം.)-ലെ സഹകാരികളെല്ലാം അന്നത്തെ നിലപാടുകൾക്ക് പൂർണ്ണ പിന്തുണയാണ് പ്രഖ്യാപിച്ചിരുന്നത്. മന്ത്രിയെയോ സഹകരണ വകുപ്പിനെയോ വിമർശിച്ചുകൊണ്ടുള്ള ശരിയായ പ്രസംഗംപോലും ആ കാലഘട്ടത്തിലുണ്ടായിട്ടില്ല. വേണമെങ്കിൽ കഴിഞ്ഞ നിയമസഭയുടെ റിക്കോർഡുകൾ പരിശോധിച്ചുനോക്കണം. സഹകരണ ജനാധിപത്യത്തെ തകർക്കുന്നതിനുവേണ്ടിയോ അതിന്റെ അടിവേര് അറുക്കുന്നതിനു വേണ്ടിയോ ഉള്ള ഒരു ശ്രമവും ഞങ്ങൾ നടത്തിയില്ല. പരമാവധി ആ മേഖലയിൽ അമിതമായ രാഷ്ട്രീയ അതിപ്രസരം ഉണ്ടാകരുത് എന്നുള്ള ആഗ്രഹത്തോടുകൂടി ത്തന്നെയാണ് ഞങ്ങൾ നിലകൊണ്ടത്. ഞങ്ങൾക്കെല്ലാം വ്യത്യസ്തമായ അഭിപ്രായമുണ്ടായിരുന്നു. റബ്കോയെ സംബന്ധിച്ച് വ്യത്യസ്തമായ അഭിപ്രായമുണ്ടായിരുന്നു. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ ഗവൺമെന്റ്

അധികാരത്തിലിരുന്ന സമയത്ത് ഞാൻ തന്നെ ഈ നിയമസഭയിൽ റബ്കോ കടം വാങ്ങിയിട്ട് തിരിച്ചുകൊടുക്കാത്തതിനെപ്പറ്റി ആക്ഷേപമുന്നയിച്ചിട്ടുണ്ട്. ജില്ലാ സഹകരണ ബാങ്കുകളുടെ NPA (Non Performing Asset)-യുടെ 14 ശതമാനത്തോളം വന്നിരുന്നത് റബ്കോ വാങ്ങിക്കൊണ്ടുപോയ കടമാണ്. 300-ഉം 400-ഉം കോടി രൂപ ജില്ലാ സഹകരണ ബാങ്കുകളിൽനിന്ന് കടമെടുത്തിട്ട് തുകയൊന്നും തിരിച്ചടയ്ക്കാതിരിക്കുക, എന്നിട്ട് ഗവൺമെന്റുകൾ വരുമ്പോൾ പാക്കേജുണ്ടാക്കുക എന്നീ നടപടികളിലൊന്നും ഞങ്ങൾക്ക് യാതൊരു യോജിപ്പുമുണ്ടായിരുന്നില്ല. സാധാരണക്കാരുടെ സ്ഥാപനങ്ങൾ തുടങ്ങാൻ സാധാരണക്കാർക്ക് കൊടുക്കുന്ന തുകയല്ലല്ലോ, കോടിക്കണക്കിന് രൂപ കൊണ്ടുപോയി. നിങ്ങളെന്താണ് ചെയ്തത്? അതിന്റെയൊരു ഫിനാൻഷ്യൽ ഡിസിപ്ലിൻ നിങ്ങൾക്കുണ്ടായോ? ഏത് ലോൺ എവിടെ നിന്നെടുത്താലും വഴിയരികിൽ മടിക്കുത്തിൽ പണവുമായി നിൽക്കുന്ന പലിശക്കാരന്റെ കയ്യിൽനിന്നോ സഹകരണ ബാങ്കിൽനിന്നോ ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിൽനിന്നോ ലോക ബാങ്കിൽനിന്നോ എവിടെനിന്ന് കടമെടുത്താലും, കടമെടുത്ത് കഴിഞ്ഞാലുള്ള ബേസിക് പ്രിൻസിപ്പിൾ എന്താണ്; കടമെടുത്താൽ പണം തിരിച്ചുനൽകണം. അതാണ് ബാങ്കിംഗിന്റെ ലളിതമായ തത്വം. പണം എവിടെ നിന്നെടുത്താലും പലിശ സഹിതം തിരിച്ചുകൊടുക്കണം. പലിശ സഹിതം തിരിച്ചുകൊടുക്കാൻ പറ്റിയില്ലെങ്കിൽ, കുറെ ആളുകൾ കൊടുക്കുന്നില്ലെങ്കിൽ ആ സ്ഥാപനങ്ങളുടെ ഷട്ടറിടേണ്ടിവരും. സഹകരണ സ്ഥാപനങ്ങൾക്ക് പിടിച്ചു നിൽക്കാൻ പറ്റുമോ? അങ്ങനെയാണ് എൻ.പി.എ. വർദ്ധിച്ചത്. ആ എൻ.പി.എ.-യിലെ മേജർ പോർഷൻ നിങ്ങളുടെ സ്ഥാപനമായിരുന്നു, നിങ്ങളുടെ രാഷ്ട്രീയമായ അതീശത്വമുള്ള സ്ഥാപനമായിരുന്നു. ആ സ്ഥാപനങ്ങളുടെ മറവിൽ നടന്നിട്ടുള്ള കാര്യങ്ങൾ, എന്തുകൊണ്ടാണ് ഒരു പൈസപോലും തിരിച്ചടയ്ക്കാൻ പറ്റാതെ നിന്നത്? ഇത് എത്രയോ ജില്ലാ ബാങ്കുകളെ സാമ്പത്തിക പ്രതിസന്ധിയിലാക്കി. അതിനെക്കുറിച്ചൊന്നും നിങ്ങൾ സൂചിപ്പിക്കരുത്. അത്തരം കാര്യങ്ങളിലൊക്കെ ഞങ്ങൾ വളരെ ജനാധിപത്യപരമായ ഒരു സമീപനമാണ് സ്വീകരിച്ചത്. ഏറ്റവും പ്രധാനപ്പെട്ട പ്രൈമറി സൊസൈറ്റികൾക്ക് അംഗത്വം കൊടുക്കരുതെന്നു പറയുന്നതിന്റെ ന്യായമെന്താണ്? ഈ ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളിൽ പറയുന്നുണ്ട്. വളരെ കഷ്ടമെന്നു മാത്രമെ എനിക്ക് ഇതിനെ വിശേഷിപ്പിക്കാൻ കഴിയുകയുള്ളൂ. ഇവിടെ കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സ്ട്രക്ച്ചറിനെക്കുറിച്ച് പരിശോധിക്കാൻ റിസർവ് ബാങ്ക് നിയമിച്ച എക്സ്പെർട്ട് കമ്മിറ്റിയുണ്ട്. വളരെ പ്രമാദമായ റിപ്പോർട്ടാണ് പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ട്. ആ റിപ്പോർട്ടിനെ നിങ്ങളും ഞങ്ങളും ഒരുപോലെ എതിർത്തതാണ്. നിങ്ങൾ കേസ് നടത്തി ഫറൂഖ് ബാങ്കിൽ ആ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനെതിരെ വിധി സമ്പാദിച്ച ആളുകളാണ്. സഹകരണ ജനാധിപത്യം സംരക്ഷിക്കാൻ പ്രകാശ് ബക്ഷി കമ്മിറ്റി

റിപ്പോർട്ട് കടലിൽ എറിയണമെന്ന് എല്ലാ സഹകരണ യോഗങ്ങളിലും പ്രസംഗിച്ച ആളുകളാണ് നിങ്ങളെല്ലാവരും. അതിനെ അതിനിശിതമായി വിമർശിച്ചവരാണ്. ആ പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിൽ ആമുഖമായി ചില പാരഗ്രാഫുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ അതുപോലെ പകർത്തിയെഴുതിയിരിക്കുകയാണ് ഈ ബില്ലിൽ. അങ്ങനെ ചെയ്യാൻ നിങ്ങൾക്ക് ലജ്ജയില്ലേ? നിങ്ങൾ നിഷേധിച്ച, പിന്തിരിപ്പനാണെന്ന് വിശേഷിപ്പിച്ച, കോർപ്പറേറ്റുവൽക്കരണം സഹകരണ മേഖലയിലേയ്ക്ക് കൊണ്ടുവരാൻവേണ്ടിയുള്ള കേന്ദ്രഗവൺമെന്റിന്റെ ശ്രമമാണെന്ന് ആക്ഷേപിച്ച, സംസ്ഥാനത്തെ സഹകരണ ബാങ്കുകളെ മുഴുവൻ തകർത്തുകളയാൻ ഉതകുന്നതു മാത്രമാണെന്ന് ആക്ഷേപിച്ച പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിന്റെ പാരഗ്രാഫ് മൂന്നിൽ പറയുന്നത്, The committee noted that the share of STCCS (Short Term Co-operative Credit Structure) in providing agricultural credit has fallen to a mere 17% at the aggregate level, although there are small pockets, where its share is more than 50%. The committee is of the opinion that STCCS which was primarily constituted for provision of agricultural credit must provide atleast 15% of the agricultural credit requirements in its operational area gradually increasing to atleast 30%. ഇത് cut and paste പോലെ, അതായത് ഒരു സാധനം അങ്ങനെതന്നെ എടുത്ത് മറ്റൊരിടത്ത് പ്രതിഷ്ഠിക്കുന്നതുപോലെ ആ കമ്മിറ്റി റിപ്പോർട്ട് അതുപോലെ കോപ്പി ചെയ്യുകയല്ലേ നിങ്ങൾ ചെയ്തത്? ആ പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിനെ ആശ്രയിക്കേണ്ടിവന്നത് ദൗർഭാഗ്യകരമാണ്. ജില്ലാ ബാങ്കുകളെ തകർക്കുന്നതിനു വേണ്ടി, പ്രൈമറി സൊസൈറ്റികളുടെ മെമ്പർഷിപ്പ് ഇല്ലാതാക്കുന്നതിനുവേണ്ടി പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിലെ ഒരു നിഗമനത്തെ ആശ്രയിച്ചുകൊണ്ട് നിയമസഭയിൽ ഈ ബിൽ കൊണ്ടുവന്നത് ദൗർഭാഗ്യകരമാണ് എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പല സ്ഥലങ്ങളിലും വ്യാജ മെമ്പർമാരുണ്ട് എന്നുള്ളത് ശരിയാണ്. പക്ഷെ വ്യാജമെമ്പർമാരെ മാറ്റുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണം. സാധാരണ ഒരു മെമ്പർ സ്ഥിരമായി വരാതിരിക്കുന്നൊരവസ്ഥ വന്നുകഴിഞ്ഞാൽ അയാൾക്ക് ചില ബുദ്ധിമുട്ടുകളുണ്ടാകും. പക്ഷെ ഇവിടെ വ്യാജ മെമ്പർമാർ ധാരാളമായി കയറിയിരിക്കുകയാണ്.

<u>ശ്രീ. പി. ടി. തോമസ്</u> : സർ, കേരളത്തിലെ ഒരു പഞ്ചായത്തിലെ അടുത്തടുത്തുള്ള സൊസൈറ്റികളിൽ ആയിരക്കണക്കിന് മെമ്പർഷിപ്പ് ഓവർലാപ്പ് ചെയ്തുകിടക്കുന്നുണ്ട്. കമ്പ്യൂട്ടർ യുഗത്തിൽ ഈ ഓവർലാപ്പെല്ലാം ഉപയോഗപ്പെടുത്തി ബാങ്കുകൾ പിടിച്ചെടുക്കുന്ന നടപടി തുടർന്നുകൊണ്ടിരിക്കുന്ന വിവരം അങ്ങേയ്ക്കറിയാമോ?

ശ്രീ. വി. ഡി. സതീശൻ : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതു തന്നെയാണ് ഞാൻ പറഞ്ഞുവരുന്നത്. കാരണം, വ്യാജ മെമ്പർമാരെയും ഓവർലാപ്പ് ചെയ്തിരിക്കുന്ന മെമ്പർമാരെയും കണ്ടെത്താനുള്ള ശ്രമം വേണ്ടേ; അതല്ലേ ഏറ്റവും പ്രധാനമായിട്ടുണ്ടാകേണ്ടത്? പല സ്ഥലങ്ങളിലും അതത് ബാങ്കുകളുടെ പരിധിയിലല്ലാത്ത മെമ്പർമാർ ധാരാളമായിട്ടുണ്ട്. ആ ബാങ്കുകളുടെ പരിധിയിലല്ലാത്ത ആയിരത്തോളം ആളുകളെ വ്യാജമായി ചേർത്തുകൊണ്ടാണ് പല ബാങ്കുകളും പിടിച്ചെടുക്കുന്നത്. മെമ്പർഷിപ്പുകളുടെ സത്യസന്ധത പരിശോധിക്കാൻ വേണ്ട നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം. അത്തരമൊരു നടപടിയാണ് ഈ അമെന്റ്മെന്റിലൂടെ മുന്നോട്ടുകൊണ്ടുവന്നിരുന്നതെങ്കിൽ ഞങ്ങൾ അതിനെ സ്വാഗതം ചെയ്യുമായിരുന്നു. ശ്രീ. പി. ടി. തോമസ് ഇവിടെ സൂചിപ്പിച്ചതുപോലെ ഓവർലാപ്പ് ചെയ്തുകിടക്കുന്നതും വ്യാജമായി ചേർത്തിരിക്കുന്നതുമായ മെമ്പർഷിപ്പുകളെയല്ലേ ഇല്ലാതാക്കേണ്ടത്? അതിനുവേണ്ടിയുള്ള നടപടിയാണ് സ്വീകരിക്കേണ്ടത്.

ശ്രീ. പി. കെ. ബഷീർ: സർ, ഇന്നത്തെ മുഖ്യമന്ത്രി 1996-1998 കാലഘട്ടത്തിൽ സഹകരണ വകുപ്പുമന്ത്രിയായിരുന്നു. ആ കാലഘട്ടത്തിൽ പരമേശ്വരൻ പിള്ള കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ആക്ടിംഗ് മെമ്പർഷിപ്പ് കൊണ്ടുവന്നത്. ഇപ്പോഴത്തെ സഹകരണ വകുപ്പുമന്ത്രി പറഞ്ഞു ആ ആക്ടിംഗ് മെമ്പർഷിപ്പ് എടുത്തുകളയുകയാണെന്ന്. അതിന്റെ ലോജിക് എന്താണെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് മനസ്സിലായിട്ടുണ്ടോ? അന്നത്തെ സഹകരണ വകുപ്പുമന്ത്രി ഇന്നത്തെ മുഖ്യമന്ത്രിയായപ്പോൾ ആ മുഖ്യമന്ത്രിയുടെ കീഴിലുള്ള സഹകരണ വകുപ്പുമന്ത്രി അത് പിൻവലിക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ : സർ, അത് ഈ വിഷയത്തിൽ വ്യക്തമായൊരു നയം ഇല്ല, അവ്യക്തതയുണ്ട് എന്ന് സൂചിപ്പിക്കുന്നതാണ്. അതുതന്നെയാണ് ഞാനിവിടെ സൂചിപ്പിച്ചത്. സെക്ഷൻ 28-ലെ അമെന്റ്മെന്റിൽ പറയുന്നത്, Provided also that the election to the committees of the societies shall not be conducted on ward basis irrespective of any provisions to the contrary, contained in the bye-laws of any society. അപ്പോൾ സൊസൈറ്റികളുടെ ബൈലോയിൽ എന്ത് എഴുതിവച്ചാലും വാർഡ് അടിസ്ഥാനത്തിൽ നടത്തണമെന്നില്ല എന്നാണ് പറയുന്നത്. പാർലമെന്റിലേക്കും നിയമസഭയിലേക്കും ഉള്ളതാണ് ജനാധിപത്യപരമായൊരു മോഡൽ എന്ന് വിശേഷിപ്പിക്കപ്പെടുന്നത്. ഡീലിമിറ്റേഷൻ ആക്ട് കൊണ്ടുവന്നതെന്തിനാണ്? എല്ലാ പ്രദേശങ്ങൾക്കും കൃത്യമായ പ്രാതിനിധ്യം ഉണ്ടാകുന്നതിനുവേണ്ടിയാണ് 25 വർഷം കൂടുമ്പോൾ ഡീലിമിറ്റേഷൻ ആക്ട് കൊണ്ടുവരുന്നത്. അപ്പോൾ വാർഡ് തലത്തിലുള്ള ഇലക്ഷൻ നടത്തണമെന്ന്

പറഞ്ഞാൽ എല്ലാ പ്രദേശത്തിനും കൃത്യമായ പ്രാതിനിധ്യം ഉറപ്പുവരുത്തണ മെന്നതാണ്. ഒരു തെരഞ്ഞെടുപ്പിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യമെന്നുപറയുന്നത് representative character ആണ്. ഏത് ഇലക്ടറൽ കോളേജിലാണ് ഇലക്ഷൻ നടത്തുന്നതെങ്കിലും അവിടെ കൃത്യമായും എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകൾക്കും മത്സരിക്കാനുള്ള അവസരം കൊടുക്കണം. സംവരണം കൊടുക്കുന്നതിന്റെ അടിസ്ഥാനതത്വം അതാണല്ലോ. സംവരണം ഇല്ലെങ്കിൽ ആ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് അംഗത്വം ഉണ്ടാകില്ല. അതുകൊണ്ടാണല്ലോ പിന്നോക്ക ജനവിഭാഗങ്ങൾക്കും എസ്.സി./എസ്.ടി.ക്കും സ്ത്രീകൾക്കുമൊക്കെ സംവരണം കൊടുക്കുന്നത്. അല്ലെങ്കിൽ അവരുടെ റപ്രസെന്റേഷൻ ഉണ്ടാകില്ല. ഇലക്ഷന്റെ അടിസ്ഥാനതത്വം എന്നുപറയുന്നത് പ്രോപ്പറായ representative character ആണ്. അത് നശിപ്പിച്ചുകളയുന്നൊരു അമെന്റ്മെന്റാണിത്. എല്ലാ വാർഡുകൾക്കും പ്രാതിനിധ്യം വേണം. ആളുകൾക്ക് ഒരു മെമ്പറെ സമീപിക്കണമെങ്കിൽ അതാത് വാർഡുകളിൽനിന്ന് ആളുകൾ ഉണ്ടായാൽ എന്താണ് കുഴപ്പം? വാർഡ് അടിസ്ഥാനത്തിൽ ഇലക്ഷൻ നടത്തിയാൽ എന്ത് തടസ്സമാണുള്ളത്? ബൈലായിൽ ഉള്ളതുപോലും അംഗീകരിക്കാതെ, വാർഡ് അടിസ്ഥാനത്തിൽ നടത്തണമെന്ന് ബൈലായുണ്ടെങ്കിൽപ്പോലും അതിനെതിരായിട്ടുള്ളൊരു അമെന്റ്മെന്റാണ് ഇപ്പോൾ മുന്നോട്ടുവച്ചിരിക്കുന്നത്.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ജനാധിപത്യത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. അങ്ങനെയാണെങ്കിൽ ആനുപാതിക പ്രാതിനിധ്യം കൊണ്ടുവരികയാണെങ്കിൽ എല്ലാ ആളുകൾക്കും മെമ്പർഷിപ്പ് കിട്ടും. പ്രതിപക്ഷമെന്നുള്ളത് ഇല്ലാതാകുന്ന ഇന്നത്തെ തെരഞ്ഞെടുപ്പ് രീതി മാറി ജനാധിപത്യത്തിൽ പ്രതിപക്ഷംകൂടി വരണം. അപ്പോൾ ആനുപാതിക പ്രാതിനിധ്യം കൊണ്ടുവരുന്ന കാര്യത്തിൽ അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. വി. ഡി. സതീശൻ</u> : അതിനോട് എനിക്ക് യോജിപ്പില്ല. കാരണം, എല്ലാ സ്ഥലങ്ങളിലും അങ്ങനെയൊരു പ്രാതിനിധ്യ സ്വഭാവമല്ലല്ലോ ഉദ്ദേശിക്കുന്നത്. പല സൊസൈറ്റികളിലും ഏറ്റവും കൂടുതൽ വോട്ട് കിട്ടുന്ന ആളുകൾ ജയിച്ചുവരുന്നുണ്ടല്ലോ. അങ്ങ് ഇത് എൽ.ഡി.എഫ്.-ൽ അവതരിപ്പിച്ചിട്ട് അവരുടെ അഭിപ്രായം കേൾക്കണം. തീർച്ചയായും ഞങ്ങൾ ഇത് ചർച്ചചെയ്തിട്ടുണ്ട്. ഞാൻ ഒരഭിപ്രായം ഒറ്റയ്ക്ക് പറയേണ്ട ആളല്ലല്ലോ. കോൺഗ്രസ് പാർട്ടിയും യു.ഡി.എഫ്.-ഉം അത് ചർച്ച ചെയ്യണം. അങ്ങ് എൽ.ഡി.എഫ്.-ഉം ആയി ആലോചിച്ച് ചർച്ചചെയ്യണം. അപ്പോൾ നമുക്ക് അതിനെക്കുറിച്ച് ആലോചിക്കാം. ഏതായാലും ഇപ്പോൾ കുറച്ച് ആളുകൾ ജയിച്ചുവരുന്നുണ്ട്.

ഇതിൽ ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു അമെന്റ്മെന്റ് സെക്ഷൻ 28 (എ) (ബി) ആണ്. അതിൽ പറയുന്നത്, No member of a society shall be eligible to hold office as its president or vice president for more than two consecutive terms. ചർച്ചയ്ക്ക് വിധേയമാക്കാമെന്ന് അങ്ങ് ആമുഖത്തിൽ ബിൽ അവതരിപ്പിച്ചുകൊണ്ടു പറഞ്ഞു. ഇവിടെ എല്ലാവരും സൂചിപ്പിച്ചതുപോലെ പാർലമെന്റംഗങ്ങൾക്കോ നിയമസഭാംഗങ്ങൾക്കോ പഞ്ചായത്ത് പ്രസിഡന്റിനോ ഇല്ലാത്ത കാര്യം കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ പ്രസിഡന്റിനുമാത്രം ബാധകമാക്കുന്നതിൽ ഒരു വിവേചനമുണ്ട്. വർഷങ്ങളായി കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ തലപ്പത്തിരിക്കുന്ന വളരെ നല്ല സഹകാരികളുള്ള സംസ്ഥാനമാണ് കേരളം. സത്യസന്ധമായി പ്രവർത്തിക്കുന്നതും നല്ല സ്ഥാപനമെന്ന നിലയിൽ സാമ്പത്തിക അച്ചടക്കത്തോടുകൂടി കൊണ്ടുപോകുന്നവരുള്ളതുമാണ്. പല സംഘങ്ങളും ചില വ്യക്തികളെ കേന്ദ്രീകരിച്ചാണ് നന്നായി പ്രവർത്തിക്കുന്നത്. കുഴപ്പംപിടിച്ച ഒന്നോരണ്ടോ ആളുകളോ ഒറ്റപ്പെട്ട സംഭവങ്ങളോ റിപ്പോർട്ട് ചെയ്യപ്പെട്ടുകാണും. ന്യായത്തിന്റെയോ നിയമത്തിന്റെയോ പിൻബലമില്ലാത്ത യുക്തിഭദ്രമല്ലാത്ത ഒരു അമെന്റ്മെന്റാണിത്. ഇത് നടപ്പാക്കിക്കഴിഞ്ഞാൽ പർപ്പസ് അറിയില്ല. Two consecutive terms എന്നാണ് പറയുന്നത്. Term എന്നതിനെക്കുറിച്ച് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിന്റെ സെക്ഷൻ 28-ൽ പറയുന്നത്, Managing committee has no right to continue in office after the expiry of its term. It can continue till the election of the new managing committee is over and till the new committee takes over the charge. Term of managing committees of co-operative societies constituted before the commencement of the amendment is automatically extend to five years എന്നാണ്. ടേം എന്നുപറയുന്നത് കാലാവധിയാണ്. അഞ്ചുവർഷം കാലാവധി പൂർത്തിയാക്കിയാലേ ഒരു ടേം ആകുയുള്ളൂ. അഞ്ചുവർഷം പ്രസിഡന്റായോ വൈസ് പ്രസിഡന്റായോ ഒരു ടേം പൂർത്തിയാക്കി രണ്ടാമത്തെ ടേം പൂർത്തിയാക്കുന്നതിന് ഒരു മാസം മുമ്പ് രാജി വയ്ക്കുന്നു. അതിനുശേഷം വേറൊരാളെ പ്രസിഡന്റാക്കുന്നു. അങ്ങനെയെങ്കിൽ മൂന്നാമത് വരുമ്പോൾ അയാൾക്ക് വീണ്ടുമാകാം. ഈ നിയമം പ്രാബല്യത്തിൽ വന്നാലും എന്തെങ്കിലും പർപ്പസ് ഉണ്ടെങ്കിൽ അത് ഡിഫീറ്റഡാകും. കാരണം അഞ്ചുവർഷം കൃത്യമായി പൂർത്തിയായാൽ മാത്രമേ ടേം കംപ്ലീറ്റാവുകയുള്ളൂ. ഈ ബിൽ ആക്ടായി കഴിഞ്ഞാൽ ഒരു മാസം മുൻപ് രാജിവച്ച ഒരാൾക്ക് നിയമപരമായി പറയാൻ കഴിയും രണ്ടാമത്തെ ടേം ഞാൻ പൂർത്തിയാക്കിയിട്ടില്ലെന്ന്. Two consecutive terms എന്നാണ്. രണ്ടാമത്തെ ടേം പൂർത്തിയാക്കാത്തതുകൊണ്ട് മൂന്നാമതും ഒരാൾക്ക് ആകാം. എന്റെ നാട്ടിലെ ഒരു ബാങ്കിൽ ഇലക്ഷൻ നടക്കുന്ന സമയത്ത്

കേസ് കൊടുത്ത് സ്റ്റേ വന്നു. സ്റ്റേ വന്നപ്പോൾ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിച്ചു. വീണ്ടും ഇലക്ഷൻ നടന്നു. ഇലക്ഷൻ നടന്നപ്പോൾ പഴയ വ്യക്തിക്ക് വീണ്ടും പ്രസിഡന്റാകാം. അദ്ദേഹം രണ്ടുമൂന്നു തവണ ടേം കഴിഞ്ഞതാണ്. എന്നാൽ ഈ ടേം കഴിഞ്ഞിട്ടില്ല. ഈ ടേം പൂർത്തിയാക്കുന്നതിനുമുമ്പ് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി വന്നു എന്നുപറയുന്നതുപോലെ അവസാനത്തെ ഒരു മാസമോ അല്ലെങ്കിൽ ഒരാഴ്ചയോ മുമ്പ് ഒരാളെ രാജിവയ്പ്പിച്ച് മറ്റൊരാളെ പ്രസിഡന്റാക്കിയാൽ പഴയ ആൾക്ക് വീണ്ടും പ്രസിഡന്റാകാൻ കഴിയും. ഇതു മാറ്റണമെന്നതുതന്നെയാണ് ഗവൺമെന്റിന്റെ സമീപനം. ഇതിൽ മാറ്റം വരുമെന്നുള്ളതുകൊണ്ട് അതിനെസംബന്ധിച്ച് ദീർഘമായി പറയുന്നില്ല. ഒരു പ്രധാനപ്പെട്ട കാര്യം ഇവിടെ സൂചിപ്പിക്കാനുള്ളത്, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ പറഞ്ഞത് കേരള ബാങ്ക് കൊണ്ടുവരുമെന്നാണ്. കോ-ഓപ്പറേറ്റീവ് ഓർഡിനൻസ് ഇറങ്ങിക്കഴിഞ്ഞപ്പോൾ ഞാൻ വിചാരിച്ചു കേരള ബാങ്ക് കൊണ്ടുവരുന്നതിനുള്ള നടപടിയാണെന്ന്. കേരള ബാങ്ക് കൊണ്ടുവരണമെങ്കിൽ ത്രീ ടയർ സിസ്റ്റം ഇല്ലാതായി ജില്ലാ ബാങ്കുകൾ ഇല്ലാതാകണം. ജില്ലാ ബാങ്കുകളെ പിടിച്ചെടുക്കുന്നതിനുവേണ്ടിയുള്ള പ്രൊവിഷനാണ് ഇതിലുള്ളത്. ജില്ലാ ബാങ്കുകളെ ഇല്ലാതാക്കുന്നതിനുവേണ്ടിയുള്ള പ്രൊവിഷനല്ല. കേരളാ ബാങ്കിനെ സംബന്ധിച്ച് സർക്കാരിന്റെ ഇപ്പോഴത്തെ നിലപാട് എന്താണ്? കേരളാ ബാങ്ക് വേണ്ട എന്നാണോ? ഈ ബില്ലിൽ കാണുന്നത് ജില്ലാ ബാങ്കുകളെ പിടിച്ചെടുക്കുന്നതിനാണ് പുതിയ ബിൽ കൊണ്ടുവരുന്നത് എന്നാണ്. അതിനർത്ഥം ജില്ലാ ബാങ്ക് നിലവിൽവരുമെന്നാണ്. കേരളാ ബാങ്ക് എന്ന സങ്കൽപ്പത്തെ ഡ്രോപ്പ് ചെയ്തോ? ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ നിങ്ങൾ ശ്രീറാം കമ്മിറ്റി റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയാണ് ത്രീ ടയർ സിസ്റ്റം വേണ്ടെന്ന തീരുമാനമെടുത്തിരുന്നത്. ശ്രീറാം കമ്മിറ്റി റിപ്പോർട്ടിൽ പറയുന്ന കൺക്ലൂഷൻസും നേരത്തെ ഞാൻ ആക്ഷേപം ഉന്നയിച്ച, നിങ്ങൾ എല്ലാവരും സ്ഥിരമായി ആക്ഷേപം ഉന്നയിക്കുന്ന പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിലെ ത്രീ ടയർ സിസ്റ്റം വേണ്ടായെന്ന റീസണിംഗും ഒന്നുതന്നെയാണ്. അതിൽ പറയുന്നത് പ്രൈമറി സൊസൈറ്റീസ് ബിസിനസ്സ് ഏജന്റുമാരെപ്പോലെ പ്രവർത്തിക്കണമെന്നാണ്. ബാങ്കിംഗിന്റെ മോഡണൈസേഷനുവേണ്ടിയാണ് ത്രീ ടയർ മാറ്റി ടു ടയർ ആക്കുന്നത്. അപ്പോൾ എന്ത് മോഡണൈസേഷനാണ് ഇല്ലാതാകുന്നത്? നിലവിലുള്ള ത്രീ ടയർ നിലനിർത്തിയാൽ എന്ത് ബുദ്ധിമുട്ടാണ് ഉണ്ടാകുന്നത്? ഇപ്പോൾത്തന്നെ അവർ എ.ടി.എം നടത്തുന്നുണ്ട്, കൊമേഴ്സ്യൽ ബാങ്കുമായി ടൈ അപ് ചെയ്യുന്നുണ്ട്. ഗവൺമെന്റ് തീരുമാനിച്ചാൽ, ഗവൺമെന്റ് നിയമത്തിലും ചട്ടത്തിലും ഭേദഗതി കൊണ്ടുവന്നാൽ മോഡേൺ ബാങ്കിംഗുമായി മത്സരിക്കുന്നതിന് സഹകരണ ബാങ്കുകളെ ശക്തിപ്പെടുത്തുന്നതിന്, മോഡണൈസ് ചെയ്യുന്നതിനുള്ള

നടപടിക്രമങ്ങൾ കൊണ്ടുവരാം. അതുപോലെ അഴിമതി ആരോപണങ്ങളുണ്ട്, ആക്ഷേപങ്ങളുണ്ട്, അക്കൗണ്ടിംഗ് സിസ്റ്റത്തിൽ തകരാറുണ്ടെങ്കിൽ നിങ്ങൾക്കൊരു പക്കാ അക്കൗണ്ടിംഗ് സിസ്റ്റം ആവിഷ്കരിക്കാം. സംസ്ഥാനത്തെ സഹകരണ ബാങ്കുകളെ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങളതല്ലേ? കേരളത്തിലെല്ലായിടത്തും പ്രൈമറി സൊസൈറ്റികൾക്കും ജില്ലാ ബാങ്കുകൾക്കും മറ്റ് സഹകരണ ബാങ്കുകൾക്കും ലൂപ്ഹോൾസ് ഇല്ലാത്ത സോഫ്റ്റ്‌വെയർ, എല്ലാവർക്കും അക്കൗണ്ടബിലിറ്റിയുള്ള കൈമാറ്റം ചെയ്യപ്പെടുന്ന പണം കൃത്യമായി നിരീക്ഷിക്കാൻ കഴിയുന്ന സംവിധാനമുള്ള അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ നിങ്ങൾക്ക് കൊണ്ടുവരാൻ കഴിയില്ലേ? അതൊന്നും ചെയ്യാതെ പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിനെത്തന്നെ ആശ്രയിച്ചുകൊണ്ട് ശ്രീറാം കമ്മിറ്റി റിപ്പോർട്ടുണ്ടാക്കിയിരിക്കുന്നു. ആ റിപ്പോർട്ടുകൊണ്ട് കേരള ബാങ്ക് കൊണ്ടുവരുന്നതിനുള്ള നടപടിയിൽ നിന്ന് നിങ്ങൾ പിന്മാറുമെന്നാണ് എനിക്ക് തോന്നുന്നത്. മാത്രമല്ല 6300 ജീവനക്കാർ എല്ലാ ജില്ലാ ബാങ്കുകളിലുമായുണ്ട്. കേരളാ ബാങ്ക് വന്നാൽ ജീവനക്കാരായി 1300 പേർ മതി. ബാക്കി 5000 പേർ എവിടെപോകും? അക്കാര്യത്തിലൊക്കെ തീരുമാനം വേണം. മാത്രമല്ല ആർ.ബി.ഐ.യുമായി അമാൽഗമേഷൻ നടത്തണമെങ്കിൽ റിസർവ് ബാങ്കിന്റെ അനുമതി വേണ്ടേ? ഈ കമ്മിറ്റിപോലും റിസർവ് ബാങ്കിൽനിന്നും റിട്ടയർ ചെയ്ത ഗവർണറുമായായാണ് സംസാരിച്ചിട്ടുള്ളത്. റിസർവ് ബാങ്കിൽ ഔദ്യോഗികമായി കമ്മിറ്റിയോ ഗവൺമെന്റോ സംസാരിച്ചിട്ടില്ല. ശ്രീറാം കമ്മിറ്റി റിപ്പോർട്ട് അങ്ങ് വായിച്ചുനോക്കണം. അതിന്റെ അവസാന ഭാഗം മുഴുവൻ കേരളാ ബാങ്ക് നിലവിൽ വരുമ്പോൾ സോഫ്റ്റ്‌വെയർ ഏത് കമ്പനിയിൽ നിന്നെടുക്കണമെന്നതിനെക്കുറിച്ചാണ്. ചില കമ്പനികളുടെ പേര് സ്പെസിഫിക്കായി പറഞ്ഞിട്ടുണ്ട്. അദ്ദേഹം ഹൈദരാബാദിൽ നിന്നുള്ള ആളായതുകൊണ്ട് ഹൈദരാബാദിലുള്ള ചില സോഫ്റ്റ്‌വെയർ കമ്പനികളുടെ പേരുകൂടി പറഞ്ഞിട്ടുണ്ട്. റിപ്പോർട്ടുണ്ടാക്കുന്നതിന് എവിടെ നിന്നാണ് ഇങ്ങനെയുള്ള ആളുകളെ കിട്ടിയത്? ഒരു കാര്യംകൂടി പറഞ്ഞവസാനിപ്പിക്കുന്നു, രജിസ്ട്രാർ ഒരു പുതിയ സർക്കുലർ ഇറക്കിയിട്ടുണ്ട്. ആ സർക്കുലർ അനുസരിച്ച് KYC നോംസും പുതിയ കാര്യങ്ങളുമെല്ലാം നമ്മുടെ ബാങ്കുകൾ ചെയ്യണം. അത് ചെയ്തില്ലെന്നതിന്റെ പേരിൽ ഇൻകം ടാക്സ് നോട്ടീസ്, റെയ്ഡ് കൂടാതെ പല ആളുകളും ക്രിമിനൽ കേസിൽ തന്നെ പ്രതികളാകുന്നുണ്ട്. ആ സർക്കുലർ ഇറക്കുന്നതിനുമുമ്പ് രജിസ്ട്രാർ പരിശോധിക്കേണ്ടത് ആർ.ബി.ഐ. ഇറക്കിയ മാസ്റ്റർ സർക്കുലറാണ്. മാസ്റ്റർ സർക്കുലറിൽ പ്രൈമറി സൊസൈറ്റീസ് വരുന്നുണ്ടോ? ആർ.ബി.ഐ. കൃത്യമായി പറഞ്ഞിരിക്കുന്നത്, The primary urban co-operative banks are being functioning under the supervision and control of Reserve Bank of India for banking related functions in terms of the

powers vested in it under banking regulation act 1949 എന്നാണ്. അർബൻ ബാങ്കുകൾ മാത്രമാണ് റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിലുള്ളത്. റിസർവ് ബാങ്കിന്റെ മാസ്റ്റർ സർക്കുലർ അർബൻ ബാങ്കുകൾക്ക് മാത്രമാണ് ബാധകമായിരിക്കുന്നത്, പ്രൈമറി സൊസൈറ്റികൾക്ക് ബാധകമല്ല. എന്നാൽ രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് സർക്കുലർ ഇറക്കിയപ്പോൾ പ്രൈമറി സൊസൈറ്റികൾക്കും ബാധകമാകുന്ന തരത്തിലായി. അപ്പോൾ അത് ബൈന്റിംഗായി. ബൈന്റിംഗായപ്പോൾ ഇൻകം ടാക്സിന്റെയും കേന്ദ്ര ഏജൻസികളുടെയും കൊറി വന്നുതുടങ്ങി. ധാരാളം സ്ഥലത്ത് റെയ്ഡ് നടത്തുകയും പല ആളുകളും പ്രതികളാകുകയും ചെയ്യുന്ന സാഹചര്യമുണ്ടായി. റിസർവ് ബാങ്കിന്റെയും കേന്ദ്ര ഗവൺമെന്റിന്റെയും അനാവശ്യമായ ഇടപെടലുകൾ സഹകരണ മേഖലയിലേക്ക് ക്ഷണിച്ചുവരുത്തുന്ന നടപടികളാണിത്. അതുകൊണ്ട് അടിയന്തരമായി ആ സർക്കുലർ പിൻവലിക്കുന്നതായിരിക്കും ഉചിതമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. വളരെ ആത്മാർത്ഥതയുണ്ടായിരുന്ന സഹകാരികൾ കോൺഗ്രസ് പാർട്ടിയിലുണ്ടായിരുന്നവർ, കമ്മ്യൂണിസ്റ്റ് പാർട്ടിയിലുണ്ടായിരുന്നവർ, രാഷ്ട്രീയ ആഭിമുഖ്യമുണ്ടായിരുന്നവർ വളരെ ആത്മാർത്ഥതയുണ്ടായിരുന്ന സഹകാരികൾ തുടങ്ങിയ ഈ പ്രസ്ഥാനം രാഷ്ട്രീയ അതിപ്രസരംകൊണ്ട് തകർന്നുപോകുന്ന ഒരു സ്ഥിതിയിലേക്ക് പോകരുത്. അമിതമായ രാഷ്ട്രീയാതി പ്രസരം മറ്റ് ചില ഏജൻസികളെ ഇടപെടുത്തുന്നതിന് കാരണമാകുമെന്ന ഓർമ്മകൂടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ജനാധിപത്യവിരുദ്ധമായി സഹകരണ ജനാധിപത്യത്തെ ഇല്ലാതാക്കുന്നതിനുവേണ്ടിയുള്ള പ്രൊവിഷനാണ് ഇതിൽ പ്രധാനമായുമുള്ളത്. സഹകരണ മേഖലയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഒരു നിർദ്ദേശവും ഈ ബില്ലിലില്ലെന്നതുകൊണ്ട് ഞാൻ ഈ ബില്ലിനെ എതിർക്കുന്നു. ഭേദഗതി മൂവ് ചെയ്യുന്നു.

ശ്രീമതി യു. പ്രതിഭ ഹരിക്കുവേണ്ടി (ശ്രീ. വി. ജോയി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ പ്രസ്ഥാനത്തെ സംബന്ധിച്ച് ധാരാളം ചർച്ചകൾ ഈ സഭയിൽ നടന്നിട്ടുണ്ട്. 113 വർഷത്തെ പാരമ്പര്യം നമ്മുടെ സഹകരണ പ്രസ്ഥാനത്തിനുണ്ട്. 97-ാം ഭരണഘടനാ ഭേദഗതിയുടെ ഭാഗമായി 2013-ൽ ഈ സഭ പാസ്സാക്കിയ ഒരു നിയമത്തിന്റെ ഭേദഗതിയാണ് യഥാർത്ഥത്തിൽ ഇപ്പോൾ ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. ഇതിൽ പ്രധാനമായും രണ്ടുമൂന്ന് ഭേദഗതികളെ സംബന്ധിച്ചുള്ള പ്രശ്നമാണ് വരുന്നത്. ഒന്ന് 16 A, മറ്റൊന്ന് 19 A.

16 A-രണ്ട് വർഷമോ അതിലധികമോ നിശ്ചയിക്കപ്പെട്ട കുറഞ്ഞ സേവനം ലഭിക്കാത്ത അംഗവും തുടർച്ചയായി മൂന്ന് പൊതുയോഗങ്ങളിൽ പങ്കെടുക്കാത്ത അംഗവും പുറത്താകുമെന്നുള്ളതാണ്. ഇത് വളരെ ദൂരവ്യാപക ഫലങ്ങൾ കഴിഞ്ഞ നാളുകളിലുണ്ടാക്കിയിട്ടുണ്ട്. തുടർച്ചയായ മൂന്ന് പൊതുയോഗങ്ങളിൽ പങ്കെടുക്കാത്ത ഭരണസമിതിക്ക് വേണ്ടപ്പെട്ടയാളുകളുടെ വീട്ടിൽക്കൊണ്ടുപോയി അറ്റൻഡൻസ് രജിസ്റ്റർ ഒപ്പിടീച്ച് ലിസ്റ്റാക്കാൻ കഴിയുമായിരുന്നു. നിലവിലിരിക്കുന്ന ഭരണസമിതികൾക്ക് ജനാധിപത്യവിരുദ്ധമായ എന്ത് നിലപാടുകളും സ്വീകരിക്കാൻ കഴിയുന്ന തരത്തിലാണ് അന്ന് ആ നിയമഭേദഗതി നടപ്പിലാക്കിയത്. രണ്ടാമത്, രണ്ട് വർഷക്കാലത്തിനിടയിലെ ബിസിനസ്സ്; തങ്ങൾക്ക് വേണ്ടപ്പെട്ട ഒരാളിനെക്കൊണ്ട് അല്ലെങ്കിൽ ഭരണസമിതിതന്നെ ഹയർ പർച്ചേസിൽ അവിടത്തെ സ്റ്റോറിൽനിന്നും ചെറിയ പർച്ചേസ് നടത്തിയാൽ അതിന്റെ അടിസ്ഥാനത്തിലും അവരുടെ അംഗത്വം നിലനിർത്താൻ സാധിക്കും. ലോണെടുക്കേണ്ട, ഡെപ്പോസിറ്റ് ചെയ്യേണ്ട, ഗോൾഡ് ലോൺ വയ്ക്കേണ്ട ഒന്നും ചെയ്യേണ്ട. ഈ നിലയിൽ 16 A എന്ന ക്ലോസ് വളരെ വ്യാപകമായി ദുരുപയോഗം ചെയ്തിട്ടുണ്ട്. അതൊഴിവാക്കുന്നതുമായി ബന്ധപ്പെട്ട് ഇവിടെ കൊണ്ടുവന്നിട്ടുള്ള ഭേദഗതിയെ അംഗീകരിക്കുകയാണ്.

ഈ ബില്ലിന്റെ ഭാഗമായി പ്രധാനമായും ഉയർന്നുവന്നിട്ടുള്ളത് നിലവിലുള്ള ജില്ലാ സഹകരണ ബാങ്കുകളെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥയാണ്. ഈ വ്യവസ്ഥയിൽ, പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും അർബൻ സഹകരണ ബാങ്കുകളും ഒഴികെയുള്ള ഡി.സി.ബി.യിലെ അംഗങ്ങൾ അപ്രകാരം ബാങ്കുകളുടെ നാമമാത്രമായ അല്ലെങ്കിൽ അസോസിയേറ്റ് അംഗങ്ങളായി തീരുന്നതാണ്. അസോസിയേറ്റ് എന്നുപറയുന്നത് നിലനിർത്തണമോ എന്നുള്ളതാണ് ഒരു പ്രധാനപ്പെട്ട ചോദ്യം. ഇവിടെ നേരത്തെ ബഹുമാന്യരായ പല അംഗങ്ങളും അതുസംബന്ധിച്ച് പറഞ്ഞു. ഇപ്പോൾ കാർഷികേതര സംഘങ്ങൾ ഡി.സി.ബി.-ക്ക് എന്ത് സഹായം നൽകുന്നുണ്ട് എന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ ആമുഖ പ്രസംഗത്തിൽ സൂചിപ്പിച്ചു. പ്രാഥമിക ബാങ്കുകളുടെ അപ്പെക്സ് ബോഡിയാണ് യഥാർത്ഥത്തിൽ ജില്ലാ സഹകരണ ബാങ്കുകൾ. ഇപ്പോൾ ജില്ലാ സഹകരണ ബാങ്കിന്റെ ആകെ നിക്ഷേപം 52,455 കോടി രൂപയാണ്. ഇതിൽ പ്രാഥമിക ബാങ്കുകളുടെ വിഹിതം 26,000 കോടി രൂപയിലധികമാണ്. ഏതാണ്ട് 50 ശതമാനത്തോളവും പ്രാഥമിക ബാങ്കുകളുടെ നിക്ഷേപമാണ് ജില്ലാ സഹകരണ ബാങ്കുകളിലുള്ളത്. ഇവിടെയാണ് മറ്റ് കാർഷികേതര സംഘങ്ങളെ കുത്തിനിറച്ച് അവർക്ക് കാലാകാലങ്ങളിൽ യു.ഡി.എഫ്. ഭരണസമിതി വരുമ്പോൾ വോട്ടവകാശം നൽകി ഭരണസമിതികൾ പിടിച്ചെടുക്കുന്നതിനായി തിരിമറികൾ

നടത്തുന്നത്. ഇത് ജനാധിപത്യത്തെ കശാപ്പ് ചെയ്യലല്ല എന്നുപറഞ്ഞാൽ ആരെങ്കിലും അംഗീകരിച്ചുകൊടുക്കുമോ? ഇപ്പോൾ ജില്ലാ സഹകരണ ബാങ്കുകളിൽ കാർഷികേതര ബാങ്കുകളായി രജിസ്റ്റർ ചെയ്യപ്പെടുന്നത് ഏതൊക്കെയാണ്? കയർ സംഘങ്ങൾക്ക് അപ്പെക്സ് ബോഡിയായി കയർ ഫെഡ് ഉണ്ട്. കൈത്തറി, മത്സ്യമേഖല, ക്ഷീര മേഖല എന്നിവയുമായി ബന്ധപ്പെട്ട് സംഘങ്ങളുണ്ട്. ഇവയ്ക്കെല്ലാം അപ്പെക്സ് ബോഡി നിലവിലുള്ളപ്പോൾ ഈ സംഘങ്ങളെ ഡി.സി.ബി.കളിൽ രജിസ്റ്റർ ചെയ്തിട്ടാണ് ഇത് ചെയ്യുന്നത്. യഥാർത്ഥത്തിൽ ഇതിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ നാമമാത്ര അല്ലെങ്കിൽ അസോസിയേറ്റ് അംഗമായി നിലനിർത്തുന്നത് ശരിയല്ലെന്ന അഭിപ്രായമാണ് എനിക്കുള്ളത്. കാർഷികേതര ബാങ്കുകൾ മറ്റേതെങ്കിലും സോഷ്യൽ വെൽഫയർ സൊസൈറ്റി, റസിഡന്റ്സ് സൊസൈറ്റി അങ്ങനെയുള്ള ചില സൊസൈറ്റികൾ കഴിഞ്ഞ കാലങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. അവർക്ക് വേണമെങ്കിൽ വേറൊരു അപ്പെക്സ് ബോഡിയെക്കുറിച്ച് ചിന്തിക്കാവുന്നതാണ്. അല്ലാതെ ഡി.സി.ബി.യുടെ ഭാഗമായി ഇത് കൊടുക്കേണ്ട ആവശ്യമില്ലെന്ന അഭിപ്രായമാണ് എനിക്ക് അതുമായി ബന്ധപ്പെട്ട് പറയാനുള്ളത്. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനാണ് ഇതിൽ വിഭാവന ചെയ്തിട്ടുള്ളത്. അപ്പോൾ അതിൽ നിന്നും വ്യതിചലിച്ചുകൊണ്ടാണ് എല്ലാ കാലത്തും ഇത് ചെയ്തുകൊണ്ടിരിക്കുന്നത്. കടലാസ് സംഘങ്ങൾക്കും നാമമാത്ര സംഘങ്ങൾക്കും അംഗത്വം കൊടുത്ത് ഇത് പിടിച്ചെടുക്കുകയാണ് യു.ഡി.എഫ്. വരുമ്പോൾ ആകെ ചെയ്യുന്നത്. പ്രാഥമിക കാർഷിക ബാങ്കുകളുടെ തുകയാണ് ഏറ്റവും കൂടുതൽ ജില്ലാ സഹകരണ ബാങ്കുകളിലുള്ളതെങ്കിലും കഴിഞ്ഞ കാലത്തെ ഭരണസമിതി തെരഞ്ഞെടുപ്പ് പരിശോധിക്കപ്പെടേണ്ടതാണ്. കഴിഞ്ഞ കാലങ്ങളിലെ ഡി.സി.ബി.-യുടെ ചില ഭരണസമിതികളിലെ പ്രസിഡന്റുമാരെങ്കിലും പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നും വന്നിട്ടുള്ളവരല്ല. മറ്റ് കാർഷികേതര ബാങ്കുകളിൽനിന്നും വന്നിട്ടുള്ളവരാണ് ചില ഡി.സി.ബി.കളുടെയെങ്കിലും പ്രസിഡന്റുമാരായിരുന്നത് എന്നുള്ളത് നാം ഓർക്കണം. നിക്ഷേപത്തിന്റെ ഭൂരിഭാഗവും പ്രാഥമിക ബാങ്കുകളിൽനിന്നും നൽകുകയും അവരെ തഴയുകയും ചെയ്യുന്ന ഒരു സമീപനമാണ് യു.ഡി.എഫ്. ഭരണകാലത്ത് സ്വീകരിച്ചിരുന്നത് എന്നുള്ളതുകൊണ്ടുതന്നെ ഈ നാമമാത്രമായ, അല്ലെങ്കിൽ അസോസിയേറ്റ് അംഗമെന്നുള്ള നിലയിൽ ഇതിനെ മാറ്റുന്നതിനെക്കുറിച്ചുകൂടി ആലോചിക്കേണ്ടതാണ്.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, അങ്ങ് പറഞ്ഞതുപോലെ ഇപ്പോൾ ഈ പ്രാഥമിക ബാങ്കുകളിലെ അസോസിയേറ്റ് അംഗങ്ങൾക്കും നോമിനൽ അംഗങ്ങൾക്കും വോട്ടവകാശം മാത്രമാണ് ആകെ നിഷേധിക്കുന്നത്. മന്ത്രിയുടെ

118-ാം ഭേദഗതിയിൽ പറയുന്നത്, അസോസിയേറ്റ് അംഗത്തിനും നോമിനൽ അംഗത്തിനും ജില്ലാ ബാങ്കിന് വായ്പ കൊടുക്കാം. വോട്ടവകാശം ഒഴികെയുള്ള എല്ലാ ആനുകൂല്യങ്ങളും അവർക്ക് കൊടുക്കുന്നുണ്ട്. ബോധപൂർവ്വമായി നിലവിലുണ്ടായിരുന്ന സംവിധാനത്തെ പിടിച്ചടക്കാനുള്ള തന്ത്രമായിട്ടല്ലേ ഇത് കൊണ്ടുവന്നിരിക്കുന്നത്? അല്ലെങ്കിൽ പിന്നെ lending കൊടുക്കേണ്ട ആവശ്യമില്ലല്ലോ.

ശ്രീ. ഇ. പി. ജയരാജൻ: സർ, പ്രൈമറി ബാങ്കുകളിൽനിന്ന് ലോൺ എടുക്കണം. 'എ' ക്ലാസ് അംഗത്വമുള്ളവർക്കേ അവിടെ വോട്ടവകാശമുള്ളൂ. 'ബി' ക്ലാസ് അംഗത്വമെടുത്താലേ അവർക്ക് ലോൺ കൊടുക്കാൻ സാധിക്കുകയുള്ളൂ. അതൊരു സിസ്റ്റമാണ്. അതുതന്നെയാണ് ജില്ലാ ബാങ്കുകളിലും വരുന്നത്. നമ്മൾ കൂടിച്ചേർന്ന് ആലോചിച്ചതിന്റെ ഭാഗമായിട്ടാണ് ജില്ലാ ബാങ്കുകളിൽ ക്രെഡിറ്റ് സംഘങ്ങൾക്ക് മാത്രമായി അംഗത്വം കൊടുക്കുകയെന്ന പൊതുനിലപാട് സ്വീകരിച്ചത്. ഇപ്പോൾ പ്രൈമറി ബാങ്കുകളിൽ 'ബി' ക്ലാസ് ഷെയറുണ്ട്. ഡെപ്പോസിറ്റ് വാങ്ങാനും വായ്പ കൊടുക്കാനും അത്തരമൊരു സംവിധാനം നിലവിലുണ്ട്. ഇതുവരുന്നത് ജില്ലാ ബാങ്കുകളിലേയ്ക്ക് വായ്പാ സംഘങ്ങളുടെ അംഗത്വമായി പരിമിതപ്പെടുന്നു; കാരണമെന്താണ്? ഉള്ള സംഘവും ഇല്ലാത്ത സംഘവും എല്ലാം ഇതിലുള്ള സംഘങ്ങളായി വരുമ്പോൾ ജില്ലാ ബാങ്കിന്റെ പ്രാധാന്യം ദുർബലപ്പെടുന്നു. അതുകൊണ്ടാണ് സഹകാരികളെല്ലാം ഇങ്ങനെ ചിന്തിച്ചത്.

ശ്രീ. വി. ജോയി: സർ, അങ്ങ് പറഞ്ഞതിലെ പ്രധാനപ്പെട്ട കാര്യം, അസോസിയേറ്റ് അംഗമായി തുടരുമ്പോൾ അവരിൽനിന്ന് ഡെപ്പോസിറ്റ് വാങ്ങാം, അവർക്ക് ലോൺ കൊടുക്കാം എന്നാണ്. പക്ഷെ അത് പാടില്ലെന്നാണ് ഞാൻ പറയുന്നത്. അവർക്ക് വേണമെങ്കിൽ ഒരു പ്രത്യേക അപ്പെക്സ് ബോഡി രൂപീകരിക്കുന്നതുസംബന്ധിച്ച് ആലോചിക്കണം. പ്രൈമറി ബാങ്കുകളുടെ നിക്ഷേപമുള്ള ഡി.സി.ബി., കാർഷിക വായ്പ കൊടുക്കേണ്ട ഡി.സി.ബി. മറ്റ് സംഘങ്ങൾക്ക് ലോൺ കൊടുത്ത് ഭീമമായ കുടിശ്ശികയിലായിപ്പോകുകയാണ്. ഈ സാഹചര്യത്തിന് ഒരു മാറ്റം കൊണ്ടുവരുന്നതുസംബന്ധിച്ചാണ് ബില്ലിൽ പറയുന്നത്.

പ്രസിഡന്റ്/വൈസ് പ്രസിഡന്റിന്റെ ഉദ്യോഗ കാലാവധി സംബന്ധിച്ച 28-ാം വകുപ്പും 28 AB-യും, ബഹുമാന്യനായ മന്ത്രി തന്നെ പറഞ്ഞു. അത് പ്രസ്സ് ചെയ്യുന്നില്ല. അതിനകത്തൊരു വിഷയമുണ്ട്. 25 വർഷത്തിലധികം ബാങ്ക് പ്രസിഡന്റുമാരായിരിക്കുന്ന ആളുകളുണ്ട്. നന്നായി ഭരിക്കുന്നവരുമുണ്ട്, മോശപ്പെട്ട നിലയിലേയ്ക്ക് പോകുന്നവരുമുണ്ടെന്നുള്ള വസ്തുത നാം മനസ്സിലാക്കേണ്ടതായിട്ടുണ്ട്. ഒരു അട്ടിപ്പേറായി ഇതിങ്ങനെ വച്ചുകൊണ്ടിരിക്കുന്നു. യഥാർത്ഥത്തിൽ അവർക്ക്

എത്ര ടേം വേണമെന്നതിനെ സംബന്ധിച്ച് രാഷ്ട്രീയപാർട്ടികളാണ് തീരുമാന മെടുക്കേണ്ടത്. പക്ഷെ ഇങ്ങനെ അട്ടിപ്പേറായിട്ടിരുന്ന് അഴിമതിയിലേയ്ക്ക് പോകുന്ന ഒരു സ്ഥിതിവിശേഷമുണ്ട് എന്നുള്ളത് ഒരു പ്രധാനപ്പെട്ട വസ്തുതയാണ് എന്നുള്ളതുകൂടി നാം കാണേണ്ടതായിട്ടുണ്ട്.

സഹകരണ പ്രസ്ഥാനം സംരക്ഷിക്കപ്പെടണമെന്നുള്ളത് സംബന്ധിച്ച് ഇപ്പുറത്തും അപ്പുറത്തുമിരിക്കുന്നവർക്കെല്ലാം ഏകകണ്ഠമായ അഭിപ്രായമാണുള്ളത്. പക്ഷെ, ഇത് നശിക്കണമെന്ന് ആഗ്രഹിക്കുന്ന ഒരു വിഭാഗം ആളുകൾ നമ്മുടെ രാജ്യത്തുണ്ടെന്നുള്ളത് വാസ്തവമാണ്. എല്ലാ വർഷവും സഹകരണ വാരാഘോഷത്തിനുള്ള ആലോചനാവിഷയം ആൾ ഇന്ത്യാ തലത്തിൽ എടുക്കാറുണ്ട്. 2014-ൽ ബി.ജെ.പി. ഗവൺമെന്റ് വന്നതിനുശേഷം എടുത്ത ആലോചനാവിഷയം Make in India through Co-operatives എന്നാണ്. അതായത് സഹകരണ സംഘങ്ങളിലൂടെ ഇന്ത്യയുടെ നിർമ്മാണം എന്നൊരു പദ്ധതിയാണ്. ഇത് ഒരു പ്രധാനപ്പെട്ട വിഷയമായി വന്നു. എന്നിട്ട് വളരെ വേഗംതന്നെ അത് അട്ടിമറിക്കുന്നതിന്.... demonetization-ന്റെ ഭാഗമായി കോ-ഓപ്പറേറ്റീവ് സൊസൈറ്റികളെ ഏത് വിധത്തിലാണ് നശിപ്പിച്ചതെന്നുള്ളത് നമുക്ക് മനസ്സിലാക്കാൻ കഴിയും. കേരളത്തിൽ അത് ഒരുവിധത്തിൽ തരണം ചെയ്തുവന്നപ്പോൾ ഇൻകം ടാക്സ് വകുപ്പിനെ പരമാവധി ഉപയോഗപ്പെടുത്തുകയാണ് ചെയ്തത്. ഇപ്പോൾ സർവ്വീസ് ടാക്സുകാരെ ഉപയോഗപ്പെടുത്തുകയാണ്. അങ്ങനെ ഉപയോഗപ്പെടുത്തി സഹകരണമേഖലയെ നശിപ്പിക്കുന്നതിനുവേണ്ടിയുള്ള വളരെ.....

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, പുതിയ നിയമം കേന്ദ്ര ഗവൺമെന്റ് ഇറക്കിയിട്ടുണ്ട്. അതുപ്രകാരം ക്രോപ്പ് ലോണിനുള്ള സബ്സിഡി ഐ.എഫ്.എസ്.സി. കോഡുള്ളതിന് മാത്രമേ കൊടുക്കുകയുള്ളൂവെന്ന പുതിയ നിബന്ധന കൊണ്ടുവന്നിട്ടുണ്ട്. അതുപോലെ ഫെർട്ടിലൈസറിന്റെ സബ്സിഡി എടുത്തുകളഞ്ഞ് ക്യാഷായി ട്രാൻസ്ഫർ ചെയ്യാൻ പോകുകയാണ്. അപ്പോഴും ഇതിന് കിട്ടില്ല. ആധാറുമായി ലിങ്ക് ചെയ്തുവരുമ്പോൾ ഫെർട്ടിലൈസറിന്റെ സബ്സിഡിയും ബിസിനസ് നടത്തുന്ന സഹകരണ ബാങ്കുകൾക്ക് കിട്ടാത്ത അവസ്ഥ വരികയാണ്. ആർ.ടി.ജി.എസ്., പോലുള്ള ഇന്റർനെറ്റ് ട്രാൻസ്ഫറിംഗ് അടക്കമുള്ള സംവിധാനങ്ങൾ സഹകരണ സംഘങ്ങൾക്കില്ല. അതിനുള്ള അനുമതി റിസർവ് ബാങ്ക് സഹകരണ സംഘങ്ങൾക്ക് തരുന്നതുമില്ല. സഹകരണ സംഘങ്ങളുടെ നിലനിൽപ്പുതന്നെ അപകടത്തിലാകുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ പുതിയ സമീപനം സഹകരണ സംഘങ്ങൾക്ക് എതിരാണെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ജോയി: സർ, സഹകരണ പ്രസ്ഥാനങ്ങളെ, വിശേഷിച്ചും കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ നശിപ്പിക്കുകയെന്ന അജണ്ട വളരെ ബോധപൂർവ്വം നടപ്പിലാക്കുകയാണ്. കേരളത്തിലെ സഹകരണ പ്രസ്ഥാനമാണ് ഇന്ത്യക്ക് മാതൃകയായിട്ടുള്ളത്. പ്രാഥമിക ബാങ്കുകളുടെ ഡെപ്പോസിറ്റിന്റെ കണക്ക് പരിശോധിച്ചാൽ 80-81 ശതമാനം തുകയും കേരളത്തിലാണുള്ളത്. ഫെർട്ടിലൈസേഷനുമായി ബന്ധപ്പെട്ട് അങ്ങ് പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. നോട്ട് നിരോധനവുമായി ബന്ധപ്പെട്ട് സഹകരണ പ്രസ്ഥാനങ്ങളെ നശിപ്പിക്കാൻ നോക്കിയെങ്കിലും അത് അവർ വിചാരിച്ചപോലെ പൂർണ്ണമായും നടപ്പിലായില്ല. അപ്പോഴാണ് രണ്ടാമത് ഇൻകം ടാക്സ് വിഭാഗത്തെ ഉപയോഗപ്പെടുത്തുന്നത്. കഴിഞ്ഞ ദിവസം ഇൻകം ടാക്സ് ഉദ്യോഗസ്ഥർ കൊല്ലം ജില്ലയുമായി ബന്ധപ്പെട്ട് വാർത്താസമ്മേളനം നടത്തി. കൊല്ലം ജില്ലയിലെ നാല് ബാങ്കുകൾ നോട്ട് നിരോധന സമയത്ത് കൂടുതൽ പണം വാങ്ങിയതിനാൽ അവർക്കെതിരെ നിയമനടപടി സ്വീകരിക്കാൻ പോകുന്നുവെന്നുപറഞ്ഞു. ഞങ്ങൾ പരിശോധിക്കുമ്പോൾ, മയ്യനാട് ബാങ്കിൽ ഒരു വ്യക്തി 1,12,000 രൂപ നിക്ഷേപിച്ചതാണ് കേസിനാസ്പദമായി ഇൻകം ടാക്സുകാർ എടുത്തിരിക്കുന്നത്. അതിനെതിരെ മയ്യനാട് സർവ്വീസ് സഹകരണ ബാങ്ക് ഹൈക്കോടതിയെ സമീപിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സ്റ്റേ അനുവദിക്കപ്പെടുകയും ചെയ്തു. അങ്ങനെ ഏതുവിധേനയും സഹകരണ പ്രസ്ഥാനത്തെ നശിപ്പിക്കാനുള്ള ശ്രമം നമ്മുടെ നാട്ടിലുണ്ടെന്നുള്ളത് ഈ അവസരത്തിൽ നാം കാണേണ്ടതുണ്ട്.

രണ്ടുമൂന്ന് വിഷയങ്ങൾകൂടി ശ്രദ്ധയിൽപ്പെടുത്താനുണ്ട്. കഴിഞ്ഞ പ്രാവശ്യം ആക്ട് അമെന്റ് ചെയ്തപ്പോൾ സഹകരണ ബാങ്കുകളിൽ പ്യൂൺ, അറ്റൻഡർ തസ്തികകളിൽനിന്നും ക്ലാർക്ക് തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിന് 4:1 എന്ന നിബന്ധന വച്ചിരുന്നു. സൂപ്പർ ഗ്രേഡ് സൊസൈറ്റി/ബാങ്കിനെ എടുത്താൽ പരമാവധി മൂന്ന് പ്യൂൺമാർ മാത്രമേ കാണുകയുള്ളൂ. അവിടെയുള്ള ഒരാൾക്ക് പ്രൊമോഷൻ ലഭിക്കുന്നതിന് എത്ര സമയം വേണ്ടിവരുമെന്നുള്ളതിനെ സംബന്ധിച്ച് മനസ്സിലാക്കേണ്ടതുണ്ട്. കഴിഞ്ഞ ഭരണഘടനാ ഭേദഗതിയുടെ ഭാഗമായി അന്ന് അണ്ടർ ഗ്രാജ്വേറ്റ് വിഷയം ഉന്നയിക്കപ്പെട്ടിരുന്നു. പ്രാദേശികമായിട്ടുള്ള ആളുകളെയായിരിക്കും ഭരണസമിതിയിൽ അവിടെ നിയമിക്കപ്പെടുന്നത്. അതുകൊണ്ട് അവർക്ക് 1:1 എന്ന നിലയിൽ പ്രൊമോഷൻ കൊടുക്കാൻ സാധിക്കുമോയെന്നതു സംബന്ധിച്ച് പരിശോധിക്കണം. ആഡിറ്റ് സംവിധാനത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട വി. ഡി. സതീശൻ പറയുകയുണ്ടായി. ആഡിറ്റിന് പുതിയ ഡയറക്ടറേറ്റ് രൂപീകരിക്കപ്പെട്ടത് നന്നായി. ആഡിറ്റ് മാന്വൽ പരിഷ്കരിക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. ഇന്നത്തെ ആഡിറ്റ് സംവിധാനം എത്രത്തോളം ശക്തമാണെന്നുള്ളത് മനസ്സിലാക്കേണ്ടതുണ്ട്. ബാങ്കുകൾ/സംഘങ്ങളിൽ കൺകറന്റ് ആഡിറ്ററുടെ സേവനം വിട്ടുകൊടുക്കുകയാണ്

ചെയ്യുന്നത്. കൺകറന്റ് ആഡിറ്റർ ഈ സംഘത്തിൽ ചെന്നാൽ യാതൊരു വ്യക്തിക്കും അയാളുടേതായ ചില പ്രശ്നങ്ങളുണ്ടാകും. അതിനെ മുതലെടുത്ത് അതാത് കാലത്തെ ഭരണസമിതികൾ കൺകറന്റ് ആഡിറ്ററെ സ്വാധീനിച്ച് ചിലത് ലാഭത്തിലാക്കുന്നു, ചിലതെല്ലാം കണ്ടില്ലെന്ന് നടിക്കുന്നു. ഇതുപോലുള്ള മോശപ്പെട്ട പ്രവണതകൾ കൂടിവരികയാണ്. ഇപ്പോഴുള്ള കൺകറന്റ് ആഡിറ്റ് സംവിധാനം മതിയാക്കി ആഡിറ്റിന് ഒരു ടീമിനെ ഉപയോഗപ്പെടുത്താൻ കഴിയുമോ എന്നുള്ളത് ആലോചിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പെർഫോർമൻസ് ആഡിറ്റ് സംവിധാനമുണ്ട്. ഒരു സൂപ്രണ്ടും രണ്ടോ മൂന്നോ ഉദ്യോഗസ്ഥരുമടങ്ങുന്ന ടീമാണിത്. ഈ ടീം തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ പോയി പരിശോധിച്ച് തമ്മിൽ ഡിസ്കസ് ചെയ്ത് കാര്യങ്ങൾ ചെയ്യുന്ന സംവിധാനമുണ്ട്. അതുപോലെ പെർഫോർമൻസ് ആഡിറ്റിന്റെ രൂപത്തിൽ സഹകരണ സ്ഥാപനങ്ങളിൽ ടീമിനെ വച്ച് ആഡിറ്റ് നടത്താൻ കഴിയുമെങ്കിൽ അഴിമതി കുറയ്ക്കാൻ സാധിക്കു മെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട വസ്തുത. അഴിമതി വ്യാപകമായി നടക്കുകയാണ്. കഴിഞ്ഞ ദിവസം കരിവള്ളൂരിലെ സോഷ്യൽ സൊസൈറ്റിയുമായി ബന്ധപ്പെട്ട് പത്രങ്ങളിൽ വാർത്ത വന്നിട്ടുണ്ട്. ആകെ മൂന്നേകാൽ കോടി രൂപയുടെ സ്വർണ്ണപ്പണയത്തിൽ രണ്ടേമുക്കാൽ കോടി രൂപയുടെ സ്വർണ്ണവും മുക്കുപണ്ടമായിരുന്നു. അത് പരിശോധിക്കപ്പെടേണ്ട വിഷയമാണ്. തിരുവനന്തപുരം ജില്ലയിലെ ബാങ്കിൽ മുക്കുപണ്ടമുണ്ടെന്ന സംശയത്തെത്തുടർന്ന് ഉദ്യോഗസ്ഥർ നടത്തിയ പരിശോധന വൈകുന്നേരം അഞ്ചുമണിയായിട്ടും പൂർത്തിയാകാത്ത തിനാൽ അവർ ബാങ്ക് ക്ലോസ് ചെയ്തിട്ട് തിരിച്ചുപോയി. 5.20-നും 5.40-നു മിടയിലുള്ള സമയത്തിനുള്ളിൽ എഴുപത്തിയഞ്ച് ലക്ഷം രൂപയുടെ സ്വർണ്ണപ്പണയം എടുത്ത് മാറ്റിയിരിക്കുകയാണ്. അഴിമതിയുണ്ടെന്നുള്ളത് മനസ്സിലാക്കണം. അതുകൊണ്ട് ശക്തമായ ആഡിറ്റ് സംവിധാനം ഉണ്ടാകണം. അതുപോലെ വിജിലൻസിന്റെ പ്രവർത്തനം വേണ്ടത്ര കാര്യക്ഷമമാകുന്നില്ല. സഹകരണ വിജിലൻസിന്റെ പ്രവർത്തനം കുറേക്കാലമായി മന്ദീഭവിച്ചുകിടക്കുകയാണ്. സഹകരണ വിജിലൻസിനെ കുറച്ചുകൂടി ശക്തിപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ഇത്രയും കാര്യങ്ങളാണ് എനിക്ക് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഇവിടെ വന്നിട്ടുള്ള നല്ല അഭിപ്രായങ്ങളെല്ലാം സ്വീകരിക്കുകയാണ്. വലിയ വ്യത്യാസമൊന്നും കാര്യമായി ചർച്ചയിൽ ഉയർന്നുവന്നിട്ടില്ല. നമ്മുടെ സംസ്ഥാനത്തെ സഹകരണപ്രസ്ഥാനത്തിന്റെ മേന്മയെക്കുറിച്ചൊന്നും ഞാൻ വിശദീകരിക്കേണ്ട ആവശ്യമില്ല. നിശ്ചയമായും രാജ്യത്തിന് മാതൃകയായ സഹകരണപ്രസ്ഥാനം തന്നെയാണ് നമ്മുടേത്. ഇന്ത്യയിലെ സഹകരണ പ്രസ്ഥാനത്തെ സംബന്ധിച്ച് പൊതുവെ

പരിശോധിക്കുമ്പോൾ നമ്മുടേത്, പ്രവർത്തനത്തിന്റെയും ആധുനികവത്കരണത്തിന്റെയും നിക്ഷേപത്തിന്റെയും വായ്പകൊടുക്കുന്നതിന്റെയും കാർഷിക മേഖലയുടെ ഇടപെടലിന്റെയും കാര്യത്തിലുമെല്ലാം ഏറെ മുന്നിലാണെന്ന് കാണാൻ സാധിക്കും. ആകെ നിക്ഷേപത്തിന്റെ 50 ശതമാനം സ്റ്റേറ്റിന്റെ നിക്ഷേപമാണെന്ന് പറയുമ്പോൾ എത്രമാത്രം വിപുലമാണ് കേരളത്തിലെ സഹകരണ പ്രസ്ഥാനമെന്ന് നമുക്ക് കൃത്യമായും തിരിച്ചറിയാൻ സാധിക്കുന്നുണ്ട്. സഹകരണ പ്രസ്ഥാനത്തെ രൂപപ്പെടുത്തിയെടുക്കാൻ ആത്മാർത്ഥതയോടുകൂടി പരിശ്രമിച്ച മുൻഗാമികളായ സഹകാരി സമൂഹത്തെ നന്ദിയോടുകൂടി ഓർമ്മിക്കേണ്ടതായിട്ടുണ്ട്. കാലം മാറുകയാണ്, കാലത്തിനനുസരിച്ച് സഹകരണ പ്രസ്ഥാനത്തിലും അവശ്യംവേണ്ട മാറ്റങ്ങൾ ഉണ്ടാകേണ്ടതായിട്ടുണ്ടെന്ന് തന്നെയാണ് കാണുന്നത്. അതിനാവശ്യമായ സമഗ്രമായ ഭേദഗതി ആവശ്യമാണ്. ബഹുമാനപ്പെട്ട വി. ഡി. സതീശൻ സംസാരിച്ചപ്പോൾ സമഗ്രമായ ഭേദഗതി കൊണ്ടുവരുമെന്നാണ് വിചാരിച്ചതെന്ന് പറഞ്ഞു. ഇന്നത്തെ കാലത്ത് സഹകരണ മേഖലയുടെ ആവശ്യകതയ്ക്കനുസരിച്ചുള്ള സമഗ്രതയോടുകൂടിയുള്ള ഭേദഗതി ആവശ്യമാണെന്നുള്ള കാര്യത്തിൽ സംശയമില്ല. അക്കാര്യത്തെക്കുറിച്ച് നമുക്ക് ആലോചിക്കാവുന്നതാണ്.

ചില കാര്യങ്ങളിൽ അടിയന്തര നടപടി സ്വീകരിക്കേണ്ടതുണ്ടെന്ന് കണ്ടുകൊണ്ടാണ് ചില ഭേദഗതികൾ കൊണ്ടുവന്നിട്ടുള്ളത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ജില്ലാ ബാങ്കുകളുടെ ഭരണം പിടിച്ചെടുക്കുക എന്നുള്ള പ്രത്യേക താല്പര്യമില്ല. ജില്ലാ ബാങ്കുകളുടെ ഘടനയെ അതിന്റെ സവിശേഷ സ്വഭാവത്തോടെ നിലനിർത്താനുള്ള ഉത്തരവാദിത്വമുണ്ടതാനും. ആ ഉത്തരവാദിത്വം നമുക്ക് നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. അതാണ് ഗവൺമെന്റ് കാണുന്നത്.

നമ്മുടെ സംസ്ഥാനത്തെ പ്രാഥമിക കാർഷിക ബാങ്കുകളുടെ അപ്പെക്സ് ബാങ്കായി നിൽക്കേണ്ട ജില്ലാ ബാങ്കിൽ കയർ സംഘങ്ങളെയും കൈത്തറി സംഘങ്ങളെയും മറ്റ് വായ്പേതര സംഘങ്ങളെയും കുറച്ച് കടലാസ് സംഘങ്ങളെയും കൊണ്ടുവന്ന് മെമ്പർഷിപ്പ് കൊടുത്ത് ഇതിൽ ഉൾപ്പെടുത്തുകയും കാർഷിക വായ്പാ സംഘങ്ങളുടെ ഉള്ളടക്കത്തെ നശിപ്പിക്കുകയും ചെയ്യുന്ന സമീപനത്തെ എങ്ങനെയാണ് അംഗീകരിക്കാൻ സാധിക്കുക? ആറാം തവണയാണ് ഈ ബിൽ അമെന്റ് ചെയ്യുന്നത്. കാർഷിക വായ്പാ സംഘങ്ങളെ സ്വതന്ത്രമായി പ്രവർത്തിക്കാൻ സമ്മതിക്കുമോ? മറ്റ് സംഘങ്ങൾക്കെല്ലാം അപ്പെക്സ് സംഘങ്ങളുണ്ട്. അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ പരിശ്രമിച്ചാൽ മതിയല്ലോ? കാർഷികേതര സംഘങ്ങളെ അതിന്റെ ഭരണസമിതിയിൽനിന്നും ഒഴിവാക്കുക എന്നുള്ള ലക്ഷ്യത്തോടുകൂടി മെമ്പർഷിപ്പ് പരിമിതപ്പെടുത്തുന്നതിനുമാണ് ഈ നിയമംമൂലം ഉദ്ദേശിച്ചിട്ടുള്ളതെന്നാണ് എനിക്ക് വളരെ വിനയത്തോടുകൂടി പറയാനുള്ളത്. അല്ലാതെ മറ്റ് യാതൊരു ലക്ഷ്യവുമില്ല.

<u>ശ്രീ. വി. ഡി. സതീശൻ</u> പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിനെ സംബന്ധിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. അത് ശരിയാണ്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിനെ നഖശിഖാന്തം എതിർത്തിട്ടുണ്ട്. ആ റിപ്പോർട്ടിൽ ടു ടയർ സിസ്റ്റത്തെക്കുറിച്ച് പറയുന്നുണ്ട്. അങ്ങ് സൂചിപ്പിച്ചതുപോലെ അതിൽ പ്രാഥമിക സംഘങ്ങളെ ഇല്ലാതാക്കാനാണ് അദ്ദേഹം ശ്രമിക്കുന്നത്. അതിനെയാണ് നമ്മൾ എതിർത്തത്. സംസ്ഥാന ബാങ്കും ജില്ലാ ബാങ്കുകളും മാത്രം നിലനിർത്തിക്കൊണ്ട് പ്രാഥമിക സംഘങ്ങളുടെ ജനാധിപത്യപരമായ പ്രവർത്തനം ആവശ്യമില്ലെന്ന സമീപനത്തെയാണ് നമ്മൾ എതിർത്തത്. അദ്ദേഹം കൊണ്ടുവന്ന റിപ്പോർട്ടിലെ പ്രസക്ത ഭാഗം അതായിരുന്നു. ഏതാണ്ട് മൂന്നേകാൽ കോടിയോളം അംഗസംഖ്യയുള്ള കേരളത്തിലെ പ്രാഥമിക സംഘങ്ങളുടെ പ്രവർത്തനത്തെ പൂർണ്ണമായും ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടിയും, ടു ടയർ എന്നുപറയുമ്പോൾ സംസ്ഥാന ബാങ്കും ജില്ലാ ബാങ്കും അതിന്റെ ഔട്ട്‌ലറ്റുകൾ പോലെ പ്രവർത്തിക്കുന്ന പ്രാഥമിക സംഘങ്ങളുടെയും പ്രവർത്തനവുമെന്ന ജനാധിപത്യ വിരുദ്ധമായ കാഴ്ചപ്പാട് ആ റിപ്പോർട്ടിനകത്ത് ഉള്ളതുകൊണ്ടായിരുന്നു കേരളത്തിലെ ഇടതുപക്ഷം മാത്രമല്ല സഹകാരി സമൂഹംതന്നെ അതിനെ ശക്തമായി എതിർത്തത്.

തെരഞ്ഞെടുപ്പുകാലത്ത് രാഷ്ട്രീയം സജീവമായിട്ടുണ്ടാകുമെങ്കിലും സഹകരണ മേഖല നേരിടുന്ന പ്രശ്നങ്ങൾ വരുമ്പോൾ കേരളത്തിലെ സഹകാരി സമൂഹം ഒറ്റക്കെട്ടായി നിൽക്കാറുണ്ടെന്നുള്ളതാണ് സഹകരണ പ്രസ്ഥാനത്തിന്റെ ഒരു സവിശേഷത. നോട്ട് നിരോധനം വന്ന സന്ദർഭത്തിൽ ആ കാഴ്ച നമ്മൾ കണ്ടതാണ്. ഈ സന്ദർഭത്തിൽ മാത്രമല്ല കേരളത്തിലെ സഹകാരി സമൂഹം ഒറ്റക്കെട്ടായി ഒരുമിച്ച് ഒരു മനസ്സോടെ നിന്നത്. കഴിഞ്ഞ കാലങ്ങളിലൊക്കെയും കേന്ദ്രത്തിൽ ആര് ഭരിക്കുന്നുവെന്നുനോക്കാതെ, കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന് നിരക്കാത്ത സമീപനങ്ങളും നിലപാടുകളും എപ്പോഴെല്ലാം ഉണ്ടായിട്ടുണ്ടോ അപ്പോഴെല്ലാം കക്ഷിരാഷ്ട്രീയം നോക്കാതെ കേരളത്തിലെ സഹകാരി സമൂഹം ഒറ്റക്കെട്ടായി എതിർക്കുകയും ബോദ്ധ്യപ്പെടുത്തുകയും അതിൽനിന്നും പിൻവാങ്ങാൻ കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയും ചെയ്ത നടപടികളുണ്ടായിട്ടുണ്ടെന്നുള്ളത് നമ്മൾ കാണേണ്ടതായിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ കാർഷിക വായ്പാ സംഘങ്ങളിൽ കാർഷിക വായ്പ കൊടുക്കുന്ന കാര്യത്തിലൊക്കെയുള്ള പോരായ്മ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ഏറ്റവും കുറഞ്ഞത് 40 ശതമാനം വായ്പയും കാർഷിക വായ്പയാകണമെന്നുള്ള സമീപനങ്ങളും നിലപാടുകളുമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, പ്രൈമറി അഗ്രികൾച്ചറൽ സൊസൈറ്റി മാത്രം ലിമിറ്റ് ചെയ്യുന്നുവെന്ന് അങ്ങ് ഇവിടെ പറഞ്ഞു. പക്ഷേ ഫലത്തിൽ അങ്ങയുടെ ഈ 118 അമെന്റ്മെന്റുകളുംകൂടി വായിച്ചുനോക്കുമ്പോൾ എല്ലാ നോമിനൽ സംഘങ്ങൾക്കും അസോസിയേറ്റ് മെമ്പർമാർക്കുംകൂടി ലെന്റിംഗ് കൊടുക്കുകയാണ്. ജില്ലാ ബാങ്കിന്റെ ഫണ്ടിൽനിന്ന് അവയ്ക്ക് വായ്പ കൊടുക്കുന്നു. അങ്ങ് പറയുന്നതുപോലെയുള്ള കയർ സംഘങ്ങൾക്കും മറ്റ് നാമമാത്ര സംഘങ്ങൾക്കുമെല്ലാം വായ്പ കൊടുക്കാൻവേണ്ടി സൗകര്യമുണ്ടാക്കിയിരിക്കുന്നു. വോട്ടവകാശം മാത്രമാണ് ആകെ നിഷേധിക്കുന്നത്. ഈ ബാങ്കുകളെ പിരിച്ചുവിടാനുള്ള മാർഗ്ഗമായിട്ടല്ലേ അങ്ങ് ഇതിനെ കാണുന്നതെന്ന സംശയമാണ് ഞങ്ങൾക്കുള്ളത്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, നമ്മുടെ നാട്ടിലെ കയർ, കൈത്തറി സംഘങ്ങൾ പോലെയുള്ള സംഘങ്ങൾക്ക് ദേശസാത്കൃത ബാങ്കുകളൊന്നും വായ്പ കൊടുക്കുകയില്ല.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, വ്യക്തികൾക്കും വായ്പ കൊടുക്കുന്നുണ്ട്. അങ്ങനെ കൊടുക്കാൻ കഴിയുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, നമ്മുടെ നാട്ടിലെ ദേശസാത്കൃത ബാങ്കുകളടക്കമുള്ള ന്യൂ ജനറേഷൻ ബാങ്കുകളുടെ പരിസരത്തുപോലും കയർ സംഘങ്ങൾക്കോ കൈത്തറി സംഘങ്ങൾക്കോ ക്ഷീര സംഘങ്ങൾക്കോ പോകാൻ സാധിക്കുകയില്ല. അത്തരം സംഘങ്ങളെ സഹായിക്കുക എന്നുള്ളത് ജില്ലാ ബാങ്കിന്റെ ബാധ്യതയാണ്. ആ സംഘങ്ങൾക്ക് നിക്ഷേപം സ്വീകരിക്കാനോ അവർക്ക് വായ്പ നൽകുന്നതിനോ യാതൊരു തടസ്സവുമില്ല. അവർക്ക് വായ്പ നൽകാനും അവരുടെ നിക്ഷേപങ്ങൾ സ്വീകരിക്കാനും ജില്ലാ സംഘങ്ങൾ തയ്യാറാകണമെന്നതാണ് സർക്കാരിന്റെ താല്പര്യം. അക്കാര്യത്തിൽ സർക്കാരിന് മറിച്ചൊരു താല്പര്യവുമില്ല. ജില്ലാ ബാങ്കിന്റെ നയം രൂപീകരിക്കേണ്ടത് ആരാണെന്നുള്ളതാണ് ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. കാർഷിക വായ്പേതര സംഘങ്ങളാണോ ഈ നയം രൂപീകരിക്കേണ്ടത്? കയർ സംഘങ്ങളും കൈത്തറി സംഘങ്ങളും കൺസ്യൂമർ സംഘങ്ങളും മാർക്കറ്റ് സംഘങ്ങളുംകൂടി ചേർന്നിട്ടാണോ ജില്ലാ ബാങ്കിന്റെ നയം രൂപീകരിക്കേണ്ടത്. കാർഷിക വായ്പാ സംഘങ്ങൾക്കുതന്നെയായിരിക്കണം ജില്ലാ ബാങ്കിന്റെ നയരൂപീകരണത്തിൽ പ്രാധാന്യം വരേണ്ടതെന്നുള്ള കാര്യത്തിൽ ഗവൺമെന്റിന് യാതൊരു സംശയമില്ല. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ ജില്ലാ ബാങ്കിനുള്ള പ്രാതിനിധ്യം കഷ്ടിച്ച് 30 ശതമാനം പോലുമില്ലെന്നാണ് ഇപ്പോൾ രൂപീകരിച്ച ആർ.സി.എസ്.-ന്റെ കമ്മിറ്റി കണ്ടത്. കയർ, കൈത്തറി സംഘങ്ങളുടെയും മറ്റ് പ്രവർത്തിക്കാത്ത കടലാസ് സംഘങ്ങളുടെയും 70 ശതമാനം

പ്രതിനിധികളും ജില്ലാ ബാങ്കിന്റെ ഡയറക്ടർ ബോർഡിൽ കയറിയിരുന്ന് ജില്ലാ ബാങ്കിന്റെ നയം രൂപീകരിക്കുകയും കാര്യങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്ന അപമാനകരമായ അവസ്ഥാവിശേഷത്തിന് മാറ്റം വരുത്താൻ വേണ്ടിയാണ് ഞങ്ങൾ ഇക്കാര്യം സ്വീകരിച്ചത്. അല്ലാതെ മറ്റൊരു ഉദ്ദേശ്യവുമില്ല. ഇവർക്ക് വായ്പ കൊടുക്കണം. വായ്പ കൊടുക്കേണ്ട ഉത്തരവാദിത്വവും അവരെ സഹായിക്കേണ്ട ബാധ്യതയും സർക്കാരിനാണ്. ആ ബാധ്യത നിർവ്വഹിക്കാൻ തയ്യാറാകണമെന്നതാണ് ഗവൺമെന്റിന്റെ അക്കാര്യത്തിലുള്ള സമീപനം.

കഴിഞ്ഞ 5 വർഷം ആക്ഷേപങ്ങളൊന്നും ഉണ്ടായിട്ടില്ലെന്ന് ശ്രീ. വി. ഡി. സതീശൻ സംസാരിച്ചപ്പോൾ ഇവിടെ പറഞ്ഞു. കഴിഞ്ഞ 5 വർഷക്കാലത്തെ സഹകരണ മേഖലയുടെ പ്രവർത്തനത്തെ സംബന്ധിച്ച് ഞാൻ വിശദീകരിക്കുന്നില്ല. കേരളത്തിലെ സഹകരണ മേഖലയിൽ കഴിഞ്ഞ 5 വർഷക്കാലം എന്തെങ്കിലുമൊരു ചലനം നടന്നതായി ചൂണ്ടിക്കാണിക്കാൻ സാധിക്കുമോ? കേരളത്തിലെ സഹകരണ മേഖല നിർജ്ജീവമായിരുന്നില്ലേ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഈ സഭയിൽ നിങ്ങളാരും ഒരു ആക്ഷേപവും ഉന്നയിച്ചില്ലെന്നാണ് ഞാൻ പറഞ്ഞത്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, നമ്മുടെ സംസ്ഥാനത്തെ സഹകരണ മേഖലയുടെ കുറേ വർഷക്കാലത്തെ പൊതുവായ ചരിത്രമെടുത്തു പരിശോധിച്ചാൽ ഇത്രയും നിർജ്ജീവമായ ഒരു കാലഘട്ടം വേറെയുണ്ടായിട്ടില്ല. അഴിമതി മാത്രമായിരുന്നു നടന്നിരുന്നത്. കേരളത്തിലെ സഹകരണ മേഖലയിൽ കഴിഞ്ഞ 5 വർഷക്കാലം അഴിമതി നടന്നിരുന്നുവെന്നുപറഞ്ഞാൽ അതിൽ എന്തെങ്കിലും സംശയമുണ്ടോ? അപ്പെക്സ് സംഘങ്ങളുടെ സ്ഥിതി എന്തായിരുന്നു? അത് അന്വേഷിക്കാൻ ആരെങ്കിലുമുണ്ടായിരുന്നോ?

<u>ശ്രീ. പി. ടി. തോമസ്</u>: സർ, കഴിഞ്ഞ 5 വർഷക്കാലം കേരളത്തിലെ സഹകരണ മേഖല നിർജ്ജീവമായിരുന്നുവെന്നും അഴിമതിയായിരുന്നുവെന്നുമൊക്കെ ഇപ്പോൾ പറയുന്നുണ്ട്. കഴിഞ്ഞ സഹകരണ വകുപ്പിനെപ്പറ്റി നിങ്ങളടക്കം ട്രഷറി ബെഞ്ചിൽനിന്ന് ആരെങ്കിലും എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ; എന്തെങ്കിലും അഴിമതി നിങ്ങൾ ഉന്നയിച്ചിട്ടുണ്ടോ; ഇപ്പോൾ അടിസ്ഥാന രഹിതമായി ഉന്നയിക്കുന്നത് ശരിയാണോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഈ ഗവൺമെന്റ് വന്നതിനുശേഷമുള്ള ഒന്നേകാൽ വർഷക്കാലത്തെ അനുഭവത്തിന്റെ വെളിച്ചത്തിലാണ് ഞാൻ പറയുന്നത്. അങ്ങേയ്ക്ക് രേഖകൾ സഹിതം പരിശോധിക്കാനുള്ള അവസരമുണ്ടാക്കി ത്തരാം. മിക്കവാറുമുള്ള എല്ലാ അപ്പെക്സ് സംഘങ്ങളും അഴിമതിയുടെ കൂത്തരങ്ങായിരുന്നു. കഴിഞ്ഞ അഞ്ചുവർഷക്കാലം കൺസ്യൂമർ ഫെഡിൽ എന്തായിരുന്നു നടന്നത്? കേരളത്തിന് അഭിമാനമായി പ്രവർത്തിച്ചിരുന്ന കൺസ്യൂമർ ഫെഡ് നാന്നൂറിലധികംകോടി രൂപയുടെ സഞ്ചിത നഷ്ടമുള്ള ഒരു

സ്ഥാപനമായി മാറിയത് നമ്മൾ കണ്ടില്ലേ? അഗ്രീൻകോ, റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ, മാർക്കറ്റ് ഫെഡ്, കാർഷിക വികസന ബാങ്ക്, ടൂർ ഫെഡ് ഇതെല്ലാം നമ്മുടെ സംസ്ഥാനത്തെ വളരെ പ്രധാനപ്പെട്ട സംഘങ്ങളാണ്. ഈ പ്രധാനപ്പെട്ട അപ്പെക്സ് സംഘങ്ങളിലൊന്നുംതന്നെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടന്നിരുന്നില്ല. അഴിമതിയും സ്വജനപക്ഷപാതവും കൊള്ളയുമൊക്കെയാണ് നടന്നിരുന്നത്. ഇതാണ് കഴിഞ്ഞ 5 വർഷക്കാലം നടന്നിരുന്നത്. ഞാൻ ഇതിനെ സംബന്ധിച്ച് വിശദീകരിക്കുന്നില്ല. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം സഹകരണ മേഖലയിൽ ഒരു സജീവത ഉയർത്തിക്കൊണ്ടുവരിക എന്നുള്ള ലക്ഷ്യത്തോടുകൂടിയാണ് ഗവൺമെന്റ് ഈ ഭേദഗതികൾ കൊണ്ടുവരുന്നത്.

1.00 P.M.]

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, തമിഴ്നാട്ടിൽനിന്ന് പാൽപ്പൊടി കലക്കി പായ്ക്കറ്റിലാക്കിയാണ് മാർക്കറ്റ് മുഴുവൻ വിൽപ്പന നടത്തുന്നത്. ഇത് എത്ര ഹീനമാണെന്ന് അറിയുമോ? നിങ്ങളുടെ വലിയ നേതാവാണ് ഭരിച്ചുകൊണ്ടിരിക്കുന്നത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, മിൽമ പോലെ വളരെ വിശ്വാസ്യതയുള്ള കേരളത്തിലെ ഒരു സ്ഥാപനത്തെക്കുറിച്ച് യാതൊരു അടിസ്ഥാനവുമില്ലാതെ ഈ നിയമസഭയിൽ ഇങ്ങനെയൊരു ആരോപണം ഉന്നയിക്കുന്നത് രേഖകളിലുണ്ടാകാൻ പാടില്ല. റൂൾ 307 അനുസരിച്ച് അത് നീക്കം ചെയ്യണം. ആയിരക്കണക്കിന് തൊഴിലാളികൾ പ്രവർത്തിക്കുന്ന നമ്മുടെ കോ-ഓപ്പറേറ്റീവ് സെക്ടറിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു സ്ഥാപനത്തിനെതിരെ ഒരു പിൻബലവുമില്ലാതെ പ്രത്യേകിച്ച് പ്രസംഗത്തിനിടയിൽ ഇടപെട്ട് ഒരു ആരോപണം ഉന്നയിക്കുന്നതും ഓർഡറിലല്ല. ഈ രണ്ട് കാരണങ്ങൾകൊണ്ട് ബഹുമാനപ്പെട്ട അംഗം ഇ. പി. ജയരാജൻ നടത്തിയ ഇടപെടലിൽ പറഞ്ഞിരിക്കുന്ന ഈ ആരോപണം അങ്ങ് രേഖകളിൽ നിന്ന് നീക്കം ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.*

<u>മി. സ്പീക്കർ</u>: പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, മിൽമയെ സംബന്ധിച്ച പരാതിയിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി മിൽമയോട് വിശദീകരണം ചോദിച്ചു. ഒരു ദിവസം പതിമൂന്നര ലക്ഷം ലിറ്റർ പാൽ വില്പന നടത്തുന്നു. സംഭരിക്കുന്നത് എട്ടര ലക്ഷം ലിറ്റർ പാലാണ്. ഹൈക്കോടതിയിൽ കൊടുത്ത സ്റ്റേറ്റ്മെന്റാണിത്. ഞാൻ ഇതിനുമുൻപും ഈ വിഷയം സഭയിൽ ഉന്നയിച്ചിട്ടുണ്ട്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങൾ നിങ്ങളുടെ കാലത്ത് തുടങ്ങിവച്ചതാണ്.

---

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം സഭാരേഖയിൽ നിലനിർത്തി (ഫയൽ നമ്പർ 4033/ഇബി/2017/ലെജി. തീയതി 21-8-2017)

ശ്രീ. കെ. സി. ജോസഫ്: സർ, കഴിഞ്ഞ 5 കൊല്ലമായി മിൽമയെ തകർക്കാൻ ശ്രമിക്കുകയാണ്. മിൽമയ്ക്കെതിരായി സമരങ്ങളും ആക്ഷേപങ്ങളും ഉന്നയിക്കുകയാണ് അദ്ദേഹം. അങ്ങ് മന്ത്രി ശ്രീ. കെ. രാജുവിനോട് ചോദിച്ചു നോക്കൂ. ഇപ്പോഴത്തെ മന്ത്രിയാണല്ലോ; അങ്ങയുടെ കക്ഷിയല്ലേ; അങ്ങയുടെ മുന്നണിയല്ലേ? മിൽമ പോലുള്ള സ്ഥാപനത്തെ രാഷ്ട്രീയത്തിനുവേണ്ടി തകർക്കാൻ ശ്രമിക്കരുത്. ഞാനും അഞ്ചുവർഷം മന്ത്രിയായിരുന്നു. എനിക്കറിയാം.

ശ്രീ. ഇ. പി. ജയരാജൻ: സർ, അഴിമതിയെ സംബന്ധിച്ച് ഞാൻ പറയുന്നത് നിങ്ങൾ വിശ്വസിക്കേണ്ട. നിങ്ങൾ പരിശോധിച്ചുനോക്കൂ.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ബഹുമാനപ്പെട്ട എൽദോസ് പി. കുന്നപ്പിള്ളിൽ ഇൻഡിവിഡ്വൽ അംഗങ്ങൾക്കുള്ള അവകാശങ്ങളെ സംബന്ധിച്ച് പറഞ്ഞു. അത് ഈ ഭേദഗതിക്കകത്തുണ്ട്. 'Nominal or Associate Members' എന്നതിന്റെ നിർവ്വചനത്തിൽ ഇൻഡിവിഡ്വൽ മെമ്പേഴ്സിനെ സംബന്ധിച്ച് പറയുന്നുണ്ട്. ഇവിടെ വാർഡ് അടിസ്ഥാനത്തിലുള്ള തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട വി. ഡി. സതീശൻ സംസാരിക്കുകയുണ്ടായി. വാർഡ് അടിസ്ഥാനത്തിൽത്തന്നെയാണ് നാമനിർദ്ദേശം വരുന്നത്. അതുകൊണ്ട് പ്രാദേശികമായ സമതുലിതാവസ്ഥയ്ക്കൊന്നും ഒരു പ്രശ്നവും വരുന്നില്ല. അതുമാത്രമല്ല, ആ സഹകരണ സംഘത്തിന്റെ പരിധിക്കകത്തുവരുന്ന വോട്ടർമാർ വോട്ട് ചെയ്യുന്നുവെന്നേയുള്ളൂ. ഏതെങ്കിലും ഒരു പ്രത്യേക വാർഡിലെ ആളുകളെല്ലാം കൂടി ചേർന്ന് ഒരു പ്രദേശത്തിന്റെയാകെ പ്രതിനിധികളായി വരുന്നുവെന്നത് അർത്ഥമാക്കേണ്ട. അതുമാത്രമല്ല, കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സഹകരണമേഖലയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പരിശോധിക്കുന്നതിനായി നിയോഗിച്ച ശിവദാസൻ നായർ കമ്മിറ്റിയുടെ നിയമഭേദഗതി റിപ്പോർട്ടാണ് എന്റെ കയ്യിലുള്ളത്. ഈ രണ്ട് കാര്യങ്ങളെ സംബന്ധിച്ചിടത്തോളം വാർഡ് അടിസ്ഥാനത്തിലുള്ള തെരഞ്ഞെടുപ്പ് പാടില്ലെന്ന് അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ പറയുന്നുണ്ട്. വാർഡ് അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്തണമെന്ന വ്യവസ്ഥ ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നുണ്ട്. ടി വ്യവസ്ഥ ഒട്ടനവധി പ്രശ്നങ്ങൾ സഹകരണ മേഖലയിൽ സൃഷ്ടിക്കുന്നതിനാലും ടി വ്യവസ്ഥകൊണ്ട് ടി പ്രൊവൈസോ ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യുന്നുവെന്നുപറഞ്ഞുകൊണ്ട് ശ്രീ. കെ. ശിവദാസൻ നായർ മാത്രമല്ല, എല്ലാ രാഷ്ട്രീയ കക്ഷികളും സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന പ്രതിനിധികളുമടങ്ങുന്ന വിപുലമായ ഒരു കമ്മിറ്റിയായിരുന്നു ഈ റിപ്പോർട്ട് തയ്യാറാക്കിയത്. ആ കമ്മിറ്റിയുടെ നിർദ്ദേശംകൂടി കേട്ടുകൊണ്ടാണ് ഇത്തരത്തിലുള്ള ഒരു മാറ്റം ആ രംഗത്ത് കൊണ്ടുവന്നിട്ടുള്ളതെന്നത് കാണേണ്ടതായിട്ടുണ്ട്.

മറ്റൊന്ന്, പ്രധാനമായും ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള എന്ത് നിർദ്ദേശമാണ് ബില്ലിലുള്ളത് എന്നാണ് ചോദിച്ചത്. ഈ മാറ്റങ്ങൾ വരുന്നതോടുകൂടി സംസ്ഥാനത്തെ സഹകരണ മേഖലയിൽ വ്യക്തമായ ഗുണനിലവാരമുണ്ടാകും. ജില്ലാ ബാങ്കുകളുടെ കാര്യത്തെ സംബന്ധിച്ചിടത്തോളം വരുന്ന മാറ്റം പൊതുവെ പ്രാഥമിക കാർഷിക ബാങ്കുകളുടെ പ്രവർത്തനത്തെ കാര്യക്ഷമമാക്കാനും കാർഷിക മേഖലയ്ക്ക് ഒരു ഉണർവ് സൃഷ്ടിക്കാനുമെല്ലാം സഹായിക്കുമെന്നുള്ളതാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, കേരള ബാങ്ക് രൂപീകരണം ഉടനെ ഉണ്ടാകുമെന്നായിരുന്നു കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും അങ്ങും പറഞ്ഞിരുന്നത്. കേരള ബാങ്ക് ഉടനെ വരികയാണെങ്കിൽ ഇങ്ങനെ ചെറിയൊരു ഭേദഗതി കൊണ്ടുവന്ന് ജില്ലാ ബാങ്കുകളുടെ ഭരണം പിടിച്ചടക്കേണ്ട കാര്യമുണ്ടോ? സഹകരണ പ്രസ്ഥാനത്തെ സ്ട്രെങ്ത്തൻ ചെയ്യിക്കുക എന്നതാണ് ഈ ഗവൺമെന്റിന്റെ സമീപനമെങ്കിൽ യഥാർത്ഥത്തിൽ ക്രെഡിറ്റ് സംഘങ്ങളല്ലാത്തതെല്ലാം കടലാസ് സംഘങ്ങളാണെന്നു പറഞ്ഞ് അവയെ ഒഴിവാക്കുകയല്ലേ വേണ്ടത്? ഊരാളുങ്കൽ സൊസൈറ്റിപോലെ വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഹാൻഡ്‌ലൂം സൊസൈറ്റി, ടീച്ചേഴ്സ് സൊസൈറ്റി എന്നിവയുണ്ട്. അവർക്ക് വോട്ടവകാശം നിഷേധിക്കുകയാണ് എന്നുപറഞ്ഞാൽ ഇതിന്റെ അർത്ഥം സഹകരണ മേഖലയെ സ്ട്രെങ്ത്തൻ ചെയ്യിക്കുകയല്ല, ഇവർക്ക് വോട്ടവകാശം നിഷേധിച്ച് ജില്ലാ ബാങ്കുകളുടെ ഭരണം പിടിച്ചെടുക്കുക എന്നതുമാത്രമാണ്. കേരള ബാങ്കിനെക്കുറിച്ചുള്ള ഈ ഗവൺമെന്റിന്റെ സമീപനമെന്താണ്; അങ്ങനെയാണെങ്കിൽ ധൃതിപിടിച്ച് ഇപ്പോൾ ഇതിന്റെ ആവശ്യമുണ്ടോ; അത് വിശദീകരിക്കാമോ?

<u>ശ്രീ. എം. ഉമ്മർ</u>: സർ, രണ്ടിലധികം ടേം പ്രസിഡന്റായി തുടരാൻ പാടില്ലെന്ന് ഇതിൽ പറയുന്നുണ്ടല്ലോ. നോൺ-ബാങ്കിംഗ് നോൺ-ക്രെഡിറ്റ് സൊസൈറ്റികളായ ചില ചാരിറ്റബിൾ പർപ്പസിനൊക്കെ വരുന്ന സൊസൈറ്റികളിൽ അത് വെറും ചാരിറ്റബിൾ മാത്രമാണ്; അല്ലാതെ പണം വാങ്ങുന്നുമില്ല കൊടുക്കുന്നുമില്ല. അങ്ങനെയുള്ള സൊസൈറ്റികളും ഈ രണ്ട് ടേം കഴിഞ്ഞാൽ, ഏത് സൊസൈറ്റിയായാലും അങ്ങനെയുള്ള പ്രസിഡന്റ് ഭാരവാഹിയായി ഉണ്ടെങ്കിൽ മാത്രമേ ആ സൊസൈറ്റിയെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുകയുള്ളൂ. അതുപോലെയുള്ള സൊസൈറ്റികളെ ഈ രണ്ട് ടേം എന്നുള്ളതിൽ നിന്ന് എക്സംപ്റ്റ് ചെയ്യേണ്ടതല്ലേ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ടേമിന്റെ കാര്യത്തിലേയ്ക്ക് ഞാൻ വരാം. കേരള ബാങ്കിനെ സംബന്ധിച്ച് ശ്രീ. വി. ഡി. സതീശനും ശ്രീ. പി. ഉബൈദുള്ളയും ചോദിച്ചു. കേരള ബാങ്ക് വളരെ പെട്ടെന്നുതന്നെ യാഥാർത്ഥ്യമാകാൻ പോകുകയാണ്. അതിന്റെ പ്രവർത്തനങ്ങൾ സജീവമായി നടന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ ഗവൺമെന്റ് ശ്രീറാം കമ്മിറ്റിയെ നിയോഗിച്ചു. ശ്രീറാം കമ്മിറ്റി റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചു. ആ റിപ്പോർട്ട് ഗവൺമെന്റ് അംഗീകരിക്കുകയുണ്ടായിട്ടില്ല. അത് പൊതുജനാഭിപ്രായത്തിന് സമർപ്പിച്ചിരിക്കുകയാണ്. അതുമാത്രമല്ല, ഏതാനും ദിവസങ്ങൾക്കകം കേരളത്തിലെ സഹകാരി സമൂഹവുമായുള്ള ഒരു ആലോചന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടത്തുന്നതിനാണ് ഗവൺമെന്റ് ആലോചിച്ചിരിക്കുന്നത്. കേരളത്തിലെ പ്രമുഖരായ എല്ലാ സഹകാരികളുമായി ശ്രീറാം കമ്മിറ്റി റിപ്പോർട്ടിന്റെ ഉള്ളടക്കത്തെ സംബന്ധിച്ചും അവരുടെ നിർദ്ദേശങ്ങളെ സംബന്ധിച്ചും അഭിപ്രായങ്ങൾ കേൾക്കുന്നതിനു വേണ്ടിയുള്ള ഒരു പരിശ്രമം നടത്തുകയാണ്. പൊതുവെ നമ്മുടെ സഹകാരികളുടെയും ജീവനക്കാരുടെയും അഭിപ്രായങ്ങളെല്ലാം കേട്ട് ആ അഭിപ്രായങ്ങളിൽനിന്ന് ശരിയായ കാര്യങ്ങളെല്ലാം ഉൾക്കൊണ്ടുകൊണ്ടുമാത്രമേ കേരള ബാങ്കിന്റെ രൂപീകരണത്തിന്റെ അവസാനഘട്ടം നടക്കുകയുള്ളൂവെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. നമ്മൾ കേരള ബാങ്കിലേയ്ക്ക് തന്നെ പോകുകയാണ്. ഇന്ന് കേന്ദ്ര ഗവൺമെന്റ് ചെറിയ ബാങ്കുകളെയെല്ലാം ഭീമൻ ബാങ്കുകളാക്കി മാറ്റിക്കൊണ്ടിരിക്കുന്നു. എസ്.ബി.ടി.-യെ എസ്.ബി.ഐ.-യിൽ ലയിപ്പിച്ചുകഴിഞ്ഞു. ഏതാണ്ട് പത്തോ പതിനൊന്നോ ബാങ്കുകൾ മാത്രം മതിയാകുമെന്ന നിലയിലേയ്ക്ക് കേന്ദ്ര ഗവൺമെന്റ് ചിന്തിക്കുകയാണ്. അങ്ങനെ വരുമ്പോൾ നമ്മുടെ രാജ്യത്തിലെ സാധാരണക്കാരായ ജനങ്ങൾ ബാങ്കിന്റെ പരിസരത്തുനിന്ന് ഒഴിവാക്കപ്പെടുന്ന പുതിയ സാഹചര്യം സൃഷ്ടിക്കപ്പെടാൻ പോകുകയാണ്. അതുകൊണ്ടുതന്നെ ആധുനികമായ എല്ലാ ബാങ്കിംഗ് സൗകര്യങ്ങളും സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കാൻ കഴിയുന്ന തരത്തിലുമുള്ള ഒരു ബാങ്കാക്കി മാറ്റുകയെന്നുള്ള ലക്ഷ്യം തന്നെയാണ് കേരള ബാങ്കിന്റെ രൂപീകരണത്തെ സംബന്ധിച്ചുള്ളത്. ശ്രീറാം കമ്മിറ്റി റിപ്പോർട്ടിൽ പ്രാഥമിക കാർഷിക ബാങ്കുകൾക്കും വളരെയധികം പ്രാധാന്യം കൊടുക്കുന്നുണ്ട്.

ശ്രീ. അബ്ദുൽ ഹമീദ്. പി: സർ, എസ്.ബി.ടി.-എസ്.ബി.ഐ. ലയനത്തിനെതിരെ നിയമസഭയിൽ പ്രമേയം പാസാക്കിയതാണ്. ശ്രീറാം കമ്മിറ്റി സംസ്ഥാന സഹകരണ ബാങ്കിൽനിന്നും 14 ജില്ലാ സഹകരണ ബാങ്കുകളിൽനിന്നും തെളിവെടുപ്പ് നടത്തിയിരുന്നു. കേരളത്തിലെ പ്രമുഖരായ സഹകാരികളുമായും അവർ ബന്ധപ്പെട്ടിട്ടുണ്ടായിരുന്നു. ടു ടയർ സിസ്റ്റത്തിനെതിരായിട്ടാണ് മിക്കവാറും സഹകാരികളൊക്കെ അഭിപ്രായം രേഖപ്പെടുത്തിയിരിക്കുന്നതെന്നാണ് അറിയാൻ സാധിച്ചത്. അത് മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കേരളത്തിലെ സഹകാരി സമൂഹവും പൊതുസമൂഹവും കേരള ബാങ്കിനെ സ്വാഗതം ചെയ്യുകയാണ്. അതിന്റെയൊരു ആവശ്യകതയിലേയ്ക്ക് നമ്മുടെ സംസ്ഥാനം നീങ്ങുകയാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇതിന്റെ പ്രിൻസിപ്പിളാണ് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത്. ചെറിയ ബാങ്കുകളെ അമാൽഗമേറ്റ് ചെയ്ത് വലിയ ബാങ്ക് രൂപീകരിക്കുകയെന്ന സങ്കൽപ്പമാണ് ഇന്ന് ഇന്ത്യയിലൊട്ടാകെ നിലനിൽക്കുന്നത്. അതിനെയാണ് നമ്മളെല്ലാവരും എതിർത്തത്. എസ്.ബി.ടി.-എസ്.ബി.ഐ. ലയനത്തിനെതിരെ സഭ ഏകകണ്ഠമായി പ്രമേയം പാസ്സാക്കി. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ മാത്രമല്ല, സ്റ്റേറ്റ് ബാങ്ക് ഓഫ് മഹാരാഷ്ട്ര, സ്റ്റേറ്റ് ബാങ്ക് ഓഫ് കർണ്ണാടക എന്നീ ബാങ്കുകളും ഒന്നിക്കുകയാണ്. ജില്ലാ ബാങ്കുകളെ ഇല്ലാതാക്കി സ്റ്റേറ്റ് ബാങ്ക് രൂപീകരിക്കുക എന്നുപറയുന്നത് അതുപോലുള്ള ഒരു പ്രിൻസിപ്പിളല്ലേ? അതിനെ എതിർക്കുകയും ഇതിനെ അനുകൂലിക്കുകയും ചെയ്യുന്നത് ശരിയാണോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അങ്ങ് അങ്ങനെ മനസ്സിലാക്കിയോയെന്ന് എനിക്കറിയില്ല. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറും ലയിക്കുക എന്നുപറഞ്ഞാൽ, ഒരു ഭീമൻ ബാങ്ക് രൂപീകരിച്ച് ഭീമന്മാരെ സഹായിക്കുന്ന സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്.

മി. സ്പീക്കർ: അത് ലയിക്കലല്ല, എസ്.ബി.ഐ. എസ്.ബി.ടി.യെ വിഴുങ്ങിയതാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അതെ, വിഴുങ്ങുകയാണ്. ഇന്ത്യാ ഗവൺമെന്റ് പത്തോ പതിനൊന്നോ ബാങ്കുകളിലേയ്ക്ക് മാറുകയാണ്, അതിന്റെ ആവശ്യമേയുള്ളൂവെന്നാണ് അവർ പറയുന്നത്. വലിയ ലയനം വരികയാണ്. ഭീമൻ ബാങ്കുകളാണ് ഇന്ത്യാ ബാങ്ക് ലക്ഷ്യം വയ്ക്കുന്നത്. ഭീമന്മാരെ സഹായിക്കുകയാണ് ഇന്ത്യാ ഗവൺമെന്റിന്റെ ലക്ഷ്യം. അത്തരമൊരു സന്ദർഭത്തിൽ ജനങ്ങൾക്ക് നിക്ഷേപിക്കാനും ആ നിക്ഷേപം സംസ്ഥാനത്തിന്റെ സമഗ്രമായ വികാസത്തിനും പുരോഗതിക്കുംവേണ്ടി ഉപയോഗപ്പെടുത്താനും സാധിക്കണം. ആധുനിക ബാങ്കിംഗ് സൗകര്യങ്ങളും സംവിധാനങ്ങളും പ്രാഥമിക ബാങ്കുകൾക്കടക്കം നൽകാനുള്ള ഒരു ഇടപെടൽ നമുക്ക് നടത്താൻ സാധിക്കും. ഇതെല്ലാം സാധിക്കണമെങ്കിൽ നമുക്ക് നമ്മുടേതായ ബാങ്കുണ്ടാകണം. ആ കാഴ്ചപ്പാടോടുകൂടിയാണ് ഇത് ചെയ്യുന്നത്. ഇത് മറ്റേ ലയനത്തെപ്പോലെയാണെന്ന് അങ്ങ് ധരിക്കുന്നത് ശരിയല്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ആർ.ബി.ഐ.-യുടെ ലൈസൻസ് പ്രകാരമാണ് ജില്ലാ ബാങ്ക് പ്രവർത്തിക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമല്ലോ; capital adequacy ഉള്ള ബാങ്കുകളാണ്. പതിനാലോ പതിനഞ്ചോ ശതമാനം മൂലധന പര്യാപ്തതയുള്ള ബാങ്കുകളായാണ് ഇവ ഇപ്പോൾ നിലനിൽക്കുന്നത്. ഇവ ഇല്ലാതായിപ്പോയാൽ 14 ബാങ്കുകളാണ് സത്യത്തിൽ ഇല്ലാതാകുന്നത്. സഭയുൾപ്പെടെ നമ്മളെല്ലാവരും ബാങ്കുകളുടെ ലയനത്തെ എതിർക്കുന്നതുപോലെതന്നെ എ.ഐ.ബി.ഐ. (അസോസിയേഷൻ ഓഫ് ഇൻവെസ്റ്റ്മെന്റ് ബാങ്കേഴ്സ് ഓഫ് ഇൻഡ്യ) ഇതിനെ ശക്തമായി എതിർത്തിരിക്കുകയാണ്. ജില്ലാ ബാങ്കുകളുടെ ലയനം എ.ഐ.ബി.ഐ. ശക്തമായി എതിർക്കുകയാണെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ജീവനക്കാർക്ക് ചില ആശങ്കകളൊക്കെയുണ്ട്. ആശങ്കകൾക്ക് അടിസ്ഥാനമില്ലെന്ന് ഗവൺമെന്റ് വ്യക്തമാക്കിയിട്ടുണ്ട്. ബ്രാഞ്ചുകൾ നിർത്തലാക്കാൻ പോകുന്നു, മൂവായിരത്തോളം ജീവനക്കാർ അധികമാകാൻ പോകുകയാണെന്നൊക്കെ ശ്രീറാം കമ്മിറ്റിയുടെ ശിപാർശയിൽ പറയുന്നുണ്ട് എന്നാണ് ചിലർ പറയുന്നത്. അത്തരത്തിലുള്ള യാതൊരു ആശങ്കകൾക്കും അടിസ്ഥാനമില്ല. 100 ബ്രാഞ്ചുകൾക്ക് അവശ്യംവേണ്ട ജീവനക്കാരുടെ എണ്ണം സംബന്ധിച്ച ഒരു മോഡലാണ് ശ്രീറാം കമ്മിറ്റി റിപ്പോർട്ടിലുള്ളത്. അത് വ്യക്തമായി വായിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. ഒരുകാരണവശാലും ജീവനക്കാരെ വേദനിപ്പിക്കുന്ന ഒരു നിലപാടിലേയ്ക്കും ഈ ഗവൺമെന്റ് പോകില്ലെന്ന കാര്യം പ്രത്യേകം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. റോജി എം. ജോൺ: സർ, 2002-ൽ ജാർഖണ്ഡ് സംസ്ഥാനം രൂപീകൃതമായപ്പോൾ അവിടെയൊരു പുതിയ ബാങ്ക് രൂപീകരിക്കേണ്ട സാഹചര്യമുണ്ടായി. ആർ.ബി.ഐ. അതിന് അംഗീകാരം കൊടുക്കുന്നത് 2013-ലാണ്. 2015-ലാണ് അതിന്റെ ലയനം അംഗീകരിച്ചത്. ലയനം അംഗീകരിക്കപ്പെട്ടതോടുകൂടി ഒരു ജില്ലാ ബാങ്ക് (ദൻബാദ് ജില്ലാ ബാങ്ക്) ഇതിനെ എതിർത്തുകൊണ്ട് ഹൈക്കോടതിയിൽ കേസ് കൊടുത്തത് ഇപ്പോഴും നിയമക്കുരുക്കിൽ കിടക്കുകയാണ്. പുതിയതായി ഒരു ബാങ്ക് രൂപീകരിച്ച് പതിനഞ്ച് വർഷം കഴിഞ്ഞിട്ടും നിയമനടപടികൾ പൂർത്തീകരിക്കാൻ കഴിയാത്തൊരു സാഹചര്യം ജാർഖണ്ഡിൽ നിലനിൽക്കുന്നുണ്ട്. കേരളത്തിൽ ഇത്തരത്തിലൊരു പുതിയ ബാങ്ക്, കേരള ബാങ്ക് രൂപീകരിക്കുമെന്ന് പറയുമ്പോൾ ഇതുപോലൊരു നിയമക്കുരുക്കിൽ പ്പെട്ട് കിടക്കേണ്ട സാഹചര്യം വരില്ലേ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അത്തരം അവസ്ഥയ്ക്കെല്ലാം മാറ്റം വരികയാണ്.

മി. സ്പീക്കർ: ആ ഭേദഗതി ഇപ്പോൾ എടുക്കുന്നുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ആ ഭേദഗതി ഇപ്പോൾ എടുക്കുന്നില്ല.

മി. സ്പീക്കർ: വരാനിരിക്കുന്നൊരു ബില്ലിനെ സംബന്ധിച്ച് ഇപ്പോൾ ചർച്ച നടത്തേണ്ടതുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, പൊതുവെ ചർച്ച ചെയ്യപ്പെടുന്നൊരു വിഷയമായതുകൊണ്ട് പറഞ്ഞതാണ്. ജാർഖണ്ഡ്, മഹാരാഷ്ട്ര, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളും ആ വഴിക്ക് സഞ്ചരിക്കുകയാണ്. ഇന്ത്യയിലെ പല സംസ്ഥാനങ്ങളും കേരളത്തിന്റെ മാതൃക സ്വീകരിച്ചുകൊണ്ട് സംസ്ഥാനാടിസ്ഥാനത്തിലുള്ള ഒരു ബാങ്ക് എന്ന നിലയിലേയ്ക്ക് വരികയാണ്. അത് യോജിപ്പിക്കുമ്പോൾ ഗവൺമെന്റ് കാണുന്ന പ്രധാനമായ ഒരു കാര്യം, നമ്മുടെ സംസ്ഥാനത്തിന്റെ വിഭവങ്ങളൊന്നുംതന്നെ സംസ്ഥാനത്തിന് പുറത്തേയ്ക്ക് പോകുന്നില്ലെന്നുള്ളതാണ്. അത് വലിയ കാര്യമാണ്. കൊച്ചി മെട്രോ സ്റ്റേഷനുകളിൽ എ.ടി.എം. കൗണ്ടർ സ്ഥാപിക്കുന്ന ചടങ്ങിൽ പങ്കെടുക്കാൻ ഞാൻ കഴിഞ്ഞ ദിവസം ആലുവയിൽ പോയിരുന്നു. അവിടെ മെട്രോയുടെ ഫിനാൻസ് ഓഫീസർ ഒരു ആശംസാ പ്രസംഗം നടത്തി. അദ്ദേഹം പറഞ്ഞത്, "ഇതൊരു ആശയമായിരുന്നു, അത് പ്രാവർത്തികമാക്കാനുള്ള പരിശ്രമം നടത്തുമ്പോൾ എറണാകുളത്തു തന്നെയുള്ള ഒരുപാട് ബാങ്കുകളെ സമീപിച്ചു, ആരും ഞങ്ങളെ സഹായിക്കാനുണ്ടായിരുന്നില്ല, 15 ദിവസത്തിനകത്ത് 470 കോടി രൂപയുമായി സഹായഹസ്തം നീട്ടി വന്നത് എറണാകുളം ഡി.സി.ബി. ആണ്, അതിനുശേഷമാണ് പലരും രംഗത്തുവന്നത് " എന്നാണ്. ഗോശ്രീ പാലത്തിന്റെ കാര്യത്തിലായാലും സിയാലിന്റെ കാര്യത്തിലായാലും നമ്മുടെ നാടിന്റെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി താൽപ്പര്യപൂർവ്വം രംഗത്ത് വരാൻ ആദ്യം തയ്യാറാകുന്നത് സഹകരണ ബാങ്കുകളും സഹകരണ പ്രസ്ഥാനങ്ങളുമാണെന്ന് അന്വേഷിച്ചപ്പോൾ എനിക്ക് മനസ്സിലായി.

ശ്രീ. വി. ഡി. സതീശൻ: സർ, ജില്ലാ ബാങ്കുകൾ ഇത്തരം ധാരാളം കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണെന്നാണ് അങ്ങ് ഇപ്പോൾ പറഞ്ഞുവരുന്നത്. നേരത്തെ പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാട്ടിയതുപോലെ ആർ.ബി.ഐ.യുടെ പൂർണ്ണമായ കൺട്രോളിലാണ് എല്ലാ ജില്ലാ ബാങ്കുകളും പ്രവർത്തിക്കുന്നത്. മെട്രോ റെയിൽവേ സ്റ്റേഷൻ, ഗോശ്രീ പാലം എന്നിവയുടെ നിർമ്മാണത്തിലും കെ.എസ്.ആർ.ടി.സി.-യെയുമൊക്കെ എറണാകുളം ജില്ലാ ബാങ്ക് സഹായിക്കുകയാണ്. എല്ലാ ജില്ലാ ബാങ്കുകളും സഹായിക്കുകയാണ്. കൂട്ടത്തിൽ റബ്കോ പോലുള്ള

സ്ഥാപനങ്ങളെ സഹായിച്ച് കടക്കെണിയിൽപ്പെട്ടിട്ടുണ്ടെന്ന് മാത്രമേയുള്ളൂ. ഡീസെൻട്രലൈസ് ചെയ്ത് സാധാരണക്കാരന്റെ വീട്ടുമുറ്റത്താകുന്ന ബാങ്കുകളാണ് ജില്ലാ ബാങ്കുകളും അതിന്റെ ബ്രാഞ്ചുകളും. അത് ഇല്ലാതാക്കി അമാൽഗമേറ്റ് ചെയ്യുന്നതിനെയാണ് ഞങ്ങൾ എതിർക്കുന്നത്. അത് അങ്ങേയ്ക്ക് മനസ്സിലായില്ലേ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അതിന്റെ ഭരണസമിതിയിലാണ് ചെറിയൊരു മാറ്റം വരുന്നത്. ആ ഭരണസമിതി എങ്ങനെയാണെന്ന കാര്യം നമ്മൾ ആലോചിക്കേണ്ടതാണ്. ഇതിലെ പ്രവർത്തനത്തിൽ ഒരു മാറ്റവും വരുന്നില്ല. ഒരു ബ്രാഞ്ചും നിർത്തലാക്കുന്നില്ല. പ്രാഥമിക ബാങ്കുകൾ കൂടുതൽ ശക്തിപ്പെടുന്നു. ഇന്ന് ആധുനികവൽക്കരണത്തിന്റെ കാലമാണ്. പുത്തൻ തലമുറ ബാങ്കുകളും മറ്റും സ്വീകരിച്ചിരിക്കുന്ന ബാങ്കിംഗ് മേഖലയിലെ സൗകര്യങ്ങൾ നമുക്ക് സ്വീകരിക്കേണ്ടതുണ്ട്. ആ സൗകര്യങ്ങളെല്ലാംതന്നെ സംസ്ഥാനത്തിൽ രൂപീകൃതമാകുന്ന ബാങ്കിന് കരഗതമാക്കാൻ സാധിക്കും. അത് നമുക്ക് പ്രാഥമിക ബാങ്കുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തുനൽകാനും സാധിക്കും. എൻ.ആർ.ഐ. നിക്ഷേപം അതിലൊരു പ്രധാനപ്പെട്ട കാര്യമാണ്. എൻ.ആർ.ഐ. നിക്ഷേപം സ്വീകരിക്കുന്നതിന് സംസ്ഥാനത്തെ ജില്ലാ ബാങ്കുകളടക്കമുള്ള ഒരു ബാങ്കിനും സാധിക്കുന്നില്ല. എൺപത് ലക്ഷത്തോളം വരുന്ന എൻ.ആർ.ഐ.കളുടെ കോടാനുകോടി രൂപ നമുക്ക് സമാഹരിക്കാൻ സാധിച്ചാൽ നാടിന്റെ വികസനപ്രവർത്തനങ്ങൾ അതിവേഗത്തിലാക്കാൻ സാധിക്കും. ഇങ്ങനെയുള്ള നല്ല ലക്ഷ്യത്തോടുകൂടിയാണ് പുതിയ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നത്. ഈ നിലയിലാണ് പുതിയ ബാങ്കിംഗ് സംവിധാനത്തെ കാണുന്നത്. അതുകൊണ്ട് വളരെ പോസിറ്റീവായി ഈ വിഷയം ചിന്തിക്കാൻ നമുക്ക് കഴിയണം. ജീവനക്കാർക്ക് ഒരു ആശങ്കയും ഉണ്ടാകേണ്ട കാര്യമില്ല. ജീവനക്കാരെയോ ബ്രാഞ്ചുകളെയോ വെട്ടിക്കുറയ്ക്കില്ല.

ടേം സംബന്ധിച്ചാണ് മറ്റൊരു പ്രധാന കാര്യം ഇവിടെ പറഞ്ഞത്. ടേം സംബന്ധിച്ച് 2002-ൽ വാജ്പേയി സർക്കാരിന്റെ കാലത്താണ് ഒരു നിയമം കൊണ്ടുവന്നത്. അതിന്റെ കടലാസ് എന്റെ കയ്യിലുണ്ട്. അതിൽ ടേമിനെ സംബന്ധിച്ച് പറയുന്നുണ്ട്. യു.പി.എ. ഗവൺമെന്റ് വീണ്ടും അധികാരത്തിൽ വന്നതിനുശേഷം അതിലൊരു മാറ്റവും വരുത്തിയിട്ടില്ല. സംസ്ഥാന ഗവൺമെന്റ് ഇത് കൊണ്ടുവരാനുള്ള കാരണം അനഭിലഷണീയമായ ധാരാളം പ്രവണതകൾ ഈ മേഖലയിൽ നടക്കുന്നുണ്ട് എന്നുള്ളതുകൊണ്ടാണ്. വളരെ സത്യസന്ധരും നല്ലവരുമായ സഹകാരികൾ ഇല്ലെന്നല്ല, അങ്ങനെയുള്ളവർ ധാരാളമുണ്ട്. പത്തും ഇരുപതും ഇരുപത്തിയഞ്ചും വർഷമായി ഒരേ സ്ഥാനത്തുതന്നെ ഇരിക്കുന്നവരുടെ അശ്രദ്ധയാണോ അല്ലെങ്കിൽ അവരുംകൂടി അറിഞ്ഞുകൊണ്ടാണോ എന്നറിയില്ല,

കോടികണക്കിന് രൂപയുടെ അഴിമതിയാണ് ചില സ്ഥലങ്ങളിൽ നടന്നിരിക്കുന്നതെന്നാണ് ഫയലുകൾ പരിശോധിച്ചപ്പോൾ കാണാൻ സാധിച്ചത്. സഹകരണ പ്രസ്ഥാനത്തെ എതിർക്കുന്ന ചില ശത്രുക്കൾ ഇതെല്ലാം ചൂണ്ടിക്കാണിച്ചു കൊണ്ടാണ് കഴിഞ്ഞ കാലത്ത് നമുക്കെതിരായി കർശനനീക്കം നടത്തിയിട്ടുള്ളത്. അതുകൊണ്ട് സദുദ്ദേശ്യപരമായി കൊണ്ടുവന്നതാണ് ഈ ബിൽ. ജനപ്രാതിനിധ്യ നിയമത്തിലെ വ്യവസ്ഥയിൽ അങ്ങനെയൊന്നും ഇല്ലെങ്കിലും ഒരു നിയന്ത്രണം ആവശ്യമാണ്. ഇവിടെ സംസാരിച്ചപ്പോൾ ശ്രീ. സീതാറാം യെച്ചൂരിയെ പരാമർശിക്കുന്നത് കേട്ടു. അത് പാർട്ടി എടുക്കുന്ന നിലപാടാണ്. സി.പി.ഐ (എം)-ഉം ഇടതുപക്ഷവും അങ്ങനെയൊരു നിലപാട് സ്വീകരിക്കാറുണ്ട്. രണ്ട് ടേം മത്സരിച്ചാൽ മതി. സഹകരണ മേഖലയിൽ പല സ്ഥലത്തും അത് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. രണ്ടു ടേം തുടർച്ചയായി ഇരിക്കുക, പിന്നീട് മറ്റൊരാൾക്ക് അവസരം കൊടുക്കുക. ഒരു ക്രോസ് ചെക്കിംഗിനുള്ള അവസരമെങ്കിലും ഉണ്ടാകുമല്ലോ. എല്ലാ രാഷ്ട്രീയ കക്ഷികളും അത് സ്വീകരിച്ചാൽ മതിയാകും. യഥാർത്ഥത്തിൽ നിയമംമൂലം അത് കൊണ്ടുവരേണ്ട കാര്യമുണ്ടെന്ന് തോന്നുന്നില്ല. ഇവിടെ വന്ന അഭിപ്രായമൊക്കെ ശരിയാണ്.

പത്ത് വർഷം ഒരു സ്ഥാപനത്തിൽ അധികാരിയായി ഇരിക്കുമ്പോൾ അഞ്ചുവർഷം വേറൊരാൾക്ക് ആ ചുമതല കൊടുക്കാൻ ശ്രമിക്കണം. രാഷ്ട്രീയ കക്ഷികൾ ഗൗരവത്തോടുകൂടി ചിന്തിക്കേണ്ട കാര്യമാണത്. സി.പി.ഐ. (എം) അത് ചെയ്യുന്നതുകൊണ്ടുതന്നെ സി.പി.ഐ. (എം) ഭരിക്കുന്ന സഹകരണ ബാങ്കുകളിൽ പ്രശ്നങ്ങൾ കുറെയൊക്കെ കുറഞ്ഞിരിക്കുന്നുവെന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്, ഒട്ടുമില്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷേ 36 കോടി രൂപയും 56 കോടി രൂപയുമൊക്കെ അടിച്ചുമാറ്റിയാൽ ആരും അറിയാത്ത അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ പോകുന്നില്ലെന്നുമാത്രമാണ് ഞാൻ പറഞ്ഞത്. ഇത് വളരെ ഗൗരവത്തോടുകൂടി ചിന്തിക്കേണ്ട കാര്യമാണ്. ഏതായാലും അക്കാര്യത്തിൽ സംശയമില്ല. ഇവിടെ സഭയുടെ പല ഭാഗത്തുനിന്നും വന്ന അഭിപ്രായങ്ങളെ മാനിക്കുന്നു. എല്ലാ രാഷ്ട്രീയകക്ഷികളും ഗൗരവത്തോടുകൂടി ഈ സന്ദർഭത്തെയും സാഹചര്യത്തെയും പരിഗണിക്കാൻ തയ്യാറാകണമെന്ന വിനീതമായ അപേക്ഷയാണ് എനിക്കുള്ളത്. പൊതുവെയുള്ള കാര്യങ്ങളെല്ലാം പറഞ്ഞുവെന്നാണ് തോന്നുന്നത്. ആഡിറ്റിംഗിനെ സംബന്ധിച്ച് ഇവിടെ പറഞ്ഞ കാര്യം ശരിയാണ്. ആഡിറ്റിംഗ് വിഭാഗം വളരെ മോശമാണ്. ജോയിന്റ് ആഡിറ്റിംഗിനുവേണ്ടിയുള്ള പരിശ്രമങ്ങൾ നടത്താൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 2014-ൽ രൂപീകരിച്ച കരിവള്ളൂരിലെ ഒരു ചെറിയ ബാങ്കിൽ മൂന്നേകാൽ കോടി രൂപയുടെ സ്വർണ്ണവായ്പ വാങ്ങിയതിൽ രണ്ടര കോടി രൂപയുടെ സ്വർണ്ണവായ്പയും

മുക്കുപണ്ടമായിരുന്നുവെന്ന് പറയുമ്പോൾ നമ്മുടെ സംസ്ഥാനത്ത് ഇതിന്റെ പേരിൽ നടക്കുന്ന കൊള്ളരുതായ്മയും അഴിമതിയും എത്ര വലുതാണെന്ന് ബോദ്ധ്യമാകുകയാണ്. സംസ്ഥാനത്തെ എല്ലാ സഹകരണ ബാങ്കുകളിലെയും സ്വർണ്ണ പരിശോധനയ്ക്കുള്ള ഒരു സംവിധാനം ഇപ്പോൾ ഗവൺമെന്റ് കൊണ്ടുവരികയാണ്. പ്രാഥമിക ബാങ്കുകൾ മുതൽ സംസ്ഥാന ഗവൺമെന്റിന്റെ ബ്രാഞ്ചുകളിൽ വരെയുള്ളത് കോടാനുകോടി രൂപയുടെ സ്വർണ്ണമാണ്. അതെല്ലാം പരിശോധിക്കാൻ ജില്ലാതലത്തിലും സംസ്ഥാന തലത്തിലും പ്രത്യേക സംവിധാനം കരിവള്ളൂരിന്റെ പശ്ചാത്തലത്തിൽ ഉണ്ടാക്കിയിരിക്കുകയാണ്. ഈ അവസ്ഥ തുടരാൻ അനുവദിച്ചുകൂടാ. സഹകരണ മേഖലയിൽ അഴിമതിരഹിതമായ സംവിധാനം ഉറപ്പുവരുത്താൻ സാധിക്കണം. അതിനുവേണ്ട സമീപനമാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇക്കാര്യത്തിൽ പ്രതിപക്ഷത്തിന്റെകൂടി സഹകരണമുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ ഉന്നയിച്ച എല്ലാ കാര്യങ്ങൾക്കും മറുപടി പറഞ്ഞുവെന്നാണ് എനിക്ക് തോന്നുന്നത്. ഇനിയെന്തെങ്കിലുമുണ്ടെങ്കിൽ പിന്നീട് വ്യക്തമാക്കാം.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ജോയി: അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ജോയി : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. ജോയി അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ......................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

## വകുപ്പ് തിരിച്ചുള്ള പരിഗണന

2-ാം വകുപ്പ്

Minister for Co-operation, Tourism and Devaswoms (Shri. Kadakampally Surendran) : Sir, I move the following official amendment:

118. Section 2 (ia) of the principal Act proposed to be substituted by clause 2 shall be recast as follows:

" (ia) " District Co-operative Bank" means a Central Society having jurisdiction over one revenue district and having as its members Primary Agricultural Credit Societies and Urban Co-operative Banks and the principal object of which is to raise funds to be lent to its members, including nominal or associate members;" .

ഇതേ ഭേദഗതി തന്നെയാണ് ബഹുമാനപ്പെട്ട കെ. സി. ജോസഫിന്റെ ഭേദഗതിയായി സൂചിപ്പിച്ചിരിക്കുന്നത്. ഇത് വളരെ വ്യക്തതയോടുകൂടി കൊണ്ടുവന്നിരിക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഈ ഭേദഗതിയിൽ jurisdiction over one revenue district എന്നത് തെറ്റായി വായിക്കപ്പെടാനുള്ള സാധ്യതയുണ്ട്. jurisdiction in one revenue district എന്ന് ആക്കുന്നതായിരിക്കും നല്ലത്. ഇല്ലെങ്കിൽ ഒന്നിൽകൂടുതൽ റവന്യൂ ഡിസ്ട്രിക്ട് എന്ന അർത്ഥത്തിൽ വരും. Central Society having jurisdiction in one revenue district എന്നാക്കുന്നതാണ് കുറച്ചുകൂടി നല്ലത്.

മി. സ്പീക്കർ: 'Over' എന്ന് പ്രയോഗിക്കുമ്പോൾ എല്ലാം എന്ന അർത്ഥമല്ലേ വരുന്നത്; എല്ലാ റവന്യൂ ജില്ലകൾ എന്ന അർത്ഥം വരില്ലേ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഒരു റവന്യൂ ജില്ലയ്ക്ക് ഒരു സെൻട്രൽ ബാങ്ക് എന്ന നിലയിൽ വരും.

ശ്രീ. കെ. സി. ജോസഫ്: സർ, ഉദാഹരണത്തിന് മിൽമയ്ക്ക് മൂന്ന് മേഖലകളുണ്ട്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഇതിൽ പ്രാഥമിക ബാങ്കിന്റെ കാര്യം മാത്രമേ വരികയുള്ളൂ. മിൽമ വരില്ല.

*Shri. Sunny Joseph* : Sir, I move the following amendment:

119. Clause 2 shall be deleted.

ജില്ലാ ബാങ്കുകളിലെ അംഗത്വം പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കും അർബൻ സംഘങ്ങൾക്കുമായി പരിമിതപ്പെടുത്തുന്നതാണ് രണ്ടാം വകുപ്പ്. ഇത് ശരിയല്ലെന്നുള്ളതാണ് ഇവിടെ പ്രതിപക്ഷത്തുനിന്നും പ്രസംഗിച്ച എല്ലാ അംഗങ്ങളിൽനിന്നും ഉയർന്നുവന്ന അഭിപ്രായം. ഗവൺമെന്റ് ഇത് തത്വത്തിൽ അംഗീകരിച്ചുകൊണ്ടാണ് നാലാം വകുപ്പ് ഇവിടെ ഭേദഗതിയായി അവതരിപ്പിച്ചിട്ടുള്ളത്. ഒഴിവാക്കപ്പെടുന്ന സംഘങ്ങൾ, നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന വനിതാ സഹകരണസംഘങ്ങൾ, അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സംഘങ്ങൾ, മാർക്കറ്റിംഗ് സംഘങ്ങൾ തുടങ്ങിയ സംഘങ്ങളെ അസോസിയേറ്റ് മെമ്പർമാരായും നോമിനൽ മെമ്പർമാരായും അംഗീകരിക്കാമെന്ന് ഗവൺമെന്റിന്റെ തന്നെ ഭേദഗതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ട് ഈ സംഘങ്ങൾക്ക് വോട്ടവകാശമുള്ള സംഘങ്ങളായി നിലനിൽക്കാനുള്ള അവകാശമുണ്ട്. അതില്ലാതാക്കുന്ന രണ്ടാം വകുപ്പ് പിൻവലിക്കണമെന്ന എന്റെ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

*Shri. V. P. Sajeendran* : Sir, I move the following amendments:

121. In section 2 (ia) of the principal Act proposed to be substituted by clause 2, for the word " principal" the word "primary" shall be substituted.

128. In section 2 (ia) proposed to be substituted in the principal Act by clause 2, for the word "one" the word "the" shall be substituted.

129. In section 2 (ia) proposed to be substituted in the principal Act by clause 2, for the words "only Primary Agricultural Credit Societies" the words "any type of Primary Societies" shall be substituted.

131. In section 2 (ia) proposed to be substituted in the principal Act by clause 2, the words and symbol ",Co-operative Societies" shall be inserted after the words "Agricultural Credit Societies" .

*Shri. V. K. Ebrahim Kunju* : Sir, I move the following amendment:

122. In section 2 (ia) of the principal Act proposed to be substituted by clause 2 for the words " to raise" the words "to collect" shall be substituted.

*Shri. N. Samsudheen* : Sir, I move the following amendment:

123. In section 2 (ia) of the principal Act proposed to be substituted by clause 2 for the word “raise” the word “mobilise” shall be substituted.

സർ, '...which is to raise funds to be lent to its members...' എന്നതിനേക്കാൾ ...which is to mobilise funds to be lent to its members...' എന്ന് വരുന്നതാണ് കൂടുതൽ ഉചിതം.

*Shri. Abdul Hameed. P* : Sir, I move the following amendment:

124. In section 2 (ia) proposed to be substituted in the principal Act by clause 2, after the words “funds to be lent to its members” the words “including nominal or associated members” shall be inserted.

*Shri. S. Sarma* : Sir, I move the following amendment:

125. In section 2 (ia) proposed to be substituted in the principal Act by clause 2, for the words “its members and individuals” the words “its members, individuals and nominal or associate members” shall be substituted.

*Shri. Manjalamkuzhi Ali* : Sir, I move the following amendment:

130. In section 2 (ia) proposed to be substituted in the principal Act by clause 2, after the words “Primary Agricultural Credit Societies” the words and symbol “,Agricultural and Rural Development Banks” shall be inserted.

*Shri. K. C. Joseph* : Sir, I move the following amendment:

132. Section 2 (ia) proposed to be substituted in the principal Act by clause 2 shall be recast as follows:

“(ia) “District Co-operative Bank” means a Central Society or an apex body, the principal purpose is to raise funds and to give loans to individuals and its member societies which includes any type of Primary Societies, Federal Co-operative Societies and Central Societies having head quarters in such revenue districts and having members as provided in sub section (1) of section 18;” .

സർ, എന്റെ 132-ാം നമ്പർ ഭേദഗതിക്ക് തുല്യമാണ് ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 118-ാം നമ്പർ ഔദ്യോഗിക ഭേദഗതി. അതുകൊണ്ട് പ്രസ്തുത ഭേദഗതി ഞാൻ മൂവ് ചെയ്യുന്നു, എന്നാൽ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: 120-ാം നമ്പർ ഭേദഗതി 119-ാം നമ്പർ ഭേദഗതിക്കും 127-ാം നമ്പർ ഭേദഗതി 128-ാം നമ്പർ ഭേദഗതിക്കും തുല്യമാണെന്ന കാരണത്താൽ മറ്റ് ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഇത്രയുംനേരം ചർച്ചചെയ്ത ഉള്ളടക്കത്തിൽത്തന്നെ ഞാൻ നിൽക്കുകയാണ്. പ്രാഥമിക കാർഷിക ബാങ്കുകളുടെയും അർബൻ ബാങ്കുകളുടെയും നയം രൂപീകരിക്കുന്നതുസംബന്ധിച്ച് ഇവ രണ്ടും മതിയാകും. അതുകൊണ്ട് ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 118-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, 129-ാം നമ്പർ ഭേദഗതി ഞാൻ പ്രസ് ചെയ്യുന്നു; ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി:)

അനുകൂലിക്കുന്നവർ:

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. ടി. എ. അഹമ്മദ് കബീർ
5. ശ്രീ. മഞ്ഞളാംകുഴി അലി
6. ശ്രീ. അനിൽ അക്കര
7. ശ്രീ. എ. പി. അനിൽ കുമാർ
8. ശ്രീ. അനൂപ് ജേക്കബ്
9. ശ്രീ. അൻവർ സാദത്ത്
10. ശ്രീ. വി. ടി. ബൽറാം
11. ശ്രീ. പി. കെ. ബഷീർ
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

13. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
14. ശ്രീ. ഹൈബി ഈഡൻ
15. ശ്രീ. ടി. വി. ഇബ്രാഹിം
16. ഡോ. എൻ. ജയരാജ്
17. ശ്രീ. കെ. സി. ജോസഫ്
18. ഡോ. എം. കെ. മുനീർ
19. ശ്രീ. കെ. മുരളീധരൻ
20. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
21. ശ്രീ. ഉമ്മൻ ചാണ്ടി
22. ശ്രീ. രമേശ് ചെന്നിത്തല
23. ശ്രീ. റോജി എം. ജോൺ
24. ശ്രീ. വി. പി. സജീന്ദ്രൻ
25. ശ്രീ. എൻ. ഷംസുദ്ദീൻ
26. ശ്രീ. വി. ഡി. സതീശൻ
27. ശ്രീ. ഷാഫി പറമ്പിൽ
28. ശ്രീ. കെ. എം. ഷാജി
29. ശ്രീ. വി. എസ്. ശിവകുമാർ
30. ശ്രീ. സണ്ണി ജോസഫ്
31. ശ്രീ. പി. ഉബൈദുള്ള
32. ശ്രീ. എം. ഉമ്മർ

<u>പ്രതികൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. എ. എം. ആരിഫ്

6. പ്രൊഫ. കെ. യു. അരുണൻ

7. ശ്രീമതി സി. കെ. ആശ

8. ശ്രീ. കെ. ബാബു

9. ശ്രീ. എ. കെ. ബാലൻ

10. ശ്രീമതി ഇ. എസ്. ബിജിമോൾ

11. ശ്രീ. ഇ. ചന്ദ്രശേഖരൻ

12. ശ്രീ. കെ. ദാസൻ

13. ശ്രീ. ബി. ഡി. ദേവസ്സി

14. ശ്രീ. എൽദോ എബ്രഹാം

15. ശ്രീമതി ഗീതാ ഗോപി

16. ശ്രീ. ജോർജ് എം. തോമസ്

17. ശ്രീ. സി. കെ. ഹരീന്ദ്രൻ

18. ഡോ. കെ. ടി. ജലീൽ

19. ശ്രീ. ജെയിംസ് മാത്യു

20. ശ്രീ. ജി. എസ്. ജയലാൽ

21. ശ്രീ. ഇ. പി. ജയരാജൻ

22. ശ്രീ. ജോൺ ഫെർണാണ്ടസ്

23. ശ്രീ. വി. ജോയി

24. ശ്രീ. ഒ. ആർ. കേളു

25. ശ്രീ. സി. കൃഷ്ണൻ

26. ശ്രീ. കെ. കൃഷ്ണൻകുട്ടി

27. ശ്രീ. കെ. കുഞ്ഞിരാമൻ

28. ശ്രീ. കോവൂർ കുഞ്ഞുമോൻ

29. ശ്രീ. വി. കെ. സി. മമ്മത് കോയ

30. ശ്രീ. എം. എം. മണി

31. ശ്രീ. മാത്യു ടി. തോമസ്

32. ശ്രീ. കെ. ജെ. മാക്സി

33. ശ്രീ. എ. സി. മൊയ്തീൻ

34. ശ്രീ. മുഹമ്മദ് മുഹസിൻ. പി

35. ശ്രീ. ഡി. കെ. മുരളി

36. ശ്രീ. മുരളി പെരുനെല്ലി

37. ശ്രീ. സി. കെ. നാണു

38. ശ്രീ. യു. ആർ. പ്രദീപ്

39. ശ്രീ. എ. പ്രദീപ് കുമാർ

40. ശ്രീ. കെ. ഡി. പ്രസേനൻ

41. ശ്രീമതി യു. പ്രതിഭ ഹരി

42. ശ്രീ. പുരുഷൻ കടലുണ്ടി

43. ശ്രീ. പി. ടി. എ. റഹീം

44. ശ്രീ. എം. രാജഗോപാലൻ

45. ശ്രീ. കെ. രാജൻ

46. ശ്രീ. എസ്. രാജേന്ദ്രൻ

47. ശ്രീ. ആർ. രാജേഷ്

48. ശ്രീ. റ്റി. വി. രാജേഷ്

49. ശ്രീ. കെ. രാജു

50. ശ്രീ. ആർ. രാമചന്ദ്രൻ

51. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

52. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ

53. ശ്രീ. മുല്ലക്കര രത്നാകരൻ

54. പ്രൊഫ. സി. രവീന്ദ്രനാഥ്

55. ശ്രീ. കാരാട്ട് റസാഖ്

56. ശ്രീ. എസ്. ശർമ്മ

57. ശ്രീ. എ. കെ. ശശീന്ദ്രൻ

58. ശ്രീ. സി. കെ. ശശീന്ദ്രൻ

59. ശ്രീ. പി. കെ. ശശി

60. ശ്രീ. വി. ശശി

61. ശ്രീ. ഐ. ബി. സതീഷ്

62. ശ്രീ. ബി. സത്യൻ

63. ശ്രീ. എ. എൻ. ഷംസീർ

64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

65. ശ്രീ. വി. ആർ. സുനിൽ കുമാർ

66. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

67. ശ്രീ. എം. സ്വരാജ്

68. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

69. ശ്രീ. പി. തിലോത്തമൻ

70. ശ്രീ. തോമസ് ചാണ്ടി

71. ഡോ. ടി. എം. തോമസ് ഐസക്

72. ശ്രീ. പി. ഉണ്ണി

73. ശ്രീമതി വീണാ ജോർജ്ജ്

74. ശ്രീ. കെ. വി. വിജയദാസ്

75. ശ്രീ. ഇ. കെ. വിജയൻ

76. ശ്രീ. എൻ. വിജയൻ പിള്ള

<u>നിഷ്പക്ഷത പാലിക്കുന്നവർ:</u>

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 129-ാം നമ്പർ ഭേദഗതിയെ

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 32 |
| പ്രതികൂലിക്കുന്നവർ | - | 76 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | 1 |

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 119-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 121, 128, 131 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 124-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 125-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 130-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 132-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

*Shri Manjalamkuzhi Ali* : Sir, I move the following amendment:

139. Section 16 A of the principal Act shall be recast as follows:

"(1) No member shall be eligible to continue to be a member of a co-operative society if he, —

(a) has not attended three consecutive general meetings of the society without a valid reason;

(b) is violating the rules or the bye-laws consciously.

(2) The committee of the society may remove the person from membership after giving him an opportunity for making his representation, if any, and the person concerned shall thereupon cease to be a member of the society.

Provided that no member of the society shall be eligible for re-admission as a member of the society for a period of one year from the date of such removal."

കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ പ്രവർത്തനത്തിൽ സഹകരിക്കാത്തവരെയും ബൈലോ പാലിക്കാത്തവരെയും നീക്കം ചെയ്യാനുള്ള ഈ വകുപ്പ് നിലനിർത്തണ മെന്നുള്ളതാണ് ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, നമ്മുടെ സഹകരണമേഖലയിലെ മെമ്പർഷിപ്പ് വളരെ വലുതാണ്. 60000 മെമ്പർമാരുള്ള സഹകരണസംഘമുണ്ട്. ഈ അടുത്തകാലത്ത് കേട്ട ഒരു കാര്യം 60000 മെമ്പർമാരുള്ള ഒരു സംഘത്തിന്റെ വാർഷിക പൊതുയോഗത്തിൽ പങ്കെടുത്തത് 500 പേരിൽ താഴമാത്രമാണ് എന്നാണ്. എല്ലാപേരെയും അറിയിക്കാൻ കഴിയാതെ വരിക, അറിയിക്കാതിരിക്കുക ഇങ്ങനെയൊക്കെയുള്ള പ്രശ്നങ്ങളുണ്ട്. ആരെ വേണമെങ്കിലും ഒഴിവാക്കാൻ ഈ ഭേദഗതി സൗകര്യമൊരുക്കിക്കൊടുക്കും. മെമ്പർമാരെ ആക്ടീവാക്കുന്നതിന് ഒരുപാട് കാര്യങ്ങൾ ചെയ്യാൻ സാധിക്കും. ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ............

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

*Shri. V. D. Satheesan* : Sir, I move the following amendment:

141. In clause 4, the word " second" shall be deleted.

ഞാൻ മൂവ് ചെയ്യുന്നു. ഇതിനകത്ത് പറഞ്ഞിരിക്കുന്നത് after the second proviso the following proviso shall be added എന്നാണ്. പക്ഷേ മെയിൻ ആക്റ്റിൽ ഒരു പ്രൊവൈസോ മാത്രമേയുള്ളൂ. Second proviso ഇല്ല. After the second proviso എന്നുപറയേണ്ട ആവശ്യമുണ്ടോ; after the proviso എന്നല്ലേ വരേണ്ടത്? അതായത് സെക്ഷൻ 18-ൽ പറയുന്നത് "a society may admit any individual as a nominal or associate member provided that a hospital co-operative society may admit any other societies as nominal or associate member" എന്നാണ്. അപ്പോൾ "after the second proviso" എന്നുപറയേണ്ട കാര്യമില്ല.

*Shri Eldose P. Kunnapillil* : Sir, I move the following amendment.

142. In the third proviso to section 18 (1) of the principal Act proposed to be amended by clause 4, after the words "may admit", the words " any individual's deposits or" shall be inserted.

*Shri T. A. Ahammed Kabeer* : Sir, I move the following amendment:

143. In the third proviso to section 18 (1) of the principal Act proposed to be amended by clause 4, for the words "any co-operative society" substitute the words "co-operative societies".

*Dr. M. K. Muneer* : Sir, I move the following amendment:

144. In the third proviso to section 18 (1) of the principal Act proposed to be amended by clause 4, for the words " its area of operation", substitute the words " its jurisdiction" .

*Shri. V. P. Sajeendran* : Sir, I move the following amendments:

145. In the third proviso to section 18 (1) of the principal Act proposed to be amended by clause 4, for the words "its area of operation", the words " the revenue district" shall be substituted.

146. In the third proviso to section 18 (1) of the principal Act proposed to be amended by clause 4, the words " nominal or" shall be deleted.

രണ്ട് ഭേദഗതികളും മൂവ് ചെയ്യുന്നു. 145-ൽ ഏരിയ ഓപ്പറേഷൻ റവന്യൂ ജില്ലകളിലായതിനാൽ ജില്ലകളിലെ സൊസൈറ്റികളെ അംഗങ്ങളാക്കാവുന്നതാണ് എന്നുള്ളത് വ്യക്തമാക്കുന്നതിനുള്ള ഭേദഗതിയാണ്.

*Shri. K. C. Joseph* : Sir, I move the following amendment:

147. In the third proviso to section 18 (1) of the principal Act proposed to be amended by clause 4, after the words " associate members", add the words " with voting power".

ഭേദഗതി മൂവ് ചെയ്യുന്നു. മന്ത്രിയുടെ നിലപാടിൽ പ്രകടമായ ഒരു വൈരുദ്ധ്യമുണ്ട് എന്നാണ് എനിക്ക് പറയാനുള്ളത്. അദ്ദേഹം ഒരു ഭാഗത്ത് കയർ സംഘങ്ങൾ വേണ്ടെന്ന് പറയുന്നു. അതേ സംഘങ്ങളെത്തന്നെ അദ്ദേഹം നോമിനൽ മെമ്പേഴ്സായി ഉൾപ്പെടുത്തുന്നു. ഒരു ഭാഗത്ത് കയർ സംഘങ്ങൾ വേണ്ട എന്നുപറഞ്ഞ് ആക്ഷേപിക്കുമ്പോൾ ആ സംഘങ്ങളെത്തന്നെ അമെന്റ്മെന്റ് കൊണ്ടുവന്ന് വീണ്ടും നോമിനൽ സംഘങ്ങളാക്കുന്നു. അങ്ങനെയുള്ള നോമിനൽ സംഘങ്ങൾക്ക് വോട്ടവകാശം വേണമെന്നുള്ളതാണ് എന്റെ ഭേദഗതി.

*Shri Manjalamkuzhi Ali* : Sir, I move the following amendment:

148. In the third proviso to Section 18(1) of the principal Act proposed to be amended by clause 4, the word "members" shall be substituted with the word "member".

മി. സ്പീക്കർ: വകുപ്പ് നീക്കം ചെയ്യേണ്ടതാണെന്നുള്ളതാകയാൽ 140-ാം നമ്പർ ഭേദഗതി അവതരിപ്പിക്കേണ്ടതില്ല.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ കയർ സംഘങ്ങളെ ആക്ഷേപിച്ചില്ല. ബഹുമാനപ്പെട്ട കെ. സി. ജോസഫിനെപ്പോലെ പാരമ്പര്യമുള്ളൊരാൾ അങ്ങനെയൊന്നും പറയരുത്.

ഞാൻ ഒരു കയർ സംഘത്തെയും ആക്ഷേപിച്ചില്ല. വളരെ പ്രതിസന്ധി നേരിടുന്ന സംഘങ്ങളാണ് കയർ സംഘങ്ങൾ. അങ്ങനെയുള്ള സംഘങ്ങൾക്ക് നമ്മുടെ നാട്ടിലെ ദേശസാൽകൃത ബാങ്കുകൾ വായ്പ കൊടുക്കാറില്ല. അവർക്ക് വായ്പ കൊടുക്കാനുള്ള പ്രൊവിഷൻ വേണമെന്നുമാത്രമേ പറഞ്ഞിട്ടുള്ളൂ. അവർ ഈ ഭരണസമിതിയിൽ വേണ്ട എന്നുപറഞ്ഞു. അവർക്ക് കയർഫെഡുണ്ട്. അവിടെ നന്നായി ഭരണം നടക്കുന്നുമുണ്ട്. അതുകൊണ്ട് അവരെ ആക്ഷേപിക്കുകയാണെന്നു പറയരുത്. കയർത്തൊഴിലാളികളുടെയിടയിൽ നിന്നാണ് ഞാൻ വരുന്നത്. അവരുടെ ചൂടും ചൂരും ഏറ്റൊരാൾ എന്ന നിലയിൽ അവരോട് വലിയ ബഹുമാനവും സ്നേഹവുമുള്ള ഒരാളാണ് ഞാൻ. എന്റെ നാട്ടിൽ ഒരു സംഘം ആരംഭിച്ചിട്ടുണ്ട്. Second എന്നുള്ളത് നിയമം വരുമ്പോൾ ഉണ്ടാകില്ല. ഒന്നിലധികം proviso ഉള്ളപ്പോൾ ഈ ഭാഗം എവിടെ വരണമെന്ന് വ്യക്തമാക്കുക എന്നതുമാത്രമേ ഉദ്ദേശിച്ചിട്ടുള്ളൂ. ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 148-ാം നമ്പർ ഭേദഗതി 'member' എന്നുമാത്രമേയുള്ളൂ. അത് 'as a nominal or associate member' എന്ന ഭേദഗതിയോടെ അംഗീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 148-ാം നമ്പർ ഭേദഗതി ഭേദഗതിയോടുകൂടി സഭ അംഗീകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 141-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 142-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 143-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 144-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 145, 146 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. സി. ജോസഫ്, അങ്ങയുടെ 147-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. അബ്ദുൽ ഹമീദ്. പി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

4. ശ്രീ. ടി. എ. അഹമ്മദ് കബീർ
5. ശ്രീ. മഞ്ഞളാംകുഴി അലി
6. ശ്രീ. അനിൽ അക്കര
7. ശ്രീ. എ. പി. അനിൽ കുമാർ
8. ശ്രീ. അനൂപ് ജേക്കബ്
9. ശ്രീ. അൻവർ സാദത്ത്
10. ശ്രീ. വി. ടി. ബൽറാം
11. ശ്രീ. പി. കെ. ബഷീർ
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
14. ശ്രീ. ഹൈബി ഈഡൻ
15. ശ്രീ. ടി. വി. ഇബ്രാഹിം
16. ഡോ. എൻ. ജയരാജ്
17. ശ്രീ. കെ. സി. ജോസഫ്
18. ഡോ. എം. കെ. മുനീർ
19. ശ്രീ. കെ. മുരളീധരൻ
20. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
21. ശ്രീ. ഉമ്മൻ ചാണ്ടി
22. ശ്രീ. രമേശ് ചെന്നിത്തല
23. ശ്രീ. റോജി എം. ജോൺ
24. ശ്രീ. വി. പി. സജീന്ദ്രൻ
25. ശ്രീ. എൻ. ഷംസുദ്ദീൻ
26. ശ്രീ. വി. ഡി. സതീശൻ
27. ശ്രീ. ഷാഫി പറമ്പിൽ

28. ശ്രീ. കെ. എം. ഷാജി
29. ശ്രീ. വി. എസ്. ശിവകുമാർ
30. ശ്രീ. സണ്ണി ജോസഫ്
31. ശ്രീ. പി. ഉബൈദുള്ള
32. ശ്രീ. എം. ഉമ്മർ

<u>പ്രതികൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ജോർജ് എം. തോമസ്
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ

19. ശ്രീ. ജെയിംസ് മാത്യു
20. ശ്രീ. ജി. എസ്. ജയലാൽ
21. ശ്രീ. ഇ. പി. ജയരാജൻ
22. ശ്രീ. ജോൺ ഫെർണാണ്ടസ്
23. ശ്രീ. വി. ജോയി
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കെ. കുഞ്ഞിരാമൻ
28. ശ്രീ. കോവൂർ കുഞ്ഞുമോൻ
29. ശ്രീ. വി. കെ. സി. മമ്മത് കോയ
30. ശ്രീ. എം. എം. മണി
31. ശ്രീ. മാത്യു ടി. തോമസ്
32. ശ്രീ. കെ. ജെ. മാക്സി
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ. പി
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. സി. കെ. നാണു
38. ശ്രീ. യു. ആർ. പ്രദീപ്
39. ശ്രീ. എ. പ്രദീപ് കുമാർ
40. ശ്രീ. കെ. ഡി. പ്രസേനൻ
41. ശ്രീമതി യു. പ്രതിഭ ഹരി
42. ശ്രീ. പുരുഷൻ കടലുണ്ടി

43. ശ്രീ. പി. ടി. എ. റഹീം
44. ശ്രീ. എം. രാജഗോപാലൻ
45. ശ്രീ. കെ. രാജൻ
46. ശ്രീ. എസ്. രാജേന്ദ്രൻ
47. ശ്രീ. ആർ. രാജേഷ്
48. ശ്രീ. റ്റി. വി. രാജേഷ്
49. ശ്രീ. കെ. രാജു
50. ശ്രീ. ആർ. രാമചന്ദ്രൻ
51. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
52. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
53. ശ്രീ. മുല്ലക്കര രത്നാകരൻ
54. പ്രൊഫ. സി. രവീന്ദ്രനാഥ്
55. ശ്രീ. കാരാട്ട് റസാഖ്
56. ശ്രീ. എസ്. ശർമ്മ
57. ശ്രീ. എ. കെ. ശശീന്ദ്രൻ
58. ശ്രീ. സി. കെ. ശശീന്ദ്രൻ
59. ശ്രീ. പി. കെ. ശശി
60. ശ്രീ. വി. ശശി
61. ശ്രീ. ഐ. ബി. സതീഷ്
62. ശ്രീ. ബി. സത്യൻ
63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
65. ശ്രീ. വി. ആർ. സുനിൽ കുമാർ
66. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
67. ശ്രീ. എം. സ്വരാജ്
68. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

69. ശ്രീ. പി. തിലോത്തമൻ

70. ശ്രീ. തോമസ് ചാണ്ടി

71. ഡോ. ടി. എം. തോമസ് ഐസക്

72. ശ്രീ. പി. ഉണ്ണി

73. ശ്രീമതി വീണാ ജോർജ്ജ്

74. ശ്രീ. കെ. വി. വിജയദാസ്

75. ശ്രീ. ഇ. കെ. വിജയൻ

76. ശ്രീ. എൻ. വിജയൻ പിള്ള

നിഷ്പക്ഷത പാലിക്കുന്നവർ:

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ: ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 147-ാം നമ്പർ ഭേദഗതിയെ

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 32 |
| പ്രതികൂലിക്കുന്നവർ | - | 76 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | 1 |

ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

*Shri. K. C. Joseph* : Sir, I move the following amendment:

155. Section 19A of the principal Act shall be recast as follows:

"19A. No member of a society shall exercise the right of a member unless he has attended the minimum required general body and minimum level of services as may be prescribed".

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, 16(A) ഒഴിവാക്കിയതുകൊണ്ട് 19A-യ്ക്ക് പ്രസക്തിയില്ല. ഭേദഗതി സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 155-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>6-ാം വകുപ്പ്</u>

Minister for Co-operation, Tourism & Devaswoms *(Shri. Kadakampally Surendran)* : Sir, I move the following official amendment.

156. In clause 6,—

(i) for the words " The third proviso in sub-section (1) proposed to be omitted by item (a) of clause 6 the following clause shall be substituted, namely:—", the following words, letter and bracket shall be substituted, namely:—

"(a) In sub-section (1), for the third proviso, the following proviso shall be substituted, namely:—"

(ii) for clause (a), the following proviso shall be substituted, namely:—

"Provided also that the election to the Committees of the societies shall not be conducted on ward basis irrespective of any provisions to the contrary contained in the bye-laws of any society;" .

*Shri Sunny Joseph* : Sir, I move the following amendment:

157. Clause 6(a) shall be deleted and remaining items renumbered accordingly.

ഭേദഗതി മൂവ് ചെയ്യുന്നു. വാർഡ് തലത്തിൽ ഇലക്ഷൻ നടത്താമെന്നാണ് നേരത്തെ മന്ത്രി പ്രസംഗത്തിൽ പറഞ്ഞത്. പക്ഷേ വാർഡ് തലത്തിലുള്ള ഇലക്ഷൻ പൂർണ്ണമായി നിരോധിച്ചുകൊണ്ടുള്ളതാണ് 6(a) വകുപ്പ്. "Provided also

that the election to the Committees of the societies shall not be conducted on ward basis irrespective of any provisions to the contrary, contained in the bye-laws of any society." വാർഡ് അടിസ്ഥാനത്തിൽ സ്ഥാനാർത്ഥികളെ നിർദ്ദേശിക്കാം. പക്ഷേ വോട്ട് ചെയ്യുന്ന എല്ലാവരും എന്നാണ് വരേണ്ടത്. സ്ഥാനാർത്ഥികളെ നിർദ്ദേശിക്കേണ്ടത് വാർഡ് തലത്തിലായിരിക്കണം. എല്ലാവർക്കും വോട്ട് ചെയ്യാം എന്ന രൂപത്തിൽ ഭേദഗതി വരുത്തണം.

*Shri V. D. Satheesan* : Sir, I move the following amendments:

158. Clause 6 (b) shall be deleted and remaining items renumbered accordingly.

163. Delete clause 6 (c) and rearrange accordingly.

ഭേദഗതികൾ മൂവ് ചെയ്യുന്നു. Clause 6 (b) യും 6 (c)-യും delete ചെയ്യണമെന്നുള്ളതാണ് എന്റെ ഭേദഗതി.

*Shri K. C. Joseph* : Sir, I move the following amendment:

160. Section 28 (1) proposed to be substituted in the principal Act by clause 6 (a) shall be recast as follows;

"(a) Provided also that the election to the Committees of the societies shall be conducted according to the bye-law of each society irrespective of any provisions to the contrary, contained in other Acts or Rules".

ഇവിടെ ബഹുമാനപ്പെട്ട ശ്രീ. സണ്ണി ജോസഫ് പറഞ്ഞതുപോലെ സ്ഥാനാർത്ഥികൾ വാർഡ് ബേസിസിലും വോട്ടർമാർ മൊത്തത്തിലുമാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പ്രസംഗത്തിൽ പറഞ്ഞത്. പക്ഷേ ആ അമെന്റ്മെന്റ് വന്നിട്ടില്ല. അങ്ങ് പറഞ്ഞതും അമെന്റ്മെന്റും തമ്മിൽ വ്യത്യാസമുണ്ട്.

*Shri. Manjalamkuzhi Ali* : Sir, I move the following amendments:

161. In section 28 (1) proposed to be substituted in the principal Act by clause 6 (a), for the word "bylaws", the word "bye-laws" shall be substituted.

166. In clause 6(b), the word " two" shall be substituted with the word "three".

167. In section 28(IH) of the principal Act before the words "Primary Agricultural Credit Societies" the words and symbol "Agricultural and Rural Development Banks," shall be added.

168. In section 28(1H) of the principal Act after the words "Primary Agricultural Credit Societies" the words "and Urban Co-operative Banks" shall be added.

*Shri P. Ubaidulla* : Sir, I move the following amendment:

162. In the third proviso to section 28(1) of the principal Act proposed to substituted by clause 6(a) the words "any society" shall be substituted with the word "societies".

*Shri S. Sarma* : Sir, I move the following amendment:

170. Clause 6 shall be recast as follows:—

"6.Amendment of section 28.— In section 28 of the principal Act—,

(a) in sub-section (1), for the third proviso, the following proviso shall be substituted, namely:—

"Provided also that the election to the Committees of the societies shall not be conducted on ward basis irrespective of any provisions to the contrary, contained in the bylaws of any society."

(b) in sub-section(IH), for the words "at least one" the words "atleast two" shall be substituted;

(c) sub-section (1I) shall be omitted."

മി. സ്പീക്കർ: 159-ാം നമ്പർ ഭേദഗതി 163-ാം നമ്പർ ഭേദഗതിക്ക് തുല്യവും 164, 165 എന്നീ നമ്പർ ഭേദഗതികൾ 166-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, നമ്മുടെ സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ നടക്കുന്ന തെരഞ്ഞെടുപ്പിൽ മണ്ഡലങ്ങളുണ്ട്. പട്ടികജാതി സംവരണമുണ്ട്, വനിതാ സംവരണമുണ്ട്. ആ സ്ഥലങ്ങളെ മണ്ഡലങ്ങളായി നിശ്ചയിച്ചിട്ടുണ്ട്. അതുകൊണ്ട് ആ മണ്ഡലത്തിനകത്തു നിന്നുമാത്രമേ

സ്ഥാനാർത്ഥികളെ നിശ്ചയിക്കാൻ സാധിക്കുകയുള്ളൂ. വോട്ട് ചെയ്യുന്നത് എല്ലാവരും കൂടിയാണ്. അതിന് പ്രത്യേകിച്ച് മണ്ഡലങ്ങളുണ്ട്.

ശ്രീ. കെ. സി. ജോസഫ്: ആക്ടിൽ മണ്ഡലങ്ങളെന്നല്ല വാർഡുകളെന്നാണ് പറയുന്നത്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: വാർഡെന്നോ മണ്ഡലമെന്നോ പറയാം. ഞാൻ മണ്ഡലമെന്ന് ഉദ്ദേശിച്ചത് വാർഡിനെത്തന്നെയാണ്. രണ്ടും ഒന്നുതന്നെയാണ്. ഓരോ ഏരിയയുണ്ട്. അത് മനസ്സിലാക്കിയാൽ മതി. ഇത് ശിവദാസൻ നായർ കമ്മിറ്റി റിപ്പോർട്ടാണ്. (റിപ്പോർട്ട് ഉയർത്തിക്കാണിച്ചു.) ഇതിൽ ഈ നിർദ്ദേശം കൃത്യമായുണ്ട്. എല്ലാപേരുംകൂടി ചേർന്ന് തയ്യാറാക്കിയ റിപ്പോർട്ടാണിത്.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് പറയുന്ന നയപരമായ വ്യത്യാസമല്ല ഇതിനകത്തെ പ്രശ്നം. അങ്ങ് പറയുന്നതിനോട് ഞങ്ങൾ യോജിക്കുന്നു. വാർഡടിസ്ഥാനത്തിൽ കോൺസ്റ്റിറ്റ്യുവൻസിയുണ്ട്. പക്ഷെ ഈ അമെന്റ്മെന്റ് വരുമ്പോൾ വാർഡടിസ്ഥാനത്തിൽപോലും കോൺസ്റ്റിറ്റ്യുവൻസിയില്ലായെന്ന ലെവലിലേയ്ക്ക് പോകും. ബൈലായിൽ പ്രൊവിഷനുണ്ടെങ്കിൽപ്പോലും അത് കോൺസ്റ്റിറ്റ്യുവൻസിയല്ലെന്ന് ആയിപ്പോകും. അങ്ങ് പറയുന്ന ഈ ഭേദഗതി നിലവിൽ വരുമ്പോൾ വാർഡുതലത്തിലുള്ള മണ്ഡലം ഇല്ലാതാകും. ക്ലാരിറ്റിക്കുറവുണ്ട്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സംഘത്തിൽ 11 വാർഡുണ്ടെങ്കിൽ 11 മണ്ഡലങ്ങളെന്ന് വിളിക്കും. പൊളിറ്റിക്കൽ പാർട്ടികളാണ് സ്ഥാനാർത്ഥികളെ നിശ്ചയിക്കുന്നത്. വാർഡടിസ്ഥാനത്തിലാണ്, മണ്ഡലാടിസ്ഥാനത്തിലാണ് സ്ഥാനാർത്ഥികളെ നിശ്ചയിക്കുക. ഒരു വാർഡിനകത്തുനിന്ന് വാർഡിലുള്ള സ്ഥാനാർത്ഥികളെയാണ് നിശ്ചയിക്കേണ്ടത്. സാധാരണഗതിയിൽ അങ്ങനെയാണ് സംഭവിക്കുക. അല്ലാതെ സംഭവിക്കാറില്ലല്ലോ; പിന്നെ എന്തിനാണ് വാർഡ്; നടന്നുവരുന്ന കാര്യമല്ലേ?

മി. സ്പീക്കർ: ഭേദഗതികൾ അങ്ങ് സ്വീകരിക്കുന്നുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി അവതരിപ്പിച്ച 156-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 157-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 158, 163 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 160-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 166, 167, 168 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 162-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 170-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, 7-ാം വകുപ്പ് പിൻവലിക്കുകയാണ്. അതിലാണ് എല്ലാ തലങ്ങളിൽനിന്നും ചർച്ചയുണ്ടായത്. അത് പൂർണ്ണമായും പിൻവലിക്കുകയാണ്. അത് സബ്ജക്ട് കമ്മിറ്റിയുടെ അഭിപ്രായമായിരുന്നു.

മി. സ്പീക്കർ: സഭയുടെ അനുമതിയോടെ ബില്ലിന്റെ 7-ാം വകുപ്പ് പിൻവലിച്ചിരിക്കുന്നു. മറ്റ് വകുപ്പുകൾ പുനരക്കം ചെയ്യുന്നതാണ്.

(7-ാം വകുപ്പ് പൂർണ്ണമായും പിൻവലിക്കുകയും തുടർന്നുവന്ന വകുപ്പുകൾ പുനരക്കം ചെയ്യുകയും ചെയ്തു.)

7-ാം വകുപ്പ്

*Shri K. C. Joseph* : Sir, I move the following amendment:

191. Explanation I after the third proviso to section 32(1) proposed to be inserted in the principal Act by clause 8 shall be deleted.

*Shri Manjalamkuzhi Ali* : Sir, I move the following amendments:

192. In Explanation I to section 32(1) proposed to be inserted in the principal Act by clause 8, the words "Kerala State Co-operative Deposit Guarantee Fund Board" shall be substituted with the words "Kerala Co-operative Deposit Guarantee Fund Board".

193. In Explanation I after the third proviso to section 32(1) proposed to be inserted in the principal Act by clause 8, the words "Risk Fund Scheme" shall be substituted with the words "Kerala Co-operative Risk Fund Scheme".

196. In Explanation I after the third proviso to section 32(1) proposed to be inserted in the principal Act by clause 8, the words "National Co-operative" shall be substituted with the words "National Cooperative".

എന്റെ 192-ാം ഭേദഗതിയിലെ എക്സ്പ്ലനേഷൻ I-ൽ പറയുന്ന Deposit Guarantee Scheme ഇംപ്ലിമെന്റ് ചെയ്തിട്ടുള്ള സ്ഥാപനത്തിന്റെ പേരിൽ State എന്ന വാക്കില്ല. Kerala Co-operative Deposit Guarantee Fund Board എന്ന് മാത്രമേയുള്ളൂ. അതുകൊണ്ട് State എന്ന വാക്ക് ഒഴിവാക്കണമെന്നാണ് എന്റെ ഭേദഗതി.

*Shri N. Samsudheen*: Sir, I move the following amendment:

194. In Explanation I after the third proviso to section 32(1) proposed to be inserted in the principal Act by clause 8, the word " NABARD" shall be substituted with the words " National Bank of Agricultural and Rural Development".

*Shri V. Joy* : Sir, I move the following amendment.

195. In Explanation I after the third proviso to section 32(1) proposed to be inserted in the principal Act by clause 8, delete the words "NABARD, National Co-operative Development Corporation and" and "or Central" .

*Shri T. V. Ibrahim* : Sir, I move the following amendment:

197. In Explanation I after the third proviso to section 32(1) proposed to be inserted in the principal Act by clause 8, for the words “any other financial institution” the words “such any other financial institutions” shall be substituted.

*Shri. V. P. Sajeendran* : Sir, I move the following amendment:

198. The Explanation I after the third proviso to section 32(1) proposed to be inserted in the principal Act by clause 8, shall be recast as follows:

“ Explanation I- For the purpose of this proviso, financial assistance includes any financial assistance from any financial institutions under the control of the State or Central Government and also any financial assistance guaranteed by such institutions”.

*Shri Abdul Hameed P* : Sir, I move the following amendment:

199. The following proviso shall be added to the Explanation I after the third proviso to section 32(1) proposed to be inserted in the principal Act by clause 8, “However financial assistance received by a society directly from NABARD or NCDC without any guarantee from the State Government shall not include under the term assisted Societies”.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 192, 193 എന്നീ നമ്പർ ഭേദഗതികളും ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 194-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. 192-ാം നമ്പർ ഭേദഗതിയിൽ പറയുന്ന “Kerala State Co-operative Deposit Guarantee Fund Board” എന്നതിനു പകരം “Kerala Co-operative Deposit Guarantee Fund Board” എന്നാക്കണം. 193-ാം നമ്പർ ഭേദഗതിയിൽ "Risk Fund Scheme” shall be substituted with the words “Kerala Co-operative Risk Fund Scheme” എന്ന നിലയിലേയ്ക്ക് മാറ്റണം. 194-ാം നമ്പർ ഭേദഗതിയിൽ പറയുന്ന “NABARD” എന്നത് “National Bank of Agricultural and Rural Development” എന്നാക്കണം.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 192, 193 എന്നീ നമ്പർ ഭേദഗതികളും ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 194-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 191-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 196-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ജോയി അവതരിപ്പിച്ച 195-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 197-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 198-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 199-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്തപ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

*Shri Manjalamkuzhi Ali* : Sir, I move the following amendments:

200. In clause 9 (1), after the words “principal Act”, the words “or in any other Act”, shall be inserted.

209. In clause 9(1)(b), the word "appoint" shall be substituted with the word "constitute".

211. In clause 9(1)(b), after the word " committee" the words "comprising of the members of the society" shall be inserted.

212. In clause 9 (1) (b), after the words "committee or", the words "to appoint" shall be inserted.

223. In clause 9(2), after the word "administrators" the words "constituted or" shall be inserted.

224. In clause 9(2), after the symbol and number "(1)" symbol and letter "(b)" shall be inserted.

228. In clause 9(2), the word "powers" shall be substituted with the word "duties".

230. In clause 9(2), the words "or for its members" shall be added at the end.

232.In clause 9(3), the word "committees" shall be substituted with the word "committee".

237. In clause 9(3), after the words " principal Act" the words " and this Act" shall be inserted.

*Shri Abdul Hameed. P* : Sir, I move the following amendments:

201. In clause 9(1), insert the word "any" after the words "court, tribunal or".

213. Clause 9 (1) (b), the words "one or more administrator or administrators" shall be substituted with the words "one administrator who shall have experience in banking in an officer cadre for not less than ten years".

222. In clause 9(2), the words "or the administrators" shall be deleted.

229. In clause 9(2), add the word "to" before the word "perform" .

233. In clause 9(3), delete the words "or administrators".

*Shri. M. Ummer* : Sir, I move the following amendments.

202. In clause 9(1), for the word "Ordinance" the word "Act" shall be substituted.

208. In clause 9(1)(b), for the word "committees" the word "committee" shall be substituted.

Ordinance എന്നത് Act ആക്കണം. Committees എന്നത് Committee ആക്കണം. Committee-ക്ക് plural ഇല്ല. ഈ രണ്ട് ഭേദഗതികളാണുള്ളത്.

*Shri K. C. Joseph* : Sir, I move the following amendments:

204. In clause 9(1)(a), add the following words at the end: "and they will have voting right as delegates of Primary Agricultural Credit Societies;"

210. In clause 9(1)(b), after the words "new committee", the words "consisting not more than three members" shall be added.

215. In clause 9 (1) (b), for the words "who need not be members of the society" the words "who shall be employees of the Co-operative department" shall be substituted.

ഭേദഗതികൾ ഞാൻ മൂവ് ചെയ്യുകയാണ്. ബില്ലിന്റെ യഥാർത്ഥ ഉദ്ദേശ്യമാണ് ഈ ക്ലോസിലുള്ളത്. അതായത്, ജില്ലാ ബാങ്ക് പിരിച്ചുവിടുക. പ്രധാനപ്പെട്ട ഉദ്ദേശ്യം ഉണ്ടായിരുന്ന ജില്ലാ ബാങ്ക് പിരിച്ചുവിടുകയെന്നുള്ളതാണ്. പിരിച്ചുവിട്ട് കമ്മിറ്റി വരുമ്പോൾ ആ കമ്മിറ്റിയിൽ 3 അംഗങ്ങളെ പാടുള്ളൂവെന്നും ആ കമ്മിറ്റി മെമ്പർമാർ സഹകരണ വകുപ്പിലെ ജീവനക്കാരായിരിക്കണമെന്നുമുള്ളതാണ്.

*Shri Sunny Joseph* : Sir, I move the following amendments:

205. Delete clause 9(1)(a).

206. Delete clause 9(1)(b).

235. In clause 9 (3), for the words "its or his" shall be substituted with the words and symbol "its or his/her" .

ശ്രീ. കെ. സി. ജോസഫ് പറഞ്ഞ കാരണങ്ങൾകൊണ്ട് ഭേദഗതികൾ മൂവ് ചെയ്യുന്നു.

*Shri N. A. Nellikkunnu* : Sir, I move the following amendment:

214. In clause 9(1)(b), for the words "one or more administrator or administrators" the words "administrator or administrators" shall be substituted.

"one or more administrator or administrators" എന്നത് കേൾക്കാൻ സുഖമില്ല. ആ sentence-ന്റെ കൺസ്ട്രക്ഷനിൽ പന്തികേടുണ്ടെന്നാണ് തോന്നുന്നത്. അതുകൊണ്ട് അത് "administrator or administrators" എന്നാക്കണമെന്നതാണ് എന്റെ ഭേദഗതി.

*Shri N. Samsudheen* : Sir, I move the following amendment.

216. The following symbol and words in clause 9 (1) (b) shall be deleted " , as may be specified in the order, which period may, at the discretion of the Registrar, be extended from time to time, so however that the aggregate period shall not exceed one year".

225. In clause 9(2), the word "control" shall be substituted with the word "direction".

ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെതന്നെ പകരം വരുന്ന കമ്മിറ്റിയിൽ "who need not be members of the society," എന്നാണ് പറയുന്നത്. ഒരു സൊസൈറ്റിയിലെ മെമ്പർപോലും ആകേണ്ടതില്ല. To manage the affairs of the Bank for a period not exceeding six months, ഇവരുടെ കാലാവധി 6 മാസത്തിൽ അധികരിക്കാത്തതാണെന്ന് പറഞ്ഞുനിർത്തുന്നുണ്ട്. അതിനുശേഷം വീണ്ടും വേണമെങ്കിൽ ഒരു കൊല്ലംവരെ നീട്ടാമെന്ന് രജിസ്ട്രാർക്ക് ഒരു ഡിസ്ക്രീഷൻ കൊടുക്കുകയാണ്. ജനാധിപത്യവിരുദ്ധമായ ആ ഭാഗമെങ്കിലും മാറ്റണമെന്നതാണ് എന്റെ 216-ാം നമ്പർ ഭേദഗതി.

225-ാം നമ്പർ ഭേദഗതിയിൽ പറയുന്നതുപ്രകാരം "control" എന്ന വാക്കിനുപകരം "direction" എന്നതായിരിക്കും ഉചിതം. The committee of the administrator or the administrators appointed under sub-section (1) shall, subject to the control of the Registrar എന്നതിനുപകരം direction of the registrar എന്നാക്കി മാറ്റണം. ഈ രണ്ട് ഭേദഗതികളും മൂവ് ചെയ്യുകയാണ്.

*Shri V. S. Sivakumar* : I move the following amendment:

218. In clause 9 (1) (b), the words and symbols " from time to time, so however, that the aggregate period shall" shall be deleted.

*Shri Hibi Eden* : I move the following amendment:

219. In clause 9 (1) (b), for the words " one year" substitute the words "nine months".

*Shri Anwar Sadath* : I move the following amendment:

221. In clause 9 (1) (b), the words "one year" shall be substituted with the words "three years" .

*Shri K. V. Vijayadas* : I move the following amendment:

226. In clause 9 (2), for the words and symbols "as he may, from time to time give, " the words and symbols "as he may issue from time to time," shall be substituted.

*Shri V. P. Sajeendran* : I move the following amendment:

227. In clause 9(2), for the word "power" the word "rights" shall be substituted.

236. In clause 9(3), substitute the word "constitution" with the word "election".

മി. സ്പീക്കർ : താഴെപ്പറയുന്ന ഭേദഗതികൾ ഇനിപ്പറയുന്ന കാരണങ്ങളാൽ അവതരിപ്പിക്കേണ്ടതില്ല. 203-ാം നമ്പർ ഭേദഗതി 202-നും 207-ാം നമ്പർ ഭേദഗതി 206-നും 231-ാം നമ്പർ ഭേദഗതി 232-നും തുല്യമാണ്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ബഹുമാനപ്പെട്ട കെ. സി. ജോസഫ് ആക്ഷേപം പറഞ്ഞതുപോലെ ഒരു ജില്ലാ സഹകരണ ബാങ്കിനെയും പിരിച്ചുവിട്ടിട്ടില്ല. പുനഃക്രമീകരണം വന്നപ്പോൾ നിലവിലുള്ളത് പിരിഞ്ഞുപോയി. നമ്മുടെ കുറ്റമല്ല, പിരിഞ്ഞുപോയതാണ്. മനഃപൂർവ്വം അവരെ ദ്രോഹിച്ചതല്ല. കൃഷിക്കാരുടെ സംഘങ്ങളെ ഉൾപ്പെടുത്തിയപ്പോൾ കൃഷിക്കാരല്ലാത്തവരുടെ പ്രതിനിധികൾ സ്വാഭാവികമായും പുറത്തായതാണ്. അതിന് എന്നെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. മറ്റ് മാർഗ്ഗങ്ങളില്ലാത്തതുകൊണ്ടാണ്. In clause 9(3), the word "committees" shall be substituted with the word "committee" എന്ന ശ്രീ. മഞ്ഞളാംകുഴി അലി അവതിരിപ്പിച്ച 232-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

ശ്രീ. എം. ഉമ്മർ : സർ, എന്റെ 208-ാം നമ്പർ ഭേദഗതി "committees" എന്നത് "committee" എന്നാക്കണമെന്ന് തന്നെയാണ്. പക്ഷെ ഞാൻ കൊണ്ടുവന്ന ഭേദഗതി തള്ളുകയും അദ്ദേഹത്തിന്റേത് സ്വീകരിക്കുകയുമാണ് ചെയ്തത്. അപ്പോൾ എന്റെ ഭേദഗതിയല്ലേ സ്വീകരിക്കേണ്ടത്?

മി. സ്പീക്കർ : അതേ ഭേദഗതി തന്നെ ശ്രീ. എം. ഉമ്മറാണ് ആദ്യം കൊണ്ടുവന്നതെന്നാണ് അദ്ദേഹം പറയുന്നത്.

ശ്രീ കടകംപള്ളി സുരേന്ദ്രൻ: സർ, അദ്ദേഹത്തിന്റേത് സമാന ഭേദഗതിയാണെങ്കിൽ അത് സ്വീകരിക്കുന്നു. എനിക്കതിൽ വിവേചനമില്ല.

ശ്രീ. എം. ഉമ്മർ : സർ, 202-ാം നമ്പർ ഭേദഗതി സംബന്ധിച്ച് എനിക്ക് ഒരു വാക്ക് പറയാനുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ, അങ്ങ് ശ്രദ്ധിക്കേണ്ടത്, Kerala Co-operative Societies (Amendment) Ordinance ഇനി നിലവിലുണ്ടോ?

മി. സ്പീക്കർ : അങ്ങ് അവതരിപ്പിച്ചുകഴിഞ്ഞു. രണ്ടാമതും അതിനെപ്പറ്റി പറയേണ്ടതുണ്ടോ?

ശ്രീ. എം. ഉമ്മർ: സർ, ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കാതെയാണ് പറയുന്നതെങ്കിൽ ഒന്നുകൂടി ശ്രദ്ധിക്കാൻ വേണ്ടിയാണ്. ഒരു ആക്ട് വന്നുകഴിഞ്ഞാൽ പിന്നീട് ഓർഡിനൻസ് നിലനിൽക്കുമോ? .......tribunal or other authority, on the date of commencement of the Kerala Co-Operative Societies (Amendment) Ordinance, 2017 ഇനി നിലനിൽക്കുമോ? അത് ആക്ടല്ലേ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ഭേദഗതി നമ്പർ 201-ഉം 232-ഉം വ്യത്യസ്തമാണ്. 208-ാം നമ്പർ ഭേദഗതി clause 9 (1)(b) ആണ്. എന്നാൽ 232-ാം നമ്പർ ഭേദഗതി clause 9 (3) ആണ്. ഞാൻ 232-ാം നമ്പർ ഭേദഗതിയാണ് സ്വീകരിക്കുന്നത്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. സണ്ണി ജോസഫ് : സർ, 235-ാം നമ്പർ ഭേദഗതിയിൽ clause 9(3) -ൽ "its or his" എന്നാണ് പറഞ്ഞിരിക്കുന്നത്, "its or his/her" എന്നല്ലേ വരേണ്ടത്; അല്ലെങ്കിൽ ലിംഗ വിവേചനമാകില്ലേ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, his-ൽ തന്നെ her ഉണ്ട്.

മി. സ്പീക്കർ : സർ, ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 232-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 200, 209, 211, 212, 223, 224, 228, 230, 237 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 201, 213, 222, 229, 233 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 202, 208 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 204 -ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 205, 206, 235 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 214-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 216, 225 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. എസ്. ശിവകുമാർ അവതരിപ്പിച്ച 218-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 219-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 221-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. വി. വിജയദാസ് അവതരിപ്പിച്ച 226-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 227, 236 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. സി. ജോസഫ് : സർ, ക്ലോസ് 9(1)(b)-യിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയിൽ മൂന്ന് അംഗങ്ങളേ പാടുള്ളൂവെന്നും അവർ സഹകരണ വകുപ്പിൽ നിന്നുതന്നെയാകണമെന്നും പറയുന്നുണ്ട്. കമ്മിറ്റി പിരിച്ചുവിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. അതൊരു painless killing ആയിരുന്നു. ഞാൻ 210, 215 എന്നീ ഭേദഗതികളിന്മേൽ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. ടി. എ. അഹമ്മദ് കബീർ
5. ശ്രീ. മഞ്ഞളാംകുഴി അലി
6. ശ്രീ. അനിൽ അക്കര
7. ശ്രീ. എ. പി. അനിൽ കുമാർ
8. ശ്രീ. അനൂപ് ജേക്കബ്
9. ശ്രീ. അൻവർ സാദത്ത്
10. ശ്രീ. വി. ടി. ബൽറാം
11. ശ്രീ. പി. കെ. ബഷീർ
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
14. ശ്രീ. ഹൈബി ഈഡൻ
15. ശ്രീ. ടി. വി. ഇബ്രാഹിം
16. ഡോ. എൻ. ജയരാജ്
17. ശ്രീ. കെ. സി. ജോസഫ്
18. ഡോ. എം. കെ. മുനീർ
19. ശ്രീ. കെ. മുരളീധരൻ
20. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
21. ശ്രീ. ഉമ്മൻ ചാണ്ടി
22. ശ്രീ. രമേശ് ചെന്നിത്തല
23. ശ്രീ. റോജി എം. ജോൺ

24. ശ്രീ. വി. പി. സജീന്ദ്രൻ
25. ശ്രീ. എൻ. ഷംസുദ്ദീൻ
26. ശ്രീ. വി. ഡി. സതീശൻ
27. ശ്രീ. ഷാഫി പറമ്പിൽ
28. ശ്രീ. കെ. എം. ഷാജി
29. ശ്രീ. വി. എസ്. ശിവകുമാർ
30. ശ്രീ. സണ്ണി ജോസഫ്
31. ശ്രീ. പി. ഉബൈദുള്ള
32. ശ്രീ. എം. ഉമ്മർ

പ്രതികൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. എൽദോ എബ്രഹാം

15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ജോർജ് എം. തോമസ്
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജെയിംസ് മാത്യൂ
20. ശ്രീ. ജി. എസ്. ജയലാൽ
21. ശ്രീ. ഇ. പി. ജയരാജൻ
22. ശ്രീ. ജോൺ ഫെർണാണ്ടസ്
23. ശ്രീ. വി. ജോയി
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കെ. കുഞ്ഞിരാമൻ
28. ശ്രീ. കോവൂർ കുഞ്ഞുമോൻ
29. ശ്രീ. വി. കെ. സി. മമ്മത് കോയ
30. ശ്രീ. എം. എം. മണി
31. ശ്രീ. മാത്യൂ ടി. തോമസ്
32. ശ്രീ. കെ. ജെ. മാക്സി
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ. പി
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. സി. കെ. നാണു
38. ശ്രീ. യു. ആർ. പ്രദീപ്

39. ശ്രീ. എ. പ്രദീപ്കുമാർ

40. ശ്രീ. കെ. ഡി. പ്രസേനൻ

41. ശ്രീമതി യു. പ്രതിഭ ഹരി

42. ശ്രീ. പുരുഷൻ കടലുണ്ടി

43. ശ്രീ. പി. ടി. എ. റഹീം

44. ശ്രീ. എം. രാജഗോപാലൻ

45. ശ്രീ. കെ. രാജൻ

46. ശ്രീ. എസ്. രാജേന്ദ്രൻ

47. ശ്രീ. ആർ. രാജേഷ്

48. ശ്രീ. റ്റി. വി. രാജേഷ്

49. ശ്രീ. കെ. രാജു

50. ശ്രീ. ആർ. രാമചന്ദ്രൻ

51. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

52. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ

53. ശ്രീ. മുല്ലക്കര രത്നാകരൻ

54. പ്രൊഫ. സി. രവീന്ദ്രനാഥ്

55. ശ്രീ. കാരാട്ട് റസാഖ്

56. ശ്രീ. എസ്. ശർമ്മ

57. ശ്രീ. എ. കെ. ശശീന്ദ്രൻ

58. ശ്രീ. സി. കെ. ശശീന്ദ്രൻ

59. ശ്രീ. പി. കെ. ശശി

60. ശ്രീ. വി. ശശി

61. ശ്രീ. ഐ. ബി. സതീഷ്

62. ശ്രീ. ബി. സത്യൻ

63. ശ്രീ. എ. എൻ. ഷംസീർ

64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

65. ശ്രീ. വി. ആർ. സുനിൽ കുമാർ

66. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

67. ശ്രീ. എം. സ്വരാജ്

68. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

69. ശ്രീ. പി. തിലോത്തമൻ

70. ശ്രീ. തോമസ് ചാണ്ടി

71. ഡോ. ടി. എം. തോമസ് ഐസക്

72. ശ്രീ. പി. ഉണ്ണി

73. ശ്രീമതി വീണാ ജോർജ്ജ്

74. ശ്രീ. കെ. വി. വിജയദാസ്

75. ശ്രീ. ഇ. കെ. വിജയൻ

76. ശ്രീ. എൻ. വിജയൻ പിള്ള

നിഷ്പക്ഷത പാലിക്കുന്നവർ :

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ : ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 210, 215 എന്നീ നമ്പർ ഭേദഗതികളെ

അനുകൂലിക്കുന്നവർ - 32

പ്രതികൂലിക്കുന്നവർ - 76

നിഷ്പക്ഷത പാലിക്കുന്നവർ - 1

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 210, 215 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്തപ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9-ാം വകുപ്പ്

*Shri T. A. Ahammed Kabeer* : Sir, I move the following amendment:

238. In clause 10 (2), after the word "Notwithstanding" insert the word "any".

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഭേദഗതി സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. ടി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 238-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

*Prof. Abid Hussain Thangal* : Sir, I move the following amendments.

106. In the Preamble, the word " further" shall be deleted.

117. The following sub clause shall be added to clause 1:

"(3) It extends to the whole state of Kerala".

*Shri V. P. Sajeendran* : Sir, I move the following amendments:

108. In clause 1 (2), the words "deemed to have" shall be deleted.

111. In clause 1 (2), the words, figures and symbol "the 10th day of April, 2017" shall be substituted with the words, "the date notified in the Gazette" .

*Shri Anoop Jacob* : Sir, I move the following amendment:

109. In clause 1 (2), the words "on the 10th day of April, 2017" shall be substituted with the words "at once".

*Shri Manjalamkuzhi Ali* : Sir, I move the following amendment:

112. In clause 1 (2), "10th" shall be substituted by "10th ".

*Shri K. C. Joseph* : Sir, I move the following amendment.

113. Clause 1(2) shall be recast as follows:

"(2) It shall come into force at once".

*Smt. Veena George* : Sir, I move the following amendment.

116. Clause 1(2) shall be recast as follows:

"(2) It shall be deemed to have come into force on the 10th day of April 2017 except clause 3 which shall be deemed to have come into force on 14-2-2013" .

മി. സ്പീക്കർ : 107-ാം നമ്പർ ഭേദഗതി 106-നും 110-ാം നമ്പർ ഭേദഗതി 109-നും 114, 118 എന്നിവ 113-ാം നമ്പർ ഭേദഗതിക്കും തുല്യമാകയാൽ പ്രസ്തുത ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, In clause 1 (2), "10th" shall be substituted by "10th" എന്ന ശ്രീ. മഞ്ഞളാംകുഴി അലിയുടെ 112-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. അവിടെ superscript വരണമെന്നാണ് അദ്ദേഹം ഉദ്ദേശിക്കുന്നത്. അത് അംഗീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 106, 117 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 108, 111 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 109-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 113-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീമതി വീണാ ജോർജ്ജ് അവതരിപ്പിച്ച 116-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പാസ്സക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ

5. ശ്രീ. എ. എം. ആരിഫ്

6. പ്രൊഫ. കെ. യു. അരുണൻ

7. ശ്രീമതി സി. കെ. ആശ

8. ശ്രീ. കെ. ബാബു

9. ശ്രീ. എ. കെ. ബാലൻ

10. ശ്രീമതി ഇ. എസ്. ബിജിമോൾ

11. ശ്രീ. ഇ. ചന്ദ്രശേഖരൻ

12. ശ്രീ. കെ. ദാസൻ

13. ശ്രീ. ബി. ഡി. ദേവസ്സി

14. ശ്രീ. എൽദോ എബ്രഹാം

15. ശ്രീമതി ഗീതാ ഗോപി

16. ശ്രീ. ജോർജ് എം. തോമസ്

17. ശ്രീ. സി. കെ. ഹരീന്ദ്രൻ

18. ഡോ. കെ. ടി. ജലീൽ

19. ശ്രീ. ജോൺ ഫെർണാണ്ടസ്

20. ശ്രീ. ജി. എസ്. ജയലാൽ

21. ശ്രീ. ഇ. പി. ജയരാജൻ

22. ശ്രീ. വി. ജോയി

23. ശ്രീ. ഒ. ആർ. കേളു

24. ശ്രീ. സി. കൃഷ്ണൻ

25. ശ്രീ. കെ. കൃഷ്ണൻകുട്ടി

26. ശ്രീ. കെ. കുഞ്ഞിരാമൻ

27. ശ്രീ. കോവൂർ കുഞ്ഞുമോൻ

28. ശ്രീ. വി. കെ. സി. മമ്മത് കോയ

29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ. പി.
35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. യു. ആർ. പ്രദീപ്
40. ശ്രീ. എ. പ്രദീപ് കുമാർ
41. ശ്രീ. കെ. ഡി. പ്രസേനൻ
42. ശ്രീമതി യു. പ്രതിഭ ഹരി
43. ശ്രീ. പുരുഷൻ കടലുണ്ടി
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. ആർ. രാമചന്ദ്രൻ
52. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

53. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ

54. ശ്രീ. മുല്ലക്കര രത്നാകരൻ

55. പ്രൊഫ. സി. രവീന്ദ്രനാഥ്

56. ശ്രീ. കാരാട്ട് റസാഖ്

57. ശ്രീ. എസ്. ശർമ്മ

58. ശ്രീ. എ. കെ. ശശീന്ദ്രൻ

59. ശ്രീ. സി. കെ. ശശീന്ദ്രൻ

60. ശ്രീ. പി. കെ. ശശി

61. ശ്രീ. ഐ. ബി. സതീഷ്

62. ശ്രീ. ബി. സത്യൻ

63. ശ്രീ. എ. എൻ. ഷംസീർ

64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

65. ശ്രീ. ജി. സുധാകരൻ

66. ശ്രീ. വി. ആർ. സുനിൽ കുമാർ

67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

68. ശ്രീ. എം. സ്വരാജ്

69. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

70. ശ്രീ. പി. തിലോത്തമൻ

71. ശ്രീ. തോമസ് ചാണ്ടി

72. ഡോ. ടി. എം. തോമസ് ഐസക്

73. ശ്രീ. പി. ഉണ്ണി

74. ശ്രീമതി വീണാ ജോർജ്ജ്

75. ശ്രീ. കെ. വി. വിജയദാസ്

76. ശ്രീ. ഇ. കെ. വിജയൻ

77. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ</u>:

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. ടി. എ. അഹമ്മദ് കബീർ
5. ശ്രീ. മഞ്ഞളാംകുഴി അലി
6. ശ്രീ. അനിൽ അക്കര
7. ശ്രീ. എ. പി. അനിൽ കുമാർ
8. ശ്രീ. അനൂപ് ജേക്കബ്
9. ശ്രീ. അൻവർ സാദത്ത്
10. ശ്രീ. വി. ടി. ബൽറാം
11. ശ്രീ. പി. കെ. ബഷീർ
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
14. ശ്രീ. ഹൈബി ഈഡൻ
15. ശ്രീ. ടി. വി. ഇബ്രാഹിം
16. ശ്രീ. കെ. സി. ജോസഫ്
17. ശ്രീ. സി. മമ്മൂട്ടി
18. ഡോ. എം. കെ. മുനീർ
19. ശ്രീ. കെ. മുരളീധരൻ
20. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
21. ശ്രീ. ഉമ്മൻ ചാണ്ടി
22. ശ്രീ. രമേശ് ചെന്നിത്തല
23. ശ്രീ. റോജി എം. ജോൺ

24. ശ്രീ. വി. പി. സജീന്ദ്രൻ

25. ശ്രീ. എൻ. ഷംസുദ്ദീൻ

26. ശ്രീ. വി. ഡി. സതീശൻ

27. ശ്രീ. ഷാഫി പറമ്പിൽ

28. ശ്രീ. കെ. എം. ഷാജി

29. ശ്രീ. വി. എസ്. ശിവകുമാർ

30. ശ്രീ. സണ്ണി ജോസഫ്

31. ശ്രീ. പി. ഉബൈദുള്ള

32. ശ്രീ. എം. ഉമ്മർ

നിഷ്പക്ഷത പാലിക്കുന്നവർ :

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ : 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 77 |
| പ്രതികൂലിക്കുന്നവർ | - | 32 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | 1 |

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(ii) 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ബിൽ

മി. സ്പീക്കർ : ബഹുമാനപ്പെട്ട ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.........................(ബഹളം)........(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : സർ, .......(ബഹളം)........................സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ

വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

2.00 P.M.]

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ജനാധിപത്യ കേരളത്തിന്റെ ചരിത്രത്തിൽ ആദ്യത്തെ സംഭവമാണിത്. കോടതി ശക്തമായ പരാമർശങ്ങൾ നടത്തിയിട്ടും ബഹുമാന്യയായ മന്ത്രി രാജിവയ്ക്കാതിരിക്കുന്നത് അധാർമ്മികവും തെറ്റായതുമായ നടപടിയാണ്. ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവരെ ന്യായീകരിച്ചുകൊണ്ടാണ് സംസാരിച്ചത്. അതിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. ഒറ്റക്കെട്ടായി ഈ ബില്ലിന്റെ അവതരണവും അതോടൊപ്പംതന്നെ മന്ത്രിയെയും ബഹിഷ്കരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ശ്രീ. വി. പി. സജീന്ദ്രൻ, ശ്രീ. ടി. വി. ഇബ്രാഹിം, ശ്രീ. റോജി എം. ജോൺ, ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, ശ്രീ. എൻ. ഷംസുദ്ദീൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ സഭാ കവാടത്തിൽ സത്യാഗ്രഹം അനുഷ്ഠിക്കുന്നതാണെന്നുള്ള വിവരം ദയവായി ഞാൻ അങ്ങയെ അറിയിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ രാജിയിൽകുറഞ്ഞ ഒന്നും ഞങ്ങൾക്ക് തൃപ്തികരമല്ല. ജനാധിപത്യവിരുദ്ധമായ നടപടിയാണിത്. സ്വാശ്രയ മേഖലയെ കുളമാക്കിയിരിക്കുകയാണ്. ആയതിനാൽ ഞങ്ങൾ ഈ സഭാ നടപടികൾ ബഹിഷ്കരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി രാജിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് യു.ഡി.എഫ്. അംഗങ്ങൾ മുദ്രാവാക്യം മുഴക്കിക്കൊണ്ട് തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ചു.)

(വിയോജനക്കുറിപ്പുകൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ : ശ്രീ. ജെയിംസ് മാത്യു ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. എം. സ്വരാജിന് ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. ജെയിംസ് മാത്യുവിനുവേണ്ടി (ശ്രീ. എം. സ്വരാജ്): സർ, സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ രംഗത്ത് വളരെ പ്രാധാന്യമുള്ള, പ്രത്യേകിച്ച് മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് ഇപ്പോൾ രൂപപ്പെട്ടുവന്നിട്ടുള്ള പ്രത്യേക സാഹചര്യത്തെ ശരിയാംവണ്ണം അഭിമുഖീകരിക്കാനുള്ള നിയമസഭയുടെ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിന്റെ ഭാഗമായുള്ള നിയമനിർമ്മാണത്തിലാണ് നമ്മളിപ്പോൾ ഏർപ്പെടുന്നത്. ഈ സമയത്ത് സഭാനടപടികളിൽ പങ്കാളികളായി ഭേദഗതികൾ നിർദ്ദേശിക്കാനും തങ്ങളുടെ കാഴ്ചപ്പാടുകൾ വിശദീകരിക്കാനുമുള്ള അവസരമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ നഷ്ടപ്പെടുത്തിയിരിക്കുന്നത്. ഇതിന്റെ ഭാഗമായി അവർ മുന്നോട്ടുവയ്ക്കുന്ന വിഷയം അടിയന്തരപ്രമേയത്തിന്റെ ഭാഗമായി നമ്മളെല്ലാം കേട്ടതുമാണ്. ബഹുമാനപ്പെട്ട കോടതിയുടെ വിധിന്യായത്തിലെ ചില പരാമർശങ്ങളാണ് അവർ ഉയർത്തിപ്പിടിച്ചിട്ടുള്ളത്. ആ വിധിന്യായത്തിലെ ചില പരാമർശങ്ങൾ ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഈ സഭയിൽ ഉദ്ധരിക്കുകയുണ്ടായി. അത് കേട്ടപ്പോൾ വല്ലാത്ത മനോവേദനയും ധാർമ്മിക രോഷവുമാണ് പ്രതിപക്ഷനിരയിൽ തിളച്ചുമറിഞ്ഞത്. എന്നാൽ കേരളത്തിന്റെ പരമോന്നത നീതിപീഠം മുൻകാലങ്ങളിൽ വ്യത്യസ്തമായ കേസുകളിൽ ഏതെല്ലാം പദപ്രയോഗങ്ങളും വിധിന്യായങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട് എന്നത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും പ്രതിപക്ഷാംഗങ്ങളും സൗകര്യപൂർവ്വം മറന്നുപോകുകയാണ്. ഇക്കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് മുഖ്യമന്ത്രിയുടെ നേരെ വിരൽ ചൂണ്ടിക്കൊണ്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി "താങ്കളുടെ ഓഫീസ് കുറ്റവാളികളുടെ താവളമാണോ?" എന്ന ചോദ്യം ഉന്നയിച്ചത്. ആ സമയത്ത് ഈ ധാർമ്മികത നമ്മളെവിടെയും കണ്ടില്ല. ഞാൻ അതിന്റെയെല്ലാം വിശദാംശങ്ങളിലേയ്ക്ക് കടന്നുപോകുന്നില്ല. പക്ഷേ ഞാൻ കണക്കാക്കുന്നത് ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ളവരുടെ ഓർമ്മയിൽനിന്നും Dr. S. Gomathy vs State of Kerala എന്നൊരു കേസിന്റെ വിധിന്യായം പൂർണ്ണമായി മാഞ്ഞുപോയിട്ടുണ്ടാവില്ല എന്നാണ്. ആ വിധിന്യായത്തിലാണ് ബഹുമാനപ്പെട്ട കോടതി അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റിനെയും അതിന്റെ നടപടികളെയും പരാമർശിച്ചുകൊണ്ട് വളരെ ഗൗരവതരമാർന്ന ചില പദപ്രയോഗങ്ങൾ നടത്തിയത്. Illegal, Unconstitutional, Arbitrary, Not Bona fide, Mala fide, Extraneous consideration എന്നീ വാക്കുകളെല്ലാം നീതിപീഠത്തിന്റെ ഭാഗത്തുനിന്നും വിധിന്യായത്തിൽ കടന്നുവന്നപ്പോൾ അന്നത്തെ മന്ത്രി രാജിവച്ചുകൊണ്ട് ധാർമ്മികത പ്രഖ്യാപിക്കുകയല്ല ചെയ്തതെന്ന് ഈ സന്ദർഭത്തിലെങ്കിലും ഓർക്കുന്നതും കോടതിയുടെ പരാമർശങ്ങളോട് തരാതരംപോലെ അവസരോചിതവും അവസരവാദപരവുമായ സമീപനങ്ങൾ സ്വീകരിക്കുന്ന പ്രതിപക്ഷം ഇപ്പോൾ വിലയിരുത്താൻ തയ്യാറാകുന്നത് ഉചിതമായിരിക്കുമെന്ന് എനിക്ക് തോന്നുകയാണ്.

കേരളത്തിന്റെ വിദ്യാഭ്യാസരംഗം നമ്മുടെ രാജ്യത്തിനുതന്നെ മാതൃകയായ ഒന്നാണ്. വിദ്യാഭ്യാസ മേഖലയെ ഏറെ പരിപാവനമായും പവിത്രതയോടെയും കാണുന്ന ഒരു സംസ്കാരമാണ് കേരളത്തിനുണ്ടായിരുന്നത്. പള്ളിക്കൂടം എന്ന പ്രയോഗം വളരെ പ്രശസ്തമായ ഒന്നാണ്. വിദ്യാലയങ്ങളെ സരസ്വതി ക്ഷേത്രങ്ങളായിട്ടാണ് നാം കണക്കാക്കിയിരുന്നത്. ഒരു ആരാധനാലയത്തിന് കൽപ്പിക്കപ്പെടുന്ന വിശുദ്ധി ഓരോ വിദ്യാഭ്യാസ സ്ഥാപനത്തിനുമുണ്ട് എന്നതാണ് കേരളത്തിന്റെ പൊതുബോധം. നമ്മുടെ സംസ്കാരത്തിന്റെ പ്രത്യേകത അതാണ്. വിദ്യാഭ്യാസ രംഗത്ത് പണം ഒരിക്കലും ഒരു മാനദണ്ഡമായി കടന്നുവരാൻ പാടില്ലാത്തതാണ്. എല്ലാവർക്കും കടന്നുവരാനും വിദ്യാഭ്യാസം നേടാനും കഴിയുംവിധം എല്ലാ കുട്ടികളുടെയും മുമ്പിൽ തുറക്കപ്പെടുന്ന ഒന്നാകണം നമ്മുടെ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വാതിലുകൾ. ഇന്ത്യൻ ഭരണഘടനയിൽത്തന്നെ വിദ്യാഭ്യാസത്തെ സംബന്ധിച്ച് പരാമർശിക്കുന്നത് 14 വയസ്സുവരെ നിർബന്ധിതവും സൗജന്യവും സാർവ്വത്രികവുമായ വിദ്യാഭ്യാസം യാഥാർത്ഥ്യമാക്കണം എന്നതാണ്. നിർഭാഗ്യവശാൽ സ്വാതന്ത്ര്യം നേടി ഏഴ് പതിറ്റാണ്ട് പിന്നിടുമ്പോഴും നമ്മുടെ രാജ്യത്ത് അത്തരമൊരു വിദ്യാഭ്യാസ സാഹചര്യം ഉണ്ടായിട്ടില്ല. എന്നാൽ കേരളത്തിന് അതിൽനിന്ന് വ്യത്യസ്തമായി ഹയർ സെക്കണ്ടറി വിദ്യാഭ്യാസം വരെ നിർബന്ധിതവും സൗജന്യവും സാർവ്വത്രികവുമായ ഒരു വിദ്യാഭ്യാസ പദ്ധതി യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞു. അത് കേരളത്തിൽ യാഥാർത്ഥ്യമാക്കാനായത്, ഭരണഘടന വിഭാവനം ചെയ്യുന്നതിൽനിന്ന് ഒരു പടികൂടി കടന്ന് കേരളത്തിൽ സൗജന്യവും നിർബന്ധിതവുമായി വിദ്യാഭ്യാസം നൽകാൻ കഴിയുന്ന സാഹചര്യം ഉണ്ടായത്, ഇപ്പോൾ ഇവിടെനിന്ന് സഭ ബഹിഷ്കരിച്ച് ഇറങ്ങിപ്പോയവർ നടത്തിയ ഏതെങ്കിലുമൊരു ഭരണപരിഷ്കാരത്തിന്റെ ഭാഗമായിട്ടല്ല. അവർക്കതിലൊന്നും ഒരു പങ്കുമില്ല. 1957-ലെ ആദ്യ ഇ.എം.എസ്. സർക്കാരാണ് ഏഴാംതരം വരെ ഫീസ് അടയ്ക്കാതെ പഠിക്കാൻ കഴിയുന്ന അന്തരീക്ഷം കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്തുണ്ടാക്കിയത്. നാലാം ക്ലാസിൽനിന്ന് അഞ്ചിലേയ്ക്ക് ഒരു കുട്ടി ജയിച്ചാൽ പ്രതിമാസം ഫീസ് അടയ്ക്കേണ്ടിയിരുന്ന ഒരു സംസ്ഥാനമായിരുന്നു കേരളം. ആ സാഹചര്യം മാറി പാവപ്പെട്ട തൊഴിലാളികളുടെയും കർഷകരുടെയും പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവരുടെയും കുടുംബങ്ങളിലെ കുട്ടികൾക്ക് ഏഴാംതരം വരെ പഠിക്കാം എന്നൊരു അന്തരീക്ഷം കേരളത്തിലുണ്ടായത് 1957-ലെ സർക്കാരിന്റെ ചരിത്ര പ്രസിദ്ധമായ ആ പരിഷ്കാരത്തിന്റെ ഭാഗമായിട്ടാണ്. വിമോചന സമരത്തെത്തുടർന്ന് ആ ഗവൺമെന്റ് പിരിച്ചുവിടപ്പെട്ടതിന്റെ ചരിത്രം നമുക്കറിയാം. പിന്നീടൊരു കമ്മ്യൂണിസ്റ്റ് സർക്കാർ കേരളത്തിൽ അധികാരത്തിൽ വന്നത് 1967-ൽ ആയിരുന്നു. സഖാവ് ഇ.എം.എസ്. ആയിരുന്നു ആ സർക്കാരിനും നേതൃത്വം കൊടുത്തത്. രണ്ടാം ഇ.എം.എസ്. സർക്കാരാണ് പത്താം ക്ലാസ് വരെ

സൗജന്യമായി പഠിക്കാൻ സാധിക്കുന്ന അന്തരീക്ഷം കേരളത്തിലുണ്ടാക്കിയത്. സ്കൂൾ വിദ്യാഭ്യാസത്തിന് ഫീസടയ്ക്കണം എന്ന സ്ഥിതി ഇല്ലാതാക്കിയത് ആ സർക്കാരാണ്. ഞാൻ സൂചിപ്പിച്ചത്, ഇതൊക്കെ കേരളീയ വിദ്യാഭ്യാസത്തിന് ജനകീയമുഖം നൽകിയ ആദ്യ ചുവടുവയ്പ്പുകളാണ്. പിന്നീട് ഉച്ചക്കഞ്ഞി സൗജന്യമായി കൊടുക്കാൻ ആരംഭിച്ചു. മറ്റ് ആനുകൂല്യങ്ങൾ വന്നു. ഭൂപരിഷ്കരണം ഉൾപ്പെടെയുള്ള മറ്റ് സാമൂഹ്യ പരിഷ്കരണ പ്രവർത്തനങ്ങൾ. ഇതിന്റെയെല്ലാം ഭാഗമായി കേരളത്തിൽ വിദ്യാഭ്യാസമേഖല എല്ലാവർക്കും പ്രാപ്യമായി മാറി. കഴിവുള്ളവർക്ക്, സമർത്ഥരായവർക്ക്, അഭിരുചിയുള്ളവർക്ക് പഠിക്കാൻ കഴിയുന്ന ഒരു അന്തരീക്ഷം കേരളത്തിന്റെ വിദ്യാഭ്യാസരംഗത്തുണ്ടായി. ഗ്രാമപ്രദേശങ്ങളിൽ നിന്ന് ഡോക്ടർമാരും എഞ്ചിനീയർമാരും അദ്ധ്യാപകരുമൊക്കെയുണ്ടായി. അങ്ങനെ സർക്കാർ സർവ്വീസിന്റെ വിവിധ മേഖലകളിലേയ്ക്ക് ഗ്രാമപ്രദേശങ്ങളിൽ നിന്നും പാവപ്പെട്ടവരുടെ കുടുംബങ്ങളിൽനിന്നും പട്ടികജാതിക്കാരുടെ വീടുകളിൽ നിന്നുമൊക്കെ ഉദ്യോഗാർത്ഥികൾക്ക് കടന്നുവരാൻ കഴിയുന്ന ഒരു അന്തരീക്ഷം ഇന്ത്യയുടെ പൊതുധാരയിൽനിന്ന് വ്യത്യസ്തമായി കേരളത്തിലുണ്ടായി എന്നത് നമ്മുടെ ചരിത്രമാണ്. അത്തരമൊരു അടിത്തറയാണ് നമുക്കുള്ളത്. അവിടെയാണ് ഒരു ഘട്ടത്തിൽ സ്വാശ്രയ വിദ്യാഭ്യാസ കാഴ്ചപ്പാട് കടന്നുവരുന്നത്. സ്വാശ്രയ വിദ്യാഭ്യാസ സങ്കൽപ്പം ഉയർത്തിക്കൊണ്ടുവന്നത് യു.ഡി.എഫ്. ആണ്. ഇവിടത്തെ പുരോഗമന വിദ്യാർത്ഥി പ്രസ്ഥാനവും ഇടതുപക്ഷ രാഷ്ട്രീയമാകെയും ആ നീക്കത്തിനെതിരെ വളരെ ശക്തമായ നിലപാടാണ് സ്വീകരിച്ചത്. വിദ്യാർത്ഥി പ്രവേശനത്തിനും പഠനത്തിനും പണം മാനദണ്ഡമായി മാറുക, മെറിറ്റ് അട്ടിമറിക്കപ്പെടുക, വിദ്യാഭ്യാസ മേഖലയിൽ കോഴ ചുവടുറപ്പിക്കുക തുടങ്ങിയവ യെല്ലാം ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്ന് ചൂണ്ടിക്കാണിച്ചതും നമ്മളാണ്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. മുല്ലക്കര രത്നാകരൻ]

കേരളീയ വിദ്യാഭ്യാസ മേഖലയുടെ നന്മകളെ സംരക്ഷിക്കാൻ, തിന്മയുടെ കടന്നുവരവിനെ പ്രതിരോധിക്കാൻ, കേരളത്തിന്റെ തെരുവുകളിൽ ഒരുപാട് ഇളം രക്തം ഒഴുകിപ്പടർന്നിട്ടുള്ളതാണ്. എണ്ണിയാലൊടുങ്ങാത്ത സമരങ്ങൾ ഈ മണ്ണിൽ നടന്നിട്ടുള്ളതാണ്. അന്നെല്ലാം സ്വാശ്രയ വിദ്യാഭ്യാസ കച്ചവടത്തിന്റെ വക്കാലത്തുമായി കേരളത്തിൽ ഏറ്റവും ഹീനമായ വാദഗതികളുയർത്തിയവരുടെ മുമ്പിലാണ് കേരളത്തിലെ കോൺഗ്രസ്സ് പാർട്ടിയും അതിന് നേതൃത്വം കൊടുത്തവരും അന്നത്തെ മുഖ്യമന്ത്രിയും മന്ത്രിമാരും നിലയുറപ്പിച്ചത്. ശ്രീ. എ. കെ. ആന്റണി അന്ന് 50:50 എന്ന പുതിയ സമവാക്യം കേരളത്തിൽ അവതരിപ്പിച്ചു. കേരളീയ പൊതുബോധത്തെ തൃപ്തിപ്പെടുത്താൻ രണ്ട് സ്വാശ്രയ

കോളേജുകൾ തുടങ്ങിയാൽ ഒരു ഗവൺമെന്റ് കോളേജിന് തുല്യമായ ഫലമുണ്ടാകുമെന്ന് അവർ വാദിച്ചു. സാധാരണക്കാരുടെ മക്കൾക്ക് പഠിക്കാനുള്ള അൻപത് ശതമാനം സീറ്റുകൾ സുരക്ഷിതമാണെന്ന് വാദിച്ചു. പണമുള്ളവർ കൂടുതൽ ഫീസ് കൊടുക്കുന്നതിലെന്താണ് തെറ്റ് എന്ന് ചോദിച്ചു. ആ തെറ്റായ വാദഗതിയോടൊപ്പം കുറ്റകരമായ പ്രചരണത്തിന് നേതൃത്വം കൊടുക്കാൻ കേരളത്തിലെ ഒരു വിഭാഗം മാധ്യമങ്ങളും തയ്യാറായി. അത്തരമൊരു സാഹചര്യത്തിലാണ് കേരളത്തിൽ സ്വാശ്രയ വിദ്യാഭ്യാസ കച്ചവടം കടന്നുവരുന്നത്. അന്ന് ബഹുമാന്യനായ ശ്രീ. എ. കെ. ആന്റണിയായിരുന്നു മുഖ്യമന്ത്രി. ആ ഗവൺമെന്റ് തങ്ങളുടെ മുമ്പാകെവന്ന സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാനുള്ള അപേക്ഷകൾ നിരുത്തരവാദപരമായും ലാഘവ ബുദ്ധിയോടെയുമാണ് കൈകാര്യം ചെയ്തത്. അതിൽ പല പിന്നാമ്പുറ കഥകളും പറഞ്ഞുകേൾക്കുന്നുണ്ട്. ഞാൻ അതിലേയ്ക്കൊന്നും കടന്നുപോകുന്നില്ല, മുൻപും ഈ സഭയിൽ വന്നിട്ടുള്ള കാര്യമാണത്. അന്നത്തെ ഗവൺമെന്റിന്റെ ലാഘവബുദ്ധിയുടെ, നിരുത്തരവാദിത്വത്തിന്റെ തെളിവായി നമുക്കത് ഇപ്പോഴും ഓർക്കാൻ കഴിയുന്നതാണ്. ഒരു മെഡിക്കൽ കോളേജ് തുടങ്ങാൻ അപേക്ഷ കൊടുത്ത എം.ഇ.എസ്. മാനേജ്മെന്റിന് രണ്ട് മെഡിക്കൽ കോളേജ് തുടങ്ങാൻ എൻ.ഒ.സി. കൊടുത്ത ഗവൺമെന്റായിരുന്നു ശ്രീ. എ. കെ. ആന്റണിയുടേത്. ഏതോ ഒരു വിവരദോഷി തമിഴ്നാട്ടിൽ ഒരു ഹോമിയോ കോളേജ് തുടങ്ങാനുള്ള അപേക്ഷ തെറ്റായി ഇവിടെ കൊടുത്തു. കന്യാകുമാരിയിൽ ആ കോളേജ് തുടങ്ങാനുള്ള എൻ.ഒ.സി.യും ശ്രീ. എ. കെ. ആന്റണിയുടെ ഗവൺമെന്റ് കൊടുത്തു. ആരാണ് അപേക്ഷ തന്നതെന്നോ, ഏത് സംസ്ഥാനത്തുനിന്നാണ് അപേക്ഷ വന്നതെന്നോപോലും പരിശോധിക്കാൻ തയ്യാറാകാതെ അപേക്ഷിച്ചവർക്കെല്ലാം എൻ.ഒ.സി. കൊടുക്കുന്ന സമീപനമുണ്ടായത് അന്നാണ്. ആ ഘട്ടത്തിൽ ഈ വിദ്യാഭ്യാസ കച്ചവടത്തിനെതിരെ വലിയ പ്രക്ഷോഭം കേരളത്തിൽ അരങ്ങേറിയതാണ്. അന്ന് ആ സമരത്തിന് നേതൃത്വം കൊടുത്തവരെല്ലാം ഇന്ന് ഈ സഭയിലുണ്ട്. പിന്നീട് കേരളത്തിൽ ഇടതുമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴാണ് ഈ വിദ്യാഭ്യാസ കച്ചവടത്തെ നിയന്ത്രിക്കാൻ നിയമനിർമ്മാണത്തിലേക്ക് കടന്നത്. ആ നിയമനിർമ്മാണം പിന്നീട് കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടു. നീതിപീഠത്തിന്റെ മുമ്പാകെ അന്ന് സ്വാശ്രയ മാനേജ്മെന്റുകൾ ആ നിയമം ചോദ്യം ചെയ്തപ്പോൾ അങ്ങേയറ്റം സംശയാസ്പദമായ വിധിയാണ് കേരള ഹൈക്കോടതിയിൽ നിന്നുണ്ടായത്. സ്വാശ്രയ വിദ്യാഭ്യാസ കച്ചവടക്കാരെ സഹായിക്കുന്ന കേരളത്തിലെ ജനങ്ങൾക്കെതിരായ വിധി കോടതിയിൽ നിന്നുണ്ടായി. വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും താൽപ്പര്യങ്ങൾ ദയനീയമായി അവഗണിക്കപ്പെട്ടു. ആ വിധി പുറപ്പെടുവിച്ച ന്യായാധിപൻ, വിധി

പുറപ്പെടുവിക്കുന്നതിന് ദിവസങ്ങൾക്കുമുൻപ് കേസ്സിലെ കക്ഷിയായ ഇടുക്കി ജില്ലയിലെ കുട്ടിക്കാനത്ത് മരിയൻ സ്കൂൾ ഓഫ് എഞ്ചിനീയറിംഗിന്റെ മാനേജരുടെ ആതിഥേയത്വം സ്വീകരിച്ച് അദ്ദേഹത്തിന്റെ സ്വകാര്യ ഗസ്റ്റ് ഹൗസിൽ ഈ കേസിലെ വക്കീലിനോടൊപ്പം രഹസ്യമായി താമസിച്ചത് കേരളത്തിലെ നീതിന്യായ പരിപാലനത്തിന്റെ ചരിത്രത്തിൽ എക്കാലത്തും അവശേഷിക്കുന്ന കറുത്ത പാടാണെന്ന് ഈ സമയത്ത് സാന്ദർഭികമായി ഞാൻ ഓർമ്മിക്കുകയാണ്. ആ സന്ദർശനത്തിനുശേഷം വന്ന സ്വകാര്യ മാനേജ്മെന്റിന് അനുകൂലമായി വിധി പറഞ്ഞ ആ ന്യായാധിപൻ വിധിന്യായം പുറപ്പെടുവിച്ചതിനുശേഷം സ്വാശ്രയ മാനേജ്മെന്റിന്റെ വക്കീലിനും മാനേജ്മെന്റ് പ്രതിനിധികൾക്കുമൊപ്പം ബോട്ടിൽ ഉല്ലാസയാത്രയ്ക്ക് പുറപ്പെട്ടതും നമ്മൾ കണ്ടു. കേരള ഹൈക്കോടതിയുടെ അന്തസ്സിനെ പാതാളത്തോളം ചവിട്ടിത്താഴ്ത്തിയ ആ ന്യായാധിപന്റെ വിധിന്യായത്തിന്റെ പിൻബലത്തിലും കേരളത്തിലെ സ്വാശ്രയ കച്ചവട മുതലാളിമാരുടെ നോട്ടുകെട്ടുകളുടെ ബലത്തിലും അന്നത്തെ ഉമ്മൻ ചാണ്ടി ഗവൺമെന്റ് അടിപതറി വീണപ്പോഴാണ് കേരളത്തിൽ സ്വാശ്രയ വിദ്യാഭ്യാസ മുതലാളിമാരുടെ തേർവാഴ്ച ആരംഭിച്ചതെന്ന് നാം കാണേണ്ടതായിട്ടുണ്ട്. പിന്നീട് ലഭ്യമായ അവസരങ്ങൾ ഉപയോഗിച്ച് സാമൂഹ്യ നിയന്ത്രണത്തിന്റെ കീഴിൽ കൊണ്ടുവരാനും അംഗഭംഗം വന്നതെങ്കിലും, ഉള്ള നിയമം ഉപയോഗിച്ച് പ്രവേശന നടപടികൾ പരമാവധി സുതാര്യമാക്കാനുമുള്ള പരിശ്രമമാണ് ഇടതുമുന്നണി ഗവൺമെന്റ് നടത്തിയിട്ടുള്ളത്. പക്ഷേ, അപ്പോഴെല്ലാം സ്വാശ്രയ മാനേജ്മെന്റുകളുടെ വക്താക്കളായി, അവരുടെ സ്പോൺസർമാരായി, അവരുടെ കാണപ്പെട്ട ദൈവങ്ങളായി നിലയുറപ്പിച്ചത് കേരളത്തിലെ കോൺഗ്രസ്സിന്റെ നേതാക്കന്മാരായിരുന്നു. ഞാൻ ഇപ്പോൾ സാന്ദർഭികമായി ഓർക്കുകയാണ്, പിന്നീട് കോൺഗ്രസ്സിന് അധികാരം നഷ്ടപ്പെട്ടപ്പോഴും ദക്ഷിണേഷ്യയിലെ സ്വാശ്രയ മുതലാളിമാരെല്ലാം നന്ദിയോടുകൂടി അനുസ്മരിച്ചത് കോൺഗ്രസ്സിന്റെ നേതാക്കന്മാരെയും ശ്രീ. ഉമ്മൻ ചാണ്ടിയെയുമാണ്. കർണ്ണാടകയിലെ കാട്ടുസൊന്നപനഹള്ളിയിൽ പ്രവർത്തനമാരംഭിച്ച കോശി സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് എന്ന സ്വാശ്രയ കോളേജ് പുതിയ കെട്ടിടം സ്ഥാപിച്ചപ്പോൾ ഉദ്ഘാടനം ചെയ്യാൻ വിളിച്ചത് അന്ന് കേരളത്തിൽ മന്ത്രിയോ മുഖ്യമന്ത്രിയോ അല്ലാത്ത എന്നാൽ സ്വാശ്രയ വിദ്യാഭ്യാസ ലോബിയുടെ എക്കാലത്തെയും കാണപ്പെട്ട ദൈവമായ ബഹുമാന്യനായ ഉമ്മൻ ചാണ്ടിയെ ആയിരുന്നു. കേരളത്തിലെയും കർണ്ണാടകയിലെയുമെല്ലാം സ്വാശ്രയ കച്ചവട ലോബിയുടെ കാണപ്പെട്ട ദൈവങ്ങളാണിവർ. സ്വാശ്രയ മാനേജ്മെന്റുകളെ പാലൂട്ടി വളർത്തിയത്, അവരെ താരാട്ടുപാടി ഉറക്കിയത്, അവരിൽനിന്നും ആനുകൂല്യങ്ങൾ വാങ്ങിയത്, അവർക്കുവേണ്ടി ഭരണം നടത്തിയത് ഇവരാണ്. അവരാണ് ഇപ്പോൾ വലിയ ആദർശത്തിന്റെ അപ്പോസ്തലന്മാരായി ചമഞ്ഞ് കേരളത്തിലെ ജനങ്ങളുടെ

കണ്ണിൽ പൊടിയിടാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ ഈ നിയമനിർമ്മാണം അനിവാര്യമായതിന്റെ അന്തരീക്ഷം നമുക്കറിയാം. കേന്ദ്ര ഗവൺമെന്റും സുപ്രീം കോടതിയും മെഡിക്കൽ പ്രവേശനത്തെ സംബന്ധിച്ച് സ്വീകരിച്ച പുതിയ സമീപനത്തിൽ നീറ്റ് പ്രവേശന പരീക്ഷയുടെ റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പൂർണ്ണമായും പ്രവേശനം കൊടുക്കണമെന്ന നില വന്നിരിക്കുകയാണ്. മുമ്പ് സാമൂഹികമായി പിന്നോക്കം നിൽക്കുന്നവർ, പിന്നോക്ക ജാതിയിൽപ്പെട്ടവർ തുടങ്ങിയ വിദ്യാർത്ഥികൾക്ക് പ്രത്യേകമായ ഇളവ് കേരളത്തിൽ നൽകിയിരുന്നു. ആ ഫീസിളവ് സംരക്ഷിച്ചുനിർത്തി ഉന്നത വിദ്യാഭ്യാസ രംഗത്ത്, മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് പ്രസ്തുത വിഭാഗങ്ങളിൽ നിന്നുംവരുന്ന വിദ്യാർത്ഥികളുടെ പഠനം ഉറപ്പുവരുത്തുന്നതിനാവശ്യമായ നിയമനിർമ്മാണ നടപടികൾ സ്വീകരിക്കാനുള്ള പ്രതിബദ്ധത ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഗവൺമെന്റിനുണ്ട്. സ്വാശ്രയ വിദ്യാഭ്യാസ സങ്കൽപ്പത്തെ അതിശക്തമായി എതിർക്കുമ്പോഴും കോടതി വിധിയുടെയും യു.ഡി.എഫ്. ഗവൺമെന്റിന്റെ തെറ്റായ കാഴ്ചപ്പാടിന്റെയും ഭാഗമായി നമുക്ക് ഇഷ്ടമില്ലാത്ത ഒരു കാര്യം ഇവിടെ യാഥാർത്ഥ്യമായി എന്നുകണ്ട്, സാധാരണക്കാരുടെ താൽപ്പര്യങ്ങൾക്ക് എതിരായി പ്രവർത്തിക്കുന്ന ഒരു സ്ഥാപനം ഇവിടെ യാഥാർത്ഥ്യമായി എന്നുകണ്ട്, ആ യാഥാർത്ഥ്യത്തെ അഭിമുഖീകരിക്കുക. അതിൽ കഴിയുന്നത്ര പ്രവേശനത്തിലെ സുതാര്യത, മെറിറ്റ് അട്ടിമറിക്കാതിരിക്കുക, സാമൂഹ്യനീതി സംരക്ഷിക്കുക, പിന്നോക്ക വിഭാഗങ്ങളിൽ പ്പെട്ടവർക്ക് ന്യായമായ ഫീസിൽ പഠിക്കാനുള്ള അവസരമുണ്ടാക്കുക, അതിനുള്ള അവസരം സംരക്ഷിക്കാനുള്ള പ്രതിബദ്ധത നമ്മുടെ ഗവൺമെന്റിനും ഇടതുപക്ഷ പ്രസ്ഥാനത്തിനുമുണ്ട്. പുതിയ സാഹചര്യത്തിൽ നീറ്റ് പ്രവേശന പരീക്ഷയുടെ മാർക്ക് മാനദണ്ഡമാകുന്നതോടുകൂടി അഡ്മിഷൻ നടപടികൾ നടക്കുമ്പോൾ ഫീസിളവ് ലഭിച്ചുകൊണ്ടിരുന്ന വിഭാഗങ്ങൾക്ക് അത് ഉറപ്പുവരുത്തുന്നതിനും പ്രവേശനവും ഫീസും നിർണ്ണയിക്കുന്ന കമ്മീഷന്റെ അധികാരത്തെ സംബന്ധിച്ചുള്ള വ്യക്തത വരുത്തുന്നതിനുമുള്ള നിയമനിർമ്മാണം അനിവാര്യമായി വന്നിട്ടുള്ളത് ആ പ്രതിബദ്ധതയുടെ ഭാഗമായിട്ടാണ്. ഇപ്പോൾ സുപ്രീം കോടതി വിധിയെത്തുടർന്ന് എം.ബി.ബി.എസ്. പഠനത്തിനുള്ള ഫീസ് 11 ലക്ഷം രൂപയായതിനെ സംബന്ധിച്ച് വലിയ ചർച്ച നടക്കുന്നുണ്ട്. പ്രതിവർഷം 11 ലക്ഷം രൂപ ഫീസ് താങ്ങാനാകുമോ എന്ന ചോദ്യം ഉയരുന്നുണ്ട്. എം.ബി.ബി.എസ്. പഠനത്തിന് 50 ലക്ഷം, 55 ലക്ഷം താങ്ങാനാകുന്നതാണോ എന്ന ചോദ്യം ഉയരുന്നുണ്ട്. അല്ല; എന്നാൽ പഴയതുപോലെ 25 ലക്ഷം താങ്ങാനാകുമോ എന്ന ചോദ്യം എന്തുകൊണ്ടാണ് കേരളീയ സമൂഹം ഉന്നയിക്കാത്തത്? ഒരു സാധാരണ കുടുംബത്തിലെ കുട്ടിക്ക്, ഗ്രാമപ്രദേശത്തു നിന്നുവരുന്ന കുട്ടിക്ക്, 25 ലക്ഷവും 10 ലക്ഷവും രൂപ ചെലവഴിച്ചുകൊണ്ട് എം.ബി.ബി.എസ്. പഠിക്കാനാകുമോ?

ഈ കമ്മിറ്റിയും ഇതിനുമുമ്പുണ്ടായിരുന്ന സകല കമ്മിറ്റികളും തീരുമാനിച്ചിട്ടുള്ള ഫീസ് ഇവിടത്തെ സാധാരണക്കാരന്റെയും ദരിദ്രന്റെയും താൽപ്പര്യങ്ങളെ സംരക്ഷിക്കുന്നതല്ല. എന്തെല്ലാം പരിമിതികളുടെ പേരു പറഞ്ഞായാലും സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫീസ്, സമ്പന്നന്റെ താൽപ്പര്യങ്ങളെ തന്നെയാണ് സംരക്ഷിക്കുന്നത്. നമുക്ക് ഇന്നല്ലെങ്കിൽ നാളെ ഈ സംവിധാനങ്ങളാകെ ഉടച്ചുവാർക്കാൻ കഴിയണം. ഫീസ് നിർണ്ണയിക്കുന്നതിനുവേണ്ടി അധികാരപ്പെടുത്തിയിട്ടുള്ള കമ്മിറ്റി/കമ്മീഷന് വേണ്ട പല യോഗ്യതകളെക്കുറിച്ചും ഈ ബില്ലിൽ പറയുന്നുണ്ടെങ്കിലും പ്രാഥമികമായി വേണ്ടത് വകതിരിവാണ്. ഏതു വിഭാഗത്തിൽപ്പെട്ടവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കണമെന്നതിനെപ്പറ്റിയുള്ള ഒരു അവബോധമാണ്. ഫീസ് നിർണ്ണയിക്കുന്നതിന് കോളേജിന്റെ സൗകര്യങ്ങളും കോഴ്സ് നടത്തിക്കൊണ്ടുപോകുന്നതിനുള്ള ചെലവും മറ്റു കാര്യങ്ങളുമെല്ലാം പരിശോധിക്കണമെന്നു പറയുന്നുണ്ട്. അതുമാത്രം പരിശോധിച്ച് തീരുമാനിച്ചാൽ മതിയോ? വിദ്യാർത്ഥികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെടേണ്ടതല്ലേ? വെറുമൊരു കച്ചവട കാഴ്ചപ്പാടോടുകൂടി ഇതിനെ കാണാൻ പാടുണ്ടോ? വിദ്യാഭ്യാസം കച്ചവടമാണെന്ന കാഴ്ചപ്പാടിനോട് യോജിക്കുന്ന ഒരു കമ്മീഷന്/ഒരു ഫീസ് നിർണ്ണയ കമ്മിറ്റിക്ക് ശരിയായ തീരുമാനത്തിലെത്താൻ കഴിയില്ല. ഇവിടെ ഈ കമ്മിറ്റിയുടെ കോമ്പോസിഷൻ/ഘടനയെ സംബന്ധിച്ച നിർദ്ദേശങ്ങളുണ്ടോ? വിദ്യാർത്ഥികളുടെ താൽപ്പര്യങ്ങൾ ആ കമ്മീഷന്റെ മുമ്പിൽ വരണമെങ്കിൽ വിദ്യാർത്ഥി പ്രാതിനിധ്യം ഉണ്ടാകണം എന്നാണ് ഞാൻ അഭിപ്രായപ്പെടുന്നത്. എന്നാൽ ഇപ്പോൾ അതില്ല. അതിനെക്കുറിച്ച് ചിന്തിക്കാൻ നമുക്ക് കഴിയണം. ഇപ്പോൾ ആരോഗ്യ സർവ്വകലാശാലയിൽ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി സമിതികളുണ്ട്, ആ സമിതിയുടെ ഭാരവാഹികൾ ഈ കമ്മിറ്റിയുടെ ഭാഗമായി വരേണ്ടതുണ്ടെന്ന അഭിപ്രായമാണ് മുന്നോട്ടുവയ്ക്കാനുള്ളത്. അതോടൊപ്പം ഇപ്പോൾ ആ മേഖലയിൽ നിലനിൽക്കുന്ന സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം സംബന്ധിച്ചുള്ള വിദ്യാർത്ഥി വിരുദ്ധമായ സമീപനം മാറ്റി ഏത് പരിമിതിക്കകത്ത് നിന്നായാലും ന്യായമായ ഫീസ് ഉറപ്പുവരുത്താൻ കഴിയുംവിധമുള്ള ഘടനയും അത്തരത്തിലുള്ള വിദ്യാർത്ഥിപക്ഷ കാഴ്ചപ്പാടുള്ളവരുടെ പങ്കാളിത്തവും ഈ സമിതിയുടെ ഭാഗമായി ഉണ്ടാകേണ്ടതുണ്ട്. ഏതായാലും ഈ നിയമ നിർമ്മാണത്തിലൂടെ യു.ഡി.എഫ്. താറുമാറാക്കിയ കേരളത്തിലെ സ്വാശ്രയ വിദ്യാഭ്യാസരംഗത്തെ അവശേഷിച്ച നന്മകളെയെങ്കിലും നിലനിർത്തുന്നതിനു വേണ്ടിയുള്ള, സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനുള്ള പിന്നോക്ക ജാതിക്കാരുടെയും പട്ടികജാതിക്കാരുടെയും പഠനാവകാശം സംരക്ഷിക്കാനുള്ള സദുദ്ദേശ്യത്തോടുകൂടി അവതരിപ്പിക്കുന്ന ഈ ബില്ലിൽ ഇത്തരം കാര്യങ്ങൾ സംരക്ഷിക്കപ്പെടുമെന്ന പ്രതീക്ഷ നിലനിർത്തിക്കൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. കെ. രാജൻ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും)ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ബില്ലിന്റെ വിവിധ വശങ്ങളെക്കുറിച്ച് സവിസ്തരം ബഹുമാനപ്പെട്ട അംഗം ശ്രീ. എം. സ്വരാജ് ഇവിടെ സൂചിപ്പിച്ചപ്പോൾ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയുടെ പൊതുചരിത്രവും സ്വാശ്രയ ചരിത്രവും അത് ഉയർത്തുന്ന വെല്ലുവിളികളും വളരെ ഗൗരവമായി പ്രതിപാദിക്കുകയുണ്ടായി. കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ ആരുവിചാരിച്ചാലും മറ്റുമാറ്റങ്ങൾ അവതരിപ്പിക്കാൻ കഴിയില്ല എന്നതിനാലും കേരളത്തിൽ ഇപ്പോൾ ഉണ്ടായിട്ടുള്ള സ്വാശ്രയ ഭ്രതത്തിനെതിരായി കേരളത്തിൽ നടന്ന സമരങ്ങളിൽ ഒരേ സമയത്ത് ഞങ്ങളെല്ലാം പങ്കാളികളാണ് എന്നുള്ളതുകൊണ്ടും ഇതേ ചരിത്രം തന്നെയാണ് ഇതുമായി ബന്ധപ്പെട്ട് ഇവിടെ ആവർത്തിക്കാനുള്ളത്. കേരളത്തിന്റെ വിദ്യാഭ്യാസം വലിയ മാറ്റങ്ങളുണ്ടാക്കിയ ഒരു സംവിധാനമാണ്. ചരിത്ര വായനകളിൽനിന്ന് കേരളത്തിന് ഇതല്ലാത്ത ഒരു ചരിത്രമുണ്ടായിരുന്നു എന്ന് ഞങ്ങൾക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ട്, "അക്ഷരം വിപ്രഹസ്ത്യേന" എന്ന് പ്രഖ്യാപിച്ചിരുന്ന ഒരു കാലം. അക്ഷരം ബ്രാഹ്മണന്റെ കൈകൾ കൊണ്ടുമാത്രം എന്ന് പ്രഖ്യാപിച്ച് സമൂഹത്തിന്റെ ഏറ്റവും ഓരങ്ങളിലേയ്ക്ക് മാറ്റി നിർത്തപ്പെട്ട മനുഷ്യന് അക്ഷരം പഠിക്കാൻ അവകാശം ലഭ്യമല്ലാത്ത, അക്ഷരം വായിക്കുന്ന ശൂദ്രന്റെ കണ്ണിൽ ഈയം ഉരുക്കിയൊഴിക്കണം എന്ന് പ്രഖ്യാപിച്ചിരുന്ന, ചാതുർവർണ്യത്തിന്റെ ഭീകരതകളാൽ വിദ്യാഭ്യാസം സാമൂഹ്യ ജനവിഭാഗത്തിന് ലഭ്യമല്ലാതിരുന്ന ഒരു കാലം കേരളത്തിന്റെ ഇരുണ്ട ചരിത്രത്തിലുണ്ട്. ഒരു ഘട്ടത്തിൽ കേരളം സന്ദർശിച്ച സ്വാമി വിവേകാനന്ദൻ കേരളത്തെക്കുറിച്ച് പ്രഖ്യാപിച്ചത് കേരളം ഒരു ഭ്രാന്താലയമാണെന്നാണ്. അയിത്തത്തിന്റെയും അനാചാരങ്ങളുടെയും ചാതുർ വർണ്യത്തിന്റെയും ഇടയിലുള്ള സാമൂഹിക ജീവിതത്തിൽ മനുഷ്യനെപ്പോലെ ജീവിച്ചുമരിക്കാൻ സാധാരണക്കാരന് അവസരമില്ലാതിരുന്ന ഒരു കാലത്താണ് സ്വാമി വിവേകാനന്ദൻ കേരളം ഒരു ഭ്രാന്താലയമാണെന്ന് പ്രഖ്യാപിച്ചത്. ഇപ്പോൾ നമ്മൾ അഭിമാനത്തോടെ ലോകത്തെ നോക്കി പറയുന്നത്, കേരളം ഒരു ഭ്രാന്താലയമല്ല, ദൈവത്തിന്റെ സ്വന്തം നാടാണ് എന്നാണ്. ഭ്രാന്താലയമായിരുന്ന കേരളത്തെ ദൈവത്തിന്റെ സ്വന്തം നാടായി പരിവർത്തനം ചെയ്യാനുള്ള മഹാസമരങ്ങളിൽ കേരളത്തിന്റെ സാമൂഹ്യ-നവോത്ഥാന പ്രസ്ഥാനങ്ങളും പുരോഗമന വാദികളും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും മനുഷ്യ സ്നേഹികളും അക്ഷരത്തെ സ്നേഹിക്കുന്നവരുമെല്ലാം നടത്തിയ പങ്ക് വളരെ വലുതാണെന്ന് സൂചിപ്പിക്കാൻ എനിക്കാഗ്രഹമുണ്ട്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ഭ്രാന്താലയത്തിൽ നിന്നുള്ള കേരളത്തിന്റെ പരിവർത്തനം ആരംഭിച്ചത് കേരളത്തിന്റെ സാമൂഹ്യജീവിതത്തിൽ നവനവങ്ങളായ ചിന്തകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സമൂഹത്തിലെ ഏറ്റവും ദരിദ്രനായ മനുഷ്യന് അവകാശങ്ങൾ ലഭ്യമാക്കാനുള്ളതായിരിക്കണം രാഷ്ട്രീയ പ്രവർത്തനം എന്ന് പ്രഖ്യാപിച്ച 1957-ലെ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള ആദ്യത്തെ ഗവൺമെന്റിൽ നിന്നാണെന്നുള്ളതാണ് യാഥാർത്ഥ്യം. അപ്പോഴും ഇവിടെ വിദ്യാർത്ഥിക്ക് പഠിക്കാനവകാശമില്ല. മാനേജരുടെ കീഴിൽ ജീവിക്കുന്ന അദ്ധ്യാപകനായ മനുഷ്യൻ കേവലം തൊഴിലാളിയെപ്പോലെ ജീവിക്കേണ്ട ഗതികേടുണ്ടായിരുന്ന കേരളം. ആ അവസ്ഥയിൽ ആറു പതിറ്റാണ്ടുകാലം മുമ്പ് അദ്ധ്യാപകനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫസർ ജോസഫ് മുണ്ടശ്ശേരിയുടെ നേതൃത്വത്തിൽ കേരളത്തിൽ നടത്തിയ വലിയ ഇടപെടലുകൾ ചരിത്രത്തിന്റെ ഭാഗമാണ്. ഇപ്പോൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടക്കുമ്പോഴും കേരളത്തിൽ അദ്ധ്യാപകനായ വിദ്യാഭ്യാസ വകുപ്പുമന്ത്രിയാണ് നമുക്കുള്ളതെന്ന് അഭിമാനത്തോടെ പറയാൻ കഴിയും. ഇക്കഴിഞ്ഞ ദിവസം ശ്രീ. റ്റി.വി. രാജേഷ്, എം.എൽ.എ.യുടെ നേതൃത്വത്തിൽ യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയിൽപ്പെട്ട അംഗങ്ങൾ ഇന്ത്യയിലെ നാല് സംസ്ഥാനങ്ങളിലുള്ള കാര്യങ്ങൾ പഠിക്കുന്നതിനും കാണുന്നതിനും പോയിരുന്നു. അവിടെയെല്ലാം ചെന്നപ്പോൾ ഞങ്ങൾ അവരോട് ചോദിച്ച പ്രധാനപ്പെട്ട വിഷയം വികസനത്തിന് നിങ്ങൾ കാണിക്കുന്ന അർത്ഥതലം എന്താണെന്നായിരുന്നു. വളരെ വലിയ മാളുകൾ, ആകാശസമാനമായ പാതകൾ, റെയിൽവേ കോറിഡോറുകൾ, ഹൈസ്പീഡ് കോറിഡോറുകൾ എന്നിവയൊക്കെയായിരുന്നു അവർ ചൂണ്ടിക്കാണിച്ചുതന്ന വലിയ വികസന പ്രക്രിയകൾ. എന്നാൽ അവയുടെയൊക്കെ ഓരത്ത് വീടുകൾ നഷ്ടപ്പെട്ട്, ജീവിക്കാൻ കഴിയാത്ത, അക്ഷരം പഠിക്കാനോ അറിവുനേടാനോ ആരോഗ്യമേഖലയിൽ ഏതെങ്കിലും തരത്തിലുള്ള സഹായം സർക്കാരിൽനിന്നും നേടാനോ കഴിയാതെ പുഴുക്കളെപ്പോലെ ജീവിക്കുന്ന മനുഷ്യരെയാണ് ഞങ്ങൾ കണ്ടത്. ഇതാണ് കേരളത്തിനു പുറത്തുള്ള സ്ഥിതി, അവിടെ വേണം കേരളം എങ്ങനെ കേരളമായി എന്ന് ഓർക്കാൻ. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയത്തെ സംബന്ധിച്ച് ആധികാരികമായി ഗവൺമെന്റ് അവതരിപ്പിച്ച ബിൽ, സാധാരണക്കാരനും പിന്നോക്കക്കാരനും പണമില്ലാത്തവനുമായ മനുഷ്യന് പഠിക്കാൻ അവകാശം നല്കുന്നതിനുവേണ്ടി എങ്ങനെ ഇടപെടാൻ പറ്റും എന്ന് ആലോചിക്കുന്ന ഒരു ബില്ലിന്റെ ചർച്ചയുടെ ഒന്നാംവായനയിൽ പരാജയപ്പെടുത്തി, രണ്ടാംവായനയിലും ബഹിഷ്കരിച്ച് മുദ്രാവാക്യം വിളിച്ച് പുറത്തുപോയവർ ഓർക്കേണ്ടത് കേരളം എങ്ങനെ കേരളമായി എന്നതാണ്. കേരളം ലോകത്തിന്റെ

മുമ്പിൽ അഭിമാനകരമായ മാറ്റം ഉണ്ടാക്കിയത്, അവർ ഞങ്ങൾക്ക് ചൂണ്ടിക്കാണിച്ചുതന്ന ഹൈസ്പീഡ് കോറിഡോറുകളുടെയോ വലിയ പാലങ്ങളുടെയോ കെട്ടിടങ്ങളുടെയോ വലിയ തൊഴിൽശാലകളുടെയോ രൂപത്തിലല്ല, വിദ്യാഭ്യാസ മേഖലയിലും ആരോഗ്യ മേഖലയിലും ഭൂപരിഷ്കരണ മേഖലയിലും നടത്താൻ കഴിഞ്ഞ നവോത്ഥാനത്തിന്റെ വലിയ മുന്നേറ്റത്തിലൂടെയാണ്. കേരളത്തിൽ ഇന്ന് ജനിച്ചു വീഴുന്ന കുഞ്ഞുപോലും സംസാരിക്കാൻ തുടങ്ങിയാൽ അഭിമാനത്തോടെ ആദ്യം പറയുന്നത് കേരളം ദൈവത്തിന്റെ സ്വന്തം നാടാണെന്നാണ്. ആ നാട്ടിലാണ് അപകടകരമായ വിധത്തിൽ വിദ്യാഭ്യാസത്തിന്റെ എല്ലാ നന്മകളെയും നശിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചതെന്ന് നാം കാണണം. പഴയ കേരളത്തെ തിരിച്ചുപിടിക്കുക എന്ന പ്രശ്നം നമ്മുടെ മുമ്പിലുണ്ട്. തൊണ്ണൂറുകളുടെ ആദ്യത്തിൽ യു.ഡി.എഫ്. ഭരണകാലത്ത് സ്വാശ്രയ കോളേജുകൾ ആരംഭിക്കുമ്പോൾ കേരളത്തിന്റെ മണ്ണിൽ എണ്ണമറ്റ സമരങ്ങൾ നടന്നിട്ടുണ്ട്. എത്രയോ പാവപ്പെട്ട ചെറുപ്പക്കാരും വിദ്യാർത്ഥികളും രക്തസാക്ഷികളായിട്ടുണ്ട്. കേരളത്തിൽ സ്വാശ്രയ മെഡിക്കൽ കോളേജുകളും എഞ്ചിനീയറിംഗ് കോളേജുകളും ആരംഭിക്കാൻ യു.ഡി.എഫ്. ശ്രമം ആരംഭിച്ചപ്പോൾ അത് ഒരു വിദ്യാഭ്യാസ കച്ചവടത്തിലേയ്ക്കാണ് കേരളത്തെ നയിക്കാൻ പോകുന്നതെന്ന് കേരളത്തിന്റെ തെരുവുകളിൽനിന്ന് ആകാവുന്നത്ര ഉറക്കെ ഞങ്ങൾ വിളിച്ചുപറഞ്ഞിട്ടുണ്ട്. അന്നാരും അത് കേട്ടില്ല. കേരളത്തിൽ വിദ്യാഭ്യാസ കച്ചവടം നടക്കാൻ പോകുകയാണ്, പാവപ്പെട്ടവന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലായ്മ ചെയ്യാൻ പോകുകയാണ്, പണക്കാരന് മാത്രമായി വിദ്യാഭ്യാസം കേന്ദ്രീകരിക്കപ്പെടുകയാണ്. വളരെ അപകടകരമായ ഭവിഷ്യത്ത് വരുംകാലത്ത് കേരളത്തിലുണ്ടാകും എന്നെല്ലാം ഞങ്ങൾ പ്രഖ്യാപിച്ചപ്പോൾ, അതിനെതിരായി ഉയർന്ന കൈയുംകാലും നാവുമെല്ലാം തല്ലിയൊടിക്കാനാണ് അന്നത്തെ കേരള ഭരണകൂടം ശ്രമിച്ചത്. ആറോളം രക്തസാക്ഷികൾ, ആയിരക്കണക്കിന് ജീവിച്ചിരിക്കുന്ന രക്തസാക്ഷികൾ, എത്രയോ ദിവസത്തെ ജയിൽ വാസം, മൃഗീയമായ മർദ്ദനങ്ങൾ തുടങ്ങിയവയൊക്കെയാണ് കേരളത്തിലെ സ്വാശ്രയ വിദ്യാഭ്യാസത്തിന്റെ അപകടത്തെക്കുറിച്ച് പറഞ്ഞപ്പോൾ കേരളത്തിലെ ചെറുപ്പക്കാരും വിദ്യാർത്ഥികളും ഏറ്റുവാങ്ങേണ്ടി വന്ന ദുരിതങ്ങൾ. കേരളത്തിലെ പണം കർണ്ണാടകയിലേയ്ക്കും ഹൈദ്രാബാദിലേയ്ക്കും കൊണ്ടുപോകണമോ എന്ന് ഇന്ന് ഇറങ്ങിപ്പോയവരിൽ പലരും ഞങ്ങളോട് ചോദിച്ചു. കേരളത്തിലെ കുട്ടികൾ പുറത്തുപോയി പഠിക്കാൻ ചെലവഴിക്കുന്ന സംഖ്യ ഇവിടെ വന്നാൽ നമ്മുടെ മാനേജ്മെന്റുകളെ നന്നാക്കാനും കുട്ടികൾക്ക് ഇവിടെത്തന്നെ വിദ്യാഭ്യാസം കൊടുക്കാനും കഴിയുമെന്നൊക്കെ പറഞ്ഞു. നിങ്ങളാരും വിചാരിച്ചാൽ ഈ മാനേജ്മെന്റുകളെ നിയന്ത്രിക്കാൻ കഴിയില്ല എന്ന് ഞങ്ങൾ അന്ന് പറഞ്ഞതാണ്.

കേരളത്തിന്റെ അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിയും അദ്ദേഹത്തിന്റെ സന്തതസഹചാരികളും ഞങ്ങളോട് പറഞ്ഞത്, കേരളത്തിൽ 50:50 എന്ന ഒരു പുതിയ നില വരാൻ പോകുകയാണ്, രണ്ട് സ്വാശ്രയ കോളേജ് സമം ഒരു സർക്കാർ കോളേജ് എന്നൊക്കെയാണ്. രണ്ട് സ്വാശ്രയ കോളേജുകൾ കേരളത്തിൽ ആരംഭിച്ചാൽ 100 പാവപ്പെട്ട കുട്ടികളെ സർക്കാർ ഫീസിൽ പഠിപ്പിക്കാൻ കഴിയുമെന്ന് അവർ പറഞ്ഞു. ഇത് നടക്കാൻ പോകുന്ന വസ്തുതയല്ലെന്ന് അന്ന് ഞങ്ങളെല്ലാം പറഞ്ഞു. യു.ഡി.എഫ്.ന്റെ രാഷ്ട്രീയ വടംവലിയുടെ ഭാഗമായി രക്തസാക്ഷിയായി തിരിച്ചിറങ്ങുമ്പോൾ ശ്രീ. എ. കെ. ആന്റണി സെക്രട്ടേറിയറ്റിന്റെ നടുമുറ്റത്ത് നിന്നുകൊണ്ട് പറഞ്ഞത്, 'ആ മാനേജ്മെന്റുകൾ എന്നെ ചതിക്കുകയായിരുന്നു' എന്നാണ്. അവിടെ നിന്നാണ് സ്വാശ്രയ വിദ്യാഭ്യാസത്തിന്റെ ആഴത്തിലുള്ള പതനത്തിന്റെ ഭീകരദൃശ്യങ്ങൾ നമുക്ക് കാണാൻ കഴിഞ്ഞത്. എത്രയെത്ര ഭീകരമായ ഓർമ്മകളാണ് നമ്മുടെ മുമ്പിലുള്ളത്. 2004-ൽ എൻട്രൻസ് പരീക്ഷാ കമ്മീഷണറുടെ ഓഫീസിന്റെ ഏഴാം നിലയിൽ നിന്ന് ചാടി മരിച്ച രജനി എസ്. ആനന്ദ് എന്ന പെൺകുട്ടിയെ ഓർമ്മയുണ്ടോ? പിന്നോക്കക്കാരിയായ, അലക്കുകാരായ അച്ഛന്റെയും അമ്മയുടെയും മകളായി ജനിച്ച, വെള്ളറടയിൽനിന്ന് വിദ്യാഭ്യാസത്തിന്റെ ഉന്നതതലങ്ങളിലേയ്ക്ക് പോകുമ്പോൾ തന്റെ കുടുംബത്തെ സംരക്ഷിക്കാൻ കഴിയുമെന്ന് മനസ്സിൽ കോട്ട കെട്ടിയ ഒരു പെൺകുട്ടി. അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റിന്റെ ചതിമൂലമാണ് തിരുവനന്തപുരത്തിന്റെ മൂക്കിനുതാഴെ എൻട്രൻസ് പരീക്ഷാ കമ്മീഷണറുടെ ഓഫീസിന്റെ 7-ാം നിലയിൽനിന്ന് ചാടി മരിക്കേണ്ടിവന്നതെന്ന് കേരളത്തിന് അറിയാവുന്നതാണ്. മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണയിലാണ് നമുക്കെല്ലാം ഇപ്പോഴും മനസ്സിൽ പേടി തോന്നുന്ന ഫാസിലയുടെ മരണമുണ്ടായതെന്നും നമുക്കറിയാം. സ്വാശ്രയ മാനേജ്മെന്റുകളെ നിയന്ത്രിക്കാൻ ഒരു നടപടിയും അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചില്ലെന്നു മാത്രമല്ല, ഒളിഞ്ഞും തെളിഞ്ഞും കേരളത്തിലെ മാനേജ്മെന്റുകളെ സഹായിക്കാനെടുത്ത നടപടികൾ ഇവിടെ ശ്രീ. എം. സ്വരാജ് സൂചിപ്പിച്ചുകഴിഞ്ഞു. 2006-ൽ കേരളത്തിൽ എൽ.ഡി.എഫ്.ന്റെ ഭരണ കാലത്താണ് അർദ്ധരാത്രിവരെ ചർച്ച ചെയ്ത് ഐകകണ്ഠ്യേന വിദ്യാഭ്യാസ ബിൽ പാസ്സാക്കിയത്. ഞങ്ങൾക്കുപോലും ഒരുപാട് പരാതികളും പ്രതിഷേധങ്ങളും പലതരത്തിൽ ഉണ്ടായിരുന്നെങ്കിലും ഒരു പരിധിയിലേറെ സ്വാശ്രയ മാനേജ്മെന്റുകളെ മൂക്കുകയറിടാൻ കഴിയുന്ന നടപടിക്ക് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് തുടക്കംകുറിച്ചു. പക്ഷേ വളരെ ബോധപൂർവ്വം വീണ്ടും കോടതിയെ ഇടപെടുത്തി, തെറ്റായ പ്രചരണങ്ങൾ നടത്തി, അതിലെ ഓരോ വകുപ്പിനെയും ദുർബലപ്പെടുത്തി സ്വാശ്രയ മാനേജുമെന്റുകളെ മൂക്കുകയറിടാനുള്ള നടപടികളെടുക്കാൻ കഴിയാത്ത

സ്ഥിതിയുണ്ടാക്കി. കരാറിൽ ഒപ്പിട്ട സ്വാശ്രയ മാനേജ്മെന്റുകൾപോലും ഒരുഘട്ടത്തിൽ മാറിമാറി സഞ്ചരിച്ച് കോടതി വിധികളിലൂടെയും മാനേജ്മെന്റിന്റെ കള്ളക്കളികളിലൂടെയും പലപ്പോഴും യു.ഡി.എഫ്. ഗവൺമെന്റ് നൽകിയ പിന്തുണയോടെയും കേരളത്തിൽ വലിയ സ്വാശ്രയ സംവിധാനമായി മാറുകയായിരുന്നു. ഈ സ്വാശ്രയ സ്ഥാപനങ്ങളെക്കുറിച്ചാണ് ഇപ്പോൾ ചർച്ച ചെയ്യുന്നത്. എന്ത് ധിക്കാരമാണ് കേരളത്തിൽ ഈ സ്ഥാപനങ്ങൾ നടത്തുന്നത്? ഗവൺമെന്റിനെക്കാൾ വലിയ വിദ്യാഭ്യാസ സ്ഥാപനം കേരളത്തിലുണ്ടാക്കാൻ കഴിയുമോ? ജിഷ്ണു പ്രണോയിയുടെ മരണവുമായി ബന്ധപ്പെട്ട് കേരളത്തിലെ സ്വാശ്രയ സ്ഥാപനങ്ങളിലെ ഇടിമുറികളെക്കുറിച്ചുള്ള ഒരു പുതിയ ചർച്ചയ്ക്ക് തുടക്കം കുറിച്ചു. ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് ഒരു ബില്ലാണ് പാസ്സാക്കുന്നതെങ്കിലും ഇക്കാര്യത്തിൽ ആലോചിക്കേണ്ട പ്രധാനപ്പെട്ട വസ്തുത, ഇന്റേണൽ മാർക്ക് എന്ന ചരടിൽ കേരളത്തിലെ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികളെ ബലിയാടാക്കുന്ന നടപടിയാണ് കേരളത്തിലെ സ്വാശ്രയ സ്ഥാപനങ്ങൾ എടുത്തുകൊണ്ടിരിക്കുന്നത് എന്നുള്ള ധാരണ നമുക്കുണ്ട്. മാനേജ്മെന്റുകളുടെ ഈ ധാർഷ്ട്യത്തെ അംഗീകരിക്കാൻ സാധിക്കുമോ? മാനേജ്മെന്റുകളുടെ ഈ ധിക്കാരത്തെ അംഗീകരിക്കാൻ കഴിയുമോ? മാനേജ്മെന്റുകൾ ഇന്റേണൽ മാർക്കിന്റെ പേരിൽ കുട്ടികളെ പീഡിപ്പിക്കുന്നതിന്റെ ലക്ഷ്യങ്ങളിലൊന്ന് കോളേജുകളിലെ രാഷ്ട്രീയ പ്രവർത്തനങ്ങളും സംഘടനാ പ്രവർത്തനങ്ങളും അവസാനിപ്പിക്കുക എന്നതാണ്. ക്യാമ്പസുകളെ അരാഷ്ട്രീയ വത്കരിക്കുക എന്ന വലിയ അരാഷ്ട്രീയവാദം കേരളത്തിലെ സ്വാശ്രയ കോളേജുകൾ എടുത്തിട്ടുണ്ട്.

<u>ശ്രീ. ആർ. രാജേഷ്</u> : സർ, ജിഷ്ണു പ്രണോയിയുടെ വിഷയം പറയുമ്പോൾ, പകൽ സമയത്ത് ഇരയ്ക്കൊപ്പം ഇരുന്നു കരയുകയും രാത്രിയിൽ വേട്ടക്കാർക്കൊപ്പമിരുന്ന് അത്താഴം കഴിക്കുകയും ചെയ്യുന്ന ശ്രീ. കെ. സുധാകരനെ പോലുള്ള കോൺഗ്രസുകാർ ഇന്നും ഉണ്ട് എന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. കെ. രാജൻ</u> : സർ, ബഹുമാനപ്പെട്ട മാവേലിക്കര അംഗം സൂചിപ്പിച്ചത് വളരെ കൃത്യമായ കാര്യമാണ്. ഇത് ഒരു രാഷ്ട്രീയ വ്യതിയാനത്തിന്റെ ഭാഗം മാത്രമല്ല. കേരളത്തിലെ കോൺഗ്രസ്സിന്റെ രാഷ്ട്രീയ പാരമ്പര്യം എത്രമേൽ ദുർബലപ്പെട്ടു എന്നുള്ളതിന്റെ തെളിവാണ് കേരളത്തിൽ ഈ രാഷ്ട്രീയസമരം എന്ന വ്യാജേന സംഘടിപ്പിച്ച നാടകത്തിൽ പങ്കാളികളാകുകയും ശ്രീ. ആർ. രാജേഷ് ഇവിടെ സൂചിപ്പിച്ചതുപോലെ വേട്ടക്കാരന് കൂട്ടിരിക്കുകയും അയാളെ സഹായിക്കുന്ന നടപടികളെടുക്കുകയും ചെയ്യുന്ന രാഷ്ട്രീയ നേതൃത്വത്തോട് എനിക്ക് പറയാനുള്ളത്

മാനേജ്മെന്റുകൾ ഇവിടെ നടത്തിക്കൊണ്ടിരിക്കുന്ന ഇന്റേണൽ മാർക്കിന്റെ പേരിലുള്ള ഇടപെടലുകൾ ക്യാമ്പസ്സുകളെ അരാഷ്ട്രീയവത്കരിക്കുക എന്ന ലക്ഷ്യത്തോടുകൂടിയുള്ളതാണ് എന്നാണ്. ക്യാമ്പസ്സുകളെ അരാഷ്ട്രീയവത്കരിക്കുന്നിടത്താണ് മദ്യം, കഞ്ചാവ്, ലഹരി മാഫിയകൾ ഇടം കണ്ടെത്തുന്നത്. അരാഷ്ട്രീയവാദം ഇടംകാണുന്ന ഘട്ടത്തിലാണ് നമ്മുടെ രാജ്യത്ത് കൂടുതൽ ക്രിമിനലുകൾ രംഗപ്രവേശം ചെയ്യുന്നത്.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : സർ, അങ്ങ് ഈ ബില്ലിൽ പങ്കെടുത്തുകൊണ്ട് ചർച്ചചെയ്യുന്നത് യു.ഡി.എഫ്.-ന്റെ രാഷ്ട്രീയമായ ഇരട്ടനാവിനെ സംബന്ധിച്ചാണ്. ഒരുഭാഗത്ത് അവർ പറയുന്നതല്ല പ്രവർത്തിക്കുന്നത്. മന്ത്രി ഇഷ്ടക്കാരെ നിയമിച്ചു എന്നുപറഞ്ഞാണ് ഇന്നിപ്പോൾ ചർച്ച ബഹിഷ്കരിച്ചുകൊണ്ട് യു.ഡി.എഫ്. സഭയ്ക്കുപുറത്ത് സമരം ചെയ്യുന്നത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എം.എൽ.എ. ആയിരിക്കവെ ശ്രീ. ടി. എൻ. പ്രതാപന്റെ സഹോദരിയുടെ മകനെ ജുവനൈൽ ജസ്റ്റിസ് ബോർഡിൽ നിയമിച്ച കാര്യം അങ്ങേയ്ക്കറിയാമോ? ഇന്നദ്ദേഹം തൃശ്ശൂർ ജില്ലയിലെ ഡി.സി.സി. പ്രസിഡന്റാണ്. അങ്ങനെയുള്ളവരാണ് ഇപ്പോൾ എൽ.ഡി.എഫ്.നെതിരായി സ്വജനപക്ഷപാതം ആരോപിച്ച് സമരം ചെയ്യുന്നത് എന്നുള്ള കാര്യം അങ്ങേയ്ക്കറിയാമോ?

<u>ശ്രീ. കെ. രാജൻ</u>: സർ, യു.ഡി.എഫ്. ഗവൺമെന്റിന്റെ കഴിഞ്ഞ അഞ്ചു വർഷത്തെ കാര്യങ്ങൾ പ്രതിപാദിക്കാൻ ഒരുപാട് സമയം എടുക്കുമെന്നുള്ളതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. കേരളത്തിലെ ജനങ്ങൾക്കറിയാം ഇടതുപക്ഷ ജനാധിപത്യമുന്നണി കേരളം ഭരിക്കുന്നിടത്തോളംകാലം സരിതമാർക്ക് കയറി നിരങ്ങാനുള്ള ഇടമല്ല കേരളത്തിലെ സെക്രട്ടേറിയറ്റ് എന്നത്. അഴിമതിരഹിതമായ ഒരു സംവിധാനമാണ് കേരളത്തിൽ ഉണ്ടാകാൻ പോകുന്നത്. അതുകൊണ്ട് ഉത്തരം മുട്ടുമ്പോൾ കൊഞ്ഞനം കാണിക്കുകയാണ് യു.ഡി.എഫ്. ചെയ്യുന്നത് എന്ന് വിചാരിക്കുകയല്ലാതെ നമുക്ക് വേറൊന്നും ചെയ്യാൻ കഴിയില്ല. യു.ഡി.എഫ്. തുടർന്നുവന്ന നയങ്ങളുടെ ഭാഗമാണ് കേരളത്തിലെ സ്വാശ്രയ മേഖലയിലുണ്ടായിട്ടുള്ള ഈ സംഭവം. നമ്മുടെ നാട്ടിലെ വിദ്യാർത്ഥി രാഷ്ട്രീയത്തെ അങ്ങനെ ഇല്ലായ്മ ചെയ്യാം എന്ന് പ്രതീക്ഷിക്കുന്നവർ വളരെ പ്രധാനമായും മനസ്സിലാക്കേണ്ട ചില പ്രശ്നങ്ങളുണ്ട്. എൽ.ഡി.എഫ്. ഗവൺമെന്റിനു മുമ്പുണ്ടായിരുന്ന യു.ഡി.എഫ്. ഗവൺമെന്റ് ഫീസ് വർദ്ധിപ്പിച്ചപ്പോൾ പറഞ്ഞ ന്യായം എന്തായിരുന്നുവെന്ന് നമുക്ക് അറിയാവുന്നതാണ്. മെഡിക്കൽ രംഗത്ത് ഫീസ് വർദ്ധിപ്പിച്ചപ്പോൾ അവർ പറഞ്ഞത് നമ്മുടെ നാട്ടിലെ ബാങ്കുകളിൽനിന്നും വിദ്യാഭ്യാസ ലോൺ എടുത്തുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം കാണാമെന്നാണ്.

ഇപ്പോൾ വിദ്യാഭ്യാസ ലോണെടുത്തവരുടെ സ്ഥിതി എന്താണ്? 'ഹാപ്പി വെഡ്ഡിംഗ് എന്നുപറയുന്ന സിനിമയിൽ ഒരു ഡയലോഗുണ്ട്. 'കൊച്ചി നഗരത്തിൽ ഒരു കമ്പെടുത്ത് മുകളിലേക്ക് എറിഞ്ഞാൽ ഒരു ബീഹാറിയുടെയോ ഒരു എഞ്ചിനീയറുടെയോ മേൽ തട്ടാതെ കമ്പ് താഴെ വീഴില്ല എന്നുള്ള സ്ഥിതിയാണ് കേരളത്തിലുള്ളത് എന്നാണ്. എഞ്ചിനീയർമാർ അമ്മി കൊത്താനുണ്ടോ എന്ന് ചോദിച്ചുനടക്കേണ്ട ഗതികേട് കേരളത്തിലെ വിദ്യാഭ്യാസ മേഖലയിലെ പ്രൊഫഷണലിസത്തിൽ ഉണ്ടായിട്ടും വിദ്യാഭ്യാസ ലോണെടുത്ത് നിങ്ങൾക്ക് പഠിക്കാമല്ലോ എന്ന് കേരളത്തിൽ പറഞ്ഞത് യു.ഡി.എഫ്. ഗവൺമെന്റാണ്. അഭിമാനപൂർവ്വം പറയട്ടെ, ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് കേരളത്തിൽ അധികാരത്തിൽ വന്നതിന്റെ ഒന്നാം വാർഷികത്തിൽ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ലോണുകൾ എഴുതിത്തള്ളാനുള്ള തീരുമാനമെടുത്തു. ലോണെടുത്ത് കുട്ടികളെ പഠിപ്പിക്കുക എന്ന തെറ്റായ ഒരു ശീലം ഉണ്ടാക്കിക്കൊണ്ടു വന്നത് കേരളത്തിലെ സ്വാശ്രയ ഫീസ് വർദ്ധിപ്പിക്കുന്നതിനു വേണ്ടിയാണ്. ഇവിടെയുള്ള വളരെ പ്രധാനപ്പെട്ട പ്രശ്നം കേരളത്തിലെ മാനേജുമെന്റുകളുടെ സോഴ്സ് ഓഫ് ഇൻകം എന്താണ് എന്നതാണ്? ഇവിടെ ശ്രീ. എം. സ്വരാജ് പറഞ്ഞതുപോലെ എൻ.ഒ.സി. ചോദിച്ചുവരുന്നവർക്കെല്ലാം എൻ.ഒ.സി. കൊടുത്തിരുന്ന കാലത്ത് കേരളത്തിൽ ഭരിച്ചിരുന്ന ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ അവരുടെ സോഴ്സ് ഓഫ് ഇൻകം എന്താണെന്ന്? എവിടെ നിന്നാണ് ഇത്ര വലിയ പണം ചെലവഴിക്കാൻ കേരളത്തിലെ ഈ സ്വാശ്രയ സ്ഥാപനങ്ങൾക്ക് കഴിയുന്നത് എന്നുകൂടി ചർച്ച ചെയ്യപ്പെടേണ്ട ഒരു കാലഘട്ടത്തിലാണ് കേരളത്തിലെ ഗവൺമെന്റ് ഈ ബില്ലുമായി മുന്നോട്ടുപോകുന്നത് എന്നുള്ളതാണ് യാഥാർത്ഥ്യം.

ആരോഗ്യ വകുപ്പുമന്ത്രിക്കെതിരായി ഇവിടെ പ്രതിപക്ഷം ഉന്നയിച്ച ഒരു പ്രധാനപ്പെട്ട ആരോപണം മൂന്നുതവണ ഇതിന്റെ ഓർഡിനൻസ് ഇവിടെ അവതരിപ്പിച്ചുവെന്നതാണ്. ഏതെങ്കിലും തരത്തിലുള്ള പുകമറ കാട്ടി യാഥാർത്ഥ്യങ്ങളെ ഇല്ലാതാക്കാനുള്ള ശ്രമമാണ് യു.ഡി.എഫ്. നടത്തുന്നത്. മൂന്നു തവണ ഇറക്കിയ ഓർഡിനൻസിൽ ഒരു വരിയോ വാചകമോ മാറ്റിയിട്ടുണ്ടെന്ന് കാണിക്കാൻ ഇപ്പോൾ പ്രതിപക്ഷത്ത് ആളില്ലെങ്കിലും എപ്പോഴെങ്കിലും കഴിയുമോ? ഏപ്രിൽ ആദ്യവാരം ഈ ഓർഡിനൻസ് ഇറക്കാൻ ഗവൺമെന്റ് തീരുമാനിച്ചതാണ്. എന്നാൽ ആദ്യത്തെ നിയമസഭയിൽ അത് അവതരിപ്പിച്ച് പാസ്സാക്കാൻ കഴിഞ്ഞില്ല. രണ്ടാമത് അതിന്റെ കാലാവധി തീർന്നപ്പോൾ വീണ്ടും ഓർഡിനൻസ് പുറത്തിറക്കാൻ തീരുമാനിച്ചു. പിന്നീട് ആ ഓർഡിനൻസ് ചർച്ചചെയ്യേണ്ടത് ഗോവധ നിരോധനവുമായി ബന്ധപ്പെട്ട് ഒരു ദിവസം മാത്രം

കൂടിയ നിയമസഭാസമ്മേളനവേളയിലാണ്. അന്നും ചർച്ച ചെയ്യാൻ സാധിച്ചില്ല. ആ പ്രശ്നമുള്ളതുകൊണ്ടാണ് സാങ്കേതികമായി മൂന്നാം തവണയും ഓർഡിനൻസ് ഇറക്കേണ്ടതെന്ന് വലിയ വിവര പരിജ്ഞാനമുള്ള പ്രതിപക്ഷത്തിരിക്കുന്നവർക്ക് അറിയാമെങ്കിലും എതിരഭിപ്രായങ്ങളൊന്നും രേഖപ്പെടുത്താൻ കഴിയാത്തതുകൊണ്ട് ഈ ഗവൺമെന്റിന്റെ ശരിയായ പരിശ്രമത്തെ ഇല്ലാതാക്കാൻ വേണ്ടിയാണ് അവർ ശ്രമിക്കുന്നത്.

ഈ ബില്ലിലെ പ്രധാന കാര്യങ്ങൾ കാണാതെ പോകരുത് എന്നാണ് എന്റെ അഭിപ്രായം. ഈ ബില്ലിന്റെ 8(3) ക്ലോസ്സിൽ പറയുന്നത് വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. ഉണ്ണിക്കൃഷ്ണൻ കേസ്സിലെ കോടതിയുടെ വിധിപോലെ ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങിക്കാൻ പാടില്ല എന്നു പ്രഖ്യാപിച്ചപ്പോൾ ഇപ്പോഴും പലയിടത്തും ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങുന്നുണ്ട് എന്ന് പ്രഖ്യാപിക്കപ്പെടുകയാണ്. 8 (3) പ്രകാരം സർക്കാർ വളരെ കൃത്യമായി ഈ ബില്ലിലൂടെ അവതരിപ്പിക്കുന്നുണ്ട്. "ഒരു അധ്യയനവർഷത്തിൽ ഒരു വർഷത്തെ ഫീസിൽ കൂടുതൽ വസൂലാക്കുന്നത് ക്യാപ്പിറ്റേഷൻ ഫീസ് വസൂലാക്കുന്നതായി വ്യാഖ്യാനിക്കപ്പെടുന്നതും അതിനെതിരെയുള്ള നടപടിക്ക് വിധേയരായിത്തീരുന്നതുമാണ്" എന്ന കൃത്യമായ ധാരണയാണ് ഈ ബില്ലിലെ 8(4)-ൽ ശിക്ഷണ നടപടികൾ വ്യക്തമാക്കുന്നത്. അതിൽ വളരെ വ്യക്തമായി ഈ പണം വാങ്ങിയാൽ, കേരളത്തിലെ ഗവൺമെന്റ് നിശ്ചയിച്ച അഥവാ സമിതി നിശ്ചയിക്കുന്നതിനെക്കാൾ കൂടുതൽ പണം ഏതെങ്കിലും സാഹചര്യത്തിൽ ഈടാക്കുകയാണെങ്കിൽ ആ കോളേജിന്റെ അംഗീകാരം റദ്ദാക്കുക, പത്ത് ലക്ഷം രൂപ പിഴ ചുമത്തുക, അധികാരം റദ്ദാക്കുക, അഫിലിയേഷൻ മാറ്റുക, സീറ്റുകൾ എടുത്തുകളയുക തുടങ്ങിയ ശിക്ഷണ നടപടികൾ സ്വീകരിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. യഥാർത്ഥത്തിൽ സ്വാശ്രയ മാനേജുമെന്റുകൾക്ക് അക്ഷരാർത്ഥത്തിൽ മൂക്കുകയറിടാനും അവരെ പേടിപ്പിക്കാനും ഇതിലൂടെ കഴിയും. ഇതിലെ പ്രധാനപ്പെട്ട പ്രശ്നം, ആ പണം നേരിട്ട് അടച്ചില്ലെങ്കിൽ ഈ തുക ഭൂമിയിന്മേലുള്ള പൊതു കര കുടിശ്ശിക എന്നതുപോലെ ഈടാക്കാൻ കഴിയുമെന്ന് ഈ ബില്ലിലൂടെ പറഞ്ഞിട്ടുണ്ട്.

ഈ ബില്ലിലെ പത്താമത്തെ ക്ലോസ് ഇറങ്ങിപ്പോയ പ്രതിപക്ഷം വായിച്ചിട്ടില്ല. "..... പട്ടികജാതി, പട്ടികഗോത്രവർഗ്ഗത്തിൽപ്പെടുന്ന ആളുകൾക്കും മറ്റ് പിന്നോക്ക സമുദായങ്ങളിൽപ്പെട്ട പൗരന്മാർക്കും പ്രവേശനഘട്ടത്തിൽ സർക്കാർ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള സംവരണം ഉണ്ടായിരിക്കേണ്ടതാണ്" എന്ന് വ്യക്തമായി ബില്ലിൽ സൂചിപ്പിച്ചിട്ടുണ്ട്. കേരള സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമീകരിക്കുന്നതിനും ഫീസ് നിശ്ചയിക്കുന്നതിനും മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ

പട്ടികജാതിയിലും പട്ടികഗോത്രവർഗ്ഗത്തിലും മറ്റ് പിന്നോക്ക സമുദായങ്ങളിലുംപെട്ട ആളുകൾക്ക് സീറ്റ് സംവരണം വ്യവസ്ഥ ചെയ്യുന്നതിനുംവേണ്ടി നിയമനിർമ്മാണം നടത്താൻ സർക്കാർ തീരുമാനിച്ചത് നിലവിലുള്ള സാഹചര്യത്തിൽനിന്ന് സാമൂഹികമായി പിന്നോക്കം നിൽക്കുന്ന മനുഷ്യന് ഒരു കൈത്താങ്ങ് നൽകി വിദ്യാഭ്യാസ മേഖലയിലേയ്ക്ക് കൊണ്ടുവരിക എന്ന യാഥാർത്ഥ്യത്തിന്റെ അടിസ്ഥാനത്തിലാണ്. ഈ ഫീസ് വർദ്ധന സാധാരണ കുട്ടികൾക്ക് താങ്ങാൻ കഴിയുന്നതല്ല. അത് കുറയ്ക്കാൻ ഏത് വിധേനയുമുള്ള മാർഗ്ഗം സ്വീകരിക്കേണ്ടതുണ്ട്. കാരണം, സമൂഹത്തിലെ ഏറ്റവും ദരിദ്രനായ മനുഷ്യനെക്കുറിച്ചാണ് വികസനത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ നാം ചർച്ച ചെയ്യേണ്ടത്. അതാണ് നമ്മുടെ മനസ്സിലുണ്ടാകേണ്ടത് എന്ന മഹാത്മാഗാന്ധിയുടെ വചനങ്ങൾ പോലെ ഈ പരിഷ്കാരങ്ങളെല്ലാം നമ്മുടെ മനസ്സിലുണ്ടാകുന്നത് സമൂഹത്തിന്റെ ഓരങ്ങളിൽ വണ്ടി തള്ളിയും വണ്ടിയോടിച്ചും ചുമടുചുമന്നുമൊക്കെ നടക്കുന്നവന്റെ മകൾക്കും മകനും വിദ്യാഭ്യാസത്തിൽ പങ്കാളിയാകണം എന്ന വലിയ പ്രശ്നത്തിന്റെയും വലിയ ധാരണയുടെയും അടിസ്ഥാനത്തിലാകണം എന്നുകൂടി സവിനയം അഭ്യർത്ഥിക്കുകയാണ്. അതിന് തുല്യമായ, അതിന് കഴിയാവുന്ന തരത്തിലുള്ള ഒരു പരിഷ്കാരം ഈ ബില്ലിന്റെ ഭാഗമായി കൊണ്ടുവരാൻ കഴിയണമെന്നുകൂടി വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട്, 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ബിൽ സഭ മുമ്പാകെ അവതരിപ്പിച്ച സർക്കാരിനെ അഭിനന്ദിച്ചുകൊണ്ട് ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, വളരെ പ്രധാനപ്പെട്ടൊരു നിയമമാണ് ഇന്ന് സഭയിൽ പാസ്സാക്കാൻ പോകുന്നത്. കേരളത്തിലെ സ്വാശ്രയ മാനേജ്മെന്റുകളെ നിയന്ത്രിക്കുന്നതിനുള്ള സമഗ്രമായ ഒരു നിയമം എന്നുപറയാം. കേരളത്തിലെ സ്വാശ്രയ മേഖലയിലെ പ്രശ്നങ്ങൾ വളരെ വിശദമായി ശ്രീ. എം. സ്വരാജും ശ്രീ. കെ. രാജനും ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. സ്വാശ്രയ മേഖലയിൽ നടക്കുന്ന കൊള്ളയെക്കുറിച്ചും അതിനെ നിയന്ത്രിക്കാൻ കഴിയുന്ന തീരുമാനങ്ങളെക്കുറിച്ചും പ്രതിപക്ഷാംഗങ്ങൾ ഈ ചർച്ചയിൽ പങ്കെടുത്ത് സഭയിൽ അഭിപ്രായങ്ങൾ രേഖപ്പെടുത്തേണ്ടതായിരുന്നു. ഈ ബിൽ അവതരണം ബഹിഷ്കരിച്ച് പ്രതിപക്ഷാംഗങ്ങൾ സഭയിൽനിന്നും ഇറങ്ങിപ്പോയിരിക്കുകയാണ്. ബാലാവകാശ കമ്മീഷന്റെ അംഗങ്ങളെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങളാണ് സഭ ബഹിഷ്കരിച്ച് ഇറങ്ങിപ്പോകാൻ കാരണമായി അവർ പറഞ്ഞത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി രാവിലെ വിശദമായി മറുപടി പറഞ്ഞ ഒരു വിഷയമായതുകൊണ്ട് ഞാൻ ആ

പ്രശ്നത്തിന്റെ ഉള്ളടക്കത്തിലേയ്ക്ക് കടന്നുപോകുന്നില്ല. ഈ ബിൽ അവതരണം ബഹിഷ്കരിച്ച് പ്രതിപക്ഷം പോയി എന്നതിന്റെ ഭാഗമായി എനിക്ക് അതിനെക്കുറിച്ച് രണ്ട് വാക്ക് പറയാതിരിക്കാൻ കഴിയില്ല. ബാലാവകാശ കമ്മീഷന്റെ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന് കിട്ടിയ അപേക്ഷകളിൽ നല്ല ക്വാളിഫിക്കേഷനും എക്സ്പീരിയൻസുമൊക്കെയുള്ള കൂടുതൽ ആളുകളെ ലഭ്യമാക്കുന്നതിന്, 18 പേരെ തെരഞ്ഞെടുക്കുന്നതിന് കൂടുതൽ ആളുകളിൽ നിന്ന് അപേക്ഷ ലഭ്യമാക്കണമെന്ന സദുദ്ദേശ്യത്തിന്റെ ഭാഗമായാണ് അപേക്ഷാ തീയതി നീട്ടിക്കൊടുത്തിരുന്നത്. അതിന്റെ ഭാഗമായി കൂടുതൽ അപേക്ഷകൾ ലഭ്യമാകുകയും ചെയ്തു. ആ അപേക്ഷകളിൽനിന്ന് ഇന്റർവ്യൂ കമ്മിറ്റി വളരെ ശാസ്ത്രീയമായും സത്യസന്ധമായും നടത്തിയ ഇന്റർവ്യൂവിന്റെ ഭാഗമായാണ് ആറ് അംഗങ്ങളെ തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിൽ എന്തെങ്കിലും പ്രത്യേകിച്ച് സ്വജനപക്ഷപാതം അല്ലെങ്കിൽ മന്ത്രിയുടെ പ്രത്യേക താൽപ്പര്യമെന്നുപറയാൻ സാധിക്കില്ല. ഞാൻ കുറെ വർഷക്കാലമായി രാഷ്ട്രീയ പ്രവർത്തനം നടത്തുന്നു. എന്റെ രാഷ്ട്രീയ ജീവിതം ഈ നാട്ടിലെ ജനങ്ങൾക്കെല്ലാം നന്നായി അറിയാവുന്നതാണ്. ഇത്രയും കാലത്തിനിടയിൽ സ്വന്തമായ ഏതെങ്കിലും ആവശ്യത്തിനുവേണ്ടി എന്റെ രാഷ്ട്രീയപ്രവർത്തനം വിനിയോഗിച്ചിട്ടില്ല എന്ന് എവിടെയും ഉറപ്പുപറയാൻ കഴിയും. സ്വകാര്യലാഭത്തിനുവേണ്ടി, സ്വകാര്യ താൽപ്പര്യത്തിനുവേണ്ടി ഇന്നോളം ഒരു പ്രവൃത്തിയും ചെയ്തിട്ടില്ല എന്ന് എവിടെ വച്ചും ഉറപ്പിച്ച് പറയാൻ കഴിയും എന്ന ആത്മവിശ്വാസം എനിക്ക് ഇപ്പോഴുമുണ്ട്. അത് ഉറപ്പായും പറയാൻ സാധിക്കും. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കോടതിയുടെ പരാമർശമുണ്ടായി. അപേക്ഷാ തീയതി നീട്ടിയത് എന്തിനാണെന്ന് വ്യക്തമായി സ്ഥാപിക്കാൻ കഴിയാത്തതിനാൽ പാർട്ടിയുടെ പ്രത്യേക ആളെ തെരഞ്ഞെടുക്കാൻവേണ്ടിയാണ് നീട്ടിക്കൊടുത്തത് എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു, അത് ഗുഡ് ഫെയിത്തിലല്ല എന്നതാണ് കോടതിയുടെ പരാമർശം. ഞാൻ അതിനെ നിഷേധിക്കുന്നില്ല. അത് കോടതിയെ ബോദ്ധ്യപ്പെടുത്തുന്നതിനും അങ്ങനെയുള്ള പരാമർശം തിരുത്തിക്കുന്നതിനുമാണ് ഞാൻ ആഗ്രഹിക്കുന്നത്. അതിന് ശ്രമിക്കുന്നുണ്ട്. കോടതി അത് മനസ്സിലാക്കുമെന്ന് ഞാൻ കരുതുന്നു. അതിൽ തെരഞ്ഞെടുത്ത ആറുപേരും സി.പി.ഐ.(എം.)-ന്റെ പ്രവർത്തകരല്ല. അങ്ങനെയാണ് ഉദ്ദേശ്യമെങ്കിൽ അപേക്ഷകരിൽ സി.പി.ഐ.(എം.)-ന്റെ പ്രവർത്തകർ പിന്നെയും ഉണ്ടായിരുന്നു. എന്നാൽ തെരഞ്ഞെടുക്കപ്പെട്ട നാലുപേർ പഴയ സി.ഡബ്ല്യു.സി.യിൽ പ്രവർത്തിച്ച് പരിചയമുള്ളവരായിരുന്നു. രണ്ടുപേർ കുട്ടികളുടെ മേഖലയിൽ പ്രവർത്തിച്ച് എക്സ്പീരിയൻസുള്ളവരായിരുന്നു. ഇന്റർവ്യൂ നടത്തുമ്പോൾ ഏറ്റവും നല്ല രീതിയിൽ പെർഫോമൻസ് നടത്തിയവരുമാണ്. ആറുപേരിൽ ഒരാൾ കന്യാസ്ത്രീയാണ്. രാഷ്ട്രീയ താൽപ്പര്യമനുസരിച്ച് ആളുകളെ തിരുകിക്കയറ്റാൻ വേണ്ടിയാണ് ഈ അപേക്ഷാത്തീയതി നീട്ടിയത് എന്നാണ്

പറയുന്നത്. ഞാൻ അതിലേയ്ക്ക് ഒരുപാട് കടക്കുന്നില്ല. ഈ നാട്ടിലെ ജനങ്ങൾക്ക് അക്കാര്യം മനസ്സിലാകുമെന്ന് ഉറച്ച വിശ്വാസം എനിക്കുണ്ട്. എന്റെ ഭാഗത്ത് അതുസംബന്ധിച്ച് ഒരു തെറ്റും ഉണ്ടായിട്ടില്ല എന്ന് ഉറപ്പിച്ച് പറയാനും കഴിയും.

സ്വാശ്രയ നിയമം സംബന്ധിച്ച് പറയുകയാണെങ്കിൽ, ഇത്തവണത്തെ സ്വാശ്രയ അലോട്ട്മെന്റും ഫീസ് നിർണ്ണയവുമായി ബന്ധപ്പെട്ട് ഒട്ടേറെ പ്രശ്നങ്ങൾ ഉണ്ടായിരുന്നു. പ്രതിപക്ഷം ഉന്നയിച്ച റൂൾ 50-യുടെയും സബ്മിഷന്റെയും ഭാഗമായൊക്കെ ഈ വിഷയം സഭയിൽ ഒരുപാട് തവണ വിശദീകരിച്ചിട്ടുള്ളതാണ്. നീറ്റ് മെറിറ്റ് വന്നതിനുശേഷം സർക്കാരിന് സ്വകാര്യ മാനേജ്മെന്റുമായി മുമ്പുണ്ടാക്കിയതുപോലെ എഗ്രിമെന്റ് ഉണ്ടാക്കാനുണ്ടായിരുന്ന പ്രയാസം ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. കഴിഞ്ഞ വർഷം മുതൽ നീറ്റ് മെറിറ്റ് അടിസ്ഥാനത്തിലായിരുന്നു അഡ്മിഷൻ. കഴിഞ്ഞ വർഷം 50:50 അനുപാതത്തിൽ കേരള മെറിറ്റിലുള്ളവരെ മെറിറ്റ് ലിസ്റ്റ് എന്നും നീറ്റ് മെറിറ്റിലുള്ളവരെ മാനേജ്മെന്റ് ലിസ്റ്റ് എന്നും മാറ്റിയാണ് എഗ്രിമെന്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ ഇത്തവണ ഒരേ മെറിറ്റ് ലിസ്റ്റിൽനിന്നും എടുക്കുമ്പോൾ അങ്ങനെ ഒരു എഗ്രിമെന്റ് സാധ്യമായിരുന്നില്ല. അത് സാധ്യമാകാത്തതുകൊണ്ട് ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന ഏകീകൃത ഫീസ് അംഗീകരിക്കുകയായിരുന്നു സർക്കാരിന്റെ മുന്നിലെ കരണീയമായ മാർഗ്ഗം. അങ്ങനെ ഒരു ഏകീകൃത ഫീസിലേയ്ക്ക് സർക്കാർ എത്തിച്ചേരുകയും ചെയ്തു. എന്നാൽ ഫീ റെഗുലേറ്ററി കമ്മിറ്റിയുടെ ഫീസ് പ്രഖ്യാപിച്ച ഉടനെ മാനേജ്മെന്റ് കോടതിയെ സമീപിക്കുകയാണ് ചെയ്തത്. ഫീസ് വർദ്ധിപ്പിക്കണമെന്നുപറഞ്ഞാണ് അവർ കോടതിയെ സമീപിച്ചത്. അതിനിടയിൽ ചില മാനേജ്മെന്റ് ഞങ്ങൾ കഴിഞ്ഞ വർഷത്തെ അതേ ഫീസിന് പഠിപ്പിക്കാം, എഗ്രിമെന്റ് ആകാമോ എന്ന് ചോദിച്ച് സർക്കാരിനെ സമീപിക്കുകയുണ്ടായി. ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള ചിലർ തമിഴ്നാട്ടിലും മറ്റും ഇത്തരത്തിൽ എഗ്രിമെന്റ് ഉണ്ടെന്നും ഇങ്ങനെയൊരു എഗ്രിമെന്റ് ഉണ്ടാക്കുന്നതാണ് നല്ലതെന്നും മാനേജ്മെന്റ് ഇങ്ങോട്ട് സമീപിച്ചിട്ടും എഗ്രിമെന്റ് ഉണ്ടാക്കാതിരുന്നാൽ അത് നാട്ടുകാരുടെ ഇടയിൽ സംശയത്തിനിടയാകും, 25,000 രൂപയ്ക്ക് കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യം സർക്കാർ നിഷേധിച്ചതായി വരുമെന്ന് ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇങ്ങനെ എഗ്രിമെന്റ് ഉണ്ടാക്കിയാൽ ക്രോസ് സബ്സിഡി നിലനിൽക്കുകയില്ല എന്നുള്ളത് ഞങ്ങൾ പറഞ്ഞതാണ്. എങ്കിലും തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാട്ടിലും മറ്റും ഇങ്ങനെ എഗ്രിമെന്റ് ഉണ്ടാക്കുന്ന സ്ഥിതിക്ക് സ്വമേധയാ തയ്യാറായി മാനേജ്മെന്റ് വരികയാണെങ്കിൽ നമുക്കും അത് പരീക്ഷിക്കാം എന്നായിരുന്നു നിലപാട്. ആ രീതിയിലാണ് ചില മാനേജ്മെന്റുമായി എഗ്രിമെന്റ് ഒപ്പിടാൻ സർക്കാർ തയ്യാറായത്. എന്നാൽ ഞങ്ങളുടെ ഭാഗത്തുനിന്ന് യാതൊരു തരത്തിലുള്ള സംശയവും ഉണ്ടായിട്ടില്ല.

എഗ്രിമെന്റ് ഒപ്പിടാത്ത കോളേജുകൾക്ക് ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച 5 ലക്ഷം രൂപ ആയിരിക്കും ഫീസ് എന്ന് കൃത്യമായും സർക്കാർ പറഞ്ഞിട്ടുണ്ട്. ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച ഫീസായ 5 ലക്ഷം രൂപ നേരത്തെ ഹൈക്കോടതി അംഗീകരിച്ചിരുന്നു. മാനേജ്മെന്റ് അപ്പീൽ സമർപ്പിച്ചപ്പോൾ സുപ്രീം കോടതി പറഞ്ഞു 5 ലക്ഷം രൂപ ഫീസ് തള്ളിക്കളയുന്നില്ല, എന്നാൽ മാനേജ്മെന്റ് ആവശ്യപ്പെട്ടപ്രകാരം ഉയർന്ന ഫീസ് നൽകണമെന്നുപറയുന്നു, അത് ഒന്നുകൂടി പരിശോധിക്കേണ്ടതുണ്ട്, ഹൈക്കോടതിയാണ് അന്തിമവിധി പറയേണ്ടത്, ഹൈക്കോടതിയിലേയ്ക്ക് ഈ കേസ് വിടുമ്പോൾ ഒരുപക്ഷേ ഫീസ് കൂടുതൽ പറയുകയാണെങ്കിൽ മാനേജ്മെന്റിന് കിട്ടാൻ കഴിയുന്ന രീതിയിൽ 5 ലക്ഷം രൂപ ഫീസിന്റെ കൂടെ 6 ലക്ഷം രൂപ ബാങ്ക് ഗ്യാരന്റി കൂടി വാങ്ങാവുന്നതാണ് എന്ന് കോടതി പറയുകയുണ്ടായി. അത് പുനഃപരിശോധിച്ച് ആ ബാങ്ക് ഗ്യാരന്റി ഒഴിവാക്കണമെന്നുപറഞ്ഞ് സർക്കാർ കോടതിയെ സമീപിച്ചിട്ടുണ്ട്. ഇപ്പോഴത്തെ ഹൈക്കോടതി പരാമർശം എന്താണെന്ന് എനിക്ക് പൂർണ്ണമായും മനസ്സിലായിട്ടില്ല. മാനേജ്മെന്റും സർക്കാരും എല്ലാംകൂടി ഇത് പെട്ടെന്ന് തീരുമാനിച്ചില്ല എന്നുള്ള പരാമർശം ഉണ്ടായോ എന്ന് സംശയമുണ്ട്. പക്ഷേ, തീയതി വച്ചുകൊണ്ട് ഓരോ തവണയും എന്താണ് സർക്കാർ ഫീസ് നിശ്ചയിക്കുന്ന കാര്യത്തിൽ ചെയ്തിട്ടുള്ളത് എന്നുള്ളത് ഈ നാട്ടിലെ ജനങ്ങളുടെ മുമ്പാകെ സർക്കാരും ആരോഗ്യ വകുപ്പും പറഞ്ഞിട്ടുള്ളതാണ്. എപ്പോഴും ഈ പ്രശ്നങ്ങൾ ഉണ്ടാകുകയാണ്. സ്വാശ്രയ സംരംഭം വന്നതിനുശേഷം ഇന്നോളം അലോട്ട്മെന്റ് അപകടപ്പെടുത്തുന്നതിന് കോടതിയെ സമീപിച്ചുകൊണ്ട് പ്രശ്നമുണ്ടാക്കാൻ മാനേജ്മെന്റ് ശ്രമിച്ചിട്ടുണ്ട്. മാനേജ്മെന്റ് ഓരോ വർഷവും കോടതിയിൽ നടത്തിയ ഇടപെടലുകളൊക്കെ രേഖകളായി സർക്കാരിന്റെ മുന്നിലുണ്ട്. തമിഴ്നാട്ടിൽ ഈ പ്രശ്നങ്ങളൊന്നുമില്ല, പിന്നെ കേരളത്തിൽ എന്താണിങ്ങനെ എന്ന് ഇവിടെ ചിലർ ചോദിച്ചിരുന്നു. തമിഴ്നാട്ടിൽ സ്വാശ്രയ മാനേജ്മെന്റിന്റെ അലോട്ട്മെന്റ് കൃത്യമായി നടക്കുന്നുണ്ടോയെന്ന് മനസ്സിലാക്കുന്നതിനായി ഞാൻ ഇന്നലെ തമിഴ്നാട് ഗവൺമെന്റിന്റെ ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ടിരുന്നു. അവിടെ അലോട്ട്മെന്റ് ആരംഭിച്ചിട്ടില്ല, അവരാകെ സംശയത്തിലാണ് എന്ന മറുപടിയാണ് എനിക്ക് ലഭിച്ചത്. എത്ര ഫീസാണ് വാങ്ങേണ്ടത്, ഏത് കോളേജിൽ എത്ര ഫീസിനാണ് അലോട്ട് ചെയ്യേണ്ടത്, നീറ്റ് മെറിറ്റിൽ നിന്നാണോ തമിഴ്നാട് സർക്കാർ ഉണ്ടാക്കുന്ന പ്ലസ് ടു ലിസ്റ്റിൽ നിന്നാണോ എടുക്കേണ്ടത് തുടങ്ങിയ കാര്യങ്ങളിലെല്ലാം സംശയം നിലനിൽക്കുകയാണ്. അവിടെ അലോട്ട്മെന്റ് പ്രോസസ്സ് ആരംഭിച്ചിട്ടില്ല. പക്ഷേ, കേരളത്തിൽ സുപ്രീം കോടതി പറഞ്ഞ തീയതിക്കുതന്നെ അലോട്ട്മെന്റ് പ്രോസസ്സ് ആരംഭിച്ചു. പക്ഷേ ചില മാനേജ്മെന്റുകളുടെ കാര്യത്തിലും ഫീസിന്റെ കാര്യത്തിലും ആശയക്കുഴപ്പങ്ങളുണ്ടായത് മാനേജ്മെന്റ് കോടതിയിൽ പോയി ഇടക്കാല വിധി

സമ്പാദിച്ചതുകൊണ്ടുമാത്രമാണ്. കോടതി അന്തിമവിധിയിൽ എന്ന് ക്ലിയർ ചെയ്ത് തരുന്നുവോ അന്ന് അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളും അവസാനിപ്പിക്കാൻ കഴിയും. നിയമത്തിന്റെ പിൻബലത്തോടുകൂടി കൃത്യമായി ഫീസ് നിശ്ചയിക്കുന്നതിനും കോടതിയിൽ സ്വാശ്രയ മാനേജ്മെന്റ് വാദഗതികളുമായി പോകുമ്പോൾ നിയമത്തിന്റെ പിൻബലത്തിൽ ഇക്കാര്യങ്ങൾ നിശ്ചയിച്ചു എന്നുപറയാനുള്ള ആർജ്ജവവും ഈ ബിൽ പാസ്സാക്കുന്നതിലൂടെ നമുക്ക് ലഭിക്കുകയാണ്. അതുകൊണ്ടാണ് ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞതുപോലെ സ്വാശ്രയ മാനേജ്മെന്റുകളെ നിയന്ത്രിക്കുന്നതിനുള്ള ഒരു നിയമം പാസ്സാക്കാൻ നമ്മൾ ശ്രമിക്കുന്നത്. ഇത് ഓർഡിനൻസായി പാസ്സാക്കിയ സമയത്തുതന്നെ ഓർഡിനൻസിലെ ചില സൗകര്യങ്ങൾ ഉപയോഗിച്ചാണ് ഫീ റെഗുലേറ്ററി കമ്മിറ്റിയെക്കൊണ്ട് ഫീസും ഇന്ററിം ഫീസും നിശ്ചയിപ്പിച്ചത്. അന്തിമ ഫീസ് നിശ്ചയിക്കുന്നതിന് മാനേജ്മെന്റുകളുടെ വരവും ചെലവുമെല്ലാം കണക്കാക്കണം. ഈ ബില്ലിന്റെ ക്ലോസിൽ അത് വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഏഴ് നിബന്ധനകൾ അംഗീകരിച്ചുകൊണ്ട് മാനേജ്മെന്റിന്റെ ഫീസ് നിശ്ചയിക്കുന്നതിനുവേണ്ടി പറഞ്ഞിട്ടുണ്ട്. അതനുസരിച്ച് ഫീസ് നിശ്ചയിക്കാൻ മാനേജ്മെന്റ് അവരുടെ രേഖകൾ ഹാജരാക്കണം. പലപ്പോഴും രേഖകൾ ഹാജരാക്കുന്നതിന് മാനേജ്മെന്റ് താമസം വരുത്തുകയാണ്. എന്നാൽ ഈ ബിൽ പാസ്സാകുന്നതോടുകൂടി കൃത്യസമയത്തുതന്നെ രേഖകൾ ഹാജരാക്കുന്നതിന് നിർബന്ധമായും മാനേജ്മെന്റുകളോട് ആവശ്യപ്പെടാനും നേരത്തെ തന്നെ ഫീ റെഗുലേറ്ററി കമ്മിറ്റി ഫീസ് നിശ്ചയിച്ചുകൊണ്ട് ഒരു നിശ്ചിത ഫീസ് അനുസരിച്ച് അലോട്ട്മെന്റ് പ്രക്രിയ ആരംഭിക്കുന്നതിനും നമുക്ക് കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ ബിൽ നിയമസഭയിൽ നിയമമായി മാറുന്നതോടുകൂടി സാധാരണ അലോട്ട്മെന്റ് സമയത്തുണ്ടാകുന്ന പ്രശ്നങ്ങൾ അവസാനിപ്പിച്ചുകൊണ്ട് നേരത്തെതന്നെ ഫീസ് കാൽക്കുലേറ്റ് ചെയ്ത് പോകാൻ കഴിയുമെന്ന് ഗവൺമെന്റ് പ്രതീക്ഷിക്കുന്നു. എന്നാലും മാനേജ്മെന്റിന് കോടതിയെ സമീപിക്കാനുള്ള അവസരം പൂർണ്ണമായും ഇതിലൂടെ നിഷേധിക്കാൻ കഴിയില്ല. എങ്കിലും ഒരു നിയമത്തിന്റെ പിൻബലത്തിൽ അത്തരം കാര്യങ്ങൾ നിശ്ചയിക്കുമ്പോൾ ഗവൺമെന്റിന് കൂടുതൽ നിയന്ത്രണം സ്വാശ്രയ മാനേജ്മെന്റുകളിൽ ഉണ്ടാകുമെന്നുതന്നെയാണ് കരുതുന്നത്. അതുകൊണ്ട് ഈ നിയമം വളരെ പ്രധാനപ്പെട്ട ഒന്നാണ്. മാനേജ്മെന്റുകൾ ഫീസ് കൂടുതൽ ഈടാക്കുകയോ ക്യാപിറ്റേഷൻ ഫീ വാങ്ങുകയോ ചെയ്താൽ അതിന് പിഴ ചുമത്തുന്നതിനും മാനേജ്മെന്റുകൾക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനും ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. അതനുസരിച്ച് കുറച്ചുകൂടി ശക്തമായ സമീപനം സ്വീകരിക്കാൻ നമുക്ക് സാധിക്കും. ഈ ബിൽ അവതരണം താമസിച്ചുപോയി, ഓർഡിനൻസ് വൈകിച്ചു എന്നുപറയുന്നുണ്ട്. ബഹുമാനപ്പെട്ട

കോടതിയെ പ്രധാനമായും അതുസംബന്ധിച്ച് ധരിപ്പിക്കേണ്ടതായുണ്ട്. ഓർഡിനൻസ് പ്രഖ്യാപിച്ചതിനുശേഷം രണ്ട് നിയമസഭാ സമ്മേളനങ്ങൾ നടന്നുവെങ്കിലും രണ്ടുതവണയും ഓർഡിനൻസ് ലാപ്സാവുകയാണുണ്ടായത്. നിയമസഭയിൽ അത് അവതരിപ്പിച്ച് സമയത്ത് പാസ്സാക്കണമെന്ന് ആദ്യത്തെ തവണ ആഗ്രഹിച്ചെങ്കിലും നിയമസഭയുടെ വാർഷികാഘോഷങ്ങളുടെ ഭാഗമായും മറ്റുചില കാരണങ്ങളാലും സഭാസമ്മേളനത്തിന്റെ ദിവസങ്ങൾ ചുരുക്കിയപ്പോൾ ബിൽ അവതരിപ്പിക്കാനുള്ള സമയം നഷ്ടപ്പെടുകയായിരുന്നു. പിന്നീട് വീണ്ടും റീപ്രൊമുൽഗേറ്റ് ചെയ്ത് ഓർഡിനൻസ് എടുക്കേണ്ടതായിവന്നു. പിന്നീട് ബീഫ് നിരോധനവുമായി ബന്ധപ്പെട്ട് ഒരു ദിവസത്തേയ്ക്ക് നിയമസഭ ചേർന്നപ്പോൾ ഈ ബിൽ എടുക്കാനുള്ള സാഹചര്യം ഉണ്ടായിരുന്നില്ല. ബിസിനസ് അഡ്വൈസറി കമ്മിറ്റിയുടെ തീരുമാനപ്രകാരം ഒറ്റ അജണ്ടയാണുണ്ടായിരുന്നത്. അതുകൊണ്ട് വീണ്ടും ഈ ബിൽ ലാപ്സാകുകയും വീണ്ടും റീപ്രൊമുൽഗേറ്റ് ചെയ്ത് വീണ്ടും ഓർഡിനൻസ് കൊണ്ടുവരികയാണ് ചെയ്തത്. ആ ഓർഡിനൻസ് തൊട്ടടുത്ത നിയമസഭാ സമ്മേളനത്തിൽത്തന്നെ ബില്ലാക്കി നിയമമായി അവതരിപ്പിക്കുന്നതിനു വേണ്ടി തയ്യാറായിരിക്കുന്നു എന്നത് സ്വാശ്രയ മാനേജ്മെന്റുകളെ നിയന്ത്രിക്കാൻ ഈ സർക്കാരിനുള്ള ഇച്ഛാശക്തിയെയാണ് വെളിവാക്കുന്നത്. വളരെ വിശദമായി പ്രസംഗിക്കുന്നില്ല.

2006-ൽ ശ്രീ. എം. എ. ബേബി അവതരിപ്പിച്ച നിയമത്തിലുള്ള ചില കാര്യങ്ങൾ കോടതി തള്ളിക്കളഞ്ഞിരുന്നു. എന്നാൽ അന്ന് ശ്രീ. എം. എ. ബേബി അവതരിപ്പിച്ച നിയമത്തിൽനിന്ന് തള്ളിക്കളഞ്ഞ ഏകീകൃത അലോട്ട്മെന്റ് എന്നുള്ളത് ഇപ്പോൾ കോടതിതന്നെ അംഗീകരിച്ചിട്ടുള്ള കാര്യമാണ്. നീറ്റ് മെറിറ്റ് ലിസ്റ്റ് വന്നതോടുകൂടി അന്ന് തള്ളിക്കളഞ്ഞ ഭാഗം ഇപ്പോൾ അംഗീകരിച്ചിരിക്കുകയാണ്. അതുപോലെതന്നെ സെൻട്രലൈസ്ഡ് അലോട്ട്മെന്റിലൂടെ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്ന കാര്യത്തിലും യാതൊരു തടസ്സവുമില്ല. മൈനോറിറ്റിയുടെ കാര്യത്തിൽ വളരെ സുചിന്തിതമായ അഭിപ്രായം ഈ ബില്ലിലുണ്ട്. ഞാൻ അത് വിശദീകരിക്കുന്നില്ല. അതും നിയമപരമായി സാധൂകരിക്കാൻ കഴിയുന്ന തരത്തിലാണ് ഈ നിയമത്തിലുള്ളത്. ചുരുക്കിപ്പറഞ്ഞാൽ, സ്വാശ്രയ മാനേജ്മെന്റുകളെ നിയന്ത്രിക്കാൻ കഴിയുന്ന രീതിയിലുള്ള നിയമമാണ് കൊണ്ടുവന്നത്. സ്വാശ്രയ കോളേജുകൾ അനുവദിച്ച കഥയൊക്കെ ഇവിടെ പറഞ്ഞു. ഞാൻ അതിന്റെ ചരിത്രത്തിലേയ്ക്കൊന്നും പോകുന്നില്ല. യു.ഡി.എഫ്. ഭരിക്കുന്ന സമയത്ത് സ്വാശ്രയ മാനേജ്മെന്റുകൾ എങ്ങനെയാണ് പ്രവർത്തിച്ചത് എന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. കോടിക്കണക്കിന് രൂപ ക്യാപിറ്റേഷൻ ഫീ വാങ്ങിക്കൊണ്ട് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുകയും

അവരിൽനിന്ന് പ്രതിവർഷം പലതരത്തിലുള്ള ഫീസ് ഈടാക്കുകയും ചെയ്തുകൊണ്ട് കോടികളുടെ കൊള്ള നടന്ന സ്ഥാനത്താണ് ഇപ്പോൾ അതിന് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടുവന്നിട്ടുള്ളത്. ക്യാപിറ്റേഷൻ ഫീ വാങ്ങാൻ കഴിയില്ല എന്നതിനാൽ മാനേജ്മെന്റ് അതിലുള്ള അതൃപ്തി രേഖപ്പെടുത്തുന്നുണ്ട്. ക്യാപിറ്റേഷൻ ഫീ വാങ്ങാനുള്ള അവസരം ഈ ഗവൺമെന്റ് പൂർണ്ണമായും ഇല്ലാതാക്കി യിരിക്കുകയാണ്. മാനേജ്മെന്റിന്റെ വരവും ചെലവുമെല്ലാം കണക്കാക്കി ഒരു നിശ്ചിത ഫീസ് ഈ ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്നു. മാത്രമല്ല, എൻ.ആർ.ഐ. വിഭാഗത്തിന് 5 ലക്ഷം രൂപ വർദ്ധിപ്പിച്ചതിലൂടെ ലഭിക്കുന്ന അധികതുക ഉപയോഗപ്പെടുത്തിക്കൊണ്ട് അഡ്മിറ്റ് ചെയ്യുന്ന കുട്ടികളിൽ സാമ്പത്തികമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് കൊടുക്കാനുള്ള വ്യവസ്ഥയും ഫീ റെഗുലേറ്ററി കമ്മിറ്റിയുടെ നിർദ്ദേശത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ആ അർത്ഥത്തിൽ കുട്ടികൾക്ക് ഉപകാരപ്രദമായ കാര്യംകൂടി ഈ ബില്ലിന്റെ ഭാഗമായി വരികയാണ്. സ്വാശ്രയ മാനേജ്മെന്റിനെ കെട്ടഴിച്ചുവിട്ട് തോന്നുന്നിടത്തെല്ലാം ഇത്തരത്തിലുള്ള കോളേജുകൾ അനുവദിച്ച് ഈ വിദ്യാഭ്യാസമേഖല കച്ചവടത്തിനുവേണ്ടി വിട്ടുകൊടുത്തത് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. ഈ ഗവൺമെന്റ് പുതിയ സ്വാശ്രയ കോളേജുകളൊന്നും അനുവദിച്ചിട്ടില്ല. എന്നാൽ നിലവിലുള്ള സ്വാശ്രയ കോളേജുകളിലെ സീറ്റുകളിൽ കുറഞ്ഞ ഫീസിന് കുട്ടികൾക്ക് പ്രവേശനം കിട്ടാനുള്ള ശ്രമം നടത്തിയിട്ടുണ്ട്. എഗ്രിമെന്റിന് തയ്യാറാകാത്തപക്ഷം ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന ന്യായമായ ഫീസിന് കുട്ടികളെ അഡ്മിറ്റ് ചെയ്യണമെന്ന കർശനമായ നിർദ്ദേശവും ഈ ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. അതിനെ സാധൂകരിക്കുന്നതാണ് ഈ ബില്ലിലെ വ്യവസ്ഥകളെന്ന് സൂചിപ്പിക്കുന്നു. സ്വാശ്രയ മാനേജ്മെന്റുകളുടെ കൊള്ള അവസാനിപ്പിച്ച് അവർക്ക് മൂക്കുകയറിടാൻ കഴിയുന്ന ഈ ബിൽ അവതരിപ്പിച്ച് പാസ്സാക്കുന്ന സന്ദർഭത്തിൽ പ്രതിപക്ഷം അത് നിഷേധിച്ച് ഇറങ്ങിപ്പോയത് സ്വാശ്രയ മാനേജ്മെന്റുകൾക്കെതിരെ സംസാരിക്കാൻ അവർക്ക് മനസ്സില്ല എന്നതിന്റെ സൂചനയാണ്. അവർ സ്വാശ്രയ മാനേജ്മെന്റുകൾക്കെതിരെ അഭിപ്രായം പറയാൻ ആഗ്രഹിക്കുന്നില്ല എന്നതുകൊണ്ടാണ് ഈ ബില്ലിന്റെ അവതരണവേളയിൽ സഭയിലിരിക്കാതെ ഇറങ്ങിപ്പോയത് എന്നുകൂടി വ്യക്തമാക്കി ക്കൊണ്ട് ഈ ബില്ലിന്റെ മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. എം. സ്വരാജ് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. എം. സ്വരാജ്</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. എം. സ്വരാജ് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. രാജൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. കെ. രാജൻ</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. കെ. രാജൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>2-ാം വകുപ്പ്</u>

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

164. ഖണ്ഡം 2 (ബി)-ൽ "അങ്ങനെയുള്ള ഏതൊരു തുകയോ" എന്നീ വാക്കുകൾക്കു ശേഷം "തുകയ്ക്ക് തുല്യമായ" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.:

216. ഖണ്ഡം 2(ജെ) യിൽ "മറ്റ് " എന്നതിനുശേഷം "അംഗീകൃത" എന്ന് ചേർക്കുക.

227. ഖണ്ഡം 2 (എൽ) താഴെ പറയും പ്രകാരം മാറ്റുക :—

"(എൽ) "ന്യൂനപക്ഷ സ്ഥാപനം" എന്നാൽ "ന്യൂനപക്ഷത്താൽ സ്ഥാപിതമായതും ന്യൂനപക്ഷ ക്ഷേമം ലാക്കാക്കി ഭരണ നിർവ്വഹണം നടത്തിവരുന്നതും മെഡിക്കൽ വിദ്യാഭ്യാസം പകർന്നു നല്കുന്നതുമായ ഒരു സ്ഥാപനം എന്നർത്ഥമാകുന്നു".

ശ്രീ. എം. സ്വരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

229. ഖണ്ഡം 2 (എം) താഴെപ്പറയുന്ന പ്രകാരം മാറ്റുക :—

"(എം) "പ്രവാസി ഭാരതീയർക്കുള്ള സീറ്റുകൾ" എന്നതിന് 2006-ലെ കേരള പ്രൊഫഷണൽ കോളേജുകളും അല്ലെങ്കിൽ സ്ഥാപനങ്ങളും (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനം നിയന്ത്രിക്കലും ചൂഷണരഹിത ഫീസ് നിശ്ചയിക്കലും, പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പുവരുത്തുന്നതിനുള്ള മറ്റ് നടപടികളും) ആക്ടിലെ [2006-ലെ 19 ] 2 (ഒ) വകുപ്പിൽ അതിന് നൽകപ്പെട്ടിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്;"

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ശ്രീ. വി. പി. സജീന്ദ്രന്റെ 202-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. സി. ജോസഫിന്റെ 249-ാം നമ്പർ ഭേദഗതിയും ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

202. ഖണ്ഡം 2 (എച്ച്)-ൽ "എയ്ഡഡ് അല്ലെങ്കിൽ അൺ എയ്ഡഡ്" എന്ന വാക്കുകൾ ഒഴിവാക്കുക.

249. ഖണ്ഡം 2 (ആർ)-ൽ, "ആളുകൾക്കുവേണ്ടി" എന്നത് "വിദ്യാർത്ഥികൾക്ക്" എന്ന് മാറ്റുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 202, 249 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 164-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. മുഹമ്മദ് മുഹസിൻ പി. അവതരിപ്പിച്ച 216, 227 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. സ്വരാജ് അവതരിപ്പിച്ച 229-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ..............

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:—

270. ഖണ്ഡം 3-ന്റെ മാർജിനൽ ശീർഷകത്തിൽ "ഫീസ് നിയന്ത്രണവും" എന്നതിന് പകരം "ഫീസ് നിർണ്ണയവും " എന്ന് ചേർക്കുക.

273. ഖണ്ഡം 3 (1) ൽ, -

"മാർഗ്ഗ ദർശനം നൽകുന്നതിനും" എന്നീ വാക്കുകൾ ഒഴിവാക്കുക.

279. ഖണ്ഡം 3 (1) ൽ,-

"തേടുന്ന അപേക്ഷകരിൽ" എന്നതിന് പകരം "നേടുന്ന വിദ്യാർത്ഥികളിൽ" എന്ന് ചേർക്കുക.

288. ഖണ്ഡം 3(1)-ൽ, "നിയന്ത്രണവും" എന്നതിന് പകരം "നിർണ്ണയവും" എന്ന് ചേർക്കുക.

291. ഖണ്ഡം 3 (2)(ബി) നീക്കം ചെയ്യുകയും ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുകയും ചെയ്യുക.

296. ഖണ്ഡം 3 (2)(സി)-യിൽ മൂന്നാം നിരയിലെ "അംഗം"എന്നതിന് പകരം "മെമ്പർ സെക്രട്ടറി" എന്ന് ചേർക്കുക.

310. ഖണ്ഡം 3(2) (എച്ച്)-ൽ രണ്ടാം നിരയിൽ "ഒരു വിദ്യാഭ്യാസ വിദഗ്ധൻ" എന്നതിന് മുമ്പായി "ആരോഗ്യശാസ്ത്ര രംഗത്തെ" എന്ന് ചേർക്കുക.

315. ഖണ്ഡം 3(2) (ഐ)-ൽ രണ്ടാം നിരയിൽ "ഒരു വിദ്യാഭ്യാസ വിദഗ്ധൻ" എന്നതിന് മുമ്പായി "ആരോഗ്യശാസ്ത്ര രംഗത്തെ" എന്ന് ചേർക്കുക.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

274. ഖണ്ഡം 3 (1)-ൽ "മേൽനോട്ടം വഹിക്കുന്നതിനും" എന്നീ വാക്കുകൾക്ക് ശേഷം "സമയാസമയങ്ങളിൽ " എന്ന വാക്ക് ചേർക്കുക.

283. ഖണ്ഡം 3(1)-ൽ, "ഫീസ് നിശ്ചയിക്കുന്നതിനും" എന്നീ വാക്കുകൾക്ക് ശേഷം "ഫീസ് ചുമത്തുന്ന വിഷയങ്ങളിലെ പരാതികൾ പരിഗണിച്ച് സർക്കാരിന്റെ അനുമതിയോടെ തീർപ്പ് കൽപ്പിക്കുന്നതിനും"എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

278. ഖണ്ഡം 3 (1) ൽ "പ്രവേശനം തേടുന്ന അപേക്ഷകരിൽ നിന്നും" എന്നീ വാക്കുകൾക്ക് പകരം "പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും" എന്ന് ചേർക്കുക.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ശ്രീ. സുരേഷ് കുറുപ്പിന്റെ 304, 312 എന്നീ നമ്പർ ഭേദഗതികളും ശ്രീ. പി. ടി. തോമസിന്റെ 319-ാം നമ്പർ ഭേദഗതിയും ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

304. ഖണ്ഡം 3(2) (എച്ച്)-ൽ രണ്ടാം നിരയിൽ "ചെയർപേഴ്സണുമായി കൂടിയാലോചിച്ച്" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

312. ഖണ്ഡം 3(2) (ഐ)-യിൽ രണ്ടാം നിരയിൽ "ചെയർപേഴ്സണുമായി കൂടിയാലോചിച്ച്" എന്ന വാക്കുകൾ ഒഴിവാക്കുക.

319. ഖണ്ഡം 3(2) (ജെ)-യിൽ രണ്ടാം നിരയിൽ "ചെയർപേഴ്സണുമായി കൂടിയാലോചിച്ച്" എന്ന വാക്കുകൾ ഒഴിവാക്കുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ശ്രീ. എ. കെ. ശശീന്ദ്രൻ അവതരിപ്പിച്ച 278-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 304, 312, 319 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികളും ശ്രീ. എ. കെ. ശശീന്ദ്രൻ അവതരിപ്പിച്ച 278-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 270, 273, 279, 288, 291, 296, 310, 315 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 274, 283 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

363. ഖണ്ഡം 4(7)-ൽ, "അതിന്റേതായ നടപടിക്രമങ്ങൾ" എന്ന വാക്കുകൾക്ക് ശേഷം "സർക്കാരിന്റെയോ സമുചിത അധികാര സ്ഥാനത്തിന്റെയോ അനുമതിയോടെ" എന്ന വാക്കുകൾ ചേർക്കുക.

369. ഖണ്ഡം 4(8)-ൽ, "മറ്റ് സേവന വ്യവസ്ഥകളും" എന്ന വാക്കുകൾക്ക് ശേഷം "സർക്കാരിന്റെയോ സമുചിത അധികാര സ്ഥാനത്തിന്റെയോ അംഗീകാരത്തോടെ" എന്ന വാക്കുകൾ ചേർക്കുക.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ശ്രീ. വി. എസ്. ശിവകുമാറിന്റെ 368-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

368. ഖണ്ഡം 4(8)-ൽ " ചെയർപേഴ്സന്റേയും" എന്നതിനുശേഷം "നാമനിർദ്ദേശം ചെയ്യപ്പെട്ട" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 368-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 363, 369 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ശ്രീ. എം. ഉമ്മറിന്റെ 371-ാം നമ്പർ ഭേദഗതിയും ശ്രീ. വി. പി. സജീന്ദ്രന്റെ 378-ാം നമ്പർ ഭേദഗതിയും ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

371. ഖണ്ഡം 5 (1)-ൽ "വച്ച്" എന്ന വാക്ക് ഒഴിവാക്കുക.

378. ഖണ്ഡം 5 (2)-ന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

"(3) സമിതി യോഗത്തിന്റെ ക്വാറം 4 (നാല്) ആയിരിക്കേണ്ടതാണ്"

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 371, 378 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

ഭേദഗതി ചെയ്തപ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 6-ാം വകുപ്പ്

ശ്രീ. ജെയിംസ് മാത്യു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

382. ഖണ്ഡം 6(1)-ൽ, "സ്വകാര്യ" എന്ന വാക്കിനുമുമ്പ് "ഏതെങ്കിലും" എന്ന വാക്ക് ചേർക്കുക.

386. ഖണ്ഡം 6(1)-ൽ, "സ്ഥാപനവുമായി കൂട്ടുചേർന്ന" എന്നതിന് പകരം "സ്ഥാപനത്തിൽ സാമ്പത്തികമായോ അക്കാദമികമായോ മറ്റു വിധത്തിലോ പങ്കാളിത്തമോ താത്പര്യമോ ഉള്ള" എന്ന് ചേർക്കുക.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

384. ഖണ്ഡം 6(1)-ൽ, "വിദ്യാഭ്യാസ സ്ഥാപനവുമായി" എന്ന വാക്കുകൾക്ക് ശേഷം "പ്രത്യക്ഷമായോ പരോക്ഷമായോ" എന്ന വാക്കുകൾ ചേർക്കുക.

402. ഖണ്ഡം 6(2) ന്റെ ക്ലിപ്ത നിബന്ധയിൽ "പറയുവാൻ" എന്ന വാക്കിന് ശേഷം "സമുചിത അധികാരസ്ഥാനത്തിന്" എന്ന വാക്കുകൾ ചേർക്കുക.

407. ഖണ്ഡം 7 (1)-ൽ "ഉദ്യോഗസ്ഥരെയും ജീവനക്കാരെയും" എന്നീ വാക്കുകൾക്ക് ശേഷം "അതാത് സമയങ്ങളിൽ" എന്നീ വാക്കുകൾ ചേർക്കുക.

412. ഖണ്ഡം 7 (2)-ൽ "ശമ്പളവും ബത്തകളും മറ്റ് സേവന വ്യവസ്ഥകളും" എന്നീ വാക്കുകൾക്ക് ശേഷം "സർക്കാരിന്റെയോ സമുചിത അധികാര സ്ഥാനത്തിന്റെയോ അംഗീകാരത്തോടെ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

389. ഖണ്ഡം 6(1)-ൽ, "കൂട്ടുചേർന്ന" എന്ന വാക്കിന് പകരം "ബന്ധമുള്ള" എന്ന വാക്ക് ചേർക്കുക.

സർ, ഇതിൽ ഒരു വാക്കിലെ വ്യത്യാസമാണ്. "... കൂട്ടുച്ചേർന്ന യാതൊരാൾക്കും..." എന്നതിനുപകരം "....സ്വകാര്യ എയ്ഡഡ് അല്ലെങ്കിൽ അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനവുമായി ബന്ധമുള്ള യാതൊരാൾക്കും..." എന്നാക്കിയാൽ കുറച്ചുകൂടി നന്നായിരിക്കും എന്നാണ് എനിക്ക് പറയാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ശ്രീ. എം. ഉമ്മറിന്റെ 403-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

403. ഖണ്ഡം 6(2)-ലെ ക്ലിപ്ത നിബന്ധനയിൽ "നൽകാവുന്നതാണ്" എന്നതിനു പകരം "നൽകേണ്ടതാണ്" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. ശ്രീ. ജെയിംസ് മാത്യു അവതരിപ്പിച്ച 382-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 403-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും ശ്രീ. ജെയിംസ് മാത്യു അവതരിപ്പിച്ച 382-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. ജെയിംസ് മാത്യു അവതരിപ്പിച്ച 386-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 384, 402, 407, 412 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. മുഹമ്മദ് മുഹസിൻ പി. അവതരിപ്പിച്ച 389-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി ഇല്ല.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

416. ഖണ്ഡം 8 (3)-ൽ "എയ്ഡഡ് അല്ലെങ്കിൽ അൺ എയ്ഡഡ്" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. ജെയിംസ് മാത്യു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

417. ഖണ്ഡം 8 (1)-ൽ "അധികാരങ്ങളും ചുമതലകളും വിനിയോഗിക്കുകയും നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്" എന്നതിനുപകരം "അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്" എന്ന് ചേർക്കുക.

420. ഖണ്ഡം 8 (1)(എ)-ൽ "സമിതിയെ പ്രാപ്തമാക്കുന്നതിനാവശ്യമാകാവുന്ന" എന്നതിനുപകരം "ആവശ്യമായ" എന്ന് ചേർക്കുക.

439. ഖണ്ഡം 8 (1) (ബി) യ്ക്ക് ശേഷം താഴെ പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:

"എന്നാൽ, അപ്രകാരം നിശ്ചയിക്കുന്ന ഫീസിന്റെ അടിസ്ഥാനത്തിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ കോഴ്സ് പൂർത്തിയാക്കും വരെ അവർക്ക് അധിക ഫീസ് ഈടാക്കാൻ പാടുള്ളതല്ല".

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

422. ഖണ്ഡം 8 (1)(എ)യിൽ "വിവരമോ" എന്ന വാക്കിന് പകരം "വിവരങ്ങളോ" എന്ന വാക്ക് ചേർക്കുക.

469. ഖണ്ഡം 8 (3)-ൽ "എയ്ഡഡ് അല്ലെങ്കിൽ അൺ എയ്ഡഡ് " എന്നീ വാക്കുകൾ ഒഴിവാക്കുക.

472. ഖണ്ഡം 8 (3)-ൽ "ഒരു വർഷത്തെ ഫീസിൽ കൂടുതൽ വരുന്ന ഒരു ഫീസ് " എന്നതിന് പകരം "ഒരു ഫീസും" എന്ന് മാറ്റുക.

491. ഖണ്ഡം 8 (4)(സി)-ൽ "അത്" എന്ന വാക്കിന് പകരം "സ്ഥാപനം" എന്ന വാക്ക് ചേർക്കുക.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

446. ഖണ്ഡം 8 (1) (സി) (i)-ൽ "നിശ്ചയിക്കപ്പെട്ട ഫീസിൽ കൂടുതൽ ഫീസ്" എന്നീ വാക്കുകൾക്ക് ശേഷം "ഏത് പേരിലായും" എന്നീ വാക്കുകൾ ചേർക്കുക.

452. ഖണ്ഡം 8 (1) (സി) (ii)-ൽ "ആവശ്യത്തിലേക്കായി സ്ഥാപനത്തിൽ" എന്ന വാക്കുകൾക്ക് ശേഷം "രേഖകളടക്കം" എന്ന വാക്ക് ചേർക്കുക.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

430. ഖണ്ഡം 8 (1)(ബി)യിൽ "ഏന്തെങ്കിലും" എന്നതിനുപകരം "ഏതെങ്കിലും" എന്ന വാക്ക് ചേർക്കുക.

504. ഖണ്ഡം 8 (4)(ഇ)-ൽ "അധികാരസ്ഥാനത്തിനോടോ" എന്നതിനു പകരം "അധികാരസ്ഥാനത്തോടോ" എന്ന് ചേർക്കുക.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ശ്രീ. മഞ്ഞളാംകുഴി അലിയുടെ 424, 429, 483 എന്നീ നമ്പർ ഭേദഗതികളും പ്രൊഫ. കെ. യു. അരുണന്റെ 456-ാം നമ്പർ ഭേദഗതിയും ശ്രീ. ഹൈബി ഈഡന്റെ 462-ാം നമ്പർ ഭേദഗതിയും ശ്രീ. പി. ടി. തോമസിന്റെ 466-ാം നമ്പർ ഭേദഗതിയും ഔദ്യോഗിക ഭേദഗതികളായി ഞാൻ അവതരിപ്പിക്കുന്നു.

424. ഖണ്ഡം 8 (1)(എ)യിൽ "തീയതിയോടെ" എന്നതിനുപകരം "തിയതിയ്ക്കകം" എന്ന് ചേർക്കുക.

429. ഖണ്ഡം 8 (1)(ബി)യിൽ "ഏതെങ്കിലും" എന്നതിനുപകരം "എന്തെങ്കിലും" എന്ന് ചേർക്കുക.

483. ഖണ്ഡം 8 (4)(ബി)-ൽ "ആക്റ്റിലെ" എന്നത് "ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ" എന്ന് മാറ്റുക.

456. ഖണ്ഡം 8 (1) (സി) (ii)-ന്റെ ക്ലിപ്ത നിബന്ധനയിൽ "(3)-ാം ഉപ വകുപ്പ്" എന്നതിനു പകരം (4)-ാം ഉപ വകുപ്പ് എന്ന് ചേർക്കുക.

462. ഖണ്ഡം 8 (3)-ൽ "അപേക്ഷകന് " എന്നത് "വിദ്യാർത്ഥികൾക്ക് " എന്ന് മാറ്റുക.

466. ഖണ്ഡം 8 (3) -ൽ "യാതൊരു സ്വകാര്യ എയ്ഡഡ് അല്ലെങ്കിൽ അൺ എയ്ഡഡ് മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനവും " എന്നതിനു പകരം "യാതൊരു സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനവും " എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ശ്രീ. ജെയിംസ് മാത്യു അവതരിപ്പിച്ച 417-ാം നമ്പർ ഭേദഗതിയും ശ്രീ. മുഹമ്മദ് മുഹസിൻ പി. അവതരിപ്പിച്ച 491-ാം നമ്പർ ഭേദഗതിയും ശ്രീ. എ. കെ. ശശീന്ദ്രൻ അവതരിപ്പിച്ച 504-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 416, 424, 429, 456, 462, 466, 483 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികളും ശ്രീ. ജെയിംസ് മാത്യു അവതരിപ്പിച്ച 417-ാം നമ്പർ ഭേദഗതിയും ശ്രീ. മുഹമ്മദ് മുഹസിൻ പി. അവതരിപ്പിച്ച 491-ാം നമ്പർ ഭേദഗതിയും ശ്രീ. എ. കെ. ശശീന്ദ്രൻ അവതരിപ്പിച്ച 504-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. ജെയിംസ് മാത്യു അവതരിപ്പിച്ച 420, 439 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. മുഹമ്മദ് മുഹസിൻ പി. അവതരിപ്പിച്ച 422, 469, 472 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 446, 452 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എ. കെ. ശശീന്ദ്രൻ അവതരിപ്പിച്ച 430-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>9- ാം വകുപ്പ്</u>

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി <u>(ശ്രീമതി കെ. കെ. ശൈലജ ടീച്ചർ)</u> : സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

507. ഖണ്ഡം 9(2)-ൽ "(1)-ാം ഉപവകുപ്പിൽ പറഞ്ഞ പ്രകാരമുള്ള" എന്നീ വാക്കുകളും അക്കവും ചിഹ്നങ്ങളും ഒഴിവാക്കുക;

ഖണ്ഡം 9(3)-ൽ "ആക്റ്റിലെയോ" എന്ന വാക്കിനു പകരം"ആക്ടിലെയും"എന്ന വാക്കും "ചട്ടങ്ങളിലെയോ" എന്ന വാക്കിനുപകരം "ചട്ടങ്ങളിലെയും" എന്ന വാക്കും ചേർക്കേണ്ടതാണ്.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 10-ാം വകുപ്പ്

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ശ്രീ. മഞ്ഞളാംകുഴി അലിയുടെ 513-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

513. ഖണ്ഡം 10-ൽ "ആളുകൾക്കും" "പൗരൻമാർക്കും" എന്നീ വാക്കുകൾ വരുന്നിടത്ത് "വിദ്യാർത്ഥികൾക്കും" എന്ന് ചേർക്കുക.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

518. ഖണ്ഡം 10-ൽ "പ്രവേശനഘട്ടത്തിൽ സർക്കാർ" എന്നീ വാക്കുകൾക്ക് ശേഷം "അതതു സമയങ്ങളിൽ" എന്നീ വാക്കുകൾ ചേർക്കുക.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 513-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 518-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 11-ാം വകുപ്പ്

ശ്രീ. എ. എം. ആരിഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

525. ഖണ്ഡം 11(1)(സി) താഴെപ്പറയും പ്രകാരം മാറ്റുക:

“ (സി) കെട്ടിടത്തിന്റെ മുതൽമുടക്ക്;.”

526. ഖണ്ഡം 11(1)(ഡി) താഴെപ്പറയും പ്രകാരം മാറ്റുക:

"(ഡി) അടിസ്ഥാന സൗകര്യങ്ങളും മറ്റ് സജ്ജീകരണങ്ങളും ഏർപ്പെടുത്തിയിരിക്കുന്നതിനുള്ള ചെലവ്:"

527. ഖണ്ഡം 11(1) (ഡി)-യ്ക്ക് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കുകയും ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുകയും ചെയ്യുക.

"(ഇ) അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാരുടെ എണ്ണവും അവരുടെ വേതന വ്യവസ്ഥകളും;"

528. ഖണ്ഡം 11(1) (എഫ്)-ലെ "അല്ലെങ്കിൽ" എന്ന വാക്ക് നീക്കം ചെയ്യുക.

529. ഖണ്ഡം 11(1) (എഫ്) ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുകയും ചെയ്യുക;

"(എഫ്) സ്വകാര്യ മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്നുള്ള വരുമാനം;"

530. ഖണ്ഡം 11(1) (എഫ്) താഴെപ്പറയും പ്രകാരം മാറ്റുക:

"(എഫ്) മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ നിലനിൽപ്പിന് ആവശ്യമുള്ള ന്യായമായ ഒരു നീക്കിയിരിപ്പ്;"

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

533. ഖണ്ഡം 11 (1) (ജി)-ൽ "ഘടകം" എന്ന വാക്കിനു പകരം "സാമ്പത്തിക ഘടകം" എന്ന വാക്കുകൾ ചേർക്കുക.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ശ്രീ. എ. പ്രദീപ് കുമാറിന്റെ 520-ാം നമ്പർ ഭേദഗതിയും ശ്രീ. എ. പി. അനിൽ കുമാറിന്റെ 537-ാം നമ്പർ ഭേദഗതിയും ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

520. ഖണ്ഡം 11(1)-ൽ-"സ്ഥാപനം ചുമത്തേണ്ടുന്ന ഫീസ്" എന്ന വാക്കുകൾക്ക് പകരം "സ്ഥാപനത്തിന് ചുമത്താവുന്ന ഫീസ്" എന്ന വാക്കുകൾ ചേക്കുക.

537. ഖണ്ഡം 11 (2)-ൽ "ഒരവസരം" എന്ന വാക്കിന് മുൻപ് "ന്യായമായ" എന്ന വാക്ക് ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ശ്രീ. എ. എം. ആരിഫ് അവതരിപ്പിച്ച 528-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 520, 537 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികളും ശ്രീ. എ. എം. ആരിഫ് അവതരിപ്പിച്ച 528-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. എ. എം. ആരിഫ് അവതരിപ്പിച്ച 525, 526, 527, 529, 530 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. മുഹമ്മദ് മുഹസിൻ പി. അവതരിപ്പിച്ച 533-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 12-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. ഡെപ്യൂട്ടി സ്പീക്കർ: 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 13-ാം വകുപ്പ്

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ശ്രീ. മഞ്ഞളാംകുഴി അലിയുടെ 550-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

550. ഖണ്ഡം 13-ൽ "സർക്കാരിനോ" എന്നതിനു ശേഷം "ഉദ്യോഗസ്ഥർക്കോ അല്ലെങ്കിൽ ജീവനക്കാർക്കോ"എന്ന വാക്കുകൾ ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 550-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്തപ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 14-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. ഡെപ്യൂട്ടി സ്പീക്കർ :14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 15-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. ഡെപ്യൂട്ടി സ്പീക്കർ : 15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 16-ാം വകുപ്പ്

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

557. ഖണ്ഡം 16(2)(സി)-ൽ,

(i) "എയ്ഡഡ് അല്ലെങ്കിൽ അൺഎയ്ഡഡ്" എന്നീ വാക്കുകൾ ഒഴിവാക്കുക;

ഖണ്ഡം 16 (2)(ഡി)-ൽ,

(ii)"എയ്ഡഡ് അല്ലെങ്കിൽ അൺഎയ്ഡഡ്" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. മഞ്ഞളാംകുഴി അലിയുടെ 558-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

558. ഖണ്ഡം 16 (1)ൽ "സംസ്ഥാന" എന്ന വാക്ക് ഒഴിവാക്കുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 557, 558 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

17-ാം വകുപ്പ്

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ശ്രീ. പി. ടി. തോമസിന്റെ 571-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

571. ഖണ്ഡം 17-ൽ “ഒന്നോ അതിലധികമോ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി " എന്നത് “ഒന്നോ അതിലധികമോ സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി " എന്ന് മാറ്റുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 571-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്തപ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 18-ാം വകുപ്പ്

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

മി. ഡെപ്യൂട്ടി സ്പീക്കർ: 18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 19-ാം വകുപ്പ്

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

575. ഖണ്ഡം 19-ൽ "ചോദ്യം ചെയ്യാൻ" എന്ന വാക്കുകൾക്ക് പകരം "ചോദ്യം ചെയ്യപ്പെടാൻ" എന്നീ വാക്കുകൾ ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 575-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള 19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 1-ാം വകുപ്പും പീഠികയും പേരും

ശ്രീ. എം. സ്വരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

115. ദീർഘശീർഷകത്തിൽ "ആളുകൾക്ക്" എന്ന വാക്കിന് പകരം "വിദ്യാർത്ഥികൾക്ക് " എന്ന വാക്ക് ചേർക്കുക.

130. പീഠികയിൽ "ആളുകൾക്ക്" എന്ന വാക്കിന് പകരം "വിദ്യാർത്ഥികൾക്ക്" എന്ന വാക്ക് ചേർക്കുക.

139. ഖണ്ഡം1(1)-ൽ "2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ആക്റ്റ് " എന്നതിന് പകരം "2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥി പ്രവേശനം ക്രമപ്പെടുത്തലും ഫീസ് നിർണ്ണയവും) ആക്റ്റ്" എന്ന് ചേർക്കുക.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ശ്രീ. എം. സ്വരാജ് അവതരിപ്പിച്ച 130-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എം. സ്വരാജ് അവതരിപ്പിച്ച 130-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എം. സ്വരാജ് അവതരിപ്പിച്ച 115, 139 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്തപ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

## IX അറിയിപ്പ്

മി. ഡെപ്യൂട്ടി സ്പീക്കർ: പട്ടികജാതി വികസന വകുപ്പ് ദുരിതാശ്വാസ നിധി സോഫ്റ്റ്‌വെയർ ലോഞ്ചിംഗും ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന്റെ ഡെമോൺസ്ട്രേഷനും ബഹുമാനപ്പെട്ട സാമാജികർക്കായി ഇന്ന് (21-8-2017) സഭാ സമ്മേളനത്തിനുശേഷം നിയമസഭാ സമുച്ചയത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ നടത്തുന്ന വിവരം സഭാംഗങ്ങളെ അറിയിക്കുന്നു.

ഓർഡർ......ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 ആഗസ്റ്റ് മാസം 22-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 3.32-ന് പിരിഞ്ഞു.)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്